# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

2022 ജൂലൈ 20, ബുധൻ

# ഔദ്യോഗിക റിപ്പോർട്ട്

വാല്യം 188 - നമ്പർ 14

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

2022 ജൂലൈ 20, ബുധൻ

സ്പീക്കർ
ശ്രീ. എം. ബി. രാജേഷ്

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി-ഇൻ-ചാർജ്ജ്
ശ്രീമതി കവിത ഉണ്ണിത്താൻ

ചീഫ് എഡിറ്റർ
ശ്രീമതി എസ്. ജയശ്രീ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : | ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി | : | ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ് |

# ഉള്ളടക്കം


## I ചോദ്യോത്തരങ്ങൾ

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

## II അടിയന്തരപ്രമേയ നോട്ടീസ്

(അവതരണാനുമതി നിഷേധിച്ചു.)

## III ശ്രദ്ധ ക്ഷണിക്കൽ

(1) കരിമണൽ ഖനനം സ്വകാര്യവത്കരിക്കാനുള്ള നീക്കം
- ഡോ. സുജിത് വിജയൻപിള്ള

(2) കൃത്രിമ ജലപാതയ്ക്കുള്ള സ്ഥലമേറ്റെടുക്കൽ
- ശ്രീ. സണ്ണി ജോസഫ്

## IV സബ്മിഷൻ

(1) പരിസ്ഥിതി സൗഹൃദ ഭൂവിനിയോഗം
- പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ)

(2) വഖഫ് ബോർഡിലെ നിയമനങ്ങൾ
- ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

(3) നദീതീരങ്ങൾക്ക് സംരക്ഷണഭിത്തി
- ശ്രീ. സജി ചെറിയാൻ

(4) വർക്കല ക്ലിഫ് സംരക്ഷണം
- ശ്രീ. വി. ജോയി

(5) കാഞ്ഞങ്ങാട് വ്യവസായ പാർക്ക്
- ശ്രീ. ഇ. ചന്ദ്രശേഖരൻ

(6) കണ്ണൂർ എയർപോർട്ടിലേയ്ക്കുള്ള റോഡ് നിർമ്മാണം
- ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

(7) പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തിന്റെ വികസനം
- ശ്രീ. വി. കെ. പ്രശാന്ത്

(8) മങ്കി പോക്സ് പ്രതിരോധം
- ഡോ. സുജിത് വിജയൻപിള്ള

(9) മഞ്ചേശ്വരത്തെ സർക്കാർ ആശുപത്രികൾ
- ശ്രീ. എ. കെ. എം. അഷ്റഫ്

(10) ഹജ്ജ് തീർത്ഥാടനം
- ശ്രീ. എം. നൗഷാദ്

## V മേശപ്പുറത്തുവച്ച കടലാസ്സുകൾ

ചട്ടം 166(1), ചട്ടം 47(2), 236(5), 236(6) എന്നിവ പ്രകാരമുള്ള കടലാസ്സുകൾ

## VI റിപ്പോർട്ടുകളുടെ സമർപ്പണം

(1) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ
ഇരുപത് മുതൽ ഇരുപത്തിമൂന്ന് വരെയുള്ള
റിപ്പോർട്ടുകൾ

(2) എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ
മൂന്ന് മുതൽ അഞ്ച് വരെയുള്ള റിപ്പോർട്ടുകൾ

(3) യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച
സമിതിയുടെ രണ്ടും മൂന്നും റിപ്പോർട്ടുകൾ

(4) പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമം
സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട്

## VII റൂളിംഗ്

14-07-2022-ന് ശ്രീ. എം. എം. മണി
നടത്തിയ പരാമർശം സംബന്ധിച്ച്

## VIII പരാമർശം പിൻവലിക്കൽ

- ശ്രീ. എം. എം. മണി

## IX തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ പരാമർശത്തിനെതിരെ നിർദ്ദേശം 1 (എ) പ്രകാരം ഉന്നയിച്ചത് സംബന്ധിച്ച്

- പ്രതിപക്ഷനേതാവ് (ശ്രീ വി. ഡി. സതീശൻ)

## X ധനകാര്യം

2022-2023 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

## XI വ്യക്തിപരമായ വിശദീകരണം

പ്രതിപക്ഷനേതാവിന്റെ പരാമർശം സംബന്ധിച്ച്

- ഗതാഗത വകുപ്പുമന്ത്രി
(ശ്രീ. ആന്റണി രാജു)

**ധനകാര്യം - തുടർച്ച**

## XII അറിയിപ്പ്

**അനുബന്ധം**

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

2022 ജൂലൈ 20, ബുധൻ

---

വാല്യം 188} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 14

---

നിയമസഭ 2022 ജൂലൈ മാസം 20-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. ചിറ്റയം ഗോപകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

**9.00 am]**

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. ഡെപ്യൂട്ടി സ്പീക്കർ : ഓർഡർ......ഓർഡർ..... ചോദ്യം നമ്പർ *391

### വിനോദ സഞ്ചാര മേഖലയിലെ സ്വകാര്യ പങ്കാളിത്തം

1 (*391) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:

ഡോ. എം. കെ. മുനീർ:

ശ്രീ. എ. കെ. എം. അഷ്റഫ്:

ശ്രീ. യു. എ. ലത്തീഫ്: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയിൽ സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) വിനോദസഞ്ചാര മേഖലയിൽ സ്വകാര്യ നിക്ഷേപം നടത്തുന്നവർക്ക് വ്യവസായമേഖലയിലെ സ്വകാര്യ നിക്ഷേപകർക്ക് നൽകുന്നതുപോലെയുള്ള എന്തെല്ലാം സഹായങ്ങളും ആനുകൂല്യങ്ങളുമാണ് നൽകുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ,

(എ) സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയിൽ സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കാൻ വിവിധ പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നു.

**1. കാരവാൻ ടൂറിസം**

കോവിഡാനന്തര സാഹചര്യത്തിൽ സഞ്ചാരികളെ വരവേൽക്കാനായി മികച്ച പ്രചാരണ പ്രവർത്തനങ്ങൾക്കൊപ്പം സഞ്ചാരികൾക്കായി പുത്തൻ അനുഭവങ്ങളും ഏർപ്പെടുത്തണമെന്ന തീരുമാനത്തിന്റെ ഭാഗമായി ഒരു നവീന ടൂറിസം ഉൽപ്പന്നമെന്ന നിലയിൽ കാരവൻ ടൂറിസം പദ്ധതി നടപ്പാക്കി വരുന്നു. വിനോദസഞ്ചാര മേഖലയിൽ സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കുകയെന്ന ലക്ഷ്യംകൂടി മുൻനിർത്തിയാണ് പദ്ധതി നടപ്പാക്കി വരുന്നത്. കേരളത്തിലെ അധികം അറിയപ്പെടാത്ത ഡെസ്റ്റിനേഷനുകൾ സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുക, ടൂറിസം മേഖലയിൽ കൂടുതൽ സ്വകാര്യ നിക്ഷേപം ആകർഷിക്കുക എന്നിവയും പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളാണ്. കാരവൻ ടൂറിസത്തിന്റെ ഭാഗമായുള്ള കാരവൻ പാർക്കുകളുടെ നിർമ്മാണത്തിൽ വൻ സ്വകാര്യ പങ്കാളിത്തമാണുള്ളത്. പത്ത് കാരവനുകൾ സ്വകാര്യ സംരംഭകരുടേതായി സർവ്വീസ് ആരംഭിച്ചുകഴിഞ്ഞു. വാഗമണ്ണിൽ ഒരു കാരവൻ പാർക്ക് കമ്മീഷൻ ചെയ്തു. 5

പാർക്കുകളുടെയും ഇരുപത്തിയഞ്ചോളം കാരവനുകളുടെയും നിർമ്മാണം പുരോഗമിക്കുന്നു. പുതുതായി 150 കാരവൻ പാർക്കുകൾ നിർമ്മിക്കാൻ സ്വകാര്യമേഖല തയ്യാറായിട്ടുണ്ട്.

## 2. മാർക്കറ്റിംഗ് മേഖല

കേരളത്തിൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന സംരംഭകരുമായി ആലോചിച്ച് അവരുടെകൂടി അഭിപ്രായം പരിഗണിച്ചാണ് കേരള ടൂറിസം മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നത്. ഇന്ത്യയ്ക്കകത്തും പുറത്തും കേരളത്തിലെ വിനോദസഞ്ചാരം ലക്ഷ്യമിട്ട് കൂടുതൽ വിനോദസഞ്ചാരികളെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുന്നതിനുവേണ്ടി പാർട്ട്ണർഷിപ്പ് മീറ്റുകൾ സംഘടിപ്പിച്ചുവരുന്നുണ്ട്. കൂടാതെ കേരള ടൂറിസം പങ്കെടുക്കുന്ന ദേശീയ-അന്തർദ്ദേശീയ ടൂറിസം മേളകളിലും കേരളത്തിലെ സ്വകാര്യ സംരംഭകർകൂടി കേരള പവലിയന്റെ ഭാഗമായി പങ്കെടുത്തുവരുന്നു. ഈ വർഷം കൊച്ചിയിൽ നടന്ന കേരള ട്രാവൽ മാർട്ട്, പൊതുസ്വകാര്യ പങ്കാളിത്തത്തോടെയാണ് നടത്തിയത്. 234 വിദേശ ബയറർമാരും 897 ആഭ്യന്തര ബയറർമാരും ഉൾപ്പെടെ 1200-ഓളം പേർ ഈ വർഷത്തെ കേരള ട്രാവൽമാർട്ടിൽ പങ്കെടുത്തു. ഇത് ഏറെ ആവേശകരമായ അനുഭവമാണ്.

## 3. അടിസ്ഥാന സൗകര്യ വികസനം

വിനോദസഞ്ചാര വികസനം ലക്ഷ്യമിട്ട് വിനോദസഞ്ചാര കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യ വികസനം വകുപ്പ് ചെയ്തുവരുന്നുവെങ്കിലും ഇങ്ങനെ പൂർത്തിയാക്കിയ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ നടത്തിപ്പ് ചുമതല സ്വകാര്യ സംരംഭകരുമായി സഹകരിച്ചാണ് നടത്തിവരുന്നത്. തെന്മല ഇക്കോടൂറിസം പ്രൊമോഷൻ സൊസൈറ്റി മേൽനോട്ടം വഹിക്കുന്ന അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളായ സാഹസിക വിനോദങ്ങൾക്കായുള്ള വിദഗ്ധരുടെ സേവനം, സുരക്ഷാ ഭടന്മാർ, പൂന്തോട്ടത്തിന്റെ പരിപാലനം തുടങ്ങിയവയും മ്യൂസിക്കൽ ഡാൻസിംഗ് ഫൗണ്ടന്റെ പ്രവർത്തന ചുമതല, സൗണ്ട് & ലൈറ്റ് ഷോയുടെ പ്രവർത്തന ചുമതല എന്നിവയും സ്വകാര്യ പങ്കാളിത്തത്തോടെയാണ് നടപ്പിലാക്കുന്നത്. ചടയമംഗലത്തുള്ള ജടായു ടൂറിസം പദ്ധതി, കോവളം ക്രാഫ്റ്റ് വില്ലേജ്, ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ് എന്നിവ പൊതു-സ്വകാര്യ പങ്കാളിത്ത മോഡലിൽ നടപ്പിലാക്കിവരുന്ന പദ്ധതികളാണ്. ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പാക്കുന്ന സംരംഭക വികസന പ്രവർത്തനങ്ങളിൽ സാധാരണക്കാരും ഇടത്തരക്കാരുമായ സ്വകാര്യ സംരംഭകരുടെ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടാണ് പദ്ധതികൾ നടപ്പാക്കുന്നത്. ബേക്കൽ റിസോർട്സ്

ഡെവലപ്മെന്റ് കോർപ്പറേഷൻ വിനോദസഞ്ചാര മേഖലയിൽ സ്വകാര്യ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി വെബ്സൈറ്റിന്റെ ഭാഗമായി 'മൈക്രോ സൈറ്റ്' ആവിഷ്കരിച്ചിട്ടുണ്ട്. ഇത് സ്വകാര്യ സംരംഭകർ വിനോദസഞ്ചാര മേഖലയിൽ നിക്ഷേപം നടത്തുന്നതിന് പ്രോത്സാഹനവും സഹായ സഹകരണവും നൽകുന്നതിനുമാണ്. കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി, 10 അഡ്വഞ്ചർ ആക്ടിവിറ്റി പ്രൊവൈഡേഴ്സിന് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. ഇവർ സ്വന്തം നിക്ഷേപത്തിൽ അഡ്വഞ്ചർ ആക്ടിവിറ്റി പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

(ബി) 11-07-1986-ലെ G.O.(P) No.224/86/GAD നമ്പർ സർക്കാർ ഉത്തരവുപ്രകാരം ടൂറിസത്തെ ഒരു വ്യവസായമായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതനുസരിച്ച് 10 ശതമാനം ഇൻവെസ്റ്റ്മെന്റ് സബ്സിഡി, ഇലക്ട്രിസിറ്റി സബ്സിഡി തുടങ്ങിയ ആനുകൂല്യങ്ങൾ ടൂറിസം മേഖലയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കാരവൻ ടൂറിസം പദ്ധതിയുടെ ഭാഗമായി കാരവനുകൾ വാങ്ങുന്നതിന് ചെലവായ തുകയുടെ നിശ്ചിത ശതമാനം തുക സബ്സിഡി നൽകുന്നു. സബ്സിഡി പരമാവധി 7.5 ലക്ഷം രൂപയിൽ കവിയാൻ പാടുള്ളതല്ല. സബ്സിഡികൾ താഴെപ്പറയുന്ന രീതിയിലാണ് നൽകുന്നത്.

1. ആദ്യം വാങ്ങുന്ന 100 കാരവനുകൾക്ക് - പരമാവധി 7.5 ലക്ഷം രൂപയോ കാരവൻ വിലയുടെ 15 ശതമാനമോ ഏതാണോ കുറവ് അത് നൽകുന്നതായിരിക്കും.

2. 101 മുതൽ 200 കാരവൻ വരെ പരമാവധി 5 ലക്ഷം രൂപയോ കാരവൻ വിലയുടെ 10 ശതമാനമോ ഏതാണോ കുറവ് അത് നൽകുന്നതായിരിക്കും.

3. 201 മുതൽ 300 കാരവൻ വരെ പരമാവധി 2.5 ലക്ഷം രൂപയോ കാരവൻ വിലയുടെ 5 ശതമാനമോ ഏതാണോ കുറവ് അത് നൽകുന്നതായിരിക്കും.

കേരളീയ വാസ്തുവിദ്യാശൈലിയിൽ നിർമ്മിച്ചിരിക്കുന്ന സ്വകാര്യ മേഖലയിലെ പൈതൃക വീടുകളെ സംരക്ഷിക്കുന്നതിനും അവിടെ വിനോദസഞ്ചാരികൾക്ക് താമസസൗകര്യം ഒരുക്കുന്നതിനുമുള്ള 'ഗൃഹസ്ഥലി പദ്ധതി' ടൂറിസം വകുപ്പ് നടപ്പാക്കിവരുന്നു. ഇതനുസരിച്ച് പൈതൃക ഗൃഹം നവീകരിക്കുന്നതിനാവശ്യമായ തുകയുടെ 25 ശതമാനം (പരമാവധി 5 ലക്ഷം രൂപ) വരെ സബ്സിഡിയായി ടൂറിസം വകുപ്പ് നൽകുന്നു. ബേക്കൽ റിസോർട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ സ്വകാര്യ

നിക്ഷേപകർക്കാവശ്യമായ മാർഗ്ഗനിർദേശങ്ങളും പരിശീലനവും നൽകി വരുന്നുണ്ട്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ടൂറിസ്റ്റുകളെ മലബാർ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിന് ധാരാളം പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചുവരുന്നുണ്ട്. പക്ഷേ അത്തരം പദ്ധതികൾ ചില ജില്ലകളിൽമാത്രം ഒതുങ്ങിപ്പോകുന്നുവെന്നതാണ് യാഥാർത്ഥ്യം. കേരളത്തിൽ ഏറ്റവും കൂടുതൽ നദികളുള്ള പ്രകൃതിരമണീയമായ ജില്ലയാണ് കാസർഗോഡ്. ബഹുമാനപ്പെട്ട മന്ത്രി കാസർഗോഡ് വരുമ്പോഴൊക്കെ ആ പ്രകൃതിരമണീയത ആസ്വദിക്കാറുണ്ട്. ടൂറിസം മേഖലയിൽ കാസർഗോഡിനെ പ്രൊമോട്ട് ചെയ്യാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്; ഗൾഫ് നാട്ടുകളിൽനിന്നും തിരിച്ചുവരുന്നവർക്ക് ടൂറിസം മേഖലയിൽ പണം നിക്ഷേപിക്കാൻ താൽപ്പര്യമുണ്ട്. അത്തരം കാര്യങ്ങളിൽ എന്ത് നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, മലബാർ ടൂറിസത്തിന്റെ സാധ്യത പരമാവധി ഉപയോഗപ്പെടുത്തി മുന്നോട്ടുപോകാൻ ഇനിയും സാധിക്കേണ്ടതുണ്ട്. ഇക്കാര്യം പ്രകടനപത്രികയിലും സൂചിപ്പിച്ചിട്ടുള്ളതാണ്.

കേരള ടൂറിസത്തിനാകെ അതിന്റെ ഗുണമുണ്ടാകും. കേരളത്തിൽ മൊത്തം വിനോദസഞ്ചാരികൾ വരുന്നതിന്റെ കണക്ക് പരിശോധിച്ചാൽ മലബാറിൽ അഞ്ച് ശതമാനം മാത്രമാണ്. അതായത് നൂറിൽ അഞ്ചുപേർ. പക്ഷേ അവിടത്തെ സാധ്യതകൾ ഏറെയാണ്. അത് കണ്ടുകൊണ്ടാണ് വകുപ്പ് ഇടപെട്ട് മുന്നോട്ടുപോകുന്നത്. ടൂറിസ്റ്റുകളെ മലബാർ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള പദ്ധതികൾ ചില ജില്ലകളിൽമാത്രം ഒതുങ്ങിപ്പോകുന്നുവെന്ന് പറഞ്ഞത് അദ്ദേഹത്തിന് കൃത്യമായി മനസ്സിലാകാത്തതുകൊണ്ടാണ്. കാസർഗോഡിന് പ്രത്യേക ശ്രദ്ധയാണ് ഈ സർക്കാർ തുടക്കം മുതൽ കൊടുത്തിട്ടുള്ളത്. കാസർഗോഡ് ജില്ലയുടെ ചരിത്രത്തിൽ ഏറ്റവുമധികം ആഭ്യന്തര സഞ്ചാരികൾ 2022 ഫസ്റ്റ് ക്വാർട്ടറിൽ ഉണ്ടായിയെന്നുള്ള സന്തോഷവിവരം സഭയെ അറിയിക്കുകയാണ്. 2022 ജനുവരിയിൽ 23090 പേരും 2022 ഫെബ്രുവരിയിൽ 23754 പേരും 2022 മാർച്ചിൽ 28391 പേരും ഉൾപ്പെടെ ഫസ്റ്റ് ക്വാർട്ടറിൽ ആകെ 75175 പേരാണ് എത്തിയത്. 2021-ൽ കോവിഡായതിനാൽ താരതമ്യം ചെയ്യാൻ കഴിയില്ല. 2021-നേക്കാൾ 163 ശതമാനം വർദ്ധനവുണ്ടായി. അതുപോലെ വയനാടിന്റെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ ആഭ്യന്തര സഞ്ചാരികൾ വന്നത് 2022 ഫസ്റ്റ്

ക്വാർട്ടറിലാണ്. അതിന്റെ പിന്നിൽ സർക്കാരിന്റെ കഠിന പരിശ്രമമുണ്ട്. വയനാടിന് മാർക്കറ്റിംഗിനായി ബാംഗ്ലൂരിനെ concentrate ചെയ്യണമെന്ന് നേരത്തെ സഭയിൽ പറഞ്ഞതാണ്. മൈസൂരിലേയ്ക്ക് വയനാട്ടിൽനിന്നും 150 കിലോമീറ്ററേയുള്ളൂ. പ്രധാന ഐ.ടി. ഹബ്ബായ ബാംഗ്ലൂരിലുള്ളവർ മൈസൂരിൽ വരുന്നതുപോലെതന്നെ വയനാട്ടിൽ വരുന്നതിനുവേണ്ടി പ്രത്യേക മാർക്കറ്റിംഗ് നടത്തുന്നുണ്ട്. ബാംഗ്ലൂർ എഫ്.എം. റേഡിയോയിലും സിനിമ തിയേറ്റർ, ന്യൂസ് പേപ്പർ എന്നിവയിലും വയനാട് ടൂറിസത്തിന്റെ പരസ്യം കൊടുത്തതിന്റെ ഭാഗമായി വയനാട് ജില്ല, ടൂറിസം രംഗത്ത് വലിയ നിലയിലേയ്ക്ക് കുതിച്ചുയർന്നു. ബേപ്പൂരിൽ 2021 ഡിസംബർ മാസത്തിൽ സംഘടിപ്പിച്ച വാട്ടർ ഫെസ്റ്റിൽ അഞ്ച് ദിവസംകൊണ്ട് മൂന്നരലക്ഷം പേരാണ് പങ്കെടുത്തത്. മലബാർ ടൂറിസത്തിന് പ്രത്യേക ശ്രദ്ധ നൽകി മുന്നോട്ടുപോകാനുള്ള ഇടപെടൽ നടത്തും. പുതിയ ട്രെൻഡുകൾ ഫലപ്രദമായി ഉപയോഗപ്പെടുത്തി മുന്നോട്ടുപോകാനാണ് വകുപ്പ് ശ്രദ്ധിക്കുന്നത്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, കാസർഗോഡ് ധാരാളം ടൂറിസ്റ്റുകൾ വരുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ഞാൻ അംഗീകരിക്കുന്നു. പക്ഷേ ടൂറിസ്റ്റുകൾ രാവിലെ വന്ന് വൈകുന്നേരം തിരിച്ചുപോയാൽ സംസ്ഥാനത്തിനും ഗുണമില്ല, ടൂറിസ്റ്റുകൾക്കും ഗുണമില്ല. അവർ രണ്ടുമൂന്ന്

ദിവസം അവിടെ താമസിച്ചാൽ മാത്രമേ സംസ്ഥാനത്തിന് വരുമാനമുണ്ടാവുകയുള്ളൂ. കേരളത്തിൽ ഏറ്റവും കൂടുതൽ കോട്ടകളുള്ള ജില്ലയാണ് കാസർഗോഡ്. പ്രസിദ്ധമായ ബേക്കൽ കോട്ടയെക്കുറിച്ച് ഞാൻ പ്രത്യേകം പരാമർശിക്കേണ്ട ആവശ്യമില്ല. ആർക്കിയോളജി വകുപ്പിന്റെ കീഴിലുള്ള പല കോട്ടകളും ഇപ്പോൾ വിസ്മൃതിയിലും വിനാശത്തിലുമാണ്. ആ കോട്ടകൾ ടൂറിസം, ആർക്കിയോളജി വകുപ്പുകൾ ഏറ്റെടുത്ത് സംരക്ഷിക്കുവാനും ടൂറിസ്റ്റുകളെ ആകർഷിക്കുവാനും പദ്ധതികൾ ആവിഷ്കരിക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, അത് പരിഗണിക്കാവുന്ന വിഷയമാണ്. ബന്ധപ്പെട്ട വകുപ്പുമന്ത്രിയുമായി ഇക്കാര്യം ചർച്ച നടത്താവുന്നതാണ്. പൊതുവെ മലബാർ നേരിടുന്ന പ്രധാന പ്രശ്നം താമസിക്കാനുള്ള ഹോട്ടലുകളുടെ കുറവാണ്. അത് പരിഹരിക്കാനുള്ള ഇടപെടലാണ് വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായി കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ ചില ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. വിദേശത്തുനിന്നോ മറ്റുസംസ്ഥാനങ്ങളിൽനിന്നോ വരുന്ന സഞ്ചാരികൾ താമസിക്കാൻ ഇടമുണ്ടെങ്കിലേ നാലോ, അഞ്ചോ ദിവസം നിൽക്കുകയുള്ളൂ. നല്ല ഹോട്ടലുകളും ഹോം സ്റ്റേകളും വർദ്ധിപ്പിക്കാനുള്ള പ്രത്യേക ശ്രദ്ധ

ബഹുമാനപ്പെട്ട അംഗം പറഞ്ഞ വിഷയത്തിൽ പരിശോധിച്ച് മുന്നോട്ടുപോകുന്നതാണ്.

ഡോ. എം. കെ. മുനീർ ചുമതലപ്പെടുത്തിയതുപ്രകാരം

ശ്രീ. പി. ഉബൈദുള്ള: സർ, സർക്കാരിനും സ്വകാര്യമേഖലയ്ക്കുമിടയിലുള്ള ഏറ്റവും വലിയ സാമ്പത്തിക സ്രോതസ്സാണ് സഹകരണമേഖല. സഹകരണമേഖലയിൽ കോടാനുകോടി രൂപ കെട്ടിക്കിടക്കുകയാണ്. സഹകരണ സ്ഥാപനങ്ങൾ ടൂറിസം വകുപ്പുമായി ചേർന്ന് ടൂറിസം പദ്ധതികൾക്ക് രൂപം നൽകുമോ; സംസ്ഥാനത്ത് ഏതെങ്കിലും സഹകരണ സ്ഥാപനങ്ങളുടെ കീഴിൽ ടൂറിസ്റ്റ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ സഹകരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടുകൂടി പുതിയ ടൂറിസ്റ്റ് കേന്ദ്രങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇക്കാര്യം ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയുമായി ചർച്ച നടത്തിയതാണ്. ഒരിക്കൽക്കൂടി ചർച്ച നടത്താം. ഇതൊരു വേൾഡ് ട്രെൻഡുമായി കൂട്ടിവായിച്ച് പോകേണ്ടതാണെന്നാണ് തോന്നുന്നത്. കോവിഡാനന്തര കാലഘട്ടത്തിൽ സമ്പദ്ഘടനയുടെ വീണ്ടെടുപ്പിന് ടൂറിസം കേന്ദ്രബിന്ദുവാക്കി പദ്ധതികൾ ആസൂത്രണം ചെയ്യുന്നത് ഇപ്പോൾ ലോകരാജ്യങ്ങൾ ശ്രദ്ധിക്കുന്ന

കാര്യമാണ്. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, ജീവനോപാധികളുമായി ബന്ധപ്പെട്ട് വിവിധ ജനകീയ സംരംഭങ്ങളെ വളർത്തിയെടുക്കുക, സാംസ്കാരിക വിനിമയം അഥവാ കൾച്ചറൽ എക്സ്ചേഞ്ച് വർദ്ധിപ്പിക്കുക, അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക തുടങ്ങിയ നിരവധി മേഖലകളിൽ ടൂറിസത്തിന് പ്രധാന പങ്കുവഹിക്കാൻ സാധിക്കും. കൃഷി, മത്സ്യബന്ധനം, ഗതാഗതം, വിദ്യാഭ്യാസം, ഹോട്ടൽ-റെസ്റ്റോറന്റ് സെക്ടർ, ഷോപ്പിംഗ് മാളുകൾ, സുവനീറുകൾ എന്നീ മേഖലകൾ തമ്മിൽ ഫലപ്രദമായ നെറ്റ്‌വർക്കിംഗ് സാധ്യമാക്കി സമ്പദ്‌വ്യവസ്ഥയുടെ ആകെയുള്ള തിരിച്ചുവരവിന് സൗകര്യമൊരുക്കാൻ ടൂറിസത്തിന് കഴിയും. ഇക്കാര്യത്തിൽ കേരളത്തിന് വലിയ മാതൃക സൃഷ്ടിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. വേൾഡ് ട്രെൻഡായി ടൂറിസം ലെഡ് റിക്കവറി വന്നുകൊണ്ടിരിക്കുകയാണ്. എല്ലാ വകുപ്പുകളുമായും കൈകോർത്തുകൊണ്ട് ആലോചിക്കേണ്ട കാര്യമാണ് ടൂറിസം ലെഡ് റിക്കവറി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ എന്നിവരുമായി ചർച്ചചെയ്ത് ടൂറിസം ലെഡ് റിക്കവറിയെ കേരളത്തിൽ എങ്ങനെ ഒരു ട്രെൻഡാക്കി മാറ്റാമെന്ന് പരിശോധിക്കും. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച മേഖലയെക്കുറിച്ചുകൂടി പരിശോധിക്കാവുന്നതാണ്.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, കേരളത്തിന്റെ കവാടമായ മഞ്ചേശ്വരം ഭാഷാസംഗമ ഭൂമിയാണ്. പോത്തോട്ടത്തിന്റെയും കോഴി അങ്കത്തിന്റെയും സാംസ്കാരിക പൈതൃകം പേറുന്ന മണ്ണാണ്. നിരവധി കായലുകൾ, ബീച്ചുകൾ, മാലിക് ദീനാർ പള്ളി, അനന്തപുരം ക്ഷേത്രം അടക്കമുള്ള മനോഹരമായ ഡെസ്റ്റിനേഷനുകൾ ഉൾക്കൊള്ളുന്ന ഈ പ്രദേശം ടൂറിസ്റ്റുകളെ ആകർഷിക്കാൻ സാധിക്കുന്ന ഒന്നാണ്. ബേക്കൽ ഫോർട്ട് കാണാനാണ് ഏറ്റവും കൂടുതൽ ആളുകൾ കാസർഗോഡെത്തുന്നത്. താമസസൗകര്യമില്ലാത്തതാണ് ഇവിടത്തെ ഒരു പ്രധാന പ്രശ്നം. എന്റെ മണ്ഡലത്തിന്റെ അതിർത്തിയായ തലപ്പാടിയിൽ വർഷങ്ങൾക്കുമുമ്പുള്ള മനോഹരമായ ഹോട്ടലാണ് മോട്ടൽ ആരാം. എന്തോ കാരണത്താലത് നശിച്ചുപോയി. കേരളത്തിന്റെ അതിർത്തിയായ മംഗലാപുരത്ത് ഏറ്റവും കൂടുതൽ മലയാളി വിദ്യാർത്ഥികളാണ് എം.ബി.ബി.എസ്.-നടക്കം പഠിക്കുന്നത്. വിമാനത്താവളവും തുറമുഖവും ഇതിനടുത്താണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ചോദ്യം ചോദിക്കൂ.

ശ്രീ. എ. കെ. എം. അഷ്റഫ്: കേരളത്തിന്റെ കവാടത്തിൽ പി.പി.പി. മോഡലിൽ God's Own Country-യുടെ സന്ദേശം കൈമാറുന്ന ഫൈവ് സ്റ്റാർ ഹോട്ടൽ ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ബഹുമാനപ്പെട്ട എം.എൽ.എ. മുന്നോട്ടുവച്ച വിഷയം എങ്ങനെ നടപ്പാക്കാമെന്ന് ചർച്ച ചെയ്ത് പരിശോധിക്കാം. ഹോസ്പിറ്റാലിറ്റി വർദ്ധിപ്പിക്കാനായി ചെയ്യാൻ കഴിയുന്നതെല്ലാം ചെയ്യാം.

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, എട്ട് വർഷങ്ങൾക്കുമുമ്പ് മഞ്ചേരി മുനിസിപ്പിലിറ്റി ടൂറിസം വകുപ്പിന് കൈമാറിയ ചെരണിയിലുള്ള പാർക്ക് യാതൊരു അറ്റകുറ്റപ്പണികളും ചെയ്യാതെ ഇപ്പോൾ ഉപയോഗശൂന്യമായി കിടക്കുകയാണ്. ഈ പാർക്ക് പുനരുദ്ധരിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ഈ വിഷയം പരിശോധിച്ച് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കാം.

<u>ശ്രീ. സജി ചെറിയാൻ</u>: സർ, കേരളത്തിന്റെ ടൂറിസം മേഖലയിൽ നല്ല രീതിയിലുള്ള ഇടപെടൽ നടത്തുന്ന വകുപ്പുമന്ത്രിയെയും ഗവൺമെന്റിനെയും ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. ടൂറിസം വികസനത്തിന് അനന്തസാധ്യതകളുള്ള മണ്ഡലമാണ് ചെങ്ങന്നൂർ. പമ്പാനദിയും അച്ചൻകോവിലാറും മണിമലയാറും ഒഴുകുന്ന പ്രദേശമാണിത്. എന്നാൽ ഈ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള ഒരു ടൂറിസം പദ്ധതിപോലുമില്ലാത്ത

കേരളത്തിലെ ഏക നിയോജകമണ്ഡലമാണ് ചെങ്ങന്നൂർ. മണ്ഡലത്തിലെ ഈ സാധ്യതകളെ പ്രയോജനപ്പെടുത്തുന്നതിന് ബഹുമാനപ്പെട്ട മന്ത്രി ആവശ്യമായ പരിഗണന നൽകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ശ്രീ. സജി ചെറിയാൻ തുടക്കത്തിൽത്തന്നെ എന്റെ ശ്രദ്ധയിൽപ്പെടുത്തിയ വിഷയമാണിത്. അതിന്റെ ഭാഗമായി ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചെങ്ങന്നൂരിന്റെ ചരിത്രപരമായ പ്രത്യേകതകളും മറ്റ് കാര്യങ്ങളും പരിശോധിച്ച് പരിഗണിക്കാവുന്ന വിഷയമാണിത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ടൂറിസത്തിന് ഏറ്റവും കൂടുതൽ സാധ്യതകളുള്ള സംസ്ഥാനമാണ് കേരളം. അരകിലോമീറ്ററിനുള്ളിലും മുക്കാൽ കിലോമീറ്ററിനുള്ളിലുമുള്ള ചെറിയ ടൂറിസ്റ്റ് സ്പോട്ടുകൾ മോടി പിടിപ്പിച്ചാലും കേരളത്തെ മൊത്തമെടുക്കുമ്പോൾ ഭാവി തലമുറയ്ക്ക് അത് ഗുണകരമാവുകയില്ല. കോട്ടയം നഗരത്തിന്റെ ഹൃദയഭാഗത്തുകൂടി കടന്നുപോകുന്ന മീനച്ചിലാറിന്റെ കരയിൽ സ്ഥിതിചെയ്യുന്ന ടൂറിസ്റ്റ് സ്പോട്ടാണ് താഴത്തങ്ങാടി. ആ സ്പോട്ട് മാത്രം നന്നാക്കിയതുകൊണ്ടായില്ല, മേജർ സ്കീമെന്ന നിലയിൽ വർഷത്തിൽ ഒരു സ്പോട്ടെങ്കിലും ഏറ്റെടുത്ത് നഗരഹൃദയത്തിലൂടെ പോകുന്ന WATER FRONTAGE നന്നാക്കി

ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ? അങ്ങനെ ചെയ്താൽ പത്തോ പതിനഞ്ചോ വർഷം കഴിയുമ്പോൾ കേരളം നല്ലൊരു ടൂറിസ്റ്റ് ഡെസ്റ്റിനേഷനായി മാറും.

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, വളരെ പ്രസക്തമായ കാര്യമാണ് ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ പറഞ്ഞത്. ഇത് മറ്റൊരു വകുപ്പുമായി ബന്ധപ്പെട്ടതാണെങ്കിലും സർക്കാരിന്റെ മേജർ പദ്ധതിയാണ് ജലഗതാഗത പാത. ജലഗതാഗത പാതയിൽ ഇടവിട്ട് ടൂറിസ്റ്റ് ഡെസ്റ്റിനേഷനെക്കൂടി വികസിപ്പിക്കുന്ന സ്ഥിതിയുണ്ടെന്നാണ് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. അത് പല നിലകളിലും ഗുണം ചെയ്യും. കേരളം മുഴുവനായി ഒരു ടൂറിസ്റ്റ് ഡെസ്റ്റിനേഷനാക്കി മാറ്റേണ്ടതാണെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ പ്രസക്തമായ കാര്യമാണ്. ഇപ്പോൾ ലോകത്ത് നിലനിൽക്കുന്ന പ്രധാന ട്രെൻഡായ കോൺഷ്യസ് ട്രാവലിനെക്കുറിച്ച് സഭ അറിയണമെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. കൂടുതൽ ദൂരമുള്ള ഡെസ്റ്റിനേഷനുകളിലേയ്ക്ക് സഞ്ചാരികൾ പോകുന്നു എന്നതാണ് അതിന്റെ പ്രത്യേകത. രണ്ടോമൂന്നോ ദിവസങ്ങൾക്കുവേണ്ടിയല്ല മാസങ്ങളോളം അവിടെ താമസിക്കും. ചിലപ്പോഴത് ഒരു വർഷത്തിനടുത്തുമാകും. കോൺഷ്യസ് ട്രാവലിന് ഏറ്റവും പറ്റിയ സ്ഥലമാണ് കേരളം. കേരളത്തിന്റെ പ്രത്യേക സീസണുകളിൽ,

ഉദാഹരണത്തിന് മൺസൂൺ സീസണിൽ ഏറ്റവുമധികം വിദേശികളെ കൊണ്ടുവരുന്നതിനും കർക്കിടക കഞ്ഞിപോലുള്ള നമ്മുടെ പ്രത്യേക വിഭവങ്ങൾ നൽകുന്നതിനും ആയുർവേദവുമായി ബന്ധപ്പെട്ട് കണക്ട് ചെയ്യുന്നതിനും ഇതിലൂടെ സാധിക്കും. ഇപ്പോൾ സംസ്ഥാനത്തിന് ലഭിച്ച ടൈംസ് മാഗസിന്റെ ഏറ്റവും വലിയ അംഗീകാരം ലോകത്തെ പ്രധാനപ്പെട്ട 50 ഡെസ്റ്റിനേഷനുകളിൽ ഒന്ന് കേരളമാണെന്നുള്ളതാണ്. ഇതുമായി കണക്ട് ചെയ്ത് ദീർഘകാലത്തേയ്ക്ക് താമസിക്കാൻ വരുന്ന കോൺഷ്യസ് ട്രാവലേഴ്സിന്റെ പ്രധാന കേന്ദ്രമായി കേരളത്തെ മാറ്റാനുള്ള ഇടപെടലുകൾ നടത്താവുന്നതാണ്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ലക്ഷക്കണക്കിന് ടൂറിസ്റ്റുകൾ ദിനംപ്രതി സന്ദർശിക്കുന്ന ബേക്കൽ ഫോർട്ട് ലോക ഭൂപടത്തിൽ ഇടം നേടിയതാണ്. ഈ വർഷത്തെ ബഡ്ജറ്റിൽ 126 ലക്ഷം രൂപ ബേക്കൽ എയർ സ്ട്രിപ്പിന് വകയിരുത്തിയിട്ടുണ്ട്. ഈ എയർ സ്ട്രിപ്പ് അന്താരാഷ്ട്ര വിമാനത്താവളങ്ങളുടെ ഫീഡർ പോർട്ടായി മാറിയാൽ കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയും. പി.പി.പി. അടിസ്ഥാനത്തിൽ എയർ സ്ട്രിപ്പ് നിർമ്മിക്കാൻ നിരവധി ഏജൻസികൾ തയ്യാറായിട്ടുണ്ട്. അതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ബഹുമാനപ്പെട്ട എം.എൽ.എ. ഈ വിഷയം നേരത്തെ എന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. വളരെ പോസിറ്റീവായിത്തന്നെയാണ് ഈ വിഷയത്തിൽ സർക്കാർ ഇടപെടുന്നത്. വിമാനത്താവളങ്ങളിലെത്തുന്ന സഞ്ചാരികളെ എയർ സ്ലിപ്പ് പോലുള്ള പുതിയ സാധ്യതകൾ പ്രയോജനപ്പെടുത്തി പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ എത്തിക്കുന്നതെങ്ങനെയെന്നാണ് ഇതിനോട് കൂട്ടിച്ചേർത്തുപറയേണ്ട വിഷയം. ഉത്തരേന്ത്യയിൽനിന്നും ഫ്ലൈറ്റിൽ വരുന്ന സന്ദർശകന് നെടുമ്പാശ്ശേരിയിൽ ഇറങ്ങി റോഡുമാർഗ്ഗം മൂന്നാറിലെത്താൻ മണിക്കൂറുകളെടുക്കും. മൂന്നാറിൽ ഒരു ഹെലിപാഡുണ്ടായാൽ വിമാനത്താവളത്തിൽനിന്നും പന്ത്രണ്ടോളംപേർക്ക് പോകാൻ സാധിക്കുന്ന ഹെലികോപ്റ്റർ ഉപയോഗിച്ച് മൂന്നാറിലെത്താം. ഹെലി ടൂറിസത്തിന്റെ സാധ്യത ടൂറിസം വകുപ്പ് പരിശോധിച്ചുവരുന്നുണ്ട്. കേരളത്തിൽ പലയിടങ്ങളിലും ഹെലിപാഡുകൾ നിർമ്മിച്ച് ഹെലി ടൂറിസം നടപ്പാക്കുന്ന വിഷയം പരിശോധിക്കാം. തിരുവനന്തപുരം, നെടുമ്പാശ്ശേരി, കണ്ണൂർ, കരിപ്പൂർ വിമാനത്താവളങ്ങളിലെത്തുന്ന സന്ദർശകന് അവിടെനിന്നും ബന്ധപ്പെട്ട സ്ഥലത്തേയ്ക്ക് ഉടനെ എത്താൻ സാധിക്കും. അത് എത്രത്തോളം ഫലപ്രദമായി ഉപയോഗപ്പെടുത്താൻ സാധിക്കുമെന്നും ഹെലിടൂറിസത്തിന്റെ

സാധ്യത കേരളത്തിൽ എങ്ങനെ ഉപയോഗപ്പെടുത്താൻ സാധിക്കുമെന്നും ആലോചിക്കാം.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ലോക ഭൂപടത്തിൽ കേരളം സ്ഥാനംപിടിച്ചിട്ട് കുറച്ചുകാലമായി. അതിന് കാരണമാകുന്നത് കേരളത്തിന്റെ പച്ചപ്പും മിതമായ കാലാവസ്ഥയും ബാക്ക്‌വാട്ടറുമാണ്. എന്നാൽ ഇവയെല്ലാം ഇന്ന് മലിനപ്പെട്ടുകൊണ്ടിരിക്കുകയാണ്. മാലിന്യ നിർമ്മാർജ്ജനം പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നീ സംവിധാനങ്ങൾ ചെയ്യുമെന്ന നിലയിൽ ഇട്ടിരിക്കുകയാണ്. കായലുകളുടെയും നദികളുടെയും മലിനീകരണം കൂടുതൽ പ്രശ്നമായിവരികയാണ്. കേരളത്തെ കഴുകി വൃത്തിയാക്കാതിരുന്നാൽ സന്ദർശകർ ഇങ്ങോട്ട് വരാതാകും. ബ്രിട്ടീഷുകാരുടെ കാലത്ത് കൃത്രിമമായി നിർമ്മിച്ച കനോലി കനാലിലൂടെ പൊന്നാനിവരെ വെള്ളമെത്തിക്കാൻ സാധിച്ചു. ഇന്നത് മലിനമായി കിടക്കുകയാണ്. അത് വൃത്തിയാക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ഗവൺമെന്റ് ഇക്കാര്യത്തിൽ ഇടപെടുമോ? ഇതുസംബന്ധിച്ച് ഗവൺമെന്റിന് ഒരു വൺ ടൈം സൊല്യൂഷനില്ലെങ്കിൽ അധികം വൈകാതെ വേൾഡ് മാപ്പിൽ കേരളത്തിനുള്ള സ്ഥാനം നഷ്ടമാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുംവേണ്ട.

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, വളരെ പ്രാധാന്യമർഹിക്കുന്ന ചോദ്യമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. കേരളമുണ്ടായതിനുശേഷം, ശുചിത്വ മിഷന്റെ ഭാഗമായി മാലിന്യം നീക്കംചെയ്യുന്നതിന് നേതൃത്വം കൊടുത്ത സർക്കാരാണ് 2016-21-ലെ ഇടതുപക്ഷ സർക്കാർ എന്ന് എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. അത് തുടർന്നുകൊണ്ടേയിരിക്കുന്നുണ്ട്. കനോലി കനാലിന്റെയും സായിപ്പിന്റെയും ചരിത്രം ഞാനിപ്പോൾ പറയുന്നില്ല. ഇതൊരു പ്രധാന വിഷയമാണെന്ന് മനസ്സിലാക്കി 1000 കോടിയിലധികം രൂപ ചെലവുവരുന്ന 'കനാൽ സിറ്റി' പദ്ധതി നടപ്പാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കോഴിക്കോട് നഗരത്തിലൂടെ പോകുന്ന കനാലിനെ ശുചീകരിച്ചും നല്ല നിലയിൽ വികസിപ്പിച്ചും ടൂറിസ്റ്റ് സ്പോട്ടാക്കി മാറ്റുന്ന ഈ പദ്ധതി നടപ്പായാൽ അദ്ദേഹം പറഞ്ഞ കാര്യങ്ങൾ പരിഹരിച്ച് മുന്നോട്ടുപോകാൻ സാധിക്കും. മാലിന്യം ഒരു പ്രധാന പ്രശ്നമാണ്. അത് എല്ലാവരുടെയും സഹകരണത്തോടുകൂടി പരിഹരിക്കേണ്ട വിഷയമാണ്.

ശ്രീ. പി. എസ്. സുപാൽ: സർ, ഏഷ്യയിലെതന്നെ ആദ്യത്തെ ഇക്കോ ടൂറിസം പദ്ധതിയാണ് തെന്മല ഇക്കോ ടൂറിസം പദ്ധതി. ഇത് സർക്കാർ പ്രഖ്യാപിച്ച ജൈവ വൈവിധ്യ സർക്യൂട്ട്, തീർത്ഥാടന സർക്യൂട്ട്

എന്നിവയുമായി കണക്ഷനുള്ള ഒരു ടൂറിസ്റ്റ് കേന്ദ്രമാണ്. അനന്തമായ ടൂറിസം സാധ്യതകൾ ആ മേഖലയിലുണ്ട്. അങ്ങ് അവിടെ സന്ദർശിച്ച് സാധ്യതകൾ മനസ്സിലാക്കി അവിടത്തെ ടൂറിസം വികസനത്തിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, വളരെ ഫോക്കസ് ചെയ്യപ്പെടുന്ന ഒരു മേഖലയാണിത്. അതിന്റെ ഭാഗമായാണ് ബയോ ഡൈവേഴ്സിറ്റി സർക്യൂട്ട് ബഡ്ജറ്റിൽ പ്രഖ്യാപിച്ചത്. രാജ്യത്തെ സംസ്ഥാനങ്ങളുടെ ബഡ്ജറ്റ് ചരിത്രം പരിശോധിച്ചാൽ ടൂറിസം മേഖലയിൽ ബയോ ഡൈവേഴ്സിറ്റി സർക്യൂട്ട് പ്രഖ്യാപിക്കുന്ന ആദ്യ സംസ്ഥാനം കേരളമാണെന്ന് വളരെ അഭിമാനത്തോടുകൂടി പറയാൻകഴിയും. ആ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ആലോചനകൾ നടത്തിയിട്ടുണ്ട്. പ്രത്യേകമായി നടപ്പിലാക്കേണ്ട പദ്ധതിയായി പരിഗണിച്ച് മുന്നോട്ടുപോകാവുന്നതാണ്.

ശ്രീമതി കാനത്തിൽ ജമീല: സർ, ചരിത്രപ്രസിദ്ധമായ ഒരു ടൂറിസ്റ്റ് മേഖലയാണ് കൊയിലാണ്ടി മണ്ഡലത്തിൽപ്പെടുന്ന കാപ്പാട്. തിക്കോടി ഡ്രൈവ്-ഇൻ-ബീച്ച്, കോടിക്കൽ ബീച്ച് എന്നിവ വലിയ തിരക്കുള്ളതും അപകടംപിടിച്ചതുമായ സ്ഥലമാണ്. അതുപോലെതന്നെ

അകലാപ്പുഴയിലേയ്ക്ക് അഞ്ചോളം സ്വകാര്യ ഹൗസ് ബോട്ടുകൾ സർവ്വീസ് നടത്തുന്നുണ്ട്. പ്രവാസികൾ ചേർന്ന് കാപ്പാട് റിസോർട്ട് പണിയുന്ന ആശയം ഉയർന്നുവന്നിട്ടുണ്ട്. ഇവയെല്ലാം മികച്ച ടൂറിസം മേഖലയാക്കി മാറ്റുന്നതിന് ഗവൺമെന്റിന്റെ നല്ല രീതിയിലുള്ള സപ്പോർട്ടുണ്ടാകണം.

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, കേരളത്തിലെ പ്രധാനപ്പെട്ട സ്പോട്ടാണ് കാപ്പാട്. കാപ്പാടിന്റെ ചരിത്രവും അതിന്റെ പ്രത്യേകതകളും നമുക്കറിയാവുന്നതാണ്. കേരളത്തിന്റെ കടലോര മേഖലയിലെ മനോഹരമായ സ്ഥലങ്ങളിലൊന്നാണ് കാപ്പാട്. ബഹുമാനപ്പെട്ട എം.എൽ.എ. രണ്ടുതവണ ഈ വിഷയം എന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അതിന്റെ ചില ആലോചനകൾ നടത്തിയിട്ടുണ്ട്. കാപ്പാട് മാത്രമല്ല, ഇവിടെ പറഞ്ഞ അകലാപ്പുഴ പോലുള്ള സ്പോട്ടുകൾ പരിശോധിച്ച് മുന്നോട്ടുപോകുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

ശ്രീ. അനൂപ് ജേക്കബ്: സർ, വിദേശ ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയുന്ന ഒന്നാണ് വള്ളംകളി. പ്രാദേശിക വള്ളംകളികളെ പ്രോത്സാഹിപ്പിക്കുന്നത് പരിഗണിക്കേണ്ട വിഷയമാണ്. ഇത്തവണത്തെ വള്ളംകളിയിൽ പ്രാദേശികതലത്തിലുള്ള വള്ളങ്ങളെക്കൂടി ഉൾപ്പെടുത്താനും ഇതുപോലുള്ള വള്ളങ്ങൾക്ക് ടൂറിസം വകുപ്പിന്റെ ധനസഹായം നൽകാനുമുള്ള

നടപടിയുണ്ടാകുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, പ്രാദേശിക വള്ളംകളികളെ പ്രോത്സാഹിപ്പിക്കേണ്ടതാണ്, അക്കാര്യം പരിശോധിക്കുന്നതുമാണ്. പ്രളയവും കോവിഡുംമൂലം ചാമ്പ്യൻസ് ബോട്ട് ലീഗ് ഒരു തവണയെ നടത്താൻ കഴിഞ്ഞിട്ടുള്ളൂ. ഇത്തവണ ചാമ്പ്യൻസ് ബോട്ട് ലീഗും നെഹ്റു ട്രോഫി വള്ളംകളിയും പുനരാരംഭിക്കാൻ തീരുമാനിച്ച വിവരം സഭയെ അറിയിക്കാൻ ആഗ്രഹിക്കുന്നു. പ്രാദേശിക വള്ളംകളികൾ മാത്രമല്ല, കേരളത്തിലെ നദികളുടെ പ്രത്യേകതകൾ, മറ്റ് പ്രത്യേകതകൾ എന്നിവയെ അഡ്വഞ്ചർ സ്പോർട്സുമായി എങ്ങനെ ബന്ധിപ്പിക്കാമെന്നത് സംബന്ധിച്ച് പരിശോധിക്കുന്നതിനായി ഒരു ടീമിനെ നിശ്ചയിച്ചിട്ടുണ്ട്. ആ നിലയിൽ പ്രാദേശികമായിത്തന്നെ ഇത്തരം കാര്യങ്ങൾ പരിശോധിക്കുന്നതാണ്. കേരളത്തിൽ കോവിഡ്മൂലം മുടങ്ങിക്കിടന്ന ഓണാഘോഷം ഇത്തവണ വളരെ വിപുലമായി നടത്താൻ ടൂറിസം വകുപ്പ് തീരുമാനിച്ച മറ്റൊരു സന്തോഷവിവരംകൂടി സഭയെ അറിയിക്കുകയാണ്.

ചീഫ് വിപ്പ് (<u>ഡോ. എൻ. ജയരാജ്</u>): സർ, കാഞ്ഞിരപ്പള്ളി നിയോജക മണ്ഡലത്തിലെ അരുവിക്കുഴി ടൂറിസം പ്രോജക്ടിന്റെ രണ്ട് ഘട്ടങ്ങൾ പൂർത്തീകരിക്കുകയും മൂന്നാംഘട്ടത്തിനുവേണ്ടിയുള്ള ഡി.പി.ആർ. തയ്യാറാക്കി

ടൂറിസം വകുപ്പിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ അത് പഞ്ചായത്തിന്റെ സഹകരണത്തോടുകൂടിയുള്ള പ്രോജക്ടായി കൺവെർട്ട് ചെയ്യണമെന്ന നിർദ്ദേശമാണ് വന്നിരിക്കുന്നത്. ഗ്രാമപഞ്ചായത്തിന് അതിനുള്ള സാമ്പത്തികസ്ഥിതി ലഭ്യമല്ലാത്ത സാഹചര്യത്തിൽ, ഡിപ്പാർട്ടുമെന്റുതന്നെ മുൻകയ്യെടുത്ത് അതിന്റെ മൂന്നാംഘട്ടം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, പ്രധാനപ്പെട്ട ഒരു കേന്ദ്രമെന്ന നിലയിൽ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യം പരിശോധിക്കാവുന്നതാണ്. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമായി ചർച്ചചെയ്ത് പ്രഖ്യാപിച്ച പദ്ധതിയാണ് ഡെസ്റ്റിനേഷൻ ചലഞ്ച്. അതിൽ ആദ്യഘട്ടമായി 50 ലക്ഷം രൂപയാണ് ടൂറിസം വകുപ്പ് ചെലവഴിച്ചത്. ഒരു ഡെസ്റ്റിനേഷനിൽനിന്നും മറ്റൊന്നിലേയ്ക്ക് സഞ്ചാരികളെ ആകർഷിക്കുകയെന്നതാണ് ഇതിന്റെ ലക്ഷ്യം. അതിൽ 40 ശതമാനം ത്രിതല പഞ്ചായത്തും 60 ശതമാനം ടൂറിസം വകുപ്പുമാണ് വഹിക്കേണ്ടത്. അത് അൺ എക്സ്പ്ലോർഡ് ഡെസ്റ്റിനേഷനുകളെ എക്സ്പ്ലോർ ചെയ്യുന്നതിനുള്ള പദ്ധതിയാണ്. ആ പദ്ധതിയിൽ ഇതിനെ ഉൾപ്പെടുത്തണമോ, ഇതിനെ പ്രത്യേകമായിത്തന്നെ

പരിശോധിക്കണമോയെന്ന് ബഹുമാനപ്പെട്ട എം.എൽ.എ.-യുമായി ചർച്ച ചെയ്ത് തീരുമാനിക്കാവുന്നതാണ്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, കോവിഡാനന്തരം നമ്മുടെ ആഘോഷങ്ങളിലും ഉത്സവങ്ങളിലും പൂരങ്ങളിലും കുടുംബസമേതമുള്ള കുത്തൊഴുക്കാണ് സംസ്ഥാനത്തുടനീളം കണ്ടത്. അതിസാഹസിക ടൂറിസം ആഗ്രഹിക്കുന്ന ഒരുപാട് ചെറുപ്പക്കാർ നാട്ടിലുണ്ട്. വനം വകുപ്പുമായി ചേർന്ന്, വനാന്തരങ്ങളിലെ കാഴ്ചകൾ കാണുന്നതിനും ആസ്വദിക്കാനും കഴിയുന്ന തരത്തിലുള്ള ട്രക്കിംഗിന് പുതിയ തീരുമാനമെടുക്കാൻ വിനോദസഞ്ചാര വകുപ്പ് തയ്യാറാകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ട്രക്കിംഗിന്റെ സാധ്യതകൾ പരിശോധിക്കുകയും വനം വകുപ്പുമന്ത്രിയുമായി ഒരുവട്ടം ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. അതിന് സൗകര്യപ്രദമായ വാഹനങ്ങൾ ഒരുക്കാൻ കഴിയണം. സഞ്ചാരികൾ ഒരിക്കൽ സന്ദർശിച്ചാൽ, വീണ്ടും ധൈര്യത്തോടെ അവരെ വരുത്താൻ കഴിയുന്ന നിലയിലേയ്ക്ക് കാര്യങ്ങൾ മാറ്റാൻ സാധിക്കണം. ട്രക്കിംഗിന് അനന്തസാധ്യതകളാണ് കേരളത്തിലുള്ളത്. വനം വകുപ്പുമന്ത്രിക്കും ഇക്കാര്യം ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അതിനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നുണ്ട്; ആയത് പരിശോധിച്ച്

നടപടിയെടുക്കാവുന്നതാണ്.

ശ്രീ. സി. ആർ. മഹേഷ്: സർ, വള്ളംകളികൂടി ചേർന്നതാണ് കേരളത്തിലെ ടൂറിസം, അതിൽ തർക്കമില്ല. ബഹുമാനപ്പെട്ട കുട്ടനാട് അംഗം, ശ്രീ. തോമസ് കെ. തോമസ്, ആ ഇനത്തിലെ ഒരു ചാമ്പ്യൻകൂടിയാണ്. നവോത്ഥാന നായകൻ ശ്രീനാരായണ ഗുരുവിന്റെ പേരിൽ ദേശീയ പാതയുടെ സമീപം നടത്തുന്ന, ആയിരത്തോളം പേർക്കിരുന്ന് കാണാൻ കഴിയുന്ന വളരെ മനോഹരമായ പവലിയനുള്ള, വിദേശ ടൂറിസ്റ്റുകൾപോലും കാണാൻ വരുന്ന 83 വർഷം പഴക്കമുള്ള കരുനാഗപ്പള്ളി കന്നേറ്റി ശ്രീനാരായണ ട്രോഫി വള്ളംകളിയെ ചാമ്പ്യൻസ് ലീഗിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇക്കാര്യം ചാമ്പ്യൻസ് ലീഗിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ടവരുമായി ചർച്ചചെയ്ത് പരിശോധിക്കുന്നതാണ്. പല മത്സരങ്ങളേയും ചാമ്പ്യൻസ് ലീഗിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരുപാട് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

ശ്രീ. തോമസ് കെ. തോമസ്: സർ, ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയർന്ന് പ്രവർത്തിക്കുന്ന മന്ത്രിയാണ് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി. ഏറ്റവുമധികം വിദേശ സഞ്ചാരികൾ

എത്തിച്ചേരുന്ന ആലപ്പുഴ ജില്ലയിലെ കനാൽതോടിന്റെ അവസ്ഥ വളരെ മോശമാണ്. അങ്ങ് അടിയന്തരമായി ഇടപെട്ട് അത് നന്നാക്കാനുള്ള സംവിധാനമുണ്ടാക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, അത് മറ്റൊരു വകുപ്പുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കേണ്ട വിഷയമാണ്.

ശ്രീ. ഇ. കെ. വിജയൻ: സർ, ജൈവ വൈവിധ്യ സർക്യൂട്ട്, ലിറ്റററി സർക്യൂട്ട്, തീർത്ഥാടന സർക്യൂട്ട് എന്നിവപോലെ സംസ്ഥാനത്തെ സ്വാതന്ത്ര്യ സമര കേന്ദ്രങ്ങളേയും നവോത്ഥാന കേന്ദ്രങ്ങളേയും ബന്ധപ്പെടുത്തി ടൂറിസം വകുപ്പ് നേരിട്ടോ സാംസ്കാരിക വകുപ്പുമായി ചേർന്നോ പ്രത്യേക പരിപാടി തയ്യാറാക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, തീർച്ചയായും ഇത് പരിഗണിക്കേണ്ട വിഷയമാണ്. അതിന് എം.എൽ.എ.-മാർ മുൻകയ്യെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മലപ്പുറം ജില്ലയുമായി ബന്ധപ്പെട്ട് അവിടത്തെ എം.എൽ.എ.-മാർ നേരത്തെ ഇത്തരമൊരു പ്രൊപ്പോസൽ മുന്നോട്ടുവച്ചിരുന്നു. മലപ്പുറം ജില്ലയിൽ ചരിത്ര പ്രാധാന്യമുള്ള സ്ഥലം, കർഷക സമരം മുതലായ നിരവധി പോരാട്ടങ്ങൾ നടന്ന ഭൂമിയുണ്ട്. പ്രാധാന്യമുള്ള അത്തരം സ്ഥലങ്ങളെ പ്രത്യേകം സർക്യൂട്ടുകളാക്കി, ഓരോ

ജില്ലയിലേയും സാധ്യതകളുള്ള സ്ഥലങ്ങൾ പരിശോധിച്ച് മുന്നോട്ടുപോകാവുന്നതാണ്.

ശ്രീ. പി. ടി. എ. റഹീം: സർ, ചാലിയാറിനെ ഉൾപ്പെടുത്തി ടൂറിസം പ്രോജക്ട് തയ്യാറാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, കേരളത്തിലെ 44 നദികളിൽ ഏറ്റവും വലിയ നാലാമത്തെ നദിയാണ് ചാലിയാർ. പല കാരണങ്ങളാൽ ചാലിയാർ അഡ്വഞ്ചർ സ്പോർട്സിൽനിന്നും മാറിപ്പോയ സ്ഥിതിയാണുള്ളത്. ചാമ്പ്യൻസ് ബോട്ട് ലീഗ് ആരംഭിച്ചിട്ട് ഒരു വർഷമേ ആയിട്ടുള്ളൂ. ഇത്തവണ കേരള ചരിത്രത്തിലാദ്യമായി ചാലിയാറിൽ ചാമ്പ്യൻസ് ബോട്ട് ലീഗിന്റെ അനുബന്ധ പരിപാടി നടത്തുന്നുവെന്ന വിവരം സഭയെ അറിയിക്കുകയാണ്. നിലമ്പൂരിൽനിന്നാണ് ഇത് ആരംഭിക്കുന്നത്. മലപ്പുറം, കോഴിക്കോട് ജില്ലകളിലെ നിലമ്പൂർ, വണ്ടൂർ, ഏറനാട്, കൊണ്ടോട്ടി, കുന്ദമംഗലം, ബേപ്പൂർ എന്നീ ആറ് മണ്ഡലങ്ങളിലൂടെ പോകുന്ന ചാലിയാറിനെ ടൂറിസത്തിനുവേണ്ടി ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതാണ്. ഇത്തവണ ഒരു തുടക്കം മാത്രമാണ്. അടുത്തതവണ ചാലിയാർ ടൂറിസത്തെ നല്ലരീതിയിൽ പ്രോത്സാഹിപ്പിക്കാം.

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ ചോദ്യത്തിന്മേലുള്ള ചർച്ചയ്ക്ക് അര

മണിക്കൂറിലധികം സമയമെടുക്കുകയും ധാരാളം അംഗങ്ങൾ ഉപചോദ്യം ചോദിക്കുകയും ചെയ്തു. അടുത്ത ചോദ്യത്തിലേയ്ക്ക് കടക്കുകയാണ്.

## തൊഴിൽ രംഗത്ത് സ്ത്രീകൾക്കെതിരെയുള്ള ചൂഷണം തടയാൻ നടപടി

2(*392) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീമതി ഉമ തോമസ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

(എ) സംസ്ഥാനത്ത് തൊഴിൽ രംഗത്ത് സ്ത്രീകൾക്കെതിരെയുള്ള ചൂഷണം കുറച്ചുകൊണ്ടുവരുന്നതിനായി തൊഴിൽ വകുപ്പ് ഏർപ്പെടുത്തിയ പരിഷ്കാരങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഇക്കാര്യത്തിൽ എൻഫോഴ്സ്മെന്റ് വിംഗിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) തൊഴിൽ നിയമങ്ങളും മറ്റ് പരിഹാര മാർഗ്ഗങ്ങളും സംബന്ധിച്ച് സാധാരണക്കാരായ സ്ത്രീ തൊഴിലാളികൾക്ക് സഹായകരമായ രീതിയിൽ അവബോധം നടത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, (എ) തൊഴിലിടങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി കേന്ദ്ര

സർക്കാർ നടപ്പിലാക്കിയ നിയമമാണ് ‘ The Sexual Harassment of Women at Work Place (Prevention, Prohibition and Redressal) Act, 2013. ഈ നിയമപ്രകാരം ഇന്റേണൽ കംപ്ലെയിന്റ് കമ്മിറ്റി രൂപീകരിക്കേണ്ടത് തൊഴിലുടമകളുടെ ഉത്തരവാദിത്വമാണ്. തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ സ്ഥാപന പരിശോധന നടത്തുന്ന അവസരങ്ങളിൽ ഇതുസംബന്ധിച്ച പരിശോധന നടത്താറുണ്ട്. സ്ത്രീകൾ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് തൊഴിൽ സ്ഥാപനങ്ങളിൽ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 1961-ലെ കേരള ഷോപ്പ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയും 16-09-2015-ലെ ജി.ഒ.(പി) നമ്പർ 134/15/തൊഴിൽ. ഉത്തരവുപ്രകാരം ആവശ്യമായ വിശ്രമസ്ഥലം, സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേക ലാട്രിൻ/ശുചിമുറി സംവിധാനം, 20-ഉം അതിൽ കൂടുതലും തൊഴിലാളികൾ ജോലിചെയ്യുന്ന സ്ഥാപനങ്ങളിൽ ക്രഷ് സൗകര്യം, സൗജന്യ താമസസൗകര്യം എന്നിവ നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2018-ലെ കേരള ഷോപ്പ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമ ഭേദഗതി വകുപ്പ് 21(ബി) പ്രകാരം തൊഴിലാളികൾക്ക് ജോലിസ്ഥലത്ത് ഇരിപ്പിട സൗകര്യം തൊഴിലുടമ ഏർപ്പെടുത്തി നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

ഈ ഭേദഗതിപ്രകാരം തൊഴിലുടമയ്ക്ക് സ്ത്രീ തൊഴിലാളികളെ രാത്രി 9.00 മണിക്കും രാവിലെ 6.00 മണിക്കും ഇടയിലുള്ള സമയത്ത് അവരുടെ സമ്മതത്തോടുകൂടി ജോലിക്ക് നിയോഗിക്കാവുന്നതും അപ്രകാരം ജോലി ചെയ്യുന്നപക്ഷം 5 ജീവനക്കാരെങ്കിലുമുള്ള ഗ്രൂപ്പായും ആയതിൽ കുറഞ്ഞത് 2 സ്ത്രീകളെങ്കിലും ഉണ്ടായിരിക്കേണ്ടതുമാണ്. ജോലിസ്ഥലത്തുനിന്നും താമസസ്ഥലം വരെയുള്ള യാത്രാസൗകര്യം തൊഴിലുടമ ഉറപ്പുവരുത്തേണ്ടതാണ്. 2017-ലെ പ്രസവാനുകൂല്യ (ഭേദഗതി) നിയമപ്രകാരം പ്രസവാവധി 12 ആഴ്ച എന്നത് 26 ആഴ്ച എന്ന് ഭേദഗതി വരുത്തിയിട്ടുണ്ട്. ഈ ഭേദഗതി കേരള സംസ്ഥാനത്തെ സ്വകാര്യ/അൺ എയ്ഡഡ് സ്കൂളുകളിലെയും സ്വാശ്രയ കോളേജുകളിലെയും സ്ത്രീ ജീവനക്കാർക്കും ബാധകമാക്കിയിട്ടുണ്ട്. ഇത് അനുവദിക്കുന്നുണ്ടോ എന്നതുസംബന്ധിച്ചും പരിശോധന നടത്തിവരികയാണ്. കേരളത്തിലെ സ്ത്രീ തൊഴിലാളികൾ തൊഴിലിടങ്ങളിൽ നേരിടുന്ന അതിക്രമങ്ങൾ, വിവേചനം, തൊഴിലാളികൾക്കുള്ള ഇരിപ്പിട സൗകര്യങ്ങൾ ലഭ്യമാക്കാതിരിക്കൽ തുടങ്ങി വിവിധ പ്രശ്നങ്ങൾ തൊഴിൽ വകുപ്പിനെ അറിയിക്കുന്നതിനായി സ്ത്രീ തൊഴിലാളികൾക്ക് മാത്രമായി ഒരു കോൾ സെന്റർ സംവിധാനം അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് സംസ്ഥാന തൊഴിൽ വകുപ്പ്

‘ സഹജ്’ എന്ന പേരിൽ സജ്ജീകരിച്ചിട്ടുണ്ട്. കടകൾക്കും വാണിജ്യ സ്ഥാപനങ്ങൾക്കും ഏർപ്പെടുത്തിയിട്ടുള്ള ഗ്രേഡിംഗ് സമ്പ്രദായത്തിൽ, സ്ഥാപനങ്ങളെ ഗ്രേഡിംഗിനായി പരിഗണിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ സ്ത്രീ സൗഹൃദ അന്തരീക്ഷം ഒരു മാനദണ്ഡമായി ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇതിന്റെ ചോദ്യാവലിയിൽ സ്ത്രീ സുരക്ഷ, യാത്രാ സൗകര്യം, പ്രസവാനുകൂല്യങ്ങൾ, ഹോസ്റ്റൽ സൗകര്യം എന്നിവ ഉറപ്പുവരുത്തുന്നത് സംബന്ധിച്ച ചോദ്യങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം പരാതി ലഭിക്കുന്ന മുറയ്ക്കും സെൻട്രൽ ഇൻസ്പെക്ഷൻ സിസ്റ്റത്തിൽ ഷെഡ്യൂൾ ചെയ്യുന്ന മുറയ്ക്കും സ്ഥാപനങ്ങളിൽ പരിശോധന നടത്തി മേൽ അവകാശങ്ങൾ സംരക്ഷിക്കപ്പെട്ടിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താറുണ്ട്. അല്ലാത്തപക്ഷം സ്ഥാപനങ്ങൾക്ക് പരിശോധനാ ഉത്തരവ് നൽകുകയും തുടർന്നും നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട നിയമപ്രകാരം തുടർനടപടി സ്വീകരിക്കുകയും ചെയ്തുവരികയാണ്.

(സി) കേരളത്തിലെ സ്ത്രീ തൊഴിലാളികൾ തൊഴിലിടങ്ങളിൽ നേരിടുന്ന അതിക്രമങ്ങൾ, വിവേചനം, തൊഴിലാളികൾക്കുള്ള ഇരിപ്പിട സൗകര്യങ്ങൾ ലഭ്യമാക്കാതിരിക്കൽ തുടങ്ങി വിവിധ പ്രശ്നങ്ങൾ തൊഴിൽ

വകുപ്പിനെ അറിയിക്കുന്നതിനായി അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് സംസ്ഥാന തൊഴിൽ വകുപ്പ് സ്ത്രീ തൊഴിലാളികൾക്ക് മാത്രമായി 'സഹജ' എന്ന പേരിൽ ഒരു കോൾ സെന്റർ സംവിധാനം സജ്ജീകരിച്ചിട്ടുണ്ട്. സ്ത്രീ തൊഴിലാളികൾക്ക് അവരുടെ തൊഴിലിടങ്ങളിൽ നേരിടുന്ന പ്രശ്നങ്ങൾ രാവിലെ 10 മുതൽ വൈകിട്ട് 5 മണി വരെയുള്ള സമയത്ത് വനിത കോൾ സെന്റർ എക്സിക്യൂട്ടീവിനെ 1800 4255 5215 എന്ന ടോൾ ഫ്രീ നമ്പറിൽ നേരിട്ട് വിളിച്ച് അറിയിക്കാവുന്നതാണ്. ഈ നമ്പറിൽ ലഭിക്കുന്ന കോളുകൾ തൊഴിലാളി ആഗ്രഹിക്കുന്നപക്ഷം അവരുടെ ഐഡന്റിറ്റി വെളിപ്പെടുത്താതെതന്നെ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനുള്ള സംവിധാനം തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ മുഖേന നടപ്പിലാക്കുന്നുണ്ട്. പരാതിക്കാർക്കാവശ്യമായ നിർദ്ദേശങ്ങൾ കോൾ സെന്റർ എക്സിക്യൂട്ടീവ് നൽകുകയും ബന്ധപ്പെട്ട തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥന് പരാതി കൈമാറുകയും ആയത് രജിസ്റ്റർചെയ്ത് വിവരങ്ങൾ ഉടൻതന്നെ സന്ദേശമായി പരാതി നൽകിയ തൊഴിലാളിക്ക് ലഭിക്കുന്നതും ബന്ധപ്പെട്ട തൊഴിൽ വകുപ്പുദ്യോഗസ്ഥൻ ദ്രുതഗതിയിൽ പരാതി പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതുമാണ്. തൊഴിലാളികൾക്ക് ഇരിപ്പിടം അവകാശമാക്കിയും സ്ത്രീ തൊഴിലാളികളെ

രാത്രി സമയം ജോലിക്ക് നിയോഗിക്കുമ്പോൾ തൊഴിലുടമ ഏർപ്പെടുത്തേണ്ട ക്രമീകരണങ്ങളെസംബന്ധിച്ചും എല്ലാ ജില്ലകളിലെയും ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ എഴുപത്തിയഞ്ചാം വാർഷികത്തോടനുബന്ധിച്ചുള്ള ' ആസാദി കാ അമൃത് മഹോത്സവ്' എന്ന ആഘോഷ പരിപാടിയുമായി ബന്ധപ്പെട്ട് സ്ത്രീ ജീവനക്കാർക്ക് അവരുടെ അവകാശങ്ങളെ സംബന്ധിച്ച് അവബോധം നൽകുന്നതിനായി എല്ലാ ജില്ലകളിലും പ്രചാരണം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. ഷാഫി പറമ്പിൽ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. അൻവർ സാദത്ത്: സർ, സ്ത്രീകൾ പല രീതിയിലാണ് തൊഴിൽ മേഖലകളിൽ ചൂഷണം ചെയ്യപ്പെടുന്നത്. തൊഴിലിടങ്ങളിൽ ശൗചാലയം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ സ്ത്രീകൾക്ക് ഏർപ്പെടുത്തണമെന്ന് നിലവിലുള്ള തൊഴിൽ നിയമങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാലിത് ഫലപ്രദമായി നടക്കാത്തതിനാൽ സ്ത്രീകൾ തൊഴിൽരംഗത്ത് വലിയ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. മനുഷ്യാവകാശ പ്രശ്നംകൂടിയായ ഈ വിഷയത്തിൽ പരിഹാരമുണ്ടാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; തൊഴിലിടങ്ങളിൽ അടിയന്തര പരിശോധന നടത്തി അടിസ്ഥാനസൗകര്യമില്ലാത്ത സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി

സ്വീകരിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ഇതുസംബന്ധിച്ച് നേരത്തെ നൽകിയ മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ പരാതി നൽകുന്നതിനുള്ള സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്. 1992-ലെ Patwari vs Rajasthan എന്ന കേസ്സിലെ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിലാണ് എല്ലാ തൊഴിലിടങ്ങളിലും കമ്മിറ്റി രൂപീകരിക്കണമെന്ന് തീരുമാനിച്ചത്. സർക്കാർ സ്ഥാപനങ്ങളിലും സ്വകാര്യ സ്ഥാപനങ്ങളിലും കമ്മിറ്റി രൂപീകരിക്കേണ്ടതുണ്ട്. പ്രസ്തുത കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങളും പറഞ്ഞിട്ടുണ്ട്. സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളിലെ സീനിയർ വനിത ആയിരിക്കണം കമ്മിറ്റിയുടെ ചെയർപേഴ്സൺ. ഇതുമായി ബന്ധപ്പെട്ട സാമൂഹ്യപ്രവർത്തകരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള കമ്മിറ്റി എല്ലായിടത്തും രൂപീകരിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. പരാതി ലഭിച്ചാൽ അടിയന്തരമായി കമ്മിറ്റി കൂടണം. ഇതിനുപുറമെ തൊഴിൽ വകുപ്പിന്റെ 'സഹജ' പോർട്ടലിലൂടെ പരാതി കൊടുക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. അൻവർ സാദത്ത്: സർ, ഇങ്ങനെയുള്ള കാര്യങ്ങളിന്മേൽ പരാതി നൽകാൻ സ്ത്രീകൾക്ക് വലിയ പ്രയാസമാണ്. കാരണം, തുച്ഛമായ

ശമ്പളത്തിൽ കുടുംബം മുന്നോട്ടുപോകാൻവേണ്ടി, കുടുംബത്തിലെ പ്രാരാബ്ദങ്ങൾ ഏറ്റുവാങ്ങിക്കൊണ്ടാണ് ഇവർ ജോലിക്ക് വരുന്നത്. ജോലി പോകുമോയെന്ന ഭയംകൊണ്ട് സ്വാഭാവികമായും അവർ പരാതി നൽകില്ല. അവിടെയാണ് ഗവൺമെന്റ് സംവിധാനം പരിശോധന നടത്തേണ്ടത്. മറ്റൊന്ന്, നെടുമ്പാശ്ശേരി ഉൾപ്പെടെ പല അന്താരാഷ്ട്ര വിമാനത്താവളങ്ങളിലെയും സ്ത്രീ ജീവനക്കാർ പലപ്പോഴും ചൂഷണം ചെയ്യപ്പെടുന്നുണ്ട്. അവർക്ക് മിനിമം വേജസ് കൊടുക്കുന്നുണ്ട്. പക്ഷെ, അതുകൊണ്ട് അവർക്ക് ജീവിതം മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കാത്ത സാഹചര്യമാണ്. ജീവിക്കാനാവശ്യമായ വേതനം എയർപോർട്ടുകളിൽ ജോലിചെയ്യുന്ന പാവപ്പെട്ട സഹോദരിമാർക്ക് കിട്ടുന്നില്ലെന്നത് സത്യമാണ്. തൊഴിൽ വകുപ്പ് ഇടപെട്ട് ഇതിന് പരിഹാരം കണ്ടെത്തുമോ?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ വിഷയം തൊഴിൽ വകുപ്പിന് രേഖാമൂലം നൽകിയാൽ അതിന് പരിഹാരം കാണുന്നതിനുള്ള പരിശ്രമം നടത്താം. ഇന്ത്യാരാജ്യത്തുതന്നെ മിനിമം വേതനം ഏറെക്കുറെ നടപ്പിലാക്കിയ ഏക സംസ്ഥാനം കേരളം മാത്രമാണെന്ന കാര്യം അങ്ങ് മനസ്സിലാക്കണം. കേരളത്തിൽ 750, 800, 1000 രൂപ കൊടുക്കുമ്പോൾ ഗുജറാത്തിലും ഉത്തർപ്രദേശിലും

രാജസ്ഥാനിലുമെല്ലാം 250, 300, 400 രൂപയാണ് മിനിമം വേതനം നൽകുന്നത്. ഇവിടെ 42-ഓളം വരുന്ന തൊഴിലുകൾക്ക് മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. നെടുമ്പാശ്ശേരി എയർപോർട്ടിനെ സംബന്ധിച്ച് സൂചിപ്പിച്ച കാര്യം പ്രത്യേക വിഷയമായെടുക്കാം. ബഹുമാനപ്പെട്ട അംഗമോ അവിടത്തെ ജീവനക്കാരോ ഇതുസംബന്ധിച്ച് പരാതി നൽകിയാൽ അക്കാര്യം പരിഹരിക്കാം.

ശ്രീമതി ഉമ തോമസ്: സർ, സിനിമാ മേഖലയിൽ നടക്കുന്ന സ്ത്രീ ചൂഷണങ്ങളെപ്പറ്റി നിരവധി വാർത്തകൾ പുറത്തുവരുന്നുണ്ട്. ഇക്കാര്യത്തിൽ ജസ്റ്റിസ് ഹേമ കമ്മീഷൻ റിപ്പോർട്ട് ഇരകളുടെ പേരുകൾ വെളിപ്പെടുത്താതെ ഇത്തരം പ്രവണതകൾ അതിജീവിക്കാനുള്ള ശിപാർശകൾ പുറത്തുവിടുന്നതിന് എന്ത് തടസ്സമാണുള്ളത്; ഈ ശിപാർശകൾ അടിയന്തരമായി പുറത്തുവിടാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, സാംസ്കാരിക വകുപ്പാണ് ഹേമ കമ്മീഷൻ റിപ്പോർട്ടും അതുമായി ബന്ധപ്പെട്ട നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. സിനിമാരംഗത്ത് ഇതുപോലുള്ള പല പരാതികളും കേൾക്കുന്നുണ്ട്. തൊഴിൽ വകുപ്പിനുകീഴിലുള്ള 'സഹജ' പോർട്ടലിൽ പരാതി നൽകിയാൽ പരാതിക്കാരുടെ പേര് വെളിപ്പെടുത്താതെ

ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീമതി കെ. കെ. രമ: സർ, വിവിധ സർക്കാർ സ്ഥാപനങ്ങളിലും ആശുപത്രികളിലും പാർട്ട് ടൈം സ്വീപ്പർ ഉൾപ്പെടെയുള്ള തസ്തികകളിൽ കുടുംബശ്രീ മുഖാന്തരം നിയമനങ്ങൾ നടത്തുന്നുണ്ട്. പക്ഷെ ഇത്തരം നിയമനങ്ങളിൽ ഇവരുടെ സേവന-വേതന വ്യവസ്ഥകളെയോ മറ്റ് ആനുകൂല്യങ്ങളെയോ സംബന്ധിച്ച് കൃത്യമായ വിവരങ്ങളില്ല. അതിൽ അവ്യക്തത ഇപ്പോഴും തുടരുകയാണ്. തീർച്ചയായും ഇത്തരത്തിലുള്ള സ്ഥാപനങ്ങളിൽ കുടുംബശ്രീ മുഖാന്തരം നിയമിക്കുന്ന സ്ത്രീതൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകളും ഇൻഷ്വറൻസ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളും ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, കേരളത്തിലെ ഏറ്റവും വലിയ പ്രസ്ഥാനമാണ് കുടുംബശ്രീ. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽ വരുമ്പോഴെല്ലാം കുടുംബശ്രീക്ക് വലിയ സംരക്ഷണമാണ് കൊടുത്തുകൊണ്ടിരിക്കുന്നത്. കുടുംബശ്രീയെ തകർക്കുന്നതിനുവേണ്ടി ജനശ്രീ രൂപീകരിക്കാൻ ചില കേന്ദ്രങ്ങൾ തയ്യാറായിട്ടുണ്ട്. കുടുംബശ്രീ മുഖാന്തരം ആശുപത്രികൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ ജോലി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചത് ഇടതുപക്ഷ ജനാധിപത്യ മുന്നണി

ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ്. എന്നാൽ അവിടെയിപ്പോൾ മിനിമം വേതനത്തിന്റെ പ്രശ്നമാണുള്ളത്. പരമാവധി മിനിമം വേതനം ഉറപ്പുവരുത്തുന്നതിനുള്ള പരിശ്രമം നടത്തുന്നുണ്ട്. തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരായി പ്രവർത്തിക്കുന്ന കുടുംബശ്രീ അംഗങ്ങളായ പാവപ്പെട്ട സഹോദരിമാർക്ക് മിനിമം വേതനം കൊടുക്കേണ്ടത് ആവശ്യമാണ്. ഏതെങ്കിലും സ്ഥലത്ത് മിനിമം വേതനം നൽകാതെയുണ്ടെങ്കിൽ അക്കാര്യം ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്. ജോലി നൽകുന്ന സ്ഥാപനത്തിന്റെ സാമ്പത്തികശേഷി പ്രധാന പ്രശ്നമാണ്. മിനിമം വേതനം നൽകാൻ കഴിയാത്ത സ്ഥാപനങ്ങളിൽ മിനിമം വേതനം നൽകുന്ന കാര്യത്തിൽ കുറവുണ്ടായെന്നുവരാം. എന്നാൽ മിനിമം വേതനം കൊടുക്കാൻ ശേഷിയുള്ള സ്ഥാപനങ്ങൾ ആയത് കൊടുക്കുന്നില്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ തീർച്ചയായും കർശന നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, തൊഴിലിടങ്ങളിലെ ചൂഷണങ്ങൾ പല രൂപത്തിലാണ് നടക്കുന്നത്. കശുവണ്ടി ഫാക്ടറികളിൽ കൂടുതലും സ്ത്രീ തൊഴിലാളികളാണ് ജോലി ചെയ്യുന്നത്. അവിടെ അഞ്ചുദിവസം ജോലി

ചെയ്താൽ മൂന്നുദിവസത്തെ ഹാജർ മാത്രമേ രേഖപ്പെടുത്തുകയുള്ളൂ. 60 ദിവസം ജോലി ചെയ്യുമ്പോൾ 30 ദിവസത്തെ ഹാജർ മാത്രമായിരിക്കുമുള്ളത്. അവരുടെ ചികിത്സയ്ക്കാവശ്യമായ ഇ.എസ്.ഐ. ആനുകൂല്യങ്ങൾ ലഭിക്കണമെങ്കിൽ നിശ്ചിത ദിവസം ജോലി ചെയ്തിരിക്കണമെന്ന വ്യവസ്ഥയുണ്ട്. അങ്ങനെ വരുമ്പോൾ ജോലി ചെയ്തിട്ടുണ്ടെങ്കിലും കൃത്യമായി ഹാജർ രേഖപ്പെടുത്താത്തതുകാരണം പാവപ്പെട്ട തൊഴിലാളികൾക്ക് ഈ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുകയാണ്. കശുവണ്ടി ഫാക്ടറികളിലടക്കമുള്ള ഹാജർ വെട്ടിപ്പ് തടയുന്നതിന് തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ കർശന നടപടി സ്വീകരിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ഏതെല്ലാം ഫാക്ടറികളിലാണ് ഇത്തരം സംഭവങ്ങൾ നടക്കുന്നതെന്ന് രേഖാമൂലം അറിയിച്ചാൽ എൻഫോഴ്സ്മെന്റ് വിംഗിനെ ചുമതലപ്പെടുത്തി അക്കാര്യം പരിശോധിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, കേരളത്തിലെ തൊഴിൽ സ്ഥാപനങ്ങളിൽ സ്ത്രീതൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് പൊതുവായി ഒട്ടേറെ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അതിലേറ്റവും വ്യതിരിക്തമായ ഇടപെടലായിരുന്നു സ്ത്രീ തൊഴിലാളികൾക്ക് ഇരിപ്പിട

സൗകര്യമൊരുക്കുമെന്നുള്ള എൽ.ഡി.എഫ്. ഗവൺമെന്റിന്റെ പ്രഖ്യാപനം. അതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ശ്രീ. ടി. പി. രാമകൃഷ്ണൻ തൊഴിൽ വകുപ്പുമന്ത്രിയായിരുന്ന കാലഘട്ടത്തിലാണ് തൊഴിലാളികളെ സംബന്ധിച്ച ചരിത്രപ്രസിദ്ധമായ നിയമം നടപ്പിലാക്കാൻ സർക്കാർ തയ്യാറായത്. ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും കച്ചവട സ്ഥാപനങ്ങളിലെ സ്ത്രീതൊഴിലാളികൾക്ക് ഇരിപ്പിട സൗകര്യം അനുവദിച്ചിരുന്നില്ല. സംസ്ഥാനത്തെ തൊഴിൽ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന എല്ലാ തൊഴിലാളികൾക്കും ഇരിപ്പിട സൗകര്യമൊരുക്കുന്നതിനുവേണ്ടി ഭേദഗതി ചെയ്ത 1960-ലെ കേരള ഷോപ്പ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഈ നിയമം എല്ലാ സ്ഥലങ്ങളിലും പരിപൂർണ്ണമായി നടപ്പിലാക്കിയെന്ന് പറയാൻ സാധിക്കില്ല. പരമാവധി സ്ഥലങ്ങളിൽ അത് നടപ്പിലാക്കാനുള്ള പരിശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഇന്ത്യയിലെ തൊഴിൽ നിയമങ്ങളെല്ലാം ഒഴിവാക്കി കേന്ദ്ര ഗവൺമെന്റ് പുതിയ നിയമങ്ങൾ കൊണ്ടുവരികയാണ്. കേന്ദ്ര ഗവൺമെന്റ് കൊണ്ടുവരുന്ന പുതിയ

നിയമങ്ങളിലൂടെ സംസ്ഥാനത്തെയും രാജ്യത്തെയും തൊഴിലാളികൾക്ക് ലഭിച്ചുകൊണ്ടിരുന്ന നിയമപരമായ അവകാശങ്ങൾ ഇല്ലാതാവുകയാണ്. ഈ സാഹചര്യത്തെ സംസ്ഥാന സർക്കാർ എങ്ങനെ നേരിടുമെന്ന് വ്യക്തമാക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ബ്രിട്ടീഷ് സാമ്രാജ്യത്വം ഇന്ത്യാ രാജ്യത്തുണ്ടായിരുന്ന കാലഘട്ടം മുതൽ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള തൊഴിൽ നിയമങ്ങളുണ്ടായിരുന്നു. ഇന്ത്യയിലെ എല്ലാ വിഭാഗം തൊഴിലാളികളുടെയും അവകാശങ്ങൾ സംരക്ഷിക്കുന്ന ഇരുപത്തിയൊൻപതോളം തൊഴിൽ നിയമങ്ങൾ രാജ്യത്തുണ്ടായിരുന്നു. ഈ നിയമങ്ങൾ മാത്രമല്ല ഓരോ സംസ്ഥാനത്തും പ്രത്യേകമായി ചില തൊഴിലാളികളുടെ അവകാശം സംരക്ഷിക്കുന്ന നിയമങ്ങളുമുണ്ടായിരുന്നു. കേന്ദ്ര ഗവൺമെന്റ് ആ തൊഴിൽ നിയമങ്ങളെല്ലാം റദ്ദുചെയ്ത് അതിനെ നാല് കോഡുകളാക്കി മാറ്റിയിരിക്കുകയാണ്. ആ നാല് കോഡുകൾപ്രകാരം ഫലത്തിൽ എല്ലാ തീരുമാനവും അവസാനം എടുക്കുന്നതിനുവേണ്ടി ചുമതലപ്പെടുത്തിയിരിക്കുന്നത് മുതലാളിയെയാണ്. ട്രേഡ് യൂണിയനുകൾക്ക് സംഘടിക്കാനുള്ള അവകാശം ഇതുവഴി നിഷേധിക്കപ്പെട്ടിരിക്കുകയാണ്. എല്ലാ കാര്യങ്ങളും മുതലാളിമാർക്ക്

തീരുമാനിക്കുന്നതിനുവേണ്ടിയുള്ള നിയമമാണ് പ്രധാനമന്ത്രിയും തൊഴിൽ വകുപ്പുമന്ത്രിയും നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഇന്ത്യ ഫെഡറൽ രാജ്യമായതിനാൽ കേന്ദ്ര ഗവൺമെന്റെടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കാൻ കഴിയില്ലെന്ന വെല്ലുവിളി നടത്താൻ സർക്കാരിന് കഴിയില്ല. തൊഴിൽ സൗഹൃദ, തൊഴിലാളി സൗഹൃദ സംസ്ഥാനമാണ് കേരളം. തൊഴിലാളി സൗഹൃദ സംസ്ഥാനമാക്കി കേരളത്തെ മാറ്റിയെടുത്തതിൽ കേരളത്തിലെ ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങൾക്ക് വലിയ പങ്കുണ്ട്. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്ന എല്ലാ നിയമങ്ങളും നടപ്പിലാക്കുന്ന കാര്യം പ്രയാസമാണ്. അതിനെസംബന്ധിച്ച് നടത്തിയ സെമിനാറിൽ ഐ.എൻ.ടി.യു.സി., ബി.എം.എസ്. എന്നിവയുൾപ്പെടെയുള്ള തൊഴിലാളി സംഘടനാ പ്രതിനിധികളും തൊഴിലുടമകളും പങ്കെടുത്തിരുന്നു. കേരളത്തിൽ തൊഴിൽ അന്തരീക്ഷം സ്ഥാപിച്ചുകൊണ്ടും തൊഴിലാളികളുടെ അവകാശങ്ങൾ നിലനിർത്തിക്കൊണ്ടുമുള്ള തീരുമാനമായിരിക്കും സർക്കാർ സ്വീകരിക്കുന്നത്.

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, തൊഴിലിടങ്ങളിൽ സ്ത്രീ തൊഴിലാളികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയാനായി ആഭ്യന്തര പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിക്കുന്നതിന് എന്തെല്ലാം

നടപടികളാണ് തൊഴിൽ വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, Sexual Harassment of Women at Workplace (Prevention, Prohibition and Redressal) Act 2013 പ്രകാരം സംസ്ഥാനത്തെ പത്തിൽ കൂടുതൽ സ്ത്രീതൊഴിലാളികൾ ജോലിചെയ്യുന്ന സ്ഥാപനങ്ങളിൽ സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി Anti Sexual Harassment Committee രൂപീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിയമത്തിലെ വ്യവസ്ഥകൾ സംസ്ഥാനത്തെ തൊഴിലിടങ്ങളിൽ നടപ്പാക്കുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പ് പരിശോധിക്കുന്നുണ്ട്. കൂടാതെ, കേരള ഷോപ്പ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 1960 പ്രകാരം സ്ത്രീതൊഴിലാളികൾ ജോലിചെയ്യുന്ന സ്ഥാപനങ്ങളിൽ ഇന്റേണൽ ഗ്രിവൻസ് കമ്മിറ്റി രൂപീകരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. തൊഴിൽവകുപ്പുദ്യോഗസ്ഥർ സ്ഥാപന പരിശോധന നടത്തുന്ന അവസരങ്ങളിൽ ഇക്കാര്യം പരിശോധിക്കുകയും വീഴ്ചവരുത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചുവരികയുമാണ്.

ശ്രീമതി യു. പ്രതിഭ: സർ, മറ്റ് സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി സ്ത്രീ സുരക്ഷയ്ക്ക് അങ്ങേയറ്റം പ്രാധാന്യം നൽകി ഇടപെടുന്ന സർക്കാരാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ. സ്ത്രീ

തൊഴിലാളികൾക്കുവേണ്ടിയും അവർക്ക് തുല്യവേതനം ഉറപ്പുവരുത്തുന്നതിനുവേണ്ടിയും ഒട്ടനവധി കാര്യങ്ങൾ ചെയ്തതായി നമുക്കറിയാം. എല്ലാ സ്ഥാപനങ്ങളിലുമുള്ള ഇന്റേണൽ കംപ്ലെയിന്റ് കമ്മിറ്റികൾ മോണിറ്റർ ചെയ്യുന്നതിനുള്ള പ്രത്യേക ഇടപെടൽ നടത്തുമോ; സ്ത്രീ ജീവനക്കാർക്ക് തുല്യവേതനം ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനത്തെ തൊഴിൽ സ്ഥാപനങ്ങളിൽ സ്വീകരിച്ച നടപടികളെക്കുറിച്ച് വ്യക്തമാക്കാമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, തുല്യജോലിക്ക് തുല്യവേതനമെന്ന മുദ്രാവാക്യം ശക്തമായി ഉന്നയിച്ചുകൊണ്ടിരിക്കുന്നത് കേരളമാണ്. തുല്യജോലിക്ക് തുല്യവേതനം എന്ന മുദ്രാവാക്യത്തിന്റെ ഭാഗമായി രാജ്യത്ത് ഏകദേശം പത്തോളം വരുന്ന ട്രേഡ് യൂണിയനുകളുടെ നേതൃത്വത്തിൽ മൂന്നിലധികം പ്രാവശ്യം ദേശീയ പണിമുടക്ക് നടത്തിയിട്ടുണ്ട്. തുല്യജോലിക്ക് തുല്യവേതനം എന്ന മുദ്രാവാക്യത്തിൽ പറയുന്ന കാര്യങ്ങൾ ഏകദേശം നടപ്പിലാക്കുന്നത് കേരളം മാത്രമാണ്. 1976-ലെ ഈക്വൽ റെമ്യൂണറേഷൻ ആക്ട് പ്രകാരം തൊഴിലാളികൾക്ക് സ്ത്രീ-പുരുഷ ഭേദമെന്യേ ഒരേ ജോലിക്ക് തുല്യവേതനം ഉറപ്പുവരുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സ്ത്രീ തൊഴിലാളികൾക്ക് തുല്യവേതനം നൽകണമെന്ന ആക്ട് രാജ്യത്ത്

നിലവിലുണ്ടെങ്കിലും അത് നടപ്പിലാക്കുന്നില്ല. അതൊരു തീരുമാനമായി പരിഗണിച്ച് വിശദമായി പരിശോധിച്ച് മുന്നോട്ടുപോകേണ്ടതുണ്ട്. തൊഴിലിടങ്ങളിലെ ഇന്റേണൽ കമ്മിറ്റിയെ സംബന്ധിച്ച് നേരത്തെ ഇവിടെ സൂചിപ്പിച്ചു. എല്ലാ തൊഴിലിടങ്ങളിലും പ്രസ്തുത കമ്മിറ്റി ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടെന്ന് പറയാൻ സാധിക്കില്ല. അക്കാര്യത്തിൽ ശക്തമായ ഇടപെടൽ ഇനിയും ആവശ്യമാണ്; അതിനുവേണ്ടിയുള്ള പരിശ്രമം നടത്താം.

<u>ശ്രീമതി ശാന്തകുമാരി. കെ.</u>: സർ, കേരളത്തിലെ തൊഴിൽ രംഗത്ത് ജോലിചെയ്യുന്ന ബഹുഭൂരിപക്ഷം സ്ത്രീകളും വിദ്യാസമ്പന്നരാണ്. ആനുപാതിക തൊഴിൽരംഗത്ത് ഇനിയും സ്ത്രീ ജീവനക്കാർ വരേണ്ടതുണ്ടെന്ന യാഥാർത്ഥ്യം നിൽക്കുമ്പോൾത്തന്നെ അസംഘടിത മേഖലയിൽ തൊഴിലെടുക്കുന്ന ധാരാളം സ്ത്രീകളുണ്ട്. അവർക്ക് പ്രസവാനുകൂല്യം ഉറപ്പുവരുത്തുന്ന കാര്യത്തിൽ തൊഴിൽ വകുപ്പ് എന്ത് നടപടിയാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളത്?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, 1961-ലെ മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട് കേന്ദ്ര ഗവൺമെന്റ് നിർത്തലാക്കിയിരിക്കുകയാണ്. കേന്ദ്ര സർക്കാർ ഇതിലൂടെ എന്താണ് ഉദ്ദേശിക്കുന്നതെന്നറിയില്ല. 1961-ലെ മെറ്റേണിറ്റി

ബെനിഫിറ്റ് ആക്ട് പ്രകാരം തൊഴിൽ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന സ്ത്രീതൊഴിലാളികൾക്ക് പ്രസവാനുകൂല്യം നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2017-ലെ മെറ്റേണിറ്റി ബെനിഫിറ്റ് (ഭേദഗതി) ആക്ടനുസരിച്ച് സ്ത്രീ തൊഴിലാളികൾക്ക് 26 ആഴ്ച ശമ്പളത്തോടുകൂടി പ്രസവാവധി നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇക്കാര്യം ഉറപ്പുവരുത്തുന്നതിനായി തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, സംസ്ഥാനത്ത് ഗാർഹിക മേഖലയിൽ ജോലിചെയ്യുന്ന സ്ത്രീ തൊഴിലാളികളുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കിക്കൊണ്ടുള്ള നിയമത്തിന് രൂപം കൊടുക്കുമെന്നും അവർക്കായി ക്ഷേമനിധി നടപ്പിലാക്കുമെന്നും പറഞ്ഞിരുന്നു. അതിന്റെ നടപടിക്രമങ്ങൾ എത്രത്തോളമായി? ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഒന്നും രണ്ടും സർക്കാരുകൾ തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട് നിരവധി കാര്യങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇക്കാര്യങ്ങളിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദീകരിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ഗാർഹിക മേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ ഏറ്റവും പ്രധാനപ്പെട്ടവതന്നെയാണ്. സംസ്ഥാനത്താകെ വീടുകളിൽ ജോലിചെയ്യുന്ന ധാരാളം സ്ത്രീ തൊഴിലാളികളുണ്ടെന്ന്

എല്ലാവർക്കുമറിയാവുന്നതാണ്. അവർക്ക് തുച്ഛമായ ശമ്പളമാണ് ലഭിക്കുന്നത്. മെച്ചപ്പെട്ട ശമ്പളം കിട്ടുന്ന സ്ഥലങ്ങളുമുണ്ട്. ഗാർഹിക മേഖലയിൽ ജോലിചെയ്യുന്ന തൊഴിലാളികളുടെ ജോലി സ്ഥിരത ഉറപ്പുവരുത്തുന്നതിനും അവർക്ക് മാന്യമായ ശമ്പളം ലഭിക്കുന്നതിനും മറ്റ് അടിസ്ഥാനസൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനുമായി എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്നതിനെക്കുറിച്ച് സർക്കാർ ഗൗരവമായി ആലോചിക്കുന്നതാണ്.

**തൊഴിലില്ലായ്മ പരിഹരിക്കാൻ നടപടി**

3 (*393)ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ തൊഴിലില്ലായ്മയുടെ നിരക്ക് ദേശീയ ശരാശരിയുമായി താരതമ്യം ചെയ്തിട്ടുണ്ടോ; കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ തൊഴിലില്ലായ്മ അതിരൂക്ഷമായിട്ടുണ്ടോ; വിശദമാക്കുമോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ,

(എ) നാഷണൽ എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തരം സ്വയംതൊഴിൽ പദ്ധതികളായ ശരണ്യ, കെസ്റു, കൈവല്യ, മൾട്ടിപർപ്പസ് ജോബ് ക്ലബ്ബുകൾ, നവജീവൻ എന്നിവ നടപ്പിലാക്കുന്നതിലൂടെ തൊഴിലില്ലായ്മ നിരക്ക് ഒരുപരിധിവരെ കുറയ്ക്കുന്നതിന് സഹായകരമാകുന്നുണ്ട്. ജില്ലാ ആസ്ഥാനങ്ങളിൽ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടനുബന്ധിച്ച് എംപ്ലോയബിലിറ്റി സെന്ററുകളും ഗ്രാമീണ മേഖലകളിൽ കരിയർ ഡെവലപ്പ്മെന്റ് സെന്ററുകളും ആരംഭിച്ചതുവഴി സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിനും സാധിക്കുന്നുണ്ട്. നിയുക്തി മെഗാ ജോബ് ഫെയറുകളും തൊഴിൽമേളകളും സംഘടിപ്പിക്കുക വഴി സ്വകാര്യ മേഖലകളിലെ നിരവധി തൊഴിലവസരങ്ങൾ ലഭ്യമാക്കുകയുണ്ടായി. 2021-22 സാമ്പത്തിക വർഷത്തിൽ ഇപ്രകാരം 9585 പേർക്ക് നിയമനം ലഭിച്ചിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 2021-22 സാമ്പത്തിക വർഷം 5725 പേർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ലോൺ അനുവദിച്ചിട്ടുണ്ട്. തൊഴിലും നൈപുണ്യവും വകുപ്പിനുകീഴിലുള്ള സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് വഴി മികവിന്റെ കേന്ദ്രങ്ങളിലൂടെയും അക്രെഡിറ്റഡ് സ്ഥാപനങ്ങളിലൂടെയും നാളിതുവരെയായി 16,053 പേർക്ക് തൊഴിൽ

പരിശീലനം നൽകുകയും 4,903 പേർക്ക് വിദേശത്തും സ്വദേശത്തുമായി തൊഴിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. തൊഴിലന്വേഷകരെയും തൊഴിലുടമകളെയും ഒരു കുടക്കീഴിലെത്തിക്കുന്ന ഏകജാലക സംവിധാനമായ സ്റ്റേറ്റ് ജോബ് പോർട്ടലിൽ തൊഴിൽമേളകൾ വഴിയും അല്ലാതെയും നാളിതുവരെ 3389 ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നൽകാൻ സാധിച്ചു. സങ്കൽപ്പ് പദ്ധതിയുടെ ഇൻക്ലൂഷൻ കംപോണന്റ് മുഖേന നാളിതുവരെ 25 വിദ്യാർത്ഥികൾക്ക് വിജയകരമായി പരിശീലനം നൽകുവാനും അതിലൂടെ എല്ലാവർക്കും തൊഴിൽ നൽകുവാനും സാധിച്ചു. പ്രധാനമന്ത്രി കൗശൽ വികാസ് യോജന (PMKVY) മുഖേന നാളിതുവരെ 27,042 പേർക്ക് പരിശീലനം നൽകുകയും അതിൽ 22,524 പേരുടെ അസ്സെസ്സ്മെന്റ് പൂർത്തിയാക്കി 19,223 പേർക്ക് സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയും ഇവരിൽ 5,840 പേർക്ക് തൊഴിൽ നൽകുകയും ചെയ്തു. 2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന 20 ലക്ഷം പേർക്ക് ഡിജിറ്റൽ പ്ലാറ്റ്ഫോം വഴി തൊഴിൽ കൊടുക്കുന്ന പദ്ധതി പ്രകാരം 2530 പേർക്ക് കെ-ഡിസ്ക് ഇതിനോടകം തൊഴിൽ നൽകിയിട്ടുണ്ട്. കേരളത്തിലെ യുവജനതയ്ക്ക് വിദേശരാജ്യങ്ങളിൽ അനുയോജ്യമായ തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിന് സഹായിക്കുന്ന തൊഴിൽ

വകുപ്പിനുകീഴിലുള്ള ഒരു സ്ഥാപനമാണ് 'ഒഡെപെക്. കേരളത്തിലെ തൊഴിലില്ലായ്മ പരിഹരിക്കാൻ ഒരു പരിധിവരെ ഒഡെപെക് സഹായിക്കുന്നുണ്ട്. വിദേശ രാജ്യങ്ങളിൽ ജോലി നേടാനാകുന്ന തരത്തിൽ നൈപുണ്യ വികസന പരിശീലനവും വിദേശഭാഷാ പരിശീലനവും ഒഡെപെക് നൽകിവരുന്നുണ്ട്. 2016 മേയ് മുതൽ ഇതുവരെ 2748 പേർക്ക് ഒഡെപെക് മുഖേന വിദേശത്ത് തൊഴിൽ ലഭിച്ചിട്ടുണ്ട്. നോർക്ക വകുപ്പുവഴി നടപ്പിലാക്കുന്ന "പ്രവാസി കേരളീയരുടെ പുനരധിവാസം, പുന:ക്രമീകരണം, ഏകോപനം" എന്ന പദ്ധതിവഴി ജോലി നഷ്ടപ്പെട്ട് തിരികെയെത്തിയ പ്രവാസികൾക്ക് പുതിയ തൊഴിൽ നൽകുന്നതിനും വീണ്ടും മറ്റ് രാജ്യങ്ങളിലേയ്ക്ക് കുടിയേറാൻ അവസരങ്ങൾ ഒരുക്കുകയും സ്റ്റാർട്ടപ്പുകൾ, സംരംഭങ്ങൾ മുതലായവ തുടങ്ങാൻ സഹായിക്കുകയും തൊഴിൽ വൈദഗ്ദ്ധ്യം നേടുന്നതിന് പരിശീലനം നൽകുകയും ചെയ്യുന്നു. കൂടാതെ സംസ്ഥാനത്ത് തൊഴിൽ സാദ്ധ്യതകൾ സൃഷ്ടിക്കുന്നതിലേയ്ക്കായി നാല് സ്വയം തൊഴിൽ പദ്ധതികൾ നോർക്ക റൂട്ട്സിൽ നിലവിലുണ്ട്.

(ബി) സംസ്ഥാനത്തെ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരള) വകുപ്പിനുകീഴിൽ തൊഴിലില്ലായ്മ നിരക്ക് സംബന്ധിച്ച് സർവ്വേ നടത്തിയിട്ടില്ല. എന്നാൽ, കേന്ദ്ര സർക്കാരിനുകീഴിലുള്ള Statistics &

Programme Implementation മന്ത്രാലയത്തിന്റെ Periodic Labour Force Survey (PLFS) പ്രകാരം കോവിഡ് വ്യാപനം രൂക്ഷമാകുന്നതിന് മുൻപും ശേഷവുമുള്ള സംസ്ഥാന-ദേശീയ തൊഴിലില്ലായ്മ നിരക്കുകളുടെ താരതമ്യം ചുവടെ ചേർക്കുന്നു:-

കോവിഡ് വ്യാപനത്തിന് മുൻപ്

| | കേരളം | കേന്ദ്രം |
|---|---|---|
| | (ശതമാനത്തിൽ) | |
| | 16.3 | 9.1 |

കോവിഡ് വ്യാപനത്തിന് ശേഷം

| | | |
|---|---|---|
| 2020 June | 27.3 | 20.8 |
| 2022 March | 13.2 | 8.2 |

ശ്രീ. ടി. സിദ്ദിഖ്: സർ, സംസ്ഥാന ആസൂത്രണ കമ്മീഷൻ തയ്യാറാക്കിയ സാമ്പത്തിക അവലോകന റിപ്പോർട്ട് 2021 പ്രകാരം കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് അതിവേഗം വർദ്ധിക്കുകയാണ്. കൂടാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴിയുള്ള നിയമനം കുറഞ്ഞുവരികയും ചെയ്യുന്നു. 2010 മുതൽ അത് കുറയുകയാണ്. 2015-ൽ മാത്രമാണ് കൂടിയിട്ടുള്ളത്. 2016, 2017, 2018, 2019, 2020 വർഷങ്ങളിൽ അത് കുറഞ്ഞുവരികയാണ്. അനാരോഗ്യമായ തൊഴിൽ പ്രവണതയാണ് പ്രധാന പ്രശ്നം. സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ സ്ഥിരം, താൽക്കാലിക നിയമനങ്ങൾ മുഴുവനും എംപ്ലോയ്മെന്റ്

എക്സ്ചേഞ്ചുകളും പി.എസ്.സി. വഴിയുമാക്കാനുള്ള നടപടിക്ക് നേതൃത്വം നൽകുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ഇപ്പോഴും പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴിയുമാണ് നിയമനം നടത്തിക്കൊണ്ടിരിക്കുന്നത്. അതിനെ സംബന്ധിച്ച് പ്രത്യേകിച്ച് പരാതിയൊന്നും ലഭിച്ചിട്ടില്ല. പരാതി ലഭിച്ചാൽ പരിശോധിക്കാം.

ശ്രീ. ടി. സിദ്ദിഖ്: സർ, അതുസംബന്ധിച്ച് പലയിടത്തും പരാതിയുണ്ട്. കേരളത്തിലെ അൺ-എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള സ്വകാര്യ സ്ഥാപനങ്ങളിൽ മിനിമം വേജസ് റെക്കോർഡിൽ അത് രേഖപ്പെടുത്തും. പക്ഷെ അതേസമയത്തുതന്നെ.........

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ....ഓർഡർ...ചോദ്യോത്തരവേള അവസാനിച്ചു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഖാദർ കമ്മിറ്റി റിപ്പോർട്ട്

4 (*394) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:

ശ്രീ. ടി. വി. ഇബ്രാഹിം:

ശ്രീ. എൻ. ഷംസുദ്ദീൻ:

ശ്രീ. പി. അബ്ദുൽ ഹമീദ്.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ മേഖലയിൽ വരുത്തേണ്ട പരിഷ്കാരങ്ങളെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച ഖാദർ കമ്മിറ്റിയുടെ പ്രവർത്തനം ആരംഭിച്ചതെന്ന് മുതലാണെന്ന് അറിയിക്കാമോ?

2009-ലെ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് പൂർണ്ണമായും നടപ്പിലാക്കുന്നതിനാവശ്യമായ പഠനം നടത്തി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി 19-10-2017-ലെ സ.ഉ(സാധാ) നം.3779/2017/പൊ.വി.വ. പ്രകാരം വിദഗ്ദ്ധ സമിതി രൂപീകരിക്കുകയുണ്ടായി. 19-11-2017-നാണ് വിദഗ്ദ്ധ സമിതിയുടെ ആദ്യയോഗം നടന്നത്. അന്നുമുതലാണ് സമിതിയുടെ പ്രവർത്തനം ആരംഭിച്ചത്.

(ബി) കമ്മിറ്റിയുടെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകൾ എന്തെല്ലാമായിരുന്നു; റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയോയെന്ന്

വിശദമാക്കുമോ?

കമ്മിറ്റിയുടെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകൾ അനുബന്ധമായി ചേർക്കുന്നു+. ടി റിപ്പോർട്ട് 28-02-2019-ലെ സ.ഉ(കൈ)നം. 19/2019/പൊ.വി.വ. പ്രകാരം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി ഡയറക്ടറേറ്റ് ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ, ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ്, വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ് എന്നിവ ഏകോപിപ്പിച്ച് ഡയറക്ടറേറ്റ് ഓഫ് ജനറൽ എഡ്യൂക്കേഷൻ (ഡി.ജി.ഇ.) എന്ന തസ്തിക 31-05-2019-ലെ സ.ഉ.(കൈ) നം.53/2019/പൊ.വി.വ. പ്രകാരം സൃഷ്ടിക്കുകയും മേൽപ്പറഞ്ഞ മൂന്ന് ഡയറക്ടറേറ്റുകളും ഡി.ജി.ഇ.-യുടെ നിയന്ത്രണ പരിധിയിൽ കൊണ്ടുവരികയും ചെയ്തു. അതോടൊപ്പം 12-ാം ക്ലാസ് വരെയുള്ള സ്കൂളുകളുടെ സ്ഥാപന മേധാവിയായി ഹയർ സെക്കണ്ടറി പ്രിൻസിപ്പാളിനെ നിയോഗിച്ചു. പ്രസ്തുത സ്കൂളിലെ ഹൈസ്കൂൾ ഹെഡ്മാസ്റ്ററെ വൈസ് പ്രിൻസിപ്പാളായി നാമകരണം ചെയ്തു. ഇതനുസരിച്ച് കെ.ഇ.ആർ.-ൽ നിയമ/ചട്ട ഭേദഗതിയും വരുത്തിയിട്ടുണ്ട്. ഏകോപിത സെക്കണ്ടറി സ്കൂളിലെ സ്ഥാപന മേധാവിയായി മാറിയ ഹയർ സെക്കണ്ടറി പ്രിൻസിപ്പാളിന്റെ തൊഴിൽഭാരം ലഘൂകരിക്കുന്നതിനായി അവരുടെ അദ്ധ്യയനം 8 പിരീഡായി നിജപ്പെടുത്തുകയും അധികം പിരീഡുകൾ കൈകാര്യം ചെയ്യുന്നതിന് ദിവസ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വേതനത്തിൽ അദ്ധ്യാപകരെ നിയോഗിക്കുന്നതിന് ഭരണാനുമതി നൽകുകയും ചെയ്തു. ഏകോപനം പൂർണ്ണതയിലെത്തിക്കുന്നതിനുള്ള സ്പെഷ്യൽ റൂൾ അടക്കം വികസിപ്പിക്കുന്നതിന് നിർദ്ദേശം സമർപ്പിക്കാൻ ഒരു കോർ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

(സി) റിപ്പോർട്ടിന്റെ രണ്ടാംഭാഗം എന്നത്തേയ്ക്ക് സമർപ്പിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; കമ്മിറ്റിയുടെ പ്രവർത്തനം ആരംഭിച്ച് നാലര വർഷം കഴിഞ്ഞിട്ടും റിപ്പോർട്ട് നൽകാത്തതിന്റെ കാരണം എന്തെന്ന് അറിയിക്കുമോ; എത്രയുംവേഗം റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെടുമോയെന്ന് വ്യക്തമാക്കാമോ?

2009-ലെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിൽവരുത്തുന്നതിനാവശ്യമായ പഠനം നടത്തി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ഡോ. എം. എ. ഖാദർ ചെയർമാനായി ഒരു വിദഗ്ധ സമിതി രൂപീകരിച്ച് 19-10-2017-ലെ സ.ഉ(സാധാ) നം.3779/2017/പൊ.വി.വ. പ്രകാരം ഉത്തരവായിരുന്നു. റിപ്പോർട്ടിന്റെ ഒന്നാം ഭാഗം 2019 ജനുവരി മാസം സമർപ്പിക്കുകയും ടി ഒന്നാംഭാഗ റിപ്പോർട്ട് 28-02-2019-ലെ സ.ഉ(കൈ) നം.19/2019/പൊ.വി.വ. പ്രകാരം തത്വത്തിൽ അംഗീകരിക്കുകയുമുണ്ടായി.

തുടർന്ന് റിപ്പോർട്ടിന്റെ ഒന്നാം ഭാഗത്തിൽ ഉൾപ്പെടാത്ത കാര്യങ്ങൾ വിശദമായി പഠിച്ച് നിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനും സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിനും സമിതിയുടെ കാലാവധി ദീർഘിപ്പിച്ച് നൽകണമെന്ന് ചെയർമാൻ വിവിധ ഘട്ടങ്ങളിൽ അപേക്ഷിക്കുകയുണ്ടായി. കൈകാര്യം ചെയ്യേണ്ട അക്കാദമിക് തലം ഉൾപ്പെടെയുള്ള വിഷയങ്ങളുടെ വ്യാപ്തി കണക്കിലെടുത്ത് റിപ്പോർട്ട് തയ്യാറാക്കുന്നതിന് വേണ്ടിവരുന്ന അധികസമയം ആവശ്യകതയുള്ളതിനാലും കോവിഡ് പശ്ചാത്തലത്തിൽ മുന്നോട്ടുപോകുന്നതിനും വിവരങ്ങൾ ശേഖരിക്കുന്നതിനും റിപ്പോർട്ട് ഡ്രാഫ്റ്റ് തയ്യാറാക്കുന്നതിനും തടസ്സങ്ങൾ നേരിട്ടതിനാലും ഇതിനിടയിൽ ദേശീയ വിദ്യാഭ്യാസനയം 2020 നിലവിൽവന്ന സാഹചര്യത്തിൽ അതിന്റെ വിശദാംശംകൂടി പരിശോധിക്കുന്നതിനും തുടർന്ന് കോവിഡ്-19 രോഗവ്യാപനം നീണ്ടുപോയതിനാലും ലോക്ക്ഡൗൺ സാഹചര്യം നിലനിന്നതിനാൽ സമിതിക്ക് യോഗം ചേരാൻ കഴിയാത്ത അവസ്ഥ നിലനിന്നതിനാലും സർക്കാർ വിവിധ ഘട്ടങ്ങളിലായി വിദഗ്ധ സമിതിയുടെ കാലാവധി 2022 ഏപ്രിൽ 30 വരെ ദീർഘിപ്പിച്ച് നൽകുകയുണ്ടായി. ദേശീയ വിദ്യാഭ്യാസനയം നടപ്പിൽവരുന്ന സാഹചര്യത്തിൽ പല കാര്യങ്ങളിലും കുറേക്കൂടി ആഴത്തിലുള്ള പരിശോധന ആവശ്യമായി വരുന്നതിനാൽ

സമയപരിധി നിശ്ചയിച്ച 2022 ഏപ്രിൽ 30-നകം സമിതിയുടെ പ്രവർത്തനം പൂർത്തീകരിക്കുവാൻ കഴിയാത്തതിനാൽ രണ്ടാംഘട്ട റിപ്പോർട്ട് പൂർത്തിയാക്കുവാൻ സൗകര്യപ്രദമാകുന്നവിധം വിദഗ്ദ്ധ സമിതിയുടെ കാലാവധി 2022 സെപ്റ്റംബർ 30 വരെ ദീർഘിപ്പിച്ച് നൽകണമെന്ന് കമ്മിറ്റി ചെയർമാനും സീമാറ്റ് ഡയറക്ടറും അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിന്റെ രണ്ടാംഭാഗം എത്രയും പെട്ടെന്ന് സമർപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**വിദ്യാകിരണം മിഷൻ**

5 (*395) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>:

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>:

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>:

<u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ മേഖലയിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കൈവരിച്ച നേട്ടങ്ങൾ കൂടുതൽ മുന്നോട്ട് കൊണ്ടുപോകുന്നതിന് വിദ്യാകിരണം മിഷൻ മുഖേന നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ മേഖലയിൽ കഴിഞ്ഞ

സർക്കാരിന്റെ കാലത്ത് കൈവരിച്ച നേട്ടങ്ങൾ കൂടുതൽ മുന്നോട്ട് കൊണ്ടുപോകുന്നതിന് വിദ്യാകിരണം മിഷൻ മുഖേന നടത്തുന്ന പ്രവർത്തനങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) അടിസ്ഥാന സൗകര്യ വികസനത്തിന് പുറമെ അക്കാദമിക മികവിനായുള്ള പ്രവർത്തനങ്ങളും മിഷന്റെ ഭാഗമായി നടക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ തുടർച്ചയായ വിദ്യാകിരണം പദ്ധതിയിൽ കുട്ടികളുടെ അക്കാദമിക മികവിന് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾക്കാണ് ലക്ഷ്യമിടുന്നത്. പൊതുവിദ്യാലയങ്ങളിലെത്തുന്ന മുഴുവൻ കുട്ടികൾക്കും ഏറ്റവും മികച്ച വിദ്യാഭ്യാസത്തിനായുള്ള അവസരതുല്യത ഉറപ്പാക്കുകയെന്നത് പ്രധാനമാണ്. കോവിഡ്-19 ഉയർത്തിയ വെല്ലുവിളികളെ പലതരത്തിലും അഭിമുഖീകരിക്കാൻ വിദ്യാഭ്യാസ വകുപ്പിന് കഴിഞ്ഞു. ഡിജിറ്റൽ ക്ലാസ്സുകൾ വഴി നാം കുട്ടികളെ കർമ്മനിരതരാക്കി. കോവിഡിനുശേഷം സ്കൂളിലെത്തിയ കുട്ടികളുടെ സാമൂഹിക വൈകാരിക ആവശ്യകതകൾ അഭിമുഖീകരിക്കാനുള്ള പ്രവർത്തനങ്ങൾ കഴിഞ്ഞ അക്കാദമിക വർഷം ആരംഭിച്ചു. അതിപ്പോഴും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തുടരുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ തുടർച്ചയെന്ന നിലയിൽ ഭൗതിക സൗകര്യ വികസനരംഗത്ത് തുടങ്ങിവച്ച പ്രവർത്തനങ്ങൾ വിദ്യാകിരണത്തിന്റെ ഭാഗമായി പൂർത്തീകരിക്കാനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. അക്കാദമിക മാസ്റ്റർപ്ലാൻ എല്ലാ വിദ്യാലയങ്ങളും തയ്യാറാക്കി. അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ചുവരുന്നു. കൂടാതെ ശാസ്ത്ര-സാമൂഹികശാസ്ത്ര വിഷയങ്ങൾ പുത്തൻരീതിയിൽ പഠിക്കുന്നതിനുള്ള പദ്ധതികൾ, ഭാഷാ വികാസത്തിന് 'മലയാളത്തിളക്കം' , 'ഹലോ ഇംഗ്ലീഷ്' , 'സുരീലി ഹിന്ദി' തുടങ്ങിയ പദ്ധതികൾ, ഗണിതം ആനന്ദകരമാക്കാൻ 'ഗണിത വിജയം' , 'ഉല്ലാസ ഗണിതം' , പ്രതിഭകളായ കുട്ടികൾക്ക് അതത് മേഖലയിൽ കൂടുതൽ മികച്ച മുന്നേറ്റത്തിന് 'ടാലന്റ് ലാബ്', ശ്രവണ പരിമിതർക്കുള്ള പാഠപുസ്തകം, പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുള്ള 'ഉൾച്ചേർക്കുന്ന വിദ്യാഭ്യാസം' (Inclusive Education), കാഴ്ചപ്പാട് രേഖ തയ്യാറാക്കൽ, അദ്ധ്യാപക പരിവർത്തന പദ്ധതി, സ്റ്റുഡന്റ് സെൻട്രിക് പ്രോഗ്രാം, അദ്ധ്യാപകർക്ക് മാനേജ്മെന്റ് പരിശീലനം, എസ്.ഐ.ഇ.ടി.-യുടെ പരിശീലന പരിപാടികൾ, സ്കൂൾ/ക്ലാസ്സ് ലൈബ്രറി വികസനം, പാർശ്വവൽക്കൃത മേഖലകളിലെ സ്കൂളുകളുടെ വികസനം, സ്ത്രീ ശാക്തീകരണത്തിനുള്ള പ്രവർത്തനങ്ങൾ, ഔട്ട് ഓഫ് സ്കൂൾ

കുട്ടികൾക്കുള്ള പ്രത്യേക പരിപാടി എന്നിവയാണ് അക്കാദമിക മുന്നേറ്റത്തിനായി നടപ്പാക്കുന്നത്. ഈ രംഗത്ത് ഇനിയും നമുക്ക് മുന്നേറേണ്ടതായിട്ടുണ്ട്. അതിനുള്ള കർമ്മപദ്ധതി വിദ്യാകിരണത്തിന്റെ ഭാഗമായി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതാണ്.

(സി) പൊതുസമൂഹത്തെ നവീകൃത പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധിപ്പിച്ച് ഫലപ്രദമായ ജനകീയ ഇടപെടൽ ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ അറിയിക്കാമോ?

ജനകീയ വിദ്യാഭ്യാസം എന്ന ലക്ഷ്യം മുൻനിർത്തി വിദ്യാലയങ്ങളിൽ നടത്തുന്ന എല്ലാ പ്രവർത്തനങ്ങളിലും പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എല്ലാ മാസവും ക്ലാസ് പി.ടി.എ. യോഗങ്ങൾ ചേരണമെന്നും കഴിഞ്ഞ ഒരു മാസം നടന്ന ക്ലാസ് റൂം പ്രവർത്തനങ്ങൾ എന്തെല്ലാം, അതുമൂലം കുട്ടികൾക്കുണ്ടായ മികവുകൾ എന്തെല്ലാമെന്നും ഇനി ഒരു മാസം നടത്താനുദ്ദേശിക്കുന്ന പഠനപ്രവർത്തനങ്ങൾ എന്തെല്ലാമെന്നും അതിൽ രക്ഷിതാക്കളുടെ ഭാഗത്തുനിന്നുള്ള പിന്തുണ എന്നീ കാര്യങ്ങളെല്ലാം ചർച്ച ചെയ്യണമെന്നും വിഭാവനം ചെയ്തിട്ടുണ്ട്. ഇതുകൂടാതെ സമൂഹത്തിന്റെകൂടി പങ്കാളിത്തത്തോടെ പ്രകൃതിയെ അറിഞ്ഞ് പഠിക്കുന്ന മാതൃകകൾ സൃഷ്ടിക്കുന്നതിനുള്ള

ജൈവവൈവിദ്ധ്യ ഉദ്യാനം എന്ന പ്രവർത്തനം എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ നടന്നുവരുന്നു. ഓരോ വിദ്യാലയത്തിലെയും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് രൂപീകരിക്കുന്ന സമിതിയിൽ പി.ടി.എ., ഭിന്നശേഷിയുള്ള കുട്ടികളുടെ രക്ഷിതാക്കൾ, എസ്.ആർ.ജി., എസ്.എസ്.ജി, എൽ.എസ്.ജി അംഗങ്ങൾ, പൂർവ്വ വിദ്യാർത്ഥികൾ, പ്രദേശത്തെ അക്കാദമിക വിദഗ്ദ്ധർ എന്നിവരെ ഉൾപ്പെടുത്തണമെന്ന് പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. 2021 നവംബർ മാസത്തിൽ കോവിഡാനന്തരം സ്കൂളുകൾ തുറന്നപ്പോൾ ജനകീയ പങ്കാളിത്തത്തോടെയാണ് സ്കൂളുകളുടെ അണുനശീകരണവും ശുചീകരണ പ്രവൃത്തികളും നടന്നത്. 2022 ജൂൺ 1-ന് നടന്ന പ്രവേശനോത്സവം, പുതിയ സ്കൂൾ കെട്ടിടങ്ങളുടെ ഉദ്ഘാടനം തുടങ്ങി എല്ലാ പ്രധാന പ്രവർത്തനങ്ങളിലും ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിദ്യാഭ്യാസത്തിന്റെ എല്ലാതലങ്ങളിലും ജനകീയത ഉറപ്പാക്കുന്നതിന് ജനപ്രതിനിധികൾ, പൊതുപ്രവർത്തകർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൂർവ്വ വിദ്യാർത്ഥികൾ, കലാ സാംസ്കാരിക മേഖലയിലുള്ളവർ തുടങ്ങി സമൂഹത്തിന്റെ നാനാതലത്തിലുള്ള ആളുകളുടേയും സഹകരണവും സഹായവും ഉപയോഗപ്പെടുത്തുന്നതിന് കഴിഞ്ഞു. സമൂഹത്തെ പൊതുവിദ്യാലയങ്ങളുമായി ബന്ധപ്പെടുത്തുന്നതിനുള്ള

സാഹചര്യമൊരുക്കി. രക്ഷാകർത്തൃ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു. പ്രാദേശിക സമൂഹത്തിന്റെ പിന്തുണയോടെ പ്രാദേശിക പ്രതിഭാകേന്ദ്രങ്ങൾ, ഊരുവിദ്യാകേന്ദ്രങ്ങൾ എന്നിവയും ആരംഭിച്ചിട്ടുണ്ട്. തുടർന്നും സമൂഹത്തെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തുന്നതിന് കൂടുതൽ ജനകീയ ഇടപെടലുകൾ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വിനോദ സഞ്ചാര രംഗത്ത് നിക്ഷേപ സബ്സിഡി**

6 (*396) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ സംരംഭകർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ വിനോദസഞ്ചാര മേഖലയിലെ സംരംഭകർക്ക് ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിച്ചിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വിനോദസഞ്ചാര രംഗത്തെ നിക്ഷേപ സബ്സിഡി കാലോചിതമായി പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

നിലവിൽ പരിഗണനയിലില്ല.

(സി) സംസ്ഥാനത്ത് ടൂറിസം ഫിനാൻസ് കോർപ്പറേഷന്റെ ശാഖ സ്ഥാപിക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോയെന്ന് അറിയിക്കാമോ?

ടൂറിസം ഫിനാൻസ് കോർപ്പറേഷന് സംസ്ഥാനങ്ങളിൽ ശാഖ സ്ഥാപിക്കുന്ന സമ്പ്രദായമുണ്ടോയെന്ന് പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

## പൈതൃക ടൂറിസം പദ്ധതി

7 (*397) ശ്രീ. എൻ. കെ. അക്ബർ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര, വിദേശ സഞ്ചാരികൾക്ക് സംസ്ഥാനത്തിന്റെ

ദൃശ്യചാരുതയോടൊപ്പം പൈതൃകവും പാരമ്പര്യവും അനുഭവവേദ്യമാക്കി വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന് ആവിഷ്ക്കരിച്ച പൈതൃക ടൂറിസം പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ?

സംസ്ഥാനത്ത് വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കിവരുന്ന പൈതൃക ടൂറിസം പദ്ധതികൾ താഴെ പറയുന്നവയാണ്.

1. <u>മുസിരിസ് പൈതൃക പദ്ധതി</u>:

ഐതിഹാസിക തുറമുഖമായ മുസിരിസിന്റെ ചരിത്രപരവും സാംസ്കാരികപരവുമായ നേർക്കാഴ്ചയെ പുനരുജ്ജീവിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ രൂപംകൊടുത്ത പദ്ധതിയാണ് മുസിരിസ് പൈതൃക പദ്ധതി. ലോകവ്യാപാരികളെ ആകർഷിച്ച മുസിരിസ്, നെൽകിണ്ട, തിണ്ടിസ് പോലുള്ള ആദ്യകാല തുറമുഖങ്ങളുടെയും കൊല്ലം, പൊന്നാനി, തലശ്ശേരി, ആലപ്പുഴ തുടങ്ങിയ പിൽക്കാല തുറമുഖങ്ങളുടെയും പൈതൃക അവശേഷിപ്പുകൾ പുനരുജ്ജീവിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ ടൂറിസം വകുപ്പിന്റെ കീഴിൽ 2009-ൽ രൂപം നൽകിയ ആദ്യത്തെ പൈതൃക സംരക്ഷണ പദ്ധതിയാണ് മുസിരിസ് പൈതൃക പദ്ധതി. വിനോദം മാത്രമല്ല പൈതൃക സംരക്ഷണം, പുനഃസ്ഥാപനം, ചരിത്രപഠനം, പരിസ്ഥിതി സംരക്ഷണം, ഗവേഷണം, കരകൗശല-കലാരൂപങ്ങളുടെ വികസനം,

പരമ്പരാഗത തൊഴിലുകൾ, മറ്റ് സാമൂഹിക-സാംസ്കാരിക പ്രവർത്തനങ്ങൾ എന്നിവയിലും ഒരു വലിയമാറ്റം വരുത്തുകയെന്ന സുപ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ ഉൾക്കൊള്ളുന്ന ഈ പദ്ധതി നിലവിൽ ഇന്ത്യയിലെ പൈതൃക സംരക്ഷണ പ്രവർത്തനങ്ങൾക്ക് മാതൃകയാണ്.

2. ആലപ്പുഴ പൈതൃക പദ്ധതി

വിശാലമായ അറബിക്കടലിന്റെയും അതിലേയ്ക്ക് ഒഴുകുന്ന നദീശൃംഖലയുടെയും ഇടയിലായി സ്ഥിതിചെയ്യുന്ന 'കിഴക്കിന്റെ വെനീസ് ' എന്ന് കഴ്സൺ പ്രഭു വിളിച്ച ആലപ്പുഴയിൽ തുറമുഖം, കടൽപ്പാലം, കനാലുകൾ, ചരിത്രം വിളിച്ചോതുന്ന നൂറ്റാണ്ടുകളുടെ കഥപറയുന്ന സ്മാരകങ്ങൾ, ആരാധനാലയങ്ങൾ, കയർ ഫാക്ടറികൾ എന്നിവ നിലനിൽക്കുന്നു. ഇവയുടെ പുനരുദ്ധാരണവും തദ്വാര ആലപ്പുഴ പട്ടണത്തിന്റെ പഴയ പ്രതാപം വീണ്ടെടുക്കുവാനുള്ള സമഗ്രമായ ശ്രമവുമാണ് ആലപ്പുഴ പൈതൃക പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

3. തലശ്ശേരി പൈതൃക ടൂറിസം പദ്ധതി

ഉത്തര മലബാറിലെ കണ്ണൂർ ജില്ലയിൽ സ്ഥിതിചെയ്യുന്ന തലശ്ശേരി എന്ന പട്ടണം അതിന്റെ സമുദ്ര സാമീപ്യം, ഫ്രഞ്ചുകാരുടെയും

ബ്രിട്ടീഷുകാരുടെയും അധിനിവേശം എന്നിവ കൊണ്ടുതന്നെ പുരാതനകാലം മുതൽക്കേ വിവിധ സംസ്കാരങ്ങളുടെ സമ്മിശ്രണത്താൽ സമ്പന്നമാണ്. ഇവയിൽ പലതും കാലക്രമേണ നാഗരികതയുടെ കടന്നുവരവിൽ വിസ്മൃതിയിലാഴ്ത്തപ്പെട്ടു. പഴയ തലശ്ശേരി തുറമുഖത്തെ ഒരു പ്രഭവ കേന്ദ്രമാക്കി പൗരാണിക കേരളത്തിന്റെ സാമൂഹ്യവും സാംസ്കാരികവും ചരിത്രപരവുമായ മൂല്യങ്ങൾ പുതിയ തലമുറയ്ക്ക് പരിചയപ്പെടുത്തുകവഴി തലശ്ശേരിയെ ഒരു പൈതൃക കേന്ദ്രമാക്കുകയെന്ന ലക്ഷ്യവുമായാണ് വിനോദസഞ്ചാര വകുപ്പ് തലശ്ശേരി പൈതൃക പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

4. <u>ട്രാവൻകൂർ ഹെറിറ്റേജ് പദ്ധതി</u>

തിരുവിതാംകൂറിന്റെ ചരിത്ര പ്രധാന്യം വ്യക്തമാക്കുന്ന സ്ഥലങ്ങളെ കൂട്ടിയിണക്കി പൈതൃക സർക്യൂട്ട് ആരംഭിക്കുന്നതിനാണ് ഈ പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി ആർക്കിടെക്റ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആർക്കിടെക്റ്റ് രൂപരേഖ തയ്യാറാക്കിയശേഷം മാത്രമേ ഉൾപ്പെട്ടിട്ടുള്ള സ്ഥലങ്ങളെപ്പറ്റിയുള്ള വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ.

ഈ പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ തലസ്ഥാന നഗരിയിലെ

പൈതൃക കെട്ടിടങ്ങൾ അവയുടെ പൗരാണികതയും വാസ്തുവിദ്യയും വെളിവാകത്തക്ക വിധത്തിൽ ദീപാലംകൃതമാക്കുന്നതിനുള്ള പദ്ധതി രൂപരേഖയ്ക്ക് 35.60 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തലസ്ഥാന നഗരിയിലെ 30 പൈതൃക കെട്ടിടങ്ങളെ ഉൾപ്പെടുത്തി 5 സോണുകളായി തിരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

(ബി) സമീപ ജില്ലകളിലെ സാംസ്കാരിക, പൈതൃക കേന്ദ്രങ്ങളെ കൂട്ടിയിണക്കിക്കൊണ്ടുള്ള തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

സമീപ ജില്ലകളിലെ സാംസ്കാരിക, പൈതൃക കേന്ദ്രങ്ങളെ കൂട്ടിയിണക്കിക്കൊണ്ടുള്ള തലശ്ശേരി പൈതൃക ടൂറിസം പദ്ധതി 4 സർക്യൂട്ടുകളായാണ് നടപ്പിലാക്കുന്നത്. പദ്ധതികളുടെ വിശദാംശം ചുവടെചേർക്കുന്നു.

<u>സംസ്ഥാന സർക്കാർ ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന പദ്ധതികൾ</u>

<u>കണ്ണൂർ ജില്ല</u>

1. കൺസർവേഷൻ ഓഫ് തലശ്ശേരി പിയർ & ഡെവലപ്മെന്റ് ഓഫ് ഫുഡ് സ്ട്രീറ്റ് & സ്കൾപ്ച്ചർ പാർക്ക് പൂർത്തീകരിച്ചു.

2. കൺസർവേഷൻ ഓഫ് ഓൾഡ് ഫയർടാങ്ക് & ഡെവലപ്മെന്റ് ഓഫ് പെർഫോമൻസ് സെന്റർ & ഹെറിറ്റേജ് സ്ട്രീറ്റ് അറ്റ് താഴെയങ്ങാടി - പൂർത്തീകരിച്ചു.

3. കൺസർവേഷൻ ഓഫ് റീ യൂസ് ഓഫ് ഗുണ്ടർട്ട് ബംഗ്ലാവ് ആസ് ലാംഗേജ് മ്യൂസിയം & ജർമ്മൻ സ്റ്റഡി - പൂർത്തീകരിച്ചു.

4. കൊട്ടിയൂർ ടെമ്പിൾ ടൂറിസം എക്സ്പീരിയൻസ് സ്ട്രീറ്റ് - പ്രവൃത്തി പൂർത്തീകരിച്ചു.

5. സെന്റ് ജോൺസ് ആംഗ്ലിക്കൻ ചർച്ച് സ്ട്രീറ്റ് ഡെവലപ്മെന്റ് - പ്രവൃത്തി പൂർത്തീകരിച്ചു.

6. താഴെ അങ്ങാടി സ്ട്രീറ്റ് ഡെവലപ്മെന്റ് -പ്രവൃത്തി പൂർത്തീകരിച്ചു.

7. തൊടീക്കളം ടെമ്പിൾ-ഡെവലപ്മെന്റ് ഓഫ് മ്യൂസിയം -കെട്ടിടം പണി - പ്രവൃത്തി പൂർത്തീകരിച്ചു.

8. തലശ്ശേരി പൈതൃക പദ്ധതി - വേ ഫൈൻഡിംഗ് സൈനേജസ്- പ്രവൃത്തി ആരംഭിച്ചിട്ടില്ല. സൈനേജ് മാതൃകകൾ നിർമ്മാണ ഏജൻസി തയ്യാറാക്കിയിട്ടുണ്ട്.

9. ഗുണ്ടർട്ട് ബംഗ്ലോ - മ്യൂസിയം കമ്പോണന്റ്സ് - പ്രവൃത്തി

പൂർത്തീകരിച്ചു.

<u>വയനാട് ജില്ല</u>

വള്ളിയൂർക്കാവ് മാർക്കറ്റ് & എക്സിബിഷൻ സെന്റർ - പൂർത്തീകരിച്ചു.

മാവിലാംതോട് പഴശ്ശി സ്മൃതി മണ്ഡപം - പ്രവൃത്തി ആരംഭിച്ചിട്ടില്ല. ഈ പദ്ധതിക്ക് പുതുക്കിയ ഭരണാനുമതി ആവശ്യമുണ്ട്.

<u>കിഫ്ബി മുഖാന്തരം നടപ്പാക്കുന്ന പദ്ധതികൾ</u>

തലശ്ശേരി പൈതൃക പദ്ധതിക്കായി 145.541 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതി രണ്ട് ഘട്ടങ്ങളായാണ് നടപ്പിലാക്കുന്നത്. രണ്ട് ഘട്ടങ്ങൾക്കുമായി 78.162 കോടി രൂപ കിഫ്ബി അനുവദിച്ചു. ഈ പദ്ധതിയുടെ SPV M/s. Kerala Irrigation Infrastructure Development Corporation (KIIDC) ആണ്. ഈ പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ കിഫ്ബി 40.95 കോടി രൂപ അനുവദിച്ചു. പദ്ധതി ഘടകങ്ങൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**പുരോഗമിക്കുന്ന ഘടകങ്ങൾ -7 എണ്ണം**

ജഗന്നാഥ ക്ഷേത്രം -40% പൂർത്തീകരിച്ചു.

പിൻഡാലി കളരി ഹൗസ് -30% പൂർത്തീകരിച്ചു.

കൊട്ടിയൂർ ശിവ ക്ഷേത്രം - ടൂറിസ്റ്റ് അമിനിറ്റിസ് - പ്രവൃത്തി ആരംഭിച്ചു.

സ്ട്രീറ്റ് സ്കേപ്പ് -50% പൂർത്തീകരിച്ചു.

ഇല്ലിക്കുന്ന് ചർച്ച്- 30% പൂർത്തീകരിച്ചു.

ആണ്ടല്ലൂർ കാവ് -20% പൂർത്തീകരിച്ചു.

മക്രേരി സുബ്രഹ്മണ്യസ്വാമി ക്ഷേത്രം -10% പൂർത്തീകരിച്ചു.

ലോകനാർക്കാവ് ക്ഷേത്രം -5% പൂർത്തീകരിച്ചു.

<u>ടെണ്ടർ excess അനുമതി ആവശ്യമായ പ്രവൃത്തികൾ - 2 എണ്ണം</u>

മുനിസിപ്പൽ സ്റ്റേഡിയം (THP ഓഫീസ്)

കക്കുളങ്ങര മോസ്ക്

<u>റീ-ടെണ്ടർ ചെയ്യേണ്ടത് - 4 എണ്ണം</u>

ഓടത്തിൽ മോസ്ക് & പാരീസ് ഹോട്ടൽ സ്ട്രീറ്റ്

തൃശില്ലേരി മഹാദേവ ക്ഷേത്രം

തിരുവങ്ങാട് രാമസ്വാമി ക്ഷേത്രം

തിരുനെല്ലി മഹാവിഷ്ണു ക്ഷേത്രം

<u>ഉപേക്ഷിക്കേണ്ട ഘടകം- 1</u>

പഴശ്ശി പാലസ് (കോട്ടയം മലബാർ) ഉടമസ്ഥരിൽനിന്നും NOC ലഭിക്കാത്തത് കാരണം പദ്ധതി നടപ്പിലാക്കുവാൻ സാധ്യമല്ല. ഈ പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി കിഫ്ബി 37.212 കോടി രൂപ അനുവദിച്ചു. ഈ പദ്ധതിയിൽ 14 ഘടകങ്ങളാണുള്ളത്.

<u>പുരോഗമിക്കുന്ന ഘടകങ്ങൾ-3 എണ്ണം</u>

പുരളിമല ക്ഷേത്രം (മാലൂർ പുരളിമല ചിത്രപീഠം മുത്തപ്പൻ മഠപ്പുര) - പദ്ധതി ആരംഭിച്ചു.

പഴശ്ശിരാജ സ്മൃതി മണ്ഡപം - ആരംഭിച്ചു

വള്ളിയൂർക്കാവ് സ്ട്രീറ്റ്സ്കേപ് - 40% പൂർത്തീകരിച്ചു. വള്ളിയൂർക്കാവ് കൺവെൻഷൻ സെന്ററിന്റെ ഡ്രോയിംഗ് റിവിഷൻ ആവശ്യമുണ്ട്.

<u>സെലക്ഷൻ നോട്ടീസ് നൽകിയത് - 1 എണ്ണം</u>

ശ്രീ ചിറയ്ക്കകാവ് ഭഗവതി ക്ഷേത്രം

<u>റീ-ടെണ്ടർ ചെയ്യേണ്ടവ - 5 എണ്ണം</u>

കതിരൂർ സൂര്യനാരായണ ക്ഷേത്രം

ശ്രീ തച്ചോളിമാണിക്കോത്ത് ക്ഷേത്രം

വടകര താഴെ അങ്ങാടി

ശ്രീ പെരളശ്ശേരി ക്ഷേത്രം

പനമരം

NOC ആവശ്യമായത് - 2 എണ്ണം

പഴശ്ശി കോവിലകം (മട്ടന്നൂർ) - ഈ കോവിലകം അതിന്റെ ഇപ്പോഴത്തെ അവകാശികൾ പൊളിച്ചുമാറ്റിയതിനാൽ ഈ പദ്ധതിക്കായി അനുവദിച്ച 3,57,19,996/- രൂപ മട്ടന്നൂർ നഗരസഭയിലെ സ്മൃതി മണ്ഡപം പുനരുദ്ധാരണം നടത്തി, ആംഫീ തീയേറ്റർ ഉൾപ്പെടെയുള്ള സൗകര്യം ഒരുക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. ആയതിന് കിഫ്ബിയുടെ അംഗീകാരം ലഭിക്കേണ്ടതുണ്ട്.

അറയ്ക്കൽക്കെട്ട് - (NOC ലഭ്യമാകണം)

ഡ്രോയിംഗ് റിവിഷൻ ആവശ്യമായവ -3 എണ്ണം

ശ്രീ മൃദംഗ ശൈലേശ്വരി ക്ഷേത്രം

തുടിക്കലം ശിവക്ഷേത്രം

ശ്രീ ഊർപഴശ്ശിക്കാവ് ക്ഷേത്രം

(സി) ഗതകാല വാണിജ്യ പ്രതാപത്തിന്റെ കേന്ദ്രങ്ങളായിരുന്ന മുസിരിസ്, ആലപ്പുഴ എന്നിവിടങ്ങളിലെ പൈതൃക വിനോദസഞ്ചാര വികസന പരിപാടിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു+.

## റവന്യൂ വകുപ്പിന്റെ ആധുനികവൽക്കരണം

8 (*398) ശ്രീ. വി. ശശി:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങളുമായി ഏറ്റവും കൂടുതൽ സമ്പർക്കം പുലർത്തുന്ന വകുപ്പെന്ന നിലയിൽ റവന്യൂ വകുപ്പിന് ലഭിക്കുന്ന അപേക്ഷകളും പരാതികളും സമയബന്ധിതമായി തീർപ്പാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റവന്യൂ വകുപ്പിന് ലഭിക്കുന്ന അപേക്ഷകളും പരാതികളും വിവിധ ഓൺലൈൻ സേവനങ്ങൾ മുഖേന സമയബന്ധിതമായി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തീർപ്പാക്കിവരുന്നു.

(ബി) വിവിധ ഓഫീസുകളിൽ പല കാരണങ്ങളാൽ തീർപ്പാക്കാതെ കിടക്കുന്ന ഫയലുകൾ അടിയന്തരമായി തീർപ്പ് കല്പിക്കുവാൻവേണ്ടി ആരംഭിച്ച ഫയൽ അദാലത്ത് പരിപാടിയുടെ പുരോഗതി വിശദമാക്കുമോ?

കോവിഡ് സാഹചര്യം സർക്കാർ ഓഫീസുകളുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ടെന്ന വീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ 2022 ജൂൺ 15 മുതൽ 2022 സെപ്തംബർ 30 വരെ നീണ്ടുനിൽക്കുന്ന ഫയൽ അദാലത്ത് യജ്ഞം സംഘടിപ്പിക്കാൻ തീരുമാനിച്ചുകൊണ്ട് 04-06-2022-ലെ സ.ഉ.(കൈ)നം.11/2022/പി&ആർ.ഡി. പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ആയതുപ്രകാരം റവന്യൂ വകുപ്പിൽ 7 തലങ്ങളിലായി ജൂലൈ 1-ന് വില്ലേജ് ഓഫീസുകളിൽ തുടങ്ങി സെപ്തംബർ 30-ന് സെക്രട്ടേറിയറ്റിൽ അവസാനിക്കുന്ന തരത്തിലാണ് ഫയൽ അദാലത്ത് സംഘടിപ്പിക്കുന്നത്. കുടിശ്ശിക ഫയലുകളുടെ വിവരശേഖരണാർത്ഥം നിശ്ചിത പ്രൊഫോർമ പ്രകാരം ഗൂഗിൾ ഷീറ്റ് തയ്യാറാക്കി അതത് റവന്യൂ കാര്യാലയങ്ങളിലെ ഫയലുകളുടെ കാലയളവ് തിരിച്ച് തരംതിരിവിൽ എൻട്രി നടത്തിയിട്ടുണ്ട്. വിവര സമാഹരണത്തോടൊപ്പംതന്നെ അതത് കാര്യാലയങ്ങളിൽ ഫയൽ

തീർപ്പാക്കൽ യജ്ഞവും യുദ്ധകാലാടിസ്ഥാനത്തിൽ ആരംഭിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ ലാൻഡ് ട്രൈബ്യൂണലുകൾ ഉൾപ്പെടെയുള്ള ഓഫീസുകളിൽ ദീർഘകാലമായി തീർപ്പാകാതെ കിടക്കുന്ന കേസുകൾ അടിയന്തരമായി തീർപ്പാക്കുന്നതിന് പ്രത്യേക അദാലത്തുകൾ നടത്തേണ്ട സാഹചര്യം പരിശോധനാവിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്തെ ലാൻഡ് ട്രൈബ്യൂണലുകളിൽ തീർപ്പാക്കാൻ ശേഷിക്കുന്ന കേസുകൾ സമയബന്ധിതമായി തീർപ്പാക്കാനുള്ള നിരവധി കർമ്മപദ്ധതികൾ സർക്കാർ നടപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് അപേക്ഷകൾ കൂടുതലുള്ള തൃശ്ശൂർ, കോഴിക്കോട്, പാലക്കാട്, കണ്ണൂർ ജില്ലകളിലെ ലാൻഡ് ട്രൈബ്യൂണൽ ജീവനക്കാർക്ക് ഫയൽ തീർപ്പാക്കൽ സംബന്ധിച്ച് പരിശീലനം നൽകിയിട്ടുള്ളതാണ്. സർക്കാരിന്റെ ഒന്നാം നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി 13514 പട്ടയങ്ങളും വിതരണം ചെയ്തു. രണ്ടാം നൂറ് ദിന കർമ്മപരിപാടിയുടെ ഭാഗമായി 39586 ലാൻഡ് ട്രൈബ്യൂണൽ കേസുകൾ തീർപ്പാക്കുകയും 41021 പട്ടയങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. കൂടാതെ പട്ടയ വിതരണം ത്വരിതപ്പെടുത്തുന്നതിനായി ഇ-പട്ടയം എന്ന ആശയം നടപ്പിലാക്കുകയും ചെയ്തു. ഒന്നാം നൂറുദിന കർമ്മ പദ്ധതിയിലും രണ്ടാം നൂറുദിന കർമ്മപദ്ധതിയിലും സ്വീകരിച്ച മിഷൻ

മോഡിലുള്ള അദാലത്തുകൾ ഇനിയും തുടരുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. തുടർന്നും ഇതേ മാതൃകയിൽ മിഷൻ മോഡ് പദ്ധതികൾ ആരംഭിച്ച് ലാൻഡ് ട്രൈബ്യൂണലുകളുടെ പ്രവർത്തനം ലക്ഷ്യപ്രാപ്തിയിലെത്തിക്കുവാൻ സാധിക്കുന്നതാണ്.

(ഡി) വകുപ്പിലെ ഫയലുകളും അപേക്ഷകളും യഥാസമയം തീർപ്പാക്കുന്നതിന് റവന്യൂ സെക്രട്ടേറിയറ്റിന്റെ പ്രവർത്തനം സഹായകരമായിട്ടുണ്ടോ; വ്യക്തമാക്കുമോ?

റവന്യൂ വകുപ്പിന്റെ പ്രവർത്തന ശൈലിയിൽ അടിമുടി മാറ്റം വരുത്തുവാൻ ശ്രമിക്കുന്നതിനാണ് റവന്യൂ സെക്രട്ടേറിയറ്റ് എന്ന സംവിധാനത്തിന് രൂപം കൊടുത്തിട്ടുള്ളത്. റവന്യൂ വകുപ്പിലെ ഫയലുകളും അപേക്ഷകളും യഥാസമയം തീർപ്പാക്കുന്നതിന് റവന്യൂ സെക്രട്ടേറിയറ്റിന്റെ പ്രവർത്തനം വളരെയേറെ സഹായകമായിട്ടുണ്ട്. അടിയന്തര സാഹചര്യങ്ങളൊഴികെയുള്ള എല്ലാ ബുധനാഴ്ചകളിലും റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ലാൻഡ് റവന്യൂ കമ്മീഷണർ, ഡിസാസ്റ്റർ മാനേജ്മെന്റ് കമ്മീഷണർ, കെസ്റ്റിക് ഡയറക്ടർ, ഐ.എൽ.ഡി.എം. ഡയറക്ടർ, സർവ്വെ ഡയറക്ടർ, ഹൗസിംഗ് കമ്മീഷണർ, ലാൻഡ് ബോർഡ് സെക്രട്ടറി എന്നീ 9

പേർ റവന്യൂ സെക്രട്ടേറിയറ്റ് യോഗം ചേരുകയും വകുപ്പിനെ സംബന്ധിച്ച വിഷയങ്ങൾ അപഗ്രഥനാ വിധേയമാക്കുകയും ചെയ്തുവരുന്നു. അതുവഴി അടിയന്തര പരിഹാരം വേണ്ടവയിൽ ഉചിത നടപടികൾ സ്വീകരിക്കുന്നതിന് വേണ്ട നിർദ്ദേശം അതത് കാര്യാലയ മേധാവികൾക്ക് സമയബന്ധിതമായി നൽകാനും കഴിയുന്നു. ഇതിനകംതന്നെ ക്രിയാത്മക നടപടികളിൽ റവന്യൂ വകുപ്പ് ബഹുദൂരം മുന്നിലെത്തി കഴിഞ്ഞിട്ടുണ്ട്. കോവിഡാനന്തരം 04-08-2021-ലെ റവന്യൂ സെക്രട്ടേറിയറ്റിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2021 സെപ്റ്റംബർ മാസത്തിൽ സെക്രട്ടേറിയറ്റ് തലത്തിലും ഒക്ടോബർ 1 മുതൽ 10 വരെ കമ്മീഷണറേറ്റ് തലത്തിലും 11 മുതൽ 31 വരെ ജില്ലാതലത്തിലും നവംബർ മാസത്തിൽ താലൂക്ക് തലത്തിലും ഡിസംബർ മാസത്തിൽ വില്ലേജ് തലത്തിലും ഫയൽ അദാലത്ത് നടത്തുവാൻ സാധിച്ചു. റവന്യൂ വകുപ്പിൽ വർഷങ്ങളായി തീർപ്പാക്കാൻ അവശേഷിക്കുന്നവയും അടിയന്തര പ്രാധാന്യമുള്ളവയുമായ ഫയലുകൾ നിശ്ചിത കാലയളവിനുള്ളിൽ തീർപ്പാക്കുകയെന്ന ലക്ഷ്യത്തോടെയാണ് ടി അദാലത്ത് സംഘടിപ്പിച്ചത്. 31-08-2021 വരെയുള്ള കുടിശ്ശിക ഫയലുകളാണ് അദാലത്തിന് പരിഗണിച്ചിരുന്നത്. ടി തീയതി വരെ ഉണ്ടായിരുന്ന 14,96,830 ഫയലുകളിൽ 2,62,182 ഫയലുകൾ അദാലത്ത്

മുഖേന തീർപ്പാക്കുവാൻ സാധിച്ചിട്ടുണ്ട്. ഇതിനകം 43 റവന്യൂ സെക്രട്ടേറിയറ്റുകൾ ചേർന്നിട്ടുണ്ട്.

(ഇ) റവന്യൂ വകുപ്പിന്റെ ആധുനികവല്കരണത്തോടെ ഫയലുകളിന്മേൽ സുതാര്യവും നീതിപൂർവ്വകവുമായ തീരുമാനങ്ങൾ വേഗത്തിൽ കൈക്കൊള്ളുന്നതിന് കഴിയുന്നുണ്ടോ; വ്യക്തമാക്കുമോ?

റവന്യൂ വകുപ്പിന്റെ ആധുനികവൽക്കരണത്തോടെ ഫയലുകളിന്മേൽ സുതാര്യവും നീതിപൂർവ്വകവുമായ തീരുമാനങ്ങൾ വേഗത്തിൽ കൈക്കൊള്ളുന്നതിനും വകുപ്പിനെ ശാക്തീകരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും കഴിയുന്നുണ്ട്. സംസ്ഥാനത്തെ മുഴുവൻ റവന്യൂ സംവിധാനങ്ങളും കമ്പ്യൂട്ടർവത്കരിക്കുന്നതിന്റെ ഭാഗമായി എല്ലാ റവന്യൂ ഓഫീസുകളിലും സുതാര്യവും നീതിപൂർവ്വകവുമായ ഫയൽ നീക്കത്തിനായി ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിവരികയാണ്. ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്, 14 ജില്ലാ കളക്ടറേറ്റ്, 27 ആർ.ഡി.ഒ. ഓഫീസുകൾ, 62 താലൂക്ക് ഓഫീസുകൾ, 309 വില്ലേജ് ഓഫീസുകൾ എന്നിവിടങ്ങളിൽ നടപ്പിലാക്കി കഴിഞ്ഞിട്ടുണ്ട്. നാല് ജില്ലകൾ ഇതിനോടകം പൂർണ്ണമായും ഇ-ജില്ലകളായി മാറിക്കഴിഞ്ഞു. നാല് ജില്ലകൾ ഇതിനോടകം പൂർണ്ണമായും ഇ-ജില്ലകളായി മാറിക്കഴിഞ്ഞു. കൂടാതെ 04-06-2022-ലെ

സ.ഉ(പി)നം.62/2022/ധന. പ്രകാരം റവന്യൂ വകുപ്പിലെ അടിസ്ഥാന ഓഫീസുകളായ വില്ലേജ് ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും ഇ-ഓഫീസ് നടപ്പിലാക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനായി എം.എൽ.എ.-മാരുടെ പ്രത്യേക വികസനനിധി വിനിയോഗിക്കുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

### ഭവന നിർമ്മാണ ബോർഡിന് കൂടുതൽ പദ്ധതികൾ

9 (*399) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭവന നിർമ്മാണ ബോർഡ് വഴി എത്ര പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ടെന്നും ബോർഡിന് എത്ര രൂപ ബഡ്ജറ്റ് വിഹിതമായി നൽകിയിട്ടുണ്ടെന്നും ഇതിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാണോ; എങ്കിൽ നൽകുമോ?

2021-22 ബഡ്ജറ്റിൽ സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് അനുവദിച്ച് നൽകിയ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1) കൊല്ലം ജില്ലയിലെ കരീപ്രയിൽ ദുർബ്ബല/താഴ്ന്ന വരുമാന വിഭാഗക്കാർക്കുള്ള ഭവന പദ്ധതി.

2) ഇടുക്കി ജില്ലയിലെ പീരുമേട്ടിൽ ദുർബ്ബല/താഴ്ന്ന വരുമാന വിഭാഗക്കാർക്കുള്ള ഭവന പദ്ധതി.

3) വർക്കിംഗ് വിമെൻസ് ഹോസ്റ്റൽ, റാന്നി, പത്തനംതിട്ട.

4) കണ്ണൂർ മെഡിക്കൽ കോളേജിൽ ആശ്വാസ് വാടക വീട് പദ്ധതി

സംസ്ഥാന ഭവനനിർമ്മാണ ബോർഡ് വഴി നടപ്പിലാക്കിയ പ്രോജക്റ്റുകളുടെയും ആയതിന് അനുവദിച്ച ബഡ്ജറ്റ് വിഹിതത്തിന്റെയും ആയത് ചെലവഴിച്ചതിന്റെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+ 2022-23 ബഡ്ജറ്റിൽ സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് അനുവദിച്ച് നൽകിയ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) തൃശ്ശൂർ ജില്ലയിൽ മുളങ്കുന്നത്തുകാവിൽ ദുർബ്ബല/താഴ്ന്ന വരുമാന വിഭാഗക്കാർക്ക് വേണ്ടിയിട്ടുള്ള ഭവന പദ്ധതിക്ക് 950 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി.

2) കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ ആശ്വാസ് വാടക വീട് പദ്ധതിക്ക് 800 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

3) പത്തനംതിട്ട ജില്ലയിൽ കോന്നി മെഡിക്കൽ കോളേജിൽ ആശ്വാസ് വാടക വീട് പദ്ധതിക്ക് 700 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി.

4) കണ്ണൂർ ജില്ലയിൽ മട്ടന്നൂരിൽ വർക്കിംഗ് വിമെൻസ് ഹോസ്റ്റൽ പദ്ധതിക്ക് 563 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി.

(ബി) ജീവനക്കാരുടെയും പെൻഷൻകാരുടെയും ആനുകൂല്യങ്ങൾ പോലും ഭവന നിർമ്മാണ ബോർഡിന് വിതരണം ചെയ്യാൻ കഴിയാത്ത സാഹചര്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോയെന്നും ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാന ഭവന നിർമ്മാണ ബോർഡ് വഴി ദുർബ്ബല വിഭാഗക്കാർക്കുവേണ്ടി നടപ്പിലാക്കിയ മൈത്രി ഭവന വായ്പാ പദ്ധതി സർക്കാർ എഴുതിത്തള്ളിയ വകയിലും മൈത്രി ഭവന വായ്പാ പലിശ സബ്സിഡിയായി അനുവദിച്ച വകയിൽ സർക്കാർ ബോർഡിന് 283.16 കോടി രൂപ അനുവദിക്കേണ്ടതാണെന്ന് ഭവനനിർമ്മാണ ബോർഡ് നിയോഗിച്ച ചാർട്ടേർഡ് അക്കൗണ്ടന്റ് കണ്ടെത്തുകയുണ്ടായി. ഇതേത്തുടർന്ന് 40 കോടി രൂപ ഇതിനകം സർക്കാർ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ നിലവിലെ സാമ്പത്തിക പ്രതിസന്ധി തരണംചെയ്യുന്നതിന് പുതിയ പദ്ധതികൾ നടപ്പിലാക്കി വരികയാണ്. ഇതനുസരിച്ച് തനത് നിർമ്മാണ പദ്ധതികൾക്കായി 41 കോടി രൂപ വേണ്ടിവരും. പുതിയ വായ്പാ പദ്ധതികൂടി നടപ്പിലാക്കിയാൽ മാത്രമേ ഭവന നിർമ്മാണ ബോർഡിന് സാമ്പത്തിക പ്രതിസന്ധിയിൽനിന്നും കരകയറാൻ സാധിക്കുകയുള്ളൂവെന്നത് പരിഗണിച്ച് സർക്കാർ ജീവനക്കാർക്കുവേണ്ടിയുള്ള ഒരു പുതിയ വായ്പാ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ ഭവന നിർമ്മാണ ബോർഡിന് സർക്കാരിലെ വിവിധ വകുപ്പുകൾ വാടകയിനത്തിൽ നൽകാനുള്ള കുടിശ്ശിക തുക ബോർഡിലേയ്ക്ക് അടപ്പിക്കാനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പാക്കിയ ഭവന പദ്ധതികളുമായി ബന്ധപ്പെട്ട് ദുർബ്ബല വിഭാഗക്കാരുടെ കുടിശ്ശിക സർക്കാർ എഴുതിത്തള്ളിയ വകയിൽ ഭവന നിർമ്മാണ ബോർഡിന് നൽകേണ്ട തുക അനുവദിക്കുന്ന വിഷയം സംബന്ധിച്ച് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം കൂടുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(സി) കടുത്ത സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് ബോർഡിന് കൂടുതൽ പദ്ധതികൾ ഏൽപ്പിച്ച് നൽകുമോ; വിശദാംശം ലഭ്യമാക്കുമോ?

ഓരോ സാമ്പത്തിക വർഷവും സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതി പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് ആയവ സംസ്ഥാന ആസൂത്രണ ബോർഡിന്റെ അംഗീകാരത്തോടെ അതത് വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനങ്ങളിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

## റീസർവ്വേ

10 (*400) ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ റീസർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ട്?

സംസ്ഥാനത്തെ ഒരു ജില്ലയിലും റീസർവ്വേ ജോലികൾ പൂർണ്ണമായും പൂർത്തിയാക്കിയിട്ടില്ല. സംസ്ഥാനത്താകെയുള്ള 1666 വില്ലേജുകളിൽ 918 വില്ലേജുകളുടെ റീസർവ്വേ ജോലികൾ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. നിലവിൽ ഡിജിറ്റലായി സർവ്വേ പൂർത്തിയായിട്ടുള്ളതും പുരോഗതിയിലുള്ളതുമായ 116 വില്ലേജുകളൊഴികെ

ശേഷിക്കുന്ന 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വേ നാലുവർഷത്തിനകം പൂർത്തിയാക്കുന്നതിനായി 807.98 കോടി രൂപയുടെ പദ്ധതിക്ക് 18-01-2021-ലെ സ.ഉ(കൈ) 24/2021/പ്ലാനിംഗ് പ്രകാരം തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുള്ളതും 27-08-2021-ലെ സ.ഉ.(സാധാ) 364/2021/പി.&ഇ.എ. പ്രകാരം റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി 339.438 കോടി രൂപ ആദ്യഘട്ടത്തിനായി അനുവദിച്ച് ഉത്തരവായിട്ടുള്ളതുമാണ്. തുടർന്ന് ടി ഭരണാനുമതി പുതുക്കി നിശ്ചയിച്ചുകൊണ്ട് ഒന്നാംഘട്ട ഡിജിറ്റൽ റീസർവ്വേ പ്രവർത്തനങ്ങൾക്കായി 438.46 കോടി രൂപയ്ക്ക് 02-07-2022-ലെ സ.ഉ (കൈ) നം. 15/2022/പി.&ഇ.എ. പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയുണ്ടായി.

(ബി) റീസർവ്വേ നടപടികൾ പൂർത്തിയായ വില്ലേജുകളിലെ അപാകതകൾ സംബന്ധിച്ച പരാതികളെല്ലാം പരിഹരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ?

റീസർവ്വെ നടപടികൾ പൂർത്തിയായ വില്ലേജുകളിലെ അപാകതകൾ സംബന്ധിച്ച പരാതികൾ പൂർണ്ണമായും പരിഹരിച്ചിട്ടില്ല. സർവ്വെ പരാതികൾ ആവർത്തന സ്വഭാവമുള്ളതിനാലും റീസർവ്വെയ്ക്കുശേഷം ഓരോ വില്ലേജിലും റീസർവ്വെ അപാകത സംബന്ധിച്ച് ആയിരക്കണക്കിന് പരാതികൾ

ലഭിക്കുന്നതിനാലും ആയത് പരിഹരിക്കുന്നതിന് കാലതാമസം നേരിടുന്നു. കൂടാതെ പ്രസ്തുത പരാതികൾ പരിശോധിക്കേണ്ട സർവ്വെയർമാരെ സർക്കാരിന്റെ വിവിധ വികസന പദ്ധതികളുമായി ബന്ധപ്പെട്ട സർവ്വെ ജോലികൾക്കും മറ്റ് സ്പെഷ്യൽ സർവ്വെ ജോലികൾക്കും നിയോഗിക്കുന്നതിനാലും ഇതിൽ കാലതാമസമുണ്ടാകുന്നു. എന്നിരുന്നാലും റീസർവ്വെ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയ വില്ലേജുകളിലെ ഭൂമി സംബന്ധമായ പരാതികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് വിവിധ ഉദ്യോഗസ്ഥതല പ്രവർത്തനങ്ങൾ ഭേദഗതികൾ ചെയ്ത് നടപടികൾ ഏകീകരിച്ച് 26-08-2017-ലെ സ.ഉ. (എം.എസ്)നം.303/17/റവന്യൂ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം റീസർവ്വെ പരാതികൾ പരിഹരിക്കാൻ അതത് താലൂക്കിലെ ഭൂരേഖ തഹസീൽദാർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അപ്പീൽ അധികാരിയായി റവന്യൂ ഡിവിഷണൽ ഓഫീസർമാരെയും റിവിഷൻ അധികാരിയായി ജില്ലാ കളക്ടറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ റീസർവ്വെ അദാലത്തുകൾ നടത്തി ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിച്ചുവരുന്നു. പരാതികൾ തരംതിരിച്ച് സമയബന്ധിതമായി പൂർത്തീകരിക്കാൻ ഒരു സ്പെഷ്യൽ ഡ്രൈവ് നിലവിൽ ആരംഭിച്ചിട്ടുണ്ട്.

ഡിജിറ്റൽ റീസർവ്വെ നടപടികൾ പൂർത്തിയാകുന്നതോടെ പ്രശ്നപരിഹാരം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) റീസർവ്വേ സംബന്ധിച്ച അറിയിപ്പ് ലഭിക്കാത്തതുകൊണ്ട് രേഖകൾ ഹാജരാക്കുവാൻ കഴിയാതിരുന്ന ഭൂവുടമകളുടെ പരാതികൾ പരിഹരിക്കുന്നതിനുള്ള നടപടിക്രമം വിശദമാക്കുമോ?

ഒരു വില്ലേജിന്റെ റീസർവ്വെ പ്രവർത്തനം ആരംഭിക്കുന്നതിന് മുന്നോടിയായി സർവ്വെ ചെയ്യാനുള്ള ഭൂമിയുടെ അതിർത്തി ചൂണ്ടിക്കാട്ടുന്നതിനും അതുസംബന്ധമായ വിവരങ്ങൾ നൽകുന്നതിനുമായി നേരിട്ടോ/ഏജന്റ് മുഖേനയോ ഹാജരാകുന്നതിന് ക്ഷണിച്ചുകൊണ്ട് ഒരു പരസ്യം കേരള സർവ്വെ അതിരടയാള നിയമം സെക്ഷൻ 6(1) പ്രകാരം സർവ്വെ ഓഫീസർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. വിവിധ ഘട്ടങ്ങളിലായുള്ള സർവ്വെ നടപടികൾ പൂർത്തീകരിച്ച് റിക്കാർഡുകൾ തയ്യാറാക്കിയശേഷം സർവ്വെ അതിരടയാള നിയമം സെക്ഷൻ 9(2) പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിക്കുകയും, തുടർന്ന് ഭൂഉടമസ്ഥർക്ക് റിക്കാർഡ് പരിശോധിക്കുന്നതിനും പരാതിയുണ്ടെങ്കിൽ സമർപ്പിക്കുന്നതിനുമായി 30 ദിവസത്തെ സമയം അനുവദിക്കുകയും ചെയ്യുന്നു. പ്രസ്തുത 9(2) വിജ്ഞാപന നോട്ടീസ് ഗസറ്റിൽ അല്ലെങ്കിൽ രണ്ട്

ദിനപത്രത്തിലോ ഭൂമി സ്ഥിതിചെയ്യുന്ന ബന്ധപ്പെട്ട വില്ലേജാഫീസിലും താലൂക്കാഫീസിലും പഞ്ചായത്ത്/മുനിസിപ്പൽ/കോർപ്പറേഷൻ ആഫീസുകളിലും പ്രസിദ്ധപ്പെടുത്തുന്നതാണ്. ടി കാലയളവിനുള്ളിൽ ലഭ്യമാക്കുന്ന എല്ലാ പരാതികളും തീർപ്പാക്കിയശേഷമാണ് ബന്ധപ്പെട്ട ജില്ലാ കളക്ടറുടെ അനുമതിയോടെ സെക്ഷൻ 13 വിജ്ഞാപനം പ്രസിദ്ധപ്പെടുത്തി റീസർവ്വെ റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറുന്നത്. റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയശേഷവും ഭൂപരാതികളുള്ളപക്ഷം ഭൂവുടമകൾക്ക് കാലയളവുകളൊന്നും പരിഗണിക്കാതെതന്നെ ഏതവസരത്തിലും അതത് താലൂക്കുകളിലെ ഭൂരേഖാ തഹസിൽദാർക്ക് അപേക്ഷ നൽകി പരാതികൾ പരിഹരിക്കാവുന്നതാണ്.

## മാരിടൈം ബോർഡിന്റെ പ്രവർത്തനങ്ങൾ

11 (*401) ശ്രീ. എം. നൗഷാദ്:
ശ്രീ. വി. ജോയി:
ശ്രീ. പി. നന്ദകുമാർ:
ശ്രീ എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നോൺ മേജർ പോർട്ടുകൾ വികസിപ്പിച്ച്

പര്യാപ്തമായ സൗകര്യങ്ങൾ ഏർപ്പെടുത്തി സമുദ്ര വ്യാപാരം വിപുലപ്പെടുത്തുന്നതിൽ സംസ്ഥാന മാരിടൈം ബോർഡ് നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട നോൺ മേജർ പോർട്ടുകൾ വികസിപ്പിച്ച് സമുദ്രവ്യാപാരം മെച്ചപ്പെടുത്തുവാനാണ് ശ്രമിക്കുന്നത്. ഇതിന്റെ ഭാഗമായി കേരള മാരിടൈം ബോർഡ് പ്രധാന നോൺ മേജർ തുറമുഖങ്ങളിൽ നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. വിഴിഞ്ഞം

വിഴിഞ്ഞം തുറമുഖത്ത് ISPS കോഡ് നടപ്പിൽവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. വലിയതുറ കടൽപ്പാലം റിപ്പയർ ചെയ്യുന്നതിന് ചെന്നൈ ഐ.ഐ.ടി.-യുടെ ഓഷ്യൻ എഞ്ചിനീയറിംഗ് വിഭാഗത്തെക്കൊണ്ട് പരിശോധിപ്പിച്ച് പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

2. കൊല്ലം

നിലവിലുള്ള 178 മീ., 101 മീ. നീളമുള്ള വാർഫുകൾ യോജിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തുറമുഖത്ത് ISPS

കോഡ് നടപ്പിലാക്കുന്നതിനുള്ള നടപടി അവസാനഘട്ടത്തിലാണ്. കൊല്ലം തുറമുഖത്തെ ഇമിഗ്രേഷൻ ചെക്ക് പോസ്റ്റായി പ്രഖ്യാപിക്കുന്നതിനുള്ള നടപടിക്രമങ്ങളും പൂർത്തീകരിച്ചുവരുന്നു. തുറമുഖത്തിന്റെ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തുറമുഖത്തുള്ള ഭൂമിയിൽ container stack yard, container freight station, fish processing unit എന്നീ പദ്ധതികൾ പരിഗണനയിലാണ്.

3. <u>ബേപ്പൂർ</u>

ബേപ്പൂർ തുറമുഖത്തെ റോഡ് കണക്ടിവിറ്റി വിപുലീകരിക്കുന്നതിനും റെയിൽബന്ധം സ്ഥാപിക്കുന്നതിനും പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. തുറമുഖത്തിന്റെ ആഴം 6 മീറ്റർ ആയി വർദ്ധിപ്പിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി, ആയത് പരിശോധിച്ചുവരുന്നു. പുതിയതായി ഏറ്റെടുത്ത കോവിലകം ഭൂമിയിൽ കണ്ടെയ്നർ സ്റ്റാക്കിംഗ് യാർഡ്, ഗോഡൗൺ എന്നിവ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തുറമുഖ വികസനത്തിന്റെ ഭാഗമായി EDI സംവിധാനം, ഇമിഗ്രേഷൻ ചെക്ക് പോസ്റ്റ്, ISPS കോഡ് എന്നിവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. <u>തലശ്ശേരി</u>

തലശ്ശേരി കടൽപ്പാലത്തെ പൈതൃകമായി നിലനിർത്തുന്നതിനായി ചെന്നൈ ഐ.ഐ.ടി.-യുടെ ഓഷ്യൻ എഞ്ചിനീയറിംഗ് വിഭാഗത്തെക്കൊണ്ട് പരിശോധിപ്പിച്ച് റിപ്പോർട്ട് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

5. <u>അഴീക്കൽ</u>

അഴീക്കൽ തുറമുഖ വികസനത്തിന്റെ ഭാഗമായി EDI സംവിധാനം, ഇമിഗ്രേഷൻ ചെക്ക് പോസ്റ്റ്, ISPS കോഡ്, കപ്പലുകൾക്ക് ശുദ്ധജല വിതരണത്തിനായി പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ എന്നിവ സ്വീകരിച്ചുവരുന്നു. അഴീക്കൽ തുറമുഖത്ത് പൊന്നാനി മാതൃകയിൽ ഒരു ഡ്രഡ്ജ്ഡ് മെറ്റീരിയൽ പ്രോസസ്സിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

6. <u>കൊടുങ്ങല്ലൂർ</u>

10 കോടി രൂപ ചെലവിൽ ഡ്രഡ്ജിംഗ്, ലാൻഡ് റിക്ലമേഷൻ നടപടികൾ പൂർത്തിയാക്കി.

(ബി) തുറമുഖ വ്യവസായ രംഗത്തെ നിക്ഷേപ സാധ്യതകൾ സംരംഭകർക്ക് മുന്നിൽ അവതരിപ്പിക്കാനായി ഓൺലൈൻ നിക്ഷേപക

സംഗമം നടത്തിയിരുന്നോ;

(സി) താല്പര്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾ പ്രവൃത്തിപഥത്തിൽ എത്തിക്കാൻ മാരിടൈം ബോർഡ് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

(ബി&സി) സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളിലെ നിക്ഷേപ സാധ്യതകളെയും തുറമുഖത്ത് നടപ്പാക്കേണ്ട വികസന പദ്ധതികളെയും സംബന്ധിച്ച് അവബോധം ലഭിക്കുന്നതിനായി ഈ രംഗത്തെ നിക്ഷേപകരെയും വിദഗ്ധരെയും ഉൾപ്പെടുത്തി ഒരു ഓൺലൈൻ നിക്ഷേപക സംഗമം സംഘടിപ്പിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച പ്രോജക്ടുകൾ കേരള മാരിടൈം ബോർഡ് പരിശോധിച്ചുവരുന്നു.

(ഡി) അഴീക്കൽ ഗ്രീൻഫീൽഡ് ഫീഡർ പോർട്ട്, ബേപ്പൂർ, പൊന്നാനി തുടങ്ങിയ വാണിജ്യ പ്രാധാന്യമുള്ള തുറമുഖങ്ങളുടെ വികസന പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

അഴീക്കലിൽ നിലവിലുള്ള തെക്കേ പുലിമുട്ടിന് ചേർന്ന് കടലിൽ പുതിയ തുറമുഖം നിർമ്മിക്കുന്നതിനായി മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ് ലിമിറ്റഡ് എന്ന പേരിൽ (മുൻപ് അഴിക്കൽ പോർട്ട് ലിമിറ്റഡ്)

പ്രത്യേക കമ്പനി രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ DPR-മായി ബന്ധപ്പെട്ട് സാങ്കേതിക ഉപദേഷ്ടാവായ Howe Engineering Projects (I) Pvt. Ltd. സമർപ്പിച്ച ഡിസൈൻ സാങ്കേതികമായി അവലോകനം ചെയ്ത് ഉപദേശം സമർപ്പിക്കുന്നതിനായി ചെന്നൈ ഐ.ഐ.ടി.-യെ സമീപിക്കുകയുണ്ടായി. അവർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സാങ്കേതിക ഉപദേഷ്ടാവ് തയ്യാറാക്കിവരുന്ന വിശദമായ പദ്ധതി റിപ്പോർട്ട് (DPR) അന്തിമഘട്ടത്തിലാണ്. പാരിസ്ഥിതിക പഠനത്തിനായി State Environmental Impact Assessment Authority (SEIAA) Terms of Reference അംഗീകരിച്ചിട്ടുണ്ട്. ടി പഠനം പുരോഗമിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ ഭാരത്മാല പരിയോജന പദ്ധതിയുടെ ഭാഗമായി NH-66 പോർട്ടുമായി ബന്ധിപ്പിക്കുന്ന റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് PWD, NHAI എന്നിവരുമായി ചർച്ചകൾ നടത്തിവരുന്നു. അഴീക്കലിൽ തുറമുഖം വികസിപ്പിക്കുന്നതിനോടൊപ്പം തുറമുഖാധിഷ്ഠിത വ്യവസായ മേഖലയുടെയും പ്രത്യേക സാമ്പത്തിക മേഖലയുടെയും വികസനത്തിന് സാധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് കൺസൾട്ടന്റായി Tata Consulting Engineers Ltd. എന്ന കമ്പനിയെ നിയമിച്ചിട്ടുണ്ട്. കടലിൽ രൂപംകൊണ്ട 146.61 ഏക്കർ സ്ഥലം MIPS Ltd. കമ്പനിക്ക് പതിച്ച് നൽകുന്നതിനുള്ള

അപേക്ഷ കണ്ണൂർ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. പൊന്നാനി തുറമുഖ വികസനത്തിനായി മലബാർ പോർട്ട്സ് എന്ന കമ്പനി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും 200 മീറ്റർ നീളമുള്ള തടയണയല്ലാതെ കാര്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ മേൽ കമ്പനിയുമായി ഏർപ്പെട്ട എഗ്രിമെന്റ് റദ്ദ് ചെയ്യുന്നതിന് നോട്ടീസ് നൽകിയിരിക്കുകയാണ്. ബേപ്പൂർ തുറമുഖത്ത് നിലവിലുള്ള വാർഫുകളുടെ ഉള്ളിലേയ്ക്കും കടൽ ഭാഗത്തേയ്ക്കും പുതിയ ബെർത്ത് നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ തുറമുഖത്തെ റോഡ് കണക്ടിവിറ്റി വിപുലീകരിക്കുന്നതിനും റെയിൽ ബന്ധം സ്ഥാപിക്കുന്നതിനും പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. തുറമുഖത്തെ ആഴം 6 മീറ്റർ ആയി വർദ്ധിപ്പിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് പരിശോധിച്ചുവരികയാണ്. പുതിയതായി ഏറ്റെടുത്ത കോവിലകം ഭൂമിയിൽ കണ്ടെയ്നർ സ്റ്റാക്കിംഗ് യാർഡ്, ഗോഡൗൺ എന്നിവ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തുറമുഖ വികസനത്തിന്റെ ഭാഗമായി EDI സംവിധാനം, ഇമിഗ്രേഷൻ ചെക്ക് പോസ്റ്റ്, ISPS കോഡ് എന്നിവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ദുരന്ത നിവാരണത്തിന് കർമ്മ പദ്ധതികൾ

12 (*402) ശ്രീ. പി. എസ്. സുപാൽ:

ശ്രീ. വി. ശശി:

ശ്രീ. മുഹമ്മദ് മുഹസിൻ:

ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ തുടരെയുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ ദുരന്ത നിവാരണത്തിനും അതിജീവനത്തിനുമായി കർമ്മ പദ്ധതികൾ ആവിഷ്കരിക്കേണ്ടതിന്റ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ വിവിധ കർമ്മപദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കി വരികയും ചെയ്യുന്നുണ്ട്. ദുരന്ത നിവാരണം എന്നത് ദുരന്ത പ്രതികരണം മാത്രമല്ല, ദീർഘവീക്ഷണത്തോടെ ദുരന്ത സാഹചര്യങ്ങളെ വിലയിരുത്തുകയും ദുരന്തസാധ്യത പരിഗണിച്ചുകൊണ്ടുള്ള വികസന പരിപ്രേക്ഷ്യം മുന്നോട്ടുവയ്ക്കുകയും ചെയ്യുക എന്നതാണ് ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രധാന ലക്ഷ്യം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ

ദുരന്ത നിവാരണ പ്ലാൻ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച് അവബോധവും അതിനനുസരിച്ച് പദ്ധതികൾ ആസൂത്രണം ചെയ്യാനുള്ള പരിശീലനങ്ങൾ, തദ്ദേശതല കാലാവസ്ഥാ വ്യതിയാന വിവരം ലഭ്യമാക്കൽ പദ്ധതി എന്നിവയെല്ലാം ദീർഘവീക്ഷണത്തോടെയുള്ളതാണ്. ഭിന്നശേഷിക്കാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള കേരളത്തിന്റെ ദുരന്ത ലഘൂകരണ പദ്ധതി, ദുരന്തസാധ്യതാ മേഖലകളിൽനിന്ന് കുടുംബം ഒന്നിന് 10 ലക്ഷം രൂപ നൽകി ജനങ്ങളെ സുരക്ഷിത മേഖലകളിലേയ്ക്ക് മാറ്റാനുള്ള പദ്ധതി, ദുരന്തസാഹചര്യങ്ങളിൽ ഓരോ വിഭാഗത്തിന്റെയും ഉത്തരവാദിത്തം വിവരിക്കുന്ന ഓറഞ്ച് ബുക്കിന്റെ രൂപീകരണം എന്നിവ ഈ പ്രവർത്തനങ്ങളിൽ ചിലതാണ്. ദുരന്ത നിവാരണം തദ്ദേശതലത്തിൽ എത്തിക്കുന്നതിന് ആരംഭിച്ച 'നമ്മൾ നമുക്കായി' എന്ന പ്രവർത്തനം കൂടുതൽ സാങ്കേതിക മികവോടുകൂടി കിലയും ദുരന്ത നിവാരണ അതോറിറ്റിയും ചേർന്ന് മുന്നോട്ടുകൊണ്ടുപോകുന്നു. വികേന്ദ്രീകൃത ദുരന്ത ലഘൂകരണ ഭരണ-മേൽനോട്ട സംവിധാനത്തിന്റെ ഭാഗമായി 'നമ്മൾ നമുക്കായി' എന്ന വിപുലമായ പദ്ധതിയിലൂടെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ദുരന്ത സാഹചര്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുകയും അവ

ഉപയോഗപ്പെടുത്തി ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കുകയും തദ്ദേശദുരന്ത ലഘൂകരണ മേൽനോട്ട കമ്മിറ്റികൾ രൂപീകരിക്കുകയും തദ്ദേശ സ്ഥാപനങ്ങളിലെ സന്നദ്ധ പ്രവർത്തകരെ ഏകോപിപ്പിച്ച് എമർജൻസി റെസ്പോൺസ് ടീമുകളെ സജ്ജീകരിക്കുകയും ചെയ്തു. കൂടാതെ ദീർഘകാലാടിസ്ഥാനത്തിൽ കൂടുതൽ സൂക്ഷ്മമായ കാലാവസ്ഥാ വ്യതിയാന അവലോകനം നടത്തി. അവയോടനുബന്ധിച്ച് ദുരന്ത സാധ്യതകൾ സൂക്ഷ്മതലത്തിൽ കണ്ടെത്തി തദ്ദേശതലത്തിൽ ലഭ്യമാക്കുന്നതിന് ഡച്ച് സർക്കാരുമായി സഹകരിച്ച് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും കിലയും സഹകരണം ആരംഭിച്ചിട്ടുണ്ട്. ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ, കേരള സർവ്വകലാശാല എന്നിവരുമായി സഹകരിച്ച് ഉരുൾപൊട്ടൽ മുന്നറിയിപ്പ് സാങ്കേതികവിദ്യ തയ്യാറാക്കുന്ന പ്രവർത്തനം ആരംഭിച്ചു. സംസ്ഥാന സവിശേഷ ദുരന്തമായ ഇടിമിന്നൽ സംബന്ധിച്ച സമഗ്ര വിവരങ്ങൾ ഉൾപ്പെടുത്തി ഇടിമിന്നൽ ആക്ഷൻ പ്ലാൻ പ്രസിദ്ധീകരിച്ച് വിവിധ വകുപ്പുകൾക്കും തദ്ദേശ സ്ഥാപനങ്ങൾക്കും ആവശ്യമായ അവബോധ പ്രവർത്തനം നടത്തി. സംസ്ഥാനത്തെ എല്ലാ കോവിഡ് ആശുപത്രികളിലും (സർക്കാർ, സ്വകാര്യ) ദ്രുതസുരക്ഷാ ഓഡിറ്റ് (ആർ.എസ്.എ.) ആവശ്യമാണെന്നത് പരിഗണിച്ച് കേരളത്തിലെ എല്ലാ

ആശുപത്രികളിലെയും കോവിഡ്-19 പ്രത്യേക സൗകര്യങ്ങളുടെ ദ്രുതസുരക്ഷാ ഓഡിറ്റ് നടത്തുവാനുള്ള മാർഗ്ഗരേഖ തയ്യാറാക്കി, ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളുടെ നേതൃത്വത്തിൽ ഓഡിറ്റ് നടത്തി. ആശുപത്രികളിലെ ഓക്സിജൻ ചോർച്ച തടയുന്നതിനുള്ള സുരക്ഷാ പ്രോട്ടോക്കോളുകളുടെ സമാഹാരം തയ്യാറാക്കി പ്രസിദ്ധീകരിക്കുകയും ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളുടെ നേതൃത്വത്തിൽ എല്ലാ ആശുപത്രികളിലും ഇവ പാലിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. കേരളത്തിൽ 13 താല്കാലിക പുനരധിവാസ കേന്ദ്രങ്ങൾ സ്ഥാപിച്ച്, താഴെത്തട്ടിൽ മുന്നറിയിപ്പ് സംവിധാനം സ്ഥാപിക്കുന്നതിന്റെ ഭാഗമായി ആദ്യ സയറൺ, സ്ട്രോബ്ബ ലൈറ്റ് എന്നിവ മാരാരിക്കുളം താല്കാലിക പുനരധിവാസ കേന്ദ്രത്തിൽ സ്ഥാപിച്ചു. പ്രാദേശികതലങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നുള്ള ദുരന്തനിവാരണ പ്ലാനുകൾ, ഇൻസിഡന്റ് റെസ്പോൺസ് ട്രെയിനിംഗുകൾ മുതലായവ നടപ്പിലാക്കിവരുന്നു.

(ബി) പ്രകൃതിക്ഷോഭങ്ങൾ ഉൾപ്പെടെയുള്ള ദുരന്തങ്ങളെ കാര്യക്ഷമമായി പ്രതിരോധിക്കുന്നതിനുള്ള ശേഷിയും അവബോധവും ജനങ്ങളിൽ സൃഷ്ടിക്കുന്നതിന് സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ദുരന്ത പ്രതിരോധശേഷിയും അവബോധവും കാലികമായി മെച്ചപ്പെട്ടിട്ടുണ്ട്. ഇവ നിരന്തരമായി മെച്ചപ്പെടുത്തി മുന്നോട്ടുപോകേണ്ടുന്ന മേഖലകളാണ്. പൊതുജനങ്ങളുടെ ദുരന്ത പ്രതിരോധ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനായി വിവിധതലങ്ങളിൽ കൃത്യമായി പരിശീലനങ്ങളും കൃത്യമായ നിർദ്ദേശങ്ങളും വിവിധതലങ്ങളിലായി (മഴ മുന്നറിയിപ്പുകൾ, മിന്നൽ മുന്നറിയിപ്പുകൾ, ചൂട്, കാട്ടുതീ, കാറ്റ് മുതലായവയെക്കുറിച്ചുള്ള മുന്നറിയിപ്പുകൾ, വെള്ളപ്പൊക്ക സാധ്യത മാപ്പുകൾ, മണ്ണിടിച്ചിൽ സാധ്യത പ്രദേശങ്ങളുടെ മാപ്പുകൾ, ഡാമുകളുടെ ജലനിരപ്പുകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ, മത്സ്യത്തൊഴിലാളികൾക്കായുള്ള മുന്നറിയിപ്പുകൾ, ഡിസെബിലിറ്റിയുള്ളവർക്കായുള്ള ആംഗ്യഭാഷ മുന്നറിയിപ്പുകൾ) വിവിധ വീഡിയോകളിലൂടെയും പരസ്യ മാധ്യമങ്ങളിലൂടെയും പൊതുജനങ്ങൾക്കായുള്ള അവബോധ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ഇത്തരം പ്രവർത്തനങ്ങളിലൂടെ ജനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കപ്പെടുന്നു. വിവിധ പ്രവർത്തനങ്ങളുടെ റിപ്പോർട്ടുകൾ, ദിനംപ്രതിയുള്ള അപ്ഡേറ്റുകൾ മുതലായവ ദുരന്ത നിവാരണ അതോറിറ്റിയുടെ വെബ്സൈറ്റ്, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ എന്നിവയിൽ ലഭ്യമാണ്. സന്നദ്ധസേന, സിവിൽ ഡിഫെൻസ്,

പഞ്ചായത്തുതല ദുരന്ത പ്രതികരണ സംഘം (ERT) എന്നീ പദ്ധതികൾവഴി പൊതുജനങ്ങളെ ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ കൂടുതൽ ഇടപെടുത്താൻ സാധിച്ചിട്ടുണ്ട്. നിരവധി പരിശീലനങ്ങളും ദുരന്ത പ്രതികരണ മാർഗ്ഗങ്ങളും ജനങ്ങളിലേയ്ക്ക് എത്തിക്കാനും സാധിച്ചിട്ടുണ്ട്.

(സി) വിദ്യാർത്ഥികളെയും യുവാക്കളെയും ഉൾക്കൊള്ളിച്ചുകൊണ്ട് സാമൂഹ്യ സുരക്ഷാസേന രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

സിവിൽ ഡിഫൻസ്, സാമൂഹിക സന്നദ്ധ സേന, തദ്ദേശസ്ഥാപനതല ദുരന്ത പ്രതികരണ സേനകൾ, ആപ്താ മിത്ര എന്നിങ്ങനെ വിവിധ സേനകൾ രൂപീകരിച്ചിട്ടുണ്ട്.

**സിവിൽ ഡിഫൻസ്** - സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെകൂടി നിരന്തര ശ്രമഫലമായി കേരളം മൊത്തത്തിൽ സിവിൽ ഡിഫൻസ് സംസ്ഥാനമായി പ്രഖ്യാപിച്ചു. അഗ്നിസുരക്ഷാ വകുപ്പിനോട് ചേർന്നാണ് ഈ സംവിധാനം നിലവിൽ വന്നിട്ടുള്ളത്. നിലവിൽ 10,000 പരിശീലനം സിദ്ധിച്ച സന്നദ്ധ പ്രവർത്തകർ 128 ഫയർ സ്റ്റേഷനുകളുമായി ചേർന്ന് പ്രവർത്തിക്കുന്നു.

**സാമൂഹിക സന്നദ്ധസേന** - കേരളത്തിൽ ശരാശരി 100 വ്യക്തികൾക്ക് ഒരു സന്നദ്ധ പ്രവർത്തകൻ എന്ന നിലയിൽ 3.4 ലക്ഷം പേരുള്ള സാമൂഹിക സന്നദ്ധസേന പ്രവർത്തിക്കുന്നു.

**ആപ്താ മിത്ര** - കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയുടെ സഹായത്തോടെയുള്ള ആപ്താ മിത്ര പദ്ധതി ഉപയോഗിച്ച് കോട്ടയം ജില്ലയിൽ 200 പേരുടെ ഒരു സാമൂഹികാധിഷ്ഠിത ദുരന്ത ലഘൂകരണസേന രൂപീകരിച്ചു. ഓരോ സന്നദ്ധ പ്രവർത്തകനും ദുരന്ത പ്രതികരണ കിറ്റ് നല്കി. 12 ദിവസം അഗ്നി സുരക്ഷാ അക്കാദമിയിൽ പഠനം പൂർത്തിയാക്കിയ ഈ സേനാംഗങ്ങൾ ഗജാ ചുഴലിക്കാറ്റിന്റെ ആഘാതം ആലപ്പുഴയിൽ നേരിട്ടപ്പോഴും കോവിഡ്-19 കാലത്തും നടത്തിയ പ്രവർത്തനങ്ങൾ ശ്രദ്ധേയമായി. എല്ലാ ജില്ലകളിലേയ്ക്കും ഈ പദ്ധതി വ്യാപിപ്പിക്കുവാനും 4500 സന്നദ്ധ പ്രവർത്തകരെ പരിശീലിപ്പിക്കാനും ആവശ്യമായ സാമ്പത്തിക സഹായം ദേശീയ ദുരന്ത നിവാരണ അതോറിറ്റി നല്കിയിട്ടുണ്ട്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും അഗ്നി സുരക്ഷാ വകുപ്പും ചേർന്ന് ഈ പദ്ധതി നടപ്പാക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇത്തരം സന്നദ്ധ പ്രവർത്തകർക്ക് അടിസ്ഥാന ശിക്ഷണം നൽകുന്നതിനുള്ള പാഠ്യപദ്ധതി മലയാളത്തിൽ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**തദ്ദേശ സ്ഥാപനതല ദുരന്ത പ്രതികരണ സംഘം** - നാല് അടിയന്തര പ്രതികരണ സംഘം (ERT) രൂപീകരിച്ചിട്ടുണ്ട്. പ്രഥമ ശുശ്രൂഷ ടീം, തിരച്ചിൽ ഒഴിപ്പിക്കൽ ടീം, ദുരന്ത മുന്നറിയിപ്പ് ടീം, ക്യാമ്പ് മാനേജ്മെന്റ് ടീം എന്ന തരത്തിലാണ് ഇവ ചിട്ടപ്പെടുത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദേശം നൽകിയിട്ടുള്ളത്. എല്ലാ ടീമുകൾക്കും ഒരു ലീഡറുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നിർദ്ദേശം അനുസരിച്ചാണ് ഇവർ പ്രവർത്തിക്കേണ്ടത്. എമർജൻസി റെസ്പോൺസ് ടീമുകൾക്ക് മേഖല തിരിച്ച് അടിയന്തരഘട്ട ചുമതല നല്കിയിട്ടുണ്ട്. ഇവരുടെ പരിശീലനത്തിന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി സാങ്കേതിക സഹായം നൽകിവരുന്നു.

(ഡി) പ്രകൃതി ദുരന്തങ്ങളും കാലാവസ്ഥ വ്യതിയാനവും സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ നേരിടാൻ കഴിയുന്നവിധം സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള പുതുതലമുറയെ പ്രാപ്തരാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു. സ്കൂൾ സേഫ്റ്റിയുമായി ബന്ധപ്പെട്ടുള്ള പരിശീലന പരിപാടികൾ എല്ലാ ജില്ലകളിലുമുള്ള അദ്ധ്യാപകർക്കായി

നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽത്തന്നെ ഓരോ സ്കൂളും ഡെവലപ് ചെയ്യേണ്ട സ്കൂൾ ദുരന്ത നിവാരണ പ്ലാനുകൾ കുട്ടികളുമായി ചേർന്നുകൊണ്ട് നിർമ്മിക്കണമെന്നുള്ള നിർദേശം നൽകിയിട്ടുണ്ട്. യൂണിസെഫുമായി ചേർന്നുകൊണ്ട് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ ദുരന്ത സാക്ഷരതയ്ക്കായുള്ള അനിമേഷൻ വീഡിയോകൾ ഡെവലപ് ചെയ്തുകൊണ്ടിരിക്കുകയാണ്. NSS പോലുള്ള ഗ്രൂപ്പുകൾക്കുള്ള പരിശീലനങ്ങൾ നടപ്പിലാക്കിവരുന്നുണ്ട്. യുവാക്കളും വിദ്യാർത്ഥികളും ദുരന്ത നിവാരണ, പ്രതികരണ പ്രവർത്തനങ്ങളിൽ അവബോധമുള്ളവരായിത്തീരുക എന്ന ലക്ഷ്യത്തോടെ ഓൺലൈൻ ക്ലാസ്സുകൾ വിവിധ ദുരന്ത പ്രതികരണ പ്രതിരോധ വിഷയങ്ങളിലായി എല്ലാ മാസവും നടപ്പിലാക്കിവരുന്നുണ്ട്. ചെറിയ കുട്ടികൾക്കായി 'സതീർത്ഥ്യൻ' എന്നപേരിൽ ദുരന്ത നിവാരണ സാക്ഷരതയ്ക്കായി 2020 മുതൽ ക്യാമ്പയിനായി നടത്തിവരുന്നു. ഇതൊരു തുടർപദ്ധതിയാണ്. കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച് എല്ലാ വർഷവും ക്ലൈമറ്റ് ലീഡർഷിപ്പ് പ്രോഗ്രാം സ്കൂൾ-കോളേജ് കുട്ടികൾക്കായി നടത്താറുണ്ട്. കുട്ടികൾക്കായുള്ള ഓൺലൈൻ കോഴ്സുപോലുള്ള കൂടുതൽ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ദുരന്ത നിവാരണ അതോറിറ്റിയുടെയും സ്കോൾ കേരളയുടെയും ആഭിമുഖ്യത്തിൽ പദ്ധതികൾ

ആവിഷ്കരിച്ചുകൊണ്ടിരിക്കുന്നു.

## മലയോര ഹൈവേയുടെ നിർമ്മാണ പുരോഗതി

13 (*403) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലയോര പ്രദേശത്തെ കാർഷിക, വിനോദസഞ്ചാര, വാണിജ്യ മേഖലകൾക്ക് ഉത്തേജനം നൽകുന്ന 1256 കിലോമീറ്ററോളം നീളമുള്ള മലയോര ഹൈവേയുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

ആകെയുള്ള മലയോരപാതയിൽ, മറ്റ് വിഭാഗങ്ങൾവഴി വികസിപ്പിച്ചുകഴിഞ്ഞ ഭാഗങ്ങളൊഴികെ കേരള റോഡ് ഫണ്ട് ബോർഡ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ അധീനതയിൽ ആകെ 804.215 കി.മീ. റോഡിന്റെ നിർമ്മാണ ചുമതലയാണുള്ളത്. ഇതിൽ 781.215 കി.മീ. റോഡിന് കിഫ്ബിയിലേയ്ക്ക് സാമ്പത്തിക അനുമതിക്കായി സമർപ്പിച്ചിട്ടുള്ളതും അതിൽ 622.611 കി.മീ. റോഡിന് സാമ്പത്തിക

അനുമതി കിഫ്ബി നൽകിയിട്ടുള്ളതുമാണ്. 470.82 കി.മീ. റോഡിന് സാങ്കേതിക അനുമതി നല്കിയിട്ടുള്ളതിൽ 458.82 കി.മീ. റോഡ് ടെണ്ടർ ചെയ്തിട്ടുണ്ട്. 314.84 കി.മീ. റോഡ് പ്രവൃത്തി നടന്നുവരുന്നതും 93.68 കി.മീ. റോഡ് പ്രവൃത്തി പൂർത്തീകരിച്ചതുമാണ്.

(ബി) പ്രസ്തുത നിർമ്മാണത്തിനായി ചില മേഖലകളിൽനിന്ന് വനഭൂമി വിട്ടുകിട്ടാതിരുന്നത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

വനഭൂമി വിട്ടുകിട്ടാതിരുന്ന ചില മേഖലകളിൽ ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും സാന്നിധ്യത്തിൽ സംയുക്ത പരിശോധന നടത്തി ബദൽ റൂട്ട് കണ്ടെത്തി അംഗീകരിക്കുകയുണ്ടായി. കൂടാതെ ചില മേഖലകളിൽ വിട്ട് ലഭിക്കേണ്ട വനഭൂമിക്ക് ആനുപാതികമായി കോമ്പൻസേറ്ററി ലാൻഡ്, റവന്യൂ വകുപ്പ് മുഖേന കണ്ടെത്തി നൽകി. തുടരാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്.

(സി) ഓരോ ജില്ലയിലെയും പ്രവൃത്തികൾ ജില്ലാതലത്തിൽ അവലോകനം നടത്താറുണ്ടോ?

ഓരോ ജില്ലയിലെയും പ്രവൃത്തികൾ ജില്ലാതലത്തിൽ അവലോകനം

നടത്താറുണ്ട്.

(ഡി) മലയോര പ്രദേശത്തെ ഭൂപ്രകൃതിയുടെ പ്രത്യേകതകൂടി പരിഗണിച്ചുകൊണ്ട് മഴയുടെ ആധിക്യം അതിജീവിക്കുന്ന തരത്തിലുള്ള നിർമ്മാണ രീതികൾ അവലംബിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

മലയോര പ്രദേശത്തെ ഭൂപ്രകൃതിയുടെ പ്രത്യേകതകൂടി പരിഗണിച്ചുകൊണ്ട് മഴക്കെടുതിയെ പ്രതിരോധിക്കാൻ ശേഷിയുള്ള ഡെൻസ് ബിറ്റുമിനസ് മെക്കാഡം (DBM), ബിറ്റുമിനസ് കോൺക്രീറ്റ് (BC) എന്നിവ റോഡിന്റെ രൂപകല്പനയിൽ ഉൾപ്പെടുത്താറുണ്ട്. കൂടാതെ റോഡിന്റെ ഇരുവശങ്ങളിലേയ്ക്കും കേംബർ നൽകിയും ഉപരിതലത്തിനടിയിൽ ഡ്രെയിനേജ് ഫെസിലിറ്റിക്കാവശ്യമായ ഗ്രാനുലർ സബ്ബേസ് നൽകിയും അതാത് സ്ഥലങ്ങളിലുണ്ടാകുന്ന മഴയുടെ തീവ്രതയ്ക്കനുസരിച്ച് മഴവെള്ളത്തെ ഉൾക്കൊള്ളാൻ ശേഷിയുള്ള ഓടകളും കലുങ്കുകളും നൽകിയും റോഡ് രൂപകല്പന ചെയ്യുന്നു. ഇതുകൂടാതെ മണ്ണിടിച്ചിലുള്ള പ്രദേശങ്ങളിൽ ഗാബിയോൺ ഉൾപ്പെടുന്ന സംരക്ഷണ ഭിത്തികളും ആവശ്യാനുസരണം രൂപകൽപ്പനയിൽ ഉൾപ്പെടുത്തുന്നു.

## മാതൃഭാഷ പഠനം

14 (*404) <u>ശ്രീ. ഇ. കെ. വിജയൻ</u>:
<u>ശ്രീമതി സി. കെ. ആശ</u>:
<u>ശ്രീ. വി. ആർ. സുനിൽകുമാർ</u>:
<u>ശ്രീ. വാഴൂർ സോമൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) ഒരു ദശാബ്ദകാലമായി മലയാള അക്ഷരമാല അതിന്റെ പരാമ്പരാഗതമായ രീതിയിൽ സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്നുണ്ടായിരുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഒരു ദശാബ്ദകാലമായി മലയാള അക്ഷരമാല അതിന്റെ പരാമ്പരാഗതമായ രീതിയിൽ പഠിപ്പിക്കുന്ന രീതിയുണ്ടായിരുന്നില്ല. 2011-ൽ അച്ചടിച്ച രണ്ടാം ക്ലാസ്സിലെ മലയാളം പാഠപുസ്തകത്തിൽ അക്ഷരമാല നൽകിയിരുന്നു. അതിനുശേഷം അച്ചടിച്ച പുസ്തകങ്ങളിൽ അക്ഷരമാല ഉൾപ്പെടുത്തിയിരുന്നില്ല. 2022-23 അദ്ധ്യയന വർഷം മുതൽ വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്ന 2-ാം ക്ലാസിലെ മലയാളം പാഠപുസ്തകം 2-ാം ഭാഗം, 1-ാം ക്ലാസിലെ മലയാളം പാഠപുസ്തകം 3-ാം ഭാഗം എന്നിവയിൽ ഭാഷാ വിദഗ്ധ സമിതി നൽകി കേരള സർക്കാർ അംഗീകരിച്ച

പുതിയ അക്ഷരമാല ഉൾച്ചേർക്കാൻവേണ്ട നടപടികൾ പൂർത്തിയായിക്കഴിഞ്ഞു.

(ബി) മാതൃഭാഷ പഠനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി സ്കൂൾ തലത്തിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

മാതൃഭാഷാ പഠനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് മലയാളത്തിളക്കം, ശ്രദ്ധ, വായനച്ചങ്ങാത്തം, വായന വസന്തം, നല്ല മലയാളം മുതലായ പദ്ധതികളും വിദ്യാരംഗം കലാസാഹിത്യവേദിയുടെ പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു.

<u>മലയാളത്തിളക്കം</u>:- 2016-17 അദ്ധ്യയന വർഷം മൂന്ന്, നാല് ക്ലാസുകളിലും 2017-18 യു.പി. ഹൈസ്കൂൾ വിഭാഗങ്ങളിലും ആശയാവതരണത്തിലൂടെ എഴുത്തും വായനയും ഉറപ്പാക്കുന്നതിനായി ആരംഭിച്ച പദ്ധതിയാണ് മലയാളത്തിളക്കം. ആസ്വദിച്ച് ഭാഷ പഠിക്കുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. അസാധ്യമായി ഒന്നുമില്ലെന്ന സന്ദേശമാണ് മലയാളത്തിളക്കം പദ്ധതി മുന്നോട്ടുവയ്ക്കുന്നത്. ഇതിനായി പ്രത്യേക മൊഡ്യൂളും കൈപ്പുസ്തകവും തയ്യാറാക്കിയിരുന്നു. ആസ്വദിച്ച് ഭാഷ പഠിക്കുന്ന വിദ്യാർത്ഥികളും ശിശു കേന്ദ്രീകൃത സമീപനം ഉന്നതരൂപത്തിൽ പ്രയോഗിക്കുന്ന അദ്ധ്യാപകരും വ്യക്തിഗത പിന്തുണയും നിരന്തര

വിലയിരുത്തലും സൂക്ഷ്മമായ പാഠാസൂത്രണവും അനുക്രമമായ വികാസവും ഫീഡ്ബാക്ക് നൽകലും മലയാളത്തിളക്കത്തിന്റെ സവിശേഷതകളായിരുന്നു.

ശ്രദ്ധ:- 2017-18 അദ്ധ്യയനവർഷം മുതൽ ആരംഭിച്ച പരിപോഷണ പദ്ധതിയാണ് ശ്രദ്ധ. ഇതിൽ വിവിധ വിഷയങ്ങൾക്കുള്ള മൊഡ്യൂളുണ്ടെങ്കിലും ഭാഷാപഠനത്തിന് സവിശേഷ പ്രാധാന്യം നൽകിയിരുന്നു. വിവിധ ദിവസങ്ങളിൽ വിവിധ മണിക്കൂറുകളായി നൽകിയ 'ശ്രദ്ധ' പദ്ധതി ഭാഷാപഠനത്തെ വികസിപ്പിക്കുന്നതിന് സഹായകമായി.

വായനച്ചങ്ങാത്തം:- എൽ.പി ക്ലാസ്സുകളിൽ മലയാള ഭാഷാപഠനം ശക്തവും ആകർഷകമാക്കുന്നതിന് എസ്.എസ്.കെ. നടപ്പിലാക്കുന്ന പദ്ധതിയാണ് വായനാച്ചങ്ങാത്തം. പാഠഭാഗവുമായി ബന്ധപ്പെടുത്തി അധിക വായനയ്ക്കും കഥ, കവിത എന്നിവ രസകരമായി പരിചയപ്പെടുത്തുന്നതിനും സർഗ്ഗാത്മക രചനകളിലേയ്ക്ക് കുട്ടികളെ നയിക്കുന്നതിനുമാണ് വായനച്ചങ്ങാത്തംകൊണ്ട് ലക്ഷ്യമിടുന്നത്.

വായന വസന്തം:- കുട്ടികളുടെ വായന പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി എസ്.എസ്.കെ.-യും പൊതുവിദ്യാഭ്യാസ വകുപ്പും നടപ്പാക്കുന്ന പരിപോഷണ പരിപാടിയാണ് വായന വസന്തം. എൽ.പി. തലത്തിലാണ് ഈ പദ്ധതി ഊന്നൽ നൽകുന്നത്. 1 മുതൽ 4 വരെ ക്ലാസ്സുകളിലെ

കുട്ടികൾക്കായി ലളിതവും കൗതുകവും ജനിപ്പിക്കുന്ന പുസ്തകങ്ങൾ തയ്യാറാക്കി നൽകിയിട്ടുണ്ട്. 1, 2 ക്ലാസുകൾക്ക് പവിഴമല്ലി, പൂന്തോണി എന്നിവയും 3, 4 ക്ലാസ്സുകൾക്കായി കുന്നിമണികൾ, രസത്തുള്ളികൾ എന്നിവയും തയ്യാറാക്കിയിട്ടുണ്ട്.

നല്ല മലയാളം:- കേരളത്തിലെ തമിഴ്, കന്നഡ മീഡിയം സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് മലയാളപഠനം ലക്ഷ്യമിട്ട് എസ്.സി.ഇ.ആർ.ടി. നടപ്പിലാക്കിയ പദ്ധതിയാണ് നല്ല മലയാളം. ഒന്ന് മുതൽ നാലുവരെ ക്ലാസുകൾക്കുള്ള 'നല്ലമലയാളം' പാഠപുസ്തകം എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയിട്ടുണ്ട്.

(സി) പാഠ്യപദ്ധതി പരിഷ്കരിക്കുന്നതോടൊപ്പം മാതൃഭാഷ പഠനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കുട്ടികളിൽ ഭാഷയോടും സാഹിത്യത്തോടും കൂടുതൽ താല്പര്യം ജനിപ്പിക്കുന്നതിനും പര്യാപ്തമായ പാഠഭാഗങ്ങൾ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകുമോ; വിശദമാക്കുമോ?

മാതൃഭാഷാ പഠനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കുട്ടികളിൽ ഭാഷയോടും സാഹിത്യത്തോടും താൽപ്പര്യം ജനിക്കുന്നതിനും ഉതകുന്ന പാഠഭാഗങ്ങൾ പുതിയ പാഠ്യപദ്ധതി പരിഷ്കരണം നടക്കുന്ന വേളയിൽ ഉൾപ്പെടുത്തുന്നതാണ്.

(ഡി) മലയാളലിപി പരിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം തലത്തിലുള്ള പരിഷ്കാരങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. 1971-ൽ നിലവിൽവന്ന ലിപി പരിഷ്കരണ നിർദ്ദേശങ്ങളിൽ ലഘുവായ മാറ്റം വരുത്തിയിട്ടുണ്ട്. ഋ, ര്/റ് എന്നിവയുടെ 'ൃ', 'ൢ'എന്നീ ഉപചിഹ്നങ്ങൾ വ്യഞ്ജനങ്ങളോടൊപ്പം ചേർത്ത് കൃ, പൃ, തൃ, ക്ര, പ്ര, ത്ര എന്നിങ്ങനെ ഉപയോഗിക്കണം, '്ല' (ഉദാ: പ്ല, ക്ല) എന്നത് ഉപചിഹ്നമായി ലിപികളോടൊപ്പം ചേർക്കണം തുടങ്ങിയ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.

**ബി.എം. ആന്റ് ബി.സി. ടാറിംഗ്**

15 (*405) ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) ബി.എം. ആൻഡ് ബി.സി. ടാറിംഗിനായി നാച്ചുറൽ റബ്ബർ മിക്സ്ഡ് ബിറ്റുമിൻ ഉപയോഗിക്കുന്നതുകൊണ്ടുള്ള പ്രയോജനങ്ങൾ

എന്തൊക്കെയെന്ന് അറിയിക്കാമോ?

നാച്ചുറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ (NRMB)പരിഷ്കരിക്കാത്ത ബൈൻഡറുകളേക്കാൾ (VG-30 പോലെ) റൈഡിംഗ് നിലവാരം, നല്ല ഘടനാപരമായ സ്ഥിരത, വിള്ളൽ പ്രതിരോധം, ലൈഫ് സ്പാൻ മുതലായവയിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നു. എന്നാൽ പോളിമർ മോഡിഫൈഡ് ബിറ്റുമിൻ (PMB)-മായി താരതമ്യപ്പെടുത്തുമ്പോൾ ഇവ കുറവാണ്. പ്രകൃതിദത്ത റബ്ബറിന് മികച്ച പ്രതിപ്രവർത്തനമുണ്ടെന്ന് വിലയിരുത്തുകയും മറ്റ് തരത്തിലുള്ള റബ്ബറുമായി താരതമ്യപ്പെടുത്തുമ്പോൾ, adhesion പോലുള്ള ബിറ്റുമിന്റെ ഗുണങ്ങൾ മെച്ചപ്പെടുത്തുന്നതായി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ പ്രകൃതിദത്ത റബ്ബറിന് അഗ്രഗേറ്റുകളുമായി ശക്തമായ സംയോജിപ്പുണ്ടെന്നും നിരീക്ഷിക്കപ്പെട്ടു. ഇത് ഉയർന്ന താപനിലയിൽ ബിറ്റുമിന്റെ stiffness വർദ്ധിപ്പിക്കുകയും അതുവഴി ബിറ്റുമിൻ മിശ്രിതങ്ങളുടെ പ്രർത്തനം മെച്ചപ്പെടുത്തുകയും ചെയ്യുന്നു. തണുത്ത കാലാവസ്ഥയിൽ പ്രകൃതിദത്ത ലാറ്റെക്സ് ഒരു ഇലാസ്റ്റിക് ബാൻഡായി പ്രവർത്തിക്കുന്നു. ഇത് ബിറ്റുമിന്റെ stiffness നിലനിറുത്തുകയും വിള്ളലുകൾ ഉണ്ടാകുന്നത് തടയാൻ സഹായിക്കുകയും ചെയ്യുന്നു. താപനില കൂടുന്നതിനനുസരിച്ച് പ്രകൃതിദത്ത റബ്ബർ ഒരു ഫിലിമായി പ്രവർത്തിക്കുന്നു.

ഇത് sheer Resistance മെച്ചപ്പെടുത്തി ബിറ്റുമിന്റെ ഒഴുക്കിനെ തടയുന്നു. പ്രകൃതിദത്ത റബ്ബർ ലാറ്റെക്സിന്റെ ഉപയോഗം റോഡുകളുടെ ദീർഘകാല പ്രകടനം ഗണ്യമായി മെച്ചപ്പെടുത്തുമെന്ന് പൊതുവേ തെളിയിക്കപ്പെട്ടിട്ടുണ്ട്. പ്രകൃതിദത്ത റബ്ബർ പെട്രോളിയം അധിഷ്ഠിത മോഡിഫയറുകൾക്ക് സുസ്ഥിരമായ ഒരു ബദലാണ്. കാരണം ഇത് തദ്ദേശീയമായി ഉല്പാദിപ്പിക്കപ്പെടുകയും പരിസ്ഥിതി സൗഹൃദവും പെട്രോളിയം അധിഷ്ഠിത മോഡിഫയറുകളുമായി താരതമ്യപ്പെടുത്തുമ്പോൾ വിലയിൽ കുറഞ്ഞ ഏറ്റക്കുറച്ചിലുകളുമാണുള്ളത്.

(ബി) വി.ജി.-30 ബിറ്റുമിനും എൻ.ആർ.എം.ബി.-യും ഉപയോഗിക്കുമ്പോൾ ഈടുനിൽപ്പ് വ്യത്യാസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വ്യത്യാസം മനസ്സിലാക്കുന്നതിനായി പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

VG-30 ബിറ്റുമിനും NRMB-യും ഉപയോഗിക്കുമ്പോൾ ഈടുനിൽപ്പ് വ്യത്യാസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. NRMB-യിൽ റബ്ബർ അടങ്ങിയിട്ടുള്ളതിനാൽ VG-30 ബിറ്റുമിനെക്കാൾ മഴവെള്ളത്തെ പ്രതിരോധിക്കുന്നതായും ദീർഘകാലം ഈടുനിൽക്കുന്നതായും റോഡിലെ

സ്ഥിതി പരിശോധിച്ചതിൽനിന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച് നിരത്ത് വിഭാഗത്തിന്റെ കീഴിൽ പ്രത്യേക പഠനമൊന്നും നടത്തിയിട്ടില്ല. എന്നാൽ പഠനങ്ങളുടെ അടിസ്ഥാനത്തിൽ IRC, MoRTH സ്പെസിഫിക്കേഷൻ പ്രകാരം NRMB/മോഡിഫൈഡ് ബിറ്റുമിൻ ഉപയോഗിക്കണമെന്നാണ് തെളിയിക്കപ്പെട്ടിട്ടുള്ളത്.

(സി) വി.ജി.-30 ബിറ്റുമിനും എൻ.ആർ.എം.ബി.-യും ഉപയോഗിക്കുമ്പോൾ ഒരു കിലോമീറ്റർ ടാർ ചെയ്യാൻ നിലവിലെ റേറ്റ് പ്രകാരം എത്ര റേറ്റ് വ്യത്യാസമുണ്ടാകുമെന്ന് അറിയിക്കാമോ?

നിരത്ത് വിഭാഗത്തിൽനിന്നും പുറപ്പെടുവിച്ചിട്ടുള്ള 09-06-2022-ലെ CE/Roads/PLG/BITUMEN RATE/2022 നമ്പർ സർക്കുലർ പ്രകാരം 1 ടൺ VG-30-ക്ക് NRMB-യേക്കാൾ 7910 രൂപ കുറവാണ്. ആയതുപ്രകാരം കണക്കാക്കുമ്പോൾ 1 കിലോമീറ്റർ റോഡ് 5.5 മീറ്റർ വീതിയിൽ 3 cm കനത്തിൽ NRMB ഉപയോഗിച്ച് ബി.സി. ചെയ്യുമ്പോൾ VG-30 ഉപയോഗിച്ച് ചെയ്യുന്നതിനേക്കാൾ ഏകദേശം 2,00,000/- രൂപ കൂടുതൽ ചെലവ് വരുന്നതാണ്.

(ഡി) വലിയ റേറ്റ് വ്യത്യാസത്തിൽ എൻ.ആർ.എം.ബി. ഉപയോഗിക്കുമ്പോൾ അതിൽ ചേർക്കുന്ന റബ്ബർ സംസ്ഥാനത്തിന്റെ

പ്രാദേശിക മാർക്കറ്റിൽനിന്ന് വാങ്ങുന്നുവെന്ന് ഉറപ്പാക്കുന്നതിനും അപ്രകാരം റബ്ബർ കർഷകരെ സഹായിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

സാധാരണ ബി.സി. പ്രവൃത്തികൾ പെട്രോളിയം കമ്പനികൾ ഉല്പാദിപ്പിക്കുന്ന NRMB ഉപയോഗിച്ചാണ് ചെയ്തുവരുന്നത്. ഇതല്ലാതെ ബിറ്റുമിൻ റബ്ബർ പ്രത്യേകമായി ചേർക്കേണ്ടതില്ല. BPCL പോലുള്ള പൊതുമേഖലാ കമ്പനികളാണ് നിലവിൽ പൊതുമരാമത്ത് വകുപ്പിന് NRMB വിതരണം ചെയ്യുന്നത്. NRMB-യ്ക്കുവേണ്ടി ഉപയോഗിക്കുന്ന റബ്ബർ സംസ്ഥാനത്തിന്റെ പ്രദേശിക മാർക്കിൽനിന്ന് വാങ്ങി റബ്ബർ കർഷകരെ സഹായിക്കുന്നതിന് പ്രസ്തുത കമ്പനികൾക്ക് നിർദ്ദേശം നൽകുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന**

16 (*406) ശ്രീ. പി. ഉബൈദുള്ള:
ഡോ. എം. കെ. മുനീർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണമേന്മ പരിശോധിക്കുന്നതിനും അഴിമതി ഇല്ലാതാക്കുന്നതിനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ക്വാളിറ്റി കൺട്രോൾ വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിനും പ്രവൃത്തികൾ നടക്കുമ്പോൾത്തന്നെ ലാബ് ടെസ്റ്റ് ഉൾപ്പെടെ നടത്തുന്നതിനുമുള്ള സംവിധാനമൊരുക്കുമോയെന്ന് അറിയിക്കാമോ?

(എ&ബി) സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന നടത്തുന്നതിനായി ഡിസൈൻ വിഭാഗം ചീഫ് എഞ്ചിനീയറുടെ കീഴിൽ രൂപീകരിച്ചിട്ടുള്ള ക്വാളിറ്റി കൺട്രോൾ വിഭാഗം ശാക്തീകരിച്ചിട്ടുണ്ട്. കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിൽ റീജിയണൽ ക്വാളിറ്റി കൺട്രോൾ ലാബുകളും മറ്റ് ജില്ലകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിൽ ജില്ലാ ക്വാളിറ്റി കൺട്രോൾ ലാബുകളും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. പൊതുമരാമത്ത് വകുപ്പ് നിർമ്മാണ പ്രവൃത്തികൾ ഓരോ ഘട്ടത്തിലും ഗുണനിലവാരം ഉറപ്പുവരുത്തി അംഗീകൃത മാനദണ്ഡങ്ങൾ പാലിച്ച് ഉദ്യോഗസ്ഥരുടെ കർശന മേൽനോട്ടത്തിലാണ് നടപ്പിലാക്കിവരുന്നത്. പൊതുമരാമത്ത് ക്വാളിറ്റി മാന്വൽ പ്രകാരം 15 ലക്ഷം

രൂപയ്ക്ക് മുകളിലുള്ള എല്ലാ പ്രവൃത്തികൾക്കും ഒന്നാംനിര ഗുണനിലവാര പരിശോധനകൾ നിർബന്ധമാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് കരാറുകാരന് ബിൽ നൽകുന്നത്. 2 കോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് കോൺട്രാക്ടർ സ്വന്തം ചെലവിൽ ക്വാളിറ്റി ലാബ് സജ്ജമാക്കണമെന്ന് സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. രണ്ടാംഘട്ട ഗുണനിലവാര പരിശോധനകൾക്കായി പ്രവൃത്തികൾ നടക്കുമ്പോൾ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ സ്ഥലം സന്ദർശിച്ച് സൈറ്റിൽ ആവശ്യമായ ക്വാളിറ്റി പരിശോധനകൾ നടത്തുകയും പ്രവൃത്തിയുടെ മെറ്റീരിയൽസിന്റെ സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ വിവിധ പരിശോധനകൾ നടത്തി റിപ്പോർട്ട് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകുകയും ചെയ്യാറുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുകയും ചെയ്തുവരുന്നു. കൂടാതെ ഗുണനിലവാര പരിശോധനകളുടെ ഫലം പ്രൈസ് സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. പ്രവൃത്തി ഇടങ്ങളിൽ വച്ചുതന്നെ ഗുണനിലവാര പരിശോധനകൾ നടത്തുന്നതിനാവശ്യമായ ആട്ടോമേറ്റഡ് ക്വാളിറ്റി ടെസ്റ്റിംഗ് മൊബൈൽ ലാബുകളും സജ്ജമാക്കുന്നുണ്ട്. ആദ്യഘട്ടമായി 3 മൊബൈൽ ലാബുകളാണ് തയ്യാറാകുന്നത്. പ്രസ്തുത

മൊബൈൽ ലാബുകൾ പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പൊതുമരാമത്ത് വകുപ്പിന്റെ വിജിലൻസ് വിഭാഗത്തെ ശക്തിപ്പെടുത്തി നിരന്തര നിരീക്ഷണം നടത്താൻ തയ്യാറാകുമോ?

പൊതുമരാമത്ത് വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ ഇതിനകംതന്നെ ആരംഭിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ വിജിലൻസ് വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി അധിക വാഹനം, അധിക മിനിസ്റ്റീരിയൽ തസ്തികകൾ എന്നിവ പുനർവിന്യസിച്ചിട്ടുണ്ട്. സാങ്കേതിക വിഭാഗം ജീവനക്കാരെ പുനർവിന്യസിച്ച് സർക്കിൾ/മേഖലാ അടിസ്ഥാനത്തിൽ വിജിലൻസ് വിഭാഗത്തിനെ ശക്തിപ്പെടുത്തുന്നത് ആലോചനയിലാണ്.

**റോഡ് നിർമ്മാണത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കാൻ നടപടി**

17 (*407) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ

വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകൾ തകരാൻ കാരണം വാഹനപ്പെരുപ്പവും രൂക്ഷമായ കാലവർഷവുമാണ് എന്നതിനാൽ അത്തരം സാഹചര്യങ്ങൾ അതിജീവിക്കാനാകുംവിധം റോഡ് നിർമ്മാണത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ?

സംസ്ഥാനത്ത് റോഡ് നിർമ്മാണത്തിൽ ആധുനിക സാങ്കേതിക വിദ്യയും നിർമ്മാണരീതികളും പ്രാവർത്തികമാക്കിക്കൊണ്ട് ദീർഘകാലം ഈടുനിൽക്കുന്ന രീതിയിലാണ് റോഡുകൾ, പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിന്റെ കീഴിൽ രൂപകൽപ്പന ചെയ്തുവരുന്നത്. ട്രാഫിക് സർവ്വേകളുടെയും മറ്റ് അനുബന്ധ സർവ്വേകളുടെയും സ്ഥലത്തെ മണ്ണ് പരിശോധനാ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ, വരുന്ന 15 മുതൽ 20 വർഷക്കാലത്തേയ്ക്കുള്ള ട്രാഫിക് വർദ്ധനവ് കണക്കിലെടുത്തും നിലവിലുള്ള ഐ.ആർ.സി. കോഡ് പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ച് റോഡിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്ന രീതിയിലുള്ള പദ്ധതി രൂപരേഖയാണ് പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിൽനിന്നും തയ്യാറാക്കി വരുന്നത്. പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത പഞ്ചായത്ത് റോഡുകളിൽ ഭൂരിഭാഗവും നിലവിലുള്ള വാഹനസാന്ദ്രത കണക്കിലെടുത്ത്

രൂപകൽപ്പന ചെയ്ത് നടപ്പിലാക്കിയവയല്ല. ഇപ്പോൾ വർദ്ധിച്ച വാഹനസാന്ദ്രതയും അതിശക്തമായ മഴയും അതിജീവിക്കുവാനാകുംവിധം പൊതുമരാമത്ത് വകുപ്പിന്റെ റോഡ് നിർമ്മാണത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. വകുപ്പിന്റെ പ്രധാനപ്പെട്ട എല്ലാ റോഡുകളും മണ്ണിന്റെ ഘടന, കാലാവസ്ഥ വ്യതിയാനങ്ങൾ, വാഹനപ്പെരുപ്പം എന്നിവയെല്ലാം കണക്കിലെടുത്ത് ഡിസൈൻചെയ്ത് ഭൂമിയുടെ ചരിവിനനുസരിച്ചുള്ള ഓടകൾ, കാൽനട യാത്രക്കാരുടെ സൗകര്യം കണക്കിലെടുത്ത് ഫുട്പാത്തുകൾ, മറ്റ് സുരക്ഷാ മുൻകരുതലുകൾ എന്നിവയും ഉൾപ്പെടുത്തി ദീർഘകാലം ഈടുനിൽക്കുന്ന ബി.എം.&ബി.സി. പോലുള്ള നവീനരീതികൾ ഉപയോഗിച്ച് ശാസ്ത്രീയമായ രീതിയിലാണ് നിർമ്മിക്കുന്നത്. വെള്ളം പെട്ടെന്ന് ഒഴുകിപ്പോകാനാവശ്യമായ camber നൽകി, ആവശ്യമായ ഓട, കലുങ്ക് എന്നിവയും നിർമ്മിക്കുന്നു. നവീന സാങ്കേതികവിദ്യകളായ വൈറ്റ് ടോപ്പിംഗ്, ഫുൾ ഡെപ്ത് റിക്ലമേഷൻ ടെക്നോളജി എന്നിവയ്ക്കുപുറമേ പരിസ്ഥിതി സൗഹാർദ്ദം മുൻനിർത്തി സ്വാഭാവിക റബ്ബർ, കയർ ഭൂവസ്ത്രം, ഉപയോഗശൂന്യമായ പ്ലാസ്റ്റിക്, പെർഫോറേറ്റഡ് വെർട്ടിക്കൽ ഡ്രെയിൻ, ഗാബിയോൺ വാൾ എന്നിവയും നിർമ്മാണത്തിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. വെള്ളം കെട്ടിനിൽക്കുന്നതുമൂലമുണ്ടാകുന്ന

കേടുപാടുകളിൽനിന്നുള്ള ഉയർന്ന ഈടുറപ്പും ദൃഢതയും ഈ റോഡുകളുടെ പ്രത്യേകതയാണ്.

(ബി) പതിനയ്യായിരം കിലോമീറ്റർ റോഡുകൾ മൂന്ന് വർഷത്തിനുള്ളിൽ ബി.എം. ആന്റ് ബി.സി. നിലവാരത്തിലേയ്ക്കുയർത്താൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ?

2026-നുള്ളിൽ പൊതുമരാമത്ത് വകുപ്പിന്റെ എല്ലാ പ്രധാന പാതകളും ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം 1900 കി.മീ. റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് പുനരുദ്ധീകരിച്ചിട്ടുണ്ട്.

(സി) റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്ന ബിറ്റുമിൻ മിശ്രിതത്തിൽ റബ്ബറും ഉപയോഗയോഗ്യമായ പ്ലാസ്റ്റിക്കും ഉപയോഗിച്ച് വരുന്നുണ്ടോ?

റോഡ് നിർമ്മാണത്തിനുപയോഗിക്കുന്ന ബിറ്റുമിൻ മിശ്രിതത്തിൽ റബ്ബറും ഷ്രഡഡ് പ്ലാസ്റ്റിക്കും വ്യാപകമായി ഉപയോഗിച്ചുവരുന്നുണ്ട്. പുതുതായി ബി.സി. ഉപരിതലം നിർമ്മിക്കുന്ന എല്ലാ പ്രവൃത്തികളിലും 50%

നീളമെങ്കിലും പ്ലാസ്റ്റിക് ഉപയോഗിച്ച് ചെയ്യുന്നതിന് നിർദ്ദേശം നൽകുകയും ആയത് നടപ്പിലാക്കുകയും ചെയ്തുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏകദേശം 420 കി.മീ. റോഡുകൾ പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മിച്ചിട്ടുണ്ട്. റോഡ് പ്രവൃത്തിക്ക് ഉപയോഗിക്കുന്ന ബിറ്റുമിന്റെ 6% മുതൽ 8% വരെയുള്ള അളവിലാണ് പ്ലാസ്റ്റിക് ഉപയോഗിക്കുന്നത്. പരിസ്ഥിതി സൗഹാർദ്ദമായ രീതിയിൽ ദൃഢതയും ഉറപ്പുമുള്ള റോഡ് നിർമ്മാണം മുൻനിർത്തി നാച്ചുറൽ റബർ മോഡിഫൈഡ് ബിറ്റുമിൻ (NRMB) ഉപയോഗിച്ച് 600 കി.മീ. റോഡുകളും ഈ സർക്കാർ കാലയളവിൽ ഇതുവരെ നിർമ്മിച്ചിട്ടുണ്ട്.

(ഡി) കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

അടിസ്ഥാന സൗകര്യ വികസന മേഖലയിൽ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (കെ.എച്ച്.ആർ.ഐ) വിവിധ പ്രായോഗിക ഗവേഷണങ്ങൾ നടത്തുന്നുണ്ട്. കൂടാതെ മെറ്റീരിയൽ ടെസ്റ്റിംഗ്, ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പരിശീലന പരിപാടികൾ നടപ്പിലാക്കുക എന്നിവയിൽ പ്രധാന പങ്ക് വഹിക്കുകയും ചെയ്യുന്നു. പ്രീ-ഫാബ്രിക്കേറ്റഡ് സ്ട്രക്ചറുകളുടെ നിർമ്മാണംപോലെയുള്ള ഏറ്റവും നൂതനമായ നിർമ്മാണ

സാങ്കേതികവിദ്യകൾ പ്രായോഗികമാക്കുന്നതിൽ കെ.എച്ച്.ആർ.ഐ. ഏർപ്പെട്ടിരിക്കുന്നു. ജിയോടെക്സ്റ്റൈൽസ്, ജിയോസെല്ലുകൾ തുടങ്ങിയ ആധുനിക ഗ്രൗണ്ട് ഇംപ്രൂവ്മെന്റ് ടെക്നിക്കുകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് കെ.എച്ച്.ആർ.ഐ. പൊതുമരാമത്ത് വകുപ്പിന് മാർഗ്ഗനിർദ്ദേശം നൽകിവരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ നിർവ്വഹിക്കുമ്പോൾ ഫീൽഡ് ഉദ്യോഗസ്ഥർ നേരിടുന്ന വിവിധ പ്രശ്നങ്ങളും സാങ്കേതിക തടസ്സങ്ങളും പരിഹരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന്റെ കൺസൾട്ടന്റായി കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (കെ. എച്ച്. ആർ. ഐ) സേവനം നൽകിവരുന്നു.

**ഉത്തരവാദിത്ത ടൂറിസം മിഷൻ**

18 (*408) ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും സ്ത്രീ ശാക്തീകരണത്തിനും സാമൂഹ്യ പുരോഗതിക്കും പ്രോത്സാഹനജനകമെന്ന് വിലയിരുത്തി

സംസ്ഥാനത്തെ ഉത്തരവാദിത്ത ടൂറിസം മിഷന് ന്യൂയോർക്ക് ആസ്ഥാനമായ ഗ്ലോബൽ വിഷന്റെ ട്രാവൽ പ്ലസ് ലീഷർ അവാർഡ് ലഭിച്ചത് പ്രസ്തുത പദ്ധതിക്ക് ഉണർവ് നൽകാൻ കാരണമായിട്ടുണ്ടോ?

ഉണ്ട്. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും സ്ത്രീ ശാക്തീകരണത്തിനും പരിസ്ഥിതി സംരക്ഷണത്തിനും മുഖ്യപ്രാധാന്യം നൽകി 2008-ൽ വിനോദസഞ്ചാര മേഖലയിൽ കേരളം ആരംഭിച്ച ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ 2017-ൽ സംസ്ഥാന വ്യാപകമാക്കാൻ തീരുമാനിച്ചു. ടൂറിസം എന്നത് വരേണ്യ വിഭാഗത്തിന്റെമാത്രം പ്രവർത്തന മേഖലയെന്ന അവസ്ഥ മാറ്റി ഗ്രാമീണ വികസനത്തിനും ദാരിദ്ര്യ ലഘൂകരണത്തിനും സ്ത്രീ ശാക്തീകരണത്തിനുമുള്ള ഉപാധിയായി ടൂറിസത്തെ മാറ്റുക എന്നുള്ളതാണ് ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രധാന ലക്ഷ്യം. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും സ്ത്രീ ശാക്തീകരണത്തിനും സാമൂഹ്യ പുരോഗതിക്കും പ്രോത്സാഹനാജനകമെന്ന് വിലയിരുത്തി സംസ്ഥാനത്തെ ഉത്തരവാദിത്ത ടൂറിസം മിഷന് ന്യൂയോർക്ക് ആസ്ഥാനമായ ഗ്ലോബൽ വിഷന്റെ ട്രാവൽ പ്ലസ് ലീഷർ അവാർഡ് ലഭിച്ചത് പ്രസ്തുത പദ്ധതിക്ക് മാത്രമല്ല ടൂറിസം മേഖലയ്ക്ക് മൊത്തത്തിൽ ഉണർവ് നൽകാൻ കാരണമായിട്ടുണ്ട്.

(ബി) ഉത്തരവാദിത്ത ടൂറിസം മിഷൻ പാരിസ്ഥിതിക ഉത്തരവാദിത്തം

നിറവേറ്റുന്നതിനുള്ള പ്രവർത്തനം നടത്തുന്നുണ്ടോ; എങ്കിൽ അവ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

പരിസ്ഥിതി സൗഹൃദ ടൂറിസം പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുകയും മാലിന്യ വിമുക്ത ടൂറിസം കേന്ദ്രങ്ങൾ എന്ന ആശയം ടൂറിസം സംരംഭകരുടെയും പ്രാദേശിക സമൂഹത്തിന്റെയും സഹകരണത്തോടെ നടപ്പാക്കുകയും ചെയ്യുക, തെരഞ്ഞെടുക്കപ്പെട്ട ടൂറിസം കേന്ദ്രങ്ങളെ ഗ്രീൻ സർട്ടിഫൈഡാക്കി മാറ്റുക എന്നിവയാണ് പാരിസ്ഥിതിക ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളുടെ മുഖ്യലക്ഷ്യം. ഇതിന്റെ ഭാഗമായി വിവിധ പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾക്കുള്ള പരിശീലനങ്ങൾ, യൂണിറ്റുകളെ ടൂറിസം വ്യവസായ സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കുക, ആർ.ടി. ക്ലാസ്സിഫിക്കേഷൻ നടപ്പാക്കുക തുടങ്ങിയ പ്രവർത്തനങ്ങളും ഉത്തരവാദിത്ത മിഷൻ നടത്തിവരുന്നു.

(സി) വിനോദസഞ്ചാര രംഗത്ത് സ്ത്രീകളുടെ സംരംഭങ്ങളും പങ്കാളിത്തവും വർദ്ധിപ്പിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഏറിയ പങ്ക് പ്രവർത്തനങ്ങളും വിനോദസഞ്ചാര രംഗത്ത് സ്ത്രീകളുടെ സംരംഭങ്ങളും പങ്കാളിത്തവും

വർദ്ധിപ്പിക്കാൻ ഉതകുന്നവയാണ്. മിഷന് കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്ന യൂണിറ്റുകളിൽ 70% സ്ത്രീകൾ നയിക്കുന്നവയോ അവർതന്നെ നടത്തുന്നതോ ആയ സംരംഭങ്ങളാണ്. ഈ സാമ്പത്തിക വർഷം ഉത്തരവാദിത്ത ടൂറിസം മിഷന് അനുവദിച്ചിരിക്കുന്ന 660 ലക്ഷം രൂപയിൽ 50% സ്ത്രീകളുടെ സംരംഭങ്ങൾക്കായാണ് വകയിരുത്തിയിരിക്കുന്നത്. സ്ത്രീകളുമായി ബന്ധപ്പെട്ട വിനോദസഞ്ചാരത്തിന്റെ വിവിധ വശങ്ങൾ ഉൾക്കൊള്ളുന്ന പ്രത്യേക സ്ത്രീ സൗഹൃദ ടൂറിസം പദ്ധതിക്ക് മിഷൻ ഈ സാമ്പത്തിക വർഷം തുടക്കമിടുന്നു. സ്ത്രീ സൗഹൃദ ടൂറിസം പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായുള്ള ബ്രെയിൻസ്റ്റോമിംഗ് സെഷൻ ഉത്തരവാദിത്ത ടൂറിസം മിഷൻ 2022 ഒക്ടോബർ മാസം നടത്തുന്നതാണ്. പൊതുവേ സ്ത്രീ സഞ്ചാരികൾക്ക് സുരക്ഷിതമായ ഒരു ലക്ഷ്യസ്ഥാനമാണ് കേരളം. പുതിയ പദ്ധതിയിലൂടെ വനിതാ യൂണിറ്റുകളുടെ ഒരു ശൃംഖല സൃഷ്ടിക്കാനും സ്ത്രീകളെ അടിസ്ഥാനമാക്കിയുള്ള ടൂറിസം കേന്ദ്രങ്ങൾ സൃഷ്ടിക്കാനും ആർ.ടി. മിഷൻ ലക്ഷ്യമിടുന്നു. ഈ പദ്ധതിയിലൂടെ കൂടുതൽ സ്ത്രീ സഞ്ചാരികളെ പ്രോത്സാഹിപ്പിക്കുന്നതിന് സുരക്ഷിതവും ശുചിത്വവുമുള്ള സ്ഥലങ്ങൾ/ ലക്ഷ്യസ്ഥാനങ്ങൾ ആർ.ടി. മിഷൻ ഉറപ്പാക്കുന്നു. ഗ്രൂപ്പുകളായും ഒറ്റയ്ക്കും യാത്ര

ചെയ്യുന്നവരുമായ സ്ത്രീകളുടെ യാത്രയുടെ കുതിപ്പിന് ലോകമെമ്പാടും സാക്ഷ്യം വഹിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ സംസ്ഥാനവും അതിനനുസൃതമായി മാറേണ്ടതുണ്ട്. ഉത്തരവാദിത്ത ടൂറിസം മിഷന്റെ സ്ത്രീ സൗഹൃദ ടൂറിസം പദ്ധതിയിലൂടെ കേരളത്തിലെ ലക്ഷ്യസ്ഥാനങ്ങൾ സ്ത്രീ സഞ്ചാരികളുടെ ആവശ്യങ്ങൾ നിറവേറ്റുന്നുവെന്ന് ഉറപ്പാക്കുന്നു.

സ്ത്രീ സൗഹൃദ ഉത്തരവാദിത്ത വിനോദസഞ്ചാര കേന്ദ്രങ്ങളും സ്ത്രീ ശാക്തീകരണവും - ടൂറിസത്തിലൂടെ സ്ത്രീശാക്തീകരണം എന്നത് ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പിലാക്കിവരുന്ന കാര്യമാണ്. പസഫിക് ഏഷ്യ ട്രാവൽ അസോസിയേഷൻ (PATA) ഗോൾഡ് അവാർഡ് ഉൾപ്പെടെയുള്ള അംഗീകാരങ്ങളും ഈ രംഗത്ത് ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. സമൂഹത്തിലെ തികച്ചും സാധാരണക്കാരായ സ്ത്രീകളെ കൂടുതലായി ടൂറിസം രംഗത്തേയ്ക്ക് ആകർഷിച്ചുകൊണ്ട് ടൂറിസം മേഖലയിലെ സ്ത്രീ പങ്കാളിത്തം ഉയർത്തുന്നതിനും തികച്ചും സ്ത്രീ സൗഹൃദമായ ടൂറിസം കേന്ദ്രങ്ങൾ രൂപീകരിക്കുന്നതിനുമുള്ള വിവിധ അടിസ്ഥാന പ്രവർത്തനങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷൻ കഴിഞ്ഞ കുറെ നാളുകളായി നടത്തിവരുന്നു. ഇതിന്റെ ഭാഗമായി എക്സ്ക്ലൂസീവ് വിമൺ ടൂറുകൾ നടത്തുന്ന വിവിധ

യൂണിറ്റുകൾ ഉത്തരവാദിത്ത ടൂറിസം മിഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതുപോലെ സ്ത്രീകൾ നയിക്കുന്ന ഹോംസ്റ്റേകൾ, സ്ത്രീകളുടെ സുവനീർ യൂണിറ്റുകൾ എന്നിങ്ങനെ വിവിധ സ്ത്രീ കേന്ദ്രീകൃത പ്രവർത്തനങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തിവരുന്നു. ഇവയെല്ലാം ഏകോപിപ്പിച്ച്, ഒരു സ്ത്രീ സൗഹൃദ ടൂറിസം നെറ്റ്‌വർക്ക് രൂപീകരിക്കുന്നതിനുവേണ്ട നടപടികൾ ഉത്തരവാദിത്ത ടൂറിസം മിഷൻ ചെയ്തുവരുന്നു. ഇതിനായി ആലോചനാ യോഗങ്ങൾ/നെറ്റ്‌വർക്കിംഗ് വർക്ക്ഷോപ്പുകൾ എന്നിവയെല്ലാം ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന ഉടനടി നടത്തുന്നതാണ്.

**റോഡ് നിർമ്മാണത്തിൽ ആധുനിക സാങ്കേതികവിദ്യ**

19 (*409) ശ്രീ. പി. വി. അൻവർ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് നിർമ്മാണത്തിൽ ആധുനിക സാങ്കേതികവിദ്യയും നിർമ്മാണ രീതികളും പ്രാവർത്തികമാക്കിക്കൊണ്ട് ദീർഘകാലം ഈട് നിൽക്കുന്നരീതിയിൽ ഡിസൈൻഡ് റോഡുകൾ

നിർമ്മിക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ കാലാവസ്ഥയുടെ പ്രത്യേകതയും ഭൂഘടനയുടെ സവിശേഷതയുംകൂടി കണക്കിലെടുത്ത് അനുയോജ്യമായ ഏതെല്ലാം നിർമ്മാണ രീതികളാണ് അവലംബിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഉണ്ട്. പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള പ്രധാനപ്പെട്ട എല്ലാ റോഡുകളും സംസ്ഥാനത്തെ കാലാവസ്ഥയുടെയും ഭൂപ്രകൃതിയുടെയും പ്രത്യേകതകൾ, വ്യതിയാനങ്ങൾ എന്നിവ കണക്കിലെടുത്ത് ഡിസൈൻ ചെയ്ത് നവീനരീതികൾ ഉപയോഗിച്ച് നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. വാഹന സാന്ദ്രത, മണ്ണിന്റെ ഘടന തുടങ്ങിയവ കണക്കിലെടുത്ത് ബി.എം.&ബി.സി നിലവാരത്തിലേയ്ക്ക് റോഡുകൾ ഘട്ടംഘട്ടമായി ഉയർത്തിവരുന്നു. ദീർഘകാലം ഈടുനിൽക്കുന്ന റോഡുകൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി വൈറ്റ് ടോപ്പിംഗ് സാങ്കേതികവിദ്യ ഉപയോഗിച്ച് റോഡുകൾ നിർമ്മിച്ചുവരുന്നു. ആലപ്പുഴ നഗര വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 7.29 കി.മീ. റോഡുകൾ ഈ രീതിയിൽ നിർമ്മിച്ചിട്ടുണ്ട്. നിലവിലുള്ള റോഡ് പൊളിച്ചെടുത്ത് പുനരുപയോഗിക്കുന്നതിനുള്ള റീസൈക്ലിംഗ്, ഫുൾ ഡെപ്ത് റിക്ലമേഷൻ എന്നീ സാങ്കേതികവിദ്യകൾ അനുയോജ്യമായ റോഡുകളിൽ

നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതുവഴി പ്രകൃതി വിഭവങ്ങളുടെ ചൂഷണം കുറയ്ക്കുന്നതിന് സാധിക്കുന്നതാണ്. പരിസ്ഥിതി സൗഹൃദമായ രീതിയിൽ റോഡ് നിർമ്മിക്കുന്നതിന്റെ ഭാഗമായി ഷ്രെഡഡ് പ്ലാസിറ്റിക്, നാച്ചുറൽ റബർ മോഡിഫൈഡ് ബിറ്റുമിൻ എന്നിവ ഉപയോഗിച്ച് ബി.സി. ഉപരിതല നിർമ്മാണം നടപ്പിലാക്കിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 600 കി.മീ. NRMB ഉപയോഗിച്ചും 420 കി.മീ., ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ചും നിർമ്മിച്ചിട്ടുണ്ട്. റോഡ് വശങ്ങളിലെ ചരിവുകളുടെ സംരക്ഷണം, മണ്ണ് ബലപ്പെടുത്തൽ എന്നിവയ്ക്കായി കയർ ഭൂവസ്ത്രം, പെർഫൊറേറ്റഡ് വെർട്ടിക്കൽ ഡ്രെയിൻ, ഗാബിയോൺ വാൾ തുടങ്ങിയ സാങ്കേതികവിദ്യകളും ഉപയോഗിച്ചുവരുന്നു. 2026-നുള്ളിൽ പൊതുമരാമത്ത് വകുപ്പിന്റെ എല്ലാ പ്രധാന പാതകളും ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പാലങ്ങളുടെയും റോഡുകളുടെയും കൃത്യമായ പരിപാലനം ഉറപ്പാക്കാൻ പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. പാലങ്ങളുടെ പരിപാലനം പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗമാണ് നടപ്പിലാക്കുന്നത്. 25-09-2018-ലെ സ.ഉ(സാധാ) നം.1519/2018/പൊ.മ.വ. പ്രകാരം പാലങ്ങൾ വിഭാഗത്തിന് സ്ഥിരമായി ഒരു

ചീഫ് എഞ്ചിനീയർ, 3 സൂപ്രണ്ടിംഗ് എഞ്ചിനീയർ, 10 എക്സിക്യൂട്ടീവ് എഞ്ചിനീയർ, 12 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, 15 അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 26-09-2018-ലെ സ.ഉ.(സാധാ) നം.1522/2018/പൊ.മ.വ. പ്രകാരം പാലങ്ങളുടെ സുരക്ഷിതത്വം കൃത്യമായ ഇടവേളകളിൽ പരിശോധിച്ച് സുരക്ഷ ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന ജില്ലാതലത്തിൽ ഉദ്യോഗസ്ഥരുടെ ഇവാല്യൂവേഷൻ കമ്മിറ്റി രൂപീകരിച്ച് അവലോകനം നടത്തിവരുന്നു. കേടുപാടുകൾ കണ്ടെത്തുന്നമുറയ്ക്ക് റീഹാബിലിറ്റേഷൻ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. ചെറിയ തകരാറുകൾ പരിഹരിക്കുന്നതിനുവേണ്ട മെയിന്റനൻസ് പ്രവർത്തനങ്ങളും ഈ വിഭാഗം നടപ്പിലാക്കുന്നുണ്ട്. പ്രളയക്കെടുതിമൂലം പാലങ്ങൾക്കുണ്ടാകുന്ന തകരാറുകളും എത്രയുംവേഗം പരിഹരിക്കുന്നതിന് ഈ വിഭാഗം മുൻഗണന നൽകുന്നുണ്ട്. പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ പരിപാലനം നടപ്പിലാക്കുന്നതിനായി 29-06-2017-ലെ സ.ഉ(കൈ)നം. 39/2017/പൊ.മ.വ. പ്രകാരം ഒരു ചീഫ് എഞ്ചിനീയറുടെ കീഴിൽ നിരത്ത് പരിപാലന വിഭാഗം രൂപീകരിച്ചിട്ടുണ്ട്. 25-09-2018-ലെ സ.ഉ(സാധാ)നം. 1519/2018/പൊ.മ.വ. പ്രകാരം 8 എക്സിക്യൂട്ടീവ് എഞ്ചിനീയർ, 16 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, 58 അസിസ്റ്റന്റ് എഞ്ചിനീയർ എന്നീ തസ്തികകൾ

ഉൾപ്പെടുത്തി 7 ഡിവിഷൻ ഓഫീസുകളും 14 സബ് ഡിവിഷൻ ഓഫീസുകളും പുതുതായി സൃഷ്ടിച്ചു. നിലവിൽ നിരത്ത് പരിപാലന വിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസ് കൂടാതെ രണ്ട് ജില്ലയ്ക്ക് ഒരു ഡിവിഷൻ ഓഫീസ്, ഓരോ ജില്ലയിലും ഒരു സബ്ഡിവിഷൻ ഓഫീസ് എന്ന ക്രമത്തിലാണ് പ്രവർത്തിക്കുന്നത്. റണ്ണിംഗ് കോൺട്രാക്ട് മുഖാന്തരമാണ് നിലവിൽ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തിവരുന്നത്. ഇതുകൂടാതെ തെരഞ്ഞെടുക്കപ്പെട്ട റോഡുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഏഴുവർഷ കാലയളവിലേയ്ക്കുള്ള OPBRC പ്രവൃത്തികളും നടപ്പിലാക്കിവരുന്നു.

## നോക്കുകൂലി നിയന്ത്രിക്കാൻ നടപടി

20 (*410) ശ്രീ. കെ. പി. എ. മജീദ്:

ശ്രീ. എൻ. ഷംസുദ്ദീൻ:

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നോക്കുകൂലിയും അട്ടിമറിക്കൂലിയും പൂർണ്ണമായി നിയന്ത്രിക്കുവാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ?

30-04-2018-ലെ സ.ഉ.(സാധാ)നം.511/2018/തൊഴിൽ പ്രകാരം

സംസ്ഥാന സർക്കാർ നോക്കുകൂലി നിരോധിച്ചിട്ടുണ്ട്. തൊഴിലാളികൾക്കിടയിൽ അവബോധവും പ്രചരണവും നടത്തിയതുവഴി നോക്കുകൂലി ഏറെക്കുറെ നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്. എങ്കിലും ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഏതെങ്കിലും എഫ്.സി.ഐ. ഗോഡൗണിൽ കയറ്റിറക്ക് കൂലി തർക്കത്തെത്തുടർന്ന് ഭക്ഷ്യധാന്യ വിതരണം തടസ്സപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ആലപ്പുഴ, മാവേലിക്കര എഫ്.സി.ഐ. ഗോഡൗണുകളിൽ കയറ്റിറക്ക് കൂലി തർക്കമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

എഫ്.സി.ഐ. ഗോഡൗണുകൾ കേന്ദ്ര സർക്കാരിന്റെ അധീനതയുള്ള സ്ഥാപനങ്ങളായതിനാൽ അവിടുത്തെ തൊഴിൽ തർക്കങ്ങളിൽ ഇടപെടുന്നതിന് സംസ്ഥാന തൊഴിൽ വകുപ്പിന് പരിമിതികളുണ്ട്. എന്നിരുന്നാലും തൊഴിൽ തർക്കങ്ങൾ സംസ്ഥാനത്തെ ഭക്ഷ്യ പൊതുവിതരണ സംവിധാനത്തിലുണ്ടാകുന്നപക്ഷം ആയത്

പരിഹരിക്കുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ തിരുവനന്തപുരം, കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നീ 5 മേഖലകളിലുമായി തൊഴിൽ വകുപ്പിലെ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ, സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മേഖലാതല ഉദ്യോഗസ്ഥൻ, ജില്ലാ ലേബർ ഓഫീസർ, കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിലെ ബന്ധപ്പെട്ട ജില്ലാ കമ്മിറ്റിയുടെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവരെ ഉൾപ്പെടുത്തി 17-03-2022-ലെ G.O(M.S)No.12/2022/LBR പ്രകാരം ഒരു സ്ഥിരം സമിതി രൂപീകരിക്കുകയും മേൽ കമ്മിറ്റികൾ അതാത് ജില്ലകളിലെ പ്രശ്നങ്ങൾ യഥാസമയം ചർച്ചചെയ്ത് പരിഹരിക്കുകയും ചെയ്തുവരുന്നു.

**നോക്കുകൂലി അവസാനിപ്പിക്കാൻ നടപടി**

21 (*411) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>:
<u>ശ്രീ. മഞ്ഞളാംകുഴി അലി</u>:
<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>:
<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യപരമായ തൊഴിൽ ബന്ധങ്ങൾ

വളർത്തിയെടുക്കുന്നതിനായി നോക്കുകൂലി സമ്പ്രദായം അവസാനിപ്പിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്; 30-04-2018-ലെ സ.ഉ.(സാധാ) നം.511/2018/തൊഴിൽ പ്രകാരം സംസ്ഥാന സർക്കാർ നോക്കുകൂലി നിരോധിച്ചിട്ടുണ്ട്.

(ബി) നോക്കുകൂലി സമ്പ്രദായം അവസാനിപ്പിച്ചെങ്കിലും നോക്കുകൂലി ആവശ്യപ്പെടുന്നതായ പരാതികൾ ഉയരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇപ്രകാരം നോക്കുകൂലി ആവശ്യപ്പെടുന്നവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(ബി&സി) ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നോക്കുകൂലി ആവശ്യപ്പെടുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടാലുടൻതന്നെ തൊഴിൽ വകുപ്പുദ്യോഗസ്ഥർ സംഭവസ്ഥലത്ത് നേരിട്ടെത്തി നടപടികൾ സ്വീകരിച്ച് അധികമായോ അനർഹമായോ വാങ്ങിയ തുക തിരികെ കൊടുക്കുന്നതിന് നടപടി സ്വീകരിക്കുകയും ഗുരുതരമായ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ കേരള ചുമട്ടുതൊഴിലാളി ചട്ടം 26 എ(4)-ൽ

അനുശാസിക്കുന്ന വിധത്തിൽ ചുമട്ടുതൊഴിലാളികളുടെ രജിസ്ട്രേഷൻ കാർഡ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും. കൂടാതെ, തൊഴിലുടമയെ അധിക്ഷേപിക്കുകയോ ഭീഷണിപ്പെടുത്തുകയോ ആക്രമിക്കുകയോ ചെയ്യുന്ന പരാതികൾ പോലീസിന് കൈമാറി ഉചിതമായ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്.

## സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി

22 (*412) ശ്രീ. കെ. വി. സുമേഷ്:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിഹിതത്തോടുകൂടിയുള്ള കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം ഏത് ക്ലാസ്സുവരെയുള്ള കുട്ടികൾക്കാണ് ഉച്ചഭക്ഷണം നൽകിവരുന്നത്; ഇത് പത്താം ക്ലാസ്സുവരെയുള്ളവർക്ക് ലഭ്യമാക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

2013-ലെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമമനുസരിച്ച് സർക്കാർ,

എയ്ഡഡ് വിദ്യാലയങ്ങളിലെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൻ കീഴിൽവരുന്ന വിദ്യാലയങ്ങളിലെയും ഒന്ന് മുതൽ എട്ടാം ക്ലാസ്സുവരെ പഠിക്കുന്നതോ അല്ലെങ്കിൽ ആറ് മുതൽ പതിനാല് വയസ്സ് വരെയുള്ള പ്രായപരിധിയിൽ വരുന്നതോ ആയ വിദ്യാർത്ഥികൾക്കാണ് കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൻകീഴിൽ ഉച്ചഭക്ഷണം നൽകിവരുന്നത്. ടി കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുന്നതിനുള്ള സൗജന്യ ഭക്ഷ്യധാന്യവും ധനവിഹിതവുമാണ് കേന്ദ്ര സർക്കാരിൽനിന്ന് ലഭിക്കുന്നത്. ആയതിനാൽ ടി പദ്ധതിയിൻകീഴിൽ ഉച്ചഭക്ഷണം ഒൻപത്, പത്ത് എന്നീ ക്ലാസ് വരെയുള്ള സ്കൂൾ കുട്ടികൾക്കുകൂടി ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഒരു വിദ്യാർത്ഥിക്ക് പ്രതിദിനം എത്ര രൂപ ചെലവഴിക്കുന്നുവെന്ന് അറിയിക്കാമോ; തുക അപര്യാപ്തമായതിനാൽ അത് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

പ്രസ്തുത പദ്ധതിപ്രകാരം ഒരു വിദ്യാർത്ഥിക്കായി പ്രതിദിനം ചെലവഴിക്കുന്ന തുക സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു.

സ്ലാബ് I - 150 കുട്ടികൾവരെ - കുട്ടിയൊന്നിന് പ്രതിദിനം 8 രൂപ

സ്ലാബ് II - 151 മുതൽ 500 കുട്ടികൾവരെ - കുട്ടിയൊന്നിന് പ്രതിദിനം 7 രൂപ

സ്ലാബ് III - 500 കുട്ടികൾക്ക് മുകളിൽ - കുട്ടിയൊന്നിന് പ്രതിദിനം 6 രൂപ.

നിലവിൽ അനുവദിച്ചുവരുന്ന തുക അപര്യാപ്തമാണെന്നും ആയത് വർദ്ധിപ്പിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനങ്ങളുടെ അടിസ്ഥാനത്തിലുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ഇതിന് പുറമെ ഉച്ചഭക്ഷണം കഴിക്കുന്ന കുട്ടികൾക്ക് പാലും മുട്ടയും വിതരണം ചെയ്യുന്നുണ്ടോ; ഈ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ സഹായം ലഭിക്കുന്നുണ്ടോ?

സപ്ലിമെന്ററി ന്യൂട്രീഷൻ പദ്ധതിയുടെ ഭാഗമായി ഉച്ചഭക്ഷണത്തിന് അർഹതയുള്ള കുട്ടികൾക്ക് ആഴ്ചയിൽ രണ്ടുദിവസം 150 മില്ലിലിറ്റർ പാൽ, ആഴ്ചയിൽ ഒരു ദിവസം മുട്ട/നേന്ത്രപ്പഴം എന്നിവ നൽകിവരുന്നുണ്ട്. ടി പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ പ്രത്യേക സഹായം ലഭിക്കുന്നില്ല.

(ഡി) സ്കൂളുകളിലെ ഉച്ചഭക്ഷണം നിശ്ചിത ഗുണനിലവാരം പുലർത്തുന്നുവെന്ന് ഉറപ്പാക്കാൻ നടപടിയെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായി കുട്ടികൾക്ക് നൽകിവരുന്ന

ഭക്ഷണത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഫെയർ ആവറേജ് ക്വാളിറ്റി (എഫ്.എ.ക്യൂ) നിലവാരമുള്ള വൈറ്റ് പാർ ബോയിൽഡ് അരിയാണ് സ്കൂൾ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിനായി കേന്ദ്ര സർക്കാർ അനുവദിക്കുന്നത്. എഫ്.സി.ഐ. മുഖാന്തരം ലഭ്യമാകുന്ന പ്രസ്തുത അരി പിന്നീട് കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ (സപ്ലൈകോ) നിർദ്ദിഷ്ട ഔട്ട്‌ലെറ്റുകൾ (മാവേലി സ്റ്റോറുകൾ, സബ്ഡിപ്പോകൾ) വഴിയാണ് സ്കൂളുകൾക്ക് ലഭിക്കുന്നത്. എഫ്.സി.ഐ.-യുടേയും സപ്ലൈകോയുടേയും ക്വാളിറ്റി അഷ്വറൻസ് വിഭാഗങ്ങളുടെ സംയുക്ത ഗുണമേന്മാ പരിശോധനയ്ക്ക് ശേഷമാണ് അരി എഫ്.സി.ഐ. ഗോഡൗണുകളിൽനിന്ന് വിതരണത്തിനായി സപ്ലൈകോ എടുക്കുന്നത്. 2021 ഒക്ടോബർ മാസം മുതൽ ഫോർട്ടിഫൈഡ് അരിയാണ് ടി പദ്ധതിക്ക് അനുവദിക്കുന്നത്. ഫോർട്ടിഫൈഡ് അരിയുടെ ഗുണമേന്മ പരിശോധന എഫ്.സി.ഐ. തലത്തിൽ നടത്തപ്പെടുന്നുണ്ട്. അരി ഒഴികെ ഉച്ചഭക്ഷണ പദ്ധതിക്കായി വാങ്ങുന്ന പച്ചക്കറികൾ, പലവ്യഞ്ജനങ്ങൾ, ഭക്ഷ്യഎണ്ണ മുതലായ ഭക്ഷ്യസാധനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം അതത് സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റിയിൽ നിക്ഷിപ്തമാണ്. ഗുണമേന്മ

ഉറപ്പുവരുത്തുന്നതിനായി, ടി ഭക്ഷ്യ സാധനങ്ങൾ കഴിവതും സർക്കാർ അംഗീകൃത ഏജൻസികളിൽനിന്ന് (സപ്ലൈകോ, കൺസ്യൂമർഫെഡ്, ഹോർട്ടികോർപ്പ്) വാങ്ങണമെന്ന് സ്കൂളുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കഴിവതും പ്രാദേശികമായി ശേഖരിക്കാവുന്ന വിഷരഹിത പച്ചക്കറികളും മറ്റ് കാർഷിക ഉൽപ്പന്നങ്ങളും ഉപയോഗിക്കണമെന്നും പ്രാദേശിക ക്ഷീര സഹകരണ സംഘങ്ങളിൽനിന്നും അവ ഇല്ലാത്തിടങ്ങളിൽ മിൽമയിൽനിന്നും പാൽ വാങ്ങണമെന്നും സ്കൂളുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പാചകം ചെയ്ത ഉച്ചഭക്ഷണം കുട്ടികൾക്ക് നൽകുന്നതിന് മുൻപായി ഉച്ചഭക്ഷണ പദ്ധതിയുടെ ചാർജ്ജുള്ള അദ്ധ്യാപകൻ/ അദ്ധ്യാപികയെ കൂടാതെ ഒന്നോ രണ്ടോ എസ്.എം.സി. (സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി) അംഗങ്ങൾകൂടി ഭക്ഷണം രുചിച്ച് നോക്കുകയും ഭക്ഷണത്തിന്റെ ഗുണമേന്മ സംബന്ധിച്ച അഭിപ്രായം ഒരു പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്തുവരുന്നു. FSSAI അംഗീകൃതവും NABL അക്രെഡിറ്റേഷനുമുള്ള ലബോറട്ടറിയിൽ ഭക്ഷണ സാമ്പിളുകൾ മൈക്രോബയോളജിക്കൽ പരിശോധനയ്ക്ക് വിധേയമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## നവകേരളം കർമ്മ പദ്ധതി-2

23 (*413) <u>ശ്രീ. ഡി. കെ. മുരളി</u>:
<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>:
<u>ശ്രീ. എം. എസ്. അരുൺ കുമാർ</u>:
<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നവകേരളം കർമ്മപദ്ധതി-2-ന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ മേഖലയിൽ സർക്കാർ ഉന്നമിടുന്ന നവീകരണ, ശാക്തീകരണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകാമോ?

സംസ്ഥാനത്ത് നവകേരളം കർമ്മപദ്ധതി-2-ന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ മേഖലയിൽ സർക്കാർ ഉന്നമിടുന്ന നവീകരണ, ശാക്തീകരണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

**ഭൗതികസൗകര്യ വികസനം**

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്താൻ 141 സ്കൂളുകൾക്ക് 5 കോടി രൂപ വീതവും 386 സ്കൂളുകൾക്ക് 3 കോടി രൂപ വീതവും 446 സ്കൂളുകൾക്ക് ഒരു കോടി രൂപ

വീതവും കിഫ്ബി ധനസഹായം അനുവദിച്ചിരുന്നു. പ്ലാൻ ഫണ്ട്/നബാർഡ് സ്കീം/MLA/MP ഫണ്ട് എന്നിവയിൽ ഉൾപ്പെടുത്തി നിരവധി വിദ്യാലയങ്ങൾക്ക് ഭൗതികസൗകര്യ വികസനം സാധ്യമായിട്ടുണ്ട്. കൂടാതെ എയ്ഡഡ് വിദ്യാലയങ്ങൾക്കായി ചലഞ്ച് ഫണ്ടും നടപ്പാക്കി. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ വിദ്യാകിരണം മിഷനിലൂടെ ലക്ഷ്യം വയ്ക്കുന്നു.

**സാങ്കേതികവിദ്യാ സൗഹൃദം**

8 മുതൽ 12 വരെ ക്ലാസ്സുകളുള്ള 4752 സ്കൂളുകളിലെ 45000 ക്ലാസ്സ് മുറികൾ ഹൈടെക്കാക്കി. ഇതിന്റെ ഭാഗമായി ബ്രോഡ്ബാന്റ് ശൃംഖലയും ഇന്ററാക്ടീവ് വീഡിയോ കോൺഫറൻസിംഗ് സംവിധാനവും ഏർപ്പെടുത്തി. 11272 പ്രൈമറി സ്കൂളുകളിൽ ഹൈടെക് വൽക്കരണത്തിന്റെ ഭാഗമായി ഹൈടെക് ലാബ് പദ്ധതി നടപ്പാക്കി. കൂടാതെ 'ഫസ്റ്റ് ബെൽ' എന്ന പേരിൽ ഡിജിറ്റൽ ക്ലാസ്സുകൾ കൈറ്റ് വിക്ടേഴ്സ് ചാനലിലൂടെ സംപ്രേക്ഷണം നടത്തി. സംവാദാത്മകമായ ക്ലാസ്സുകൾ നൽകുന്നതിനായി Google India-യുമായി ചേർന്ന് കൈറ്റ് ജി-സ്യൂട്ട് പ്ലാറ്റ്ഫോം സജ്ജമാക്കി. കൂടാതെ കൈറ്റ് വിക്ടേഴ്സ് പ്ലസ് ചാനലിന്റെ സംപ്രേക്ഷണവും ആരംഭിച്ചു.

**അക്കാദമിക പ്രവർത്തനങ്ങൾ**

സ്കൂൾതല അക്കാദമിക മാസ്റ്റർ പ്ലാനുകൾ പുനർവായന നടത്തുന്നതിനുള്ള "അക്കാദമിക മാസ്റ്റർ പ്ലാൻ ഘട്ടം-2" മാർഗ്ഗരേഖ എസ്.സി.ഇ.ആർ.ടി. വികസിപ്പിച്ചു. മെന്ററിംഗിനുള്ള ഡിജിറ്റൽ പ്ലാറ്റ്ഫോം കൈറ്റ് വികസിപ്പിച്ച് ട്രയൽ പ്രവർത്തനങ്ങൾ നടത്തി മെച്ചപ്പെടുത്തലുകൾ വരുത്തി. മെന്ററിംഗ് പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി അദ്ധ്യാപക പരിശീലനത്തിൽ ഇക്കാര്യം ഉൾപ്പെടുത്തുവാനും ഇതിനായി SCERT ഒരു കൈപ്പുസ്തകം തയ്യാറാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. ഡിജിറ്റൽ ഉള്ളടക്കം വികസിപ്പിക്കുന്നതിന് വിവിധ വിഷയങ്ങളിൽ പ്രാവീണ്യമുള്ള അദ്ധ്യാപകരെ തെരഞ്ഞെടുത്ത് പരിശീലനം നൽകുന്ന പദ്ധതി എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ നടന്നുവരുന്നു. ഗണിതപഠനം ആസ്വാദ്യകരമാക്കുന്നതിനും ഗണിതം ജനകീയവൽക്കരിക്കുന്നതിനുംവേണ്ടി 'ഗണിതപാർക്ക്', സംസ്ഥാനത്ത് തെരഞ്ഞെടുത്ത ജ്യോഗ്രഫി ഓപ്ഷണൽ വിഷയമായുള്ള സ്കൂളുകളിൽ 'സ്കൂൾ വെതർ സ്റ്റേഷൻ' , എല്ലാ സ്കൂളുകളിലും 'ഇ-ലാംഗ്വേജ് ലാബുകൾ' സജ്ജമാക്കുന്ന പദ്ധതിയുടെ ആദ്യ ഘട്ടമായി 'ഇ-ക്യൂബ് ഇംഗ്ലീഷ് ലാംഗ്വേജ് ലാബ്, ടാലന്റ് ലാബിന്റെ പ്രവർത്തനങ്ങൾ, കുട്ടികളുടെ ഗവേഷണാത്മക, അന്വേഷണാത്മക പഠനത്തിന് സഹായകമാകുന്ന ടിങ്കറിംഗ് ലാബുകളുടെ

സജ്ജീകരണം തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്കും പഠന പിന്നോക്കാവസ്ഥ അഭിമുഖീകരിക്കുന്ന എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്കും വ്യക്തിഗതമായി അക്കാദമിക പിന്തുണ നൽകുന്ന പ്രവർത്തനങ്ങളും കുട്ടികളിൽ വായനാശീലം വളർത്തുന്നതിനായി വായനയുടെ വസന്തം, വായനാ ചങ്ങാത്തം ഓരോ കുട്ടിയുടേയും വീട്ടിൽ ഹോം ലൈബ്രറി എന്നീ പരിപാടികളും നടപ്പിലാക്കിവരുന്നു.

(ബി) ഡിജിറ്റൽ സംസ്കാരത്തിന്റെ ആവിർഭാവം കുട്ടികളുടെ കായികക്ഷമതയിൽ ശോഷണം വരുത്തുന്ന പശ്ചാത്തലത്തിൽ സംസ്ഥാനത്തെ മുഴുവൻ കുട്ടികളുടെയും കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുതകുംവിധം കായിക വിദ്യാഭ്യാസ രംഗത്തെ മാറ്റുന്നതിനായി സമഗ്ര പരിപാടി തയ്യാറാക്കുന്നുണ്ടോ; വിശദമാക്കുമോ?

കോവിഡ് കാരണമുണ്ടായ അടച്ചിടലിലൂടെ കുട്ടികളുടെ പൊതുവായ ശാരീരിക ചലനത്തിന് തടസ്സമുണ്ടായ രണ്ട് അദ്ധ്യയന വർഷമാണ് കടന്നുപോയിട്ടുള്ളത്. കുട്ടികൾക്ക് പഠനവിടവ് സംഭവിച്ചിട്ടുള്ളതുപോലെ കായികക്ഷമതയിലും ആരോഗ്യത്തിലും കുറവ് സംഭവിച്ചിട്ടുണ്ട്. ഇതിലൂടെ നിരവധി മനോ-ശാരീരിക പ്രശ്നങ്ങൾ കുട്ടികൾക്കുണ്ടായിട്ടുണ്ട്. കൂടാതെ ഇത്

പരിഹരിക്കുന്നതിനായി നിലവിലുള്ള ആരോഗ്യ കായിക വിദ്യാഭ്യാസ പഠന പ്രവർത്തനങ്ങൾ കൂടുതൽ ചിട്ടയായി ശാസ്ത്രീയമായി നൽകുന്നതിനുള്ള നിർദ്ദേശം കേരളത്തിലെ കായികാദ്ധ്യാപകർക്ക് നൽകിയിട്ടുണ്ട്. ഇതിനായി പ്രത്യേക അദ്ധ്യാപക പരിശീലന പരിപാടി നടത്തിയിട്ടുണ്ട്. ഇതിലുപരി കായിക വകുപ്പിന്റെ നേതൃത്വത്തിൽ കായികക്ഷമതാ മിഷന്റെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതോടുകൂടി എല്ലാ കുട്ടികളുടെയും കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ഇടപെടൽ കൂടുതൽ കാര്യക്ഷമമാകും. പ്രൈമറി ക്ലാസ്സുകളിലെ കുട്ടികളുടെ സമഗ്രമായ ആരോഗ്യ കായിക പരിപോഷണത്തിനായി എസ്.സി.ഇ.ആർ.ടി. വികസിപ്പിച്ച 'ഹെൽത്തി കിഡ്സ് ' എന്ന ഗവേഷണ പദ്ധതി നടപ്പിലാക്കുന്നതിന് കായികയുവജന കാര്യാലയത്തിന് കൈമാറിയിട്ടുണ്ട്.

(സി) വിദ്യാർത്ഥികളുടെ സർഗ്ഗവാസനകൾ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനായി കൂടുതൽ ഫലപ്രദമായ പരിപാടികൾ ആസൂത്രണം ചെയ്യാൻ തയ്യാറാകുമോ; വിശദമാക്കാമോ?

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കുട്ടികളുടെ സർഗ്ഗവാസനകൾ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിന് ഒരുക്കിയ സംവിധാനമാണ് 'ടാലന്റ് ലാബ് '. ഇതിലൂടെ കുട്ടികളുടെ സർഗ്ഗാത്മക

കഴിവുകൾ തിരിച്ചറിഞ്ഞ് പിന്തുണ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഈ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കേണ്ടതുണ്ട്. വിവിധ സർഗ്ഗാത്മക മേഖലകളായ ചിത്ര-ശിൽപ്പകല, സംഗീതം, നൃത്തം, നാടകം, സിനിമ തുടങ്ങിയവയിലെ അഭിരുചി കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് ആലോചിക്കുന്നുണ്ട്.

## പൊതുവിദ്യാഭ്യാസ നിലവാരം ഉയർത്താൻ നടപടി

24 (*414) ശ്രീ. പി. കെ. ബഷീർ:
ഡോ. എം. കെ. മുനീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) ദേശീയതലത്തിൽ താരതമ്യം ചെയ്യുമ്പോൾ പൊതുവിദ്യാഭ്യാസ രംഗത്ത് നിലവാരം പുലർത്താൻ കഴിയുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിച്ചിട്ടുണ്ടോ?

ഇത്തരം ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ദേശീയതലത്തിൽ താരതമ്യം ചെയ്യുമ്പോൾ വിദ്യാഭ്യാസ രംഗത്ത് കേരളം ഉയർന്ന നിലവാരം

പുലർത്തുന്നുണ്ട്. ഇക്കാര്യം മുൻവർഷങ്ങളിൽ നടത്തിയ നീതി ആയോഗ്, പെർഫോമൻസ് ഗ്രേഡിംഗ് ഇൻഡക്സ് (PGI), സ്കൂൾ എഡ്യൂക്കേഷൻ ക്വാളിറ്റി ഇൻഡക്സ് (SEQI) എന്നീ പഠനങ്ങളിൽ വ്യക്തമാണ്.

(ബി) സ്കൂളുകളിലെ സ്ഥിര അദ്ധ്യാപകരുടെ കുറവ് നിലവാരത്തകർച്ചയ്ക്ക് കാരണമായിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

സ്ഥിരം അദ്ധ്യാപകരുടെ കുറവ് നിലവാരത്തകർച്ചയ്ക്ക് കാരണമാകുന്നതായ ആക്ഷേപമൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മതിയായ യോഗ്യതയുള്ള അദ്ധ്യാപകരെയാണ് സ്ഥിരം അദ്ധ്യാപകരുടെ അഭാവത്തിൽ താൽക്കാലികമായി നിയമിച്ചുവരുന്നത്. അതിനാൽത്തന്നെ നിലവാരത്തകർച്ചയുണ്ടെന്ന ആരോപണത്തിന് അടിസ്ഥാനമില്ല.

(സി) പൊതുവിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

പൊതുവിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് ചുവടെപ്പറയുന്ന പരിപാടികൾ നടത്തിവരുന്നു. അവ ഭാവിയിലും ആവശ്യമായ മാറ്റങ്ങളോടെ തുടരുന്നതാണ്.

1) സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണം: - അറിവ് നിർമ്മാണത്തിന്

ഊന്നൽ നൽകുന്നതും നൂതന ആശയങ്ങൾ ഉയർത്താൻ കുട്ടികളെ സഹായിക്കുന്നതുമായ രീതിയിൽ പാഠ്യപദ്ധതി പരിഷ്കരണം നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

2) സാങ്കേതിക നൈപുണി വികാസ പരിപാടികൾ:- വിദ്യാർത്ഥികളുടെ സാങ്കേതികപരമായ കഴിവുകൾ മെച്ചപ്പെടുത്താനുള്ള നൂതന പരിപാടികൾ

3) നൂതന ആശയങ്ങൾ മുന്നോട്ടുവയ്ക്കാൻ കുട്ടികളെ സഹായിക്കുന്ന പഠന പോഷണ പരിപാടികൾ

4) ക്വാളിറ്റി - എൽ.ഇ.പി. (പഠനപോഷണ പരിപാടികൾ)

5) ക്വാളിറ്റി- രാഷ്ട്രീയ ആവിഷ്കാർ അഭിയാൻ പ്രോഗ്രാമുകൾ

6) ക്വാളിറ്റി - ഇന്നവേഷൻ പ്രോഗ്രാമുകൾ

7) ഫൗണ്ടേഷൻ ലിറ്ററസി & ന്യൂമറസി

8) സ്കൂൾ ലൈബ്രറി/ക്ലാസ് ലൈബ്രറി ശാക്തീകരണം

9) പ്രീ-സ്കൂൾ പ്രവർത്തനങ്ങൾ

10) മെച്ചപ്പെട്ട രീതിയിലുള്ള അദ്ധ്യാപക പരിശീലനം, രക്ഷാകർത്തൃപരിശീലനം

11) വൊക്കേഷണലൈസേഷൻ ഓഫ് എഡ്യൂക്കേഷൻ

12) ഇൻക്ലൂസീവ് എജ്യൂക്കേഷൻ

13) അക്കാദമിക ഇടപെടലുകൾ

14) പൊതുവിദ്യാലയങ്ങളിലെ ഹൈടെക് സ്കൂൾ പദ്ധതി.

15) കുട്ടികളെ സമഗ്രമായി വിലയിരുത്തി രേഖപ്പെടുത്തുന്നതിന് 'സഹിതം' പോർട്ടലിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു. നിശ്ചിത എണ്ണം കുട്ടികളെ ഒരു അദ്ധ്യാപകൻ മെന്ററായിനിന്നുകൊണ്ട് അക്കാദമികവും ഇതരവുമായ പിന്തുണ നിരന്തരമായി നൽകുകയാണ് ഈ പരിപാടിയിലൂടെ നടപ്പാക്കുന്നത്.

16) വിദ്യാഭ്യാസ വകുപ്പിലെ വിവിധ ഏജൻസികളുടെ ഏകോപനം ഉറപ്പാക്കിക്കൊണ്ട് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പ്രവർത്തനങ്ങളെ നവകേരള മിഷൻ-വിദ്യാകിരണം എന്ന പേരിൽ നടപ്പിലാക്കിവരുന്നു.

**ടൂറിസം മേഖലയിൽ പുതിയ പദ്ധതികൾ**

25 (*415) ശ്രീ. കെ. ബി. ഗണേഷ് കുമാർ:

ശ്രീ. തോമസ് കെ. തോമസ്:

<u>ശ്രീ. കെ. പി. മോഹനൻ:</u>

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) വിവിധ സംസ്ഥാനങ്ങളിൽനിന്ന് വൻതോതിൽ ടൂറിസ്റ്റുകൾ എത്തുന്ന സാഹചര്യം പരിഗണിച്ച് അവർക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് പുതിയ പദ്ധതികൾ ആരംഭിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിൽ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനായി നിരവധി പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ചുവരുന്നു. പുതിയ വിനോദസഞ്ചാര കേന്ദ്രങ്ങൾ കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും അവ ടൂറിസം ഡെസ്റ്റിനേഷനുകൾ ആക്കുന്നതിനുംവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഡെസ്റ്റിനേഷൻ ചലഞ്ച് എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ തെരഞ്ഞെടുത്ത പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ/ ലൊക്കേഷനുകളിൽ വിനോദസഞ്ചാര ആവാസ വ്യവസ്ഥയെ പരിപോഷിപ്പിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന

ടൂറിസം ഹബ്ബുകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ നിലവിലുള്ള പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ലോകോത്തര നിലവാരത്തിലുള്ള ടോയ്‌ലറ്റ് ബ്ലോക്കുകളുടെ നിർമ്മാണം നടപ്പിലാക്കിവരുന്നു. ഇതുപ്രകാരം ബേക്കൽ, കാരാപ്പുഴ, പൂക്കോട്, കോഴിക്കോട് ഭട്ട് റോഡ്, വർക്കല എന്നീ 5 കേന്ദ്രങ്ങളിൽ ഈ പദ്ധതി പൂർത്തീകരണഘട്ടത്തിലാണ്. 84 കേന്ദ്രങ്ങളിൽ ഭിന്നശേഷിക്കാരായ സഞ്ചാരികൾക്ക് ഉപകാരപ്രദമാകുംവിധം ബാരിയർ ഫ്രീ ടൂറിസം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിനോദസഞ്ചാര കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കുന്നതിന് ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ പദ്ധതി പ്രകാരം കുടുംബശ്രീ മുഖാന്തരം മാലിന്യനിർമ്മാർജ്ജന പദ്ധതി നടപ്പിലാക്കി വരുന്നു. ഹെറിറ്റേജ് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മുസിരിസ് പൈതൃക പദ്ധതി, ആലപ്പുഴ പൈതൃക പദ്ധതി, തലശ്ശേരി പൈതൃക പദ്ധതി, ട്രാവൻകൂർ പൈതൃക പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. കൂടാതെ ക്രൂയിസ് ടൂറിസം വികസിപ്പിക്കുന്നതിനായി മലബാർ റിവർ ക്രൂയിസ് പദ്ധതി, ബീച്ച് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് കിഫ്ബി ഫണ്ട് ഉപയോഗിച്ച് മുഴപ്പിലങ്ങാട്-ധർമ്മടം ബീച്ചിന്റെ സമഗ്ര വികസനം, ആലപ്പുഴ

ചെത്തി ബീച്ചിന്റെ വികസനം എന്നിവ നടപ്പിലാക്കിവരുന്നു. മലബാർ ലിറ്റററി സർക്യൂട്ട്, കൊല്ലം ബയോഡൈവേഴ്സിറ്റി സർക്യൂട്ട് എന്നീ രണ്ട് പദ്ധതികൾ നടപ്പാക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. നിലവിലുള്ള ഗസ്റ്റ്ഹൗസുകളുടെ നവീകരണവും പുതിയ ഗസ്റ്റ്ഹൗസ് ബ്ലോക്കുകളുടെ നിർമ്മാണവും വകുപ്പ് നടപ്പിലാക്കിവരുന്നു. അതിൽ ഇടുക്കി, അതിരപ്പിള്ളി, കന്യാകുമാരി എന്നിവിടങ്ങളിൽ യാത്രി നിവാസുകളും സുൽത്താൻ ബത്തേരി, കോഴിക്കോട് (അഡീഷണൽ ബ്ലോക്ക്), ഗുരുവായൂർ എന്നിവിടങ്ങളിൽ അതിഥി മന്ദിരങ്ങളും നിർമ്മിച്ചുവരുന്നു. കൂടാതെ കെ.ടി.ഡി.സി. മുഴപ്പിലങ്ങാട് 3 സ്റ്റാർ ബീച്ച് ഹോട്ടലും കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പിലാക്കിവരുന്നു. വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി ടൂറിസം വകുപ്പ് ദേശീയതലത്തിലും അന്തർദ്ദേശീയതലത്തിലും വിവിധ വിപണന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കേരളത്തെ അതിവേഗം അടുത്തറിയാൻ വിനോദസഞ്ചാരികൾക്ക് അവസരമൊരുക്കുന്ന ‘ മായാ’ വാട്സാപ്പ് ചാറ്റ്ബോട്ട് സേവനത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. ലോകത്ത് എവിടെയുമുള്ള സഞ്ചാരികൾക്ക് അനായാസം നമ്മുടെ നാടിനെക്കുറിച്ച് കൂടുതൽ മനസിലാക്കാനും യാത്രാവിവരങ്ങൾ ചോദിച്ച് അറിയാനുമുള്ള 24 മണിക്കൂറും പ്രവർത്തിക്കുന്ന നൂതന വെർച്വൽ

അസിസ്റ്റന്റാണ് 'മായ.' ഇതുകൂടാതെ കേരള ടൂറിസത്തെക്കുറിച്ച് കൂടുതൽ അറിയാൻ കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിച്ച ‘ ആപ്പും’ പ്രവർത്തിക്കുന്നു.

(ബി) സംസ്ഥാനത്തെ എല്ലാ ടൂറിസം കേന്ദ്രങ്ങളിലും മുന്തിയ നിലവാരത്തിലുള്ള ശുചിമുറിയും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിന് പ്രത്യേക നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

വിനോദസഞ്ചാര കേന്ദ്രങ്ങളെ ലോകനിലവാരത്തിൽ എത്തിക്കുന്നതിനുള്ള പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ചുവരുന്നു. സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിൽ “ കൺസ്ട്രക്ഷൻ ഓഫ് വേൾഡ് ക്ലാസ് ടോയ്‌ലറ്റ് ബ്ലോക്ക്” എന്ന പേരിൽ ടോയ്‌ലറ്റ് സൗകര്യമൊരുക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ദിവസേന ആയിരത്തിലധികം ടൂറിസ്റ്റുകൾ എത്തിച്ചേരുന്ന കേന്ദ്രങ്ങളിൽ ലോകനിലവാരമുള്ള ടോയ്‌ലറ്റുകൾ നിർമ്മിക്കാനാണ് ഈ പദ്ധതിവഴി വിഭാവനം ചെയ്യുന്നത്. ഈ പദ്ധതിവഴി വർക്കല ബീച്ച്, ശംഖുംമുഖം ബീച്ച്, കൊല്ലം ബീച്ച്, ആലപ്പുഴ ബീച്ച്, മൂന്നാർ ബൊട്ടാണിക്കൽ ഗാർഡൻ, ഫോർട്ട് കൊച്ചി, മലമ്പുഴ ഡാം, കോഴിക്കോട് ഭട്ട് റോഡ് പാർക്ക്, പൂക്കോട്, കാരാപ്പുഴ, പയ്യാമ്പലം ബീച്ച്, ബേക്കൽ എന്നീ

12 കേന്ദ്രങ്ങളിൽ ടോയ്ലറ്റുകൾ സ്ഥാപിക്കുന്നതിനായി 17.76 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ബേക്കൽ, പൂക്കോട്, കാരാപ്പുഴ, കോഴിക്കോട് ഭട്ട്റോഡ്, വർക്കല എന്നീ വർക്കുകൾ പൂർത്തീകരിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സഞ്ചാരികൾക്ക് ലോകോത്തര നിലവാരത്തിലുള്ള ആവാസ വ്യവസ്ഥ പ്രദാനം ചെയ്യുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടുന്ന ടൂറിസം ഹബ്ബുകൾ നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

## തൊഴിലാളികളുടെ അവകാശ സംരക്ഷണം

26 (*416) ശ്രീ. പി. നന്ദകുമാർ:

ശ്രീ. ടി. പി. രാമകൃഷ്ണൻ:

ശ്രീ. വി. ജോയി:

ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ രാജ്യത്ത് നിലനിന്നിരുന്ന തൊഴിൽ നിയമങ്ങൾ അവയുടെ അന്തസത്തയിൽ മാറ്റം വരുത്തിക്കൊണ്ട് നാല് കോഡുകളാക്കുകയും അവ പ്രാവർത്തികമാക്കുന്നതിന് ചട്ടങ്ങൾ രൂപീകരിച്ച് വിജ്ഞാപനം ഇറക്കുകയും ചെയ്തതായി അറിവുണ്ടോ?

കേന്ദ്ര സർക്കാർ രാജ്യത്ത് നിലനിന്നിരുന്ന തൊഴിൽ നിയമങ്ങളെ

അവയുടെ അന്ത:സത്തയിൽ മാറ്റം വരുത്തിക്കൊണ്ട് നാല് കോഡുകളാക്കുകയും അവ പ്രാവർത്തികമാക്കുന്നതിന് കരട് ചട്ടങ്ങൾ രൂപീകരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത ലേബർ കോഡുകളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ചട്ടം രൂപീകരിച്ചിട്ടുണ്ടോ?

സംസ്ഥാന ചട്ടങ്ങൾ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് എല്ലാ ലേബർ കോഡുകളുടെയും കരട് ചട്ടങ്ങൾ രൂപീകരിച്ച് ആയതിന്മേൽ ആക്ഷേപങ്ങളും അഭിപ്രായങ്ങളും തേടുന്നതിനായി സംസ്ഥാന സർക്കാർ 2021 അവസാനത്തോടെ ടി കരട് ചട്ടങ്ങൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്.

(സി) രാജ്യത്തെമ്പാടും തൊഴിലും വേതനവും സംരക്ഷിക്കാനുള്ള തൊഴിലാളികളുടെ അവകാശം വികസനത്തിന് തടസ്സമാണെന്ന തെറ്റായ പ്രചാരണം ശക്തമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ തൊഴിലാളികളുടെ അവകാശ സംരക്ഷണത്തിന് നിയമപരിരക്ഷ ഉറപ്പിക്കാൻ ഏത് വിധത്തിൽ ഇടപെടാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ?

കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്ത 4 ലേബർ കോഡുകൾക്കും

വിവിധ ഘട്ടങ്ങളിലെ ചർച്ചകളിൽ കേരളം ഉൾപ്പെടെയുള്ള വിവിധ സംസ്ഥാനങ്ങളെ കേന്ദ്ര സർക്കാർ ക്ഷണിക്കുകയും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ആവശ്യപ്പെടുകയും കേരള സർക്കാർ ടി ചർച്ചകളിൽ പങ്കെടുക്കുകയും സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കേന്ദ്ര സർക്കാരിനെ യഥാസമയം അറിയിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാം ദേശീയ തൊഴിൽ കമ്മീഷന്റെ ശിപാർശയിന്മേൽ 29 തൊഴിൽ നിയമങ്ങൾ ക്രോഡീകരിച്ച് 4 ലേബർ കോഡുകളായി കേന്ദ്ര സർക്കാർ കരട് ചട്ടങ്ങൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. സംസ്ഥാന ചട്ടങ്ങൾ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് എല്ലാ ലേബർ കോഡുകളുടെയും കരട് ചട്ടങ്ങൾ രൂപീകരിച്ച് ആയതിന്മേൽ ആക്ഷേപങ്ങളും അഭിപ്രായങ്ങളും തേടുന്നതിനായി സംസ്ഥാന സർക്കാർ 2021 അവസാനത്തോടെ കരട് ചട്ടങ്ങൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. The Code on Wages, 2019, വകുപ്പ് 67-ൽ അപ്രോപ്രിയേറ്റ് ഗവൺമെന്റിന് ചട്ടങ്ങൾ നിർമ്മിക്കുന്നതിനുള്ള അധികാരത്തെപ്പറ്റി വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ടി വകുപ്പുകൾ പ്രകാരം ഏതൊക്കെ നിയമങ്ങളിലാണ് കേന്ദ്ര സർക്കാരിന് ചട്ടങ്ങൾ നിർമ്മിക്കാൻ അധികാരമുള്ളതെന്നും ഏതൊക്കെ നിയമങ്ങളിലാണ് സംസ്ഥാന

സർക്കാരിന് ചട്ടങ്ങൾ നിർമ്മിക്കാൻ അധികാരമുള്ളതെന്നും കൃത്യമായി പ്രതിപാദിച്ചിട്ടുണ്ട്. അതേപോലെ Industrial Relation Code-ന്റെ വകുപ്പ് 99, Occupational Safety, Heath and Working Conditions Code-ന്റെ വകുപ്പ് 133, Social Security Code-ന്റെ വകുപ്പ് 156 എന്നിവയിലൂടെ ടി കോഡുകളിൽപ്പെട്ട ഏതൊക്കെ നിയമങ്ങളിലാണ് സംസ്ഥാന സർക്കാരിനും കേന്ദ്ര സർക്കാരിനും ചട്ടങ്ങൾ നിർമ്മിക്കാൻ അധികാരമുള്ളതെന്നും പ്രതിപാദിച്ചിട്ടുണ്ട്. കോഡുകളിൽ സംസ്ഥാന സർക്കാരുകൾക്ക് ചട്ടങ്ങൾ രൂപീകരിക്കുവാൻ അധികാരമുള്ള വിഷയങ്ങൾ, കേന്ദ്ര സർക്കാരിന് ചട്ടങ്ങൾ രൂപീകരിക്കുവാൻ അധികാരമുള്ള വിഷയങ്ങൾ എന്നിവ വേർതിരിച്ച് ക്രമപ്പെടുത്തിയിട്ടുള്ളതിനാൽ നിലനിന്നിരുന്ന തൊഴിൽ നിയമങ്ങൾ സംരക്ഷിക്കുവാൻ സംസ്ഥാന സർക്കാരിന് പരിമിതികളുണ്ട്. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 254 അനുസരിച്ച് കേന്ദ്രസർക്കാർ പാസ്സാക്കുന്ന ഒരു നിയമത്തിന്റെ ബദലായി സംസ്ഥാന സർക്കാരുകൾക്ക് നിയമനിർമ്മാണം നടത്തുവാൻ സാധിക്കുകയില്ല. കൂടാതെ ഇന്ത്യൻ ഭരണഘടനയുടെ $7^{th}$ ഷെഡ്യൂൾ പ്രകാരം ലേബർ എന്നത് കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടുന്ന വിഷയവുമാണ്. ആയതിൽ ഏതൊക്കെ വിഷയങ്ങളിലാണ് കേന്ദ്ര സർക്കാരിന് നിയമനിർമ്മാണം ചെയ്യാൻ

കഴിയുന്നവയെന്ന് പ്രതിപാദിച്ചിട്ടുണ്ട്. പരിമിതികളുണ്ടെങ്കിലും തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും തൊഴിലാളി സൗഹൃദമായി ചട്ടങ്ങൾ രൂപീകരിക്കുന്നതിനും സംസ്ഥാന സർക്കാർ പരമാവധി ശ്രമിച്ചിട്ടുണ്ട്. വേജ് കോഡ് ചട്ടപ്രകാരം ഒരു തൊഴിലാളിയുടെ ജോലി സമയം ഒരു ദിവസം 8 മണിക്കൂറാണ്. നിലവിലുള്ള മിനിമം വേതന ചട്ടപ്രകാരം ജോലി സമയം 8 മണിക്കൂറാണെങ്കിലും ആഴ്ചയിൽ 48 മണിക്കൂർ അധികരിക്കുന്ന ജോലി സമയത്തിന് തൊഴിലാളികൾക്ക് ഓവർടൈം അവലൻസ് ലഭ്യമായിരുന്നതിനാൽ തൊഴിലാളിയെ സംബന്ധിച്ചിടത്തോളം പ്രതിദിനം ജോലി സമയം 8 മണിക്കൂർ ആയിരുന്നു. എന്നാൽ കേന്ദ്ര സർക്കാരിന്റെ കോഡ് ഓൺ വേജസ് പ്രകാരം ഒരു തൊഴിലാളിയുടെ ജോലി സമയം ഒരു ദിവസം 9 മണിക്കൂറായും സ്പ്രെഡ് ഓവർ 12 മണിക്കൂറായും പ്രത്യേക സാഹചര്യത്തിൽ സ്പ്രെഡ് ഓവർ 16 മണിക്കൂറായുമുള്ള കോഡിലെ വ്യവസ്ഥ തൊഴിലാളിയെ പ്രതികൂലമായി ബാധിക്കുന്നതാണ്. എന്നാൽ ഇത് 8 മണിക്കൂർ ജോലി സമയമായും ഒരു മണിക്കൂർ വിശ്രമം ഉൾപ്പെടെ സ്പ്രെഡ് ഓവർ $10^{1/2}$ മണിക്കൂറായും വ്യവസ്ഥ ചെയ്യണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

## പ്രാഥമിക, ദ്വിതീയ തലങ്ങളിലെ പഠനം

27 (*417) ശ്രീ. എം. എസ്. അരുൺ കുമാർ:

ശ്രീ. കടകംപള്ളി സുരേന്ദ്രൻ:

ശ്രീ. പി. ടി. എ. റഹീം:

ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) ജ്ഞാന സമൂഹ നിർമ്മിതിയെന്ന സർക്കാരിന്റെ മഹദ് ലക്ഷ്യത്തിന് അടിത്തറ പാകുന്നതരത്തിൽ പ്രാഥമിക, ദ്വിതീയതലങ്ങളിലെ പഠനം മികവുറ്റതാക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ?

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമായതിനാൽ ആധുനികരീതിയിലുള്ള വിദ്യാഭ്യാസം പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന എല്ലാ വിഭാഗം വിദ്യാർത്ഥികൾക്കും ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങളാണ് പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ജ്ഞാന സമൂഹ നിർമ്മിതിയെന്ന ലക്ഷ്യത്തിനായി സ്കൂൾ പ്രവർത്തനങ്ങളിലും അക്കാദമിക പ്രവർത്തനങ്ങളിലും രക്ഷിതാക്കളുടെയും പൊതുസമൂഹത്തിന്റെയും പങ്കാളിത്തംകൂടി ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. അതിന്റെ ഭാഗമായി

താഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിവരുന്നത്.

1) സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണം: - അറിവ് നിർമ്മാണത്തിന് ഊന്നൽ നൽകുന്നതും നൂതന ആശയങ്ങൾ ഉയർത്താൻ കുട്ടികളെ സഹായിക്കുന്നതുമായ രീതിയിൽ പാഠ്യപദ്ധതി പരിഷ്കരണം നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

2) സാങ്കേതിക നൈപുണി വികാസ പരിപാടികൾ:- വിദ്യാർത്ഥികളുടെ സാങ്കേതികപരമായ കഴിവുകൾ മെച്ചപ്പെടുത്താനുള്ള നൂതന പരിപാടികൾ

3) നൂതന ആശയങ്ങൾ മുന്നോട്ടുവയ്ക്കാൻ കുട്ടികളെ സഹായിക്കുന്ന പഠന പോഷണ പരിപാടികൾ

4) ക്വാളിറ്റി - എൽ.ഇ.പി. (പഠനപോഷണ പരിപാടികൾ)

5) ക്വാളിറ്റി - രാഷ്ട്രീയ ആവിഷ്കാർ അഭിയാൻ പ്രോഗ്രാമുകൾ

6) ക്വാളിറ്റി - ഇന്നവേഷൻ പ്രോഗ്രാമുകൾ

7) ഫൗണ്ടേഷൻ ലിറ്ററസി & ന്യൂമറസി

8) സ്കൂൾ ലൈബ്രറി/ക്ലാസ് ലൈബ്രറി ശാക്തീകരണം

9) പ്രീ-സ്കൂൾ പ്രവർത്തനങ്ങൾ

10) മെച്ചപ്പെട്ട രീതിയിലുള്ള അദ്ധ്യാപക പരിശീലനം, രക്ഷാകർതൃ പരിശീലനം

11) വൊക്കേഷണലൈസേഷൻ ഓഫ് എഡ്യൂക്കേഷൻ

12) ഇൻക്ലൂസീവ് എഡ്യൂക്കേഷൻ

13) അക്കാദമിക ഇടപെടലുകൾ

14) പൊതുവിദ്യാലയങ്ങളിൽ ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കി വരുന്നു.

(ബി) ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികളുടെ തുടർച്ചയായി ഇ-ലാംഗ്വേജ് ലാബുകൾ സ്ഥാപിച്ചിട്ടുണ്ടോ; ഇതുവഴി ലക്ഷ്യമാക്കുന്ന നേട്ടങ്ങൾ അറിയിക്കാമോ?

ഉണ്ട്. സർക്കാരിന്റെ രണ്ടാം നൂറുദിന പദ്ധതിയുടെ ഭാഗമായി എല്ലാ സ്കൂളുകളിലും ഇ-ലാംഗ്വേജ് ലാബ് സ്ഥാപിക്കുന്നതിന് തീരുമാനിക്കുകയും കേരള ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) സ്വതന്ത്ര സോഫ്റ്റ്‌വെയർ അധിഷ്ഠിത ഇ-ലാംഗ്വേജ് ലാബ് വികസിപ്പിച്ച് എല്ലാ സ്കൂളുകൾക്കും സൗജന്യമായി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ആദ്യഘട്ടമായി കുട്ടികളെ ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കാനും എഴുതാനും പ്രാപ്തരാക്കുക, ഇംഗ്ലീഷ് ഭാഷാ പഠനം കൂടുതൽ രസകരമാക്കുക, ഇ-ക്യൂബ് ഇംഗ്ലീഷ് പദ്ധതിയിൽ സമഗ്ര ഇ-ലൈബ്രറി, ഇ-ലാംഗ്വേജ് ലാബ്, ഇ-ബ്രോഡ്കാസ്റ്റ് എന്നീ

സംവിധാനങ്ങളാണുള്ളത്. സമഗ്ര പോർട്ടൽവഴി ലോകനിലവാരമുള്ള ഇംഗ്ലീഷ് പുസ്തകങ്ങളുടെ ഡിജിറ്റൽ ലൈബ്രറി ക്രമീകരിച്ചിട്ടുണ്ട്. കുട്ടികളുടെ വായനാതലം അനുസരിച്ച് ഭാഷാ പ്രാവീണ്യം വർദ്ധിപ്പിക്കാനുതകുന്ന തരത്തിൽ ആസ്വാദ്യകരമായി പുസ്തകങ്ങളുടെ ഡിജിറ്റൽ പകർപ്പുകൾ സമഗ്ര ഇ-ലൈബ്രറിയിൽ ലഭ്യമാണ്. ഓരോ കുട്ടിക്കും തന്റെ പഠനവേഗതയ്ക്ക് അനുസരിച്ച് ഇംഗ്ലീഷ് കേൾക്കാനും സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള അവസരങ്ങൾ നൽകുന്ന ലാംഗ്വേജ് ലാബ് സോഫ്റ്റ്‌വെയറാണ് ഇ-ലാംഗ്വേജ് ലാബ്.

(സി) വിദ്യാഭ്യാസ സമ്പ്രദായം മത്സരാധിഷ്ഠിതമെന്ന നിലയിൽനിന്ന് സഹകരണ, സമത്വാധിഷ്ഠിതമാക്കി പരിവർത്തിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

സ്കൂൾ പാഠ്യപദ്ധതി സമത്വാധിഷ്ഠിതവും സഹകരണാധിഷ്ഠിതവുമാക്കാൻ നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. സെമിനാറുകൾ, ചർച്ചകൾ, സംവാദങ്ങൾ, പ്രോജക്ടുകൾ തുടങ്ങിയ നിരവധി പഠനതന്ത്രങ്ങൾ ക്ലാസ്സ് മുറിയിൽ പ്രയോജനപ്പെടുത്തിവരുന്നു. കൂട്ടായ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് സ്കൂൾ പാർലമെന്റ്, ബാലസഭ, വിവിധ ക്ലബ്ബുകൾ, സാഹിത്യ വേദികൾ തുടങ്ങിയവ സംഘടിപ്പിച്ചുവരുന്നു. മത്സരാധിഷ്ഠിത

രീതിയിൽനിന്നുമാറി സഹകരണ പഠനത്തിനും സഹവർത്തിത പഠനത്തിനും പ്രാധാന്യം നൽകിക്കൊണ്ട് മൂല്യനിർണ്ണയ സമ്പ്രദായം പരിഷ്കരിച്ചിട്ടുണ്ട്. നിരന്തരവും സമഗ്രവുമായ മൂല്യനിർണ്ണയ രീതിയാണ് പ്രയോജനപ്പെടുത്തുന്നത്. വേർതിരിവുകൾ ഒഴിവാക്കാനായി മാർക്കുകൾക്ക് പകരം ഗ്രേഡുകളാണ് നൽകിവരുന്നത്.

## കൈവശ ഭൂമിക്ക് പട്ടയം

28 (*418) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>:
<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>:
<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>:
<u>ശ്രീ. കെ. പി. മോഹനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലയോര മേഖലകളിൽ റവന്യൂ, വനം വകുപ്പുകളുടെ സംയുക്ത പരിശോധന പൂർത്തിയായിട്ടുള്ള കർഷകരുടെ കൈവശ ഭൂമിക്ക് പട്ടയം നല്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ പുരോഗതിയും ഇനി നൽകാൻ അവശേഷിക്കുന്ന പട്ടയങ്ങളുടെ വിശദവിവരങ്ങളും വ്യക്തമാക്കുമോ;

(ബി) സംയുക്ത പരിശോധന പൂർത്തിയായിട്ടില്ലാത്ത കേസുകൾ എത്രയാണെന്നും പരിശോധന ത്വരിതപ്പെടുത്താൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ;

(സി) ഭൂരഹിതരായ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമിയും ഉടമസ്ഥാവകാശ രേഖകളും നൽകുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ അറിയിക്കുമോ?

അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

**അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമം**

29 (*419) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അസംഘടിത മേഖലയിലെ തൊഴിലാളികൾക്കായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ശാക്തീകരിക്കുന്നതിനുമായി അസംഘടിത ദിവസവേതന തൊഴിലാളികൾക്കുള്ള ആശ്വാസനിധി, അവശതയനുഭവിക്കുന്ന മരംകയറ്റ തൊഴിലാളികൾക്കുള്ള പെൻഷൻ പദ്ധതി, അംസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യങ്ങൾ എന്നീ മൂന്ന് വ്യത്യസ്ത കർമ്മപദ്ധതികൾ ഏകോപിപ്പിച്ച് ' അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹ്യ സംരക്ഷണം' പദ്ധതി തൊഴിൽ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു. കൂടാതെ കേരള ആർട്ടിസാൻസ് ക്ഷേമനിധി സ്കീം 2011, കേരള ഗാർഹിക തൊഴിലാളി ക്ഷേമനിധി സ്കീം 2011, കേരള പാചക തൊഴിലാളി ക്ഷേമനിധി സ്കീം 2011, കേരള ബാർബർ & ബ്യൂട്ടീഷ്യൻ തൊഴിലാളി നിധി സ്കീം 2004, കേരള ക്ഷേത്ര തൊഴിലാളി ക്ഷേമനിധി സ്കീം 2011 എന്നിവ ഏകോപിപ്പിച്ച് 2015-ൽ കേരള അസംഘടിത സാമൂഹ്യ സുരക്ഷാ പദ്ധതി നിലവിൽ വരികയും കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് മുഖേന പദ്ധതി നടപ്പിലാക്കിവരികയും ചെയ്യുന്നു.

(ബി) തോട്ടം മേഖലയിലെ തൊഴിലാളികൾക്കായി തൊഴിൽ സ്ഥലത്തോ അതിന് സമീപത്തോ ഭവനസൗകര്യം ഒരുക്കുന്നതിനായി

ഉദ്ദേശിക്കുന്നുണ്ടോ; അസംഘടിത മേഖലയിലെ തൊഴിലാളികൾക്കായി നടത്തുന്ന ഭവന പദ്ധതിയുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

കേരളത്തിലുടനീളം ജോലിചെയ്യുന്ന തോട്ടം തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും ശുചിത്വവും സുരക്ഷിതവുമായ പാർപ്പിട സൗകര്യം തോട്ടം മേഖലയിലോ അതിന് സമീപത്തോ നൽകുന്നതിനായി തൊഴിൽ വകുപ്പ് ഭവനം പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം മൂന്നാറിലെ, കെ.ഡി.എച്ച്. വില്ലേജിൽ ഭവനരഹിതരായ 10 ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ഒമ്പത് വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി കൈമാറുകയും ചെയ്തിട്ടുണ്ട്. ഭവനം പദ്ധതി ഓൺ യുവർ ഓൺ ഹൗസിംഗ് സ്കീമിൽ - തൊഴിൽ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ ആർ.പി.എൽ.-ലെ ഭൂരഹിതരും ഭവനരഹിതരുമായ തോട്ടം തൊഴിലാളികൾക്കായി കുളത്തുപ്പുഴ റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിനുവേണ്ടി 5 ഏക്കർ സ്ഥലം വിട്ടുനൽകുകയും 412.6 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണത്തിൽ 40 വീടുകളുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചതിൽ 6 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി കൈമാറിയിട്ടുള്ളതുമാണ്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ അസംഘടിത മേഖലയിലെ

തൊഴിലാളികൾക്കും കുറഞ്ഞ വേതനമുള്ള ജോലിക്കാർക്കും താങ്ങാനാവുന്ന വിലയ്ക്ക് നല്ല ഗുണനിലവാരമുള്ള അപ്പാർട്ട്മെന്റുകൾ നിർമ്മിച്ച് നൽകുന്ന പദ്ധതിയാണ് ജനനി പദ്ധതി. ജനനി പദ്ധതി - പോഞ്ഞശ്ശേരി സ്കീമിൽ 4 ടവറുകളിലായി മൊത്തം 296 അപ്പാർട്ട്മെന്റുകളാണ് നിർമ്മിക്കുന്നത്. കൂടാതെ, ജനനി പ്രോജക്ട് - അടിമാലി സ്കീമിൽ ഏകദേശം 1,22,676 ചതുരശ്രയടിയുള്ള ഏഴ് നിലകളുള്ള അപ്പാർട്ട്മെന്റ് കോംപ്ലക്സ് നിർമ്മിച്ച് ലൈഫ് മിഷനിലൂടെ അടിമാലി ഗ്രാമപഞ്ചായത്തിന് കൈമാറുകയും ചെയ്തിട്ടുണ്ട്.

(സി) അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത് സംബന്ധിച്ച് സ്വീകരിച്ച പ്രവർത്തനങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇല്ല. അസംഘടിത മേഖലയിലെ തൊഴിലാളികളെ നിലവിൽ ഇ.എസ്.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. അപകട ഇൻഷ്വറൻസ്, ഗ്രൂപ്പ് ഇൻഷ്വറൻസ് തുടങ്ങിയ ആനുകൂല്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യവും നിലവിൽ പരിഗണനയിലില്ല.

## വിദ്യാർത്ഥി കേന്ദ്രീകൃത പഠന ബോധന പ്രവർത്തനങ്ങൾ

30 (*420) ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ രംഗത്ത് അക്കാദമിക നിലവാരം അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

പൊതുവിദ്യാഭ്യാസ രംഗത്തെ അക്കാദമിക നിലവാരം അന്തർദ്ദേശീയ തലത്തിലേയ്ക്ക് ഉയർത്തുന്നതിനായുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങളുടെ തുടർച്ച ഉറപ്പാക്കുന്ന പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. പ്രധാനപ്പെട്ട അക്കാദമിക പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. സ്കൂൾതല അക്കാദമിക മാസ്റ്റർപ്ലാനുകൾ പുനർവായന നടത്തുന്നതിനുള്ള

"അക്കാദമിക മാസ്റ്റർ പ്ലാൻ ഘട്ടം - 2" മാർഗ്ഗരേഖ എസ്.സി.ഇ.ആർ.ടി. വികസിപ്പിച്ചു. ഈ അക്കാദമിക വർഷം മുതൽ അക്കാദമിക മാസ്റ്റർപ്ലാനുകൾ അടിസ്ഥാനമാക്കി സമയക്രമം നിശ്ചയിച്ച് പ്രവർത്തന പദ്ധതികളാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

2. മെന്ററിംഗിനുള്ള ഡിജിറ്റൽ പ്ലാറ്റ്ഫോം കൈറ്റ് വികസിപ്പിച്ച് ട്രയൽ പ്രവർത്തനങ്ങൾ നടത്തി മെച്ചപ്പെടുത്തലുകൾ വരുത്തി. മെന്ററിംഗ് പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി അദ്ധ്യാപക പരിശീലനത്തിൽ ഇക്കാര്യം ഉൾപ്പെടുത്തുവാനും ഇതിനായി SCERT ഒരു കൈപ്പുസ്തകം തയ്യാറാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

3. കോവിഡ് മഹാമാരിക്കാല ഘട്ടത്തിലും നിരവധി പുതിയ അക്കാദമിക പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.

- ഫസ്റ്റ് ബെൽ ക്ലാസ്സുകൾ
- ഉല്ലാസ ഗണിതം
- ഗണിത വിജയം
- സ്കൂൾ വെതർ സ്റ്റേഷൻ
- ലേണിംഗ് വെബ്പോർട്ടൽ

- ഇ-ക്യൂബ് ഇംഗ്ലീഷ് ലാംഗ്വേജ് ലാബ്
- പ്രാദേശിക പ്രതിഭാ കേന്ദ്രങ്ങൾ
- ഊരുവിദ്യാകേന്ദ്രങ്ങൾ
- ടാലന്റ് ലാബ്
- ടിങ്കറിംഗ് ലാബ്
- സ്റ്റാർസ് (STARS -Strengthening, Teaching- Learning and Results for States)
- ശലഭപ്പാർക്ക്
- സത്യമേവ ജയതേ
- ജി - സ്യൂട്ട് പ്ലാറ്റ്ഫോം

4. സ്കൂളുകൾ തുറക്കുന്നതിന് മുന്നോടിയായി എസ്.സി.ഇ.ആർ.ടി., എസ്.എസ്.കെ, കൈറ്റ്, ഡയറ്റുകൾ എന്നിവയുടെ നേതൃത്വത്തിൽ അദ്ധ്യാപക ശാക്തീകരണ പരിപാടികൾ നടത്തി.

5. പ്രത്യേക ശ്രദ്ധയർഹിക്കുന്ന പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിൽപ്പെടുന്ന കുട്ടികൾ, ഭിന്നശേഷിക്കാരായ കുട്ടികൾ, പഠന പിന്നാക്കാവസ്ഥ അഭിമുഖീകരിക്കുന്ന എസ്.സി./എസ്.ടി. കുട്ടികൾ തുടങ്ങിയവർക്കായി പ്രത്യേക പദ്ധതി

6. കുട്ടികളിൽ വായനാശീലം പ്രോത്സാഹിപ്പിക്കുന്നതിനായി സ്കൂൾ/ക്ലാസ്സ്

ലൈബ്രറികളെ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു. ഒന്ന് മുതൽ നാലുവരെ ക്ലാസ്സുകളിലെ കുട്ടികളെ എഴുത്തിലേയ്ക്കും വായനയിലേയ്ക്കും ആകർഷിക്കുന്നതിനായി 'വായന ചങ്ങാത്തം' പരിപാടി നടത്തി ഓരോ കുട്ടിയുടെയും വീട്ടിൽ ഹോം ലൈബ്രറി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു. കുട്ടികളുടെ സാഹിത്യ സൃഷ്ടികൾ 'എഴുത്ത് പച്ച' എന്ന പേരിൽ പുസ്തകരൂപത്തിലാക്കി.

(ബി) പഠനബോധന പ്രവർത്തനങ്ങൾ വിദ്യാർത്ഥി കേന്ദ്രീകൃതമായിരിക്കേണ്ടതിന്റെ പ്രാധാന്യം കണക്കിലെടുത്ത് ആവിഷ്കരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; പൊതുപരീക്ഷയുടെ ചോദ്യപേപ്പറുകൾ വിലയിരുത്തുന്നതിൽ വിദ്യാർത്ഥികൾക്കുകൂടി പങ്കാളിത്തംനൽകി പരീക്ഷാ മൂല്യനിർണ്ണയം കൂടുതൽ ശാസ്ത്രീയമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

പഠനബോധന പ്രവർത്തനങ്ങൾ മികച്ചരീതിയിൽ വിദ്യാർത്ഥി കേന്ദ്രീകൃതമായി നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. പൊതുപരീക്ഷയുടെ ചോദ്യപേപ്പറുകൾ വിലയിരുത്തുന്നതിൽ വിദ്യാർത്ഥികൾക്കുകൂടി പങ്കാളിത്തം നൽകി പരീക്ഷാ മൂല്യനിർണയം കൂടുതൽ ശാസ്ത്രീയമാക്കാനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതാണ്.

(സി) നിരന്തര മൂല്യനിർണ്ണയ പ്രക്രിയ ശാസ്ത്രീയമാക്കാനും വസ്തുനിഷ്ഠമെന്ന് ഉറപ്പുവരുത്താനും നടപടി സ്വീകരിച്ചിട്ടുണ്ടോ?

നിരന്തര മൂല്യനിർണ്ണയ പ്രക്രിയ ശാസ്ത്രീയമാക്കാനും വസ്തുനിഷ്ഠമാക്കാനും ഉതകുന്ന പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### നബാർഡ് ഫണ്ടിൽ ഉൾപ്പെടുത്തിയ പദ്ധതികൾ

1 (4717) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നബാർഡ് ഫണ്ടിൽ ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പിന് കീഴിൽ ഭരണാനുമതി നൽകിയ പദ്ധതികൾ ഏതെല്ലാമാണെന്നും ഭരണാനുമതി നൽകിയ തുകയും മണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കാമോ?

നിരത്ത്, പാലങ്ങൾ കെട്ടിടങ്ങൾ വിഭാഗത്തിന് യഥാക്രമം ഭരണാനുമതി നൽകിയ 12,6,6 പ്രവൃത്തിയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) 2022-23 സാമ്പത്തിക വർഷം നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്താൻ പ്രൊപ്പോസലുകൾ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

സമർപ്പിച്ചിട്ടില്ല.

**ഒറ്റപ്പാലം മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച കെട്ടിട നിർമ്മാണങ്ങൾ**

2 (4718) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2021 വരെയുള്ള വർഷങ്ങളിൽ ഒറ്റപ്പാലം മണ്ഡലത്തിൽ കെട്ടിട വിഭാഗത്തിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്നും അനുവദിച്ച തുകകൾ എത്രയെന്നും വ്യക്തമാക്കാമോ;

(ബി) ഭരണാനുമതി നൽകിയ പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ?

(എ&ബി) പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൻകീഴിൽ ഒറ്റപ്പാലം മണ്ഡലത്തിൽ 2016 മുതൽ 2021 വരെയുള്ള വർഷങ്ങളിൽ

ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## തൊടുപുഴ മിനി സിവിൽ സ്റ്റേഷൻ അനക്സ്

3 (4719) ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ മിനിസിവിൽ സ്റ്റേഷൻ അനക്സ് നിർമ്മാണത്തിന് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയത് എന്നാണെന്ന് അറിയിക്കാമോ?

തൊടുപുഴ മിനി സിവിൽ സ്റ്റേഷൻ അനക്സ് നിർമ്മാണത്തിന് 04-03-2016-ൽ ഭരണാനുമതിയും 19-08-2020-ൽ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്.

(ബി) ഇതിന്റെ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) തൊടുപുഴ മിനി സിവിൽ സ്റ്റേഷൻ അനക്സിന്റെ നിർമ്മാണ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പ്രവൃത്തികൾ തുടങ്ങാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രവൃത്തി ഉടൻ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഈ പ്രവൃത്തിയുടെ നിർമ്മാണ സ്ഥലം 15-02-2022-ൽ കരാറുകാരന് കൈമാറിയിട്ടുള്ളതാണ്. എന്നാൽ നഗരസഭയുടെ അനുമതിക്കായി പ്ലാൻ സമർപ്പിച്ചപ്പോൾ സർക്കാർ കെട്ടിടം ആയതിനാൽ KMBR ചട്ടങ്ങൾക്കും തൊടുപുഴ നഗരസഭയുടെ മാസ്റ്റർ പ്ലാനിനും വിധേയമായിട്ടാണ് AR Drawing എന്നുള്ള സാക്ഷ്യപത്രമുണ്ടെങ്കിൽ District Town Planner, Chief Town Planner, സെക്രട്ടറി തുടങ്ങിയവരിൽനിന്നുള്ള പ്രത്യേക അനുമതി ആവശ്യമില്ലായെന്ന് മുനിസിപ്പാലിറ്റി അറിയിച്ചുവെന്ന് ഇടുക്കി കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഇതുപ്രകാരം പ്ലാനിൽ മാറ്റം വരുത്തേണ്ടതുണ്ടോയെന്ന് പരിശോധിച്ച് സാക്ഷ്യപത്രം നൽകുന്നതിനായി AR Wing അയച്ചിട്ടുണ്ട്, ആയത് പരിശോധിച്ചുവരുന്നു.

## ചാത്തന്നൂർ മണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകളുടെ അടിസ്ഥാന സൗകര്യ വികസനം

4 (4720) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം കൊല്ലം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിർവ്വഹണ ചുമതലയിൽ നിലവിൽ ഏതെല്ലാം പോലീസ് സ്റ്റേഷനുകളുടെ അടിസ്ഥാനസൗകര്യ വികസന പ്രവൃത്തികൾ നടന്നുവരുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ചാത്തന്നൂർ മണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം, കൊല്ലം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിർവ്വഹണ ചുമതലയിൽ നിലവിൽ പരവൂർ പോലീസ് സ്റ്റേഷന്റെ അടിസ്ഥാന വികസന പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ നടന്നുവരുന്നു.

(ബി) പ്രസ്തുത അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികളുമായി ബന്ധപ്പെട്ട് ചാത്തന്നൂർ എ.സി.പി. ഓഫീസിലുൾപ്പെടെ ഓരോ പോലീസ് സ്റ്റേഷനിലും നടന്നുവരുന്ന നവീകരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും ഇനി പൂർത്തീകരിക്കാനുള്ള പ്രവൃത്തികളുടെ വിശദാംശവും ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മരാമത്ത് പ്രവൃത്തികൾ പാതി വഴിയിലാകുന്നത് പരിഹരിക്കാൻ നടപടി

5 (4721) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത ചില കരാറുകാർക്ക് മതിയായ സാമ്പത്തികശേഷിയില്ലായെന്ന കാരണത്താൽ പ്രവൃത്തികൾ പാതി വഴിയിലാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ പ്രവൃത്തികൾ പാതിവഴിയിലാകുന്നത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ?

മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത ചില കരാറുകാർക്ക് മതിയായ സാമ്പത്തികശേഷി ഇല്ലായെന്ന കാരണത്താൽ പ്രവൃത്തികൾ പാതിവഴിയിലാകുകയോ കാലതാമസം നേരിടുകയോ ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരാറുകാരുടെ സാമ്പത്തികശേഷി ഉൾപ്പെടെയുള്ള മാനദണ്ഡങ്ങൾ കണക്കിലെടുത്താണ് വിവിധ കാറ്റഗറിയിലുള്ള ലൈസൻസുകൾ അനുവദിച്ചുനൽകുന്നത്. പ്രവൃത്തികൾ ഏറ്റെടുത്തശേഷം പാതിവഴിയിലാകുന്ന അവസരത്തിൽ കരാറുകാരെ

നഷ്ടോത്തരവാദിത്തത്തിൽ ഒഴിവാക്കുകയും ശേഷിക്കുന്ന പ്രവൃത്തി പുനഃക്രമീകരിക്കുകയും ചെയ്യുന്നു.

(ബി) ഓരോ പ്രവൃത്തിയും ഏറ്റെടുക്കുന്ന കരാറുകാർക്ക് ആയത് നിർവ്വഹിക്കുന്നതിനുള്ള സാമ്പത്തികനിലയുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ?

കരാറുകാരുടെ സാമ്പത്തികശേഷി ഉറപ്പുവരുത്തുന്നതിന് ബാങ്കിൽ നിന്നുള്ള capability certificate ഉൾപ്പെടെയുള്ള വിവിധ മാനദണ്ഡങ്ങൾ കണക്കിലെടുത്താണ് നിലവിൽ വിവിധ കാറ്റഗറിയിലുള്ള ലൈസൻസുകൾ നൽകിവരുന്നത്. കൂടാതെ 5 കോടിയിലധികം തുകയുള്ള പ്രവൃത്തികൾക്ക് കരാറുകാർക്ക് നൽകുന്ന Credit facility, Annual turnover, Balance Sheet എന്നിവ കണക്കിലെടുത്താണ് കരാറുകാരനെ പ്രീക്വാളിഫൈ ചെയ്യുന്നത്. പ്രീക്വാളിഫൈ ചെയ്ത കരാറുകാരിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തുന്ന കരാറുകാർക്കാണ് പ്രവൃത്തി നൽകിവരുന്നത്.

**മൊബിലൈസേഷൻ അഡ്വാൻസ് നൽകിയ പ്രവൃത്തികൾ**

6 (4722) ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി ഉമ തോമസ്:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം വകുപ്പിന്റെ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഇരുപത് ശതമാനത്തിലേറെ മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കരാറുകൾ നൽകിയത് നിയമപരമാണോയെന്ന് വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ഇരുപത് ശതമാനത്തിലേറെ മൊബിലൈസേഷൻ അഡ്വാൻസ് നൽകിയ പ്രവൃത്തികളുടെ വിശദാംശം നൽകാമോ?

(എ-സി) ഈ സർക്കാർ അധികാരത്തിൽവന്നശേഷവും കഴിഞ്ഞ സർക്കാരിന്റെ കാലയളവിലും ഇരുപത് ശതമാനത്തിലേറെ മൊബിലൈസേഷൻ അഡ്വാൻസ് നൽകിയ പ്രവൃത്തികളൊന്നും തന്നെയില്ല.

**പൊതുമരാമത്ത് വകുപ്പിന്റെ ടെൻഡർ**

7 (4723) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്:

ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് വകുപ്പിന്റെ ഏതെല്ലാം പ്രവൃത്തികളാണ് ടെണ്ടർ നടപടികളില്ലാതെ സർക്കാർ അംഗീകൃത ഏജൻസികൾക്ക് നൽകിയിട്ടുള്ളത്; പ്രസ്തുത പ്രവൃത്തികളുടെ പേരും തുകയും ഏജൻസികളുടെ പേരും ഉൾപ്പെടെയുള്ള വിശദവിവരം നൽകുമോ;

(ബി) വകുപ്പിന്റെ പ്രവൃത്തികൾ ടെണ്ടറില്ലാതെ ഇത്തരം ഏജൻസികൾക്ക് നൽകുന്നതുമൂലം വകുപ്പിന് എന്തെല്ലാം നേട്ടങ്ങളാണുള്ളത്; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് വകുപ്പിൽ ടെണ്ടർ നടപടികളില്ലാതെ പ്രവൃത്തികളൊന്നും സർക്കാർ ഏജൻസികൾക്ക് നൽകിയിട്ടില്ല.

(സി) അക്രഡിറ്റഡ് ഏജൻസികൾക്ക് പ്രവൃത്തികൾ നൽകുന്നതിനുള്ള മാനദണ്ഡം എന്തെല്ലാമാണ്; ഓരോ പ്രവൃത്തിക്കും ഏജൻസികളെ

തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഉൾപ്പെടെയുള്ള വിശദാംശം നൽകുമോ?

അക്രഡിറ്റഡ് ഏജൻസികൾക്ക് പ്രവൃത്തികൾ നൽകുന്നതിനുള്ള മാനദണ്ഡവും ഓരോ പ്രവൃത്തിക്കും ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമവും 28-04-2021-ലെ ജി.ഒ(പി)നം.67/2021/ഫിൻ, 17-01-2022-ലെ ജി.ഒ.(പി)നം.07/2022/ഫിൻ എന്നീ സർക്കാർ ഉത്തരവുകളിൽ പ്രതിപാദിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(ഡി) പൊതുമരാമത്ത് വകുപ്പിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ പദ്ധതികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പ്രവൃത്തികൾക്കാണെന്നും ഏതെല്ലാം ഏജൻസികൾക്കും കമ്പനികൾക്കും എത്ര തുക വീതം നൽകിയെന്നുമുള്ള വിശദവിവരം ലഭ്യമാക്കുമോ?

കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട ആർ.ബി.ഡി.സി.കെ.-യുടെ 10 മേൽപ്പാലങ്ങൾ ഒരു പാക്കേജിൽ ഉൾപ്പെടുത്തി സ്റ്റീൽ കോൺക്രീറ്റ് കോമ്പോസിറ്റ് സ്ട്രക്ചറായി നിർമ്മിക്കുന്ന പദ്ധതിക്ക് കോൺട്രാക്ട് നിബന്ധനപ്രകാരം 5 ശതമാനമായ 12,57,40,637/- രൂപ M/s SPL

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

Infrastructure Pvt Ltd എന്ന സ്ഥാപനത്തിന് മൊബിലൈസേഷൻ അഡ്വാൻസായി നൽകിയിട്ടുണ്ട്. ലോകബാങ്കിന്റെയും ജർമ്മൻ ബാങ്കിന്റെയും ധനസഹായത്തോടെ കെ.എസ്.ടി.പി. നടപ്പാക്കുന്ന പ്രവൃത്തികൾക്കെല്ലാം കരാർ വ്യവസ്ഥപ്രകാരം പത്ത് ശതമാനം മൊബിലൈസേഷൻ അഡ്വാൻസ് കരാറുകാരന് നൽകുന്നുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

## ഈരാറ്റുപേട്ട സെക്ഷൻ ഓഫീസ് സബ് ഡിവിഷൻ ഓഫീസ് ആക്കി ഉയർത്താൻ നടപടി

8 (4724) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ പി.ഡബ്ല്യു.ഡി. സബ് ഡിവിഷൻ ഓഫീസ് ഇല്ലാത്തതുമൂലം മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളുടെ പരിപാലനവും മേൽനോട്ടവും വേണ്ടവിധത്തിൽ പ്രായോഗികതലത്തിൽ നടത്തുന്നതിന് ബുദ്ധിമുട്ട് നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) റോഡുകളുടെ മെച്ചപ്പെട്ട പരിപാലനവും പുനരുദ്ധാരണ പ്രവർത്തനങ്ങളും കാര്യക്ഷമമായും ഫലപ്രദമായും നടത്തുന്നതിന് മണ്ഡലത്തിലെ മുഴുവൻ പൊതുമരാമത്ത് റോഡുകളും ഒരു സബ്ഡിവിഷന് കീഴിൽ കൊണ്ടുവരുന്നതിനായി ഈരാറ്റുപേട്ട സെക്ഷൻ ഓഫീസ് സബ്ഡിവിഷൻ ഓഫീസാക്കി ഉയർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പരിഗണനയിലില്ല.

**അങ്കമാലി കോടതി സമുച്ചയത്തിന്റെ നിർമ്മാണം**

9 (4725) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി കോടതി സമുച്ചയത്തിന്റെ നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ; പ്രസ്തുത സമുച്ചയത്തിന് എത്ര സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുണ്ടെന്നും എത്ര നിലകളാണ് വിഭാവനം ചെയ്തിരിക്കുന്നതെന്നും എസ്റ്റിമേറ്റ് തുക എത്രയെന്നും വ്യക്തമാക്കുമോ?

Ground Floor, Mezzanine Floor എന്നിവ ഉൾപ്പെടെ 7

നിലകളിലായി വിഭാവനം ചെയ്തിരിക്കുന്ന 48915 Sq.ft വിസ്തൃതിയിലുള്ള അങ്കമാലി കോടതി സമുച്ചയത്തിന്റെ സ്ഥലലഭ്യതയനുസരിച്ച് പുതുക്കിയ ആർക്കിടെക്ചറൽ ഡ്രോയിംഗ് അംഗീകാരത്തിനായി ഹൈക്കോടതിയിലേയ്ക്ക് സമർപ്പിച്ചിരിക്കുകയാണ്. അംഗീകാരം ലഭിച്ചശേഷം ഭരണാനുമതിക്കായി പ്ലിന്ത് ഏര്യ എസ്റ്റിമേറ്റ് സമർപ്പിക്കുന്നതാണ്. ആയതിനുശേഷം പ്രവൃത്തി ആരംഭിക്കുന്ന തീയതി, എസ്റ്റിമേറ്റ് തുക എന്നിവ കണക്കാക്കാവുന്നതാണ്.

(ബി) പ്രസ്തുത നിർമ്മാണത്തിന്റെ ടെൻഡർ നടപടികൾ അടിയന്തരമായി പൂർത്തീകരിക്കുമോ; ഇതിനായി എന്തെല്ലാം നടപടിക്രമങ്ങൾ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ?

പ്രവൃത്തിയുടെ ഭരണാനുമതി ലഭിക്കുന്നമുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി എത്രയും വേഗത്തിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## പൊതുമരാമത്ത് ബിൽഡിംഗ്സ് വിഭാഗത്തിന് കീഴിലെ കെട്ടിടങ്ങളും അനുബന്ധ റോഡുകളും

10 (4726) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി

സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ മണ്ഡലത്തിൽ പൊതുമരാമത്ത് ബിൽഡിംഗ്സ് വിഭാഗത്തിന് കീഴിൽ എത്ര കെട്ടിടങ്ങളും അനുബന്ധ റോഡുകളുമുണ്ടെന്ന് വ്യക്തമാക്കുമോ?

ആറ്റിങ്ങൽ മണ്ഡലത്തിൽ പൊതുമരാമത്ത് ബിൽഡിംഗ്സ് വിഭാഗത്തിന് കീഴിൽ 79 കെട്ടിടങ്ങളും ഈ കെട്ടിടങ്ങൾക്ക് അനുബന്ധമായി ഏകദേശം 1.300 കി.മീ. റോഡുകളുമുണ്ട്.

**നബാർഡ് ധനസഹായത്തിനായി പ്രൊപ്പോസലുകൾ**

11 (4727) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവ നിർമ്മിക്കുന്നതിന് നബാർഡ് ധനസഹായം ലഭ്യമാക്കുന്നതിനായി പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവ

നിർമ്മിക്കുന്നതിന് നബാർഡ് ധനസഹായം ലഭ്യമാക്കുന്നതിനായി പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടില്ല. നിരത്തുവിഭാഗത്തിനുകീഴിൽ വരുന്ന Improvements to Pathripala Chandha Kripalani road Km 0/000 to 3/000 in Ottapalam LAC എന്ന പ്രവൃത്തിക്കായി 500 ലക്ഷം രൂപയുടെ വിശദമായ എസ്റ്റിമേറ്റ് NABARD TRANCHE XXVII- ൽ ഉൾപ്പെടുത്തി അംഗീകാരത്തിനായി നിരത്ത് വിഭാഗത്തിൽനിന്നും പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ആയതിന് നബാർഡ് അംഗീകാരം ലഭിച്ചില്ല.

## ഒറ്റപ്പാലം മണ്ഡലത്തിലെ പൊതുമരാമത്ത് സ്പെഷ്യൽ ബിൽഡിംഗ് വിഭാഗം

12 (4728) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ പൊതുമരാമത്ത് സ്പെഷ്യൽ ബിൽഡിംഗ് വിഭാഗത്തിന് കീഴിൽ എത്ര കെട്ടിടങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മേൽ വിഭാഗത്തിന് കീഴിൽ ടി മണ്ഡലത്തിൽ നിലവിൽ അംഗീകരിച്ചിട്ടുള്ള പ്രവൃത്തികൾ, നടന്നുവരുന്ന പ്രവൃത്തികൾ എന്നിവ ഏതൊക്കെയാണെന്നും അവയ്ക്ക് അനുവദിച്ച തുക എത്രയാണെന്നും

വ്യക്തമാക്കാമോ;

(സി) ഇത്തരം പ്രവൃത്തികളുടെ നിലവിലെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

(എ-സി) ഒറ്റപ്പാലം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് സ്പെഷ്യൽ ബിൽഡിംഗ് വിഭാഗത്തിന് കീഴിൽ കെട്ടിടങ്ങളില്ല.

**പൊതുമരാമത്ത് വകുപ്പിലെ ആധുനികവൽക്കരണം**

13 (4729) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പും പ്രവൃത്തികളും ആധുനികവൽക്കരിക്കുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമാണെന്നറിയിക്കുമോ?

ഈ സർക്കാർ അധികാരത്തൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. PRICE സോഫ്റ്റ് വെയർ അപ്ഗ്രേഡ് ചെയ്തു.

2. വകുപ്പിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി.

3. 'തൊട്ടറിയാം പി.ഡബ്ല്യൂ.ഡി.' (thottariyampwd.kerala.gov.in) എന്ന വെബ്സൈറ്റിലൂടെ പൊതുജനത്തിന് പ്രവൃത്തിയുടെ വിശദവിവരങ്ങൾ ലഭ്യമാകും. കരാറുകാർക്ക് പ്രശ്നങ്ങൾ അറിയിക്കാനും ജനപ്രതിനിധികൾക്ക് പദ്ധതി പുരോഗതി വിലയിരുത്താനും പരാതികൾ അറിയിക്കാനുമുള്ള അവസരവും ലഭ്യമാണ്.

4. റസ്റ്റ് ഹൗസുകളിൽ ഓൺലൈൻ ബുക്കിംഗ് സംവിധാനം ഏർപ്പെടുത്തി കുറഞ്ഞ നിരക്കിൽ പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തു.

5. നിർമ്മാണ സ്ഥലത്ത് പ്രവൃത്തിയുടെ ഡിഫക്ട് ലയബിലിറ്റി പീരിയഡ് ഉത്തരവാദപ്പെട്ട കരാറുകാരൻ, പൊതുമരാമത്ത് ഉദ്യോഗസ്ഥൻ എന്നിവരുടെ വിവരങ്ങൾ ഉൾപ്പെടുത്തി DLP ബോർഡ് സ്ഥാപിക്കാൻ നടപടി സ്വീകരിച്ചു.

6. ക്വാളിറ്റി കൺട്രോൾ പരിശോധനകൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കി.

7. ഗ്രീൻ ബിൽഡിംഗ് പദ്ധതി ആരംഭിച്ചു.

8. Composite tender സംവിധാനം ഏർപ്പെടുത്തി.

9. പൊതുജനങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രിയുമായി നേരിട്ട് സംവദിക്കുന്നതിനായി ‘ Ring Road Phone in program’ നടപ്പിലാക്കി.

10. പൊതുജനങ്ങൾക്ക് പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളെപ്പറ്റിയുള്ള പരാതികൾ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ നേരിട്ട് അറിയിക്കുന്നതിനും പരാതി പരിഹരിക്കുന്നതിനും അതിന്റെ നിജസ്ഥിതി ഏതുസമയത്തും അറിയുന്നതിനുംവേണ്ടി PWD4U Mobile app പുറത്തിറക്കി.

11. Constituency Monitoring Team രൂപീകരിച്ച് എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ ദ്വൈമാസ യോഗങ്ങൾ നടന്നുവരുന്നു. എല്ലാ ജില്ലാ കളക്ടർമാരുടെയും അദ്ധ്യക്ഷതയിൽ District Infrastructure Co-ordination Committee-കൾ രൂപീകരിച്ച് ആയതിൽ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നുണ്ട്. സംസ്ഥാനതലത്തിൽ പൊതുമരാമത്ത് വകുപ്പുമന്ത്രി അദ്ധ്യക്ഷനായ PWD Mission Team-ഉം രൂപീകരിച്ചിട്ടുണ്ട്.

12. പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ച് പരിപാലിച്ചുവരുന്ന റോഡ് ആസ്തികളുടെ ശാസ്ത്രീയ പരിപാലനത്തിനും കാര്യക്ഷമമായ ധനവിനിയോഗത്തിനും സഹായിക്കുന്ന Road Maintenance Management

System(RMMS) നടപ്പിലാക്കിയിട്ടുണ്ട്.

## കരുനാഗപ്പള്ളി റെയിൽവേ മേൽപ്പാലം, ഗവൺമെന്റ് കോളേജ് കെട്ടിട നിർമ്മാണം

14 (4730) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി തഴവ ഗവൺമെന്റ് കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലായെന്ന് വ്യക്തമാക്കാമോ?

കരുനാഗപ്പള്ളി തഴവ ഗവൺമെന്റ് കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 2016 എം.എൽ.എ.-എ.ഡി.എസ്.-ൽ ഉൾപ്പെടുത്തി 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. അന്ന് കോളേജിന് ഭൂമി ഇല്ലാതിരുന്നതിനാൽ ഫണ്ടുപയോഗിക്കാൻ കഴിഞ്ഞിട്ടില്ല. ആയതിനുള്ള റീവാലിഡേഷൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കരുനാഗപ്പള്ളി മണ്ഡലത്തിലെ മാളിയേക്കൽ, ഇടക്കുളങ്ങര, ചിറ്റുമൂല റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം ഏത് ഘട്ടത്തിലായെന്ന് വ്യക്തമാക്കാമോ?

കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട

മാളിയേക്കൽ റെയിൽവേ മേൽപ്പാലം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി. ആയി നിയമിച്ചിട്ടുള്ളതാണ്. പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി, മാളിയേക്കൽ ഉൾപ്പെടെ 10 ആർ.ഒ.ബി.-കൾക്കായി ആർ.ബി.ഡി.സി.കെ. Design Build Transfer വ്യവസ്ഥയിൽ ടെണ്ടർ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ M/s. SPL Infrastructure Pvt. Ltd എന്ന കോൺട്രാക്ടറുമായി കരാർ ഉറപ്പിക്കുകയും ചെയ്തു. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങളായ സർവ്വേ, ഡിസൈനിന് ആവശ്യമായ മണ്ണ് പരിശോധന, ടെസ്റ്റ് പൈൽ എന്നിവ പൂർത്തിയാക്കി. തുടർന്ന് കരാറുകാരൻ മേൽപ്പാലത്തിന്റെ സ്ട്രക്ചറൽ ഡിസൈൻ രൂപകൽപ്പന ചെയ്യുകയും ആയതിന് ഐ.ഐ.ടി.-യുടെ അംഗീകാരം ലഭിക്കുകയും ചെയ്തു. തുടർന്ന് നിർമ്മാണ പ്രവർത്തനം ആരംഭിക്കുകയും നിലവിൽ പൈൽ, പൈൽ ക്യാപ്പ്, പിയർ, പിയർ ക്യാപ്പ് എന്നിവയുടെ പ്രവൃത്തികൾ പൂർത്തിയാക്കുകയും ചെയ്തു. നിലവിൽ മാളിയേക്കൽ റെയിൽവേ മേൽപ്പാലത്തിന്റെ സൂപ്പർ സ്ട്രക്ചർ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ആകെയുള്ള 48 ഗർഡറുകളിൽ 28 ഗർഡറുകൾ ഇതുവരെ സ്ഥാപിച്ചുകഴിഞ്ഞു. ബാക്കിയുള്ള ഗർഡറുകളുടെ നിർമ്മാണം ഫാബ്രിക്കേഷൻ യാർഡിൽ

പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. കൂടാതെ സർവ്വീസ് റോഡിന്റെയും ഓടകളുടെയും നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. റെയിൽവേ ഭാഗത്തിന്റെ നിർമ്മാണത്തിനായി റെയിൽവേ ടെണ്ടറുകൾ ക്ഷണിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ചിറ്റുമൂല റെയിൽവേ മേൽപ്പാലത്തിനായി ഭൂമി ഏറ്റെടുക്കൽ നടപടികൾ 24-12-2018-ൽ കൊല്ലം ജില്ലാ കളക്ടർക്ക് അർത്ഥനാ പത്രം സമർപ്പിച്ചുകൊണ്ട് ആരംഭിച്ചിട്ടുള്ളതും ഇപ്പോൾ അവസാനഘട്ട നടപടികൾ പുരോഗമിക്കുന്നതുമാണ്. 19(1) വിജ്ഞാപനം 20-06-2022-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. അവാർഡ് എൻക്വയറി നടപടികൾ 02-08-2022 മുതൽ 06-08-2022 വരെ നടത്തുവാനുള്ള നടപടികൾ ലാൻഡ് അക്വിസിഷൻ ഓഫീസർ സ്വീകരിച്ചിട്ടുണ്ട്. രണ്ട് മാസത്തിനുള്ളിൽ ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കുന്നതാണ്. ആർ.ഒ.ബി.-യുടെ റെയിൽവേ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗ് (ജി.എ.ഡി.) അംഗീകാരത്തിനായി റെയിൽവേയ്ക്ക് സമർപ്പിച്ചെങ്കിലും റെയിൽവേ ചില തിരുത്തലുകൾ ആവശ്യപ്പെട്ട് മടക്കി നൽകിയിരുന്നു. ആവശ്യമായ തിരുത്തലുകൾ നടത്തിയശേഷം 08-07-2022-ന് റെയിൽവേയ്ക്ക് അന്തിമ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. റെയിൽവേയിൽനിന്നും ജി.എ.ഡി.-ക്ക് അന്തിമ

അംഗീകാരം ലഭിക്കുന്നതിനായി തുടർനടപടി സ്വീകരിച്ചുപോരുന്നു. ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കുകയും ജി.എ.ഡി.-ക്കുള്ള അംഗീകാരം റെയിൽവേയിൽനിന്നും ലഭിക്കുകയും ചെയ്താൽ ഉടനെ പ്രവൃത്തി ടെണ്ടർ ചെയ്യുന്നതാണ്. ഇടക്കുളങ്ങര റെയിൽവേ ഗേറ്റ് കെ.ആർ.ഡി.സി.എൽ.-നെ ഏൽപ്പിച്ചിട്ടുള്ള മേൽപ്പാല നിർമ്മാണ പ്രവൃത്തികളിൽ ഉൾപ്പെടുന്നതാണ്. പ്രസ്തുത പദ്ധതിയുടെ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പബ്ലിക് ഹിയറിംഗ് പൂർത്തീകരിച്ചിട്ടുള്ളതാണ്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകുന്നതനുസരിച്ച് ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്.

**വടക്കാഞ്ചേരി മണ്ഡലത്തിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ**

15 (4731) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൻ കീഴിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ വിവരങ്ങളും തൽസ്ഥിതിയും ലഭ്യമാക്കാമോ?

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട

വിഭാഗത്തിന്റെ കീഴിൽ നടന്നുവരുന്ന പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## അളഗപ്പനഗർ ഗവ. എച്ച്.എസ്.-ന്റെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതി

16 (4732) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട അളഗപ്പനഗർ ഗവ. എച്ച്.എസ്.-ന്റെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി ലഭിച്ച് മാസങ്ങൾ പിന്നിട്ടിട്ടും നിർമ്മാണം ഇനിയും ആരംഭിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രവൃത്തിയുടെ എഗ്രിമെന്റ് 23-12-2020-ൽ നടത്തുകയും കരാറുകാരനായ ശ്രീ. ടി. എ. അബൂബക്കർ എന്നിവർക്ക് 31-12-2020-ന് സ്ഥലം കൈമാറുകയും ചെയ്തിരുന്നു.

(ബി) കരാറുകാരൻ പ്രവൃത്തി ചെയ്യാൻ തയ്യാറാകാതെ ബഹു. കോടതിയെ സമീപിച്ചിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത കേസ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാലതാമസമില്ലാതെ തീർപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും സ്കൂൾ കെട്ടിട നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ബഹുമാനപ്പെട്ട പുതുക്കാട് എം.എൽ.എ. ശ്രീ. കെ. കെ. രാമചന്ദ്രൻ അവർകളുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രവൃത്തിയുടെ സ്ഥലം (പുതിയ കെട്ടിട നിർമ്മാണം) പഴയ സ്കൂൾ കെട്ടിടം പൊളിച്ചുമാറ്റി ആ സ്ഥലത്തേയ്ക്ക് മാറ്റണമെന്ന് നിർദ്ദേശിച്ചു. 05-07-2021-ലെ പ്രിൻസിപ്പാളുടെ കത്തുപ്രകാരം പ്രവൃത്തിയുടെ സാങ്കേതികാനുമതി എസ്റ്റിമേറ്റ് പ്രകാരം അംഗീകരിച്ചുതന്ന സ്കൂൾ പണിയുന്നതിനുള്ള സൈറ്റ്, പഴയ സ്കൂൾ കെട്ടിടത്തിന്റെ സ്ഥാനത്തേയ്ക്ക് മാറ്റണമെന്നും ആവശ്യപ്പെട്ടു. പഴയ സ്കൂൾ കെട്ടിടം ഗ്രാമപഞ്ചായത്ത് പൊളിച്ചുനീക്കുകയും അതിനുശേഷം മുമ്പ് അംഗീകരിച്ച പ്ലാനിൽനിന്നും അധികം മാറ്റങ്ങളില്ലാതെ പുതിയ പ്ലാനും സൈറ്റ് പ്ലാനും തയ്യാറാക്കുകയും ആയത് സ്കൂൾ പ്രിൻസിപ്പാൾ അംഗീകരിച്ച് നൽകുകയും ചെയ്തിരുന്നു. അതിനുശേഷം പ്രവൃത്തി ആരംഭിക്കുവാൻ കരാറുകാരന് കത്ത് നൽകിയിരുന്നുവെങ്കിലും പുതിയ റേറ്റ് അനുവദിക്കണമെന്നും അല്ലാത്തപക്ഷം പ്രവൃത്തി ചെയ്യുന്നതിൽനിന്നും ഒഴിവാക്കണമെന്നും ആവശ്യപ്പെട്ട് കരാറുകാരൻ ബഹുമാനപ്പെട്ട കേരള

ഹൈക്കോടതിയിൽ WP(സി)No.5508/2022 പ്രകാരം കേസ് ഫയൽ ചെയ്തിട്ടുള്ളതാണ്. പ്രസ്തുത കേസ് ബഹു. ഹൈക്കോടതിയിൽ വാദം കേട്ടുകൊണ്ടിരിക്കുകയാണ്. കേസ് തീർപ്പാക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

**പൊതുമരാമത്ത് വകുപ്പിലെ പരിഷ്കരണങ്ങൾ**

17 (4733) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിൽ എന്തെല്ലാം പരിഷ്കരണങ്ങളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിനുകീഴിൽ പ്രവൃത്തികൾ നടപ്പാക്കുന്നതിലെ തടസ്സങ്ങൾ പരിഹരിക്കുന്നതിനും വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം സുഗമമാക്കുന്നതിനുമായി District Infrastructure Co-ordination Committees രൂപീകരിച്ചിട്ടുണ്ട്. "തൊട്ടറിയാം പി.ഡബ്ല്യൂ.ഡി" എന്ന

വെബ്സൈറ്റിലൂടെ പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും കരാറുകാർക്കും പ്രവൃത്തികളുടെ വിശദവിവരങ്ങൾ ലഭ്യമാകും. PWD 4U ആപ്പിലൂടെ പൊതുജനങ്ങൾക്ക് പരാതികളും നിർദേശങ്ങളും സമർപ്പിക്കാനുള്ള അവസരമുണ്ട്. റസ്റ്റ് ഹൗസുകളിൽ ഓൺലൈൻ ബുക്കിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കുറഞ്ഞ നിരക്കിൽ പൊതുജനങ്ങൾക്കായി റസ്റ്റ് ഹൗസുകൾ തുറന്നുകൊടുത്തു. പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട പരാതികളും നിർദ്ദേശങ്ങളും തൽസമയം വകുപ്പുമന്ത്രിയെ നേരിട്ട് അറിയിക്കുവാനുള്ള സംവിധാനമായ "റിംഗ് റോഡ്" എന്ന ഫോൺ ഇൻ പരിപാടി ആരംഭിച്ചു. ബന്ധപ്പെട്ട എം.എൽ.എ.-യെ ഉൾപ്പെടുത്തി സൂപ്രണ്ടിംഗ് എഞ്ചിനീയർ/എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ യോഗങ്ങളിലൂടെ പദ്ധതി പുരോഗതി വിലയിരുത്താനുള്ള സംവിധാനമായ മണ്ഡലതല നിരീക്ഷണ സമിതി രൂപീകരിച്ചു. PRICE 3 സോഫ്റ്റ്‌വെയർ അപ്ഗ്രേഡ് ചെയ്തു. വകുപ്പിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി. ഓരോ പ്രവൃത്തിയുടെയും പരിപാലനകാലം, ബന്ധപ്പെട്ട കരാറുകാരൻ, പൊതുമരാമത്ത് ഉദ്യോഗസ്ഥൻ എന്നിവരുടെ വിവരങ്ങൾ ഉൾപ്പെടുത്തി നിർമ്മാണ സ്ഥലത്ത് ബോർഡ് സ്ഥാപിക്കാൻ നടപടി സ്വീകരിച്ചു.

ഗുണനിലവാര പരിശോധനകൾ കൂടുതൽ കാര്യക്ഷമമാക്കി. ഗ്രീൻ ബിൽഡിംഗ് പദ്ധതി ആരംഭിച്ചു. Composite tender, റണ്ണിംഗ് കോൺട്രാക്ട്, കോൺട്രാക്ടേഴ്സ് ഇൻസെന്റീവ്, ആട്ടോമേറ്റഡ് മൊബൈൽ ക്വാളിറ്റി ടെസ്റ്റിംഗ് ലാബ്, ടാസ്ക് ഫോഴ്സ് തുടങ്ങിയവയും നടപ്പാക്കുന്നുണ്ട്.

(ബി) പുതിയതായി എന്തെങ്കിലും പരിഷ്കരണങ്ങൾ കൊണ്ടുവരാൻ ഇപ്പോൾ ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ സമയബന്ധിതമായും ഉന്നത ഗുണനിലവാരത്തിലും പൂർത്തീകരിക്കുവാൻ ആവശ്യമായ പരിഷ്കാരങ്ങൾ കാലാകാലങ്ങളിൽ ആവശ്യകത അനുസരിച്ച് നടപ്പിലാക്കിവരുന്നു.

## പുതുവേലി ഹയർ സെക്കന്ററി സ്കൂൾ കെട്ടിടനിർമ്മാണം

18 (4734) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ-ഏറ്റുമാനൂർ-മൂവാറ്റുപുഴ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി പുതുവേലി ഹയർ സെക്കന്ററി സ്കൂളിന്റെ ഭാഗങ്ങൾ പൊളിച്ചുമാറ്റിയത് പുനർനിർമ്മിക്കാൻ കഴിയാത്ത സാഹചര്യം

വിവരിക്കാമോ?

ചെങ്ങന്നൂർ-ഏറ്റുമാനൂർ-മൂവാറ്റുപുഴ റോഡിന്റെ അതിര് നിർണ്ണയിച്ച് ലഭിക്കുന്നതിന് താമസം നേരിട്ടതിനാൽ പുതുവേലി ഹയർ സെക്കണ്ടറി സ്കൂൾ നിർമ്മാണം നടത്തിയ കരാറുകാരൻ ബാലൻസ് പ്രവൃത്തിയായ retaining wall, compound wall തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനത്തിൽനിന്നും ഒഴിവാക്കിത്തരണമെന്ന് ആവശ്യപ്പെടുകയും ആയതിനാൽ കരാറുകാരനെ ക്ലോഷർ എഗ്രിമെന്റ്വച്ച് ഒഴിവാക്കുകയുമുണ്ടായി. ഈ സാഹചര്യംമൂലമാണ് സ്കൂളിന്റെ നിർമ്മാണ പ്രവൃത്തികൾക്ക് താമസമുണ്ടായിരിക്കുന്നത്.

(ബി) പ്രസ്തുത റോഡിന്റെ കോൺട്രാക്ടർ ക്ലോഷർ എഗ്രിമെന്റുവച്ച് പ്രവൃത്തിയിൽനിന്നും പൂർണ്ണമായും ഒഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

പുതുവേലി ഹയർ സെക്കണ്ടറി സ്കൂൾ പ്രവൃത്തിയുടെ കരാറുകാരൻ ക്ലോഷർ എഗ്രിമെന്റുവച്ച് പൂർണ്ണമായും ഒഴിഞ്ഞിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് പ്രസ്തുത പ്രവൃത്തിയിൽ നിന്നും കോൺട്രാക്ടറെ ഒഴിവാക്കി സ്കൂൾ കെട്ടിടത്തിന്റെ പൊളിച്ചിട്ട

ഭാഗങ്ങൾ പുനർനിർമ്മിക്കാൻ അടിയന്തര നടപടി സ്വീകരിക്കാമോ?

പ്രസ്തുത പ്രവൃത്തിയിൽനിന്നും കരാറുകാരനെ ക്ലോഷർ എഗ്രിമെന്റുവച്ച് വിടുതൽ ചെയ്ത് നൽകുകയും ബാലൻസ് തുക ഉപയോഗിച്ച് സ്കൂൾ കെട്ടിടത്തിന്റെ പൊളിച്ചിട്ട ഭാഗങ്ങൾ പുനർനിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരികയും ചെയ്യുന്നു.

(ഡി) പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൽനിന്നും സി.ഇ./ബി.എൽ./84418/2021 നമ്പർ ഫയൽ പ്രകാരം കെ.എസ്.ടി.പി.-ക്ക് എസ്റ്റിമേറ്റ് സമർപ്പിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; എസ്റ്റിമേറ്റ് അടിയന്തരമായി സമർപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൽ CE/BL/KTM/A1/84419/21 പ്രകാരം കെ.എസ്.ടി.പി.-ക്ക് അതിർത്തി നിർണ്ണയം സംബന്ധിച്ചുള്ള കത്തിടപാടുകളാണ് നടത്തിയിട്ടുള്ളത്. പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൽനിന്നും 24-11-2021 തീയതി പ്രകാരം കെ.എസ്.ടി.പി. ചീഫ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. സ്കൂൾ കെട്ടിടത്തിന്റെ ബാലൻസ് പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

## വേങ്ങര മണ്ഡലത്തിലെ മരാമത്ത് പ്രവൃത്തികൾ

19 (4735) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങര മണ്ഡലത്തിലെ നിരത്തുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ തുടങ്ങിയവയുടെ നിർമ്മാണ പ്രവൃത്തികളിൽ ഏതൊക്കെയാണ് നടന്നുവരുന്നതെന്നും ഓരോന്നിന്റെയും നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

(ബി) വേങ്ങര മണ്ഡലത്തിൽ അടിയന്തരമായി നടപ്പിലാക്കേണ്ടതും എന്നാൽ ഇതുവരെ ഭരണാനുമതി ലഭിച്ചിട്ടില്ലാത്തതുമായ പൊതുമരാമത്ത് പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ?

(എ&ബി) വേങ്ങര മണ്ഡലത്തിലെ നിരത്ത്, കെട്ടിടം, പാലം വിഭാഗങ്ങൾക്ക് കീഴിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## പ്രകൃതിക്ഷോഭങ്ങളിൽ പൊതുമരാമത്ത് വകുപ്പിനുണ്ടായ നാശനഷ്ടങ്ങൾ

20 (4736) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുടരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന ശക്തമായ മഴയിലും കാറ്റിലും ഉരുൾപൊട്ടലിലും മറ്റ് പ്രകൃതിക്ഷോഭങ്ങളിലുമായി ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെയുണ്ടായ നാശനഷ്ടങ്ങളും അതുമൂലമുണ്ടായ സാമ്പത്തികബാധ്യതയും സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) ഇത്തരം പ്രകൃതിക്ഷോഭങ്ങളിലൂടെ തകർന്ന റോഡുകൾ, പാലങ്ങൾ തുടങ്ങിയവയുടെ അറ്റകുറ്റപ്പണികളും പുനർനിർമ്മാണവും യഥാസമയം പൂർത്തിയാക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്നും അവയുടെ പുരോഗതി എന്താണെന്നും വ്യക്തമാക്കാമോ?

(എ&ബി) സംസ്ഥാനത്ത് തുടരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന ശക്തമായ മഴയിലും ഉരുൾപൊട്ടലിലും മറ്റ് പ്രകൃതിക്ഷോഭങ്ങളിലുമായി നിരത്തുവിഭാഗത്തിന് കീഴിലുള്ള റോഡുകൾക്ക് നാശനഷ്ടം സംഭവിക്കുകയും മണ്ണിടിച്ചിൽമൂലം ഗതാഗത തടസ്സമുണ്ടാകുകയും ചെയ്തിട്ടുണ്ട്. കലുങ്കുകൾ, സംരക്ഷണ ഭിത്തികൾ തുടങ്ങിയവയ്ക്ക് തകർച്ച, കേടുപാടുകൾ എന്നിവ

സംഭവിക്കുകയും ചെയ്തു. ഈ സർക്കാർ അധികാരമേറ്റശേഷം പ്രകൃതിക്ഷോഭങ്ങളിൽ നാളിതുവരെ 230 കോടി രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. പ്രകൃതിക്ഷോഭത്തിൽ തകർന്ന റോഡുകൾ പുനർനിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഗതാഗത തടസ്സം നീക്കംചെയ്ത് റോഡുകൾ യുദ്ധകാലാടിസ്ഥാനത്തിൽ ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. തകർന്ന കലുങ്കുകൾ, സംരക്ഷണഭിത്തികൾ തുടങ്ങിയവയുടെ പുനർനിർമ്മാണത്തിനും റോഡുകളുടെ നവീകരണത്തിനുമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയും. കൂടാതെ മഴക്കാലത്ത് കേടുപാടുകളുണ്ടാകുന്ന റോഡുകൾ മഴമാറി 48 മണിക്കൂറിനകം അറ്റകുറ്റപ്പണികൾ ചെയ്ത് ഗതാഗതയോഗ്യമാക്കുവാനായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പ്രത്യേക ടാസ്ക് ഫോഴ്സ് രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ദേശീയപാത വിഭാഗത്തിന്റെ കീഴിൽവരുന്ന റോഡുകളിൽ 2021 ഒക്ടോബർ മാസത്തിലും 2022 ജൂലൈ മാസത്തിലുമുണ്ടായ ശക്തമായ മഴയിൽ 23.05 കോടി രൂപയുടെ നാശനഷ്ടമുണ്ടായിട്ടുണ്ട്. 2021 ഒക്ടോബർ മാസത്തിലുണ്ടായ ശക്തമായ മഴയിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി

എസ്റ്റിമേറ്റ് സമർപ്പിക്കുകയും ഭരണാനുമതി നൽകുകയും ആയതിൽ ചില പ്രവൃത്തികൾ പൂർത്തീകരിക്കുകയും ബാക്കിയുള്ളവ പുരോഗമിച്ചുംവരുന്നു. 2022 ജൂലൈ മാസമുണ്ടായ ശക്തമായ മഴയിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിന് 8.45 കോടി രൂപ FDR 2022-23-നുകീഴിൽ കേന്ദ്ര ഗതാഗത മന്ത്രാലയത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കിഫ്ബി വിഭാഗത്തിനുകീഴിൽ താഴെ വിശദീകരിച്ചിരിക്കുന്ന രണ്ട് പ്രവൃത്തികൾക്കാണ് നാശനഷ്ടം സംഭവിച്ചത്.

1) കൊല്ലം ജില്ലയിലെ മലയോര ഹൈവേയുടെ ഭാഗമായ പുനലൂർ കെ.എസ്.ആർ.ടി.സി. ജംഗ്ഷൻ-കൊല്ലയിൽ റോഡിലെ പിറക്കൽ പാലത്തിന് സമീപമുള്ള ഒരു തോട്, മേയ് മാസത്തിൽ (26-05-2021) "യാസ്" ചുഴലിക്കാറ്റിനോടനുബന്ധിച്ചുണ്ടായ അതിതീവ്രമഴയിൽ കരകവിയുകയും അതിന്റെ സംരക്ഷണ ഭിത്തിക്ക് നാശം സംഭവിക്കുകയും ചെയ്തു. ഇതിന് അനുബന്ധമായി റോഡിന്റെ സംരക്ഷണത്തിനായി നിർമ്മിച്ചിരുന്ന കോൺക്രീറ്റ് ഭിത്തി ചരിഞ്ഞ് തോടിലേയ്ക്ക് വീഴുകയും ചെയ്തു. ഇതുകാരണമാണ് റോഡിന്റെ ചെയിനേജ് 4/164 മുതൽ 4/186 വരെയുള്ള 22 മീറ്റർ ഭാഗത്തിൽ നാശം സംഭവിച്ചത്. പ്രസ്തുത പ്രവൃത്തിയിൽ തകർന്ന കോൺക്രീറ്റ് സംരക്ഷണ ഭിത്തികൾ ഡിസൈൻ വിഭാഗം വിഭാവനം ചെയ്ത

പ്രകാരം കരാറുകാരൻ മുഖേന 27-04-2022-ൽ പുനർനിർമ്മിച്ചിട്ടുണ്ട്.

2) കാസർകോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് താലൂക്കിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്ന കോളിച്ചാൽ-ചെറുപുഴ മലയോര ഹൈവേയിൽ കി.മീ. 21/150 കാറ്റം കവലയിൽ റോഡിന്റെ ഇടതു ഭാഗത്തുള്ള കോൺക്രീറ്റ് പാർശ്വഭിത്തി 06-07-2022-ൽ തകരുകയുണ്ടായി. റോഡിന്റെ ഇടതുഭാഗത്ത് 35 മീ. നീളത്തിൽ 6 മീ. വീതിയിൽ റോഡ് പൂർണ്ണമായും തകർന്നു. ടാർ ചെയ്ത ബാക്കിയുള്ള ഭാഗത്ത് വലിയതോതിൽ വിള്ളലുകൾ രൂപപ്പെട്ടു. ഏകദേശം 6 മീറ്റർ ഉയരത്തിൽ റോഡിന്റെ പാർശ്വഭിത്തി പൂർണ്ണമായി ഒലിച്ചുപോയിട്ടുണ്ട്. ആയതിന് 40 ലക്ഷം രൂപയുടെ നാശനഷ്ടം കണക്കാക്കുന്നു. നിലവിലുള്ള കൾവെർട്ടിനുപകരം പുതുതായി ഉറവകൾ രൂപപ്പെട്ട ഭാഗത്ത് പുതുതായി കൾവെർട്ട് നിർമ്മിക്കുകയും തകർന്ന പാർശ്വഭിത്തിക്ക് പകരം പുതിയ പാർശ്വഭിത്തി നിർമ്മിച്ചുകൊണ്ടും മാത്രമേ റോഡിൽ ഗതാഗതം പുനഃസ്ഥാപിക്കാൻ സാധിക്കുകയുള്ളൂ. ആയതിനാൽ സ്ഥലപരിശോധന നടത്തി പ്രസ്തുത പാർശ്വഭിത്തിയും കൾവെർട്ടും പുതുതായി നിർമ്മിക്കുന്നതിനാവശ്യമായ ഡിസൈൻ എത്രയുംവേഗം പൂർത്തിയാക്കി സംരക്ഷണ ഭിത്തിയുടെ പുനർനിർമ്മാണ നടപടികൾ സ്വീകരിക്കുന്നതാണ്.

പാലം വിഭാഗത്തിനുകീഴിൽ 1424.3 ലക്ഷം രൂപയുടെ നാശനഷ്ടങ്ങളുണ്ടായതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു. +

## പയ്യന്നൂർ നഗരവികസന പദ്ധതി

21 (4737) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള റോഡ് ഫണ്ട് ബോർഡ് വഴി നടപ്പിലാക്കാൻ പ്രഖ്യാപിച്ച പയ്യന്നൂർ നഗരവികസന പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ;

(ബി) പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കാൻ ആരെയാണ് ചുമതലപ്പെടുത്തിയതെന്ന് അറിയിക്കാമോ?

(എ&ബി) പയ്യന്നൂർ നഗരപാത വികസന പദ്ധതി നടപ്പിലാക്കുന്നതിന് ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടുത്തി റോഡുകളുടെ പട്ടിക തയ്യാറാക്കി നൽകുന്നതിന് പൊതുമരാമത്ത് നിരത്തുവിഭാഗത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റോഡുകളുടെ പട്ടിക നിരത്തുവിഭാഗം ചീഫ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ

എഞ്ചിനീയർ കേരള റോഡ് ഫണ്ട് ബോർഡിൽ സമർപ്പിക്കുന്നമുറയ്ക്ക് വിശദമായ രൂപരേഖ (ഡി.പി.ആർ.) പൊതുമരാമത്ത് ഡിസൈൻ വിഭാഗം തയ്യാറാക്കുന്നതാണ്.

(സി) പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിലവിലെ തടസ്സങ്ങൾ പരിഹരിച്ച് പദ്ധതി യാഥാർത്ഥ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ നേരത്തെ സമർപ്പിച്ച റോഡ് പട്ടിക പ്രകാരം റോഡുകളുടെ വീതി 3 മുതൽ 4 മീറ്റർ വരെയാണ്. എന്നാൽ നഗരവികസന പദ്ധതിയിൽ റോഡുകൾ വികസിപ്പിക്കുന്നതിന് കുറഞ്ഞത് 10 മീറ്റർ ആവശ്യമായതിനാൽ പുതുക്കിയ റോഡ് പട്ടിക സമർപ്പിക്കാൻ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതി എങ്ങനെയാണ് കെ.ആർ.എഫ്.ബി. വിഭാവനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പയ്യന്നൂർ നഗര വികസന പദ്ധതി പൊതു-സ്വകാര്യ പങ്കാളിത്തത്തോടുകൂടി ഡി.ബി.എഫ്.ഒ.ടി. ആന്യുറ്റി വ്യവസ്ഥയിലാണ്

വിഭാവനം ചെയ്തിട്ടുള്ളത്. കൂടാതെ 15 വർഷത്തെ പരിപാലന പ്രവൃത്തികളും കൺസഷണറിൽ നിക്ഷിപ്തമാണ്.

**കരാറുകാർ പൊതുമരാമത്ത് പ്രവൃത്തികളിൽ വരുത്തുന്ന കാലതാമസം**

22 (4738) ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ റോഡ്, പാലം, കെട്ടിടം എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ കരാർ എടുത്തശേഷം അന്യായമായ കാരണങ്ങൾ ഉന്നയിച്ചും സർക്കാരിനെതിരെ കേസ് കൊടുത്തും ചില കരാറുകാർ പ്രവൃത്തി അനിശ്ചിതമായി നീട്ടിക്കൊണ്ടു പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവൃത്തികൾ കരാർ എടുത്തശേഷം അന്യായമായ കാരണങ്ങൾ ഉന്നയിച്ചും

കേസ് കൊടുത്തും ചില കരാറുകാർ പ്രവൃത്തി അനിശ്ചിതമായി നീട്ടിക്കൊണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്മേൽ PWD Revised Manual 2012-പ്രകാരം നടപടികൾ സ്വീകരിക്കാറുണ്ട്. യഥാർത്ഥ കാരണമില്ലാതെയാണ് കരാറുകാർ പ്രവൃത്തി ദീർഘിപ്പിച്ച കൊണ്ടുപോവുന്നതെങ്കിൽ നിയമാനുസൃതം പിഴ ഈടാക്കുന്നുണ്ട്. പിഴ ഈടാക്കി കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടും അകാരണമായി പ്രവൃത്തി ദീർഘിപ്പിക്കുന്നവരെ പ്രവൃത്തിയിൽനിന്നും ഒഴിവാക്കി റിസ്ക് & കോസ്റ്റ് വ്യവസ്ഥയിൽ പുതിയ കരാറുകാർക്ക് പ്രവൃത്തി ഏൽപ്പിച്ച് നൽകി സർക്കാരിന് അധികബാധ്യത വരാത്തവിധം പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(ബി) സ്ഥിരമായി ഈ പ്രവണത അനുവർത്തിക്കുന്ന ഏതെങ്കിലും കരാറുകാരെ തിരിച്ചറിയുകയോ അവർക്കെതിരെ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) എങ്കിൽ ആരൊക്കെയാണെന്നും അവർക്കെതിരെ സ്വീകരിച്ചുവരുന്ന നടപടികളും വ്യക്തമാക്കുമോ;

(ഡി) ഏതെങ്കിലും കരാറുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് വകുപ്പിൽനിന്നും ശിപാർശ ലഭ്യമായിട്ടുണ്ടോ; എങ്കിൽ അത്

ആരൊക്കെയെന്നും സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ?

(ബി-ഡി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**പൊതുമരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ**

23 (4739) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഇപ്പോൾ ഏത് ഡി.എസ്.ആർ.- ലാണ് തയ്യാറാക്കിവരുന്നത്?

സംസ്ഥാനത്തെ പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് നിലവിൽ ഡി.എസ്.ആർ. 2018 അടിസ്ഥാനമാക്കിയാണ് തയ്യാറാക്കിവരുന്നത്.

(ബി) ഇങ്ങനെ തയ്യാറാക്കി ടെൻഡർ ചെയ്യുന്ന പ്രവൃത്തികൾ വളരെ താഴ്ന്ന നിരക്കിൽ കരാറുകാർ ഏറ്റെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പ്രവൃത്തിയുടെ ക്വാളിറ്റിയെ ബാധിക്കുമെന്ന വിഷയം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

പ്രവൃത്തികൾ കരാറുകാർ എസ്റ്റിമേറ്റ് നിരക്കിനേക്കാളും കുറഞ്ഞ നിരക്കിൽ ഏറ്റെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇത്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവൃത്തിയുടെ ഗുണനിലവാരത്തെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എല്ലാ പ്രവൃത്തികളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ക്വാളിറ്റി കൺട്രോൾ മാന്വൽ പ്രകാരമുള്ള ഗുണനിലവാര പരിശോധനകൾ നടത്തിയാണ് നടപ്പിലാക്കുന്നത്.

(സി) നിശ്ചിത ശതമാനത്തിൽനിന്നും താഴ്ന്ന നിരക്കിൽ പ്രവൃത്തി ഏറ്റെടുത്താൽ റീ-ടെൻഡർ ചെയ്യാമെന്ന വ്യവസ്ഥ മുൻകാലങ്ങളിൽ ഉണ്ടായിരുന്നോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

എസ്റ്റിമേറ്റ് PAC-യുടെ 75%-ൽ താഴെ ക്വാട്ട് ചെയ്ത ടെണ്ടർ, ടെണ്ടറിംഗ് അതോറിറ്റിക്ക് നിരസിക്കുന്നതിനും റീടെണ്ടർ ചെയ്യുന്നതിനുമുള്ള വ്യവസ്ഥ പൊതുമരാമത്ത് വകുപ്പ് മാന്വൽ (ക്ലോസ്-2009.4)-ൽ ഉണ്ടായിരുന്നു. എന്നാൽ 29-08-2016-ലെ ജി.ഒ(പി)നം 124/2016/ഫിൻ. പ്രകാരം, മതിയായ മത്സരം ഉറപ്പാക്കിയശേഷം, രണ്ടാമതായും (L2) മൂന്നാമതായും (L3) ക്വാട്ട് ചെയ്ത കരാറുകാരുടെ നിരക്ക്, എസ്റ്റിമേറ്റ് PAC -ൽ 75%-ൽ താഴെയുള്ള നിരക്ക് ക്വാട്ട് ചെയ്ത L1 കരാറുകാരന്റെ നിരക്കിനൊപ്പം താരതമ്യേന കുറവാണെങ്കിൽ, എസ്റ്റിമേറ്റ് PAC-ൽ 75% താഴെയുള്ള നിരക്കിൽ ക്വാട്ട് ചെയ്ത ടെണ്ടർ നിരസിക്കേണ്ടതില്ലായെന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഏതെങ്കിലും കരാറുകാരൻ എസ്റ്റിമേറ്റ് PAC-യുടെ

75%-ൽ താഴെ ക്വാട്ട് ചെയ്യുന്നപക്ഷം ക്വാട്ട് ചെയ്ത മറ്റെല്ലാ നിരക്കുകളുമായുള്ള വ്യത്യാസവും വളരെ ഉയർന്ന് തന്നെയാണെങ്കിൽ, ടെണ്ടർ സ്വീകരിക്കുന്ന അതോറിറ്റിക്ക് മെറിറ്റുകളെ അടിസ്ഥാനമാക്കി ഉചിതമായ തീരുമാനം എടുക്കാവുന്നതാണെന്നും പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്.

(ഡി) ഇത്തരത്തിൽ പ്രവൃത്തി ഏറ്റെടുക്കുന്നത് ഒഴിവാക്കുന്നതിലേയ്ക്കായി ടെണ്ടർ നടപടിയിൽ പുതിയ വ്യവസ്ഥകൾ ഉൾപ്പെടുത്തുന്ന വിഷയം പരിഗണിക്കുമോ; വിശദാംശം അറിയിക്കാമോ?

പരിശോധിക്കാവുന്നതാണ്.

**അണ്ടർപാസ്സ് നിർമ്മാണം**

24 (4740) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 544-ൽ പുതുക്കാട് ജംഗ്ഷനിൽ നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള അണ്ടർപാസ്സ് നിർമ്മാണം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതുക്കാട് ജംഗ്ഷനിൽ അടിക്കടിയുണ്ടാകുന്ന അപകടങ്ങൾ

ഒഴിവാക്കുന്നതിനും സുഗമമായ ഗതാഗത സൗകര്യമൊരുക്കുന്നതിനുമായി നേരത്തെതന്നെ അംഗീകരിച്ച് ദേശീയപാത അധികാരികൾ ഉറപ്പുനൽകിയിട്ടുള്ള അണ്ടർപാസ്സിന്റെ നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) NHAI മുഖാന്തരം നടപ്പിലാക്കുന്ന തൃശ്ശൂർ മുതൽ ഇടപ്പള്ളി വരെയുള്ള 6 വരിപ്പാതയുടെ നിർമ്മാണത്തിനോടനുബന്ധിച്ച് ദേശീയപാത 544-ൽ പുതുക്കാട് (കി.മീ. 280-550) vehicular underpass നിർമ്മിക്കേണ്ടതുണ്ട്. അതിനായി ഈ സ്ട്രെച്ചിന്റെ ഡി.പി.ആർ. തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. 2023-2024-ൽ ഈ പ്രവൃത്തി അവാർഡ് ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) നാലുവരിപ്പാത നിർമ്മാണത്തിന്റെ ഭാഗമായി പുതുക്കിപ്പണിത ഡ്രെയിനേജ് സംവിധാനങ്ങൾ കാര്യക്ഷമമല്ലാത്തതിനാൽ, വിവിധ ഭാഗങ്ങളിലുണ്ടാകുന്ന വെള്ളക്കെട്ട് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

Concession Agreement പ്രകാരം തൃശ്ശൂർ മുതൽ ഇടപ്പള്ളി വരെയുള്ള സ്ട്രെച്ചിൽ കി.മീ. 270.00 മുതൽ 342 വരെയുള്ള ഡ്രെയിനേജ് വർക്കുകൾ, Concessionaire മുഖേനയോ Concessionaire-യുടെ റിസ്ക് ആൻഡ്

കോസ്റ്റിൽ 3rd party മുഖേനയോ മാർച്ച് 2023-നകം നടപ്പിലാക്കുന്നതാണ്. എഗ്രിമെന്റ് പരിധിക്ക് അധികമായിവരുന്ന ജോലികൾ സൈറ്റിലെ ആവശ്യകതയ്ക്കനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി change of scope-ൽ ഉൾപ്പെടുത്തി പൂർത്തിയാക്കേണ്ടതുണ്ട്.

**ആലത്തൂർ മണ്ഡലത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ**

25 (4741) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ പൊതുമരാമത്ത് പാലം വിഭാഗത്തിന് കീഴിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി ലഭ്യമായിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ച തുക എത്രയെന്നും അനുമതി ലഭ്യമായത് എന്നാണെന്നും പ്രവൃത്തികളുടെ നിജസ്ഥിതി എന്താണെന്നുമുള്ള വിശദവിവരം ലഭ്യമാക്കുമോ?

(എ&ബി) പൊതുമരാമത്ത് പാലം വിഭാഗത്തിനുകീഴിൽ ആലത്തൂർ നിയോജകമണ്ഡലത്തിലെ പുന്നപ്പാടം-മമ്പാട് കോസ് വേയുടെ

പുനർനിർമ്മാണത്തിനായി 6.6 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബി ധനസഹായത്തോടുകൂടി നടപ്പിലാക്കുന്നതിന് 10 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുള്ള ചുള്ളിമാട് പാലം, 15 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുള്ള ആലത്തൂർ പാറക്കുന്നം പാലം എന്നിവ പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗത്തിൽനിന്ന് കെ.ആർ.എഫ്.ബി.-പി.എം.യു.-ന് കൈമാറിയിട്ടുണ്ട്.

**എടപ്പാൾ മിനി സിവിൽ സ്റ്റേഷൻ കെട്ടിടം**

26 (4742) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിലെ എടപ്പാൾ മിനി സിവിൽ സ്റ്റേഷൻ കെട്ടിടം പണിയുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ?

718.70 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഇതിന്റെ പ്രവൃത്തി ഏത് വരെയായിയെന്ന് വിശദമാക്കാമോ?

ഇൻവെസ്റ്റിഗേഷൻ ചെയ്യുന്നതിനായി ഇൻവെസ്റ്റിഗേഷൻ ആൻഡ്

ക്വാളിറ്റി കൺട്രോൾ വിംഗ് കോഴിക്കോടിന് കത്ത് സമർപ്പിച്ചിട്ടുണ്ട്.

## പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾക്ക് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് മുൻഗണന

27 (4743) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾക്ക് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് മുൻഗണന നൽകുന്നുണ്ടോ; എങ്കിൽ എന്തൊക്കെ പരിഗണനകളാണ് നൽകുന്നതെന്ന് വിശദമാക്കാമോ?

ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നത് സഹകരണ വകുപ്പിന്റെ 13-11-1997-ലെ ജി.ഒ(എം.എസ്)നമ്പർ 135/97/സഹ, 09-02-2021-ലെ ജി.ഒ(എം.എസ്) നമ്പർ 4/2021/സഹ. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരമാണ്. 09-02-2021-ലെ ജി.ഒ(എം.എസ്) നമ്പർ 4/2021/സഹ. സർക്കാർ ഉത്തരവിൽ A, B, C class-ൽ ഉൾപ്പെടുന്ന സംഘങ്ങൾക്ക് ഏറ്റെടുക്കാവുന്ന ഒരു പ്രവൃത്തിയുടെ പരിധിയും ഏറ്റെടുക്കാവുന്ന ആകെ

പ്രവൃത്തികളുടെ പരിധിയും പരാമർശിക്കുന്നുണ്ട്. 13-11-1997-ലെ ജി.ഒ(എം.എസ്) നമ്പർ 135/97/സഹ. പ്രകാരം ഒരു പ്രവൃത്തിയുടെ ഏറ്റവും കുറഞ്ഞ ടെണ്ടർ നൽകിയിരിക്കുന്നത് ഒരു പ്രൈവറ്റ് കോൺട്രാക്ടർ ആണെങ്കിൽ ടി ടെണ്ടറിംഗിൽ പങ്കെടുക്കുന്ന ഒരു ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് (പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറാണെങ്കിൽ) പ്രസ്തുത തുകയിൽനിന്നും 10% മുകളിൽ വരെയുള്ള തുകയ്ക്ക് പ്രവൃത്തി നൽകാവുന്നതാണ്. ഇതുകൂടാതെ സെക്യൂരിറ്റി ഡെപ്പോസിറ്റ്, EMD (Earnest Money Deposit) തുടങ്ങിയവ അടയ്ക്കുന്നതിൽനിന്നും ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളെ ഒഴിവാക്കിയിട്ടുമുണ്ട്.

(ബി) ഈ സർക്കാർ നിലവിൽവന്നശേഷം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് പൊതുമരാമത്തിന്റെ പ്രവൃത്തികൾ ടെണ്ടർ വഴിയോ ടെണ്ടർ ഒഴിവാക്കിയോ നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഏതൊക്കെ പ്രവൃത്തികളാണ് പ്രസ്തുത സൊസൈറ്റിക്ക് ടെണ്ടർ പ്രകാരം നൽകിയതെന്നും ഓരോ പ്രവൃത്തിയുടെയും അടങ്കൽ തുക എത്രയാണെന്നും വിശദമാക്കുമോ;

(ഡി) ടെണ്ടർ പ്രകാരമല്ലാതെ നൽകിയ പ്രവൃത്തികളുടെ വിശദാംശം അടങ്കൽ തുക ഉൾപ്പെടെ നൽകുമോ?

(ബി-ഡി) ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് ടെണ്ടർ പ്രകാരം നൽകിയ പ്രവൃത്തിയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+ കെട്ടിട വിഭാഗത്തിൽനിന്നും 22-05-2021-ലെ ജി.ഒ.(ആർ.ടി.) നമ്പർ 532/2021/പി.ഡബ്ല്യു.ഡി. പ്രകാരം Modification of existing rest room for Security Guards, Drivers, Gun man, Ladies servant/Attendant etc at Cliff house, Tvpm എന്ന പ്രവൃത്തി 98,00,000 രൂപ അടങ്കൽ തുകയ്ക്ക് ടെണ്ടർ പ്രകാരമല്ലാതെ നല്കിയിട്ടുണ്ട്.

**കുണ്ടറ മണ്ഡലത്തിലെ ബഡ്ജറ്റ് പ്രവൃത്തികൾ**

28 (4744) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017 സാമ്പത്തിക വർഷം മുതൽ കുണ്ടറ മണ്ഡലത്തിലെ വിവിധ പ്രവൃത്തികൾക്കായി തുക അനുവദിച്ചിട്ട് പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ഏതൊക്കെയാണെന്നും പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ച തുക എത്രയാണെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ നിശ്ചയിച്ച കാലപരിധിക്കുള്ളിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ?

(എ&ബി) പൊതുമരാമത്ത് കെട്ടിട വിഭാഗത്തിനുകീഴിൽ കുണ്ടറ മണ്ഡലത്തിലെ കേരളപുരം ഗവ. എച്ച്.എസ്.-ന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഒരു കോടി രൂപ 2016-17-ലെ ആസ്തി വികസന പദ്ധതിയിൽനിന്നും അനുവദിച്ചിരുന്നു. 24-10-2017-ൽ കരാറുകാരനുമായി എഗ്രിമെന്റ് വച്ചിട്ടുള്ളതുമാണ്. എന്നാൽ വേണ്ടത്ര സ്ഥലം ലഭ്യമാകാത്തതിനാൽ കരാറുകാരനുമായി ക്ലോഷർ എഗ്രിമെന്റ് ചെയ്ത് ടി പ്രവൃത്തി കാൻസൽ ചെയ്യുകയായിരുന്നു. 2016-17 സാമ്പത്തിക വർഷം കുണ്ടറ മണ്ഡലത്തിലെ താഴെപ്പറയുന്ന കിഫ്ബി പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്.

1) കുണ്ടറ-ചിറ്റുമല-ഇടിയക്കടവ്-കരുർ ത്രുക്കടവ്-മൺട്രോതുരുത്ത് റെയിൽവേ സ്റ്റേഷൻ റോഡ് പ്രവൃത്തിക്ക് 15 കോടിയുടെ ഭരണാനുമതിയും 25.8 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. ടി പദ്ധതി 24-05-2018-ൽ എഗ്രിമെന്റുവച്ച് സൈറ്റ് ഹാൻഡ് ഓവർ ചെയ്തിട്ടുള്ളതാണ്. സ്ഥലം ലഭ്യമാക്കുന്നതിലെ കാലതാമസവും കേരള വാട്ടർ അതോറിറ്റിയുടെ (KWA) പൈപ്പ്ലൈൻ സ്ഥാപിക്കലും കാരണം പ്രവൃത്തിയിൽ കാലതാമസം നേരിടുകയും പദ്ധതി കാലാവധി നീട്ടിനല്കുകയും ചെയ്തു. എന്നാൽ നീട്ടി

നൽകിയ കാലാവധിക്കുള്ളിൽ പദ്ധതി പൂർത്തിയാക്കുന്നതിൽ കരാറുകാരൻ വീഴ്ച വരുത്തിയതിനാൽ 24-05-2022-ൽ പദ്ധതി കരാർ റിസ്ക് ആൻഡ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്തു. ബാക്കി പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കി സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്.

2) ഉമയനല്ലൂർ-കല്ലുവെട്ടാംകുഴി-താഹ-കരിക്കോട്-കേരളപുരം റോഡ് പദ്ധതിക്കായി 20 കോടി രൂപയുടെ ഭരണാനുമതിയും 36.1 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. ടി പദ്ധതി 19-09-2018-ൽ എഗ്രിമെന്റ് വയ്ക്കുകയും 27-09-2018-ൽ സൈറ്റ് ഹാൻഡ് ഓവർ ചെയ്തിട്ടുള്ളതുമാണ്. ഈ പ്രവൃത്തിയുടെ കാലാവധി 24 മാസമായിരുന്നു. എന്നാൽ ശക്തമായ മഴ, കോവിഡ് വ്യാപനം, KWA-യുടെ പൈപ്പ് ഇടീൽ, കെ.എസ്.ഇ.ബി. പോസ്റ്റ് മാറ്റൽ തുടങ്ങിയ കാരണങ്ങളാൽ പണി പൂർത്തിയാക്കുന്നതിന് കാലതാമസമുണ്ടായി. പ്രസ്തുത പ്രവൃത്തി 3 ഘട്ടങ്ങളായി 30-09-2022 വരെ നീട്ടി നൽകിയിട്ടുണ്ട്. നിലവിൽ 71% പണി പൂർത്തീകരിച്ചിട്ടുണ്ട്.

3) ഇളവൂർ പാലം പ്രവൃത്തിക്കായി 15 കോടി രൂപയുടെ ഭരണാനുമതി തുകയും 9.58 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. ഈ

പ്രവൃത്തിക്ക് 23-02-2021-ൽ 5.63 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി 26-02-2021-ൽ ടെണ്ടർ ചെയ്തിരുന്നുവെങ്കിലും തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം പ്രാബല്യത്തിൽ വന്നതിനാൽ ടെണ്ടറിന്റെ ബിഡ് തുറക്കുന്ന 20-06-2021 വരെ തീയതി ദീർഘിപ്പിച്ചിരുന്നു. എന്നാൽ ആരും പങ്കെടുക്കാത്തതിനാൽ 30-07-2021-ൽ റീടെണ്ടർ ചെയ്തിരുന്നു. ഈ ടെണ്ടറിൽ ഒരാൾ പങ്കെടുത്തുവെങ്കിലും ക്വാട്ട് ചെയ്ത തുക കൂടിയതിനാൽ ടെണ്ടർ അപ്രൂവൽ കമ്മിറ്റി റീടെണ്ടർ ചെയ്യുവാനായി നിർദ്ദേശിച്ചു, പി.ഡബ്ല്യൂ.ഡി.-യിൽ പുതിയ റേറ്റ് റിവിഷൻ പ്രാബല്യത്തിൽ വന്നതിനാൽ ഈ വർക്കിന്റെ എസ്റ്റിമേറ്റ് 2018 DSR പ്രകാരം പുതുക്കി 25-04-2022-ൽ പുതുക്കിയ സാങ്കേതികാനുമതി നൽകി രണ്ട് പ്രാവശ്യം ടെണ്ടർ ചെയ്തിരുന്നു. എന്നാൽ ഈ ഘട്ടത്തിലും ആരും ടെണ്ടറിൽ പങ്കെടുക്കാത്തതിനെത്തുടർന്ന് നിലവിൽ റീ-ടെണ്ടർ ചെയ്തിരിക്കുകയാണ്. ടെണ്ടർ തുറക്കുന്ന തീയതി 19-07-2022.

4) കണ്ണനല്ലൂർ ജംഗ്ഷൻ വികസനം പ്രവൃത്തിക്കായി 21 കോടി രൂപയുടെ ഭരണാനുമതിയും 28.4 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിരുന്നു. നിലവിൽ ടി പദ്ധതിയുടെ സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. സ്ഥലമേറ്റെടുക്കലിന്റെ ഭാഗമായി 11(1) നോട്ടിഫിക്കേഷൻ

17-01-2022-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

5) കോയിക്കൽ മുതൽ കരിക്കോട് ജംഗ്ഷൻ വരെ നാലുവരിയായി വീതികൂട്ടൽ, കുണ്ടറ പള്ളിമുക്കിലെ നാലുവരി മേൽപ്പാലവും RoB-യും എന്ന പ്രവൃത്തിക്ക് 447.15 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് പദ്ധതി ഭാഗങ്ങളിലെ ഇൻവെസ്റ്റിഗേഷൻ നടത്തിയിരുന്നു. ഈ വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ (2022-23) ഉൾപ്പെട്ടിട്ടുള്ള 'Development of Thiruvananthapuram-Angamali MC Road & Kollam Chengotta Road' എന്ന പദ്ധതിയിൽ ഈ പദ്ധതിയിലെ ഭാഗങ്ങളും ഉൾപ്പെട്ടുവരുന്നതിനാൽ, പ്രസ്തുത റോഡുമായി ബന്ധപ്പെട്ട് ദേശീയപാത വിഭാഗത്തിൽനിന്നും നടത്തിയിട്ടുള്ള ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് കെ.ആർ.എഫ്.ബി.-പി.എം.യു. ശേഖരിച്ച് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിന് കൈമാറി ഡിസൈൻ നടപടികൾ പുരോഗമിച്ചുവരുന്നു. ദേശീയപാത വിഭാഗത്തിനുകീഴിൽ FDR-2018-19 NH 183-Raising and construction of side drain and covering slab near Thevally (Ch:1/240)-Mathilil (Ch:1/850) - Nanthirikkal (Ch:12/780)-Katcherimukku (Ch: 14/300)-Kanjirakkode (Ch:15/300) and Moonnumukku (Ch: 21/200) എന്ന പ്രവൃത്തിക്ക് 24.98 ലക്ഷം രൂപയുടെ

ഭരണാനുമതി നൽകിയിട്ടുണ്ട്. കോൺട്രാക്ടർ പ്രവൃത്തി ചെയ്യുവാൻ തയ്യാറാകാത്തതിനാൽ ടിയാനെ പ്രവൃത്തി ചെയ്യുന്നതിൽനിന്ന് നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ആർക്കിടെക്ടുകളുടെ എംപാനൽഡ് ലിസ്റ്റ്**

29 (4745) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിടങ്ങളുടെ മികച്ച രൂപകൽപ്പന ഉറപ്പ് വരുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ?

പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൽനിന്നും ടോട്ടൽ സ്റ്റേഷൻ സർവ്വേ നടത്തി അതാത് ഭരണവകുപ്പുകളിൽനിന്നും കെട്ടിടത്തിന്റെ വിശദമായ Functional Requirement ശേഖരിച്ച് പൊതുമരാമത്ത് വകുപ്പ് ആർക്കിടെക്ചർ വിഭാഗത്തിന് കൈമാറുന്നു. രൂപകല്പന സംബന്ധമായ തുടർനടപടികൾ ആർക്കിടെക്ചർ വിഭാഗമാണ് നിർവ്വഹിക്കുന്നത്. സമീപകാലങ്ങളിൽ പൊതുമരാമത്ത് വകുപ്പ് വാസ്തുശില്പ വിഭാഗം രൂപകല്പന ചെയ്ത് കെട്ടിട വിഭാഗം നിർമ്മിക്കുന്ന കെട്ടിടങ്ങൾ ഉപയോഗക്ഷമതയിലും

കലാമൂല്യപരമായും കാലഘട്ടത്തോട് യോജിച്ച് നിൽക്കുന്നവയാണ്. വകുപ്പ് തലത്തിൽ സ്വീകരിച്ചിട്ടുള്ള, വിവിധ ഘട്ടങ്ങളിലും തലങ്ങളിലുമുള്ള അവലോകന, നിർവ്വഹണ സംവിധാനങ്ങൾ (DICC, നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള വിലയിരുത്തൽ, PWD Mission, മറ്റ് ഓൺലൈൻ സംവിധാനങ്ങൾ) കാരണം കാര്യക്ഷമമായും സമയബന്ധിതമായും നിർമ്മാണങ്ങൾ നടപ്പിലാക്കുവാൻ ഈ വിഭാഗത്തിന് സാധിക്കുന്നു. കെട്ടിടങ്ങളുടെ രൂപകല്പനയിലും നിർമ്മാണത്തിലും സ്വീകരിച്ചിട്ടുള്ള ആശയങ്ങളും സങ്കേതങ്ങളും സംഗ്രഹിക്കുന്നു.

I) സാദ്ധ്യമാകുന്ന തരത്തിൽ പ്രകൃതിയോടിണങ്ങുന്ന നിർമ്മാണങ്ങൾ സാദ്ധ്യമാക്കുവാൻ ഹരിത നിർമ്മാണശൈലി അവലംബിച്ചുവരുന്നു. അതനുസരിച്ച് നിർമ്മിക്കുന്ന രജിസ്ട്രേഷൻ വകുപ്പിന്റെ ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണം തിരുവനന്തപുരം നേമത്ത് പുരോഗമിച്ചുവരുന്നു. ഹരിത നിർമ്മാണ സാങ്കേതികവിദ്യയിൽ വകുപ്പിലെ വാസ്തു ശില്പികൾക്കും ബന്ധപ്പെട്ട എഞ്ചിനീയർമാർക്കും പരിശീലന ക്ലാസുകൾ സംഘടിപ്പിച്ച് കഴിഞ്ഞിട്ടുണ്ട്.

II) കെട്ടിട രൂപകല്പനയുടെ അടിസ്ഥാന തത്വമായ മതിയായ വായു സഞ്ചാരവും വെളിച്ചവും ഉറപ്പാക്കുന്ന രൂപകല്പനകൾ.

III) കാലത്തിനിണങ്ങുന്ന കെട്ടിടങ്ങളുടെ മുഖഛായ.

IV) നിർമ്മാണ ചട്ടങ്ങൾക്കുള്ളിൽനിന്നുകൊണ്ടുള്ള രൂപകല്പന.

v) അഗ്നിസുരക്ഷാ നിർദ്ദേശങ്ങൾ, അംഗപരിമിതർക്കുള്ള സൗകര്യങ്ങൾ എന്നിവ ഉറപ്പുവരുത്തുവാനുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നു.

vi) കെട്ടിടങ്ങളുടെ structural weight ഉറപ്പാക്കുവാനായി ഭാരം കുറഞ്ഞ നിർമ്മാണ വസ്തുക്കൾ (AAC Block, Light weight partition walls തുടങ്ങിയവ) ഉൾപ്പെടുത്തുന്നതുമൂലം നിർമ്മാണ ചെലവ് കുറയ്ക്കുവാൻ കഴിയുന്നു.

(ബി) പൊതുമരാമത്ത് ആർക്കിടെക്ച്ചർ വിഭാഗത്തിന് വകുപ്പിലെ മുഴുവൻ കെട്ടിട നിർമ്മാണ പ്രവൃത്തികളുടെയും രൂപകൽപ്പന ചെയ്യുന്നതിന് സാധിക്കുമോ; ഇല്ലെങ്കിൽ മറ്റ് ഏജൻസികൾവഴി കെട്ടിടങ്ങളുടെ രൂപകൽപ്പന നടത്താൻ സാധിക്കുമോയെന്ന് വിശദവിവരങ്ങൾ സഹിതം അറിയിക്കാമോ?

പൊതുമരാമത്ത് ആർക്കിടെക്ചറൽ വിഭാഗത്തിന് കെട്ടിട വിഭാഗവുമായി ബന്ധപ്പെട്ട് ലഭ്യമാകുന്ന എല്ലാ നിർമ്മാണ പ്രവൃത്തികളുടെയും രൂപകല്പന ചെയ്യുന്നതിന് സാധിക്കുന്നതാണ്.

(സി) മികച്ച ആർക്കിടെക്ടുകളുടെ എംപാനൽഡ് ലിസ്റ്റ് നിലവിലുണ്ടോ;

എങ്കിൽ വിശദവിവരങ്ങൾ അറിയിക്കാമോ?

ആർക്കിടെക്റ്റുകളുടെ എംപാനൽ ലിസ്റ്റ് നിലവിലില്ല.

**നബാർഡിന്റെ സഹായത്തോടെ നടക്കുന്ന പൊതുമരാമത്ത് പണികൾ**

30 (4746) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നബാർഡിന്റെ സഹായത്തോടെ എത്ര പാലങ്ങളുടെയും റോഡുകളുടെയും പണികളാണ് നടന്നുകൊണ്ടിരിക്കുന്നത്?

സംസ്ഥാനത്ത് നബാർഡിന്റെ സഹായത്തോടെ 15 പാലങ്ങളുടെയും 61 റോഡുകളുടെയും പ്രവൃത്തികൾ നടന്നുവരുന്നു.

(ബി) പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികൾക്ക് നബാർഡിന്റെ സഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ?

നിലവിൽ എസ്റ്റിമേറ്റ് തുക 5 കോടി രൂപയ്ക്ക് മുകളിൽ വരുന്നതും സ്ഥലം ലഭ്യമായതുമായ റോഡ് പ്രവൃത്തികൾക്കാണ് നബാർഡ് ധനസഹായം ലഭ്യമാക്കുന്നത്.

(സി) പ്രസ്തുത സഹായം ലഭിക്കുന്നതിനായി ചീഫ് എഞ്ചിനീയർ

സമർപ്പിച്ചിട്ടുള്ള റോഡുകളുടേയും പാലങ്ങളുടേയും ലിസ്റ്റിൽ ഭരണാനുമതി ലഭിക്കാത്തവയുണ്ടോ; എങ്കിൽ അവ ഏതെല്ലാമെന്ന് അറിയിക്കാമോ?

കഴിഞ്ഞ വർഷം നിരത്ത് വിഭാഗത്തിൽനിന്നും 53 പ്രവൃത്തികൾക്ക് ഡി.പി.ആർ. സമർപ്പിച്ചിരുന്നുവെങ്കിലും 12 പ്രവൃത്തികൾക്ക് മാത്രമാണ് നബാർഡിൽനിന്നും അംഗീകാരം ലഭിച്ചത്. ലഭിക്കാത്ത പ്രവൃത്തികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.+ പാലങ്ങൾ വിഭാഗത്തിൽനിന്നും 10 പ്രവൃത്തികൾക്ക് ഡി.പി.ആർ. സമർപ്പിച്ചിരുന്നുവെങ്കിലും 6 പ്രവൃത്തികൾക്കാണ് നബാർഡിൽനിന്നും അംഗീകാരം ലഭിച്ചത്. അംഗീകാരം ലഭിക്കാത്ത പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+

(ഡി) ചീഫ് എഞ്ചിനീയർ സമർപ്പിച്ച നിർദ്ദേശത്തിൽ ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾ ഉൾപ്പെടുത്താനുള്ള കാരണം വെളിപ്പെടുത്തുമോ?

ചീഫ് എഞ്ചിനീയർ സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ നബാർഡ് അംഗീകാരം ലഭിച്ചശേഷം ഭരണാനുമതി നൽകുന്ന രീതിയാണ് നിലവിൽ തുടർന്നുവരുന്നത്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പൊതുമരാമത്ത് വകുപ്പിൽ ഇ-ഓഫീസ് സംവിധാനം

31 (4747) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ ഇ-ഓഫീസ് സംവിധാനം സമ്പൂർണ്ണമായി നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

പൊതുമരാമത്ത് വകുപ്പിൽ ഇ-ഓഫീസ് സംവിധാനം പൂർണ്ണമായും നടപ്പാക്കിയിട്ടുണ്ട്. ഐ.ടി. മിഷന്റെയും എൻ.ഐ.സി.-യുടെയും സഹകരണത്തോടെയാണ് വകുപ്പിൽ ഇ-ഓഫീസ് സംവിധാനം നടപ്പാക്കുന്നത്. പൊതുമരാമത്ത് വകുപ്പിന്റെ എല്ലാ ചീഫ് എഞ്ചിനീയർ ഓഫീസുകളിലും 12 സർക്കിൾ ഓഫീസുകളിലും 66 ഡിവിഷൻ ഓഫീസുകളിലും 203 സബ്ഡിവിഷൻ ഓഫീസുകളിലും 430 സെക്ഷൻ ഓഫീസുകളിലും ഇ-ഓഫീസ് നടപ്പാക്കിയിട്ടുണ്ട്.

ഇ-ഓഫീസ് സംവിധാനം കെ-സ്വാൻ നെറ്റ്‌വർക്ക് വഴിയോ വി.പി.എൻ. നെറ്റ്‌വർക്ക് വഴിയോ മാത്രമേ നിലവിൽ ഉപയോഗിക്കുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ വകുപ്പിന്റെ ഡിവിഷൻതലം വരെയുള്ള

ഓഫീസുകളിൽ എല്ലാംതന്നെ ബി.എസ്.എൻ.എൽ. ലീസ്ഡ് ലൈൻ കണക്ഷനെടുത്ത് കെ-സ്വാൻ നെറ്റ്‌വർക്കുമായി ബന്ധിപ്പിച്ചിട്ടുണ്ട്. സബ്-ഡിവിഷൻ, സെക്ഷൻ ഓഫീസുകളിൽ അവിടുത്തെ നിലവിലെ ഇന്റർനെറ്റ് കണക്ഷൻ ഉപയോഗിച്ച് വി.പി.എൻ. നെറ്റ്‌വർക്ക് എടുത്ത് ഇ-ഓഫീസ് ഉപയോഗിക്കുന്നു.

(ബി) പൊതുമരാമത്ത് വകുപ്പിലെ സെക്ഷൻ ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കാൻവേണ്ട അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(ബി&സി) വകുപ്പിന്റെ സബ്-ഡിവിഷൻ ഓഫീസുകൾവരെ ഇ-ഓഫീസ് ഉപയോഗത്തിനായുള്ള കമ്പ്യൂട്ടർ, നെറ്റ്‌വർക്ക്, സ്കാനർ, യു.പി.എസ്. എന്നിവ ആവശ്യത്തിന് നൽകിയിട്ടുണ്ട്. സെക്ഷൻ ഓഫീസുകളിൽ നിലവിലെ കമ്പ്യൂട്ടർ, പ്രിന്റർ കം സ്കാനർ, ലാപ്ടോപ് എന്നിവയ്ക്കുപുറമേ രണ്ട് പുതിയ ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ, യു.പി.എസ്. എന്നിവ ഐ.ടി. വകുപ്പിന്റെ ഇ-പ്രൊക്യൂർമെന്റ് പോർട്ടൽവഴി വാങ്ങുന്നതിനായി 3.49 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) പൊതുമരാമത്ത് വകുപ്പിൽ 30-06-2022 വരെ ഇ-ഓഫീസ് മുഖേന ഒരു ഫയൽപോലും ക്രിയേറ്റ് ചെയ്യാത്ത എത്ര ഓഫീസുകളുണ്ടെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്ത് വകുപ്പിൽ 01-01-2022 മുതലാണ് പൂർണ്ണമായും ഇ-ഓഫീസ് സംവിധാനം നടപ്പാക്കിയത്. ഇതിൽ സബ്-ഡിവിഷൻ തലം വരെ എല്ലാ ഓഫീസുകളും ഇ-ഓഫീസ് ഫയൽ ക്രിയേറ്റ് ചെയ്തിട്ടുണ്ട്. വകുപ്പിലെ 430 സെക്ഷൻ ഓഫീസുകളിൽ 117 ഓഫീസുകൾ മാത്രമാണ് 30-06-2022 വരെ ഒരു ഫയൽപോലും ഇ-ഓഫീസിൽ ക്രിയേറ്റ് ചെയ്യാത്തത്. ഇവർക്കാവശ്യമായ പരിശീലനം കൊടുത്ത് ഇ-ഓഫീസ് ഉപയോഗിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

(ഇ) പൊതുമരാമത്ത് വകുപ്പിൽ പ്രൈസ് സോഫ്റ്റ്‌വെയർ ഉപയോഗിച്ചുകൊണ്ടിരിക്കെ മറ്റൊരു സോഫ്റ്റ്‌വെയറായ ഇ-ഓഫീസ് കൂടി നടപ്പിലാക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ?

പൊതുമരാമത്ത് വകുപ്പിന്റെ പ്രൈസ് സോഫ്റ്റ്‌വെയർ ഒരു വർക്ക് മാനേജ്മെന്റ് സിസ്റ്റമാണ്. ഇതിൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റ് ഉണ്ടാക്കൽ, അതിന്റെ വിവിധ ഓഫീസുകളിലെ അംഗീകാരം നൽകൽ, ജസ്റ്റിഫിക്കേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കൽ, ടെണ്ടർ ഡോക്യുമെന്റ്

തയ്യാറാക്കൽ, ടെണ്ടർ അംഗീകരിക്കൽ, ഇ-മെഷർമെന്റ്, ബിൽ തയ്യാറാക്കൽ, ആസ്തികളുടെ ഡിജിറ്റൈസേഷൻ, റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കൽ, എമിലി സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിക്കൽ എന്നിവയാണ് പ്രധാനമായും ചെയ്യുന്നത്. എന്നാൽ വകുപ്പിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മറ്റ് പൊതുവായ കാര്യങ്ങളുടെ ഫയലുകൾ കൈകാര്യം ചെയ്യുന്നതിനാണ് ഇ-ഓഫീസ് സംവിധാനം നടപ്പാക്കിയത്.

(എഫ്) പൊതുമരാമത്ത് വകുപ്പിൽ പ്രൈസ്, ഇ-ഓഫീസ് എന്നീ സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുന്നതിന് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ (Standard Operating Procedure) പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

പൊതുമരാമത്ത് വകുപ്പിൽ ഇ-ഓഫീസ് സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിന് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ സർക്കുലറുകൾ, ഉപയോഗിക്കുന്ന രീതികൾ വിവരിക്കുന്ന ഡോക്യുമെന്റുകൾ എന്നിവ നൽകിയിട്ടുണ്ട്. ഇവ പൊതുമരാമത്ത് വെബ്സൈറ്റിലും ഇ-ഓഫീസ് സൈറ്റിലും ലഭ്യമാണ്. പ്രൈസ് സോഫ്റ്റ്‌വെയർ പൊതുമരാമത്ത് മാന്വൽ പ്രകാരമാണ് ഉപയോഗിക്കേണ്ടത്. കൂടാതെ മരാമത്ത് പണികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട കാലാകാലങ്ങളിലെ സർക്കാർ ഉത്തരവുകളും

അനുസരിച്ച് പ്രൈസ് സോഫ്റ്റ്‌വെയർ അപ്ഡേറ്റ് ചെയ്യുന്നു. ആയതിനാൽ പ്രൈസ് സോഫ്റ്റ്‌വെയറിന് പ്രത്യേകം Standard Operating Procedure നിലവിലില്ല. എന്നാൽ ഈ സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിനുവേണ്ട ട്യൂട്ടോറിയൽ വീഡിയോകൾ പ്രൈസ് സോഫ്റ്റ്‌വെയർ വെബ്സൈറ്റിൽ കൊടുത്തിട്ടുണ്ട്. (https://price.kerala.gov.in/tutorials.htm).

**ഷൊർണ്ണൂർ മണ്ഡലത്തിൽ അംഗീകരിച്ചിട്ടുള്ള പ്രവൃത്തികൾ**

32 (4748) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ പൊതുമരാമത്ത് ബിൽഡിംഗ്സ് വിഭാഗത്തിന് കീഴിൽ എത്ര കെട്ടിടങ്ങളും എത്ര കിലോമീറ്റർ അനുബന്ധ റോഡുകളുമുണ്ടെന്ന് വ്യക്തമാക്കാമോ?

ഷൊർണ്ണൂർ മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന് 25 കെട്ടിടങ്ങളാണ് നിലവിലുള്ളത്. ഇവയിൽ ഷൊർണ്ണൂർ ഐ.പി.ടി. ആൻഡ് ജി.പി.ടി. കോളേജ്, മേഖല സ്റ്റേഷനറി എന്നിവയിൽ ഉൾപ്പെടെ 1.1 കിലോമീറ്ററോളം ഇന്റേണൽ റോഡുകളാണുള്ളത്.

(ബി) പ്രസ്തുത വിഭാഗത്തിന് കീഴിൽ നിലവിൽ അംഗീകരിച്ചിട്ടുള്ള പ്രവൃത്തികൾ, നടന്നുവരുന്ന പ്രവൃത്തികൾ എന്നിവ ഏതൊക്കെയാണെന്നും നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

<u>നിലവിൽ അംഗീകരിച്ച പ്രവൃത്തികളും നിലവിലെ സ്ഥിതിയും</u>:-

1. ഐ.പി.ടി. ആൻഡ് ജി.പി.ടി. കോളേജിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് - നിലവിൽ റ്റെന്റേറ്റീവ് ഡിസൈൻ ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

2. ഐ.പി.ടി. ആൻഡ് ജി.പി.ടി കമ്പ്യൂട്ടർ ബ്ലോക്ക് - നിലവിൽ സാങ്കേതികാനുമതി എസ്റ്റിമേറ്റ് പരിശോധനയിലാണ്.

3. എൻ.സി.സി. 28 ബറ്റാലിയൻ കെട്ടിട നിർമ്മാണം - സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

<u>നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തിയും നിലവിലെ സ്ഥിതിയും</u>:-

1. ഐ.പി.ടി. ആൻഡ് ജി.പി.ടി. കോളേജിൽ ബോയ്സ് ഹോസ്റ്റലിന്റെ മെയിന്റനൻസ് പ്രവൃത്തി - പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

2. ചെർപ്പുളശ്ശേരി ജില്ലാ ട്രഷറി കെട്ടിട നിർമ്മാണം - കരാറുകാരന്

സൈറ്റ് കൈമാറിയിട്ടുണ്ട്.

**കെട്ടിട വാടക നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ**

33 (4749) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി കെട്ടിടമില്ലാത്ത സർക്കാർ ആഫീസുകൾക്ക് വാടകയ്ക്ക് കെട്ടിടം ഏറ്റെടുക്കുമ്പോൾ വാടക നിശ്ചയിക്കുന്ന നടപടിക്രമങ്ങളുടെ വിശദാംശം അറിയിക്കാമോ;

(ബി) ആയത് സംബന്ധിച്ച് ഏതെല്ലാം സർക്കാർ ഉത്തരവുകളാണ് നിലവിലുള്ളത്; അവയുടെ വിശദാംശം നൽകാമോ?

(എ&ബി) സ്വന്തമായി കെട്ടിടമില്ലാത്ത സർക്കാർ ഓഫീസുകൾക്ക് വാടകയ്ക്ക് കെട്ടിടം ഏറ്റെടുക്കുമ്പോൾ വാടക നിർണ്ണയ അപേക്ഷയോടൊപ്പം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം നൽകുന്ന കെട്ടിട നമ്പരോടുകൂടിയ കാലപ്പഴക്ക നിർണ്ണയരേഖ, വാടക നിർണ്ണയിക്കുകയോ പുതുക്കുകയോ ചെയ്യേണ്ട തീയതിയിലെ ഭൂവിലയും സർവ്വേ നമ്പറും കാണിച്ച് റവന്യൂ അധികാരികൾ നൽകുന്ന ഭൂവില നിർണ്ണയ പത്രം നിശ്ചിത ദിവസം മുതൽ

വാടക നിർണ്ണയിക്കുന്നതിനുവേണ്ടി കെട്ടിടം വാടകയ്ക്കെടുക്കുന്ന ഓഫീസ് മേധാവി പൂരിപ്പിച്ച പ്രൊഫോർമ, കെട്ടിട ഉടമയുടെ സമ്മതപത്രം എന്നിവ സഹിതം അതാത് ജില്ലയിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് ഓൺലൈനായി സമർപ്പിക്കാൻ ടി വിഷയം സംബന്ധിച്ച് നിലവിലുള്ള സർക്കാർ ഉത്തരവ് 10-1-2022-ലെ ജി.ഒ (എം.എസ്) നം. 1/2022/പൊ.മ.വ. പ്രകാരം നിഷ്കർഷിച്ചിരിക്കുന്നു. കെട്ടിടം വാടകയ്ക്ക് ആവശ്യമുള്ള ഓഫീസിലെ ജീവനക്കാരുടെ അംഗബലത്തിനനുസരിച്ചുള്ള സ്ഥലത്തിന് വാടക നിശ്ചയിച്ച് നൽകുന്നു.

(സി) കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി എത്ര സർക്കാർ ആഫീസുകൾക്കാണ് പൊതുമരാമത്ത് കെട്ടിട വിഭാഗം വാടക നിശ്ചയിച്ച് നൽകിയത്; ഓരോ കെട്ടിടങ്ങളുടെ വിവരങ്ങൾ, ഏത് ഓഫീസ്, വിസ്തീർണ്ണം, ജീവനക്കാരുടെ എണ്ണം, വാടക, വാടക നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ എന്നിവ തീയതി സഹിതം വർഷം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

കെട്ടിട വാടക നിശ്ചയിച്ച് നൽകിയ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

## മലപ്പുറം ജില്ലയിലെ പൊതുമരാമത്ത് ഓഫീസ്

34 (4750) <u>ശ്രീ. എ. രാജ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പുതിയ പൊതുമരാമത്ത് ഓഫീസ് രൂപീകരണവുമായി ബന്ധപ്പെട്ട് ചീഫ് എഞ്ചിനീയർ സർക്കാരിന് സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ?

മലപ്പുറം ജില്ലയിൽ പുതിയ പൊതുമരാമത്ത് ഓഫീസ് രൂപീകരണവുമായി ബന്ധപ്പെട്ട് ചീഫ് എഞ്ചിനീയർ 10-08-2021-ൽ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മലപ്പുറം ജില്ലയിൽ പുതിയ കാര്യാലയങ്ങളും അധിക തസ്തികകളും സൃഷ്ടിക്കുന്നത് സംബന്ധിച്ച ആവശ്യകത പരിശോധിച്ച് ശാസ്ത്രീയമായി പഠനം നടത്തി വ്യക്തമായി അപഗ്രഥിച്ച് വ്യക്തവും വിശദവുമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നു. അതിൻപ്രകാരം പുതുക്കിയ റിപ്പോർട്ട് 14-07-2022-ൽ ലഭ്യമായിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഈ വിഷയത്തിലുള്ള സെക്രട്ടേറിയറ്റിലെ ഫയലിന്റെ നമ്പർ ലഭ്യമാക്കാമോ?

പൊ.മ.വ-എ 4/108/2020-പൊ.മ.വ.

**ദേശീയപാത വികസനം പുതിയ നിർമ്മാണ പ്രവർത്തനങ്ങളുടെ ദൂരപരിധിക്ക് ഇളവ്**

35 (4751) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയ്ക്കായി സ്ഥലവും വീടും വ്യാപാര സ്ഥാപനങ്ങളും ഒഴിഞ്ഞ് കൊടുത്തവർക്ക് ദേശീയപാതയുടെ ഇരുവശങ്ങളിലും 7.5 മീറ്റർ ദൂരപരിധി കഴിഞ്ഞ് മാത്രമേ പുതിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി ലഭിക്കുകയുള്ളൂയെന്ന വ്യവസ്ഥ കാലോചിതമായി പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ദേശീയപാതയ്ക്കായി സ്ഥലവും വീടും കെട്ടിടങ്ങളും ഒഴിഞ്ഞ് കൊടുത്തവർക്ക് പാതയുടെ ഇരുവശങ്ങളിലും നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിലവിൽ നിശ്ചയിച്ചിട്ടുള്ള നിബന്ധനകളിൽ ഇളവ് വരുത്തുവാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) ദേശീയപാത അതോറിറ്റി പിന്തുടരുന്ന 1980-ലെ IRC 73 മാനദണ്ഡപ്രകാരം പ്ലെയിൻ ആൻഡ് റോളിംഗ് ഭൂപ്രദേശങ്ങളിലെ നിർമ്മിതികളും ദേശീയപാതയുടെ അതിർത്തിയും തമ്മിൽ 3-6 മീറ്റർ ദൂരപരിധി പാലിക്കേണ്ടതുണ്ട്. ദൂരപരിധി സംബന്ധിച്ച് IRC 73 മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**ചിറക്കൽപ്പടി-കാഞ്ഞിരപ്പുഴ റോഡ് പുനരുദ്ധാരണം**

36 (4752) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18-ൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ കോങ്ങാട് മണ്ഡലത്തിലെ ചിറക്കൽപ്പടി-കാഞ്ഞിരപ്പുഴ റോഡ് പുനരുദ്ധാരണ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

കോങ്ങാട് മണ്ഡലത്തിലെ ചിറക്കൽപ്പടി-കാഞ്ഞിരപ്പുഴ റോഡ് പ്രവൃത്തിക്ക് 24.33 കോടി രൂപയ്ക്ക് 28-11-2018-ൽ കരാർ നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ 75% പൂർത്തീകരിച്ചു.

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ കരാർ റദ്ദാക്കിയിട്ടുണ്ടോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. 30-04-2022-ൽ പ്രോജക്ട് ഡയറക്ടർ, കെ.ആർ.എഫ്.ബി.-പി.എം.യു. കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ ടെർമിനേറ്റ് ചെയ്തു.

(സി) എങ്കിൽ റീടെണ്ടർ ചെയ്ത് പുതിയ കരാർ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) റീടെണ്ടർ ചെയ്യുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

(സി&ഡി) ബാലൻസ് എസ്റ്റിമേറ്റ് സമർപ്പിക്കാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.ആർ.എഫ്.ബി-പി.എം.യു., പാലക്കാട്/മലപ്പുറത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനുള്ള നടപടികൾ പുരോഗമിക്കുന്നതായി എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ബാലൻസ് എസ്റ്റിമേറ്റ് ലഭ്യമാകുമ്പോൾ പരിശോധനയ്ക്കുശേഷം അംഗീകാരം നൽകി റീടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയും.

## കണ്ണൂർ സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതി

37 (4753) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കണ്ണൂർ സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതിക്കായി ഭൂമി ഏറ്റെടുത്തത് സംബന്ധിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമത്തിലെ സെക്ഷൻ 4, 7 എന്നീ വകുപ്പുകൾക്ക് വിരുദ്ധമായാണ് സാമൂഹ്യ ആഘാത പഠനവും വിദഗ്ദ്ധ സമിതി റിപ്പോർട്ടും തയ്യാറാക്കിയതെന്ന പ്രദേശവാസികളുടെ ആരോപണം പരിശോധിച്ചിട്ടുണ്ടോയെന്നറിയിക്കാമോ?

(എ&ബി) കണ്ണൂർ ജില്ലയിലെ വില്ലേജുകളിൽ ഉൾപ്പെടുന്ന 4.74 ഹെക്ടർ സ്ഥലം കണ്ണൂർ എൻ.എച്ച്. 66 റോഡ് (മന്നാ ജംഗ്ഷൻ മുതൽ എൻ.എച്ച്. ബൈപ്പാസ് വരെ) വീതി കൂട്ടുന്നതിന് 2013-ലെ, എൽ.എ.ആർ.ആർ. ആക്ട് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിന് ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളതും സബ് സെക്ഷൻ (1) സെക്ഷൻ (4) പ്രകാരം സാമൂഹ്യാഘാത പഠനം നടത്തുന്നതിന് സെന്റർ ഫോർ സോഷ്യൽ എക്കണോമിക് ആൻഡ് എൺവയോൺമെന്റൽ സ്റ്റഡീസ്, പടിവട്ടം, കൊച്ചി എന്ന ഏജൻസിയെ ചുമതലപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. സാമൂഹ്യാഘാത പഠന ഏജൻസി പഠനം നടത്തിയിട്ടുള്ളതും ഏറ്റെടുക്കൽമൂലമുണ്ടാകുന്ന

ആഘാതങ്ങൾ ലഘൂകരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ, ബാധിക്കപ്പെടുന്ന കുടുംബങ്ങൾക്കുള്ള നഷ്ടപരിഹാരം തുടങ്ങിയവയിലുള്ള പഠനങ്ങൾ നടത്തി കരട് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും ജനങ്ങളുടെ ആവലാതികൾ കേൾക്കുന്നതിന് സെക്ഷൻ 5 പ്രകാരം പബ്ലിക് ഹിയറിംഗ് നടത്തിയിട്ടുള്ളതുമാണ്. അതിനുശേഷം അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും തുടർന്ന് സാമൂഹ്യ പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി വിദഗ്ധ സമിതിയെ രൂപീകരിച്ചിട്ടുള്ളതും വിദഗ്ധ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതിന് അനുമതി നൽകി 18-06-2022-ലെ സ.ഉ.(കൈ) നമ്പർ 159/20/റവ. പ്രകാരം ഉത്തരവായിട്ടുള്ളതുമാണ്. സാമൂഹ്യാഘാത പഠനം നടത്തുന്ന സമയത്ത് ജനങ്ങൾക്ക് ആശങ്കയുള്ളപക്ഷം പബ്ലിക് ഹിയറിംഗിൽ ആയത് ഉന്നയിക്കാവുന്നതും ആയത് പരിഗണിക്കുകയും ചെയ്തശേഷമാണ് സാമൂഹ്യാഘാത പഠന ഏജൻസി അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നത്. കൂടാതെ, സാമൂഹ്യ പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി വിദഗ്ധ സമിതിയെ രൂപീകരിച്ചിട്ടുള്ളതും വിദഗ്ധ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഉചിത സർക്കാർ തീരുമാനം കൈക്കൊണ്ട് 01-02-2021-ലെ സ.ഉ(അച്ചടി) നമ്പർ

18/2021/റവ. പ്രകാരം 11(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. 11(1) വിജ്ഞാപനം പുറപ്പെടുവിച്ചതിനുശേഷം സബ് സെക്ഷൻ (1) സെക്ഷൻ (15) പ്രകാരം സ്ഥലമെടുപ്പ് നടപടികളിൽ ആക്ഷേപമുള്ളപക്ഷം ജനങ്ങൾക്ക് സർക്കാരിൽ പരാതി സമർപ്പിക്കാൻ അവസരമുള്ളതും ഇപ്രകാരം സമർപ്പിച്ചിട്ടുള്ള ആക്ഷേപങ്ങൾ പ്രസക്തമല്ലെന്ന് കണ്ടെത്തിയതിനെ തുടർന്ന് 20-05-2022-ലെ ബി2/161/2022/റവ. കത്ത് പ്രകാരം ആക്ഷേപങ്ങൾ അന്തിമമാക്കി സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതിന് റവന്യൂ വകുപ്പിൽനിന്നും ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ശ്രീ. അബ്ദുൾ മനാഫ് മുതൽ പേർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WP(സി) No. 18887/2020 കേസ് ഫയൽ ചെയ്തിരുന്നതും കോടതി ഉത്തരവനുസരിച്ച് ജില്ലാ കളക്ടർ 01-12-2021-ന് കക്ഷികളെ നേരിൽ കേട്ടിരുന്നതുമാണ്.

(സി) പ്രസ്തുത റോഡിന്റെ ഒരു ഭാഗത്ത് നിലവിലെ റോഡിന്റെ ഒരു വശത്തുനിന്ന് മാത്രമായി സ്ഥലം ഏറ്റെടുക്കുന്നതുമൂലം വ്യാപാര സ്ഥാപനങ്ങൾ പൊളിച്ചുനീക്കപ്പെടുന്ന രീതിയിലുള്ളതാണ് നിലവിലെ പ്രൊപ്പോസലെന്നും 17 മീറ്ററിൽ നാലുവരിപ്പാത നിർമ്മിക്കാവുന്നതാണെന്നും കാണിച്ച് പ്രദേശത്തെ വ്യാപാരി വ്യവസായികൾ ഒരു ബദൽ പ്രൊപ്പോസൽ

സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉണ്ട്. കണ്ണൂർ നഗരപാത വികസന പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയ ഡി.പി.ആർ. സർക്കാർ അംഗീകരിച്ചതാണ്. സർക്കാർ അംഗീകരിച്ച അലൈൻമെന്റ് പ്രകാരമാണ് ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നത്. കണ്ണൂർ നഗരപാത വികസന പദ്ധതിയിൽ ഉൾപ്പെട്ട C01-(മന്ന ജംഗ്ഷൻ - ന്യൂ എൻ.എച്ച്. ബൈപ്പാസ്) റോഡ് 9.325 കി.മീ. നീളത്തിൽ 22 മീറ്റർ മുതൽ 38 മീറ്റർവരെ വീതിവരുന്ന രീതിയിൽ 4 വരിയായാണ് വികസിപ്പിക്കുന്നത് (ബസ്ബേ, ജംഗ്ഷൻ നവീകരണം, പാലങ്ങളിലെ അപ്രോച്ച് റോഡുകൾ ഉൾപ്പെടെ). മേൽ അലൈൻമെന്റ് IRC മാനദണ്ഡപ്രകാരം തയ്യാറാക്കിയതിനാൽ നിലവിലെ വളവുകൾ സ്റ്റാൻഡേർഡൈസ് ചെയ്താണ് റോഡ് നവീകരിക്കുന്നത്. ആയതിനാൽ നിലവിലെ റോഡിന്റെ ഇരുഭാഗങ്ങളിലും ഏറ്റെടുക്കുന്ന ഭൂമിയിൽ വ്യത്യാസം വരാവുന്നതാണ്. പ്രദേശവാസികൾ സമർപ്പിച്ച ബദൽ പ്രൊപ്പോസലിൽ പുതിയതെരു പോലെ ജനത്തിരക്കുള്ള പ്രദേശത്ത് കാൽനടയാത്രക്കാർക്ക് സൗകര്യപ്രദമായ നടപ്പാതയോ സുരക്ഷയോ നൽകുന്നതായി കാണുന്നില്ല. മാത്രമല്ല കണ്ണൂർ നഗരപാത വികസന പദ്ധതിയിലെ C01-(മന്ന ജംഗ്ഷൻ-

ന്യൂ എൻ.എച്ച്. ബൈപ്പാസ്) ജംഗ്ഷൻ വരുന്ന സ്ഥലങ്ങളിൽ 17 മീറ്ററിൽ നവീകരിച്ചാൽ നിലവിലെ ഗതാഗതക്കുരുക്കിന് പരിഹാരമാകുകയുമില്ല. കൂടാതെ മേൽറോഡിൽ 9.325 കിലോമീറ്ററിൽ പൂർണ്ണമായും 22 മീറ്റർ മുതൽ 38 മീറ്റർ വരെ വീതിയിൽ നവീകരിക്കുമ്പോൾ ഒരു ഭാഗത്തുമാത്രം 17 മീറ്ററിൽ നവീകരിക്കുന്നത് ഗതാഗത തടസം സൃഷ്ടിക്കുന്നതിന് കാരണമാകുന്നതുമാണ്.

(ഡി) പ്രസ്തുത പദ്ധതിക്കായുള്ള സാമൂഹ്യ ആഘാത പഠന സമിതിയിൽ പ്രദേശത്തെ തദ്ദേശസ്ഥാപനങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തണമെന്ന് ബന്ധപ്പെട്ട നിയമങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ ആയത് പാലിക്കപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ?

സാമൂഹ്യാഘാത പഠനം വിലയിരുത്തുന്നതിന് രൂപീകരിച്ച വിദഗ്ധ സമിതിയിൽ തദ്ദേശസ്ഥാപനങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തണമെന്ന് എൽ.എ.ആർ.ആർ. ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതും ആയത് പാലിച്ചിട്ടുള്ളതുമാണ്.

(ഇ) ചില സ്ഥലങ്ങളിൽ പദ്ധതി നടത്തിപ്പിനാവശ്യമായതിൽ കുറവും ചില മേഖലകളിൽ ആവശ്യമായതിൽ കൂടുതലും ഭൂമി ഏറ്റെടുത്തതായുള്ള പ്രദേശവാസികളുടെ ആരോപണം പരിശോധിച്ചിരുന്നോയെന്നറിയിക്കാമോ?

പരിശോധിച്ചിരുന്നു. IRC മാനദണ്ഡപ്രകാരം തയ്യാറാക്കിയതിനാൽ നിലവിലെ വളവുകൾ സ്റ്റാൻഡേർഡൈസ് ചെയ്താണ് റോഡ് നവീകരിക്കുന്നത്. ആയതിനാൽ നിലവിലെ റോഡിന്റെ ഇരുഭാഗങ്ങളിലും ഏറ്റെടുക്കുന്ന ഭൂമിയിൽ വ്യത്യാസം വരാവുന്നതാണ്. കണ്ണൂർ നഗരപാത വികസന പദ്ധതി നടത്തിപ്പിനാവശ്യമായ ഭൂമി മാത്രമേ ഏറ്റെടുക്കുന്നുള്ളൂ.

(എഫ്) പ്രദേശവാസികൾ നിരവധി പ്രശ്നങ്ങൾ ചൂണ്ടിക്കാണിക്കുന്ന സാഹചര്യത്തിൽ അവരുമായി ചർച്ചചെയ്ത് പ്രശ്നപരിഹാരമുണ്ടാക്കി പദ്ധതിക്കായി അനുയോജ്യമായ പുതിയ അലൈൻമെന്റ് സ്വീകരിക്കുന്നതിന് തയ്യാറാകുമോ എന്നറിയിക്കാമോ?

നിരവധി ശാസ്ത്രീയപഠനങ്ങൾക്കും സാമൂഹ്യാഘാതപഠനത്തിനും ശേഷമാണ് ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നത്. മാത്രമല്ല, ഭൂമി ഏറ്റെടുക്കൽ നിയമത്തിലെ 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് 60 ദിവസംവരെ പരാതിക്കാർക്കുള്ള ആക്ഷേപങ്ങൾ കേൾക്കാൻ സാഹചര്യമുണ്ടായിരുന്നു. ഇതെല്ലാം പാലിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. C01-(മന്ന ജംഗ്ഷൻ-ന്യൂ എൻ.എച്ച്. ബൈപ്പാസ്) അലൈൻമെന്റിൽ മാറ്റം വരുത്തേണ്ട സാഹചര്യം നിലവിലില്ല.

## ഇടക്കോലി ഉഴവൂർ മെഡിക്കൽ കോളേജ് റോഡ്

38 (4754) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടക്കോലി ഉഴവൂർ മെഡിക്കൽ കോളേജ് റോഡിനായി ബഡ്ജറ്റിൽ ഇരുപത് കോടി രൂപ അനുവദിച്ചിട്ടും റോഡ് വികസന പദ്ധതി ഇതുവരെയും നടപ്പാക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

ഇടക്കോലി ഉഴവൂർ മെഡിക്കൽ കോളേജ് റോഡിന് കിഫ്ബി മാനദണ്ഡപ്രകാരമുള്ള 10 മീറ്റർ വീതി ലഭ്യമല്ലാത്തതിനാലും സ്ഥലമെടുപ്പ് പ്രായോഗികമല്ലാത്തതിനാലുമാണ് ടി പ്രവൃത്തി കിഫ്ബി മുഖേന നടപ്പിലാക്കാൻ കഴിയാതെവന്നത്.

(ബി) കിഫ്ബി മുഖാന്തരം പദ്ധതി നടപ്പാക്കാൻ കഴിയാത്ത സാഹചര്യത്തിലും പത്ത് മീറ്റർ വീതിയിൽ ഭൂമി ഏറ്റെടുക്കൽ അസാദ്ധ്യമായതിനാലും പ്രസ്തുത പദ്ധതി പുനഃക്രമീകരിച്ച് നിലവിലുള്ള വീതിയിൽ ബി.എം.&ബി.സി. ടാറിംഗ് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് പൊതുമരാമത്ത് സെക്രട്ടറിക്ക് 10-12-2021 തീയതിയായി നൽകിയ ഇ.574475/2021 നമ്പർ കത്തിൽ ഒരു നടപടിയും സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കത്തിൽ റോഡ്സ് വിഭാഗം ചീഫ് എഞ്ചിനീയർ എന്ത് നടപടി സ്വീകരിച്ചു; ഇതുസംബന്ധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

(ബി-ഡി) ഇടക്കോലി ഉഴവൂർ മെഡിക്കൽ കോളേജ് റോഡ് പ്രവൃത്തി പുനഃക്രമീകരിച്ച് നിലവിലുള്ള വീതിയിൽ ബി.എം.&ബി.സി. ടാറിംഗ് നടപ്പിലാക്കുന്നതിനായി ബഹുമാനപ്പെട്ട എം.എൽ.എ. നൽകിയ ഇ 5744750 നമ്പർ കത്തിൽ നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ നൽകിയ റിപ്പോർട്ട് പരിശോധനയിലാണ്.

(ഇ) ഇടക്കോലി ഉഴവൂർ മെഡിക്കൽ കോളേജ് റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; റോഡ് നന്നാക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ?

ഇടക്കോലി ഉഴവൂർ റോഡ് പാച്ച് വർക്ക് ചെയ്ത് നിലവിൽ ഗതാഗതയോഗ്യമാണ്. നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയ

റിപ്പോർട്ട് പരിശോധിച്ചശേഷം മാത്രമേ ഈ റോഡ് നിലവിലുള്ള വീതിയിൽ ബി.എം.&ബി.സി. ടാറിംഗ് നടപ്പിലാക്കുന്നതിനുവേണ്ട തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയൂ.

**ഗ്രീൻഫീൽഡ് ഹൈവേ**

39 (4755) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിലൂടെ കടന്നുപോകുന്ന ഗ്രീൻഫീൽഡ് ഹൈവേയുടെ അലൈൻമെന്റ് മാറ്റിയതുമൂലം പെരുമണ്ണ ടൗൺ ഇല്ലാതാവുമെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നേരത്തേ നിശ്ചയിച്ചിരുന്ന അലൈൻമെന്റ് പുനഃസ്ഥാപിക്കുന്നതിന് തടസ്സമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) ടൗണുകളും ജനവാസ കേന്ദ്രങ്ങളും ഒഴിവാക്കി അലൈൻമെന്റ് നിർണ്ണയിക്കുവാൻ നടപടി സ്വീകരിക്കുമോ?

(എ-സി) ദേശീയപാത അതോറിറ്റി നടപ്പിലാക്കുന്ന പാലക്കാട് - മലപ്പുറം - കോഴിക്കോട് ജില്ലകളിലൂടെ കടന്നുപോകുന്ന ഗ്രീൻ ഫീൽഡ്

ഹൈവേയുടെ അലൈൻമെന്റ് സാമ്പത്തികവും സാമൂഹികവുമായ വശങ്ങൾക്കുപുറമേ വിവിധ സാങ്കേതിക, സുരക്ഷ ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് NHAI-യുടെ LA കമ്മിറ്റി അംഗീകരിച്ചത്. നിലവിലെ അലൈൻമെന്റിനുള്ള 3A വിജ്ഞാപനം (പാലക്കാട്-മലപ്പുറം-കോഴിക്കോട്) ഭാരത സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ മേൽ മൂന്ന് ജില്ലകളിലെ 3D വിജ്ഞാപനവും ജെ.എം.എസ്. സർവ്വേയും പുരോഗമിക്കുകയാണ്. മുകളിൽ പറഞ്ഞ കാരണങ്ങൾ കണക്കിലെടുത്ത് ഈ ഘട്ടത്തിൽ അലൈൻമെന്റിൽ മാറ്റംവരുത്താൻ സാധിക്കുകയില്ലായെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

## കോഴിക്കോട്, കുന്ദമംഗലം മണ്ഡലങ്ങളിലെ പൊറ്റമ്മൽ-പാലാഴി-പുത്തൂർമഠം റോഡ്

40 (4756) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്, കുന്ദമംഗലം മണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന പൊറ്റമ്മൽ-പാലാഴി-പുത്തൂർമഠം റോഡിന്റെ ദൈർഘ്യം എത്രയാണെന്നും പ്രസ്തുത റോഡിൽ എത്ര ഭാഗം ബി.എം.&ബി.സി. ചെയ്തിട്ടുണ്ടെന്നും

വ്യക്തമാക്കാമോ;

(ബി) ബാക്കി ഭാഗം ബി.എം.&ബി.സി. ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അറിയിക്കാമോ?

(എ&ബി) പൊറ്റമ്മൽ - പാലാഴി - പുത്തൂർമഠം റോഡിന്റെ ദൈർഘ്യം 8.67 കി.മീ. ആണ്. അതിൽ കി.മീ. 7/400 വരെ ബി.എം. & ബി.സി. നിലവിൽ ചെയ്തിട്ടുണ്ട്. ബാക്കിഭാഗം ബി.എം. & ബി.സി. ചെയ്യുന്നതിന് ലഭിച്ച എസ്റ്റിമേറ്റ് പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**പൊതുമരാമത്ത് റോഡുകളിൽ സ്ഥാപിക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ**

41 (4757) <u>ഡോ. എൻ. ജയരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റോഡുകളിൽ ഇലക്ട്രിക് പോസ്റ്റുകൾ സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ അനുമതി ആവശ്യമുണ്ടോ; ഇല്ലെങ്കിൽ ഏത് ചട്ടപ്രകാരമെന്ന് അറിയിക്കാമോ;

(ബി) പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിലല്ലാതെ സ്ഥാപിക്കുന്ന പോസ്റ്റുകൾ ഭാവിയിൽ റോഡ് വികസനത്തിന്റെ ഭാഗമായി

മാറ്റി സ്ഥാപിക്കേണ്ടിവരുമ്പോൾ ഉണ്ടാകുന്ന ചെലവ് പൊതുമരാമത്ത് വകുപ്പ് വഹിക്കണമെന്ന് വ്യവസ്ഥയുണ്ടോ; എങ്കിൽ ഏത് ചട്ടപ്രകാരമെന്ന് അറിയിക്കാമോ?

(എ&ബി) പൊതുമരാമത്ത് നിരത്ത് വിഭാഗത്തിനുകീഴിൽ റോഡുകളിൽ ഇലക്ട്രിക് പോസ്റ്റുകൾ സ്ഥാപിക്കുന്നതിന് 05-01-2018-ലെ GO(Rt) No. 30/2018/PWD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിന്റെ അനുമതി ആവശ്യമാണ്. പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിലല്ലാതെ സ്ഥാപിക്കുന്ന പോസ്റ്റുകൾ ഭാവിയിൽ റോഡ് വികസനത്തിന്റെ ഭാഗമായി മാറ്റി സ്ഥാപിക്കേണ്ടിവരുമ്പോൾ ഉണ്ടാകുന്ന ചെലവ് പൊതുമരാമത്ത് വകുപ്പ് വഹിക്കണമെന്ന് വ്യവസ്ഥയില്ല. മേൽ ഉത്തരവിലെ 16, 21 ഖണ്ഡികകൾ പ്രകാരം റോഡ് വികസന പ്രവർത്തനങ്ങളുടെ ഭാഗമായുള്ള പ്രവൃത്തികൾ നടത്തുമ്പോൾ കെ.എസ്.ഇ.ബി.-യുടെ പ്രതിഷ്ഠാപനങ്ങൾ മാറ്റി സ്ഥാപിക്കുന്നത് കെ.എസ്.ഇ.ബി.-യുടെ സ്വന്തം ചെലവിൽ നടത്തേണ്ടതാണ്. ദേശീയപാത വിഭാഗത്തിനുകീഴിൽ കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് 1999 Chapter VI Clause 26 പ്രകാരം ഏതെങ്കിലും വ്യക്തിയോ ഏജൻസിയോ ഇത്തരത്തിലുള്ള പ്രവൃത്തികൾ റോഡിൽ നടത്തുന്നതിന് ഹൈവേ

അതോറിറ്റിയുടെ മുൻകൂർ അനുമതി വാങ്ങേണ്ടതുണ്ട്. ബന്ധപ്പെട്ട ഹൈവേ അതോറിറ്റി ഇത്തരത്തിൽ അനുമതി നൽകുമ്പോൾ ആവശ്യമായ നിബന്ധനകൾ നിഷ്കർഷിക്കാമെന്നും ബാധകമായ ഫീസ് ചുമത്താമെന്നും പ്രസ്തുത ക്ലോസിൽ നിർദ്ദേശിക്കുന്നുണ്ട്. ഹൈവേ അതോറിറ്റിയുടെ അനുമതി കൂടാതെ ഇത്തരം പ്രവൃത്തികൾ ഹൈവേയുടെ ഭൂമിയിൽ നടത്തുന്നത് കയ്യേറ്റമായി പരിഗണിക്കണമെന്ന് മേൽപ്പറഞ്ഞ ആക്ട് Chapter I, Clause 2(f) ൽ നിഷ്കർഷിക്കുന്നുണ്ട്.

(സി) പൊതുമരാമത്ത് റോഡ് വികസനത്തിനായി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കേണ്ടി വരുമ്പോഴുണ്ടാകുന്ന ചെലവ് ഇലക്ട്രിസിറ്റി ബോർഡിൽ നിന്ന് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

നടപടികൾ സ്വീകരിക്കുന്നുണ്ട്. റോഡ് പ്രവൃത്തികൾക്ക് തടസ്സം സൃഷ്ടിക്കുന്ന ഇലക്ട്രിക് പോസ്റ്റുകളും മറ്റും മാറ്റിസ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി. മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിലുള്ള പഴയ പോസ്റ്റുകൾ റോഡ് വികസനത്തിനായി മാറ്റി സ്ഥാപിക്കേണ്ടിവരുമ്പോൾ പ്രവൃത്തിയുടെ നടത്തിപ്പിന് കാലതാമസം ഒഴിവാക്കുന്നതിനായി പ്രസ്തുത ഇലക്ട്രിക് പോസ്റ്റ് മാറ്റുന്നതിനായി എസ്റ്റിമേറ്റിൽ തുക വകയിരുത്താറുണ്ട്.

**ആലത്തൂർ മണ്ഡലത്തിലെ റോഡുകളുടെ നവീകരണം**

42 (4758) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽവന്നശേഷം ആലത്തൂർ മണ്ഡലത്തിലെ ഏതെല്ലാം റോഡുകളുടെ അറ്റകുറ്റപ്പണിക്കാണ് സ്റ്റേറ്റ് ലെവൽ ടാസ്ക് ഫോഴ്സ് മുഖേന ഫണ്ട് അനുവദിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

നിലവിലെ സർക്കാർ അധികാരത്തിൽവന്നശേഷം ആലത്തൂർ മണ്ഡലത്തിലെ മുടപ്പല്ലൂർ-മംഗലംഡാം റോഡിന്റെ അറ്റകുറ്റപ്പണിക്കാണ് സ്റ്റേറ്റ് ലെവൽ ടാസ്ക് ഫോഴ്സ് മുഖേന ഫണ്ട് അനുവദിച്ചിരിക്കുന്നത്.

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയാണെന്നും അവയുടെ നിലവിലെ പുരോഗതിയും വ്യക്തമാക്കുമോ; വിശദാംശം നൽകുമോ:

URW to Mudapallur Mangalam Dam road Km 0/000 to 9.432 എന്ന പ്രവൃത്തിക്ക് പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറുടെ 24-02-2022-ലെ ഉത്തരവ് പ്രകാരം 25,00,000/- രൂപയ്ക്ക് (ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) ഭരണാനുമതി നൽകി പ്രവൃത്തി

നിലവിൽ പൂർത്തീകരിച്ചിട്ടുള്ളതാണ്.

## ചെറുവള്ളി പാലത്തിന്റെ നിർമ്മാണം

43 (4759) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ മണിമലയാറിന് കുറുകെ ഉണ്ടായിരുന്ന ചെറുവള്ളി പാലം 2021 ഒക്ടോബറിലെ വെള്ളപ്പൊക്കത്തിൽ ഒലിച്ചുപോയത് കാരണം ജനങ്ങൾ ബുദ്ധിമുട്ടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അവിടെ പുതിയ പാലം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് കോട്ടയം പാലം വിഭാഗം എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടുണ്ടോ; അതിന് ഭരണാനുമതി നൽകുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) പൊതുജനങ്ങളുടെ ബുദ്ധിമുട്ട് കണക്കിലെടുത്ത് പ്രസ്തുത പാലം അടിയന്തരമായി നിർമ്മിക്കുന്നതിനുള്ള തുക അനുവദിക്കുന്നതിന് നടപടി

സ്വീകരിക്കാമോ?

(ബി&സി) തയ്യാറാക്കിയിട്ടുണ്ട്. ചെറുവള്ളി പാലം നിർമ്മാണത്തിനുള്ള 961 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സർക്കാരിൽ ലഭ്യമായിരുന്നു. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

**ദേശീയപാത 744-ന്റെ വികസനം**

44 (4760) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 744-ൽ കോയിക്കൽ ജംഗ്ഷൻ മുതൽ കരിക്കോട് ജംഗ്ഷൻ വരെ നാലുവരിപ്പാതയാക്കുന്നതിനുള്ള കിഫ്ബി പദ്ധതിയുടെ ഡിസൈൻ നടപടികൾ പൂർത്തിയായിട്ടുണ്ടോ; എങ്കിൽ പദ്ധതി രൂപീകരണ പുരോഗതി വിശദമാക്കാമോ?

27-05-2020-ലെ സ.ഉ. (സാധാ)നം.480/2020/പൊ.മ.വ. പ്രകാരം ദേശീയപാത 744-ൽ കൊല്ലം-തിരുമംഗലം ദേശീയപാതയിൽ ഗതാഗതകുരുക്കുള്ള കോയിക്കൽ ജംഗ്ഷൻ മുതൽ കരിക്കോട് ജംഗ്ഷൻ വരെ 3 കി.മീ. നാലുവരിപ്പാതയാക്കുന്നതിനും കുണ്ടറ പള്ളിമുക്ക് ജംഗ്ഷനിൽ

ഫ്ലൈഓവറും റെയിൽവേ മേൽപ്പാലവും നിർമ്മിക്കുന്നതിനുംവേണ്ടി കിഫ്ബിയിൽ ഉൾപ്പെടുത്തി 447.15 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 17-06-2020-ലെ സ.ഉ. (സാധാ)നം. 531/2020/പൊ.മ.വ. പ്രകാരം ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയറുടെ മേൽനോട്ടത്തോടുകൂടി പ്രസ്തുത പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കേരള റോഡ് ഫണ്ട് ബോർഡിനെ നിയമിച്ചു. ദേശീയപാത വിഭാഗത്തിന്റെ കീഴിൽ ഇൻവെസ്റ്റിഗേഷൻ നടപടികൾ ഭാഗികമായി നടത്തിയിരുന്നു. കോയിക്കൽ-കരിക്കോട് ഭാഗത്തിന്റെ അലൈൻമെന്റ് ഡിസൈൻ വിഭാഗം തയ്യാറാക്കിയിരുന്നു. എന്നാൽ 2022-23-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെട്ടിട്ടുള്ള " Development of Thiruvananthapuram - Angamali MC Road & Kollam Chengotta Road" എന്ന പദ്ധതിയിൽ ഈ പ്രവൃത്തിയിലെ കോയിക്കൽ മുതൽ കരിക്കോട് വരെയുള്ള ഭാഗം ഉൾപ്പെട്ടുവരുമെന്നതിനാൽ, പ്രസ്തുത റോഡുമായി ബന്ധപ്പെട്ട് ദേശീയപാത വിഭാഗത്തിൽനിന്നും നടത്തിയിട്ടുള്ള ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് കെ.ആർ.എഫ്.ബി. - പി.എം.യു. ശേഖരിച്ച് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. ഡിസൈൻ നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത അലൈൻമെന്റിൽ എത്ര പാലങ്ങളുടെ വികസനമാണ് ഉദ്ദേശിച്ചിട്ടുള്ളത്; ഇതിനായി ഡിസൈൻ തയ്യാറാക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ടി പദ്ധതിയുടെ ഭാഗമായ കോയിക്കൽ കരിക്കോട് റീച്ചിൽ കിളികൊല്ലൂർ, കരിക്കോട് എന്നിവിടങ്ങളിൽ രണ്ട് RoB-യും കോയിക്കൽ പാലവുമാണുള്ളത്.

**മലയോര ഹൈവേ പദ്ധതി**

45 (4761) <u>ശ്രീ. എം. നൗഷാദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള മലയോര ഹൈവേ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ആകെയുള്ള മലയോരപാതയിൽ, മറ്റ് വിഭാഗങ്ങൾവഴി വികസിപ്പിച്ച് കഴിഞ്ഞ ഭാഗങ്ങൾ ഒഴികെ കെ.ആർ.എഫ്.ബി.-പി.എം.യു.-വിന്റെ അധീനതയിൽ ആകെ 804.215 കി.മീ. റോഡിന്റെ നിർമ്മാണ ചുമതലയാണുള്ളത്. ഇതിൽ 781.215 കി.മീ. റോഡിന് കിഫ്ബിയിലേയ്ക്ക്

സാമ്പത്തികാനുമതിക്കായി സമർപ്പിച്ചിട്ടുള്ളതിൽ 622.611 റോഡിന് സാമ്പത്തികാനുമതി കിഫ്ബി നൽകിയിട്ടുമുണ്ട്. 470.82 കി.മീ. റോഡിന് സാങ്കേതികാനുമതി നല്കിയിട്ടുള്ളതും ഇതിൽ 458.82 കി.മീ. റോഡ് ടെണ്ടർ ചെയ്തിട്ടുമുണ്ട്. 314.84 കി.മീ. പ്രവൃത്തി നടന്നുവരുന്നതും 93.68 കി.മീ. റോഡ് പ്രവൃത്തി പൂർത്തീകരിച്ചതുമാണ്.

(ബി) മലയോര ഹൈവേയ്ക്ക് മുഴുവൻ ജില്ലകളിലൂടെയുള്ള കണക്ടിവിറ്റി എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

മലയോര ഹൈവേയുടെ നിർമ്മാണത്തിന് അധികമായി ആവശ്യമായ സ്ഥലം പൊതുജനങ്ങളിൽനിന്ന് ഫ്രീ സറണ്ടർ മുഖേനയാണ് ലഭ്യമാകേണ്ടത്. ഇതിൽ പല പ്രദേശങ്ങളിലും സ്ഥലലഭ്യതയിൽ അവ്യക്തത തുടരുന്നു. കൂടാതെ വനമേഖലയിലൂടെ കടന്നുപോകുന്ന റോഡിന് ആവശ്യമായ സ്ഥലം വിട്ടുകിട്ടുന്നതിനുള്ള കാലതാമസവും ചിലയിടങ്ങളിൽ നിലവിലെ റോഡിലെ ഡി.എൽ.പി. തുടരുന്നതിനാലും മലയോര ഹൈവേ നിർമ്മാണ നടപടികൾ ഡി.എൽ.പി. കഴിഞ്ഞുമാത്രമേ തുടങ്ങുവാൻ കഴിയുകയുള്ളൂ. കൂടാതെ പല സ്ഥലങ്ങളിലും പാലങ്ങൾ പുനർനിർമ്മിക്കേണ്ടതായുമുണ്ട്. ആയതിനാൽ പ്രസ്തുത തടസങ്ങൾ മാറ്റുന്ന മുറയ്ക്ക് മുഴുവൻ ജില്ലകളുടെയും കണക്ടിവിറ്റി 2025 അവസാനത്തോടുകൂടി

പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## ദേശീയപാത വികസനം

46 (4762) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് ഇനി എത്ര ഭൂമി ഏറ്റെടുക്കാനുണ്ടെന്നും എത്രപേർക്ക് നഷ്ടപരിഹാരം അനുവദിക്കാനുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുവാനുള്ളതിന്റെയും നഷ്ടപരിഹാരം നൽകുവാനുള്ളതിന്റെയും വിശദാംശങ്ങൾ അനുബന്ധം-I ആയി ചേർക്കുന്നു.+

(ബി) ദേശീയപാതയിൽ എത്ര റീച്ചുകളുടെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടെന്നും എത്ര ശതമാനം പ്രവൃത്തി പുരോഗതിയുണ്ടായിട്ടുണ്ടെന്നും അറിയിക്കാമോ?

ദേശീയപാതയിൽ പ്രവൃത്തി ആരംഭിച്ചിട്ടുള്ള റീച്ചുകളുടെ എണ്ണവും അവയുടെ പ്രവൃത്തി പുരോഗതിയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധം-II

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആയി ചേർക്കുന്നു.+

## കൊല്ലം സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതി

47 (4763) <u>ശ്രീ. എം. മുകേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതിയുടെ പദ്ധതി രൂപീകരണ പുരോഗതി അറിയിക്കുമോ?

കൊല്ലം നഗരപാത വികസന പദ്ധതി നടത്തിപ്പിനായി 365.34 കോടി രൂപയുടെ ഭരണാനുമതി തത്വത്തിൽ നൽകിയിട്ടുണ്ട്. മൂന്ന് കോറിഡോറുകളിലായി 23.76 കി.മീ. റോഡിനാണ് അംഗീകാരം നൽകിയിട്ടുള്ളത്. പ്രാഥമിക സൈറ്റ് വെരിഫിക്കേഷൻ പൂർത്തീകരിച്ച് സ്പെഷ്യൽ തഹസിൽദാർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ വികസിപ്പിക്കുന്ന റോഡുകളുടെ നിലവിൽ ലഭ്യമായിട്ടുള്ള വീതി എത്രയാണ്; എത്ര മീറ്റർ വീതിയിലാണ് പ്രസ്തുത റോഡുകൾ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്; ഇതിനായി എത്ര ഭൂമി ഏറ്റെടുക്കണമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൊല്ലം നഗരപാത വികസന പദ്ധതിയിൽ നിലവിൽ മൂന്ന് റോഡുകളാണ് ഉൾപ്പെട്ടിട്ടുള്ളത്.

(1) കോറിഡോർ - 1 (മേവറം - കാവനാട്, റോഡ്) നീളം - 13.15 കി.മീ.

നിലവിൽ ലഭ്യമായിട്ടുള്ള റോഡിന്റെ വീതി - 11.8 to 49.5 മീറ്റർ. വികസിപ്പിക്കാൻ ഉദ്ദേശിക്കുന്ന വീതി- 20.2 മീറ്റർ. പ്രസ്തുത റോഡ് 4 ലെയ്ൻ ആയിട്ടാണ് വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ നിലവിലെ റയിൽവേ ഓവർബ്രിഡ്ജുള്ള ഭാഗത്ത് രണ്ട് ലെയ്ൻ മാത്രമായിരിക്കും.

(2) കോറിഡോർ - 3 (റെയിൽവേ സ്റ്റേഷൻ - ഡീസന്റ് ജംഗ്ഷൻ) നീളം - 6.3 കി.മീ. നിലവിൽ ലഭ്യമായിട്ടുള്ള റോഡ് വീതി 8.0 to 16.5 മീറ്റർ. വികസിപ്പിക്കാൻ ഉദ്ദേശിക്കുന്ന വീതി - 11.5 to 22.0 മീറ്റർ. പ്രസ്തുത റോഡ് 2 ലെയ്ൻ ആയിട്ടാണ് വിഭാവനം ചെയ്തിട്ടുള്ളത്.

(3) കോറിഡോർ -7 (തിരുമുല്ലാവാരം - കല്ലുപാലം - കച്ചേരി ജംഗ്ഷൻ റോഡ്)

നീളം - 4.31 കി.മീ. നിലവിൽ ലഭ്യമായിട്ടുള്ള റോഡ് വീതി 6.5 to 15.0 മീറ്റർ. വികസിപ്പിക്കാൻ ഉദ്ദേശിക്കുന്ന വീതി - 11.5 മീറ്റർ. പ്രസ്തുത റോഡ് 2 ലെയ്ൻ ആയിട്ടാണ് വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത മൂന്ന്

റോഡുകൾക്കുമായി 8.341 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതായി വരും.

(സി) ഭൂമി ഏറ്റെടുക്കൽ പ്രക്രിയ ആരംഭിച്ചിട്ടുണ്ടോ; ഇതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദവിവരം ലഭ്യമാക്കുമോ?

ഭൂമി ഏറ്റെടുക്കൽ പ്രക്രിയ ആരംഭിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി പദ്ധതിയുടെ എൽ.എ. ഓഫീസറായി സ്പെഷ്യൽ തഹസിൽദാർ എൽ.എ-2-ന് ചുമതല നൽകിയിട്ടുണ്ട്. മേൽ റോഡുകളുടെ ഫീൽഡുതല പ്രാരംഭ പരിശോധന പൂർത്തിയാക്കി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. കണ്ടിൻജൻസി ചാർജ്ജ് ഇനത്തിലേയ്ക്കായി അമ്പത് ലക്ഷം രൂപ അനുവദിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. ഫണ്ട് അനുവദിക്കുന്നമുറയ്ക്ക് 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തുകയും അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിക്കുകയും ചെയ്യുന്നതാണ്.

**മുഴവഞ്ചേരി-ചൂണ്ടൽ റോഡ് വികസനം**

48 (4764) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ-കുറ്റിപ്പുറം പാതയിൽ മുഴവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള

റോഡ് നാല് വരിയാക്കി കേച്ചേരി സെന്റർ അടക്കം വികസിപ്പിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രസ്തുത പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

(എ&ബി) കിഫ്ബി പദ്ധതിയായ തൃശ്ശൂർ-കുറ്റിപ്പുറം നാലുവരിപ്പാത പദ്ധതിക്ക് (മുഴുവഞ്ചേരി-ചൂണ്ടൽ) 10-07-2017-ൽ 50 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കുള്ള ഡി.പി.ആർ. തയ്യാറാക്കി സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. കിഫ്ബി മാനദണ്ഡപ്രകാരം ഡി.പി.ആർ. പുതുക്കി തയ്യാറാക്കുന്നതിനാവശ്യമായ അധിക വിവരങ്ങൾക്കായി അഡീഷണൽ ഇൻവെസ്റ്റിഗേഷൻ നടത്തുന്ന പ്രവൃത്തി നടന്നുവരുന്നു. കേച്ചേരി ജംഗ്ഷന്റെ ഡിസൈൻ തയ്യാറാക്കുന്ന പ്രവൃത്തി കിഫ്ബി ടെക്നിക്കൽ റിസോഴ്സ് സെന്ററിൽ പുരോഗമിക്കുന്നു.

(സി) പ്രസ്തുത പ്രവൃത്തിയുടെ എസ്.പി.വി.-യായ കേരള റോഡ് ഫണ്ട് ബോർഡ്, കിഫ്ബിക്ക് അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാകുന്നമുറയ്ക്കും കേച്ചേരി ജംഗ്ഷന്റെ ഡിസൈൻ തയ്യാറാക്കി കിട്ടുന്നമുറയ്ക്കും അന്തിമ റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിയിൽ നൽകുവാൻ സാധിക്കും.

(ഡി) പ്രസ്തുത പ്രവൃത്തി കാലതാമസം കൂടാതെ യാഥാർത്ഥ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

കിഫ്ബിയിൽനിന്ന് സാമ്പത്തികാനുമതി ലഭ്യമായാൽ കാലതാമസം കൂടാതെ പദ്ധതി പൂർത്തിയാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയും.

**വയ്യാറ്റുപുഴ-പൊതിപ്പാട് റോഡിന്റെ ഭരണാനുമതി**

49 (4765) ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയ്യാറ്റുപുഴ-പൊതിപ്പാട് റോഡ് നിർമ്മാണത്തിനുള്ള ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് പ്രസ്തുത പ്രവൃത്തിക്ക് ധനസഹായം നൽകുന്ന ജർമ്മൻ ബാങ്ക് അംഗീകരിച്ചിട്ടുണ്ടോ?

വയ്യാറ്റുപുഴ-പൊതിപ്പാട് റോഡ് നിർമ്മാണത്തിനുള്ള ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട് ജർമ്മൻ ബാങ്ക് അംഗീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത റോഡിന്റെ ഭരണാനുമതിക്കായുള്ള ഫയലിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

പ്രസ്തുത റോഡിലെ കുറഞ്ഞ ട്രാഫിക് വോളിയം പരിഗണിച്ച് നിലവിൽ ആർ.കെ.ഐ.-യ്ക്ക് കീഴിൽ പദ്ധതി ഏറ്റെടുക്കേണ്ടതില്ലെന്ന് തീരുമാനമെടുത്തിട്ടുണ്ട്.

## റോഡ് നിർമ്മാണം

50 (4766) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. പി. പി. സുമോദ്:
ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റബ്ബറും ഉപയോഗശൂന്യമായ പ്ലാസ്റ്റിക്ക് ചേർത്ത ബിറ്റുമിനും ഉപയോഗിച്ചുള്ള റോഡ് നിർമ്മാണത്തിൽ ഉണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കുമോ?

സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിനുകീഴിലെ റോഡുകളിൽ ബി.സി. ഉപരിതല നിർമ്മാണം നാച്യുറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ (NRMB) ഉപയോഗിച്ചാണ് നടപ്പിലാക്കിവരുന്നത്. കൂടാതെ ബി.സി. ഉപരിതല നിർമ്മാണപ്രവൃത്തികളുടെ 50% ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 420 കി.മീ. റോഡുകൾ ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ചും 600 കി.മീ. NRMB ഉപയോഗിച്ചും നിർമ്മിച്ചിട്ടുണ്ട്.

(ബി) റോഡ് നിർമ്മാണത്തിനാവശ്യമായ പ്ലാസ്റ്റിക്കിന്റെ ലഭ്യത ഉറപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആവശ്യാനുസരണം ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്ന ഷ്രെഡഡ് പ്ലാസ്റ്റിക് ക്ലീൻ കേരള കമ്പനി മുഖേനയാണ് ലഭ്യമാക്കുന്നത്. കരാറുകാരുടെ ചുമതലയിൽ പ്രവൃത്തികൾക്കാവശ്യമായ ഷ്രെഡഡ് പ്ലാസ്റ്റിക് ശേഖരിച്ച് പ്രവൃത്തികൾ നടപ്പിലാക്കുന്നു.

(സി) റബ്ബറൈസ്ഡ് റോഡ് നിർമ്മാണത്തിന്റെ പുരോഗതി വിശദമാക്കുമോ; ഇത് സംസ്ഥാനത്തെ റബ്ബർ കർഷകർക്കുകൂടി

ഗുണകരമാകുന്ന തരത്തിൽ വ്യാപിപ്പിക്കുന്നതിന് വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ബി.സി. ഉപരിതല നിർമ്മാണ പ്രവൃത്തികൾ എല്ലാംതന്നെ NRMB ഉപയോഗിച്ചാണ് നടപ്പിലാക്കുന്നത്. NRMB ലഭ്യമല്ലാത്ത സാഹചര്യത്തിൽ മാത്രമാണ് VG-30 ഉപയോഗിക്കുന്നതിന് അനുമതി നൽകുന്നത്. ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം 600 കി.മീ. റോഡുകൾ ഷ്രെഡഡ്സ് പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മിച്ചിട്ടുണ്ട്. ബി.പി.സി.എൽ. പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ റിഫൈനറിയിൽ ഉല്പാദിപ്പിക്കുന്ന NRMB-യാണ് റോഡ് പ്രവൃത്തികൾക്ക് ഉപയോഗിക്കുന്നത്. സംസ്ഥാനത്തെ റബ്ബർ കർഷകരിൽനിന്നും റബ്ബർ ശേഖരിക്കുന്നതിന് പ്രസ്തുത സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്ന കാര്യം പരിശോധിച്ച് തീരുമാനിക്കാവുന്നതാണ്.

**സംസ്ഥാനത്തെ റോഡ് വികസനം**

51 (4767) ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡ് വികസനത്തിനായി വൈറ്റ് ടോപ്പിംഗ്, കോൾഡ് ഇൻ പ്ലേസ് റീസൈക്ലിംഗ്, സ്റ്റെബിലൈസേഷൻ തുടങ്ങിയ ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; റോഡ് പ്രവൃത്തികളുടെ ഗുണനിലവാരം മെച്ചപ്പെടുത്താൻ പ്രസ്തുത സാങ്കേതിക വിദ്യകൾ എത്രത്തോളം സഹായകരമാണെന്ന് വ്യക്തമാക്കാമോ; റോഡ് വികസനത്തിന് ഉപയോഗിച്ചുവരുന്ന മറ്റ് ആധുനിക സാങ്കേതികവിദ്യകൾ വിശദമാക്കാമോ?

സംസ്ഥാനത്തെ റോഡ് വികസനത്തിനായി വൈറ്റ് ടോപ്പിംഗ് കോൾഡ് ഇൻപ്ലേസ് റീസൈക്ലിംഗ്, സ്റ്റെബിലൈസേഷൻ തുടങ്ങിയ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ദൃഢത, ഉറപ്പ്, സ്ഥിരത, വെള്ളം കെട്ടിക്കിടക്കുന്നത് മൂലമുണ്ടാകുന്ന കേടുപാടുകളിൽ നിന്നുള്ള ഉയർന്ന ഈടുറപ്പ് എന്നിവ ഇത്തരം നിർമ്മിതികളുടെ പ്രത്യേകതകളാണ്. വെള്ളക്കെട്ടുണ്ടാകുന്ന സ്ഥലങ്ങൾക്ക് ഏറ്റവും അനുയോജ്യമായതും ദീർഘകാലം ഈടുനിൽക്കുന്നതുമായ വൈറ്റ് ടോപ്പിംഗ് സാങ്കേതികവിദ്യ ഉപയോഗിച്ച് ആലപ്പുഴ നഗര വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 7.29 കി.മീ. റോഡുകൾ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ തകർന്ന

റോഡുകൾ പൊളിച്ചെടുത്ത് അതേ മെറ്റീരിയലുകളിൽ ടാർ, ആവശ്യമായ മറ്റ് ഇനങ്ങൾ എന്നിവ ചേർത്ത് നിർമ്മാണത്തിനുപയോഗിക്കുന്ന സാങ്കേതിക വിദ്യയായ ഫുൾ ഡെപ്ത് റിക്ലമേഷൻ ടെക്നോളജി പത്തനംതിട്ട ജില്ലയിലെ ആനയടി-പഴകുളം-ചന്ദനപ്പള്ളി-കൂടൽ റോഡിലെ 5.90 കി.മീ. നീളത്തിൽ ചെയ്തിട്ടുണ്ട്. കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട റോഡുകളിലും ഫുൾ ഡെപ്ത് റിക്ലമേഷൻ ടെക്നോളജി ഉപയോഗിച്ച് റോഡ് പ്രവൃത്തിക്ക് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പരിസ്ഥിതി സൗഹാർദ്ദം മുൻനിർത്തി സ്വാഭാവിക റബ്ബർ, കയർ ഭൂവസ്ത്രം, ഉപയോഗശൂന്യമായ പ്ലാസ്റ്റിക്, പെർഫൊറേറ്റഡ് വെർട്ടിക്കൽ ഡ്രെയിൻ, ഗാബിയോൺ വാൾ എന്നിവയും നിർമ്മാണത്തിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ പ്രധാന റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് ഘട്ടംഘട്ടമായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പൊതുമരാമത്ത് പ്രവൃത്തികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്ന കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് നാഷണൽ അക്രെഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആൻഡ് കാലിബ്രേഷൻ ലബോറട്ടറീസിന്റെ അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ടോ; കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ

മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് പദ്ധതി പരിഗണനയിലുണ്ടോ; പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനത്തെ സംബന്ധിച്ച വിശദാംശം നൽകാമോ?

പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്ന കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് ഏകദേശം 64 ടെസ്റ്റുകൾക്ക് അക്രെഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആൻഡ് കാലിബ്രേഷൻ ലബോറട്ടറീസിന്റെ അക്രെഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് കൃത്യമായ നടപടികൾ പുരോഗമിച്ചുവരുന്നു. അടിസ്ഥാന സൗകര്യ വികസന മേഖലയിൽ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് വിവിധ പ്രായോഗിക ഗവേഷണങ്ങൾ നടത്തുകയും മെറ്റീരിയൽ ടെസ്റ്റിംഗിലും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പരിശീലന പരിപാടികൾ നടപ്പിലാക്കുന്നതിലും പ്രധാന പങ്ക് വഹിക്കുകയും ചെയ്യുന്നു. പ്രീ-ഫാബ്രിക്കേറ്റഡ് സ്ട്രക്ചറുകളുടെ നിർമ്മാണംപോലുള്ള ഏറ്റവും നൂതന നിർമ്മാണ സാങ്കേതികവിദ്യകൾ പ്രായോഗികമാക്കുന്നതിൽ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഏർപ്പെട്ടിരിക്കുന്നു. ജിയോടെക്സ്റ്റൈൽസ്, ജിയോസെല്ലുകൾ തുടങ്ങിയ

ആധുനിക ഗ്രൗണ്ട് ഇംപ്രൂവ്മെന്റ് ടെക്നിക്കുകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് മാർഗ്ഗനിർദ്ദേശം നൽകിവരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ നിർവ്വഹിക്കുമ്പോൾ ഫീൽഡ് ഉദ്യോഗസ്ഥർ നേരിടുന്ന വിവിധ പ്രശ്നങ്ങളും സാങ്കേതിക തടസ്സങ്ങളും പരിഹരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന്റെ കൺസൾട്ടന്റായി കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സേവനം നൽകിവരുന്നു.

## നീലേശ്വരം-ഏടത്തോട് റോഡ് പ്രവൃത്തി

52 (4768) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ നീലേശ്വരം-ഏടത്തോട് റോഡ് നവീകരണ പ്രവൃത്തി പൂർത്തിയാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം കാരണത്താലാണ് പൂർത്തിയാക്കാത്തതെന്നും കാലതാമസത്തിന് കാരണക്കാരായവർക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാഞ്ഞങ്ങാട്, തൃക്കരിപ്പൂർ മണ്ഡലങ്ങളിൽക്കൂടി

കടന്നുപോകുന്ന 13.125 കി.മീ ദൈർഘ്യമുള്ള നീലേശ്വരം - ഏടത്തോട് റോഡ് പ്രവൃത്തി 28-02-2019-ൽ കരാറിൽ ഏർപ്പെട്ടു. പൂർത്തീകരണ കാലാവധി 18 മാസമായിരുന്നു. പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കാലതാമസത്തിനുള്ള കാരണങ്ങൾ താഴെ പറയുന്നു.

പ്രവൃത്തിയുടെ പുരോഗതി കുറവായതിനാലും കിഫ്ബിയുടെ പരിശോധന മെമ്മോകളിലെ നിർദ്ദേശങ്ങൾക്ക് കരാറുകാരൻ യഥാസമയം നടപടികൾ സ്വീകരിക്കാത്തതിനാലും 17-12-2020-ലെ കിഫ്ബിയുടെ കത്ത് പ്രകാരം പ്രസ്തുത പ്രവൃത്തി നിർത്തിവച്ചിരുന്നു. പിന്നീട് കരാറുകാരന്റെ അപേക്ഷ പരിഗണിച്ച് 30-10-2021-ൽ പ്രവൃത്തി പുനരാരംഭിക്കുവാൻ കിഫ്ബി അനുമതി നൽകുകയും ചെയ്തു. പ്രസ്തുത റോഡിൽ കി.മീ. 0/000 (കോൺവെന്റ് ജംഗ്ഷൻ) മുതൽ 1/350 (താലൂക്ക് ആശുപത്രി) വരെയുള്ള ഭാഗത്ത് റോഡ് വീതി കൂട്ടുന്നതിനുള്ള സ്ഥലമേറ്റെടുപ്പ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. കിഫ്ബിയുടെ 01-08-2019-ലെ പരിശോധനാ മെമ്മോയിൽ ക്യാരേജ് വേയുടെ വീതി 5.5 മീറ്ററിൽനിന്നും ഇരുവശങ്ങളിലും 0.75 മീറ്റർ പേവ്ഡ് ഷോൾഡർകൂടി ഉൾപ്പെടുത്തി നവീകരിക്കാൻ നിർദ്ദേശിച്ചു. ആയതിനാൽ മാറ്റേണ്ട ഇലക്ട്രിക് പോസ്റ്റുകളുടെ എണ്ണവും മുറിക്കേണ്ട മരങ്ങളുടെ എണ്ണവും കൂടുകയും ആവശ്യമായ നടപടികളിൽ

കാലതാമസം നേരിടുകയും ചെയ്തു. കേരള വാട്ടർ അതോറിറ്റിയുടെയും ജലനിധിയുടെയും പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിനുള്ള കാലതാമസമുണ്ടായി. പ്രവൃത്തി നിലവിൽ 45% പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ ഭാഗമായി ആകെയുള്ള 13.125 കിലോമീറ്ററിൽ 7.20 കി.മീ (2/540 to 2/710 - പാലായി റോഡ് ജംഗ്ഷൻ, 4/730 to 7/520 - പി.കെ.രാജൻ മെമ്മോറിയൽ യൂണിവേഴ്സിറ്റി ക്യാമ്പസ് മുതൽ നരിമാളം വരെ, 8/340 to 12/630 - ചോയ്യാംകോഡ് മുതൽ കൂവക്കല്ല് വരെ) ഭാഗത്തെ DBM പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. റോഡിന്റെയും ഡ്രെയ്നേജിന്റേയും പാർശ്വഭിത്തികളുടെ പ്രവൃത്തികൾ നടന്നുവരുന്നു.

(ബി) മലയോര മേഖലയിലേയ്ക്കുള്ള ഏറ്റവും പ്രധാന പാത എന്ന പ്രാധാന്യം കണക്കിലെടുത്ത് പ്രസ്തുത പ്രവൃത്തി വേഗത്തിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

മലയോര മേഖലയിലേയ്ക്കുള്ള ഏറ്റവും പ്രധാന പാത എന്ന പ്രാധാന്യം കണക്കിലെടുത്ത് കാലതാമസം ഒഴിവാക്കാനായി കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ 45% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്.

**കൊടുങ്ങല്ലൂർ മണ്ഡലത്തിലെ ബി.എം., ബി.സി. റോഡുകൾ**

53 (4769) <u>ശ്രീ. വി. ആർ. സുനിൽകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ മണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ബി.എം.&ബി.സി. നിലവാരത്തിൽ പൂർത്തിയാക്കിയ റോഡുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

1. കുണ്ടൂർ - കുഴൂർ റോഡ് Ch.0/000 to 1/500

2. മാള - ഇളന്തിക്കര റോഡ് Ch.0/000 to 6/900

3. കൊമ്പത്തുകടവ് റോഡ് Ch.0/000 to 9/210

4. കരിങ്ങാച്ചിറ - വെള്ളൂർ - നാരായണ മംഗലം റോഡ് Ch.0/000 to 3/800

5, വലിയപറമ്പ് - കുഴൂർ റോഡ് Ch. 0/0000 to 2/100

6. മാള ടൗൺ ബ്യൂട്ടിഫിക്കേഷൻ റോഡ് (280 മീറ്റർ)

മാള ടൗൺ ടു മാള കെ.എസ്.ആർ.ടി.സി. സ്റ്റാൻഡ്

7. അരാകുളം-അഴീക്കോട് റോഡ് Ch.0/000 to 2/800

8. പുല്ലറ്റ് -പുത്തൻച്ചിറ റോഡ് Ch.1/300 to 3/800

9. നാരായണമംഗലം - വെള്ളൂർ റോഡ് Ch.0/000 to 2/500

10. പടാകുളം - അഴീക്കോട് റോഡ് Ch.0/000 to 2/500

11. പാർക്ക് റോഡ് Ch.0/000 to 1/462

12. കീത്തോളി - ചാലക്കുളം റോഡ് Ch. 1/000 മുതൽ 1/814

13. കൊട്ടുങ്ങല്ലൂർ - എറിയാട് റോഡ് Ch.0/000 to 1/200.

(ബി) പ്രസ്തുത റോഡുകളുടെ പരിപാലന കാലാവധി എന്നുവരെയാണ് നിർമ്മാണ കമ്പനികൾക്ക് നല്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

1. കുണ്ടൂർ - കുഴൂർ റോഡ് Ch.0/000 to 1/500 – 15-04-2021 മുതൽ 14-04-2024 വരെ

2. മാള-ഇളന്തിക്കര റോഡ് Ch.0/000 to 3/700 - 29-12-2020 മുതൽ 28-12-2023 വരെ

മാള - ഇളന്തിക്കര റോഡ് Ch.3/700 to 6/900 - 28-02-2021 മുതൽ 27-02-2024 വരെ

3. കൊമ്പത്തുകടവ് റോഡ് Ch.0/000 to 9/210 – 27-06-2022 മുതൽ 26-06-2025 വരെ

4. കരിങ്ങാച്ചിറ - വെള്ളൂർ - നാരായണമംഗലം റോഡ് Ch.0/000 to 3/800 – 28-02-2018 മുതൽ 27-02-2021 വരെ.

5. വലിയപറമ്പ് - കുഴൂർ റോഡ് Ch .0/000 to 2/100 – 03-05-2018- മുതൽ 02-05-2021 വരെ.

6. മാള ടൗൺ ബ്യൂട്ടിഫിക്കേഷൻ റോഡ് (280 മീറ്റർ) - മാള ടൗൺ ടു മാള കെ.എസ്.ആർ.ടി.സി. സ്റ്റാൻഡ് - 30-12-2019 മുതൽ 29-12-2021 വരെ

7. അരാകുളം - അഴീക്കോട് റോഡ് Ch.0/000 to 2/800- 30-11-2019 മുതൽ 29-11-2021 വരെ

8. പുല്ലൂറ്റ് - പുത്തൻച്ചിറ റോഡ് Ch.1/300 to 3/800- 21-05-2020 മുതൽ 20-05-2023 വരെ

9. നാരായണമംഗലം - വെള്ളൂർ റോഡ് Ch.0/000 to 2/500 - 30-01-2019 മുതൽ 29-01-2022 വരെ

10. പടാകുളം - അഴീക്കോട് റോഡ് Ch..0/000 to 2/500 -28-04-2021 മുതൽ 27-04-2023 വരെ.

11. പാർക്ക് റോഡ് Ch.0/000 to 1/462 08-07-2021 മുതൽ

07-07-2023 വരെ.

12. കീത്തോളി - ചാലക്കുളം റോഡ് Ch. 1/000 to 1/814 – 10-02-2022 മുതൽ 09-02-2024 വരെ.

13. കൊടുങ്ങല്ലൂർ എറിയാട് റോഡ് Ch.0/000 to 1/200 - 28-06-2018 മുതൽ 27-06-2020 വരെ.

**വൈറ്റ് ടോപ്പിംഗ്, കോൾഡ് ഇൻപ്ലേസ് റീസൈക്ലിംഗ് സാങ്കേതികവിദ്യ**

54 (4770) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:

ശ്രീ. ജി. എസ്. ജയലാൽ:

ശ്രീ. ഇ. ചന്ദ്രശേഖരൻ:

ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈറ്റ് ടോപ്പിംഗ് സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പ്രദേശങ്ങളിലാണ് പ്രസ്തുത സാങ്കേതികവിദ്യ ഉപയോഗിച്ച് റോഡ് നിർമ്മാണം പൂർത്തീകരിച്ചതെന്ന് വ്യക്തമാക്കാമോ?

വൈറ്റ് ടോപ്പിംഗ് സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള റോഡ്

നിർമ്മാണം പൊതുമരാമത്ത് വകുപ്പിൽ ആലപ്പുഴ, അമ്പലപ്പുഴ മണ്ഡലങ്ങളിലെ താഴെപ്പറയുന്ന റോഡുകളിൽ നടപ്പിലാക്കിയിട്ടുണ്ട്.

1) കളർകോട് അഞ്ജലി ഓഡിറ്റോറിയം മുതൽ കൈതവന വരെ.

2) പിച്ചുഅയ്യർ ജംഗ്ഷൻ മുതൽ വൈ.എം.സി.എ. വരെ.

3) വലിയ ചുടുകാട് ജംഗ്ഷൻ മുതൽ വെള്ളക്കിണർ വരെ.

4) കളക്ടറേറ്റ് ജംഗ്ഷൻ മുതൽ കണ്ണൻവർക്കി പാലം വരെ.

5) കൈചൂണ്ടി ജംഗ്ഷൻ മുതൽ കൊമ്മാടി പാലം വരെ.

6) മുല്ലക്കൽ റോഡ്.

7) കോൺവെന്റ് ജംഗ്ഷൻ മുതൽ കല്ലൻ പാലം വരെ.

8) ജനറൽ ആശുപത്രി മുതൽ വനിതാസെൽ വരെ.

(ബി) പ്രസ്തുത സാങ്കേതിക വിദ്യയുടെ പ്രത്യേകതകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

വൈറ്റ് ടോപ്പിംഗ് എന്നാൽ നിലവിലുള്ള asphalt pavement-ന് മുകളിൽ സിമന്റ് കോൺക്രീറ്റ് പാളി ഉപയോഗിച്ചുള്ള ഉപരിതല നിർമ്മാണ പ്രക്രിയയാണ്. കോൺക്രീറ്റ് പാളിയുടെ കനം, reinforcement-ന്റെ

ഉപയോഗം, asphalt layer കോൺക്രീറ്റിന്റെ പാളിയുമായി ഒന്നിച്ചിട്ടുണ്ടോ എന്നിവയെ അടിസ്ഥാനമാക്കി വൈറ്റ് ടോപ്പിംഗ് ഉപരിതലത്തെ പലതരത്തിൽ വേർതിരിച്ചിട്ടുണ്ട്. സാധാരണയായി ഉപയോഗിച്ചുവരുന്നത് thin white topping, ultra thin white topping തുടങ്ങിയ സാങ്കേതിക വിദ്യകളാണ്. ഇതിന്റെ പ്രധാനലക്ഷ്യം നിലവിലുള്ള പാതയുടെ ഭാരം വഹിക്കാനുള്ള ശേഷി പുനഃസ്ഥാപിക്കുകയോ വർദ്ധിപ്പിക്കുകയോ ചെയ്യുക അല്ലെങ്കിൽ ഇവ രണ്ടിനുംവേണ്ടിയാണ്. വൈറ്റ് ടോപ്പിംഗ് പ്രവൃത്തികൾക്കായി എം-40 ഗ്രേഡ് കോൺക്രീറ്റാണ് ഉപയോഗിക്കുന്നത്. ബിറ്റുമെൻ ഉപരിതലമുള്ള റോഡുകളെ അപേക്ഷിച്ച് വൈറ്റ് ടോപ്പിംഗ് ചെയ്ത റോഡുകൾ പ്രതികൂല കാലാവസ്ഥയെ അതിജീവിച്ച് ദീർഘനാളുകൾ കേടുകൂടാതെ നിലനിൽക്കുന്നതാണ്. ഈ റോഡുകളിൽ സ്ട്രക്ച്ചറൽ ക്രാക്കും പോട്ട് ഹോൾസും ഉണ്ടാകുന്നില്ല. സ്ട്രക്ചറൽ കപ്പാസിറ്റി കൂടുന്നു. ജലം ഉള്ളിലേയ്ക്ക് ഇറങ്ങുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളില്ലാത്തതിനാൽ വൈറ്റ് ടോപ്പിംഗ് റോഡുകൾ വർഷങ്ങളോളം യാതൊരു മെയിന്റനൻസുമില്ലാതെ നിലനിൽക്കുന്നു.

(സി) വൈറ്റ് ടോപ്പിംഗ് സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം ആവർത്തന ചെലവുകൾ കുറയ്ക്കുന്നതിനും ദീർഘകാലത്തേയ്ക്ക്

റോഡുകൾ മികച്ച നിലവാരത്തിൽ നിലനിർത്തുന്നതിനും സഹായിക്കുമോ; വ്യക്തമാക്കുമോ?

ബിറ്റുമിനസ് ഉപരിതലത്തെ അപേക്ഷിച്ച് വൈറ്റ് ടോപ്പിംഗ് സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം ആവർത്തന ചെലവുകൾ കുറയ്ക്കുന്നതിനും ദീർഘകാലത്തേയ്ക്ക് റോഡുകൾ മികച്ച നിലവാരത്തിൽ നിലനിർത്തുന്നതിനും സഹായിക്കുമെന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്.

(ഡി) കോൾഡ് ഇൻപ്ലേസ് റീസൈക്ലിംഗ് സാങ്കേതികവിദ്യ ഉപയോഗിച്ച് കൂടുതൽ റോഡുകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

അനുയോജ്യമായ റോഡുകളിൽ കോൾഡ് ഇൻപ്ലേസ് റീസൈക്ലിംഗ് ഉപയോഗിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**കോട്ടയ്ക്കൽ മണ്ഡലത്തിലെ ബൈപ്പാസ് റോഡുകളുടെ നിർമ്മാണം**

55 (4771) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിലെ കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡ്, പുത്തൂർ-ചെനക്കൽ ബൈപ്പാസ് റോഡ് (മൂന്നാം ഘട്ടം), പി.എച്ച്. സെന്റർ-മുക്കില പീടിക റോഡ് എന്നീ റോഡുകളുടെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

<u>മൂടാൽ-കഞ്ഞിപ്പുര ബൈപ്പാസ് റോഡ് നിർമ്മാണം</u>- മൂടാൽ കഞ്ഞിപ്പുര ബൈപ്പാസ് നിർമ്മാണ പ്രവൃത്തി പുരോഗതിയിലാണ്. കി.മീ. 3/600 മുതൽ 6/000 വരെയുള്ള റോഡ് ഭാഗത്ത് (അമ്പലപ്പറമ്പ് മുതൽ കഞ്ഞിപ്പുര വരെ) ജി.എസ്.ബി. പ്രവൃത്തി പൂർത്തീകരിച്ച് ഡബ്ല്യൂ.എം.എം. പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണ്. കി.മീ. 0/000 മുതൽ 3/600 വരെ (മൂടാൽ മുതൽ അമ്പലപ്പറമ്പ് വരെ) ഉള്ള ഭാഗങ്ങളിൽ സംരക്ഷണഭിത്തി നിർമ്മാണം, കലുങ്ക് ഡ്രെയിനേജ് റോഡ് ഫോർമേഷൻ പ്രവൃത്തികൾ പുരോഗതിയിലാണ്. റോഡ് പ്രവൃത്തിക്ക് തടസ്സമായി കെ.എസ്.ഇ.ബി./ കേരള വാട്ടർ അതോറിറ്റി യൂട്ടിലിറ്റീസ് മാറ്റുന്നതിനും മറ്റ് അധിക റോഡ് പ്രവൃത്തികൾക്കുമായി സമർപ്പിച്ച റിവൈസ്ഡ് എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചുവരുന്നു.

<u>പി.എച്ച്. സെന്റർ മുക്കില പീടിക റോഡ്</u>- പി.എച്ച്. സെന്റർ മുക്കിലപ്പീടിക റോഡ് - പ്രവൃത്തി കി.മീ. 0/000 മുതൽ 4/600 വരെ

പുരോഗതിയിലാണ്. അധികം താഴ്ചയിലല്ലാതെ സ്ഥാപിച്ച പഞ്ചായത്ത്, ജലനിധി എന്നിവയുടെ കുടിവെള്ള പൈപ്പുകൾ കലുങ്ക് നിർമ്മാണം, ഡ്രെയിനേജ് നിർമ്മാണം, റോഡ് വീതികൂട്ടൽ എന്നീ പ്രവൃത്തികളെ തടസ്സപ്പെടുത്തിയതിനാൽ റോഡ് പ്രവൃത്തിയുടെ പുരോഗതിയെ ബാധിച്ചു. നിലവിൽ ഭൂരിഭാഗം കലുങ്ക് ഡ്രെയിനേജ്, സംരക്ഷണഭിത്തി നിർമ്മാണങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

<u>പുത്തൂർ-ചെനക്കൽ ബൈപ്പാസ് റോഡ്</u> - പുതുക്കിയ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ തയ്യാറാക്കിവരുന്നു.

(ബി) പുത്തൂർ-ചെനക്കൽ ബൈപ്പാസ് റോഡിന്റെ മൂന്നാംഘട്ട സ്ഥലം ഏറ്റെടുക്കുന്നതിന് പുറപ്പെടുവിച്ച നോട്ടിഫിക്കേഷൻ സമയപരിധി അവസാനിക്കാറായിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സമയപരിധിക്കുള്ളിൽ സ്ഥലം ഏറ്റെടുക്കുന്നത് പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം വിശദമാക്കുമോ?

തിരൂർ എൽ.എ. തഹസിൽദാർ (ജനറൽ)-ൽനിന്നും ഏകദേശ നഷ്ടപരിഹാരത്തുക കണക്കാക്കിയിട്ടുള്ള ഡി.വി.എസ്. ലഭ്യമായത് പ്രകാരമുള്ള തുകയുൾപ്പെടെ പ്രവൃത്തിക്കാവശ്യമായിവരുന്ന തുകകൂടി

കണക്കിലെടുത്ത് പുതുക്കിയ ഭരണാനുമതിക്കായി പ്രൊപ്പോസൽ തയ്യാറാക്കിവരുന്നു.

(സി) പുത്തൂർ-ചെനക്കൽ ബൈപ്പാസ് റോഡിന്റെ ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായി കോസ്റ്റ് ഓഫ് അക്വിസിഷൻ വിവരങ്ങളും ഡീറ്റെയിൽഡ് വാല്യുവേഷൻ സ്റ്റേറ്റുമെന്റും മലപ്പുറം ജില്ലാ കളക്ടറേറ്റിൽനിന്നും ലഭ്യമായിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ലഭ്യമായിട്ടുണ്ട്. തിരൂർ എൽ.എ. തഹസിൽദാറിൽനിന്നും ഏകദേശ തുക ലഭ്യമായിട്ടുണ്ട്.

(ഡി) കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡിന്റെ നിർമ്മാണ പൂർത്തീകരണത്തിന് അധിക ഫണ്ട് ലഭിക്കുന്നതിനായി സമർപ്പിച്ച എസ്റ്റിമേറ്റ്, പ്രൊപ്പോസൽ എന്നിവയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാരിലുള്ള പി.ഡബ്ല്യു.ഡി.- ജി3/91/2022-പി.ഡബ്ല്യു.ഡി. നമ്പർ ഫയലിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡിന്റെ നിർമ്മാണം സംബന്ധിച്ച് പുതുക്കിയ ഭരണാനുമതിക്കായി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ

പരിശോധിച്ചുവരുന്നു.

(ഇ) ബഡ്ജറ്റിൽ 20% തുക വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ പി.എച്ച്. സെന്റർ-മുക്കില പീടിക റോഡിന്റെ പ്രവൃത്തി ആരംഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

പി.എച്ച്. സെന്റർ-മുക്കിലപീടിക റോഡ് പുനരുദ്ധാരണം കി.മീ. 4/600 മുതൽ 7/752 വരെ പ്രവൃത്തിയുടെ 550 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചുവരുന്നു.

(എഫ്) ബൈപ്പാസ് റോഡുകളുടെ നിർമ്മാണത്തിന് മതിയായ തുക വകയിരുത്തുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

പുതിയ ബൈപ്പാസ് റോഡുകളുടെ നിർമ്മാണത്തിനും അനുബന്ധ സ്ഥലമേറ്റെടുപ്പിനുമായി 2022-23 ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബി മുഖേന 200 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഏറ്റെടുക്കേണ്ട ബൈപ്പാസ് റോഡുകളുടെ പ്രാരംഭ പഠനം നടന്നുവരുന്നു.

## പി.യു.കെ.സി. റോഡിന്റെ നവീകരണം

56 (4772) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാവങ്ങാട്-ഉള്ളിയേരി-കുറ്റ്യാടി-ചൊവ്വ (പി.യു.കെ.സി.) റോഡിന്റെ നവീകരണ പ്രവൃത്തിയിൽ ഉള്ളിയേരി വരെയുള്ള ആദ്യഘട്ട പ്രവൃത്തിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

പി.യു.കെ.സി. റോഡിന്റെ ആദ്യഘട്ട പ്രവൃത്തിയായ പാവങ്ങാട് മുതൽ ഉള്ളിയേരി വരെയുള്ള ഭൂമി ഏറ്റെടുക്കുന്നതിനായി 26-10-2021-ൽ സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. 30-10-2021-ന് റിക്വിസിഷൻ നൽകുകയും 28-02-2022-ന് 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി 04-02-2022-ൽ ടെണ്ടർ ചെയ്യുകയും 14-02-2022-ന് തുറക്കുകയും 14-03-2022-ൽ കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. സർവ്വേ നടപടികൾ പൂർത്തിയാക്കുകയും അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി നടന്നുവരികയും ചെയ്യുന്നു.

(ബി) പ്രസ്തുത റോഡിന്റെ വീതി വർദ്ധിപ്പിക്കുന്നതിനായി ഏതെല്ലാം ഭാഗത്താണ് ഭൂമി ഏറ്റെടുക്കേണ്ടി വരികയെന്നും ഇത് സംബന്ധിച്ച സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ടോയെന്നും അറിയിക്കാമോ?

പ്രസ്തുത റോഡിന്റെ പുതിയങ്ങാടി, എലത്തൂർ, തലക്കുളത്തൂർ, അത്തോളി, ഉള്ളിയേരി വില്ലേജുകളിൽനിന്നും സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഇതുസംബന്ധിച്ച സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ട്.

(സി) ഉള്ളിയേരി വരെയുള്ള ആദ്യഘട്ട പ്രവൃത്തിയിൽ എത്ര പാലങ്ങൾ പുതുക്കി നിർമ്മിക്കാനുണ്ടെന്നും ഇതുസംബന്ധിച്ച എസ്റ്റിമേറ്റിന് അനുമതി ലഭിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ?

ഉള്ളിയേരി വരെയുള്ള ആദ്യഘട്ട പ്രവൃത്തിയിൽ പാലങ്ങൾ പുതുക്കിപ്പണിയുന്നത് ഉൾപ്പെട്ടിട്ടില്ല.

(ഡി) കോഴിക്കോട് ജില്ലയിലെ പ്രധാനപ്പെട്ട റോഡായ പി.യു.കെ.സി. റോഡിന്റെ പ്രവൃത്തി വേഗത്തിലാക്കുന്നതിനായി ഒരു നോഡൽ ഓഫീസർക്ക് ചുമതല നൽകുന്ന കാര്യം പരിഗണിക്കുമോ?

പി.യു.കെ.സി. റോഡിന്റെ പ്രവൃത്തി വേഗത്തിലാക്കുന്നതിന് നോഡൽ

ഓഫീസർക്ക് ചുമതല നൽകുന്ന കാര്യം പരിഗണനയിലില്ല.

## തങ്കളം-കാക്കനാട് റോഡ് നിർമ്മാണം

57 (4773) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന തങ്കളം-കാക്കനാട് റോഡിന്റെ കുന്നത്തുനാട് മണ്ഡലത്തിൽ വരുന്ന ഭാഗത്തിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

കാക്കനാട്-തങ്കളം നാലുവരിപ്പാതയാക്കുന്നതിന് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 01-11-2016-ൽ 30 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് 12-02-2021-ലെ ഭരണാനുമതി ഉത്തരവ് പ്രകാരം 2 വർഷത്തേയ്ക്കുകൂടി ഭരണാനുമതി പുതുക്കി നല്കിയിട്ടുണ്ട്. കാക്കനാട്-തങ്കളം നാലുവരിപ്പാത, ചീഫ് എഞ്ചിനീയർ റോഡ്സ് ആൻഡ് ബ്രിഡ്ജസ് അംഗീകരിച്ച അലൈൻമെന്റ് പ്രകാരം 2009-ൽ സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജീസ്,

തിരുവനന്തപുരം അലൈൻമെന്റ് കല്ല് സ്ഥാപിച്ചിട്ടുള്ളതാണ്. പ്രസ്തുത പ്രവൃത്തി നിലവിൽ കെ.ആർ.എഫ്.ബി. വിഭാഗത്തിലാണ്. പ്രസ്തുത പ്രവൃത്തിയിൽ കുന്നത്തുനാട് മണ്ഡലത്തിലൂടെ കടന്നുപോകുന്ന ഭാഗത്ത് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനാവശ്യമായ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ.ആർ.എഫ്.ബി.-പി.എം.യു. മൂവാറ്റുപുഴ/ഇടുക്കി, ചീഫ് എഞ്ചിനീയർ ഡിസൈൻ വിഭാഗത്തിന് 09-12-2021-ൽ കത്ത് നൽകുകയും ഡിസൈൻ വിഭാഗം RIQCL എറണാകുളത്തിന് കൈമാറുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ കെ.ആർ.എഫ്.ബി. ഉദ്യോഗസ്ഥരും ഇൻവെസ്റ്റിഗേഷൻ ഉദ്യോഗസ്ഥരും ചേർന്ന് 24-02-2022-ൽ സംയുക്ത സ്ഥലപരിശോധന നടത്തി. പരിശോധനയിൽ നിർദിഷ്ട അലൈൻമെന്റ് കൃത്യമായി കണ്ടെത്താൻ സാധിക്കാത്ത അവസ്ഥയിലാണ്. 19-05-2022, 15-07-2022 എന്നീ തീയതികളിൽ തുടർ സ്ഥലപരിശോധന നടത്തി RIQCL എറണാകുളം, ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയും.

(ബി) പ്രസ്തുത റോഡ് നിർമ്മാണ പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഇൻവെസ്റ്റിഗേഷൻ നടത്തി ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ച് സാമ്പത്തികാനുമതി ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്.

**അങ്കമാലി ബൈപ്പാസ് നിർമ്മാണം**

58 (4774) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി ബൈപ്പാസിന്റെ നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; നിലവിൽ ബൈപ്പാസ് നിർമ്മാണം ആരംഭിക്കുന്നതിന് തടസ്സമുണ്ടോ; എങ്കിൽ വിശദമാക്കുമോ?

അങ്കമാലി-കൊച്ചി എയർപോർട്ട് ബൈപ്പാസ് നിർമ്മാണത്തിനായി 50 കോടി രൂപയുടെ പദ്ധതി കിഫ്ബിയിൽ ഉൾപ്പെടുത്തി 27-09-2016-ലെ GO(Rt) No.1324/2016/പൊമവ. ഉത്തരവുപ്രകാരം ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി. ആയി നിയോഗിച്ചു. ആവശ്യമായ പഠനങ്ങൾക്കുശേഷം

6 വരിപ്പാത നിർമ്മിക്കുന്നതിന് 390.68 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കി 15-03-2017-ൽ ആർ.ബി.ഡി.സി.കെ. കിഫ്ബിയിൽ സമർപ്പിച്ചു. ഈ ഡി.പി.ആർ. പ്രകാരം പദ്ധതിക്കായി 390.68 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി GO(Rt) No. 771/2017/PWD dated 02-06-2017 പ്രകാരം നൽകുകയുണ്ടായി. NH-66-ൽ കരയാമ്പറമ്പ് കവലയിൽനിന്ന് തുടങ്ങി അങ്കമാലി റെയിൽവേ സ്റ്റേഷന് സമീപം നാഷണൽ ഹൈവേയിൽ അവസാനിക്കുന്നതരത്തിൽ 6 വരിപ്പാതയായാണ് അലൈൻമെന്റ് നിശ്ചയിച്ചത്. 3.115 കി.മീ. ദീർഘമുള്ള അലൈൻമെന്റിൽ 1.785 കി.മീ. ഭാഗം മാഞ്ഞാലി കനാലിന് കുറുകെ എലിവേറ്റഡ് ഹൈവേ ആയിട്ടാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ, പദ്ധതി ചെലവ് കുറയ്ക്കുന്നതിനായി 6 വരിക്കുപകരം 4 വരിപ്പാത നിർമ്മിക്കുവാനും എലിവേറ്റഡ് ഹൈവേയുടെ ഭാഗത്തെ അലൈൻമെന്റ് മാഞ്ഞാലി കനാലിന് പടിഞ്ഞാറോട്ട് നീക്കി സ്ഥലം നികത്തി റോഡ് നിർമ്മിക്കുന്നതരത്തിൽ ഡി.പി.ആർ. പരിഷ്കരിക്കുവാനും കിഫ്ബി ആവശ്യപ്പെട്ടു. ഇത്തരത്തിൽ പരിഷ്കരിച്ച ഡി.പി.ആർ.-ന് 16-12-2017-ൽ കിഫ്ബി 190.16 കോടി രൂപ അനുവദിച്ചു. എന്നാൽ 2018-ലുണ്ടായ വെള്ളപ്പൊക്കത്തോടെ ചതുപ്പ് നികത്തി റോഡ് നിർമ്മിക്കുന്നത് അഭികാമ്യമല്ലായെന്ന് കണ്ടതിനാൽ

പദ്ധതിക്ക് ആർ.ബി.ഡി.സി.കെ. ആദ്യം നിശ്ചയിച്ച എലിവേറ്റഡ് ഹൈവേതന്നെ അനുവദിക്കാൻ കിഫ്ബിയോട് ആവശ്യപ്പെട്ടതിനെത്തുടർന്ന് കിഫ്ബിയുടെ സാങ്കേതിക സംഘം സ്ഥലം സന്ദർശിക്കുകയും അലൈൻമെന്റ് മാറ്റി എലിവേറ്റഡ് ഹൈവേ ഉൾപ്പെട്ട ബൈപ്പാസ് നിർമ്മിക്കുവാൻ കിഫ്ബിയിൽനിന്ന് നിർദ്ദേശം നൽകുകയും ചെയ്തു. ഇത്തരത്തിൽ പുതുക്കിയ ഡി.പി.ആർ.-ന് 275.52 കോടി രൂപയ്ക്ക് കിഫ്ബിയിൽനിന്നും അനുമതി നൽകി. പുതുക്കിയ റിക്വിസിഷൻ 26-08-2020-ൽ ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും സ്ഥലമേറ്റെടുപ്പിനുള്ള ഭരണാനുമതി റവന്യൂ ഡിപ്പാർട്ടുമെന്റിൽനിന്നും നൽകുകയും ചെയ്തിട്ടുണ്ട്. അലൈൻമെന്റ് കല്ലുകൾ സ്ഥാപിച്ച് സംയുക്ത സ്ഥലപരിശോധന നടത്തിയശേഷം 03-08-2021-ൽ 4(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു. സാമൂഹ്യാഘാത പഠനം നടത്തി റിപ്പോർട്ട് ജില്ലാ കളക്ടർക്ക് സമർപ്പിച്ചതിനെത്തുടർന്ന് വിദഗ്ദ്ധ സമിതി രൂപീകരിക്കുകയും വിദഗ്ദ്ധ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ GO(MS) 27/2022/RD dated 25-01-2022 പ്രകാരം പദ്ധതിയുടെ സമുചിത ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള ഡ്രാഫ്റ്റ് സ്പെഷ്യൽ തഹസിൽദാർ, കിഫ്ബി, എറണാകുളം

തയ്യാറാക്കിവരുന്നു.

(ബി) പ്രസ്തുത തടസ്സങ്ങൾ നീക്കി ബൈപ്പാസിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

എൽ.എ. നടപടികൾ പൂർത്തീകരിച്ച് സ്ഥലമേറ്റെടുത്ത് കൈമാറി കിട്ടിയാൽ മാത്രമേ നിർമ്മാണത്തിനായുള്ള ടെണ്ടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

**തോട്ടശേരിയറ-ഇല്ലത്ത്മാട് റോഡ് നവീകരണം**

59 (4775) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച തോട്ടശേരിയറ-ഇല്ലത്ത്മാട് റോഡ് നവീകരണ പ്രവൃത്തിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

(എ&ബി) വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ തോട്ടശേരിയറ-

ഇല്ലത്ത്മാട്-പാത്തിക്കുഴി റോഡിന് G.O(Rt) No.1502/2016/PWD dtd 01-11-2016 പ്രകാരം 10 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുള്ളതും തുടർന്ന് സാമ്പത്തികാനുമതി ലഭിക്കുന്നതിന് പൊതുമരാമത്ത് നിരത്തുവിഭാഗം വിശദമായ പദ്ധതിരേഖ തയ്യാറാക്കുകയും ആയത് 06-03-2018-ൽ കിഫ്ബിയിലേയ്ക്ക് സമർപ്പിക്കുകയും ചെയ്തു. 10 മീറ്റർ വീതിയിൽ റോഡ് നിർമ്മിക്കുന്നതിന് തയ്യാറാക്കിയ ഡി.പി.ആർ.-ൽ ഭൂമി ഏറ്റെടുക്കുന്നതിന് തുക ഉൾപ്പെടുത്തിയിരുന്നില്ല. ഡി.പി.ആർ.-ന്റെ വിശദമായ പരിശോധനയ്ക്കുശേഷം 28-03-2019-ൽ കിഫ്ബി ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് നൽകി. നിലവിൽ 7-10 മീറ്റർ വീതിയിലുള്ള പ്രസ്തുത റോഡ് കിഫ്ബി മാനദണ്ഡപ്രകാരം മിനിമം 10 മീറ്റർ RoW-യിൽ നിർമ്മിക്കാൻ സ്വകാര്യ ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. ഭൂമി സൗജന്യമായി ഏറ്റെടുക്കാൻ ജനപ്രതിനിധികളുടെ സഹായത്തോടെ നിരവധിതവണ ശ്രമം നടത്തിയിരുന്നു. കിഫ്ബി പദ്ധതിയായി പ്രഖ്യാപിച്ചിട്ടുള്ളതും എന്നാൽ കിഫ്ബി മാനദണ്ഡമനുസരിച്ച് നടപ്പിലാക്കാൻ ബുദ്ധിമുട്ടുള്ളതുമായ കിഫ്ബി അനുമതി നൽകിയ 44 പദ്ധതികളുടെ പട്ടികയിൽ പ്രസ്തുത റോഡും ഉൾപ്പെടുത്തിയിട്ടുണ്ട്. കിഫ്ബി ആവശ്യപ്പെട്ടതനുസരിച്ച് പദ്ധതിയുടെ ട്രാഫിക് വോളിയവും ഭൂമി ഏറ്റെടുക്കലിന്റെ നിലവിലെ സ്ഥിതിയും

തുടർനടപടിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

(സി) തോട്ടശേരിയറ-ഇല്ലത്ത്മാട് റോഡ് നവീകരണത്തിനായി തെരഞ്ഞെടുത്തിട്ടുള്ള ഏജൻസി/വകുപ്പ് സംബന്ധിച്ച വിശദാംശം നൽകാമോ; പ്രസ്തുത ഏജൻസി/വകുപ്പ് നാളിതുവരെ പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് നടത്തിയ ഇടപെടലുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത റോഡിന്റെ നവീകരണത്തിന് നിലവിൽ കെ.ആർ.എഫ്.ബി.-യെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത റോഡിന്റെ അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കുന്നതിന് 5 ലക്ഷം രൂപയ്ക്ക് കെ.ആർ.എഫ്.ബി.-യിൽനിന്നും 15-11-2021-ൽ ഭരണാനുമതി നല്കിയിട്ടുണ്ട്. തുടർന്ന് സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പാലക്കാട്/മലപ്പുറം കെ.ആർ. എഫ്.ബി.-പി.എം.യു. ഡിവിഷന് കീഴിൽ പുരോഗമിച്ചുവരുന്നു.

**ആറ്റിങ്ങൽ മണ്ഡലത്തിലെ റോഡുകൾ**

60 (4776) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള റോഡുകൾ ഏതെല്ലാമാണ്; ഓരോ റോഡിന്റെയും നീളം, വീതി, നിലവിലെ അവസ്ഥ എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിനുകീഴിലെ റോഡുകൾ സംബന്ധിച്ചും കേരള റോഡ് ഫണ്ട് ബോർഡിനുകീഴിൽ നടന്നുവരുന്ന പ്രവൃത്തികൾ സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+ പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിനുകീഴിൽ ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ 11.75 കി.മീ. ദൂരം ദേശീയപാതയാണുള്ളത്. (കല്ലമ്പലം മുതൽ മാമം പാലംവരെ.) ഇതിൽ കല്ലമ്പലം (525/400) മുതൽ പൂവമ്പാറ (532/600) വരെയുള്ള 7.2 കി.മീ ദൂരം നിലവിൽ 2 വരിപ്പാതയാണ്. 10.50 മീ. മുതൽ 12.00 മീ. വരെ വീതിയുണ്ട്. റോഡ് ഗതാഗതയോഗ്യമാണ്. പൂവമ്പാറ (532/600) മുതൽ മൂന്നുമുക്ക് വരെ 3 കി.മീ. ദൂരം 4 വരിപ്പാതയാണ്. 13.00-14.00 മീറ്റർ വീതിയുണ്ട്. മൂന്നുമുക്ക് മുതൽ മാമം പാലം വരെ (535/600 മുതൽ 537/150) 1.55 കി.മീ. ദൂരം 2 വരിപ്പാതയാണ് (11.00-12.00 മീറ്റർ വീതിയുണ്ട്).

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## നെല്ലിപ്പള്ളി നെയ്ത്ത് മുക്ക് റോഡ് പുനർനിർമ്മാണം

61 (4777) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിൽ ഉൾപ്പെട്ട നെല്ലിപ്പള്ളി നെയ്ത്ത്മുക്ക് റോഡ് പൊതുമരാമത്ത് വകുപ്പ്, റോഡ് മെയിന്റനൻസ് വിഭാഗം കൊല്ലം ആർ.പി. 1 ക്ലസ്റ്ററിൽ ഉൾപ്പെടുത്തി അറ്റകുറ്റപ്പണികൾ നടത്തുന്നതിനുവേണ്ടിയുള്ള നടപടികൾ കൈക്കൊണ്ടിരുന്നുവെങ്കിലും അറ്റകുറ്റപ്പണികൾമാത്രം ചെയ്തതുകൊണ്ട് പ്രസ്തുത റോഡ് നിലനിൽക്കില്ലായെന്ന് ബോധ്യപ്പെട്ടതിനാൽ റോഡ് തിരികെ പി.ഡബ്ല്യു.ഡി. റോഡ്സിന് കൈമാറിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൂർണ്ണമായും തകർന്ന് സഞ്ചാരയോഗ്യമല്ലാതായ പ്രസ്തുത റോഡിന്റെ ഇപ്പോഴത്തെ അവസ്ഥ വളരെ ദയനീയമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) പുനലൂർ മണ്ഡലത്തിലെ നെല്ലിപ്പള്ളി നെയ്ത്ത്മുക്ക് റോഡ് പ്രവൃത്തി റണ്ണിംഗ് കോൺട്രാക്ട്, ക്ലസ്റ്റർ-1-ൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ

കഴിയാത്തതിനാൽ നിരത്ത് പരിപാലന വിഭാഗത്തിൽനിന്ന് നിരത്ത് വിഭാഗത്തിന് തിരികെ നൽകിയിരുന്നു. പുനലൂർ-മൂവാറ്റുപുഴ കെ.എസ്.ടി.പി. വർക്ക് നടക്കുന്നതിനാൽ പ്രസ്തുത റോഡിൽ വാഹന ഗതാഗതം ക്രമാതീതമായി ഉയരുകയും തുടർച്ചയായ മഴയുംമൂലം റോഡിന്റെ ഉപരിതലം ഉൾപ്പെടെ വളരെ മോശമായതിനാലും മെറ്റലിംഗ് ഉൾപ്പെടെയുള്ള പുനരുദ്ധാരണ പ്രവൃത്തികൾ വേണ്ടിവരുന്നതിനാലും അറ്റകുറ്റപ്പണികൾ മാത്രം ചെയ്തുകൊണ്ട് ടി റോഡ് നിലനിൽക്കുകയില്ല എന്നതിനാലാണ് പ്രസ്തുത റോഡ് റണ്ണിംഗ് കോൺട്രാക്ട് ക്ലസ്റ്റർ-1-ൽനിന്നും ഒഴിവാക്കി നിരത്ത് വിഭാഗത്തിന് കൈമാറിയത്.

(സി) പ്രസ്തുത റോഡ് പുനർനിർമ്മാണത്തിനാവശ്യമായ തുക പി.ഡബ്ല്യു.ഡി. റോഡ്സിന് അനുവദിക്കുമോ; വ്യക്തമാക്കാമോ?

പ്രസ്തുത റോഡ് പുനർനിർമ്മാണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

**തലശ്ശേരി-വളവുപാറ കെ.എസ്.ടി.പി. റോഡ് നിർമ്മാണം**

62 (4778) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) തലശ്ശേരി-വളവുപാറ കെ.എസ്.ടി.പി. റോഡിൽ കുത്തുപറമ്പ് മണ്ഡലത്തിൽപ്പെട്ട ഭാഗങ്ങളിൽ റോഡ് നിർമ്മാണ പ്രവൃത്തി ഇതുവരെയും പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

പാക്കേജ് 3A-തലശ്ശേരി-കളറോഡ് റോഡിൽ കുത്തുപറമ്പ് നിയമസഭാമണ്ഡലം മേഖലയിൽ പ്രധാനപ്പെട്ട എല്ലാ ജോലികളും പൂർത്തിയായി. ചില പൊതുതടസ്സങ്ങൾ കാരണം ബസ് ഷെൽട്ടർ പണികൾ വൈകി. നിലവിൽ കെർബ് പെയിന്റിംഗ് കൂടി ബാക്കിയുണ്ട്. നിലവിൽ തടസ്സങ്ങൾ നീക്കി പണി പുരോഗമിക്കുന്നു.

(ബി) പ്രസ്തുത റോഡിൽ ബസ് ഷെൽട്ടറുകൾ, സോളാർ ലൈറ്റുകൾ, സൗന്ദര്യവത്ക്കരണം തുടങ്ങിയ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

പാക്കേജ് 3A - തലശ്ശേരി - കളറോഡ് റോഡിൽ കുത്തുപറമ്പ് ടൗണിന് ഡി.പി.ആർ.-ൽ നിർദ്ദേശിച്ചിരിക്കുന്ന ജംഗ്ഷൻ വികസനത്തിന്

ആവശ്യമായ ഭൂമി ലഭ്യമല്ലാത്തതിനാൽ പ്രായോഗികമല്ല. ലഭ്യമായ സ്ഥലത്തിനനുസരിച്ച് ജംഗ്ഷൻ പരിഷ്കരിച്ച് പൂർത്തിയാക്കി. പെയിന്റിംഗ് പ്രവൃത്തി മഴ മാറിയാൽ ഉടൻ പൂർത്തിയാക്കുന്നതാണ്. സൗന്ദര്യവത്ക്കരണം നടപ്പിലാക്കുന്നതിനുവേണ്ടി സ്ഥലം ലഭ്യമല്ല. നിർദ്ദേശിച്ച സോളാർ വിളക്കുകളുടെ പണി പൂർത്തിയായി. കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ ഇനി ബസ് ഷെൽട്ടറുകൾ മാത്രമേ പൂർത്തീകരിക്കാൻ ബാക്കിയുള്ളൂ.

(സി) നിർമ്മാണത്തിലെ അശാസ്ത്രീയത കാരണം കൂത്തുപറമ്പ് ടൗണിൽ ഉൾപ്പെടെ വെള്ളക്കെട്ട് രൂപപ്പെട്ട് ഗതാഗതം തടസ്സപ്പെടുന്നത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

ഡി.പി.ആർ.-ൽ പറഞ്ഞിരിക്കുന്നതുപോലെ ഡ്രെയിനേജ് ജോലികൾ പൂർത്തിയായി. മലയോരത്തുനിന്നും അപ്രോച്ച് റോഡുകളിൽനിന്നും വരുന്ന മഴവെള്ളം കനത്ത മഴയിൽ റോഡിലേയ്ക്ക് ഒഴുകുന്നത് കാരണം വെള്ളക്കെട്ട് രൂപപ്പെടുന്നതായി കാണപ്പെടുന്നു. ഇത് ഒഴിവാക്കുന്നതിനായി വേണ്ട നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത റോഡ് പ്രവൃത്തിക്ക് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; ഇല്ലെങ്കിൽ പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാനാവുമെന്ന്

വ്യക്തമാക്കുമോ?

പ്രസ്തുത പ്രവൃത്തിയും കൂത്തുപറമ്പ് മണ്ഡലത്തിലെ മറ്റെല്ലാ പ്രവൃത്തികളും ഈ മാസം അവസാനത്തോടുകൂടി പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ പണി പൂർത്തീകരിക്കാത്ത റോഡുകൾ

63 (4779) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ പണി പൂർത്തീകരിക്കാത്ത റോഡുകളുടെ ലിസ്റ്റും അവയുടെ പുരോഗതിയും വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡുകളുടെ പ്രവൃത്തിയിൽ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത റോഡുകളുടെ പ്രവൃത്തി എപ്പോൾ ആരംഭിച്ചുവെന്നും എപ്പോൾ പൂർത്തിയാക്കാനാവുമെന്നും വിശദമാക്കുമോ?

(എ-സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

## കൊണ്ടോട്ടി കേന്ദ്രമായി റോഡ് സബ്ഡിവിഷൻ

64 (4780) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി റോഡ് സെക്ഷൻ ഓഫീസിൽനിന്നും സബ്ഡിവിഷൻ ഓഫീസായ തിരൂരിലേയ്ക്ക് എത്ര കിലോമീറ്റർ ദൂരമുണ്ടെന്ന് വ്യക്തമാക്കുമോ?

35 കി. മീ. ദൂരം.

(ബി) വളരെ ദൂരം യാത്ര ചെയ്യേണ്ടതുമൂലം പൊതുജനങ്ങളും ഉദ്യോഗസ്ഥരും കരാറുകാരും നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) തിരൂർ സബ്ഡിവിഷന്റെ കീഴിൽ എത്ര കിലോമീറ്റർ റോഡുണ്ടെന്നും ഇതിൽ എത്ര മണ്ഡലങ്ങൾ ഉൾപ്പെടുന്നുവെന്നും വിശദമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തിരൂർ സബ്ഡിവിഷന് കീഴിൽ ആകെ 706.278 കി.മീ റോഡാണുള്ളത്. 9 മണ്ഡലങ്ങൾ (തിരൂർ, താനൂർ, തിരൂരങ്ങാടി, വള്ളിക്കുന്ന്, കൊണ്ടോട്ടി, തവനൂർ, ഏറനാട്, വേങ്ങര, മലപ്പുറം). ആയതിൽ 4 മണ്ഡലങ്ങൾ പൂർണ്ണമായും 3 മണ്ഡലങ്ങളുടെ ഭൂരിഭാഗവും 2 മണ്ഡലങ്ങൾ ഭാഗികമായും തിരൂർ സബ്ഡിവിഷനിൽ ഉൾപ്പെടുന്നുണ്ട്.

(ഡി) കൊണ്ടോട്ടി കേന്ദ്രമായി ഒരു റോഡ് സബ്ഡിവിഷൻ ഓഫീസ് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഇക്കാര്യത്തിൽ ഒരു നിർദ്ദേശം പൊതുമരാമത്ത് ഭരണ വിഭാഗം ചീഫ് എഞ്ചിനീയർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

## വൈപ്പിൻ-മുനമ്പം റോഡ് വികസന പദ്ധതി

65 (4781) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗതാഗത പദ്ധതിയിൽ ഉൾപ്പെടുത്തി 36 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ള വൈപ്പിൻ-മുനമ്പം റോഡ് വികസന പദ്ധതിയുടെ നിജസ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

വൈപ്പിൻ-പള്ളിപ്പുറം റോഡിൽ KSTP II/CF-4 Road Safety improvement works from Vypin to Munambam Road (25.18 Km) Kerala under World Bank assisted Challenge fund of KSTP എന്ന പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ടി പ്രവൃത്തിയിൽ 1500-ഓളം സ്ലാബുകൾ കാസ്റ്റ് ചെയ്യുകയും അതിൽ 500-ഓളം സ്ലാബുകൾ കാനയിൽ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. 100 മീറ്ററോളം ഷോൾഡറിൽ ടൈൽ വിരിക്കുന്ന പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ റോഡിലെ centre line-ഉം pedestrian crossing-ഉം മാർക്ക് ചെയ്യുന്ന പ്രവൃത്തിയും പൂർത്തിയായിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ബസ് ബേ, കാന ബസ് ഷെൽട്ടർ തുടങ്ങിയവയുടെ നിർമ്മാണത്തിനായി സ്ഥലം ലഭ്യമായിട്ടുണ്ടോ; ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

ബസ് ബേ, ബസ് ഷെൽട്ടർ എന്നിവയുടെ നിർമ്മാണത്തിനായി നാറ്റ്പാക്-ന്റെ ഡീറ്റെയിൽഡ് സർവ്വേ കഴിഞ്ഞ് റിപ്പോർട്ട് ലഭ്യമാക്കേണ്ടതുണ്ട്. ആയതിനാൽ ഇതുമായി ബന്ധപ്പെട്ട് ഏറ്റെടുക്കേണ്ട

സ്ഥല വിസ്തൃതി കണക്കാക്കിയിട്ടില്ല. റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് മേൽപ്രവൃത്തികൾ സ്ഥലം ലഭ്യമാക്കി ആരംഭിക്കുന്നതാണ്.

(ഡി) 36 കോടി രൂപയുടെ എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പ്രവൃത്തികളുടെ വിശദാംശം വ്യക്തമാക്കാമോ?

ടി പ്രവൃത്തിയിൽ 8 ബസ് ബേ നിർമ്മാണവും 25.5 കി.മീ. നീളത്തിൽ റോഡിനിരുവശവും ഫുട്പാത്ത് നിർമ്മാണവും 12 ബസ് ഷെൽട്ടർ നിർമ്മാണവും junction improvement പ്രവൃത്തികളുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

## പിലാത്തറ-പാപ്പിനിശ്ശേരി കെ.എസ്.ടി.പി. റോഡിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കൽ

66 (4782) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിലാത്തറ-പാപ്പിനിശ്ശേരി കെ.എസ്.ടി.പി. റോഡിൽ ഒരു വർഷത്തിലധികമായി പ്രവർത്തനരഹിതമായ സ്ട്രീറ്റ് ലൈറ്റുകൾ മാറ്റിസ്ഥാപിക്കുന്നതിന് അനെർട്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച ഉത്തരവ് ലഭ്യമാക്കാമോ;

(ബി) സ്ട്രീറ്റ് ലൈറ്റുകൾ എന്നത്തേയ്ക്ക് പ്രവർത്തനക്ഷമമാക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

(എ&ബി) പിലാത്തറ-പാപ്പിനിശ്ശേരി റോഡിൽ സോളാർ സ്ട്രീറ്റ് ലൈറ്റുകൾ സംബന്ധിച്ച അപാകതകൾ പരിഹരിക്കുന്നതിനായി ഒരു വിശദപഠനം നടത്തുവാൻ M/s. ANERT-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. M/s ANERT-ന്റെ റിപ്പോർട്ടിന് കെ.എസ്.ടി.പി. സ്റ്റിയറിംഗ് കമ്മിറ്റിയുടെ അംഗീകാരം ലഭിയ്ക്കുന്നമുറയ്ക്ക് സ്ട്രീറ്റ് ലൈറ്റുകൾ പ്രവർത്തനക്ഷമമാക്കുന്നത് സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയും. M/s ANERT-ഉം കെ.എസ്.ടി.പി.-യും തമ്മിലുള്ള കരാറിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

**കിഫ്ബി സഹായത്തോടെ നിർമ്മിക്കുന്ന താമരശ്ശേരി-വരിട്ട്യാക്ക് - സി.ഡബ്ല്യൂ.ആർ.ഡി.എം. റോഡ്**

67 (4783) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി സഹായത്തോടെ താമരശ്ശേരി മുതൽ വരിട്ട്യാക്ക് വഴി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സി.ഡബ്ല്യൂ.ആർ.ഡി.എം. വരെ നിർമ്മിക്കുന്ന റോഡിന് എത്ര മീറ്റർ വീതിയാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

കിഫ്ബി സഹായത്തോടെ താമരശ്ശേരി മുതൽ വരിട്ട്യാക്കൽ വഴി സി.ഡബ്ല്യൂ.ആർ.ഡി.എം. വരെയുള്ള റോഡിന് 10 മീറ്റർ വീതിയാണ് ഉദ്ദേശിക്കുന്നത്.

(ബി) പ്രസ്തുത റോഡ് നിർമ്മാണത്തിനാവശ്യമായ സ്ഥലം വിലയ്ക്കെടുക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ?

നടപടികൾ ആരംഭിച്ചിട്ടില്ല.

(സി) മണിപുരം, കരുവംപോയിൽ തുടങ്ങിയ ടൗണുകളിലെ വീതിയില്ലാത്ത ഭാഗങ്ങൾ ഏതുവിധേനയാണ് പരിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ലാൻഡ് അക്വിസിഷൻ മുഖാന്തരം ടൗണുകൾ പരിഷ്ക്കരിക്കുവാൻ സാധിക്കുന്നതാണ്.

(ഡി) നിലവിൽ നടന്നുകൊണ്ടിരിക്കുന്ന വികസന പ്രവർത്തനങ്ങൾ എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തി കരാറുകാരന്റെ

നഷ്ടോത്തരവാദിത്വത്തിൽ റദ്ദ് ചെയ്തിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ പുന:ക്രമീകരിക്കുന്നതിന് 17-06-2022-ൽ ടെണ്ടർ ക്ഷണിക്കുകയും 05-07-2022-ൽ ടെക്നിക്കൽ ബിഡ് തുറക്കുകയും ചെയ്തു. ടെക്നിക്കൽ ബിഡുകൾ ടെക്നിക്കൽ കമ്മിറ്റിയിൽവച്ച് പ്രീ-ക്വാളിഫൈഡായ കരാറുകാരെ തെരഞ്ഞെടുക്കുകയും തുടർന്ന് ഫിനാൻഷ്യൽ ബിഡ് തുറക്കുകയും ടെണ്ടർ അപ്രൂവൽ കമ്മിറ്റിയിൽവച്ച് അത് അംഗീകരിക്കുകയും ചെയ്യേണ്ടതുണ്ട്. പ്രസ്തുത വിവരങ്ങൾ കിഫ്ബിയുടെ PFMS പോർട്ടലിൽ സമർപ്പിച്ച് അംഗീകാരം നേടിയശേഷം അക്സപ്റ്റൻസ് ലെറ്റർ നൽകി, കരാറിൽ ഏർപ്പെട്ട് പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയുന്നതാണ്. 6 മാസമാണ് ടി പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി.

(ഇ) പ്രസ്തുത റോഡിന് ഇതുവരെ കിഫ്ബിയിൽനിന്നും എത്ര പണം ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത റോഡിന് ആറാമത്തെയും ഭാഗികവുമായ ബിൽ പ്രകാരം ഇതുവരെ 20,08,17,959/- രൂപ കിഫ്ബിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

**തടിക്കാട്-മാത്ര-അടുക്കളമൂല പാർശ്വഭിത്തി നിർമ്മാണം**

68 (4784) <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പത്തൊമ്പത് കോടി പത്ത് ലക്ഷം രൂപ ഉപയോഗിച്ച് നവീകരിച്ച തടിക്കാട്-മാത്ര-അടുക്കളമൂല റോഡിന്റെ നിർമ്മാണത്തിനായി ചെങ്കുത്തായ പല പ്രദേശങ്ങളിലും ഭൂമി ഇടിച്ചതിന്റെ ഭാഗമായി പാർശ്വഭിത്തി നിർമ്മിക്കാത്തതിനാൽ കാലവർഷത്തിൽ പ്രസ്തുത സ്ഥലങ്ങളിൽ മണ്ണിടിച്ചിലുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കിഫ്ബി പ്രവൃത്തിയിൽ ഉൾപ്പെടുത്തി നവീകരിച്ച തടിക്കാട്-മാത്ര-അടുക്കളമൂല റോഡിൽ ഇടതുഭാഗത്ത് ചെയിനേജ് 7/860 ഭാഗത്തെ മണ്ണിടിച്ചിൽ ഭീഷണി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം പ്രദേശങ്ങളിൽ താമസിക്കുന്ന ആളുകളുടെ വീടിനുൾപ്പെടെ വലിയ നാശനഷ്ടങ്ങളും ജീവന് ഭീഷണിയാകുന്ന തരത്തിൽ മണ്ണിടിച്ചിലും ഉണ്ടാകുന്നത് പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(സി) പാർശ്വഭിത്തി നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ട് ലഭ്യമാക്കി

സംരക്ഷണ ഭിത്തിയുൾപ്പെടെയുള്ള പ്രവൃത്തികൾ നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(ബി&സി) പ്രസ്തുത സ്ഥലത്ത് സാധാരണ രീതിയിലുള്ള സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനാവശ്യമായ വീതി ലഭ്യമല്ല. ആയതിനാൽ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും സാങ്കേതിക നിർദ്ദേശം തേടുകയുണ്ടായി. തുടർന്ന് ഷീറ്റ് പൈൽ മാതൃകയിൽ സംരക്ഷണഭിത്തിയുടെ ഡിസൈൻ ലഭിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് കിഫ്ബിയിൽ നടത്തിയ മീറ്റിംഗിനെത്തുടർന്ന് കിഫ്ബി ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ചിരുന്നു. കിഫ്ബിയിൽനിന്നുള്ള സാങ്കേതിക നിർദ്ദേശം കൂടി ലഭ്യമാക്കി സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുള്ള തുക ലഭ്യതയ്ക്കുള്ള തുടർനടപടികൾ സ്വീകരിച്ച് പ്രവൃത്തി നടപ്പിലാക്കുവാനാകുന്നതാണ്.

**പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കേണ്ട റോഡുകൾ**

69 (4785) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെ ശൃംഖല രൂപപ്പെടുമ്പോൾ ബന്ധിപ്പിക്കപ്പെടാത്ത,

പ്രാധാന്യമുള്ള ഗ്രാമീണ റോഡുകൾ വകുപ്പ് ഏറ്റെടുക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത ഗണത്തിൽപ്പെടുന്ന തിരുവമ്പാടി മണ്ഡലത്തിലെ മുക്കം-കുമാരനെല്ലൂർ-കാരമൂല-വല്ലത്തായിപ്പാറ-തേക്കുംകുറ്റി റോഡും മുക്കം കുറ്റിപ്പാല-കച്ചേരി-ചേന്ദമംഗലൂർ റോഡും വകുപ്പ് ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ&ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

**മാവേലിക്കര മണ്ഡലത്തിലെ റോഡ് പുനരുദ്ധാരണം**

70 (4786) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ കോമല്ലൂർ-ഭരണിക്കാവ് പൊതുമരാമത്ത് റോഡ് സഞ്ചാരയോഗ്യമല്ലാതായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത റോഡ് പുനരുദ്ധരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പുനരുദ്ധാരണത്തിന് ആവശ്യമായ തുക അനുവദിക്കുമോ?

ഈ റോഡിന്റെ പുനരുദ്ധാരണത്തിനായി 21-04-2022-ൽ നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച 376 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിലൂടെ കടന്നുപോകുന്ന കായംകുളം-പുനലൂർ റോഡിൽ ആശാൻ കലുങ്ക് എന്ന പ്രദേശം ഏറ്റവും അപകടകരമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രദേശം അപകടരഹിതമാക്കുന്നതിന് പൊതുമരാമത്ത് നിരത്ത് വിഭാഗവും റോഡ് സേഫ്റ്റി വിഭാഗവും അനുവദിച്ച തുകയും നടപ്പിലാക്കിയ പദ്ധതികളും വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പ്രദേശം അപകടരഹിതമാക്കുന്നതിനു വേണ്ടി 16-04-2022-ൽ നിരത്തുവിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച 101.70 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരിശോധനയിലാണ്.

**ദേവികുളം മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി**

71 (4787) <u>ശ്രീ. എ. രാജ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതി പ്രകാരം

ഫേസ്-I, ഫേസ്-II ഘട്ടങ്ങളിലായി അനുവദിച്ച റോഡുകൾ ഏതൊക്കെയെന്ന് അറിയിക്കാമോ; അവയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം അനുവദിച്ച പാലങ്ങൾ ഏതൊക്കെയെന്നും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

(എ&ബി) പൊതുമരാമത്ത് വകുപ്പിനുകീഴിൽ ദേവികുളം മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതി പ്രകാരം പ്രവൃത്തികളൊന്നും അനുവദിച്ചിട്ടില്ല.

**ചാലക്കുടി-മാള, പാളയ ംപറമ്പ്-ഉരുതിപ്പാല റോഡ് നിർമ്മാണം**

72 (4788) <u>ശ്രീ. വി. ആർ. സുനിൽകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ മണ്ഡലത്തിലെ ചാലക്കുടി-മാള റോഡ്, പാളയംപറമ്പ്-ഉരുതിപ്പാല റോഡ് എന്നിവയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തണമെന്ന ആവശ്യം പരിഗണനയിലുണ്ടോ?

പരിഗണനയിലുണ്ട്.

(ബി) എങ്കിൽ ഇതിനുള്ള പ്രവർത്തനങ്ങൾ ഏതുവരെയായിയെന്നും

എപ്പോൾ പണി ആരംഭിക്കാൻ കഴിയുമെന്നും അറിയിക്കാമോ?

പാളയംപറമ്പ്-ഗുരുതിപ്പാല റോഡ്, ചാലക്കുടി-മാള റോഡ് പുനരദ്ധാരണ പ്രവൃത്തികൾക്കായി ഭരണാനുമതിക്കുള്ള പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുവാൻ നിരത്ത് വിഭാഗം ചീഫ് എഞ്ചിനിയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്.

**മാവേലിക്കര മണ്ഡലത്തിലെ റോഡ് നിർമ്മാണം**

73 (4789) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച മാവേലിക്കര മണ്ഡലത്തിലെ റെയിൽവേ സ്റ്റേഷൻ-പൊന്നേഴ-വാത്തികുളം-ഭരണിക്കാവ് റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

നബാർഡ് XXVII 2021-22-ൽ ഉൾപ്പെടുത്തി മാവേലിക്കര റെയിൽവേ സ്റ്റേഷൻ ജംഗ്ഷൻ-പൊന്നേഴ-വാത്തിക്കുളം കൊയിക്കൽ മാർക്കറ്റ്

റോഡിന്റെ (ചെയി: 0/000-8/500) പുനരുദ്ധാരണത്തിനായി ജി.ഒ. (ആർ.ടി.)നം. 49/2022/പി.ഡബ്ല്യൂ.ഡി. തീയതി 14-01-2022 പ്രകാരം 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കാൻ സൈറ്റ് പരിശോധിച്ചപ്പോൾ ടി റോഡിന്റെ ആദ്യത്തെ 3.5 കി.മീ. ഭാഗത്ത് മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്ത് ടാറിംഗ് പ്രവൃത്തികൾ നടത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടു. ഈ ഭാഗം ഗ്രാമപഞ്ചായത്തിന്റെ നഷ്ടോത്തര കാലാവധിക്കുള്ളിലായതിനാൽ പ്രസ്തുത ഭാഗം ഒഴിവാക്കി ടി റോഡിനോട് ചേർന്നുള്ള പൊതുമരാമത്ത് റോഡായ വാത്തിക്കുളം-ചുനക്കര (സൗത്ത്) റോഡിന്റെ കി.മീ 0/000 മുതൽ 3/000, പള്ളിക്കൽ പുന്നമൂട് റോഡിന്റെ കി.മീ 2/450 മുതൽ 3/000 വരെയുള്ള ഭാഗവുംകൂടി ഉൾപ്പെടുത്തി നബാർഡ് 2021-22 മാവേലിക്കര റെയിൽവേ സ്റ്റേഷൻ-പൊന്നേഴ-വാത്തിക്കുളം-കോയിക്കൽ മാർക്കറ്റ് റോഡ് കി.മീ 3/500-8/500 & കണക്ഷൻ റോഡ്-വാത്തിക്കുളം-ചുനക്കര (സൗത്ത്) കി.മീ. 0/000 മുതൽ 3/000 & പള്ളിക്കൽ പുന്നമൂട് റോഡ് കി.മീ 2/450-3/000 എന്ന പേരിലേയ്ക്ക് nomenclature മാറ്റി പുതുക്കിയ ഭരണാനുമതി നൽകേണ്ടതായിട്ടുണ്ട്. അതിനുള്ള നടപടികൾ തുടരുന്നു.

## വയനാട് ജില്ലയിലെ ബീനാച്ചി-പനമരം റോഡ് നിർമ്മാണം

74 (4790) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ ബീനാച്ചി-പനമരം റോഡിന്റെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

22.00 കി.മീ. ദൈർഘ്യമുള്ള ബീനാച്ചി-പനമരം റോഡിന്റെ 2/700 (താഴെ അരിവയൽ) മുതൽ 15/580 (നടവയൽ) വരെയുള്ള 12.88 കി.മീ. ഭാഗത്തെ പ്രവൃത്തികളാണ് നിലവിൽ പുരോഗമിക്കുന്നത്. ഇതിൽ 11.7 കി.മീ. ഭാഗം ഡി.ബി.എം. പൂർത്തിയാക്കിയിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തി പുരോഗതിയിലാണ്.

(ബി) പ്രസ്തുത റോഡിൽ മാനന്തവാടി നിയോജകമണ്ഡലത്തിൽവരുന്ന നടവയൽ മുതൽ പനമരം വരെയുള്ള ഭാഗം റീ-ടെൻഡർ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുമോ; എങ്കിൽ ആയതിന്റെ പുരോഗതി അറിയിക്കാമോ?

0/000 (ബീനാച്ചി) മുതൽ 2/700 കി.മീ. (താഴെ അരിവയൽ) വരെയും

15/580 (നടവയൽ) മുതൽ 22/000 (പനമരം) വരെയുമുള്ള പ്രവൃത്തി പ്രത്യേക എസ്റ്റിമേറ്റ് തയ്യാറാക്കി, 04-04-2022-ലെ ടെക്നിക്കൽ കമ്മിറ്റി പരിശോധിക്കുകയും ചില സാങ്കേതിക തിരുത്തലുകൾ എസ്റ്റിമേറ്റിൽ വരുത്തുന്നതിന് നിർദ്ദേശിക്കുകയും ബാക്കി പ്രവൃത്തിക്ക് 32.56 കോടി രൂപയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. 30-07-2022-ന് ബിഡ് ഓപ്പണിംഗ് നിശ്ചയിച്ച് പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്.

## വൈപ്പിൻ-പള്ളിപ്പുറം പാരലൽ റോഡ് നിർമ്മാണം

75 (4791) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ വൈപ്പിൻ-പള്ളിപ്പുറം പാരലൽ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;

(ബി) ജനങ്ങളുടെ യാത്രാക്ലേശവും പരാതികളും കണക്കിലെടുത്ത് നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള

നടപടികൾ വ്യക്തമാക്കാമോ?

വൈപ്പിൻ-പള്ളിപ്പുറം പാരലൽ റോഡിൽ ചെ. 0/000 മുതൽ 11/000 വരെയുള്ള പ്രവൃത്തിയിൽ ചെ. 0/000 മുതൽ 8/000 വരെ GSB, WMM പൂർത്തിയാക്കിയിട്ടുണ്ട്. ചെ. 8/000 മുതൽ 10/500 വരെയുള്ള ഭാഗം കടലിനോട് വളരെ ചേർന്ന് കിടക്കുന്നതും കടൽഭിത്തി തകർന്നിരിക്കുന്നതുമായ സ്ഥലമാണ്. അതുമൂലം ഈ ഭാഗത്ത് 2 മീ. ഉയരത്തിൽ മണൽ കയറികിടക്കുകയാണ്. ഈ മണൽ നീക്കം ചെയ്യാതെ ഇവിടെ കോൺക്രീറ്റ് പ്രവൃത്തികൾ ചെയ്യാൻ സാധിക്കുന്നതല്ല. ചെ. 8/000 മുതൽ 10/500 വരെയുള്ള ഭാഗത്തെ മണൽ നീക്കംചെയ്യുന്നതിനുവേണ്ടി പഞ്ചായത്ത് അധികൃതരേയും ജില്ലാ ഭരണകൂടത്തേയും സമീപിച്ചിട്ടുണ്ട്. ചെ. 11/000 മുതൽ 17/000 വരെയുള്ള പ്രവൃത്തിയിൽ 11/000 മുതൽ 14/000 വരെ ജി.എസ്.ബി (GSB) ഡബ്ല്യൂ.എം.എം. (WMM) പൂർത്തീകരിച്ചിട്ടുണ്ട്. ചെ. 14/000 മുതൽ 17/000 വരെയുള്ള ഭാഗത്ത് പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യവും പ്രതികൂല കാലാവസ്ഥയും പ്രവൃത്തിയുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ട്. ചെ. 17/000 മുതൽ 19/00 വരെയുള്ള ഭാഗത്തെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ചെ. 19/000 മുതൽ ചെ. 20/000 വരെയുള്ള ടാറിംഗ് പ്രവൃത്തികൾ മഴ

മാറിയാലുടൻ നടപ്പിലാക്കുവാൻ സാധിക്കുന്നതാണ്.

(സി) പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണ കാലാവധി എന്നാണ് അവസാനിച്ചിട്ടുള്ളതെന്നും ആയത് എത്ര തവണ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിച്ച് റോഡ് ഗതാഗതയോഗ്യമാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

(സി&ഡി) വൈപ്പിൻ-പള്ളിപ്പുറം പാരലൽ റോഡിൽ ചെ. 0/000 മുതൽ 11/000 വരെയുള്ള പ്രവൃത്തിയുടെ നിർമ്മാണ കാലാവധി 15-05-2022 വരെയായിരുന്നു. 15-11-2022 വരെ ദീർഘിപ്പിച്ച് നൽകുന്നതിനുള്ള ശിപാർശ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പരിശോധിച്ചുവരുന്നു. ചെ. 11/000 മുതൽ 17/000 വരെയുള്ള പ്രവൃത്തിയുടെ നിർമ്മാണ കാലാവധി 17-09-2022 വരെയാണുള്ളത്. വൈപ്പിൻ-പള്ളിപ്പുറം പാരലൽ റോഡിൽ ചെ. 0/000 മുതൽ 11/000 വരെയുള്ള പ്രവൃത്തി 15-11-2022-നകവും ചെ. 11/000 മുതൽ 17/000 വരെയുള്ള പ്രവൃത്തി 17-09-2022-നകവും പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## ആലത്തൂർ മണ്ഡലത്തിലെ റോഡുകൾ

76 (4792) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡുകൾ ഏതൊക്കെയാണെന്നും അവയുടെ ദൈർഘ്യം എത്രയാണെന്നുമുള്ള വിവരം ലഭ്യമാണോ; എങ്കിൽ റോഡുകളുടെ പേരും നീളവും അറിയിക്കാമോ?

ആലത്തൂർ മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്തുവിഭാഗത്തിന്റെ കീഴിലുള്ള റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+ കേരള റോഡ് ഫണ്ട് ബോർഡ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് മുഖേന കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന രണ്ട് റോഡ് പ്രവൃത്തികളാണുള്ളത്.

1. ഇംപ്രൂവ്മെന്റ്സ് ടു കണ്ണാടി - പന്നിക്കോട് റോഡ് (കി.മീ 0/000 മുതൽ 10/000 വരെ) ദൈർഘ്യം - 10 കി.മീ. ആണ്.

2. മലയോര ഹൈവേ ഇംപ്രൂവ്മെന്റ്സ് ടു കൊല്ലങ്കോട് - വടക്കാഞ്ചേരി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റോഡ് (കി.മീ. 113/150 മുതൽ 128/375 വരെ) ദൈർഘ്യം - 15.225 കി.മീ. ആണ്. പ്രസ്തുത റോഡിന്റെ 10.10 കി.മീ. ഭാഗം ആലത്തൂർ മണ്ഡലത്തിലൂടെ കടന്നുപോകുന്നു.

(ബി) പ്രസ്തുത റോഡുകളിൽ ഗതാഗതയോഗ്യമല്ലാത്ത റോഡുകൾ ഏതൊക്കെയാണെന്നും അവയുടെ ദൈർഘ്യവും അറിയിക്കാമോ?

പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിന്റെ കീഴിലുള്ള അറ്റകുറ്റപ്പണി നിരന്തരം ആവശ്യമുള്ള റോഡുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. Mangalam Dam - Veettikkadavu road km 0/000 to 1/700, ദൈർഘ്യം - 1.7 കി.മീ.

2. Mampad - Poovvathinkalatti road km 3/000 to 6/200, ദൈർഘ്യം - 3.2 കി.മീ.

3. Kunnamkad - Konnakkalkadavu road km 0/000 to 10/000, ദൈർഘ്യം - 10 കി.മീ.

കെ.ആർ.എഫ്.ബി., പി.എം.യു. മുഖേന നടപ്പിലാക്കുന്ന റോഡുകൾ ഗതാഗതയോഗ്യമാണ്.

(സി) ഗതാഗതയോഗ്യമല്ലാത്ത റോഡുകൾ അടിയന്തരമായി നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദീകരിക്കാമോ?

പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിന്റെ കീഴിൽ നിരന്തരം അറ്റകുറ്റപ്പണി നടക്കുന്ന മൂന്ന് റോഡുകളും ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് നവീകരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ശംഖുമുഖം റോഡിലെ കുഴികൾ**

77 (4793) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ ശംഖുമുഖം റോഡിൽ കുഴികൾ രൂപപ്പെട്ടത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകാമോ?

തിരുവനന്തപുരത്തെ ശംഖുമുഖം റോഡിൽ കുഴികൾ രൂപപ്പെട്ടത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടില്ല.

(ബി) പ്രസ്തുത സംഭവത്തിൽ കരാറുകാർക്കെതിരെ നടപടി സ്വീകരിക്കാനും ഇവരെ കരിമ്പട്ടികയിൽപ്പെടുത്താനും നടപടി സ്വീകരിക്കുമോ?

പ്രസ്തുത റോഡിന്റെ പുനർനിർമ്മാണം നടത്തുന്നത് തിരുവനന്തപുരം നഗരപാതാ വികസന പദ്ധതിയുടെ കൺസഷണറായ തിരുവനന്തപുരം റോഡ് ഡെവലപ്മെന്റ് കമ്പനി ലിമിറ്റഡാണ്. പ്രസ്തുത പദ്ധതിയുടെ 2004-ൽവച്ച എഗ്രിമെന്റിൽത്തന്നെ ഇത്തരം കേടുപാടുകൾ ശരിയാക്കാനുള്ള വ്യവസ്ഥയുള്ളതിനാൽ ഇതിനായി സർക്കാരിൽനിന്നും ടെണ്ടർ നടപ്പിലാക്കുകയോ ആയതിന് പ്രത്യേകമായി തുക നൽകേണ്ടതായോ ഉള്ള ആവശ്യമില്ല. കൺസഷൻ എഗ്രിമെന്റിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരമുള്ള ഗുണനിലവാരത്തിലാണ് റോഡ് പുനർനിർമ്മാണ പ്രവൃത്തി നടപ്പിലാക്കി വരുന്നത്. ഈ ഭാഗത്ത് 22-02-2027 വരെ പരിപാലനം നടത്തേണ്ടത് പ്രസ്തുത കമ്പനിതന്നെയാണ്. ഈ പ്രവൃത്തിയിൽ എന്തെങ്കിലും ന്യൂനതകൾ സംഭവിച്ചാൽ അത് പൂർണ്ണമായും പരിഹരിക്കേണ്ട ഉത്തരവാദിത്തം കൺസഷണർ കമ്പനിക്കുതന്നെയാണ്. പ്രസ്തുത സംഭവം കരാറുകാരന്റെ വീഴ്ചമൂലം സംഭവിച്ച ഒന്നല്ലാത്തതിനാൽ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

## വടക്കാഞ്ചേരി മണ്ഡലത്തിലെ ബി.എം. &ബി.സി. നിലവാരത്തിലെ റോഡുകൾ

78 (4794) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ആസ്തിയിൽ ഉൾപ്പെടുന്ന റോഡുകളുടെ ആകെ നീളം ലഭ്യമാക്കാമോ?

വടക്കാഞ്ചേരി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ആസ്തിയിൽ ഉൾപ്പെടുന്ന ആകെ റോഡുകളുടെ നീളം 151.492 കി.മീ. (9.00 കി.മീ.) കെ.എസ്.ടി.പി. പദ്ധതിക്കായി കൈമാറിയിട്ടുണ്ട്. വടക്കാഞ്ചേരി മണ്ഡലത്തിൽ കെ.ആർ.എഫ്.ബി.-യുടെ അധീനതയിൽ 2 റോഡുകളുണ്ട്.

1. വടക്കാഞ്ചേരി ബൈപ്പാസ് റോഡ്-5.10 KM.

2. പീച്ചി-വാഴാനി ടൂറിസം കോറിഡോർ പദ്ധതിയിൽപ്പെടുന്ന കുണ്ടുകാട് മുതൽ കരുമാത്ര വരെയുള്ള റോഡ്-7 KM.

(ബി) പ്രസ്തുത മണ്ഡലത്തിൽ 2021 മാർച്ച് മാസംവരെ ബി.എം.&ബി.സി. നിലവാരത്തിൽ പുനരുദ്ധരിക്കപ്പെട്ട പൊതുമരാമത്ത് റോഡുകളുടെ നീളം ലഭ്യമാക്കാമോ?

34.419 കി.മീ.

(സി) 2021 ഏപ്രിൽ മാസം മുതൽ നാളിതുവരെ ബി.എം.&ബി.സി. നിലവാരത്തിൽ പുനരുദ്ധാരണം നടക്കുന്നതും നടന്നതുമായ പൊതുമരാമത്ത് റോഡുകളുടെ ആകെ നീളം പേര് സഹിതം ലഭ്യമാക്കാമോ?

പൊതുമരാമത്ത് നിരത്ത് വിഭാഗത്തിൽ 2021 ഏപ്രിൽ മാസം മുതൽ നാളിതുവരെ ബി.എം.&ബി.സി. നിലവാരത്തിൽ പുനരുദ്ധാരണം നടക്കുന്നതും നടന്നതുമായ പൊതുമരാമത്ത് റോഡുകളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

2021 ഏപ്രിൽ മുതൽ നാളിതുവരെയുള്ള കാലയളവിൽ കെ.എസ്.ടി.പി ആർ.കെ.ഐ. (RKI) പദ്ധതികൾക്കുകീഴിൽ നടപ്പാക്കുന്ന തൃശ്ശൂർ-കുറ്റിപ്പുറം റോഡുപണിയുടെ 9 കി.മീ. വടക്കാഞ്ചേരി മണ്ഡലത്തിലൂടെ കടന്നുപോകുന്നു. ആയതിൽ 7 കി.മീ. ദൂരം റോഡ് ബി.എം.&ബി.സി. നിലവാരത്തിൽ പുനരുദ്ധാരണം നടന്നുവരുന്നു.

## കാക്കുനി നബാം വയൽ റോഡ് പ്രവൃത്തി

79 (4795) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാക്കനി നബാം വയൽ റോഡ് പ്രവൃത്തി പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രവൃത്തി പുനരാരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) കാക്കനി നബാം വയൽ റോഡ് പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചത് എന്നാണെന്നും പ്രസ്തുത പ്രവൃത്തിയുടെ കരാർ നിലവിൽവന്നത് എന്നാണെന്നും അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാക്കനി നബാം വയൽ റോഡ് പ്രവൃത്തിക്ക് 22-12-2018-ലെ സ.ഉ(സാധാ) നം.1978/2018/പൊ.മ.വ. പ്രകാരം 120 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും തുടർന്ന് കരാർ ഉടമ്പടി ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തി തുടർന്നുവരവേ ചില വ്യതിയാനങ്ങൾ വരികയും അതനുസരിച്ച് 200 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 04-06-2022-ലെ സ.ഉ(സാധാ)

നം.607/2022/പൊ.മ.വ. പ്രകാരം 132 ലക്ഷം രൂപയ്ക്കുള്ള പുതുക്കിയ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച കത്തിന്റെ അടിസ്ഥാനത്തിൽ, 14-07-2022-ലെ സ.ഉ(സാധാ) നം.753/2022/പൊ.മ.വ. പ്രകാരം 200 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകി ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിച്ച് കരാർ ഉടമ്പടിവച്ച് പ്രവൃത്തി വേഗത്തിൽ പൂർത്തിയാക്കാനാണ് ശ്രമിക്കുന്നത്.

## പാലാരിവട്ടം, കുളിമാട് പാലങ്ങൾ

80 (4796) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാരിവട്ടം പാലത്തിന് ബലക്ഷയമുണ്ടായി എന്നതുമായി ബന്ധപ്പെട്ട് മുൻവകുപ്പുമന്ത്രിക്കെതിരെ കേസ് എടുത്തിട്ടുള്ളത് മന്ത്രി സ്വീകരിച്ചിട്ടുള്ള ഭരണപരമായ നടപടികൾ സംബന്ധിച്ചാണോ അതോ ബലക്ഷയമുണ്ടായ സാങ്കേതിക പ്രശ്നങ്ങൾ സംബന്ധിച്ചാണോയെന്ന് വ്യക്തമാക്കാമോ?

വിജിലൻസ് വകുപ്പാണ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്.

(ബി) അക്രെഡിറ്റഡ് ഏജൻസി വർക്കുകളുമായി ബന്ധപ്പെട്ട്, പാലാരിവട്ടം പാലത്തിന്റെ കരാർ ഏറ്റെടുത്തിട്ടുണ്ടായിരുന്ന നിർവ്വഹണ ഏജൻസിക്കോ/കരാറുകാരനോ മൊബിലൈസേഷൻ അഡ്വാൻസ് നൽകുന്നത് വിലക്കി പൊതുവായ നിർദ്ദേശങ്ങളോ ഉത്തരവുകളോ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

അക്രെഡിറ്റഡ് ഏജൻസി വർക്കുകളുമായി ബന്ധപ്പെട്ട്, പാലാരിവട്ടം പാലത്തിന്റെ കരാർ ഏറ്റെടുത്തിട്ടുണ്ടായിരുന്ന നിർവ്വഹണ ഏജൻസിക്കോ/ കരാറുകാരനോ മൊബിലൈസേഷൻ അഡ്വാൻസ് നൽകുന്നത് വിലക്കി പൊതുവായ നിർദ്ദേശങ്ങളോ ഉത്തരവുകളോ പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ ടി പ്രവൃത്തിക്ക് മൊബിലൈസേഷൻ അഡ്വാൻസ് അനുവദിക്കുന്നത് സംബന്ധിച്ച് പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുമുമ്പ് തീരുമാനം കൈക്കൊണ്ടിരുന്നില്ല. കോൺട്രാക്ട് ഡാറ്റയിൽ മൊബിലൈസേഷൻ അഡ്വാൻസ് ക്ലോസ് ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ മാത്രമേ കരാറുകാരന് ആയത് അനുവദിച്ച് നൽകുവാൻ കഴിയുള്ളൂ.

(സി) പൊതുമരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും വ്യവസ്ഥകളും

വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ/നിർദ്ദേശങ്ങളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റ് 09-08-2017-ലെ സർക്കാർ ഉത്തരവ് G.O.(P) No.3/2017/PWD പ്രകാരം അംഗീകാരം നൽകിയിട്ടുള്ളതാണ്. ആയത് പ്രകാരം കോൺട്രാക്ട് ഡേറ്റയിൽ മൊബിലൈസേഷൻ അഡ്വാൻസ് ക്ലോസ് ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ മാത്രമേ കരാറുകാരന് മൊബിലൈസേഷൻ അഡ്വാൻസ് നൽകാൻ സാധിക്കുകയുള്ളൂ. മാത്രമല്ല മൊബിലൈസേഷൻ അഡ്വാൻസ് തുക കോൺട്രാക്ട് പ്രൈസിന്റെ 10 ശതമാനത്തിൽ കൂടാനും പാടുള്ളതല്ല. മൊബിലൈസേഷൻ അഡ്വാൻസ് നൽകണമെങ്കിൽ കരാറുകാരൻ അപേക്ഷ നൽകേണ്ടതുമാണ്.

(ഡി) കുളിമാട് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് മുൻവകുപ്പുമന്ത്രി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി കൂടിയാലോചനകളോ മോണിറ്ററിംഗോ നടത്തിയിരുന്നോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് നൽകിയിരുന്ന ഉത്തരവുകളും നിർദ്ദേശങ്ങളും ഉദ്യോഗസ്ഥർ പൂർണ്ണമായും പാലിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

കുളിമാട് പാലത്തിന്റെ ഡിസൈൻ പ്രകാരവും പൊതുമരാമത്ത്

വകുപ്പിന്റെ ചട്ടങ്ങളും ഉത്തരവുകളും പാലിച്ചുമാണ് ടി പാലം നിർമ്മാണം നടത്തിവരുന്നത്. നിർമ്മാണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ഒന്നുംതന്നെ ഉദ്യോഗസ്ഥർ പാലിക്കാതിരുന്നിട്ടില്ല.

(ഇ) കൂളിമാട് പാലം തകർന്നതുമായി ബന്ധപ്പെട്ട് ഭരണപരമായ വീഴ്ചകളും നോട്ടക്കുറവുകളും ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

പാലം തകർന്നതിൽ ഭരണപരമായ വീഴ്ചകളോ നോട്ടക്കുറവുകളോ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) പ്രധാനപ്പെട്ട പൊതുമരാമത്ത് പ്രവൃത്തികൾ നടക്കുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രവൃത്തികൾ നടക്കുന്ന സ്ഥലത്ത് മോണിറ്ററിംഗിനും പരിശോധനയ്ക്കുമായി നിർബന്ധമായും ഉണ്ടാകുന്നുയെന്ന് ഉറപ്പുവരുത്തുന്നതിന് ആധുനിക സാങ്കേതികവിദ്യകളുടെ പിൻബലത്തോടെ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

പ്രവൃത്തിയിടങ്ങളിൽ പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം ഉറപ്പാക്കാൻ ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ നടപടികൾ സ്വീകരിക്കുന്നത് പരിഗണനയിലുണ്ട്.

## പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ നടപടി

81 (4797) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാലങ്ങളുടെ നിർമ്മാണം സമയബന്ധിതമാക്കാനും കാര്യക്ഷമമാക്കാനും ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് പാലങ്ങളുടെ കീഴിൽ നടക്കുന്ന നിർമ്മാണപ്രവൃത്തികൾ കാര്യക്ഷമമായ മേൽനോട്ടംവഴി സമയബന്ധിതമായും കാര്യക്ഷമമായും നടക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നുണ്ട്. PMS website-ൽ എല്ലാ പ്രവൃത്തികളുടെയും പുരോഗതി ഉൾപ്പെടുത്തുകയും സർക്കാർതലത്തിലും ഉദ്യോഗസ്ഥതലത്തിലും കാര്യക്ഷമമായി മോണിറ്ററിംഗ് നടത്തുകയും ചെയ്തുവരുന്നു. ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ ആരംഭം വേഗത്തിലാക്കുന്നതിനായി പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷൻ, രൂപകൽപ്പന, എസ്റ്റിമേറ്റ് തയ്യാറാക്കൽ, ഭരണാനുമതി നൽകൽ, സാങ്കേതികാനുമതി നൽകൽ, ടെണ്ടർ, കരാർ നൽകൽ,

പ്രവൃത്തിയുടെ ആരംഭം എന്നിവ സംബന്ധിച്ച് സമയക്രമം പാലിക്കുന്നതിനായി പ്രവർത്തന കലണ്ടർ സജ്ജമാക്കിയിട്ടുണ്ട്. എന്നാൽ പ്രതികൂല കാലാവസ്ഥമൂലം സ്ഥലമേറ്റെടുക്കൽ പ്രവൃത്തി തടസ്സപ്പെടുന്നതിനാൽ പാലം നിർമ്മാണത്തിൽ കാലതാമസം നേരിടുന്നുണ്ട്. നിലവിലെ എസ്.ബി.ഡി.-യിൽ പ്രവൃത്തിയുടെ പ്രോഗ്രാം ചാർട്ട്/ മൈൽസ്റ്റോൺ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ മന്ദഗതിയിൽ തുടരുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അവ ത്വരിതപ്പെടുത്തുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ അറിയിക്കാമോ;

(സി) പാലങ്ങളുമായി ബന്ധപ്പെട്ട് അപ്രോച്ച് റോഡുകൾ നിർമ്മിക്കുന്നതിനും അതിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിനും പ്രത്യേക പദ്ധതികൾ ആരംഭിക്കുമോ; വിശദമാക്കാമോ?

(ബി&സി) പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ സമയക്രമം പാലിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. പ്രതികൂല കാലാവസ്ഥ, അപ്രതീക്ഷിതമായുണ്ടാകുന്ന വെള്ളപ്പൊക്കം, നിർമ്മാണ സാമഗ്രികളുടെ

ദൗർലഭ്യം, ഭൂമി ഏറ്റെടുക്കുന്നതിനെതിരെ ഭൂവുടമകൾ നടത്തുന്ന കോടതി വ്യവഹാരം എന്നിവ പാലം നിർമ്മാണത്തിന്റെ ഗതിവേഗത്തെ ബാധിക്കുന്നുണ്ട്. സ്ഥലമേറ്റെടുക്കൽ, ജല അതോറിറ്റി, വൈദ്യുതി ബോർഡ് തുടങ്ങിയ വകുപ്പുകളുടെ യൂട്ടിലിറ്റികൾ മാറ്റുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനായി വകുപ്പുതലത്തിൽ ഏകോപനം ഉറപ്പാക്കുന്നതിന് ഡി.ഐ.സി.സി. യോഗങ്ങൾ, കോൺസ്റ്റിറ്റ്യൂവൻസി മോണിറ്ററിംഗ് ടീം യോഗങ്ങൾ എന്നിവയിലൂടെ സാധിക്കുന്നുണ്ട്. എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ചുകൊണ്ട് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ഡി.ഐ.സി.സി. യോഗങ്ങൾ നടത്തി പ്രവൃത്തികളുടെ നിർമ്മാണങ്ങൾ വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഇരവിപുരം മണ്ഡലത്തിലെ റെയിൽവേ മേൽപ്പാലങ്ങൾ

82 (4798) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരവിപുരം മണ്ഡലത്തിൽ എത്ര റെയിൽവേ മേൽപ്പാലങ്ങൾ നിർമ്മിക്കുവാൻ ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

KRDCL-ന് നിർമ്മാണച്ചുമതല നൽകിയിട്ടുള്ള എൽ.സി.നം. 545-ന് (പോളയത്തോട് റെയിൽവേ ഗേറ്റ്) പകരമായി വരുന്ന റെയിൽവേ മേൽപ്പാലത്തിന് ഭൂമി ഏറ്റെടുക്കാനുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ഇരവിപുരം മണ്ഡലത്തിൽ ഇരവിപുരം, മയ്യനാട്, കൂട്ടിക്കട, കല്ലുംതാഴം, എസ്.എൻ. കോളേജ് എന്നീ അഞ്ച് റെയിൽവേ മേൽപ്പാലങ്ങൾ നിർമ്മിക്കാൻ ഭരണാനുമതി നൽകി ആർ.ബി.ഡി.സി.കെ.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) അവയിൽ എത്ര പദ്ധതികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുവെന്ന് അറിയിക്കാമോ?

ഇരവിപുരം റെയിൽവേ മേൽപ്പാലത്തിന്റെ ടെണ്ടർ നടപടി പൂർത്തീകരിച്ചു.

(സി) എത്ര പദ്ധതികളുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നുവെന്ന് വിശദമാക്കാമോ?

പോളയത്തോട് മേൽപ്പാലത്തിന്റെ ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായി എസ്.ഐ.എ. എക്സ്പെർട്ട് കമ്മിറ്റി റിപ്പോർട്ട് ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ആർ.ബി.ഡി.സി.കെ.-യുടെ ചുമതലയിലുള്ള ബാക്കിയുള്ള 4 ആർ.ഒ.ബി.-കളിൽ മയ്യനാട് ആർ.ഒ.ബി.-യുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ

പുരോഗമിക്കുന്നു. 4 ആർ.ഒ.ബി.-കളുടെയും റെയിൽവേ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗ് (ജി.എ.ഡി.) റെയിൽവേ ആവശ്യപ്പെട്ട പ്രകാരം തിരുത്തലുകൾ വരുത്തി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. റെയിൽവേയുടെ അംഗീകാരം ലഭിച്ചാൽ മാത്രമേ ഭൂമി ഏറ്റെടുക്കൽ തുടങ്ങാൻ സാധിക്കുകയുള്ളൂ. എന്നാൽ ആർ.ബി.ഡി.സി.കെ.-യുടെ അഭ്യർത്ഥന മാനിച്ച് കുട്ടിക്കട ആർ.ഒ.ബി.-യുടെ ഭൂമി ഏറ്റെടുക്കൽ ആരംഭിക്കുന്നതിനുള്ള IN PRINCIPLE അപ്രൂവൽ റെയിൽവേ 11-07-2022-ൽ നൽകിയിട്ടുണ്ട്. ആയതിൻപ്രകാരം കുട്ടിക്കട ആർ.ഒ.ബി.-യുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ഉടൻ ആരംഭിക്കുന്നതാണ്. ബാക്കിയുള്ള 2 ആർ.ഒ.ബി.-കൾക്കും ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതിനായി റെയിൽവേയുടെ അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഇനി എത്ര പദ്ധതികൾക്കാണ് ഭരണാനുമതി ലഭിക്കാനുള്ളതെന്ന് വിശദമാക്കാമോ?

എൽ.സി.നം. 545 പോളയത്തോട് റെയിൽവേ ഗേറ്റിന് പകരമായി മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി ലഭിക്കേണ്ടതുണ്ട്.

## മലമ്പുഴ മണ്ഡലത്തിലെ അകത്തേത്തറ നടക്കാവ് റെയിൽവേ മേൽപ്പാലം

83 (4799) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് വിനിയോഗിച്ച് റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് എസ്.പി.വി.-യായി നിർമ്മാണം നടത്തുന്ന മലമ്പുഴ മണ്ഡലത്തിലെ അകത്തേത്തറ നടക്കാവ് റെയിൽവേ മേൽപ്പാലം പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

അകത്തേത്തറ-നടക്കാവ് റെയിൽവേ മേൽപ്പാലം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 27-04-2016-ലെ സ.ഉ.(സാധാ)നം.1324/ 2016/പൊ.മ.വ. പ്രകാരം ആർ.ബി.ഡി.സി.കെ.-യെ SPV ആയി നിയമിച്ചു. അകത്തേത്തറ-നടക്കാവ് ഉൾപ്പെടെ 10 ആർ.ഒ.ബി.-കൾക്കായി ആർ.ബി.ഡി.സി.കെ. Design Build Transfer വ്യവസ്ഥയിൽ ടെണ്ടർ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ M/s. SPL Infrastructure Pvt. Ltd. എന്ന കോൺട്രാക്ടറുമായി തുക ഉറപ്പിക്കുകയും ചെയ്തു. കരാറുകാരൻ പദ്ധതിയുടെ സ്ട്രക്ച്ചറൽ ഡിസൈൻ പൂർത്തിയാക്കി ഐ.ഐ.ടി.-യുടെ അപ്രൂവൽ ലഭിച്ചതിനുശേഷം 30-10-2021-നാണ്

കരാറുകാരന് Notice to Proceed (NTP) നൽകിയത്. തുടർന്ന് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു. അകത്തേത്തറ റെയിൽവേ മേൽപ്പാലത്തിന് റെയിൽവേ ഭാഗം ഒഴികെ 16 സ്പാനുകളും 14 പിയറുകളും 2 അബട്മെന്റും 64 പൈലുകളുമാണുള്ളത്. നാളിതുവരെ മുഴുവൻ പൈലിംഗ്, പൈൽ ക്യാപ്പ് പ്രവൃത്തികൾ പൂർത്തിയാക്കി. 12/14 പിയർ ക്യാപ്പുകളും പൂർത്തിയാക്കി. ബാക്കിവരുന്ന പിയർ ക്യാപ്പുകളുടെ ഫാബ്രിക്കേഷൻ വർക്കുകൾ ഫാബ്രിക്കേഷൻ യാർഡിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഗർഡറുകളുടെ ഫാബ്രിക്കേഷൻ വർക്കുകൾ ഉടനെ തുടങ്ങാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. അതോടൊപ്പം പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്ന സർവ്വീസ് റോഡിന്റെയും ഡ്രെയിനേജിന്റെയും നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കി ജനങ്ങൾക്കായി തുറന്ന് നൽകാൻ സാധിക്കുമെന്ന് അറിയിക്കാമോ?

മേൽപ്പാലത്തിന്റെ റെയിൽവേയുടെ ഭാഗം റെയിൽവേ നേരിട്ട് നിർമ്മിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ആയതിന്റെ ടെണ്ടർ നടപടികൾ റെയിൽവേ ആരംഭിച്ചിട്ടുണ്ട്. ആർ.ബി.ഡി.സി.കെ.-യുടെ കീഴിലുള്ള

നിർമ്മാണ പ്രവർത്തനങ്ങൾ 31-12-2022-ന് പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## വേങ്ങര ടൗണിലെ മേൽപ്പാലം നിർമ്മാണം

84 (4800) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങര മണ്ഡലത്തിലെ വേങ്ങര ടൗണിൽ മേൽപ്പാലം നിർമ്മാണത്തിന് ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) കഴിഞ്ഞ ബഡ്ജറ്റിൽ സംസ്ഥാനത്ത് വിവിധ ജംഗ്ഷനുകളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കാനുള്ള ഭരണാനുമതി നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളതിനാൽ ഇതിലുൾപ്പെടുത്തി വേങ്ങര മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ&ബി) വേങ്ങര മണ്ഡലത്തിലെ വേങ്ങര ടൗണിൽ മേൽപ്പാലം നിർമ്മിക്കുന്നതിന് പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഈ പ്രവൃത്തി 100 രൂപ ടോക്കൺ

പ്രൊവിഷൻ വകയിരുത്തിയിട്ടുണ്ട്. വേങ്ങര ടൗണിൽ മേൽപ്പാലം നിർമ്മിക്കുന്നതിന് മണ്ണ് പര്യവേഷണ എസ്റ്റിമേറ്റിന് ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി നൽകുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

**ആനങ്ങാടി റെയിൽവേ മേൽപ്പാലം**

85 (4801) <u>ശ്രീ. പി. അബ്ദുൽ ഹമീദ് </u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് ഉടമസ്ഥതയിലുള്ള കടലുണ്ടി-ചെട്ടിയാർമാട് റോഡിലെ ആനങ്ങാടി റെയിൽവേ ഗേറ്റിൽ മേൽപ്പാലം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സർക്കാരിന്റെ 2022-23-ലേയ്ക്കുള്ള വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-II (മരാമത്തുപണികളുടെ വിശദവിവരങ്ങൾ) വാല്യം-11 (ഭരണാനുമതിയില്ലാത്ത മരാമത്തുപണികൾ) അനുബന്ധത്തിലെ പേജ് 16-ൽ 323 ക്രമനമ്പറിൽ മൂന്നാമതായി ടോക്കൺ പ്രൊവിഷനിൽ ആനങ്ങാടി റെയിൽവേ മേൽപ്പാലം നിർമ്മാണം ഉൾപ്പെടുത്തിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുടർനടപടി കൈക്കൊള്ളുന്നതാണ്.

## മാവേലിക്കര മണ്ഡലത്തിലെ വിവിധ പാലങ്ങളുടെ നിർമ്മാണം

86 (4802) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തി അനുവദിച്ച ചത്തിയറ, ദൈവപ്പുരക്കൽ, കൽകുളത്താൻ എന്നീ പാലങ്ങളുടെ നിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) മാവേലിക്കര മണ്ഡലത്തിലെ ചത്തിയറ പാലത്തിന്റെ പുനർനിർമ്മാണത്തിനുള്ള എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ദർഘാസ് നടപടികൾക്കുശേഷം ഈ പാലത്തിന്റെ പുനർനിർമ്മാണം ആരംഭിക്കാൻ കഴിയും. ദൈവപ്പുരക്കൽ പാലം പുനർനിർമ്മാണത്തിന് സ്ഥലമേറ്റെടുക്കേണ്ടതുണ്ട്. സ്ഥലമെടുപ്പ് നടപടികൾക്കായി സർവ്വേ നമ്പറുകൾ ലഭിക്കാനായി മാവേലിക്കര താലൂക്ക് ഓഫീസിൽ കത്ത് നൽകിയിട്ടുണ്ട്. കൽകുളത്താൻ പാലം പുനർനിർമ്മാണത്തിന്റെ അന്തിമ ഡിസൈൻ ലഭിച്ചിട്ടുണ്ട്. പുനർനിർമ്മിക്കേണ്ട ഇൻലാൻഡ് നാവിഗേഷൻ

ആൻഡ് കുട്ടനാട് പാക്കേജ് ചീഫ് എഞ്ചിനീയറുടെ നിർദ്ദേശാനുസരണം ജലനിരപ്പിൽനിന്നും പാലത്തിന് 4 മീറ്റർ വെർട്ടിക്കൽ ക്ലിയറൻസ് നൽകിയിട്ടുണ്ട്. ആയതിനാൽ ജനറൽ ഡിസൈൻ ഡ്രോയിംഗിൽ പുതിയ പാലത്തിന് പഴയ പാലത്തേക്കാൾ 2 മീറ്റർ ഉയരമുണ്ട്. മാവേലിക്കര എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ ചേർന്ന അവലോകന യോഗത്തിൽ ഈ പാലം പഴയ പാലത്തിന്റെ ലെവലിൽത്തന്നെ പുനർനിർമ്മിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ഇക്കാര്യത്തിൽ ഒരു തീരുമാനത്തിലെത്തി ഡിസൈൻ അന്തിമമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത പാലങ്ങളുടെ നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

**വടക്കാഞ്ചേരി മണ്ഡലത്തിലെ പാലങ്ങൾ**

87 (4803) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ആസ്തിയിൽ ഉൾപ്പെടുന്ന പാലങ്ങളുടെ കണക്ക് ലഭ്യമാക്കാമോ?

വടക്കാഞ്ചേരി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ആസ്തിയിൽ ഉൾപ്പെടുന്നത് 23 പാലങ്ങളാണ്.

(ബി) 2016-2021 കാലഘട്ടത്തിൽ നിർമ്മാണം/പുനരുദ്ധാരണം നടത്തിയ പാലങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കാമോ?

**നിർമ്മാണം നടത്തിയ പാലങ്ങൾ**

(2016-2021 കാലഘട്ടത്തിൽ)

1. പുഴക്കൽ പുതിയ പാലം

**പുനരുദ്ധാരണം നടത്തിയ പാലങ്ങൾ**

1. പുഴ പാലം
2. അകമല ആർ.ഒ.ബി
3. വാഴാനി 1
4. വാഴാനി 11
5. കൊളങ്ങാട്ടുകര പാലം
6. കുപ പാലം
7. അവണൂർ ആർ.ഒ.ബി (അത്താണി ആർ.ഒ.ബി.)
8. തോളൂർ പാലം

9. മുള്ളറക്കായൽ പാലം

10. വടക്കാഞ്ചേരി ആർ.ഒ.ബി.

11. ചാമക്കാട് 1

12. ചാമക്കാട് 11

13. ചാമക്കാട് 111

14. കുറ്റൂർ പാലം

15. മണിത്തറ പാലം

16. വെളപ്പായ ആർ.ഒ.ബി. (മുളങ്കുന്നത്തുകാവ്)

17. കുറാഞ്ചേരി ആർ.ഒ.ബി.

18. അമല ആർ.ഒ.ബി.

19. അമല-ചൂരക്കാട്ടുകര ആർ.ഒ.ബി.

20. ആര്യംപാടം പാലം

(സി) പുനരുദ്ധാരണം നടത്തുന്നതിനോ നിർമ്മിക്കുന്നതിനോവേണ്ടി ഇൻവെസ്റ്റിഗേഷൻ നടത്തിയ വടക്കാഞ്ചേരി മണ്ഡലത്തിലെ പാലങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കാമോ?

ഇൻവെസ്റ്റിഗേഷൻ നടത്തിയ പാലങ്ങൾ

1. കൊളങ്ങാട്ടുകര പാലം

2. അകമല പാലം

3. കുപ പാലം

4. വടക്കാഞ്ചേരി ഓട്ടുപാറ പാലം

**തകരാറിലായ പാലങ്ങളുടെ പുനർനിർമ്മാണം**

88 (4804) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പണി പൂർത്തിയാക്കിയതിനുശേഷം തകരാറിലായ ഏതൊക്കെ പാലങ്ങളുടെ നിർമ്മാണത്തിലെ അപാകതകൾ സംബന്ധിച്ചുള്ള അന്വേഷണമാണ് നാളിതുവരെ നടന്നിട്ടുള്ളതെന്ന വിശദവിവരവും പ്രസ്തുത അന്വേഷണങ്ങളുടെ ഭാഗമായി ഏതൊക്കെ കരാറുകാർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും അറിയിക്കാമോ; പ്രസ്തുത പാലങ്ങൾ പുനർനിർമ്മിച്ചിട്ടുണ്ടോയെന്നും എങ്കിൽ പുനർനിർമ്മിച്ച ഏജൻസിയുടെ വിവരങ്ങൾ ഉൾപ്പെടെയുള്ള വിശദാംശം അറിയിക്കാമോ?

ആർ.ബി.ഡി.സി.കെ.-യുടെ കീഴിൽ നിർമ്മാണം പൂർത്തിയാക്കിയ പാലാരിവട്ടം പാലത്തിന്റെ നിർമ്മാണത്തിലെ അപാകതകളിന്മേൽ വിജിലൻസ് അന്വേഷണം നടത്തിയിരുന്നു. ടി പാലം പുനർ നിർമ്മിക്കുന്നതിനായി 25-10-2019-ലെ സ.ഉ.(കൈ)നം. 52/2019/പൊ.മ.വ. പ്രകാരം ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ (DMRC) ഏൽപ്പിക്കുകയും പണി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പാലത്തിന്റെ പുനർനിർമ്മാണത്തിനായി ചെലവായ തുക കരാറുകാരായ M/s. RDS Projects Ltd- ൽനിന്ന് തിരിച്ചുപിടിക്കുന്നതിനായി എറണാകുളം കൊമേഴ്സ്യൽ കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. പണി പൂർത്തിയായശേഷം വർഷങ്ങൾ കഴിഞ്ഞ് തകരാറിലായ ഏനാത്ത് പാലത്തിനെ സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിരുന്നു. ഏനാത്ത് പാലം പുനർനിർമ്മിച്ചിട്ടുണ്ട്. കൂടാതെ കണമല പാലത്തിന്റെ വിയറിംഗ് കോട്ടിന് കേടുപാടുകൾ പറ്റിയതിനെക്കുറിച്ച് പൊതുമരാമത്ത് വിജിലൻസ് വകുപ്പ് അന്വേഷിച്ച് റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിരുന്നു. 25-5-2017-ൽ വിയറിംഗ് കോട്ടിന്റെ കേടുപാടുകൾ പരിഹരിച്ചിരുന്നു. എന്നാൽ വീണ്ടും വിയറിംഗ് കോട്ടിന് കേടുപാടുകൾ സംഭവിച്ചതിന്റെ അടിസ്ഥാനത്തിൽ ഇവ

പരിഹരിച്ച് പൈലുകളുടെ സംരക്ഷണം, ഡ്രെയിനേജ് എന്നിവ എഗ്രിമെന്റ് പ്രകാരം പരിഹരിക്കണമെന്ന് കരാറുകാരനോട് ആവശ്യപ്പെട്ടിരുന്നെങ്കിലും ഈ പ്രവൃത്തി നിർവ്വഹിച്ചിരുന്നില്ല. അതിനാൽ M/s. KSCC-യെ നഷ്ടോത്തരവാദിത്വത്തിൽ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. ഈ പാലം പുനർനിർമ്മിക്കേണ്ടതില്ല.

(ബി) നിർമ്മാണം നടന്നുവരുന്ന സമയത്ത് സപ്പോർട്ടിംഗ് സംവിധാനങ്ങളുടെ തകരാറുകൾ കാരണം ഏതൊക്കെ പാലം പ്രവൃത്തികളാണ് നിർത്തിവയ്ക്കേണ്ട സാഹചര്യമുണ്ടായിട്ടുള്ളതെന്ന വിശദവിവരവും പ്രസ്തുത പ്രവൃത്തികൾ പുനരാരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ?

കൊല്ലം പാലങ്ങൾ വിഭാഗത്തിനുകീഴിൽ നിർമ്മാണം നടന്നുവന്നിരുന്ന സമയത്ത് സപ്പോർട്ടിംഗ് സംവിധാനങ്ങളുടെ തകരാറുമൂലം ദളവാപുരം പള്ളിക്കൊടി പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയിൽ തടസ്സം നേരിട്ടുണ്ട്. ടി പ്രവൃത്തിയിൽ 25-02-2006-ൽ ദളവാപുരം ഭാഗത്ത് 10-ാം സ്പാനിന്റെ ഒരു ഗർഡർ ഹൈഡ്രോളിക് ജാക്ക് സംവിധാനം ഉപയോഗിച്ച് ഉയർത്തിയ വേളയിൽ ഒരു ഹൈഡ്രോളിക് ജാക്കിനുണ്ടായ തകരാറുമൂലം ടി ഗർഡർ ഒരു വശത്തേയ്ക്ക് ചരിയുകയും ആ ഭാഗത്തുണ്ടായിരുന്ന മറ്റ് രണ്ട് ഗർഡറുകളുംകൂടി

മറിഞ്ഞ് മൂന്ന് ഗർഡറുകളും കായലിലേയ്ക്ക് വീഴുകയുമുണ്ടായി. ഇത് കരാറുകാരന്റെ ഭാഗത്തുനിന്നുമുണ്ടായ സാങ്കേതിക പിഴവായതിനാൽ കരാറുകാരായ ചെറിയാൻ വർക്കി കൺസ്ട്രക്ഷൻ കമ്പനി മുഖേനതന്നെ ഗർഡറുകൾ പൊട്ടിച്ച് നീക്കംചെയ്യുകയും വീണ്ടും പുതിയ മൂന്ന് ഗർഡറുകൾ നിർമ്മിച്ച് നിർമ്മാണ പ്രവൃത്തി നടപ്പിലാക്കുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

കളമശ്ശേരി മണ്ഡലത്തിലെ തടിക്കടവ് പാലത്തിന്റെ നിർമ്മാണം നടന്നുകൊണ്ടിരിക്കെ 2014 നവംബർ മാസത്തിൽ സ്പാൻ, ഗർഡർ എന്നിവ തകർന്നത് കരാറുകാരൻ നീക്കം ചെയ്യുകയും അവരുടെ സ്വന്തം ചെലവിൽ പുതിയവ സ്ഥാപിക്കുകയും ചെയ്തു. നെട്ടൂർ-കുണ്ടന്നൂർ സമാന്തരപാലം നിർമ്മാണം നടന്നുകൊണ്ടിരിക്കെ 2016 മാർച്ച് മാസത്തിൽ സ്പാൻ, ഗർഡർ എന്നിവ തകർന്നത് കരാറുകാർ നീക്കം ചെയ്യുകയും അവരുടെ സ്വന്തം ചെലവിൽ പുതിയവ സ്ഥാപിക്കുകയും ചെയ്തു.

സ്റ്റേഷൻകടവ് പാലത്തിന്റെ നിർമ്മാണഘട്ടത്തിൽ ഗർഡറുകൾ സ്ഥാപിക്കുന്നതിനിടയിൽ 14-05-2016-ൽ ഒരു ഗർഡർ മറിഞ്ഞ് വീഴുകയുണ്ടായി. ഇതുസംബന്ധിച്ച് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കാലിക്കറ്റ് (NIT Calicut)-നെക്കൊണ്ട് അന്വേഷണം നടത്തി,

മറ്റ് നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ചശേഷം 24-06-2018-ന് ഗതാഗതത്തിനായി തുറന്നുകൊടുത്തിട്ടുണ്ട്.

കോഴിക്കോട് ജില്ലയിൽ കുളിമാട് പാലം പണി നടന്നുവരുന്ന വേളയിൽ സപ്പോർട്ടിംഗ് സംവിധാനത്തിന്റെ തകരാറുമൂലം അപകടം സംഭവിക്കുകയും പ്രവൃത്തികൾ താത്കാലികമായി നിർത്തിവയ്ക്കുകയും ചെയ്തിരുന്നു. പണി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കാവാലിപ്പുഴ തൂക്കുപാലം

89 (4805) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തിക വർഷം 40 ലക്ഷം രൂപ വകയിരുത്തിയിരുന്ന കാവാലിപ്പുഴ തൂക്കുപാലത്തിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ സി.ഇ./ബി.ആർ/കെ.ടി.എം./13467/2019 നമ്പർ ഫയൽ പ്രകാരം എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

കഴിഞ്ഞ മൂന്ന് വർഷമായി ചീഫ് എഞ്ചിനീയറുടെ ഓഫീസിൽനിന്നും ഒരു നടപടിയും സ്വീകരിക്കാതിരിക്കുന്നതിന്റെ കാരണം വിശദമാക്കാമോ;

(സി) കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയിൽനിന്നും റിപ്പോർട്ട് വാങ്ങുന്നതിനും തുടർനടപടി സ്വീകരിക്കുന്നതിനും പാലങ്ങൾ വിഭാഗം സി.ഇ. ഓഫീസിന് നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കാമോ?

(എ-സി) സമർപ്പിച്ചിട്ടില്ല. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി പദ്ധതി തുകയുടെ 2.5% തുക അനുവദിക്കണമെന്ന് കെൽ ആവശ്യപ്പെടുകയുണ്ടായി. ഇതിൽ പകുതി തുക മുൻകൂറായും 40% ഡിസൈൻ ലഭ്യമാക്കുമ്പോഴും ബാക്കി തുകയായ 10% ഡി.പി.ആർ. സമർപ്പിക്കുമ്പോഴും നൽകണമെന്നായിരുന്നു അറിയിച്ചത്. പ്രസ്തുത വിഷയം സർക്കാരിൽ തീരുമാനത്തിനായി സമർപ്പിച്ചിരുന്നു. എന്നാൽ പി.ഡബ്ല്യു.ഡി. ഡിസൈൻ വിഭാഗം ഉണ്ടായിരുന്നിട്ടും ഡിസൈൻ വിഭാഗത്തിൽ രൂപകൽപ്പനയ്ക്കായി സമർപ്പിക്കാതിരുന്നതിനെതിരെ സർക്കാർ വിശദീകരണം ആവശ്യപ്പെട്ടിരുന്നു. ഇതേത്തുടർന്ന് മണ്ണ് പരിശോധന നടത്തി അതിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിൽനിന്നും രൂപകല്പന തയ്യാറാക്കി ഡി.പി.ആർ.

തയ്യാറാക്കുന്നതിനുള്ള നടപടി നടന്നുവരുന്നു. ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കാൻ ദക്ഷിണമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ ഡിസൈൻ പൂർത്തീകരിക്കുന്നമുറയ്ക്ക് മാത്രമെ ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കാനാകൂ.

**പൂനൂർ പുഴയ്ക്ക് കുറുകെയുള്ള പാലത്തിന്റെ അനുബന്ധ പ്രവൃത്തികൾ**

90 (4806) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാപ്പാട് തുഷാരഗിരി പാതയിൽ കൊടുവള്ളിയിൽ പൂനൂർ പുഴയ്ക്ക് കുറുകെയുള്ള പാലത്തിന്റെ അനുബന്ധ പ്രവൃത്തികൾക്ക് എത്ര രൂപയുടെ ഭരണാനുമതിയായിരുന്നു നല്കിയിരുന്നതെന്ന് അറിയിക്കാമോ?

3 കോടി രൂപയുടെ ഭരണാനുമതിയാണ് നല്കിയിട്ടുള്ളത്.

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചെങ്കിൽ ഭരണാനുമതി തുകയിൽ മിച്ചം വന്ന തുക എത്രയെന്ന് വ്യക്തമാക്കാമോ?

(ബി&സി) പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ടി പ്രവൃത്തി നടന്നുവരുമ്പോൾ ബഹുമാനപ്പെട്ട മുൻ എം.എൽ.എ. ഈ പ്രവൃത്തിയുടെ ഭാഗമായി നടപ്പാലം നിർമ്മിക്കണമെന്ന് ആവശ്യം ഉന്നയിക്കുകയും എന്നാൽ അംഗീകാരം ലഭിച്ച എസ്റ്റിമേറ്റിൽ നടപ്പാലം നിർമ്മിക്കണമെന്ന പ്രവൃത്തി ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ കരാറുകാരൻ നടപ്പാലത്തിന്റെ പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറായിരുന്നില്ല. എന്നാൽ തുടർന്ന് നടപ്പാലം പ്രവൃത്തികൂടി ഉൾപ്പെടുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിൽവരുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്.

**മണിക്കിണർ പാലം നിർമ്മാണം**

91 (4807) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ പല്ലാരിമംഗലം പഞ്ചായത്തിൽ മണിക്കിണർ പാലം നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം

നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുന്ന നടപടികളുടെ സ്ഥിതി വിവരം വിശദമാക്കാമോ;

(ഡി) സ്ഥലമേറ്റെടുപ്പ് വേഗത്തിലാക്കുന്നതിനും പാലം നിർമ്മാണം എത്രയും വേഗം ആരംഭിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-ഡി) കോതമംഗലം മണ്ഡലത്തിൽ പല്ലാരിമംഗലം പഞ്ചായത്തിലെ മണിക്കിണർ പുതിയ പാലത്തിന് 928 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അപ്രോച്ച് റോഡിന്റെ അതിർത്തി നിർണ്ണയിച്ച് തിട്ടപ്പെടുത്തുന്നതിനായി ഒരു ലക്ഷം രൂപയുടെ Part T.S ലഭ്യമാക്കി പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ സ്ഥലമേറ്റെടുക്കൽ നടപടികൾക്കായി റവന്യൂ വകുപ്പിൽനിന്നും ഉത്തരവ് ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ റിക്വിസിഷൻ സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ തഹസിൽദാർ NH No.1 കാക്കനാടിനെ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി ചുമതലപ്പെടുത്തുകയും ചെയ്തു. തുടർന്ന് പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരും സ്പെഷ്യൽ തഹസിൽദാർ കാക്കനാടുമായി 22-03-2022-ന് സംയുക്ത പരിശോധന നടത്തുകയും സ്ഥലം അളവുകൾ

പരിശോധിക്കുകയും ചെയ്തു. പ്രവൃത്തിയുമായി ബന്ധപ്പെട്ട് സ്പെഷ്യൽ തഹസിൽദാർ പൊന്നുംവില (ഭൂമി ഏറ്റെടുക്കൽ) നടപടികൾക്കായി കണ്ടിജൻസി ചാർജ്ജും എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റും ആവശ്യപ്പെടുകയുണ്ടായി. പ്രസ്തുത ഫണ്ട് അനുവദിക്കുന്നതിന് LOC പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. LOC അംഗീകാരം ലഭ്യമായാൽ റവന്യൂ വകുപ്പിന് തുക കൈമാറി സ്ഥലമേറ്റെടുക്കൽ നടപടികൾ ആരംഭിക്കാൻ സാധിക്കും. സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയായാൽ മാത്രമേ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കി പാലം നിർമ്മാണം ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

## കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണ പുരോഗതി

92 (4808) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ നിർമ്മാണം ആരംഭിച്ചതും ഇനി നിർമ്മിക്കേണ്ടതുമായ പാലങ്ങളുടെ ലിസ്റ്റും അനുവദിച്ച തുകയും

അവയുടെ പുരോഗതിയും വിശദമാക്കുമോ?

<u>നിർമ്മാണം ആരംഭിച്ച പ്രവൃത്തികൾ</u>

1. <u>കല്ലിക്കണ്ടി പാലം പുനർനിർമ്മാണം</u>

അനുവദിച്ച തുക - 301.22 ലക്ഷം രൂപ

289 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകിയ ഈ പ്രവൃത്തി പുരോഗമിക്കുന്നു. പൈൽ, പൈൽ ക്യാപ് അബട്മെന്റ്, പിയർ എന്നിവ പൂർത്തീകരിച്ചു.

2. <u>തുരുത്തിമുക്ക് പാലം നിർമ്മാണം</u>

ഈ പ്രവൃത്തിക്കായി കിഫ്ബിയിൽനിന്നും 11.791 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമായിരുന്നു. ടി പ്രവൃത്തി ടെണ്ടർ നടപടിക്രമത്തിലൂടെ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റിവ് സൊസൈറ്റിക്ക് നൽകി 12-05-2020-ൽ കരാറിൽ ഏർപ്പെട്ടു. പ്രവൃത്തി ആരംഭിച്ചുവെങ്കിലും സ്ഥലം ഏറ്റെടുക്കൽ പൂർത്തിയാകാത്തതിനാൽ പ്രവൃത്തി പൂർണ്ണതോതിൽ നടത്തുന്നതിന് സാധിച്ചിട്ടില്ല. പ്രവൃത്തി 8 ശതമാനം പുരോഗതി കൈവരിച്ചിട്ടുണ്ട്. പുഴഭാഗത്തെ 20 പൈലുകളുടെയും 3 പൈൽ

ക്യാമ്പുകളുടെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുപ്പിന്റെ ഭാഗമായുള്ള 19 (1) വിജ്ഞാപനം 23-06-2022-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

നിർമ്മാണം ആരംഭിക്കേണ്ട പ്രവൃത്തികൾ

1. പത്തായക്കല്ല് പാലം പുനർനിർമ്മാണം

അനുവദിച്ച തുക - 217 ലക്ഷം രൂപ. സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് പരിശോധിച്ച് അംഗീകാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

2. ചിറ്റാരിത്തോട് പാലം നിർമ്മാണം

ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയായിട്ടുണ്ട്. ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാൻ കഴിയും.

3. കൊല്ലയ്ക്കൽ പാലം നിർമ്മാണം

പുരോഗതി - ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചു. ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാൻ കഴിയും.

4. കുറുന്തട്ടിൽ പാലം

കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിക്കുന്നതിനായുള്ള ഡി.പി.ആർ. തയ്യാറാക്കൽ പുരോഗമിക്കുന്നു. ഡിസൈൻ വിഭാഗത്തിൽനിന്ന്

02-03-2022-ൽ ഡിസൈൻ ലഭ്യമായിട്ടുണ്ട്. അഡീഷണൽ ഇൻവെസ്റ്റിഗേഷൻ ആവശ്യമായിട്ടുണ്ട്.

5. <u>കല്ലാച്ചേരികടവ് പാലം</u>

കല്ലാച്ചേരികടവ് പാലം പ്രവൃത്തിക്ക് കിഫ്ബിയിൽനിന്നും 10.14 കോടി രൂപയുടെ സാമ്പത്തികാനുമതി 12-02-2022-ൽ ലഭിച്ചിട്ടുണ്ട്. കോഴിക്കോട്, കണ്ണൂർ ജില്ലകളെ ബന്ധിപ്പിക്കുന്ന ഈ പാലത്തിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് റവന്യൂ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ കണ്ണൂർ ഭാഗത്തെ സ്ഥലമുടമകളുടെ എതിർപ്പുകാരണം സ്ഥലമേറ്റെടുക്കൽ നടപടികൾ തുടങ്ങാൻ സാധിച്ചിട്ടില്ല. ഭൂവുടമകളുമായി സൈറ്റിൽ ചർച്ച നടത്തിയപ്പോൾ നിലവിലുള്ള വീടുകളെ ബാധിക്കാത്ത രീതിയിൽ അലൈൻമെന്റ് തയ്യാറാക്കണമെന്ന് പ്രദേശവാസികൾ ആവശ്യപ്പെട്ടു. സർവ്വേ ചെയ്ത് അലൈൻമെന്റ് തയ്യാറാക്കി പരിശോധനയ്ക്കും ഡിസൈനിൽ ആവശ്യമായ മാറ്റം വരുത്തുന്നതിനുമായുള്ള നടപടികൾ പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിൽ പുരോഗമിക്കുന്നു.

(ബി) കല്ലിക്കണ്ടി പാലത്തിന്റെ നിർമ്മാണ പ്രവൃത്തി മന്ദഗതിയിലായത് കാരണം വിദ്യാർത്ഥികളും നാട്ടുകാരും അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് എപ്പോൾ പൂർത്തിയാക്കാനാവുമെന്ന് വിശദമാക്കുമോ?

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 26-07-2021-ൽ കരാറുകാരനായ ശ്രീ. കെ. എം. ഗണേശൻ എന്നയാളുമായി 15 മാസത്തെ പൂർത്തീകരണ കാലാവധിയോടുകൂടി കരാറിലേർപ്പെടുകയും 05-08-2021-ന് സൈറ്റ് കൈമാറുകയും ചെയ്തിട്ടുണ്ട്. എന്നാൽ കേരള വ്യാപാരി വ്യവസായി ഏകോപന സമിതി, കല്ലിക്കണ്ടി യൂണിറ്റിന്റെ പരാതിയെത്തുടർന്ന് പാലത്തിന്റെ എം.എഫ്.എൽ.-ലുണ്ടായ മാറ്റം കാരണം ഡിസൈനിലും മാറ്റം വരുത്തേണ്ടിവന്നതിനാൽ പ്രവൃത്തി ആരംഭിക്കുന്നതിന് തടസ്സം നേരിട്ടു. എന്നാൽ പ്രവൃത്തി ആരംഭിച്ചശേഷം ദ്രുതഗതിയിൽ പുരോഗമിക്കുന്നുണ്ട്. ശക്തമായ മഴ കാരണം ഡക്ക് സ്ലാബിന്റെ പ്രവൃത്തി തുടങ്ങാൻ സാധിച്ചില്ല.

## ചേനായി കടവ് പാലം നിർമ്മാണം

93 (4809) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പേരാമ്പ്ര മണ്ഡലത്തിലെ ചേനായി കടവിൽ പാലം നിർമ്മിക്കണമെന്ന

ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പാലം നിർമ്മിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2016-ൽ ഇൻവെസ്റ്റിഗേഷൻ ആരംഭിച്ച പാലത്തിന്റെ ഡിസൈനിംഗ് പൂർത്തിയായി, 22-05-2019-ന് എസ്റ്റിമേറ്റ് തയ്യാറാക്കിയതാണ്. പാലത്തിന്റെ നിർമ്മാണത്തിനാവശ്യമായ ഭൂമി ലഭ്യമാക്കുന്നതിനായി അലൈൻമെന്റ് മാർക്ക് ചെയ്ത് നൽകിയിട്ടുണ്ട്. 07-09-2021-ൽ നബാർഡിലേയ്ക്ക് ഡി.പി.ആർ. ആദ്യം സമർപ്പിച്ചിരുന്നുവെങ്കിലും അംഗീകാരം ലഭിച്ചില്ല. നബാർഡ് ട്രാൻച്ചേ 28-ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനായി 1132 ലക്ഷം രൂപയുടെ ഡി.പി.ആർ. സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. എന്നാൽ ഭൂമി ഫ്രീ സറണ്ടറായി ലഭ്യമായാൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

**കാവിൻ മുനമ്പ് പാലം**

94 (4810) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള റോഡ് ഫണ്ട് ബോർഡ് മുഖേന വിശദമായ എസ്റ്റിമേറ്റ്

സമർപ്പിച്ച് കിഫ്ബിയിൽനിന്നും 60 കോടി രൂപയുടെ ധനകാര്യ അനുമതി ലഭിച്ച കല്ല്യാശ്ശേരി മണ്ഡലത്തിലെ കാവിൻ മുനമ്പ് പാലത്തിന്റെ സാങ്കേതികാനുമതി ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കല്യാശ്ശേരി മണ്ഡലത്തിലെ കാവിൻ മുനമ്പ് പാലത്തിന് 35 കോടി രൂപയുടെ ഭരണാനുമതിയും കിഫ്ബിയിൽനിന്നും 26-02-2021-ൽ 59.985 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭ്യമായിട്ടുണ്ട്. ടി പാലത്തിന്റെ സാങ്കേതികാനുമതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത പ്രവൃത്തിയുടെ ആദ്യ അലൈൻമെന്റ് കടന്നുപോകുന്നത് കണ്ടൽക്കാടുകൾക്കിടയിലൂടെയായത് കാരണം പാലത്തിന്റെ അലൈൻമെന്റിൽ ചെറിയ മാറ്റം വരുത്തിയിട്ടുണ്ട്. പുതിയ അലൈൻമെന്റ് കടന്നുപോകുന്ന ഭാഗത്തെ അഡീഷണൽ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയായിവരുന്നു. ഇതിനുശേഷം സാങ്കേതിക കമ്മിറ്റിയുടെ നിർദ്ദേശപ്രകാരമുള്ള സാങ്കേതിക എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന സമർപ്പിച്ച് വിശദമായ പരിശോധനയ്ക്കുശേഷം സാങ്കേതികാനുമതി നൽകാൻ കഴിയുന്നതാണ്.

## ഒരോടം പാലം-മാനത്തുമംഗലം ബൈപ്പാസിന്റെ നിർമ്മാണം

95 (4811) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലൂടെ കടന്നുപോകുന്ന ഒരോടം പാലം-മാനത്തുമംഗലം ബൈപ്പാസിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ടുള്ള ഭൂമിയേറ്റെടുക്കൽ നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ?

(എ&ബി) ഒരോടം പാലം-മാനത്തുമംഗലം ബൈപ്പാസ് പ്രവൃത്തിയോടനുബന്ധിച്ചുള്ള സ്ഥലമേറ്റെടുപ്പിനായി ഭരണാനുമതി ലഭിക്കുന്നതിന് 25-09-2021-ൽ റോഡ്സ് വിഭാഗം സമർപ്പിച്ച പ്രൊപ്പോസലിന്മേൽ ഫണ്ടിന്റെ ലഭ്യത, ശീർഷകം എന്നിവ സഹിതം റിപ്പോർട്ട് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. റെയിൽവേയ്ക്ക് P&E ചാർജ്ജായി 16,23,800/- രൂപ അടച്ചിട്ടുണ്ട്. പുതുക്കിയ പ്രൊപ്പോസൽ

പ്രകാരം ROB-യുടെ ഉയരം 17.00 മീറ്റർ വരുന്നുണ്ട്. ഇതുകാരണം അധിക സ്ഥലം ആവശ്യമുള്ളതായി വരുന്നതും അപ്രോച്ച് റോഡുമായി ബന്ധിപ്പിക്കുന്നതിന് കൂടുതൽ സ്പാനുകൾ പാലത്തിന് ആവശ്യമായി വരുന്നതുമാണ്. 26-11-2021-ൽ ചേർന്ന മലപ്പുറം ജില്ലാ DICC മീറ്റിംഗിൽ ഇക്കാര്യം പരിഗണിക്കുകയും ഈ പദ്ധതി RBDCK-യെക്കൊണ്ട് നടപ്പിലാക്കുന്നതിനുള്ള നടപടികൾ പരിശോധിക്കാമെന്ന് തീരുമാനിച്ചിട്ടുമുണ്ട്. പെരിന്തൽമണ്ണ-മാനത്തുമംഗലം കള്ളത്ത് ബൈപ്പാസ് നിർമ്മാണം (രണ്ടാം ഘട്ടം) ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ഭൂവുടമകൾക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിലേയ്ക്ക് 2,30,65,000/- രൂപ ലഭ്യമായതിൽ, 13 ആളുകൾക്ക് 2,19,33,638/- രൂപ വിതരണത്തിനായി മഞ്ചേരി അഡീഷണൽ സെഷൻസ് കോടതി 2-ൽ നിക്ഷേപിച്ചിട്ടുണ്ട്. ഇതിൽ 11,31,362/- രൂപ ബാക്കി വന്നിട്ടുണ്ട്. എന്നാൽ വിശദ വിലവിവരപ്പട്ടികയിൽ ഉൾപ്പെട്ട ശ്രീ. പി. സുദേവൻ മുതൽപേർ എന്ന ഒന്നാം ക്രമനമ്പറുകാരന് അവാർഡ് പാസ്സാക്കുന്നതിന് ആകെ 35,51,808/- രൂപ ആവശ്യമുള്ളതിനാൽ ഇനിയും 24,20,446/- രൂപ കൂടി ആവശ്യമാണ്. കൂടാതെ കണ്ടിജൻസി ചാർജ്ജിനത്തിൽ 4,92,770/- രൂപയും പദ്ധതിയുമായി ബന്ധപ്പെട്ട വ്യത്യസ്ത ദിനപത്രങ്ങളിൽ പരസ്യം നൽകിയതുൾപ്പെടെയുള്ള ചെലവുകൾക്കും തുക

അനുവദിക്കേണ്ടതുണ്ട്. നഷ്ടപരിഹാരം അനുവദിക്കുന്നതിന് ഇനിയും ആവശ്യമുള്ള 24,20,446/- രൂപയും കണ്ടിജൻസി ചാർജ്ജിനത്തിൽ 4,92,770/- രൂപയും കൂടി ആകെ 29,13,216/- രൂപയും (ഇരുപത്തി ഒൻപത് ലക്ഷത്തി പതിമൂന്നായിരത്തി ഇരുന്നൂറ്റി പതിനാറ് രൂപ മാത്രം) അനുവദിച്ച് ഭരണാനുമതി ഉത്തരവ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**മലമ്പുഴ മണ്ഡലത്തിലെ കൊട്ടുമ്പ് പാളയം പാലം നിർമ്മാണം**

96 (4812) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിലെ കൊട്ടുമ്പ് പാളയം പാലം നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

മലമ്പുഴ നിയോജകമണ്ഡലത്തിലെ കൊട്ടുമ്പ് നടപ്പാലം നിർമ്മാണ പ്രവൃത്തി സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഉത്തരവുപ്രകാരം കരാറുകാരനെ പ്രവൃത്തിയിൽനിന്നും ടെർമിനേറ്റ് ചെയ്തതിനാൽ തുടർനടപടികൾക്കായി പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് ഷെഡ്യൂളിന് അംഗീകാരം നൽകുന്ന നടപടി പുരോഗമിക്കുന്നു.

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി ഉത്തരവിന്റെ പകർപ്പ്

ലഭ്യമാക്കാമോ; കരാറുകാരനുമായി കരാറിലേർപ്പെട്ട തീയതി, തുക എന്നിവ വ്യക്തമാക്കാമോ?

ഭരണാനുമതിയുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.+ 4,40,91,610/- രൂപയ്ക്കാണ് കരാറുകാരനുമായി കരാറിൽ ഏർപ്പെട്ടത്.

(സി) നിലവിലെ കരാറുകാരൻ സമയബന്ധിതമായി പ്രവൃത്തികൾ നടത്താത്തത് മൂലം ടിയാനെ ഒഴിവാക്കി പുതിയ ടെണ്ടർ നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

നിലവിലെ കരാറുകാരനെ ടെർമിനേറ്റ് ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകിയാൽ മാത്രമേ ബാലൻസ് ഷെഡ്യൂൾ തയ്യാറാക്കി ടെണ്ടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

## നിലമ്പൂർ മണ്ഡലത്തിലെ പാലങ്ങളുടെ പുനർനിർമ്മാണം

97 (4813) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 കാലയളവിലെ മഹാപ്രളയത്തിൽ നിലമ്പൂർ മണ്ഡലത്തിൽ എത്ര പാലങ്ങൾ പൂർണ്ണമായോ ഭാഗികമായോ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തകർന്നുപോയിട്ടുണ്ടെന്ന വിവരം പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ; അവ പുനർനിർമ്മിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

**പൂർണ്ണമായി തകർന്ന പാലം**

ചുങ്കത്തറ പഞ്ചായത്തിലെ കൈപ്പിനിക്കടവ് പാലം:-

2019-ലെ പ്രളയത്തിൽ തകർന്ന കൈപ്പിനിക്കടവ് പാലം പുനർനിർമ്മിക്കുന്നതിനായി റീകൺസ്ട്രക്ഷൻ/റീഹാബിലിറ്റേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 1320.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പുനർനിർമ്മാണത്തിനായി M/s. ABM4 Builders എന്ന കരാർ സ്ഥാപനത്തിനെ ഏൽപ്പിക്കുകയും നിലവിൽ പാലം പുനർനിർമ്മാണവും അപ്രോച്ച് റോഡിലെ ബി.എം.&ബി.സി. ജോലികൾ പൂർത്തീകരിക്കുകയും 23-05-2022-ന് ഗതാഗതത്തിനായി തുറന്ന് നൽകുകയും ചെയ്തിട്ടുണ്ട്.

**ഭാഗികമായി തകർന്ന പാലങ്ങൾ**

1. കരുളായി പഞ്ചായത്തിലെ കരുളായി പാലം

2019-ലെ പ്രളയത്തിൽ കേടുപാടുകൾ സംഭവിച്ച കരുളായി പാലത്തിന്റെ ഡെക്ക് സ്ലാബുകൾ റീപൊസിഷൻ ചെയ്യുകയും പാലത്തിന്റെ ഉപരിതലം മാസ്റ്റിക് അസ്ഫാൾട്ട്, ബി.സി. ഫിനിഷിംഗ് ചെയ്ത് പ്രവൃത്തി 22-02-2021-ന് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

2. വഴിക്കടവ് പഞ്ചായത്തിലെ കരിയൻതോട് പാലം

പാലം പുനർനിർമ്മിക്കുന്നതിനായി 320 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്. നിലവിൽ ആകെയുള്ള 3 ഗിർഡറുകൾ പൂർത്തീകരിച്ച, ഡെക്ക് സ്ലാബിന്റെ നിർമ്മാണ ജോലികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നുമുണ്ട്. 45% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

3. <u>പോത്തുകാൽ ഗ്രാമപഞ്ചായത്തിലെ പനങ്കയം പാലം</u>

2019-ലെ പ്രളയത്തിൽ കൈവരികൾ തകരുകയും വെന്റ് വേയിൽ മരങ്ങൾ അടിയുകയും ചെയ്തിരുന്നു. ആയത് പരിഹരിക്കുന്നതിനായി " Urgent restoration work to flood-2019 affected Karulai, Kaippinikkadavu, Panamkayam Bridge, Areakode Bridge in Nilambur and Ernad LACs of Malappuram District" എന്ന പദ്ധതിയിൽപ്പെടുത്തി കേടുപാടുകൾ പരിഹരിക്കുകയും മേൽപ്രവൃത്തി 28-05-2020-ന് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

4. <u>മൂത്തേടം & കരുളായി ഗ്രാമപഞ്ചായത്തിലെ ഏനാദി പാലം</u>

2019-ലെ പ്രളയത്തിൽ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരുന്ന ഏനാദി പാലത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച ഡെക്ക് സ്ലാബിന് സ്ഥാനചലനം സംഭവിക്കുകയും ഷട്ടറിംഗ്, റീബാർ ജോലികൾ പൂർത്തീകരിച്ചത്

ഒഴുകിപ്പോകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് റിവൈസ്ഡ് ഡിസൈൻ ലഭ്യമാകുകയും ആയതുപ്രകാരം പുതുക്കിയ ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാൻ കഴിയും.

**പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ അല്ലാത്ത പാലങ്ങൾ**

1. <u>ചുങ്കത്തറ പഞ്ചായത്തിലെ മുട്ടിക്കടവ് പാലം</u>

പ്രളയത്തിൽ കൈവരികൾ തകരുകയും മഴസമയത്ത് ഗതാഗത യോഗ്യമല്ലാത്തതും ഇടുങ്ങിയതും വളരെ കാലപ്പഴക്കം ചെന്നതുമായ കോസ് വേ പുനർനിർമ്മിക്കുന്നതിനായി 620 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയുമാണ്. ഫൗണ്ടേഷൻ ജോലികൾ 95 ശതമാനവും സബ്സ്ട്രക്ചർ ജോലികൾ 90 ശതമാനവും പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

2. <u>പോത്തുകല്ല് പഞ്ചായത്തിലെ അമ്പുട്ടാൻപൊട്ടി പാലം</u>

പ്രളയത്തിൽ തകർന്ന അമ്പുട്ടാൻപൊട്ടി പാലം പുനർനിർമ്മിക്കുന്നതിനായി റിവൈസ്ഡ് ഡ്രോയിംഗ് ഡിസൈൻ വിംഗിൽനിന്നും ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് ഫീസിബിലിറ്റി സമർപ്പിക്കുന്നതിനും ആയതുപ്രകാരം Final GAD ലഭ്യമാക്കി എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. <u>പോത്തുകല്ല് പഞ്ചായത്തിലെ ഇരുട്ടുകുത്തി പാലം</u>

പ്രളയത്തിൽ തകർന്ന ഇരുട്ടുകുത്തി പാലം പുനർനിർമ്മിക്കുന്നതിനായി ഇൻവെസ്റ്റിഗേഷൻ ജോലികൾ പൂർത്തീകരിച്ച് ആയതിന്റെ റിപ്പോർട്ട് ഡിസൈൻ വിംഗിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ഡിസൈൻ ലഭ്യമാക്കി എസ്റ്റിമേറ്റ് സമർപ്പിക്കുന്നമുറയ്ക്ക് മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ കഴിയൂ.

(ബി) നിലമ്പൂർ മണ്ഡലത്തിലെ കരിമ്പുഴയ്ക്ക് കുറുകെയുള്ള ഏനാന്തി പാലത്തിന്റെ പുനർനിർമ്മാണം സംബന്ധിച്ച ഫയൽ ഇപ്പോൾ ഏത് കാര്യാലയത്തിലാണുള്ളതെന്ന് അറിയിക്കാമോ; പ്രസ്തുത പാലം പുനർനിർമ്മിക്കാൻ അടിയന്തര നടപടി സ്വീകരിക്കാമോ?

പ്രസ്തുത പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പരിശോധനയിലാണ്. നിലവിലുള്ള കരാറുകാരനെ ടെർമിനേറ്റ് ചെയ്യാനുള്ള നടപടി പുരോഗമിക്കുന്നു. പുതുക്കിയ ഭരണാനുമതിക്കുള്ള ശിപാർശകൾ സർക്കാരിൽ പരിഗണനയ്ക്കായി വന്നിട്ടില്ല.

(സി) നിലമ്പൂർ മണ്ഡലത്തിലെ പോത്തുകല്ല് പഞ്ചായത്തിലെ ശാന്തിഗ്രാം പാലത്തിന്റെ പുനർനിർമ്മാണം സംബന്ധിച്ച ഫയൽ ഇപ്പോൾ ഏത് കാര്യാലയത്തിലാണുള്ളതെന്ന് അറിയിക്കാമോ; പ്രസ്തുത പാലം പുനർനിർമ്മിക്കാൻ അടിയന്തര നടപടി സ്വീകരിക്കാമോ?

പോത്തുകല്ല് പഞ്ചായത്തിലെ അമ്പുട്ടാൻപൊട്ടി ശാന്തിഗ്രാം പാലം നിർമ്മാണത്തിനുള്ള റിവൈസ്ഡ് ഡ്രോയിംഗ് അനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നതായി പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**ഗുരുവായൂർ തിരുവെങ്കിടം റെയിൽവേ അടിപ്പാത നിർമ്മാണം**

98 (4814) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗുരുവായൂർ തിരുവെങ്കിടം റെയിൽവേ അടിപ്പാത നിർമ്മാണത്തിന്റെ നടപടികളുടെ പുരോഗതി അറിയിക്കാമോ?

ഗുരുവായൂർ തിരുവെങ്കിടം റെയിൽവേ അടിപ്പാത നിർമ്മാണത്തിനായി 2021-2022 ബഡ്ജറ്റിൽ 20% തുക വകയിരുത്തിയിരുന്നു. പ്രസ്തുത അടിപ്പാത നിർമ്മിക്കേണ്ട ഭാഗം ഗുരുവായൂർ മുനിസിപ്പാലിറ്റി റോഡിലാണ്. ഈ പ്രവൃത്തിക്കായി ദക്ഷിണ റെയിൽവേ, പ്ലാനിംഗ് & ഡിസൈൻ വിഭാഗം ചീഫ് എഞ്ചിനീയർ, എസ്റ്റിമേറ്റ് തയ്യാറാക്കിയതായി ഗുരുവായൂർ നഗരസഭ അറിയിച്ചിരുന്നതിനാൽ ഈ പദ്ധതിക്കായി സംസ്ഥാന സർക്കാർ അനുവദിക്കേണ്ടതായ തുകയുടെ വിശദാംശവും ഈ പ്രവൃത്തി ഏറ്റെടുത്ത്

നടത്തുന്നത് സംബന്ധിച്ച് റെയിൽ ദക്ഷിണമേഖല - നോർത്ത് വിഭാഗം ചീഫ് എഞ്ചിനീയറുടെ അഭിപ്രായവും ആരാഞ്ഞിട്ടുള്ളതായും ആയത് ലഭ്യമാകുന്നമുറയ്ക്ക് ഇതുസംബന്ധിച്ച തുടർനടപടി സ്വീകരിക്കാവുന്നതാണെന്നും നിരത്തുകൾ വിഭാഗം ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

**ബാലുശ്ശേരി-കൊയിലാണ്ടി മണ്ഡലത്തിലെ തോരായികടവ് പാലം നിർമ്മാണം**

99 (4815) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി-കൊയിലാണ്ടി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന തോരായിക്കടവ് പാലം നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്ത തീയതിയും ടെണ്ടർ എടുത്ത കമ്പനിയും ഏതാണെന്ന് അറിയിക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് 04-02-2018-ൽ കിഫ്ബിയിൽനിന്നും 14.90 കോടി രൂപയുടെ സാമ്പത്തികാനുമതി

ലഭ്യമായി. ദേശീയ ജലപാത വികസനവുമായി ബന്ധപ്പെട്ട് പാലത്തിന്റെ ഡിസൈനിൽ മാറ്റം വരികയും 26-02-2021-ൽ 18.24 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാക്കുകയും ചെയ്തു. 28-01-2022-ൽ 21.61 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും 05-02-2022-ൽ ടെണ്ടർ ചെയ്യുകയും ചെയ്തു. സിംഗിൾ ക്വാളിഫൈഡ് ബിഡ്ഡർ ആയതിനാൽ 01-04-2022-ൽ പ്രവൃത്തി റീടെണ്ടർ ചെയ്യുകയും 22-06-2022-ലെ ടെണ്ടർ അപ്രൂവൽ കമ്മിറ്റി, ആയത് M/s PMR Construction Company & M/s EKK Infrastructure Ltd എന്ന Joint Venture-ന് അംഗീകരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക സാമ്പത്തികാനുമതി ലഭ്യമായ തുകയെ അധികരിച്ചിരിക്കുന്നതിനാൽ കിഫ്ബിയിൽനിന്നും പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാക്കേണ്ടതുണ്ട്. ആയതിനുള്ള പ്രൊപ്പോസൽ 14-03-2022-ൽ കിഫ്ബിക്ക് സമർപ്പിച്ചു. എന്നാൽ സ്ഥലമേറ്റെടുക്കലിന് ആവശ്യമായ തുകയുടെ വിവരങ്ങളും എസ്റ്റിമേറ്റ് അധികരിച്ചതിന്റെ താരതമ്യവും നൽകുന്നതിനായി കിഫ്ബിയിൽനിന്നും മടക്കി നൽകുകയുണ്ടായി. പ്രസ്തുത വിവരങ്ങൾ കിഫ്ബിയിലേയ്ക്ക് പുന:സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത പ്രവൃത്തിയുടെ ഭൂമിയേറ്റെടുക്കൽ നടപടി നിലവിൽ ഏത്

ഘട്ടത്തിലാണെന്നും എത്ര പേരുടെ ഭൂമിയാണ് ഏറ്റെടുക്കുന്നതെന്നും വിശദാംശം നൽകുമോ?

തോരായിക്കടവ് പാലം നിർമ്മാണത്തിന്റെ ഭൂമിയേറ്റെടുക്കൽ നടപടികൾ കോഴിക്കോട് LA കിഫ്ബി വിഭാഗത്തിൽ പുരോഗമിക്കുന്നു. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് 14 പേരുടെ ഭൂമി ഏറ്റെടുക്കേണ്ടതായുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികളിൽ സ്ഥലത്തിന്റെ അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട്, ആർ.ആർ. പാക്കേജ് എന്നിവ അംഗീകരിച്ചു. ആർ.എഫ്.സി.ടി. എൽ.എ.ആർ.ആർ. ആക്ട് 2013 സെക്ഷൻ 19(1) പ്രകാരമുള്ള പ്രഖ്യാപന നടപടിയിലാണ്. സ്ഥലമേറ്റെടുക്കലിന് കണ്ടിജൻസി ചാർജ്ജ് ഇനത്തിൽ 1,69,690/- രൂപ 23-11-2019-ൽ കിഫ്ബിയിൽനിന്നും നൽകിയിട്ടുണ്ട്. അധികമായി വേണ്ട 10,80,310/- രൂപയും എൽ.എ. കോസ്റ്റ് ഇനത്തിലുള്ള 2.5 കോടി രൂപയും ആവശ്യപ്പെട്ടുള്ള പ്രൊപ്പോസൽ കിഫ്ബിക്ക് സമർപ്പിച്ച് തുക അനുവദിച്ച് കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വള്ളിയൂർകാവ്-കമ്മന പാലം നിർമ്മാണം**

100 (4816) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) മാനന്തവാടി നിയോജകമണ്ഡലത്തിലെ വള്ളിയൂർകാവിൽനിന്ന് കമ്മന വരെ നിർമ്മിക്കുന്ന പാലത്തിന്റെ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

പ്രവൃത്തിയുടെ ഭരണാനുമതി നൽകി സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ബി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനായി ഇനി പൂർത്തീകരിക്കേണ്ട നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

1. സാങ്കേതികാനുമതി ലഭ്യമാക്കൽ

2. പദ്ധതിക്കാവശ്യമായ സ്ഥലം സൗജന്യമായി ലഭ്യമാക്കൽ

3. പ്രവൃത്തി ടെണ്ടർ ചെയ്യൽ എന്നിവയാണ് പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനായി ഇനി പൂർത്തീകരിക്കേണ്ട നടപടികൾ.

(സി) എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് പ്രസ്തുത പദ്ധതിക്കായി നൽകിയിട്ടുള്ളത്; വ്യക്തമാക്കാമോ?

17.60 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

## വൈപ്പിൻ മണ്ഡലത്തിലെ കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണം

101 (4817) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ?

നിലവിൽ 70% പ്രവൃത്തിയാണ് പൂർത്തീകരിച്ചിട്ടുള്ളത്. ഫൗണ്ടേഷൻ, സബ്സ്ട്രക്ചർ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. സൂപ്പർ സ്ട്രക്ചർ പ്രവൃത്തികൾ നടന്നുവരുന്നു.

(ബി) പ്രസ്തുത പാലത്തിന്റെ സ്ഥലമെടുപ്പ് നടപടികളുടെ നിജസ്ഥിതി വ്യക്തമാക്കാമോ; സ്ഥലമേറ്റെടുക്കൽ നടപടി പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

പാലത്തിന്റെ സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തിയായിട്ടില്ല. നിലവിൽ സ്ഥലമേറ്റെടുക്കുന്നതിനുവേണ്ടി തഹസീൽദാർ 28-01-2022-ൽ പ്രസ്തുത സ്ഥലം സന്ദർശിച്ചിരുന്നു. തഹസീൽദാർ പൊതുമരാമത്ത്

ഉദ്യോഗസ്ഥരുമായുള്ള സംയുക്ത പരിശോധനയിൽ ഓരോ സർവ്വേ നമ്പറിലും (സബ്ഡിവിഷൻ ഉൾപ്പെടെ) വരുന്ന സ്ഥലത്തിന്റെ അളവ് കണ്ടെത്തി അലൈൻമെന്റ് വീണ്ടും സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നു. ആയതുപ്രകാരം ഓരോ സർവ്വേ നമ്പറിനുകീഴിലുള്ള ഏരിയ കണ്ടുപിടിച്ച് അലൈൻമെന്റ് പുന:സമർപ്പിച്ചിട്ടുണ്ട്. എത്രയും പെട്ടെന്ന് സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ച് തരുന്നതിനുവേണ്ടി റവന്യൂ വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്.

(സി) 14-08-2021-ൽ ചേർന്ന യോഗതീരുമാനപ്രകാരം പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് വീടിന് നാശനഷ്ടമുണ്ടായിയെന്ന് ശ്രീ. റോക്കി എന്ന വ്യക്തിയുടെ പരാതിയിന്മേൽ തീരുമാനമെടുക്കാനായി റവന്യൂ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി യോഗം ചേർന്നുവോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; പ്രസ്തുത യോഗം എന്നത്തേയ്ക്ക് ചേരാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

കോൺവെന്റ് ബീച്ച് പാലം നിർമ്മാണത്തോടനുബന്ധിച്ച് ശ്രീ. റോക്കി എന്ന വ്യക്തിയുടെ വീടിന് യതൊരു കേടുപാടുകളും സംഭവിച്ചിട്ടില്ല. സ്ഥലമേറ്റെടുക്കൽ പ്രാരംഭനടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്. സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് ഭൂമി അളന്നുതിട്ടപ്പെടുത്തിയാൽ മാത്രമേ

കൂടുതൽ വിശദാംശങ്ങൾ ലഭ്യമാകൂ. അതിനുശേഷം മാത്രമേ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട യോഗം ചേരാൻ സാധിക്കുകയുള്ളൂ.

**നായരമ്പലം ഹെർബർട്ട് പാലം നിർമ്മാണം**

102 (4818) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ നായരമ്പലം ഹെർബർട്ട് പാലത്തിന്റെ സ്ഥലമേറ്റെടുക്കൽ നടപടികളിലും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിലും നേരിടുന്ന കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

സ്ഥലമേറ്റെടുക്കൽ നടപടികളിലും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിലും നേരിടുന്ന കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സ്ഥലമേറ്റെടുക്കുന്നതിനും നിർമ്മാണപ്രവൃത്തികൾ ആരംഭിക്കുന്നതിനും എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കേണ്ടതെന്നും എന്നത്തേയ്ക്ക് പ്രവൃത്തി ആരംഭിക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ?

ഭൂമി പൊന്നുംവിലയ്ക്ക് ഏറ്റെടുക്കുന്നതിനായി ബന്ധപ്പെട്ട സർവ്വേ അതിരടയാള നിയമ പ്രകാരമുള്ള 6(1) വിജ്ഞാപനം 17-06-2022-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിലേയ്ക്കുള്ള ആനുഷാംഗിക തുക കിഫ്ബിയിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്. ഈ പ്രവൃത്തിക്ക് 6.48 ആർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. കിഫ്ബിയിൽനിന്നും ആനുഷാംഗിക തുക ലഭ്യമാകുമ്പോൾ ഭൂമിയേറ്റെടുക്കൽ നടപടികൾക്കായി പ്രസ്തുത തുക ലാൻഡ് അക്വിസിഷൻ ഓഫീസർക്ക് കൈമാറുവാനാകും. LAR ആക്ട് 2013 പ്രകാരമുള്ള തുടർനടപടികൾ റവന്യൂ വകുപ്പാണ് സ്വീകരിക്കുന്നത്. ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തിയുടെ സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കി പരിശോധനയ്ക്കുശേഷം സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കിയശേഷം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുന്നതാണ്.

## മണികണ്ഠൻചാൽ ചപ്പാത്തിലെ പാലം നിർമ്മാണം

103 (4819) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിൽ

മണികണ്ഠൻചാൽ ചപ്പാത്തിൽ പുതിയ പാലം പണിയുന്ന വിഷയം പരിഗണനയിലുണ്ടോ?

പരിഗണനയിലുണ്ട്.

(ബി) പ്രസ്തുത പാലം നിർമ്മാണവുമായി ബന്ധപ്പെട്ട ന്യൂനപക്ഷ കമ്മീഷന്റെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഉത്തരവിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത പാലം പണിയുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികളും പ്രവൃത്തികളും വിശദമാക്കാമോ?

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഉത്തരവുപ്രകാരം പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് വനം വകുപ്പിന്റെ അനുമതി നേടുകയും ആയതുപ്രകാരം ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാക്കി റിപ്പോർട്ട് ഡിസൈൻ വിംഗിലേയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഡിസൈൻ വിംഗിൽനിന്നും പാലത്തിന്റെ ടെന്റേറ്റീവ് ജനറൽ അലൈൻമെന്റ് ഡ്രോയിംഗ് ലഭ്യമായിട്ടുണ്ട്. കൂടാതെ പാലം നിർമ്മാണത്തിനായി കേന്ദ്ര വന (സംരക്ഷണ) നിയമം 1980 പ്രകാരം കേന്ദ്രത്തിന്റെ അനുമതി ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള അപേക്ഷ മിനിസ്ട്രി ഓഫ് എൻവയോൺമെന്റ് ആൻഡ് ഫോറസ്റ്റിന്റെ വെബ്സൈറ്റിൽ സമർപ്പിച്ചിട്ടുണ്ട്. ബന്ധപ്പെട്ട

അതോറിറ്റി പ്രസ്തുത അപേക്ഷ സൂക്ഷ്മ പരിശോധന നടത്തുകയും അപേക്ഷയുടെ ഹാർഡ് കോപ്പി ബന്ധപ്പെട്ട അതോറിറ്റി നിർദ്ദേശിച്ചത് പ്രകാരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, മലയാറ്റൂരിന് നൽകുകയും ചെയ്തിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായി 7.40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത പ്രദേശത്ത് മഴക്കാലത്ത് കൂടി സഞ്ചാരയോഗ്യമാകുന്ന തരത്തിൽ പുതിയ പാലം നിർമ്മിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പ്രസ്തുത പാലവും നിർമ്മിക്കാനുദ്ദേശിക്കുന്ന അപ്രോച്ച് റോഡുമായി ബന്ധപ്പെട്ട അനുബന്ധ സ്ഥലങ്ങളും വനം വകുപ്പിന്റെ അധീനതയിലായതിനാൽ പുതിയ പാലം നിർമ്മിക്കുന്നതിന് കേന്ദ്ര വന (സംരക്ഷണ) നിയമം 1980 പ്രകാരം കേന്ദ്രത്തിന്റെ അനുമതി ആവശ്യമാണ്. ആയതിനുവേണ്ടിയുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭ്യമായാൽ പാലം നിർമ്മാണത്തിനായി ഭരണാനുമതി നൽകുന്നതിനുവേണ്ടിയുള്ള തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കും.

## കാലടി സമാന്തര പാലത്തിന്റെ നിർമ്മാണം

104 (4820) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.സി. റോഡിലെ കാലടി പാലത്തിലെയും മറ്റ് ജംഗ്ഷനിലെയും അതിരൂക്ഷമായ ഗതാഗതക്കുരുക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിഹാര മാർഗ്ഗം വ്യക്തമാക്കുമോ?

കാലടി പാലം 1962-ൽ നിർമ്മിച്ചതാണ്. പാലത്തിന്റെ ഇരു അപ്രോച്ചുകളും ബാലൻസ്ഡ് കാന്റീലിവർ രീതിയിലാണ് നിർമ്മിച്ചിരിക്കുന്നത്. കാലപ്പഴക്കംമൂലം ഇരു അപ്രോച്ചിലെയും ബെയറിംഗുകൾക്ക് തകരാർ സംഭവിച്ചതിനാൽ പാലത്തിന് ഇരുവശങ്ങളിലും അസാധാരണമായ കുലുക്കം അനുഭവപ്പെടുന്നുണ്ട്. ആയതിനാൽ ഈ ഭാഗത്തെ പാലത്തിലെ കുഴികൾ അടയ്ക്കുന്നത് വേഗത്തിൽത്തന്നെ ഇളകിപ്പോകുന്ന അവസ്ഥയാണ് നിലവിലുള്ളത്.

(ബി) പ്രസ്തുത ഗതാഗതക്കുരുക്ക് പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടി വ്യക്തമാക്കുമോ?

പാലത്തിലെ നിലവിലെ സ്ഥിതി പരിഹരിക്കുന്നതിനും താത്ക്കാലികമായി കുഴികൾ അടച്ച് ഗതാഗതയോഗ്യമാക്കുന്നതിനുമായി (RRI &KHRI) പഠനം നടത്തിയതുമായി ബന്ധപ്പെട്ട് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിച്ചുകൊണ്ടുള്ള റിപ്പോർട്ട് പ്രകാരം പാലത്തിന്റെ ബെയറിംഗുകൾ പുന:സ്ഥാപിച്ച് എക്സ്പാൻഷൻ ജോയിന്റിന് മുകളിൽ പുതിയ സ്ട്രിപ്സീൽ എക്സ്പാൻഷൻ ജോയിന്റ് വയ്ക്കുന്നതിനും പുതിയ ടാറിംഗ് പ്രവൃത്തിയും മറ്റും ചെയ്യുന്നതിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം നൽകുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) കാലടി സമാന്തര പാലത്തിന്റെ നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

കാലടി സമാന്തര പാലം ടെണ്ടർ ചെയ്തു. ടെണ്ടർ ഫൈനലൈസേഷൻ നടപടികൾ പുരോഗമിച്ചുവരുന്നു. നടപടികൾ പൂർത്തീകരിക്കുന്നമുറയ്ക്ക് കരാർവച്ച് പ്രവൃത്തി ആരംഭിക്കാൻ കഴിയും.

## എഞ്ചിനീയർമാർക്ക് പ്രത്യേക പരിശീലന പരിപാടി

105 (4821) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയർമാർക്ക് പുതിയ നിർമ്മാണ രീതികൾ മനസ്സിലാക്കുന്നതിന് പ്രത്യേക പരിശീലന പരിപാടി ആവിഷ്കരിക്കാൻ ആലോചനയുണ്ടോ; വ്യക്തമാക്കുമോ?

പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയർമാർക്ക് കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ വിവിധ നൂതന സാങ്കേതിക വിദ്യകളിൽ പരിശീലനം നൽകിവരുന്നുണ്ട്. ഇതിനായി IIT Madras, IIT Palakkad, NIT Calicut തുടങ്ങിയ ഇന്ത്യയിലെ മികച്ച അക്കാദമിക് ഇൻസ്റ്റിറ്റ്യൂട്ടുകളുമായി ചേർന്ന് പരിശീലനങ്ങൾ നടത്തിവരുന്നു. നൂതന സാങ്കേതികവിദ്യകളായ Drone Surveying, Geographic Information System, വിവിധ ഡിസൈൻ സോഫ്റ്റ്‌വെയറുകളായ MIDAS, SOFISTIK എന്നിവയിലും പരിശീലനങ്ങൾ നടത്തിവരുന്നു. കൂടാതെ പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി Non Destructive Test-കളായ Rebound Hammer Test, Cover Meter Test, Half Cell Potential etc. എന്നിവയിലും പരിശീലനങ്ങൾ നടത്തിവരുന്നു.

(ബി) നിർമ്മാണ രംഗത്തെ പുതിയ സാങ്കേതികവിദ്യകൾ പ്രായോഗിക

തലത്തിൽ കൊണ്ടുവരാൻ ഇവർക്ക് കഴിയുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

പൊതുമരാമത്ത് വകുപ്പിൽ നിർമ്മാണ രംഗത്തെ പുതിയ സാങ്കേതിക വിദ്യകൾ പ്രായോഗികതലത്തിൽ കൊണ്ടുവരാൻ കഴിയുന്നുണ്ട്. സംസ്ഥാനത്തെ റോഡ് വികസനത്തിനായി വൈറ്റ് ടോപ്പിംഗ്, കോൾഡ് ഇൻപ്ലേസ് റീസൈക്ലിംഗ്, സ്റ്റെബിലൈസേഷൻ തുടങ്ങിയ ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. വെള്ളക്കെട്ടുണ്ടാകുന്ന സ്ഥലങ്ങൾക്ക് ഏറ്റവും അനുയോജ്യമായതും ദീർഘകാലം ഈടുനിൽക്കുന്നതുമായ വൈറ്റ് ടോപ്പിംഗ് സാങ്കേതികവിദ്യ ഉപയോഗിച്ച് ആലപ്പുഴ നഗരവികസന പദ്ധതിയിൽ ഉൾപ്പെടുത്തി 7.29 കി.മീ റോഡുകൾ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ തകർന്ന റോഡുകൾ പൊളിച്ചെടുത്ത് അതേ മെറ്റീരിയലുകളിൽ ടാർ ചേർത്ത് നിർമ്മാണത്തിനുപയോഗിക്കുന്ന സാങ്കേതികവിദ്യയായ ഫുൾ ഡെപ്ത് റിക്ലമേഷൻ ടെക്നോളജി പത്തനംതിട്ട ജില്ലയിലെ ആനയടി-പഴകുളം ചന്ദനപ്പള്ളി-കൂടൽ റോഡിലെ 5.90 കി.മീ. നീളത്തിൽ ചെയ്തിട്ടുണ്ട്. കൂടാതെ പരിസ്ഥിതി സൗഹാർദ്ദം മുൻനിർത്തി സ്വാഭാവിക റബ്ബർ, കയർ ഭൂവസ്ത്രം, ഉപയോഗശൂന്യമായ പ്ലാസ്റ്റിക്, പെർഫൊറേറ്റഡ് വെർട്ടിക്കൽ ഡ്രെയിൻ, ഗാബിയോൺ വാൾ എന്നിവയും

നിർമ്മാണത്തിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. നിർമ്മാണ രംഗത്ത് ആധുനിക സാങ്കേതികത ഉപയോഗിച്ച് നിർമ്മിക്കുന്ന ബോ സ്ട്രിംഗ് പാലങ്ങൾ, എസ്ട്രാഡോസ് പാലങ്ങൾ, Pre-stressed ബോക്സ് ബീം പാലങ്ങൾ തുടങ്ങിയവ പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗത്തിലെ എഞ്ചിനീയർമാരുടെ മേൽനോട്ടത്തിൽ നിർമ്മിക്കുന്നുണ്ട്. ഉയർന്ന Compressive strength ഉള്ള കോൺക്രീറ്റ് (ഉദാ. M50 grade) പാലം പ്രവൃത്തികളിൽ ഉപയോഗിക്കുന്നുണ്ട്. പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന കെട്ടിടങ്ങൾ പുതുക്കിയ സാങ്കേതികവിദ്യകളായ പ്രീഫാബ്രിക്കേഷൻ കോമ്പസിറ്റ് സ്ട്രക്ച്ചർ, ഹരിത നിർമ്മാണ ചട്ടങ്ങൾ എന്നിവ പ്രാവർത്തികമാക്കി നിർമ്മാണങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നേമം സബ്‌രജിസ്ട്രാർ ഓഫീസ് സമുച്ചയം പൂർണ്ണമായും ഹരിത നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായിട്ടാണ് പൊതുമരാമത്ത് വകുപ്പ് ആർക്കിടെക്ച്ചർ വിഭാഗം ഡിസൈൻ ചെയ്തിട്ടുള്ളത്. ഇതിന്റെ നിർമ്മാണം നടന്നുവരുന്നു. കൂടാതെ ആലപ്പുഴയിലെ നാലുചിറ ഗവൺമെന്റ് യു.പി.എസ്.-ന്റെ കെട്ടിട നിർമ്മാണം Composite Structure സാങ്കേതികവിദ്യ പ്രാവർത്തികമാക്കിയാണ് ഡിസൈൻ ചെയ്തിട്ടുള്ളത്.

(സി) ഇന്ത്യയിലെ പ്രമുഖ സ്ഥാപനങ്ങളിലും പുറമെ വിദേശ

രാജ്യങ്ങളിലും ഇവർക്ക് പരിശീലനം നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഇന്ത്യയിലെ വിവിധ സ്ഥാപനങ്ങളിൽ സർക്കാർ അനുമതിയോടുകൂടി പരിശീലനം നൽകിവരുന്നു. വിദേശ രാജ്യങ്ങളിലെ സ്ഥാപനങ്ങളിൽ പരിശീലനത്തിന് അപേക്ഷ ലഭിക്കുന്നപക്ഷം സർക്കാർ പരിശോധിച്ച് ആവശ്യമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കോൺസ്റ്റിറ്റ്യൂവൻസി മോണിറ്ററിംഗ് ടീം**

106 (4822) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡലാടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട കോൺസ്റ്റിറ്റ്യൂവൻസി മോണിറ്ററിംഗ് ടീമിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഓരോ നിയമസഭാ നിയോജകമണ്ഡലത്തിലെയും പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി അവലോകനം ചെയ്ത് പുരോഗതി വിലയിരുത്തുന്നതിനും പ്രവൃത്തികളുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്ന പ്രശ്നങ്ങൾ സത്വരമായി പരിഹരിക്കുന്നതിനുമായി എക്സിക്യൂട്ടീവ് എഞ്ചിനീയർ

റാങ്കിൽ കുറയാത്ത എഞ്ചിനീയർമാരെ ചുമതലപ്പെടുത്തി കോൺസ്റ്റിറ്റ്യുവൻസി മോണിറ്ററിംഗ് ടീം രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ടീമിലെ എഞ്ചിനീയർമാരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഏഴ് തെക്കൻ ജില്ലകളിലും ഏഴ് വടക്കൻ ജില്ലകളിലും ഓരോ ചീഫ് എഞ്ചിനീയർമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത് സ്റ്റേറ്റ് ലെവൽ നോഡൽ ഓഫീസറുടെ നേതൃത്വത്തിൽ സംസ്ഥാനതലത്തിലും രണ്ടാഴ്ചയിലൊരിക്കൽ വിശകലനം ചെയ്യാറുണ്ട്.

(ബി) മണലൂർ മണ്ഡലം സി.എം.ടി.-യുടെ നോഡൽ ഓഫീസറായി നിയമിച്ചിരുന്ന ഓഫീസർ സ്ഥലംമാറിപോയതിനുശേഷം ഇതുവരെ സി.എം.ടി.-യുടെ യോഗം വിളിച്ച് ചേർത്തിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) മുൻ ഓഫീസർ സ്ഥലംമാറിപോയതിനുശേഷം പകരം നോഡൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഓഫീസർ ആരാണെന്നുള്ള വിവരം അറിയിക്കാമോ?

എൻ.എച്ച്. ഡിവിഷൻ, കൊടുങ്ങല്ലൂർ എക്സിക്യൂട്ടീവ് എഞ്ചിനീയറാണ് മണലൂർ നിയോജകമണ്ഡലത്തിലെ സി.എം.ടി. നോഡൽ ഓഫീസർ. പ്രസ്തുത

എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധിക ചുമതല നിലവിൽ ആലുവ ദേശീയപാത ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കാണ് നൽകിയിരിക്കുന്നത്.

(ഡി) നിലവിൽ നോഡൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത ഓഫീസർ വിളിച്ച് ചേർത്തിട്ടുള്ള യോഗങ്ങളുടെ വിശദാംശം നൽകാമോ?

പുതിയ നോഡൽ ഓഫീസർ ഇതുവരെ സി.എം.ടി. യോഗങ്ങൾ വിളിച്ചുചേർത്തിട്ടില്ല.

(ഇ) യോഗങ്ങൾ വിളിച്ച് ചേർത്തിട്ടില്ലായെങ്കിൽ ആയതിന്റെ കാരണം എന്താണെന്ന് പരിശോധിക്കുമോ; വിശദാംശം നൽകാമോ?

ആലുവ ദേശീയപാത ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കാണ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധിക ചുമതല. നിലവിൽ കൊടുങ്ങല്ലൂർ ദേശീയപാത വിഭാഗം ഓഫീസ് നിർത്തലാക്കുന്നതിന് ഉത്തരവായിട്ടുള്ളതാണ്. ദേശീയപാത ഓഫീസുകൾ നിർത്തലാക്കുന്നതിന്റെ ഭാഗമായി ചാവക്കാട്, പറവൂർ ദേശീയപാത ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധിക ചുമതലയും വൈറ്റില ദേശീയപാത മധ്യമേഖല ഓഫീസിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ്

എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ അധിക ചുമതലകളും കൊടുങ്ങല്ലൂർ ദേശീയപാത വിഭാഗം ഓഫീസിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധിക ചുമതലയും ആലുവ ദേശീയപാത ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർവ്വഹിക്കേണ്ടതിനാൽ കോൺസ്റ്റിറ്റ്യൂവൻസി മോണിറ്ററിംഗ് ടീമിന്റെ മീറ്റിംഗുകളൊന്നും വിളിച്ചുചേർക്കാൻ കഴിഞ്ഞിരുന്നില്ല. വിളിച്ചുചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**പൊതുമരാമത്ത് വകുപ്പിലെ ഒഴിവുകൾ**

107 (4823) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ സാങ്കേതിക വിഭാഗം ജീവനക്കാരുടെ ഒഴിവുകളുണ്ടായിട്ടും യഥാസമയം സ്ഥാനക്കയറ്റം നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പരിശോധിച്ചുവരുന്നു.

(ബി) സാങ്കേതിക വിഭാഗം ജീവനക്കാരുടെ സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ?

7 കേസ്സുകൾ നിലവിലുണ്ട്.

(സി) അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ), ഫസ്റ്റ് ഗ്രേഡ് ഓവർസിയർ (സിവിൽ), സെക്കന്റ് ഗ്രേഡ് ഓവർസിയർ (സിവിൽ) എന്നീ തസ്തികകളിൽ സ്ഥാനക്കയറ്റം വഴി നികത്തേണ്ട ഒഴിവുകളുടെ എണ്ണം വ്യക്തമാക്കാമോ?

അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) - 21

ഒന്നാം തരം ഓവർസിയർ (സിവിൽ) - 28

രണ്ടാം തരം ഓവർസിയർ (സിവിൽ) - ഒഴിവുകൾ നിലവിലില്ല.

(ഡി) പ്രസ്തുത ഒഴിവുകൾ നികത്താത്തതിന് കാരണം വ്യക്തമാക്കാമോ; ഒഴിവുകൾ നികത്താൻ എത്ര സമയം വേണമെന്ന് അറിയിക്കാമോ?

അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ സ്ഥാനക്കയറ്റം നൽകുന്നതിനുള്ള ഡി.പി.സി. കഴിഞ്ഞിട്ടുണ്ട്. സെലക്ട് ലിസ്റ്റ് തയ്യാറാക്കി കാലതാമസം കൂടാതെ ഒഴിവുകൾ നികത്തുന്നതാണ്. ഒന്നാംതരം ഓവർസിയർ (സിവിൽ) തസ്തികയിൽ സ്ഥാനക്കയറ്റം ലഭിക്കേണ്ട ഉദ്യോഗസ്ഥരുടെ വിവരം ശേഖരിച്ചുവരുന്നു. ആയത് ലഭ്യമായാലുടൻ സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ഇ) സാങ്കേതിക വിഭാഗം ജീവനക്കാർക്ക് സ്ഥാനക്കയറ്റം

നൽകിയതിലുള്ള അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

സ്ഥാനക്കയറ്റം നൽകിയതിലുള്ള അപാകതകളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## മലപ്പുറം ജില്ലയിലെ ദേശീയപാത വിഭാഗം ഓഫീസുകളിലെ പുനർവിന്യാസം

108 (4824) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത വിഭാഗം ഓഫീസുകളിലെ വിവിധ തസ്തികകൾ പുനർവിന്യസിച്ചപ്പോൾ മലപ്പുറം ജില്ലയിലെ പ്രസ്തുത വിഭാഗം ഓഫീസുകളിലെ ഏതൊക്കെ തസ്തികകളാണ് ഉൾപ്പെട്ടിട്ടുള്ളത്; ഓരോ തസ്തികയും തരം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ തസ്തികകൾ പുനർവിന്യസിച്ചപ്പോൾ മലപ്പുറം ജില്ലയിൽനിന്ന് മറ്റ് ജില്ലകളിലേയ്ക്ക് എത്ര തസ്തികകളാണ് പുനർവിന്യസിച്ചത്; ഓരോ തസ്തികയും എണ്ണം തിരിച്ച് അറിയിക്കാമോ?

(എ&ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത ജില്ലയിലെ ഓഫീസുകളിൽനിന്ന് പുനർവിന്യസിച്ച തസ്തികകൾ ഉപയോഗിച്ച് പുതിയ ഓഫീസുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിനുവേണ്ടി നിലവിലെ പുനർവിന്യാസ ഉത്തരവുകളിൽ ഭേദഗതി വരുത്തുന്നതിനും വിശദമായ പഠനം നടത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

വിശദമായ പഠനങ്ങൾക്കും പരിശോധനകൾക്കുംശേഷം മാത്രമേ പുനർവിന്യസിച്ച തസ്തികകൾ ഉപയോഗിച്ച് പുതിയ ഓഫീസുകൾ രൂപീകരിക്കുന്ന കാര്യം പരിഗണിക്കാൻ സാധിക്കുകയുള്ളൂ.

(ഡി) മലപ്പുറം ജില്ലയിൽ റോഡ്സ്, ബിൽഡിംഗ്സ്, ബ്രിഡ്ജസ് എന്നീ വിഭാഗങ്ങളിൽ പുതിയ ഓഫീസുകൾ ആവശ്യമുള്ളതായി അറിയിച്ച് ഭരണ വിഭാഗം ചീഫ് എഞ്ചിനീയർ 10-08-2021-ന് റിപ്പോർട്ട് നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മലപ്പുറം ജില്ലയിൽ പുതിയ കാര്യാലയങ്ങളും അധിക തസ്തികകളും സൃഷ്ടിക്കുന്നത് സംബന്ധിച്ച ആവശ്യകത പരിശോധിച്ച് ശാസ്ത്രീയമായി പഠനം നടത്തി വ്യക്തമായി അപഗ്രഥിച്ച് വ്യക്തവും

വിശദവുമായ റിപ്പോർട്ട് ലഭ്യമാക്കാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നു. അതിൻപ്രകാരം പുതുക്കിയ റിപ്പോർട്ട് 14-07-2022-ൽ ലഭ്യമായിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

## ഡിവിഷൻ ഓഫീസിലെ ഒഴിവുകളുടെ എണ്ണം

109 (4825) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ ഡിവിഷൻ ഓഫീസിൽനിന്നും ചീഫ് എഞ്ചിനീയറുടെ ഓഫീസിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്ന സിവിൽ ഓവർസിയർ ഗ്രേഡ്-III തസ്തികയിലെ ഒഴിവുകളുടെ എണ്ണവും ചീഫ് എഞ്ചിനീയറുടെ ഓഫീസിൽനിന്നും വകുപ്പിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്ന അതേ ഡിവിഷനിലെ സമാന തസ്തികയിലെ ഒഴിവുകളുടെ എണ്ണവും തമ്മിൽ വ്യത്യാസമുണ്ടാകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; ഇത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്താണെന്ന് അറിയിക്കാമോ?

പൊതുമരാമത്ത് വകുപ്പിലെ ഓവർസിയർ ഗ്രേഡ്-3 തസ്തികയുടെ നിയമന പ്രക്രിയ സംസ്ഥാനതലത്തിലുള്ളതാണ്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതും നിയമനം നടത്തുന്നതും സംസ്ഥാനതലത്തിലാണ്, ജില്ലാ

തലത്തിലോ ഡിവിഷൻ തലത്തിലോ അല്ല. ടി തസ്തികയിലെ നിയമനം, സ്ഥലംമാറ്റം എന്നിവയെല്ലാം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ കേന്ദ്രീകൃത സ്വഭാവത്തിലാണ് ചെയ്തുവരുന്നത്. ഓരോ കാര്യാലയങ്ങളിലെയും സാംഗ്ഷൻഡ് സ്ട്രെംഗ്ത് സംബന്ധിച്ച് വ്യക്തമായ വിവരങ്ങൾ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സൂക്ഷിച്ചിട്ടുണ്ട്. അതനുസരിച്ചാണ് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തുവരുന്നത്.

പ്രൊമോഷൻ, മറ്റ് ജോലി ലഭിച്ച് പിരിഞ്ഞുപോകൽ, ട്രാൻസ്ഫർ, ചട്ടപ്രകാരമുള്ള നീണ്ടകാലത്തെ ശൂന്യവേതന അവധി എന്നിവ നിമിത്തം വിവിധ കാര്യാലയങ്ങളിൽ ഓരോ സമയത്തുമുണ്ടാകുന്ന ഒഴിവുകൾ സംബന്ധിച്ച കൃത്യമായ വിവരം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലാണ് സൂക്ഷിക്കുന്നത്. ലഭ്യമായ ഒഴിവുകൾ കണ്ടെത്തി സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനം നടത്തുന്നതും ശൂന്യവേതന അവധി കഴിഞ്ഞ് തിരിച്ചുവരുന്നവരെ സംസ്ഥാനാടിസ്ഥാനത്തിൽ ഒഴിവുള്ളയിടങ്ങൾ കണ്ടെത്തി പുനർനിയമിക്കുന്നതും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നാണ്. ആയതിനാൽ മേൽപ്പറഞ്ഞ ഒഴിവുകൾ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ഡിവിഷൻ/ജില്ലാ തലത്തിലുള്ള കാര്യാലയങ്ങളിൽ പലപ്പോഴും

ലഭ്യമായിരിക്കുകയില്ല. ഇതുകൂടാതെ, സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഓവർസിയർ ഗ്രേഡ്-3 തസ്തികയിൽ എസ്.സി./എസ്.ടി. സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നികത്തുന്നതിലേയ്ക്കായി 83 ഒഴിവുകൾ 2018-ൽത്തന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിരുന്നു. റിപ്പോർട്ട് ചെയ്യപ്പെട്ട പ്രസ്തുത 83 ഒഴിവുകളും ഭരണ സൗകര്യാർത്ഥം സംസ്ഥാനത്തെ വിവിധ കാര്യാലയങ്ങളിൽ വിന്യസിച്ചിരിക്കുന്നുണ്ടായിരുന്നു. നേരത്തെതന്നെ റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകൾ ആകയാൽ ഇവ വീണ്ടും റിപ്പോർട്ട് ചെയ്യാൻ സാധിക്കുകയില്ല. സംസ്ഥാനാടിസ്ഥാനത്തിലുള്ള നിയമനമായതിനാൽ, ഓരോയിടത്തെയും അപ്പോഴത്തെ ജോലിഭാരത്തിന്റെ അടിസ്ഥാനത്തിൽ ടി ഒഴിവുകൾ പലപ്പോഴും വിവിധ കാര്യാലയങ്ങളിലേയ്ക്ക് മാറ്റി നിലനിർത്തിയിട്ടുമുണ്ട്. ഇതുസംബന്ധിച്ച വിഷയങ്ങൾ ഡിവിഷൻ തലത്തിൽ ലഭ്യമാകണമെന്നില്ല.

സംസ്ഥാനത്തെ വിവിധ കാര്യാലയങ്ങളിൽ ഒഴിഞ്ഞുകിടക്കുന്ന ഓവർസിയർ ഗ്രേഡ്-3 തസ്തികയിൽ അടിയന്തര പ്രാധാന്യത്തിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നേരത്തെ റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകൾക്കുപുറമെ പുതുതായി ഉണ്ടാകുന്ന ഒഴിവുകൾ സമയബന്ധിതമായിത്തന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

എസ്.സി./എസ്.ടി. സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നികത്തേണ്ട 83 ഒഴിവുകളിലേയ്ക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയതിനെത്തുടർന്ന് ഇക്കഴിഞ്ഞ 2022 ജൂൺ മാസത്തിൽ 83 പേർക്കും നിയമന ഉത്തരവ് നല്കിക്കഴിഞ്ഞിട്ടുണ്ട്. ഈ 83 പേർ വിവിധ കാര്യാലയങ്ങളിലെ നിലവിലുള്ള ഒഴിവുകളിൽ ജോലിയിൽ പ്രവേശിക്കുന്ന നടപടികൾ നടന്നുവരികയാണ്. ടി തസ്തികയിലുണ്ടാകുന്ന NJD/പുതിയ ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

(ബി) സിവിൽ വിഭാഗത്തിൽ സി.ഇ., എസ്.ഇ., ഇ.ഇ., എ.ഇ.ഇ., എ.ഇ., ഓവർസിയർ ഗ്രേഡ് I, II, III തസ്തികകളിൽ പ്രൊമോഷൻ വഴിയോ നേരിട്ടോ നികത്തപ്പെടേണ്ടതായ ഒഴിവുകളുടെ എണ്ണം തസ്തിക തിരിച്ച് ലഭ്യമാക്കാമോ?

ചീഫ് എഞ്ചിനീയർ - 1

സൂപ്രണ്ടിംഗ് എഞ്ചിനീയർ - ഒഴിവുകൾ നിലവിലില്ല.

എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) - 8

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) - 22

അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) - പ്രൊമോഷൻ വഴി നികത്തേണ്ട ഒഴിവ് - 21

നേരിട്ടുള്ള നിയമനംവഴി നികത്തേണ്ട ഒഴിവുകൾ- 4

ഓവർസിയർ ഗ്രേഡ് -1 - നേരിട്ട് നികത്താനുള്ള ഒഴിവുകളുടെ എണ്ണം - 21

സ്ഥാനക്കയറ്റം വഴി നികത്തേണ്ട ഒഴിവുകൾ- 28

ഓവർസിയർ ഗ്രേഡ്-2 - സ്ഥാനക്കയറ്റം വഴി നികത്താനുള്ള ഒഴിവുകളുടെ എണ്ണം - ഇല്ല.

നേരിട്ട് നികത്താനുള്ള ഒഴിവുകളുടെ എണ്ണം - 139

ഓവർസിയർ ഗ്രേഡ്-3 തസ്തികയിലെ ഒഴിവുകൾ നേരിട്ട് നികത്തപ്പെടേണ്ടവയാണ്. നിലവിൽ ഓവർസിയർ ഗ്രേഡ്-3 തസ്തികയിലെ ഒഴിവുകളുടെ എണ്ണം - 26 (ജനറൽ-19, SC/ST സ്പെഷ്യൽ റിക്രൂട്ട്മെന്റ് NJD- 7).

**ചങ്ങനാശ്ശേരി മണ്ഡലത്തിൽ നബാർഡ് ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികൾ**

110 (4826) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിൽ നബാർഡ് ഫണ്ടിൽ ഉൾപ്പെടുത്തി 2016 മുതൽ അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ; വിശദാംശം നൽകാമോ?

(എ&ബി) നബാർഡ് ഫണ്ടിൽ ഉൾപ്പെടുത്തി 2016 മുതൽ ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ പ്രവൃത്തികളൊന്നും അനുവദിച്ചിട്ടില്ല.

## കൊടുങ്ങല്ലൂർ സയൻസ് പാർക്ക് നിർമ്മാണം

111 (4827) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ മണ്ഡലത്തിൽ സയൻസ് പാർക്ക് നിർമ്മാണത്തിന് എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

DSR 2018 പ്രകാരം 4.15 കോടി രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാലതാമസത്തിനുള്ള കാരണം അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്നും എപ്പോൾ നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്നും അറിയിക്കാമോ?

(ബി&സി) പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനായി പൊതുമരാമത്ത് കെട്ടിട വിഭാഗം ലഭ്യമാക്കിയ നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

**കടുത്തുരുത്തി ബസ്‌ബേ ടെർമിനൽ നിർമ്മാണം**

112 (4828) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി വലിയപാലത്തിനോട് ചേർന്നുള്ള ബസ്‌ബേ ടെർമിനൽ നിർമ്മാണ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

ഈ പ്രവൃത്തിക്ക് 400 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) പ്രസ്തുത ബസ്‌ബേ നിർമ്മാണത്തിന്റെ ഡിസൈൻ പൊതുമരാമത്ത് വകുപ്പ് അംഗീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഈ പദ്ധതിയുടെ ജനറൽ ഡിസൈനിന് പൊതുമരാമത്ത് വകുപ്പ് അംഗീകാരം ലഭ്യമായിട്ടുണ്ട്.

(സി) പൊതുമരാമത്ത് പാലം വിഭാഗം പ്രസ്തുത പദ്ധതിയുടെ വിശദമായ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ഡി.പി.ആർ.-ന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) പദ്ധതി യാഥാർത്ഥ്യമാക്കാൻ പൊതുമരാമത്ത് പാലം വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സോയിൽ ഇൻവെസ്റ്റിഗേഷൻ, പൊതുമരാമത്ത് വകുപ്പ് രൂപകൽപ്പനാ വിഭാഗത്തിൽനിന്നും ഡിസൈൻ ലഭ്യമാക്കൽ, ഡി.പി.ആർ. തയ്യാറാക്കൽ, ഭരണാനുമതി, സ്ഥലമേറ്റെടുക്കലിനായി ഭാഗിക സാങ്കേതികാനുമതി നൽകൽ എന്നിവയാണ് പൊതുമരാമത്ത് വകുപ്പിന്റെ ഭാഗത്തുനിന്നും പദ്ധതി യാഥാർത്ഥ്യമാക്കാൻ സ്വീകരിച്ച നടപടികൾ. സ്ഥലമേറ്റെടുക്കൽ നടപടി പൂർത്തിയായാൽ സാങ്കേതികാനുമതി നൽകി ടെണ്ടർചെയ്ത് ബസ്ബേ നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കാൻ കഴിയും.

## പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഗുണനിലവാര പരിശോധന

113 (4829) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പൊതുമരാമത്ത് പ്രവൃത്തികൾക്ക് എന്തെല്ലാം ഗുണനിലവാര പരിശോധനകളാണ് പുതിയതായി ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന നടത്തുന്നതിന് ഡിസൈൻ വിഭാഗം ചീഫ് എഞ്ചിനീയറുടെ കീഴിൽ രൂപീകരിച്ചിട്ടുള്ള ക്വാളിറ്റി കൺട്രോൾ വിഭാഗം ശാക്തീകരിച്ചിട്ടുണ്ട്. കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിൽ റീജിയണൽ ക്വാളിറ്റി കൺട്രോൾ ലാബുകളും മറ്റ് ജില്ലകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിൽ ജില്ലാ ക്വാളിറ്റി കൺട്രോൾ ലാബുകളും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. പൊതുമരാമത്ത് വകുപ്പ് നിർമ്മാണ പ്രവൃത്തികൾ ഓരോ ഘട്ടത്തിലും ഗുണനിലവാരം ഉറപ്പുവരുത്തി അംഗീകൃത മാനദണ്ഡങ്ങൾ പാലിച്ച് ഉദ്യോഗസ്ഥരുടെ കർശന മേൽനോട്ടത്തിലാണ്

നടപ്പിലാക്കിവരുന്നത്. പൊതുമരാമത്ത് ക്വാളിറ്റി മാന്വൽ പ്രകാരം 15 ലക്ഷം രൂപയ്ക്ക് മുകളിലുള്ള എല്ലാ പ്രവൃത്തികൾക്കും ഒന്നാംനിര ഗുണനിലവാര പരിശോധനകൾ നിർബന്ധമാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് കരാറുകാരന് ബിൽ നൽകുന്നത്. 2 കോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് കോൺട്രാക്ടർ സ്വന്തം ചെലവിൽ ക്വാളിറ്റി ലാബ് സജ്ജമാക്കണമെന്ന് സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. രണ്ടാംഘട്ട ഗുണനിലവാര പരിശോധനകൾക്കായി പ്രവൃത്തികൾ നടക്കുമ്പോൾ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ സ്ഥലം സന്ദർശിച്ച് സൈറ്റിൽ ആവശ്യമായ ക്വാളിറ്റി പരിശോധനകൾ നടത്തുകയും പ്രവൃത്തിയുടെ മെറ്റീരിയൽസിന്റെ സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ വിവിധ പരിശോധനകൾ നടത്തി റിപ്പോർട്ട് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകുകയും ചെയ്യാറുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുകയും ചെയ്തുവരുന്നു. കൂടാതെ ഗുണനിലവാര പരിശോധനകളുടെ ഫലം പ്രൈസ് സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. പ്രവൃത്തി ഇടങ്ങളിൽ വച്ചുതന്നെ ഗുണനിലവാര പരിശോധനകൾ നടത്തുന്നതിനാവശ്യമായ ആട്ടോമേറ്റഡ് ക്വാളിറ്റി ടെസ്റ്റിംഗ് മൊബൈൽ ലാബുകളും സജ്ജമാക്കുന്നുണ്ട്.

അതിന്റെ ആദ്യഘട്ടമായി 3 മൊബൈൽ ലാബുകളാണ് തയ്യാറാകുന്നത്. പ്രസ്തുത മൊബൈൽ ലാബുകൾ പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. Non Destructive Test, Compressive Test, Bitumen Extraction Test, Sieve Analysis തുടങ്ങിയ ടെസ്റ്റുകൾ നടത്തുന്നതിനുള്ള ഉപകരണങ്ങൾ മൊബൈൽ ലാബിൽ ഉണ്ടായിരിക്കുന്നതാണ്.

**തീരദേശ ഹൈവേ നിർമ്മാണം**

114 (4830) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന തീരദേശ ഹൈവേകളുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ?

സംസ്ഥാനത്തെ 9 തീരദേശ ജില്ലകളിലൂടെ കടന്നുപോകുന്ന തീരദേശ ഹൈവേ 623 കി.മീ. ദൂരത്തിലാണ് വിഭാവന ചെയ്യുന്നത്. ഇതിൽ 468 കി.മീ. ദൂരം വരുന്ന 33 റീച്ചുകളുടെ നിർമ്മാണ പുരോഗതി അനുബന്ധമായി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) തീരദേശ ഹൈവേ നിർമ്മാണത്തിൽ അവലംബിച്ചിരിക്കുന്ന സാങ്കേതികവിദ്യ തുടർച്ചയായുണ്ടാകുന്ന കടൽക്ഷോഭം ചെറുക്കാൻ കഴിയുന്നതാണോയെന്ന് വ്യക്തമാക്കാമോ?

തുടർച്ചയായുണ്ടാകുന്ന കടൽക്ഷോഭം നേരിടാൻവേണ്ട മുൻകരുതലുകളോടെയാണ് ഡി.പി.ആർ. തയ്യാറാക്കുന്നത്. കടലിൽനിന്ന് 100 മീറ്ററിനുള്ളിൽ വരുന്ന ഭാഗങ്ങളിൽ ബി.എം&ബി.സി.-ക്ക് പകരം വൈറ്റ് ടോപ്പിംഗ് സാങ്കേതികവിദ്യ ഉപയോഗിക്കുന്ന കാര്യം പരിഗണനയിലുണ്ട്.

(സി) കിഫ്ബിയിൽ സമർപ്പിച്ച എത്ര റീച്ചുകൾക്ക് അംഗീകാരം ലഭിച്ചുവെന്നും അതിൽ എത്ര കിലോമീറ്റർ റോഡിന്റെ പണി പൂർത്തിയായി എന്നുമുള്ള വിശദാംശങ്ങൾ നൽകാമോ?

സംസ്ഥാനത്തെ 9 തീരദേശ ജില്ലകളിലൂടെ കടന്നുപോകുന്ന തീരദേശ ഹൈവേ 623 കിലോമീറ്റർ ദൂരത്തിലാണ് വിഭാവന ചെയ്യുന്നത്. ഇതിൽ 468 കിലോമീറ്റർ ദൂരം വരുന്ന 33 റീച്ചുകളുടെ നിർമ്മാണ പുരോഗതി അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

# ദേശീയപാത-66-ന്റെ അപകടാവസ്ഥ

115 (4831) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന ദേശീയപാത 66-ൽ കുഴികൾ രൂപപ്പെടുന്നത് മൂലം അടിക്കടി അപകടങ്ങളുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അമ്പലപ്പുഴ മേൽപ്പാലത്തിലുണ്ടായ കുഴികളിൽപ്പെട്ട് നിരവധി അപകടങ്ങളുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ദേശീയപാതാ വിഭാഗം എത്ര തവണയാണ് ഈ ഭാഗത്തെ കുഴികൾ അടയ്ക്കുന്നതിന് ശ്രമം നടത്തിയത്; എത്ര രൂപയാണ് ഇതിനോടകം ഇതിനുവേണ്ടി ചെലവഴിച്ചത്; വ്യക്തമാക്കാമോ?

എൻ.എച്ച്.എ.ഐ. നടപ്പിലാക്കുന്ന അറ്റകുറ്റപ്പണികൾ എല്ലാംതന്നെ കരാർ പ്രകാരം On Board Contractors മുഖേനയാണ് ചെയ്യുന്നത്. ആയതിനാൽ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് എൻ.എച്ച്.എ.ഐ.-യ്ക്ക് അധിക ചെലവ് വരുന്നില്ല. അറ്റകുറ്റപ്പണികൾക്കായി എൻ.എച്ച്.എ.ഐ.

അനുവദിച്ച 7 ലക്ഷം രൂപ ചെലവഴിച്ച് അമ്പലപ്പുഴ മേൽപ്പാലം ഉൾപ്പെടെയുള്ള ദേശീയപാതയിൽ, പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗം നിരവധി തവണ കുഴികൾ അടച്ചിട്ടുണ്ട്.

(ഡി) താൽക്കാലികമായി അടയ്ക്കുന്ന കുഴികൾ ദിവസങ്ങൾക്കകം വീണ്ടും പ്രത്യക്ഷപ്പെടുന്നത് നിർമ്മാണത്തിലെ അപാകതകൾ മൂലമാണോയെന്ന് വ്യക്തമാക്കാമോ; ആയതിന് ശാശ്വത പരിഹാരം എന്തെന്ന് വ്യക്തമാക്കാമോ; ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

എൻ.എച്ച്.-66, എൻ.എച്ച്.എ.ഐ.-യ്ക്ക് കൈമാറിയിട്ടുള്ളതാണ്. പുതിയ റോഡിന്റെ പുനർനിർമ്മാണ പ്രക്രിയയിലൂടെ മാത്രമേ ഇതിന് ശാശ്വത പരിഹാരം കണ്ടെത്താൻ കഴിയുകയുള്ളൂ. എൻ.എച്ച്.എ.ഐ. ഏറ്റെടുത്ത് എൻ.എച്ച്.-66 ആറുവരിപ്പാതയാകുന്നതിലൂടെ അനുയോജ്യമായ രീതിയിൽ രൂപകൽപ്പന ചെയ്ത ദേശീയപാത പൂർത്തീകരിക്കാൻ കഴിയുന്നതാണ്.

**തീരദേശ ഹൈവേയുടെ നിർമ്മാണ പ്രവർത്തനം**

116 (4832) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ ഹൈവേയുടെ നിർമ്മാണപ്രവർത്തനം എന്നത്തേയ്ക്ക് തുടങ്ങാൻ കഴിയുമെന്നും എത്ര ജില്ലകളിലൂടെ കടന്നുപോകുന്നുവെന്നും നിലവിൽ ഓരോ ജില്ലയിലും ഇതിനുവേണ്ട സ്ഥലം ലഭിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ?

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ 9 തീരദേശ ജില്ലകളിലൂടെ കടന്നുപോകുന്ന തീരദേശ ഹൈവേ 623 കിലോമീറ്റർ ദൂരത്തിലാണ് വിഭാവന ചെയ്തിട്ടുള്ളത്. 9 ജില്ലകളിൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഉത്തരവ് ലഭിച്ചിട്ടുണ്ട്. 5 ജില്ലകളിൽ സർവ്വേ അതിരടയാള ആക്ട് സെക്ഷൻ 6(1) പ്രകാരം വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത ഹൈവേ പദ്ധതി നടപ്പാക്കുക വഴി വിനോദസഞ്ചാര സാധ്യതകൾ വർദ്ധിക്കുന്നത് എങ്ങനെയാണെന്ന് വിശദമാക്കാമോ?

ഒരു വശത്ത് 2.5 മീറ്റർ വീതിയിൽ ആധുനിക രീതിയിലുള്ള സൈക്കിൾ ട്രാക്ക്, 7 മീറ്റർ ക്യാര്യേജ് വേ എന്നിവ ഉൾപ്പെടുത്തി 14 മീറ്റർ റൈറ്റ് ഓഫ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വേയിലാണ് ഹൈവേ നിർമ്മിക്കുന്നത്. സ്ഥല ലഭ്യതയുള്ള ഇടങ്ങളിൽ ടൂറിസ്റ്റ് അമിനിറ്റി സെന്ററുകൾ, ബീച്ച് പ്രൊമിനെയ്ഡുകൾ എന്നിവ പദ്ധതിയുടെ ഭാഗമായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. പൂവാർ, കോവളം, വർക്കല, തങ്കശ്ശേരി, ആലപ്പുഴ, ഫോർട്ട് കൊച്ചി, ചെറായി, ബേപ്പൂർ, മുഴപ്പിലങ്ങാട്, ബേക്കൽ തുടങ്ങിയ കേരളത്തിലെ പ്രധാനപ്പെട്ട തീരദേശ വിനോദസഞ്ചാര കേന്ദ്രങ്ങളെ തമ്മിൽ ഹൈവേ ബന്ധിപ്പിക്കും. തീരദേശ ഹൈവേ, വിനോദസഞ്ചാരികൾക്ക് വേഗത്തിൽ സഞ്ചരിക്കാനും കടൽ കാഴ്ചകൾ ആസ്വദിക്കാനുമുള്ള അവസരമൊരുക്കും.

## എൻ.എച്ച്. റോഡിന്റെ അശാസ്ത്രീയമായ നിർമ്മാണം

117 (4833) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ മാധവാ ജംഗ്ഷൻ മുതൽ ചേപ്പാട് ജംഗ്ഷൻവരെയുള്ള ഭാഗത്തെ എൻ.എച്ച്. റോഡിന്റെ അശാസ്ത്രീയമായ നിർമ്മാണത്തെത്തുടർന്ന് വാഹനങ്ങൾ തെന്നിമാറിയുണ്ടാകുന്ന അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അശാസ്ത്രീയമായ നിർമ്മാണവും നിർവ്വഹണത്തിലെ വീഴ്ചകളും കാരണം പ്രസ്തുത റോഡിൽ സംഭവിച്ചിട്ടുള്ള അപകടങ്ങളുടെയും അത്യാഹിതങ്ങളുടെയും പശ്ചാത്തലത്തിൽ ഇതിന് ഉത്തരവാദികളായവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഭാഗത്തെ റോഡ് പുനർനിർമ്മിച്ച് അപകടരഹിതമാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(എ-സി) ഹരിപ്പാട് മാധവാ ജംഗ്ഷൻ മുതൽ കായംകുളം കൊറ്റംകുളങ്ങര വരെയുള്ള ഭാഗം ദേശീയപാത ബി.സി. നിലവാരത്തിൽ നവീകരിച്ചിരുന്നു. എന്നാൽ നിർമ്മാണ പൂർത്തീകരണത്തിനുശേഷം മാധവാ ജംഗ്ഷൻ മുതൽ നങ്ങ്യാർകുളങ്ങര വരെയുള്ള ഭാഗത്ത് റീസർഫസിംഗ് നടത്തി ന്യൂനതകൾ പരിഹരിച്ചിട്ടുണ്ട്. എൻ.എച്ച്.എ.ഐ., എൻ.എച്ച്.-66 ആറുവരിപ്പാതയാക്കുന്നതിലൂടെ ദേശീയ പാതയിലെ ന്യൂനതകൾ ശാശ്വതമായി പരിഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റസ്റ്റ് ഹൗസുകൾ**

118 (4834) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന റസ്റ്റ് ഹൗസുകളിൽ മിക്കതും സമയബന്ധിതമായി അറ്റകുറ്റപ്പണി നടത്താത്തത് മൂലം വാസയോഗ്യമല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തിട്ടുള്ള പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള എല്ലാ റസ്റ്റ് ഹൗസുകളും 2021 നവംബർ 1-ന് മുമ്പുതന്നെ അറ്റകുറ്റപ്പണികൾ നടത്തി വാസയോഗ്യമാക്കിയിട്ടുള്ളതാണ്.

(ബി) റസ്റ്റ് ഹൗസുകളെ കാലാനുസൃതമായി നവീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നവീകരിച്ച റസ്റ്റ് ഹൗസുകൾ ഏതെല്ലാമാണെന്നും ഓരോന്നിനും അനുവദിച്ച തുക എത്രയാണെന്നും എന്തെല്ലാം പ്രവൃത്തികളാണ് ഈ തുക ഉപയോഗിച്ച് ചെയ്തിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ?

(ബി&സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റസ്റ്റ് ഹൗസുകൾ കാലാനുസൃതമായി നവീകരിക്കുന്നതിനുള്ള നടപടികൾ

സ്വീകരിച്ചുവരുന്നു. ആയതിന്റെ വിശദാംശങ്ങൾ ജില്ലാടിസ്ഥാനത്തിൽ അനുബന്ധമായി ചേർക്കുന്നു+. റസ്റ്റ് ഹൗസുകളുടെ പ്രവർത്തനം നവീകരിക്കുന്നതിന്റെ ഭാഗമായി ടൂറിസം മേഖലയിലെ സാധ്യത കണക്കിലെടുത്ത് സ്ഥലസൗകര്യമുള്ള തെരഞ്ഞെടുക്കപ്പെട്ട റസ്റ്റ് ഹൗസുകളെ നവീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. അവയുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു+. പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്ന വിഷയം പരിശോധിച്ചുവരുന്നു.

(ഡി) പൊതുജനങ്ങൾക്ക് കൂടി റസ്റ്റ് ഹൗസുകൾ അനുവദിച്ച് തുടങ്ങിയപ്പോൾ സർക്കാർ ജീവനക്കാരുടെ ഔദ്യോഗിക സന്ദർശനങ്ങൾക്കുപോലും റസ്റ്റ് ഹൗസുകൾ ലഭ്യമാകുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

(ഡി&ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതുസംബന്ധിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ല.

## റസ്റ്റ് ഹൗസുകളുടെ നവീകരണം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

119 (4835) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. എം. നൗഷാദ്:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസുകൾ പുനരുദ്ധരിക്കുന്നതിനും നവീകരിക്കുന്നതിനുമായി നടത്തിയ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റസ്റ്റ് ഹൗസുകൾ കാലാനുസൃതമായി നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) നിലവിൽ റസ്റ്റ് ഹൗസുകളിൽ മുറി ബുക്ക് ചെയ്യുന്നതിന് ഓൺലൈൻ സംവിധാനങ്ങൾ മാത്രമാണോ അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

റസ്റ്റ് ഹൗസ് ബുക്ക് ചെയ്യുന്നതിന് പൊതുജനങ്ങൾക്ക് ഓൺലൈൻ സംവിധാനമാണ് അനുവദിച്ചിട്ടുള്ളത്. കൂടാതെ മുറികൾ ഒഴിവുണ്ടെങ്കിൽ റസ്റ്റ് ഹൗസിലെത്തുന്ന ആർക്കും കൗണ്ടർ ബുക്കിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) മുറി ബുക്ക് ചെയ്യുമ്പോൾ തുക അടയ്ക്കുന്നതിനും തുക അടച്ച് ബുക്ക് ചെയ്ത മുറി അവിചാരിതമായി ക്യാൻസൽ ചെയ്യേണ്ടിവരുമ്പോൾ അടച്ച തുക തിരികെ നൽകുന്നതിനും പ്രസ്തുത സംവിധാനത്തിലൂടെ സാധിക്കുമോ?

മുറി ബുക്ക് ചെയ്യുമ്പോൾ തുക അടയ്ക്കുന്നതിനും തുക അടച്ച് ബുക്ക് ചെയ്ത മുറി അവിചാരിതമായി ക്യാൻസൽ ചെയ്യേണ്ടി വരുമ്പോൾ അടച്ചതുക തിരികെ നൽകുന്നതിനും ഓൺലൈൻ സംവിധാനത്തിലൂടെ സാധിക്കുന്നുണ്ട്. അടച്ച തുക, അവിചാരിതമായി ക്യാൻസൽ ചെയ്യേണ്ടിവരുമ്പോൾ റീഫണ്ട് പോളിസിക്ക് അനുസൃതമായി തിരികെ നൽകുന്നതാണ്.

(ഡി) ടൂറിസ്റ്റ് കേന്ദ്രങ്ങളോടനുബന്ധിച്ച് ടൂറിസ്റ്റുകളെ ആകർഷിക്കത്തക്കവിധം റസ്റ്റ് ഹൗസുകൾ നവീകരിക്കുന്നതിനും പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

റസ്റ്റ് ഹൗസുകളുടെ പ്രവർത്തനം നവീകരിക്കുന്നതിന്റെ ഭാഗമായി ടൂറിസം മേഖലയിലെ സാധ്യത കണക്കിലെടുത്ത് സ്ഥലസൗകര്യമുള്ള തെരഞ്ഞെടുക്കപ്പെട്ട റസ്റ്റ് ഹൗസുകളെ പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന രീതിയിൽ എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ടൂറിസം സാധ്യതാ മേഖലകളിലെ

തെരഞ്ഞെടുക്കപ്പെട്ട റസ്റ്റ് ഹൗസുകൾ നവീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. അവയുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു+. പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്ന വിഷയം പരിശോധിച്ചുവരുന്നു.

## റസ്റ്റ് ഹൗസ് വരുമാനം

120 (4836) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് മുതൽ 2022 ജനുവരി വരെയുള്ള കാലഘട്ടത്തിൽ എത്ര റസ്റ്റ് ഹൗസുകൾ നവീകരിച്ചു; പൊതുജനങ്ങൾക്ക് അവ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

2016 മേയ് മുതൽ 2022 ജനുവരി വരെയുള്ള കാലഘട്ടത്തിൽ നവീകരിച്ച റസ്റ്റ് ഹൗസുകളുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ അനുബന്ധമായി ചേർക്കുന്നു+. 2021 നവംബർ 1 മുതൽ പൊതുജനങ്ങൾക്കുകൂടി ലഭ്യമാകുന്ന രീതിയിൽ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള എല്ലാ റസ്റ്റ് ഹൗസുകളിലും ഓൺലൈൻ ബുക്കിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഓൺലൈൻ ബുക്കിംഗ് സംബന്ധിച്ച പരാതികളും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംശയങ്ങളും വിളിച്ചറിയിക്കുന്നതിനായി ഒരു കേന്ദ്രീകൃത കൺട്രോൾ റൂം ചീഫ് എഞ്ചിനീയർ കെട്ടിട വിഭാഗത്തിന് കീഴിലായി 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) പൊതുജനങ്ങൾക്ക് റസ്റ്റ് ഹൗസുകൾ ലഭ്യമാക്കിയ വകയിൽ 2022 മെയ് 31 വരെ ലഭിച്ച വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ?

പൊതുജനങ്ങൾക്ക് റസ്റ്റ് ഹൗസുകൾ ലഭ്യമാക്കിയ വകയിൽ 2022 മേയ് 31 വരെ 2,23,51,000/- (രണ്ട് കോടി ഇരുപത്തിമൂന്ന് ലക്ഷത്തി അൻപത്തി ഒന്നായിരം) രൂപ വരുമാനം ലഭിച്ചിട്ടുണ്ട്.

## റസ്റ്റ് ഹൗസുകളുടെ പരിപാലനം

121 (4837) ശ്രീ. എം. എം. മണി:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസുകൾ പ്രൊഫഷണൽ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി സ്വീകരിച്ച നടപടികൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) റസ്റ്റ് ഹൗസുകൾ ബുക്ക് ചെയ്യുന്നതിന് ഏർപ്പെടുത്തിയ

ഓൺലൈൻ സംവിധാനത്തിന്റെ പ്രവർത്തനം സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; ഈ സംവിധാനം മെച്ചപ്പെടുത്തുന്നതിനും ഉപയോഗപ്രദമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) സംസ്ഥാനത്തെ പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസുകൾ പ്രൊഫഷണൽ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ റസ്റ്റ് ഹൗസുകളിലും പൊതുജനങ്ങൾക്ക് മുറികൾ ലഭ്യമാകുന്നരീതിയിൽ ഓൺലൈൻ ബുക്കിംഗ് നടപ്പിലാക്കിയിട്ടുണ്ട്. ഓൺലൈൻ ബുക്കിംഗിലെ സംശയങ്ങളും പരാതികളും വിളിച്ചറിയിക്കുന്നതിലേയ്ക്കായി ചീഫ് എഞ്ചിനീയർ, കെട്ടിട വിഭാഗത്തിന്റെ കീഴിലായി 24 മണിക്കൂറും പ്രവർത്തിക്കുന്ന സെൻട്രലൈസ്ഡ് കൺട്രോൾ റും (CCR) ഏർപ്പെടുത്തിയിട്ടുണ്ട്. ടൂറിസം സാധ്യതാ മേഖലകളിലെ 17 റസ്റ്റ് ഹൗസുകൾ കണ്ടെത്തി അവയെ മികച്ച നിലവാരത്തിലേയ്ക്ക് നവീകരിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നത് പരിശോധിച്ചുവരുന്നു. റസ്റ്റ് ഹൗസുകൾ പ്രൊഫഷണൽ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിലേയ്ക്കായി നിലവിലുള്ള റസ്റ്റ് ഹൗസ് മാനേജർമാർക്കും കെയർടേക്കർമാർക്കും Kerala

Institute of Tourism and Travel Studies (KITTS) ഹൗസ് കീപ്പിംഗ് മേഖലയിൽ വിപുലമായ പരിശീലനം നൽകിയിട്ടുണ്ട്.

(സി) റസ്റ്റ് ഹൗസുകളുടെ പരിപാലനത്തിൽ യുവജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

റസ്റ്റ് ഹൗസുകളുടെ പരിപാലനത്തിൽ യുവജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ഹൗസ് കീപ്പിംഗ് മേഖലയിൽ 'Food & Craft Institute'-ൽനിന്ന് യോഗ്യത നേടിയ യുവജനങ്ങളുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ട്. ഇതുകൂടാതെ daily maintenance കുടുംബശ്രീവഴി നടപ്പിലാക്കുന്നതും പരിഗണനയിലാണ്. റസ്റ്റ് ഹൗസിന്റെ പരിസരങ്ങൾ ഹരിതാഭമാക്കി നിലനിർത്തുവാനായി വിവിധ കോളേജുകളിലെ എൻ.എസ്.എസ്. യൂണിറ്റുകളുമായി ബന്ധപ്പെട്ട് പ്രൊപ്പോസൽ തയ്യാറാക്കിവരുന്നു.

**ചുള്ളിക്കരയിൽ റസ്റ്റ് ഹൗസ് നിർമ്മാണം**

122 (4838) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാഞ്ഞങ്ങാട് മണ്ഡലത്തിലെ ഹോസ്ദുർഗ്-പാണത്തൂർ അന്തർസംസ്ഥാന പാതയിൽ ചുള്ളിക്കരയിൽ റസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

കാഞ്ഞങ്ങാട് മണ്ഡലത്തിലെ ഹോസ്ദുർഗ്-പാണത്തൂർ അന്തർസംസ്ഥാന പാതയിൽ ചുള്ളിക്കരയിൽ റസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിന് നിലവിൽ കാസർഗോഡ് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം കാര്യാലയത്തിന്റെ അധീനതയിൽ സ്ഥലം ലഭ്യമല്ല.

## പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിലെ വിവിധ തസ്തികകളുടെ പുനർവിന്യാസം

123 (4839) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് ദേശീയപാത വിഭാഗം ഓഫീസുകളിലെ വിവിധ തസ്തികകൾ പുനർവിന്യാസം നടത്തിയപ്പോൾ മലപ്പുറം ജില്ലയിലെ ഓഫീസുകളിൽ ഏതൊക്കെ തസ്തികകളാണ് ഇതുവരെ പുനർവിന്യസിച്ചിട്ടുള്ളതെന്ന് തസ്തിക തിരിച്ച് എണ്ണം നൽകാമോ;

(ബി) ഇത്തരത്തിൽ തസ്തികകൾ പുനർവിന്യസിച്ചപ്പോൾ മലപ്പുറം ജില്ലയിൽനിന്നും മറ്റ് ജില്ലകളിലേയ്ക്ക് എത്ര തസ്തികകളാണ് പുനർവിന്യസിച്ചതെന്ന് തസ്തിക തിരിച്ച് എണ്ണം വിശദമാക്കുമോ?

(എ&ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

## നാഷണൽ ഹൈവേ വിഭാഗത്തിന്റെ വിവിധ ഓഫീസുകളിലെ പുനർവിന്യാസം

124 (4840) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പൊതുമരാമത്ത് വകുപ്പ് നാഷണൽ ഹൈവേ വിഭാഗത്തിന്റെ വിവിധ ഓഫീസുകളിൽ പുനർവിന്യാസത്തിന് മുമ്പ് എത്ര തസ്തികകളാണ് ഉണ്ടായിരുന്നതെന്ന വിവരം ഓഫീസുകളും തസ്തികകളും തിരിച്ച് ലഭ്യമാക്കാമോ;

(ബി) ജില്ലയിലെ എൻ.എച്ച്. വിഭാഗം ഓഫീസുകളിൽനിന്നും ഏതൊക്കെ തസ്തികകളാണ് പുനർവിന്യസിച്ചതെന്നും ഏതെല്ലാം ജില്ലകളിലേയ്ക്കാണ് പുനർവിന്യസിച്ചതെന്നും ജില്ല, പുനർവിന്യസിച്ച തസ്തികകളുടെ എണ്ണം എന്നിവ തിരിച്ച് അറിയിക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(സി) പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ വിഭാഗം നിലമ്പൂർ സെക്ഷൻ ഓഫീസിന്റെ അധികാരപരിധിയിൽ എത്ര കിലോമീറ്റർ ദൂരം റോഡുകളാണുള്ളതെന്നും സെക്ഷന്റെ രണ്ട് അതിർത്തികൾ തമ്മിൽ എത്ര ദൂര വ്യത്യാസമുണ്ടെന്നും അറിയിക്കാമോ?

പൊതുമരാമത്ത് വകുപ്പ് നിലമ്പൂർ സെക്ഷന്റെ അധികാര പരിധിയിലുള്ള റോഡുകളുടെ ദൂരം 264 കിലോമീറ്ററാണ്. സംസ്ഥാന അതിർത്തിയിൽ നാടുകാണി ചുരം കിഴക്ക് അതിർത്തി മുതൽ പൊങ്ങല്ലൂർ (മമ്പാട്) പടിഞ്ഞാറ് അതിർത്തി വരെ 40 കിലോമീറ്റർ ദൂരവും നയാടംപൊയിൽ-വടക്ക് അതിർത്തി മുതൽ കാളിക്കാവ് ജംഗ്ഷൻ തെക്ക് അതിർത്തിവരെ 48 കിലോമീറ്റർ ദൂരവുമാണുള്ളത്.

(ഡി) നാടുകാണി ചുരം, കക്കാടംപൊയിൽ ചുരം എന്നീ രണ്ട് ചുരങ്ങൾ ഉൾപ്പെട്ട നിലമ്പൂർ റോഡ്സ് സെക്ഷന്റെ അധികാരപരിധിയുടെ വ്യാപ്തിയും ജോലിഭാരവും പരിഗണിച്ച് നിലമ്പൂർ റോഡ്സ് സെക്ഷൻ വിഭജിച്ച് എടക്കര ആസ്ഥാനമായി എടക്കര ചുരം സെക്ഷൻ രൂപീകരിക്കുന്നത് സംബന്ധിച്ച് പഠനം നടത്താമോ; ഇക്കാര്യത്തിൽ ചീഫ് എഞ്ചിനീയറിൽനിന്നും റിപ്പോർട്ട്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആവശ്യപ്പെടാമോ;

(ഇ) മലപ്പുറം ജില്ലയിൽനിന്നും മറ്റ് ജില്ലകളിലേയ്ക്ക് പുനർവിന്യസിക്കുന്ന എൻ.എച്ച്. വിഭാഗത്തിലെ തസ്തികകൾ ഉപയോഗപ്പെടുത്തി സർക്കാരിന് അധിക സാമ്പത്തിക ബാധ്യതകളില്ലാതെ ഏറെ ജോലിഭാരമുള്ള നിലമ്പൂർ റോഡ്സ് സബ് ഡിവിഷൻ, എടക്കര ചുരം സെക്ഷൻ എന്നീ ഓഫീസുകളിലേയ്ക്ക് ജീവനക്കാരെ നിയമിക്കുന്നത് പരിഗണിക്കുമോ; വിശദാംശം അറിയിക്കാമോ?

(ഡി&ഇ) വകുപ്പിലെ ജോലിഭാരം സംബന്ധിച്ച് ഐ.എം.ജി. മുഖേന പഠനം നടത്തുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

**മലപ്പുറം ജില്ലയിൽ സബ്ഡിവിഷൻ ഓഫീസ്**

125 (4841) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ദേശീയപാത വിഭാഗത്തിലെ ഓഫീസുകൾ നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഓഫീസുകളിൽനിന്ന് ഏതെല്ലാം തസ്തികകളിലാണ് ഇതുവരെ

ഡെപ്യൂട്ടേഷൻ/പുനർവിന്യാസം/ട്രാൻസ്ഫർ എന്നിവ നടത്തിയിട്ടുള്ളതെന്ന് വിശദാംശം ലഭ്യമാക്കുമോ?

മലപ്പുറം ജില്ലയിലെ ദേശീയപാത ഉപവിഭാഗം, കുറ്റിപ്പുറം കാര്യാലയം നിർത്തലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതിന്റെ ഭാഗമായി ടി കാര്യാലയത്തിൽനിന്നും പുനർവിന്യാസം നടത്തിയ തസ്തികകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1st ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ - 2

2nd ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ - 3

3rd ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ - 3

ഹെഡ് ക്ലാർക്ക് - 1

ക്ലർക്ക് /സീനിയർ ക്ലർക്ക് - 3

ടൈപ്പിസ്റ്റ് - 1

ഓഫീസ് അറ്റൻഡന്റ് - 3

ഡ്രൈവർ - 1

പാർട്ട് ടൈം സ്വീപ്പർ - 2

(ബി) പ്രസ്തുത ഓഫീസിൽനിന്നും മറ്റ് ജില്ലകളിലേയ്ക്ക് ഏതെല്ലാം

തസ്തികകളിൽ ഡെപ്യൂട്ടേഷൻ/പുനർവിന്യാസം/ട്രാൻസ്ഫർ എന്നിവ നടത്തിയിട്ടുണ്ടെന്നും തസ്തികകളുടെ എണ്ണം, അയച്ച ജില്ല, ഉദ്യോഗസ്ഥർ എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത ഓഫീസുകൾ നിർത്തലാക്കുന്നതിനും പുനർവിന്യസിക്കുന്നതിനും ഇടയാക്കിയ സാഹചര്യം വ്യക്തമാക്കുമോ?

ദേശീയപാത വിഭാഗത്തിന്റെ ഭൂരിഭാഗം റോഡുകളും ദേശീയപാത അതോറിറ്റി ഏറ്റെടുത്ത സാഹചര്യത്തിൽ നിലവിൽ സംസ്ഥാന ദേശീയപാത വിഭാഗത്തിൽ ജോലിഭാരം കുറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് ദേശീയപാത വിഭാഗത്തിലെ വിവിധ തസ്തികകൾ മറ്റ് വിഭാഗങ്ങളിലെ വിവിധ കാര്യാലയങ്ങളിലേയ്ക്ക് പുനർവിന്യസിക്കേണ്ട സാഹചര്യമുണ്ടായത്.

(ഡി) പ്രസ്തുത ജില്ലയിലെ ദേശീയപാതയുടെ അറ്റകുറ്റപ്പണികൾ, അവയുടെ ബിൽ, ടെണ്ടർ അടക്കമുള്ള പ്രവൃത്തികൾ ചെയ്യുന്നതിനാവശ്യമായ ജീവനക്കാരുടെ അഭാവം ഇതുമൂലം സൃഷ്ടിക്കപ്പെടുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആവശ്യമായ ജീവനക്കാരെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിലില്ല.

(ഇ) ജീവനക്കാരുടെ എണ്ണം അധികമാണെങ്കിൽ ജില്ലയുടെ വിസ്തൃതി പരിഗണിച്ച് ജില്ലയിൽനിന്നും പുനർവിന്യസിക്കുന്ന ദേശീയപാത ജീവനക്കാരെ ഉൾപ്പെടുത്തി സാമ്പത്തിക ബാധ്യതകളില്ലാതെ പുതിയ റോഡ് സബ്ഡിവിഷൻ ഓഫീസ് ജില്ലയിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

അധികമായ ജീവനക്കാരെ വകുപ്പിലെ മറ്റ് വിഭാഗങ്ങളിലേയ്ക്ക് ആവശ്യകതയുടെ അടിസ്ഥാനത്തിൽ പുനർവിന്യസിച്ചിട്ടുള്ളതിനാൽ നിലവിൽ ജില്ലയിൽ ജീവനക്കാർ അധികമാണെന്ന് കാണുന്നില്ല.

**ദേശീയപാതയുടെ വികസനം**

126 (4842) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലൂടെ കടന്നുപോകുന്ന ദേശീയപാത 66-ന്റെ വികസനത്തിനായി എത്ര രൂപയുടെ പദ്ധതിയാണ് ഇപ്പോൾ

നടപ്പാക്കുന്നതെന്നും ആയതിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം എത്ര രൂപയാണെന്നും അറിയിക്കാമോ?

ദേശീയപാത 66-ന്റെ വികസനത്തിന്റെ ഭൂമി ഏറ്റെടുക്കലിന് ആവശ്യമായി വരുന്ന തുക, അതിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം എന്നിവ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+. സംസ്ഥാന സർക്കാർ നൽകാനുള്ള തുകയിൽ ഇതുവരെ ഒൻപത് തവണകളായി 5580,73,80,071/- രൂപ ദേശീയപാത അതോറിറ്റിക്ക് നൽകിയിട്ടുണ്ട്.

(ബി) എൻ.എച്ച്. 66-ന്റെ ആലപ്പുഴ ജില്ലയിലൂടെ കടന്നുപോകുന്ന ഭാഗത്തിന്റെ വികസനത്തിനായി എത്ര പേരുടെ എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുക്കുന്നതെന്നും ഇതിനോടകം എത്ര പേരുടെ എത്ര ഭൂമിയാണ് ഏറ്റെടുത്ത് കഴിഞ്ഞതെന്നും ഭൂമി ഏറ്റെടുക്കലിനായി എത്ര രൂപയാണ് ഇതുവരെ നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

ആലപ്പുഴ ജില്ലയിൽ 81.60 കിലോമീറ്റർ നീളത്തിന് 8433 ഭൂവുടമകളുടെ 106 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടത്. 106 ഹെക്ടർ ഭൂമിയിൽ 93 ഹെക്ടർ ഭൂമി ഏറ്റെടുക്കുകയും 7977 ഭൂവുടമകൾക്ക് നഷ്ടപരിഹാരമായി 2283 കോടി രൂപ വിതരണം ചെയ്യുകയും ചെയ്തു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഇനിയും ഏറ്റെടുക്കാനായി അവശേഷിക്കുന്നത് എത്ര പേരുടെ എത്ര ഭൂമിയാണെന്നും ആയതിന് എന്ത് തുക വേണ്ടിവരുമെന്നും പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

1415 ഭൂവുടമകൾക്കായി 652.91 കോടി രൂപ ഇനിയും വിതരണം ചെയ്യാനുണ്ട്. ഡെപ്യൂട്ടി കളക്ടർമാർ, LA-NH, CALA ആലപ്പുഴ എന്നിവർ ബാക്കിയുള്ള തുക വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പ്രസ്തുത റോഡിന്റെ ഏതൊക്കെ ഭാഗങ്ങളാണ് ഇപ്പോൾ നിർമ്മാണത്തിനായി ടെണ്ടർ ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ?

തുറവൂർ മുതൽ കഴക്കൂട്ടം വരെയുള്ള ഭാഗം 5 പാക്കേജുകളായി തിരിച്ച് എല്ലാ പ്രവൃത്തികളും ടെണ്ടർ ചെയ്തു.

തുറവൂർ മുതൽ പറവൂർ വരെ

പറവൂർ മുതൽ കോട്ടുകുളങ്ങര വരെ

കോട്ടുകുളങ്ങര മുതൽ കൊല്ലം ബൈപ്പാസിന്റെ ആരംഭം വരെ

കൊല്ലം ബൈപ്പാസിന്റെ ആരംഭം മുതൽ കടമ്പാട്ടുകോണം വരെ

കടമ്പാട്ടുകോണം മുതൽ കഴക്കൂട്ടം വരെ

(ഇ) ദേശീയപാത 66-ന്റെ ആലപ്പുഴ ജില്ലയിലെ നിലവിലുള്ള റോഡുകളിലെ കുഴികൾ ഒഴിവാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

NH 66-ലെ കുഴികൾ അടയ്ക്കുന്നതിന് നടപടി സ്വീകരിക്കാൻ എൻ.എച്ച്.എ.ഐ.- യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## തൃക്കുടമണ്ണ പിൽഗ്രിം ടൂറിസം സർക്യൂട്ട്

127 (4843) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുക്കം നഗരസഭയിലെ തൃക്കുടമണ്ണ ശിവക്ഷേത്രവുമായി ബന്ധപ്പെട്ട് പിൽഗ്രിം ടൂറിസം സർക്യൂട്ട് നടപ്പാക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ?

ഇല്ല.

(ബി) തൃക്കുടമണ്ണ പിൽഗ്രിം സർക്യൂട്ട് യാഥാർത്ഥ്യമാക്കുന്നതിന് വിശദപഠനം നടത്തി നടപടികൾ സ്വീകരിക്കുമോ?

ടൂറിസം സാധ്യത പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

## പാറശ്ശാല മണ്ഡലത്തിലെ ടൂറിസം വികസനം

128 (4844) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ അമ്പൂരി ഗ്രാമപഞ്ചായത്തിൽ ടൂറിസം ഡെസ്റ്റിനേഷൻ ഡെവലപ്പ്മെന്റ് പദ്ധതി നടപ്പാക്കുന്നതിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിൻമേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് അനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

(എ&ബി) ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിപ്രകാരം അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് പുതിയ ഡെസ്റ്റിനേഷനുകൾ കണ്ടെത്തി പദ്ധതി റിപ്പോർട്ട് ടൂറിസം വകുപ്പിന്റെ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ടത്. നാളിതുവരെയായി പാറശ്ശാല മണ്ഡലത്തിലെ അമ്പൂരി ഗ്രാമപഞ്ചായത്ത് ടൂറിസം ഡെവലപ്മെന്റ് ഡെസ്റ്റിനേഷൻ

പദ്ധതിയുടെ പ്രൊപ്പോസൽ അപ്‌ലോഡ് ചെയ്തിട്ടില്ല. ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുടെ വെബ് പോർട്ടലിൽ പദ്ധതി വിശദാംശം അപ്‌ലോഡ് ചെയ്തതിനുശേഷം വകുപ്പ് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

(സി) നെയ്യാർ ഡാമിൽ കെ.റ്റി.ഡി.സി.-ക്ക് പുതിയ ബോട്ടുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

നിലവിൽ പരിഗണനയിലില്ല.

(ഡി) നെയ്യാർ ഡാമിലെ ടൂറിസം വികസനത്തിന്റെ സാധ്യതകൾ പരിഗണിച്ച് സ്വകാര്യ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ മേൽനോട്ടത്തിൽ അഡ്വഞ്ചറസ് ടൂറിസം, ചിൽഡ്രൻസ് പാർക്ക് തുടങ്ങിയവ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; വിശദാംശം അറിയിക്കാമോ?

ഇറിഗേഷൻ വകുപ്പിന്റെ അനുമതിക്ക് വിധേയമായി നെയ്യാർ ഡാമിൽ അഡ്വഞ്ചർ ടൂറിസം, ചിൽഡ്രൻസ് പാർക്ക് തുടങ്ങിയവ ആരംഭിക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

## ആലപ്പുഴ മണ്ഡലത്തിലെ ഉത്തരവാദിത്വ ടൂറിസം പദ്ധതി

129 (4845) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ ഉത്തരവാദിത്വ ടൂറിസം മുഖേന നടന്നുവരുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരവാദിത്ത ടൂറിസം മിഷൻ സംസ്ഥാന വ്യാപകമായി നടത്തുന്ന പ്രവർത്തനങ്ങൾ ആലപ്പുഴ മണ്ഡലത്തിലും നടന്നുവരുന്നുണ്ട്. ആലപ്പുഴ മണ്ഡലത്തിലെ ഉത്തരവാദിത്ത ടൂറിസം മിഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ആകെ 165 യൂണിറ്റുകളാണുള്ളത്. ഓരോ വിഭാഗത്തിലുമുള്ള യൂണിറ്റുകളുടെ എണ്ണം താഴെ കൊടുത്തിരിക്കുന്നു.

കലാകാരന്മാരുടെ യൂണിറ്റുകൾ -34 എണ്ണം

കരകൗശല വസ്തുക്കൾ നിർമ്മിക്കുന്ന യൂണിറ്റുകൾ -23 എണ്ണം

തുണി സഞ്ചി യൂണിറ്റുകൾ - 3 എണ്ണം

പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റുകൾ - 2 എണ്ണം

വിവിധ സേവനദാതാക്കൾ- 25 എണ്ണം

തയ്യൽ, ചിത്രത്തുന്നൽ യൂണിറ്റുകൾ - 6 എണ്ണം

കാർഷിക പ്രവർത്തന യൂണിറ്റുകൾ - 2 എണ്ണം

മെഴുകുതിരി നിർമ്മാണ യൂണിറ്റുകൾ - 3 എണ്ണം

ഹോംസ്റ്റേകൾ- 5 എണ്ണം

ഡ്രൈവർമാർ- 23 എണ്ണം

എത്തിക് ക്യുസീൻ യൂണിറ്റ്- 28 എണ്ണം

മറ്റ് വിവിധ യൂണിറ്റുകൾ- 11 എണ്ണം

(ബി) ഉത്തരവാദിത്വ ടൂറിസം പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട വിശദാംശം ലഭ്യമാക്കാമോ?

ഗ്രാമീണ വികസനത്തിനും ദാരിദ്ര്യ ലഘൂകരണത്തിനും സ്ത്രീ ശാക്തീകരണത്തിനുമുള്ള ഉപാധിയായി ടൂറിസത്തെ മാറ്റുക എന്നുള്ള ലക്ഷ്യത്തോടെ സർക്കാർ ആരംഭിച്ച ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ, വിവിധ ഘട്ടങ്ങൾ കടന്ന് ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തനങ്ങളിലൂടെ സംസ്ഥാന വ്യാപകമായിരിക്കുന്നു. ഇന്ന് കേരള ടൂറിസത്തിന്റെ മുഖമുദ്രയായി ഉത്തരവാദിത്ത ടൂറിസം മാറിക്കഴിഞ്ഞു.

ഉത്തരവാദിത്ത ടൂറിസം എന്ന ആശയത്തെ അടിസ്ഥാനമാക്കി വില്ലേജ് ടൂറിസം, റൂറൽ ടൂറിസം, കൾച്ചറൽ ടൂറിസം, ഫെസ്റ്റിവൽ ടൂറിസം, എക്സ്പീരിയൻഷ്യൽ ടൂറിസം, ഫാം/അഗ്രി ടൂറിസം, പൈതൃക ടൂറിസം, ഫുഡ് ടൂറിസം, ആക്സസ് സിബിൾ ടൂറിസം, ടൂറിസത്തിലൂടെ സ്ത്രീ ശാക്തീകരണം, പ്രാദേശിക കലാകാരന്മാർക്കും വിവിധ രംഗകലകൾ, ആയോധന കലകൾ എന്നിവയ്ക്ക് പ്രോത്സാഹനം, സുവനീർ/പ്രാദേശിക കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിനുള്ള പ്രോത്സാഹനം, സ്റ്റോറി ടെല്ലിംഗ് പാക്കേജുകൾ എന്നിങ്ങനെ കേരളത്തിൽ സുസ്ഥിര ടൂറിസം വികസനത്തിനുള്ള പ്രവർത്തനങ്ങളും അതിനാവശ്യമായ എല്ലാവിധ പരിശീലനങ്ങളും നടത്തുന്നതിനുള്ള നോഡൽ ഏജൻസിയായി 2017-ൽ ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ചു. അതിനനുസൃതമായ പ്രവർത്തനങ്ങൾ മിഷൻ നടത്തിവരുന്നു.

ആർ.ടി. മിഷൻ നിലവിൽ ചെയ്തുവരുന്ന പ്രധാന പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.

1. പ്രാദേശികമായി വിനോദസഞ്ചാര പ്രവർത്തനങ്ങൾ ആരംഭിക്കുകയും വളർത്തിയെടുക്കുകയും ചെയ്യുക.

2. ടൂറിസം വ്യവസായവുമായി പ്രാദേശിക സമൂഹത്തെ ബന്ധിപ്പിക്കുക.

3. ഉത്തരവാദിത്ത ടൂറിസം ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനും പ്രയോഗവൽക്കരിക്കുന്നതിനും പ്രോത്സാഹനം നൽകുക.

4. വില്ലേജ് ടൂർ, റൂറൽ ടൂർ, കൾച്ചറൽ ടൂർ, ഫെസ്റ്റിവൽ ടൂർ, എക്സ്പീരിയൻഷ്യൽ ടൂർ, ഫാം/അഗ്രി ടൂർ, പൈതൃക ടൂർ, ഫുഡ്/ക്യുസീൻ ടൂർ, ആക്സസ് സിബിൾ ടൂർ പാക്കേജുകൾ ആരംഭിക്കുകയും പ്രൊമോട്ട് ചെയ്യുകയും ചെയ്യുക.

5. ടൂറിസത്തിലൂടെ പ്രാദേശിക തൊഴിൽ ലഭ്യമാക്കുക.

6. സ്ത്രീകൾക്കായി സ്ത്രീകൾ നടത്തുന്ന പ്രത്യേക ടൂറിസം പ്രവർത്തനങ്ങളിലൂടെ കൂടുതൽ സ്ത്രീകളെ ടൂറിസം മേഖലയുമായി ബന്ധിപ്പിക്കുക.

7. ടൂറിസത്തിലൂടെ സ്ത്രീ ശാക്തീകരണം, ദാരിദ്ര്യ ലഘൂകരണം. പാർശ്വവൽക്കൃത ജനസമൂഹത്തിന്റെ ഉന്നമനം എന്നിവ സാധ്യമാക്കുക. പരിസ്ഥിതി സൗഹൃദ ടൂറിസം പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുകയും മാലിന്യവിമുക്ത ടൂറിസം കേന്ദ്രങ്ങൾ എന്ന ആശയം ടൂറിസം സംരംഭകരുടേയും പ്രാദേശിക സമൂഹത്തിന്റേയും സഹകരണത്തോടെ

നടപ്പാക്കുകയും തെരഞ്ഞെടുക്കപ്പെട്ട ടൂറിസം കേന്ദ്രങ്ങളെ ഗ്രീൻ സർട്ടിഫൈഡാക്കി മാറ്റുകയും ചെയ്യുക.

8. ടൂറിസ്റ്റുകളും ടൂറിസം വ്യവസായികളും തദ്ദേശീയ സമൂഹവും തമ്മിൽ ആരോഗ്യകരമായ ബന്ധവും സൗഹൃദവും വളർത്തിയെടുക്കുക.

9. ടൂറിസം വികസനത്തിൽ പ്രാദേശിക ജനവികാരത്തിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ താൽപ്പര്യത്തിനും പ്രാമുഖ്യം കൊടുക്കുന്ന പദ്ധതികൾ രൂപപ്പെടുത്തുക.

10. പരമ്പരാഗത തൊഴിൽ, കൃഷി, പ്രാദേശിക കലാരൂപങ്ങൾ, കലാകാരന്മാർ, ഉത്സവങ്ങൾ, ആഘോഷങ്ങൾ, സംസ്കാരം എന്നിവ ടൂറിസത്തിലൂടെ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക, അതിനായുള്ള പാക്കേജുകൾ തയ്യാറാക്കി പ്രചരിപ്പിക്കുക.

11. തദ്ദേശവാസികളെ ടൂറിസവുമായി ബന്ധിപ്പിക്കുന്നതിനുള്ള എല്ലാ തൊഴിൽ പരിശീലനങ്ങളും തദ്ദേശവാസികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മറ്റ് സ്റ്റേക്ക്ഹോൾഡർമാർ എന്നിവർക്കാവശ്യമായ അവബോധ പ്രവർത്തനങ്ങളും സംഘടിപ്പിക്കുക.

12. പൊതുജനപങ്കാളിത്തത്തോടെ പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തി വികസിപ്പിക്കുക.

പരിശീലനങ്ങൾ:- തദ്ദേശീയരായ ജനസമൂഹത്തെ ടൂറിസം വ്യവസായവുമായി ബന്ധപ്പെടുത്തുന്നതിനുള്ള വിവിധ പരിശീലനങ്ങൾ, നൈപുണ്യ വികസന, സംരംഭകത്വ വികസന പരിശീലനങ്ങൾ, ടൂറിസം ഇൻഡസ്ട്രിക്കാവശ്യമായ ഉത്തരവാദിത്ത ടൂറിസവുമായി ബന്ധപ്പെട്ട പരിശീലനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ടൂറിസം മേഖലയുമായി ബന്ധപ്പെട്ട വിവിധ ഉദ്യോഗസ്ഥർ എന്നിങ്ങനെ സമൂഹത്തിലെ നാനാതുറയിൽപ്പെട്ടവർക്ക് ഉത്തരവാദിത്ത ടൂറിസം മിഷൻ പരിശീലനം നൽകിവരുന്നു. നിലവിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ നൽകിവരുന്ന പ്രധാനപ്പെട്ട പരിശീലനങ്ങൾ താഴെ പറയുന്നവയാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കുള്ള ടൂറിസം/ഉത്തരവാദിത്ത ടൂറിസം സംബന്ധിച്ച പരിശീലനം.

കമ്മ്യൂണിറ്റി ടൂർ ലീഡർമാർക്കുള്ള പരിശീലനം

ഹോംസ്റ്റേ പരിശീലനം

ഗൃഹസ്ഥലി പരിശീലനം

ടെന്റഡ് അക്കോമഡേഷൻ യൂണിറ്റുകൾക്കുള്ള പരിശീലനം

അഗ്രി ടൂറിസം നെറ്റ്‌വർക്ക് യൂണീറ്റുകൾക്കുള്ള പരിശീലനം

എക്സ്പീരിയൻസ് എത്തിക് ക്യൂസീൻ നെറ്റ്‌വർക്ക് യൂണിറ്റുകൾക്കുള്ള പരിശീലനം.

വിവിധ കരകൗശല വസ്തുക്കളുണ്ടാക്കുന്നതിനുള്ള പരിശീലനം

ജിയോ ടാഗ് ചെയ്ത സുവനീർ നിർമ്മാണം

സുസ്ഥിര/ഉത്തരവാദിത്ത ടൂറിസം മേഖലയിൽ ടൂറിസം ഇൻഡസ്ട്രിക്ക് ആവശ്യമായ എല്ലാവിധ പരിശീലനങ്ങളും.

## വിനോദസഞ്ചാര കേന്ദ്രങ്ങളിലെ സുരക്ഷ

130 (4846) ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്- വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദസഞ്ചാരികളുടെ സന്ദർശനം സംബന്ധിച്ച സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിനും അവർക്ക് ആവശ്യമായ വിവരം ലഭ്യമാക്കുന്നതിനും നിലവിൽ എന്ത് സംവിധാനമാണുള്ളതെന്ന്

വിശദമാക്കാമോ?

നിലവിൽ സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിലെ ജീവനക്കാരെ ഉപയോഗിച്ച് സംസ്ഥാനം സന്ദർശിക്കുന്ന ആഭ്യന്തര/വിദേശ വിനോദ സഞ്ചാരികളുടെ സംസ്ഥാനം/രാജ്യം തിരിച്ചുള്ള കണക്ക് ജില്ല/ ഡെസ്റ്റിനേഷൻ അടിസ്ഥാനത്തിൽ ശേഖരിച്ചുവരുന്നു. സംസ്ഥാനത്തെ ഏഴായിരത്തിലധികമുള്ള വിവിധ അക്കോമഡേഷൻ യൂണിറ്റുകളിൽനിന്നാണ് പ്രസ്തുത വിവരം എല്ലാ മാസവും ശേഖരിക്കുന്നത്. ഇതുകൂടാതെ സഞ്ചാരികളുടെ വരവിന്റെ ലക്ഷ്യം, അവർ ചെലവഴിക്കുന്ന തുക, അവർ കേരളത്തിൽ തങ്ങുന്ന ദിവസങ്ങൾ തുടങ്ങിയ വിവരങ്ങൾ മനസ്സിലാക്കുന്നതിലേയ്ക്കായി കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ Continuous Tourism Survey എന്ന പേരിൽ ഒരു സർവ്വേ നടത്തിവരുന്നു. കോവിഡ് കാരണം നിർത്തിവച്ചിരുന്ന പ്രസ്തുത സർവ്വേ വീണ്ടും തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് സന്ദർശനം നടത്തുന്ന വിനോദസഞ്ചാരികൾക്ക് ആവശ്യമായ വിവരങ്ങൾ ടൂറിസം വകുപ്പിനുകീഴിൽ സംസ്ഥാനത്തിന് അകത്തും പുറത്തും പ്രവർത്തിക്കുന്ന ഇൻഫർമേഷൻ സെന്ററുകളിലൂടെയും ടൂറിസം വകുപ്പിന്റെ വെബ്സൈറ്റ്, ആപ്പ് എന്നീ സംവിധാനങ്ങളിലൂടെയും

നൽകിവരുന്നു. കൂടാതെ ടൂറിസം വകുപ്പ് പുറത്തിറക്കുന്ന ബ്രോഷറുകളും വകുപ്പിന്റെ വിവിധങ്ങളായ മറ്റ് പ്രസിദ്ധീകരണങ്ങൾ, വകുപ്പ് പങ്കെടുക്കുന്ന റോഡ്ഷോകൾ, ടൂറിസം ഫെയറുകൾ എന്നിവ വഴിയും സഞ്ചാരികൾക്കാവശ്യമായ വിവരം ലഭ്യമാക്കുന്നുണ്ട്.

(ബി) ടൂറിസം സ്പോട്ടുകളിൽ സംഭവിക്കുന്ന അപകടങ്ങളെയും അതിന് കാരണമാകുന്ന സാഹചര്യങ്ങളെയും സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ?

പദ്ധതികൾ വിഭാവനം ചെയ്യുമ്പോൾ സുരക്ഷകൂടി പരിശോധിക്കാറുണ്ട്. എങ്കിലും വിനോദസഞ്ചാര വകുപ്പിന്റെ അധീനതയിലുള്ള ടൂറിസം കേന്ദ്രത്തിൽ അപകടങ്ങൾ ഒഴിവാക്കുന്നതിനായി വേണ്ട മുൻകരുതൽ സ്വീകരിച്ചുവരുന്നു.

(സി) പ്രാദേശിക ടൂറിസം സ്പോട്ടുകളെ സാഹസികവും അല്ലാത്തവയുമായി തരംതിരിച്ചിട്ടുണ്ടോ; ഓരോ ടൂറിസം സ്പോട്ടിലെയും അപകടസാധ്യതകൾ സംബന്ധിച്ച് വേണ്ട മുൻകരുതലുകൾ, മുന്നറിയിപ്പുകൾ, മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവയ്ക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പ്രാദേശിക ടൂറിസം കേന്ദ്രങ്ങളെ സാഹസികവും അല്ലാത്തതുമായി തരംതിരിച്ചിട്ടില്ല. ടൂറിസം മേഖലയിലെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പരിധിയിൽവരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പ് മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. മാത്രമല്ല, പ്രത്യേകം പരിശീലനം ലഭിച്ച ടൂറിസം പോലീസിനെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. കേരളത്തിലെ 14 ജില്ലകളിലായി 184 ടൂറിസം പോലീസിനെ നിയോഗിച്ചിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളെ സുരക്ഷിതമാക്കുന്നതിനായി നിരീക്ഷണ ക്യാമറ സംവിധാനം നടപ്പിലാക്കുന്ന പദ്ധതി വകുപ്പ് സ്വീകരിച്ചുവരികയാണ്. ഇപ്പോൾ തിരുവനന്തപുരം ജില്ലയിലെ കോവളം ടൂറിസം ഡെസ്റ്റിനേഷൻ, വേളി, കനകക്കുന്ന് എന്നീ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറ സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് ടൂറിസം വകുപ്പ് പോലീസ് അധികാരികൾ, ഇതര വകുപ്പുകൾ എന്നിവരുമായി ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ടൂറിസം പോലീസിന്റെ എണ്ണം കൂട്ടുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സ്ത്രീ സൗഹൃദ വിനോദസഞ്ചാരം

പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയുള്ള ഒരു ബ്രെയിൻ സ്റ്റോമിംഗ് വർക്ക്ഷോപ്പ് ഒക്ടോബർ മാസത്തിന് മുമ്പായി ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

കുട്ടികൾക്കായുള്ള സുരക്ഷിതത്വത്തിനുവേണ്ടി സീറോ ടോളറൻസ് സോൺ ക്യാമ്പയിൻ ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന ആരംഭിച്ചിട്ടുണ്ട്. കൂടാതെ കടലോരങ്ങൾ, കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളിൽ അപകടങ്ങളോ ജീവഹാനിയോ സംഭവിക്കാൻ സാധ്യതയുള്ളതിനാൽ പ്രത്യേകം പരിശീലനം നേടിയ ലൈഫ് ഗാർഡുകളുടെ സേവനം ബീച്ചുകളിലും മറ്റുചില മേഖലകളിലും ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ 139 ലൈഫ് ഗാർഡുകൾ സേവനം അനുഷ്ഠിക്കുന്നു. ഇവർക്ക് കൂടുതൽ പരിശീലനവും ആവശ്യമായ ജീവൻരക്ഷാ ഉപകരണങ്ങളും നൽകിയിട്ടുണ്ട്.

**കൊച്ചി മണ്ഡലത്തിലെ വിനോദസഞ്ചാര വികസന പദ്ധതികൾ**

131 (4847) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാർ വിനോദസഞ്ചാര വികസനം ലക്ഷ്യമിട്ട് കൊച്ചി

മണ്ഡലത്തിൽ നടത്തിയ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും അതിനായി എത്ര തുക ചെലവാക്കിയെന്നും പൂർത്തീകരിക്കാനുള്ളവ ഏതെല്ലാമെന്നും ആയത് എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദാംശം നൽകുമോ?

വിനോദസഞ്ചാര വികസനം ലക്ഷ്യമിട്ട് മുൻസർക്കാർ കൊച്ചി നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകിയ പദ്ധതികൾ, ആയവയുടെ നിലവിലെ സ്ഥിതി, പൂർത്തീകരിക്കാത്തവ, പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്ന തീയതി തുടങ്ങിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. Providing natural turfing, fencing and sprinkler irrigation system at Parade Ground, Fort Kochi, Ernakulam

ഭരണാനുമതി തുക: 1,76,15,000/- രൂപ

തീയതി: 15-03-2017

പദ്ധതിയുടെ തൽസ്ഥിതി: പൂർത്തിയാക്കി.

2. Barrier-free Kerala Tourism - Ernakulam District

ഭരണാനുമതി തുക : 44,10,928/- രൂപ

തീയതി: 13-02-2021

പദ്ധതിയുടെ തൽസ്ഥിതി: പൂർത്തിയാക്കി.

3. Conservation and Restoration of Chinese Fishing nets at Fort Kochi -

Revised AS

പുതുക്കിയ ഭരണാനുമതി തുക: 2,44,95,707/- രൂപ

തീയതി: 12-06-2019

പദ്ധതിയുടെ തൽസ്ഥിതി: പുരോഗമിക്കുന്നു.

പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്ന തീയതി: 31-12-2022

4. Construction of World Class Toilet Block at Fort Kochi

ഭരണാനുമതി തുക: 1,51,08,533/- രൂപ

തീയതി: 21-08-2019

പദ്ധതിയുടെ തൽസ്ഥിതി: അനുയോജ്യമായ സ്ഥലം കണ്ടെത്താൻ സാധിച്ചിട്ടില്ലാത്തതിനാൽ ആരംഭിച്ചിട്ടില്ല.

പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്ന തീയതി: സ്ഥലം കണ്ടെത്താൻ സാധിക്കുന്നപക്ഷം ആറുമാസത്തിനുള്ളിൽ പൂർത്തീകരിക്കും.

5. Technical Study on GRW system of protection of walkway and flexi

geotextile tubes

ഭരണാനുമതി തുക: 27,14,000/- രൂപ

തീയതി: 18-01-2020

പദ്ധതിയുടെ തൽസ്ഥിതി: പൂർത്തിയാക്കി.

6. Cruise Tourism Facilitation Centre and Performing Arts Theatre (Koothambalam) at Ernakulam

ഭരണാനുമതി തുക: 4,84,78,735/- രൂപ

തീയതി: 16-09-2019

പദ്ധതിയുടെ തൽസ്ഥിതി: പദ്ധതി നടപ്പാക്കുന്നത് പ്രായോഗികമല്ലാത്തതിനാൽ ഭരണാനുമതി റദ്ദാക്കാൻ നടപടി സ്വീകരിച്ചു.

ഇതിനുപുറമെ ഫോർട്ട് കൊച്ചിയെ ഉത്തരവാദിത്ത ടൂറിസം ഡെസ്റ്റിനേഷനാക്കാനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി 4,83,117/- രൂപ ചെലവിൽ ഫോർട്ട് കൊച്ചിയിൽ പൊതുപരിപാടി സംഘടിപ്പിച്ചു. തുടർന്ന് പദ്ധതിയിലെ വിവിധ പങ്കാളികൾക്കായി ഉത്തരവാദിത്ത ടൂറിസം അവബോധ പ്രവർത്തനങ്ങൾ, പരിശീലനങ്ങൾ എന്നിവ നേരിട്ടും ഓൺലൈൻ രീതിയിലും നടത്തുകയുണ്ടായി.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിനോദസഞ്ചാര മേഖലയിലെ വികസനം ലക്ഷ്യമിട്ട് കൊച്ചി മണ്ഡലത്തിൽ നടത്തിയ പ്രധാന പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ?

ഫോർട്ട് കൊച്ചിയിലെ വിനോദസഞ്ചാര സാധ്യതകൾ എളുപ്പത്തിൽ വിനോദ സഞ്ചാരികളിൽ എത്തിക്കാനായി വെർച്വൽ ട്രാവൽ ഗൈഡ് (ഇ-ബ്രോഷർ) സംവിധാനം നടപ്പാക്കി. ഫോർട്ട് കൊച്ചിയിലെ വിവിധ ആകർഷണങ്ങൾ ഉൾപ്പെടുത്തിയാണ് ഇ-ബ്രോഷർ തയ്യാറാക്കിയത്. ഫോർട്ട് കൊച്ചിയിലെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ച ക്യൂക്ക് റെസ്പോൺസ് (ക്യൂ.ആർ) കോഡ് സ്കാൻ ചെയ്യും വിനോദസഞ്ചാരികൾക്ക് വിവരങ്ങൾ ലഭ്യമാവും. കൂടാതെ കേരള വിനോദസഞ്ചാര വികസനം ലക്ഷ്യമിട്ടുള്ള ' കേരള ട്രാവൽ മാർട്ട് 2022' കൊച്ചിയിലാണ് സംഘടിപ്പിച്ചത്.

**ബി.ആർ.ഡി.സി. ഗവേണിംഗ് ബോഡി**

132 (4848) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേക്കൽ റിസോർട്ട്സ് ആൻഡ് ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ (ബി.ആർ.ഡി.സി.) ഗവേണിംഗ് ബോഡിയിൽ നിലവിൽ

ആരൊക്കെയാണ് അംഗങ്ങളായിട്ടുള്ളത്; വിശദാംശം അറിയിക്കാമോ?

ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ 1956-ലെ കമ്പനി നിയമപ്രകാരം രൂപീകരിച്ച പൊതുമേഖലാ സ്ഥാപനമാണ്. കോർപ്പറേഷന്റെ ഭരണം നിയന്ത്രിക്കുന്നത് ബോർഡ് ഓഫ് ഡയറക്ടേഴ്സാണ്. നിലവിൽ ഏഴ് അംഗങ്ങളാണ് ഡയറക്ടർ ബോർഡിലുള്ളത്.

1. ചീഫ് സെക്രട്ടറി, കേരള സർക്കാർ - ബോർഡ് ചെയർമാൻ

2. പ്രിൻസിപ്പൽ സെക്രട്ടറി, ടൂറിസം വകുപ്പ് - ബോർഡ് അംഗം

3. ഡയറക്ടർ, ടൂറിസം വകുപ്പ് - ബോർഡ് അംഗം

4. ജില്ലാ കളക്ടർ, കാസർഗോഡ് - ബോർഡ് അംഗം

5. മാനേജിംഗ് ഡയറക്ടർ, കെ.ടി.ഡി.സി. - ബോർഡ് അംഗം

6. മാനേജിംഗ് ഡയറക്ടർ, ബി.ആർ.ഡി.സി. - ബോർഡ് അംഗം

7. ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ് - ബോർഡ് അംഗം

(ബി) ഗവേണിംഗ് ബോഡിയിൽ ബി.ആർ.ഡി.സി. ടൂറിസം ഡെസ്റ്റിനേഷൻ ഏരിയയിലെ ഏതെങ്കിലും ജനപ്രതിനിധികളെ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ഇല്ല.

(സി) ബി.ആർ.ഡി.സി.-യുടെ ടൂറിസം വികസനത്തിന് പ്രദേശത്തെ ജനപ്രതിനിധികളുടെ സാന്നിദ്ധ്യം കൂടി ആവശ്യമായിരിക്കെ ഉദ്യോഗസ്ഥ തലത്തിലുള്ള ഗവേണിംഗ് ബോഡി മാത്രം കാര്യങ്ങൾ തീരുമാനിക്കുന്നത് എത്ര കണ്ട് ഉചിതമായിരിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ജനകീയ പ്രാദേശിക വിഷയങ്ങൾകൂടി ഗവേണിംഗ് ബോഡിയുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുന്നതിന് ബി.ആർ.ഡി.സി. ഗവേണിംഗ് ബോഡിയിൽ ആയതിന്റെ ടൂറിസം ഡെസ്റ്റിനേഷൻ ഏരിയയിൽപ്പെടുന്ന ജനപ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി പുനഃസംഘടിപ്പിക്കുന്നത് പരിഗണിക്കുമോ; വിശദാംശം അറിയിക്കാമോ?

(സി&ഡി) പരിശോധിച്ചുവരുന്നു.

## മലബാറിലെ ടൂറിസം പദ്ധതികൾ

133 (4849) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാറിലെ ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

മലബാറിലെ ടൂറിസം കേന്ദ്രങ്ങളായ കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിലായി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) ഫാം ടു മലബാർ എന്ന സംരംഭത്തിന്റെ പുരോഗതി അറിയിക്കാമോ?

മലബാറിന്റെ വിനോദസഞ്ചാര സാധ്യത പുറംലോകത്ത് പ്രചരിപ്പിക്കുന്നതിനും മലബാറിലേയ്ക്ക് കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുംവേണ്ടി ആവിഷ്കരിച്ച പദ്ധതിയാണ് ഫാം ടു മലബാർ 500. ഇതനുസരിച്ച് ഇന്ത്യയിലെ പ്രമുഖ ടൂർ ഓപ്പറേറ്റർമാരെ ക്ഷണിച്ച് മലബാറിലെ ടൂറിസം കേന്ദ്രങ്ങൾ സന്ദർശിക്കാൻ അവസരമൊരുക്കുകയും അതുവഴി കേരളത്തിലേയ്ക്ക് കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുകയുമാണ് പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. ഈ വർഷം 500 ടൂർ ഓപ്പറേറ്റർമാരെ മലബാറിലേയ്ക്ക് കൊണ്ടുവരിക എന്നതാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. മലബാർ ചേംബർ ഓഫ് കൊമേഴ്സും ടൂറിസം വകുപ്പും സഹകരിച്ചാണ് പദ്ധതി നടപ്പാക്കിയത്. ഈ വർഷം ആദ്യപാദത്തിലെ കണക്കെടുത്തപ്പോൾ മലബാറിലേയ്ക്ക് മുൻവർഷത്തെ അപേക്ഷിച്ച്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സഞ്ചാരികളുടെ വരവിൽ വർദ്ധനവുണ്ടായിട്ടുണ്ട്. ഇത്തരം പദ്ധതിയുടെയുംകൂടി ഫലമായിട്ടാണ് മലബാറിലേയ്ക്കുള്ള സഞ്ചാരികളുടെ വരവിൽ വർദ്ധനവ് വന്നിട്ടുള്ളത്.

(സി) ഉത്തര മലബാറിലെ വിവിധ ജലാശയങ്ങൾ കോർത്തിണക്കിക്കൊണ്ടുള്ള മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു+.

(ഡി) തിരുവനന്തപുരം-കാസർഗോഡ് ജലപാതയുമായി ബന്ധപ്പെട്ട് എന്തെല്ലാം ടൂറിസം സാധ്യതകളാണ് നിലവിലുള്ളതെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

തിരുവനന്തപുരം-കാസർഗോഡ് ജലപാത വികസനത്തിന്റെ ഭാഗമായുള്ള ടൂറിസം വികസനത്തിന്റെ സാധ്യത പരിശോധിക്കുന്നതിന്റെ ആദ്യപടിയെന്ന നിലയിൽ കോവളം മുതൽ ആക്കുളം വരെയുള്ള പ്രദേശത്തിന്റെ ടൂറിസം സാധ്യത വിലയിരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വിനോദ സഞ്ചാര വികസനത്തിന് പുതിയ നയസമീപനം

134 (4850) ശ്രീ. വി. ആർ. സുനിൽകുമാർ
ശ്രീമതി സി. കെ. ആശ
ശ്രീ. ഇ. കെ. വിജയൻ
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട സാധ്യതകളും പ്രശ്നങ്ങളും സമഗ്രമായി വിലയിരുത്തി വിനോദസഞ്ചാര വികസനത്തിനായി പുതിയ നയസമീപനം ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

കേരളത്തിന്റെ സാംസ്കാരിക പൈതൃകത്തേയും ജൈവ വൈവിധ്യങ്ങളാൽ സമ്പന്നമായ പ്രകൃതി സൗന്ദര്യത്തേയും പ്രയോജനപ്പെടുത്തിക്കൊണ്ട് വിനോദ സഞ്ചാരമേഖലയെ ശക്തിപ്പെടുത്താൻ ഉതകുന്ന ടൂറിസം നയം 2017-ൽ സർക്കാർ നടപ്പിലാക്കുകയുണ്ടായി. അതിനനുസരിച്ച് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരികയുമാണ്.

(ബി) വിനോദസഞ്ചാര വികസനത്തിൽ സ്വകാര്യ മേഖലയുടെ പങ്കാളിത്തം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഈ സർക്കാർ നടപ്പിലാക്കുന്ന

പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

കേരള ടൂറിസം മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നത് കേരളത്തിൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന സംരംഭകരുമായി ആലോചിച്ച്, അവരുടെ അഭിപ്രായംകൂടി പരിഗണിച്ചാണ്. ഇന്ത്യയ്ക്കകത്തും പുറത്തും കേരളത്തിലെ വിനോദസഞ്ചാരം ലക്ഷ്യമിട്ട് കൂടുതൽ വിനോദസഞ്ചാരികളെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുന്നതിനുവേണ്ടി പാർട്ട്ണർഷിപ്പ് മീറ്റുകൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ കേരള ടൂറിസം പങ്കെടുക്കുന്ന ദേശീയ, അന്തർദ്ദേശീയ ടൂറിസം മേളകളിലും കേരളത്തിലെ സ്വകാര്യ സംരംഭകരെ കൂടി സഹകരിപ്പിച്ച് കേരള പവലിയന്റെ ഭാഗമായിട്ടാണ് പങ്കെടുക്കുന്നത്. ഈ വർഷം കൊച്ചിയിൽ നടന്ന കേരള ട്രാവൽ മാർട്ട് പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയാണ് നടത്തിയത്. 234 വിദേശ ബയർമാരും 897 ആഭ്യന്തര ബയർമാരും ഉൾപ്പെടെ 1200-ഓളം പേർ ഈ വർഷത്തെ കേരളാ ട്രാവൽമാർട്ടിൽ പങ്കെടുത്തു. 4 കോടി രൂപയാണ് ഈ വർഷം കേരള ട്രാവൽ മാർട്ട് നടത്തുന്നതിന് സർക്കാർ സാമ്പത്തിക സഹായം നൽകിയത്.

കാരവൻ ടൂറിസം പദ്ധതിയുടെ ഭാഗമായി കാരവനുകൾ വാങ്ങുന്നതിന് ചെലവായ തുകയുടെ നിശ്ചിത ശതമാനം തുക താഴെപ്പറയുംപ്രകാരം സബ്സിഡി നൽകുന്നുണ്ട്.

ആദ്യത്തെ 100 കാരവൻ - കാരവൻ വിലയുടെ 15 ശതമാനം, പരമാവധി 7.5 ലക്ഷം രൂപ.

101 മുതൽ 200 കാരവൻവരെ കാരവൻ വിലയുടെ 10 ശതമാനം, പരമാവധി 5 ലക്ഷം രൂപ.

201 മുതൽ 300 കാരവൻവരെ കാരവൻ വിലയുടെ 5 ശതമാനം, പരമാവധി 2.5 ലക്ഷം രൂപ.

ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ നേതൃത്വത്തിൽ സ്വകാര്യ നിക്ഷേപകർക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും പരിശീലനവും നൽകിവരുന്നു. വിനോദസഞ്ചാര മേഖലയിൽ സ്വകാര്യ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി "മൈക്രോസൈറ്റ് " വെബ്സൈറ്റിന്റെ ഭാഗമായി ആവിഷ്കരിച്ചിട്ടുണ്ട്. ഇത് സ്വകാര്യ സംരംഭകർ വിനോദസഞ്ചാര മേഖലയിൽ നിക്ഷേപം നടത്തുന്നതിന് പ്രോത്സാഹനവും സഹായ സഹകരണവും നൽകുന്നതാണ്. വിനോദസഞ്ചാര വികസനത്തിൽ സ്വകാര്യമേഖലയുടെ പങ്കാളിത്തം ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികളുടെ ഭാഗമായി വിനോദ സഞ്ചാര വകുപ്പിന് കീഴിലെ പൊതുമേഖലാ സ്ഥാപനമായ കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.ടി.ഐ.എൽ), സ്വകാര്യ മേഖലയിലുള്ള ഇന്ത്യൻ ഹോട്ടൽസ് കമ്പനി

ലിമിറ്റഡ് (ടാറ്റ ഗ്രൂപ്പ്), ഈസ്റ്റ് ഇന്ത്യാ ഹോട്ടൽസ് ലിമിറ്റഡ് (ഓബ്‌റോയ് ഗ്രൂപ്പ്) എന്നിവരുമായി സംയുക്ത സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(സി) വിനോദസഞ്ചാര മേഖലയെ ഒരു വ്യവസായമായി അംഗീകരിച്ച് അതിൻപ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഇക്കാര്യം വിശദമായി പരിശോധിച്ചുവരുന്നു.

(ഡി) പ്രാദേശിക ജനങ്ങളെ ടൂറിസം വിപണിയും സേവനങ്ങളുമായി ബന്ധിപ്പിക്കുന്നതിനും വിനോദസഞ്ചാര സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഈ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരവാദിത്ത ടൂറിസം എന്ന ആശയത്തെ അടിസ്ഥാനമാക്കി വില്ലേജ് ടൂറിസം, റൂറൽ ടൂറിസം, കൾച്ചറൽ ടൂറിസം, ഫെസ്റ്റിവൽ ടൂറിസം, എക്സ്പീരിയൻഷ്യൽ ടൂറിസം, ഫാം/അഗ്രി ടൂറിസം, പൈതൃക ടൂറിസം, ഫുഡ് ടൂറിസം, ആക്സസിബിൾ ടൂറിസം, ടൂറിസത്തിലൂടെ സ്ത്രീ ശാക്തീകരണം, പ്രാദേശിക കലാകാരന്മാർക്കും വിവിധ രംഗകലകൾ, ആയോധനകലകൾ എന്നിവയ്ക്ക് പ്രോത്സാഹനം, സുവനീർ/പ്രാദേശിക കരകൗശല വസ്തുക്കളുടെ

നിർമ്മാണത്തിനുള്ള പ്രോത്സാഹനം, സ്റ്റോറി ടെല്ലിംഗ് പാക്കേജുകൾ എന്നിങ്ങനെ കേരളത്തിൽ സുസ്ഥിര ടൂറിസം വികസനത്തിനുള്ള പ്രവർത്തനങ്ങളും അതിനാവശ്യമായ എല്ലാവിധ പരിശീലനങ്ങളും നടത്തുന്നതിനുള്ള നോഡൽ ഏജൻസിയായിട്ട് 2017-ൽ ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ചു. അതിനനുസൃതമായ പ്രവർത്തനങ്ങൾ മിഷൻ നടത്തിവരുന്നു.

പ്രാദേശിക ജനങ്ങളെ ടൂറിസം വിപണിയും സേവനങ്ങളുമായി ബന്ധിപ്പിക്കുന്നതിനും വിനോദസഞ്ചാര സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഉത്തരവാദിത്ത ടൂറിസം മിഷൻവഴി ചെയ്തുവരുന്ന പ്രധാന പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.

- പ്രാദേശികമായി വിനോദസഞ്ചാര പ്രവർത്തനങ്ങൾ ആരംഭിക്കുകയും വളർത്തിയെടുക്കുകയും ചെയ്യുക.
- ടൂറിസം വ്യവസായവുമായി പ്രാദേശിക സമൂഹത്തെ ബന്ധിപ്പിക്കുക.
- ഉത്തരവാദിത്ത ടൂറിസം ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനും പ്രയോഗവൽക്കരിക്കുന്നതിനും പ്രോത്സാഹനം നൽകുക.

- വില്ലേജ് ടൂർ, റൂറൽ ടൂർ, കൾച്ചറൽ ടൂർ, ഫെസ്റ്റിവൽ ടൂർ, എക്സ്പീരിയൻഷ്യൽ ടൂർ, ഫാം/അഗ്രി ടൂർ, പൈതൃക ടൂർ, ഫുഡ്/ക്യുസിൻ ടൂർ, ആക്സ്സസിബിൾ ടൂർ പാക്കേജുകൾ ആരംഭിക്കുകയും പ്രൊമോട്ട് ചെയ്യുകയും ചെയ്യുക.

- ടൂറിസത്തിലൂടെ പ്രാദേശിക തൊഴിൽ ലഭ്യമാക്കുക.

- സ്ത്രീകൾക്കായി സ്ത്രീകൾ നടത്തുന്ന പ്രത്യേക ടൂറിസം പ്രവർത്തനങ്ങളിലൂടെ കൂടുതൽ സ്ത്രീകളെ ടൂറിസം മേഖലയുമായി ബന്ധിപ്പിക്കുക.

- ടൂറിസത്തിലൂടെ സ്ത്രീ ശാക്തീകരണം, ദാരിദ്ര്യ ലഘൂകരണം, പാർശ്വവൽകൃത ജനസമൂഹത്തിന്റെ ഉന്നമനം എന്നിവ സാധ്യമാക്കുക.

- പരിസ്ഥിതി സൗഹൃദ ടൂറിസം പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുകയും മാലിന്യവിമുക്ത ടൂറിസം കേന്ദ്രങ്ങൾ എന്ന ആശയം ടൂറിസം സംരംഭകരുടെയും പ്രാദേശിക സമൂഹത്തിന്റെയും സഹകരണത്തോടെ നടപ്പാക്കുകയും തെരഞ്ഞെടുക്കപ്പെട്ട ടൂറിസം കേന്ദ്രങ്ങളെ ഗ്രീൻ സർട്ടിഫൈഡാക്കി മാറ്റുകയും ചെയ്യുക.

- ടൂറിസ്റ്റുകളും ടൂറിസം വ്യവസായികളും തദ്ദേശീയ സമൂഹവും തമ്മിൽ ആരോഗ്യകരമായ ബന്ധവും സൗഹൃദവും വളർത്തിയെടുക്കുക.

- ടൂറിസം വികസനത്തിൽ പ്രാദേശിക ജനവികാരത്തിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ താൽപ്പര്യത്തിനും പ്രാമുഖ്യം കൊടുക്കുന്ന പദ്ധതികൾ രൂപപ്പെടുത്തുക.

- പരമ്പരാഗത തൊഴിൽ, കൃഷി, പ്രാദേശിക കലാരൂപങ്ങൾ, കലാകാരന്മാർ, ഉത്സവങ്ങൾ, ആഘോഷങ്ങൾ, സംസ്കാരം എന്നിവ ടൂറിസത്തിലൂടെ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തങ്ങൾ ആവിഷ്കരിക്കുക, അതിനായുള്ള പാക്കേജുകൾ തയ്യാറാക്കി പ്രചരിപ്പിക്കുക,

- തദ്ദേശവാസികളെ ടൂറിസവുമായി ബന്ധിപ്പിക്കുന്നതിനുള്ള എല്ലാ തൊഴിൽ പരിശീലനങ്ങളും തദ്ദേശവാസികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മറ്റ് സ്റ്റേക്ക്ഹോൾഡർമാർ എന്നിവർക്കാവശ്യമായ അവബോധ പ്രവർത്തനങ്ങളും സംഘടിപ്പിക്കുക.

- പൊതുജന പങ്കാളിത്തത്തോടെ പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തി വികസിപ്പിക്കുക. (DEVELOP NEW TOURISM DESTINATIONS

THROUGH PARTICIPATORY TOURISM DEVELOPMENT PROJECTS)

കൂടാതെ ബി.ആർ.ഡി.സി. മുഖേന ത്രിതല ജനപ്രതിനിധി സഭകളിലെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് ടൂറിസം സഭകൾ സംഘടിപ്പിച്ചു. കുടുംബശ്രീ മിഷന്റെ സഹകരണത്തോടെ യാത്രാശ്രീ പദ്ധതി ആരംഭിച്ചിട്ടുമുണ്ട്.

**വിനോദ സഞ്ചാര മേഖലയിൽ നിക്ഷേപങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്കരിക്കുന്ന പദ്ധതികൾ**

135 (4851) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലയിൽ നിക്ഷേപങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്കരിക്കുന്ന പദ്ധതികളുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയിൽ സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കാൻ വിവിധ പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിൽ പ്രധാനപ്പെട്ടവ താഴെപ്പറയുന്നു.

## 1. കാരവൻ ടൂറിസം

കോവിഡാനന്തര സാഹചര്യത്തിൽ സഞ്ചാരികളെ വരവേൽക്കാനായി മികച്ച പ്രചാരണ പ്രവർത്തനങ്ങൾക്കൊപ്പം സഞ്ചാരികൾക്കായി പുത്തൻ അനുഭവങ്ങളും ഏർപ്പെടുത്തണം എന്ന തീരുമാനത്തിന്റെ ഭാഗമായി ഒരു നവീന ടൂറിസം ഉൽപ്പന്നം എന്ന നിലയിൽ കാരവൻ ടൂറിസം പദ്ധതി നടപ്പാക്കി വരുന്നു. വിനോദസഞ്ചാര മേഖലയിൽ സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കുകയെന്ന ലക്ഷ്യംകൂടി മുൻനിർത്തിയാണ് പദ്ധതി നടപ്പാക്കിവരുന്നത്. കേരളത്തിലെ അധികം അറിയപ്പെടാത്ത ഡെസ്റ്റിനേഷനുകൾ സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുക, ടൂറിസം മേഖലയിൽ കൂടുതൽ സ്വകാര്യ നിക്ഷേപം ആകർഷിക്കുക എന്നിവയും പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളാണ്. കാരവൻ ടൂറിസത്തിന്റെ ഭാഗമായുള്ള കാരവൻ പാർക്കുകളുടെ നിർമ്മാണത്തിൽ വൻ സ്വകാര്യ പങ്കാളിത്തമാണുള്ളത്. 10 കാരവനുകൾ സ്വകാര്യ സംരംഭകരുടേതായി സർവ്വീസ് ആരംഭിച്ചുകഴിഞ്ഞു. വാഗമണ്ണിൽ ഒരു കാരവൻ പാർക്ക് കമ്മീഷൻ ചെയ്തു. 5 പാർക്കിന്റെ പണി പുരോഗമിക്കുന്നു. 25-ഓളം കാരവനുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. പുതുതായി 150 കാരവൻ പാർക്കുകൾ നിർമ്മിക്കാൻ സ്വകാര്യ മേഖല തയ്യാറായിട്ടുണ്ട്.

## 2. മാർക്കറ്റിംഗ് മേഖല

കേരളാ ടൂറിസം മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നത് കേരളത്തിൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന സംരംഭകരുമായി ആലോചിച്ച് അവരുടെകൂടി അഭിപ്രായം പരിഗണിച്ചാണ്. ഇന്ത്യയ്ക്കകത്തും പുറത്തും കേരളത്തിലെ വിനോദസഞ്ചാരം ലക്ഷ്യമിട്ട് കൂടുതൽ വിനോദസഞ്ചാരികളെ നമ്മുടെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുന്നതിനുവേണ്ടി പാർട്ട്ണർഷിപ്പ് മീറ്റുകൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ കേരള ടൂറിസം പങ്കെടുക്കുന്ന ദേശീയ, അന്തർദ്ദേശീയ ടൂറിസം മേളകളിലും കേരളത്തിലെ സ്വകാര്യ സംരംഭകർകൂടി കേരള പവലിയന്റെ ഭാഗമായി പങ്കെടുത്തുവരുന്നു. ഈ വർഷം കൊച്ചിയിൽ നടന്ന കേരള ട്രാവൽ മാർട്ട്, പൊതുസ്വകാര്യ പങ്കാളിത്തത്തോടെയാണ് നടത്തിയത്. 234 വിദേശ ബയറർമാരും 897 ആഭ്യന്തര ബയറർമാരും ഉൾപ്പെടെ 1200-ഓളം പേർ ഈ വർഷത്തെ കേരള ട്രാവൽ മാർട്ടിൽ പങ്കെടുത്തു.

## 3. അടിസ്ഥാന സൗകര്യ വികസനം

വിനോദസഞ്ചാര വികസനം ലക്ഷ്യമിട്ട് വിനോദസഞ്ചാര കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യ വികസനം വകുപ്പ് ചെയ്തുവരുന്നുവെങ്കിലും ഇങ്ങനെ

പൂർത്തിയാക്കിയ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ നടത്തിപ്പ് ചുമതല സ്വകാര്യ സംരംഭകരുമായി സഹകരിച്ചാണ് നടത്തിവരുന്നത്.

ചടയമംഗലത്തുള്ള ജടായു ടൂറിസം പദ്ധതി, കോവളം ക്രാഫ്റ്റ് വില്ലേജ്, ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ് എന്നിവ പൊതു-സ്വകാര്യ പങ്കാളിത്ത മോഡലിൽ നടപ്പിലാക്കിവരുന്ന പദ്ധതികളാണ്.

കേരളീയ വാസ്തുവിദ്യാ ശൈലിയിൽ നിർമ്മിച്ചിരിക്കുന്ന സ്വകാര്യ മേഖലയിലെ പൈതൃക വീടുകളെ സംരക്ഷിക്കുന്നതിനും അവിടെ വിനോദസഞ്ചാരികൾക്ക് താമസസൗകര്യം ഒരുക്കുന്നതിനുമുള്ള ഗൃഹസ്ഥലി പദ്ധതി ടൂറിസം വകുപ്പ് നടപ്പിലാക്കിവരുന്നു. ഇതനുസരിച്ച് പൈതൃക ഗൃഹം നവീകരിക്കുന്നതിനാവശ്യമായ തുകയുടെ 25% (പരമാവധി 5 ലക്ഷം രൂപ) വരെ സബ്സിഡിയായി ടൂറിസം വകുപ്പ് നൽകുന്നു.

(ബി) ഗൃഹസ്ഥലി സ്കീമിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

കേരളത്തിലെ വാസ്തുവിദ്യാപരവും പുരാതനവുമായ കെട്ടിടങ്ങളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ഗൃഹസ്ഥലി. പൗരാണികഛായയുള്ള കെട്ടിടങ്ങളെ താമസയോഗ്യമാക്കി മാറ്റി ഉടമസ്ഥന് വരുമാനമുണ്ടാക്കാനും പദ്ധതി ഉദ്ദേശിക്കുന്നു. നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന കേരളത്തിന്റെ വാസ്തുവിദ്യാ

പാരമ്പര്യം സംരക്ഷിക്കാനും കേരള ജീവിതരീതി സഞ്ചാരികൾക്ക് പരിചയപ്പെടുത്താനും പദ്ധതി വിഭാവന ചെയ്യുന്നുണ്ട്. 50 വർഷത്തിനുമുകളിൽ പഴക്കമുള്ള കെട്ടിടങ്ങളാണ് പ്രധാനമായും ഗൃഹസ്ഥലി സ്കീമിൽ വരുന്നത്. ഹെറിറ്റേജ് സ്വഭാവമുള്ള കെട്ടിടങ്ങളെ സഞ്ചാരികൾക്ക് താമസസൗകര്യംകൂടി ഒരുക്കാനും കെട്ടിട ഉടമയ്ക്ക് സാമ്പത്തിക സഹായവും പ്രസ്തുത പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നു. ടി പദ്ധതിക്കായി രൂപീകരിച്ച കമ്മിറ്റി പരിശോധന നടത്തിയാണ് ഗൃഹസ്ഥലിക്ക് അംഗീകാരം നൽകിവരുന്നത്. അറ്റകുറ്റപ്പണികൾ ആവശ്യമുള്ള കെട്ടിടങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മുഖേന തയ്യാറാക്കി സമർപ്പിക്കുന്ന എസ്റ്റിമേറ്റ് പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ സഹിതം ഗൃഹസ്ഥലി അംഗീകാരത്തിനായി അപേക്ഷിക്കാം. അംഗീകരിക്കാവുന്ന ഗൃഹസ്ഥലി യൂണിറ്റുകൾക്ക് മെയിന്റനൻസ് കോസ്റ്റിന്റെ 25% (പരമാവധി 5 ലക്ഷം രൂപവരെ) ധനസഹായം ടൂറിസം വകുപ്പ് നൽകിവരുന്നുണ്ട്. പ്രസ്തുത കെട്ടിടം 10 വർഷത്തേയ്ക്ക് മറ്റൊരു ആവശ്യത്തിനും ഉപയോഗിക്കാൻ പാടില്ലെന്ന നിബന്ധനയുമുണ്ട്.

## വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ വികസനം

136 (4852) <u>ശ്രീ. ഐ. ബി. സതീഷ്</u>
<u>ശ്രീ. എൻ. കെ. അക്ബർ</u>
<u>ശ്രീമതി ദെലീമ</u>

ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലും വിനോദസഞ്ചാര കേന്ദ്രം വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ തയ്യാറാക്കിയിട്ടുള്ള പദ്ധതിയുടെ വിശദാംശം നൽകാമോ; പ്രസ്തുത പദ്ധതിപ്രകാരം ഡെസ്റ്റിനേഷനുകളാക്കി മാറ്റേണ്ട പ്രദേശങ്ങളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; ഇതുസംബന്ധിച്ച വിശദ പദ്ധതിരേഖ, പ്രദേശത്തുനിന്നും ലഭിക്കുന്ന വരുമാന വിനിയോഗം എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

ടൂറിസം സാധ്യതയുള്ള വിവിധ സ്ഥലങ്ങളെ ടൂറിസം ഡെസ്റ്റിനേഷനുകളാക്കി മാറ്റുന്നതിനായി ടൂറിസം വകുപ്പ് ആവിഷ്കരിച്ച പുതിയ പദ്ധതിയാണ് ‘ ഡെസ്റ്റിനേഷൻ ചലഞ്ച്’ . തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും നേതൃത്വത്തോടെയും തദ്ദേശീയമായ ടൂറിസം സാധ്യതകളുള്ള ഡെസ്റ്റിനേഷനുകൾ വികസിപ്പിച്ച് ടൂറിസം വികസനം വിപുലമാക്കാനാണ് ഈ പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. കോവിഡാനന്തര ടൂറിസം പ്രവർത്തനങ്ങളുടെ തുടക്കമെന്ന നിലയിൽ തദ്ദേശീയമായ ടൂറിസത്തിന്റെ പ്രാധാന്യം തിരിച്ചറിയാനും തദ്ദേശ

സ്ഥാപനങ്ങളുടെ വിവിധ സ്കീമുകളെ ടൂറിസം പ്രവർത്തനങ്ങളുമായി സംയോജിപ്പിക്കാനും അതിലൂടെ സംസ്ഥാനത്തിന്റെതന്നെ വികസനവുമാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. തെരഞ്ഞെടുക്കപ്പെടുന്ന പദ്ധതികൾക്ക് പദ്ധതി തുകയുടെ 60% (പരമാവധി 50 ലക്ഷം രൂപ വരെ) ടൂറിസം വകുപ്പ് നൽകുന്നതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി റിപ്പോർട്ട് ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുടെ www.keralatourism.org/destination-challenge എന്ന പോർട്ടലിൽ നിർദ്ദിഷ്ട മാതൃകയിൽ അപ്ലോഡ് ചെയ്യുകയാണ് വേണ്ടത്. ടൂറിസം വകുപ്പ് ആവശ്യമായ പരിശോധനകൾ നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഇതുവരെ ഈ പദ്ധതിപ്രകാരം 23 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. ആയത് പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതി പ്രാവർത്തികമാകുന്നതിലൂടെ സംസ്ഥാനത്തിന്റെ ആഭ്യന്തര ടൂറിസം മേഖലയിലും സാമൂഹ്യ സാമ്പത്തിക തൊഴിൽ മേഖലകളിലും എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം നൽകാമോ?

ഈ പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ പുതിയ ടൂറിസം ഡെസ്റ്റിനേഷനുകളുണ്ടാകുകയും അതുവഴി ആഭ്യന്തര ടൂറിസം മേഖല

വിപുലീകരിക്കാനും കഴിയും. ഈ പദ്ധതിപ്രകാരം അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ് പദ്ധതി നടത്തിപ്പിന്റെ ചുമതല. ഇത്തരം പദ്ധതികൾ വരുന്നതുവഴി തദ്ദേശവാസികൾക്ക് തൊഴിൽ സാധ്യത കൂടുകയും വരുമാന ലഭ്യതയുണ്ടാകുകയും ചെയ്യും.

**ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ**

137 (4853) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി എന്തൊക്കെ പദ്ധതികളാണ് രൂപീകരിക്കുന്നതെന്ന് വിശദമാക്കാമോ?

ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി രാജ്യത്തിനകത്തും പുറത്തും ആസൂത്രിതമായ മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ ടൂറിസം വകുപ്പ് നടത്തി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി നടത്തിയ പ്രധാന മാർക്കറ്റിംഗ് ക്യാമ്പയിനുകൾ ചുവടെ ചേർക്കുന്നു.

**രാജ്യത്തിനകത്ത് നടത്തിയ ക്യാമ്പയിനുകൾ**

- സോഷ്യൽ മീഡിയ റീ-അഷ്വറൻസ് ക്യാമ്പയിൻ

- കേരള ഡ്രൈവ് ഹോളിഡേ

- ലോംഗ് സ്റ്റേയ്സ് ഇൻ കേരള

- ഹോംസ്റ്റേ പ്രൊമോഷൻസ്

- ഹണിമൂൺ ഹോളിഡേയ്സ്

- കാരവൻ കേരള : കാരവൻ ടൂറിസം പ്രൊമോഷൻ

- ചേഞ്ച് ഓഫ് എയർ ക്യാമ്പയിൻ

- നാഷണൽ പാർട്ണർഷിപ്പ് മീറ്റുകൾ

- സോഷ്യൽ മീഡിയ ക്യാമ്പയിനുകൾ

- ദേശീയ ഫെയറുകളിലെ പ്രാതിനിധ്യം

- ദേശീയ B2B മീറ്റുകൾ

**രാജ്യത്തിന് പുറത്ത് നടത്തിയ ക്യാമ്പയിനുകൾ**

- WTM, IMTM, BIT MILAN, TM ദുബായ് തുടങ്ങിയ അന്തർദ്ദേശീയ ടൂറിസം ഫെയറുകളിലെ പ്രാതിനിധ്യം

- മാഡ്രിഡ്, മിലാൻ, അബുദാബി, മസ്കറ്റ്, മനാമ തുടങ്ങിയ റോഡ് ഷോകൾ.
- ഇന്റർനാഷണൽ റീ-ഓപ്പണിംഗ് ക്യാമ്പയിൻ
- ഇന്റർനാഷണൽ സോഷ്യൽ മീഡിയ ക്യാമ്പയിൻ

സഞ്ചാരികൾക്ക് ഉപയോഗപ്രദമാകുന്ന രീതിയിൽ കേരള ടൂറിസം മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗപ്പെടുത്തുന്നതിനും കേരള ടൂറിസം വെബ്സൈറ്റ് കൂടുതൽ നവീകരിച്ച് ഉപയോഗപ്രദമാക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ നൂതനമായ ടൂറിസം ഉൽപ്പന്നം എന്ന നിലയിൽ കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി 'കാരവൻ ടൂറിസം' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. കേരളത്തിലെത്തുന്ന വിനോദസഞ്ചാരികൾക്ക് പുതുമയാർന്ന ദൃശ്യവിരുന്ന് ഒരുക്കുന്നതിലൂടെ കേരളത്തിലെ വിനോദസഞ്ചാര വികസനത്തിനും വള്ളംകളി മേഖലയിൽ പുത്തൻ ഉണർവ് സൃഷ്ടിക്കുന്നതിനുംവേണ്ടി വിനോദസഞ്ചാര വകുപ്പ് മുൻകയ്യെടുത്ത് ആവിഷ്കരിച്ച ചാമ്പ്യൻസ് ബോട്ട് ലീഗ് കോവിഡ് കാരണം രണ്ടുവർഷമായി മുടങ്ങിയിരുന്നുവെങ്കിലും ഈ വർഷം പൂർവ്വാധികം ഭംഗിയോടെ സെപ്റ്റംബറിൽ ആരംഭിക്കുന്നതിനുള്ള

നടപടികൾ സ്വീകരിച്ചുവരുന്നു. കോവിഡ് കാരണം രണ്ടുവർഷമായി മുടങ്ങിയ ഓണാഘോഷ പരിപാടികൾ പൂർവ്വാധികം ഭംഗിയായി ഈ വർഷം നടത്തുന്നതിനും തീരുമാനമായിട്ടുണ്ട്.

വിദ്യാർത്ഥികളിൽ ടൂറിസം അവബോധം സൃഷ്ടിക്കുന്നതിനും സംസ്ഥാനത്തിന്റെ ടൂറിസം വളർച്ചയിൽ അവരെ ഭാഗഭാക്കുന്നതിനുംവേണ്ടി സംസ്ഥാനത്തെ തെരഞ്ഞെടുത്ത സ്കൂളുകളിൽ ടൂറിസം ക്ലബ്ബുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആദ്യഘട്ടത്തിൽ 25 ടൂറിസം ക്ലബ്ബുകളാണ് രൂപീകരിക്കുന്നത്. സംസ്ഥാനത്ത് ടൂറിസം സാധ്യതയുള്ള പുതിയ കേന്ദ്രങ്ങൾ കണ്ടെത്തി അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൂടി സഹകരണത്തോടെ ടൂറിസം കേന്ദ്രങ്ങളാക്കി വികസിപ്പിക്കുന്നതിനുള്ള ഡെസ്റ്റിനേഷൻ ചലഞ്ച് എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഉത്തരവാദിത്വ ടൂറിസം എന്ന ആശയത്തെ അടിസ്ഥാനമാക്കി വില്ലേജ് ടൂറിസം, റൂറൽ ടൂറിസം, കൾച്ചറൽ ടൂറിസം, ഫെസ്റ്റിവൽ ടൂറിസം, എക്സ്പീരിയൻഷ്യൽ ടൂറിസം, ഫാം/അഗ്രി ടൂറിസം, ഫുഡ് ടൂറിസം എന്നിവയും വകുപ്പ് നടപ്പിലാക്കിവരുന്നു. കൂടുതൽ വിനോദസഞ്ചാരികളെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുക എന്ന

ലക്ഷ്യത്തോടെ സംഘടിപ്പിച്ച കേരള ട്രാവൽ മാർട്ട് രണ്ട് വർഷക്കാലം കോവിഡ് മങ്ങലേൽപ്പിച്ച ടൂറിസം മേഖലയ്ക്ക് ഏറെ ഊർജ്ജം പകർന്നിട്ടുണ്ട്.

**മലബാറിലെ വിനോദ സഞ്ചാര വികസനം**

138 (4854) ഡോ. കെ. ടി. ജലീൽ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. പി. പി. സുമോദ്:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്തുനിന്നും രാജ്യത്തിന്റെ ഇതര ഭാഗങ്ങളിൽനിന്നും സംസ്ഥാനം സന്ദർശിക്കുന്ന വിനോദസഞ്ചാരികളിൽ ഭൂരിപക്ഷവും എറണാകുളം, ഇടുക്കി, ആലപ്പുഴ, തിരുവനന്തപുരം ജില്ലകളിലേയ്ക്ക് മാത്രമാണ് എത്തുന്നത് എന്നതിനാൽ മറ്റ് പ്രദേശങ്ങളിലെ ടൂറിസം വിപണന സാധ്യത വിപുലീകരിക്കാൻ പദ്ധതിയുണ്ടോ?

കേരളത്തിലെ ടൂറിസം മേഖലയെ ഒന്നായി കണ്ടാണ് കേരള ടൂറിസം വകുപ്പ് പ്രചരണ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നത്. സഞ്ചാരികളെ ആകർഷിക്കുന്ന ഓരോ മേഖലയിലെയും ടൂറിസം ആകർഷണങ്ങൾ, പ്രാദേശികമായ ഉത്സവങ്ങൾ, പൈതൃക സ്മാരകങ്ങൾ, ആചാര അനുഷ്ഠാനങ്ങൾ തുടങ്ങിയവ ടൂറിസം വകുപ്പിന്റെ പ്രചരണ

പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിവരുന്നുണ്ട്. മലബാർ മേഖലയുടെ ടൂറിസം വിപണനം വിപുലീകരണത്തിന് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികളാണ് ഫാം ടു മലബാർ 500, മലബാർ റിവർ ക്രൂയിസ് തുടങ്ങിയവ. 2022 കലണ്ടർ വർഷത്തിലെ ആദ്യപാദത്തിലെ സ്ഥിതിവിവര കണക്കുകൾ (ജനുവരി മുതൽ മാർച്ച് വരെ) വിശകലനം ചെയ്യുമ്പോൾ മലപ്പുറം, വയനാട്, കാസർഗോഡ്, പത്തനംതിട്ട എന്നീ ജില്ലകളിലേയ്ക്കുള്ള വിനോദ സഞ്ചാരികളുടെ വരവിൽ കേരള സംസ്ഥാനം രൂപം കൊണ്ടതിനുശേഷമുള്ള സർവ്വകാല റെക്കോർഡാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

(ബി) മലബാർ പ്രദേശത്തെ വിനോദസഞ്ചാരത്തിന്റെ സാധ്യത പ്രചരിപ്പിക്കുന്നതിന് ആരംഭിച്ചിട്ടുള്ള ഫാം 2 മലബാർ 500 പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ?

മലബാറിന്റെ വിനോദസഞ്ചാര സാധ്യത പുറംലോകത്ത് പ്രചരിപ്പിക്കുന്നതിനും മലബാറിലേയ്ക്ക് കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുംവേണ്ടി ആവിഷ്കരിച്ച പദ്ധതിയാണ് ഫാം ടു മലബാർ 500. ഇതനുസരിച്ച് ഇന്ത്യയിലെ പ്രമുഖ ടൂർ ഓപ്പറേറ്റർമാരെ ക്ഷണിച്ച് കൊണ്ടുവന്ന് മലബാറിലെ ടൂറിസം കേന്ദ്രങ്ങൾ സന്ദർശിക്കാൻ അവസരം ഒരുക്കുകയും അതുവഴി കേരളത്തിലേയ്ക്ക് കൂടുതൽ വിനോദസഞ്ചാരികളെ

ആകർഷിക്കുകയുമാണ് പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. ഈ വർഷം 500 ടൂർ ഓപ്പറേറ്റർമാരെ മലബാറിലേയ്ക്ക് കൊണ്ടുവരിക എന്നതാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. മലബാർ ചേംബർ ഓഫ് കൊമേഴ്സും ടൂറിസം വകുപ്പും സഹകരിച്ചാണ് ഈ പദ്ധതി നടപ്പാക്കിയത്. ഈ വർഷം ആദ്യപാദത്തിലെ കണക്കെടുത്തപ്പോൾ മലബാറിലേയ്ക്ക് മുൻവർഷത്തെ ആപേക്ഷിച്ച് സഞ്ചാരികളുടെ വരവിൽ വർദ്ധനവുണ്ടായിട്ടുണ്ട്. ഇത്തരം പദ്ധതികളുടേയും കൂടി ഫലമായിട്ടാണ് മലബാറിലേയ്ക്കുള്ള സഞ്ചാരികളുടെ വരവിൽ വർദ്ധനവ് വന്നിട്ടുള്ളത്.

(സി) മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പദ്ധതിക്ക് പ്രാരംഭം കുറിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ ഫണ്ട് മുഖാന്തരം ടൂറിസം വകുപ്പിൽനിന്നും ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് മുഖേന നടപ്പിലാക്കുന്ന 17 ബോട്ട് ടെർമിനൽ/ജെട്ടിയുടെ പദ്ധതികളുടെ പ്രവൃത്തി പുരോഗതി വിവരങ്ങൾ താഴെപ്പറയുന്നു.

1. പഴയങ്ങാടി ബോട്ട് ടെർമിനൽ - പ്രവൃത്തി പൂർത്തീകരിച്ചു.

2. പറശ്ശിനിക്കടവ് ബോട്ട് ടെർമിനൽ - പ്രവൃത്തി പൂർത്തീകരിച്ചു.

3. ധർമ്മടം ബോട്ട് ടെർമിനൽ - 89% പ്രവൃത്തി പൂർത്തീകരിച്ചു.

4. ചേരിക്കൽ ബോട്ട് ടെർമിനൽ - 99 % പ്രവൃത്തി പൂർത്തീകരിച്ചു.

5. പാറപ്രം ബോട്ട് ടെർമിനൽ - 91% പ്രവൃത്തി പൂർത്തീകരിച്ചു.

6. മമ്പറം ബോട്ട് ജെട്ടി - 91% പ്രവൃത്തി പൂർത്തീകരിച്ചു.

7. പെരിങ്ങത്തൂർ ബോട്ട് ജെട്ടി - പ്രവൃത്തി പൂർത്തീകരിച്ചു.

8. മോന്താൽ ബോട്ട് ജെട്ടി - പ്രവൃത്തി പൂർത്തീകരിച്ചു. ഉദ്ഘാടനം ചെയ്തു.

9. കരിയാട് ബോട്ട് ടെർമിനൽ - 92% പ്രവൃത്തി പൂർത്തീകരിച്ചു.

10. ന്യൂ മാഹി ബോട്ട് ടെർമിനൽ - പ്രവൃത്തി പൂർത്തീകരിച്ചു.

11. പാത്തിക്കൽ ബോട്ട് ജെട്ടി - 92% പ്രവൃത്തി പൂർത്തീകരിച്ചു.

12. കക്കടവ് ബോട്ട് ജെട്ടി കം വാക്ക് വേ - 97% പ്രവൃത്തി പൂർത്തീകരിച്ചു.

13. പുന്നക്കടവ് ബോട്ട് ജെട്ടി - 98% പ്രവൃത്തി പൂർത്തീകരിച്ചു.

14. മുക്കുവച്ചേരി (കവ്വായി കാലികടപ്പുറം) ബോട്ട് ടെർമിനൽ - പ്രവൃത്തി പൂർത്തീകരിച്ചു.

15. കോട്ടപ്പുറം ഹൗസ് ബോട്ട് ടെർമിനൽ – 95% പൂർത്തീകരിച്ചു.

16. മാവിലകടപ്പുറം ബോട്ട് ടെർമിനൽ – പൂർത്തീകരിച്ചു.

17. മാടക്കാൽ ബോട്ട് ടെർമിനൽ - പൂർത്തീകരിച്ചു.

കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി ഭരണാനുമതി ലഭിച്ച് ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് മുഖേന നടന്നുവരുന്ന ബോട്ട് ജെട്ടികളുടെ പ്രവൃത്തി പുരോഗതി താഴെപ്പറയും പ്രകാരമാണ്.

1. മൈനർ ബോട്ട് ടെർമിനൽ മടക്കര - 62% പ്രവൃത്തി പൂർത്തീകരിച്ചു.

2. അഴീക്കൽ ഫെറി ബോട്ട് ജെട്ടി - പ്രവൃത്തി ആരംഭിച്ചിട്ടില്ല. ആക്സസ് ബ്രിഡ്ജ് നിർമ്മാണം ഇൻലാൻഡ് നാവിഗേഷൻ നടപ്പിലാക്കേണ്ടതുണ്ട്. ഈ പ്രവൃത്തി നടപ്പിലാക്കിയാൽ മാത്രമേ ബോട്ട് ജെട്ടിയുടെ നിർമ്മാണം ആരംഭിക്കാൻ കഴിയൂ.

3. അഴീക്കൽ ബോട്ട് പാലം ബോട്ട് ജെട്ടി - 90% പ്രവൃത്തി പൂർത്തീകരിച്ചു.

4. പാമ്പുരുത്തി ബോട്ട് ജെട്ടി (Type I) - 50% പ്രവൃത്തി പൂർത്തീകരിച്ചു.

5. പാമ്പുരുത്തി ബോട്ട് ജെട്ടി (Type II) - 3% പ്രവൃത്തി പൂർത്തീകരിച്ചു.

6. മുനമ്പുകടവ് ബോട്ട് ജെട്ടി (Type I) - 83% പ്രവൃത്തി പൂർത്തീകരിച്ചു.

7. മുനമ്പുകടവ് ബോട്ട് ജെട്ടി (Type II) - 90% പ്രവൃത്തി പൂർത്തീകരിച്ചു.

8. പട്ടുവം മേജർ ബോട്ട് ടെർമിനൽ - 97% പ്രവൃത്തി പൂർത്തീകരിച്ചു.

9. കുപ്പം മേജർ ബോട്ട് ടെർമിനൽ - 92% പ്രവൃത്തി പൂർത്തീകരിച്ചു.

10. നാറാത്ത് ബോട്ട് ജെട്ടി - 72% പ്രവൃത്തി പൂർത്തീകരിച്ചു.

11. വളപട്ടണം മേജർ ബോട്ട് ടെർമിനൽ - 90% പ്രവൃത്തി പൂർത്തീകരിച്ചു.

12. മുതുകട ബോട്ട് ജെട്ടി - 87% പ്രവൃത്തി പൂർത്തീകരിച്ചു.

13. പാപ്പിനിശ്ശേരി ബോട്ട് ജെട്ടി - 79% പ്രവൃത്തി പൂർത്തീകരിച്ചു.

14. തെക്കുമ്പാട് മേജർ ബോട്ട് ടെർമിനൽ - 84% പ്രവൃത്തി പൂർത്തീകരിച്ചു

15. പാപ്പിനിശ്ശേരി പാറക്കൽ ബോട്ട് ജെട്ടി - 81% പ്രവൃത്തി പൂർത്തീകരിച്ചു.

16. കാട്ടാമ്പള്ളിക്കടവ് ബോട്ട് ജെട്ടി-പാറയായതിനാൽ പൈലിംഗ് വർക്കുകൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല. ഫൗണ്ടേഷൻ റീ-ഡിസൈനിംഗ് നടത്തുന്നതിനുള്ള നടപടി ഇൻലാൻഡ് നാവിഗേഷൻ സ്വീകരിച്ചുവരുന്നു.

17. താവം ബോട്ട് ജെട്ടി - 85% പ്രവൃത്തി പൂർത്തീകരിച്ചു.

18.മൈനർ ബോട്ട് ടെർമിനൽ മാട്ടൂൽ സൗത്ത്-85% പ്രവൃത്തി പൂർത്തീകരിച്ചു.

19.മൈനർ ബോട്ട് ടെർമിനൽ മാട്ടൂൽ നോർത്ത് - 78% പ്രവൃത്തി പൂർത്തീകരിച്ചു.

20.മൈനർ ബോട്ട് ടെർമിനൽ വാടിക്കൽ - 78% പ്രവൃത്തി പൂർത്തീകരിച്ചു.

21.മൈനർ ബോട്ട് ടെർമിനൽ ചെറുകുന്ന് - 95% പ്രവൃത്തി പൂർത്തീകരിച്ചു.

22.മൈനർ ബോട്ട് ടെർമിനൽ മുട്ടിൽ - 50% പ്രവൃത്തി പൂർത്തീകരിച്ചു.

23.എ.കെ.ജി. ഐലൻഡ് ബോട്ട് ജെട്ടി (Type A) - റീടെണ്ടറിംഗ് സ്റ്റേജിലാണ്.

24. എ.കെ.ജി. ഐലൻഡ് ബോട്ട് ജെട്ടി (Type C) – റീടെണ്ടറിംഗ് സ്റ്റേജിലാണ്

25.സി.എച്ച്. ഐലൻഡ് ബോട്ട് ജെട്ടി (2 Nos) - റീടെണ്ടറിംഗ് സ്റ്റേജിലാണ്

26. കൊളച്ചേരി ഐലൻഡ് ബോട്ട് ജെട്ടി (2 Nos) - റീടെണ്ടറിംഗ് സ്റ്റേജിലാണ്

27. ഭഗത് സിംഗ് ഐലൻഡ് ബോട്ട് ജെട്ടി (2 Nos) - റീടെണ്ടറിംഗ് സ്റ്റേജിലാണ്.

ടൂറിസം മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി മലനാട് നോർത്ത്, മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി M/s KEL മുഖാന്തരം ചെയ്യുന്ന ബോട്ട് ജെട്ടിയോടനുബന്ധമായുള്ള അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികളുടെ പുരോഗതി താഴെപ്പറയും പ്രകാരമാണ്.

**തളിപ്പറമ്പ് നിയോജക മണ്ഡലത്തിൽ,**

- മലപ്പട്ടം - മുനമ്പുകടവ് ഭാഗത്ത് ആർട്ടിസാൻസ് ആല – 3 എണ്ണം കെട്ടിട നിർമ്മാണം പൂർത്തിയായി. ഇലക്ട്രിഫിക്കേഷൻ വർക്കുകൾ പുരോഗമിക്കുന്നു. ഗസീബോ- 1 എണ്ണം പൂർത്തിയായി. 2 എണ്ണം അവശേഷിക്കുന്നു. ടോയ്‌ലറ്റ് ബ്ലോക്ക്- കെട്ടിട നിർമ്മാണം പൂർത്തിയായി. ഇലക്ട്രിഫിക്കേഷൻ വർക്കുകൾ അവശേഷിക്കുന്നു. ആംഗ്ലിംഗ് യാർഡ് - സ്ട്രക്ച്ചറൽ വർക്ക് പൂർത്തിയായി. ഫിനിഷിംഗ് വർക്കുകൾ അവശേഷിക്കുന്നു. വേസ്റ്റ് ബിൻ - പൂർത്തീകരിച്ചു. ഗ്രാനേറ്റ് പേവിംഗ് - ഗ്രൗണ്ട് ലെവലിംഗ് പുരോഗമിക്കുന്നു. റെയിൻ ഷെൽട്ടർ - ആരംഭിച്ചിട്ടില്ല.

- പറശ്ശിനിക്കടവ് വെനീസ് ഫ്ലോട്ടിംഗ് മാർക്കറ്റ് - ടെണ്ടറിംഗ് പൂർത്തീകരിച്ചു. മറ്റ് പ്രവൃത്തികൾക്ക് CRZ ക്ലിയറൻസ് ലഭിക്കേണ്ടതിനാൽ ആരംഭിക്കാൻ സാധിച്ചിട്ടില്ല.

- മലപ്പട്ടം - കോവുന്തല ഭാഗത്ത് ഫുഡ് കോർട്ട് – 1 എണ്ണം, കെട്ടിട നിർമ്മാണം പൂർത്തിയായി. ഇലക്ട്രിഫിക്കേഷൻ വർക്കുകൾ പുരോഗമിക്കുന്നു. ഗസീബോ - 1 എണ്ണം പൂർത്തിയായി. 21 എണ്ണം അവശേഷിക്കുന്നു. ടോയ്ലറ്റ് ബ്ലോക്ക് - കെട്ടിട നിർമ്മാണം പൂർത്തിയായി. ഇലക്ട്രിഫിക്കേഷൻ വർക്കുകൾ അവശേഷിക്കുന്നു.

- ആംഗ്ലിംഗ് യാർഡ് - സ്ട്രക്ച്ചറൽ വർക്ക് പൂർത്തിയായി. ഫിനിഷിംഗ് വർക്കുകൾ അവശേഷിക്കുന്നു. വേസ്റ്റ് ബിൻ - പൂർത്തീകരിച്ചു. ഗ്രാനേറ്റ് പേവിംഗ് - ഗ്രൗണ്ട് ലെവലിംഗ് പുരോഗമിക്കുന്നു. റെയിൻ ഷെൽട്ടർ - ആരംഭിച്ചിട്ടില്ല. മറ്റ് പ്രവൃത്തികൾക്ക് CRZ ക്ലിയറൻസ് ലഭിക്കേണ്ടതിനാൽ ആരംഭിക്കാൻ സാധിച്ചിട്ടില്ല.

**കല്യാശേരി നിയോജകമണ്ഡലത്തിൽ,**

- പട്ടുവം മംഗലശ്ശേരിയിൽ - ബോട്ട് റേസ് ഗാലറി - വർക്ക് ടെണ്ടറിംഗ് പൂർത്തീകരിച്ചു. പാർക്കിംഗ് യാർഡ്, ഏറുമാടം - CRZ ക്ലിയറൻസ് ലഭിക്കേണ്ടതിനാൽ ആരംഭിക്കാൻ സാധിച്ചിട്ടില്ല.

- പട്ടുവം മുതുകുടയിൽ - ഏറുമാടം - CRZ ക്ലിയറൻസ് ലഭിക്കേണ്ടതിനാൽ ആരംഭിക്കാൻ സാധിച്ചിട്ടില്ല.

- ഏഴോം കൊട്ടക്കീൽ - ഏറുമാടം, ഫുഡ് കോർട്ട് - CRZ ക്ലിയറൻസ് ലഭിക്കേണ്ടതിനാൽ ആരംഭിക്കാൻ സാധിച്ചിട്ടില്ല.

- പഴയങ്ങാടി - ബോട്ട് റേസ് ഗാലറി, ഫ്ലോട്ടിംഗ് റെസ്റ്റോറന്റ് എന്നിവ ടെണ്ടർ പൂർത്തീകരിച്ചു. ഓപ്പൺ എയർ തീയറ്റർ, ബയോ ടോയ്‌ലറ്റ് - CRZ ക്ലിയറൻസ് ലഭിക്കേണ്ടതിനാൽ ആരംഭിക്കാൻ സാധിച്ചിട്ടില്ല.

- തെക്കുമ്പാട് - മഡ് വാൾ മ്യൂസിയം, റിനോവേഷൻ ഓഫ് തിരുമുറ്റം, കിയോസ്ക്സ്, ആംഗ്ലിംഗ് യാർഡ്, ആർട്ടിസാൻസ് ആല, നടപ്പാത, ഓപ്പൺ എയർ തിയേറ്റർ, പാർക്കിംഗ് ഏരിയ, ബയോ ടോയ്‌ലറ്റ്, സോളാർ വിളക്കുകൾ എന്നിവ - CRZ ക്ലിയറൻസ് ലഭിക്കേണ്ടതിനാൽ ആരംഭിക്കാൻ സാധിച്ചിട്ടില്ല.

**അഴീക്കോട് നിയോജക മണ്ഡലത്തിൽ,**

- പാപ്പിനിശ്ശേരിയിൽ ആർട്ടിസാൻസ് ആല - ടൈപ്പ് 1 & 2 - CRZ ക്ലിയറൻസ് ലഭിക്കേണ്ടതിനാൽ ആരംഭിക്കാൻ സാധിച്ചിട്ടില്ല.

- ഭഗത് സിംഗ് ഐലൻഡിൽ – ബയോ ടോയ്‌ലറ്റ്, ഗാർഡൻ ലൈറ്റുകൾ, പ്ലാസ്റ്റിക് വേസ്റ്റ് കളക്ഷൻ യൂണിറ്റ് - എന്നിവ CRZ ക്ലിയറൻസ് ലഭിക്കേണ്ടതിനാൽ ആരംഭിക്കാൻ സാധിച്ചിട്ടില്ല.

- വളപട്ടണത്ത് - ആർട്ടിസാൻസ് ആല, പാർക്കിംഗ് യാർഡ്, - എന്നിവ CRZ ക്ലിയറൻസ് ലഭിക്കേണ്ടതിനാൽ ആരംഭിക്കാൻ സാധിച്ചിട്ടില്ല. വളപട്ടണം വെനീസ് ഫ്ളോട്ടിംഗ് മാർക്കറ്റ് - ടെണ്ടറിംഗ് പൂർത്തീകരിച്ചു.

**ഉത്തരവാദിത്ത ടൂറിസം മിഷൻ**

139 (4855) ശ്രീ. പി. വി. അൻവർ:
ശ്രീ. ആന്റണി ജോൺ:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രാദേശിക വിനോദസഞ്ചാര സാധ്യതകളെ പ്രയോജനപ്പെടുത്തുന്നതിനായി ഉത്തരവാദിത്ത ടൂറിസം മേഖലയിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി ഇതിന്റെ ഭാഗമായി നടപ്പാക്കിയിട്ടുണ്ടോ; ഉത്തരവാദിത്ത ടൂറിസം ക്ലാസിഫിക്കേഷൻ നടപ്പിൽവരുത്താനുള്ള പദ്ധതി

ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രാദേശിക വിനോദ സഞ്ചാര സാധ്യതകളെ പ്രയോജനപ്പെടുത്തുന്നതിനായി ഉത്തരവാദിത്ത ടൂറിസം മേഖലയിൽ ഏറ്റവും നൂതന പദ്ധതിയായ STREET ആരംഭിച്ചു. ആദ്യഘട്ടത്തിൽ ഇത് 10 തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലാണ് നടപ്പാക്കുന്നത്. ഫാം ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി കേരള അഗ്രി ടൂറിസം പദ്ധതി ആരംഭിച്ചു. ഉത്തരവാദിത്ത ടൂറിസം എന്ന ആശയത്തെ അടിസ്ഥാനമാക്കി വില്ലേജ് ടൂറിസം, റൂറൽ ടൂറിസം, കൾച്ചറൽ ടൂറിസം, ഫെസ്റ്റിവൽ ടൂറിസം, എക്സ്പീരിയൻഷ്യൽ ടൂറിസം, ഫാം/അഗ്രി ടൂറിസം, പൈതൃക ടൂറിസം, ഫുഡ് ടൂറിസം, ആക്സ്സസിബിൾ ടൂറിസം എന്നിവയ്ക്കുള്ള പ്രോത്സാഹനം ഉത്തരവാദിത്ത ടൂറിസം മിഷനിലൂടെ നൽകിവരുന്നു. ടൂറിസത്തിലൂടെ സ്ത്രീ ശാക്തീകരണം, പ്രാദേശിക കലാകാരന്മാർക്കും വിവിധ രംഗകലകൾ, ആയോധന കലകൾ എന്നിവയ്ക്ക് പ്രോത്സാഹനം, സുവനീർ/പ്രാദേശിക കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിനുള്ള പ്രോത്സാഹനം, സ്റ്റോറി ടെല്ലിംഗ് പാക്കേജുകൾ എന്നിങ്ങനെ കേരളത്തിൽ സുസ്ഥിര ടൂറിസം വികസനത്തിനുള്ള പ്രവർത്തനങ്ങളും അതിനാവശ്യമായ

എല്ലാവിധ പരിശീലനങ്ങളും ഉത്തരവാദിത്ത ടൂറിസം മിഷനിലൂടെ നൽകിവരുന്നു.

ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിവഴി പുതിയ ടൂറിസം ഡെസ്റ്റിനേഷനുകൾ കണ്ടെത്തി വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ടൂറിസം വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ്. പ്രാദേശിക വികസനവും ഗ്രാമീണ സാമ്പത്തിക വികസനവും സാധ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ കാഴ്ചപ്പാട്. ഇതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാവശ്യമായ പരിശീലനം ഉത്തരവാദിത്ത ടൂറിസം മിഷൻ നൽകിവരുന്നുണ്ട്. ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ ഹോട്ടലുകൾക്കും റിസോർട്ടുകൾക്കും ഉത്തരവാദിത്ത ടൂറിസം ക്ലാസ്സിഫിക്കേഷൻ നടപ്പിൽവരുത്താനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഹോട്ടലുകൾക്കും റിസോർട്ടുകൾക്കും ഉത്തരവാദിത്ത ടൂറിസം ക്ലാസ്സിഫിക്കേഷൻ അപേക്ഷ നൽകുന്നതിനുള്ള ഓൺലൈൻ പ്ലാറ്റ് ഫോം തയ്യാറാക്കി. 2021 നവംബർ 16-ന് ഹോട്ടലുകൾക്കും റിസോർട്ടുകൾക്കുമുള്ള ഉത്തരവാദിത്ത ടൂറിസം ക്ലാസ്സിഫിക്കേഷൻ ലോഞ്ചിംഗ് നടത്തി. ഓൺലൈനായാണ് അപേക്ഷകൾ സ്വീകരിക്കുന്നത്. അപേക്ഷകർക്കായി ഉത്തരവാദിത്ത ടൂറിസം ക്ലാസ്സിഫിക്കേഷൻ ഗൈഡ്‌ലൈൻ ബുക്ക്

തയ്യാറാക്കി. കോട്ടയം, തൃശ്ശൂർ ജില്ലകളിൽനിന്നും രണ്ട് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇൻസ്പെക്ഷൻ കമ്മിറ്റി അംഗങ്ങളുടെ സൗകര്യം പരിഗണിച്ച് ഉടനടി പരിശോധന നടത്തി ക്ലാസ്സിഫിക്കേഷൻ നൽകുന്നതാണ്.

(ബി) ഉത്തരവാദിത്ത ടൂറിസം മിഷൻ ഗ്രാമീണ വികസന രംഗത്ത് എന്തെല്ലാം മാറ്റങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്; ഇതിനടിസ്ഥാനമായി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി; വിശദാംശം വ്യക്തമാക്കാമോ?

ടൂറിസം രംഗത്ത് സാധാരണക്കാരുടെ സാന്നിദ്ധ്യവും പങ്കാളിത്തവും ഉറപ്പാക്കാൻ 2008 മുതൽ ആരംഭിച്ച ഉത്തരവാദിത്ത ടൂറിസം പദ്ധതി പ്രവർത്തനങ്ങളിലൂടെ സാധിച്ചു. എന്നാൽ തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ മാത്രം ഒതുങ്ങിനിന്നിരുന്ന ഈ പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമാക്കാൻ ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തനങ്ങളിലൂടെ സാധിച്ചു. ടൂറിസം വ്യവസായത്തിനും പ്രദേശവാസികൾക്കും ഉത്തരവാദിത്ത ടൂറിസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം നൽകുകയും പ്രവർത്തനങ്ങൾ ഊർജ്ജിതമാകുകയും ചെയ്തു. ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ ഗ്രാമീണ വികസനത്തിനുള്ള ഫലപ്രദമായ ഒരു ടൂൾ ആണെന്ന് മിഷൻ പ്രവർത്തനങ്ങളിലൂടെ തെളിയിക്കപ്പെട്ടിട്ടുണ്ട്.

ഉത്തരവാദിത്ത ടൂറിസം മിഷൻ നിലവിൽ വന്നതിനുശേഷം പ്രവർത്തനങ്ങളിലുണ്ടായ പുരോഗതി താഴെ ചേർക്കുന്നു.

**നേട്ടങ്ങൾ**

1.സംസ്ഥാന വ്യാപകമായുള്ള രജിസ്റ്റേഡ് യൂണിറ്റുകൾ - 23,786

2. 46815 പ്രത്യക്ഷ ഗുണഭോക്താക്കൾ

3. 83964 പരോക്ഷ ഗുണഭോക്താക്കൾ

4. 16660 (70%) യൂണിറ്റുകൾ സ്ത്രീകളുടെ ഉടമസ്ഥതയിലുള്ളതോ സ്ത്രീകൾ നയിക്കുന്നതോ ആണ്.

5. 2017 ഓഗസ്റ്റ് മുതൽ 2022 മാർച്ച് 31 വരെ 42 കോടി രൂപയുടെ പ്രാദേശിക വരുമാനം

2017-18: 4.51 കോടി

2018-19: 4.98 കോടി

2019-20: 23.0 കോടി

2020-21: 5.00 കോടി

2021-22: 5.30 കോടി

6. 2022 ഏപ്രിൽ, മേയ് മാസങ്ങളിൽ ലഭിച്ച വരുമാനം 2,08,49,018/- രൂപയാണ്.

7. കേരളത്തിൽ വിവിധ സ്ഥലങ്ങളിലായി 140 എക്സ്പീരിയൻഷ്യൽ ടൂർ പാക്കേജുകൾ.

8. ഈ പാക്കേജുകളിലായി 850 കുടുംബങ്ങൾ പ്രത്യക്ഷമായി ടൂറിസം മേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നു.

ഉത്തരവാദിത്ത ടൂറിസം മിഷൻ നൽകുന്ന വിവിധ സംരംഭകത്വ വികസന/നൈപുണ്യ വികസന പരിശീലനങ്ങളിലൂടെ സാധാരണക്കാരായ പ്രാദേശിക ജനങ്ങൾക്ക് പ്രത്യേകിച്ച് ഗ്രാമീണ മേഖലയിലുള്ളവർക്ക് പ്രത്യക്ഷമായും പരോക്ഷമായും ടൂറിസം രംഗത്ത് പ്രവർത്തിക്കുന്നതിനും വരുമാനം ലഭ്യമാക്കുന്നതിനും സഹായിക്കുന്നു. ഉത്തരവാദിത്ത ടൂറിസം മിഷന്റെ പങ്കാളിത്ത ടൂറിസം വികസന പദ്ധതികളായ പെപ്പർ, മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ, സ്ട്രീറ്റ് എന്നീ പദ്ധതികളിലൂടെ പ്രാദേശിക പങ്കാളിത്തത്തോടെ പുതിയ ടൂറിസം കേന്ദ്രങ്ങൾ ഉയർന്നുവരികയും ഉത്തരവാദിത്ത ടൂറിസം ഗ്രാമീണ വികസനത്തിന് ഫലപ്രദമായ ഒരു ഉപാധിയാണെന്ന് വ്യക്തമാകുകയും ചെയ്തു. പെപ്പർ പദ്ധതിയിലൂടെ ഉയർന്നുവന്ന പുതിയ ടൂറിസം കേന്ദ്രങ്ങളാണ് വൈക്കം, പൊന്നാനി എന്നിവ.

മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമം പദ്ധതിയിലൂടെ കേരളത്തിലെ ആദ്യ മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമമായ അയ്മനം ഡബ്ല്യൂ.ടി.എം. 2021 അവാർഡിന് അർഹമാകുകയും പ്രശസ്ത ടൂറിസം പ്രസിദ്ധീകരണമായ കോണ്ടേ നാസ്റ്റ് ട്രാവല്ലർ-ന്റെ 2022-ൽ സന്ദർശിക്കേണ്ട ഏറ്റവും നല്ല 30 കേന്ദ്രങ്ങളിലൊന്നായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. മറവന്തുരുത്ത് പഞ്ചായത്തിലെ സ്ട്രീറ്റ് പദ്ധതിയുടെ ഭാഗമായ പ്രവർത്തനങ്ങൾ ഇതിനോടകംതന്നെ ലോകശ്രദ്ധയാകർഷിച്ചിട്ടുണ്ട്. ടൂറിസം പ്രവർത്തനങ്ങളിലൂടെ ഒരു പ്രദേശത്തെ ജലാശയങ്ങൾ ശുചീകരിച്ച് ഉപയോഗയോഗ്യമാക്കുക, പ്രാദേശിക പങ്കാളിത്തത്തോടെ വഴികൾ/ പൊതുവഴികൾ മനോഹരമാക്കി ഫ്ലവർ/ഗ്രീൻ സ്ട്രീറ്റുകൾ ഉണ്ടാക്കിയെടുക്കുക എന്നിങ്ങനെയുള്ള വിവിധ പ്രവർത്തനങ്ങൾ ഈ പദ്ധതിയിലൂടെ നടന്നുവരുന്നു.

ഉത്തരവാദിത്ത ടൂറിസം മിഷന്റെ വിവിധ എക്സ്പീരിയൻസ് ടൂറിസം പാക്കേജുകളിലൂടെ കേരളത്തിലെ ഗ്രാമീണ ജീവിതരീതി, തൊഴിൽ, കലാരൂപങ്ങളും കലാപ്രവർത്തനങ്ങളും കരകൗശല വസ്തുക്കളുടെ നിർമ്മാണം, പ്രാദേശിക ഭക്ഷണം, ഉത്സവങ്ങൾ എന്നിങ്ങനെ വിവിധ പ്രാദേശിക പ്രത്യേകതകളെ കോർത്തിണക്കിക്കൊണ്ട് വിനോദസഞ്ചാരികൾക്ക്

യഥാർത്ഥ കേരള എക്സ്പീരിയൻസ് നൽകുന്നതോടൊപ്പം പാക്കേജിന്റെ ഭാഗമായി പ്രദേശവാസികൾക്ക് വരുമാനവും ലഭ്യമാക്കുന്നു.

ഉത്തരവാദിത്ത ടൂറിസം മിഷന്റെ കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക് എന്ന പദ്ധതി പ്രധാനമായും ഗ്രാമീണ മേഖലയിലുള്ള കൃഷിക്കാരെയും കാർഷിക പ്രവർത്തനങ്ങളെയും ടൂറിസത്തിലൂടെ പ്രോത്സാഹിപ്പിക്കുന്നതിനും നിലനിർത്തുന്നതിനുമുള്ള പദ്ധതിയാണ്. ഇതിലൂടെ പരിസ്ഥിതി സംരക്ഷണം, കാർഷിക രംഗത്തെ സ്വയംപര്യാപ്തത എന്നിവയ്ക്കൊപ്പം ഗ്രാമീണ വികസനവും ലക്ഷ്യംവയ്ക്കുന്നു. ഈ പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പിലാക്കിവരുന്നു.

(സി) ഉത്തരവാദിത്ത ടൂറിസം വികസനത്തിലൂടെ പ്രാദേശിക സമൂഹത്തിലും തൊഴിൽ മേഖലയിലും സാമ്പത്തിക പ്രവർത്തനങ്ങളിലും എന്തെല്ലാം മാറ്റങ്ങൾ പ്രതീക്ഷിക്കുന്നു; വിശദമാക്കാമോ?

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി നടപ്പ് സാമ്പത്തിക വർഷം മുതൽ ഉത്തരവാദിത്ത ടൂറിസം മിഷനിലൂടെ നടപ്പിലാക്കുന്ന/ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

50000 പേർക്ക് വിവിധ പരിശീലനങ്ങൾ നൽകുക:- ഇതുവഴി ഉത്തരവാദിത്ത ടൂറിസം മിഷൻ യൂണിറ്റുകളുടെ എണ്ണം 50000 ആയി

വർദ്ധിപ്പിക്കാനും അതിലൂടെ കുറഞ്ഞത് 2.5 ലക്ഷം ഉത്തരവാദിത്ത ടൂറിസം ഗുണഭോക്താക്കൾക്ക് തൊഴിലും വരുമാനവും (പ്രത്യക്ഷ/പരോക്ഷ) ഉറപ്പാക്കുകയുമാണ് ലക്ഷ്യംവയ്ക്കുന്നത്.

കേരള സുവനീർ നെറ്റ്‌വർക്ക് രൂപീകരണം:- സ്ത്രീകൾക്കായി സ്ത്രീകൾ നയിക്കുന്ന വിവിധ ടൂറിസം പ്രവർത്തനങ്ങൾ (WOMEN ORIENTED TOUR PROGRAMS, TOURISM ENTREPRISES ETC.)

ഗ്രാമീണ മേഖലകളിൽ ആക്സസിബിൾ ടൂറിസം പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

വൊളന്ററി/വൊളന്റ് ടൂറിസം പ്രൊമോഷൻ.

സ്റ്റോറി ടെല്ലിംഗ് ട്രെയിൽസ്.

ഫുഡ്/ക്യുസീൻ ട്രെയിൽസ്.

എത്തിക് ടൂർ സർക്യൂട്ട്.

എത്തിക് വില്ലേജസ്.

കേരള ആർട്ടിസ്റ്റ് നെറ്റ്‌വർക്ക് വിപുലപ്പെടുത്തുക.

1000 മാതൃകാ ഉത്തരവാദിത്ത ടൂറിസം അക്കോമഡേഷൻ യൂണിറ്റുകൾ (MODEL RT ACCOMMODATION UNITS) രൂപീകരിക്കുക.

എല്ലാ ടൂറിസം സേവന ദാതാക്കൾക്കും ഉത്തരവാദിത്ത ടൂറിസം ക്ലാസ്സിഫിക്കേഷൻ നടപ്പാക്കുക.

വേസ്റ്റ് ഫ്രീ ആൻഡ് ഗ്രീൻ സർട്ടിഫൈഡ് ടൂറിസം കേന്ദ്രങ്ങൾ ഉണ്ടാക്കിയെടുക്കുക.

ഡെസ്റ്റിനേഷൻ സ്പെസിഫിക് ഉത്തരവാദിത്ത ടൂറിസം പെരുമാറ്റച്ചട്ടം (പ്രോട്ടോകോൾ) രൂപീകരിക്കുക.

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും കുറഞ്ഞത് 10 ഉത്തരവാദിത്ത ടൂറിസം മിഷൻ യൂണിറ്റുകൾ വീതം രൂപീകരിക്കുക.

**കാസർഗോഡ് ജില്ലയിലെ ജലടൂറിസം സാധ്യതകൾ**

140 (4856) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലടൂറിസം സാധ്യതകൾ ഉപയോഗപ്പെടുത്തി കാസർഗോഡ് ജില്ലയിലെ വലിയപറമ്പ്, പടന്ന, ചെറുവത്തൂർ, നീലേശ്വരം പ്രദേശങ്ങളിലെ കവ്വായി കായലിലും തേജസ്വിനി പുഴയിലും പുതിയ ടൂറിസം ഡെസ്റ്റിനേഷനുകൾ ഉണ്ടാക്കാൻ നടപടികൾ സ്വീകരിക്കുമോ?

സ്ഥലലഭ്യതയും ടൂറിസം സാധ്യതകളും പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കാവുന്നതാണ്.

(ബി) കയാക്കിംഗ്, വാട്ടർ സ്പോർട്ട്സ് എന്നിവ ചെറിയ തോതിൽ നല്ല നിലയ്ക്ക് ചെയ്തുവരുന്ന നീലേശ്വരം നഗരസഭയിലെ പാലായി പ്രദേശത്ത് ഇതിനായി കൂടുതൽ പ്രോത്സാഹനവും സഹായവും നൽകാൻ നടപടികൾ ഉണ്ടാകുമോ?

പരിശോധിക്കാവുന്നതാണ്.

**വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്കുള്ള റോഡ് സൗകര്യം നവീകരിക്കുന്നതിന് ഫണ്ട്**

141 (4857) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്ക് റോഡ് സൗകര്യം മെച്ചപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനും വിനോദസഞ്ചാര വകുപ്പ് ഫണ്ട് അനുവദിക്കാറുണ്ടോ; എങ്കിൽ ഫണ്ട് അനുവദിക്കുന്നതിന്റെ മാനദണ്ഡവും നടപടിക്രമങ്ങളും വിശദമാക്കാമോ?

സാധാരണഗതിയിൽ സംസ്ഥാനത്തെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്കുള്ള റോഡ് സൗകര്യം മെച്ചപ്പെടുത്തുന്നതിനും വികസിപ്പിക്കുന്നതിനും ടൂറിസം വകുപ്പ് ഫണ്ട് അനുവദിക്കാറില്ല. ഇത്തരം ജോലികൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ പൊതുമരാമത്ത് വകുപ്പോ ആണ് ചെയ്യുന്നത്. എന്നിരുന്നാലും ലാസ്റ്റ് മൈൽ കണക്ടിവിറ്റി എന്ന നിലയിൽ വകുപ്പ് ചില പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്കുള്ള റോഡ് സൗകര്യം മെച്ചപ്പെടുത്തുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ആവശ്യത്തിനായി 2016 മുതൽ നാളിതുവരെ വകുപ്പ് അനുവദിച്ച ഫണ്ടുകളുടെ വിശദവിവരം ലഭ്യമാക്കാമോ?

വിവരം ശേഖരിച്ച് നൽകുന്നതാണ്.

**വാമനപുരം മണ്ഡലത്തിൽ ഉത്തരവാദിത്ത ടൂറിസം പദ്ധതി**

142 (4858) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്ത ടൂറിസം പദ്ധതി പ്രകാരം വാമനപുരം മണ്ഡലത്തിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

വാമനപുരം നിയോജകമണ്ഡലത്തിൽപ്പെട്ട പെരിങ്ങമല പഞ്ചായത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷന്റെ പെപ്പർ പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഒന്നാംഘട്ടത്തിൽ നടപ്പാക്കേണ്ട വിശേഷാൽ ടൂറിസം ഗ്രാമസഭ, ടൂറിസം റിസോർസ് മാപ്പിംഗ്, ടൂറിസം റിസോഴ്സ് ഡയറക്ടറി (കരട്) തയ്യാറാക്കൽ ഇവയെല്ലാം നടന്നുകഴിഞ്ഞിട്ടുണ്ട്. ടൂറിസം സംരംഭക യോഗം കോവിഡ് സാഹചര്യത്തിൽ നടത്താൻ കഴിഞ്ഞില്ല. രണ്ടാംഘട്ടത്തിൽ പരിശീലനങ്ങളാണ് നടപ്പിലാക്കുന്നത്. ഇതിൽ ജനപ്രതിനിധികൾക്കുള്ള പരിശീലനം ജില്ലാതലത്തിൽ നടന്നതിൽ പ്രസ്തുത തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ പ്രസിഡന്റ് ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ പങ്കെടുത്തിട്ടുണ്ട്. തദ്ദേശവാസികൾക്കായുള്ള പരിശീലനങ്ങൾക്കുള്ള അപേക്ഷ പഞ്ചായത്ത് ശേഖരിച്ച് നൽകുന്നതനുസരിച്ച് പരിശീലനങ്ങൾ നൽകുന്നതാണ്. പ്രദേശത്ത് തദ്ദേശവാസികളെ ഉൾപ്പെടുത്തി വരുമാനം ലഭ്യമാക്കാനുതകുംവിധം ഒരു അനുഭവവേദ്യ പാക്കേജുണ്ടാക്കുന്നതിനുള്ള നിർദ്ദേശം പരിശീലനത്തിന്റെ ഭാഗമായി നൽകിയിട്ടുണ്ട്. ആയതിനുള്ള സ്ഥലങ്ങളും പരമ്പരാഗത തൊഴിലുകളും കലാപ്രവർത്തനങ്ങളും പഞ്ചായത്ത് ഔദ്യോഗികമായി നിർദ്ദേശിക്കേണ്ടതുണ്ട്. ആയത് ലഭ്യമാകുന്നമുറയ്ക്ക് പ്രസ്തുത പാക്കേജ് തയ്യാറാക്കുന്നതാണ്. സംസ്ഥാനതലത്തിൽ ഉത്തരവാദിത്ത

ടൂറിസം മിഷൻ നടത്തുന്ന പരിശീലനങ്ങളിലും പ്രസ്തുത തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ പ്രദേശവാസികൾക്ക് നേരിട്ട് അപേക്ഷ നൽകിയും ഭാഗമാകാവുന്നതാണ്. എന്നാൽ ഇപ്രകാരമുള്ള അപേക്ഷകൾ ഇതുവരെ ലഭിച്ചിട്ടില്ല.

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ?

നിലവിൽ പെരിങ്ങമല പഞ്ചായത്തിലെ പെപ്പർ പദ്ധതി പ്രവർത്തനം മന്ദഗതിയിലാണ്. തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമായുള്ള ഒരു പരിശീലന പരിപാടി ആഗസ്റ്റ് മാസം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ പരിശീലനത്തിനുശേഷം പദ്ധതി പ്രവർത്തനം ശക്തമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**അരൂർ മണ്ഡലത്തിൽ തൈക്കാട്ടുശ്ശേരി പഞ്ചായത്തിലെ ടൂറിസം പദ്ധതി**

143 (4859) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ തൈക്കാട്ടുശ്ശേരി പഞ്ചായത്തിൽ ടൂറിസം

പദ്ധതിയുടെ ഭാഗമായി അനുവദിച്ച തുക എത്രയെന്ന് വിശദമാക്കാമോ?

അരൂർ മണ്ഡലത്തിൽ തൈക്കാട്ടുശ്ശേരി പഞ്ചായത്തിൽ തൈക്കാട്ടുശ്ശേരി Lake Front Park എന്ന പദ്ധതിക്ക് 50,00,000/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.

(ബി) ടി പ്രവൃത്തി മുടങ്ങിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) ടി പ്രവൃത്തി ഏറ്റെടുത്ത ഏജൻസി ഏതെന്ന് വ്യക്തമാക്കാമോ;

(ഡി) ടി പ്രവൃത്തി മുടങ്ങിയതിനുള്ള കാരണം എന്തെന്നും ആയത് സംബന്ധിച്ച് വകുപ്പ് സ്വീകരിച്ച നടപടികളും വിശദമാക്കാമോ;

(ഇ) ടി പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

(സി-ഇ) ഈ പദ്ധതിയുടെ നിർവ്വഹണം ആലപ്പുഴ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ (ഡി.ടി.പി.സി.)-നെയാണ് നിശ്ചയിച്ചിരുന്നത്. ഡി.ടി.പി.സി. നിർവ്വാഹക സമിതിയുടെ തീരുമാനപ്രകാരം പദ്ധതിയുടെ ആർക്കിടെക്റ്റ് ആയിരുന്ന M/s GITPAC International എന്ന ഏജൻസിയെയാണ് ടി പദ്ധതിയുടെ പ്രവൃത്തികൾ ഏൽപ്പിച്ചിട്ടുള്ളത്.

M/s GITPAC International-ന്റെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കെ ചില നിർമ്മാണങ്ങൾ ആ പ്രദേശത്തിന് അനുയോജ്യമായ രീതിയിൽ മാറ്റണമെന്ന ആവശ്യമുയർന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണ ഏജൻസി, ഭരണാനുമതി ലഭിച്ച ഘടകങ്ങൾ മാറ്റി പുതിയ ഘടകങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് പ്രവൃത്തികൾ പുനരാരംഭിച്ചു. പദ്ധതിക്കുള്ള മുൻകൂർ തുകയായി വിനോദസഞ്ചാര വകുപ്പ് ഡി.ടി.പി.സി.-ക്ക് അനുവദിച്ച 25 ലക്ഷം രൂപ രണ്ടുഘട്ടങ്ങളിലായി M/s GITPAC International-ന് കൈമാറിയിരുന്നു. 50 ശതമാനത്തോളം പ്രവൃത്തികൾ പൂർത്തീകരിച്ചശേഷം അടുത്ത ഗഡു തുക ആവശ്യപ്പെട്ട് M/s GITPAC International, ഡി.ടി.പി.സി. മുഖേന വിനോദസഞ്ചാര വകുപ്പിന് അപേക്ഷ നൽകിയെങ്കിലും M/s GITPAC International സ്വകാര്യ ആർക്കിടെക്റ്റ് ഏജൻസിയായതിനാൽ ആ ഏജൻസിക്ക് സാങ്കേതികാനുമതി നൽകാനുള്ള അധികാരമില്ലാത്തതിനാലും പ്രസ്തുത പദ്ധതിക്ക് വിനോദസഞ്ചാര വകുപ്പിന്റെ ടെക്നിക്കൽ കമ്മറ്റിയുടെയോ സർക്കാർ അംഗീകൃത ഏജൻസിയുടെയോ സാങ്കേതിക അനുമതി അനിവാര്യമായതിനാൽ, സാങ്കേതികാനുമതി ലഭിച്ചശേഷം മാത്രമേ അടുത്ത ഗഡു അനുവദിക്കാനാവൂ. അതേസമയം അടുത്ത ഗഡു തുക

ലഭിക്കാത്തതിനാൽ M/s. GITPAC International പ്രവൃത്തി പൂർത്തിയാക്കാതെ വന്നതോടെ GITPAC നിലവിൽ ചെയ്ത പ്രവൃത്തി നിർത്തിവയ്ക്കാനും അവശേഷിക്കുന്ന ജോലികൾ സർക്കാർ അംഗീകൃത ഏജൻസിയെക്കൊണ്ട് പൂർത്തീകരിക്കാനും 29-06-2022-ൽ ടൂറിസം ഡയറക്ടർ ചേർന്ന അവലോകന യോഗം തീരുമാനമെടുക്കുകയും ടി തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതി പൂർത്തിയാക്കാനുള്ള നടപടികൾ പുരോഗമിച്ചുവരികയുമാണ്.

**വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഹോം സ്റ്റേകൾ**

144 (4860) ശ്രീമതി യു പ്രതിഭ:
ശ്രീ. എച്ച്. സലാം:
ശ്രീ. എ. രാജ:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഹോം സ്റ്റേകൾ ആരംഭിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എൻ.ഒ.സി. വേണമെന്ന നിബന്ധന ഒഴിവാക്കാനുദ്ദേശിക്കുന്നുണ്ടോ?

സംസ്ഥാനത്ത് വിനോദസഞ്ചാര വകുപ്പിന്റെ അംഗീകാരം/ ക്ലാസിഫിക്കേഷനുള്ള ഹോംസ്റ്റേകൾ തുടങ്ങുന്നതിന് തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളുടെ നിരാക്ഷേപ പത്രം ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സർക്കാർ പിന്തുടരുന്ന ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് നയത്തിന്റെ ഭാഗമായി വിനോദസഞ്ചാര പ്രോത്സാഹനത്തിന് കൈക്കൊണ്ടിട്ടുള്ള തീരുമാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഹോംസ്റ്റേകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എൻ.ഒ.സി. ഒഴിവാക്കിയതിനുപുറമെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അഡ്വഞ്ചർ ടൂറിസം സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എൻ.ഒ.സി. ഒഴിവാക്കണമെന്ന ആവശ്യവും വിനോദസഞ്ചാരികൾക്ക് സർവ്വീസ് നടത്തുന്ന കാരവനുകൾക്ക് നികുതി ഇളവ് നൽകാനുള്ള നിർദ്ദേശവും പരിശോധിച്ചുവരുന്നു.

(സി) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഹോം സ്റ്റേ സംരംഭങ്ങൾ വ്യാപകമാക്കുന്നതിനും വിനോദസഞ്ചാരികൾക്ക് കുറഞ്ഞ ചെലവിൽ സുരക്ഷിത താമസത്തിനും മറ്റ് സ്ഥലങ്ങളിൽനിന്നുള്ള സഞ്ചാരികൾക്ക് നമ്മുടെ നാടിന്റെ സംസ്കാരം തൊട്ടറിയാനും പ്രാദേശിക ജനതയ്ക്ക് വരുമാനം സാധ്യമാക്കാനും ഉതകുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

വിനോദസഞ്ചാര കേന്ദ്രങ്ങൾ ഉൾപ്പെടെ കേരളത്തിൽ എല്ലായിടത്തും ഹോംസ്റ്റേകൾ തുടങ്ങാൻ സ്വകാര്യ സംരംഭകർക്ക് ടൂറിസം വകുപ്പ് സഹായം ചെയ്തു വരുന്നുണ്ട്. മികച്ച ഹോംസ്റ്റേ അനുഭവം സഞ്ചാരികൾക്ക് ലഭ്യമാക്കാൻ ടൂറിസം വകുപ്പ് ഈ രംഗത്ത് ക്ലാസിഫിക്കേഷൻ സ്കീം നടപ്പാക്കിയിട്ടുണ്ട്. ഗുണനിലവാരവും സൗകര്യവും അനുസരിച്ച് ഡയമണ്ട്, ഗോൾഡ്, സിൽവർ എന്നീ ഗ്രേഡിംഗ് ഹോംസ്റ്റേകൾക്ക് നൽകിവരുന്നു. സംസ്ഥാനത്ത് ഹോംസ്റ്റേ നടപ്പാക്കുന്നതിന് ഏറ്റവും ലളിതമായ ഗൈഡ്‌ലൈസൻസും നടപടിക്രമങ്ങളുമാണ് ടൂറിസം വകുപ്പ് ആവിഷ്കരിച്ചിട്ടുള്ളത്. നിലവിൽ അറുന്നൂറിന് പുറത്ത് ഹോംസ്റ്റേകൾ മികച്ച രീതിയിൽ ടൂറിസം വകുപ്പിന്റെ ക്ലാസ്സിഫിക്കേഷനോടെ പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിലൂടെ വിനോദസഞ്ചാരികൾക്ക് കുറഞ്ഞ ചെലവിൽ സുരക്ഷിത താമസം, മറ്റ് സ്ഥലങ്ങളിൽനിന്നുള്ള സഞ്ചാരികൾക്ക് നമ്മുടെ നാട് എന്തെന്നറിയാനും പ്രാദേശിക ജനതയ്ക്ക് വരുമാനം സാധ്യമാക്കാനും കഴിയും. ഇതുമൂലം പ്രാദേശിക ജനതയ്ക്ക് വരുമാനം ലഭ്യമാക്കാനും കൂടുതൽ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാനും കഴിയുന്നതാണ്.

**ടൂറിസം മേഖലയിലെ സ്വകാര്യ നിക്ഷേപം**

145 (4861) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിൽ സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയിൽ സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കാൻ വിവിധ പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിൽ പ്രധാനപ്പെട്ടവ താഴെപ്പറയുന്നു.

1. **കാരവൻ ടൂറിസം.**

കോവിഡാനന്തര സാഹചര്യത്തിൽ സഞ്ചാരികളെ വരവേൽക്കാനായി മികച്ച പ്രചാരണ പ്രവർത്തനങ്ങൾക്കൊപ്പം സഞ്ചാരികൾക്കായി പുത്തൻ അനുഭവങ്ങളും ഏർപ്പെടുത്തണം എന്ന തീരുമാനത്തിന്റെ ഭാഗമായി ഒരു നവീന ടൂറിസം ഉൽപ്പന്നമെന്ന നിലയിൽ കാരവൻ ടൂറിസം പദ്ധതി നടപ്പാക്കിവരുന്നു. വിനോദസഞ്ചാര മേഖലയിൽ സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കുകയെന്ന ലക്ഷ്യംകൂടി മുൻനിർത്തിയാണ് പദ്ധതി നടപ്പാക്കിവരുന്നത്. കേരളത്തിലെ അധികം അറിയപ്പെടാത്ത ഡെസ്റ്റിനേഷനുകൾ സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുക, ടൂറിസം

മേഖലയിൽ കൂടുതൽ സ്വകാര്യ നിക്ഷേപം ആകർഷിക്കുക എന്നിവയും പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളാണ്. കാരവൻ ടൂറിസത്തിന്റെ ഭാഗമായുള്ള കാരവൻ പാർക്കുകളുടെ നിർമ്മാണത്തിൽ വൻസ്വകാര്യ പങ്കാളിത്തമാണുള്ളത്. 10 കാരവനുകൾ സ്വകാര്യ സംരംഭകരുടേതായി സർവ്വീസ് ആരംഭിച്ചുകഴിഞ്ഞു. വാഗമണ്ണിൽ ഒരു കാരവൻ പാർക്ക് കമ്മീഷൻ ചെയ്തു. 5 പാർക്കിന്റെ പണി പുരോഗമിക്കുന്നു. 25-ഓളം കാരവനുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. പുതുതായി 150 കാരവൻ പാർക്കുകൾ നിർമ്മിക്കാൻ സ്വകാര്യ മേഖല തയ്യാറായിട്ടുണ്ട്.

## 2. മാർക്കറ്റിംഗ് മേഖല

കേരള ടൂറിസം മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നത് കേരളത്തിൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന സംരംഭകരുമായി ആലോചിച്ച് അവരുടെകൂടി അഭിപ്രായം പരിഗണിച്ചാണ്. ഇന്ത്യയ്ക്കകത്തും പുറത്തും കേരളത്തിലെ വിനോദസഞ്ചാരം ലക്ഷ്യമിട്ട് കൂടുതൽ വിനോദസഞ്ചാരികളെ നമ്മുടെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുന്നതിനുവേണ്ടി പാർട്ട്ണർഷിപ്പ് മീറ്റുകൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ കേരള ടൂറിസം പങ്കെടുക്കുന്ന ദേശീയ-അന്തർദ്ദേശീയ ടൂറിസം മേളകളിലും കേരളത്തിലെ സ്വകാര്യ സംരംഭകർകൂടി കേരള പവലിയന്റെ ഭാഗമായി പങ്കെടുത്തുവരുന്നു. ഈ വർഷം കൊച്ചിയിൽ

നടന്ന കേരള ട്രാവൽ മാർട്ട്, പൊതുസ്വകാര്യ പങ്കാളിത്തത്തോടെയാണ് നടത്തിയത്. 234 വിദേശ ബയറർമാരും 897 ആഭ്യന്തര ബയറർമാരും ഉൾപ്പെടെ 1200-ഓളം പേർ ഈ വർഷത്തെ കേരള ട്രാവൽ മാർട്ടിൽ പങ്കെടുത്തു.

## 3. അടിസ്ഥാന സൗകര്യ വികസനം

വിനോദസഞ്ചാര വികസനം ലക്ഷ്യമിട്ട് വിനോദസഞ്ചാര കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യ വികസനം വകുപ്പ് ചെയ്തുവരുന്നുവെങ്കിലും ഇങ്ങനെ പൂർത്തിയാക്കിയ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ നടത്തിപ്പ് ചുമതല സ്വകാര്യ സംരംഭകരുമായി സഹകരിച്ചാണ് നടത്തിവരുന്നത്. ചടയമംഗലത്തുള്ള ജടായു ടൂറിസം പദ്ധതി, കോവളം ക്രാഫ്റ്റ് വില്ലേജ്, ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ് എന്നിവ പൊതു-സ്വകാര്യ പങ്കാളിത്ത മോഡലിൽ നടപ്പിലാക്കി വരുന്ന പദ്ധതികളാണ്.

(ബി) പ്രസ്തുത മേഖലയിലെ നിക്ഷേപങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി വകയിരുത്തിയിരിക്കുന്ന ഫണ്ടിന്റെ വിശദാംശം അറിയിക്കാമോ?

3432-80-800-90(26)-33 Incentive for creation of Infrastructure facilities and Tourism products in Private sector- Subsidies എന്ന ശീർഷകത്തിൽ 2022-23 വർഷം 16 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) ടൂറിസം കേന്ദ്രങ്ങളിലെ പൈതൃക കെട്ടിടങ്ങൾ സംരക്ഷിക്കുന്നതിനായി വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

ടൂറിസം കേന്ദ്രങ്ങളിലെ പൈതൃക കെട്ടിടങ്ങൾ സംരക്ഷിക്കുന്നതിനായി വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

**1. മുസിരീസ് പൈതൃക പദ്ധതി**:

ഐതിഹാസിക തുറമുഖങ്ങളുടെ പൈതൃക അവശേഷിപ്പുകൾ പുനരുജ്ജീവിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ ടൂറിസം വകുപ്പിന്റെ കീഴിൽ 2009-ൽ രൂപം നൽകിയ ആദ്യത്തെ പൈതൃക സംരക്ഷണ പദ്ധതിയാണ് മുസിരിസ് പൈതൃക പദ്ധതി. വിനോദം മാത്രമല്ല പൈതൃക സംരക്ഷണം, പുന:സ്ഥാപനം, ചരിത്രപഠനം, പരിസ്ഥിതി സംരക്ഷണം, ഗവേഷണം, കരകൗശല-കലാരൂപങ്ങളുടെ വികസനം, പരമ്പരാഗത തൊഴിലുകൾ, മറ്റ് സാമൂഹിക-സാംസ്കാരിക പ്രവർത്തനങ്ങൾ എന്നിവയിലും

ഒരു വലിയമാറ്റം വരുത്തുക എന്ന സുപ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ ഉൾക്കൊള്ളുന്ന ഈ പദ്ധതി നിലവിൽ ഇന്ത്യയിലെ പൈതൃക സംരക്ഷണ പ്രവർത്തനങ്ങൾക്ക് മാതൃകയാണ്.

## 2. ആലപ്പുഴ പൈതൃക പദ്ധതി

ആലപ്പുഴയിൽ നിലനിൽക്കുന്ന തുറമുഖം, കടൽപ്പാലം, കനാലുകൾ, ചരിത്രം വിളിച്ചോതുന്ന നൂറ്റാണ്ടുകളുടെ കഥ പറയുന്ന സ്മാരകങ്ങൾ, ആരാധനാലയങ്ങൾ, കയർ ഫാക്ടറികൾ എന്നിവയുടെ പുനരുദ്ധാരണവും ആലപ്പുഴ പട്ടണത്തിന്റെ പഴയ പ്രതാപം വീണ്ടെടുക്കാനുള്ള സമഗ്രമായ ശ്രമവുമാണ് ആലപ്പുഴ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

## 3. തലശ്ശേരി പൈതൃക ടൂറിസം പദ്ധതി

പഴയ തലശ്ശേരിയുടെ പൗരാണികവും സാമൂഹ്യവും സാംസ്കാരികവും ചരിത്രപരവുമായ മൂല്യങ്ങൾ പുതിയ തലമുറയ്ക്ക് പരിചയപ്പെടുത്തുകവഴി തലശ്ശേരിയെ ഒരു പൈതൃക കേന്ദ്രമാക്കുകയെന്ന ലക്ഷ്യവുമായാണ് വിനോദസഞ്ചാര വകുപ്പ് തലശ്ശേരി പൈതൃക പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

4. **ട്രാവൻകൂർ ഹെറിറ്റേജ് പദ്ധതി**

തിരുവിതാംകൂറിന്റെ ചരിത്ര പ്രാധാന്യം വ്യക്തമാക്കുന്ന സ്ഥലങ്ങളെ കൂട്ടിയിണക്കി പൈതൃക സർക്യൂട്ട് ആരംഭിക്കുന്നതിനാണ് ഈ പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. തിരുവിതാംകൂറിന്റെ ചരിത്ര പ്രാധാന്യമുള്ള എല്ലാ സ്ഥലങ്ങളും ഉൾപ്പെടുത്തി പദ്ധതി രൂപരേഖ തയ്യാറാക്കാനാണ് ടൂറിസം വകുപ്പ് ലക്ഷ്യമിടുന്നത്. ഈ പദ്ധതിയുടെ ആദ്യഘട്ടം എന്ന നിലയിൽ തലസ്ഥാന നഗരിയിലെ പൈതൃക കെട്ടിടങ്ങൾ അവയുടെ പൗരാണികതയും വാസ്തുവിദ്യയും വെളിവാകത്തക്കവിധത്തിൽ ദീപാലംകൃതമാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. തലസ്ഥാന നഗരിയിലെ വിവിധ 30 പൈതൃക കെട്ടിടങ്ങളെ ഉൾപ്പെടുത്തി 5 സോണുകളിലായി 35.60 കോടി രൂപയ്ക്കാണ് ഭരണാനുമതി നല്കിയിട്ടുള്ളത്.

**ആലപ്പുഴ പൈതൃക പദ്ധതി**

146 (4862) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ പൈതൃക പദ്ധതിയുടെ നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര രൂപയാണ് അനുവദിച്ചതെന്നും എന്തൊക്കെ വികസന പദ്ധതികളാണ് വിഭാവനം ചെയ്തതെന്നും ഇതിനായി നീക്കിവച്ച തുക എത്രയെന്നും ഏതൊക്കെ പദ്ധതി പൂർത്തീകരിച്ചുവെന്നും വ്യക്തമാക്കാമോ?

(എ&ബി) ആലപ്പുഴ പൈതൃക പദ്ധതിയിൽ താഴെ പറയുന്ന 21 മ്യൂസിയങ്ങളും 11 ചരിത്ര സ്മാരകങ്ങളും 5 അടിസ്ഥാന സൗകര്യവികസന പദ്ധതികളുമാണ് ഉൾപ്പെട്ടിട്ടുള്ളത്.

**മ്യൂസിയങ്ങൾ:-**

1. കൊയർഫെഡ് ബിൽഡിംഗ്/യാൺ മ്യൂസിയം

2. കേരള സ്റ്റേറ്റ് കൊയർ കോർപ്പറേഷൻ - മ്യൂസിയം ഓഫ് കൊയർ ഹിസ്റ്ററി

3. ന്യൂ മോഡൽ കൊയർ ഫാക്ടറി- മ്യൂസിയം ഓഫ് ലേബർ മൂവ്മെന്റ്

4. നോർട്ടൺ ബംഗ്ലാവ്- തോമസ് നോർട്ടൺ മ്യൂസിയം

5. പോർട്ട് ബിൽഡിംഗ്- മാരിടൈം സിഗ്നൽ മ്യൂസിയം

6. പോർട്ട് ഓഫീസ് ബിൽഡിംഗ് കോംപ്ലക്സ് - പോർട്ട് മ്യൂസിയം

7. കൊട്ടാരം ഹോസ്പിറ്റൽ - ഹെൽത്ത് മ്യൂസിയം

8. എസ്.ഡി.വി. സ്കൂൾ - എഡ്യൂക്കേഷൻ മ്യൂസിയം

9. അനിൽ സേത്ത് ഹൗസ്- ഗുജറാത്തി ഹെറിറ്റേജ് സെന്റർ

10. മധുര കമ്പനി - ഗാന്ധി മ്യൂസിയം

11. ഗുജറാത്തി ബിസിനസ് ഹിസ്റ്ററി മ്യൂസിയം/ഗുജറാത്തി ഹെറിറ്റേജ് സെന്റർ

12. കൊങ്കണി മ്യൂസിയം

13. സ്പെയ്സ് മ്യൂസിയം

14. മനോന്മണിയം സുന്ദരപിള്ളയ് മെമ്മോറിയൽ മ്യൂസിയം

15. അംബ്രല മ്യൂസിയം

16. കൊപ്ര മ്യൂസിയം

17. തിയോസഫിക്കൽ സൊസൈറ്റി മ്യൂസിയം

18. ബോട്ട് മ്യൂസിയം

19. കോസ്റ്റൽ ഹെറിറ്റേജ് മ്യൂസിയം

20. കെ.പി. കരുണാകരൻ മ്യൂസിയം

21. വില്ല്യം ഗുഡ് എക്കർ മ്യൂസിയം

**ചരിത്രസ്മാരകങ്ങൾ:-**

1. മക്കാം മസ്ജിദ് കൺസർവേഷൻ

2. സൗക്കാർ മസ്ജിദ് കൺസർവേഷൻ

3. ശിവപാർവതി ടെമ്പിൾ കൺസർവേഷൻ

4. ഹനുമാൻ ടെമ്പിൾ കൺസർവേഷൻ

5. ബാലകൃഷ്ണ ടെമ്പിൾ കൺസർവേഷൻ

6. എൻട്രൻസ്  ബിൽഡിംഗ് കൺസർവേഷൻ

7. പ്രീസ്റ്റ് ഹൗസ് കൺസർവേഷൻ

8. മുല്ലക്കൽ ടെമ്പിൾ കൺസർവേഷൻ

9. കച്ചിമേമൻ മസ്ജിദ് കൺസർവേഷൻ

10. ലിയോ സ്കൂൾ കൺസർവേഷൻ

11. തിരുമല ദേവസ്വം ടെമ്പിൾ കൺസർവേഷൻ

**അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ:-**

1. കനാൽ സൈഡ് ഡെവലപ്മെന്റ്

2. ബീച്ച്സൈഡ് ഡെവലപ്മെന്റ്

3. സ്ട്രീറ്റ് എലവേഷൻ ഡെവലപ്മെന്റ്

4. സീപിയർ ഡെവലപ്മെന്റ്

5. സൈനേജ് ഡെവലപ്മെന്റ്

ഈ പദ്ധതി നടപ്പാക്കുന്നത് ടൂറിസം ഡിപ്പാർട്ട്മെന്റും കിഫ്ബിയും കയർ ഡിപ്പാർട്ട്മെന്റും അനുവദിച്ച ഫണ്ടുപയോഗിച്ചാണ്. ടൂറിസം ഡിപ്പാർട്ട്മെന്റ് വിവിധ മ്യൂസിയങ്ങൾക്കായി 31.67 കോടി രൂപ അനുവദിച്ചിരുന്നു. ലിവിംഗ് കൊയർ മ്യൂസിയം, കൊയർ ഹിസ്റ്ററി മ്യൂസിയം, യാൺ മ്യൂസിയം എന്നിവയുടെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. കിഫ്ബി മുഖേന നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ള 122 കോടി രൂപയുടെ പദ്ധതിയിൽ 5 ഘട്ടങ്ങളിലായി 76.30 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. സൗക്കാർ മസ്ജിദ്, മക്കാം മസ്ജിദ്, ലിയോ സ്കൂൾ എന്നിവയുടെ പുനരുദ്ധാരണ നവീകരണ പ്രവൃത്തികൾ പൂർത്തിയാക്കി. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള അനിൽ സേത്ത് ഗുജറാത്തി ഹെറിറ്റേജ് സെന്ററിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായുള്ള ധാരണാപത്രം ഒപ്പിട്ടു. പോർട്ട് മ്യൂസിയത്തിന്റെ 90% പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ഗാന്ധി മ്യൂസിയം ബീച്ച് സൈഡ് ഡെവലപ്പ്മെന്റ്, മാരിടൈം മ്യൂസിയം എന്നിവയുടെ

നിർമ്മാണ പ്രവൃത്തികൾക്കുവേണ്ടിയുള്ള നടപടികൾ നടന്നുവരുന്നു. കനാൽ സൈഡ് ഡെവലപ്പ്മെന്റ് ആൻഡ് ബ്യൂട്ടിഫിക്കേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി സൈക്കിൾ ട്രാക്ക്, പാത് വേ, ലാൻഡ്സ്കേപ്പിംഗ് എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

കൊയർ ഡിപ്പാർട്ട്മെന്റ് അനുവദിച്ച 14.18 കോടി രൂപ ഉപയോഗിച്ച് വിവിധ കയർ സൊസൈറ്റികളുടെ ബിൽഡിംഗുകൾ പുനരുദ്ധാരണം നടന്നുവരുന്നു. ഇവയിൽ ഏതാനും ബിൽഡിംഗുകൾ മ്യൂസിയത്തിനുവേണ്ടി ഉപയോഗിക്കുകയും ബാക്കിയുള്ളവ സൊസൈറ്റികൾക്കുതന്നെ വിട്ടുനൽകുകയും ചെയ്യും. ആലപ്പുഴ പൈതൃക പദ്ധതിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുവരുന്ന കൊയർ ലിവിംഗ് മ്യൂസിയം, കൊയർ ഹിസ്റ്ററി മ്യൂസിയം, യാൺ മ്യൂസിയം, പോർട്ട് മ്യൂസിയം, ഗാന്ധി മ്യൂസിയം എന്നീ 5 മ്യൂസിയങ്ങളിൽ കൊയർ ലിവിംഗ് മ്യൂസിയം, കൊയർ ഹിസ്റ്ററി മ്യൂസിയം, യാൺ മ്യൂസിയം എന്നിവ ഈ വർഷത്തിന്റെ അവസാനത്തോടുകൂടി പൊതുജനങ്ങൾക്ക് തുറന്ന് നൽകുന്നതിനാണ് ലക്ഷ്യമിടുന്നത്. യാൺ മ്യൂസിയത്തിന്റെ ഡിജിറ്റൽ ഡോക്യൂമെന്റുകളും ഡോക്യൂമെന്ററികളും കെ. ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആൻഡ് ആർട്സ് മുഖേന തയ്യാറാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടാതെപോയ അമ്പലപ്പുഴ മണ്ഡലത്തിലെ നൂറ്റാണ്ടുകൾ പഴക്കമുള്ളതും ആലപ്പുഴയുടെ സാംസ്കാരിക പൈതൃക കേന്ദ്രങ്ങളെ ഉൾപ്പെടുത്തുന്നതിനും അവയുടെ വികസനം സാധ്യമാക്കുന്നതിനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

നിലവിൽ ഏറ്റെടുത്ത പദ്ധതികൾ പൂർത്തീകരിക്കുന്നതിനാണ് ഇപ്പോൾ പ്രാധാന്യം നൽകുന്നത്.

**ഒരു പഞ്ചായത്തിൽ ഒരു വിനോദ സഞ്ചാര കേന്ദ്രം പദ്ധതി**

147 (4863) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒരു പഞ്ചായത്തിൽ ഒരു വിനോദസഞ്ചാര കേന്ദ്രം പദ്ധതിയുടെ ഭാഗമാകുന്നതിനായി ചങ്ങനാശ്ശേരി മണ്ഡലത്തിൽനിന്ന് ഏതെല്ലാം പഞ്ചായത്തുകളാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകാമോ?

ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി പ്രകാരം അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് പുതിയ ഡെസ്റ്റിനേഷനുകൾ കണ്ടെത്തി പദ്ധതി റിപ്പോർട്ട് പദ്ധതിയുടെ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ടത്. ചങ്ങനാശ്ശേരി മണ്ഡലത്തിലെ പഞ്ചായത്തുകളിൽനിന്ന് ഡെസ്റ്റിനേഷൻ ചലഞ്ച് എന്ന പദ്ധതിക്കായി പദ്ധതി പ്രൊപ്പോസലുകൾ ഒന്നുംതന്നെ പദ്ധതിയുടെ വെബ് പോർട്ടലിൽ അപ്‌ലോഡ് ചെയ്ത് സമർപ്പിച്ചിട്ടില്ല.

**മിയാവാക്കി പദ്ധതി**

148 (4864) ശ്രീമതി ഉമ തോമസ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിയാവാക്കി പദ്ധതിയുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പ് ടെണ്ടർ പരസ്യം നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് പരസ്യം നൽകിയതെന്നും ദേശീയ മാധ്യമങ്ങളിൽ പരസ്യം നൽകിയിട്ടുണ്ടോയെന്നും ഏതൊക്കെ ദേശീയ മാധ്യമങ്ങളിലാണെന്നും വ്യക്തമാക്കുമോ; ദേശീയ മാധ്യമങ്ങളിൽ പരസ്യം നൽകിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉണ്ട്. മിയാവാക്കി മാതൃക വനവത്കരണം നടപ്പിലാക്കാനുള്ള ഏജൻസിയെ തെരഞ്ഞെടുക്കുന്നതിലേയ്ക്കായി സർക്കാരിന്റെ ഇ-ടെണ്ടർ വെബ്സൈറ്റ് വഴിയാണ് പദ്ധതിയുടെ ടെണ്ടർ ക്ഷണിച്ചത്. ഇന്ത്യയിലെ ഏതൊരു വ്യക്തിക്കും ടെണ്ടർ വിവരങ്ങൾ ഈ പോർട്ടൽ മുഖേന കാണാൻ കഴിയും. ആയതിനാൽ ദേശീയ മാധ്യമങ്ങളിൽ പരസ്യം നൽകിയിട്ടില്ല. എന്നിരുന്നാലും ഈ ടെണ്ടറുമായി ബന്ധപ്പെട്ട് 01-01-2020-ൽ കേരളത്തിലെ പ്രധാന പത്രങ്ങളിൽ പരസ്യം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കായി ആദ്യം ടെണ്ടർ നടപടികൾ സ്വീകരിച്ചത് മാന്വൽ രീതിയിലാണോ; ആണെങ്കിൽ പിന്നീട് ഇ-ടെണ്ടർ നടപടികളിലേയ്ക്ക് മാറുവാനുള്ള സാഹചര്യം വ്യക്തമാക്കുമോ?

മിയാവാക്കി മാതൃക വനവത്കരണ പദ്ധതി ആദ്യമായാണ് കേരളത്തിൽ നടപ്പിലാക്കാൻ തീരുമാനിച്ചത്. ഇതിൽ പ്രാഗത്ഭ്യം നേടിയ ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനായി മാന്വൽ ടെണ്ടർ പ്രസിദ്ധീകരിച്ചു. എന്നാൽ നിലവിലെ സർക്കാർ മാനദണ്ഡവും CVC Guidelines-ഉം അനുസരിച്ച് 5 ലക്ഷം രൂപയിൽ കൂടുതൽ വരുന്ന പദ്ധതിക്ക് സർക്കാരിന്റെ ഇ-ടെണ്ടർ പോർട്ടൽ വഴിയാണ് ടെണ്ടർ ക്ഷണിക്കേണ്ടത്, എന്നതിനാലാണ് Manual Tender റദ്ദ് ചെയ്ത് ഇ-ടെണ്ടർ നടപടി സ്വീകരിച്ചിട്ടുള്ളത്.

(സി) ടെണ്ടർ നടപടികളിൽ ഷോർട്ട് ലിസ്റ്റ് ചെയ്ത സ്ഥാപനങ്ങളുടെ പ്രവൃത്തി പരിചയം വിലയിരുത്താൻവേണ്ടി പ്രസ്തുത സ്ഥാപനങ്ങൾ മുൻപ് ചെയ്ത പ്രവൃത്തികൾ പരിശോധിച്ചിരുന്നോ; വിശദാംശം നൽകുമോ?

ഷോർട്ട് ലിസ്റ്റ് ചെയ്ത ഏജൻസികളുടെ മുൻപരിചയം വിലയിരുത്തിയ ശേഷമാണ് ഓരോ ഏജൻസിയും ടെക്നിക്കൽ ഇവാല്യുവേഷൻ കമ്മിറ്റിയുടെ മുമ്പാകെ പ്രസന്റേഷൻ നടത്തിയത്.

(ഡി) 05-06-2020-ലെ ഉത്തരവിൻപ്രകാരം അഞ്ചുലക്ഷത്തി പതിനായിരം രൂപയ്ക്ക് 100 സ്ക്വയർ മീറ്റർ കാട് വയ്ക്കുന്നതിന് കരാർ നേടിയ സ്ഥാപനം പിന്നീട് അഞ്ചരക്കോടിയിലധികം രൂപയ്ക്ക് കൂടുതൽ സ്ഥലത്ത് കാട് വയ്ക്കാൻ അപേക്ഷ സമർപ്പിച്ചിരുന്നോ; പ്രസ്തുത അപേക്ഷ ടൂറിസം വർക്കിംഗ് ഗ്രൂപ്പ് പരിഗണിച്ചിരുന്നോ; എങ്കിൽ തീരുമാനം വ്യക്തമാക്കുമോ;

(ഇ) ടൂറിസം വർക്കിംഗ് ഗ്രൂപ്പിന്റെ തീരുമാനത്തെ മറികടന്നുകൊണ്ട് പിന്നീട് പ്രസ്തുത സ്ഥാപനത്തിന് അവർ ആവശ്യപ്പെട്ട തുകയ്ക്കുള്ള കരാർതന്നെ നൽകാൻ ടൂറിസം സെക്രട്ടറി ഫയൽ വീണ്ടും സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റീടെണ്ടർ നടപടികൾ കൂടാതെ മേൽപ്പറഞ്ഞ സ്ഥാപനത്തിന് കൂടുതൽ തുകയ്ക്കുള്ള പ്രവൃത്തി അനുവദിച്ച് നൽകിയതിന്റെ കാരണം വ്യക്തമാക്കുമോ?

(ഡി&ഇ) ഇല്ല. പദ്ധതി നടപ്പിലാക്കാൻ തെരഞ്ഞെടുത്ത ഏജൻസി ടെണ്ടറിൽ സ്ക്വയർ ഫീറ്റിന് 510/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. (Sq.ft. 390/- രൂപ പദ്ധതി നടപ്പിലാക്കാൻ, Sq.ft 120 മെയിന്റനൻസ്). അതിന്റെ അടിസ്ഥാനത്തിൽ ടൂറിസം വകുപ്പിന്റെ 12 ജില്ലാ ഓഫീസർമാരെക്കൊണ്ട് പദ്ധതി നടപ്പിലാക്കാനുള്ള സ്ഥല ലഭ്യത ഉറപ്പുവരുത്തുകയും 12 ജില്ലകളിലായി 22 സ്ഥലങ്ങളിൽ പദ്ധതി നടപ്പിലാക്കാൻ തീരുമാനിക്കുകയും ചെയ്തു. ആയതുപ്രകാരം തെരഞ്ഞെടുത്ത ഏജൻസി ക്വാട്ട് ചെയ്ത തുകയുടെ അടിസ്ഥാനത്തിൽ 5,79,89,279/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുകയും ടി എസ്റ്റിമേറ്റ് 24.08.2020-ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു.

## തിരുവനന്തപുരം ജില്ലയിലെ തീർത്ഥാടക ടൂറിസം പദ്ധതി

149 (4865) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ തീർത്ഥാടക ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥലങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

(എ&ബി) തിരുവനന്തപുരം ജില്ലയിൽ തീർത്ഥാടക ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളും അവയുടെ പുരോഗതിയും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **നം.** | **പദ്ധതിയുടെ പേര്** | **തൽസ്ഥിതി** |
|---|---|---|
| 1 | ഡെസ്റ്റിനേഷൻ ഡെവലപ്പ്മെന്റ് ഓഫ് തെക്കൻ കുരിശുമല | പൂർത്തിയായി |
| 2 | ഡെസ്റ്റിനേഷൻ ഡെവലപ്പ്മെന്റ് ഓഫ് മൺവിള | പൂർത്തിയായി |
| 3 | പിൽഗ്രിം ഹെറിറ്റേജ് സർക്യൂട്ട് അറ്റ് കോലത്തുകര | പൂർത്തിയായി |
| 4 | കല്ലമ്പള്ളി ദുർഗ്ഗ ക്ഷേത്രത്തിലെ ഓഡിറ്റോറിയം നിർമ്മാണം | പൂർത്തിയായി |
| 5 | അലിയാവൂർ ശിവ ക്ഷേത്രത്തിലെ ഓഡിറ്റോറിയം നിർമ്മാണം | പൂർത്തിയായി |
| 6 | ഉദയാദിച്ചപുരം ക്ഷേത്രത്തിലെ ഫെസിലിറ്റേഷൻ സെന്റർ നിർമ്മാണവും കുളത്തിന്റെ പുനരുദ്ധാരണവും | പൂർത്തിയായി |
| 7 | വേറ്റിനാട് ഊരൂട്ടുമണ്ഡപം ക്ഷേത്രത്തിലെ ഫെസിലിറ്റേഷൻ നിർമ്മാണം | പൂർത്തിയായി |
| 8 | അണിയൂർ ക്ഷേത്രത്തിലെ ടൂറിസം വികസനം | പൂർത്തിയായി |
| 9 | പേട്ട പഞ്ചമി ദേവി ക്ഷേത്രത്തിലെ മണ്ഡപ നിർമ്മാണം | പൂർത്തിയായി |
| 10 | വിഴിഞ്ഞം ആഴിമല ക്ഷേത്രത്തിലെ അടിസ്ഥാന സൗകര്യ വികസനം | പൂർത്തിയായി |
| 11 | വർക്കല ജനാർദ്ദന സ്വാമി ക്ഷേത്ര കുളത്തിന്റെ വികസനം | പൂർത്തിയായി |
| 12 | കുശമുറ്റം, ചെല്ലമംഗലം, അവുക്കുളം ക്ഷേത്രങ്ങളിലെയും പുതുകുന്നു പള്ളിയിലെയും ഓഡിറ്റോറിയം നിർമ്മാണം | പുരോഗമിക്കുന്നു |
| 13 | ദക്ഷിണ കൈലാസം ശിവ പാർവതി ക്ഷേത്രത്തിലെ ടൂറിസം വികസനം | പുരോഗമിക്കുന്നു |
| 14 | വേറ്റിനാട് സെന്റ് ജൂഡ് പിൽഗ്രിം സെന്ററിലെ അമിനിറ്റി സെന്റർ നിർമ്മാണം | പുരോഗമിക്കുന്നു |

| | | |
|---|---|---|
| 15 | ബീമാപള്ളിയിലെ അമിനിറ്റി സെന്റർ നിർമ്മാണം | പുരോഗമിക്കുന്നു |
| 16 | സ്വർഗ്ഗാരോപിത മാതാ ചർച്ചിലെ ടൂറിസം വികസനം | പുരോഗമിക്കുന്നു |
| 17 | കാട്ടായിക്കോണം തെങ്ങുവിള മഹാദേവി ക്ഷേത്രത്തിലെ അമിനിറ്റി സെന്റർ നിർമ്മാണം | പുരോഗമിക്കുന്നു |
| 18 | വെട്ടുകാട് പള്ളിയിലെ അമിനിറ്റി സെന്റർ നിർമ്മാണം | പുരോഗമിക്കുന്നു |
| 19 | ചിറ്റൂർ ശ്രീ തമ്പുരാൻ ശ്രീ ഭദ്രകാളി ക്ഷേത്രത്തിലെ അമിനിറ്റി സെന്റർ നിർമ്മാണം | പുരോഗമിക്കുന്നു |
| 20 | പുല്ലാട്ടുകാരി ശ്രീ ഭഗവതി ക്ഷേത്രത്തിലെ അമിനിറ്റി സെന്റർ നിർമ്മാണം | പുരോഗമിക്കുന്നു |
| 21 | ആഹ്ലാദപുരം നൂറുൽ ഹുദാ മദ്രസയിലെ നവീകരണ പ്രവർത്തനങ്ങൾ | പുരോഗമിക്കുന്നു |
| 22 | കുളത്തൂർ തൃപ്പാദപുരം മഹാദേവ ക്ഷേത്രത്തിലെ കുളത്തിന്റെ പുനരുദ്ധാരണം | പുരോഗമിക്കുന്നു |
| 23 | ശ്രീകാര്യം കുന്നും മഠത്തിൽ നട ദേവി ക്ഷേത്രത്തിലെ അമിനിറ്റി സെന്റർ നിർമ്മാണം | പുരോഗമിക്കുന്നു |
| 24 | കുമാരപുരം ബാല സുബ്രമണ്യ സ്വാമി ക്ഷേത്രത്തിലെ അമിനിറ്റി സെന്റർ നിർമ്മാണം | പുരോഗമിക്കുന്നു |
| 25 | കഴക്കൂട്ടം മഹാദേവ ക്ഷേത്രത്തിലെ ഇടത്താവളം നിർമ്മാണം | പുരോഗമിക്കുന്നു |
| 26 | ചൂഴമ്പാല ധർമ്മശാസ്താ ക്ഷേത്രത്തിലെ വെയ്റ്റിംഗ് റൂം നിർമ്മാണം | ആരംഭിച്ചിട്ടില്ല |
| 27 | കഴക്കൂട്ടം കുളങ്ങരയിലെ പിൽഗ്രിം ഹെറിറ്റേജ് സർക്യൂട്ട് | ആരംഭിച്ചിട്ടില്ല |

## ചാമ്പ്യൻസ് ബോട്ട് ലീഗ്, കാരവൻ ടൂറിസം പദ്ധതി

150 (4866) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളംകളിയെ ലോകോത്തര കായിക ഇനമായി പരിവർത്തനം ചെയ്യുന്നതിനായി ഇന്ത്യൻ പ്രീമിയർ ലീഗിന്റെ മാതൃകയിൽ ചാമ്പ്യൻസ് ബോട്ട് ലീഗ് നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വിശദമാക്കാമോ?

കേരളത്തിന്റെ പൈതൃക കായിക ഇനമായ വള്ളംകളി കേരള വിനോദ സഞ്ചാരത്തിന്റെ മുഖമുദ്രയാണ്. ഈ വള്ളംകളിയെ ഒരു മത്സരയിനമായി വളർത്തിയെടുത്ത് ലോകശ്രദ്ധയിൽ കൊണ്ടുവന്ന് കേരള ടൂറിസം വികസനത്തിന് ഉപയോഗിക്കുന്നതിനായി ആവിഷ്കരിച്ചതാണ് ചാമ്പ്യൻസ് ബോട്ട് ലീഗ്. പ്രധാനപ്പെട്ട ചുണ്ടൻ വള്ളംകളികൾ ഏകോപിപ്പിച്ചുകൊണ്ട് ലീഗ് അടിസ്ഥാനത്തിൽ ഇന്ത്യയിലാദ്യമായി, ചാമ്പ്യൻസ് ബോട്ട് ലീഗ് 2019-ൽ കേരളത്തിലെ 12 വേദികളിലായി സംഘടിപ്പിക്കുകയുണ്ടായി. ഓരോ വേദിയിലെയും ജേതാക്കൾക്ക് ഒന്നാം സമ്മാനം 5 ലക്ഷം രൂപ, രണ്ടാം സമ്മാനം 3 ലക്ഷം രൂപ, മൂന്നാം സമ്മാനം 1 ലക്ഷം രൂപ എന്നിങ്ങനെ സമ്മാനത്തുക വിതരണം ചെയ്യുന്നതിനുപുറമേ പങ്കെടുക്കുന്ന എല്ലാ ബോട്ട് ക്ലബ്ബുകൾക്കും ഓരോ മത്സരത്തിനും 3 ലക്ഷം രൂപ വീതവും ചുണ്ടൻവള്ളങ്ങളുടെ ഉടമകൾക്ക് 1 ലക്ഷം രൂപ വീതവും ബോണസായി നൽകുന്നുണ്ട്. ചാമ്പ്യൻസ് ബോട്ട് ലീഗിന്റെ 12 മത്സരങ്ങളിലെയും

പോയിന്റുകളുടെ അടിസ്ഥാനത്തിൽ ചാമ്പ്യൻസ് ബോട്ട് ലീഗ് ഒന്നാം സ്ഥാന ജേതാക്കൾക്ക് 25 ലക്ഷം രൂപയും രണ്ടും മൂന്നും സ്ഥാനക്കാർക്ക് യഥാക്രമം 15, 10 ലക്ഷം രൂപ വീതവും സമ്മാനമായി നൽകുന്നുണ്ട്. 5.9 കോടി രൂപയാണ് ചാമ്പ്യൻസ് ബോട്ട് ലീഗിന്റെ മൊത്തം സമ്മാനത്തുക. ഒരു ടീമിൽ ഏറ്റവും കൂടുതൽ കളിക്കാർ പങ്കെടുക്കുന്ന ഏക കായിക വിനോദം എന്ന നിലയിലും കേരളത്തിന്റെ തനതായ ഈ ജലവിനോദം ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. ചാമ്പ്യൻസ് ബോട്ട് ലീഗിന്റെ ആദ്യത്തെ 5 വർഷത്തെ (2019 മുതൽ 2023 വരെ) നടത്തിപ്പിനായി ഈ ഫാക്ടർ എന്റർടെയിൻമെന്റ് പ്രൈവറ്റ് ലിമിറ്റഡും എം.എം.പി. കമ്മ്യൂണിക്കേഷൻ ലിമിറ്റഡും ചേർന്നുള്ള കൺസോർഷ്യത്തെ തെരഞ്ഞെടുത്തിട്ടുണ്ട്. കേരളത്തിലെ പ്രധാനപ്പെട്ട വള്ളംകളി മത്സരങ്ങളെ കോർത്തിണക്കികൊണ്ട് 2019-ലെ ചാമ്പ്യൻസ് ബോട്ട് ലീഗിന് സമാനമായി ഈ വർഷവും ചാമ്പ്യൻസ് ബോട്ട് ലീഗ് നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ചാമ്പ്യൻസ് ബോട്ട് ലീഗ് മത്സരങ്ങൾ 2022 സെപ്റ്റംബർ 4-ന് ആലപ്പുഴയിൽ നിശ്ചയിച്ചിരിക്കുന്ന നെഹ്റു ട്രോഫി വള്ളംകളിയോടെ ആരംഭിക്കുകയും നവംബർ 26-ന് കൊല്ലത്തുവച്ച് നടക്കുന്ന പ്രസിഡന്റ്സ് ട്രോഫി വള്ളംകളിയോടെ സമാപിക്കുകയും ചെയ്യുന്ന രീതിയിലാണ് വിഭാവനം

ചെയ്തിരിക്കുന്നത്. ചാമ്പ്യൻസ് ബോട്ട് ലീഗ് 2022 ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കൊല്ലം ജില്ലകളിലായി തെരഞ്ഞെടുത്ത 12 വേദികളിലാണ് നടത്താൻ നിശ്ചയിച്ചിരിക്കുന്നത്. ഇതോടൊപ്പം ചാമ്പ്യൻസ് ബോട്ട് ലീഗിന്റെ ഭാഗമായി മലപ്പുറം, കോഴിക്കോട് ജില്ലകളെ ഉൾക്കൊള്ളുന്ന ചാലിയാറിലും ഇത്തവണ മത്സര വള്ളംകളി സംഘടിപ്പിക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് രൂപീകരിച്ച വിവിധ കമ്മിറ്റികളുടെ നേതൃത്വത്തിൽ ഒരുക്കങ്ങൾ പുരോഗമിച്ചുവരുന്നു. വള്ളംകളിയെ ലോകോത്തര കായികയിനമായി പരിവർത്തനം ചെയ്യുന്നതിനായി ഇന്ത്യൻ പ്രീമിയർ ലീഗിന്റെ മാതൃകയിൽ വിഭാവനം ചെയ്ത ചാമ്പ്യൻസ് ബോട്ട് ലീഗ് 12 സ്ഥലങ്ങളിൽ നടത്തുന്നതിനായി 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) കാരവൻ ടൂറിസം പദ്ധതി നിലവിൽ എവിടെയൊക്കെ ആരംഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; അതിനായുള്ള മുതൽമുടക്ക് എത്രയാണെന്ന് അറിയിക്കാമോ?

കാരവൻ ടൂറിസം കേരളത്തിലെ വിനോദസഞ്ചാര മേഖലയിൽ ഒരു പുതിയ ഉത്പ്പന്നമായി വളർത്താൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. പദ്ധതിയിൽ പ്രധാനമായും രണ്ട് ഘടകങ്ങളാണുള്ളത്. കാരവൻ പാർക്കും

സഞ്ചാരികൾക്ക് യാത്ര ചെയ്യുവാനുള്ള കാരവനും. ഇതിൽ കാരവനുകൾ ഒരു സ്ഥലത്ത് മാത്രം കേന്ദ്രീകരിച്ച് സർവ്വീസ് നടത്തുന്നവയല്ല. ഇതിനകം 10 കാരവനുകൾ വിനോദസഞ്ചാരികൾക്കായി സർവ്വീസ് തുടങ്ങി. വാഗമണ്ണിൽ ഒരു പാർക്ക് കമ്മീഷൻ ചെയ്തു. അഞ്ച് പാർക്കിന്റെ പണി പുരോഗമിക്കുകയും ഏകദേശം 25 കാരവനുകളുടെ നിർമ്മാണം നടന്നുവരികയും ചെയ്യുന്നു. കൂടുതൽ കാരവനുകളെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കാൻ പ്രത്യേക സബ്സിഡിയും ഏർപ്പെടുത്തിയിട്ടുണ്ട്. കാരവൻ ടൂറിസത്തിന്റെ ഭാഗമായി സംസ്ഥാനത്ത് പുതുതായി 150 കാരവൻ പാർക്കുകൾ ആരംഭിക്കാൻവേണ്ടി സ്വകാര്യ മേഖലയിലെ സംരംഭകർ മുന്നോട്ടുവന്നിട്ടുണ്ട്. പൂർണ്ണമായും സ്വകാര്യ മേഖലയിലാണ് കാരവൻ ടൂറിസം പദ്ധതി നടപ്പാക്കുന്നത്. കാരവനുകളുടെ മുതൽ മുടക്ക് ഓരോന്നിലും വ്യത്യസ്തമായിരിക്കും. എങ്കിലും ശരാശരി 40 മുതൽ 50 ലക്ഷം വരെയായിരിക്കും ഓരോ കാരവനും ചെലവ് വരുന്നത്. കാരവൻ പാർക്ക് തുടങ്ങുന്നതിനോ കാരവൻ വാങ്ങുന്നതിനോ സർക്കാർ മുതൽമുടക്കിയിട്ടില്ല. എന്നാൽ കാരവൻ നയത്തിൽ

പറയുന്നതിനനുസരിച്ച് ടൂറിസം വകുപ്പ് കാരവനുകൾക്കായി 30 ലക്ഷം രൂപ സബ്സിഡിയായി നൽകിയിട്ടുണ്ട്.

(സി) സ്വകാര്യ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും പ്രസ്തുത പദ്ധതി നടത്തുന്നതിന് സർക്കാർ സാമ്പത്തിക സഹായം നൽകുന്നുണ്ടോ; വിശദമാക്കാമോ?

കാരവൻ ടൂറിസത്തിന്റെ ഭാഗമായി കാരവനുകൾ വാങ്ങുന്നതിന് ചെലവായ തുകയുടെ നിശ്ചിത ശതമാനം തുക സബ്സിഡി നൽകുന്നുണ്ട്. ഈ പദ്ധതിയിൽ മുതൽമുടക്കുന്ന ആദ്യ 100 സംരംഭകർക്ക് 15% സബ്സിഡി നൽകുന്നു. പരമാവധി ഒരു കാരവന് 7.5 ലക്ഷം രൂപവരെ ഈ ഇനത്തിൽ നൽകിവരുന്നു. അടുത്ത 100 മുതൽ 200 വരെ സംരംഭകർക്ക് കാരവന് 10% സബ്സിഡി പരമാവധി 5 ലക്ഷം രൂപ വരെയും 201 മുതൽ 300 വരെ സംരംഭകർക്ക് 5% പരമാവധി 2.5 ലക്ഷം രൂപ വരെയുമാണ് സബ്സിഡി നൽകുന്നത്.

**ഓലിയരുക് വെള്ളച്ചാട്ടം വിനോദ സഞ്ചാര സംരക്ഷണ പദ്ധതി**

151 (4867) <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിലെ ഓലിയരുക് വെള്ളച്ചാട്ടം വിനോദ സഞ്ചാര സംരക്ഷണ പദ്ധതിക്ക് നാല്പത്തിരണ്ട് ലക്ഷത്തി എൺപത്തിനാലായിരം രൂപയുടെ ഭരണാനുമതി ലഭിക്കുകയും ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് പ്രസ്തുത നിർമ്മാണ പ്രവൃത്തി ആരംഭിക്കുകയും ചെയ്തെങ്കിലും ഭരണാനുമതി പിന്നീട് റദ്ദ് ചെയ്തിട്ടുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഓലിയരുക് വെള്ളച്ചാട്ടത്തിനടുത്തുള്ള അമിനിറ്റി സെന്ററിന്റെ നിർമാണത്തിന് 28-10-2019-ലെ പി1-5797/2018 നമ്പർ ഉത്തരവ് പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ 42,84,000/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. കൊല്ലം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ (ഡി.ടി.പി. സി.) മുഖേന ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനായിരുന്നു പദ്ധതിയുടെ നിർമ്മാണ ചുമതല. നിർമ്മാണത്തിനായി 8,56,800/- രൂപ 15-02-2021-ൽ ഹാബിറ്റാറ്റിന് മുൻകൂറായി നൽകിയിരുന്നെങ്കിലും പ്രവർത്തനങ്ങൾ ആരംഭിക്കാത്തതിനാൽ 02-02-2022-ലെ ഉത്തരവ് പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ഈ പദ്ധതി റദ്ദാക്കി. പദ്ധതിക്കുള്ള അനുമതി റദ്ദാക്കിയ ശേഷമാണ് നിർമ്മാണ പ്രവൃത്തികൾ

ആരംഭിച്ചതെന്ന് കൊല്ലം ഡി.ടി.പി.സി. സെക്രട്ടറിയും വിനോദസഞ്ചാര വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറും (കൊല്ലം) അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി നിർത്തിവച്ചതിനെത്തുടർന്ന് പൊതുജനങ്ങളുടെയും സഞ്ചാരികളുടെയും ശക്തമായ പ്രതിഷേധങ്ങളും പത്രവാർത്തകളുമുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) നിലവിലുള്ള എസ്റ്റിമേറ്റ് തുകയിൽ അധികരിക്കാത്ത വിധത്തിൽ പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി പുനഃസ്ഥാപിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുമോ; വ്യക്തമാക്കാമോ?

പദ്ധതിയുടെ ഭരണാനുമതി പുനഃസ്ഥാപിക്കണമെന്ന ആവശ്യം പരിശോധിച്ചുവരികയാണ്.

**മിയാവാക്കി വനവത്ക്കരണ പദ്ധതി**

152 (4868) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>:
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>:
<u>ശ്രീ. ടി. സിദ്ദിഖ്</u>:
<u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിയാവാക്കി വനവത്ക്കരണ പദ്ധതി നടപ്പാക്കുന്നതിന്റെ

ഭാഗമായി ടൂറിസം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

മിയാവാക്കി വനവത്കരണ പദ്ധതി നടപ്പിലാക്കുന്നതിനായി ടെണ്ടർ നടപടികളിലൂടെ പരിചയസമ്പത്തുള്ള ഏജൻസിയെ തെരഞ്ഞെടുത്ത് കേരളത്തിലെ വയനാട്, ഇടുക്കി ജില്ലകൾ ഒഴിച്ച് 12 ജില്ലകളിൽ തെരഞ്ഞെടുക്കപ്പെട്ട 22 സ്ഥലങ്ങളിൽ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 5,79,89,278/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ടെണ്ടറിൽ യോഗ്യത നേടിയ രണ്ട് സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും ഈ സ്ഥാപനങ്ങൾക്കുള്ള പ്രവൃത്തി പരിചയം എന്താണെന്നും വ്യക്തമാക്കുമോ?

മിയാവാക്കി പദ്ധതി നടപ്പിലാക്കിയ മുൻപരിചയത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന 2 സ്ഥാപനങ്ങളാണ് ടൂറിസം വകുപ്പ് നിർദ്ദേശിച്ച മാനദണ്ഡങ്ങൾ അനുസരിച്ച് ടെണ്ടറിൽ യോഗ്യത നേടിയത്.

1. M/s. Culture Shoppe Pvt. Ltd, Kowdiar

2. M/s. State Agri-Horticultural Development Co-operative Society Ltd., വെടിവെച്ചാൻകോവിൽ.

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട സെലക്ഷൻ കമ്മിറ്റിക്ക് മുമ്പാകെ പ്രസന്റേഷൻ നടത്തിയ രണ്ട് സ്ഥാപനങ്ങൾക്കും ലഭിച്ച മാർക്ക് എത്രയാണ്; സെലക്ഷൻ കമ്മിറ്റി അംഗങ്ങൾ ആരൊക്കെയാണ്; പ്രസ്തുത കമ്മിറ്റിയിൽ ഏതൊക്കെ അംഗങ്ങൾ പങ്കെടുത്തു; സന്നദ്ധ സംഘടനകൾ/ചാരിറ്റി സൊസൈറ്റി വിഭാഗങ്ങൾക്ക് നൽകുന്ന അഞ്ച് മാർക്ക് രണ്ട് സ്ഥാപനങ്ങളിൽ ഏതിനെങ്കിലും നൽകിയിരുന്നോ; എങ്കിൽ ഇതിന് ആസ്പദമാക്കിയ രേഖ എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ?

28-10-2019-ലെ GO(Rt) No.363/2019/TSM നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ചുവടെ ചേർക്കുന്ന അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് മിയാവാക്കി പദ്ധതി നടത്തിപ്പിനുള്ള ഏജൻസിയെ സെലക്ട് ചെയ്യുന്നതിന് സർക്കാർ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

സെക്രട്ടറി, ടൂറിസം വകുപ്പ്- ചെയർപേഴ്സൺ

ഡയറക്ടർ, ടൂറിസം വകുപ്പ്- കൺവീനർ

ഫിനാൻസ് ഓഫീസർ , ടൂറിസം വകുപ്പ്-ഡയറക്ടറേറ്റ് മെമ്പർ

ശ്രീ. കെ. ജി. മോഹൻലാൽ, ഐ.എഫ്.എസ്, ചെയൻമാൻ & മാനേജിംഗ് ഡയറക്ടർ, കെ.ടി.ഐ.എൽ. (മെമ്പർ)

ശ്രീമതി പദ്മ മൊഹന്തി, ഐ.എഫ്.എസ്, കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (E &TW) (മെമ്പർ)

ഡോ. ടി. എസ്. സ്വപ്ന, പ്രൊഫസർ & ഹെഡ്, ബോട്ടണി വകുപ്പ്, യൂണിവേഴ്സിറ്റി ഓഫ് കേരള (മെമ്പർ).

മേൽപ്പറഞ്ഞ കമ്മിറ്റി അംഗങ്ങൾ എല്ലാവരും സെലക്ഷൻ കമ്മറ്റി യോഗത്തിൽ പങ്കെടുത്തു. ടി ഏജൻസികളുടെ സ്വയം സാക്ഷ്യപ്പെടുത്തൽ/ ഏജൻസി ഹാജരാക്കിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സന്നദ്ധ സംഘടനകൾ/ചാരിറ്റി സൊസൈറ്റി വിഭാഗങ്ങൾക്ക് നൽകുന്ന അഞ്ച് മാർക്ക് ഉൾപ്പെടുത്തിക്കൊണ്ട്,

1. M/s. Culture Shoppe Pvt. Ltd, Kowdiar- 68 മാർക്ക്

2. M/s. State Agri-Horticultural Development Co-operative Society Ltd. വെടിവെച്ചാൻകോവിൽ-44 മാർക്ക് നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതിയുടെ കരാർ 05-06-2020-ലെ 181/2020/ ടി.എസ്.എം. ഉത്തരവ് പ്രകാരം ഏത് സ്ഥാപനത്തിനാണ് നൽകിയത്; പ്രസ്തുത കരാറിന്റെ വിശദാംശം ലഭ്യമാക്കാമോ?

ഈ പദ്ധതിയുടെ കരാർ 05-06-2020-ലെ 181/2020/ടി.എസ്.എം. ഉത്തരവ് പ്രകാരം M/s. Culture Shoppe Pvt. Ltd, Kowdiar എന്ന ഏജൻസിക്കാണ് ലഭിച്ചത്. 17-08-2020-ന് ടൂറിസം ഡയറക്ടറും കൾച്ചറൽ ഷോപ്പി പ്രൈവറ്റ് ലിമിറ്റഡും ചേർന്ന് ഒപ്പുവച്ച കരാർ പ്രകാരം 1000 സ്ക്വയർ ഫീറ്റിൽ 400 ചെടികൾ നട്ടുപിടിപ്പിച്ച് വളർത്തുന്നതിനായി മെയിന്റനൻസ് ചാർജ്ജ് ഉൾപ്പെടെ 5,10,000/- രൂപ എന്ന നിരക്കിലാണ് കൾച്ചറൽ ഷോപ്പി എന്ന സ്ഥാപനം ഈ പ്രവൃത്തി ചെയ്യേണ്ടത്. ആദ്യത്തെ 6 മാസക്കാലം ഏജൻസി സൗജന്യമായി പരിപാലിക്കണമെന്നും തുടർന്നുള്ള 2 വർഷക്കാലം പെയ്ഡ് മെയിന്റനൻസ് കാലഘട്ടമായിരിക്കുമെന്നും കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഇ) പ്രസ്തുത ഉത്തരവ് പ്രകാരം അഞ്ച് ലക്ഷത്തി പതിനായിരം രൂപയ്ക്ക് നൂറ് സ്ക്വയർ മീറ്റർ കാട് വയ്ക്കുന്നതിന് കരാർ നേടിയ സ്ഥാപനം പിന്നീട് അഞ്ചരക്കോടിയിലധികം രൂപയ്ക്ക് കൂടുതൽ സ്ഥലത്ത് കാട് വയ്ക്കാൻ അപേക്ഷ സമർപ്പിച്ചിരുന്നോ; പ്രസ്തുത അപേക്ഷ ടൂറിസം വർക്കിംഗ് ഗ്രൂപ്പ് പരിഗണിച്ചിരുന്നോ; എങ്കിൽ തീരുമാനം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(എഫ്) പിന്നീട് പ്രസ്തുത സ്ഥാപനത്തിന് അവർ ആവശ്യപ്പെട്ട തുകയ്ക്ക് തന്നെ കരാർ നൽകാൻ തീരുമാനിച്ചതിന്റെ കാരണം വ്യക്തമാക്കുമോ; കരാർ പ്രകാരമുള്ള തുകയിലും അളവിലും വ്യത്യാസമുണ്ടായിട്ടും റീ-ടെണ്ടർ നടത്താൻ തയ്യാറാകാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

(ഇ&എഫ്) ഇല്ല. പദ്ധതി നടപ്പിലാക്കാൻ തെരഞ്ഞെടുത്ത ഏജൻസി ടെണ്ടറിൽ സ്ക്വയർ ഫീറ്റിന് 510/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. (Sq.ft. 390/- രൂപ പദ്ധതി നടപ്പിലാക്കാൻ, Sq.ft 120 മെയിന്റനൻസ്). അതിന്റെ അടിസ്ഥാനത്തിൽ ടൂറിസം വകുപ്പിന്റെ 12 ജില്ലാ ഓഫീസർമാരെക്കൊണ്ട് പദ്ധതി നടപ്പിലാക്കാനുള്ള സ്ഥല ലഭ്യത ഉറപ്പുവരുത്തുകയും 12 ജില്ലകളിലായി 22 സ്ഥലങ്ങളിൽ പദ്ധതി നടപ്പിലാക്കാൻ തീരുമാനിക്കുകയും ചെയ്തു. ആയത് പ്രകാരം തെരഞ്ഞെടുത്ത ഏജൻസി ക്വാട്ട് ചെയ്ത തുകയുടെ അടിസ്ഥാനത്തിൽ 5,79,89,279/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുകയും ടി എസ്റ്റിമേറ്റ് 24-08-2020-ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു.

## ലിറ്റിൽ ഇന്ത്യ കാസർഗോഡ് ടൂറിസം പദ്ധതി

153 (4869) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലിറ്റിൽ ഇന്ത്യ കാസർഗോഡ് ടൂറിസം പദ്ധതിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

കാസർഗോഡ് ജില്ലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങൾ കേരളത്തിനകത്തും പുറത്തും പരിചയപ്പെടുത്തുന്നതിന് കാസർഗോഡ് ഡി.ടി.പി.സി. തയ്യാറാക്കിയ ക്യാമ്പയിനാണ് "ലിറ്റിൽ ഇന്ത്യ കാസർഗോഡ്". 2021 ജൂലൈയിൽ ബ്രാൻഡ് ചെയ്ത കാമ്പയിനാണിത്. കാസർഗോഡിനെ പ്രോത്സാഹിപ്പിക്കാനുള്ള ശ്രമമാണ് ഡി.ടി.പി.സി. ഈ ബ്രാൻഡിംഗിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. കേരള വിനോദസഞ്ചാര വകുപ്പിന്റെ സ്ഥിതിവിവര കണക്കുകൾപ്രകാരം, കാസർഗോഡ് ജില്ലയിലേയ്ക്കുള്ള വിനോദസഞ്ചാരികളുടെ വരവ് മറ്റ് ജില്ലകളെ അപേക്ഷിച്ച് വളരെ കുറവായതിനാൽ ഈ ക്യാമ്പയിൻവഴി കാസർഗോഡിലെ അറിയപ്പെടാത്ത വിനോദസഞ്ചാര കേന്ദ്രങ്ങളെ പ്രോത്സാഹിപ്പിക്കാനും അവിടെ കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതോടൊപ്പം കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും നാടിന് പുരോഗതി കൈവരിക്കാനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പ്രസ്തുത പദ്ധതിക്ക് എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന്

അറിയിക്കാമോ?

പ്രസ്തുത പദ്ധതിക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ല. എന്നാൽ ടി പദ്ധതിയുടെ ഭാഗമായി വരുന്ന സോഷ്യൽ മീഡിയ ക്യാമ്പയിനും വെബ്സൈറ്റ് ക്രിയേഷനുമായി കാസർഗോഡുനിന്നും ഐ.ടി. പ്രൊഫഷണലുകളെവച്ച് സ്പോൺസർഷിപ്പിലൂടെ ചെയ്യാനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു.

(സി) പ്രസ്തുത പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; പദ്ധതിയുടെ നിർവ്വഹണ ഏജൻസിയെ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

കാസർഗോഡ് ഡി.ടി.പി.സി. നേരിട്ട് നടത്തുന്ന ടി പദ്ധതിയുടെ ഭാഗമായി വീഡിയോകൾ സോഷ്യൽ മീഡിയാ പേജിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കാസർഗോഡിന്റെ ടൂറിസം സാധ്യതകളും കാസർഗോഡിന്റെ തനതായ ഉത്പ്പന്നങ്ങളും പരമ്പരാഗത കലകളും പുറംലോകത്തിന് പരിചിതമാക്കാനാണ് ഈ പദ്ധതിയിലൂടെ ശ്രമിക്കുന്നത്.

**സ്വദേശി ദർശൻ പദ്ധതി**

154 (4870) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വദേശി ദർശൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കേന്ദ്ര ടൂറിസം വകുപ്പിന് പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ബി) കേന്ദ്ര ടൂറിസം വകുപ്പിന് സമർപ്പിച്ച പ്രൊപ്പോസലുകൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) ‘ ടൂറിസം ഡെവലപ്മെന്റ് അറ്റ് മലങ്കര ഡാം സറൗണ്ടിംഗ്സ് & ഇടുക്കി ഡാം സറൗണ്ടിംഗ്സ് ’ എന്ന പദ്ധതിക്കായി 182 കോടി രൂപയുടെ വിശദ പദ്ധതിരേഖ (ഡി.പി.ആർ.)-യും "കണ്ണൂർ പിൽഗ്രിം ടൂറിസം സർക്യൂട്ട് പദ്ധതി" -ക്കായി കൺസെപ്റ്റ് നോട്ടും തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെങ്കിലും ഇതുവരെ അംഗീകാരമോ അനുമതിയോ ലഭിച്ചിട്ടില്ല.

**വർക്കല ഗസ്റ്റ് ഹൗസ് നവീകരണം**

155 (4871) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല ഗസ്റ്റ് ഹൗസിന്റെ നവീകരണവും വിപുലീകരണവും സംബന്ധിച്ച പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ?

വർക്കല സർക്കാർ ഗസ്റ്റ് ഹൗസിന്റെ വിപുലീകരണവും നവീകരണവും സംബന്ധിച്ച പ്രവൃത്തി നിലവിൽ പുരോഗമിച്ചുവരുന്നു. പദ്ധതി ഘടകങ്ങളായ Construction of Duplex Cottages (4 എണ്ണം) - 50%, Construction of single Cottages (3 എണ്ണം) - 30%, Renovation of existing cottages - 25%, Construction of Conference hall - 35% പൂർത്തീകരിച്ചിട്ടുണ്ട്.

## കോവളം മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

156 (4872) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവളം മണ്ഡലത്തിൽ ടൂറിസം വകുപ്പ് 2016 മുതൽ നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്; അവയിൽ എത്ര പദ്ധതികൾ പൂർത്തീകരിച്ചുവെന്നും എത്ര പദ്ധതികൾ പൂർത്തീകരിക്കാനുണ്ടെന്നുമുള്ള വിശദാംശം നൽകുമോ?

പദ്ധതി വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## തമ്മാനിമറ്റം ടൂറിസം പദ്ധതി

157 (4873) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ പൂതൃക്ക ഗ്രാമപഞ്ചായത്തിലെ തമ്മാനിമറ്റം ടൂറിസം പദ്ധതിക്ക് അനുമതി നൽകുന്നതിലുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിക്കായി സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

(എ&ബി) ഉണ്ട്. തമ്മാനിമറ്റം നദീതീര സൗന്ദര്യവൽക്കരണ പദ്ധതിക്കായി തയ്യാറാക്കിയ വിശദ പദ്ധതി റിപ്പോർട്ട് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മേഖലയിലെ വെള്ളപ്പൊക്ക സാധ്യതയെക്കുറിച്ച് റിപ്പോർട്ട് നൽകാൻ ജലവിഭവ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരുന്നു. ഈ സ്ഥലത്ത് 2013-ൽ കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി (KEL) സ്ഥാപിച്ച തൂക്കുപാലം 2018-ലെ പ്രളയത്തിൽ തകർന്നുപോയതിനാൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി ഇത് പുനഃസ്ഥാപിക്കാനായി മണ്ണ്

പര്യവേഷണം ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കായി 2.50 ലക്ഷം രൂപയുടെ സാമ്പത്തികാനുമതിക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരിക്കുകയാണെന്നും ഈ പ്രവൃത്തി പൂർത്തിയാകുന്നമുറയ്ക്ക് വെള്ളപ്പൊക്ക സാധ്യതാ പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതാണെന്നും ഇറിഗേഷൻ ഡിവിഷൻ അറിയിച്ചിട്ടുണ്ട്.

(സി) തമ്മാനിമറ്റം ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

വെള്ളപ്പൊക്ക സാധ്യത സംബന്ധിച്ച പഠന റിപ്പോർട്ട് ജലവിഭവ വകുപ്പിൽനിന്ന് ലഭിക്കുന്നമുറയ്ക്ക് ഇക്കാര്യം പരിഗണിക്കാവുന്നതാണ്.

**പടിഞ്ഞാറെക്കരയിൽ സൂര്യാസ്തമന മുനമ്പ് നിർമ്മാണം**

158 (4874) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിലെ പുറത്തൂർ പഞ്ചായത്തിലെ ടൂറിസം കേന്ദ്രമായ പടിഞ്ഞാറെക്കരയിൽ സൂര്യാസ്തമന മുനമ്പ് നിർമ്മിക്കാൻ തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. പടിഞ്ഞാറേക്കര സൺ സെറ്റ് ബീച്ച് പാർക്ക് ടൂറിസം പദ്ധതിക്കായി 2 കോടി രൂപയുടെ ഭരണാനുമതി 21-08-2019-ലെ സ.ഉ. (സാധാ)നം.265/2019/ടൂറിസം നമ്പർ സർക്കാർ ഉത്തരവുപ്രകാരം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

പദ്ധതി 35% പൂർത്തീകരിച്ചു.

<u>ഘടകങ്ങൾ</u>

റാമ്പ് വെ-20%

പേവ്മെന്റ് -60%

കോൺക്രീറ്റ് ബെഞ്ചുകൾ-0%

സ്ട്രീറ്റ് ലൈറ്റുകൾ- 0%

ഇലക്ട്രിക്കൽ വർക്സ് - 0%

(സി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഈ പദ്ധതിയുടെ ഘടകങ്ങളിൽ അനിവാര്യമായ ചില മാറ്റങ്ങൾ വേണ്ടിവരുന്നതിനാൽ പുതുക്കിയ ഭരണാനുമതിക്കായുള്ള നടപടികൾ

സ്വീകരിച്ചുവരുന്നു. ആയത് ലഭ്യമാക്കിയശേഷം 6 മാസംകൊണ്ട് നിർമ്മാണം പൂർത്തീകരിക്കാവുന്നതാണ്.

## തമ്പുരാട്ടിപ്പാറയിൽ ടൂറിസം പദ്ധതി

159 (4875) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിലെ കിളിമാനൂർ ചാരുപാറ തമ്പുരാട്ടിപ്പാറയിൽ ടൂറിസം പദ്ധതി ആരംഭിക്കണമെന്ന അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥലം സന്ദർശിച്ച വകുപ്പ് അധികൃതർക്ക് അവിടെ ആരംഭിക്കാൻ അനുയോജ്യമായ പദ്ധതി ഏതായിരിക്കുമെന്നത് സംബന്ധിച്ച് നിർദ്ദേശം നൽകാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

(എ&ബി) ടൂറിസം സാധ്യത പരിശോധിച്ച് ആവശ്യമായ തുടർനടപടി സ്വീകരിക്കാവുന്നതാണ്.

## കൊല്ലത്തുനിന്നും കാട്ടിൽ മേക്കതിൽ ക്ഷേത്രം വഴി ബോട്ട് സർവ്വീസ്

160 (4876) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലത്ത് നിന്നും കാട്ടിൽ മേക്കതിൽ ക്ഷേത്രംവഴി കരുനാഗപ്പള്ളിയിലേയ്ക്ക് ബോട്ട് സർവ്വീസ് ആരംഭിക്കുന്നത് വിനോദസഞ്ചാര വകുപ്പിന്റെ പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ?

പരിഗണനയിലില്ല.

(ബി) പന്മന വട്ടക്കായലിൽ പണി പൂർത്തിയാക്കിയ ബോട്ട്ജെട്ടിയിൽ ബോട്ടുകൾ അടുപ്പിക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി വകുപ്പ് സ്വീകരിക്കുമോ?

ഇക്കാര്യം പരിശോധിച്ച് ഉചിത നടപടി സ്വീകരിക്കുന്നതാണ്.

**ബേക്കൽകോട്ടയുടെ പരിപാലനം**

161 (4877) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേക്കൽ കോട്ട സ്ഥിതി ചെയ്യുന്ന പ്രദേശത്തെ എത്ര ഏക്കർ ഭൂമി പൊതുമരാമത്ത് വകുപ്പിന്റെ കൈവശമുണ്ടെന്ന് അറിയിക്കാമോ?

ബേക്കൽ കോട്ട സ്ഥിതിചെയ്യുന്ന പ്രദേശത്ത് 3.52 ഏക്കർ സ്ഥലം പൊതുമരാമത്ത് വകുപ്പിന്റെ കൈവശമുണ്ട്.

(ബി) ബേക്കൽ കോട്ട സ്ഥിതി ചെയ്യുന്ന സ്ഥലവും അവിടെയുള്ള റസ്റ്റ് ഹൗസും നിലവിൽ ആരുടെ കൈവശമാണുള്ളതെന്ന് അറിയിക്കാമോ?

ബേക്കൽ കോട്ട സ്ഥിതിചെയ്യുന്ന സ്ഥലം കേന്ദ്ര പുരാവസ്തു വകുപ്പിന്റെ കീഴിലാണുള്ളത്. അവിടെയുള്ള റസ്റ്റ് ഹൗസും 20 സെന്റ് സ്ഥലവും 08-02-2006-ലെ ജി.ഒ.(എം.എസ്.)നം. 8/2006/പി.ഡബ്ല്യു.ഡി. പ്രകാരം പാട്ടകരാർ വ്യവസ്ഥയിൽ ടൂറിസം വകുപ്പിന് കൈമാറിയിട്ടുണ്ട്.

(സി) പ്രസ്തുത സ്ഥലം ആർക്കെങ്കിലും പാട്ടക്കരാർ വ്യവസ്ഥയിൽ നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

പ്രസ്തുത റസ്റ്റ് ഹൗസ് കെട്ടിടങ്ങൾ പുനരുദ്ധരിക്കുന്നതിനും നടത്തിപ്പിനുമായി ബി.ആർ.ഡി.സി.-ക്ക് കൈമാറിയിരുന്നു. പുനരുദ്ധാരണ പ്രവൃത്തികൾ നടത്തുന്നതിന് കേന്ദ്ര പുരാവസ്തു വകുപ്പിന്റെ അനുമതി ആവശ്യമാണ്. കേന്ദ്ര പുരാവസ്തു വകുപ്പിന് കെട്ടിടവും പരിസരവും വിട്ടുനൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

(ഡി) പാട്ടക്കരാർ ഏറ്റെടുത്ത ഏജൻസി അറ്റകുറ്റപ്പണികൾ ചെയ്യാത്തതിനാൽ ചരിത്ര പ്രാധാന്യമുള്ള പ്രസ്തുത കെട്ടിടം

നിലംപൊത്താറായ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ബി.ആർ.ഡി.സി. പ്രസ്തുത റസ്റ്റ് ഹൗസിന്റെ ആദ്യഘട്ട നവീകരണം നടത്തിയിരുന്നു. തുടർപ്രവർത്തനങ്ങൾ തടസ്സപ്പെട്ടതിനാൽ ശോചനീയ നിലയിലാണ്. ശോചനീയമായ കെട്ടിടവും പരിസരവും പുനരുദ്ധാരണത്തിനായി കേന്ദ്ര പുരാവസ്തു വകുപ്പിന് ബി.ആർ.ഡി.സി. അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത സ്ഥലവും റസ്റ്റ് ഹൗസും പ്രയോജനപ്പെടുത്തി ബേക്കൽ ടൂറിസ്റ്റ് കേന്ദ്രത്തിൽ സഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള ആധുനിക പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശം അറിയിക്കാമോ?

റസ്റ്റ് ഹൗസ് കെട്ടിടങ്ങൾ പ്രയോജനപ്പെടുത്തി ഒരു ഇന്റർപ്രട്ടേഷൻ സെന്ററും മ്യൂസിയവും ഉൾപ്പെടെ ടൂറിസ്റ്റുകൾക്കുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനായി ബി.ആർ.ഡി.സി. ഒരു പദ്ധതി തയ്യാറാക്കി കേന്ദ്ര പുരാവസ്തു വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.

## തിരൂരങ്ങാടി മണ്ഡലത്തിലെ ടൂറിസം പ്രവൃത്തികൾ

162 (4878) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ടൂറിസം പ്രവൃത്തികൾ വിശദമാക്കാമോ?

തിരൂരങ്ങാടി മണ്ഡലത്തിൽ നിലവിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ടൂറിസം പദ്ധതികളൊന്നുമില്ല.

(ബി) തിരൂരങ്ങാടി മണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്തിലെ കൊടിഞ്ഞി ഇരുകുളം സൗന്ദര്യവത്കരണ പ്രവൃത്തിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട വിശദാംശം ലഭ്യമാക്കാമോ?

തിരൂരങ്ങാടി മണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്തിലെ കൊടിഞ്ഞി ഇരുകുളം ടൂറിസം പദ്ധതിക്കായി ബഹു. എം.എൽ.എ 09-06-2021-ൽ സർക്കാരിന് നൽകിയ നിവേദനം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതിയുടെ ടൂറിസം സാധ്യത കണക്കിലെടുത്ത് ടൂറിസം വകുപ്പിന്റെ ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായുള്ള നടപടി നന്നമ്പ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന സ്വീകരിച്ചിട്ടുണ്ട്.

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം-ഒറ്റപ്പാലം നിയോജകമണ്ഡലം**

163 (4879) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പദ്ധതികൾ അനുവദിച്ചിട്ടുള്ള വിദ്യാലയങ്ങളുടെ പേരും ഓരോ വിദ്യാലയത്തിനും അനുവദിച്ച തുകയും വ്യക്തമാക്കുമോ;

(ബി) ഇവയിൽ പ്രവൃത്തി പൂർത്തീകരിച്ച വിദ്യാലയങ്ങൾ ഏതെല്ലാം; ഭരണാനുമതി ലഭിച്ചിട്ടും പ്രവൃത്തി തുടങ്ങാത്ത സ്കൂളുകളിൽ പ്രവൃത്തി ഉടൻ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി ഫണ്ട് അനുവദിച്ചിട്ടുള്ള സ്കൂളുകളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

5 കോടി കിഫ്ബി ഫണ്ട് -

5 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട പുലാപ്പറ്റ എം.എൻ.കെ.എം. ഗവ. എച്ച്.എസ്.എസ്-ന്റെ നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം നിർവ്വഹിച്ചു.

<u>3 കോടി കിഫ്ബി ഫണ്ട്</u> -

3 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട ജി.എച്ച്.എസ്.എസ്. കടമ്പൂർ സ്കൂളിന്റെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. ഫീസിബിലിറ്റി സ്റ്റഡി നടത്തി. പുതുക്കിയ DSR/GST നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകുന്ന മുറയ്ക്ക് നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ഒറ്റപ്പാലം ജി.എച്ച്.എസ്.എസ്.-ന്റെ ഫീസിബിലിറ്റി സ്റ്റഡി നടത്തി. ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചിരിക്കുന്നു. അംഗീകരിക്കുന്നമുറയ്ക്ക് നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

<u>1 കോടി കിഫ്ബി ഫണ്ട്</u> -

1 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട ജി.എച്ച്.എസ്.എസ്. മുന്നൂർക്കോട് സ്കൂളിന്റെ നിർമ്മാണം 70 ശതമാനത്തോളം പൂർത്തീകരിച്ചു.

ജി.യു.പി.എസ്. കടമ്പഴിപ്പുറം സ്കൂളിന്റെ നിർമ്മാണം 90 ശതമാനത്തോളം പൂർത്തീകരിച്ചു.

ജി.എച്ച്.എസ്. മാണിക്ക്യപ്പറമ്പ് സ്കൂളിന്റെ നിർമ്മാണം പൂർത്തിയായി. ഉദ്ഘാടനം നിർവ്വഹിച്ചു.

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

164 (4880) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ ഉൾപ്പെടുത്തി കേരളത്തിലെ പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പുതിയ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം നടത്തുന്നതിന് എത്ര രൂപയാണ് അനുവദിച്ചതെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ ഉൾപ്പെടുത്തി കേരളത്തിലെ പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 5 കോടി, 3 കോടി, 1 കോടി കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി പുതിയ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം നടത്തുന്നതിന് അനുവദിച്ച തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| **ജില്ല** | **കിഫ്ബി അനുവദിച്ച തുക (തുക കോടിയിൽ)** |
|---|---|
| തിരുവനന്തപുരം | 239 |
| കൊല്ലം | 188 |
| ആലപ്പുഴ | 117 |

| | |
|---|---|
| പത്തനംതിട്ട | 61 |
| ഇടുക്കി | 55 |
| കോട്ടയം | 66 |
| പാലക്കാട് | 219 |
| എറണാകുളം | 127 |
| തൃശ്ശൂർ | 163 |
| മലപ്പുറം | 410 |
| വയനാട് | 89 |
| കോഴിക്കോട് | 231 |
| കണ്ണൂർ | 200 |
| കാസർഗോഡ് | 159 |

(ബി) ഇതിന്റെ നിർമ്മാണച്ചുമതല ഏതൊക്കെ ഏജൻസികൾക്കാണ് നൽകിയിട്ടുള്ളതെന്നും ഓരോ ഏജൻസിക്കും എത്ര വീതം സ്കൂളുകളുടെ നിർമ്മാണമാണ് നൽകിയിട്ടുള്ളതെന്നുമുള്ള വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 5 കോടി, 3 കോടി, 1 കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി കില, കൈറ്റ്, വാപ്കോസ്, ഇൻകെൽ, കിറ്റ്കോ, തീരദേശ വികസന കോർപ്പറേഷൻ എന്നീ ഏജൻസികൾക്കാണ് നിർമ്മാണച്ചുമതല നൽകിയിട്ടുള്ളത്. ഓരോ ഏജൻസിക്കും നിർമ്മാണച്ചുമതല നൽകിയിട്ടുള്ള സ്കൂളുകളുടെ ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) നിർമ്മാണച്ചുമതല ഏറ്റെടുത്ത ഏജൻസികൾ പൂർത്തിയാക്കിയ നിർമ്മാണ പ്രവൃത്തികൾ എത്ര, പൂർത്തിയാക്കാനുള്ളവ എത്ര എന്നത് സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; ഏതെങ്കിലും സ്കൂളുകളുടെ നിർമ്മാണം ഇനിയും ആരംഭിച്ചിട്ടില്ലെങ്കിൽ അവ ഏതൊക്കെയെന്നും അതിന്റെ കാരണം എന്തെന്നും വിശദമാക്കാമോ?

5 കോടി പദ്ധതിയിലുൾപ്പെട്ട 119 സ്കൂളുകളുടേയും 3 കോടി പദ്ധതിയിലുൾപ്പെട്ട 126 സ്കൂളുകളുടേയും 1 കോടി പദ്ധതിയിലുൾപ്പെട്ട 17 സ്കൂളുകളുടേയും നിർമ്മാണം പൂർത്തിയായി. നിർമ്മാണച്ചുമതല ഏറ്റെടുത്ത ഏജൻസികൾ പൂർത്തിയാക്കിയ നിർമ്മാണ പ്രവൃത്തികൾ, ഇനിയും പൂർത്തിയാക്കാനുള്ളവ, നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന സ്കൂളുകൾ എന്നിവ സംബന്ധിച്ച ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്+.

(ഡി) ആലപ്പുഴ ജില്ലയിൽ കില നിർമ്മാണച്ചുമതല ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സ്കൂളുകളുടെ നിർമ്മാണ ചുമതലയാണ് ഈ ഏജൻസിക്കുള്ളത്; ഓരോന്നിന്റെയും നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ; എന്നത്തേയ്ക്ക് ഈ നിർമ്മാണം പൂർത്തിയാക്കാനാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

ഉണ്ട്. ആലപ്പുഴ ജില്ലയിൽ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി കില നിർമ്മാണച്ചുമതല ഏറ്റെടുത്തിട്ടുള്ള 28 സ്കൂളുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ചേർത്തല എസ്.എൻ.എം.ജി.ബി.എച്ച്.എസ്.എസ്, തണ്ണീർമുക്കം ജി.എച്ച്.എസ്.എസ്, കായംകുളം ജി.ജി.എച്ച്.എസ്.എസ്., കുടശ്ശനാട് ജി.എസ്.വി.എച്ച്.എസ്.എസ്., മറ്റത്തിൽഭാഗം ജി.എൽ.പി.എസ്., മാവേലിക്കര ജി.വി.എച്ച്.എസ്.എസ്., കുന്നം ജി.എച്ച്.എസ്.എസ്., ബുധനൂർ ജി.എച്ച്.എസ്.എസ്., തമ്പകച്ചുവട് ജി.യു.പി.എസ്., വലിയഴീക്കൽ ജി.എച്ച്.എസ്.എസ്. എന്നീ സ്കൂളുകളുടെ ഡി.പി.ആർ. സാങ്കേതികാനുമതിക്കായി സമർപ്പിച്ചിരിക്കുന്നു.

പട്ടണക്കാട് എസ്.സി.യു.ജി.വി.എച്ച്.എസ്.എസ്., ആര്യാട് ജി.വി.എച്ച്.എസ്.എസ്., ചുനക്കര ജി.എച്ച്.എസ്.എസ്. എന്നീ സ്കൂളുകളുടെ ഫീസിബിലിറ്റി സ്റ്റഡി നടത്തി പുതിയ ഡി.എസ്.ആർ./ജി.എസ്.ടി. നിരക്കിൽ ഭരണാനുമതി ലഭ്യമായിട്ടുണ്ട്, ഇതനുസരിച്ച് എസ്റ്റിമേറ്റിൽ ഭേദഗതി വരുത്തി സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഹരിപ്പാട് ജി.ബി.എച്ച്.എസ്.എസ്.- എഗ്രിമെന്റ് ഒപ്പുവച്ചു, സാങ്കേതികാനുമതി ലഭ്യമായി.

നീർക്കുന്നം എസ്.ഡി.വി.ജി.യു.പി.എസ്. - ഡി.പി.ആർ. തയ്യാറായി വരുന്നു.

കണിച്ചുനല്ലൂർ ജി.എൽ.പി.എസ്., ഓടമ്പള്ളി ജി.യു.പി.എസ്., കരുമാടി കെ.കെ.പി.എസ്.ജി.എച്ച്.എസ്., ഗവ. മോഡൽ ബി.എച്ച്.എസ്.എസ്. ആലപ്പുഴ എന്നീ സ്കൂളുകൾക്ക് 16-06-2022-ലെ G.O(Rt)No. 3632/2022/GEDN പ്രകാരം ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

ആയാപ്പറമ്പ് ജി.എച്ച്.എസ്.എസ്. - 30% നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

വയലാർ വി.ആർ.വി.എം.ജി.എച്ച്.എസ്. - ടെണ്ടർ നടപടികൾ സ്വീകരിച്ചിരുന്നു, എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ കരാർ റദ്ദാക്കുകയുണ്ടായി.

വെളിയംകുളം ജി.യു.പി. സ്കൂളിന്റെ 73% നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

തേവർവട്ടം ജി.എച്ച്.എസ്. സ്കൂളിന്റെ സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്, മണ്ണ് പരിശോധന നടന്നുവരുന്നു.

പെരുമ്പളം ജി.വി.എച്ച്.എസ്.-ന്റെ സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്, ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

അങ്ങാടിക്കൽ സൗത്ത് ജി.എച്ച്.എസ്.എസ്.-ന്റെ സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിച്ചു.

ചെട്ടിക്കാട് എസ്.സി.എം.വി.ജി.യു.പി. സ്കൂൾ കെട്ടിട നിർമ്മാണചട്ടം (കെ.എം.ബി.ആർ., കെ.പി.ബി.ആർ.) ലംഘനമുള്ള സ്കൂളുകളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സ്കൂളാണ്.

ആലപ്പുഴ ജി.ജി.എച്ച്.എസ്.എസ്.-ന്റെ 89% നിർമ്മാണം പൂർത്തിയായി.

അമ്പലപ്പുഴ കെ.കെ.പി.എം.ജി.എച്ച്.എസ്.എസ്.-ന്റെ 39% നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

## ആറളം ഫാം സ്കൂളിലെ സ്ഥിര അദ്ധ്യാപക നിയമനം

165 (4881) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ പുനരധിവാസ മേഖലയിലെ ആറളം ഫാം സ്കൂളിൽ 2019-ൽ ഹയർ സെക്കന്ററി വിഭാഗം ആരംഭിച്ചിരുന്നുവെങ്കിലും പ്രസ്തുത വിഭാഗത്തിൽ നാളിതുവരെ സ്ഥിരം അദ്ധ്യാപകരെ നിയമിച്ചിട്ടില്ലെന്നതും സ്ഥിരം അദ്ധ്യാപകരുടെ അഭാവം വിദ്യാർത്ഥികളുടെ റിസൾട്ടിനെ ബാധിച്ചിട്ടുണ്ടെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സ്ഥിരം അദ്ധ്യാപകരുടെ അഭാവം വിദ്യാർത്ഥികളുടെ റിസൾട്ടിനെ ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അദ്ധ്യാപനത്തിന് മതിയായ യോഗ്യതയുള്ളവരെ ഗസ്റ്റ് അദ്ധ്യാപകരായി നിയമിക്കുന്നുണ്ട്.

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സ്കൂളിലെ ഹയർ സെക്കന്ററി വിഭാഗത്തിൽ സ്ഥിര അദ്ധ്യാപക നിയമനത്തിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ടി സ്കൂളിൽ പ്രിൻസിപ്പൽ തസ്തിക അനുവദിച്ചിട്ടുണ്ട്. മറ്റ് തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

## എയ്ഡഡ് സ്കൂളുകളിലെ നിയമനത്തിന് പുതിയ സംവിധാനം

166 (4882) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ എയ്ഡഡ് സ്കൂളുകളിൽ മാനേജ്മെന്റ് നിയമനം നടത്തി അപ്രൂവലിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിന്മേൽ അനുമതി ലഭിക്കാത്തതുമൂലം നിയമനം ലഭിച്ച അദ്ധ്യാപകർ വിഷമാവസ്ഥയിലായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം അപേക്ഷകൾ അദാലത്തിലൂടെ പരിഗണിച്ച് അർഹതയുള്ള അപേക്ഷകൾ തീർപ്പാക്കി നിയമന ഉത്തരവ് അംഗീകരിക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമോ?

അർഹതയുള്ള അപേക്ഷകൾ നിലവിലുള്ള സർക്കാർ ഉത്തരവുകളുടെയും കോടതി വിധിയുടെയും അടിസ്ഥാനത്തിൽ തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ മാനേജ്മെന്റുകൾ നടത്തുന്ന നിയമനങ്ങൾ മൂലമുണ്ടാകുന്ന ഉദ്യോഗാർത്ഥികളുടെ വിഷമതകൾ പരിഗണിച്ച് നിയമന അപേക്ഷകൾ സർക്കാർ അനുമതിയോടുകൂടി മാത്രം സ്വീകരിക്കാവുന്ന സംവിധാനം നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കാമോ?

വ്യവസ്ഥാപിതമായ ഒഴിവുകളിലേയ്ക്ക് മാത്രം നിയമനം നടത്താൻ സാധിക്കുന്ന രീതിയിൽ "സമന്വയ സോഫ്റ്റ്‌വെയറിൽ" ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ്

167 (4883) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21, 2021-22 എന്നീ അധ്യയന വർഷങ്ങളിൽ സംസ്ഥാനത്ത് നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പിന് അപേക്ഷിച്ചവർ, അർഹത നേടിയവർ, തുക ലഭിച്ചവർ, വെയ്റ്റിംഗ് ലിസ്റ്റിൽ ഉൾപ്പെട്ടവർ എന്നിവരുടെ എണ്ണം ജില്ല തിരിച്ച് നൽകാമോ?

2020-21, 2021-22 വർഷങ്ങളിലെ വിശദാംശം അനുബന്ധം I, II ആയി ചേർത്തിരിക്കുന്നു.+ അർഹതപ്പെട്ട കുട്ടികളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഡി.ബി.ടി. വഴി തുക അനുവദിക്കുന്ന നടപടികൾ പൂർണ്ണമായും കേന്ദ്രവിദ്യാഭ്യാസ മന്ത്രാലയം മുഖേനയാണ്. ആയതിനാൽ സ്കോളർഷിപ്പ് തുക അനുവദിച്ചതിന്റെ വിശദാംശം സംസ്ഥാന സർക്കാരിൽ ലഭ്യമല്ല.

(ബി) ഓരോ ജില്ലയിലും സ്കോളർഷിപ്പ് നേടിയ ആദ്യ മൂന്ന്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ഥാനക്കാരുടെയും അവരുടെ വിദ്യാലയങ്ങളുടെയും പേര് വിവരങ്ങൾ വെളിപ്പെടുത്തുമോ?

2020-21, 2021-22 വർഷങ്ങളിലെ വിശദാംശം അനുബന്ധം III, IV ആയി ചേർത്തിരിക്കുന്നു+.

(സി) രണ്ട് വർഷങ്ങളിലും കട്ട് ഓഫ് മാർക്ക് എത്രയായിരുന്നുവെന്നും യോഗ്യത നേടിയവർ എത്ര ശതമാനമായിരുന്നുവെന്നുമുള്ള വിശദാംശം നൽകുമോ; വിജയശതമാനം വർദ്ധിപ്പിക്കാൻ പ്രത്യേക പരിശീലനം നൽകാൻ വകുപ്പ് തലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകാമോ?

2020-21, 2021-22 വർഷങ്ങളിലെ കട്ട് ഓഫ് മാർക്ക് വിവരങ്ങൾ, വിജയശതമാനം എന്നിവ അനുബന്ധം V, VI, VII, VIII ആയി ചേർത്തിരിക്കുന്നു+. സംസ്ഥാനത്തിന് ആകെ 3473 സ്കോളർഷിപ്പുകളാണ് അനുവദിച്ചിട്ടുള്ളത്. അനുവദിക്കപ്പെട്ട സ്കോളർഷിപ്പുകളുടെ എണ്ണത്തേക്കാൾ പതിൻമടങ്ങ് കുട്ടികൾ എല്ലാ വർഷവും യോഗ്യരാകുന്നുണ്ട്.

(ഡി) രണ്ട് അധ്യയന വർഷങ്ങളിലും മലപ്പുറം ജില്ലയിൽനിന്നും സ്കോളർഷിപ്പിന് അർഹത നേടിയവരുടെ എണ്ണം, പേര് വിവരങ്ങൾ എന്നിവ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിദ്യാലയാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

2020-21, 2021-22 വർഷങ്ങളിലെ വിശദാംശങ്ങൾ അനുബന്ധം IX, X ആയി ചേർത്തിരിക്കുന്നു.+

## പ്ലസ് ടു സ്റ്റാഫ് ഫിക്സേഷൻ

168 (4884) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 വർഷത്തിൽ പ്ലസ് ടു അനുവദിച്ച സ്കൂളുകളിൽ സ്റ്റാഫ് ഫിക്സേഷൻ നടത്തിയിട്ടുണ്ടോ; അറിയിക്കാമോ?

എല്ലാ സ്കൂളുകളിലും സ്റ്റാഫ് ഫിക്സേഷൻ നടത്തിയിട്ടില്ല.

(ബി) പ്രസ്തുത സ്കൂളുകളിലെ അദ്ധ്യാപകർ കഴിഞ്ഞ ഏഴുവർഷക്കാലമായി ശമ്പളമില്ലാതെ ജോലി ചെയ്യുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വിഷയത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

ഏഴുവർഷക്കാലമായി ശമ്പളമില്ലാതെ ജോലി ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2014-15, 2015-16 വർഷങ്ങളിൽ പുതിയ ബാച്ചുകൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുവദിച്ചത് സ്ഥിരനിയമനം നടക്കുന്നത് വരെ ദിവസവേതന അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കാമെന്ന വ്യവസ്ഥയോടെയാണ്.

(സി) 2015-16-ൽ പ്ലസ് ടു അനുവദിച്ച ഏതെങ്കിലും സ്കൂളിൽ സ്റ്റാഫ് ഫിക്സേഷൻ നടത്താനുണ്ടെങ്കിൽ ആയതിന്റെ കാരണം അറിയിക്കാമോ;

(ഡി) സ്റ്റാഫ് ഫിക്സേഷൻ പൂർത്തീകരിക്കാത്ത സ്കൂളുകളിൽ ആയത് എന്ന് പൂർത്തീകരിക്കുമെന്ന് അറിയിക്കാമോ?

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

## പഠന സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടി

169 (4885) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് സ്കൂളുകൾ പൊളിച്ച് മാറ്റുന്നതിനാൽ കുട്ടികൾക്ക് പഠിക്കാൻ പകരം സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അറിയിക്കാമോ?

ഉണ്ട്. പൊളിച്ചുമാറ്റാത്ത സ്കൂൾ കെട്ടിടങ്ങളിലേയ്ക്ക് ക്ലാസ്സുകൾ മാറ്റി ക്രമീകരിക്കുകയും താൽക്കാലികമായി ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സമീപമുള്ള സ്കൂളുകളിലേയ്ക്കും ക്ലാസ്സുകൾ ക്രമീകരിച്ച്

നൽകിവരുന്നുണ്ട്.

(ബി) വിദ്യാഭ്യാസ സ്ഥാപനങ്ങൾ പൊളിക്കുമ്പോൾ കെട്ടിടത്തിന്റെ വിലയായി ലഭിക്കുന്ന തുക ഉപയോഗിച്ച് സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകുമോ?

വിദ്യാഭ്യാസ സ്ഥാപനങ്ങൾ പൊളിക്കുമ്പോൾ കെട്ടിടത്തിന്റെ വിലയായി ലഭിക്കുന്ന തുക ഉപയോഗിച്ച് സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നത് സംബന്ധിച്ചുള്ള വിഷയം പരിശോധിക്കുന്നതാണ്.

(സി) എൻ.എച്ച്. 66 വികസനവുമായി ബന്ധപ്പെട്ട് കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ പൊളിച്ച് മാറ്റേണ്ടിവരുന്ന സ്കൂൾ കെട്ടിടങ്ങൾ എത്രയാണെന്നുള്ള വിവരം പട്ടികസഹിതം നൽകുമോ?

എൻ.എച്ച്-66 വികസനവുമായി ബന്ധപ്പെട്ട് കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ പൊളിച്ചുമാറ്റേണ്ടി വരുന്ന സ്കൂൾ കെട്ടിടങ്ങളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്കൂൾ | പൊളിച്ചുമാറ്റുന്ന ക്ലാസ്സ് മുറികളുടെ എണ്ണം |
|---|---|---|
| 1 | ഗവൺമെന്റ് ബോയ്സ് എച്ച്.എസ്., ചവറ | 8 |
| 2 | ഗവൺമെന്റ് ബോയ്സ് എച്ച്.എസ്., കരുനാഗപ്പള്ളി | 22 |
| 3 | ഗവൺമെന്റ് എച്ച്.എസ്.എൻ.ടി.വി. | 2 |

| | | |
|---|---|---|
| | സംസ്കൃത യു.പി.എസ്., പുന്നക്കുളം | |
| 4 | ഗവൺമെന്റ് മുസ്ലീം എൽ.പി.എസ്., കരുനാഗപ്പള്ളി | പാചകപ്പുര |

## എച്ച്.എസ്.എസ്.ടി. തസ്തിക പുനർവിന്യാസവും പ്രൊമോഷനും

170 (4886) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19, 2019-20 കാലഘട്ടത്തിൽ മതിയായ പഠിതാക്കൾ ഇല്ലാത്തതിനാൽ തെക്കൻ ജില്ലകളിൽനിന്നും വടക്കൻ ജില്ലകളിലേയ്ക്ക് മാറ്റം ചെയ്യപ്പെട്ട ഗവ. ഹയർ സെക്കന്ററി സ്കൂളുകളിലെ ബാച്ചുകളിലേയ്ക്കുള്ള തസ്തിക പുനർവിന്യാസവുമായി ബന്ധപ്പെട്ട ഫയലുകളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

തസ്തിക പുനർവിന്യാസവുമായി ബന്ധപ്പെട്ട തുടർനടപടികൾ പൂർത്തിയായിട്ടില്ല. ബന്ധപ്പെട്ട ആർ.ഡി.ഡി.-മാരിൽനിന്നും റിപ്പോർട്ട് വാങ്ങി ആയത് പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഹയർ സെക്കന്ററി ഗണിതശാസ്ത്രം സീനിയർ തസ്തികയിൽ കഴിഞ്ഞ 5 വർഷങ്ങളിലായുണ്ടായ വിരമിക്കൽ ഒഴിവുകളിൽ ഭൂരിഭാഗവും ഗവ. ഹൈസ്കൂൾ പ്രധാനാദ്ധ്യാപകരുടെ പ്രിൻസിപ്പാൾ പ്രൊമോഷൻമൂലം

നികത്തപ്പെട്ടതിനാൽ, നിലവിലെ എച്ച്.എസ്.എസ്.ടി. ജൂനിയർ ഗണിതശാസ്ത്രം റാങ്ക് ലിസ്റ്റിൽനിന്നും മതിയായ നിയമനങ്ങൾ നടന്നിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ചതും സ്വീകരിച്ചുവരുന്നതുമായ നടപടിക്രമങ്ങൾ വ്യക്തമാക്കാമോ?

16-04-2001-ലെ ജി.ഒ(പി)നം.144/2001/പൊ.വി.വ. പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഹയർ സെക്കണ്ടറി സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് അനുവദിച്ച് എച്ച്.എസ്.എസ്.ടി. പ്രിൻസിപ്പാൾ തസ്തികയിലെ ഒഴിവുകൾ 2:1 അനുപാതത്തിൽ എച്ച്.എസ്.എസ്.ടി., എച്ച്.എം. എന്നിവയിൽ നിന്നുമാണ് നികത്തുന്നത്. ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പാൾ തസ്തിക ഒരു ടീച്ചിംഗ് പോസ്റ്റ് കൂടി ആയതിനാൽ എച്ച്.എം. തസ്തികയിൽനിന്നും പ്രിൻസിപ്പാൾ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുന്നതിനായി എച്ച്.എസ്.എസ്.ടി. തസ്തികയിലെ ഒഴിവുകൾ മാറ്റിവയ്ക്കേണ്ടതുണ്ട്. സ്പെഷ്യൽ റൂൾ പ്രകാരമാണ് ടി പ്രിൻസിപ്പാൾ നിയമനം നടക്കുന്നത്. അപ്രകാരം നിയമനം നൽകുമ്പോൾ റാങ്ക് ലിസ്റ്റിൽനിന്നുള്ള നിയമനത്തിൽ കുറവുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പൊതുവിദ്യാഭ്യാസ മേഖലയിലെ ക്രമക്കേടുകൾ**

171 (4887) <u>ശ്രീ. ടി. വി. ഇബ്രാഹിം:</u>

<u>ശ്രീ. പി. ഉബൈദുള്ള:</u>
<u>ശ്രീ. യു. എ. ലത്തീഫ്:</u>
<u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപേക്ഷകളിലും ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിലും പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലും ഡിസ്ട്രിക്ട് എഡ്യൂക്കേഷണൽ ഓഫീസ്, അസിസ്റ്റന്റ് എഡ്യൂക്കേഷണൽ ഓഫീസ് എന്നിവിടങ്ങളിലും വ്യാപകമായ ക്രമക്കേടുകൾ നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ?

കണ്ടെത്തിയിട്ടില്ല.

(ബി) സർവ്വീസ് സംബന്ധമായ അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) എയ്ഡഡ് സ്കൂൾ ഉദ്യോഗസ്ഥരുടെ വിവിധ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് കൈക്കൂലി ആവശ്യപ്പെടുന്നതായി പരാതി ഉണ്ടായിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഫയലുകൾ തീർപ്പാക്കുന്നതിൽ അനാവശ്യ കാലതാമസം വരുത്തുന്നവർക്കെതിരെ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ

ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരവും കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം-III പ്രകാരവുമാണ് അച്ചടക്ക നടപടികൾ സ്വീകരിക്കുന്നത്.

**ചലഞ്ച് ഫണ്ട്**

172 (4888) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ച ചലഞ്ച് ഫണ്ട് പദ്ധതിയിലേയ്ക്ക് പുതിയ അപേക്ഷ ക്ഷണിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഉണ്ട്. ചലഞ്ച് ഫണ്ട് പദ്ധതിപ്രകാരം തുക അനുവദിക്കുന്നതിനായി മാനദണ്ഡങ്ങൾക്കനുസരിച്ച് നൽകിയിട്ടുള്ള പ്രൊപ്പോസലുകൾ ഭരണാനുമതി ലഭ്യമാക്കുന്നതിനായി പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതി പ്രകാരം പണി പൂർത്തിയാക്കി ബില്ലുകൾ അംഗീകരിച്ച് സമർപ്പിച്ച സ്കൂളുകൾക്ക് തുക ലഭ്യമാക്കുന്നതിനാവശ്യമായ

നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ചലഞ്ച് ഫണ്ട് പദ്ധതിപ്രകാരം ബില്ലുകൾ നൽകിയ സ്കൂളുകൾക്ക് തുക അനുവദിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

## കാസർഗോഡ് ജില്ലയിലെ പ്ലസ് വൺ സീറ്റുകൾ

173 (4889) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര കുട്ടികൾ 2022-ലെ എസ്.എസ്.എൽ.സി. പരീക്ഷ വിജയിച്ചുവെന്ന് പഞ്ചായത്ത്, മുനിസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കാമോ?

അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) പ്രസ്തുത ജില്ലയിൽ ജയിച്ച കുട്ടികൾക്ക് അതാത് പഞ്ചായത്ത്, മുനിസിപ്പാലിറ്റികളിൽ തുടർപഠനത്തിന് സൗകര്യമുണ്ടോയെന്ന് വ്യക്തമാക്കാമോ?

2021-22 അദ്ധ്യയന വർഷം താൽക്കാലികമായി അനുവദിച്ച 75 ബാച്ചുകളും ഷിഫ്റ്റ് ചെയ്ത 4 ബാച്ചുകളും തുടരുന്നതിനോടൊപ്പം കഴിഞ്ഞ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വർഷം സ്വീകരിച്ച നടപടികൾ തുടർന്നാൽത്തന്നെ ഉപരിപഠനത്തിന് യോഗ്യത നേടിയ എല്ലാ വിദ്യാർത്ഥികളുടെയും പ്രവേശനം സാധ്യമാകുന്നതാണ്. കഴിഞ്ഞ അദ്ധ്യയന വർഷത്തേയും മുൻകാലങ്ങളിലേയും പ്രവേശന വിവരങ്ങൾ പ്രകാരം പര്യാപ്തമായ സീറ്റുകൾ ഹയർ സെക്കണ്ടറി മേഖലയിൽ നിലവിലുണ്ട്.

(സി) ഈ ജില്ലയിൽ പ്ലസ് വണ്ണിന് എത്ര സീറ്റുകളുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

അനുബന്ധമായി ചേർത്തിട്ടുണ്ട്+.

(ഡി) ജില്ലയിൽ പ്ലസ് വണ്ണിന് സീറ്റ് കിട്ടാത്ത കുട്ടികളുടെ തുടർ പഠനത്തിന് ഏർപ്പെടുത്താനുദ്ദേശിക്കുന്ന സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ ഈ വർഷം എസ്.എസ്.എൽ.സി. വിജയിച്ച 19658 (പത്തൊൻപതിനായിരത്തി അറുന്നൂറ്റി അൻപത്തിയെട്ട്) വിദ്യാർത്ഥികൾക്കായി സർക്കാർ, എയ്ഡഡ്, അൺ-എയ്ഡഡ് സ്കൂളുകളിലായി ആകെ 17795 (പതിനേഴായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റിയഞ്ച്) സീറ്റുകൾ ഹയർ സെക്കണ്ടറിയിൽ മാത്രം ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുൻവർഷങ്ങളിലെ കണക്കുകൾപ്രകാരം വിജയിച്ച എല്ലാവരും ഹയർ സെക്കണ്ടറിയിൽ മാത്രം പ്രവേശനം നേടാറില്ല. കഴിഞ്ഞ അദ്ധ്യയന വർഷം കാസർഗോഡ് ജില്ലയിൽനിന്ന് എസ്.എസ്.എൽ.സി. വിജയിച്ച 19287 (പത്തൊൻപതിനായിരത്തി ഇരുന്നൂറ്റി എൺപത്തിയേഴ്) വിദ്യാർത്ഥികളിൽനിന്ന് 15818 (പതിനയ്യായിരത്തി എണ്ണൂറ്റി പതിനെട്ട്) വിദ്യാർത്ഥികൾ മാത്രമാണ് ഹയർ സെക്കണ്ടറിയിൽ പ്രവേശനം നേടിയിട്ടുള്ളത്.

(ഇ) ഈ ജില്ലയിൽ പ്ലസ് വണ്ണിന് അധിക ബാച്ചും അധിക സീറ്റും അനുവദിക്കുന്നുണ്ടെങ്കിൽ പഞ്ചായത്ത് തിരിച്ച് വിശദാംശം നൽകാമോ?

കാസർഗോഡ് ജില്ലയിലെ എല്ലാ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലും 30% മാർജിനൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. അതുപോലെതന്നെ പ്രസ്തുത ജില്ലയിലെ എല്ലാ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലും 20% മാർജിനൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. ഇതിനുപരിയായി ആവശ്യപ്പെടുന്ന എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് 10% മാർജിനൽ വർദ്ധനവ് അനുവദിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## പി.ടി.എ.-യുടെ ഘടന

174 (4890) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വിദ്യാലയങ്ങളിലെ പി.ടി.എ.-യുടെ അധികാരങ്ങളും ഉത്തരവാദിത്തങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

പി.ടി.എ.-യുടെ അധികാരങ്ങളും ഉത്തരവാദിത്തങ്ങളും 25-06-2007-ലെ സ.ഉ.(കൈ) നം.126/2007/പൊ.വി.വ. പ്രകാരം നിർവ്വചിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം I ആയി ചേർത്തിരിക്കുന്നു+. ഹയർ സെക്കണ്ടറി വിഭാഗത്തിൽ പി.ടി.എ. ജനറൽ ബോഡി തീരുമാനപ്രകാരം നിർവ്വചിക്കപ്പെട്ട പി.ടി.എ. ഫണ്ട് ശേഖരിക്കുക, പി.ടി.എ. എക്സിക്യൂട്ടീവ് കമ്മിറ്റി അതുവരെയുള്ള വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ച് അംഗീകാരം വാങ്ങുക, സ്കൂളിൽ നടക്കുന്ന സംസ്കാരിക പരിപാടികൾ, സെമിനാറുകൾ, ചർച്ചകൾ, പഠനാനുബന്ധ പ്രവർത്തനങ്ങളായ യുവജനോത്സവം, ബാലകലാമേള, ശാസ്ത്രമേള, കായികമേള, സ്കൂൾ പാർലമെന്റ് പ്രവർത്തനങ്ങൾ എന്നിവയ്ക്കും കരിയർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഗൈഡൻസ് തുടങ്ങിയ പ്രവർത്തനങ്ങൾക്കും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തോടെ പി.ടി.എ. ഫണ്ട് ചെലവഴിക്കാവുന്നതും സ്കൂളിന്റെ അഭിവൃദ്ധിക്കും ദൈനംദിന ചെലവുകൾക്കുമായി പി.ടി.എ. എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിക്കുന്ന ചെലവിനങ്ങൾ തുടങ്ങിയവയ്ക്ക് പി.ടി.എ. ഫണ്ട് ഉപയോഗിക്കാവുന്നതുമാണ്.

വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ വിദ്യാലയങ്ങളിൽ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ പിന്തുണ നൽകുന്നതിനും സ്കൂളിന്റെ യശസ്സ് വർദ്ധിപ്പിക്കുന്നതിനും അത് നിലനിർത്തുന്നതിനും പി.ടി.എ. കടപ്പെട്ടിരിക്കുന്നു. സ്കൂളിന്റെ ആവശ്യങ്ങൾ കണ്ടെത്തി ഗവൺമെന്റ് ഉത്തരവുകൾ പാലിച്ച് പി.ടി.എ. ഫണ്ട് സ്കൂളിന്റെ ആവശ്യങ്ങൾക്കായി വിനിയോഗിച്ചുവരുന്നു.

(ബി) പി.ടി.എ.-യുടെ ഘടന എങ്ങനെയാണെന്ന് വിശദമാക്കുമോ?

പി.ടി.എ.-യുടെ ഘടന സംബന്ധിച്ച് 25-06-2007-ലെ സ.ഉ(കൈ) നം. 126/2007/പൊവിവ., 23-09-2014-ലെ സ.ഉ.(കൈ)നം 196/2014/പൊവിവ., 19-02-2018-ലെ സ.ഉ.(കൈ)നം17/2018/പൊവിവ., 11-01-2019-ലെ സ.ഉ.(കൈ)നം. 7/2019/പൊവിവ. എന്നീ ഉത്തരവുകൾ

പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധം I, II, III, IV ആയി ചേർത്തിട്ടുണ്ട്+.

(സി) സർക്കാർ വിദ്യാലയത്തിലെ പി.ടി.എ. പ്രസിഡന്റിന്റെ കാലാവധി എത്രയാണെന്ന് വ്യക്തമാക്കുമോ; ഒരാൾക്ക് തുടർച്ചയായി എത്ര വർഷംവരെ പി.ടി.എ. പ്രസിഡന്റായി തുടരാമെന്ന് വിശദമാക്കുമോ?

സർക്കാർ വിദ്യാലയത്തിലെ പി.ടി.എ. പ്രസിഡന്റിന്റെ കാലാവധി ഒരു വർഷമാണ്. ഒരാൾക്ക് തുടർച്ചയായി മൂന്നുവർഷം പി.ടി.എ. പ്രസിഡന്റായി തുടരാം.

(ഡി) സർക്കാർ വിദ്യാലയങ്ങളിലെ എസ്.എം.സി. (സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി)-യുടെ അധികാരങ്ങളും ചുമതലകളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ; എസ്.എം.സി.-യുടെ ഘടനയും രൂപീകരണരീതിയും എങ്ങനെയാണെന്ന് വ്യക്തമാക്കുമോ?

എസ്.എം.സി. (സ്കൂൾ മാനേജ്മെന്റ് കമ്മറ്റി) രൂപീകരണവും പ്രവർത്തനവും സംബന്ധിച്ച് നിർദേശങ്ങൾ നൽകിക്കൊണ്ട് 20-06-2012-ൽ എച്ച്1/38613/2012/ഡിപിഐ. നമ്പരായി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ പരിപത്രം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധം-V ആയി ചേർക്കുന്നു.+

(ഇ) സർക്കാർ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളിൽനിന്നും വർഷത്തിൽ പി.ടി.എ. ഫണ്ട് ഈടാക്കുന്നതിന് അനുവദനീയ തുക എത്രയാണെന്ന് വിശദമാക്കുമോ; പ്രസ്തുത പി.ടി.എ. ഫണ്ട് വിനിയോഗം സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

സർക്കാർ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളിൽനിന്നും വർഷത്തിൽ പി.ടി.എ. ഫണ്ട് ഈടാക്കുന്നത് സംബന്ധിച്ച് 25-06-2007-ലെ സ.ഉ. (കൈ) നം. 126/2007/പൊ.വി.വ., 18-07-2007-ലെ സ.ഉ. (കൈ)നമ്പർ 142/ 2007/പൊ.വി.വ. എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പ് അനുബന്ധം I, VI ആയി ചേർത്തിരിക്കുന്നു+.

## വിദ്യാകിരണം പദ്ധതി

175 (4891) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാല് ലക്ഷത്തിലധികം വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകുന്ന വിദ്യാകിരണം ലാപ്ടോപ് പദ്ധതി പൂർണ്ണമായി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപ്പിലാക്കിയോ;

(ബി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി തുടരാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

(എ-സി) വിദ്യാകിരണം പദ്ധതി ഇപ്പോഴും തുടരുന്നുണ്ട്. 'വിദ്യാകിരണം' പദ്ധതിയിലൂടെ ഒന്ന് മുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന 35569 പട്ടികവർഗ്ഗ വിഭാഗം കുട്ടികൾക്കും പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിലെ 9744 പട്ടികജാതി വിഭാഗം കുട്ടികൾക്കും ഉപകരണങ്ങൾ ലഭ്യമല്ലാത്ത മറ്റ് വിഭാഗം കുട്ടികൾക്കുമുൾപ്പെടെ നാളിതുവരെ 45789 കുട്ടികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്തു.

## വിദ്യാർത്ഥികളെ സ്കൂളുകൾ മാറ്റുന്നതിൽ ഉദ്യോഗസ്ഥരുടെ ഇടപെടൽ

176 (4892) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഗ്ദാനങ്ങൾ നൽകി, സർക്കാർ സ്കൂളുകളിൽനിന്നും

വിദ്യാർത്ഥികളെ എയ്ഡഡ്, അൺ-എയ്ഡഡ് സ്കൂളുകളിലേയ്ക്ക് മാറ്റുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇത്തരം നടപടികൾക്ക് സർക്കാർ ഉദ്യോഗസ്ഥർതന്നെ കൂട്ടുനിൽക്കുന്നുയെന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ?

സർക്കാർ ഉദ്യോഗസ്ഥർ അനധികൃത നടപടിക്ക് കൂട്ടുനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ആയത് ഗൗരവത്തോടെ കാണുന്നതാണ്.

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് വയനാട് ജില്ലയിൽനിന്നും പരാതികൾ ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

വയനാട് ജില്ലയിൽ മാനന്തവാടി ഉപജില്ലയിലെ തരുവണ ഗവ. യു.പി. സ്കൂളിൽനിന്നും ആറാം പ്രവൃത്തി ദിവസം അനധികൃതമായി വിദ്യാർത്ഥികൾക്ക് ടി.സി. നൽകിയതുമായി ബന്ധപ്പെട്ടുള്ള പരാതി വയനാട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്. ഈ സംഭവവുമായി ബന്ധപ്പെട്ട അന്വേഷണം നടത്തുകയാണ്.

**ഹൈടെക് പഠനം**

177 (4893) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യത്തിന്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹൈടെക് ക്ലാസ് മുറികൾ ഉപയോഗിച്ചുള്ള പഠനം കാര്യക്ഷമമായി നടത്തുന്നതിന് അദ്ധ്യാപകർക്ക് ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഹൈടെക് ക്ലാസ് മുറികൾ കാര്യക്ഷമമായി ഉപയോഗിച്ച് പഠനവും പഠനാനുബന്ധ പ്രവർത്തനങ്ങളും മെച്ചപ്പെട്ട രീതിയിലും വിദ്യാർത്ഥികൾക്ക് പരമാവധി പ്രയോജനം ലഭിക്കത്തക്ക രീതിയിലും നടത്തുന്നതിനായി അദ്ധ്യാപകർക്ക് കൈറ്റിന്റെ നേതൃത്വത്തിൽ പരിശീലനം നൽകിയിട്ടുണ്ട്. ഹൈടെക് സംവിധാനങ്ങളുടെ ഉപയോഗം ഭാഷാ വിഷയങ്ങൾക്കുൾപ്പെടെ പ്രയോജനപ്പെടുത്തുന്നതിനായി നടപ്പിലാക്കിയ ഇ-ലാംഗ്വേജ് ലാബ് പദ്ധതിയുടെ പരിശീലനവും 59825 പ്രൈമറി വിഭാഗം അദ്ധ്യാപകർക്ക് കൈറ്റിന്റെ നേതൃത്വത്തിൽ 2022 മേയ് മാസം നൽകിയിട്ടുണ്ട്.

**ആലത്തൂർ മണ്ഡലത്തിൽ പ്ലസ് വൺ പ്രവേശനത്തിന് അധിക ബാച്ച്**

178 (4894) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽനിന്നും ഈ വർഷത്തെ

എസ്.എസ്.എൽ.സി. പരീക്ഷയിൽ ആകെ എത്ര കുട്ടികളാണ് ഉപരിപഠനത്തിന് അർഹത നേടിയതെന്ന് വിദ്യാലയങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ?

അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ ഹയർ സെക്കന്ററി വിഭാഗത്തിൽ എത്ര സീറ്റുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

3060.

(സി) പ്രസ്തുത നിയോജകമണ്ഡലത്തിലെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഈ വർഷം പ്ലസ് വൺ പ്രവേശനത്തിന് അധിക ബാച്ച് ആരംഭിക്കുന്നതിനും കൂടുതൽ സീറ്റ് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

പാലക്കാട് ജില്ലയിലെ എല്ലാ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലും 30% മാർജിനൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. അതുപോലെതന്നെ പ്രസ്തുത ജില്ലയിലെ എല്ലാ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലും 20% മാർജിനൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. ഇതിനുപരിയായി ആവശ്യപ്പെടുന്ന എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് 10% മാർജിനൽ വർദ്ധനവ് അനുവദിക്കാൻ പൊതുവിദ്യാഭ്യാസ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആലത്തൂർ നിയോജകമണ്ഡലത്തിലെ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, കല്ലിങ്ങൽപ്പാടത്ത് ഒരു താൽക്കാലിക അധിക ബാച്ച് ഹ്യുമാനിറ്റീസ് വിഭാഗത്തിൽ അനുവദിച്ചിട്ടുണ്ട്.

## എയ്ഡഡ് സ്ഥാപനങ്ങളിൽ തസ്തികകൾ സൃഷ്ടിക്കാൻ അനധികൃത നടപടി

179 (4895) ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എയ്ഡഡ് സ്ഥാപനങ്ങളിൽ തസ്തികകൾ സൃഷ്ടിക്കാനും അവ നിലനിർത്തുന്നതിനുമായി മാനേജ്മെന്റുകൾ പരസ്പര ധാരണയോടെ തട്ടിപ്പ് നടത്തുന്നുയെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് വസ്തുതയാണോ;

(ബി) കുട്ടികൾ ഒരു സ്കൂളിൽ പഠിക്കുമ്പോൾ മറ്റൊരു സ്കൂളിൽ കുട്ടികളുടെ പേരിലുള്ള വ്യാജ ടി.സി. ഹാജരാക്കുന്നതടക്കമുള്ള അനധികൃതമായ കാര്യങ്ങൾ, വയനാട് വെള്ളമുണ്ട എ.യു.പി. സ്കൂളിൽ നടന്നതായി പറയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത സംഭവത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വയനാട് വെള്ളമുണ്ട എ.യു.പി. സ്കൂളിൽ മറ്റൊരു സ്കൂളിലെ കുട്ടികളുടെ ടി.സി. ഹാജരാക്കിയത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു. വിദ്യാർത്ഥികളുടെ എണ്ണം ശേഖരിക്കുന്ന 'സമ്പൂർണ്ണ' സോഫ്റ്റ്‌വെയറിൽ വിവരങ്ങൾ രേഖപ്പെടുത്തൽ പൂർത്തിയാകുന്നതിനുമുമ്പ് സാങ്കേതിക തകരാർമൂലം 'ഹാംഗ് ' ആയതിനെത്തുടർന്ന് കുട്ടികളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് സാധിക്കാതെ വന്നതിനാൽ 08-06-2022-ന് രാത്രി 10 മണിവരെ ടി വിവരം രേഖപ്പെടുത്തുന്നതിനുള്ള സമയം ദീർഘിപ്പിച്ചുകൊണ്ട് കൈറ്റ് സി.ഇ.ഒ. പ്രധാനാദ്ധ്യാപകർക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ അന്നേദിവസം രാത്രി 10 മണിവരെ വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റ് ഓപ്പണായിരുന്നു. 2022-23 വർഷം തസ്തിക നിർണ്ണയ നടപടികൾ പൂർത്തീകരിച്ചിട്ടില്ല. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ ഈ വിഷയം പരിശോധിക്കാൻ കഴിയുകയുള്ളൂ.

## വയനാട്ടിൽ എയ്ഡഡ് സ്കൂൾ അദ്ധ്യാപക നിയമനത്തിൽ അനധികൃത ഇടപെടൽ

180 (4896) <u>ശ്രീ. പി. സി. വിഷ്ണുനാഥ്:</u>
<u>ശ്രീ. അൻവർ സാദത്ത്:</u>
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u>
<u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിൽ എയ്ഡഡ് സ്കൂൾ അദ്ധ്യാപക നിയമനം ഉറപ്പിക്കാൻ പ്രമുഖ രാഷ്ട്രീയ പാർട്ടിയുടെ ജില്ലാ സെക്രട്ടറിയുടെ മകനുവേണ്ടി വിദ്യാഭ്യാസ വകുപ്പ് അനധികൃതമായ ഇടപെടൽ നടത്തിയെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിക്കുമോ?

പ്രസ്തുത ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ആയതിന്റെ അടിസ്ഥാനത്തിൽ വയനാട് വിദ്യാഭ്യാസ ഉപഡയറക്ടർ അന്വേഷണം നടത്തിയതിൽ പൊതുവിദ്യാഭ്യാസ വകുപ്പ് അനധികൃത ഇടപെടലുകൾ നടത്തിയിട്ടില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ബി) വിദ്യാഭ്യാസ വകുപ്പിന്റെ സമ്പൂർണ്ണ വെബ്സൈറ്റിൽ വിവരങ്ങളെല്ലാം രേഖപ്പെടുത്തിക്കഴിഞ്ഞശേഷം ആറാം പ്രവൃത്തി ദിനമുൾപ്പെടെ രാത്രി വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റ് ലോഗിൻ ചെയ്തതായി പറയപ്പെടുന്ന ആക്ഷേപം പരിശോധിക്കുമോ?

വിദ്യാർത്ഥികളുടെ എണ്ണം ശേഖരിക്കുന്ന 'സമ്പൂർണ്ണ' സോഫ്റ്റ്വെയറിൽ വിവരങ്ങൾ രേഖപ്പെടുത്തൽ പൂർത്തിയാകുന്നതിനുമുമ്പ് സാങ്കേതിക തകരാർ മൂലം 'ഹാംഗ് ' ആയതിനെത്തുടർന്ന് കുട്ടികളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് സാധിക്കാതെ വന്നതിനാൽ 08-06-2022-ന് രാത്രി 10 മണിവരെ ടി വിവരം

രേഖപ്പെടുത്തുന്നതിനുള്ള സമയം ദീർഘിപ്പിച്ചുകൊണ്ട് കൈറ്റ് സി.ഇ.ഒ. സംസ്ഥാനത്തെ എല്ലാ പ്രധാനാദ്ധ്യാപകർക്കും നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിലാണ് അന്നേ ദിവസം രാത്രി 10 മണിവരെ വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റ് ഓപ്പണായിരുന്നത്.

(സി) ഈ സംഭവത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

'സമ്പൂർണ്ണ' വെബ്സൈറ്റിൽ വിവരങ്ങൾ രേഖപ്പെടുത്തി കഴിഞ്ഞശേഷം ആറാം പ്രവൃത്തിദിനമുൾപ്പെടെ ലോഗിൻ ചെയ്തതായ പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഇതുമായി ബന്ധപ്പെട്ട സ്കൂളുകളുടെ 'സമ്പൂർണ്ണ' സോഫ്റ്റ്വെയറിലെ വിവരങ്ങൾ പരിശോധിച്ചിട്ടുണ്ട്. 'സമ്പൂർണ്ണ'-യിലൂടെ കൈമാറ്റം ചെയ്യപ്പെട്ട വിവരങ്ങൾ ഉപയോഗിച്ച് കൃത്രിമമായി തസ്തികകൾ സൃഷ്ടിക്കാൻ ശ്രമിച്ചിട്ടുണ്ടോ എന്നത് തസ്തിക നിർണ്ണയ പ്രക്രിയ പൂർത്തിയായാൽ മാത്രമേ സ്ഥിരീകരിക്കാൻ കഴിയൂ. അപ്രകാരം വ്യാജമായി തസ്തിക സൃഷ്ടിക്കാൻ ശ്രമിച്ചിട്ടുണ്ടെങ്കിൽ ഉത്തരവാദികൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

## എസ്.എസ്.എൽ.സി. ഫലം

181 (4897) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ വർഷം പ്രഖ്യാപിച്ച എസ്.എസ്.എൽ.സി. പരീക്ഷാഫലം തമാശയായിരുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിദ്യാഭ്യാസ മന്ത്രിതന്നെ പൊതുവേദിയിൽ ഇങ്ങനെ അഭിപ്രായപ്പെട്ടതായി പറയപ്പെടുന്ന സാഹചര്യം വിശദമാക്കാമോ?

അപ്രകാരം വിലയിരുത്തിയിട്ടില്ല, ഇക്കാര്യത്തിൽ ബഹു. മന്ത്രിതന്നെ വിശദീകരണം നൽകിയിട്ടുണ്ട്.

(ബി) കഴിഞ്ഞ വർഷം നടന്ന എസ്.എസ്.എൽ.സി. പരീക്ഷയിൽ എ പ്ലസ് നിർണ്ണയത്തിൽ പാളിച്ച സംഭവിച്ചുയെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പാളിച്ചയ്ക്കുള്ള കാരണം വിശദമാക്കാമോ?

കഴിഞ്ഞ വർഷം നടന്ന എസ്.എസ്.എൽ.സി. പരീക്ഷയിൽ എ പ്ലസ് നിർണ്ണയത്തിൽ പാളിച്ച സംഭവിച്ചിട്ടില്ല.

## വയനാട് തരുവണയിലെ യു.പി. സ്കൂളിലെ ടി.സി. അനുവദിക്കൽ

182 (4898) ശ്രീ. റോജി എം. ജോൺ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് തരുവണയിലെ യു.പി. സ്കൂളിൽ ആറാം പ്രവൃത്തി ദിനത്തിൽ രാത്രിയിൽ ഉൾപ്പെടെ ടി.സി. അനുവദിച്ചതായി പറയപ്പെടുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ?

ഉണ്ട്. 6-ാം പ്രവൃത്തി ദിവസം കുട്ടികളുടെ വിവരങ്ങൾ 'സമ്പൂർണ്ണ' സോഫ്റ്റ്‌വെയറിൽ ചേർക്കുന്നതുമായി ബന്ധപ്പെട്ട് 08-06-2022-ന് ചില സാങ്കേതിക തടസ്സങ്ങൾമൂലം ടി പ്രവൃത്തി പൂർത്തീകരിക്കാൻ സ്കൂളുകൾക്ക് കഴിഞ്ഞിരുന്നില്ല. അതിനാൽ ജി.യു.പി.എസ്. തരുവണ ഉൾപ്പെടെ എല്ലാ സ്കൂളുകൾക്കും ആയതിനുള്ള സമയപരിധി അന്നേ ദിവസം രാത്രി 10 മണിവരെ ദീർഘിപ്പിച്ച് നൽകിയിരുന്നു.

(ബി) സർക്കാർ സ്കൂളിൽനിന്നും ടി.സി. വാങ്ങിയത് വെള്ളമുണ്ട സ്കൂളിൽ കുട്ടികളുടെ എണ്ണം തികയ്ക്കാനാണെന്നത് വസ്തുതയാണോ?

വെള്ളമുണ്ട എ.യു.പി. സ്കൂളിലേയ്ക്ക് തരുവണ ജി.യു.പി.എസ്.-ൽനിന്ന്

നാലും എ.യു.പി. വഞ്ഞോടുനിന്ന് ഒന്നും അടക്കം അഞ്ച് ടി.സി.-കൾ ആറാം പ്രവൃത്തി ദിവസം നൽകിയിട്ടുണ്ട്. ഈ കുട്ടികളെക്കൂടി ഉൾപ്പെടുത്തി തസ്തിക സൃഷ്ടിക്കാൻ ശ്രമിച്ചിട്ടുണ്ടോ എന്നത് തസ്തിക നിർണ്ണയത്തിന്റെ ഭാഗമായിട്ടാണ് പരിശോധിക്കപ്പെടുന്നത്. സർക്കാർ സ്കൂളിൽനിന്നും ടി.സി. വാങ്ങിയത് വെള്ളമുണ്ട സ്കൂളിൽ കുട്ടികളുടെ എണ്ണം തികയ്ക്കാനാണോ എന്നത് തസ്തിക നിർണ്ണയത്തിനുശേഷം മാത്രമേ അറിയാൻ കഴിയൂ. 2022-23 വർഷത്തെ തസ്തിക നിർണ്ണയ നടപടികൾ നടന്നുവരുന്നു. തസ്തിക നിർണ്ണയം നടത്തുമ്പോൾ കുട്ടികളുടെ എണ്ണം തികയ്ക്കാൻ ടി.സി. വാങ്ങിയെന്നും കൃത്രിമമായി തസ്തിക സൃഷ്ടിച്ചുവെന്നും കണ്ടെത്തിയാൽ ആയത് റദ്ദാക്കുകയും ഉത്തരവാദികൾക്കെതിരെ കേരള വിദ്യാഭ്യാസ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

(സി) എങ്കിൽ ഈ നീക്കത്തിൽ മാനേജ്മെന്റും വിദ്യാഭ്യാസ വകുപ്പും ഒരുപോലെ പങ്കാളികളാണെന്ന ആക്ഷേപം ഗൗരവമേറിയതല്ലേയെന്ന് പരിശോധിച്ച് വ്യക്തമാക്കുമോ?

സ്കൂൾ അധികൃതരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 08-06-2022-ന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമ്പൂർണ്ണ റീസെറ്റ് ചെയ്തു

നൽകിയെന്നുള്ള ആക്ഷേപം പൊതുവിദ്യാഭ്യാസ ഡയറക്ടർ പരിശോധിച്ചുവരുന്നു.

## നിർദ്ദിഷ്ട ഭിന്നശേഷി വിഭാഗങ്ങളുടെ വിദ്യാഭ്യാസം

183 (4899) ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർദ്ദിഷ്ട ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസത്തിനായി എന്തെല്ലാം സൗകര്യങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നും ഇതിനായുള്ള കർമ്മപദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ?

2022-23 പദ്ധതി വർഷത്തിൽ സ്കൂളുകളുടെ പശ്ചാത്തല സൗകര്യം ഭിന്നശേഷി സൗഹൃദമാക്കുന്നതിനും കുട്ടികൾക്ക് അത്യാവശ്യമായ തെറാപ്പി സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുമായി Model Inclusive School എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതി നടത്തിപ്പിന്റെ പ്രാരംഭ നടപടിക്രമങ്ങൾ നടന്നുവരുന്നു.

ഭിന്നശേഷിക്കാരായ കുട്ടികൾക്ക് നിലവിൽ നടക്കുന്ന അക്കാദമിക്-

മെഡിക്കൽ-സാമൂഹിക പിന്തുണ ഉറപ്പാക്കുന്നതിനോടൊപ്പംതന്നെ മറ്റുചില പദ്ധതികളും ആലോചനയിലുണ്ട്. ഭിന്നശേഷിക്കാർക്ക് നിലവിൽ പൂർണ്ണമായും പ്രാപ്യമല്ലാത്ത മേഖലകളിൽക്കൂടി അവരെ ഉൾക്കൊള്ളിക്കുക എന്നുള്ളതാണ് ആദ്യപടി. കലാകായിക രംഗത്തും ഇവരുടെ ശേഷികൾ കണ്ടെത്തി എല്ലാ മേഖലയിലും അവരെ പങ്കെടുപ്പിക്കാനും ആലോചിക്കുന്നുണ്ട്. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് തൊഴിൽ പരിശീലനം നൽകുന്നതും പരിഗണനയിലുണ്ട്. ഭിന്നശേഷി കുട്ടികളുടെ സാമൂഹ്യ ഉൾച്ചേർക്കൽ സാധ്യമാക്കുന്നതിനും അക്കാദമിക പിന്തുണ നൽകുന്നതിനുമായി അദ്ധ്യാപകരോടൊപ്പം ചേർന്ന് പ്രവർത്തിക്കുന്നതിനായി 2886 സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം പൊതുവിദ്യാലയങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്. ഏപ്രിൽ, മേയ് മാസങ്ങളിൽ ഭിന്നശേഷി കുട്ടികളെ കണ്ടെത്തുന്നതിനായുള്ള സർവ്വേ പൂർത്തിയാക്കുന്നു. ജൂൺ, ജൂലൈ മാസങ്ങളിൽ മെഡിക്കൽ അസസ്മെന്റ് ക്യാമ്പ് നടത്തി കുട്ടികൾക്ക് ആവശ്യംവേണ്ട സഹായക ഉപകരണങ്ങൾ, തെറാപ്പി സർവ്വീസുകൾ, സർജിക്കൽ കറക്ഷനുകൾ എന്നിവ നിശ്ചയിക്കുന്നു. 168 ബി.ആർ.സി.-കളിലായി പ്രവർത്തിക്കുന്ന ഓട്ടിസം സെന്ററുകൾ, ബി.ആർ.സി. കേന്ദ്രങ്ങൾ, പ്രത്യേക തെറാപ്പി കേന്ദ്രങ്ങൾ,

എന്നിവിടങ്ങളിലായി തെറാപ്പിസ്റ്റുകളുടെ സേവനം ലഭ്യമാക്കുന്നു. ജില്ലാ അടിസ്ഥാനത്തിൽ ഡോക്ടർമാർ നിർദ്ദേശിക്കുന്ന സഹായക ഉപകരണങ്ങൾ ഇ-ടെണ്ടർ നടപടികളിലൂടെ പർച്ചേസ് നടത്തി കുട്ടികൾക്ക് നൽകുന്നു. ഭിന്നശേഷി കുട്ടികൾക്ക് അധിക അക്കാദമിക പിന്തുണ നൽകുന്നതിനും കൂടുതൽ ആരോഗ്യപരമായ സേവനങ്ങൾ നൽകുന്നതിനുമായി പഞ്ചായത്തിൽ മിനിമം ഒന്ന് എന്ന ക്രമത്തിൽ സ്പെഷ്യൽ കെയർ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. അവ ശാക്തീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. തീവ്രപരിമിതി അനുഭവിക്കുന്ന കുട്ടികളെ സഹായിക്കുന്നതിനായി വിദ്യാലയങ്ങളിൽ 60 ആയമാരുടെയും ഓട്ടിസം സെന്ററുകളിൽ 168 ആയമാരുടെയും സേവനം നൽകിവരുന്നു. അർഹരായ കുട്ടികൾക്ക് ട്രാൻസ്പോർട്ട് അലവൻസ്, എസ്കോർട്ട് അലവൻസ്, ഗേൾസ് സ്റ്റൈപന്റ് എന്നിവ നൽകുന്നു. ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം ചെയ്യുന്ന കുട്ടികൾക്കായി ആഴ്ചയിൽ ഒരു ദിവസം സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം നൽകിവരുന്നു. അവധി ദിവസങ്ങളിലും ആഘോഷ ദിവസങ്ങളിലും കിടപ്പിലായ കുട്ടികളുടെ വീടുകളിലെത്തി പഠനത്തിലും വിനോദത്തിലും ഏർപ്പെടുത്തുന്നതിനായി സമപ്രായക്കാരുടെ 'ചങ്ങാതിക്കൂട്ടം' വീടുകളിൽ എത്തുന്നു. മേഖലയിലെ പ്രവർത്തനങ്ങൾ കൂടുതൽ

കാര്യക്ഷമമാക്കുന്നതിനായി സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സ്, പ്രിൻസിപ്പൽ എഡ്യൂക്കേഷണൽ അഡ്മിനിസ്ട്രേറ്റേഴ്സ്, രക്ഷിതാക്കൾ എന്നിവർക്കായി പരിശീലന പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. കൂടാതെ ഇത്തരം കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി വീഡിയോ പാഠങ്ങൾ, ശബ്ദ പാഠങ്ങൾ, വർക്ക്ഷീറ്റുകൾ എന്നിവ തയ്യാറാക്കി www.ssakerala.in/ie എന്ന വെബ്സൈറ്റിലൂടെ നൽകിവരുന്നു. ടി.എൽ.എം., ബ്രെയ്-ലി സ്റ്റേഷനറി മെറ്റീരിയൽസ്, ലാർജ് പ്രിന്റ് ടെക്സ്റ്റ്, ഇൻസ്ട്രക്ഷണൽ & ട്രെയിനിംഗ് മെറ്റീരിയൽസ് എന്നിവ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) നിർദ്ദിഷ്ട ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുത്താൻ നിർദ്ദേശിക്കപ്പെട്ട വിഭാഗങ്ങൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

എം.എച്ച്.ആർ.ഡി. അംഗീകരിച്ചിട്ടുള്ള 21 തരം വൈകല്യങ്ങളെയാണ് ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

1. കാഴ്ചവൈകല്യം (VI) (Blindness)

2. ലോവിഷൻ (എൽ.വി.) (Low vision)

3. ലെപ്രസി ക്യൂവേർഡ് (Leprosy cured persons)

4. ശ്രവണവൈകല്യം (HI) (Hearing Impairment-Deaf and Hard of hearing)

5. ലോകോ-മോട്ടോർ ഡിസ്എബിലിറ്റി (Loco - Motor Disability)

6. ഡ്വാർഫിസം (Dwarfism)

7. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ (MR) (Mentally Retarded, Intellectual disability)

8. മെന്റൽ ഇൽനസ്സ് (Mental Illness)

9. ഓട്ടിസം (Autism Spectrum Disorder)

10. മസ്തിഷ്ക സംബന്ധമായ വൈകല്യം (CP) (Cerebral Palsy)

11. മസ്കുലർ ഡിസ്ട്രോഫി (Muscular Distrophy)

12. ക്രോണിക് ന്യൂറോളജിക്കൽ കണ്ടീഷൻസ് (Chronic Neurological Conditions)

13. പഠനവൈകല്യം (LD) (Specific Learning Disability)

14. മൾട്ടിപ്പിൾ സ്ക്ലറോസിസ് (Multiple Sclerosis)

15. സ്പീച്ച് ആൻഡ് ലാംഗ്വേജ് ഡിസെബിലിറ്റി (Speech and language

Disability)

16. തലാസ്സീമിയ (Thalassemia)

17. ഹീമോഫീലിയ (Hemophilia)

18. സിക്കിൾസെൽ ഡിസീസസ് (Sickle Cell Diseases)

19. മൾട്ടിപ്പിൾ ഡിസെബിലിറ്റീസ് ഇൻക്ലൂഡിംഗ് ഡെഫ് ബ്ലൈൻഡ്നസ് (Multiple Disabilities including Deaf blindness)

20. ആസിഡ് അറ്റാക്ക് വിക്ടിം (Acid Attack Victim)

21. പാർക്കിൻസൺസ് ഡിസീസ് (Parkinson's Disease)

(സി) ഇക്കാര്യത്തിൽ മാതൃകാ വിദ്യാലയ കേന്ദ്രങ്ങളായി ഏതെങ്കിലും പൊതുവിദ്യാലയങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ടോ; എങ്കിൽ ഈ വിദ്യാലയങ്ങളിൽ പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

തെരഞ്ഞെടുത്തിട്ടില്ല.

(ഡി) ഭിന്നശേഷിക്കാർക്ക് അനുയോജ്യമായ തൊഴിൽ ചെയ്ത് ജീവിക്കുന്നതിനുള്ള പരിശീലനംകൂടി പ്രസ്തുത വിദ്യാലയങ്ങൾവഴി ലഭ്യമാക്കാൻ നടപടി സ്വീകരിക്കാമോ?

ഭിന്നശേഷിക്കാരായ കുട്ടികൾക്ക് തൊഴിൽ പരിശീലനം നൽകുന്നതും പരിഗണനയിലുണ്ട്.

## എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിലെ തെറ്റ് തിരുത്തൽ

184 (4900) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 15 വർഷത്തിന് മുൻപുള്ള എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിലെ തെറ്റ് തിരുത്തുന്നതിനുള്ള അപേക്ഷയുടെ നടപടിക്രമങ്ങൾ വിശദമാക്കാമോ?

15 വർഷത്തിന് മുമ്പുള്ളതും 15 വർഷത്തിനകമുള്ളതുമായ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിലെ ജനനത്തീയതി ഒഴികെയുള്ള തിരുത്തലുകൾക്കുള്ളത് സാധാരണ നടപടിക്രമമാണ്. 15 വർഷത്തിനുശേഷമുള്ള എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റുകളിൽ ജനനത്തീയതി തിരുത്തുന്നതിന് സർക്കാരിൽനിന്നുള്ള പ്രത്യേക അനുമതി ആവശ്യമാണ്. നടപടിക്രമങ്ങൾ സംബന്ധിച്ച പൊതുനിർദ്ദേശങ്ങളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(ബി) മാപ്പ് അപേക്ഷ നൽകേണ്ട സാഹചര്യങ്ങളും അതിന്റെ നടപടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ക്രമങ്ങളും വിശദമാക്കാമോ?

എസ്.എസ്.എൽ.സി. പരീക്ഷയെഴുതി 15 വർഷത്തിനുശേഷമുള്ള ജനനത്തീയതി തിരുത്തലുകൾക്ക് കാലതാമസം മാപ്പാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് നൽകുന്നത് 1959-ലെ കേരള വിദ്യാഭ്യാസ ചട്ടം, അദ്ധ്യായം 6, ചട്ടം 3 (എ), പ്രസ്തുത ചട്ടത്തിന്റെ കുറിപ്പ് എന്നിവ പ്രകാരമാണ്. ടി സർക്കാർ ഉത്തരവിനായി ബന്ധപ്പെട്ട വ്യക്തി സർക്കാരിൽ അപേക്ഷ സമർപ്പിക്കേണ്ടതും ടി അപേക്ഷയിൽ അഞ്ച് രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിക്കേണ്ടതും ഇപ്പോൾ ജനനത്തീയതി തിരുത്തൽ വരുത്തേണ്ടതിന്റെ ആവശ്യകതയും സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ആളാണോയെന്ന വിവരം വ്യക്തമാക്കേണ്ടതും സർക്കാർ ജോലിയുള്ള ആളാണെങ്കിൽ ഉചിതമാർഗ്ഗേണ (മേലധികാരി മുഖേന) അപേക്ഷ സമർപ്പിക്കേണ്ടതും സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനത്തിൽ ജോലിയില്ലെങ്കിൽ നിലവിലുള്ള ജോലി എന്താണെന്ന് അപേക്ഷയിൽ വ്യക്തമാക്കേണ്ടതുമാണ്. കൂടാതെ അപേക്ഷയോടൊപ്പം എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ്, ജനന സർട്ടിഫിക്കറ്റ് എന്നിവയുടെ അറ്റസ്റ്റഡ്/സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾക്കൊള്ളിക്കേണ്ടതും ടി സർട്ടിഫിക്കറ്റുകളിൽ അപേക്ഷ സമർപ്പിച്ച

വ്യക്തിയുടെയോ ടിയാളുടെ മാതാപിതാക്കളുടെയോ പേരിൽ വ്യത്യാസം കാണുന്നുണ്ടെങ്കിൽ രണ്ടും ഒരാൾ തന്നെയാണെന്ന് തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രത്തിന്റെ പകർപ്പും ഉൾക്കൊള്ളിച്ച് സർക്കാരിൽ അപേക്ഷ സമർപ്പിക്കേണ്ടതുമാണ്.

(സി) അപേക്ഷ ലഭിച്ചാൽ അതിൻപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

അപേക്ഷയിൽ മതിയായ രേഖകളുണ്ടെങ്കിൽ മുൻഗണനാക്രമത്തിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് കാലതാമസമില്ല. അല്ലാത്തപക്ഷം ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കാൻ നിർദ്ദേശിച്ചുകൊണ്ട് അപേക്ഷകന് കത്ത് നൽകുന്നതാണ്. മതിയായ രേഖകൾ ലഭ്യമാക്കുന്നമുറയ്ക്ക് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

## പൊതുവിദ്യാഭ്യാസ രംഗത്ത് ഗുണപരമായ മാറ്റങ്ങൾ

185 (4901) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ രംഗത്ത് ഗുണപരമായ എന്തൊക്കെ മാറ്റങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന്

വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനായി ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

1. ക്വാളിറ്റി - എൽ.ഇ.പി. (പഠനപോഷണ പരിപാടികൾ)

മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, ഹലോവേൾഡ്, സുരിലീ ഹിന്ദി, സംസ്കൃതമാധുരി, അഹ്ലൻ അറബിക്, പ്യാരി ഉറുദു, ഗണിതവിജയം, വായനാക്കാർഡുകൾ, ഭൂമിശാസ്ത്ര ലാബുകൾ, സ്കൂൾ വെതർസ്റ്റേഷൻ, ശലഭ പാർക്ക്, ശാസ്ത്രപാർക്ക്, ഗണിതോത്സവം, ശാസ്ത്രകൗതുകം.

2. ക്വാളിറ്റി- രാഷ്ട്രീയ ആവിഷ്ക്കാർ അഭിയാൻ

ശാസ്ത്രപഥം, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി മെന്ററിംഗ്, ഗണിതകിറ്റ്, ശാസ്ത്രകിറ്റ്, ക്വിസ് പ്രോഗ്രാമുകൾ, ശാസ്ത്രപ്രോഗ്രാമുകൾ, ടിങ്കറിംഗ് ലാബ്, ശാസ്ത്ര-ഗണിതക്ലബ് പ്രവർത്തനങ്ങൾ, ഗണിതപാർക്ക്.

3. ക്വാളിറ്റി - ഇന്നവേഷൻ

വർക്ക് എഡ്യൂക്കേഷൻ, ഇന്നൊവേറ്റീവ് പ്രോഗ്രാംസ് ഫോർ കൊമേഴ്സ്, ജില്ലാ സ്പെസിഫിക് പ്രോഗ്രാമുകൾ, അക്സസ് ഫോക്കസ്ഡ് ഇന്നൊവേറ്റീവ് പ്രോഗ്രാമുകൾ, പ്രാദേശിക പ്രതിഭാ കേന്ദ്രങ്ങൾ, ഊരുവിദ്യാകേന്ദ്രങ്ങൾ, ടാലന്റ് ലാബ് പ്രവർത്തനങ്ങൾ

4. ഫൗണ്ടേഷൻ ലിറ്ററസി & ന്യൂമറസി

വായനാച്ചങ്ങാത്തം, ഉല്ലാസഗണിതം, ഗണിതവിജയം, കുഞ്ഞുവായന

5. സ്കൂൾ ലൈബ്രറി/ക്ലാസ് ലൈബ്രറി ശാക്തീകരണം

6. പ്രീ സ്കൂൾ പ്രവർത്തനങ്ങൾ

7. മെച്ചപ്പെട്ട രീതിയിലുള്ള അദ്ധ്യാപക പരിശീലനം, രക്ഷാകർതൃ പരിശീലനം

8. വൊക്കേഷണലൈസേഷൻ ഓഫ് എഡ്യൂക്കേഷൻ

9. ഇൻക്ലൂസീവ് എഡ്യൂക്കേഷൻ

10. അക്കാദമിക ഇടപെടലുകൾ

ഓരോ സ്കൂളിനും അക്കാദമിക് മാസ്റ്റർ പ്ലാൻ, സ്കൂൾതല-ക്ലാസ്സുതല ആസൂത്രണം, സ്കൂൾ റിസോഴ്സ് ഗ്രൂപ്പ്, സ്കൂൾ സപ്പോർട്ട് ഗ്രൂപ്പ്, ദിനാചരണങ്ങൾ, ശിശുകേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠിതവും പ്രക്രിയ ബന്ധിതവുമായ പാഠ്യപദ്ധതി, വിവിധ പഠന പോഷണ പരിപാടികൾ, വിവരണാത്മകമായ വിലയിരുത്തലുകൾ, ഫലപ്രദമായ അദ്ധ്യാപക ശാക്തീകരണം.

(ബി) പൊതുവിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് മികച്ച പരിശീലനവും വിദ്യാർത്ഥികൾക്ക് സാമൂഹിക അവബോധ ക്യാമ്പുകളും നിരന്തരമായി നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദീകരിക്കുമോ?

പൊതുവിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് മികച്ച രീതിയിലുള്ള പരിശീലന പരിപാടികൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി അദ്ധ്യാപകർക്കുള്ള റെസിഡൻഷ്യൽ പരിശീലനം ടൈ ഔട്ട് എന്ന നിലയിൽ ഈ വർഷം പ്രൈമറി വിഭാഗത്തിൽ നടപ്പിലാക്കി. എല്ലാ വിഭാഗത്തിലും ഉൾപ്പെട്ട അദ്ധ്യാപകർക്ക് പത്ത് ദിവസത്തെ പരിശീലന പരിപാടി ഈ വർഷം ആസൂത്രണം ചെയ്തിട്ടുണ്ട്. പുതിയതായി സർവ്വീസിൽ പ്രവേശിച്ച അദ്ധ്യാപകർക്ക് വിപുലമായ പരിശീലന പരിപാടി എസ്.സി.ഇ.ആർ.ടി. ആസൂത്രണം ചെയ്തിട്ടുണ്ട്. പൊതുവിദ്യാലയങ്ങളിലെ ക്ലബ്ബുകൾ, എൻ.സി.സി., എസ്.പി.സി., എൻ.എസ്.എസ്. തുടങ്ങിയവ വഴി വിദ്യാർത്ഥികൾക്ക് നിലവിൽ സാമൂഹ്യാവബോധ പരിപാടികൾ നടപ്പിലാക്കുന്നുണ്ട്.

(സി) സമൂഹത്തോട് ഉത്തരവാദിത്തമുള്ള യുവതലമുറയെ വാർത്തെടുക്കുന്നതിന് ആവശ്യമായ സാമൂഹ്യ സേവന പരിപാടികൾ സ്കൂളുകളിൽ നടപ്പാക്കുമോ; എങ്കിൽ വിശദീകരിക്കുമോ?

വിദ്യാർത്ഥികൾക്ക് പഠനത്തിന്റെ ഭാഗമായും അല്ലാതെയും സാമൂഹ്യ ഇടപെടലുകൾക്ക് അവസരമൊരുക്കി സാമൂഹ്യ അവബോധം വർദ്ധിപ്പിക്കുന്നതിനുള്ള ക്യാമ്പുകളും പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്.

ഇതിന്റെ ഭാഗമായി നവകേരളം കർമ്മ പദ്ധതിയിലും 'വിദ്യാകിരണം' പൊതുവിദ്യാലയങ്ങളിൽ വ്യത്യസ്ത വിദ്യാഭ്യാസ ഏജൻസികൾ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്.

## എസ്.എസ്.എൽ.സി. പാസ്സായ വിദ്യാർത്ഥികളുടെ ഉപരിപഠനം

186 (4902) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ വിദ്യാർത്ഥികളുടെയും ഉപരിപഠനത്തിന് യോഗ്യത നേടിയ വിദ്യാർത്ഥികളുടെയും കണക്ക് നിയമസഭാമണ്ഡലം തിരിച്ച് ലഭ്യമാക്കുമോ?

എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ വിദ്യാർത്ഥികളുടെയും ഉപരിപഠനത്തിന് യോഗ്യത നേടിയ വിദ്യാർത്ഥികളുടെയും കണക്ക് നിയമസഭാമണ്ഡലം തിരിച്ച് ക്രോഡീകരിച്ചിട്ടില്ല. എന്നാൽ ജില്ല, വിദ്യാഭ്യാസ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം-I ആയി ചേർത്തിട്ടുണ്ട് +.

(ബി) ഹയർ സെക്കന്ററി, വി.എച്ച്.എസ്.സി. പ്രവേശനത്തിന് എത്ര സീറ്റുകൾ വീതം ഉണ്ടെന്ന് വിശദമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഹയർ സെക്കണ്ടറി- 4,18,242

വി.എച്ച്.എസ്.സി. - 33,030

(സി) ഓരോ നിയമസഭാ മണ്ഡലത്തിലും അനുവദിച്ചിട്ടുള്ള ഹയർ സെക്കന്ററി സയൻസ്, കൊമേഴ്സ്, ഹ്യുമാനിറ്റീസ് ബാച്ചുകളുടെയും സീറ്റുകളുടെയും തരം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

അനുബന്ധം-II ആയി ചേർത്തിട്ടുണ്ട് +.

(ഡി) ഓരോ നിയമസഭാമണ്ഡലത്തിലെയും ഐ.ടി.ഐ., പോളിടെക്നിക് സീറ്റുകളുടെ ട്രേഡ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഐ.ടി.ഐ. സീറ്റുകളുടെയും പോളിടെക്നിക് സീറ്റുകളുടെയും ട്രേഡ് തിരിച്ചുള്ള കണക്ക് യഥാക്രമം അനുബന്ധം III, III (a)ആയി ചേർത്തിട്ടുണ്ട്.+

(ഇ) 2020-21 അദ്ധ്യയന വർഷത്തിൽ ഓരോ ജില്ലയിൽനിന്നും ലഭിച്ച പ്ലസ് വൺ അപേക്ഷകരുടെ എണ്ണം എത്രയെന്നും പ്രവേശനം ലഭിച്ചവർ എത്രയെന്നും ഓപ്പൺ സ്കൂളുകളിൽ പ്രവേശനം നേടിയവർ എത്രയെന്നുമുള്ള കണക്ക് ലഭ്യമാക്കുമോ?

അനുബന്ധം-IV ആയി ചേർത്തിട്ടുണ്ട് +.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയാൻ നടപടി

187 (4903) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാർത്ഥികൾക്കിടയിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം ഫലപ്രദമായി തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

കുട്ടികൾക്കിടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതുമായി ബന്ധപ്പെട്ട്, നാഷണൽ ഇൻസ്റ്റിസ്റ്റ്യൂട്ട് ഓഫ് സോഷ്യൽ ഡിഫൻസിന്റെ സഹകരണത്തോടെ അദ്ധ്യാപകർക്കുള്ള പരിശീലനവും പ്രതിരോധ പ്രവർത്തനങ്ങളും എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ നടത്തിവരുന്നു. ലഹരി ബോധവൽക്കരണവുമായി ബന്ധപ്പെട്ട് മൊഡ്യൂളുകളും കൈപുസ്തകവും എസ്.സി.ഇ.ആർ.ടി.-യിൽ തയ്യാറാക്കിയിട്ടുണ്ട്. പാഠ്യപദ്ധതിയിൽ ലഹരി ബോധവൽക്കരണവുമായി ബന്ധപ്പെട്ട വിഷയം ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

ലഹരിക്കെതിരെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും കുട്ടികളെ നിരീക്ഷിക്കുന്നതിനുംവേണ്ടി സ്കൂളിൽ

Prahari Club/Children's Club രൂപീകരിക്കുകയും ബോധവൽക്കരണ പരിപാടികൾ നടത്തിവരികയും ചെയ്യുന്നുണ്ട്. ലഹരിക്കെതിരെ ബോധവൽക്കരണം നടത്തുന്നതിന്റെ ഭാഗമായി സ്കൂൾ ഗേറ്റിനുമുന്നിൽ ലഹരി വിൽക്കുന്നത് സെക്ഷൻ 24 പ്രകാരം കുറ്റകരമാണെന്ന ബോർഡ് സ്ഥാപിക്കുകയും ആയതിൽ ടോൾഫ്രീ നമ്പർ 1800-11-2536 രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കുട്ടികളെ മദ്യം, മയക്കുമരുന്ന് എന്നിവ സ്വീകരിക്കാൻ പ്രേരിപ്പിക്കുന്ന വ്യക്തികൾക്കെതിരെ FIR Section 7 of Juvenile Justice Act 2015 പ്രകാരം കേസ് രജിസ്റ്റർ ചെയ്യണമെന്ന് സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

എൻ.എസ്.എസ്., എൻ.സി.സി., സ്കൗട്ട്സ് & ഗൈഡ്സ്, റെഡ് റിബൺ ക്ലബ്ബ്, എക്കോ ക്ലബ്ബ്, കൾച്ചറൽ ക്ലബ്ബ് എന്നിവ മുഖേന ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. മദ്യം, മയക്കുമരുന്ന് എന്നിവ അദ്ധ്യാപകർ ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനും വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പുതിയ സ്കൂളിന് അഫിലിയേഷൻ നൽകുന്ന അവസരത്തിൽ Section 6 of COTPA പ്രകാരം സ്കൂൾ സ്ഥിതിചെയ്യുന്നതിന്റെ ഒരുവാര ചുറ്റളവിൽ സിഗററ്റ്, മദ്യം, മറ്റ് ലഹരി പദാർത്ഥങ്ങൾ എന്നിവ വിതരണം

ചെയ്യുന്നത് അനുവദിക്കാൻ പാടില്ലെന്ന് നിർദ്ദേശം നൽകുന്നതിനും ഇത്തരത്തിൽ ഒരു ഡിക്ലറേഷൻ സ്ഥാപന മേധാവിയിൽനിന്നും എഴുതി വാങ്ങുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

ഹയർ സെക്കണ്ടറി വിഭാഗത്തിൽ 1680 ഹയർ സെക്കണ്ടറി സ്കൂളുകളിൽ സൗഹൃദ ക്ലബ്ബിന്റെ ഭാഗമായി വിദ്യാർത്ഥി/വിദ്യാർത്ഥിനികൾക്ക് ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗത്തെക്കുറിച്ചുള്ള ക്ലാസ്സുകൾ നൽകുന്നുണ്ട്. കൂടാതെ സൗഹൃദ ക്ലബിന്റെ മുഴുവൻ കോ-ഓർഡിനേറ്റർമാർക്കും 2018-2019-ൽ ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗം തടയുന്നതുമായി ബന്ധപ്പെട്ട് ഒരു വിദഗ്ധ പരിശീലനം ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ് നൽകിയിരുന്നു. ബാംഗ്ലൂരിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആൻഡ് ന്യൂറോ സയൻസിൽ (NIMHANS) നിന്നും തെരഞ്ഞെടുക്കപ്പെട്ട സൗഹൃദ കോ-ഓർഡിനേറ്റർമാർക്ക് വിദഗ്ധ പരിശീലനം നൽകിയിട്ടുണ്ട്. സൗഹൃദ ക്ലബ്ബുള്ള 1680 ഹയർ സെക്കണ്ടറി സ്കൂളുകളിൽനിന്നും തെരഞ്ഞെടുത്ത 2 വീതം കുട്ടികൾക്ക് സ്റ്റുഡന്റ്സ് ട്രെയിനിംഗിന്റെ ഭാഗമായി ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗത്തെയും അതുയർത്തുന്ന ആരോഗ്യപ്രശ്നങ്ങളെയും സംബന്ധിച്ച് പരിശീലനം നൽകി. കൂടാതെ സൗഹൃദ ക്ലബ്ബിന്റെ ഡ്രോപ് ബോക്സിൽ ലഹരി പദാർത്ഥങ്ങളുമായി

ബന്ധപ്പെട്ട പരാതികൾ എക്സൈസ് വകുപ്പിന് കൈമാറാൻ നിർദേശം നൽകിയിട്ടുമുണ്ട്. കൂടാതെ നാഷണൽ സർവ്വീസ് സ്കീം, സ്കൗട്ട് ആൻഡ് ഗൈഡ്, എൻ.സി.സി., എസ്.പി.സി. തുടങ്ങിയ ഏജൻസികളുമായി സഹകരിച്ച് ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗം തടയുന്നതിന് എക്സൈസ്, പോലീസ്, ആരോഗ്യം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ ഏകോപനം സ്കൂളുകളിൽ സാധ്യമാക്കിയിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിനായി വിദ്യാലയങ്ങളിൽ പൊതുവായി മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്. വി.എച്ച്.എസ്.ഇ. വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളിൽ ലഹരി ഉപയോഗത്തിന്റെ പാർശ്വഫലങ്ങളെക്കുറിച്ച് എക്സൈസ് വകുപ്പിന്റെ സഹകരണത്തോടെ ബോധവൽക്കരണ ക്ലാസ്സുകൾ നടത്താറുണ്ട്. കൂടാതെ വകുപ്പുതലത്തിൽ കരിയർ ഗൈഡൻസ് ആൻഡ് കൗൺസിലിംഗ് സെല്ലിന്റെ നേതൃത്വത്തിൽ ഇൻസൈറ്റ് എന്ന പ്രോഗ്രാം നടത്തുന്നുണ്ട്.

## പാലക്കാട് ജില്ലയിൽ എസ്.എസ്.എൽ.സി. കഴിഞ്ഞവരുടെ ഉപരിപഠനം

188 (4904) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ പാലക്കാട് ജില്ലയിൽ നിന്നും ഉപരിപഠനത്തിന് എത്ര പേർ അർഹത നേടിയെന്ന് വ്യക്തമാക്കാമോ?

38972.

(ബി) പ്രസ്തുത വിദ്യാർത്ഥികൾക്കെല്ലാം പാലക്കാട് ജില്ലയിൽതന്നെ ഉപരിപഠനം നടത്തുന്നതിന് ആവശ്യമായ സീറ്റുകൾ ഹയർ സെക്കന്ററി, വി.എച്ച്.എസ്.സി., ഐ.ടി.ഐ., വിഭാഗങ്ങളിൽ നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

പാലക്കാട് ജില്ലയിൽത്തന്നെ ഉപരിപഠനം നടത്തുന്നതിനാവശ്യമായ സീറ്റുകൾ നിലവിലുണ്ട്.

ഹയർ സെക്കണ്ടറി- 35910

വി.എച്ച്.എസ്.ഇ. - 2070

ഐ.ടി.ഐ. - 1672

ആകെ - 39652

## സ്കൂൾ കെട്ടിട നവീകരണം

189 (4905) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിന്റെയും അദ്ധ്യാപക-രക്ഷകർതൃ സംഘടനയുടെയും സഹകരണത്തോടെ സ്കൂൾ കെട്ടിടങ്ങൾ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ വിപുലീകരിക്കുന്നതിന് നടപ്പ് വർഷം മുതൽ പുതിയ പദ്ധതി നടപ്പാക്കുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിലെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

(എ&ബി) തദ്ദേശസ്വയംഭരണ വകുപ്പിന്റെയും അദ്ധ്യാപക-രക്ഷകർതൃ സംഘടനയുടെയും സഹകരണത്തോടെ സ്കൂളുകളിൽ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതി നടപ്പ് സാമ്പത്തിക വർഷത്തിൽ പരിഗണനയിലില്ല.

## സ്കൂളുകളുടെ അപ്ഗ്രഡേഷൻ

190 (4906) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്കൂളുകളുടെ അപ്ഗ്രഡേഷനുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ടെന്നും എത്ര സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തിട്ടുണ്ടെന്നും അറിയിക്കാമോ; വിശദവിവരം ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്കൂളുകളുടെ അപ്ഗ്രഡേഷനുമായി ബന്ധപ്പെട്ട് 98 അപേക്ഷകൾ ലഭിച്ചിരുന്നു. എന്നാൽ സ്കൂളുകളൊന്നും അപ്ഗ്രേഡ് ചെയ്തിട്ടില്ല.

(ബി) സ്കൂളുകളുടെ അപ്ഗ്രഡേഷനുവേണ്ടി കുന്നത്തുനാട് നിയോജകമണ്ഡലത്തിൽനിന്ന് എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ടെന്ന് അറിയിക്കാമോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ എന്താണെന്ന് വ്യക്തമാക്കാമോ?

(ബി&സി) കുന്നത്തുനാട് മണ്ഡലത്തിൽനിന്നും സ്കൂൾ അപ്ഗ്രഡേഷന് വേണ്ടി സർക്കാരിൽ അപേക്ഷകൾ ലഭിച്ചിട്ടില്ല.

(ഡി) സ്കൂളുകളുടെ അപ്ഗ്രഡേഷനുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ്

ലഭ്യമാക്കാമോ?

സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

**പ്ലസ്-വൺ കോഴ്സിന് അധിക ബാച്ചുകൾ**

191 (4907) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്ലസ്-വൺ സീറ്റുകളുടെ കുറവുമൂലം, നിരവധി വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ലഭിക്കുന്നതിനും ഇഷ്ടപ്പെട്ട കോമ്പിനേഷൻ ലഭിക്കുന്നതിനും പ്രയാസമനുഭവപ്പെടുന്നുയെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മലബാർ മേഖലയിലെ സ്കൂളുകളിൽ വർഷങ്ങളായി തുടരുന്ന പ്ലസ്-വൺ സീറ്റുകളുടെ കുറവ് പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

(എ&ബി) കഴിഞ്ഞ അക്കാദമിക വർഷത്തെപ്പോലെ ഈ വർഷവും എല്ലാ ജില്ലകളിലും അധിക സീറ്റുകൾ അനുവദിക്കുകയും കഴിഞ്ഞ വർഷം അനുവദിച്ച താൽക്കാലിക ബാച്ചുകൾ നിലനിർത്തുകയും ചെയ്തിട്ടുണ്ട്.

ആയതിനാൽതന്നെ പ്ലസ്-വൺ അഡ്മിഷന് ബുദ്ധിമുട്ടുണ്ടാകുമെന്ന് കരുതുന്നില്ല.

(സി) പ്ലസ്-വണ്ണിന് അധിക ബാച്ചുകൾ അനുവദിക്കുന്നതിനായി മലപ്പുറം ജില്ലയിൽനിന്നും ഏതെല്ലാം സ്കൂളുകളാണ് അപേക്ഷ നല്കിയിരുന്നതെന്നും പ്രസ്തുത അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വിഷയത്തിലെ സർക്കാർ നയം വ്യക്തമാക്കുമോ?

(സി&ഡി) പുതിയ ബാച്ചുകൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് മലപ്പുറം ഉൾപ്പെടെ സംസ്ഥാനത്തെ വിവിധ ജില്ലകളിൽനിന്നും നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ട്. എന്നാൽ പുതുതായി ഹയർ സെക്കണ്ടറി സ്കൂളുകളോ ബാച്ചുകളോ ഈ അക്കാദമിക വർഷം അനുവദിക്കേണ്ടതില്ല എന്നതാണ് സർക്കാർ നയം.

**ചാത്തന്നൂർ മണ്ഡലത്തിലെ സ്കൂളുകളുടെ വികസനം.**

192 (4908) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്ക് എത്ര തുക വീതം അടിസ്ഥാന സൗകര്യ വികസനത്തിനായി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അടിസ്ഥാന സൗകര്യ വികസനത്തിനായി തുക അനുവദിച്ച സ്കൂളുകളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ഏതെങ്കിലും സ്കൂളിന് ലാബ് നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ചുവടെ പറയുന്ന സ്കൂളുകൾക്ക് എസ്.എസ്.എൽ.സി., പ്ലസ് ടു വിദ്യാർത്ഥികളുടെ പഠനാവശ്യത്തിനായി മോഡലുകൾ, കെമിക്കലുകൾ എന്നിവ ജില്ലാ പഞ്ചായത്തിന്റെയും സമഗ്ര ശിക്ഷാ കേരളയുടെയും പദ്ധതികളിൽ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| | |
|---|---|
| 1 | ഗവ. എച്ച്.എസ്, ഭ്രതക്കുളം |
| 2 | ആദിച്ചനല്ലൂർ പഞ്ചായത്ത് എച്ച്.എസ് |
| 3 | ഗവ. എച്ച്.എസ്.എസ്, ചാത്തന്നൂർ |
| 4 | ഗവ. എച്ച്.എസ്, നെടുങ്ങോലം |
| 5 | ഗവ. എച്ച്.എസ്, ഉളിയനാട് |
| 6 | ഗവ. എച്ച്.എസ്, പൂയപ്പള്ളി |
| 7 | കല്ലുവാതുക്കൽ പഞ്ചായത്ത് എച്ച്.എസ്. |
| 8 | ഗവ. വി.എച്ച്.എസ്.എസ്, ചാത്തന്നൂർ |

**കുണ്ടറ നിയോജക മണ്ഡലത്തിലെ കിച്ചൺ കം സ്റ്റോർ പദ്ധതി**

193 (4909) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിൽ കിച്ചൺ കം സ്റ്റോർ പദ്ധതി പ്രകാരം ഏതൊക്കെ സ്കൂളുകൾക്ക് എത്രയൊക്കെ തുകകളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കുണ്ടറ നിയോജക മണ്ഡലത്തിൽ കിച്ചൺ കം സ്റ്റോർ നിർമ്മാണത്തിനായി തുക അനുവദിച്ച 14 സ്കൂളുകളുടെ വിശദവിവരം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതി ഏതൊക്കെ സ്കൂളുകളിൽ പൂർത്തിയാക്കിയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പൂർത്തിയാക്കിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ; സ്കൂൾ കിച്ചണുകളുടെ ശോചനീയാവസ്ഥ കണക്കിലെടുത്ത് പ്രവൃത്തികൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

(ബി&സി) പ്രസ്തുത പദ്ധതി പ്രകാരമുള്ള നിർമ്മാണ പ്രവൃത്തികൾ പ്രസ്തുത സ്കൂളുകളിൽ ആരംഭിച്ചിട്ടില്ല. ട്രഷറി അലോട്ട്മെന്റായി അനുവദിച്ച തുക മാറിയെടുക്കുന്നതിൽ വന്നിട്ടുള്ള കാലതാമസംമൂലമാണ് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കാത്തത്. ഫണ്ട് ലഭ്യമാക്കി നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഹരിപ്പാട് മണ്ഡലത്തിലെ വിദ്യാഭ്യാഭ്യാസ മോണിറ്ററിംഗ് കമ്മിറ്റി**

194 (4910) <u>ശ്രീ. രമേശ് ചെന്നിത്തല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജക മണ്ഡലത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി 2017-18 കാലയളവിൽ രൂപീകരിച്ച വിദ്യാഭ്യാസ മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഹരിപ്പാട് നിയോജകമണ്ഡലത്തിലെ എല്ലാ ഹൈസ്കൂൾ, യു.പി. സ്കൂൾ, എൽ.പി. സ്കൂൾ എന്നിവയുടെ സമഗ്ര വികസനത്തിനായി ഹരിപ്പാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറെ ഉൾപ്പെടുത്തി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചതായും ഇതിന്റെ ഭാഗമായി പ്രഥമാദ്ധ്യാപകരുടെയും സ്കൂൾ മാനേജ്മെന്റ് പ്രതിനിധികളുടെയും ഒരു യോഗം ചേർന്നിരുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും കൂടുതൽ പ്രവർത്തനങ്ങൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ നിലവിൽ ഹരിപ്പാട് നിയോജക മണ്ഡലത്തിൽ താഴെപ്പറയുന്ന സ്കൂളുകളിൽ വിവിധ ഫണ്ടുകൾ ഉപയോഗിച്ച് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്.

| **ക്രമ നം.** | **സ്കൂളിന്റെ പേര്** | **അനുവദിച്ച തുക** |
|---|---|---|
| 1 | ജി.യു.പി.എസ്. വഴുതാനം | 1 കോടി രൂപ |
| 2 | ജി.യു.പി.എസ്. ഹരിപ്പാട് | 96 ലക്ഷം |
| 3 | ജി.യു.പി.എസ്. | 3 കോടി |

| | | |
|---|---|---|
| | നങ്ങ്യാർകുളങ്ങര | |
| 4 | ജി.എൽ.പി.എസ്. കമാരപുരം നോർത്ത്, കരുവാറ്റ | 82 ലക്ഷം |
| 5 | ജി.യു.പി.എസ്. എരിക്കാവ് | 1 കോടി രൂപ |
| 6 | ജി.ബി.എച്ച്.എസ്. ഹരിപ്പാട് | 1 കോടി രൂപ |
| 7 | ജി.എച്ച്.എസ്.എസ്. മംഗലം | 3 കോടി 90 ലക്ഷം രൂപ (എം.എൽ.എ ഫണ്ട്) |
| 8 | ജി.യു.പി.എസ്. കാർത്തികപ്പള്ളി | 1 കോടി രൂപ |

(ബി) പ്രസ്തുത കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ വ്യവസ്ഥാപിതമാക്കുന്നതിനായി പ്രത്യേക സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്ന കാര്യം പരിഗണിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

**സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം**

195 (4911) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖാന്തരം 3 കോടി രൂപ അനുവദിച്ച കോട്ടക്കൽ നിയോജകമണ്ഡലത്തിലെ കുറ്റിപ്പുറം ഗവൺമെന്റ് ഹയർ സെക്കന്ററി

സ്കൂളിന്റെയും ഇരിമ്പിളിയം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന്റെയും നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ ഇതുവരെയും ആരംഭിക്കാത്തതിന്റെ കാരണവും ആയത് ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടികളാണ് ശേഷിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾക്ക് കിഫ്ബിയുടെ അനുമതി ലഭ്യമായിട്ടുണ്ടോ; എങ്കിൽ ടെണ്ടർ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

(എ-സി) കോട്ടക്കൽ നിയോജക മണ്ഡലത്തിലെ കുറ്റിപ്പുറം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, ഇരിമ്പിളിയം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ എന്നീ സ്കൂളുകളെ മൂന്ന് കോടി രൂപയുടെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുകയും SPV-യായി കിലയെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിക്കുകയും എൽ.എസ്.ജി.ഡി. മുഖാന്തരം ഫീസിബിലിറ്റി സ്റ്റഡി നടത്തി റിപ്പോർട്ട് ലഭിക്കുകയും ചെയ്തു.

പുതിയ നിരക്ക് നിലവിൽവന്ന സാഹചര്യത്തിൽ 2018-ലെ DSR നിരക്കുകളും 18% GST-യും അനുസരിച്ച് ഭരണാനുമതി പുതുക്കേണ്ട സാഹചര്യമുണ്ടായി. ഇതനുസരിച്ച് കില സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിക്കുകയും പുതുക്കിയ നിരക്കനുസരിച്ച് ഭരണാനുമതി തുക വർദ്ധിപ്പിച്ചുകൊണ്ട് 13-05-2022-ന് സർക്കാർ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് നിലവിലുള്ള എസ്റ്റിമേറ്റിൽ ഭേദഗതി വരുത്തി സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ വിളിക്കുന്നതിനുള്ള നടപടികൾ കില സ്വീകരിച്ചുവരുന്നു.

(ഡി) വിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നും തുക വകയിരുത്തിയിട്ടുള്ള കുറ്റിപ്പുറം പഞ്ചായത്തിലെ പെരുംപറമ്പ് മൂടാൽ ഗവ. എൽ.പി. സ്കൂൾ, എടയൂർ പഞ്ചായത്തിലെ വടക്കുമ്പ്രം ഗവ. എൽ.പി സ്കൂൾ എന്നിവയുടെ കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച് വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തികരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

**ജി.എൽ.പി.എസ്. പെരുംപറമ്പ് മൂടാൽ**

2019-20 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി 1.30 കോടി രൂപയുടെ കെട്ടിട നിർമ്മാണം പൂർത്തിയായി. ഇലക്ട്രിക്കൽ പ്രവൃത്തി നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ജി.എൽ.പി.എസ്. വടക്കുംപുറം**

2021-22 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി 2.33 കോടി രൂപയുടെ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ട്. പി.ഡബ്ല്യു.ഡി. മുഖേന തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## മലപ്പുറം ജില്ലയിലെ 2014-15 മുതൽ 2021-22 വരെയുള്ള വിദ്യാർത്ഥികളുടെ കണക്ക്

196 (4912) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ 2014-15 മുതൽ 2021-22 വരെയുള്ള അധ്യയന വർഷങ്ങളിൽ ഓരോ വർഷവും സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കുമോ?

മലപ്പുറം ജില്ലയിൽ 2014-15 മുതൽ 2021-22 വരെയുള്ള അദ്ധ്യയന വർഷങ്ങളിൽ ഓരോ വർഷവും സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം അനുബന്ധമായി+ ചേർക്കുന്നു.

(ബി) ജില്ലയിൽ പ്രസ്തുത വർഷങ്ങളിൽ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ വിദ്യാർത്ഥികളുടെയും അതിൽ ഉപരിപഠന യോഗ്യത നേടിയ വിദ്യാർത്ഥികളുടെയും എണ്ണം വർഷം തിരിച്ച് ലഭ്യമാക്കുമോ?

ജില്ലയിൽ പ്രസ്തുത വർഷങ്ങളിൽ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ വിദ്യാർത്ഥികളുടെയും അതിൽ ഉപരിപഠന യോഗ്യത നേടിയ വിദ്യാർത്ഥികളുടെയും എണ്ണം വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | പരീക്ഷ എഴുതിയ വിദ്യാർത്ഥികളുടെ എണ്ണം | ഉപരിപഠന യോഗ്യത നേടിയ വിദ്യാർത്ഥികളുടെ എണ്ണം |
|---|---|---|---|
| 1 | 2014-15 | 79663 | 75402 |
| 2 | 2015-16 | 83285 | 79861 |
| 3 | 2016-17 | 80584 | 76985 |
| 4 | 2017-18 | 79708 | 77922 |
| 5 | 2018-19 | 80052 | 78335 |
| 6 | 2019-20 | 77685 | 76633 |
| 7 | 2020-21 | 76014 | 75554 |
| 8 | 2021-22 | 78224 | 77691 |

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ജില്ലയിൽ പ്രസ്തുത കാലയളവിലെ ഓരോ വർഷവും ഹയർ സെക്കന്ററി മേഖലയിൽ എത്ര സീറ്റുകൾ വീതം ഓരോ വിഷയത്തിനും ഉണ്ടായിരുന്നുവെന്നും സീറ്റുകളുടെ അപര്യാപ്തതമൂലം എത്ര സ്ഥിരം, താൽക്കാലിക ബാച്ചുകൾ അധികമായി രൂപീകരിച്ചുവെന്നും മുൻവർഷത്തെ സീറ്റുകളുടെ എത്ര ശതമാനം അധിക വർദ്ധനവുണ്ടായെന്നും എത്ര സ്കൂളുകളിൽ പുതുതായി ഹയർ സെക്കന്ററി ബാച്ചുകൾ അനുവദിച്ചുവെന്നതും സംബന്ധിച്ച വിശദാംശം സർക്കാർ/എയ്ഡഡ് മേഖല തിരിച്ച് വർഷാടിസ്ഥാനത്തിൽ വിശദമാക്കുമോ?

മലപ്പുറം ജില്ലയിൽ 2014-15 മുതൽ 2021-22 കാലയളവിലെ ഓരോ വർഷവും ഹയർ സെക്കണ്ടറി മേഖലയിൽ എത്ര സീറ്റുകൾ വീതം ഓരോ വിഷയത്തിനും ഉണ്ടായിരുന്നുവെന്നും സീറ്റുകളുടെ അപര്യാപ്തതമൂലം എത്ര സ്ഥിരം, താൽക്കാലിക ബാച്ചുകൾ അധികമായി രൂപീകരിച്ചുവെന്നും മുൻ വർഷത്തെ സീറ്റുകളുടെ എത്ര ശതമാനം അധിക വർദ്ധനവുണ്ടായെന്നും എത്ര സ്കൂളുകളിൽ പുതുതായി ഹയർ സെക്കണ്ടറി ബാച്ചുകൾ അനുവദിച്ചുവെന്നതും സംബന്ധിച്ച വിശദാംശം സർക്കാർ എയ്ഡഡ് മേഖല തിരിച്ച് വർഷാടിസ്ഥാനത്തിലുള്ളത് അനുബന്ധം-2+ ആയി ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ബാലുശ്ശേരി മണ്ഡലത്തിലെ സ്കൂളുകളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തൽ

197 (4913) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനായി ബാലുശ്ശേരി നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്കാണ് കിഫ്ബിയിൽനിന്നും ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കിഫ്ബിയിൽനിന്നും ഫണ്ട് അനുവദിച്ച ഏതെല്ലാം സ്കൂളുകളുടെ പ്രവൃത്തി ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഫണ്ട് വിനിയോഗിച്ച് പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നതും പ്രവൃത്തി ആരംഭിക്കുവാനുള്ളതുമായ സ്കൂളുകൾ ഏതെല്ലാമാണെന്നും പ്രവൃത്തി ഏറ്റെടുത്തിരിക്കുന്ന ഏജൻസികൾ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ഡി) പ്രവൃത്തികൾ ആരംഭിക്കാത്ത സ്കൂളുകളിൽ അവ എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

(എ-ഡി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ഭൗതികസൗകര്യം മെച്ചപ്പെടുത്തുന്നതിനായി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഫണ്ടനുവദിച്ച ബാലുശ്ശേരി നിയോജക മണ്ഡലത്തിലെ സ്കൂളുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

5 കോടി കിഫ്ബി ഫണ്ട്

5 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട നടുവണ്ണൂർ ജി.എച്ച്.എസ്.എസ്-ന്റെ നിർമാണത്തിനുള്ള SPV-യായി കൈറ്റിനെ ചുമതലപ്പെടുത്തിയിരുന്നു. നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നിർവ്വഹിച്ചിട്ടുണ്ട്.

3 കോടി കിഫ്ബി ഫണ്ട്

3 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട ജി.എച്ച്.എസ്.എസ്. അത്തോളി, ജി.എച്ച്.എസ്.എസ്. കൊക്കല്ലൂർ, ജി.ജി.എച്ച്.എസ്.എസ്. ബാലുശ്ശേരി എന്നീ സ്കൂളുകളുടെ നിർമാണത്തിനുള്ള SPV-യായി വാപ്കോസിനെ ചുമതലപ്പെടുത്തിയിരുന്നു. നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നിർവ്വഹിച്ചിട്ടുണ്ട്. ജി.എച്ച്.എസ്.എസ്. പൂനൂർ സ്കൂളിന്റെ SPV-യായി ഇൻകെലിനെ ചുമതലപ്പെടുത്തിയിരുന്നു. നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നിർവ്വഹിച്ചു.

ജി.എച്ച്.എസ്.എസ്. അവിടനല്ലൂർ, ജി.എം.യു.പി.എസ്. പൂനൂർ എന്നീ സ്കൂളുകളുടെ 'feasibility study' തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടത്തി എസ്.പി.വി.-യായ കില തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

<u>1 കോടി കിഫ്ബി ഫണ്ട്</u>

1 കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി എസ്.പി.വി-യായി കിലയെ ചുമതലപ്പെടുത്തി നിർമ്മാണത്തിനായി തെരഞ്ഞെടുത്ത ജി.യു.പി.എസ്. ഉണ്ണികുളം, ഗവ. എച്ച്.എസ്.എസ്. ശിവപുരം, ജി.എം.യു.പി.എസ്. വേളൂർ എന്നീ സ്കൂളുകളുടെ നിർമ്മാണം നടന്നുവരുന്നു.

ജി.വി.എച്ച്.എസ്.എസ്. ബാലുശ്ശേരി, ഗവ. യു.പി.എസ്. തൃക്കുട്ടിശ്ശേരി എന്നീ സ്കൂളുകളുടെ ടെണ്ടർ നടപടി സ്വീകരിച്ചുവരുന്നു.

ജി.എച്ച്.എസ്.എസ്. കായണ്ണ സ്കൂളിന്റെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. 'Coverage issue' ഉണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇക്കാര്യം തദ്ദേശസ്വയംഭരണ വകുപ്പ് മുഖാന്തരം പരിശോധിച്ചുവരുന്നു.

കില എസ്.പി.വി-യായി നിർമ്മാണം നടന്നുവരുന്ന സ്കൂളുകളുടെ നിർമ്മാണം വേഗത്തിലാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് കിലയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## മങ്കട എ.ഇ.ഒ. ഓഫീസ്

198 (4914) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജക മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ ആകെയുള്ള ഭൂമിയുടെയും അതിൽ ഉപയോഗിച്ചുവരുന്ന ഭൂമിയുടെയും ഉപയോഗിക്കാതെ അവശേഷിക്കുന്ന ഭൂമിയുടെയും അളവ് വ്യക്തമാക്കുമോ; ഉപയോഗിക്കാതെ അവശേഷിക്കുന്ന ഭൂമി എവിടെയെല്ലാമാണെന്നും വ്യക്തമാക്കുമോ?

മങ്കട നിയോജക മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ 19 എൽ.പി/യു.പി. സ്കൂളുകൾക്കായി 15.22 ഏക്കർ സ്ഥലവും 6 ഹൈസ്കൂളുകൾക്കായി 15.138 ഏക്കർ സ്ഥലവുമാണ് ഉപയോഗത്തിലുള്ളത്. ടി നിയോജക മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഉപയോഗിക്കാതെ അവശേഷിക്കുന്ന ഭൂമിയില്ല.

(ബി) മങ്കട എ.ഇ.ഒ. ഓഫീസിന് സ്വന്തമായി കെട്ടിടമില്ലാത്തത് മൂലമുള്ള പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി വകുപ്പ് സ്വീകരിച്ച

നടപടികൾ വ്യക്തമാക്കുമോ; പ്രസ്തുത നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

ഉണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും പുതിയ കെട്ടിടത്തിനായി 40 ലക്ഷം രൂപ അനുവദിച്ചിരുന്നു. എന്നാൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ സ്ഥലം ലഭ്യമല്ലാത്തതിനാൽ രാമപുരത്തെ ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കൊടുങ്ങല്ലൂർ മണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണം**

199 (4915) <u>ശ്രീ. വി. ആർ. സുനിൽകുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊടുങ്ങല്ലൂർ നിയോജക മണ്ഡലത്തിൽ ഏതെല്ലാം സ്കൂളുകൾക്ക് ഏതൊക്കെ പദ്ധതികൾ പ്രകാരം തുകകൾ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

തൃശ്ശൂർ ജില്ലയിലെ ഗവ. യു.പി. സ്കൂൾ, കോണത്തുകുന്നിന് പകരമായി ഒരു കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി കൊടുങ്ങല്ലൂർ നിയോജക

മണ്ഡലത്തിലെ ഗവ. യു.പി. സ്കൂൾ, കാരുമാത്രയ്ക്ക് കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**കിച്ചൺ കം സ്റ്റോർ പദ്ധതി**

200 (4916) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകൾക്കായി കേന്ദ്ര ഫണ്ടും സംസ്ഥാന ഫണ്ടും ചേർത്ത് കിച്ചൺ-കം-സ്റ്റോർ നിർമ്മിക്കുന്നതിനായി അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ; പദ്ധതിക്കായി എത്ര സ്കൂളുകളെയാണ് തെരഞ്ഞെടുത്തിരുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ കിച്ചൺ-കം-സ്റ്റോർ നിർമ്മിക്കുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിൽ ആകെ 21097.09 ലക്ഷം (ഇരുപത്തൊന്നായിരത്തി തൊണ്ണൂറ്റേഴ് ലക്ഷത്തി ഒൻപതിനായിരം രൂപമാത്രം) രൂപ അനുവദിച്ചിട്ടുണ്ട്. 3031 സ്കൂളുകളിൽ കിച്ചൺ-കം-സ്റ്റോർ നിർമ്മിക്കുന്നതിനാണ് പ്രസ്തുത തുക അനുവദിച്ചത്. പദ്ധതി അടങ്കൽ

തുകയുടെ കേന്ദ്രവിഹിതം സംസ്ഥാനത്തിന് ലഭിക്കുന്നത് 2017-18 വർഷമാണ്. 2016-17 വർഷാവസാനം സംസ്ഥാന മാൻഡേറ്ററി വിഹിതത്തിന്റെ ഒരു ഭാഗം സംസ്ഥാന സർക്കാർ റിലീസ് ചെയ്യുകയുണ്ടായി. കേന്ദ്ര വിഹിതവും സംസ്ഥാന മാൻഡേറ്ററി വിഹിതത്തിന്റെ ബാലൻസ് തുകയും ചേർന്ന 13766.69 ലക്ഷം രൂപ 2020-21 സാമ്പത്തിക വർഷം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ പ്രവൃത്തി പൂർത്തിയായിട്ടുള്ളവ, പുരോഗമിക്കുന്നവ, ഇതുവരെ ആരംഭിക്കാത്തവ എന്നിങ്ങനെയുള്ള വിവരം തരംതിരിച്ച് നൽകാമോ;

(സി) പ്രസ്തുത പ്രവൃത്തികൾക്കായി ഇതുവരെ ചെലവഴിച്ച തുക എത്രയെന്നും ഇനി ചെലവഴിക്കാനുള്ള തുക എത്രയെന്നും വ്യക്തമാക്കാമോ;

(ഡി) പ്രവൃത്തി പൂർത്തീകരിച്ചവയ്ക്കുള്ള തുക മാറി നൽകിയിട്ടുണ്ടോ എന്നത് വ്യക്തമാക്കാമോ; പ്രവൃത്തികൾ പൂർത്തീകരിച്ച വകയിൽ തുക മാറി നൽകുന്നതിന് കാലതാമസമുണ്ടായെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ?

(ബി-ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) തുക മാറി നൽകിയിട്ടില്ലായെങ്കിൽ ആയത് മാറി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; സ്കൂളുകൾക്ക് അനുവദിച്ച തുക റ്റി.എസ്.ബി. അക്കൗണ്ടിലേയ്ക്ക് നൽകേണ്ടെന്ന നിർദ്ദേശം ധനകാര്യ വകുപ്പിൽനിന്നും ലഭിച്ചിരുന്നോ; എങ്കിൽ അക്കാര്യം വ്യക്തമാക്കാമോ?

തുക ലഭിച്ചിട്ടില്ലാത്ത സ്കൂളുകൾക്ക് ആയത് ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കിച്ചൺ-കം-സ്റ്റോർ നിർമ്മാണത്തിന് ട്രഷറി അലോട്ട്മെന്റായി നൽകിയ തുക മുൻകൂറായി മാറി സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്നതിന് പകരം ഡി.ബിടിറ്റി. ആയി തുക ചെലവഴിക്കുന്നതിനായുള്ള ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(എഫ്) പ്രസ്തുത പദ്ധതി പ്രകാരം ഫണ്ട് അനുവദിച്ച് ഉത്തരവായിട്ടുള്ള സ്കൂളുകൾക്ക് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഫണ്ട് ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗം എന്താണെന്ന് വിശദമാക്കാമോ?

നടപടി സ്വീകരിക്കുന്നതാണ്. സ്കൂളുകളിൽനിന്നുള്ള വിവര ശേഖരണത്തിന്റെ അടിസ്ഥാനത്തിൽ 2021-2022 സാമ്പത്തിക വർഷം ട്രഷറികളിൽ നിന്നും മാറിയെടുക്കുവാൻ സാധിക്കാത്ത തുകയെത്രയെന്ന്

കൃത്യമായി തിട്ടപ്പെടുത്തി ഫണ്ട് ലഭ്യമാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## സമേതം പദ്ധതി

201 (4917) <u>ശ്രീ. പ്രമോദ് നാരായൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമേതം പദ്ധതിയെക്കുറിച്ചും സേവനങ്ങളെക്കുറിച്ചും വ്യക്തമാക്കാമോ?

സംസ്ഥാനത്തെ സ്കൂളുകളെക്കുറിച്ചുള്ള വിശദാംശങ്ങൾ പൊതുജനങ്ങൾക്കും ദൃശ്യമാകുന്ന വിധത്തിലുള്ള ഓൺലൈൻ സ്കൂൾ ഡാറ്റാ ബാങ്കാണ് 'സമേതം' (www.sametham.kite.kerala.gov.in). കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) തയ്യാറാക്കിയ പ്രസ്തുത പോർട്ടലിൽ സ്കൂളുകളെക്കുറിച്ചുള്ള അടിസ്ഥാന വിവരങ്ങൾ, ഭൗതിക സൗകര്യങ്ങൾ, അദ്ധ്യാപകരുടെയും ജീവനക്കാരുടെയും വിശദാംശങ്ങൾ, കുട്ടികളുടെ എണ്ണം, സ്കൂൾ വിക്കിയിലുള്ള താൾ, ലൊക്കേഷൻ തുടങ്ങിയ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

വിവിധ വിഭാഗത്തിലുള്ള സ്കൂളുകളെ (പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി) ഒരു ക്യാമ്പസ് എന്ന രൂപത്തിലാണ് 'സമേത'ത്തിൽ നൽകിയിട്ടുള്ളത്. 'സ്കൂൾ വിക്കി' പേജിലേയ്ക്ക് സമേതത്തിൽനിന്നും നേരിട്ട് പ്രവേശിക്കുന്നതിനും 'ഉപയോക്താക്കൾക്ക് സഹായമാകുന്നവിധം യൂസർഗൈഡും വീഡിയോ ട്യൂട്ടോറിയലും സമേതം ഹോം പേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്കൂൾ സംബന്ധിച്ച വിശദാംശങ്ങൾ സെർച്ച് ചെയ്ത് കണ്ടെത്തുന്നതിനും ജില്ലാ, പാർലമെന്റ്-അസംബ്ലി മണ്ഡലങ്ങൾ, ത്രിതല പഞ്ചായത്തുകൾ, വിദ്യാഭ്യാസ ജില്ല, ഉപജില്ല എന്നിങ്ങനെ തരംതിരിച്ച് ആ പരിധിയിൽവരുന്ന സ്കൂളുകളെ മുഴുവനായും അഡ്വാൻസ്ഡ് സെർച്ചിലൂടെ കണ്ടെത്തുന്നതിനും സൗകര്യമുണ്ട്.

(ബി) റാന്നി നിയോജക മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ ഏതെല്ലാം പദ്ധതികൾ/സ്കൂളുകൾ സമേതം ആപ്ലിക്കേഷനിൽ ഉൾപ്പെട്ടിട്ടുണ്ട്; വിശദവിവരം പട്ടികരൂപത്തിൽ നൽകാമോ?

റാന്നി നിയോജകമണ്ഡലത്തിൽ സമേതം ആപ്ലിക്കേഷനിൽ ഉൾപ്പെട്ടിട്ടുള്ള സ്കൂളുകളുടെ പട്ടിക അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ബദൽ സ്കൂളുകൾ

202 (4918) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൾട്ടി ഗ്രേഡ് ലേണിംഗ് സെന്ററുകൾ (MGLC)/ബദൽ സ്കൂളുകൾ നിർത്തലാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിൽ പ്രവർത്തിച്ചിരുന്ന 270 എം.ജി.എൽ.സി.-കൾ നിർത്തലാക്കി 344 വിദ്യാ വോളന്റിയർമാരെ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിലവിലുള്ളതോ/ഉണ്ടാകുന്നതോ ആയ പി.ടി.സി.എം./എഫ്.ടി.എം. തസ്തികയിൽ നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത സ്കൂളുകൾ നിർത്തലാക്കിയപ്പോൾ നിലവിൽ തുടർന്നുവന്ന വിദ്യാർത്ഥികൾക്ക് പഠനം തുടരുന്നതിനായി എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കി നൽകിയത് വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അടച്ചുപൂട്ടുന്ന എം.ജി.എൽ.സി.-കളിലെ വിദ്യാർത്ഥികളെ തൊട്ടടുത്തുള്ള പൊതുവിദ്യാലയങ്ങളിൽ എത്തിക്കുന്നതിന് പ്രാദേശിക ഭരണകൂടത്തിന്റെയും സമഗ്ര ശിക്ഷാ കേരളയുടെയും സഹായത്താൽ യാത്രാ സൗകര്യങ്ങൾ ഉറപ്പാക്കിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് എത്ര ബദൽ സ്കൂളുകൾ നിലവിൽ പ്രവർത്തിച്ചു വരുന്നുവെന്ന് വ്യക്തമാക്കാമോ?

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 03-06-2022-ലെ ഉത്തരവ് പ്രകാരം 6 എം.ജി.എൽ.സി.-കൾ അടച്ചുപൂട്ടുന്നത് താൽക്കാലികമായി സ്റ്റേ ചെയ്തിട്ടുണ്ട്. ബദൽ സംവിധാനം ഒരുക്കാൻ കഴിയാത്തതിനാൽ ചെമ്പ്ര - മലപ്പുറം, ചൂരത്തോട്-കോഴിക്കോട്, ശിങ്കപ്പാറ-പാലക്കാട്, കുറത്തിക്കുടി - ഇടുക്കി എന്നീ 4 എം.ജി.എൽ.സി-കൾ രണ്ട് വർഷത്തേയ്ക്കുകൂടി തുടരാൻ തീരുമാനിച്ചിട്ടുണ്ട്.

**ഗുരുവായൂർ മണത്തല ഗവ. ഹയർ സെക്കന്ററി സ്കൂൾ കെട്ടിട നിർമ്മാണം**

203 (4919) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ മണത്തല ഗവ. ഹയർ സെക്കന്ററി സ്കൂളിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം ആരംഭിച്ച കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകും എന്നത് വിശദമാക്കാമോ?

(എ&ബി) ഗുരുവായൂർ മണ്ഡലത്തിലെ ജി.എച്ച്.എസ്.എസ്. മണത്തല സ്കൂളിന്റെ ഒന്നാം ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം കഴിഞ്ഞിട്ടുണ്ട്. അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണം ഏതാണ്ട് 70 ശതമാനത്തോളം പൂർത്തിയായ അവസരത്തിൽ നിർമ്മാണം തുടർന്ന് നടക്കാത്ത സ്ഥിതി വരികയും കരാർ കാലാവധി കഴിഞ്ഞിട്ടും നിർമ്മാണം പൂർത്തിയാകാത്ത സാഹചര്യമുണ്ടായതിനാൽ കോൺട്രാക്ടറെ ടെർമിനേറ്റ് ചെയ്യുകയുമുണ്ടായി. ജി.എച്ച്.എസ്.എസ്. മണത്തല സ്കൂളിന് ഇനിയും അവശേഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി 14-06-2022-ലെ GO(Rt) No.3564/2022/Gedn. പ്രകാരം കിറ്റ്കോയെ എസ്.പി.വി-യായി ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. തുടർനടപടികൾ കിറ്റ്കോ സ്വീകരിച്ചുവരുന്നു.

## എസ്.സി.ഇ.ആർ.ടി. പ്ലസ് വൺ, പ്ലസ് ടു പുസ്തകങ്ങൾ പ്രിന്റ് ചെയ്യുന്ന നടപടി

204 (4920) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി.ഇ.ആർ.ടി. പ്ലസ് വൺ, പ്ലസ് ടു ക്ലാസുകളിലേയ്ക്ക് അടുത്ത വർഷം മുതൽ പുസ്തകങ്ങൾ പ്രിന്റ് ചെയ്ത് വിതരണം ചെയ്യുന്നതിനായി കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോറിനെ ചുമതലപ്പെടുത്തിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാകുമോ?

എസ്.സി.ഇ.ആർ.ടി. മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തിയ ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നതിനുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം- I+ ആയി ചേർത്തിരിക്കുന്നു.

(ബി) പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോറുമായി എസ്.സി.ഇ.ആർ.ടി. കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ?

എസ്.സി.ഇ.ആർ.ടി. മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തിയ ഹയർ സെക്കന്ററി പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നതുമായി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, എസ്.സി.ഇ.ആർ.ടി. ഡയറക്ടർ, കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോഴ്സ് ലിമിറ്റഡ് സെക്രട്ടറി എന്നിവർ ചേർന്ന് ഒപ്പുവച്ച കരാറിന്റെ പകർപ്പ് അനുബന്ധം- II+ ആയി ചേർത്തിരിക്കുന്നു.

## പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും

205 (4921) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി.ഇ.ആർ.ടി. വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്തിട്ടുള്ള ഹയർ സെക്കൻഡറി മലയാള പാഠപുസ്തകങ്ങൾ പുസ്തക രൂപത്തിൽ അച്ചടിച്ച് സ്കൂളുകളിൽ വിതരണം ചെയ്യുന്നതിന് ഇ-ടെൻഡർ വിളിക്കണമെന്ന് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമാണോ കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോറിന് പുസ്തക വിതരണത്തിന് കരാർ നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇ-ടെണ്ടർ വിളിക്കുന്നത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. എസ്.സി.ഇ.ആർ.ടി മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തിയ ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങളുടെ അച്ചടി സംബന്ധിച്ച് 01-02-2021-ലെ നം.885/2021/പൊ.വി.വ. പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. അതുപ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ, എസ്.സി.ഇ.ആർ.ടി. ഡയറക്ടർ, കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻട്രൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി സെക്രട്ടറി എന്നിവർ ചേർന്ന് കരാർ ഒപ്പിട്ടിട്ടുണ്ട്.

(ബി) പ്രസ്തുത കരാർ എത്ര വർഷത്തേയ്ക്കുള്ളതാണെന്നും കരാർ തുകയുടെ അടിസ്ഥാനത്തിലാണോ റോയൽറ്റി കണക്കാക്കുന്നതെന്നും കരാർ തുക എത്രയായിരുന്നുവെന്നും വ്യക്തമാക്കുമോ?

കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോഴ്സ് എന്ന സ്ഥാപനവുമായി ഒരു വർഷത്തേയ്ക്കുള്ളതായിരുന്നു കരാർ. 2022 ഫെബ്രുവരി 5-ാം തീയതിയാണ് കരാർ ഒപ്പിട്ടത്. കരാർ തുകയുടെ അടിസ്ഥാനത്തിലല്ല റോയൽറ്റി കണക്കാക്കുന്നത്. മൊത്തം അച്ചടിക്കുന്ന പുസ്തകങ്ങളുടെ അഞ്ച് ശതമാനമാണ് റോയൽറ്റി തുക. സ്കൂളുകളിൽനിന്നും ലഭിക്കുന്ന ഇൻഡെന്റിന്റെ അടിസ്ഥാനത്തിലാണ് പുസ്തകം അച്ചടിക്കുന്നത്.

(സി) കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ പരിധിയിൽ പ്രവർത്തിക്കേണ്ട കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോഴ്സ് എന്ന ജീവനക്കാരുടെ സ്ഥാപനത്തിന് സംസ്ഥാനമൊട്ടാകെ പുസ്തക വിതരണം നടത്തുവാൻ അനുമതിയുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇപ്രകാരം പുസ്തക അച്ചടിക്ക് കരാർ നൽകിയ എസ്.സി.ഇ.ആർ.ടി. തീരുമാനം സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

(സി&ഡി) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോഴ്സ് എന്ന സ്ഥാപനത്തിന് പുസ്തകം അച്ചടിച്ച് വിതരണം ചെയ്യാൻ ചുമതലപ്പെടുത്തിയതും ഇതിന്റെ അടിസ്ഥാനത്തിലാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളതും. സ്വകാര്യ പ്രസാധകർ ഉയർന്ന വില ഈടാക്കി സംസ്ഥാനമൊട്ടാകെ മലയാളം മീഡിയത്തിൽ പുസ്തകങ്ങൾ വിറ്റഴിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിരുന്നു.

## സ്കൂൾ പാഠ്യപദ്ധതിയിൽ ഗാന്ധിയൻ സ്റ്റഡീസ്

206 (4922) ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എത്ര സർക്കാർ സ്കൂളുകളിൽ നിലവിൽ ഗാന്ധിയൻ സ്റ്റഡീസ് പഠന വിഷയമായുണ്ടെന്ന് അറിയിക്കുമോ?

കേരളത്തിലെ 12 സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിലവിൽ ഗാന്ധിയൻ സ്റ്റഡീസ് പഠന വിഷയമായി പഠിപ്പിക്കുന്നുണ്ട്.

(ബി) ഈ വിഷയത്തിൽ പ്ലസ് ടു തലത്തിൽ പുതിയ ബാച്ചുകൾ അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ;

(സി) എങ്കിൽ പുതിയ ബാച്ചുകൾ അനുവദിക്കുമ്പോൾ ഗാന്ധിയൻ സ്റ്റഡീസ് കോമ്പിനേഷൻ കൂടുതലുള്ള ബാച്ചുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

(ബി&സി) നിലവിൽ പരിഗണനയിലില്ല.

## എസ്.സി.ഇ.ആർ.ടി.യുടെ പ്ലസ് വൺ, പ്ലസ് ടു പുസ്തകങ്ങളുടെ പ്രിന്റിംഗ്

207 (4923) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി.ഇ.ആർ.ടി.-യുടെ പ്ലസ് വൺ, പ്ലസ് ടു ക്ലാസുകളിലേയ്ക്ക് അടുത്ത വർഷം മുതൽ പുസ്തകങ്ങൾ പ്രിന്റ് ചെയ്ത് വിതരണം ചെയ്യുന്നതിനായി കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോറിനെ ചുമതലപ്പെടുത്തിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+

(ബി) പ്രസ്തുത പ്രവൃത്തി നൽകുന്നത് സംബന്ധിച്ച ടെൻഡറിൽ പങ്കെടുത്ത സ്ഥാപനങ്ങളുടെ പേരും മേൽവിലാസവും വ്യക്തമാക്കുമോ;

(സി) ടെൻഡറിൽ അന്തിമ തീരുമാനമെടുത്ത മിനിട്ട്സിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(ബി&സി) മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തിയ ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങളുടെ അച്ചടിയുമായി ബന്ധപ്പെട്ട് ടെണ്ടർ ക്ഷണിച്ചിട്ടില്ല.

**കരിക്കുലം കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ**

208 (4924) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) പ്രീ-പ്രൈമറി മുതൽ ഹയർ സെക്കണ്ടറി വരെയുള്ള ക്ലാസ്സുകളിലെ പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് സ്കൂൾ പാഠ്യപദ്ധതി പരിഷ്കരിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നവകേരള നിർമ്മിതിക്കായുള്ള ശ്രമങ്ങളുടെ ഭാഗമായി പുതുതലമുറയെ സജ്ജമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് പരിഷ്കരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളത്. പാഠ്യപദ്ധതി ചട്ടക്കൂട് നിർമ്മാണം, പാഠപുസ്തകങ്ങളും അനുബന്ധ സാമഗ്രികളും വികസിപ്പിക്കൽ, അദ്ധ്യാപക ശാക്തീകരണം തുടങ്ങിയവ ഉൾപ്പെടുന്ന സമഗ്രമായ പാഠ്യപദ്ധതി പരിഷ്കരണമാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി സ്കൂൾ കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി അംഗങ്ങൾ, കരിക്കുലം കോർ കമ്മിറ്റി അംഗങ്ങൾ, വിദ്യാഭ്യാസ വിദഗ്ദ്ധർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള സംസ്ഥാനതല ആശയ രൂപീകരണ ശില്പശാല നടത്തി. 25 ഫോക്കസ് മേഖലകളെ അടിസ്ഥാനമാക്കിയുള്ള ജനകീയ ചർച്ചകൾ ഉടനെ സംഘടിപ്പിക്കും. അതിന്റെ ചർച്ചകളുടെ ഭാഗമായി രൂപീകരിക്കുന്ന കേരള കരിക്കുലം ഫ്രെയിംവർക്കിന്റെ അടിസ്ഥാനത്തിലാകും തുടർപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.

(ബി) പ്രസ്തുത ക്ലാസ്സുകളുടെ പാഠ്യപദ്ധതി അവസാനമായി പരിഷ്കരിച്ചത് എന്നാണ്; വിശദമാക്കാമോ?

ദേശീയ തലത്തിൽ 2005-ൽ പ്രസിദ്ധീകരിച്ച ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിനെ അധികരിച്ചാണ് 2007-ൽ കേരളത്തിൽ സമഗ്രമായ പാഠ്യപദ്ധതി പരിഷ്കരണം നടപ്പിലാക്കിയത്. തുടർന്ന് 2013-ൽ പുതിയ നയരേഖ പ്രസിദ്ധീകരിക്കുകയും പുതിയ പാഠപുസ്തകങ്ങൾ തയ്യാറാക്കുകയും ചെയ്തിരുന്നു. ഈ അവസരത്തിൽ അടിസ്ഥാന സമീപനങ്ങളിൽ മാറ്റം വരുത്താതെ ഉള്ളടക്കം മാറ്റുകയാണുണ്ടായത്. ആയതിനാൽ കഴിഞ്ഞ 15 വർഷക്കാലം അറിവിന്റെ നാനാമേഖലകളിലുണ്ടായ വളർച്ചയും വികാസവും ഉൾച്ചേർത്തുകൊണ്ട് കേരളത്തെ ഒരു വിജ്ഞാന സമൂഹമായി പരിവർത്തിപ്പിക്കുന്നതിനുള്ള സമഗ്രമായ പരിഷ്കരണമാണ് ലക്ഷ്യം വയ്ക്കുന്നത്.

(സി) പാഠ്യപദ്ധതി പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് കരിക്കുലം കമ്മിറ്റി എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

പാഠ്യപദ്ധതി പരിഷ്കരണം സംബന്ധിച്ചുള്ള സമയക്രമത്തിന്റെ ഒരു കരട് രൂപരേഖയ്ക്ക് സ്കൂൾ കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റിയുടെയും കോർ

കമ്മിറ്റിയുടെയും സംയുക്ത യോഗം അംഗീകാരം നൽകിയിട്ടുണ്ട്. ഇതനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## പാഠ്യപദ്ധതി പരിഷ്കരണം

209 (4925) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാഠ്യപദ്ധതി പരിഷ്കരണത്തിനായി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ?

സംസ്ഥാനത്ത് പാഠ്യപദ്ധതി പരിഷ്കരണത്തിനായി കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റിയും കരിക്കുലം കോർ കമ്മിറ്റിയും രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. 25 ഫോക്കസ് മേഖലകളെ അടിസ്ഥാനമാക്കിയാണ് പാഠ്യപദ്ധതി ചട്ടക്കൂട് രൂപീകരിക്കുന്നത്. പ്രസ്തുത ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾക്കായി ചെയർമാൻ, വൈസ് ചെയർമാൻ, കൺവീനർ, കോ-ഓർഡിനേറ്റർ എന്നിവർ ഉൾപ്പെടുന്ന വിവിധ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത കമ്മിറ്റിയിൽ ആരെല്ലാമാണ് അംഗങ്ങൾ എന്നറിയിക്കുമോ?

പ്രസ്തുത കമ്മിറ്റി അംഗങ്ങളുടെ വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(സി) ഏതെല്ലാം ക്ലാസ്സുകളിലെ ഏതെല്ലാം വിഷയങ്ങളുടെ പാഠ്യപദ്ധതിയാണ് പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

പ്രീ-പ്രൈമറി മുതൽ ഹയർ സെക്കണ്ടറി വരെയുള്ള ക്ലാസ്സുകളിലെ എല്ലാ വിഷയങ്ങളുടെയും പാഠഭാഗങ്ങൾ പരിഷ്കരിക്കാനാണ് ഉദ്ദേശിക്കുന്നത്. രണ്ട് ഘട്ടങ്ങളായിട്ടായിരിക്കും പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്നത്.

(ഡി) പരിഷ്കരണത്തിലൂടെ കുട്ടികൾക്ക് എന്തെല്ലാം പഠന മികവുകളാണ് നല്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ബഹുമുഖ ബുദ്ധിവികാസത്തിന് അവസരമൊരുക്കുന്നവിധം ജ്ഞാനനിർമ്മിതിയെ അടിസ്ഥാനമാക്കിയുള്ള പാഠ്യപദ്ധതിയാണ് നിലവിലുള്ളത്. വിവിധ നൈപുണികൾ (തൊഴിൽ നൈപുണി ഉൾപ്പെടെ) ആർജ്ജിക്കുന്നതിനും ആധുനിക ശാസ്ത്രസാങ്കേതികവിദ്യ ഫലപ്രദമായി ഉപയോഗിക്കുന്നതിനും രൂപപ്പെടുത്തുന്ന പാഠ്യപദ്ധതിയിലൂടെ ഒരു ജ്ഞാനസമൂഹത്തെ സൃഷ്ടിക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. ജനാധിപത്യ മതനിരപേക്ഷ മൂല്യങ്ങളിൽ അധിഷ്ഠിതമായ സമൂഹസൃഷ്ടി, എല്ലാ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തലങ്ങളിലും അവസര സമത്വവും തുല്യനീതിയും ഉറപ്പാക്കൽ, സാമൂഹിക പ്രശ്നങ്ങളെ വിമർശനപരമായി വിലയിരുത്താൻ ശേഷിയുള്ള സമൂഹത്തെ സൃഷ്ടിക്കുക, അറിവ് നിർമ്മിക്കാനും നൂതന ആശയങ്ങൾ മുന്നോട്ടുവയ്ക്കുന്നതിനും കുട്ടികളെ പ്രാപ്തരാക്കുക, നൂതനമായ പഠനബോധന രീതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക, കുട്ടിയുടെ ചിന്താശേഷിയുടെ വികാസം ഉറപ്പാക്കുക, ഭരണഘടനാ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള പഠനാന്തരീക്ഷം ഉറപ്പാക്കുക, സർഗാത്മകതയുടെയും സ്വതന്ത്ര ചിന്താശേഷിയുടെയും വികാസം ഉറപ്പാക്കുക എന്നിവയാണ് പരിഷ്കരണത്തിലൂടെ ലക്ഷ്യംവയ്ക്കുന്നത്.

**പ്രൈമറി സ്കൂൾ കുട്ടികൾക്കുവേണ്ടിയുള്ള പദ്ധതികൾ**

210 (4926) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രൈമറി സ്കൂൾ കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷാ പഠനത്തിന് സഹായകരമാകുന്നതിനും അടിസ്ഥാന ഗണിതശേഷി ഉറപ്പാക്കുന്നതിനും ഉതകുംവിധം സർക്കാർ എന്തെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. വിദ്യാർത്ഥികളുടെ ഇംഗ്ലീഷ് പ്രയോഗശേഷി ഉയർത്തുന്നതിനുള്ള 'ഹലോ ഇംഗ്ലീഷ്' സംസാരശേഷി മെച്ചപ്പെടുത്തുന്നതിനുള്ള 'ഇ-ക്യൂബ് ഇംഗ്ലീഷ്', ഇംഗ്ലീഷ് ഭാഷാ ഓൺലൈനായി പഠിക്കുന്നതിനുള്ള പഠന പാക്കേജായ 'ഹലോ വേൾഡ്', 1, 2 ക്ലാസ്സുകളിലെ ഗണിതപഠനം കളികളിലൂടെ സാധ്യമാക്കുന്നതിനുള്ള 'ഉല്ലാസഗണിതം', 3, 4 ക്ലാസ്സുകളിലെ കുട്ടികളുടെ ഗണിതപഠനം ആസ്വാദ്യകരമാക്കുന്നതിനുള്ള 'ഗണിതവിജയം' എന്നീ പദ്ധതികൾ പ്രൈമറി സ്കൂൾ കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാപഠനത്തിനും അടിസ്ഥാന ഗണിതശേഷി ഉറപ്പാക്കുന്നതിനുമായി പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്.

## പട്ടാമ്പി മണ്ഡലത്തിലെ ഹയർ സെക്കന്ററി ബാച്ചുകൾ

211 (4927) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി നിയോജക മണ്ഡലത്തിലെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലായി എത്ര പ്ലസ് വൺ ബാച്ചുകൾ അനുവദിക്കപ്പെട്ടിട്ടുണ്ട്?

പട്ടാമ്പി നിയോജകമണ്ഡലത്തിലെ 7 (ഏഴ്) ഹയർ സെക്കണ്ടറി സ്കൂളുകളിലായി 28 (ഇരുപത്തിയെട്ട്) ബാച്ചുകളും 2 (രണ്ട്) എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലായി 12 (പന്ത്രണ്ട്) ബാച്ചുകളും നിലവിലുണ്ട്.

(ബി) പ്രസ്തുത സ്കൂളുകളിൽ 2021-22, 2022-23 അദ്ധ്യയന വർഷങ്ങളിൽ എത്ര വീതം പ്ലസ് വൺ ബാച്ചുകളാണ് അനുവദിച്ചിട്ടുള്ളത്; വിശദമാക്കുമോ?

പ്രസ്തുത സ്കൂളുകളിൽ 2021-22, 2022-23 അദ്ധ്യയന വർഷങ്ങളിൽ അനുവദിച്ചിട്ടുള്ള പ്ലസ് വൺ ബാച്ചുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| **School Name** | **School Code** | **School Type** | **2021 Batches** | **2022 Batches** |
|---|---|---|---|---|
| Govt. Janatha HSS, Naduvattom, Pattambi, Palakkad | 9007 | Govt. | 6 | 6 |
| Govt.Oriental HSS, Pattambi, Palakkad | 9010 | Govt | 5 | 5 |
| Govt. HSS, Pattambi, Palakkad | 9017 | Govt. | 5 | 5 |
| Govt. HSS, Vadanamkurissi, Palakkad | 9020 | Govt. | 4 | 4 |
| PTM Yathimkhana HSS, Edappalam, Palakkad | 9038 | Aided Minority | 8 | 8 |
| Vallapuzha HSS, Vallappuzha, Palakkad | 9051 | Aided General | 4 | 4 |
| Govt. HSS, Chundambatta, Palakkad | 9084 | Govt | 3 | 3 |
| GHSS Kodumunda, Pattambi, Palakkad | 9105 | Govt. | 3 | 3 |
| Govt. VHSS Koppam | 9154 | Govt | 2 | 2 |

**വയനാട് ജില്ല- പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിവരം**

212 (4928) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ഈ അധ്യയന വർഷം പത്താം ക്ലാസിൽ പഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെയും ആകെ വിദ്യാർത്ഥികളുടെയും കണക്ക് സ്കൂൾ തിരിച്ച് ലഭ്യമാക്കാമോ?

വയനാട് ജില്ലയിൽ ഈ അദ്ധ്യയനവർഷം പത്താം ക്ലാസിൽ പഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെയും ആകെ വിദ്യാർത്ഥികളുടെയും കണക്ക് സ്കൂൾ തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത ജില്ലയിൽ ആറാം പ്രവൃത്തി ദിനം സ്കൂളിൽ വന്നതിനുശേഷം ജൂൺ 30 വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ തുടർച്ചയായി സ്കൂളിൽ ഹാജരാകാത്ത, പത്താം ക്ലാസിൽ പഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുണ്ടെങ്കിൽ അവരുടെ കണക്ക് സ്കൂൾ തിരിച്ച് ലഭ്യമാക്കാമോ?

ഉണ്ട്. പത്താം ക്ലാസ്സിൽ പഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ തുടർച്ചയായി സ്കൂളിൽ ഹാജരാകാത്തവരുടെ സ്കൂൾ തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| ക്രമ നം. | ആറാം പ്രവൃത്തിദിനം സ്കൂളിൽ വന്നതിനു ശേഷം ജൂൺ 30 വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ തുടർച്ചയായി സ്കൂളിൽ ഹാജരാകാത്ത, പത്താം ക്ലാസിൽ പഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുള്ള സ്കൂളുകളുടെ പേര് | പത്താം ക്ലാസ്സിൽ പഠനം നടത്തുന്ന ഹാജരാകാത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം |
|---|---|---|
| 1 | 15001 G.H.S.S. TALAPPUZHA | 1 |
| 2 | 15003 FR. G.KM HS KANIYARAM | 1 |
| 3 | 15005 S.H.H.S.S. DWARAKA | 2 |
| 4 | 15006 G.V.H.S.S. MANANTHAVADY | 1 |
| 5 | 15009 G.H.S.S KARTIKULAM | 4 |
| 6 | 15010 G.H.S.S. TRISSILERY | 1 |
| 7 | 15014 ST. THOMAS HS NADAVAYAL | 1 |
| 8 | 15018 G.H.S.S. KAKKAVAYAL | 2 |
| 9 | 15026 G.H.S.S. VYTHIRI | 2 |
| 10 | 15028 SARVAODAYA HS EACHOME | 2 |
| 11 | 15030 G.H.S.S KANIYAMBETTA | 4 |
| 12 | 15032 G.H.S.S. PADINHARATHARA | 5 |
| 13 | 15034 G.H.S.S. MEPPADI | 3 |
| 14 | 15041 JAYASREE HSS KALLUVAYAL | 1 |
| 15 | 15045 G.H.S.S. VADUVANCHAL | 4 |
| 16 | 15046 G.H.S.S. KOLERI | 9 |
| 17 | 15047 G.H.S. VAKERY SULTHANBATHERY | 1 |
| 18 | 15048 G.H.S.S. MEENANGADI | 2 |
| 19 | 15050 SN HSS POOTHADI | 4 |
| 20 | 15058 G.H.S. KALLOOR NOOLPUZHA | 1 |
| 21 | 15059 G.M. H.S.S. CHEERAL | 2 |
| 22 | 15069 GOVT.H.S.S. THARUVANA | 2 |
| 23 | 15083 GOVT. HIGH SCHOOL VARAMBATTA | 3 |
| 24 | 15042 G.H.S. IRULATH | 1 |
| 25 | 15057 G.V.H.S.S. AMBALAVAYAL | 6 |
| ആകെ വിദ്യാർത്ഥികളുടെ എണ്ണം | | **65** |

(സി) പ്രസ്തുത വിദ്യാർത്ഥികൾ ക്ലാസ്സിൽ ഹാജരാകാത്തത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം വിദ്യാഭ്യാസ വകുപ്പ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. ട്രൈബൽ പ്രൊമോട്ടർമാരുടെ സഹായത്തോടെ കുട്ടികളെ സ്കൂളിലെത്തിക്കുന്നതിന് ഹെഡ്മാസ്റ്റർമാർക്ക് നിർദ്ദേശം നൽകാൻ ഡി.ഇ.ഒ/എ.ഇ.ഒ -മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഹയർ സെക്കന്ററി സ്കൂളുകളിലെ പ്രിൻസിപ്പാൾ തസ്തികയിലേയ്ക്കുള്ള നിയമനം

213 (4929) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യയന വർഷം ആരംഭിച്ച് ഒരു മാസം കഴിഞ്ഞിട്ടും സംസ്ഥാനത്തെ 194 ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്രിൻസിപ്പാൾ തസ്തിക ഒഴിഞ്ഞുകിടക്കുകയാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സ്കൂളുകളിലെ പ്രിൻസിപ്പാൾ തസ്തികയിലേയ്ക്ക് അദ്ധ്യാപകരെ നിയമിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ഒഴിവുകളിലേയ്ക്ക് പ്രിൻസിപ്പാൾമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കഴിഞ്ഞ മാർച്ച് മാസം അദ്ധ്യാപകരിൽനിന്നും കോൺഫിഡൻഷ്യൽ റിപ്പോർട്ട് വാങ്ങിയിട്ടും ഇതുവരെ ഡി.പി.സി. ചേരാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

26-07-2022-ൽ ഡി.പി.സി. (ഹയർ) ചേരുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**ഹയർ സെക്കണ്ടറി അദ്ധ്യാപക ഒഴിവുകൾ**

214 (4930) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി വിഭാഗത്തിൽ വിവിധ വിഷയങ്ങളിൽ അദ്ധ്യാപകരുടെ ഒഴിവുകൾ നിലനിൽക്കുന്നുണ്ടോ?

നിലനിൽക്കുന്നുണ്ട്.

(ബി) എച്ച്.എസ്.എസ്.ടി. ഹിസ്റ്ററി സീനിയർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ?

34 ഒഴിവുകൾ.

(സി) കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ ഈ തസ്തികയിലെ എത്ര ഒഴിവുകൾ നിയമനം നടത്താതെ മാറ്റിവച്ചിട്ടുണ്ടെന്നും പ്രസ്തുത ഒഴിവുകളിൽ ജൂനിയർ അദ്ധ്യാപകർക്ക് തസ്തികമാറ്റം വഴി താൽക്കാലികമായി നിയമനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ?

16 ഒഴിവുകൾ മാറ്റിവച്ചിട്ടുണ്ട്. പ്രസ്തുത തസ്തികകൾ എച്ച്.എസ്.എ.-മാരുടെ തസ്തികമാറ്റ നിയമനംവഴി നികത്താനുള്ളവയാണ്.

(ഡി) എച്ച്.എസ്.എസ്.ടി. തസ്തികകളിൽ ഒരു വർഷമുണ്ടാകുന്ന ഒഴിവുകളിൽ എത്ര ശതമാനമാണ് ഹെഡ്മാസ്റ്റർമാരുടെ തസ്തികമാറ്റ നിയമനത്തിനായി മാറ്റിവച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

എച്ച്.എസ്.എസ്.ടി. തസ്തികയിലേയ്ക്ക് ഹെഡ്മാസ്റ്റർമാരെ തസ്തികമാറ്റ നിയമനത്തിനായി പരിഗണിക്കുന്നില്ല. എച്ച്.എസ്.എസ്.ടി. തസ്തികയിലേയ്ക്ക് ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ ജൂനിയർ, ഹൈസ്കൂൾ ടീച്ചർ, എൽ.പി.-യു.പി. സ്കൂൾ അസിസ്റ്റന്റുമാർ എന്നീ അദ്ധ്യാപക വിഭാഗത്തിൽപ്പെട്ടവർക്ക് മാത്രമാണ് തസ്തികമാറ്റം നിയമനം നൽകിവരുന്നത്.

## പുതുതായി അനുവദിച്ച ഹയർ സെക്കണ്ടറി ബാച്ചുകൾ

215 (4931) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി അനുവദിച്ച ഹയർ സെക്കണ്ടറി ബാച്ചുകളുടെ എണ്ണം, സ്കൂളുകൾ, വിഷയം എന്നിവ ജില്ലാടിസ്ഥാനത്തിൽ തരംതിരിച്ച് ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹയർ സെക്കണ്ടറിക്ക് പുതുതായി സ്ഥിര ബാച്ചുകളോ സ്കൂളുകളോ അനുവദിച്ചിട്ടില്ല. ഉയർന്ന എസ്.എസ്.എൽ.സി. വിജയശതമാനം കണക്കിലെടുത്ത് സർക്കാർ സ്കൂളുകളിൽ 2021-ൽ 75 താൽക്കാലിക ബാച്ചുകൾ അനുവദിക്കുകയും പ്രസ്തുത ബാച്ചുകൾ ഈ വർഷവും താൽക്കാലികമായി തുടരാൻ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പരിയാരം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ ഈ വർഷത്തേയ്ക്ക് രണ്ട് ബാച്ചുകൾകൂടി താൽക്കാലികമായി അനുവദിച്ചിട്ടുണ്ട്.

## ഹയർ സെക്കണ്ടറി പുസ്തകങ്ങളുടെ അച്ചടിയും പ്രസിദ്ധീകരണവും വിതരണവും

216 (4932) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സജീവ് ജോസഫ്:

ശ്രീ. ടി. സിദ്ദിഖ്:

ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലസ് വൺ, പ്ലസ് ടു ക്ലാസ്സുകളിലേയ്ക്കുള്ള പുസ്തകങ്ങളുടെ അച്ചടിയും പ്രസിദ്ധീകരണവും വിതരണവും നിർവ്വഹിക്കുന്നതിന് കാലിക്കറ്റ് സർവ്വകലാശാല സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോറിന് കരാർ അനുവദിച്ച് നൽകിയിട്ടുണ്ടോ?

ഉണ്ട്. എസ്.സി.ഇ.ആർ.ടി. മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തിയ ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നതിനായി കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോഴ്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനെ ചുമതലപ്പെടുത്തി 01-02-2021-ലെ സ.ഉ(സാ.ധാ)നമ്പർ 885/2021/പൊ.വി.വ. സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ, എസ്.സി.ഇ.ആർ.ടി. ഡയറക്ടർ, കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോഴ്സ് സെക്രട്ടറി എന്നിവർ ചേർന്ന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിക്കായി ഓപ്പൺ ടെണ്ടർ വിളിച്ചിരുന്നോ; എങ്കിൽ ഏതെല്ലാം പത്രങ്ങളിൽ ഏതെല്ലാം ദിവസങ്ങളിലാണ് പരസ്യം നൽകിയതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഓപ്പൺ ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങളുടെ പേരും മേൽവിലാസവും വ്യക്തമാക്കുമോ?

(ബി&സി) ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

(ഡി) 06-01-2022-ലെ സർക്കാർ ഉത്തരവ് പ്രകാരം, പുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നതിനുള്ള റോയൽറ്റി തുക 15 ശതമാനത്തിൽനിന്നും 5 ശതമാനമാക്കി കുറച്ചിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം കുറയ്ക്കുവാൻ ഇടയായ സാഹചര്യം വ്യക്തമാക്കുമോ?

06-01-2022-ലെ 101/2022/പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവിൽ റോയൽറ്റി തുക 15 ശതമാനത്തിൽനിന്നും 5 ശതമാനമാക്കി പുനർനിശ്ചയിച്ചിട്ടുണ്ട്. പാഠപുസ്തകങ്ങൾ പരമാവധി വിലകുറച്ച് വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടെ എസ്.സി.ഇ.ആർ.ടി. ഡയറക്ടർകൂടി അംഗമായ വിലനിർണ്ണയ സമിതിയുടെ ശിപാർശപ്രകാരമാണ് റോയൽറ്റി തുക ഇപ്രകാരം കുറച്ചിട്ടുള്ളത്.

(ഇ) പാഠപുസ്തകങ്ങളുടെ അച്ചടിക്കും പ്രസിദ്ധീകരണത്തിനും വിതരണത്തിനും ടെൻഡർ നടപടിക്രമങ്ങൾ മറികടന്നുകൊണ്ടാണോ കാലിക്കറ്റ് സർവ്വകലാശാല സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോറിന് കരാർ അനുവദിച്ച് നൽകിയത്; എങ്കിൽ ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ?

01-02-2021-ലെ സ.ഉ(സാ.ധാ) നം.885/2021/പൊ.വി.വ. സർക്കാർ ഉത്തരവിലെ വ്യവസ്ഥകളനുസരിച്ചാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്. എസ്.സി.ഇ.ആർ.ടി. മലയാള പരിഭാഷ നിർവ്വഹിച്ച ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങൾ പ്രിന്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഇൻഡെന്റ് ശേഖരിച്ചപ്പോൾ വളരെക്കുറച്ച് മാത്രമാണ് ലഭ്യമായത്. ഹയർ സെക്കണ്ടറി ഇംഗ്ലീഷ് ടൈറ്റിലുകൾ പ്രിന്റ് ചെയ്യുന്ന സി-ആപ്റ്റ്, പ്രസ്തുത ഇൻഡെന്റ് അടിസ്ഥാനപ്പെടുത്തി തയ്യാറാക്കി നൽകിയ പുസ്തക വിലകൾ പരിശോധിച്ചപ്പോൾ ഇംഗ്ലീഷ് ടൈറ്റിലുകളെ അപേക്ഷിച്ച് വളരെയധികം വില ഈടാക്കേണ്ടിവരുമെന്നതിനാൽ മലയാളം ടൈറ്റിലുകൾ പ്രിന്റ് ചെയ്യുന്നത് പ്രതിസന്ധിയിലായിരുന്നു. മാത്രമല്ല സ്വകാര്യ പ്രസാധകർ വലിയവിലയ്ക്ക് മലയാളത്തിലുള്ള പുസ്തകങ്ങൾ പ്രിന്റ് ചെയ്ത് കേരളത്തിലങ്ങോളമിങ്ങോളം വിതരണം ചെയ്ത്

ലാഭമുണ്ടാക്കുന്നതിനാലാണ് ആവശ്യത്തിന് ഇൻഡെന്റ് ലഭിക്കാത്തതെന്നതും ശ്രദ്ധയിൽപ്പെട്ടിരുന്നു. ഈ സാഹചര്യത്തിലാണ് സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്ക് പുസ്തകം പ്രിന്റ് ചെയ്ത് നൽകാമെന്ന നിർദ്ദേശവുമായി കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോഴ്സ് ലിമിറ്റഡിന്റെ ശിപാർശ അംഗീകരിച്ച് സർക്കാർ അനുമതി നൽകിയത്.

**പരിവർത്തിത ക്രൈസ്തവ വിദ്യാർത്ഥികളുടെ പഠനം**

217 (4933) ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2021-22 അക്കാദമിക വർഷം എത്ര പരിവർത്തിത ക്രൈസ്തവ വിദ്യാർത്ഥികൾ പത്താം ക്ലാസ് വിജയിച്ചുവെന്നും ഇതിൽ എത്രപേർ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയെന്നും അറിയിക്കാമോ?

വിജയിച്ചവർ -188, എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയവർ - 5.

(ബി) 2021-22 അക്കാദമിക വർഷം എയ്ഡഡ്/ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളുകളിൽ പ്ലസ് വൺ അഡ്മിഷൻ നേടിയ പരിവർത്തിത ക്രൈസ്തവ വിദ്യാർത്ഥികളുടെ എണ്ണം അറിയിക്കാമോ?

2021-22 അക്കാദമിക വർഷം എയ്ഡഡ്/ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്ലസ് വൺ അഡ്മിഷൻ നേടിയ പരിവർത്തിത ക്രൈസ്തവ വിദ്യാർത്ഥികളുടെ എണ്ണം:

| | | |
|---|---|---|
| എയ്ഡഡ് | - | 373 |
| ഗവൺമെന്റ് | - | 269 |
| ആകെ | - | **642** |

(സി) 2021-22 അക്കാദമിക വർഷം എയ്ഡഡ്/ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ എത്ര പരിവർത്തിത ക്രൈസ്തവ വിദ്യാർത്ഥികൾ പ്ലസ് ടു പാസ്സായി; ഇതിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ വിദ്യാർത്ഥികൾ എത്രയെന്ന് അറിയിക്കാമോ?

2021-22 അക്കാദമിക വർഷം എയ്ഡഡ്/ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിൽനിന്ന് പ്ലസ് ടു പാസ്സായ പരിവർത്തിത ക്രൈസ്തവ വിദ്യാർത്ഥികളുടെ എണ്ണം- 136. ഇതിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ വിദ്യാർത്ഥികളുടെ എണ്ണം-08.

## നീന്തൽ അറിയുന്നവർക്ക് ബോണസ് പോയിന്റ്

218 (4934) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലസ് വൺ പ്രവേശനത്തിന് നീന്തൽ അറിയാമെന്ന സർട്ടിഫിക്കറ്റുള്ളവർക്ക് ബോണസ് പോയിന്റ് നൽകുന്ന സംവിധാനം തുടരുന്നതിന് സർക്കാർ ഉദ്ദ്യേശിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

ഇല്ല. 07-07-2022-ലെ സർക്കാർ ഉത്തരവ് (സാധാ) നം.3977/2022/പൊവിവ., 3978/2022/പൊ.വി.വ. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം, 2022-23 അദ്ധ്യയന വർഷം പ്ലസ് വൺ പ്രവേശനത്തിന് നീന്തൽ അറിവിന് നൽകിവന്നിരുന്ന ബോണസ് പോയിന്റ് ഒഴിവാക്കിയിട്ടുണ്ട്.

(ബി) നീന്തൽ അറിയാമെന്ന സർട്ടിഫിക്കറ്റ് നൽകുന്നതിന് കായിക വകുപ്പിനെയോ ജില്ലാ സ്പോർട്സ് കൗൺസിലിനെയോ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഇല്ല.

(സി) വിദ്യാഭ്യാസ വകുപ്പിന്റെ അനുമതിയോടുകൂടിയാണോ സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ വിദ്യാർത്ഥികൾക്കായി നീന്തൽ ട്രയൽ സംഘടിപ്പിച്ചതെന്ന് വ്യക്തമാക്കാമോ; വകുപ്പ് അനുമതി നൽകിയിട്ടില്ലായെങ്കിൽ പ്രസ്തുത നീന്തൽ ട്രയൽ സംഘടിപ്പിച്ചവർക്കെതിരെ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

അല്ല. നിലവിൽ പരിഗണനയിലില്ല.

## ഐ.ടി. പാഠ്യവിഷയത്തിൽ അദ്ധ്യാപകരുടെ യോഗ്യത

219 (4935) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹൈസ്കൂളുകളിൽ ഐ.ടി. പാഠ്യവിഷയം പഠിപ്പിക്കുന്നത് ഐ.ടി.-യിൽ വേണ്ടത്ര യോഗ്യതയുള്ള അദ്ധ്യാപകരാണെന്ന് ഉറപ്പുവരുത്തുന്നുണ്ടോ?

സംസ്ഥാനത്തെ ഹൈസ്കൂളുകളിൽ ഐ.ടി. വിഷയം പഠിപ്പിക്കുന്നതിനായി പ്രത്യേക തസ്തിക നിലവിലില്ല. മറ്റ് വിഷയങ്ങൾ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് കൈറ്റ് മുഖാന്തരം മികച്ച പരിശീലനം നൽകിയാണ് ഐ.ടി. വിഷയം പഠിപ്പിക്കുന്നതിന് നിയോഗിക്കുന്നത്.

(ബി) ഐ.ടി. വിഷയത്തിൽ വേണ്ടത്ര യോഗ്യതയില്ലാത്ത അദ്ധ്യാപകർ കുട്ടികളെ പഠിപ്പിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത വിഷയത്തിൽ സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

(ബി&സി) ഐ.ടി. പാഠപുസ്തകത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന പാഠഭാഗങ്ങളെ അടിസ്ഥാനമാക്കി കൈറ്റിന്റെ നേതൃത്വത്തിൽ വിശദമായ പരിശീലനം അദ്ധ്യാപകർക്ക് നൽകുന്നുണ്ട്. അതുകൊണ്ടുതന്നെ ഫലപ്രദമായ ക്ലാസ് റൂം വിനിമയം നടക്കുന്നുണ്ട്.

**നാദാപുരം മണ്ഡലത്തിലെ സ്കൂളുകളുടെ നവീകരണം**

220 (4936) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ കിലയെ നിർവ്വഹണ ഏജൻസിയാക്കി കിഫ്ബി മുഖേന 3 കോടി രൂപ വീതം അനുവദിച്ച നാദാപുരം ഗവ. യു.പി. സ്കൂൾ, വെള്ളിയോട് ഗവ. യു.പി. സ്കൂൾ എന്നിവയുടെ നവീകരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നവീകരണ പ്രവൃത്തികൾ കില ഏറ്റെടുത്തതിനുശേഷം നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

(എ-സി) മൂന്ന് കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹണ ഏജൻസിയായി കിലയെ ചുമതലപ്പെടുത്തിയ നാദാപുരം ഗവ. യു.പി. സ്കൂൾ, വെള്ളിയോട് ഗവ. ഹയർ സെക്കണ്ടറി സ്കൂൾ എന്നീ സ്കൂളുകളുടെ ഡി.പി.ആർ. തയ്യാറാക്കി എൽ.എസ്.ജി.ഡി. മുഖാന്തരം ഫീസിബിലിറ്റി സ്റ്റഡി നടത്തിയിട്ടുണ്ട്. 2016-ലെ ഡി.എസ്.ആർ. നിരക്കും ജി.എസ്.ടി.-യുമായിരുന്നു നിർമ്മാണത്തിന് ബാധകമായിരുന്നത്. പുതിയ നിരക്ക് നിലവിൽവന്ന സാഹചര്യത്തിൽ 2018-ലെ ഡി.എസ്.ആർ. നിരക്കുകളും 18% ജി.എസ്.ടി.-യും അനുസരിച്ച് ഭരണാനുമതി പുതുക്കേണ്ട സാഹചര്യമുണ്ടായി. ഇതനുസരിച്ച് കില സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിക്കുകയും പുതുക്കിയ നിരക്കനുസരിച്ച് ഭരണാനുമതി തുക വർദ്ധിപ്പിച്ചുകൊണ്ട് 13-05-2022-ന് സർക്കാർ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. പുതുക്കിയ ഡി.എസ്.ആർ./ജി.എസ്.ടി. നിരക്കിൽ എസ്റ്റിമേറ്റ്

തയ്യാറാക്കി സാങ്കേതികാനുമതി നൽകുന്നമുറയ്ക്ക് നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## എൽ.എസ്.ജി.ഡി. മുഖേന നടപ്പാക്കുന്ന സ്കൂൾ കെട്ടിട നിർമ്മാണ പ്രവൃത്തികൾ

221 (4937) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പ് കിലയുടെ മേൽനോട്ടത്തിൽ എൽ.എസ്.ജി.ഡി. മുഖേന നടപ്പിലാക്കുന്ന സ്കൂൾ കെട്ടിടനിർമ്മാണ പ്രവൃത്തികളിൽ പലതും നാളിതുവരെ ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. നിലവിലെ നിർമ്മാണങ്ങൾക്ക് 2016-ലെ ഡി.എസ്.ആർ. നിരക്കും ജി.എസ്.ടി.-യും ആയിരുന്നു ബാധകമായിരുന്നത്. പുതിയ നിരക്ക് നിലവിൽവന്ന സാഹചര്യത്തിൽ 2018-ലെ ഡി.എസ്.ആർ. നിരക്കുകളും 18% ജി.എസ്.ടി.-യും അനുസരിച്ച് ഭരണാനുമതി പുതുക്കേണ്ട സാഹചര്യമുണ്ടായി. ഇതനുസരിച്ച് കില സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിക്കുകയും പുതുക്കിയ നിരക്കനുസരിച്ച് ഭരണാനുമതി തുക വർദ്ധിപ്പിച്ചുകൊണ്ട് 13-05-2022-ന് സർക്കാർ ഉത്തരവാകുകയും

ചെയ്തിട്ടുണ്ട്. തുടർന്ന് നിലവിലുള്ള എസ്റ്റിമേറ്റിൽ ഭേദഗതി വരുത്തി സാങ്കേതികാനുമതി ലഭ്യമാക്കിക്കൊണ്ട് ടെണ്ടർ വിളിക്കുന്നതിനുള്ള നടപടികൾ കില സ്വീകരിച്ചുവരുന്നു.

(ബി) പുതുക്കാട് നിയോജക മണ്ഡലത്തിലെ വരന്തരപ്പിള്ളി പഞ്ചായത്തിലെ മുപ്ലിയം ഗവ. ഹൈസ്കൂളിന് അനുവദിച്ചിട്ടുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

പുതുക്കാട് നിയോജക മണ്ഡലത്തിലെ വരന്തരപ്പിള്ളി പഞ്ചായത്തിലെ മുപ്ലിയം ഗവ. ഹൈസ്കൂളിന്റെ പുതിയ കെട്ടിടത്തിന് പുതുക്കിയ നിരക്കിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നമുറയ്ക്ക് നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## ചിറയിൻകീഴ് മണ്ഡലത്തിലെ പ്രേംനസീർ മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂൾ കെട്ടിട നിർമ്മാണം

222 (4938) <u>ശ്രീ. വി. ശശി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ പ്രേംനസീർ മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂളിൽ 3 കോടി രൂപ ചെലവിൽ

നിർമ്മാണം ആരംഭിച്ച കെട്ടിടത്തിന്റെ ഒരു നിലപോലും നാളിതുവരെ പൂർത്തിയാക്കുവാൻ സാധിക്കാത്ത വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ പ്രേംനസീർ മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിന് 18-01-2019-ലെ G.O(Rt)No. 296/2018/GEDN ഉത്തരവുപ്രകാരം 300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 2019-ൽ നിർമ്മാണം ആരംഭിച്ച് ആദ്യത്തെ നില പണിത് കുറച്ചുഭാഗംമാത്രം പ്ലാസ്റ്റർ ചെയ്തിട്ടുണ്ട്. ഇപ്പോൾ നിർമ്മാണ പ്രവൃത്തികൾ നടക്കുന്നില്ല.

(ബി) എങ്കിൽ പ്രസ്തുത കെട്ടിടനിർമ്മാണം പൂർത്തിയാക്കുന്നതിനും സ്ഥലപരിമിതിമൂലം വിദ്യാർത്ഥികൾ നേരിടുന്ന പ്രയാസങ്ങൾക്ക് പരിഹാരം കാണുന്നതിനുമായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് എസ്റ്റിമേറ്റ് അംഗീകരിക്കേണ്ട ആവശ്യം പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## വയനാട്ടിലെ സർക്കാർ സ്കൂളിൽനിന്നും ടി.സി. നൽകിയ നടപടി

223 (4939) ശ്രീ. സി. ആർ. മഹേഷ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സജീവ് ജോസഫ്:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിലെ തരുവണ സർക്കാർ യു.പി. സ്കൂളിൽനിന്നും ആറാം പ്രവൃത്തി ദിനത്തിലെ ഓഫീസ് സമയത്തിനുശേഷം നാല് വിദ്യാർത്ഥികൾക്ക് വെള്ളമുണ്ട എ.യു.പി. സ്കൂളിലേയ്ക്ക് ടി.സി. നൽകിയതായി പറയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് വസ്തുതയാണോ?

ഉണ്ട്. വസ്തുതയാണ്.

(ബി) ആറാം പ്രവൃത്തിദിനത്തിലെ എല്ലാ നടപടികളും പൂർത്തിയാക്കുകയും വിദ്യാഭ്യാസ വകുപ്പിന്റെ സമ്പൂർണ്ണ വെബ്സൈറ്റിൽ വിവരങ്ങളെല്ലാം രേഖപ്പെടുത്തുകയും ചെയ്തശേഷം വിദ്യാർത്ഥികൾക്ക് ടി.സി. നൽകിയത് നിയമപ്രകാരമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

പരിശോധിച്ചിട്ടുണ്ട്. ഇപ്രകാരം മാറ്റപ്പെട്ട കുട്ടികളെക്കൂടി ഉൾപ്പെടുത്തി തസ്തിക സൃഷ്ടിക്കുവാൻ ശ്രമിച്ചാൽ അത് ക്രമക്കേടായി കണക്കാക്കേണ്ടി

വരും. തസ്തിക നിർണ്ണയ നടപടികൾ ആരംഭിച്ചിട്ടേയുള്ളൂ. ഇക്കാര്യത്തിൽ വിശദമായ പരിശോധന നടത്തി മാത്രമേ തസ്തിക നിർണ്ണയം നടത്തുകയുള്ളൂ.

(സി) അല്ലെങ്കിൽ നിയമ ലംഘനത്തിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

അധിക തസ്തിക സൃഷ്ടിക്കാൻ ശ്രമിച്ചാൽ മാത്രമാണ് ക്രമക്കേടായി പരിഗണിക്കുന്നത്. ഇത് തസ്തിക നിർണ്ണയത്തിലാണ് വ്യക്തമാകുന്നത്. തസ്തിക നിർണ്ണയ നടപടികൾ നടന്നുവരുന്നു. ക്രമക്കേട് ബോധ്യപ്പെട്ടാൽ ഉത്തരവാദികൾക്കെതിരെ ചട്ടപ്രകാരം നടപടി സ്വീകരിക്കുന്നതാണ്.

## കുട്ടനാട് കിടങ്ങറ സർക്കാർ ഹയർ സെക്കന്ററി സ്കൂളിന്റെ ഭൗതീക സാഹചര്യം മെച്ചപ്പെടുത്തൽ

224 (4940) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർദ്ദേശീയ നിലവാരത്തിൽ നിർമ്മിച്ച കുട്ടനാട്ടിലെ കിടങ്ങറ സർക്കാർ ഹയർ സെക്കന്ററി സ്കൂളിന് ശുചിമുറി ഉൾപ്പെടെയുള്ള കൂടുതൽ സൗകര്യങ്ങൾ മികച്ച നിലവാരത്തിൽ നിർമ്മിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സ്കൂളിനെ മാതൃകാ വിദ്യാലയമാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്കൂളിന്റെ മറ്റ് ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാൻ പ്രത്യേക നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(എ-സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയിൽ 5 കോടി രൂപ ചെലവഴിച്ച് കുട്ടനാട് നിയോജക മണ്ഡലത്തിലെ കിടങ്ങറ ഗവൺമെന്റ് ഹൈസ്കൂളിന്റെ നിർമ്മാണം പൂർത്തീകരിച്ച് അധികൃതർക്ക് കൈമാറിയിട്ടുണ്ട്. കിഫ്ബി ധനസഹായത്തോടെ നിർമ്മാണം പൂർത്തിയാക്കിയ G+1 കെട്ടിടത്തിൽ 9 ക്ലാസ് മുറി, 2 സ്റ്റാഫ് റൂം, 3 സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ്, ലാംഗ്വേജ് ലാബ്, സ്റ്റോർ കൂടാതെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി 9 ശുചിമുറികൾ ഉൾപ്പെടെയുള്ള സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. സ്കൂളുകളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതോടൊപ്പം അക്കാദമിക നിലവാരം ഉയർത്തുന്നതിനുള്ള നടപടികളും പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ സ്വീകരിച്ചുവരുന്നു.

## കോഴിക്കോട് ജില്ലയിലെ ഹയർ സെക്കന്ററി സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തി

225 (4941) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന നടപ്പാക്കിയ കോഴിക്കോട് ജില്ലയിലെ ആർ.ഇ.സി. ഹയർ സെക്കന്ററി സ്കൂൾ, കുറ്റിക്കാട്ടൂർ ഹയർ സെക്കന്ററി സ്കൂൾ എന്നിവയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ; ഓരോന്നിനും ചെലവഴിച്ച തുക എത്ര വീതമാണ്; അറിയിക്കാമോ;

(ബി) രണ്ടിടത്തേയും പ്രവൃത്തികളിൽ പൂർത്തീകരിക്കാൻ എന്തെങ്കിലും ബാക്കിയുണ്ടോയെന്നും കെട്ടിടങ്ങൾ സ്കൂൾ അധികൃതർക്ക് എന്ന് കൈമാറാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

(എ&ബി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം മണ്ഡലത്തിലെ ആർ.ഇ.സി. ഹയർ സെക്കണ്ടറി സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കുന്ന 5 കോടി കിഫ്ബി ധനസഹായത്തോടെയുള്ള പദ്ധതിയിൽ 4,25,99,860 രൂപ (നാലുകോടി ഇരുപത്തിയഞ്ച് ലക്ഷത്തി തൊണ്ണൂറ്റി

ഒൻപതിനായിരത്തി എണ്ണൂറ്റി അറുപത് രൂപമാത്രം) ചെലവഴിച്ച് നിർമ്മാണം പൂർത്തീകരിച്ച് അധികൃതർക്ക് കൈമാറിയിട്ടുണ്ട്.

കുറ്റിക്കാട്ടൂർ ഹയർ സെക്കണ്ടറി സ്കൂളിനെ 3 കോടി കിഫ്ബി ധനസഹായത്തോടെയുള്ള ഭൗതിക സൗകര്യ വികസന പദ്ധതിയിൽ 2,99,98,974 (രണ്ട് കോടി തൊണ്ണൂറ്റി ഒൻപത് ലക്ഷത്തി തൊണ്ണൂറ്റെട്ടായിരത്തി തൊള്ളായിരത്തി എഴുപത്തി നാല് രൂപമാത്രം) രൂപ ചെലവഴിച്ച് നിർമ്മാണം പൂർത്തീകരിച്ചു. ജൂലൈ മാസാവസാനത്തോടെ സ്കൂൾ അധികൃതർക്ക് കൈമാറാൻ കഴിയും.

**കോരാണി ഗവൺമെന്റ് എൽ.പി. സ്കൂൾ**

226 (4942) <u>ശ്രീ. വി. ശശി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് മണ്ഡലത്തിലെ കോരാണി ഗവൺമെന്റ് എൽ.പി. സ്കൂൾ കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം നാഷണൽ ഹൈവേയ്ക്കായി ഏറ്റെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നാഷണൽ ഹൈവേ അതോറിറ്റിയിൽനിന്നും നഷ്ടപരിഹാരം ലഭ്യമാക്കി പ്രസ്തുത സ്കൂൾ കെട്ടിടം പുനർനിർമ്മിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നാഷണൽ ഹൈവേയ്ക്ക് സമീപം സ്ഥിതിചെയ്യുന്ന കോരാണി ഗവൺമെന്റ് എൽ.പി.എസ്-ന് (സർവ്വേ നം.66/8, ബ്ലോക്ക് നം.3 വെയിലൂർ വില്ലേജ്) 17.7 ആർ. സ്ഥലമാണുള്ളത്. അതിൽ 6.15 സെന്റ് (249 സ്ക്വയർ മീറ്റർ) സ്ഥലം നാഷണൽ ഹൈവേയ്ക്കുവേണ്ടി എടുത്തിട്ടുണ്ട്. അതിൽ സ്കൂളിലെ കിണറും കൊടിമരവുമാണ് സ്ഥിതിചെയ്യുന്നത്. സാധാരണ ഇത്തരം സന്ദർഭങ്ങളിൽ പി.ഡബ്ല്യു.ഡി. (എൻ.എച്ച്) വിഭാഗം പി.ഡബ്ല്യു.ഡി. (ബിൽഡിംഗ്) വിഭാഗത്തിന് നഷ്ടപരിഹാരത്തുക കൈമാറി പി.ഡബ്ല്യു.ഡി. ബിൽഡിംഗ് വിഭാഗം സ്കൂളിന് ആവശ്യമുള്ള കെട്ടിടം, മതിൽ തുടങ്ങിയവ നിർമ്മിച്ച് നൽകുകയാണ് പതിവ്.

## കോങ്ങാട് മണ്ഡലത്തിലെ കാരാക്കുറിശി ഗവ. ഹൈസ്കൂൾ കെട്ടിട നിർമ്മാണം

227 (4943) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് നിയോജക മണ്ഡലത്തിലെ കാരാക്കുറിശി ഗവ. ഹൈസ്കൂളിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക ഉപയോഗപ്പെടുത്തി

കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) 2022-23 സാമ്പത്തിക വർഷത്തിലെ പദ്ധതി വിഹിതം വിനിയോഗിച്ച് കെട്ടിട നിർമ്മാണത്തിനുള്ള സ്കൂൾ ലിസ്റ്റ് തയ്യാറാക്കിവരുന്നു.

**ഹരിപ്പാട് മണ്ഡലത്തിലെ മംഗലം ഗവ. സ്കൂൾ കെട്ടിട നിർമ്മാണം**

228 (4944) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ സർക്കാർ ഫണ്ടും നിയോജക മണ്ഡല ആസ്തിവികസന ഫണ്ടും ഉപയോഗിച്ച് ആറാട്ടുപുഴ പഞ്ചായത്തിൽ നിർമ്മിക്കാൻ ഭരണാനുമതി ലഭിച്ചിട്ടുള്ള മംഗലം ഗവ. സ്കൂളിലെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് മുതൽ ആരംഭിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ;

(സി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

(എ-സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കൈറ്റ് എസ്.പി.വി. ആയി 3 കോടി രൂപ കിഫ്ബി ധനസഹായത്തോടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്ന പദ്ധതിയിൽ ഹരിപ്പാട് നിയോജകമണ്ഡലത്തിലെ മംഗലം ഗവ. സ്കൂളിനെ ഉൾപ്പെടുത്തുകയുണ്ടായി. കെട്ടിട നിർമ്മാണം നടത്തുന്നതിന് ഉദ്ദേശിച്ചിരുന്ന സ്ഥലത്തെ സംബന്ധിച്ച് സ്കൂൾ അധികൃതരും നാട്ടുകാരും തമ്മിൽ തർക്കം നിലനിന്നിരുന്ന സാഹചര്യത്തിൽ പ്രവൃത്തി ആരംഭിക്കാൻ കഴിഞ്ഞില്ല. തുടർന്ന് സ്കൂളിൽ ചേർന്ന യോഗത്തിൽ സ്കൂൾ അധികൃതരും നാട്ടുകാരും ജനപ്രതിനിധികളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പങ്കെടുക്കുകയും നിലവിലുള്ള പഴയ സ്കൂൾ കെട്ടിടം പൊളിച്ചുമാറ്റി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള തീരുമാനമെടുക്കുകയും കെട്ടിട നിർമ്മാണ പ്രവൃത്തികൾക്കായി കിറ്റ്കോയെ എസ്.പി.വി.-യായി നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള തുടർനടപടികൾ കിറ്റ്കോ സ്വീകരിച്ചുവരുന്നു.

**പ്ലസ് വൺ താൽക്കാലിക ബാച്ചുകൾ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി**

229 (4945) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം പ്ലസ് വൺ പ്രവേശനത്തിന് അനുവദിച്ച താത്കാലിക ബാച്ചുകൾ സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ അറിയിക്കാമോ;

(ബി) മുക്കം നീലേശ്വരം ജി.എച്ച്.എസ്.എസ്-ൽ അനുവദിച്ച ഹ്യൂമാനിറ്റീസ് താൽക്കാലിക ബാച്ച് സ്ഥിരമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.

**വർക്കല മണ്ഡലത്തിലെ കിച്ചൺ-കം-സ്റ്റോർ നിർമ്മാണം**

230 (4946) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിച്ചൺ-കം-സ്റ്റോർ നിർമ്മാണ പദ്ധതിയിലുൾപ്പെടുത്തി വർക്കല മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്കാണ് നിർമ്മാണാനുമതി

നല്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

കിച്ചൺ-കം-സ്റ്റോർ നിർമ്മാണ പദ്ധതിയിലുൾപ്പെടുത്തി വർക്കല മണ്ഡലത്തിലെ 30 സ്കൂളുകൾക്ക് നിർമ്മാണാനുമതി നൽകിയിരുന്നു. ഇതിൽ ജി.എം.എൽ.പി.എസ്., ചിലക്കൂർ അനുവദിച്ചിരുന്ന ഫണ്ട് തിരികെ സറണ്ടർ ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ പുരോഗതി ഉൾപ്പെടെ ബാക്കിയുള്ള 29 സ്കൂളുകളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു+.

## ചാത്തന്നൂർ മണ്ഡലത്തിലെ പരവൂർ തെക്കുംഭാഗം ജി.എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണം

231 (4947) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പരവൂർ തെക്കുംഭാഗം ഗവ. ഹയർ സെക്കന്ററി സ്കൂളിലെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് എസ്.പി.വി.-യായ കില ഡി.പി.ആർ. തയ്യാറാക്കുന്നതിനായി ഏതെങ്കിലും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ഏത് വകുപ്പിനെയാണെന്നും ഏത് ഉദ്യോഗസ്ഥനെയാണെന്നും വ്യക്തമാക്കുമോ?

ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പരവൂർ ജി.എച്ച്.എസ്.എസ്.-ന്റെ നിർമ്മാണത്തിനുള്ള എസ്.പി.വി.-യായി കിലയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. കിലയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഡി.പി.ആർ. തയ്യാറാക്കുന്നത് തദ്ദേശസ്വയംഭരണ വകുപ്പ് മുഖാന്തരമാണ്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ടോയെന്നും ആയത് സംബന്ധിച്ച നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കുമോ?

ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പരവൂർ ജി.എച്ച്.എസ്.എസ്.-ന്റെ നിർമ്മാണത്തിനുള്ള എസ്.പി.വി.-യായി കിലയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. തദ്ദേശസ്വയംഭരണ വകുപ്പ് മുഖാന്തരം Feasibility Study നടത്തിയിട്ടുണ്ട്. ഡി.പി.ആർ. ഭേദഗതി വരുത്തുന്നതിന് കിഫ്ബി നിർദ്ദേശിച്ചിരുന്നു. പുതുക്കിയ DSR/GST നിരക്കുകൾ ബാധകമായതിനാൽ പുതുക്കിയ നിരക്ക് പ്രകാരമുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ഡി.പി.ആർ. കിഫ്ബി അംഗീകരിച്ച്

സാങ്കേതികാനുമതി ലഭ്യമാകുന്നമുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**നാദാപുരം മണ്ഡലത്തിലെ സ്കൂൾ നവീകരണ പ്രവൃത്തികൾ**

232 (4948) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി മുഖേനയും പ്ലാൻ ഫണ്ട് മുഖേനയും 2016 ജൂൺ മുതൽ 2022 ജൂൺവരെ നാദാപുരം മണ്ഡലത്തിൽ സ്കൂൾ നവീകരണത്തിനായി അനുവദിച്ച തുകയും സ്കൂളുകളുടെ പേരും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ അവസ്ഥയും വിശദമാക്കാമോ?

കിഫ്ബി മുഖേന 2016 ജൂൺ മുതൽ 2022 ജൂൺവരെ നാദാപുരം മണ്ഡലത്തിൽ സ്കൂൾ നവീകരണത്തിനായി അനുവദിച്ച തുകയും സ്കൂളുകളുടെ പേരും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ അവസ്ഥയും ചുവടെ ചേർക്കുന്നു.

<u>5 കോടി കിഫ്ബി പദ്ധതി</u>

5 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട വളയം ഗവ.എച്ച്.എസ്.എസ്. സ്കൂളിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.

3 കോടി കിഫ്ബി പദ്ധതി

3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 4 സ്കൂളുകൾക്കാണ് നാദാപുരം മണ്ഡലത്തിൽ നിർമ്മാണത്തിനായി തുക അനുവദിച്ചിട്ടുള്ളത്. ഇതിൽ നാദാപുരം ഗവ. യു.പി. സ്കൂൾ, വെള്ളിയോട് ഗവ. ഹയർ സെക്കണ്ടറി സ്കൂൾ എന്നീ സ്കൂളുകളുടെ ഡി.പി.ആർ. തയ്യാറാക്കി. ഫീസിബിലിറ്റി സ്റ്റഡി നടത്തി പുതുക്കിയ DSR/GST നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകുന്നമുറയ്ക്ക് നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

കല്ലാച്ചി ജി.എച്ച്.എസ്.എസ്., കാവിലുംപാറ ജി.എച്ച്.എസ്.എസ്. എന്നീ സ്കൂളുകളുടെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചിട്ടുണ്ട്.

പ്ലാൻ ഫണ്ട് മുഖേന തുക അനുവദിച്ച സ്കൂളുകളുടെ വിശദവിവരം അനുബന്ധമായി+ ചേർക്കുന്നു.

**വടക്കാഞ്ചേരി മണ്ഡലത്തിലെ സ്കൂളുകളുടെ കെട്ടിട നിർമ്മാണം**

233 (4949) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) മുൻസർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലയളവുകളിൽ വടക്കാഞ്ചേരി നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളുടെ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനാണ് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി ഏതെല്ലാം വർഷങ്ങളിലാണ് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്നും ഓരോ സ്കൂളിനും എത്ര തുകയാണ് അനുവദിച്ചതെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത കെട്ടിടനിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

(എ-സി) വടക്കാഞ്ചേരി നിയോജക മണ്ഡലത്തിലെ വിവിധ സ്കൂളുകളിൽ മുൻസർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലയളവുകളിൽ അടിസ്ഥാനസൗകര്യ വികസനത്തിന് തുക അനുവദിച്ചതിന്റെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

**പൂവാറൻതോട് ഗവ. എൽ.പി. സ്കൂൾ അപ്ഗ്രഡേഷൻ**

234 (4950) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) അപ്പർപ്രൈമറി വിദ്യാഭ്യാസത്തിനായി 8 കിലോമീറ്ററിലധികം സഞ്ചരിക്കേണ്ടിവരുന്ന കൂടരഞ്ഞി പഞ്ചായത്തിലെ പൂവാറൻതോട് പ്രദേശത്തെ വിദ്യാർത്ഥികൾക്കായി പൂവാറൻതോട് ഗവ. എൽ.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്കൂൾ അപ്ഗ്രേഡ് ചെയ്യാനുള്ള പ്രൊപ്പോസൽ 2016-ൽ പ്രധാനാദ്ധ്യാപകൻ സമർപ്പിച്ചുവെങ്കിലും അതിൽ അപാകതകൾ കണ്ടെത്തിയതിനാൽ അവ പരിഹരിക്കുന്നതിന് തിരികെ നൽകിയതായി കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ പുനഃസമർപ്പിച്ചിട്ടില്ല.

(ബി) ഇത് സംബന്ധിച്ച പഠന റിപ്പോർട്ട് തയ്യാറായിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനും സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

(ബി&സി) സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണിക്കുന്നില്ല.

## യു.പി. സ്റ്റാഫ് ഫിക്സേഷൻ

235 (4951) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ യു.പി. വിഭാഗത്തിൽ 2020-2021, 2021-2022 വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ നത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) സ്റ്റാഫ് ഫിക്സേഷൻ നടത്തിയതിനെത്തുടർന്ന് യു.പി. വിഭാഗത്തിൽ എത്ര ഒഴിവുകളുണ്ടായിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

(എ&ബി) കോവിഡ് മഹാമാരിയെത്തുടർന്ന് സ്കൂളുകൾ പൂർണ്ണമായും തുറക്കാത്തതിനാൽ 2020-2021, 2021-22 അദ്ധ്യയന വർഷങ്ങളിൽ സർക്കാർ സ്കൂളുകളിലെ യു.പി. വിഭാഗത്തിൽ 2019-2020 അദ്ധ്യയന വർഷത്തെ തസ്തിക നിർണ്ണയംതന്നെ തുടർന്നുവന്നു. ഈ സാഹചര്യത്തിൽ ടി അദ്ധ്യയന വർഷങ്ങളിൽ പുതുതായി ഒഴിവുകൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

## പി.എഫ്. തുക അനന്തരാവകാശിക്ക് നൽകാൻ നടപടി

236 (4952) **ശ്രീ. മോൻസ് ജോസഫ്:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ ആയാംകുടി ഹൈസ്കൂളിൽനിന്നും 28-02-2019-ൽ റിട്ടയർ ചെയ്യുകയും പിന്നീട് മരണമടയുകയും ചെയ്ത വി. ജി. സന്തോഷ് കുമാറിന്റെ പി.എഫ്. ക്ലോഷർ തുക അദ്ദേഹത്തിന്റെ ഭാര്യ വിജയകുമാരിക്ക് നൽകുവാനുണ്ടായിരിക്കുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ?

സ്പാർക്കിൽ (ഡെത്ത്) ക്ലോഷറായി സബ്മിറ്റ് ചെയ്തതിനാൽ ബിൽ മാറി എടുക്കാൻ സാധിച്ചില്ല. ടി ബിൽ സ്പാർക്കിൽനിന്നും മാറുവാൻ സാധിക്കില്ല എന്നറിയിച്ചിരുന്നതിനാൽ കോട്ടയം അസിസ്റ്റന്റ് പ്രോവിഡന്റ് ഫണ്ട് ഓഫീസറുടെ ഓഫീസിൽനിന്നും എൻ.ഐ.സി. (നാഷണൽ ഇൻഫോർമാറ്റിക് സെന്റർ)-യുമായി ബന്ധപ്പെട്ട നിലവിലെ ക്ലോഷർ സ്ലിപ്പ് റദ്ദ് ചെയ്യാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ഇതുവരെ റദ്ദുചെയ്ത് കിട്ടിയിട്ടില്ല. ഇപ്രകാരമുള്ള സാങ്കേതിക തടസ്സങ്ങൾമൂലമാണ് കാലതാമസം നേരിടുന്നത്.

(ബി) ഇതുസംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പിന് നൽകിയ ഇ-602702/2022 നമ്പർ ഫയലിൽ ഡി.പി.ഐ. സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കാമോ?

ഇ-60702/2022 നമ്പർ കത്ത് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ ലഭിച്ചിട്ടില്ല. എന്നാൽ 16-05-2022-ലെ 2069410/ഗയ്ൻ പി.എഫ്.13/2022/ധന. നമ്പർ സർക്കാർ കത്ത് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ ലഭിക്കുകയും പ്രസ്തുത കത്തിൽ വി. ജി. സന്തോഷ് കുമാറിന്റെ പി.എഫ്. ക്ലോഷർ അനുവദിച്ച് നൽകിയതിനുശേഷമാണ് ടിയാൻ മരണപ്പെട്ടതെന്നതിനാൽ ടിയാന്റെ പി.എഫ്. ക്ലോഷർ നോമിനിക്ക് സ്പാർക്കിൽ പ്രോസസ് ചെയ്യാൻ കഴിയുകയില്ലെന്ന് കണ്ടെത്തിയതിനാൽ നിലവിൽ അനുവദിച്ചിരിക്കുന്ന ക്ലോഷർ ഓർഡർ റദ്ദ് ചെയ്തതിനുശേഷം പുതിയ ഓർഡർ നോമിനിക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കാൻ കോട്ടയം എ.പി.എഫ്.ഒ-യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) 2019-ൽ മരണമടഞ്ഞ വ്യക്തിയുടെ അവകാശികൾക്ക് അർഹതപ്പെട്ട ആനുകൂല്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

അടിയന്തര നടപടി സ്വീകരിച്ചുവരുന്നതായി കോട്ടയം അസിസ്റ്റന്റ് പ്രോവിഡന്റ് ഫണ്ട് ഓഫീസർ അറിയിച്ചിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിലെ എൽ.ഡി. ക്ലാർക്ക് (കന്നഡ-മലയാളം) നിയമനം

237 (4953) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ ആകെയുള്ള 187 എൽ.ഡി. ക്ലാർക്ക് തസ്തികയിൽ കന്നഡയും മലയാളവും അറിയാവുന്നവർക്കായി എത്ര തസ്തികകൾ മാറ്റിവച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

5 തസ്തികകൾ മാറ്റിവച്ചിട്ടുണ്ട്.

(ബി) പി.എസ്.സി.-യുടെ എൽ.ഡി. ക്ലാർക്ക് (കന്നഡ-മലയാളം) ലിസ്റ്റിൽനിന്നും നിയമിതരായി നിലവിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

4 പേർ ജോലി ചെയ്യുന്നുണ്ട്.

(സി) കാസർഗോഡ്, മഞ്ചേശ്വരം താലൂക്കുകളിലായി എത്ര എൽ.ഡി. ക്ലാർക്ക് തസ്തികകളാണുള്ളതെന്നും പ്രസ്തുത തസ്തികകളിൽ കന്നഡയും

മലയാളവും അറിയാവുന്നവരെ നിയമിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

61 എൽ.ഡി. ക്ലാർക്ക് തസ്തികകളുണ്ട്. പ്രസ്തുത 61 തസ്തികകളിൽ 50% കന്നഡയും മലയാളവും അറിയുന്നവരെ നിയമിക്കുന്നതിനായി നിലവിൽ നടപടി സ്വീകരിച്ചിട്ടില്ല.

(ഡി) പി.എസ്.സി. എൽ.ഡി. ക്ലാർക്ക് (കന്നഡ-മലയാളം) റാങ്ക് ലിസ്റ്റിൽനിന്ന് 2003 മുതൽ എത്ര പേർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കാമോ?

2003 മുതൽ 31-05-2013 വരെ നിയമനം നടത്തിയിട്ടില്ല. എന്നാൽ 01-06-2013 മുതൽ എൽ.ഡി. ക്ലാർക്ക് (കന്നഡ-മലയാളം) റാങ്ക് ലിസ്റ്റിൽ നിന്ന് 4 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ഇ) അപ്രകാരം നിയമിതരായ ജീവനക്കാർക്ക് സ്ഥാനക്കയറ്റം ലഭിച്ച മുറയ്ക്ക് ഉണ്ടായ ഒഴിവുകൾ എൽ.ഡി. ക്ലാർക്ക് (കന്നഡ-മലയാളം) വിഭാഗത്തിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

സ്ഥാനക്കയറ്റം നൽകിയിട്ടില്ല.

(എഫ്) തുടർന്നുവരുന്ന ഒഴിവുകൾ മുൻകാല പ്രാബല്യത്തോടെ എൽ.ഡി. ക്ലാർക്ക് (കന്നഡ-മലയാളം) തസ്തികയ്ക്കായി റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

നിലവിൽ നടപടി സ്വീകരിച്ചിട്ടില്ല.

## എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ കെ-ടെറ്റ് പരീക്ഷ

238 (4954) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012 അധ്യയന വർഷത്തിൽ എയ്ഡഡ് വിദ്യാലയങ്ങളിൽ ജോലിയിൽ പ്രവേശിച്ച അദ്ധ്യാപകർക്ക് കെ-ടെറ്റ് പരീക്ഷ വിജയിച്ചിരിക്കണമെന്ന നിബന്ധന ഏർപ്പെടുത്തിയിട്ടുണ്ടോ?

01-06-2012 മുതൽ റെഗുലർ ഒഴിവിൽ നിയമിതരാകുന്ന സംസ്ഥാനത്തെ എല്ലാ എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്കും കെ-ടെറ്റ് വേണമെന്ന് 25-07-2012-ലെ സ.ഉ(പി) നം.244/2012/പൊ.വി.വ. പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത കാലയളവിൽ സർക്കാർ സ്കൂളുകളിൽ നിയമിതരായ അദ്ധ്യാപകർക്ക് കെ-ടെറ്റ് പരീക്ഷ വിജയിച്ചിരിക്കണമെന്ന നിബന്ധന ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

29-07-2011-നുശേഷമുള്ള പി.എസ്.സി. വിജ്ഞാപനപ്രകാരം സർവ്വീസിൽ പ്രവേശിച്ച സർക്കാർ അദ്ധ്യാപകർക്കും കെ-ടെറ്റ് യോഗ്യത നേടേണ്ടതായിട്ടുണ്ട്.

(സി) സംസ്ഥാനത്ത് കെ-ടെറ്റ് പരീക്ഷ ആദ്യമായി നടന്നത് 2012 ആഗസ്റ്റ് മാസത്തിലാണെന്നിരിക്കെ 2012 ജൂൺ മാസത്തിൽ ജോലിയിൽ പ്രവേശിച്ച എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് കെ-ടെറ്റ് പരീക്ഷ പാസ്സായില്ലെന്ന കാരണത്താൽ ഗ്രേഡ്, ഇൻക്രിമെന്റ് മുതലായ ആനുകൂല്യങ്ങൾ തടയപ്പെടുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) സർക്കാർ, എയ്ഡഡ് അദ്ധ്യാപകർക്കിടയിൽ കെ-ടെറ്റ് പരീക്ഷ പാസ്സാകണമെന്ന നിബന്ധനയിലുള്ള വേർതിരിവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

2012 മുതലുള്ള എയ്ഡഡ് നിയമനങ്ങൾക്കാണ് കെ-ടെറ്റ് നിർബന്ധമാക്കിയത്. 2016 മുതലുള്ള പി.എസ്.സി. നോട്ടിഫിക്കേഷനിലാണ് കെ-ടെറ്റ് യോഗ്യത ഉൾപ്പെടുത്തിയത്.

30-06-2020-ലെ ജെ3/37/2020/പൊ.വി.വ. കത്തുപ്രകാരം 29-07-2011-നശേഷമുള്ള പി.എസ്.സി. വിജ്ഞാപനപ്രകാരം സർവ്വീസിൽ പ്രവേശിച്ച സർക്കാർ സ്കൂൾ അദ്ധ്യാപകർക്കും കെ-ടെറ്റ് യോഗ്യത നേടേണ്ടതുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ 2020-21 വരെ സർവ്വീസിൽ പ്രവേശിച്ചവർക്ക് 2021 അവസാനംവരെ കെ-ടെറ്റ് പരീക്ഷ പാസ്സാകുന്നതിന് സമയം അനുവദിച്ചിട്ടുണ്ട്.

(ഇ) കെ-ടെറ്റ് പരീക്ഷ നടത്തിയിട്ടില്ലാത്ത കാലയളവിൽ നിയമിതരായ അദ്ധ്യാപകരെ പ്രസ്തുത പരീക്ഷ പാസ്സാകണമെന്ന നിബന്ധനയിൽനിന്ന് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കെ-ടെറ്റ് പരീക്ഷ നിർബന്ധമാക്കിയ കാലയളവിൽ നിയമിതരായ അദ്ധ്യാപകർ പ്രസ്തുത പരീക്ഷ പാസ്സാകേണ്ടതാണ്. ഗുണമേന്മയുള്ള സ്കൂൾ വിദ്യാഭ്യാസം കുട്ടികൾക്ക് ലഭിക്കുകയെന്നത് കുട്ടികളുടെ അവകാശമായി 2009-ലെ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ഗുണമേന്മ ഉറപ്പാക്കുന്നതിനാണ് എൻ.സി.ടി.ഇ. മാനദണ്ഡപ്രകാരം കെ-ടെറ്റ് പരീക്ഷ ഏർപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ

യോഗ്യത പരീക്ഷയായ കെ-ടെറ്റ് പരീക്ഷ ഒഴിവാക്കുന്നത് വിദ്യാഭ്യാസ ഗുണനിലവാരത്തെ ബാധിക്കും.

## എച്ച്.എസ്.ടി. ഇംഗ്ലീഷ് തസ്തിക

239 (4955) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 അധ്യയന വർഷം മുതൽ സർക്കാർ ഹൈസ്കൂളുകളിൽ എച്ച്.എസ്.ടി. ഇംഗ്ലീഷ് തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതി 10-08-2021-ൽ പുറപ്പെടുവിച്ച W.P(C)23159/2018 നമ്പർ വിധി നടപ്പാക്കാത്തതുമൂലം സർക്കാർ ഇപ്പോൾ കോടതി അലക്ഷ്യ നടപടികൾ നേരിടുന്നുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത വിധിയുമായി ബന്ധപ്പെട്ട് സർക്കാർ സുപ്രീം കോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷൻ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കാമോ?

സ്പെഷ്യൽ ലീവ് പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സർക്കാർ വാദങ്ങൾ മുഴുവൻ പരിഗണിക്കപ്പെട്ടില്ലെന്ന

നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിലാണ് സ്പെഷ്യൽ ലീവ് പെറ്റീഷൻ ഫയൽ ചെയ്യാൻ തുടക്കത്തിൽ തീരുമാനിച്ചത്.

(സി) ഈ വിധി 2022-23 അധ്യയന വർഷംതന്നെ നടപ്പിലാക്കുമോ?

വിധി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പ്രസ്തുത വിധി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മറ്റ് ഭാഷാ വിഷയങ്ങളെപ്പോലെ പീരീഡ് അടിസ്ഥാനത്തിൽ തസ്തിക സൃഷ്ടിക്കുമ്പോൾ സർക്കാർ ഹൈസ്കൂളിൽ ആകെ എത്ര തസ്തികകൾ സൃഷ്ടിക്കേണ്ടിവരുമെന്ന് ജില്ല തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ?

പരിശോധിച്ചുവരുന്നു.

**ഹയർ സെക്കണ്ടറി സ്കൂളുകളിലെ തസ്തികകളിൽ നിയമനം**

240 (4956) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ, എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ ക്ലാർക്ക്, ഓഫീസ് അറ്റൻഡന്റ്, ലൈബ്രേറിയൻ എന്നീ തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഹൈക്കോടതിയിൽ കേസുകൾ ഫയൽ ചെയ്തിരുന്ന അർഹതപ്പെട്ട സ്കൂളുകൾക്ക് 14-06-2022-ലെ സ.ഉ(കൈ) നം.106/2022/പൊ.വി.വ.

പ്രകാരം 2 ക്ലാർക്ക് തസ്തികകളും 8 ഫുൾ ടൈം മീനിയൽ തസ്തികകളും ഒരു ലൈബ്രേറിയൻ തസ്തികയും 5 വർഷത്തേയ്ക്ക് താൽക്കാലികമായി സൃഷ്ടിച്ച്, ഇവയിൽ കരാറടിസ്ഥാനത്തിൽ നിയമനം നൽകുന്നതിന് അനുമതിയും നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

**ബദൽ സ്കൂൾ-ഗോത്രസാരഥി പദ്ധതി**

241 (4957) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ എത്ര ബദൽ സ്കൂളുകളാണ് പ്രവർത്തിച്ചിരുന്നതെന്നും ഇതിൽ എത്ര സ്കൂളുകൾ അടച്ചുപൂട്ടിയെന്നും അറിയിക്കാമോ; സ്കൂളുകളുടെ പേരുവിവരങ്ങളും നൽകാമോ?

മലപ്പുറം ജില്ലയിൽ ആകെ 45 ബദൽ സ്കൂളുകൾ (എം.ജി.എൽ.സി.) പ്രവർത്തിച്ചിരുന്നു. അവയിൽ 6 എണ്ണം കോടതിവിധിയെത്തുടർന്ന് നിലനിർത്തിയിട്ടുണ്ട്. 1 എം.ജി.എൽ.സി. 2 വർഷത്തേയ്ക്കുകൂടി നിലനിർത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ബാക്കിയുള്ളവ അടച്ചുപൂട്ടിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

<u>അടച്ചുപൂട്ടിയവ</u>

1. അത്തിക്കോട്
2. കുട്ടിമലബാദല
3. അമരമ്പലം
4. കല്ലുണ്ട
5. വെണ്ണിക്കോട്
6. ആഢ്യൻപാറ
7. പനപ്പൊയിൽ
8. തമ്പുരാട്ടി
9. അഞ്ചുമല
10. അളക്കൽ
11. കൊടീരി
12. ചെട്ടിപ്പാടം
13. മൈലമ്പാറ
14. വാണിയംപുഴ
15. കോടാലിപൊയിൽ
16. മഠം

17. പാട്ടക്കരിമ്പ്

18. മുണ്ടക്കടവ്

19. നെട്ടുങ്കയം

20. കൊട്ടിപ്പാടം

21. നാരങ്ങപ്പൊയിൽ

22. ചാലിക്കോളനി

23. കുന്നത്ത്

24. പെരുമ്പിലാട്

25. കൂടക്കര

26. കെളപ്പാട്

27. അവിയിൽ ബീച്ച്

28. തലപ്പാറ

29. ഓട്ടുംപുറം

30. കോർമന്തല

31. ഒസ്സാൻ കടപ്പുറം

32. പണ്ടഴി

33. ചേരിക്കാട്

34. കീപ്പാടം

35. തണ്ടുകോട്

36. ചോളറ

37. ചീങ്കണ്ണിപ്പള്ളി

38. മൈലാടി

<u>കോടതി ഉത്തരവ് പ്രകാരം നിലനിർത്തിയിട്ടുള്ളവ</u>

1. തരിക്കുളം

2. കാളംതിരുത്തി

3. മേൽമുറി

4. മഞ്ഞൾപ്പാറ

5. അരിമണൽ

6. അരിമംഗലം

<u>നിലനിർത്താൻ തീരുമാനിച്ചിട്ടുള്ളത്</u>

ചെമ്പ്ര

(ബി) നിലവിൽ പ്രവർത്തിക്കുന്നത് എത്ര ബദൽ സ്കൂളുകളാണെന്നും ഇപ്പോൾ പ്രവർത്തിക്കുന്ന ബദൽ സ്കൂളുകളിൽ എത്ര വിദ്യാർത്ഥികളാണ് പഠനം നടത്തുന്നതെന്നും അറിയിക്കാമോ?

നിലവിൽ 7 എം.ജി.എൽ.സി.-കൾ (ബദൽ സ്കൂൾ) പ്രവർത്തിക്കുന്നു. കുട്ടികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

1. അരിമണൽ - 97

2. മഞ്ഞൾപ്പാറ - 75

3. അരിമംഗലം - 128

4. മേൽമുറി - 68

5. തരിക്കുളം - 105

6. കാളംതിരുത്തി - 63

7. ചെമ്പ്ര - 18

(സി) ഗോത്രസാരഥി പദ്ധതി പ്രകാരം എത്ര പട്ടികവർഗ്ഗ/ആദിവാസി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ സ്കൂളുകളിൽ എത്തുന്നുവെന്നുള്ള വിവരം, സ്കൂൾ, പഠിതാക്കളുടെ എണ്ണം, സങ്കേതം എന്നിവ തിരിച്ച് ലഭ്യമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

(ഡി) മലപ്പുറം ജില്ലയിൽ എത്ര വിദ്യാ വോളന്റിയർമാരായിരുന്ന ഉണ്ടായിരുന്നതെന്നും ഇതിൽ എത്രപേർ സർക്കാർ ജോലിയിൽ പ്രവേശിച്ചുവെന്നും അറിയിക്കാമോ; വിശദാംശങ്ങൾ നൽകാമോ?

77 വിദ്യാവോളന്റിയർമാർ ഉണ്ടായിരുന്നു. അവരിൽ 59 പേർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്.

**കെ-ടെറ്റ് പരീക്ഷ പാസാകുന്നതിൽ ഇളവ്**

242 (4958) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എയ്ഡഡ് സ്കൂൾ നിയമന അംഗീകാരത്തിനായി കെ-ടെറ്റ് പരീക്ഷ പാസാകുന്നതിന് ഏത് വർഷംവരെയാണ് ഇളവ് നൽകിയതെന്ന് വിശദമാക്കുമോ?

12-02-2021-ലെ സ.ഉ (കൈ) നം.58/2021/പൊ.വി.വ. പ്രകാരം എയ്ഡഡ് സ്കൂളുകളിൽ 2019-20 അദ്ധ്യയന വർഷംവരെ നിയമിതരായ അദ്ധ്യാപകർക്ക് കെ-ടെറ്റ് യോഗ്യത നേടുന്നതിന് 2020-21 സ്കൂൾ വർഷാവസാനംവരെ സമയപരിധി അനുവദിച്ച് നൽകിയിട്ടുണ്ട്.

## കെ-ടെറ്റ് പരീക്ഷയിലെ ഇ.ഡബ്ല്യു.എസ്. സംവരണം

243 (4959) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022 മേയ് മാസം നടന്ന കെ-ടെറ്റ് പരീക്ഷയിൽ അർഹരായവർക്ക് ഇ.ഡബ്ല്യു.എസ്. സംവരണത്തിന്റെ ആനുകൂല്യം ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

നിലവിൽ കെ-ടെറ്റ് പരീക്ഷ സംബന്ധിച്ച് നിലനിൽക്കുന്ന ഉത്തരവുകൾപ്രകാരം ഇ.ഡബ്ല്യു.എസ്. വിഭാഗക്കാർക്ക് സംവരണാനുകൂല്യങ്ങൾ നൽകിയിട്ടില്ല. ഇ.ഡബ്ല്യു.എസ്. വിഭാഗക്കാർക്ക് സംവരണാനുകൂല്യങ്ങൾ അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## ഡിപ്ലോമ ഇൻ എഡ്യൂക്കേഷൻ കോഴ്സ്

244 (4960) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-19 കാലയളവിൽ ഡിപ്ലോമ ഇൻ എഡ്യൂക്കേഷൻ കോഴ്സ് പഠിച്ചിരുന്ന വിദ്യാർത്ഥികളിൽ ചിലർക്ക് നാലാം സെമസ്റ്ററിൽ തോറ്റ വിഷയങ്ങൾക്ക് കോവിഡ് നിയന്ത്രണങ്ങൾ കാരണം സേ പരീക്ഷ എഴുതുവാൻ കഴിഞ്ഞിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ഡിപ്ലോമ ഇൻ എഡ്യൂക്കേഷൻ കോഴ്സിന് 'സേ' പരീക്ഷ നടത്തുന്നില്ല.

(ബി) പ്രസ്തുത കോഴ്സ് നിലവിൽ ഡിപ്ലോമ ഇൻ ഇലമെന്ററി എഡ്യൂക്കേഷൻ എന്ന കോഴ്സാക്കി മാറ്റിയതിനാലും സിലബസ് ഉൾപ്പെടെയുള്ളവ മാറിയതിനാലും ഡിപ്ലോമ ഇൻ എഡ്യൂക്കേഷൻ കോഴ്സ് പഠിച്ച വിദ്യാർത്ഥികൾക്ക് തോറ്റ വിഷയങ്ങൾക്കുള്ള പരീക്ഷ എഴുതാൻ കഴിയാത്ത സ്ഥിതി പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

നവംബർ 2019, ഏപ്രിൽ 2020, നവംബർ 2021 എന്നീ ഡി.എൽ.എഡ്. സെമസ്റ്റർ പരീക്ഷയോടൊപ്പം ഡിപ്ലോമ ഇൻ എഡ്യൂക്കേഷൻ (ഡി.എഡ്) കോഴ്സ് പഠിച്ച് തോറ്റ വിദ്യാർത്ഥികൾക്ക് ഡി.എഡ്. സപ്ലിമെന്ററി പരീക്ഷ നടത്തിയിരുന്നു. ജനുവരി 2022-ൽ ഒരു സപ്ലിമെന്ററി പരീക്ഷകൂടി നടത്തിയിരുന്നു.

(സി) തോറ്റ വിഷയങ്ങൾക്ക് പുതിയ സിലബസ്പ്രകാരം പരീക്ഷ എഴുതുന്നതിന് ഈ വിദ്യാർത്ഥികൾക്ക് അവസരം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം അറിയിക്കാമോ?

പരിഗണനയിലില്ല.

(ഡി) ഡിപ്ലോമ ഇൻ എഡ്യൂക്കേഷൻ കോഴ്സ് വിജയിക്കാത്ത കുട്ടികൾക്ക് തോറ്റ വിഷയങ്ങൾ എഴുതിയെടുക്കുന്നതിനും അവരുടെ ഭാവി സംരക്ഷിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും കോവിഡ് കാലത്തെ നിയന്ത്രണങ്ങൾ കണക്കിലെടുത്ത് പുനഃപരീക്ഷ നടത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമോയെന്നും അറിയിക്കുമോ?

നവംബർ 2019, ഏപ്രിൽ 2020, നവംബർ 2021 എന്നീ ഡി.എൽ.എഡ്. സെമസ്റ്റർ പരീക്ഷയോടൊപ്പം ഡിപ്ലോമ ഇൻ എഡ്യൂക്കേഷൻ (ഡി.എഡ്) കോഴ്സ് പഠിച്ച് തോറ്റ വിദ്യാർത്ഥികൾക്ക് ഡി.എഡ്. സപ്ലിമെന്ററി പരീക്ഷ നടത്തിയിരുന്നു. 16-11-2021-ലെ സ.ഉ. (സാധാ)നം. 5141/2021 പൊ.വി.വ. പ്രകാരം ഡി.എൽ.എഡ്. കോഴ്സ് പഴയ പാഠ്യപദ്ധതിയിൽ പഠിക്കുകയും പരീക്ഷയിൽ പരാജയപ്പെടുകയും ചെയ്ത വിദ്യാർത്ഥികൾക്ക് അവസരം നഷ്ടപ്പെടാതിരിക്കുന്നതിനായി പഴയ

പാഠ്യപദ്ധതിയനുസരിച്ച് സപ്ലിമെന്ററി പരീക്ഷകൾ നടത്തുന്നതിന് അനുമതി നൽകുകയും അതിൻപ്രകാരം 2022 ജനുവരിയിൽ ഒരു സപ്ലിമെന്ററി പരീക്ഷകൂടി നടത്തുകയും ചെയ്തിരുന്നു.

**തിരുവനന്തപുരം പാങ്ങപ്പാറ സി.എച്ച്.മുഹമ്മദ് കോയ മെമ്മോറിയൽ ഇൻസ്റ്റിറ്റ്യൂട്ടിലെ ഡയറക്ടർ നിയമനം**

245 (4961) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പാങ്ങപ്പാറ സി.എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ് എന്ന സ്ഥാപനത്തിൽ ഡയറക്ടറുടെ ഒഴിവിലേയ്ക്ക് 2021 ആഗസ്റ്റ് മാസം അഭിമുഖം നടത്തിയിരുന്നോയെന്നും ആയതിന്റെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നോയെന്നും വ്യക്തമാക്കാമോ?

എസ്.ഐ.എം.സി. ഡയറക്ടറുടെ ഒഴിവിലേയ്ക്ക് 2021 ആഗസ്റ്റ് മാസം അഭിമുഖം നടത്തിയിരുന്നു. ആയതിന്റെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നു.

(ബി) പ്രസ്തുത അഭിമുഖത്തിൽ എത്ര പേർ പങ്കെടുത്തിരുന്നുവെന്നും അതിൽ ഡോക്ടറേറ്റ് നേടിയ എത്ര പേർ ഉണ്ടായിരുന്നുവെന്നും വ്യക്തമാക്കാമോ?

പ്രസ്തുത അഭിമുഖത്തിൽ 19 പേർ പങ്കെടുത്തിരുന്നു. ടി അഭിമുഖത്തിൽ ഡോക്ടറേറ്റ് നേടിയ 3 പേർ പങ്കെടുത്തിരുന്നു.

(സി) ഈ തസ്തികയിലേയ്ക്ക് ആരെയെങ്കിലും നിയമിച്ചിരുന്നോയെന്നും എങ്കിൽ ആർക്കാണ് നിയമനം നൽകിയതെന്നും നിയമനം ലഭിച്ച ആളിന്റെ വിദ്യാഭ്യാസ യോഗ്യത എന്താണെന്നും വ്യക്തമാക്കാമോ?

എസ്.ഐ.എം.സി. ഡയറക്ടർ തസ്തികയിലേയ്ക്ക് ശ്രീമതി ജെൻസി വർഗ്ഗീസിനെ 15-07-2022-ലെ സ.ഉ. (സാധാ) നം.4154/2022/പൊ.വി.വ. പ്രകാരം നിയമിക്കുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഡയറക്ടർ തസ്തികയിലേയ്ക്ക് നിയമനം ലഭിച്ച ശ്രീമതി ജെൻസി വർഗ്ഗീസിന്റെ വിദ്യാഭ്യാസ യോഗ്യത ചുവടെ ചേർക്കുന്നു.

B.A. Sociology

M.A. Sociology

M.A. Psychology

Diploma in Special Education

B.Ed in Special Education.

M.Ed in Special Education

(ഡി) പ്രസ്തുത തസ്തികയിലേയ്ക്ക് നിയമനം നൽകിയിട്ടുണ്ടെങ്കിൽ നിയമനം ലഭിച്ച ആളിന്റെ വിദ്യാഭ്യാസ യോഗ്യതയിൽ പറയുന്ന സർട്ടിഫിക്കറ്റുകൾക്ക് കേരള യൂണിവേഴ്സിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുള്ളതാണോയെന്ന് വ്യക്തമാക്കാമോ?

ഡയറക്ടർ തസ്തികയിലേയ്ക്ക് അപേക്ഷിക്കുന്നതിനാവശ്യമായ വിദ്യാഭ്യാസ യോഗ്യതകളിൽ ഒന്നായ എം.എ. സോഷ്യോളജിക്ക് കേരള യൂണിവേഴ്സിറ്റിയുടെ അംഗീകാരമുണ്ടെന്ന് കേരള യൂണിവേഴ്സിറ്റിയുടെ വെബ്സൈറ്റ് വ്യക്തമാക്കുന്നുണ്ട്.

**അദ്ധ്യാപകരുടെ പ്രൊഫഷണൽ കഴിവുകൾ മെച്ചപ്പെടുത്തൽ**

246 (4962) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസരംഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി അദ്ധ്യാപകരുടെ നൈപുണ്യ വികസനത്തിനുവേണ്ടി നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

പൊതുവിദ്യാഭ്യാസരംഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന അദ്ധ്യാപകർക്ക് ഇൻ സർവ്വീസ് ട്രെയിനിംഗ് ഓരോ വർഷവും പുതിയ അക്കാദമിക വർഷം തുടങ്ങുന്നതിന് മുന്നോടിയായിത്തന്നെ നൽകിവരുന്നു. പ്രസ്തുത അക്കാദമിക ശാക്തീകരണ പരിപാടികളിൽ ഉൾച്ചേർന്ന വിദ്യാഭ്യാസം, വിദ്യാഭ്യാസ മന:ശാസ്ത്രം തുടങ്ങി വിവിധ വിഷയ മേഖലകൾ പ്രതിപാദിക്കാറുണ്ട്. അദ്ധ്യാപകരുടെ നൈപുണി വികസനം ഉറപ്പാക്കുന്നതരത്തിൽ ശില്പശാല രീതിയിലും എക്സ്പീരിയൻഷ്യൽ രീതിയിലും ശാക്തീകരണ പരിപാടികൾ നടത്തുന്നതിനായുള്ള മൊഡ്യൂൾ എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ രൂപപ്പെടുത്തിയാണ് അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നത്. പുതുതായി സർവ്വീസിൽ പ്രവേശിക്കുന്ന അദ്ധ്യാപകർക്ക് മേൽവിവരിച്ചരീതിയിൽ തന്നെ കുറേക്കൂടി വിപുലമായി 10 ദിവസം ദൈർഘ്യമുള്ള ഇൻഡക്ഷൻ ട്രെയിനിംഗ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഈ അക്കാദമിക വർഷത്തിൽത്തന്നെ ഈ അദ്ധ്യാപകർക്കാകെ പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ക്ലാസ് റൂം വിനിമയം

ഫലപ്രദമാക്കുന്നതിനുള്ള ഐ.സി.ടി. അധിഷ്ഠിത ശാക്തീകരണവും വർഷം തോറും നടത്തിവരുന്നു.

ഹയർ സെക്കണ്ടറി അദ്ധ്യാപക ശാക്തീകരണത്തിനായി "ഹയർ സെക്കണ്ടറി അദ്ധ്യാപക പരിവർത്തനോന്മുഖ പരിപാടി (HSSTTP) എന്ന 10 ദിവസത്തെ റെസിഡൻഷ്യൽ റിഫ്രഷർ കോഴ്സാണ് പ്രധാനമായും നടത്തുന്നത്. കൂടാതെ SIEMAT കേരളയുമായി സഹകരിച്ച് ഹയർ സെക്കണ്ടറി പ്രിൻസിപ്പൾമാർക്കായി മൂന്ന് ദിവസത്തെ റെസിഡൻഷ്യൽ പരിശീലനം 'ലീഡർഷിപ്പ് എൻഹാൻസ്മെന്റ് പ്രോഗ്രാം (LEP) എന്ന പേരിൽ നടത്തിവരുന്നു. നിരന്തര മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഓരോ വർഷവും SCERT-യുമായി സഹകരിച്ച് രണ്ട് ഘട്ടങ്ങളിലായി Continuous & Comprehensive Evaluation (CCE) പരിശീലനങ്ങളും തുടർന്ന് സ്കൂൾതല മോണിറ്ററിംഗും നടത്തുന്നു.

(ബി) പ്രൊഫഷണൽ കഴിവുകൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അദ്ധ്യാപകരുടെ അഭിരുചികൾക്കൊത്ത വിവിധതരം ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സുകൾ നടപ്പിലാക്കുന്നതിന് ആലോചിക്കുന്നുണ്ടോ?

അദ്ധ്യാപകരുടെ പ്രൊഫഷണൽ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനായി അദ്ധ്യാപകർക്ക് അവരുടെ അഭിരുചികൾക്കനുസരിച്ച് മേഖലകൾ തെരഞ്ഞെടുക്കത്തക്ക രീതിയിൽ എസ്.സി.ഇ.ആർ.ടി. 6 മാസം നീണ്ടുനിൽക്കുന്ന ബ്ലെൻഡഡ് രീതിയിൽ (ഓൺലൈൻ & ഓഫ് ലൈൻ) സംസ്ഥാനമൊട്ടാകെയുള്ള താല്പര്യമുള്ള അദ്ധ്യാപകർക്ക് പങ്കെടുക്കാൻ കഴിയുന്നരീതിയിൽ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നുണ്ട്. ഒരു ബാച്ചിന്റെ പഠനം പൂർത്തിയായി സർട്ടിഫിക്കറ്റുകളും നൽകി. അടുത്ത ബാച്ചിന്റെ പ്രവേശന നടപടികൾക്കായുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

എൽ.പി. തലം മുതൽ ഹയർ സെക്കണ്ടറി തലംവരെയുള്ള പൊതുവിദ്യാലയങ്ങളിലെ പ്രഥമാദ്ധ്യാപകർക്ക് എഡ്യൂക്കേഷണൽ മാനേജ്മെന്റിലും ലീഡർഷിപ്പിലും അനുബന്ധ വിഷയങ്ങളിലും SIEMAT മുഖേന വിദഗ്ദ്ധപരിശീലനം നൽകിവരുന്നു. പ്രഥമാദ്ധ്യാപകരും അദ്ധ്യാപകരും അടക്കമുള്ള വിദ്യാഭ്യാസ പ്രവർത്തകർക്കായി 30 ദിവസം ദൈർഘ്യമുള്ള ഒരു ഓൺലൈൻ സർട്ടിഫിക്കറ്റ് പ്രോഗ്രാം, യുവ അദ്ധ്യാപകർക്കുവേണ്ടിയുള്ള പരിശീലന പരിപാടികൾ എന്നിവ SIEMAT കേരള വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

## എൻ.എം.എം.എസ്. പരീക്ഷയിലെ വിജയികൾ

247 (4963) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21, 2021-22 അധ്യയന വർഷങ്ങളിൽ നടന്ന നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് പരീക്ഷയിൽ ലഭിച്ച അപേക്ഷകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാകുമോ;

(ബി) പ്രസ്തുത അപേക്ഷകരിൽ സ്കോളർഷിപ്പ് ലഭിച്ചതും വെയ്റ്റിംഗ് ലിസ്റ്റിൽ ഉൾപ്പെട്ടതും സ്കോളർഷിപ്പിന് അർഹത നേടിയതുമായ കുട്ടികളുടെ എണ്ണം തരംതിരിച്ച് ലഭ്യമാക്കുമോ?

(എ&ബി) 2020-21-ലെ വിവരങ്ങൾ അനുബന്ധം I+ ആയും 2021-22-ലെ വിവരങ്ങൾ അനുബന്ധം II + ആയും ചേർത്തിരിക്കുന്നു.

(സി) പ്രസ്തുത വർഷങ്ങളിൽ നടന്ന എൻ.എം.എം.എസ്. പരീക്ഷകളിൽ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ മാർക്ക് നേടി ആദ്യ മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കിയ കുട്ടികളുടെ പേര്, സ്കൂൾ, ജില്ല എന്നീ വിവരങ്ങൾ ലഭ്യമാക്കുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2020-21-ലെ വിവരങ്ങൾ അനുബന്ധം III+ ആയും 2021-22-ലെ വിവരങ്ങൾ അനുബന്ധം IV+ ആയും ചേർത്തിരിക്കുന്നു.

(ഡി) പ്രസ്തുത വർഷങ്ങളിൽ സംസ്ഥാനത്ത് ഓരോ ജില്ലയിലും ഏറ്റവും കൂടുതൽ കുട്ടികൾ എൻ.എം.എം.എസ്. സ്കോളർഷിപ്പിന് യോഗ്യത നേടിയതിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങളിലുള്ള സ്കൂളുകളുടെ പേര് വിവരങ്ങൾ ലഭ്യമാകുമോ?

2020-21-ലെ വിവരങ്ങൾ അനുബന്ധം V+ ആയും 2021-22-ലെ വിവരങ്ങൾ അനുബന്ധം VI+ ആയും ചേർത്തിരിക്കുന്നു.

**വയനാട് ജില്ലയിൽ ക്ലാസിൽ ഹാജരാകാത്ത കുട്ടികൾ**

248 (4964) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ആറാം പ്രവൃത്തി ദിനത്തിലെ കണക്ക് പ്രകാരം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര കുട്ടികളാണ് അധ്യയനം നടത്തുന്നതെന്ന കണക്ക് സ്കൂൾ തിരിച്ച് ലഭ്യമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
\+ " " "
\+ " " "
\+ " " "

വയനാട് ജില്ലയിൽ ആറാം പ്രവൃത്തി ദിനത്തിലെ കണക്ക് പ്രകാരം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ സ്കൂൾ തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം 1+ ആയി ചേർത്തിരിക്കുന്നു.

(ബി) പ്രസ്തുത ജില്ലയിൽ ആറാം പ്രവൃത്തി ദിനത്തിനുശേഷം തുടർച്ചയായി 10 ദിവസത്തിലധികം ക്ലാസിൽ ഹാജരാകാത്ത പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുണ്ടോ?

ഉണ്ട്.

(സി) ഉണ്ടെങ്കിൽ അത്തരം കുട്ടികളുടെ എണ്ണം, അതിനുള്ള കാരണം സഹിതം സ്കൂൾ തിരിച്ച് ലഭ്യമാക്കാമോ?

വയനാട് ജില്ലയിൽ ആറാം പ്രവൃത്തി ദിനത്തിനുശേഷം തുടർച്ചയായി 10 ദിവസത്തിലധികം ക്ലാസിൽ ഹാജരാകാത്ത പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളെ സംബന്ധിച്ച വിവരങ്ങളും അവയ്ക്കുള്ള കാരണവും അനുബന്ധം II+ ആയി ചേർത്തിരിക്കുന്നു.

(ഡി) അപ്രകാരം ക്ലാസിൽ ഹാജരാകാത്ത കുട്ടികളെ ക്ലാസിൽ എത്തിക്കുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ട്രൈബൽ ഡിപ്പാർട്ട്മെന്റിന്റെ സഹകരണത്തോടെ കുട്ടികളെ സ്കൂളുകളിൽ എത്തിക്കുന്നതിന് ഡി.ഇ.ഒ/എ.ഇ.ഒ.-മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**വിദേശഭാഷ പഠിപ്പിക്കുന്നതിനുള്ള നടപടി**

249 (4965) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളിൽ ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കുന്നതിനോടൊപ്പം യു.പി. തലം മുതൽ കുട്ടികൾക്ക് ഓൺലൈൻ സംവിധാനത്തിലൂടെ ഏതെങ്കിലും വിദേശഭാഷ കൂടി പരിചയപ്പെടുത്തുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ?

സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളിൽ ഇംഗ്ലീഷ് ഭാഷയോടൊപ്പം ഒരു വിദേശഭാഷ കൂടി പഠിപ്പിക്കുന്ന സംവിധാനത്തെപ്പറ്റി ഇതുവരെ ആലോചിച്ചിട്ടില്ല. സംസ്ഥാനത്ത് നടപ്പിലാക്കുന്ന പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ഈ വിഷയം ചർച്ച ചെയ്യുന്നതാണ്.

(ബി) കുട്ടികൾക്ക് താൽപ്പര്യമുള്ള ഒരു വിദേശഭാഷകൂടി പരിചയപ്പെടുന്നത് ഭാവിയിൽ ഉന്നതവിദ്യാഭ്യാസ രംഗത്ത്

വിദ്യാർത്ഥികൾക്ക് സഹായകരമാകുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ?

ഒരു ബഹുഭാഷാ സമൂഹത്തിലാണ് നാം ജീവിക്കുന്നത് എന്നതിനാൽ വിവിധ ഭാഷകൾ കുട്ടികൾ പഠിക്കുന്നതിനെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. മികച്ച ഭാഷാശേഷി സ്വായത്തമാക്കുന്നതിനോടൊപ്പം വൈവിധ്യമാർന്ന ഭാഷകൾ പഠിക്കുന്നതും ഉന്നതവിദ്യാഭ്യാസത്തിന് ഗുണകരമായി മാറും.

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ സ്കൂളുകൾ

250 (4966) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളുടെ പേരും 2022-23 അധ്യയന വർഷത്തെ ആറാം പ്രവൃത്തി ദിനത്തിൽ പ്രസ്തുത വിദ്യാലയങ്ങളിലെ ഓരോ ക്ലാസിലെയും കുട്ടികളുടെ എണ്ണവും വിശദമാക്കാമോ?

കാഞ്ഞങ്ങാട് മണ്ഡലത്തിലെ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളുടെ പേരും 2022-23 അധ്യയന വർഷത്തെ ആറാം പ്രവൃത്തി ദിനത്തിൽ

പ്രസ്തുത വിദ്യാലയങ്ങളിലെ ഓരോ ക്ലാസിലെയും കുട്ടികളുടെ എണ്ണവും അനുബന്ധം 1+ ആയി ചേർക്കുന്നു.

(ബി) ഇവയിൽ ഏതൊക്കെ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലാണ് നിലവിൽ ഇംഗ്ലീഷ് മീഡിയം ക്ലാസുകളുള്ളതെന്ന് വ്യക്തമാക്കാമോ?

ഇംഗ്ലീഷ് മീഡിയം ക്ലാസുകളുള്ള സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളുടെ പേര് അനുബന്ധം 2+ ആയി ചേർക്കുന്നു.

**കോവളം മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പ് നടപ്പാക്കുന്ന പ്രവൃത്തികൾ**

251 (4967) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവളം മണ്ഡലത്തിൽ 2016 മുതൽ വിദ്യാഭ്യാസ വകുപ്പ് നടപ്പാക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണ്; അതിൽ എത്ര എണ്ണം പൂർത്തീകരിച്ചുവെന്നും എത്രയെണ്ണം പൂർത്തീകരിക്കാനുണ്ടെന്നുമുള്ള വിശദാംശം നൽകുമോ?

കോവളം നിയോജക മണ്ഡലത്തിൽ 2016 മുതൽ പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചേർത്തിട്ടുണ്ട്. കൂടാതെ പൊതുവിദ്യാഭ്യാസ വകുപ്പ് സംസ്ഥാനതലത്തിൽ നടപ്പിലാക്കുന്ന മറ്റ് പദ്ധതികളിൽ കോവളം മണ്ഡലത്തിലെ സ്കൂളുകളും ഉൾപ്പെടുന്നു.

## സമാശ്വാസ തൊഴിൽദാന പദ്ധതി

252 (4968) ശ്രീ. പി.പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം, എച്ച്.എസ്.എ., യു.പി.എസ്.എ., എൽ.പി.എസ്.എ. എന്നീ തസ്തികകളിലേയ്ക്ക് നാളിതുവരെ ലഭിച്ച അപേക്ഷകളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

| ജില്ല | എച്ച്.എസ്.എ. | യു.പി.എസ്.എ. | എൽ.പി.എസ്.എ |
|---|---|---|---|
| തിരുവനന്തപുരം | 14 | 6 | 8 |
| കൊല്ലം | 6 | 2 | 8 |
| പത്തനംതിട്ട | 1 | 2 | 1 |
| ആലപ്പുഴ | 1 | 0 | 2 |
| കോട്ടയം | 2 | 1 | 1 |
| ഇടുക്കി | 1 | 0 | 0 |
| എറണാകുളം | 7 | 6 | 7 |
| തൃശ്ശൂർ | 0 | 0 | 0 |
| പാലക്കാട് | 5 | 3 | 0 |
| മലപ്പുറം | 6 | 2 | 0 |

| | | | |
|---|---|---|---|
| കോഴിക്കോട് | 4 | 0 | 1 |
| വയനാട് | 1 | 0 | 3 |
| കണ്ണൂർ | 8 | 2 | 1 |
| കാസർഗോഡ് | 4 | 1 | 2 |

(ബി) പ്രസ്തുത അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുവാൻ വൈകുന്നുയെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പരാതി പരിഹാരത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉണ്ട്. ഇതുവരെ ലഭിച്ച അപേക്ഷകളിൽ 56 പേർക്ക് എച്ച്.എസ്.എ. തസ്തികയിലും 22 പേർക്ക് യു.പി.എസ്.എ. തസ്തികയിലും 32 പേർക്ക് എൽ.പി.എസ്.എ. തസ്തികയിലും നിയമനം നൽകിയിട്ടുണ്ട്. 4 പേർക്ക് എച്ച്.എസ്.എ. തസ്തികയിലും 3 പേർക്ക് യു.പി.എസ്.എ. തസ്തികയിലും 2 പേർക്ക് എൽ.പി.എസ്.എ. തസ്തികയിലും നിയമനം നൽകുവാനുണ്ട്. ഒരു വർഷം വകുപ്പിലുണ്ടാകുന്ന ഒഴിവുകളുടെ 5 ശതമാനമാണ് ആശ്രിത നിയമനത്തിനായി നീക്കിവച്ചിരിക്കുന്നത്. ആയതിൻപ്രകാരം ഒഴിവുവരുന്ന മുറയ്ക്ക് നിയമനങ്ങൾ നൽകിവരുന്നു.

## ഹയർ സെക്കണ്ടറി കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ടീച്ചർ തസ്തികയുടെ യോഗ്യത

253 (4969) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ (സീനിയർ/ജൂനിയർ)-കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് തസ്തികയിലെ നിലവിലുള്ള ഒഴിവുകൾ ദീർഘകാലമായി നികത്തപ്പെടാതെ കിടക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഒഴിവുകൾ നികത്തുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ബിരുദാനന്തര ബിരുദം പ്രസ്തുത തസ്തികക്കുള്ള അടിസ്ഥാന യോഗ്യതയായി നിർണ്ണയിക്കണമെന്ന അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധിയുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

(സി) യു.ജി.സി. അംഗീകരിച്ച പ്രസ്തുത ബിരുദം പ്രസ്തുത അദ്ധ്യാപക തസ്തികയിലേയ്ക്കുള്ള അടിസ്ഥാന യോഗ്യതയായി നിർണ്ണയിക്കുന്നതിനും അദ്ധ്യാപക ഒഴിവുകൾ നികത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലെ സ്പെഷ്യൽ റൂൾസ് പ്രകാരം കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് തസ്തികയുടെ യോഗ്യതയെന്നത് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് വിഷയത്തിൽ 50% മാർക്കോടെ ബിരുദാനന്തര ബിരുദവും അതേ വിഷയത്തിലെ ബി.എഡ്., സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റുമാണ്. കേരളത്തിലെ ഒരു സർവ്വകലാശാലയും ഇപ്പോൾ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിൽ ബിരുദാനന്തര ബിരുദ കോഴ്സ് നടത്തുന്നില്ലെന്ന സാഹചര്യവും കേരളത്തിന് പുറത്തുനിന്നുള്ള സർവ്വകലാശാലകളിൽനിന്ന് പ്രസ്തുത വിഷയത്തിൽ ബിരുദാനന്തര ബിരുദം നേടിയവർക്ക് ഇക്കാരണത്താൽ തുല്യതാ സർട്ടിഫിക്കറ്റ് നൽകുവാൻ കേരളത്തിലെ സർവ്വകലാശാലകൾക്ക് സാധിക്കുന്നില്ലെന്ന സാഹചര്യവും കണക്കിലെടുത്ത് അർഹരായ ഉദ്യോഗാർത്ഥികളെ കണ്ടെത്തി നിയമനം നൽകുവാൻ കഴിയാത്ത അവസ്ഥയായതിനാൽ G.O(Ms)No. 78/2018/GEDN dated 04-06-2018 ഉത്തരവിലൂടെ ടി വിഷയത്തിന്റെ യോഗ്യത 'MA Communicative English or MA English with not less than 50% Marks from any of the UGC recognized Universities' എന്ന് ഭേദഗതി വരുത്തിയിരുന്നു. എന്നാൽ ബന്ധപ്പെട്ട മാറ്റം സ്പെഷ്യൽ റൂളിൽ സ്റ്റാറ്റ്യൂട്ടറി അമെന്റ്മെന്റായി വരുത്തിയിട്ടില്ലെന്ന കാരണത്താൽ 0A

(EKM) No. 2324/2018-ലെ 22-02-2022-ലെ വിധിന്യായത്തിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 04-06-2018-ലെ ഉത്തരവ് റദ്ദ് ചെയ്തിരിക്കുകയാണ്. ചട്ടപ്രകാരം സ്റ്റാറ്റ്യൂട്ടറി അമെന്റ്മെന്റ് വരുത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്.

**ഹയർ സെക്കൻഡറി സ്കൂളുകളിൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാൻ നടപടി**

254 (4970) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു സ്ഥിരം അദ്ധ്യാപകൻ പോലുമില്ലാതെ ഹെഡ്മാസ്റ്റർമാരുടെ മേൽനോട്ടത്തിൽ താൽക്കാലിക അദ്ധ്യാപകരെവച്ചാണ് സംസ്ഥാനത്ത് പലയിടത്തും സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിൽ അദ്ധ്യയനം നടത്തുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) എങ്കിൽ വിദ്യാർത്ഥികളുടെ അക്കാദമിക, അക്കാദമികേതര പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുന്ന ഇത്തരം സാഹചര്യം ഉണ്ടായതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിനായി മേല്പറഞ്ഞ സ്കൂളുകളിൽ ആവശ്യത്തിന് അദ്ധ്യാപകരുടെ തസ്തികകൾ സൃഷ്ടിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്തെ ഹയർ സെക്കൻഡറി സ്കൂളുകളിൽ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം സർക്കാർ നിഷ്കർഷിച്ചതിനേക്കാൾ ഉയർന്ന് നിൽക്കുന്ന സ്കൂളുകളിൽപ്പോലും സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ അദ്ധ്യാപക തസ്തികകൾ അനുവദിക്കാതിരിക്കുന്നതുമൂലം വിദ്യാഭ്യാസ മേഖലയിലുണ്ടായിട്ടുള്ള പ്രതിസന്ധി പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

(എ-ഡി) 2014-15, 2015-16 വർഷങ്ങളിൽ ബാച്ചുകൾ അനുവദിച്ചപ്പോൾ ദിവസ വേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. പ്രസ്തുത സ്കൂളുകളിൽ തുടർച്ചയായ മൂന്ന് വർഷങ്ങളിൽ 50 വിദ്യാർത്ഥികൾ അദ്ധ്യയനം നടത്തുന്നുവെന്ന് ഉറപ്പുവരുത്തുമ്പോൾ മാത്രമാണ് സ്ഥിരം തസ്തികയ്ക്ക് അർഹത ലഭിക്കുന്നത്. അപ്രകാരമുള്ള സ്കൂളുകളിൽ ഘട്ടംഘട്ടമായി സ്ഥിരം തസ്തികകൾ അനുവദിച്ചു വരുന്നുണ്ട്. മതിയായ യോഗ്യതയുള്ള അദ്ധ്യാപകരെയാണ് താൽക്കാലിക

നിയമനത്തിന് പരിഗണിക്കുന്നത്. ആയതിനാൽ വിദ്യാർത്ഥികളുടെ അക്കാദമിക, അക്കാദമികേതര പ്രവർത്തനങ്ങളെ അത് ബാധിക്കുന്നില്ല.

## എൽ.പി./യു.പി. അദ്ധ്യാപക ഒഴിവുകൾ

255 (4971) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സർക്കാർ എൽ.പി./യു.പി. സ്കൂളുകളിൽനിന്നും നിലവിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത അദ്ധ്യാപക ഒഴിവുകളുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

| ക്രമ നം. | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 573 |
| 2 | കൊല്ലം | 282 |
| 3 | പത്തനംതിട്ട | 115 |
| 4 | ആലപ്പുഴ | 109 |
| 5 | കോട്ടയം | 59 |
| 6 | ഇടുക്കി | 45 |
| 7 | എറണാകുളം | 119 |
| 8 | തൃശ്ശൂർ | 379 |
| 9 | പാലക്കാട് | 242 |
| 10 | മലപ്പുറം | 978 |
| 11 | കോഴിക്കോട് | 240 |
| 12 | വയനാട് | 12 |
| 13 | കണ്ണൂർ | 103 |

| | | |
|---|---|---|
| 14 | കാസറഗോഡ് | 506 |

## കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ പദ്ധതികൾ

256 (4972) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിലവിലെ സാക്ഷരത നിരക്ക് എത്രയാണെന്ന് അറിയിക്കാമോ?

സംസ്ഥാനത്തെ നിലവിലെ സാക്ഷരതാ നിരക്ക് 96.2 ശതമാനമാണ്.

(ബി) സാക്ഷരത നിരക്ക് വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ?

സാക്ഷരതാ നിരക്ക് വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) ഡിജിറ്റൽ സാക്ഷരത

ആധുനിക കാലഘട്ടത്തിൽ ശാസ്ത്ര സാങ്കേതികരംഗത്ത് അത്ഭുതാവഹമായ നേട്ടമാണ് ലോകം കൈവരിച്ചിട്ടുള്ളത്. കേരള

സംസ്ഥാനം ഇന്ത്യയിലെ ഇതരസംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ശാസ്ത്ര സാങ്കേതിക ഡിജിറ്റൽ സംവിധാനങ്ങൾ വളരെ ഫലപ്രദമായും സൂക്ഷ്മതയോടുംകൂടി ഉപയോഗിക്കുന്നവരാണ്. ഇ-സേവനങ്ങൾ അന്യമായ ഒരു വലിയ വിഭാഗത്തെക്കൂടി ലക്ഷ്യമാക്കിയാണ് ഡിജിറ്റൽ സാക്ഷരതാ വിഭാവനം ചെയ്യുന്നത്. ഇതിൽ ബഹുഭൂരിപക്ഷവും സാക്ഷരതാ തുടർവിദ്യാഭ്യാസ പരിപാടികളുടെ ഗുണഭോക്താക്കളാണ്. ഡിജിറ്റൽ ലിറ്ററസിയിലുള്ള ഈ അന്തരം പ്രസ്തുത ഗുണഭോക്താക്കൾക്ക് നിത്യജീവിതത്തിൽ ചില പ്രയാസങ്ങളുണ്ടാക്കുന്നുണ്ട്. ഈ ഡിജിറ്റൽ അന്തരം ഇല്ലാതാക്കുന്നതിനുവേണ്ടിയുള്ള സാക്ഷരതാ പദ്ധതിയാണ് ഡിജിറ്റൽ സാക്ഷരത.

2) <u>തീരദേശ സാക്ഷരത</u>

സംസ്ഥാനത്ത് അവശേഷിക്കുന്ന നിരക്ഷരരിൽ ഒരു വിഭാഗംപേർ തീരമേഖലയിലുള്ളവരാണ്. കേരളത്തിലെ വിവിധ തീരദേശ പ്രദേശങ്ങളിൽ താമസിക്കുന്ന നിരക്ഷരരായവരെ സാക്ഷരരാക്കുന്നതിനുള്ള പ്രത്യേക സാക്ഷരതാ പദ്ധതിയാണിത്.

3) ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക സാക്ഷരതാ പരിപാടി

ഭിന്നശേഷി വിഭാഗത്തിൽ ഔപചാരിക വിദ്യാഭ്യാസം നേടാൻ കഴിയാത്തവരെയും തുടർപഠനം സാധ്യമാകാത്തവരെയും കണ്ടെത്തി അവസരം നൽകുന്നതിനായി പ്രത്യേകമായി വിഭാവനം ചെയ്ത പദ്ധതി.

4) ബ്രെയ്‌ലി സാക്ഷരത

സമൂഹത്തിൽ നിരക്ഷരരായവർ പല വിഭാഗങ്ങളിലുണ്ടെങ്കിലും പൊതുസമൂഹത്തിന്റെ ശ്രദ്ധ പതിയാത്ത ഒരു വിഭാഗമാണ് കാഴ്ചയില്ലാതെ ജനിക്കുന്നവരും ജനിച്ചതിനുശേഷം കാഴ്ച നഷ്ടപ്പെട്ടവരും. ഈ വിഭാഗക്കാർക്കായി നടപ്പിലാക്കുന്ന സാക്ഷരതാ പദ്ധതിയാണിത്.

(സി) ഇതിന്റെ ഭാഗമായി കേരള സംസ്ഥാന സാക്ഷരതാ മിഷൻ നടപ്പിലാക്കിവരുന്ന സാക്ഷരത പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

കേരള സംസ്ഥാന സാക്ഷരതാ മിഷൻ നടപ്പിലാക്കിവരുന്ന സാക്ഷരത പദ്ധതികൾ താഴെചേർക്കുന്നു.

1) <u>സാക്ഷരതാ പദ്ധതി</u>

കേരളത്തിലെ നിരക്ഷരരായവരെ കണ്ടുപിടിച്ച് സാക്ഷരരാക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണിത്. തീരദേശ-പട്ടികജാതി-ആദിവാസി മേഖലകളിലെ നിരക്ഷരരായവരെ കണ്ടെത്തുകയും തെരഞ്ഞെടുത്ത കോളനികളിലേയ്ക്ക് പ്രേരക്മാരുടെ പ്രവർത്തനം വ്യാപിപ്പിക്കുകയും ഓരോ കോളനികളിലും നിരക്ഷരരായവരെ കണ്ടെത്തി സാക്ഷരരാക്കുകയുമാണ് ലക്ഷ്യം.

2) <u>ചങ്ങാതി പദ്ധതി</u>

കേരളത്തിലെ നിരക്ഷരരായ ഇതര സംസ്ഥാന തൊഴിലാളികളെ മലയാളത്തിലും ഹിന്ദിയിലും സാക്ഷരരാക്കുന്നതിനുവേണ്ടി സാക്ഷരതാ മിഷൻ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണിത്.

3) <u>തീരദേശ നിവാസികൾക്കുള്ള പ്രത്യേക പദ്ധതി</u>

സംസ്ഥാനത്ത് അവശേഷിക്കുന്ന നിരക്ഷരരിൽ ഒരു വിഭാഗംപേർ തീരദേശത്തുള്ളവരാണ്. കേരളത്തിലെ വിവിധ തീരദേശ പ്രദേശങ്ങളിൽ താമസിക്കുന്ന നിരക്ഷരരായവരെ സാക്ഷരരാക്കുന്നതിനുള്ള പ്രത്യേക സാക്ഷരതാ പദ്ധതിയാണിത്.

4) <u>പരിസ്ഥിതി സാക്ഷരതാ പരിപാടി</u>

സംസ്ഥാനം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നങ്ങളിൽ ഒന്നാണ് പരിസ്ഥിതി മലിനീകരണം. മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നത് ഒരു പ്രധാന പ്രശ്നമായി മാറിയിരിക്കുകയാണ്. ശരിയായ ബോധവൽക്കരണത്തോടുകൂടി മാത്രമേ ഈ പ്രശ്നങ്ങൾക്കുള്ള പരിഹാരം സാധ്യമാകുകയുള്ളൂ. ഈ ലക്ഷ്യം മുന്നിൽക്കണ്ട് ആവിഷ്കരിച്ച പദ്ധതിയാണിത്.

5) <u>ആറളം ആദിശ്രീ പദ്ധതി</u>

കുടുംബശ്രീ മിഷനും സാക്ഷരതാമിഷനും ചേർന്ന് കണ്ണൂർ ജില്ലയിലെ ആറളം ഫാമിൽ നടപ്പിലാക്കുന്ന ആദിവാസി സാക്ഷരതാ പദ്ധതിയാണിത്.

(ഡി) പട്ടികജാതി, പട്ടികവർഗ്ഗ, തീരദേശ മേഖലകൾക്ക് മുൻഗണന നൽകി ആവിഷ്കരിച്ചിട്ടുള്ള സാക്ഷരത പരിപാടികളുടെ വിശദാംശം നൽകുമോ?

1) <u>'നവചേതന' പട്ടികജാതി സാക്ഷരതാ പദ്ധതി</u>

പട്ടികജാതി വിഭാഗത്തിനിടയിലെ നിരക്ഷരതാ നിർമ്മാർജ്ജനത്തിന് വ്യക്തമായ ദിശാബോധം നൽകുന്നതിനായി സാക്ഷരതാ മിഷന്റെ തുടർ

വിദ്യാഭ്യാസ പരിപാടിയിൽ ഉൾപ്പെടുത്തിയ പദ്ധതിയാണ് നവചേതന. പട്ടികജാതി വിഭാഗങ്ങളുടെ ജീവിത നിലവാരം ഉയർത്തുക, സ്വയംതൊഴിൽ കണ്ടെത്തുവാനും അതിലൂടെ സ്വാശ്രയരാകാനും സഹായിക്കുക, ചൂഷണത്തിൽനിന്നും മോചിപ്പിക്കുക, സാംസ്കാരിക വിനിമയത്തിന് അവസരമുണ്ടാക്കുക എന്നിവ ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നു. പട്ടികജാതി കോളനികളിലെ അവശേഷിക്കുന്ന നിരക്ഷരരെ സാക്ഷരരാക്കുന്നതിനും പ്രാഥമിക വിദ്യാഭ്യാസം നേടാൻ കഴിയാതെ പോയവർക്ക് തുടർവിദ്യാഭ്യാസം നൽകുന്നതിനുമാണ് നവചേതന സാക്ഷരത പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. സംസ്ഥാനത്തെ എല്ലാ ജില്ലകളിൽനിന്നുമായി തെരഞ്ഞെടുത്ത 100 പട്ടികജാതി കോളനികളിലാണ് പദ്ധതി 2017-18 വർഷം ആദ്യഘട്ടം നടപ്പിലാക്കിയത്. 2018-19 വർഷം 100 പട്ടികജാതി കോളനികളെക്കൂടി ഉൾപ്പെടുത്തി പദ്ധതി രണ്ടാംഘട്ടം നടപ്പാക്കി. കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പദ്ധതിയുടെ തുടർപ്രവർത്തനം നടത്തുവാനുള്ള സാഹചര്യമുണ്ടായിരുന്നില്ല. സർക്കാരിന്റെ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് 2021 നവംബർ മാസം മുതൽ പദ്ധതിയുടെ മൂന്നാംഘട്ടം ആരംഭിച്ചിട്ടുണ്ട്. കേരള സംസ്ഥാന സാക്ഷരത മിഷൻ, പട്ടികജാതി വികസന വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

എന്നിവയുടെ മേൽനോട്ടത്തിലും നിയന്ത്രണത്തിലുമാണ് പദ്ധതി പ്രവർത്തനം നടപ്പിലാക്കുന്നത്.

2) <u>സമഗ്ര പട്ടികവർഗ്ഗ സാക്ഷരത പദ്ധതി</u>

ഇന്ത്യയിൽ പട്ടികവർഗ്ഗത്തിൽപ്പെടുത്തിയിരിക്കുന്ന വിഭാഗമാണ് ആദിവാസികൾ. കേരളത്തിലെ ആദിവാസി വിഭാഗങ്ങളുടെ സാമൂഹ്യപരവും വിദ്യാഭ്യാസപരവുമായ പുരോഗതി ലക്ഷ്യംവച്ചുകൊണ്ട് 2016 മുതൽ കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി ആദിവാസി സാക്ഷരത പദ്ധതി എന്ന നൂതന പദ്ധതി ആരംഭിക്കുകയുണ്ടായി. പ്രധാനമായും നാല് രീതിയിലുള്ള പ്രവർത്തനങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് നടത്തിയത്.

(1) അട്ടപ്പാടി ആദിവാസി സാക്ഷരത പദ്ധതി

(2) വയനാട് ആദിവാസി സാക്ഷരതാ പദ്ധതി

(3) "സമഗ്ര' ആദിവാസി സാക്ഷരതാ പദ്ധതി

ഇതിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ധനസഹായത്തോടെ 2017 മുതൽ 2020 വരെ സാക്ഷരതാ മിഷൻ നടത്തിയ പ്രത്യേക പദ്ധതിയാണ് "സമഗ്ര" ആദിവാസി സാക്ഷരതാ തുടർവിദ്യാഭ്യാസ പദ്ധതി. ആദിവാസി വിഭാഗങ്ങൾക്കിടയിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുക, നാല്, ഏഴ്

തുല്യത കോഴ്സുകളിൽ അവരെ പങ്കാളിയാക്കുക, ഇത്തരം പ്രവർത്തനത്തിലൂടെ ആദിവാസി വിഭാഗത്തിന്റെ വിദ്യാഭ്യാസപരവും സാമൂഹ്യപരവുമായ പുരോഗതി ഉറപ്പാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ആദിവാസി വിഭാഗങ്ങളുടെ പങ്കാളിത്തത്തോടെ ജനകീയ സ്വഭാവത്തിൽ ഈ പദ്ധതി വിജയത്തിലെത്തിക്കുവാൻ കഴിഞ്ഞു. ആദിവാസി മേഖലയിൽനിന്നുള്ള അസാധാരണമായ വിജയഗാഥയുടെ അനുഭവങ്ങളാണ് ഈ പദ്ധതിയിലൂടെ സംഭവിച്ചത്. സവിശേഷമായ ഒട്ടേറെ പ്രയാസങ്ങളും വെല്ലുവിളികളും അതിജീവിച്ചുകൊണ്ടാണ് "സമഗ്ര" പദ്ധതി വിജയത്തിലെത്തിക്കാൻ കഴിഞ്ഞിട്ടുള്ളത്. ആയതിനാൽത്തന്നെ ബന്ധപ്പെട്ട വകുപ്പിൽനിന്നും ധനസഹായം ലഭ്യമായാൽ പദ്ധതി കൂടുതൽ ഊരുകളിലേയ്ക്ക് വ്യാപിപ്പിക്കാവുന്നതാണ്.

3) <u>അട്ടപ്പാടി ആദിവാസി സാക്ഷരതാ പദ്ധതി</u>

കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി പാലക്കാട് അട്ടപ്പാടിയിൽ നടപ്പിലാക്കിയ പദ്ധതിയാണ് അട്ടപ്പാടി ആദിവാസി സാക്ഷരതാ പദ്ധതി. സംസ്ഥാന സർക്കാർ ഗ്രാന്റ് വിനിയോഗിച്ച് മൂന്ന് ഘട്ടമായാണ് ഈ പദ്ധതി നടപ്പിലാക്കിയത്. ഒന്നാംഘട്ടത്തിൽ 138 ഊരുകളിലായി 1117 പേരെ വിജയിപ്പിക്കാനായി. രണ്ടാംഘട്ടത്തിൽ 2553

പേരെ സാക്ഷരരാക്കുകയും 380 പേർ നാലാംതരം തുല്യത വിജയിക്കുകയും ചെയ്തു. മൂന്നാംഘട്ടം അട്ടപ്പാടി ആദിവാസി മേഖലയിലെ അവശേഷിക്കുന്ന നിരക്ഷരരെക്കൂടി സാക്ഷരരാക്കുന്നതിനുള്ള സമ്പൂർണ്ണ സാക്ഷരതായജ്ഞം ആരംഭിക്കുകയും 167 ഊരുകളിലായി 1693 പേർ വിജയിക്കുകയും ചെയ്തു. ആദിവാസി വിഭാഗത്തിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട് പരിശീലനം ലഭിച്ച് ഇൻസ്ട്രക്ടർമാരായവരാണ് ക്ലാസ്സുകൾ കൈകാര്യം ചെയ്തിരുന്നത്. കമ്മ്യൂണിറ്റി ഹാളുകളിലും സൗകര്യപ്രദമായ വീടുകളിലും വൈകുന്നേരങ്ങളിലും തൊഴിലുറപ്പ് സ്ഥലങ്ങളിൽ ഉച്ചസമയത്തും ക്ലാസുകൾ നടത്തിയാണ് പദ്ധതി വിജയിപ്പിച്ചത്.

4) <u>വയനാട് ആദിവാസി സാക്ഷരതാ പദ്ധതി</u>

വയനാട് സമ്പൂർണ്ണ ആദിവാസി സാക്ഷരതാ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി 26 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടത്തിയ ജനകീയ സർവ്വേയിൽ ഒന്നാംഘട്ടത്തിൽ 300 ആദിവാസി ഊരുകളിൽനിന്ന് 5458 നിരക്ഷരരെ കണ്ടെത്തി. ഇതിൽ 4865 ആദിവാസികൾ ക്ലാസിലെത്തുകയും പരീക്ഷ എഴുതുകയും ചെയ്തു. 4309 പേർ വിജയിച്ചു. 2018-19 രണ്ടാംഘട്ടത്തിൽ 200 ഊരുകൾ തെരഞ്ഞെടുത്ത് 4324 നിരക്ഷരരെ കണ്ടെത്തുകയും 3487 പേർ ക്ലാസിലെത്തുകയും 3179

പേർ പരീക്ഷ എഴുതുകയും 2993 പേർ വിജയിക്കുകയും ചെയ്തു. 2019-ൽ നടന്ന പ്രാഥമിക സർവ്വേയിൽ 24472 പേരെ കണ്ടെത്തിയെങ്കിലും സർവ്വെ കൺസോളിഡേഷനിൽ 22908 പേരാണുണ്ടായിരുന്നത്. ഇതിൽ 8123 സ്ത്രീകളും 14785 പുരുഷന്മാരുമാണ്. 19772 പേരാണ് 2019 മുതൽ 2021 ഡിസംബർ വരെ ക്ലാസിലെത്തിയത്. കോവിഡ്-19 വ്യാപനംമൂലം രണ്ട് തവണ നിലച്ച ക്ലാസുകളാണ് നവംബറിൽ പുനരാരംഭിച്ച് ഡിസംബറിൽ പരീക്ഷ നടത്തി ഫലം പ്രഖ്യാപിച്ചത്. 19772 പേർ വിജയിച്ചു.

5) <u>2000 കോളനി സാക്ഷരതാ പരിപാടി</u>

2016-21 കേരള സർക്കാരിന്റെ ആയിരം ദിനാഘോഷത്തിന്റെ ഭാഗമായി ആരംഭിച്ച പുതിയ സാക്ഷരതാ പദ്ധതിയാണ് അക്ഷരവെളിച്ചം. തെരഞ്ഞെടുത്ത 2000 കോളനികളിലാണ് പ്രത്യേക സാക്ഷരതാ പരിപാടി ആരംഭിച്ചത്.

6) <u>അക്ഷര സാഗരം</u>

കേരളത്തിലെ തീരദേശ പ്രദേശങ്ങളിലെ സാക്ഷരതാ നിരക്ക് ഉയർത്തുന്നതിനുവേണ്ടി ഫിഷറീസ് വകുപ്പിന്റെ സഹായത്തോടെ സംസ്ഥാന സാക്ഷരതാ മിഷൻ നടപ്പാക്കുന്ന പദ്ധതിയാണ് അക്ഷരസാഗരം തീരദേശ

സാക്ഷരതാ പദ്ധതി. പദ്ധതിയുടെ ഒന്നാംഘട്ടം തിരുവനന്തപുരം, മലപ്പുറം, കാസർഗോഡ് ജില്ലകളിലെ തീരദേശ പഞ്ചായത്ത് വാർഡുകളിൽ നടപ്പാക്കി. 39 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തീരദേശ വാർഡുകളിലായി 3746 പഠിതാക്കൾ സാക്ഷരതാ പരീക്ഷയും 1605 പഠിതാക്കാൾ നാലാംതരം തുല്യതാ പരീക്ഷയും വിജയിച്ചു. രണ്ടാംഘട്ടം നടപ്പാക്കിയ കൊല്ലം, എറണാകുളം, കോഴിക്കോട് ജില്ലകളിൽനിന്നും ആകെ 3010 പേർ പരീക്ഷ എഴുതി വിജയിച്ചു. രണ്ടാംഘട്ടത്തിൽ തീരദേശ മേഖലയിൽനിന്നുള്ള 117 ഇൻസ്ട്രക്ടർമാരാണ് ഉൾപ്പെട്ടിരുന്നത്. പദ്ധതിയുടെ മൂന്നാംഘട്ടം ആലപ്പുഴ, കണ്ണൂർ, തൃശ്ശൂർ എന്നീ ജില്ലകളിൽ നടപ്പാക്കി. മൂന്നാംഘട്ടത്തിൽ തീരദേശ മേഖലയിൽനിന്നുള്ള 132 ഇൻസ്ട്രക്ടർമാരാണ് ഉൾപ്പെട്ടിരുന്നത്. മൂന്നാംഘട്ടം സാക്ഷരതാ പരീക്ഷയിൽ ആകെ 2179 പേർ വിജയിച്ചു. കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ തുടർപ്രവർത്തനങ്ങൾ സാധിച്ചില്ല. മൂന്നാംഘട്ട പ്രവർത്തനങ്ങൾക്കായി 15 ലക്ഷം രൂപയാണ് ഫിഷറീസ് വകുപ്പിൽനിന്നും അനുവദിച്ചത്. അതിൽ 790133/- രൂപ ചെലവ് വരികയും ചെലവ് കഴിച്ച് ബാക്കി തുകയായ 709867/- രൂപ ഫിഷറീസ് വകുപ്പിന് തിരികെ അടവാക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ മൂന്നാംഘട്ട തുടർപ്രവർത്തനമായി നാലാംതരം തുല്യതാ ക്ലാസ്സാണ് നടത്തേണ്ടത്. ബന്ധപ്പെട്ട വകുപ്പിൽ

നിന്നോ സർക്കാർ ഗ്രാന്റ് ലഭിക്കുന്ന മുറയ്ക്കോ തുടർ പ്രവർത്തനം നടത്തുന്നതാണ്.

**ഇ.എസ്.ഐ. ആശുപത്രികളിൽ തസ്തികകൾ സൃഷ്ടിക്കാൻ നടപടി**

257 (4973) <u>ശ്രീ. പി. ബാലചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇ.എസ്.ഐ. ആശുപത്രികളിൽ പുതിയ ഐ.സി.യു. യൂണിറ്റുകൾ തുടങ്ങുന്നതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) എത്ര ഇ.എസ്.ഐ. ആശുപത്രികളിലാണ് പുതിയ ഐ.സി.യു. യൂണിറ്റുകൾ ആരംഭിക്കുന്നതെന്നും അതിന്റെ തുടർനടപടികൾ ഏതുവരെയായിയെന്നും വിശദമാക്കാമോ?

(എ&ബി) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന് കീഴിലുള്ള 6 ഇ.എസ്.ഐ. ആശുപത്രികളിൽ ഐ.സി. യൂണിറ്റുകൾ ആരംഭിക്കുന്നതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. ഐ.സി. യൂണിറ്റുകൾ പ്രവർത്തനസജ്ജമായിട്ടുണ്ട്.

(സി) സംസ്ഥാനത്തെ എത്ര ഇ.എസ്.ഐ. ആശുപത്രികളിലാണ് ഡയാലിസിസ് തുടങ്ങുന്നതിന് ആവശ്യമായ നടപടികൾ തുടങ്ങിയിട്ടുള്ളത്?

സംസ്ഥാനത്ത് ഇ.എസ്.ഐ. കോർപ്പറേഷന് കീഴിലുള്ള ആശ്രാമം ഇ.എസ്.ഐ.സി. മോഡൽ ആൻഡ് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിലവിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിച്ചുവരുന്നുണ്ട്. ഇതുകൂടാതെ ഇ.എസ്.ഐ. കോർപ്പറേഷന് കീഴിലുള്ള ഉദ്യോഗമണ്ഡൽ ഇ.എസ്.ഐ.സി. ആശുപത്രിയിൽ ഹീമോഡയാലിസിസ് യൂണിറ്റ് തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിനുകീഴിൽ മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ. ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തനസജ്ജമായിട്ടുണ്ട്.

(ഡി) ഇ.എസ്.ഐ. ആശുപത്രികളിൽ സ്റ്റാഫ് നഴ്സ് തസ്തിക സൃഷ്ടിക്കുന്നതിനായി എൽ.ബി.ആർ.ഡി.-എഫ്1/26/2021-എൽ.ബി.ആർ.ഡി. ഐ.സി.യു. പോസ്റ്റ് ക്രിയേഷൻ, എൽ.ബി.ആർ.ഡി.-എഫ്2/28/2021-എൽ.ബി.ആർ.ഡി. ഡയാലിസിസ് യൂണിറ്റ് മുളങ്കുന്നത്തുകാവ് എന്നീ ഫയലുകളിലെ നടപടിക്രമം ഏതുവരെയായിയെന്ന് വിശദമാക്കാമോ?

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന് കീഴിലുള്ള 6 ഇ.എസ്.ഐ. ആശുപത്രികളിലായി ഐ.സി. യൂണിറ്റ് ആരംഭിക്കുന്നതിനും മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ. ആശുപത്രിയിൽ ഡയാലിസിസ്

യൂണിറ്റിന്റെ പ്രവർത്തനത്തിനായും തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ഇ) പുതിയ ഇ.എസ്.ഐ. ഡിസ്പെൻസറികൾ തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ആരംഭിച്ചിട്ടുണ്ടെങ്കിൽ ഏതുവരെയായി എന്ന് വിശദമാക്കാമോ?

ഉണ്ട്; ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിനുകീഴിൽ 15-09-2017-ലെ സ.ഉ(കൈ) നം.75/2017/തൊഴിൽ പ്രകാരം 18 ഏകഡോക്ടർ ടൈപ്പ് ഡിസ്പെൻസറികൾ ആരംഭിക്കാൻ സർക്കാർ അംഗീകാരം നൽകിയതിൽ 12 ഡിസ്പെൻസറികൾക്ക് മാത്രമാണ് ഇ.എസ്.ഐ. കോർപ്പറേഷന്റെ അനുമതി ലഭിച്ചിട്ടുള്ളത്. ആയതിൽ മുക്കം, കട്ടപ്പന ഡിസ്പെൻസറികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിൽ 6 ഡിസ്പെൻസറികൾ 2 ഡോക്ടർ ടൈപ്പായും ഒരെണ്ണം 3 ഡോക്ടർ ടൈപ്പായും ആരംഭിക്കുവാനാണ് ഇ.എസ്.ഐ. കോർപ്പറേഷന്റെ അംഗീകാരം ലഭിച്ചിട്ടുള്ളത്. ആയതിലേയ്ക്കായി അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

ഇ.എസ്.ഐ. കോർപ്പറേഷന്റെ അനുമതി ലഭിച്ചതിലുൾപ്പെട്ട സുൽത്താൻബത്തേരി, മാനന്തവാടി ഡിസ്പെൻസറികൾ

പ്രവർത്തിപ്പിക്കുന്നതിനുള്ള വാടകക്കെട്ടിടം ലഭ്യമാക്കുന്നതിന് ഇ.എസ്.ഐ. കോർപ്പറേഷനുമായി ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നു. മൂന്നാർ കണ്ണൻ ദേവൻ ഹിൽസ് ഡിസ്പെൻസറി പ്രവർത്തിപ്പിക്കുന്നതിനുള്ള കെട്ടിടം മൂന്നാർ ഗ്രാമപഞ്ചായത്ത് വിട്ടുനൽകിയിട്ടുണ്ട്. പ്രസ്തുത ഡിസ്പെൻസറി പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## തൊഴിൽ നയം

258 (4974) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എം. വിൻസെന്റ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലാളികളുടെ പ്രശ്നങ്ങളിൽ ഫലപ്രദമായി ഇടപെടുന്നതിനും അവ പരിഹരിക്കുന്നതിനും കഴിയുന്ന ഒരു വകുപ്പായി തൊഴിൽ വകുപ്പിനെ മാറ്റിയെടുക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുള്ള ക്രിയാത്മക പ്രവർത്തനങ്ങൾ തൊഴിൽ വകുപ്പ്

നടപ്പിലാക്കുന്നുണ്ട്. വകുപ്പിന്റെ കീഴിലുള്ള എൻഫോഴ്സ്മെന്റ് വിഭാഗം സ്ഥാപന പരിശോധന നടത്തി നിയമലംഘനങ്ങൾക്ക് ബന്ധപ്പെട്ട നിയമപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നു. ഗ്രാറ്റുവിറ്റി നിയമപ്രകാരം ബന്ധപ്പെട്ട കൺട്രോളിംഗ് അതോറിറ്റികൾക്ക് മുൻപാകെ ലഭിക്കുന്ന അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ച് ഗ്രാറ്റ്യുറ്റി ലഭ്യമാക്കുന്നു.

കേരളത്തിലെ സ്വകാര്യ സ്ഥാപനങ്ങളെ തൊഴിൽ നിയമങ്ങൾ പാലിക്കുന്നതിന്റെയും പ്രവർത്തന മികവിന്റെയും അടിസ്ഥാനത്തിൽ വിലയിരുത്തി വിവിധ ഗ്രേഡുകൾ നൽകുന്നതിനായി "ഗ്രേഡിംഗ്" നടപ്പാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട മേഖലയിൽ തൊഴിലാളികൾക്കുള്ള അറിവിന്റെയും അർപ്പണ മനോഭാവത്തിന്റെയും കഴിവിന്റെയും അടിസ്ഥാനത്തിൽ മികച്ച തൊഴിലാളിയെ കണ്ടെത്തി ആദരിക്കുന്നതിനായി 17 തൊഴിൽ മേഖലകളിൽ തൊഴിലാളി ശ്രേഷ്ഠ അവാർഡ് നൽകിവരുന്നു.

സംസ്ഥാനത്ത് ജോലിചെയ്യുന്ന അതിഥി തൊഴിലാളികൾക്കായി എല്ലാ ജില്ലകളിലും ഫെസിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ഇവയിൽ ഫെസിലിറ്റേർമാരുടെ സേവനം പ്രയോജനപ്പെടുത്തുന്നു.

വിവിധ തൊഴിൽ മേഖലകളിൽ നിലനിൽക്കുന്ന തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വകുപ്പിനുകീഴിൽ 13 വ്യവസായബന്ധ സമിതികളും ഒരു വ്യവസായ ബന്ധസമിതി ബോർഡും പ്രവർത്തിച്ചുവരുന്നു.

സംസ്ഥാന തൊഴിൽ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകൾ മുഖേന അതത് ബോർഡിൽ അംഗങ്ങളായ തൊഴിലാളികൾക്ക് പെൻഷൻ ഉൾപ്പെടെ വിവിധ ആനുകൂല്യങ്ങൾ നൽകിവരുന്നു.

(ബി) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച തൊഴിൽനയം മൗലികമായ തൊഴിൽ പ്രശ്നങ്ങളിൽ നിസ്സംഗത പാലിക്കുന്നതും അസംഘടിത മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ വ്യക്തമായ നിർദ്ദേശങ്ങളൊന്നും ഇല്ലാത്തതുമാണെന്ന വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് വസ്തുതാപരമാണെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരളത്തിന്റെ സാമൂഹിക-സാമ്പത്തിക മേഖലകളുടെ സമഗ്ര വളർച്ചയും തൊഴിലാളി സമൂഹത്തിന്റെ ക്ഷേമവും സാമൂഹിക സുരക്ഷയും ഉറപ്പാക്കിക്കൊണ്ട് കേരളത്തെ ഒരു തൊഴിലാളി സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനും സംസ്ഥാനത്തിന്റെ

സർവ്വോന്മുഖമായ വികസനം ലക്ഷ്യംവച്ച് സമസ്ത മേഖലകളെയും ഉൾപ്പെടുത്തിയുമാണ് സർക്കാർ തൊഴിൽനയം ആവിഷ്കരിച്ചിട്ടുള്ളത്.

തൊഴിൽ മേഖലയിലെ തൊഴിൽ തർക്കങ്ങൾ പരിഹരിക്കൽ, തൊഴിൽ നിയമങ്ങളുടെ നടപ്പിലാക്കൽ, സ്ത്രീ സൗഹൃദ തൊഴിലന്തരീക്ഷം സൃഷ്ടിക്കൽ, ബാലവേല നിർമ്മാർജ്ജന പ്രവർത്തനങ്ങൾ, മിനിമം വേതനം നടപ്പിലാക്കൽ, അതിഥി തൊഴിലാളികളുടെ സംരക്ഷണം, പ്ലാന്റേഷൻ മേഖലയിലെ പ്രശ്നങ്ങളുടെ പരിഹാരം തുടങ്ങി എല്ലാ മേഖലകളും തൊഴിൽ നയത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ സ്വയംതൊഴിൽ ചെയ്യുന്നവരുൾപ്പെടെ അസംഘടിത മേഖലകളിലെ തൊഴിലാളികളുടെ സാമൂഹിക-സാമ്പത്തിക സുരക്ഷയും ഈ നയം ഉറപ്പുവരുത്തുന്നു. തൊഴിൽ നയത്തിൽ ഉൾപ്പെട്ടിട്ടുള്ള വിഷയങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

(സി) അനൗപചാരിക തൊഴിൽ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ പ്രതിദിനമുള്ള കുറഞ്ഞ കൂലി 600/- രൂപയായി ഉയർത്തുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

1948-ലെ മിനിമം വേതന നിയമപ്രകാരമുള്ള മാനദണ്ഡങ്ങൾക്കനുസരിച്ചാണ് മിനിമം വേതനം നിശ്ചയിക്കുന്നതും

പുതുക്കി നിശ്ചയിക്കുന്നതും. സംസ്ഥാനത്ത് 1948-ലെ മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള 87 തൊഴിൽ മേഖലകളിൽ 82 തൊഴിൽ മേഖലകളിലും മിനിമം വേതനം നിശ്ചയിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ തൊഴിൽ മേഖലകളിലെ വ്യത്യസ്ത വിഭാഗം തൊഴിലാളികൾക്ക് പ്രത്യേകം പ്രത്യേകം നിരക്കിലുള്ള മിനിമം വേതനമാണ് നിശ്ചയിച്ചിട്ടുള്ളത്.

(ഡി) എല്ലാ പരമ്പരാഗത വ്യവസായങ്ങളിലും ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

**തൊഴിൽ നയം**

259 (4975) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ തൊഴിൽനയം എന്താണെന്ന് അറിയിക്കുമോ?

കേരളത്തിന്റെ സാമൂഹിക സാമ്പത്തിക മേഖലകളുടെ സമഗ്രമായ വളർച്ചയും തൊഴിലാളി സമൂഹത്തിന്റെ ക്ഷേമവും സാമൂഹിക സുരക്ഷയും

ഉറപ്പാക്കി കേരളത്തെ ഒരു തൊഴിലാളി സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനും സംസ്ഥാനത്തിന്റെ സർവ്വതോന്മുഖമായ വികസനം ലക്ഷ്യം വച്ചും സർക്കാർ ആവിഷ്ക്കരിച്ചതാണ് തൊഴിൽനയം.

(ബി) സംസ്ഥാനത്ത് മിനിമം കൂലി ഉറപ്പാക്കുന്നതിനും നോക്കുകൂലി നിർമ്മാർജ്ജനം ചെയ്യുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) സർക്കാരും ബഹു. ഹൈക്കോടതിയും ഇടപെട്ടിട്ടും ഇപ്പോഴും നോക്കുകൂലി നിലനിൽക്കുന്നുയെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി&സി) ജില്ലാ ലേബർ ഓഫീസർമാരുടെ (എൻഫോഴ്സ്മെന്റ്) നേതൃത്വത്തിൽ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം സംസ്ഥാനത്ത് മിനിമം കൂലി ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. വിവിധ തൊഴിൽ നിയമങ്ങൾപ്രകാരം കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തി കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസുകളിൽ ക്വാസി ജുഡീഷ്യൽ അധികാരിയായ ഡെപ്യൂട്ടി ലേബർ കമ്മീഷണർ മുൻപാകെ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുകയും ചെയ്യുന്നു. ഡെപ്യൂട്ടി ലേബർ കമ്മീഷണർ പരാതി കേട്ടശേഷം തൊഴിലാളിക്ക് മിനിമം കൂലി

ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നു. ഈ പ്രവർത്തനങ്ങൾ റീജിയണൽ തലത്തിലും സംസ്ഥാനതലത്തിൽ ലേബർ കമ്മീഷണറുടെ മേൽനോട്ടത്തിൽ അഡീഷണൽ ലേബർ കമ്മീഷണറും (എൻഫോഴ്സ്മെന്റ്) നിരീക്ഷിച്ച് നടപടി നടപ്പിലാക്കുന്നു. തൊഴിലാളികൾക്ക് മിനിമം വേതനവും മറ്റ് ആവശ്യ സൗകര്യങ്ങളും ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന തലത്തിൽ സ്പെഷ്യൽ ഡ്രൈവുകളും ജില്ലാതലത്തിൽ ജില്ലാ ലേബർ ഓഫീസർ (ഇ)-യുടെ നേതൃത്വത്തിൽ ജില്ലാതല സ്ക്വാഡ് പരിശോധനകളും 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാർ സ്ഥാപന പരിശോധനകളും നടത്തിവരുന്നു.

കേരളത്തിൽ ചുമട്ടുതൊഴിലെടുക്കുന്ന ബഹുഭൂരിപക്ഷം തൊഴിലാളികളും ട്രേഡ് യൂണിയനുകളും നോക്കുകൂലിക്കെതിരായി ശക്തമായ നിലപാട് കൈക്കൊണ്ടിട്ടുണ്ട്. എന്നാൽ ചുരുക്കം ചില തൊഴിലാളികൾക്കിടയിൽ നോക്കുകൂലിയും അമിതകൂലിയും ആവശ്യപ്പെടുന്ന പ്രവണത ഇപ്പോഴും തുടർന്നുവരുന്നതായി കണ്ടിട്ടുണ്ട്. ഇത്തരം അനാരോഗ്യ പ്രവണതകൾ അവസാനിപ്പിക്കുന്നതിനുവേണ്ടി ട്രേഡ് യൂണിയനുകളുടെയും ചുമട്ട് തൊഴിലാളിക്ഷേമ ബോർഡിന്റെയും തൊഴിൽ വകുപ്പിന്റെയും നേതൃത്വത്തിൽ തൊഴിലാളികൾക്കിടയിൽ അവബോധവും പ്രചാരണവും നടത്തിയതിന്റെ

ഫലമായി നോക്കുകൂലി ഏറെക്കുറെ നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്. നോക്കുകൂലി ആവശ്യപ്പെട്ടിട്ടുള്ള പരാതികളിൽ ഉടനടി പരിഹാരം കാണുന്നതിനും ഇത്തരത്തിലുള്ള പരാതികൾ നേരിട്ട് അറിയിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനുമായി "തൊഴിൽ സേവ" എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് കയറ്റിറക്കുമായി ബന്ധപ്പെട്ട പരാതികൾ ടി ആപ്ലിക്കേഷനിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഇപ്രകാരം പരാതികൾ രജിസ്റ്റർ ചെയ്യുമ്പോൾത്തന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അടിയന്തരമായി ഇടപെടുകയും നോക്കുകൂലി ആവശ്യപ്പെട്ടതായി ബോദ്ധ്യപ്പെട്ടാൽ നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നോക്കുകൂലി സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം നൽകുമോ;

(ഇ) പ്രസ്തുത പരാതികളിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

(ഡി&ഇ) മൂന്ന് പരാതികൾ ലഭിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ക്ഷേമ കോർപ്പറേഷനുകൾ

260 (4976) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന്റെ കീഴിൽ നിലവിലുള്ള ക്ഷേമ കോർപ്പറേഷനുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

തൊഴിൽ വകുപ്പിന്റെ കീഴിൽ ക്ഷേമ കോർപ്പറേഷനുകൾ നിലവിലില്ല. വകുപ്പിനുകീഴിൽ 16 ക്ഷേമനിധി ബോർഡുകളാണുള്ളത്.

(ബി) ഓരോ ക്ഷേമ കോർപ്പറേഷനുകളും നടപ്പിലാക്കുന്ന പദ്ധതികളും ലഭിക്കുന്ന ആനുകൂല്യങ്ങളും അതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ?

ഓരോ ക്ഷേമനിധി ബോർഡും അത് സ്ഥാപിക്കപ്പെട്ട ആക്ട്/ പദ്ധതിയിൽ പറയുന്ന ആനുകൂല്യങ്ങൾ അനുശാസിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരം വിതരണം ചെയ്യുന്നു.

(സി) ഏതൊക്കെ ക്ഷേമ കോർപ്പറേഷനുകൾ പരസ്പരം ലയിപ്പിച്ചിട്ടുണ്ടെന്നത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

തൊഴിൽ വകുപ്പിനുകീഴിലുള്ള 16 ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിച്ച് 11 ആയി കുറയ്ക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്.

കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡുമായും കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡുമായും കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവ കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡുമായും കേരള ബീഡി & സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ് കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡുമായും സംയോജിപ്പിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

**കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി അംഗങ്ങൾ**

261 (4977) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട ഗ്രാമപഞ്ചായത്ത് പരിധിയിൽ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അംഗങ്ങളുടെ പേരും മേൽവിലാസവും ലഭ്യമാക്കാമോ?

(എ&ബി) കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ് പഞ്ചായത്ത് അടിസ്ഥാനത്തിൽ അംഗങ്ങളുടെ എണ്ണം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്ത് തലത്തിൽ അംഗങ്ങളുടെ എണ്ണവും പേരും മേൽവിലാസവും ലഭ്യമല്ല. തിരുവനന്തപുരം ജില്ലയിൽ 309816 പേർ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ അംഗങ്ങളായിട്ടുണ്ട്.

**കർഷക പെൻഷനുവേണ്ടിയുള്ള അപേക്ഷ**

262 (4978) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീമതി ജി. രാധാമണി ജി, വൃക്ഷമിത്ര, ആനച്ചൽ, കളമച്ചൽ പി.ഒ. (വാമനപുരം ഗ്രാമപഞ്ചായത്ത്) എന്നയാൾ കർഷക പെൻഷനുവേണ്ടി അപേക്ഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത അപേക്ഷ പരിഗണിച്ച് തീരുമാനമെടുക്കുന്നതിൽ കാലതാമസം വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) ശ്രീമതി ജി. രാധാമണി ജി, വൃക്ഷമിത്ര, ആനച്ചൽ, കളമച്ചൽ പി.ഒ. എന്നയാൾ കർഷക പെൻഷനുവേണ്ടി അപേക്ഷിച്ചിട്ടുള്ളതാണ്. ടിയാളുടെ അപേക്ഷയിന്മേൽ നടപടി സ്വീകരിച്ചുവരുന്നു.

(സി) കർഷക പെൻഷനുവേണ്ടി ലഭിക്കുന്ന അപേക്ഷകളിന്മേൽ തീരുമാനമെടുക്കുന്നതിന് കാലപരിധി നിഷ്കർഷിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

കർഷക പെൻഷനുവേണ്ടി ലഭിക്കുന്ന അപേക്ഷകളിന്മേൽ തീരുമാനമെടുക്കുന്നതിന് കാലപരിധി നിഷ്കർഷിച്ചിട്ടില്ല. കർഷക പെൻഷനുള്ള അപേക്ഷ കൃഷിഭവനിൽ സമർപ്പിച്ചുകഴിഞ്ഞാൽ, ഓരോ മാസവും കൂടുന്ന കാർഷിക വികസന സമിതിയുടെ അംഗീകാരം നേടി, ആയതിന്റെ ക്രോഡീകരിച്ച ലിസ്റ്റ് ബന്ധപ്പെട്ട കൃഷി അസിസ്റ്റന്റ് ഡയറക്ടർ മുഖാന്തരം ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർക്കും അവിടെനിന്ന് ജില്ലയുടെ ക്രോഡീകരിച്ച ലിസ്റ്റ് കൃഷി ഡയറക്ടർക്കും സമർപ്പിക്കുന്നു. ആയത് സംസ്ഥാനതലത്തിൽ ക്രോഡീകരിച്ച് സർക്കാരിന്റെ

അനുമതിക്കായി സമർപ്പിക്കുന്നു. സർക്കാർ അനുമതി ലഭിക്കുന്ന ദിവസം മുതലാണ് കർഷക പെൻഷന് അർഹതയുണ്ടാകുകയുള്ളൂ.

## കർഷകത്തൊഴിലാളികൾക്ക് അധിവർഷ ആനുകൂല്യം

263 (4979) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകത്തൊഴിലാളികൾക്ക് അധിവർഷ ആനുകൂല്യം ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

അധിവർഷാനുകൂല്യം വിതരണം നടത്തുന്നത് സർക്കാർ ബോർഡിന് ലഭ്യമാക്കുന്ന സാമ്പത്തിക സഹായം ഉപയോഗിച്ചാണ്. 2017-18 കാലഘട്ടത്തിൽ 30 കോടി രൂപയും 2018-19 സാമ്പത്തിക വർഷത്തിൽ 100 കോടി രൂപയും അധിവർഷാനുകൂല്യ വിതരണത്തിനായി സർക്കാർ അനുവദിച്ചിരുന്നു. അതിനുശേഷം 2021-22 സാമ്പത്തിക വർഷത്തിൽ 20 കോടി രൂപ അനുവദിക്കുകയും 2014 ഡിസംബർ മാസം വരെയുള്ള അപേക്ഷകൾ ബോർഡ് തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം ടി ആവശ്യത്തിലേയ്ക്ക് 100 കോടി രൂപ ബഡ്ജറ്റിൽ

വകയിരുത്തിയിട്ടുണ്ട്. ആയത് ലഭ്യമാകുന്നമുറയ്ക്ക് പ്രശ്നം പരിഹരിക്കപ്പെടുമെന്നാണ് പ്രതീക്ഷ.

(ബി) വർഷങ്ങളോളം കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംശദായം അടച്ചവർക്ക് സർക്കാർ വിഹിതം അടയ്ക്കാത്തതിന്റെ പശ്ചാത്തലത്തിൽ 60 വയസ്സിനുശേഷം കിട്ടേണ്ട തുക ലഭിക്കാത്തതിനാൽ ആയത് എത്രയുംവേഗം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന് അംശദായമായി നൽകാനുള്ളത് 56 കോടി രൂപയാണ്. ആയതിലേയ്ക്കായി 2012-16 കാലഘട്ടത്തിൽ മാച്ചിംഗ് ഗ്രാന്റായി 2,97,13,000/- രൂപ (രണ്ട് കോടി തൊണ്ണൂറ്റി ഏഴായിരത്തി പതിമൂവായിരം രൂപമാത്രം) അനുവദിച്ചിരുന്നു. എന്നാൽ മാച്ചിംഗ് ഗ്രാന്റായി നൽകേണ്ട തുകയുടെ അഞ്ചിരട്ടിയോളം തുക (264.9 കോടി രൂപ) സംഭാവന എന്ന ഇനത്തിൽ, അധിവർഷാനുകൂല്യം നൽകുന്നതിനായി 2009-10 (114.9 കോടി), 2017-18 (30 കോടി), 2018-19 (100 കോടി), 2021-22 (20 കോടി) വർഷങ്ങളിൽ ബോർഡിന് അനുവദിച്ചിട്ടുണ്ട്. കൂടാതെ, 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ബോർഡിന് അധിവർഷാനുകൂല്യ വിതരണത്തിനായി 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ഏതൊക്കെ ജില്ലകളിലാണ് സർക്കാർ അംശദായം അടയ്ക്കാത്തത് കാരണം കർഷകത്തൊഴിലാളി പെൻഷൻ മുടങ്ങിക്കിടക്കുന്നതെന്നും ആയത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷനിൽ ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ് കർഷകത്തൊഴിലാളി പെൻഷൻ നൽകിവരുന്നത്. അർഹതപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും കർഷകത്തൊഴിലാളി പെൻഷൻ എല്ലാ മാസവും മറ്റ് സാമൂഹ്യ സുരക്ഷാ പെൻഷനുകളോടൊപ്പം കൃത്യമായി വിതരണം ചെയ്തുവരുന്നുണ്ട്.

(ഡി) സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച തുക കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന് നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ബഡ്ജറ്റിൽ പ്രഖ്യാപിച്ച തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ലേബർ കമ്മീഷണർ മുഖാന്തരം കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് ലഭ്യമാക്കിയാൽ ഉടൻ ആയത് ബോർഡിന് ലഭ്യമാക്കുന്നതിന് ധനകാര്യ വകുപ്പിനെ സമീപിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## ഗാർഹിക തൊഴിലാളികളുടെ അവകാശ സംരക്ഷണത്തിനായി സമഗ്ര നിയമം

264 (4980) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംഘടിത മേഖലയിൽ തൊഴിലെടുക്കുന്ന കൂടുതൽ വിഭാഗങ്ങളെ ക്ഷേമപദ്ധതികളിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

2008-ലെ അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ആക്ടിലെ (2008-ലെ 33-ാം കേന്ദ്ര ആക്ട്) വ്യവസ്ഥകൾക്കുവിധേയമായി 14 വയസ് പൂർത്തീകരിക്കുകയും 59 വയസ് പൂർത്തീകരിച്ചിട്ടില്ലാത്തതും മറ്റ് ക്ഷേമ പദ്ധതികളിൽ അംഗത്വം നേടിയിട്ടില്ലാത്തതുമായ അസംഘടിത മേഖലയിലെ എല്ലാ തൊഴിലാളികൾക്കും കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ അംഗത്വം നേടാവുന്നതാണ്.

(ബി) ഗാർഹിക തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി സമഗ്രനിയമം കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ?

ഉണ്ട്. ഗാർഹിക തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷയും അവർക്ക് മെച്ചപ്പെട്ട രീതിയിലുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുംവേണ്ടി ടി തൊഴിലാളികളെ കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രൈവറ്റ് പ്ലേസ്മെന്റ് ഏജൻസി മുഖേനയുള്ള ഗാർഹിക തൊഴിലാളികളുടെ നിയമനം, വേതനം, ജോലി സമയം തുടങ്ങി തൊഴിലാളികളുടെ വിവിധ അവകാശങ്ങൾ, ജോലി തർക്കങ്ങൾ, അത് പരിഹരിക്കാനുള്ള സംവിധാനം, തൊഴിലാളികൾക്കെതിരെയുള്ള ചൂഷണം തടയൽ, സാമൂഹിക സുരക്ഷിതത്വം, ക്ഷേമം എന്നിവ ഉറപ്പുവരുത്തുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ട് തയ്യാറാക്കിയ കേരള ഡൊമസ്റ്റിക് വർക്കേഴ്സ് (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആൻഡ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ബിൽ, 2020 (കരട്)-ലെ വ്യവസ്ഥകൾ പൂർണ്ണമായും കേരള നിയമ പരിഷ്കരണ കമ്മീഷന്റെ 14-ാമത് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള കേരള ഡൊമസ്റ്റിക് വർക്കേഴ്സ് (റെഗുലേഷൻ ആൻഡ് വെൽഫെയർ) ബിൽ, 2021 (കരട്)-ലെ വ്യവസ്ഥകൾ ഭാഗികമായും ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു പുതിയ ബിൽ രൂപീകരിക്കുന്നതിന് സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടുണ്ട്.

(സി) പ്രസ്തുത വിഭാഗം തൊഴിലാളികളുടെ തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ചൂഷണം തടയുന്നതിനുംവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഗാർഹിക മേഖലയിലെ തൊഴിലാളികൾക്ക് തൊഴിലിടങ്ങളിൽ നിന്നും അംഗീകൃതമല്ലാത്ത ഏജൻസികളിൽനിന്നും സംരക്ഷണം ഉറപ്പുവരുത്തുന്നതിനും തൊഴിലാളികൾക്കുണ്ടാകുന്ന പരാതികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനും ഏകജാലക സംവിധാനവും കോൾ സെന്ററും (സഹജ കോൾ സെന്ററുകൾ) തൊഴിൽ വകുപ്പ് സജ്ജീകരിച്ചിട്ടുണ്ട്. മേൽ പ്രതിപാദ്യസേവനം പ്രയോജനപ്പെടുത്തുന്നതിന്റെ സാധ്യതകൾ തൊഴിലാളികൾക്ക് മനസ്സിലാക്കി കൊടുക്കുന്നതിന് ജില്ലാ ലേബർ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഗാർഹിക മേഖലയിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്കും മിനിമം വേതന നിയമപ്രകാരം കൂലി നിശ്ചയിച്ച് നൽകിയിട്ടുണ്ട്.

(ഡി) ഗാർഹിക തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ്, ഗ്രൂപ്പ് ഇൻഷ്വറൻസ്, ക്ഷേമനിധി തുടങ്ങിയ ആനുകൂല്യങ്ങൾ ഏർപ്പെടുത്തുന്നതിനുവേണ്ടി നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഗാർഹിക തൊഴിലാളികൾ ഉൾപ്പെടെയുള്ള തൊഴിലാളികൾക്ക് വിവിധ ആനുകൂല്യങ്ങൾ ഏർപ്പെടുത്തുന്നതിനുവേണ്ടി നിയമനിർമ്മാണം നടത്തി കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി വിഭാവനംചെയ്യുന്ന റിട്ടയർമെന്റ് ആനുകൂല്യം, വിവാഹ ധനസഹായം, പ്രസവ ധനസഹായം, അവശതാ പെൻഷൻ, വിദ്യാഭ്യാസ ആനുകൂല്യം, ചികിത്സാ ആനുകൂല്യം, മരണാനന്തര ആനുകൂല്യം, ശവസംസ്കാര ചെലവുകൾ എന്നിവ പദ്ധതി അംഗങ്ങൾക്ക് അനുവദിച്ചുവരുന്നുണ്ട്. അപകട ഇൻഷ്വറൻസ്, ഗ്രൂപ്പ് ഇൻഷ്വറൻസ്, തുടങ്ങിയ ആനുകൂല്യങ്ങൾ ഏർപ്പെടുത്തുന്നതിനുവേണ്ടി പ്രത്യേക നിയമനിർമ്മാണം നടത്തുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## സ്റ്റുഡിയോ അപ്പാർട്ട്മെന്റ് പദ്ധതി

265 (4981) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തലസ്ഥാനത്തേയ്ക്കും മറ്റ് ജില്ലകളിലേയ്ക്കും ജോലിക്കായി എത്തുന്ന വനിതകൾക്ക് സുരക്ഷിതമായ താമസസൗകര്യം ഉറപ്പാക്കുന്നതിനായി വിഭാവനം ചെയ്തതും സർക്കാരിന്റെ 2021-22-ലെ പ്രോഗ്രസ്സ് റിപ്പോർട്ടിൽ

സൂചിപ്പിച്ചിട്ടുള്ളതുമായ സ്റ്റുഡിയോ അപ്പാർട്ട്മെന്റ് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

കേരളത്തിലാകമാനം നഗരപ്രദേശങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്ക് വാടകയ്ക്ക് നല്ല നിലവാരത്തിലുള്ളതും മാന്യവും സുരക്ഷിതവുമായ താമസസൗകര്യം പ്രദാനം ചെയ്യുന്ന സ്റ്റുഡിയോ അപ്പാർട്ട്മെന്റ് പദ്ധതി നടപ്പിലാക്കുന്നതിന് തിരുവനന്തപുരം ജില്ലയിലെ മേനംകുളത്തുള്ള കിൻഫ്രാ ഇന്റർനാഷണൽ അപ്പാരൽ പാർക്കിനുള്ളിൽ 0.733 ഏക്കർ ഭൂമി ഭവനം ഫൗണ്ടേഷൻ കേരള പാട്ടത്തിനെടുത്തിട്ടുണ്ട്. ആറ് നിലകളിലായി 130 യൂണിറ്റുകളുള്ള സ്റ്റുഡിയോ അപ്പാർട്ട്മെന്റ് കോംപ്ലക്സാണ് ഫേസ് 1-ൽ നിർമ്മിക്കുന്നത്. അനുയോജ്യമായ ഭൂമിയും ഫണ്ടും ലഭ്യമാകുന്നതനുസരിച്ച് മറ്റ് ജില്ലകളിലേയ്ക്കും ടി പദ്ധതി വ്യാപിപ്പിക്കുന്നതാണ്.

## തൊഴിലാളികൾക്കുണ്ടാകുന്ന തൊഴിൽജന്യ രോഗങ്ങൾ തടയുന്നതിന് നടപടികൾ

266 (4982) ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാന്റേഷൻ, കശുവണ്ടി, കയർ ഉൾപ്പെടെയുള്ള സംഘടിത തൊഴിൽ മേഖലകളിലും മറ്റ് അസംഘടിത മേഖലകളിലും ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് തൊഴിലിടങ്ങളിൽനിന്നും ഉണ്ടാകുന്ന തൊഴിൽജന്യ രോഗങ്ങൾ തടയുന്നതിനും ചികിത്സാ സഹായങ്ങൾ നൽകുന്നതിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ?

(എ&ബി) തൊഴിൽജന്യ രോഗങ്ങൾ തടയുന്നതിന് ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പിന്റെ നേതൃത്വത്തിൽ തൊഴിലിടങ്ങളിൽ തൊഴിൽജന്യ രോഗനിർണ്ണയ സർവ്വേകൾ നടത്തുകയും അവ ഫലപ്രദമായി തടയുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തൊഴിലാളികൾക്ക് നൽകുകയും തൊഴിലാളികളിൽ അവബോധം നൽകുകയും ചെയ്തുവരുന്നു. 2015 വർഷം മുതൽ കൊല്ലം ജില്ലയിൽ പ്രവർത്തിക്കുന്ന തൊഴിൽ ആരോഗ്യ ഗവേഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ക്രഷർ, കശുവണ്ടി, കയർ, മത്സ്യ സംസ്കരണം, പാക്കിംഗ്, ചുമട്ടുതൊഴിലാളികൾ, ടെക്സ്റ്റൈൽ, പ്ലൈവുഡ്, സ്റ്റീൽ ഇൻഡസ്ട്രീസ് എന്നീ മേഖലകളിലെ തൊഴിലാളികൾക്ക് തൊഴിൽജന്യ രോഗനിർണ്ണയ സർവ്വേകൾ നടത്തുകയും സ്പൈറോമെട്രി,

ബ്ലഡ് ഷുഗർ, പാപ്സ്മിയർ എന്നീ പരിശോധനകൾ സൗജന്യമായി നൽകിവരികയും ചെയ്യുന്നുണ്ട്. കൂടാതെ തോട്ടം മേഖലയിൽ പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ പരിശോധനകൾ നടത്തുകയും തൊഴിലാളികൾക്കും തൊഴിലുടമകൾക്കും ശുചിത്വം സംബന്ധിച്ച് ബോധവൽക്കരണം നടത്തുകയും ചെയ്യുന്നുണ്ട്.

തൊഴിലാളികൾക്ക് തൊഴിലിടങ്ങളിൽനിന്നുമുണ്ടാകുന്ന തൊഴിൽജന്യ രോഗങ്ങൾ തടയുന്നതിനായി പ്രത്യേക ചികിത്സാ സഹായ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ലായെങ്കിലും പ്ലാന്റേഷൻ, കശുവണ്ടി, കയർ ഉൾപ്പെടെയുള്ള സംഘടിത തൊഴിൽ മേഖലകളിലും മറ്റ് അസംഘടിത മേഖലകളിലും ജോലി ചെയ്യുന്ന തൊഴിലാളികൾക്കായി വിവിധ ക്ഷേമനിധി ബോർഡുകൾവഴി ചികിത്സാ ധനസഹായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

## സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതിന് നിയമനിർമ്മാണം

267 (4983) ശ്രീ. എം. എം. മണി:
ശ്രീ. കെ. ആൻസലൻ:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതിന് നിയമനിർമ്മാണം നടത്താൻ ഉദ്ദേശ്യമുണ്ടോ?

സംസ്ഥാനത്തെ അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെയും അവരുടെ കുടുംബങ്ങളുടെയും ക്ഷേമവും സാമൂഹ്യ സാമ്പത്തിക സുരക്ഷയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ 2008-ലെ അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ആക്ടിലെ 3-ാം വകുപ്പ് (4)-ാം ഉപവകുപ്പും 2010-ലെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ചട്ടങ്ങളിലെ 4-ാം ചട്ടവും (1)-ാം ഉപവകുപ്പും പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് 2015-ലെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) അസംഘടിത മേഖലയിലെ തൊഴിലാളികളുടെ സംരക്ഷണത്തിനായി നടത്തുന്ന ഇടപെടലുകളെക്കുറിച്ച് വിശദമാക്കാമോ?

അസംഘടിത മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും സാമൂഹ്യ-സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്നതിനും കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാപദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. പദ്ധതിയിൽ അംഗത്വം നിലനിർത്തുന്ന കാലയളവിൽ വിവാഹ ധനസഹായം, പ്രസവ

ധനസഹായം, അവശതാ പെൻഷൻ, കുടുംബ പെൻഷൻ, വിദ്യാഭ്യാസാനുകൂല്യം, ചികിത്സാ സഹായം എന്നിവയും 60 വയസ് പൂർത്തിയായി പദ്ധതിയിൽനിന്ന് വിരമിക്കുന്നവർക്ക് വാർദ്ധക്യകാല ക്ഷേമം ഉറപ്പുവരുത്തുന്നതിന് സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ക്ഷേമനിധി പെൻഷൻ എന്നിവയും അനുവദിച്ചുവരുന്നു.

കോവിഡ് വ്യാപനംമൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ടതിനെത്തുടർന്ന് പദ്ധതിയിൽ അംഗത്വം നേടിയിട്ടുള്ള എല്ലാ അംഗങ്ങൾക്കും 1000/- രൂപ നിരക്കിൽ രണ്ട് തവണയായി പ്രത്യേക ധനസഹായം അനുവദിച്ചിട്ടുള്ളതാണ്. കൂടാതെ കോവിഡ് ബാധിച്ച് ചികിത്സയിൽ കഴിഞ്ഞവർക്കും മരണപ്പെട്ടവരുടെ ആശ്രിതർക്കും പദ്ധതിയുടെ സഞ്ചിതനിധിയിൽനിന്നും ആനുകൂല്യം അനുവദിക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.

(സി) ഭക്ഷണം ഉൾപ്പെടെയുള്ള സാധന വിതരണ രംഗത്ത് ഗണ്യമായ എണ്ണമുള്ള ഗിഗ് വർക്കേഴ്സിന്റെ ക്ഷേമം ഉറപ്പുവരുത്തുന്നതിന് ശ്രദ്ധ പതിപ്പിക്കുമോയെന്ന് അറിയിക്കാമോ?

മറ്റ് ക്ഷേമ പദ്ധതിയിൽ അംഗമാകാത്ത ഗിഗ് വർക്കേഴ്സിന് കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ

അംഗമാകാവുന്നതാണ്. അംഗമാകുന്നമുറയ്ക്ക് പദ്ധതി നിഷ്കർഷിക്കുന്ന ആനുകൂല്യങ്ങൾ അർഹതയ്ക്കനുസരിച്ച് ലഭ്യമാകുന്നതാണ്.

(ഡി) ഗാർഹിക തൊഴിൽ രംഗത്ത് സേവനവും വേതനവും നിയതമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

പ്രൈവറ്റ് പ്ലേസ്മെന്റ് ഏജൻസി മുഖേനയുള്ള ഗാർഹിക തൊഴിലാളികളുടെ നിയമനം, കരാർ, ജോലി കാലയളവ്, വേതനം, ജോലി സമയം, തൊഴിലാളികളുടെ അവകാശങ്ങൾ, ജോലി തർക്കങ്ങൾ, അത് പരിഹരിക്കാനുള്ള സംവിധാനം, തൊഴിലാളികൾക്കെതിരെയുള്ള ചൂഷണം തടയൽ, സാമൂഹിക സുരക്ഷിതത്വം, ക്ഷേമം എന്നിവ ഉറപ്പുവരുത്തുന്നതിനുള്ള വ്യവസ്ഥകൾ എന്നിവ ഉൾപ്പെടുത്തിയും അവയുടെ സംരക്ഷണവും ലക്ഷ്യമിട്ടുകൊണ്ട് തയ്യാറാക്കിയ Kerala Domestic Workers (Regulation of Employment and Conditions of Service) Bill 2020 (കരട്)-ലെ വ്യവസ്ഥകൾ പൂർണ്ണമായും കേരള നിയമ പരിഷ്കരണ കമ്മീഷന്റെ 14-ാമത് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള Kerala Domestic Workers (Regulation Welfare) Bill 2021 (കരട്)-ലെ വ്യവസ്ഥകൾ ഭാഗികമായും ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു പുതിയ ബിൽ രൂപീകരിക്കുന്നതിന് നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

## ചവറ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ

268 (4984) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷനിൽ അന്താരാഷ്ട്ര മാനദണ്ഡപ്രകാരമുള്ള നൈപുണ്യ പരിശീലനത്തിനായി സംസ്ഥാന സർക്കാർ ഏതെങ്കിലും വിദേശ കമ്പനിയുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ടോ?

KASE-ന്റെ കീഴിൽവരുന്ന മികവിന്റെ കേന്ദ്രമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷൻ (IIIC) എന്ന സ്ഥാപനം നെതർലാൻഡ് ആസ്ഥാനമായ ആക്സോ നോബൽ ഇന്ത്യ ലിമിറ്റഡുമായി 2022 ഏപ്രിൽ 21-ന് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ ഇതുപ്രകാരം നിർമ്മാണ മേഖലയിൽ ഒരു വർഷംകൊണ്ട് എത്ര പേർക്ക് പരിശീലനം നൽകി തൊഴിൽ ലഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്ന് അറിയിക്കാമോ?

ഇതുപ്രകാരം നടത്തുന്ന തൊഴിൽ പരിശീലനത്തിലൂടെ നിർമ്മാണ മേഖലയിലെ പെയിന്റിംഗ് രംഗത്ത് ഒരു വർഷംകൊണ്ട് 200 പേർക്ക് പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്.

(സി) പ്രസ്തുത പദ്ധതിയിൽ നടത്തുന്ന കോഴ്സുകൾ ഏതെല്ലാമെന്നും ഫീസ് ഘടന സംബന്ധിച്ച വിശദവിവരങ്ങളും അറിയിക്കുമോ?

'കൺസ്ട്രക്ഷൻ ഡെക്കറേറ്റീവ് പെയിന്റർ' എന്ന കോഴ്സാണ് പ്രസ്തുത പദ്ധതിയിൽ നടത്തുന്നത്. ഏഴായിരത്തി എണ്ണൂറ്റി ഇരുപത് (7820/-) രൂപയാണ് കോഴ്സ് ഫീസ്. IIIC-യുടെ ക്യാമ്പസ്സിൽ ഭക്ഷണവും താമസസൗകര്യവും ആവശ്യമുള്ളവർക്ക് അതിനുള്ള ചെലവടക്കം പതിമൂവായിരത്തി തൊള്ളായിരം (13900/-) രൂപയാണ് ഫീസ്.

## തൊഴിൽ വകുപ്പിനുകീഴിൽ പ്രൈവറ്റ് ഐ.റ്റി.സി-കൾ

269 (4985) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിനുകീഴിൽ സംസ്ഥാനത്ത് അവസാനമായി പ്രൈവറ്റ് ഐ.റ്റി.സി.-കൾ അനുവദിച്ചത് എവിടെയാണെന്നും ഏത് വർഷമാണെന്നും വ്യക്തമാക്കുമോ?

തൊഴിൽ വകുപ്പിനുകീഴിൽ സംസ്ഥാനത്ത് പോളിടെക്നിക്/എഞ്ചിനീയറിംഗ് കോളേജുകളിലെ സ്പെയർ കപ്പാസിറ്റി ഉപയോഗിച്ച് പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരിയിൽ മലബാർ പോളിടെക്നിക് കാമ്പസിലും മലപ്പുറം ജില്ലയിലെ സീതിസാഹിബ് മെമ്മോറിയൽ പോളിടെക്നിക് കോളേജിലും 2019-ൽ പ്രൈവറ്റ് ഐ.ടി.സി.-കൾ അനുവദിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ആവശ്യകതയനുസരിച്ച് പ്രൈവറ്റ് ഐ.റ്റി.സി.-കൾ അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

പുതുതായി പ്രൈവറ്റ് ഐ.ടി.സി.-കൾ അനുവദിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന പദ്ധതി**

270 (4986) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഐ.ടി.ഐ.-കളെ കിഫ്ബി ഫണ്ടുപയോഗിച്ച് അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ എത്ര സർക്കാർ ഐ.ടി.ഐ.-കളെയാണ് നിലവിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; പേരും ജില്ല സഹിതമുള്ള വിശദാംശങ്ങളും ലഭ്യമാക്കാമോ?

10 സർക്കാർ ഐ.ടി.ഐ.-കളെയാണ് നിലവിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പേര്, ജില്ല തുടങ്ങിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഗവ. ഐ.ടി.ഐ. ധനുവച്ചപുരം (തിരുവനന്തപുരം), ഗവ. ഐ.ടി.ഐ. ചന്ദനത്തോപ്പ് (കൊല്ലം), ഗവ. ഐ.ടി.ഐ. ചെങ്ങന്നൂർ (ആലപ്പുഴ), ഗവ. ഐ.ടി.ഐ. ഏറ്റുമാനൂർ (കോട്ടയം), ഗവ. ഐ.ടി.ഐ. കട്ടപ്പന (ഇടുക്കി), ഗവ. ഐ.ടി.ഐ. ചാലക്കുടി (തൃശ്ശൂർ), ഗവ. ഐ.ടി.ഐ. കൊയിലാണ്ടി (കോഴിക്കോട്), ഗവ. ഐ.ടി.ഐ. കണ്ണൂർ (കണ്ണൂർ), ഗവ. ഐ.ടി.ഐ. കയ്യൂർ (കാസർഗോഡ്), ഗവ. ഐ.ടി.ഐ. മലമ്പുഴ (പാലക്കാട്).

**മാടായി ഐ.ടി.ഐ.**

271 (4987) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മാടായി ഐ.ടി.ഐ.-യിൽ ഏതൊക്കെ പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനാണ് ട്രെയിനിംഗ് ഡയറക്ടർ സർക്കാരിലേയ്ക്ക് ശിപാർശ ചെയ്തിട്ടുള്ളത്; അറിയിക്കാമോ?

കണ്ണൂർ ജില്ലയിലെ മാടായി ഐ.ടി.ഐ.-യിൽ മെക്കാനിക് മെഡിക്കൽ ഇലക്ട്രോണിക്സ്, ഫാഷൻ ഡിസൈൻ ടെക്നോളജി, ഫിറ്റർ, മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ, വെൽഡർ എന്നീ ട്രേഡുകൾ ആരംഭിക്കാൻ ശിപാർശ സർക്കാരിൽ ലഭ്യമായിട്ടുണ്ട്.

(ബി) പ്രസ്തുത ട്രേഡുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**പള്ളിക്കത്തോട് ഐ.ടി.ഐ.-യിൽ സ്കിൽ കോഴ്സുകൾ**

272 (4988) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.ടി.ഐ.-കളിൽ സ്കിൽ കോഴ്സുകൾ ആരംഭിക്കുന്നതിന് പ്രോത്സാഹനം നൽകുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. സംസ്ഥാനത്തെ ഐ.ടി.ഐ.-കളിലെ സ്കിൽ കോഴ്സുകൾക്ക് പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി ഇന്ത്യാ സ്കിൽസ് മത്സരങ്ങൾ സംഘടിപ്പിക്കാറുണ്ട്. ആയതിന്റെ ഭാഗമായി 2022 ജനുവരിയിൽ ഡൽഹിയിൽവച്ച് നടന്ന ദേശീയ ഇന്ത്യാ സ്കിൽസ് മത്സരത്തിൽ കേരളത്തെ പ്രതിനിധീകരിച്ച് 41 മത്സരാർത്ഥികൾ പങ്കെടുക്കുകയും ആയതിൽ 8 സ്വർണ്ണം, 8 വെള്ളി, 5 വെങ്കലം, 5 മെഡലിയൻ ഉൾപ്പെടെ കേരളം ദേശീയതലത്തിൽ രണ്ടാം സ്ഥാനത്തെത്തുകയും ചെയ്തു.

(ബി) അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിനായി എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് അറിയിക്കാമോ?

അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിനായി ബഡ്ജറ്റിൽ ഓരോ വർഷവും അനുവദിക്കുന്ന തുകയിൽ പരിമിതപ്പെടുത്തി ഐ.ടി.ഐ.-കൾക്ക് ആവശ്യമായ കെട്ടിട നിർമ്മാണം, മെയിന്റനൻസ് വർക്കുകൾ, ചുറ്റുമതിൽ, ഫർണീച്ചർ സംഭരണം, ഉപകരണ സംഭരണം മുതലായവ ഓരോ വർഷവും നൽകിവരുന്നു.

(സി) കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ പള്ളിക്കത്തോട് ഐ.ടി.ഐ.-യിൽ സ്കിൽ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ പള്ളിക്കത്തോട് ഐ.ടി.ഐ.-യിൽ സ്കിൽ കോഴ്സുകൾ ആരംഭിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**കൊയിലാണ്ടി ഗവ. ഐ.ടി.ഐ. ഒന്നാം ഗ്രേഡായി ഉയർത്തുന്നതിനുള്ള നടപടി**

273 (4989) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി ഗവ. ഐ.ടി.ഐ.-യിൽ കിഫ്ബി മുഖാന്തരം എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വിശദമാക്കാമോ?

കൊയിലാണ്ടി ഗവ. ഐ.ടി.ഐ.-യിൽ കിഫ്ബി ഫണ്ടുപയോഗിച്ച് ക്ലാസ് റൂം, അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, കോൺഫറൻസ് ഹാൾ എന്നിവ ഉൾക്കൊള്ളുന്ന കെട്ടിടനിർമ്മാണം, റോഡ്, ഹോസ്റ്റൽ ബിൽഡിംഗ്, സ്റ്റാഫ് ക്വാർട്ടേഴ്സ് ബിൽഡിംഗ്, പ്ലേ ഗ്രൗണ്ട് എന്നിവ നടപ്പിലാക്കുന്നതിന് പദ്ധതിയുണ്ട്.

(ബി) പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

നിലവിൽ കെട്ടിട നിർമ്മാണം 85% പൂർത്തിയായിട്ടുണ്ട്.

(സി) കൊയിലാണ്ടി ഗവ. ഐ.ടി.ഐ. ഒന്നാം ഗ്രേഡായി ഉയർത്തുന്ന കാര്യം പരിഗണനയിലുണ്ടോ?

ഉണ്ട്.

(ഡി) ഇതുസംബന്ധിച്ച് വ്യാവസായിക പരിശീലന വകുപ്പ് നൽകിയ ശിപാർശയുടെ വിശദാംശം ലഭ്യമാക്കാമോ?

നിലവിൽ കൊയിലാണ്ടി ഗവ. ഐ.ടി.ഐ.-യിൽ 10 ട്രേഡുകളിലായി 20 യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഇതിൽ 464 ട്രെയിനികൾക്ക് പ്രവേശനം നൽകുന്നുണ്ട്. ടി ഐ.ടി.ഐ-യിൽ ഇലക്ട്രീഷ്യൻ-2 യൂണിറ്റ്, വെൽഡർ-2 യൂണിറ്റ് എന്നിവ അനുവദിക്കാനും പുതുതായി 9 വിവിധ തസ്തികകൾ സൃഷ്ടിക്കുന്നതിനുമായി സർക്കാരിൽ ശിപാർശ സമർപ്പിച്ചിട്ടുണ്ട്. സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുന്നു.

**മാവേലിക്കരയിൽ ഐ.ടി.ഐ. ആരംഭിക്കുന്നതിനുള്ള നടപടികൾ**

274 (4990) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ഗവൺമെന്റ് ഐ.ടി.ഐ. ഇല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) മാവേലിക്കരയിൽ പുതുതായി ഗവൺമെന്റ് ഐ.ടി.ഐ. ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

മാവേലിക്കരയിൽ പുതിയ ഐ.ടി.ഐ. ആരംഭിക്കുന്നതിനുള്ള ശിപാർശ ട്രെയിനിംഗ് ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുന്നമുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്.

## ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ ഐ.ടി.ഐ.-കൾ

275 (4991) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ നിലവിൽ എത്ര ഐ.ടി.ഐ.-കളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ ഐ.ടി.ഐ. തിരുവാർപ്പ്, ഐ.ടി.ഐ. (വനിത) ചങ്ങനാശ്ശേരി എന്നീ 2 ഐ.ടി.ഐ.-കൾ പ്രവർത്തിക്കുന്നു.

(ബി) ഓരോ ഐ.ടി.ഐ.-കളിലും ഏതെല്ലാം കോഴ്സുകളാണ് നിലവിലുള്ളതെന്നും ഓരോ കോഴ്സിനും എത്ര സീറ്റുകളാണുള്ളതെന്നും വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ചങ്ങനാശ്ശേരി വനിതാ ഐ.ടി.ഐ.-ഡ്രാഫ്റ്റ്സ്മാൻ സിവിൽ (24 സീറ്റുകൾ), കമ്പ്യൂട്ടർ ഓപ്പറേറ്റർ ആൻഡ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ് (48 സീറ്റുകൾ).

ഐ.ടി.ഐ. തിരുവാർപ്പ് - ഇലക്ട്രീഷ്യൻ (20 സീറ്റുകൾ), പ്ലംബർ (48 സീറ്റുകൾ).

(സി) പ്രസ്തുത ഐ.ടി.ഐ.-കളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

പഞ്ചായത്ത്/മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽനിന്നും ഡി.ജി.റ്റി നിഷ്കർഷിക്കുന്ന സ്ഥലം ഇതുവരെ ലഭിക്കാത്തതിനാലും മതിയായ അടിസ്ഥാന സൗകര്യം ലഭ്യമല്ലാത്തതിനാലും പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

**വ്യാവസായിക പരിശീലന വകുപ്പിലെ പൊതു സ്ഥലമാറ്റം**

276 (4992) <u>ഡോ. മാത്യു കുഴൽനാടൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം മാനദണ്ഡങ്ങൾ പാലിച്ച് ഓൺലൈൻ മുഖേന സുതാര്യമായി നടത്തണമെന്ന നിർദ്ദേശം വ്യാവസായിക പരിശീലന വകുപ്പ് നടപ്പിലാക്കിയിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വ്യാവസായിക പരിശീലന വകുപ്പിലെ പൊതുസ്ഥലംമാറ്റം ഓൺലൈൻ മുഖേന നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 2022 മാർച്ച് 15-ലെ ഒ.എ.407/2022 ഉത്തരവ് പ്രകാരം മൂന്ന് മാസത്തിനുള്ളിൽ വകുപ്പിൽ സർക്കാരിന്റെ പൊതുസ്ഥലംമാറ്റനയം നടപ്പിലാക്കണമെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും കാലാവധി കഴിഞ്ഞിട്ടും പാലിക്കപ്പെട്ടിട്ടില്ലാത്തതിനാൽ കോടതി നിർദ്ദേശപ്രകാരം ഈ വർഷത്തെ പൊതുസ്ഥലംമാറ്റം ഓൺലൈനായി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കോടതിവിധി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2022 സെപ്റ്റംബർ 1 മുതൽ തീവ്രയജ്ഞ പരിപാടിയിലൂടെ നിർബന്ധമായും ഓൺലൈൻ ട്രാൻസ്ഫർ നടപ്പിലാക്കുന്നതിന് ട്രെയിനിംഗ് ഡയറക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

(സി) വ്യാവസായിക പരിശീലന വകുപ്പിൽ നിലവിൽ ജോലി ചെയ്യുന്ന സ്ഥിരം ജീവനക്കാർ എത്രയെന്ന് വ്യക്തമാക്കാമോ?

3576.

(ഡി) വ്യാവസായിക പരിശീലന വകുപ്പിൽ ഓൺലൈൻ മുഖേന പൊതുസ്ഥലമാറ്റം നടത്താത്തത് ഗൗരവത്തോടെ കണ്ട് വിഷയം പരിഹരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; അറിയിക്കാമോ?

വ്യാവസായിക പരിശീലന വകുപ്പിലെ പൊതുസ്ഥലംമാറ്റം ഓൺലൈൻ മുഖേന നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**മലമ്പുഴ ഗവൺമെന്റ് ഐ.ടി.ഐ.-യുടെ നവീകരണം**

277 (4993) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് വിനിയോഗിച്ച് നവീകരിക്കുന്ന മലമ്പുഴ ഗവൺമെന്റ് ഐ.ടി.ഐ.-യുടെ പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

കിഫ്ബി ഫണ്ട് വിനിയോഗിച്ച് നവീകരിക്കുന്ന മലമ്പുഴ ഗവൺമെന്റ് ഐ.ടി.ഐ.-യുടെ നിർമ്മാണ പ്രവൃത്തികളുടെ 77% പൂർത്തിയായിട്ടുണ്ട്.

(ബി) ഈ പ്രവൃത്തികൾ പൂർത്തിയാവുന്നതോടുകൂടി എന്തെല്ലാം അധിക സൗകര്യങ്ങളാണ് മലമ്പുഴ ഐ.ടി.ഐ.-യിൽ ലഭ്യമാകുകയെന്ന് വിശദമാക്കാമോ?

അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയരുന്നതോടെ ഐ.ടി.ഐ. ക്യാമ്പസിനോടനുബന്ധിച്ച് ആ നിലവാരത്തിലുള്ള റോഡുകൾ, ആധുനിക പഠന സജ്ജീകരണങ്ങളോടുകൂടിയ സ്മാർട്ട് ക്ലാസ്സ് മുറികൾ, വർക്ക്ഷോപ്പുകൾ, ലൈബ്രറി, കോൺഫറൻസ് ഹാൾ, സെക്യൂരിറ്റി ക്യാബിനോട് കൂടിയ കവാടം, മഴവെള്ള സംഭരണ സംവിധാനം, ആധുനിക സുരക്ഷ സംവിധാനമായ ELV (Extra-Low-voltage) System അഗ്നിസുരക്ഷാ സംവിധാനങ്ങൾ, കളിസ്ഥലം എന്നീ സൗകര്യങ്ങൾ ലഭിക്കുന്നതാണ്.

**ഗുരുവായൂർ മണ്ഡലത്തിൽ ഐ.ടി.ഐ. ആരംഭിക്കുന്നതിനുള്ള നടപടി**

278 (4994) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ ഐ.ടി.ഐ. ആരംഭിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഗുരുവായൂർ മണ്ഡലത്തിൽ ഐ.ടി.ഐ. ആരംഭിക്കുന്നതിനാവശ്യമായ പ്രാരംഭ നടപടിയായി സാധ്യതാ പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കാൻ എറണാകുളം ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗിനെ നിയോഗിച്ചിട്ടുണ്ട്.

(ബി) ഐ.ടി.ഐ. തുടങ്ങുന്നതിനാവശ്യമായ താൽക്കാലിക കെട്ടിടം ചാവക്കാട് നഗരസഭ ഒരുക്കിയിട്ടുണ്ടോ; ആയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(സി) ഗുരുവായൂർ മണ്ഡലത്തിൽ ഐ.ടി.ഐ.-യുടെ പ്രവർത്തനം എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(ബി&സി) ഇതുസംബന്ധിച്ച് അന്തിമ തീരുമാനമെടുത്തിട്ടില്ല

**എംപ്ലോയ്മെന്റ് മുഖേനയുള്ള രജിസ്ട്രേഷൻ**

279 (4995) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റുകളിൽ നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളുടെ എണ്ണം എത്രയെന്ന് അറിയിക്കാമോ?

സംസ്ഥാനത്തെ എംപ്ലോയ്മെന്റുകളിൽ നിലവിൽ (2022 ജൂൺ 30 വരെ) ആകെ 30,67,352 ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്തിട്ടുള്ളതിൽ

19,47,267 സ്ത്രീകളും 11,20,073 പുരുഷൻമാരും 12 ട്രാൻസ്ജെൻഡറും ഉൾപ്പെടുന്നു.

(ബി) അതിൽ എത്ര പേർക്ക് 2016-17 മുതൽ നാളിതുവരെ ജോലി നൽകാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ?

2016-17 മുതൽ നാളിതുവരെ (2016 ജനവരി മുതൽ 2022 ഏപ്രിൽ 30 വരെ) ആകെ 66,428 പേർക്ക് (സ്ഥിരം-12,297, താൽക്കാലികം-54,131) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ജോലി നൽകാൻ കഴിഞ്ഞിട്ടുണ്ട്.

**ചേർത്തല എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങൾ**

280 (4996) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ എത്ര സ്ഥിര നിയമനങ്ങൾ നടന്നുവെന്ന് വിശദമാക്കാമോ?

ചേർത്തല എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ പാർട്ട് ടൈം, ഫുൾടൈം സ്ഥിരം ഒഴിവുകളിലായി 110 ഉദ്യോഗാർത്ഥികൾക്ക് ജോലി ലഭിച്ചിട്ടുണ്ട്.

(ബി) പാർട്ട്ടൈം, അറ്റൻഡർ മുതലായ തസ്തികകളിൽ സ്ഥിരനിയമനം ലഭിച്ചവരുടെ പേരുവിവരം, സീനിയോറിറ്റി നമ്പർ എന്നിവ സഹിതം വിശദമാക്കാമോ?

പാർട്ട് ടൈം, അറ്റൻഡന്റ് മുതലായ തസ്തികകളിൽ സ്ഥിരനിയമനം ലഭിച്ചവരുടെ പേരുവിവരവും സീനിയോറിറ്റി നമ്പരും അനുബന്ധം-I+ ആയി ചേർക്കുന്നു.

(സി) ചേർത്തല എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ടോ; ആയതിന്റെ പകർപ്പ് നൽകാമോ?

ചേർത്തല എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ട്. പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിന്റെ വിവരം അനുബന്ധം-II+ ആയി ചേർക്കുന്നു. www.eemployment.kerala.gov.in എന്ന വെബ്സൈറ്റിൽനിന്ന് സീനിയോറിറ്റി ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കാവുന്നതാണ്.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനം**

281 (4997) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് കൃത്യമായി കാർഡ് പുതുക്കിയിട്ടും ഇതുവരെ ഒരു തൊഴിലിനും വിളിക്കാത്തവർക്ക് എത്ര വയസ്സ് വരെ കാർഡ് പുതുക്കണമെന്ന് അറിയിക്കുമോ?

14 വയസ്സ് പൂർത്തിയായ ഏതൊരു ഇന്ത്യൻ പൗരനും സ്ഥിര മേൽവിലാസത്തിലുള്ള താമസസ്ഥലം ഉൾപ്പെടുന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യാം. ടി രജിസ്ട്രേഷൻ ഓരോ മൂന്ന് വർഷം കൂടുംതോറും പുതുക്കേണ്ടതാണ്. അത്തരത്തിൽ പുതുക്കൽ നടത്തുന്നതിന് ഉയർന്ന പ്രായപരിധി നിശ്ചയിച്ചിട്ടില്ല. എന്നാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി തൊഴിൽ ലഭിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി 50 വയസ്സാണ്.

(ബി) കാർഡ് കൃത്യമായി പുതുക്കിയിട്ടുള്ളതും 50 വയസ്സ് പൂർത്തിയായിട്ടുള്ളതുമായ വ്യക്തികളിൽ ഇതുവരെ കൂടിക്കാഴ്ചയ്ക്ക് ശിപാർശ ചെയ്യപ്പെടാത്തവരുണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കാമോ?

ഉണ്ട്; എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ നിയമന മാനദണ്ഡങ്ങളിൽ മുഖ്യമായത് സീനിയോറിറ്റിയാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ 14 വയസ്സിൽ പേര് രജിസ്റ്റർ ചെയ്യാമെന്നിരിക്കെ മിക്ക ഉദ്യോഗാർത്ഥികളും വർഷങ്ങൾക്കുശേഷമാണ് രജിസ്റ്റർ ചെയ്യുന്നത്. ഇത് ടി ഉദ്യോഗാർത്ഥികൾ

ഉൾപ്പെടുന്ന സീനിയോറിറ്റി പട്ടികയിൽ അവരെ വളരെയധികം പിന്നിലാക്കുന്നു. കൂടാതെ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികളുടെ എണ്ണം ദിനംപ്രതി വർദ്ധിക്കുന്നു. ആയതിന് ആനുപാതികമായി ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കപ്പെടുന്നില്ല. അറിയിക്കപ്പെടുന്ന ഒഴിവുകളിൽ സീനിയോറിറ്റി, വിദ്യാഭ്യാസ യോഗ്യത, സംവരണം, വയസിളവ്, മുൻഗണന, മറ്റ് മാനദണ്ഡങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് യോഗ്യരായ ഉദ്യോഗാർത്ഥികളെ കണ്ടെത്തി നാമനിർദ്ദേശ പട്ടിക നൽകുന്നത്. അത്തരത്തിൽ നാമനിർദ്ദേശ പട്ടിക തയ്യാറാക്കുമ്പോൾ മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ മാത്രമേ ലിസ്റ്റിൽ ഉൾപ്പെടുന്നുള്ളൂ.

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ നവീകരണം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ നവീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

1. <u>മൊബൈൽ ആപ്ലിക്കേഷൻ</u>:- എംപ്ലോയ്മെന്റ് വകുപ്പിന്റെ ഓൺലൈൻ സേവനങ്ങൾ പൊതുജനങ്ങളുടെ വിരൽത്തുമ്പിൽ ലഭ്യമാക്കുന്നതിനായി ഒരു മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചിട്ടുണ്ട്.

2. <u>സ്മാർട്ട് കാർഡ്</u>:- ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് സ്മാർട്ട് കാർഡ് നൽകുന്ന പദ്ധതി സർക്കാരിന്റെ രണ്ടാം 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി സ്മാർട്ട് കാർഡ് പ്രിന്റിംഗിന് ആവശ്യമായ മോഡ്യൂൾ ഓൺലൈൻ പോർട്ടലിൽ ഉൾപ്പെടുത്തുകയും ഉദ്യോഗാർത്ഥികൾക്ക് സ്മാർട്ട് കാർഡ് നൽകുകയും ചെയ്യു.

3. <u>ഡാറ്റാ ഡിജിറ്റൈസേഷൻ</u>:- എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളുടെ മാന്വൽ രജിസ്ട്രേഷൻ രേഖകൾ സ്കാൻ ചെയ്ത് ഓൺലൈൻ പോർട്ടലിലെ ഡാറ്റാ ബേസുമായി ബന്ധിപ്പിക്കുന്ന നടപടികൾ പുരോഗമിക്കുകയാണ്.

4. <u>പ്രൈവറ്റ് ജോബ് പോർട്ടൽ</u>:- കേരളത്തിലെ അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് സ്വകാര്യ മേഖലയിലെ അനവധിയായ തൊഴിലവസരങ്ങൾകൂടി പ്രാപ്തമാക്കുക എന്ന ലക്ഷ്യത്തോടുകൂടി എംപ്ലോയ്മെന്റ് വകുപ്പ് പ്രൈവറ്റ് ജോബ് പോർട്ടൽ എന്ന ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചുവരികയാണ്.

5. <u>പ്രവാസികൾക്കുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്</u>:- കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സമസ്ത മേഖലയിലും തൊഴിൽ നഷ്ടവും

സാമ്പത്തികമാന്ദ്യവും സംഭവിക്കുന്ന സാഹചര്യത്തിൽ പ്രവാസിക്ഷേമം മുൻനിർത്തി പ്രവാസികൾക്കായി ഒരു പ്രത്യേക വെർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിക്കുന്നതിനുള്ള ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള സർക്കാർ, അർദ്ധ സർക്കാർ നിയമനങ്ങൾ

282 (4998) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലെ പി.എസ്.സി. വഴിയല്ലാത്ത നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനമാത്രം നടത്താൻ നടപടികൾ സ്വീകരിക്കുമോ?

പൊതുമേഖലാ സ്ഥാപനങ്ങളിലെ പി.എസ്.സി. വഴിയല്ലാത്ത നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മാത്രം നടത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 1959-ൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ Compulsory Notification of Vacancies Act (CNV) പ്രകാരം സംസ്ഥാനത്തുള്ള സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കമ്പനികൾ, കോർപ്പറേഷനുകൾ, സർക്കാർ ഗ്രാന്റിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലുള്ള പബ്ലിക് സർവ്വീസ്

കമ്മീഷന്റെ പരിധിക്ക് പുറത്തുവരുന്ന എല്ലാത്തരം ഒഴിവുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിർബന്ധമായും അറിയിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ സേവനം പ്രയോജനപ്പെടുത്താമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ബാധകമാക്കിയിട്ടുള്ള സ്ഥാപനങ്ങളിലെ താത്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന KS&SSR Rule 9 a (i) പ്രകാരം നടത്തേണ്ടതാണ്. ഇതുസംബന്ധിച്ച് കാലാകാലങ്ങളിൽ വകുപ്പ് മേധാവികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

വകുപ്പിലെ ആക്ട് എൻഫോഴ്സ്മെന്റ് ഓഫീസർമാരായ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ/എംപ്ലോയ്മെന്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ സ്ഥാപന പരിശോധനകൾ നടത്തി താത്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നടത്തുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി വിവിധ പ്രവർത്തനങ്ങൾ വകുപ്പ് നടത്തുന്നുണ്ട്. നിലവിൽ എംപ്ലോയ്മെന്റ് വകുപ്പ് മുഖേന നടത്തുന്ന സ്വയംതൊഴിൽ പദ്ധതികൾ ഓൺലൈനാക്കുന്നതിനും അതുവഴി പദ്ധതി പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

സ്വകാര്യമേഖലയുടെ തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് പ്രയോജനമാക്കുന്നതിന് ജില്ലാതലങ്ങളിൽ ജോബ് ഫെയർ നടത്തുന്നത് കൂടാതെ സംസ്ഥാനതലത്തിലും മെഗാ ജോബ് ഫെയർ സംഘടിപ്പിക്കാൻ തീരുമാനിച്ചിരിക്കുകയാണ്.

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ സമഗ്ര പുരോഗതി ലക്ഷ്യംവച്ച് നടപ്പിലാക്കിവരുന്ന സമന്വയ പദ്ധതി, വിവരസാങ്കേതികവിദ്യ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനത്തിൽ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ച ഓൺലൈൻ പോർട്ടൽ, ഇ-ഓഫീസ്, മൊബൈൽ ആപ്ലിക്കേഷൻ, സ്മാർട്ട് കാർഡ്, ഡാറ്റാ ഡിജിറ്റൈസേഷൻ, പ്രൈവറ്റ് ജോബ് പോർട്ടൽ, പ്രവാസികൾക്കുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവ

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഉദ്ദേശിച്ചുള്ളവയാണ്.

## എംപ്ലോയ്മെന്റ് ഓഫീസിൽ ജീവനക്കാരിയോട് അപമര്യാദയായി പെരുമാറിയ സംഭവം

283 (4999) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് വകുപ്പിന് കീഴിലുള്ള തിരുവനന്തപുരത്തെ പ്രൊഫഷണൽ ആൻഡ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് ഓഫീസിൽവച്ച് ജീവനക്കാരൻ ജീവനക്കാരിയോട് അപമര്യാദയായി പെരുമാറിയത് സംബന്ധിച്ച് പരാതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പരാതിയിൽ വകുപ്പ് തലത്തിൽ എന്തെല്ലാം നടപടികളാണ് ജീവനക്കാരനെതിരെ സ്വീകരിച്ചിട്ടുള്ളത്; പരാതിയിന്മേൽ ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റി ഫലപ്രദമായി പ്രവർത്തിച്ചിട്ടുണ്ടോ;

(എ&ബി) ഉണ്ട്; പരാതിയിൽ തുടർനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പ്രാഥമിക അന്വേഷണത്തിന് 03-08-2021-ൽ തിരുവനന്തപുരം മേഖലാ എംപ്ലോയ്മെന്റ് ഡെപ്യൂട്ടി ഡയറക്ടറെ അന്വേഷണ

ഉദ്യോഗസ്ഥനായി നിയമിക്കുകയും 09-08-2021-ൽ അതിന്റെ റിപ്പോർട്ട് ലഭ്യമാക്കുകയുമുണ്ടായി. പരാതിയിൽ പരാമർശിച്ചിട്ടുള്ള ഉദ്യോഗസ്ഥന് അച്ചടക്ക നടപടിയുടെ ഭാഗമായി 03-02-2022-ൽ കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകുകയും 04-03-2022-ൽ പ്രതിവാദ പത്രിക സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഔപചാരിക അന്വേഷണം നടത്തുന്നതിന് ഇപ്പോഴത്തെ തിരുവനന്തപുരം മേഖലാ ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടിയാനെ നെയ്യാറ്റിൻകര ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേയ്ക്ക് സ്ഥലംമാറ്റിയിട്ടുണ്ട്. ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റി 14-02-2019 തീയതിയിൽ രൂപീകരിച്ചിരുന്നുവെങ്കിലും കോവിഡ് പശ്ചാത്തലത്തിൽ ടി കമ്മിറ്റി ഫലപ്രദമായി പ്രവർത്തിക്കാത്തതിനാൽ 15-09-2021-ന് പുന:സംഘടിപ്പിച്ചിട്ടുള്ളതായി ഡിവിഷണൽ എംപ്ലോയ്മെന്റ് ഓഫീസർ (പ്രൊഫഷണൽ ആൻഡ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, തിരുവനന്തപുരം) അറിയിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പരാതിയിന്മേൽ അന്വേഷണ ഉദ്യോഗസ്ഥന്റെ കണ്ടെത്തലിൽ ജീവനക്കാരനെതിരെ വകുപ്പ് തലവൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വകുപ്പ് തലവന്റെ നിർദ്ദേശങ്ങൾ എന്തായിരുന്നുയെന്ന് വ്യക്തമാക്കുമോ?

കുറ്റക്കാരനായ ഉദ്യോഗസ്ഥനെ ജില്ലയ്ക്ക് പുറത്തേയ്ക്ക് പൊതുജനസമ്പർക്കമില്ലാത്തതും വിദൂരമായ വടക്കൻ ജില്ലയിലേയ്ക്ക് മാറ്റുന്നതിനും കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകുന്നതിനും വകുപ്പുതലവന്മാർ നിർദ്ദേശിച്ചിരുന്നു.

(ഡി) വകുപ്പ് തലവന്റെ നിർദ്ദേശത്തിന് വിരുദ്ധമായി കുറ്റക്കാരനെതിരെ നടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടോ; കുറ്റക്കാരനായ ഉദ്യോഗസ്ഥനെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമായിരുന്നു; ശിക്ഷാ നടപടികൾക്ക് വിധേയനായ ഉദ്യോഗസ്ഥനെ ഇതര വിഭാഗങ്ങളിലേയ്ക്ക് സ്ഥലംമാറ്റി നിയോഗിക്കുന്നതിന് എന്തൊക്കെ നിയമതടസ്സങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ?

സ്ഥലംമാറ്റം സംബന്ധിച്ചുള്ള ഫയലിന്മേലുള്ള വകുപ്പ് തലവന്റെ നിർദ്ദേശമനുസരിച്ച് കുറ്റക്കാരനായ ഉദ്യോഗസ്ഥനെ നെയ്യാറ്റിൻകര ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേയ്ക്ക് സ്ഥലം മാറ്റിയിട്ടുണ്ട്. കൂടാതെ ടിയാന് കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം 03-02-2022-ൽ നൽകിയിട്ടുണ്ട്. ആയതിന് പ്രതിവാദ പത്രിക 04-03-2022-ൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഔപചാരിക അന്വേഷണം നടത്തുന്നതിന് ഇപ്പോഴത്തെ തിരുവനന്തപുരം മേഖലാ ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അച്ചടക്ക

നടപടികൾ പൂർത്തിയായതിനുശേഷം മാത്രമേ ഇതര വിഭാഗങ്ങളിലേയ്ക്ക് സ്ഥലംമാറ്റി നിയമിക്കുന്നതിന് സാധിക്കുകയുള്ളൂ.

**ഭിന്നശേഷിക്കാർക്ക് സ്ഥിര നിയമനം**

284 (5000) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന താൽക്കാലിക നിയമനം നേടി ജോലി ചെയ്തതിനുശേഷം പിരിച്ചുവിടപ്പെട്ട ഭിന്നശേഷിക്കാർക്ക് 2013-ൽ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് സ്ഥിര നിയമനം നൽകിയ മാതൃകയിൽ എന്തെങ്കിലും പദ്ധതി നിലവിൽ വകുപ്പിന്റെ പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം ലഭിച്ച ഭിന്നശേഷിക്കാർക്ക് സ്ഥിര നിയമനം നൽകുന്നത് തൽക്കാലം പരിഗണനയിലില്ല.

(ബി) 2004 മുതൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന താൽക്കാലിക നിയമനം ലഭിച്ച ഭിന്നശേഷിക്കാർക്ക് സ്ഥിര നിയമനം

നൽകുന്നതിനായി വകുപ്പ് സർക്കാരിലേയ്ക്ക് നിർദ്ദേശം സമർപ്പിക്കുമോ; വിശദമാക്കുമോ?

പരിഗണനയിലില്ല.

**കോട്ടക്കൽ മണ്ഡലത്തിലെ എടരിക്കോട് ഇ.എസ്.ഐ. ആശുപത്രിയുടെ വികസനം**

285 (5001) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ എടരിക്കോട് ഇ.എസ്.ഐ. ആശുപത്രിയുടെ വികസനത്തിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത ആശുപത്രിക്ക് സ്വന്തമായി കെട്ടിടം ലഭ്യമാക്കുവാൻവേണ്ടി നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

(എ&ബി) കോട്ടക്കൽ നിയോജകമണ്ഡലത്തിൽ കോട്ടക്കൽ ഡിസ്പെൻസറി മാത്രമാണ് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ സ്ഥാപനമായുള്ളത്. കോട്ടക്കൽ ഇ.എസ്.ഐ. ഡിസ്പെൻസറി നിലവിൽ പ്രവർത്തിച്ചുവരുന്ന വാടക കെട്ടിടത്തിന്റെ ശോചനീയാവസ്ഥ

കണക്കിലെടുത്ത് മറ്റൊരു കെട്ടിടം വാടകയ്ക്ക് എടുക്കുന്നതിനുള്ള നടപടികൾ ഇ.എസ്.ഐ. കോർപ്പറേഷനുമായി ചേർന്ന് സ്വീകരിച്ചുവരുന്നു.

## ഇ.എസ്.ഐ. ഡിസ്പെൻസറികൾ

286 (5002) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ഇ.എസ്.ഐ. ഡിസ്പൻസറികൾ ആരംഭിക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിനുകീഴിൽ 15-09-2017-ലെ സ.ഉ(കൈ) നം.75/2017/തൊഴിൽ പ്രകാരം 18 ഏകഡോക്ടർ ടൈപ്പ് ഡിസ്പെൻസറികൾ ആരംഭിക്കാൻ സർക്കാർ അംഗീകാരം നൽകിയതിൽ 12 ഡിസ്പെൻസറികൾക്ക് മാത്രമാണ് ഇ.എസ്.ഐ. കോർപ്പറേഷന്റെ അനുമതി ലഭിച്ചിട്ടുള്ളത്. ആയതിൽ മുക്കം, കട്ടപ്പന ഡിസ്പെൻസറികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ഇതിൽ 6 ഡിസ്പെൻസറികൾ 2-ഡോക്ടർ ടൈപ്പായും ഒരെണ്ണം 3-ഡോക്ടർ ടൈപ്പായും ആരംഭിക്കുവാനാണ് ഇ.എസ്.ഐ. കോർപ്പറേഷന്റെ

അംഗീകാരം ലഭിച്ചിട്ടുള്ളത്. ആയതിലേയ്ക്കായി അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

ഇ.എസ്.ഐ. കോർപ്പറേഷന്റെ അനുമതി ലഭിച്ചതിലുൾപ്പെട്ട സുൽത്താൻബത്തേരി, മാനന്തവാടി ഡിസ്പെൻസറികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള വാടകക്കെട്ടിടം ലഭ്യമാക്കുന്നതിന് ഇ.എസ്.ഐ. കോർപ്പറേഷനുമായി ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നു. മൂന്നാർ കണ്ണൻദേവൻ ഹിൽസ് ഡിസ്പെൻസറി പ്രവർത്തിപ്പിക്കുന്നതിനുള്ള കെട്ടിടം മൂന്നാർ ഗ്രാമപഞ്ചായത്ത് വിട്ടുനൽകിയിട്ടുണ്ട്. പ്രസ്തുത ഡിസ്പെൻസറി പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് ഏതെല്ലാം ഇ.എസ്.ഐ. ഡിസ്പൻസറികളിലാണ് ഐ.സി. യൂണിറ്റ് ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ; ആയതിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ?

സംസ്ഥാനത്തെ ഇ.എസ്.ഐ. ഡിസ്പെൻസറികളിൽ ഐ.സി. യൂണിറ്റ് ആരംഭിക്കുന്നത് നിലവിൽ പരിഗണനയിലില്ല. എന്നാൽ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന് കീഴിൽ പേരൂർക്കട,

വടവാളൂർ, ആലപ്പുഴ, എറണാകുളം, ഒളരിക്കര, ഫറോക്ക് ഇ.എസ്.ഐ. ആശുപത്രികളിൽ ഐ.സി. യൂണിറ്റുകൾ പ്രവർത്തനസജ്ജമായിട്ടുണ്ട്.

(സി) ഇ.എസ്.ഐ. ഡിസ്പൻസറികളിൽ സ്റ്റാഫ് നഴ്സ് ഉൾപ്പെടെയുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ബന്ധപ്പെട്ട ഫയലുകളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ?

ഇ.എസ്.ഐ. കോർപ്പറേഷൻ പ്രവർത്തനാനുമതി നൽകിയ ഇ.എസ്.ഐ. ഡിസ്പെൻസറികളിൽ സ്റ്റാഫ് നഴ്സ് ഉൾപ്പെടെയുള്ള തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## തൃശ്ശൂർ ജില്ലയിലെ ഇ.എസ്.ഐ. ആശുപത്രികളിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ്-II തസ്തിക

287 (5003) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ഇ.എസ്.ഐ. ആശുപത്രികളിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ്-II തസ്തികയിൽ അനുവദനീയമായ ജീവനക്കാരുടെ എണ്ണവും നിലവിൽ പ്രസ്തുത തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണവും വ്യക്തമാക്കുമോ?

തൃശ്ശൂർ ജില്ലയിലെ ഇ.എസ്.ഐ. ആശുപത്രികളിലെ സ്റ്റാഫ് നഴ്സ് തസ്തികയിലെ (ഗ്രേഡ്-I & ഗ്രേഡ്-II) അനുവദനീയമായ ജീവനക്കാരുടെ എണ്ണം 27 ആണ്. അനുവദനീയമായ എല്ലാ തസ്തികകളിലും നിലവിൽ ജീവനക്കാരുണ്ട്.

(ബി) പ്രസ്തുത ആശുപത്രികളിൽ കൂടുതൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-II തസ്തിക സൃഷ്ടിക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ടോയെന്നും പ്രസ്തുത ശിപാർശയിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ?

ഒളരിക്കര ഇ.എസ്.ഐ. ആശുപത്രിയിലെ ഐ.സി. യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനും മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ. ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ അധിക സ്റ്റാഫ് നഴ്സ് ഗ്രേഡ്-II തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## സിൽവർ ലൈൻ ആവശ്യത്തിനായി തെരഞ്ഞെടുത്ത ഭൂമി കൈമാറ്റം

288 (5004) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിൽവർ ലൈൻ പദ്ധതിയുടെ സാമൂഹികാഘാത പഠനത്തിനായി തെരഞ്ഞെടുത്ത ഭൂമി കൈമാറ്റം ചെയ്യുന്നതിന് നിലവിൽ തടസ്സമുണ്ടോ; ഇതു സംബന്ധിച്ച് വകുപ്പ് തലത്തിൽ വ്യക്തത വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സിൽവർ ലൈൻ പദ്ധതിയുടെ സാമൂഹികാഘാത പഠനത്തിനായി തെരഞ്ഞെടുത്ത ഭൂമിയുടെ കൈമാറ്റവും വായ്പയെടുക്കലും സംസ്ഥാന വ്യാപകമായി തടസ്സപ്പെടുന്നുയെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ&ബി) ഉണ്ട്. സിൽവർ ലൈൻ പദ്ധതിയുടെ സാമൂഹികാഘാത പഠനത്തിനായി തെരഞ്ഞെടുത്ത ഭൂമി കൈമാറ്റം ചെയ്യുന്നതിനും വായ്പ എടുക്കുന്നതിനും നിലവിൽ തടസ്സമില്ല.

സെമി ഹൈസ്പീഡ് റെയിൽവേ ലൈൻ (സിൽവർ ലൈൻ) പദ്ധതിക്ക് സ്ഥലമേറ്റെടുക്കുന്നതിനുവേണ്ടി പുറപ്പെടുവിച്ച 18-08-2021-ലെ സ.ഉ.(കൈ) നം.163/2021/റവ, 30-10-2021-ലെ സ.ഉ.(സാധാ) നം.3642/2021/റവ. എന്നീ ഉത്തരവുകളിൽ 2013-ലെ എൽ.എ.ആർ.ആർ. ആക്ട് പ്രകാരം സാമൂഹ്യ പ്രത്യാഘാത പഠനം (4(1) വിജ്ഞാപനം) നടത്തുന്നതിനും പഠന

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിദഗ്ധ സമിതിയെ രൂപീകരിച്ച് ശിപാർശ സമർപ്പിക്കുന്നതിനും അനുമതി നൽകിയിട്ടുള്ളതാണ്. എന്നാൽ, എൽ.എ.ആർ.ആർ. ആക്ട് 2013-ലെ സബ്സെക്ഷൻ 2 സെക്ഷൻ 8 പ്രകാരം ഭൂമിയേറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതിന് അംഗീകാരം നൽകിക്കൊണ്ടുള്ള അനുമതി ഉത്തരവ് റെയിൽവേ ബോർഡിന്റെ അന്തിമ അനുമതി ലഭ്യമായതിനുശേഷം മാത്രമേ പുറപ്പെടുവിക്കുയെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

എൽ.എ.ആർ.ആർ. ആക്ട് 2013-ലെ സെക്ഷൻ 11 സബ്സെക്ഷൻ 4 പ്രകാരം പ്രാഥമിക വിജ്ഞാപനം (11(1) വിജ്ഞാപനം) പ്രസിദ്ധീകരിച്ച തീയതി മുതൽ ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകുന്നതുവരെ വിജ്ഞാപനത്തിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിയിന്മേൽ ഏതൊരാളും ഇടപാട് നടത്തുകയോ ക്രയവിക്രയം ചെയ്യുകയോ ബാദ്ധ്യത സൃഷ്ടിക്കുവാനോ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

സെമി ഹൈസ്പീഡ് റെയിൽവേ ലൈൻ (സിൽവർ ലൈൻ) പദ്ധതിക്ക് സ്ഥലമേറ്റെടുക്കുന്നതിനുവേണ്ടി പുറപ്പെടുവിച്ച ഉത്തരവിൽ 2013-ലെ സബ് സെക്ഷൻ 2 സെക്ഷൻ 8 പ്രകാരം ഭൂമിയേറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതിന് അംഗീകാരം നൽകിക്കൊണ്ടുള്ള അനുമതി ഉത്തരവ്

റെയിൽവേ ബോർഡിന്റെ അന്തിമ അനുമതി ലഭ്യമായതിനുശേഷം മാത്രമേ പുറപ്പെടുവിക്കൂയെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. 2013-ലെ സബ്സെക്ഷൻ 2 സെക്ഷൻ 8 പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷം മാത്രമേ പ്രാഥമിക വിജ്ഞാപനം (11 (1) വിജ്ഞാപനം) പുറപ്പെടുവിക്കാൻ സാധിക്കുകയുള്ളൂ. ആയതുകൊണ്ടുതന്നെ സിൽവർ ലൈൻ പദ്ധതിയുടെ സാമൂഹികാഘാത പഠനത്തിനായി തെരഞ്ഞെടുത്ത ഭൂമി കൈമാറ്റം ചെയ്യുന്നതിനും വായ്പയെടുക്കുന്നതിനും നിലവിൽ നിയമതടസ്സമില്ലെന്ന് വ്യക്തത വരുത്തി 21-04-2022-ലെ REV-B1/414/2021-REV കത്ത് പ്രകാരം ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നല്കിയിട്ടുള്ളതാണ്.

## കൊച്ചി മെട്രോ കടന്നുപോകുന്ന പ്രദേശങ്ങളിലെ കെട്ടിടങ്ങൾക്ക് ആഡംബര നികുതി ഇരട്ടിപ്പിക്കുന്നത്

289 (5005) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ കടന്നുപോകുന്നതിന് സമീപ സ്ഥലങ്ങളിലെ വീടുകൾക്ക് ആഡംബര നികുതി ഇരട്ടിയായി വർദ്ധിപ്പിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി വീടുകളുടെ കണക്കെടുക്കുന്നതിന് വില്ലേജ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; പ്രസ്തുത നിർദ്ദേശം നൽകിയ കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി) കൊച്ചി മെട്രോ കടന്നുപോകുന്ന സ്ഥലങ്ങളിലെ വീടുകൾക്ക് ആഡംബര നികുതി ഇരട്ടിയായി വർദ്ധിപ്പിക്കുന്നതിന് 1975-ലെ കേരള കെട്ടിട നികുതി നിയമത്തിൽ ഉചിതമായ ഭേദഗതി വരുത്തേണ്ടതുണ്ട്. അത്തരത്തിൽ ഒരു ഭേദഗതി നാളിതുവരെ വരുത്തിയിട്ടില്ല.

2019-ൽ അന്നത്തെ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് സർക്കാരിലേയ്ക്ക് ചില value capture financing proposals സമർപ്പിച്ചിരുന്നു. പ്രസ്തുത പ്രൊപ്പോസലിൽ ഈ വിഷയവും ഉൾപ്പെട്ടിരുന്നു. എന്നാൽ തുടർതീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല.

## തഹസിൽദാർ/സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്കുള്ള ഡി.പി.സി. നടപടികൾ

290 (5006) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാന്റ് റവന്യൂ വകുപ്പിലെ റാങ്ക് ലിസ്റ്റിലെ മുൻഗണനാക്രമം നിശ്ചയിച്ച് ഡി.പി.സി. ലിസ്റ്റ് പരസ്യപ്പെടുത്തുന്ന അധികാരി ആരാണെന്ന് പറയാമോ; ഈ ലിസ്റ്റ് പുനർനിർണ്ണയിക്കുന്നതിനും അഡ്ഹോക്ക് ഡി.പി.സി. കൂടുന്നതിനും തീരുമാനം എടുക്കേണ്ടത് ആരാണ്; വ്യക്തമാക്കാമോ?

ലാൻഡ് റവന്യൂ വകുപ്പിൽ ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ട് തസ്തികയിൽനിന്നും തഹസിൽദാർ/സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നടത്തുന്നതിന് യോഗ്യരായ ജീവനക്കാരെ തീരുമാനിക്കുന്നതിനുള്ള ഡി.പി.സി. (ലോവർ) യോഗത്തിന്റെ ചെയർമാൻ ബഹു. പി.എസ്.സി. മെമ്പറും കൺവീനർ ലാൻഡ് റവന്യൂ കമ്മിഷണറും മെമ്പർ സർക്കാർ പ്രതിനിധിയുമാണ്. പ്രസ്തുത യോഗതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ സെലക്ട് ലിസ്റ്റ് അസാധാരണ വിജ്ഞാപനമായി

പരസ്യപ്പെടുത്തുകയാണ് ചെയ്യുന്നത്. ലിസ്റ്റ് പ്രസിദ്ധീകരിച്ചശേഷം യോഗ്യരായ ജീവനക്കാർ അപേക്ഷ സമർപ്പിക്കുമ്പോഴും വിവിധ കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിലും സെലക്ട് ലിസ്റ്റിൽ ജീവനക്കാരെ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണർ ഡി.പി.സി. ചേരുന്നതിനാവശ്യമായ രേഖകൾ ബഹു. ചെയർമാന് സമർപ്പിക്കുകയും ബഹു. ചെയർമാൻ തീയതിയും സമയവും നിശ്ചയിച്ച് നൽകുന്നത് പ്രകാരം അഡ്ഹോക്ക് ഡി.പി.സി. (ലോവർ) യോഗം ചേരുകയുമാണ് ചെയ്യുന്നത്.

(ബി) നിലവിലുള്ള തഹസിൽദാർ/സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്കുള്ള സീനിയോരിറ്റി ലിസ്റ്റിൽ വിട്ടുപോയവരെ ഉൾപ്പെടുത്തുവാൻ അഡ്ഹോക്ക് ഡി.പി.സി. കൂടാൻ തീരുമാനിച്ചിരുന്നോ; എങ്കിൽ എന്നത്തേയ്ക്കാണ് അത് തീരുമാനിച്ചിരുന്നത്; പ്രസ്തുത തീയതിയിൽ അഡ്ഹോക്ക് ഡി.പി.സി. കൂടിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് കൂടാതെ പോയത്; വ്യക്തമാക്കാമോ?

20-02-2022-ൽ കേരള പി.എസ്.സി. പ്രസിദ്ധീകരിച്ച കേരള ക്രിമിനൽ ജുഡീഷ്യൽ ടെസ്റ്റ് പരീക്ഷാഫലം പ്രകാരം പരീക്ഷ വിജയിച്ച ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാരെ

സെലക്ട് ലിസ്റ്റിലുൾപ്പെടുത്തുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനായി അഡ്ഹോക്ക് ഡി.പി.സി. (ലോവർ) യോഗം ചേരുന്നതിന് തീരുമാനിച്ചിരുന്നു. 13-06-2022-നാണ് ടി യോഗം ചേരുന്നതിന് തീരുമാനിച്ചിരുന്നത്. ടി തീയതിയിൽ അഡ്ഹോക്ക് ഡി.പി.സി. കൂടിയിട്ടില്ല. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഒ.എ. (ഇ.കെ.എം.) 836/2022 നമ്പർ കേസിൽ 10-06-2022-ൽ പുറപ്പെടുവിച്ച ഉത്തരവുപ്രകാരം ഡി.പി.സി. (ലോവർ) യോഗത്തിൽ നിലവിലെ സെലക്ട് ലിസ്റ്റിലെ സീനിയോരിറ്റി പുനർനിർണ്ണയിക്കുന്നതിന് സ്റ്റേ നൽകിയിരുന്നു. ആയതിനാൽ ഡി.പി.സി. ചേർന്നാലും 20-02-2022-ൽ കേരള പി.എസ്.സി. പ്രസിദ്ധീകരിച്ച കേരള ക്രിമിനൽ ജുഡീഷ്യൽ ടെസ്റ്റ് പരീക്ഷാഫലം പ്രകാരം പരീക്ഷ വിജയിച്ച ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാരുടെ സീനിയോറിറ്റി തീരുമാനിക്കുന്നതിന് കഴിയാത്ത സാഹചര്യമുണ്ടായതിനാലാണ് പ്രസ്തുത അഡ്ഹോക്ക് ഡി.പി.സി. (ലോവർ) യോഗം ചേരാഞ്ഞത്.

(സി) സീനിയോരിറ്റി ലിസ്റ്റിലെ നിശ്ചിത ക്രമനമ്പർ വരെയുള്ളവരുടെ സി.ആർ. 2022 ഏപ്രിൽ 20-ന് മുൻപ് സമർപ്പിക്കപ്പെട്ടെങ്കിലും ഡി.പി.സി. വൈകിയതിന്റെ കാരണം വ്യക്തമാക്കാമോ?

ജീവനക്കാരുടെ സി.ആർ. പരിശോധനയ്ക്ക് വിധേയമാക്കി ഡി.പി.സി. നോട്ട്സ്, ഫീൽഡ് ഓഫ് ചോയ്സ്, സി.ആർ.-ന്റെ അടിസ്ഥാനത്തിലുള്ള ഗ്രേഡിംഗ് എന്നിവ തയ്യാറാക്കുന്നതിനും ജീവനക്കാരുടെ അച്ചടക്കനടപടി വിവരങ്ങൾ പരിശോധിക്കുന്നതിനും സമയം ആവശ്യമായിരുന്നു. പുതുതായി യോഗ്യതാ ടെസ്റ്റ് വിജയിച്ച ജീവനക്കാരെ ഉൾപ്പെടുത്തി അപ്രൂവ്ഡ് പ്രൊബേഷണേഴ്സ് ലിസ്റ്റ് തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിലാണ് മേൽ പരാമർശിച്ച രേഖകൾ തയ്യാറാക്കിയിരുന്നത്. ടി രേഖകൾ തയ്യാറാക്കി സമർപ്പിച്ചതിൻപ്രകാരമാണ് 13-06-2022-ൽ ഡി.പി.സി. യോഗം ചേരുന്നതിന് തീരുമാനിച്ചിരുന്നത്.

(ഡി) ക്രമമായ ഇടവേളകളിൽ യോഗ്യതാ നിർണ്ണയ പരീക്ഷ നടത്താതിരുന്നതിനാൽ കൃത്യസമയത്ത് യോഗ്യത നേടാനാകാതിരുന്ന സീനിയേഴ്സിനെ ഒഴിവാക്കാനായി നിലവിൽ ഒഴിവില്ലാത്ത അവസരത്തിൽ നേരത്തെ യോഗ്യതാപരീക്ഷ പാസ്സായിട്ടുള്ള ഒഴിവിനനുസൃതമായതിലും അധികം എണ്ണം ജൂനിയേഴ്സിനെ ഉൾപ്പെടുത്തി ഡി.പി.സി. ലിസ്റ്റ്

തയ്യാറാക്കിയതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അപ്രകാരം ലിസ്റ്റ് തയ്യാറാക്കിയത് എന്തുകൊണ്ടാണെന്ന് നൽകുമോ:

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2022-ലെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനായി ഡി.പി.സി. (ലോവർ) യോഗം ചേരുന്നതിനായി ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ക്ഷണിച്ചുകൊണ്ട് ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിൽനിന്ന് 23-10-2021-ൽ എല്ലാ ഓഫീസ് മേലധികാരികൾക്കും കത്ത് നൽകിയിരുന്നു. അപ്രകാരം ലഭിച്ച കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ പരിഗണിച്ച് അപ്രൂവ്ഡ് പ്രൊബേഷണേഴ്സ് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഡി.പി.സി. നോട്ട്സ്, ഫീൽഡ് ഓഫ് ചോയ്സ്, ഗ്രേഡിംഗ് എന്നിവ തയ്യാറാക്കി ബഹു. ഡി.പി.സി. ചെയർമാന് സമർപ്പിക്കുകയും ആയതുപ്രകാരം 31-01-2022-ൽ പ്രസ്തുത യോഗം ചേർന്ന് സെലക്ട് ലിസ്റ്റ് അംഗീകരിക്കുകയുമാണ് ചെയ്തത്. പ്രസ്തുത സെലക്ട് ലിസ്റ്റ് 14-02-2022-ലെ 498 നമ്പർ കേരള ഗസറ്റ് (അസാധരണം) വിജ്ഞാപനം പ്രകാരം പ്രസിദ്ധീകരിക്കുകയും ചെയ്തു. 2022 ജനുവരി മുതൽ ഡിസംബർവരെ നിലവിൽവരുന്ന തഹസിൽദാർ/സീനിയർ സൂപ്രണ്ട് തസ്തികയിലെ ഒഴിവുകൾ പരിഗണിച്ചാണ് 90 ജീവനക്കാരെ ഉൾപ്പെടുത്തിയ സെലക്ട് ലിസ്റ്റ്

തയ്യാറാക്കിയത്. പ്രസ്തുത സെലക്ട് ലിസ്റ്റിൽ ക്രമ നം. 81 വരെയുള്ള ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകിക്കഴിഞ്ഞു. ഓരോ വർഷത്തെയും വാർഷിക ഡി.പി.സി. ചേരുന്നത് അതാത് വർഷം ഡിസംബർവരെ നിലവിൽ വരാൻ സാദ്ധ്യതയുള്ള ഒഴിവുകൾ കണക്കാക്കിയാണ്. 2022-ലെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനായി ഡി.പി.സി. 31-01-2022-ൽ ചേർന്നതും 2022 ജനുവരി മുതൽ ഡിസംബർ വരെയുണ്ടാകുന്ന ഒഴിവുകൾ മുൻകൂട്ടി കണക്കാക്കിയാണ്.

(ഇ) രണ്ട് വർഷത്തെ ഇടവേളക്കുശേഷം നടത്തിയ ക്രിമിനൽ ജുഡീഷ്യൽ പരീക്ഷയുടെ ഫലം പ്രഖ്യാപിക്കുന്നതിന് ഏതാനും ദിവസങ്ങൾക്ക് മുൻപ് മാത്രം ലോവർ ഡി.പി.സി. ലിസ്റ്റ് പരസ്യപ്പെടുത്തിയതിന്റെ കാരണം വ്യക്തമാക്കാമോ?

2022-ലെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനായി ഡി.പി.സി. (ലോവർ) യോഗം ചേരുന്നതിന് കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ക്ഷണിച്ചുകൊണ്ട് ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിൽനിന്ന് 23-10-2021-ൽ എല്ലാ ഓഫീസ് മേലധികാരികൾക്കും കത്ത് നൽകുകയും ആയതിന്റെ തുടർച്ചയായി 31-01-2022-ൽ പ്രസ്തുത യോഗം ചേർന്ന് സെലക്ട് ലിസ്റ്റ് അംഗീകരിക്കുകയുമാണ് ചെയ്തത്. പ്രസ്തുത യോഗത്തിന്റെ

മിനിട്ട്സ് എല്ലാ അംഗങ്ങളും അംഗീകരിച്ച് ഗസറ്റ് വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ചെയ്തു. ക്രിമിനൽ ജൂഡീഷ്യൽ ടെസ്റ്റ് പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നത് പി.എസ്.സി. ആണ്. പ്രസ്തുത പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതും സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചതും തമ്മിൽ പരസ്പര ബന്ധമില്ല.

(എഫ്) പ്രസ്തുത പരീക്ഷാഫലം വരുന്നതിന് ഏതാനും ദിവസംമുമ്പ് കൂടുതൽ ജൂനിയേഴ്സിനെ ഉൾപ്പെടുത്തി ഡി.പി.സി. ലിസ്റ്റ് തയ്യാറാക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ?

31-01-2022-ൽ ഡി.പി.സി. യോഗം ചേരുമ്പോൾ യോഗ്യത നേടിയ ജീവനക്കാരെ ഉൾപ്പെടുത്തി, Kerala State and Subordinate Services Rules, 1958-ന്റെ ബന്ധപ്പെട്ട നിയമങ്ങൾക്കനുസൃതമായി സെലക്ട് ലിസ്റ്റ് തയ്യാറാക്കി പരസ്യപ്പെടുത്തിയിട്ടുള്ളതാണ്. ആയതിന് 20-02-2022-ൽ പി.എസ്.സി. ക്രിമിനൽ ജൂഡീഷ്യൽ ടെസ്റ്റ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചതുമായി ബന്ധമില്ല.

(ജി) റവന്യൂ വകുപ്പിലെ തഹസിൽദാർ പ്രൊമോഷനിൽ യോഗ്യത നേടിയ സീനിയർമാരായ റവന്യൂ ഉദ്യോഗസ്ഥരെ ഒഴിവാക്കി ജൂനിയർ ഉദ്യോഗസ്ഥർക്ക് പ്രൊമോഷൻ നൽകുന്നതിന് ഏതെങ്കിലും തരത്തിലുള്ള

ഇടപെടലുകൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പുതുപ്പാടി വില്ലേജിലെ കൈവശ കൃഷിക്കാർക്ക് രേഖകൾ നൽകുന്നതിന് നടപടി**

291 (5007) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി താലൂക്കിൽ പുതുപ്പാടി വില്ലേജിൽ കക്കാട് പ്രദേശത്ത് 100/1, 1/1 എന്നീ സർവ്വേ നമ്പരുകളിൽപ്പെട്ട നൂറോളം കൈവശ ഭൂമിയിലെ കൃഷിക്കാർക്ക് ഭൂരേഖകളില്ലാത്തതിനാൽ പ്രയാസം നേരിടുന്നതായ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

താമരശ്ശേരി താലൂക്കിൽ പുതുപ്പാടി വില്ലേജിൽ പുതുപ്പാടി ദേശത്ത് 100/1 സർവ്വേ നമ്പറുകളിൽപ്പെട്ട കൈവശക്കാർക്ക് കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിലവിൽ കൈവശരേഖകൾ അനുവദിക്കുന്നുണ്ട്. താമരശ്ശേരി താലൂക്കിൽ പുതുപ്പാടി വില്ലേജിൽ പുതുപ്പാടി ദേശത്ത് 1/1-ൽ

ഉൾപ്പെട്ടവരും നികുതി ഒടുക്കുന്നവരുമായ കൈവശക്കാരുടെ പട്ടയ അപേക്ഷകൾ ലാൻഡ് ട്രിബ്യൂണലിന്റെ പരിഗണനയിലാണ്.

(ബി) പ്രസ്തുത പ്രദേശത്ത് സർവ്വേ നടത്തുന്നതിനും കൈവശക്കാർക്ക് ഭൂസംബന്ധമായ രേഖകൾ നൽകുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

ഇതുസംബന്ധിച്ച് അപേക്ഷകളൊന്നുംതന്നെ ജില്ലാ കളക്ടറുടെ കാര്യാലയത്തിൽനിന്നും സർക്കാരിൽ ലഭ്യമായിട്ടില്ല.

**റവന്യൂ വകുപ്പിലെ ഓൺലൈൻ സ്ഥലംമാറ്റം**

292 (5008) ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിലെ ഓൺലൈൻ ട്രാൻസ്ഫർ സോഫ്റ്റ്‌വെയറിന്റെ അപാകതകൾ പരിഹരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പരിഹരിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചത്?

റവന്യൂ വകുപ്പിലെ ഓൺലൈൻ ട്രാൻസ്ഫർ സോഫ്റ്റ്‌വെയറിൽ നിലവിൽ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ടി സോഫ്റ്റ്‌വെയർ മുഖാന്തരം സ്ഥലംമാറ്റം, സ്ഥാനക്കയറ്റം എന്നിവ നടത്തിവരുന്നു.

(ബി) വിരമിക്കുന്നതിന് ഒരു വർഷം മാത്രമുള്ള എത്ര ജീവനക്കാരാണ് മാതൃ ജില്ലയിലേയ്ക്ക് സ്ഥലം മാറ്റത്തിനായി ഓപ്ഷൻ/അപേക്ഷ നൽകിയിട്ടുള്ളത്; തസ്തിക തിരിച്ച് വ്യക്തമാക്കാമോ?

തഹസിൽദാർ/സീനിയർ സൂപ്രണ്ട് തസ്തികയിൽ 3 ജീവനക്കാരും ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ട് തസ്തികയിൽ 5 ജീവനക്കാരും വില്ലേജ് ഓഫീസർ/ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ 5 പേരും സീനിയർ ക്ലാർക്ക് തസ്തികയിൽ 9 പേരും ഓപ്ഷൻ/അപേക്ഷ നൽകിയിട്ടുണ്ട്.

(സി) വനിതാ ജീവനക്കാർക്ക് പ്രൊമോഷൻ വരുമ്പോൾ അവരെ മാതൃജില്ലയിൽത്തന്നെ നിലനിർത്തുമെന്ന നയം നടപ്പിലാക്കി തുടങ്ങിയോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് വിശദമാക്കാമോ?

പൊതുസ്ഥലംമാറ്റം, സ്ഥാനക്കയറ്റം എന്നിവ സംബന്ധിച്ച ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 25-02-2017-ലെ സ.ഉ.(പി)നം.3/2017/ഉ.ഭ.പ.വ. ഉത്തരവ്, 05-04-2018-ലെ സ.ഉ.(കൈ) നം.10/2018/ഉ.ഭ.പ.വ. ഉത്തരവ്, റവന്യൂ വകുപ്പിന്റെ 26-08-2020-ലെ സ.ഉ.(സാധാ) നം.2723/2020/റവ. ഉത്തരവ് എന്നിവയിലെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് റവന്യൂ വകുപ്പിൽ

പൊതുസ്ഥലംമാറ്റവും സ്ഥാനക്കയറ്റവും നടത്തുന്നത്. ടി സർക്കാർ ഉത്തരവുകളിൽ വനിതാ ജീവനക്കാർക്ക് പ്രൊമോഷൻ വരുമ്പോൾ മാതൃജില്ലയിൽ നിലനിർത്തുന്നത് വ്യവസ്ഥ ചെയ്തിട്ടില്ല.

**ഓൺലൈൻ വസ്തു നികുതി സ്വീകരിക്കുന്നതിലെ കാലതാമസം**

293 (5009) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾ വസ്തു നികുതി ഓൺലൈനായി ഒടുക്കുന്നതിൽ കാലതാമസം നേരിടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

സെർവർ സ്പീഡിന്റെ അപര്യാപ്തതമൂലം പൊതുജനങ്ങൾ ഭൂനികുതി ഓൺലൈനായി ഒടുക്കുന്നതിൽ കാലതാമസം നേരിടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പി.എം. കിസാൻ പദ്ധതിയുമായി ബന്ധപ്പെട്ട് കർഷകർ പി.എം. കിസാൻ പോർട്ടലിലൂടെ ReLIS-മായി ബന്ധപ്പെടുന്നത് വഴി CPU Usage വളരെ കൂടുതലായതിനാൽ ആയത് ReLIS-ന്റെ പൊതുവായ പ്രവർത്തനങ്ങളെ ബാധിക്കുന്നതുകൊണ്ട് CPU പരിധി ഉയർത്തണമെന്ന് എൻ.ഐ.സി. 23-05-2022-ന് അറിയിച്ചിരുന്നു. നടപടികൾ ഡാറ്റാ സെന്ററുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയത്തിൽ സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ആപ്ലിക്കേഷൻ സെർവറിന്റെയും ഡി.ബി. സെർവറിന്റെയും CPU പരിധി ഉയർത്തിയിട്ടുണ്ട്. കൂടാതെ 03-06-2022-ന് NIC, KSITM എന്നിവരുമായി യോഗം കൂടിയിട്ടുള്ളതും ശാശ്വത പരിഹാരത്തിനായി സ്റ്റേറ്റ് ഡാറ്റാ സെന്ററിലെ പഴയ സെർവറിൽനിന്നും പുതിയ സെർവറിലേയ്ക്ക് migrate ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു. Migration നടപടികൾ പൂർത്തിയായിട്ടുണ്ട്. തുടർന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ള പ്രശ്നങ്ങൾ പരിഹരിച്ചുവരുന്നു.

(സി) ഇപ്രകാരം സംസ്ഥാനത്താകെ എത്ര അപേക്ഷകൾ തീർപ്പാക്കുന്നതിന് ബാക്കിയുണ്ട്; അപേക്ഷകളുടെ വിവരം അറിയിക്കാമോ?

സംസ്ഥാനത്താകെ ഈ സാമ്പത്തിക വർഷം ഓൺലൈനായി മാത്രം നികുതി അടയ്ക്കുവാൻ 41,55,462 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൽ 40,42,766 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. ശരാശരി മുപ്പത്തയ്യായിരത്തോളം അപേക്ഷകൾ ദിവസേന ലഭിക്കുന്നുണ്ട്. ആയതിനാൽ തീർപ്പാക്കുവാൻ അവശേഷിക്കുന്ന അപേക്ഷകളുടെ എണ്ണം വ്യത്യാസപ്പെട്ടുകൊണ്ടിരിക്കും.

(ഡി) ഇത്തരത്തിൽ പട്ടാമ്പി മണ്ഡലത്തിൽ എത്ര അപേക്ഷകളാണ് ലഭിച്ചത്; തീർപ്പാക്കിയ അപേക്ഷകൾ എത്ര; തീർപ്പാക്കുന്നതിന് ബാക്കിയുള്ളവ എത്ര; വ്യക്തമാക്കുമോ?

പട്ടാമ്പി താലൂക്കിൽ ഈ സാമ്പത്തിക വർഷം ഓൺലൈനായി മാത്രം നികുതി അടയ്ക്കുവാൻ 12-07-2022 വരെ 25,512 അപേക്ഷകൾ ലഭിച്ചതിൽ 24,222 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. 1290 അപേക്ഷകൾ തീർപ്പാക്കുന്നതിന് ബാക്കിയുണ്ട്.

## മാണിയാട്ട് പുതിയ വില്ലേജ് ഓഫീസ്

294 (5010) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിൽപ്പെട്ട മാണിയാട്ട് പുതിയ വില്ലേജ് ഓഫീസ് എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തിന്റെ പൊതുധനസ്ഥിതി മെച്ചപ്പെടുന്നമുറയ്ക്ക് മാത്രമേ ഗ്രൂപ്പുവില്ലേജുകൾ വിഭജിച്ച് പുതിയ വില്ലേജുകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിക്കുവാൻ സാധിക്കുകയുള്ളൂ.

## അശോക ടെക്സ്റ്റൈൽസിൽനിന്നും ഏറ്റെടുത്ത ഭൂമി കളിസ്ഥലമായി ഉപയോഗിക്കുന്നതിനുള്ള അനുമതി

295 (5011) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ താലൂക്കിൽ ചൂർണ്ണിക്കര വില്ലേജ് സർവ്വെ നം.533-ൽ പെട്ടതും അശോക ടെക്സ്റ്റൈൽസിൽനിന്നും ഏറ്റെടുത്തതുമായ 1.02 ഏക്കർ ഭൂമി പഞ്ചായത്ത് കളിസ്ഥലമായി ഉപയോഗിക്കുന്നതിനുള്ള N2/109/2017/REV. നമ്പർ ഫയലിൽ അന്തിമ അനുമതിയായിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ ഫയലിന്റെ സ്ഥിതി എന്തെന്ന് പറയാമോ;

(ബി) ഈ വിഷയത്തിൽ 20-04-2022-ന് നടന്ന യോഗത്തെത്തുടർന്ന് എന്തെല്ലാം നടപടികളാണ് റവന്യൂ വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഈ വിഷയത്തിൽ എത്രയുംവേഗം അനുമതി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ-സി) ആലുവ താലൂക്കിൽ ചൂർണ്ണിക്കര വില്ലേജ് സർവ്വെ നം.533-ൽ പെട്ടതും അശോക ടെക്സ്റ്റൈൽസിൽനിന്നും ഏറ്റെടുത്തതുമായ 1.02 ഏക്കർ ഭൂമി പഞ്ചായത്ത് കളിസ്ഥലമായി ഉപയോഗിക്കുന്നതിന്

വിട്ടുനൽകുന്നതിനുള്ള നടപടി N2/109/2017/REV. നമ്പർ ഫയലിൽ സ്വീകരിച്ചുവരികയാണ്. ഈ വിഷയത്തിൽ 20-04-2022-ന് നടന്ന യോഗത്തിന്റെ മിനിട്ട്സിന്റെ അടിസ്ഥാനത്തിലും കമ്മീഷണർ ലാൻഡ് റവന്യൂ, ലാൻഡ് ബോർഡ് സെക്രട്ടറി, എറണാകുളം ജില്ലാ കളക്ടർ, എന്നിവരുടെ റിപ്പോർട്ടുകൾ പരിശോധിച്ചും നിയമ, ധനകാര്യ വകുപ്പുകളുമായി കൂടിയാലോചിച്ചതിനുശേഷം അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്.

## പ്രളയ നഷ്ടപരിഹാരം

296 (5012) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി നിയോജക മണ്ഡലത്തിലെ പട്ടാമ്പി താലൂക്കിൽ ഓങ്ങല്ലൂർ വില്ലേജിൽ പടിഞ്ഞാക്കര, വാടാനാംകുറിച്ചി സ്വദേശിനി പുഷ്പ പ്രളയ ദുരിതാശ്വാസ ധനസഹായം ലഭിച്ചില്ലെന്ന കാരണത്താൽ അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടിയുടെ വിശദാംശം അറിയിക്കാമോ;

(ബി) പ്രസ്തുത വ്യക്തി അപേക്ഷ നൽകിയ തീയതിയും പ്രസ്തുത അപേക്ഷയിന്മേൽ നടപടി സ്വീകരിച്ച തീയതിയും നടപടി സ്വീകരിക്കുന്നതിന് കാലതാമസമുണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ കാരണവും അറിയിക്കാമോ;

(സി) നാളിതുവരെ ധനസഹായം നൽകാത്തതിന് കാരണവും നഷ്ടപരിഹാര തുക എത്രയാണെന്നും എന്നത്തേയ്ക്ക് നൽകാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ?

(എ-സി) ഉണ്ട്. ശ്രീമതി പുഷ്പ എന്നവരുടെ വീടിന് 2019-ലെ പ്രളയത്തിൽ നാശം സംഭവിച്ചതിനാൽ 2019 റീബിൽഡ് കേരള ലിസ്റ്റിൽ ഉൾപ്പെട്ട് ടിയാൾക്ക് 2,50,000/- രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. ടിയാളുടെ ബാങ്ക് അക്കൗണ്ട് സീറോ ബാലൻസ് അക്കൗണ്ട് ആയതിനാലും പ്രസ്തുത തുക അൻപതിനായിരത്തിന് മുകളിലായതിനാലും അക്കൗണ്ടിൽ വരവ് വയ്ക്കാതെ റിജെക്റ്റ് ആയിട്ടുണ്ട്. ടിയാൾ പിന്നീട് പുതിയ ബാങ്ക് അക്കൗണ്ട് ഹാജരാക്കിയത് പ്രകാരം ആയത് പട്ടാമ്പി താലൂക്കിൽനിന്നും update ചെയ്ത് തിരികെ ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ളതാണ്. ഇതുവരെ ധനസഹായം ലഭ്യമായിട്ടില്ലെന്ന് അറിയിച്ചുകൊണ്ട് ശ്രീമതി പുഷ്പ 03-01-2022-ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷയിൽ

തുടർനടപടി സ്വീകരിക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണർ 19-05-2022-ലെ 5404/2022/H2 നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ വിവിധ കാരണങ്ങളാൽ അക്കൗണ്ട് കറക്ഷനുള്ളവരുടെ പട്ടിക ധനകാര്യ വകുപ്പിൽനിന്ന് ലഭ്യമായത് അക്കൗണ്ട് കറക്ഷൻ വരുത്തി തിരികെ ലഭ്യമാക്കുവാൻ 20-05-2022-ലെ ഡി.എം.എ 4/148/2022-ഡി.എം.ഡി. കത്തുപ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത പട്ടികയിൽ ശ്രീമതി പുഷ്പയുടെ പേര് ഉൾപ്പെട്ടിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ടിയാളുടെ അക്കൗണ്ട് കറക്ഷൻ നടത്തി തിരികെ ലഭ്യമാക്കുന്ന മുറയ്ക്ക് ധനകാര്യ വകുപ്പിൽനിന്ന് ശ്രീമതി പുഷ്പയുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ധനസഹായം ലഭ്യമാക്കുന്നതാണ്.

## പുറമ്പോക്ക് തരിശ് ഭൂമി സംരക്ഷിക്കുന്നതിന് നടപടി

297 (5013) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് താലൂക്കിലെ പുളിമാത്ത് വില്ലേജിൽ ബ്ലോക്ക് 35-ലെ 261/2-ൽ റീസർവ്വേ പ്രകാരം ആകെ എത്ര സെന്റ് ഭൂമിയാണ് കണക്കുപ്രകാരമുള്ളത്; അതിൽ 03.20 ആർ. ഭൂമി സർക്കാർ തരിശ്

ഭൂമിയാണെന്ന് പുളിമാത്ത് വില്ലേജ് ഓഫീസർ 08-06-2021-ൽ വിവരാവകാശ നിയമപ്രകാരമുള്ള ചോദ്യത്തിന് മറുപടി നൽകിയിരുന്നോ; വ്യക്തമാക്കാമോ?

ചിറയിൻകീഴ് താലൂക്കിൽ പുളിമാത്ത് വില്ലേജിൽ ബ്ലോക്ക് 35-ൽ റീസർവ്വെ 261/2-ൽ 03.20 ആർ. ഭൂമി ബി.ടി.ആർ. പ്രകാരം കാണുന്നു. റീസർവ്വെ 261/2-ലെ 3.20 ആർ. ഭൂമി സർക്കാർ തരിശ് വിഭാഗത്തിൽപ്പെട്ടതാണെന്ന് വിവരാവകാശ നിയമപ്രകാരമുള്ള ചോദ്യത്തിന് പുളിമാത്ത് വില്ലേജ് ഓഫീസർ മറുപടി നൽകിയിട്ടുള്ളതാണ്.

(ബി) എങ്കിൽ സ്ഥലവാസികളായ കുടുംബങ്ങൾക്ക് പ്രസ്തുത തരിശ് ഭൂമിയിലൂടെയുള്ള നിലവിലെ യാത്രാസൗകര്യം നിഷേധിക്കാതെ അതിർത്തി കെട്ടിത്തിരിച്ച് സംരക്ഷിക്കണമെന്ന് കാണിച്ച് 2012-ൽ അന്നത്തെ ബന്ധപ്പെട്ട റവന്യൂ അധികാരികൾക്ക് നൽകിയ ഹർജിയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമായിരുന്നുയെന്ന് തീയതി സഹിതം അറിയിക്കുമോ; നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ കാരണം എന്തെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത ഭൂമി സംബന്ധിച്ച് 2012-ൽ അന്നത്തെ റവന്യൂ അധികാരികൾക്ക് നൽകിയ ഹർജിയിന്മേൽ സ്വീകരിച്ച നടപടികൾ

ലഭ്യമാക്കണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. എന്നാൽ ടി ഹർജി ഏത് ഓഫീസിൽ നൽകിയെന്നുള്ളതോ ഫയൽ നമ്പരോ വ്യക്തമല്ലാത്തതിനാൽ ടി വിഷയം പരിശോധിച്ച് കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല.

(സി) വകുപ്പുമന്ത്രിക്ക് 17-02-2022-ന് നൽകിയ പരാതിയിൻമേൽ (ആർ. 101036) സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കാമോ?

ബഹു. റവന്യൂ വകുപ്പുമന്ത്രിക്ക് 17-02-2022-ൽ സമർപ്പിച്ച പരാതിയിൽ ചിറയിൻകീഴ് ഭൂരേഖ തഹസിൽദാർ മുഖേന അന്വേഷണം നടത്തിയിട്ടുള്ളതും കയ്യേറ്റ കക്ഷികൾക്കെതിരെ കേരള ഭൂസംരക്ഷണ നിയമപ്രകാരം നടപടികൾ സ്വീകരിച്ചുവരികയുമാണ്. പുളിമാത്ത് വില്ലേജ് റീസർവ്വെ 261/2-ൽ 00.24 ആർ, 261/3-ൽ 02.90 ആർ. സർക്കാർ തരിശ് അനധികൃതമായി കയ്യേറിയതിന് ശ്രീ. അനിത് കുമാറിന്റെ പേരിൽ KLC 29/20 നമ്പറായി കേസ് ബുക്ക് ചെയ്ത് ഹിയറിംഗ് നടത്തിയിട്ടുള്ളതും ടി കയ്യേറ്റം ഒഴിപ്പിക്കുന്നതിന് XXII/28/22 നമ്പർ ഉത്തരവും C Form നോട്ടീസും നൽകിയിട്ടുള്ളതുമാണ്. KLC Amendment Act-2009 പ്രകാരമുള്ള പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുന്നതിന് കിളിമാനൂർ സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) സ്ഥലവാസികൾ ഇതുസംബന്ധിച്ച് 19-03-22-ൽ മിത്രം പോർട്ടലിൽ നൽകിയ പരാതിയിന്മേൽ 261/2, 261/3 എന്നീ സർവ്വേ നമ്പരുകളിലെ പുറമ്പോക്ക് തരിശ് ഭൂമി സംരക്ഷിക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ ഭൂരേഖ തഹസിൽദാർ (ചിറയിൻകീഴ്) സ്വീകരിച്ചുവരുന്നതായി മറുപടി ലഭ്യമാക്കിയിരുന്നോ; എങ്കിൽ അതുപ്രകാരം ബന്ധപ്പെട്ട റവന്യൂ അധികാരികൾ ഇതിനോടകം സ്വീകരിച്ച നടപടികൾ തീയതി സഹിതം അറിയിക്കുമോ?

ഈ വിഷയം സംബന്ധിച്ച് 16-02-2022-ൽ മിത്രം പോർട്ടലിൽ സമർപ്പിച്ച പരാതിയിൽ (R 101036) ചിറയിൻകീഴ് തഹസിൽദാർ (ഭൂരേഖ) ബന്ധപ്പെട്ട കക്ഷിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പുളിമാത്ത് വില്ലേജ് റീസർവ്വെ 261/2-ൽ 00.24 ആർ, 261/3-ൽ 02.90 ആർ. സർക്കാർ തരിശ് അനധികൃതമായി കയ്യേറിയതിന് ശ്രീ. അനിത് കുമാറിന്റെ പേരിൽ KLC 29/20 നമ്പറായി കേസ് ബുക്ക് ചെയ്ത് ഹിയറിംഗ് നടത്തിയിട്ടുള്ളതും ടി കയ്യേറ്റം ഒഴിപ്പിക്കുന്നതിന് XXII/28/22 നമ്പർ ഉത്തരവും C Form നോട്ടീസും നൽകിയിട്ടുള്ളതുമാണ്. KLC Amendment Act-2009 പ്രകാരമുള്ള പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുന്നതിന് കിളിമാനൂർ സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) കയ്യേറ്റശ്രമം നടത്തുന്നവർ പ്രബലരും സാമ്പത്തിക സ്വാധീനമുള്ളവരുമായതിനാലും ഉദ്യോഗസ്ഥർ ബോധപൂർവം പിഴവ് വരുത്തുന്നുയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) പ്രസ്തുത സ്ഥലം ഏതെങ്കിലും സ്വകാര്യ വ്യക്തിക്കോ സ്ഥാപനത്തിനോ സംഘടനകൾക്കോ മറ്റാർക്കെങ്കിലുമോ പതിച്ചുനല്കാൻ നിലവിൽ തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

ഇല്ല.

(ജി) ടി സ്ഥലത്ത് സർക്കാർ ഏത് തരത്തിലുള്ള ക്രയവിക്രയത്തിന് തയ്യാറായാലും പ്രദേശവാസികളായവർ അനുഭവിച്ചുവരുന്ന യാത്രാസൗകര്യം ഒരു തരത്തിലും തടസ്സപ്പെടാതിരിക്കാൻ ശ്രദ്ധചെലുത്തുമോ; വിശദമാക്കാമോ?

പ്രദേശവാസികളുടെ യാത്രാസൗകര്യം തടസ്സപ്പെടാതിരിക്കാൻ നിയമപരമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

## ഹാരിസൺസ് മലയാളം ലിമിറ്റഡ് അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി

298 (5014) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജമാണിക്യം കമ്മിറ്റി റിപ്പോർട്ട് പ്രകാരം ഹാരിസൺസ് മലയാളം ലിമിറ്റഡ് അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി എത്രയാണെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകാമോ?

സംസ്ഥാനത്ത് സ്വാതന്ത്ര്യത്തിനുമുൻപ് വിദേശ കമ്പനികളും പൗരന്മാരും കൈവശം വച്ചിരുന്ന ഭൂമി നിലവിലെ കൈവശക്കാർക്ക് സ്വാതന്ത്ര്യാനന്തരം സംസ്ഥാന സർക്കാരോ കേന്ദ്ര സർക്കാരോ നിയമ പ്രകാരം കൈമാറിയിട്ടില്ലെങ്കിൽ അത്തരം ഭൂമി സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നതിന് 1957-ലെ കേരള ഭൂസംരക്ഷണ നിയമത്തിലെ സെക്ഷൻ 15 പ്രകാരം ശ്രീ. എം. ജി. രാജമാണിക്യം, ഐ.എ.എസ്.-നെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചുകൊണ്ട് 25-4-2013-ലെ ജി.ഒ. (എം.എസ്) 161/2013/ആർ.ഡി. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സ്പെഷ്യൽ ഓഫീസറുടെ റിപ്പോർട്ടിൽ സ്വാതന്ത്ര്യത്തിനുമുൻപ് സംസ്ഥാനത്ത് വിദേശ കമ്പനികളും പൗരന്മാരും കൈവശം വച്ചിരുന്ന ഭൂമിയുടെ വിസ്തീർണ്ണം രേഖപ്പെടുത്തിയിരുന്നില്ല. കേരള ഭൂപരിഷ്കരണ നിയമപ്രകാരമുള്ള സീലിംഗ്

കേസുമായി ബന്ധപ്പെട്ട് വൈത്തിരി താലൂക്ക് ലാൻഡ് ബോർഡിൽ സമർപ്പിച്ച രേഖകൾപ്രകാരം ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനിയുടെ കൈവശമുള്ളത് 59623 ഏക്കർ ഭൂമിയാകുന്നു. എന്നാൽ ടി കമ്പനി സ്പെഷ്യൽ ഓഫീസറുടെ കാര്യാലയത്തിൽ ലഭ്യമാക്കിയിട്ടുള്ള ആധാരങ്ങളിലും കരാർ ഉടമ്പടികളിലും 74500.31 ഏക്കർ ഭൂമി ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നു.

(ബി) ഇതുവരെ എച്ച്.എം.എൽ.-ൽനിന്നും ഒഴിപ്പിച്ച ഭൂമിയുടെ അളവ് എത്രയെന്ന് വിശദമാക്കുമോ?

ഹാരിസൺസ് മലയാളം ലിമിറ്റഡും അവരിൽനിന്നും ഭൂമിനേടിയ മറ്റ് കമ്പനികളും കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലായി കൈവശംവച്ചിരിക്കുന്ന 38170.92 ഏക്കർ തോട്ടം ഭൂമി സർക്കാർ ഭൂമിയാണെന്ന് പ്രഖ്യാപിച്ച് 1957-ലെ കേരള ഭൂ സംരക്ഷണ നിയമപ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് സ്പെഷ്യൽ ഓഫീസർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. സ്പെഷ്യൽ ഓഫീസർ ഭൂമി ഏറ്റെടുത്ത നടപടി ചോദ്യം ചെയ്തുകൊണ്ട് ഹാരിസൺസ് മലയാളം ലിമിറ്റഡും മറ്റ് കമ്പനികളും ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)33122/2014 & Ors കേസുകളിൽ 11-04-2018-ൽ, ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച

വിധിന്യായത്തിൽ കെ.എൽ.സി. ആക്ടപ്രകാരം നിയോഗിച്ച സ്പെഷ്യൽ ഓഫീസർക്ക് ഭൂമിയുടെ ഉടമസ്ഥത നിർണ്ണയിച്ച് ഏറ്റെടുക്കുന്നതിന് 'ജ്യൂറിസ്ഡിക്ഷൻ ' ഇല്ലെന്ന് നിരീക്ഷിച്ചുകൊണ്ട് സ്പെഷ്യൽ ഓഫീസർ ഭൂമി ഏറ്റെടുക്കുന്നതിനായി പുറപ്പെടുവിച്ച ഉത്തരവുകൾ റദ്ദുചെയ്യുകയുണ്ടായി. തർക്കഭൂമിയുടെ ഉടമസ്ഥത നിർണ്ണയിക്കുന്നതിന് സർക്കാരിന് സിവിൽ കോടതിയെ സമീപിക്കാവുന്നതാണെന്നും വിധിച്ചിരുന്നു. ടി വിധിക്കെതിരെ സർക്കാർ ബഹു. സുപ്രീംകോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷനുകൾ ഫയൽ ചെയ്തിരുന്നുവെങ്കിലും 17-09-2018-ൽ വിശദമായ വാദം കേൾക്കാതെത്തന്നെ അപ്പീലുകൾ തള്ളുകയുണ്ടായി. തുടർന്ന്, ഹാരിസൺസ് മലയാളം ലിമിറ്റഡോ അവരിൽനിന്നോ അവരുടെ മുൻഗാമികളിൽനിന്നോ ഭൂമി നേടിയവരോ കൈവശംവച്ചിരിക്കുന്നതോ സമാനമായ നിലയിൽ മറ്റ് വിദേശ കമ്പനികളോ വ്യക്തികളോ കൈവശംവച്ചിരുന്നതും സ്വാതന്ത്ര്യാനന്തരം നിലവിലെ കൈവശക്കാർക്ക് കേരള സർക്കാരോ കേന്ദ്ര സർക്കാരോ നിയമപ്രകാരം കൈമാറിയിട്ടില്ലാത്തതോ ആയ മുഴുവൻ ഭൂമിയിലും സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുവാൻ പ്രസ്തുത ഭൂമി സ്ഥിതിചെയ്യുന്ന സ്ഥലങ്ങളുടെ അധികാര പരിധിയിൽവരുന്ന സിവിൽ കോടതികളിൽ

സർക്കാരിനുവേണ്ടി കേസുകൾ ഫയൽ ചെയ്യുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തികൊണ്ട് 06-06-2019-ൽ സ.ഉ (കൈ)172/2019/റവ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിൻപ്രകാരം കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ ഹാരിസൺസ് മലയാളം ലിമിറ്റഡും അവരിൽനിന്ന് ഭൂമിനേടിയവരും സമാനമായ മറ്റ് കമ്പനികളും കൈവശംവച്ചിരിക്കുന്ന 31334.72 ഏക്കർ തോട്ടം ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത (Title) സ്ഥാപിക്കുന്നതിനായി സിവിൽ കോടതികളിൽ 8 ടൈറ്റിൽ കേസുകൾ നിലവിൽ ഫയൽ ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+. മറ്റ് ജില്ലകളിലും സമാനമായ കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**പുഴ പുറമ്പോക്കിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം**

299 (5015) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ എറണാകുളം, ചേരാനല്ലൂർ വില്ലേജുകളിലായി ഷണ്മുഖപുരം, ജനകീയറോഡ് എന്നീ പുഴ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുറമ്പോക്കുകളിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പട്ടയം നൽകുന്നതിന് കാലതാമസമുണ്ടെങ്കിൽ കൈവശാവകാശരേഖ നൽകുന്നതിനുള്ള നടപടിയുണ്ടാകുമോ?

(എ&ബി) എറണാകുളം ജില്ല കണയന്നൂർ താലൂക്കിലെ എറണാകുളം, ചേരാനെല്ലൂർ വില്ലേജുകളിൽ ഉൾപ്പെട്ടുവരുന്ന ഷണ്മുഖപുരം കോളനിയിലെ നിവാസികൾ പതിവിന് അപേക്ഷിച്ചിട്ടുള്ള ഭൂമി പുഴ പുറമ്പോക്കിൽ ഉൾപ്പെട്ടുവരുന്നതാണ്. പുഴ പുറമ്പോക്ക് പതിച്ചുനൽകാൻ വ്യവസ്ഥയില്ലാത്തതിനാൽ 07-07-1997-ലെ സ.ഉ.(എം.എസ്).511/97/റവ. ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് പുഴ പുറമ്പോക്കിലെ കൈവശക്കാർക്ക് കൈവശരേഖ നൽകുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർ സ്വീകരിച്ചുവരുന്നു.

26-03-2018-ലെ സ.ഉ.(കൈ).124/2018/റവ. ഉത്തരവുപ്രകാരം വടുതല ജനകീയ കോളനിയിലെ (ജനകീയ റോഡ്) 179 കുടുംബങ്ങളിലെ അർഹരായവർക്ക് പട്ടയം നല്കുന്നതിന് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അർഹരായ 167 കുടുംബങ്ങൾക്ക് പട്ടയം അനുവദിച്ചിട്ടുണ്ട്. മറ്റ് അപേക്ഷകർ അന്യസംസ്ഥാനക്കാരും വളരെ കുറച്ച്

വർഷങ്ങൾമാത്രം ഭൂമി കൈവശംവച്ച് വരുന്നവരുമാണ്. ടി ആളുകളുടെ പതിവപേക്ഷയിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് താലൂക്കിലേയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽഉത്തരവിൽ പരാമർശിച്ചിട്ടുള്ളതുപോലെ അപേക്ഷകർ പതിവിനർഹരാണെങ്കിൽ പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. നിലവിലുള്ള നിയമപ്രകാരം പതിച്ചുനൽകുന്നതിന് കഴിയാത്ത വസ്തുക്കൾക്ക് അപേക്ഷ ലഭിക്കുന്നമുറയ്ക്ക് കൈവശരേഖ നൽകുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണ്. പതിച്ചു നൽകാവുന്ന വസ്തുക്കളുടെ പതിവ് നടപടികൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കാസർഗോഡ് ജില്ലയിലെ പട്ടയ ഭൂമി**

300 (5016) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-16 കാലയളവിലെ സർക്കാരിന്റെ കാലത്ത് വീട് വയ്ക്കുന്നതിനായി കാസർഗോഡ് ജില്ലയിൽ ഏതൊക്കെ വില്ലേജുകളിൽ എത്ര പേർക്കാണ് 5 സെന്റ് സ്ഥലംവീതം നൽകിയിരുന്നത്; വിശദാംശം അറിയിക്കാമോ?

അനുബന്ധമായി+ ഉള്ളടക്കം ചെയ്യുന്നു.

(ബി) വർഷങ്ങൾ കഴിഞ്ഞിട്ടും ഭൂരിഭാഗം പേരും പ്രസ്തുത ഭൂമിയിൽ വീടുവയ്ക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) എങ്കിൽ ഈ വിഷയം പരിശോധിച്ച് ഇതുവരെ വീടുവയ്ക്കാത്തവരുടെ പട്ടയം റദ്ദുചെയ്ത് വീണ്ടും റവന്യൂ ഭൂമിയാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം അറിയിക്കാമോ;

(ഡി) വീട് വയ്ക്കാനായി നൽകിയ ഭൂരിഭാഗം സ്ഥലങ്ങളും വൈദ്യുതി, വെള്ളം എന്നിവ ലഭ്യമല്ലാത്ത സ്ഥലങ്ങളാണെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

(ബി-ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കാസർഗോഡ് ജില്ലയിൽ കടൽത്തീരത്ത് പട്ടയം ലഭിച്ചവർക്ക് ഭൂനികുതി ഒടുക്കാൻ തടസ്സം

301 (5017) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഹൊസബെട്ടു, മൊഗ്രാൽ, കോയിപ്പാടി, പുത്തുർ, കുഡ്ലു, അഡുക്കത്ത്ബയൽ, കാസർഗോഡ്,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അജാനൂർ, ബല്ല, കാഞ്ഞങ്ങാട്, ഹോസ്ദുർഗ്ഗ്, നീലേശ്വരം എന്നീ വില്ലേജുകളിലായി കടൽത്തീരത്ത് പട്ടയം ലഭിച്ച ആയിരത്തിൽപ്പരം കുടുംബങ്ങൾക്ക് ഭൂനികുതി ഒടുക്കാൻ കഴിയാത്ത സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പ്രശ്നത്തിന് പരിഹാരമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

(എ&ബി) കാസർഗോഡ് ജില്ലയിലെ കാസർഗോഡ് താലൂക്കിലെ പുത്തൂർ, കുഡ്ലു, അഡുക്കത്ത്ബയൽ, ഹോസ്ദുർഗ് താലൂക്കിലെ കാഞ്ഞങ്ങാട്, ഹോസ്ദുർഗ്, നീലേശ്വരം വില്ലേജുകളിലായി പട്ടയം ലഭിച്ച കുടുംബങ്ങൾക്ക് ഭൂനികുതി ഒടുക്കിവരുന്നു. എന്നാൽ, ഹോസ്ദുർഗ് താലൂക്കിലെ ബല്ല വില്ലേജിൽ പഴയ സർവ്വെ നമ്പർ 324, 325, 326, 371 എന്നിവയിലായി മൊത്തം 23.98 ആർ. സ്ഥലത്തിന് പട്ടയം ലഭ്യമായ 13 പേർക്കും മഞ്ചേശ്വരം താലൂക്കിലെ കോടിപ്പാടി വില്ലേജിലെ 139 പേർക്കും മൊഗ്രാൽ വില്ലേജിലെ 29 പേർക്കും (അൺസർവ്വെയ്ഡ് നമ്പർ 233-236) ഹൊസബെട്ടു വില്ലേജിൽ പട്ടയം ലഭ്യമായ 10 പേർക്കും റീസർവ്വെ റെക്കോർഡുകളിൽ ഭൂമി ഉൾപ്പെടാത്തതിനാൽ ഭൂനികുതി സ്വീകരിക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. പ്രസ്തുത വിഷയം റവ-ജി1/122/2022-റവ നമ്പർ

സർക്കാർ ഫയലിൽ പരിശോധിച്ചുവരുന്നു. ലാൻഡ് റവന്യൂ കമ്മീഷണർ, കാസർഗോഡ് ജില്ലാ കളക്ടർ എന്നിവരുടെ വിശദമായ റിപ്പോർട്ട് തേടിയിരിക്കുകയാണ്. ആയത് ലഭ്യമാക്കി നിയമവശങ്ങൾ കൂടി പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) 30-06-2011-ലെ ജി.ഒ.(എം.എസ്.) നം. 237/2011/ആർ.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരമുള്ള സർവ്വേ ചെയ്യാത്ത ഭൂമിയും നാളിതുവരെ പട്ടയം അനുവദിച്ച ഭൂമിയും കൂടി റീസർവ്വേയുടെ ഭാഗമാക്കി പ്രദേശവാസികളുടെ പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കടൽ പുറമ്പോക്കിൽ പട്ടയം അനുവദിച്ചവരുടെ ഭൂമി സർവ്വെ ചെയ്ത് സപ്ലിമെന്ററി റെക്കോഡുകൾ തയ്യാറാക്കിയാൽ നികുതി സ്വീകരിക്കുവാൻ സാധിക്കും. ആയതും പരിശോധിച്ച് സർക്കാർ നടപടികൾ സ്വീകരിക്കുന്നതാണ്.

**തൃശ്ശൂർ കോർപ്പറേഷനിലെ പട്ടയ വിതരണം**

302 (5018) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ കോർപ്പറേഷൻ പരിധിയിൽ 2016-21 കാലഘട്ടത്തിൽ എത്ര പേർക്ക് പട്ടയം അനുവദിച്ചിട്ടുണ്ട്; പട്ടയം അനുവദിച്ചവരുടെ പേരും വിലാസവും ലഭ്യമാക്കാമോ?

2016-2021 കാലയളവിൽ 45 പേർക്ക് പട്ടയം അനുവദിച്ചിട്ടുണ്ട്. വിവരം അനുബന്ധം-I ആയി ചേർത്തിരിക്കുന്നു+.

(ബി) പ്രസ്തുത കാലയളവിൽ തൃശ്ശൂർ കോർപ്പറേഷൻ പരിധിയിൽനിന്നും പട്ടയം ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; പട്ടയം ലഭിക്കുന്നതിനായി അപേക്ഷ നൽകിയവരുടെ പേരും വിലാസവും ലഭ്യമാക്കാമോ;

(സി) പട്ടയം ലഭിക്കുന്നതിനായി ലഭിച്ച അപേക്ഷകളിലെ നിലവിലെ സ്ഥിതി അറിയിക്കാമോ?

(ബി&സി) തൃശ്ശൂർ കോർപ്പറേഷൻ പരിധിയിൽനിന്നും പുറമ്പോക്ക് പതിവ് പട്ടയം ലഭിക്കുന്നതിനായി 79 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. വിവരം അനുബന്ധം-II ആയി ചേർത്തിരിക്കുന്നു+. പ്രസ്തുത അപേക്ഷകളിൽ നടപടി സ്വീകരിച്ചുവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ആലപ്പുഴ മണ്ഡലത്തിലെ മടയംതോട് പ്രദേശവാസികൾക്കുള്ള പട്ടയ വിതരണം

303 (5019) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിലെ കോമളപുരം വില്ലേജ് പരിധിയിലുള്ള മടയംതോട് പ്രദേശത്ത് താമസിക്കുന്നവർക്ക് പട്ടയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രദേശത്ത് താമസിക്കുന്നവരിൽ നിലവിൽ എത്രപേർക്കാണ് പട്ടയം ലഭിച്ചതെന്നും ഇനി എത്രപേർക്ക് പട്ടയം ലഭിക്കാനുണ്ടെന്നും വ്യക്തമാക്കാമോ?

(എ&ബി) ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ താലൂക്കിൽ കോമളപുരം വില്ലേജിൽപ്പെട്ട മടയംതോട് പ്രദേശത്തെ 120 പേരിൽ 14 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത ആൾക്കാർക്ക് പട്ടയം നൽകാൻ സത്വര നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

ആറ്, തോട് പുറമ്പോക്കുകൾ പതിവിന് വിധേയമല്ലായെന്ന ബഹു. ഹൈക്കോടതിയുടെ 17233/1996 B നമ്പർ കേസിലെ 27-06-1997-ലെ

ഉത്തരവിന്റെ അടിസ്ഥാനത്തിലും മടയംതോട് കയ്യേറ്റവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)5756/2017 കേസിലെ 01-02-2021-ലെ വിധിന്യായ പ്രകാരം മടയംതോട് പുറമ്പോക്ക് ഭൂമി കയ്യേറ്റം ഒഴിപ്പിച്ച് സർക്കാർ അധീനതയിലാക്കി സംരക്ഷിക്കുന്നതിന് ഉത്തരവായിട്ടുള്ള സാഹചര്യത്തിലും മടയംതോട് പ്രദേശത്തെ തോട് പുറമ്പോക്ക് വസ്തുവിലെ അതിരുകൾ അളന്ന് തിട്ടപ്പെടുത്തി കല്ലുകൾ സ്ഥാപിച്ച് വസ്തുവിലെ കയ്യേറ്റങ്ങൾ അളന്ന് തിട്ടപ്പെടുത്തി കൈവശക്കാരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ടി തോട് പുറമ്പോക്കിൽ താമസിക്കുന്നവർ വർഷങ്ങളായി അവിടെ വീടുവച്ച് താമസിക്കുന്നതും വീട്ടുനമ്പർ ലഭിച്ച് റേഷൻ കാർഡ്, വൈദ്യുതി കണക്ഷൻ എന്നിവ സഹിതം താമസിച്ചുവരുന്നതുമാണ്. ബഹു. കോടതിയുടെ ഉത്തരവിന് വിരുദ്ധമാകാത്ത തരത്തിലും താമസക്കാരുടെ അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ടും ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്.

**കാഞ്ഞിരപ്പള്ളി താലൂക്കിലെ പട്ടയ വിതരണം**

304 (5020) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി താലൂക്കിലെ മുക്കട, പൊന്തൻപുഴ, ആലപ്ര, മേലേക്കവല, വളവുകോടി ചതുപ്പ് എന്നീ മേഖലകളിൽ പട്ടയം നൽകുന്നതിന് ലഭിച്ചിട്ടുള്ള അപേക്ഷകളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അവ എന്നത്തേയ്ക്ക് തീർപ്പാക്കാൻ സാധിക്കുമെന്നും അറിയിക്കാമോ; നടപടികൾ ത്വരിതപ്പെടുത്തി പട്ടയം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) കാഞ്ഞിരപ്പള്ളി താലൂക്കിലെ മണിമല വില്ലേജിൽ മുക്കട, പൊന്തൻപുഴ, ആലപ്ര, മേലേക്കവല, വളവുകോടി ചതുപ്പ് എന്നീ മേഖലകളിൽ പട്ടയം നൽകുന്നതിന് പ്രസ്തുത പ്രദേശങ്ങൾ ഉൾപ്പെടുന്ന ആലപ്ര, പൊന്തൻപുഴ, വലിയകാവ് എന്നീ വനപ്രദേശങ്ങളുടെ അവകാശം സംബന്ധിച്ച് സ്വകാര്യ വ്യക്തികൾ ചേർന്ന് ബഹു. ഹൈക്കോടതി മുമ്പാകെ സമർപ്പിച്ച MSA-1/81 നമ്പർ കേസിന്റെ 10-01-2018-ലെ വിധിപ്രകാരം ആലപ്ര റിസർവ് വനപ്രദേശത്തിൽ സ്വകാര്യ വ്യക്തികൾക്ക് പ്രമാണപരമായ അവകാശം അനുവദിച്ച് നൽകിയതിനെതിരെ വനം വകുപ്പ് ബഹു. ഹൈക്കോടതി മുമ്പാകെ ആർ.പി-182/2018 നമ്പരായി സമർപ്പിച്ച

റിവ്യൂ ഹർജി തള്ളിപ്പോയിട്ടുള്ളതും ടി വിധികൾക്കെതിരെ വനം വകുപ്പ് ബഹു. സുപ്രീം കോടതി മുമ്പാകെ ഫയൽ ചെയ്ത SLP(C)- 15337-15338/2019 നമ്പർ കേസ് ബഹു. കോടതിയുടെ പരിഗണനയിലുമാണ്. ബഹു. കോടതിയുടെ പരിഗണനയിലുള്ള വിഷയമായതിനാൽ പട്ടയ നടപടികൾ തുടരാൻ നിർവാഹമില്ലാത്തതും പട്ടയത്തിനുള്ള അപേക്ഷകൾ സ്വീകരിച്ചിട്ടില്ലാത്തതുമാകുന്നു.

**കൊല്ലം താലൂക്കിലെ വാതിൽപ്പടി പട്ടയ വിതരണ പദ്ധതി**

305 (5021) <u>ശ്രീ. എം. മുകേഷ്:</u> താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം താലൂക്കിൽ കൊല്ലം വെസ്റ്റ് വില്ലേജിൽ ഉൾപ്പെടുന്ന പള്ളിത്തോട്ടം, മൂതാക്കര മത്സ്യഗ്രാമങ്ങളിലെ കുടുംബങ്ങൾക്ക് വാതിൽപ്പടി പട്ടയ വിതരണ പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടയം അനുവദിച്ച് നൽകുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ പുരോഗതി വിശദമാക്കാമോ?

കൊല്ലം താലൂക്കിൽ കൊല്ലം വെസ്റ്റ് വില്ലേജിൽ പള്ളിത്തോട്ടം മൂതാക്കര പ്രദേശങ്ങളിലെ 589 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കുന്നതിനായി ടോട്ടൽ സ്റ്റേഷൻ ഉപയോഗിച്ചുള്ള സർവ്വേ

നടപടികൾ നടന്നുവരുന്നു. ടി വില്ലേജിൽ ബ്ലോക്ക് 189-ൽ ഉൾപ്പെട്ട, കേരള സർക്കാർ കടൽപുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും 162 കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുള്ളതുമായ പ്രദേശങ്ങളിൽ സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ട്. അവശേഷിക്കുന്ന സ്ഥലങ്ങളിലെ സർവ്വേ നടപടികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

**ഉപാധിരഹിത പട്ടയം അനുവദിക്കാൻ നടപടി**

306 (5022) <u>ശ്രീ. പി. ജെ. ജോസഫ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ പട്ടയത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഇതുവരെയും പട്ടയം അനുവദിക്കാത്ത അപേക്ഷകളുടെ ജില്ല തിരിച്ചിട്ടുള്ള കണക്കുകൾ വ്യക്തമാക്കാമോ?

വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | 2016 മുതൽ നാളിതുവരെ പട്ടയത്തിനായി ലഭിച്ചിട്ടുള്ള അപേക്ഷകളുടെ എണ്ണം | ഇതുവരെയും പട്ടയം അനുവദിക്കാത്ത അപേക്ഷകളുടെ എണ്ണം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | തിരുവനന്തപുരം | 8000 | 5338 |
| 2 | കൊല്ലം | 4916 | 1673 |
| 3 | പത്തനംതിട്ട | 1750 | 271 |
| 4 | ആലപ്പുഴ | 1997 | 913 |
| 5 | കോട്ടയം | 2244 | 556 |
| 6 | ഇടുക്കി | 79223 | 40457 |
| 7 | എറണാകുളം | 6982 | 5164 |
| 8 | തൃശ്ശൂർ | 79866 | 30073 |
| 9 | പാലക്കാട് | 60135 | 36105 |
| 10 | മലപ്പുറം | 1486 | 692 |
| 11 | കോഴിക്കോട് | 21825 | 9742 |
| 12 | വയനാട് | 3342 | 1713 |
| 13 | കണ്ണൂർ | 23372 | 9418 |
| 14 | കാസർഗോഡ് | 16810 | 10965 |

(ബി) നിലവിൽ നൽകുന്ന പട്ടയങ്ങളിൽ സർക്കാർ ഉപാധികൾ ഏർപ്പെടുത്തുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

നിലവിൽ നൽകുന്ന പട്ടയങ്ങളിൽ സർക്കാർ ഉപാധികൾ ഏർപ്പെടുത്തുന്നുണ്ട്. 1964-ലെ കേരള ഭൂമി പതിച്ചു നൽകൽ ചട്ടങ്ങൾ പ്രകാരം ചട്ടം 4-ൽ ഭൂമി ഏതാവശ്യങ്ങൾക്കൊക്കെ പതിച്ചു നൽകാമെന്നും ചട്ടം 5-ൽ കൃഷിക്കായി പതിച്ചു നൽകാവുന്ന ഭൂമിയുടെ പരമാവധി പരിധിയും ചട്ടം (1 A) പ്രകാരം പതിവ് മുഖേന പതിച്ചു നൽകിയ കൈവശത്തിലില്ലാത്ത ഭൂമി പരമ്പരാഗതമായി കൈമാറാവുന്നതും എന്നാൽ പതിവു നൽകിയ തീയതി

മുതൽ 12 വർഷക്കാലത്തേയ്ക്ക് അന്യാധീനപ്പെടുത്താൻ പാടില്ലാത്തതുമാണെന്നും അപ്രകാരം ഭൂമി കൈവശം 01-08-1971-ന് മുമ്പുള്ളതാണെങ്കിൽ (Occupied Land) കൈമാറ്റത്തിന് വ്യവസ്ഥയില്ലാത്തതും ഭൂമി കൈവശം 01-08-1971-ന് ശേഷമുള്ളതാണെങ്കിൽ (Unoccupied Land) കൈമാറ്റത്തിന് വ്യവസ്ഥകൾക്ക് വിധേയമായി 12 വർഷം കഴിഞ്ഞ് മാത്രമേ അന്യാധീനപ്പെടുത്താൻ കഴിയുകയുള്ളൂ. ചട്ടം 8 (3) ഉപചട്ടം (1)-ലെയോ (2)-ലെയോ വ്യവസ്ഥകൾ ലംഘിച്ചാൽ പതിവ് റദ്ദ് ചെയ്യാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതുമാണ്. ചട്ടം 9 (7) പ്രകാരം പതിച്ചുകിട്ടിയ വ്യക്തി ആ വസ്തുവിന്റെ തറവില വൃക്ഷങ്ങളുടെ മൂല്യം, നികുതി കുടിശ്ശിക വല്ലതുമുണ്ടെങ്കിൽ അത് അയാൾ വസ്തുവിന് നൽകാനുള്ള മറ്റെന്തെങ്കിലും തുക വല്ലതുമുണ്ടെങ്കിൽ അതും പട്ടയമാറ്റം അനുവദിച്ച് മൂന്നുമാസത്തിനുള്ളിൽ നൽകാത്തപക്ഷം അങ്ങനെയുള്ള പതിവ് റദ്ദു ചെയ്യേണ്ടതും കൈവശക്കാരെ ഒഴിപ്പിക്കേണ്ടതും ഭൂമി തിരികെ എടുക്കേണ്ടതും യോഗ്യരായ മറ്റ് കുടുംബങ്ങൾക്ക് അത് വീണ്ടും പതിച്ചുനൽകേണ്ടതുമാണ്. മൂന്നുമാസത്തിനുള്ളിൽ പതിച്ചുകിട്ടിയ വ്യക്തി നൽകേണ്ട മുഴുവൻ തുകയും നൽകിയശേഷം മാത്രമേ ആ വസ്തുവിന് പട്ട നൽകാനുള്ള മറ്റെന്തെങ്കിലും ചാർജ്ജുകൾ എന്നിവ കുടിശ്ശിക വരുത്തിയിട്ടുള്ള

സംഗതിയിൽ പതിവ് തീയതി മുതൽ യഥാക്രമം മൂന്ന് വർഷംവരെയും അഞ്ചുവർഷം വരെയും വരുത്തിയ വീഴ്ചകൾക്ക് അർഹതയുള്ള സംഗതികളിൽ ജില്ലാ കളക്ടർക്കും റവന്യൂ ബോർഡിനും അങ്ങനെയുള്ള കാലതാമസം മാപ്പാക്കുന്നതിന് ക്ഷമതയുണ്ടായിരിക്കുന്നതാണ്. ഇത്തരത്തിലുള്ള കാലതാമസം അഞ്ചുവർഷത്തിൽ കവിയുന്ന എല്ലാ സംഗതിയിലും കാലതാമസം മാപ്പാക്കുന്നതിന് ഗവൺമെന്റിന്റെ അനുമതി നേടിയിരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതുമാണ്. 1995-ലെ മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിച്ചുനൽകുന്ന ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഭൂമി ഏതാവശ്യങ്ങൾക്കൊക്കെ പതിച്ചു നൽകാമെന്നും ചട്ടം 4 പ്രകാരം പതിച്ചുനൽകാവുന്ന ഭൂമിയുടെ പരമാവധി പരിധിയും തറവിലയേയും കുറിച്ച് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ചട്ടം 9 പ്രകാരം പതിച്ചു നൽകൽ ഉത്തരവിൽ സൂചിപ്പിച്ചിരിക്കുന്ന തറവില പതിച്ചുനൽകൽ ഉത്തരവ് ലഭിച്ച തീയതി മുതൽ ഒടുക്കേണ്ടതാണ്. ചട്ടം 11 പ്രകാരം പതിവ് മുഖേന പതിച്ചുനൽകിയ ഭൂമി പരമ്പാഗതമായി അനുഭവിക്കാവുന്നതും എന്നാൽ 12 വർഷത്തേയ്ക്ക് അന്യാധീനപ്പെടുത്താൻ പാടില്ലാത്തതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ചട്ടം 17 പ്രകാരം പട്ടയത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഏതെങ്കിലും വ്യവസ്ഥകൾ ലംഘിച്ചാൽ

പതിവ് മുഖേനയോ നടത്തിയിട്ടുള്ള ഏതൊരു പതിച്ച് നൽകലും റദ്ദു ചെയ്യപ്പെടുന്നതും ഇത്തരം സംഗതികളിൽ ഭൂമി തിരികെ എടുക്കുന്നതുമാണെന്നും പതിച്ചു നൽകിയിട്ടുള്ളത് തീർത്തും അന്യായമാണെന്നോ അല്ലെങ്കിൽ പിശകിന്റെ അടിസ്ഥാനത്തിലാണെന്നോ അല്ലെങ്കിൽ വസ്തുതകൾ തെറ്റായി ധരിപ്പിച്ചതിനെത്തുടർന്നാണെന്നോ പതിച്ചു നൽകൽ നടപടി അധികാരകേന്ദ്രത്തിന് ഡെലിഗേറ്റ് ചെയ്തിട്ടുള്ള അധികാരങ്ങളെ അതിലംഘിച്ചുകൊണ്ടാണെന്നോ നടപടിക്രമങ്ങളിൽ ക്രമക്കേടുണ്ടെന്നോ കണ്ടെത്തുന്നപക്ഷം പട്ടയമോ അല്ലെങ്കിൽ പാട്ടമോ റദ്ദ് ചെയ്യാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. എന്നാൽ 1993-ലെ കേരള ഭൂമി പതിച്ചു നൽകൽ (01-01-1977-നുമുമ്പ് വനഭൂമിയിൽ നടത്തിയിട്ടുള്ള കുടിയേറ്റങ്ങൾ ക്രമപ്പെടുത്തൽ) പ്രത്യേക ചട്ടങ്ങൾ പ്രകാരം വ്യക്തിഗത കൃഷി ആവശ്യത്തിനോ ഭവന നിർമ്മാണത്തിനോ കടമുറികൾ വയ്ക്കുന്നതിനോ ഈ ചട്ടങ്ങൾ പ്രകാരം പതിവു മുഖേന ഭൂമി പതിച്ചു നൽകാവുന്നതാണെന്ന് ചട്ടം 3-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതും ഈ ചട്ടങ്ങൾക്ക് കീഴിൽ പതിച്ചു കിട്ടിയ ഭൂമി ചട്ടം 3-ൽ നിർദ്ദിഷ്ടമാക്കിയിട്ടുള്ള കാര്യങ്ങൾക്കല്ലാതെ മറ്റ് ഏതൊരു ആവശ്യത്തിന് വിനിയോഗിക്കുകയില്ലായെന്ന നിബന്ധനകൾക്ക് വിധേയമായി അത്

പരമ്പരാഗതമായി അനുഭവിക്കാവുന്നതും അന്യാധീനപ്പെടുത്താവുന്നതും ആണെന്ന് ചട്ടം 15 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ചട്ടം 9 പ്രകാരം ഭൂമി പതിച്ചു കിട്ടിയ വ്യക്തി പതിച്ചു നൽകൽ ഉത്തരവ് പുറപ്പെടുവിച്ച തീയതി മുതൽ ഒരു മാസത്തിനുള്ളിൽ നിർദ്ദിഷ്ട നിരക്കിലുള്ള തറവില ഒടുക്കേണ്ടതാണെന്നും ചട്ടം 12 പ്രകാരം ഭൂമി പതിച്ചു കിട്ടിയ വ്യക്തിയിൽനിന്നും താഴെപ്പറയുന്ന നിരക്കിൽ അതിന്റെ വില ഈടാക്കുന്നതായി വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ചട്ടം 13 പ്രകാരം 1986-ലെ കേരള വൃക്ഷങ്ങൾ പരിപാലിക്കൽ ആക്ട് (1986-ലെ 35)-ൽ നിർവ്വചിച്ചിട്ടുള്ള വൃക്ഷങ്ങൾ പതിച്ചു കിട്ടിയ ആൾക്ക് ലഭിച്ചിട്ടുള്ള ഭൂമിയിൽ നിൽപ്പുണ്ടെങ്കിൽ അവയെ സംബന്ധിച്ച് അയാളെ അറിയിക്കേണ്ടതും അത് വനം വകുപ്പ് പരിപാലിക്കേണ്ടതുമാണ്. കാലാകാലങ്ങളിൽ ആ വൃക്ഷങ്ങൾ പരിശോധിക്കുന്നതിനും ആവശ്യമുള്ള ഘട്ടങ്ങളിൽ അവ നീക്കം ചെയ്യുന്നതിനും ഗവൺമെന്റ് ഉദ്യോഗസ്ഥർക്ക് വേണ്ട സൗകര്യങ്ങൾ വസ്തു പതിച്ചു കിട്ടിയ ആൾ ചെയ്തുകൊടുക്കേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ചട്ടം 16 പ്രകാരം പതിച്ചു കിട്ടിയ വ്യക്തി ഈ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുകയോ അല്ലെങ്കിൽ അന്യായമായാണ് വസ്തു പതിച്ചു നൽകിയിട്ടുള്ളതെന്നോ വസ്തുതാപരമായ

പിശക് കാരണമോ അല്ലെങ്കിൽ തെറ്റിദ്ധാരണ മൂലമോ അല്ലെങ്കിൽ പതിച്ചു നൽകൽ അധികാര കേന്ദ്രത്തിന് കൈമാറിയിട്ടുള്ള അധികാരം ലംഘിച്ചുകൊണ്ടാണ് പതിച്ചു നൽകിയിട്ടുള്ളതെന്ന് അല്ലെങ്കിൽ നടപടികളിൽ ക്രമക്കേടുള്ളതായോ കണ്ടെത്തുന്നപക്ഷം അത് റദ്ദുചെയ്യാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

(സി) ഉപാധിരഹിത പട്ടയം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉപാധിരഹിത പട്ടയം നൽകുവാൻ വ്യവസ്ഥയില്ല.

**തൃക്കരിപ്പൂർ മണ്ഡലത്തിലെ പട്ടയ വിതരണം**

307 (5023) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ ചീമേനി, തിമിരി എന്നീ വില്ലേജുകളിൽ നിലവിൽ എത്ര അപേക്ഷകർക്കാണ് ഇനിയും പട്ടയം ലഭിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ?

ഹോസ്ദുർഗ് താലൂക്കിലെ ചീമേനി വില്ലേജിൽ ശ്രീ. ജോർജ്ജ് തോമസ് കൊട്ടുകാപ്പള്ളി, പെരിയാർ &പെരിക്കണ്ണി റബ്ബർ ലിമിറ്റഡ്

എന്നവരിൽനിന്നും ഏറ്റെടുത്ത മിച്ചഭൂമിയിലെ കൈവശക്കാരുടെ പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് 17-05-2010-ലെ സ.ഉ.(കൈ.)175/2010/റവ, 28-01-2016-ലെ ജി.ഒ.(എം.എസ്) 62/2016/റവന്യൂ എന്നീ ഉത്തരവുകൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. അതിൽ കൈവശക്കാരെ അവരുടെ അർഹത പരിഗണിച്ച് (A), (B), (C), (D), (E) എന്നിങ്ങനെ തരംതിരിച്ചിരുന്നു. മിച്ചഭൂമി പതിച്ചുകിട്ടാൻ അർഹതയില്ലാത്തവരാണ് (D) വിഭാഗത്തിൽപ്പെടുന്നത്. സ.ഉ.(കൈ.)175/2010/റവ. ഉത്തരവിൽ ഉൾപ്പെടുന്ന എല്ലാവർക്കും പട്ടയം ലഭിച്ചു. എന്നാൽ 28-01-2016-ലെ ജി.ഒ.(എം.എസ്) 62/2016/റവന്യൂ ഉത്തരവിലെ (D) വിഭാഗത്തിൽ ഉൾപ്പെടുന്ന 34 പേർ കമ്പോള വില അടയ്ക്കാത്തതിനാൽ അവർക്ക് ഭൂമി പതിച്ചു നൽകിയിട്ടില്ല. മേൽ രണ്ട് ഉത്തരവുകളിലും ഉൾപ്പെടാത്ത 18 കൈവശക്കാരുടെ പട്ടയത്തിനുള്ള അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ്. തിമിരി വില്ലേജിൽ ഏറ്റെടുത്ത മിച്ചഭൂമി പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്.

(ബി) തിമിരി വില്ലേജിൽ അകാല കൈമാറ്റം നടത്തി മിച്ചഭൂമി വാങ്ങിയവരുടെ നികുതി സ്വീകരിക്കാത്ത എത്ര അപേക്ഷകൾ ഇനിയും ഉണ്ടെന്ന വിവരം ലഭ്യമാക്കാമോ?

തിമിരി വില്ലേജിൽ അകാല കൈമാറ്റം നടത്തി മിച്ചഭൂമി വാങ്ങിയ 66 പേരിൽനിന്നും നികുതി സ്വീകരിക്കുന്നില്ല.

**ഷൊർണ്ണൂർ മണ്ഡലത്തിലെ പട്ടയ വിതരണം**

308 (5024) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ പട്ടയം ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

1849 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത അപേക്ഷകളിൽ നടപടികൾ പൂർത്തീകരിച്ച് എത്രപേർക്ക് പട്ടയം നൽകിയെന്ന് വിശദമാക്കാമോ?

581 പട്ടയങ്ങൾ നൽകിയിട്ടുണ്ട്.

**നെച്ചിക്കാട് പറമ്പ് നിവാസികളുടെ പട്ടയത്തിനുള്ള അപേക്ഷ**

309 (5025) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷവും മലപ്പുറം ജില്ലയിൽ ആകെ എത്ര

പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്; വില്ലേജ് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 26378 പട്ടയങ്ങളും ഈ സർക്കാരിന്റെ ആദ്യ ഒരു വർഷക്കാലയളവിനിടയിൽ 10736 പട്ടയങ്ങളും മലപ്പുറം ജില്ലയിൽ വിതരണം ചെയ്തിട്ടുണ്ട്. കേരള ചരിത്രത്തിൽ ആദ്യമായി ഇ-പട്ടയങ്ങളുടെ വിതരണം ആരംഭിച്ചതും മലപ്പുറം ജില്ലയിൽനിന്നാണ്. വില്ലേജ് തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു+.

(ബി) പെരിന്തൽമണ്ണ താലൂക്കിലെ കോഡൂർ വില്ലേജിൽ സർവ്വേ നമ്പർ 95/1-ൽ ഉൾപ്പെട്ട നെച്ചിക്കാട് പറമ്പ് നിവാസികളുടെ കൈവശ ഭൂമിക്ക് പട്ടയം ലഭിക്കുന്നതിനുള്ള അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികളുടെ നിലവിലത്തെ സ്ഥിതി എന്താണ്; പട്ടയ വിതരണം എന്ന് പൂർത്തിയാക്കാൻ കഴിയും; അറിയിക്കുമോ?

കോഡൂർ വില്ലേജിലെ നെച്ചിക്കാട് നിവാസികൾ ഉൾപ്പെടെ താമസിച്ച് വരുന്ന സർവ്വെ 95/1-ൽ ഉൾപ്പെട്ട 18.40 ഏക്കർ സ്ഥലം SMP 49/77 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അന്യകൈവശത്തോടെ ഏറ്റെടുത്തിട്ടുള്ളതാണ്. പ്രസ്തുത ഭൂമി പതിച്ച് നൽകുന്നതിനുള്ള പ്രാരംഭ ഫീൽഡ് പരിശോധന നടപടികൾ 13-07-2022-ൽ ആരംഭിച്ചിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആയത് പൂർത്തിയാകുന്നമുറയ്ക്ക് ഫീൽഡ് സർവ്വെ ആരംഭിക്കുന്നതും ആയത് പൂർത്തിയാക്കിയാൽ മറ്റ് നിയമ നടപടി കഴിയുന്നമുറയ്ക്ക് പട്ടയം അനുവദിക്കുന്ന നടപടി സ്വീകരിക്കാൻ കഴിയുന്നതുമാണ്.

## ഭൂപരിഷ്കരണ നിയമപ്രകാരമുള്ള പട്ടയഭൂമിയിൽനിന്നും നിർബന്ധിത കുടിയൊഴിപ്പിക്കൽ

310 (5026) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്കരണ നിയമപ്രകാരം പട്ടയം ലഭിച്ചിട്ടുള്ള കുടിയാൻമാരുടെ ഭൂമി വർഷങ്ങൾക്കുശേഷം ജന്മിമാർ തിരിച്ചുപിടിക്കുകയും കുടിയാന്മാർ കുടിയൊഴിപ്പിക്കപ്പെടുകയും ചെയ്യുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥലങ്ങളിൽനിന്ന് എത്ര പരാതികൾ വീതം ലഭിച്ചുയെന്ന് അറിയിക്കുമോ?

പരാതി ലഭിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ പീച്ചി വില്ലേജിൽ ആൽപ്പാറ ദേശത്ത് പട്ടാണി ഷേയ്ക്ക് ഹുസൈൻ റാവുത്തർ എന്നയാളിന്റെ

ഉടമസ്ഥതയിലുണ്ടായിരുന്ന സ്ഥലം നിരവധി ആളുകളുടെ കൈവശത്തിലാകുകയും കുറച്ച് വ്യക്തികൾ ലാൻഡ് ട്രൈബ്യൂണലിൽനിന്ന് ക്രയസർട്ടിഫിക്കറ്റ് നേടുകയും ചെയ്തിട്ടുണ്ട്. ലാൻഡ് ട്രൈബ്യൂണലിന്റെ ഈ ഉത്തരവുകൾക്കെതിരെ ഭൂഉടമ സിവിൽ കോടതിയിലും ബഹു. ഹൈക്കോടതിയിലും ബഹു. സുപ്രീം കോടതിയിലും കേസുകൾ നൽകിയിട്ടുണ്ട്. ക്രയസർട്ടിഫിക്കറ്റ് കിട്ടിയവരും ജന്മിമാരും തമ്മിൽ സിവിൽ കേസുകളും നിലവിലുണ്ട്. മറ്റ് സ്ഥലങ്ങളിലെ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ നിലവിലെ നിയമങ്ങൾ പര്യാപ്തമല്ലെന്ന് കരുതുന്നുണ്ടോ; എങ്കിൽ ആയതിനായി പുതിയ നിയമ നിർമ്മാണം പരിഗണനയിലുണ്ടോ; അറിയിക്കാമോ?

ലാൻഡ് ട്രൈബ്യൂണലുകൾ നൽകുന്ന പട്ടയങ്ങൾ ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച് Conclusive Proof ആണെന്ന് ഭൂപരിഷ്കരണ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പട്ടയം ലഭിച്ച് കുടിയൊഴിപ്പിക്കപ്പെട്ടാൽ സിവിൽ കോടതിയിൽനിന്നും പരിഹാരം തേടാവുന്നതാണ്. അതിനാൽ പുതിയ നിയമം പരിഗണനയിലില്ല.

## തൃശ്ശൂർ മണ്ഡലത്തിലെ പട്ടയ വിതരണം

311 (5027) <u>ശ്രീ. പി. ബാലചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2022 വരെ തൃശ്ശൂർ മണ്ഡലത്തിൽ എത്ര പേർക്ക് പട്ടയം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

2016 മുതൽ 2022 വരെ 14 പേർക്ക് പട്ടയം അനുവദിച്ചിട്ടുണ്ട്.

(ബി) പട്ടയം ലഭിച്ചവരുടെ പേരും വിലാസവും ഏതുതരം പട്ടയമാണ് അനുവദിച്ചതെന്നും വിശദമാക്കാമോ?

അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു+. 1995-ലെ മുൻസിപ്പൽ/ കോർപ്പറേഷൻ ഭൂപതിവ് ചട്ടപ്രകാരമുള്ള പട്ടയമാണ് അനുവദിച്ചത്.

(സി) നിലവിൽ പട്ടയത്തിന് അപേക്ഷ നൽകിയവരുടെ പേരും വിവരങ്ങളും പട്ടയത്തിന് അപേക്ഷിച്ച തീയതിയും ഏതുതരം പട്ടയത്തിനാണ് അപേക്ഷ നൽകിയിട്ടുള്ളതെന്നും വിശദമാക്കാമോ;

(ഡി) ഓരോ അപേക്ഷയുടെയും നിലവിലെ സ്ഥിതി അറിയിക്കാമോ?

(സി&ഡി) അനുബന്ധം-II ആയി ചേർത്തിരിക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ചൂണ്ടൽ വില്ലേജിലെ പട്ടയ വിതരണം

312 (5028) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പേർക്ക് പട്ടയം നൽകി എന്നതിന്റെ വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

(ബി) ചൂണ്ടൽ വില്ലേജിലെ റീസർവ്വേ നമ്പർ 410/4, 413/1 എന്നിവയിൽപ്പെട്ട പുറമ്പോക്ക് ഭൂമിയിൽ താമസിച്ചുവരുന്ന അഞ്ച് കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് റവന്യൂ ഉദ്യോഗസ്ഥർ, താലൂക്ക് സർവ്വേയർ, ചൂണ്ടൽ പഞ്ചായത്ത് സെക്രട്ടറി എന്നിവർ 10-11-2021-ന് സംയുക്ത പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കുടുംബങ്ങൾക്ക് പട്ടയം നൽകുന്ന നടപടികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

മേൽ വിഷയത്തിൽ ചൂണ്ടൽ വില്ലേജ് റിസർവ്വെ നമ്പർ 410/4, 413/1 എന്നിവയിൽപ്പെട്ട പുറമ്പോക്ക് ഭൂമികളിൽ ടി ഭൂമി പഞ്ചായത്ത് വകുപ്പിൽ നിന്നും ഡിവെസ്റ്റ് ചെയ്ത് ലഭിക്കുന്നതിന് കുന്നംകുളം തഹസിൽദാർ ചൂണ്ടൽ

പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുള്ളതാണ്. തുടർന്ന് തൃശ്ശൂർ റവന്യൂ ഡിവിഷണൽ ഓഫീസറുടെ ഉത്തരവുപ്രകാരം കുന്നംകുളം തഹസിൽദാർ, ചൂണ്ടൽ പഞ്ചായത്ത് സെക്രട്ടറി, താലൂക്ക് സർവ്വെയർ, ചൂണ്ടൽ വില്ലേജ് ഓഫീസർ എന്നിവർ ചേർന്ന് 10-11-2021-ന് സംയുക്തപരിശോധന നടത്തിയിട്ടുള്ളതാണ്. ചൂണ്ടൽ വില്ലേജ് റീസർവ്വെ 410/4 ബി.ടി.ആർ. പ്രകാരം കുളം പുറമ്പോക്കിൽ 4 കുടുംബങ്ങളും 413/1 വഴി പുറമ്പോക്കിൽ ഒരു കുടുംബവും 50 വർഷത്തോളമായി വീടുവച്ച് താമസിച്ചുവരുന്നതും കൈവശഭൂമി പതിവിന് അനുയോജ്യമായതും അപേക്ഷകർ പട്ടയം ലഭിക്കുന്നതിന് അർഹരുമാണ്. കൈവശക്കാരുടെ പേരുവിവരം, കൈവശഭൂമിയുടെ വിസ്തീർണ്ണം എന്നീ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേരും വിലാസവും | റീസർവ്വെ നം. | വിസ്തീർണം ഹെക്ടറിൽ | ഇനം |
|---|---|---|---|---|
| 1 | കുഞ്ഞുമോൾ W/o കണ്ണൻ, ചോറാംപ്പിള്ളി വീട്, ചൂണ്ടൽ | 413/1 | 0.0309 | വഴി പുറമ്പോക്ക് |
| 2 | അനുരുദ്ധൻ S/o വാസു, പേരകത്ത വീട്, ചൂണ്ടൽ | 410/4 | 0.0191 | കുളം പുറമ്പോക്ക് |
| 3 | തങ്കമണി W/o വറീത്, കഴപ്പിള്ളി വീട്, ചൂണ്ടൽ | 410/4 | 0.0409 | കുളം പുറമ്പോക്ക് |
| 4 | തങ്കമണി W/o വറീത്, കഴപ്പിള്ളി വീട്, ചൂണ്ടൽ | 410/4 | 0.0100 | കുളം പുറമ്പോക്ക് |

| | | | | |
|---|---|---|---|---|
| 5 | ജോസ് S/o വറുതുണ്ണി, മുട്ടത്ത് വീട്, ചൂണ്ടൽ | 410/4 | 0.0425 | കുളം പുറമ്പോക്ക് |

മേൽപ്പറഞ്ഞ കൈവശവും വിസ്തീർണ്ണവും ചൂണ്ടൽ പഞ്ചായത്ത് സെക്രട്ടറി അംഗീകരിച്ചിട്ടുള്ളതാണ്. പഞ്ചായത്ത് വകുപ്പിൽനിന്നും പ്രസ്തുത ഭൂമി പുനർനിക്ഷിപ്തം ചെയ്ത് ലഭിക്കുന്നമുറയ്ക്ക് പട്ടയ നടപടികൾ ആരംഭിക്കാവുന്നതാണ്. മേൽ വിവരങ്ങൾ ഉൾപ്പെടുത്തിയ റിപ്പോർട്ട് 07-03-2022-ൽ ബി5-113336/2019 നമ്പർ കത്തുപ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർക്ക് സമർപ്പിച്ചിട്ടുള്ളതാണ്. പഞ്ചായത്ത് വകുപ്പിൽനിന്നും മേൽ പ്രസ്താവിച്ച പ്രകാരമുള്ള ഭൂമി പുനർനിക്ഷിപ്തം ചെയ്ത് ലഭിച്ചാൽ മാത്രമാണ് പ്രസ്തുത കുടുംബങ്ങൾക്ക് പട്ടയം നൽകുന്ന നടപടികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

**തീരദേശ മേഖലയിലെ പട്ടയ വിതരണം**

313 (5029) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ആലപ്പുഴ ജില്ലയിലെ തീരദേശ മേഖലയിൽ എത്ര പേർക്ക് പട്ടയം നൽകിയെന്ന് താലൂക്ക് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

അനുബന്ധം I ആയി ചേർക്കുന്നു+.

(ബി) പ്രസ്തുത മേഖലയിൽ ഇനി എത്ര പേർക്ക് പട്ടയം നൽകാനുണ്ട്; ഇവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ?

അനുബന്ധം II ആയി ചേർക്കുന്നു+.

**പ്രകൃതിക്ഷോഭത്തിൽ വീടുകൾ തകർന്നവർക്കുള്ള ധനസഹായം**

314 (5030) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020, 2021 വർഷങ്ങളിൽ പ്രകൃതിക്ഷോഭത്തിൽ വീടുകൾ പൂർണ്ണമായി തകർന്നവർക്ക് ധനസഹായമായി നാലുലക്ഷം രൂപ അനുവദിച്ച് നൽകുന്നതിന് നിലവിൽ തടസ്സങ്ങളുണ്ടോ; വ്യക്തമാക്കാമോ?

2020-ൽ വീടുകൾ പൂർണ്ണമായി തകർന്നതിന് സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽനിന്ന് (SDRF) ധനസഹായം അനുവദിക്കുന്നതിനാണ് അനുമതിയുള്ളത്. ആയതുപ്രകാരം സമതലപ്രദേശങ്ങളിലെ വീട് പൂർണ്ണമായി തകർന്നതിന് 95,100/- രൂപയും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മലയോരമേഖലകളിലെ വീട് പൂർണ്ണമായി തകർന്നതിന് 1,01,900/- രൂപയുമാണ് അനുവദിക്കുന്നത്. 2021 ഒക്ടോബർ 12 മുതൽ 29 വരെയുള്ള കാലയളവിൽ സംസ്ഥാനത്തൊട്ടാകെയുണ്ടായതും സംസ്ഥാനം പ്രളയമായി പ്രഖ്യാപിച്ചതുമായ പ്രകൃതിദുരന്തത്തിൽ വീടുകൾ തകർന്നതിന് 29-10-2021- ലെ സ.ഉ(കൈ) 5/2021/ഡി.എം.ഡി. പ്രകാരം മേൽപ്പറഞ്ഞ സംസ്ഥാന ദുരന്ത പ്രതികരണനിധി വിഹിതം കൂടാതെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള വിഹിതംകൂടി ഉൾപ്പെടെ 4 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇത്തരത്തിൽ പ്രളയമായി പ്രഖ്യാപിച്ച പ്രകൃതി ദുരന്തങ്ങൾക്ക് ഇരയായവർക്ക് തുക അനുവദിക്കുന്നതിന് നിലവിൽ തടസ്സങ്ങളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 2021-ലെ കനത്തമഴയിൽ വീട് പൂർണ്ണമായും തകർന്ന മുകുന്ദപുരം താലൂക്കിലെ ആമ്പല്ലൂർ വില്ലേജിൽ വട്ടണാത്രദേശത്ത് നടുവിൽ വീട്ടിൽ പരേതനായ രാമൻ ഭാര്യ വി. എൻ. രാധയ്ക്ക് ആകെ അനുവദിച്ച തൊണ്ണൂറ്റയ്യായിരത്തി ഒരുന്നൂറ് രൂപയ്ക്ക് പകരം മുഴുവൻ ധനസഹായ തുകയായ നാലുലക്ഷം രൂപയും അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

സംസ്ഥാന ദുരന്ത പ്രതികരണനിധി മാനദണ്ഡപ്രകാരമുള്ള 95,100/- രൂപ അനുവദിക്കുന്നതിന് മാത്രമേ നിലവിൽ നിർവ്വാഹമുള്ളൂ.

(സി) പ്രകൃതിക്ഷോഭങ്ങളിൽ വീടുകൾ പൂർണ്ണമായും തകർന്നുപോയ പാവപ്പെട്ട അർഹരായ അപേക്ഷകർക്ക് പൂർണ്ണമായ ധനസഹായം അനുവദിക്കുന്നതിനോ ഇവരെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിനോ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പ്രകൃതിക്ഷോഭത്തിൽ വീടുകൾ പൂർണ്ണമായി തകർന്ന കുടുംബങ്ങളിൽ ലൈഫ് 2020 പ്രകാരം ഓൺലൈനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളവരുടെ അപേക്ഷ അർഹതാ പരിശോധനയ്ക്കുശേഷം ലൈഫ് മാനദണ്ഡപ്രകാരം ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുന്ന ഗുണഭോക്താക്കൾക്ക് 08-11-2021-ലെ സ.ഉ (സാധാ) നം. 2255/2021/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിന് വിധേയമായി ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നതിന് നിലവിൽ തടസ്സങ്ങളില്ല.

**പ്രകൃതിക്ഷോഭങ്ങൾ മൂലമുണ്ടായ നാശനഷ്ടം**

315 (5031) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പ്രകൃതിക്ഷോഭംമൂലം നാളിതുവരെ ഉണ്ടായ നാശനഷ്ടങ്ങൾ മരണങ്ങൾ, കൃഷി നാശം, വീട് നഷ്ടപ്പെടവർ എന്നിവയെ സംബന്ധിച്ച വിശദാംശം നൽകുമോ?

ഈ സർക്കാർ അധികാരമേറ്റശേഷം പ്രകൃതിക്ഷോഭംമൂലം 146 പേർ മരണമടയുകയും 12889.461 ഹെക്ടർ സ്ഥലത്ത് 4039.1975 ലക്ഷം രൂപയുടെ കൃഷിനാശവും 29821 പേരുടെ വീടുകൾക്ക് പൂർണ്ണമായോ ഭാഗികമായോ നാശനഷ്ടം സംഭവിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഇവമൂലം സംസ്ഥാനത്തിനുണ്ടായ സാമ്പത്തിക ബാധ്യത എത്ര?

പ്രകൃതിക്ഷോഭംമൂലം സംസ്ഥാനത്തിന് ഉദ്ദേശം 325,58,77,769/- രൂപയുടെ സാമ്പത്തിക നഷ്ടമുണ്ടായിട്ടുണ്ട്.

(സി) ഇതുമായി ബന്ധപ്പെട്ട് എത്ര കോടി രൂപയുടെ കേന്ദ്രസഹായം അഭ്യർത്ഥിച്ചു; എത്ര ലഭ്യമായി; വിശദാംശം ലഭ്യമാക്കുമോ?

കേന്ദ്രസഹായം അഭ്യർത്ഥിച്ചിട്ടില്ല.

(ഡി) ഇതുമായി ബന്ധപ്പെട്ട് എത്ര പേർക്ക് ധനസഹായം നൽകി; എത്ര പേർക്ക് വീട് നിർമ്മിച്ച് നൽകാനുള്ള നടപടി സ്വീകരിച്ചു;

എന്തൊക്കെ പുനർനിർമ്മാണ പ്രവൃത്തികൾ നടത്തി; ഇതിനൊക്കെ എന്ത് തുക ചെലവായി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

പ്രകൃതിക്ഷോഭംമൂലം പൂർണ്ണമായും ഭാഗികമായും നാശനഷ്ടങ്ങളുണ്ടായ 29375 വീടുകൾക്ക് 103,94,40,421/- രൂപ അനുവദിച്ചിട്ടുണ്ട്.

## കോവിഡ് മൂലം മരണപ്പെടുന്ന കുടുംബങ്ങളിലെ ആശ്രിതർക്ക് ധനസഹായം

316 (5032) <u>ശ്രീ. എം. നൗഷാദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മൂലം മരണപ്പെടുന്ന ബി.പി.എൽ. കുടുംബങ്ങളിലെ ആശ്രിതർക്ക് സംസ്ഥാന സർക്കാർ നൽകുന്ന ധനസഹായത്തിന്റെ മാനദണ്ഡം എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

കോവിഡ് ബാധിച്ച് മരണപ്പെട്ട വ്യക്തിയെ ആശ്രയിച്ച് കഴിയുന്ന ബി.പി.എൽ. കുടുംബങ്ങൾക്ക് പ്രതിമാസം 5,000/- രൂപ വീതം 36 മാസ കാലയളവിൽ നൽകുന്നതിന് റവന്യൂ (ഡി.ആർ.എഫ്.-എ) വകുപ്പിന്റെ 22-10-2021-ലെ സ.ഉ. (കൈ) 203/2021/റവ. ഉത്തരവുപ്രകാരം മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. (അനുബന്ധമായി ചേർത്തിരിക്കുന്നു+)

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇരവിപുരം നിയോജക മണ്ഡലത്തിൽ പ്രസ്തുത ധനസഹായത്തിനായി എത്ര പേർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്; പ്രസ്തുത അപേക്ഷകരിൽ ധനസഹായത്തിന് അർഹരായവർ എത്രയാണെന്ന് വിശദമാക്കാമോ?

നിയോജകമണ്ഡലം തിരിച്ചുള്ള അപേക്ഷകളുടെ കണക്കുകൾ സൂക്ഷിക്കുന്നില്ല. ഇരവിപുരം നിയോജക മണ്ഡലത്തിൽ പൂർണ്ണമായും ഭാഗികമായും ഉൾപ്പെട്ടുവരുന്ന വില്ലേജ് തിരിച്ചുള്ള അപേക്ഷകരുടെ വിവരം താഴെ കൊടുക്കുന്നു.

| **ക്രമ നമ്പർ** | **വില്ലേജ്** | **അപേക്ഷകരുടെ എണ്ണം** |
|---|---|---|
| 1 | ഇരവിപുരം | 64 |
| 2 | വടക്കേവിള | 72 |
| 3 | കിളികൊല്ലൂർ | 57 |
| 4 | മങ്ങാട് | 28 |
| 5 | മയ്യനാട് | 61 |
| 6 | മുണ്ടയ്ക്കൽ | 48 |
| 7 | തഴുത്തല | 34 |
| 8 | കൊല്ലം ഈസ്റ്റ് | 29 |
| | **ആകെ** | **393** |

ടി വില്ലേജ് ആഫീസുകളിൽ ആകെ ലഭിച്ച 393 അപേക്ഷകളിൽ 35 പേർക്ക് ധനസഹായം അനുവദിച്ചിട്ടുള്ളതും 67 അപേക്ഷകൾ നിരസിച്ചിട്ടുള്ളതും ബാക്കി 291 അപേക്ഷകളിൽ പരിശോധനകൾ വിവിധ തലങ്ങളിൽ നടന്നുവരുന്നതുമാണ്.

**സജ്ജം പദ്ധതി**

317 (5033) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദുരന്ത നിവാരണ ലഘൂകരണ സാക്ഷരതയുടെ കീഴിൽ ആസൂത്രണം ചെയ്ത സജ്ജം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

ദുരന്ത ലഘൂകരണ സാക്ഷരതയുടെ ഭാഗമായി ആസൂത്രണം ചെയ്ത സജ്ജം പദ്ധതി 14-ാം പഞ്ചവൽസര പദ്ധതിയുടെ ഭാഗമാക്കിയിട്ടുണ്ട്. ഓരോ കുടുംബവും ദുരന്ത പ്രതിരോധ ശേഷിയുള്ളവയാകണമെന്ന ലക്ഷ്യത്തിലാണ് സജ്ജം തയ്യാറാക്കിയിട്ടുള്ളത്. ഓരോ വീട്ടിലും ദുരന്ത ലഘൂകരണ സന്ദേശങ്ങളും മാർഗ്ഗങ്ങളും സംബന്ധിച്ച സമഗ്രമായ സന്ദേശങ്ങൾ എത്തിക്കുകയും കേരളത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ദുരന്ത പ്രതിരോധശേഷി കൈവരിക്കുന്നതിന് സഹായിക്കുന്ന ദുരന്ത

ലഘൂകരണ പരീക്ഷണശാലകളായി പ്രഖ്യാപിച്ച് പദ്ധതികളും നിരീക്ഷണ പരീക്ഷണ സംവിധാനങ്ങളും സ്ഥാപിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. വിവിധ വകുപ്പുകളിലൂടെയാണ് ദുരന്ത നിവാരണ അതോറിറ്റി ഈ പദ്ധതി നടപ്പാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്.

**പെരുന്തിരുത്തി-വാടിക്കൽ തൂക്കുപാലം നന്നാക്കുന്നതിനുള്ള നടപടികൾ**

318 (5034) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിലെ പുറത്തൂർ-മംഗലം പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന പെരുന്തിരുത്തി-വാടിക്കൽ തൂക്കുപാലം കൈവരികളും മറ്റും തകർന്ന് അപകടാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ദിനംപ്രതി നൂറ് കണക്കിന് വിദ്യാർത്ഥികളടക്കമുള്ള യാത്രക്കാർ സഞ്ചരിക്കുന്ന പ്രസ്തുത പാലം അടിയന്തരമായി നന്നാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാലത്തിന്റെ അറ്റകുറ്റപ്പണികൾക്കായി 67,31,000/- രൂപ ചെലവുവരുന്ന എസ്റ്റിമേറ്റ്

14-06-2022-ന് മലപ്പുറം എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ മലപ്പുറം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ പാലത്തിന്റെ അറ്റകുറ്റപ്പണികൾക്കായുള്ള 67,31,000/- രൂപ അനുവദിച്ച് തരുവാൻ മലപ്പുറം ജില്ലാ കളക്ടർ 01-07-2022-ലെ കത്ത് പ്രകാരം സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതും ആയത് സർക്കാർ പരിശോധിച്ചുവരികയുമാണ്.

## സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഉരുൾപ്പൊട്ടൽ ഉപദേശക സമിതി പഠന റിപ്പോർട്ട്

319 (5035) <u>ശ്രീ. സനീഷ്കുമാർ ജോസഫ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി താലൂക്കിലെ കോടശ്ശേരി ഗ്രാമപഞ്ചായത്തിൽ മണ്ണിടിച്ചിൽ സാധ്യതാ പ്രദേശങ്ങളിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഉരുൾപ്പൊട്ടൽ ഉപദേശക സമിതി പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് എന്നാണ് സമർപ്പിച്ചത്; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

17-03-2022-ൽ റിപ്പോർട്ട് സമർപ്പിച്ചു. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത റിപ്പോർട്ട് അംഗീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് ആരാണ് അംഗീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

പ്രസ്തുത റിപ്പോർട്ട് ജില്ലാ ദുരന്തനിവാരണ അതോറിറ്റി അംഗീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത റിപ്പോർട്ട് സംബന്ധിച്ച് പ്രദേശത്തെ ജനപ്രതിനിധികളുമായി ചർച്ച ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ?

ഇല്ല. ജില്ലാ ദുരന്തനിവാരണ അതോറിറ്റിയിലാണ് ചർച്ച ചെയ്തിട്ടുള്ളത്. ജില്ലാ ദുരന്തനിവാരണ അതോറിറ്റി ദുരന്തനിവാരണ നിയമം 2005 പ്രകാരമുള്ള സ്റ്റാറ്റ്യൂട്ടറി കമ്മിറ്റിയാണ്. ആയതിൽ കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ ജനപ്രതിനിധികൾ അംഗങ്ങളല്ല.

(ഡി) ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് എന്താണെന്ന് അറിയിക്കുമോ?

ജില്ലാ ദുരന്തനിവാരണ അതോറിറ്റി അംഗീകരിച്ച് തുടർനടപടികൾക്കായി കോടശ്ശേരി ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്.

(ഇ) ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ ഏതെങ്കിലും മേഖലയിൽ നിർമ്മാണ പ്രവൃത്തിക്ക് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പുനഃപരിശോധനയ്ക്ക് വിധേയമാക്കുമോ?

ഉണ്ട്. റിപ്പോർട്ടിൽ ന്യൂനതകളുള്ളതിനാൽ സൂക്ഷ്മതലത്തിലുള്ള പഠനം നടത്തണമെന്ന് ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സൂക്ഷ്മതല പഠനം നടത്തുന്നതിനായി 04-05-2022-ന് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയിൽനിന്നുള്ള വിദഗ്ധ സംഘം വിണ്ടും പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് ജില്ലാ ദുരന്തനിവാരണ അതോറിറ്റി പുനഃപരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.

(എഫ്) പ്രസ്തുത ഗ്രാമപഞ്ചായത്തിലെ ഏതെങ്കിലും പ്രദേശങ്ങളിൽ നേരത്തെ നിർമ്മാണ പ്രവൃത്തികൾക്ക് വിലക്കുണ്ടായിരുന്നോ; പ്രസ്തുത പ്രദേശങ്ങൾ മേൽ പരാമർശിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒഴിവായിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ടായിരുന്നു. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയിൽനിന്നുള്ള ഉരുൾപ്പൊട്ടൽ ഉപദേശക സമിതിയുടെ റിപ്പോർട്ടിലുള്ള സർവ്വെ നമ്പറുകൾ മാത്രം ഉൾപ്പെടുത്തി നിർമ്മാണ നിയന്ത്രണം പരിമിതപ്പെടുത്തിയിട്ടുണ്ട്.

(എച്ച്) പ്രസ്തുത റിപ്പോർട്ട് കോടഞ്ചേരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 13-04-2022 തീയതിയിലെ 4(1) നമ്പർ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർപഠനങ്ങൾക്കുശേഷം നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ; അതുവരെ നിർമ്മാണ പ്രവൃത്തികൾക്കുള്ള വിലക്ക് പിൻവലിക്കുമോ?

റിപ്പോർട്ടിൽ ന്യൂനതകളുള്ളതിനാൽ സൂക്ഷ്മതലത്തിലുള്ള പഠനം നടത്തണമെന്ന് ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സൂക്ഷ്മതലത്തിൽ പഠനം നടത്തുന്നതിനായി 04-05-2022-ന് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. പഠനം നടത്തി റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് മാത്രമേ നിർമ്മാണപ്രവൃത്തികൾക്കുള്ള നിയന്ത്രണത്തിൽ തീരുമാനമെടുക്കുകയുള്ളൂ.

**ഓട്ടോമാറ്റിക് വെതർ സ്റ്റേഷൻ നിർമ്മാണം**

320 (5036) <u>ശ്രീ. ഒ. ആർ. കേളു:</u>
<u>ശ്രീമതി ദെലീമ:</u>
<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:</u>

ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിവൃഷ്ടി, കാറ്റ് തുടങ്ങിയവ കാരണമുണ്ടാകുന്ന ദുരന്ത സാധ്യത മുൻകൂട്ടി മനസ്സിലാക്കി മുൻകരുതൽ സ്വീകരിക്കുന്നതിനും കാലാവസ്ഥാ പ്രവചനം കൃത്യതയുള്ളതാക്കുന്നതിനും കാലാവസ്ഥാ വകുപ്പ് സ്ഥാപിക്കാമെന്നേറ്റിരുന്ന 100 ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ; ആവർത്തിച്ചുണ്ടായ ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ ഇതിനായുള്ള പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കാൻ ആവശ്യപ്പെട്ടുമോ; വ്യക്തമാക്കാമോ?

18-10-2019-ലെ സ.ഉ (സാധാ) നമ്പർ 725/2019/ഡി.എം.ഡി. പ്രകാരം സർക്കാർ 100 ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകൾ സംസ്ഥാനത്തിന് അനുവദിച്ച് നൽകുകയുണ്ടായി. ആയതിൽ 15 ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകൾ ജൂലൈ 2020-ഓടുകൂടി സ്ഥാപിക്കുകയും ബാക്കിയുള്ള 85 എണ്ണത്തിൽ 44 എണ്ണം 14-07-2022-ഓടുകൂടി സ്ഥാപിക്കുകയുമുണ്ടായി. ശേഷിക്കുന്ന 41 ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകൾ സ്ഥാപിക്കുന്ന നടപടികൾ ആഗസ്റ്റ് 2022-ഓടുകൂടി പൂർത്തിയാക്കുന്നതാണ്. സംസ്ഥാനത്തിന്റെ നിരന്തര ആവശ്യപ്രകാരമാണ് കേന്ദ്ര കാലാവസ്ഥ വകുപ്പ് മേൽ പ്രവൃത്തികൾ ത്വരിതപ്പെടുത്തിയത്.

(ബി) വെതർ സ്റ്റേഷന് ആവശ്യമായ സ്ഥലങ്ങൾ കണ്ടെത്തി നൽകിയിരുന്നോ; വ്യക്തമാക്കാമോ?

സംസ്ഥാന സർക്കാർ വെതർ സ്റ്റേഷനുകൾക്കാവശ്യമായ 138 സ്ഥലങ്ങൾ കണ്ടെത്തി നൽകുകയും ആയതിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പിലെ ഉദ്യോഗസ്ഥർ ഫീൽഡ് വിസിറ്റ് നടത്തി അനുയോജ്യമായ 100 സൈറ്റുകൾ കണ്ടെത്തുകയും അവിടെ നിർമാണ പ്രവൃത്തികൾ നടത്തിവരുകയും ചെയുന്നു.

(സി) പരിസ്ഥിതി സംരക്ഷണ ബോധം ജനങ്ങളിൽ സൃഷ്ടിക്കുന്നതോടൊപ്പം ആപത്ഘട്ടങ്ങളിൽ സ്വീകരിക്കേണ്ട മുൻകരുതൽ നടപടികൾ സംബന്ധിച്ചും ബോധവൽക്കരണം നടത്തുന്നുണ്ടോ; വിശദമാക്കാമോ?

കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ വിവിധ കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പുറത്തിറക്കുന്ന ഓറഞ്ച് ബുക്കുമായി ബന്ധപ്പെട്ട് നൽകുന്ന പരിശീലനങ്ങൾ, എല്ലാ ജില്ലകളിലും വിവിധ ദുരന്തങ്ങളെ ആസ്പദമാക്കിയുള്ള മോക്ക് ഡ്രില്ലുകൾ, സംവിധാനത്തിനെ

സുസജ്ജമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ മുതലായവ നടപ്പിലാക്കി വരുന്നുണ്ട്.

സംസ്ഥാനതലത്തിൽ വിവിധതലങ്ങളിലുള്ള പരിശീലന പരിപാടികൾ, ഡിസേബിൾഡ് ആയിട്ടുള്ള വ്യക്തികൾക്കുള്ള പരിശീലന പരിപാടികൾ, ട്രാൻസ്ജെൻഡർ വ്യക്തികൾക്കായുള്ള അവബോധ പരിശീലന പരിപാടികൾ, കുട്ടികൾക്കായുള്ള പ്രത്യേക സ്കൂൾ സേഫ്റ്റി പരിപാടികൾ, വിവിധ വോളന്റിയർ ഗ്രൂപ്പുകൾക്കുള്ള പരിശീലനങ്ങൾ, ചെറിയ കുട്ടികൾക്കായുള്ള ക്യാമ്പയിൻ, പൊതുജനങ്ങൾക്കായുള്ള മൺസൂൺ ചർച്ചകൾ (വിവിധതലങ്ങളിൽ ദുരന്തങ്ങളെ നേരിടാനുള്ള മുന്നൊരുക്കത്തിനുള്ള നിർദ്ദേശങ്ങൾ), സോഷ്യൽ മീഡിയ വഴിയുള്ള പോസ്റ്ററുകൾ, ബ്രോഷറുകൾ മുതലായവ വഴിയുള്ള ബോധവൽക്കരണം, മുന്നറിയിപ്പുകൾ പൊതുജനങ്ങൾക്ക് മനസ്സിലാകുന്നവിധത്തിൽ വിവിധ മീഡിയകളിലൂടെ പുറത്തിറക്കുക, NGO-യുമായി ഒത്തുചേർന്ന് വിവിധ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനുള്ള ഇന്റർഏജൻസി ഗ്രൂപ്പുകളെ മോണിറ്റർ ചെയ്യുക, ആപ്തമിത്ര, NSS മുതലായ വോളന്റിയർ ഗ്രൂപ്പുകൾക്കുള്ള പരിശീലനം മുതലായവയും നടപ്പിലാക്കിവരുന്നുണ്ട്. കേന്ദ്ര ദുരന്ത ലഘൂകരണ പദ്ധതി 2019 പ്രകാരം പ്രളയ സാധ്യതാ പ്രദേശങ്ങളുടെ

സൂക്ഷ്മ ഭൂപടങ്ങൾ തയ്യാറാക്കി നൽകേണ്ടത് കേന്ദ്ര സർക്കാർ നിയോഗിച്ചിട്ടുള്ള സ്ഥാപനങ്ങളാണ്. ഇവ തയ്യാറാക്കുന്നതിൽ കാലതാമസം നേരിടുന്നതിനാൽ യു.എൻ.ഇ.പി., യു.എൻ. ഗ്രിഡ്, ച്ചിമ ഫൗണ്ടേഷൻ ഇറ്റലി എന്നിവരുടെ സഹായത്തോടെ 10 വർഷ പ്രളയ ആവർത്തന സാധ്യത, 25 വർഷ പ്രളയ ആവർത്തന സാധ്യത, 50 വർഷ പ്രളയ ആവർത്തന സാധ്യത, 100 വർഷ പ്രളയ ആവർത്തന സാധ്യത, 200 വർഷ പ്രളയ ആവർത്തന സാധ്യത, 500 വർഷ പ്രളയ ആവർത്തന സാധ്യത പ്രദേശങ്ങളുടെ സൂക്ഷ്മ ഭൂപടങ്ങൾ തയ്യാറാക്കി ഓരോ തദ്ദേശഭരണ സ്ഥാപനത്തിലെയും പ്രളയ സാധ്യതാ പ്രദേശം, അതാത് പ്രളയ സാധ്യതാ പ്രദേശത്ത് ഉണ്ടാകാവുന്ന പ്രളയജല ഉയരം എന്നിവ പൊതുജനങ്ങൾക്കായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഡി) ആപത്ഘട്ടങ്ങളിൽ സത്വര പ്രതികരണത്തിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനത്തെക്കുറിച്ച് അറിയിക്കാമോ?

ആപത്ഘട്ടങ്ങളിൽ ദുരന്തപ്രതികരണത്തിനായി തദ്ദേശ തലത്തിൽ ERT (എമർജൻസി റെസ്പോൺസ് ടീം) തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാനതലത്തിൽ സിവിൽ ഡിഫെൻസിനോട് ചേർന്ന് കേരളത്തിലെ യുവാക്കളെ ഉൾപ്പെടുത്തിക്കൊണ്ട് സന്നദ്ധസേനയും തയ്യാറായിട്ടുണ്ട്. ദേശീയ ദുരന്തനിവാരണ അതോറിറ്റിയുടെയും സംസ്ഥാന ദുരന്തനിവാരണ

അതോറിറ്റിയുടെയും നേതൃത്വത്തിൽ കേരള ഫയർ ആൻഡ് റെസ്ക്യൂ വകുപ്പിന്റെ സഹായത്തോടെ കോട്ടയം ജില്ലയിൽ “ ആപ്തമിത്ര" എന്ന പരിശീലനം ലഭിച്ച സന്നദ്ധസേനയും തയ്യാറാണ്. ആപ്തമിത്ര മറ്റ് ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## പുനരധിവസിപ്പിക്കുന്നതിന് പ്രത്യേക പാക്കേജ്

321 (5037) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കയം വില്ലേജിൽ മൂതകുറിശി ചോലയിൽകുന്ന് കളപുരയ്ക്കൽ വീട്ടിൽ ശ്രീമതി വത്സലയെയും കുടുംബത്തെയും അപകടഭീഷണിയുള്ള വീട്ടിൽനിന്നും മാറ്റി പാർപ്പിക്കുന്നതിന് പാലക്കാട് ജില്ലാ കളക്ടർ 13-05-2022-ൽ ദുരന്തനിവാരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്കും ലാൻഡ് റവന്യൂ കമ്മീഷണർക്കും നൽകിയ ശിപാർശയിന്മേൽ സ്വീകരിച്ച നടപടി ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കുടുംബത്തെ അടിയന്തരമായി പുനരധിവസിപ്പിക്കുന്നതിനും പ്രത്യേക പാക്കേജ് അനുവദിച്ച് ധനസഹായം നൽകുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പുനരധിവാസ പ്രവർത്തനം എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

(എ-സി) 16-07-2022-ലെ സ.ഉ(സാധാ)നം. 570/2022/ഡി.എം.ഡി. പ്രകാരം പാലക്കയം വില്ലേജിലെ മൂതുകുറിശ്ശി ചോലയിൽകുന്ന് കളപുരയ്ക്കൽ വീട്ടിൽ ശ്രീമതി വത്സലയേയും കുടുംബത്തേയും ഉൾപ്പെടെ 29 കുടുംബങ്ങളെ അപകടഭീഷണിയുള്ള സ്ഥലത്തുനിന്നും മാറ്റിപ്പാർപ്പിക്കുന്നവരുടെ പട്ടികയിൽ ഉൾപ്പെടുത്തി സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്.

## പ്രകൃതിദുരന്തങ്ങൾ സംബന്ധിച്ച് പഠനം

322 (5038) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രകൃതിദുരന്തങ്ങൾ കൂടിവരുന്നതിന്റെ കാരണങ്ങൾ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. 22-08-2019-ലെ സ.ഉ(സാധാ) നം. 42/2019/എസ് &ടി. ഉത്തരവ് പ്രകാരം ശാസ്ത്ര സാങ്കേതിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു സമിതിയെ ഉരുൾപ്പൊട്ടൽ, വെള്ളപ്പൊക്കം,

കാലാവസ്ഥാ വ്യതിയാനം എന്നിവയെ സംബന്ധിച്ച് പഠിക്കുവാൻ നിയോഗിച്ചു. പ്രസ്തുത സമിതിയുടെ പഠന റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) പ്രകൃതി ദുരന്തങ്ങളുണ്ടായാൽ അവയെ നേരിടുന്നതിനും ദുരന്ത ലഘൂകരണത്തിനുമായി എന്തൊക്ക സജ്ജീകരണങ്ങളും സംവിധാനങ്ങളുമാണ് നിലവിൽ ഒരുക്കിയിട്ടുള്ളതെന്നും ഇനി എന്തൊക്കെ സംവിധാനങ്ങളാണ് ഒരുക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ വിവിധ കർമ്മപദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കിവരികയും ചെയ്യുന്നുണ്ട്. ദുരന്ത നിവാരണം എന്നത് ദുരന്ത പ്രതികരണം മാത്രമല്ല, ദീർഘ വീക്ഷണത്തോടെ ദുരന്ത സാഹചര്യങ്ങളെ വിലയിരുത്തുകയും ദുരന്ത സാധ്യത പരിഗണിച്ചുകൊണ്ടുള്ള വികസന പരിപ്രേക്ഷ്യം മുന്നോട്ടുവയ്ക്കുകയും ചെയ്യുക എന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ദുരന്ത നിവാരണ പ്ലാൻ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച് അവബോധവും അതിനനുസരിച്ച് പദ്ധതികൾ ആസൂത്രണം ചെയ്യാനുള്ള പരിശീലനങ്ങൾ, തദ്ദേശതല കാലാവസ്ഥാ വ്യതിയാന വിവര ലഭ്യമാക്കൽ പദ്ധതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നതാണ്. ഭിന്നശേഷിക്കാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള കേരളത്തിന്റെ ദുരന്ത ലഘൂകരണ പദ്ധതി, ദുരന്തസാധ്യതാ മേഖലകളിൽനിന്ന് കുടുംബം ഒന്നിന് 10 ലക്ഷം രൂപ നൽകി ജനങ്ങളെ സുരക്ഷിത മേഖലകളിലേയ്ക്ക് മാറ്റാനുള്ള പദ്ധതി, ദുരന്ത സാഹചര്യങ്ങളിൽ ഓരോ വിഭാഗത്തിന്റെയും ഉത്തരവാദിത്തം വിവരിക്കുന്ന ഓറഞ്ച് ബുക്കിന്റെ രൂപീകരണം എന്നിവ ഈ പ്രവർത്തനങ്ങളിൽ ചിലതാണ്. ദുരന്ത നിവാരണം തദ്ദേശതലത്തിൽ എത്തിക്കുന്നതിന് ആരംഭിച്ച 'നമ്മൾ നമുക്കായി' എന്ന പ്രവർത്തനം കൂടുതൽ സാങ്കേതിക മികവോടുകൂടി കിലയും ദുരന്ത നിവാരണ അതോറിറ്റിയും ചേർന്ന് മുന്നോട്ടുകൊണ്ടുപോകുന്നു. തദ്ദേശസ്വയംഭരണ വകുപ്പ് വികസിപ്പിക്കുന്ന ദുരന്ത-കാലാവസ്ഥാ വ്യതിയാന അനുരൂപീകരണ പ്രവർത്തന നിരീക്ഷണ സോഫ്റ്റ്‌വെറിൽ (DCAT Tool- Disaster & Climate Action Tracking Tool) ആവശ്യമായ തദ്ദേശ സ്ഥാപനങ്ങളുടെ ദുരന്ത സാധ്യതാ റാങ്കിംഗ്, തദ്ദേശതല കാലാവസ്ഥാ വ്യതിയാന വിവരം എന്നിവ തയ്യാറാക്കി നൽകുവാൻ സാധിച്ചു.

യു.എൻ.ഇ.പി., യു.എൻ. ഗ്രിഡ്, ച്ചിമ ഫൗണ്ടേഷൻ ഇറ്റലി എന്നിവരുടെ സഹായത്തോടെ 10 വർഷ പ്രളയ ആവർത്തന സാധ്യത, 25

വർഷ പ്രളയ ആവർത്തന സാധ്യത, 50 വർഷ പ്രളയ ആവർത്തന സാധ്യത, 100 വർഷ പ്രളയ ആവർത്തന സാധ്യത, 200 വർഷ പ്രളയ ആവർത്തന സാധ്യത, 500 വർഷ പ്രളയ ആവർത്തന സാധ്യത പ്രദേശങ്ങളുടെ സൂക്ഷ്മ ഭൂപടങ്ങൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഓരോ തദ്ദേശ സ്ഥാപനത്തിന്റെയും പരിധിയിൽവരുന്ന പ്രളയ സാധ്യതാ പ്രദേശം, അതാത് പ്രളയ സാധ്യതാ പ്രദേശത്തുണ്ടാകാവുന്ന പ്രളയജല ഉയരം എന്നിവ പൊതുജനങ്ങൾക്കായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. തീവ്ര അളവിലുള്ള ഹരിതഗൃഹ വാതകങ്ങളുടെ ബഹിർഗമന സാധ്യതകൾക്കനുസൃതമായ കാലാവസ്ഥാ വ്യതിയാന സാഹചര്യംമൂലം മഴയിൽ ഉണ്ടാകാവുന്ന വ്യതിയാനം പരിഗണിച്ചുകൊണ്ടും ഇതേ ആവർത്തന സാധ്യതകൾക്ക് അനുസരിച്ചുള്ള പ്രളയ ഭൂപടങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

വികേന്ദ്രീകൃത ദുരന്ത ലഘൂകരണ ഭരണ-മേൽനോട്ട സംവിധാനത്തിന്റെ ഭാഗമായി 'നമ്മൾ നമുക്കായി' എന്ന വിപുലമായ പദ്ധതിയിലൂടെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ദുരന്ത സാഹചര്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുകയും അവ ഉപയോഗപ്പെടുത്തി ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കുകയും തദ്ദേശ ദുരന്ത ലഘൂകരണ മേൽനോട്ട കമ്മിറ്റികൾ രൂപീകരിക്കുകയും തദ്ദേശ സ്ഥാപനങ്ങളിലെ സന്നദ്ധ പ്രവർത്തകരെ

ഏകോപിപ്പിച്ച് എമർജൻസി റെസ്പോൺസ് ടീമുകളെ സജ്ജീകരിക്കുകയും ചെയ്തു. കൂടാതെ ദീർഘകാലാടിസ്ഥാനത്തിൽ കൂടുതൽ സൂക്ഷ്മമായ കാലാവസ്ഥാ വ്യതിയാന അവലോകനം നടത്തി, അവയോടനുബന്ധിച്ച് ദുരന്ത സാധ്യതകൾ സൂക്ഷ്മതലത്തിൽ കണ്ടെത്തി തദ്ദേശതലത്തിൽ ലഭ്യമാക്കുന്നതിന് ഡച്ച് സർക്കാരുമായി സഹകരിച്ച് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും കിലയും സഹകരണം ആരംഭിച്ചിട്ടുണ്ട്. തദ്ദേശതലത്തിൽ ദിനാന്തരീക്ഷ സാഹചര്യങ്ങൾ സംബന്ധിച്ച വിവരങ്ങളും അതോടനുബന്ധിച്ചുള്ള ദുരന്ത മുന്നറിയിപ്പുകളും നല്കുന്നതിനുള്ള സംവിധാനം വികസിപ്പിച്ചുവരുന്നു. ദുരന്ത നിവാരണ അതോറിറ്റിക്ക് ലഭ്യമായ കാലാവസ്ഥാ വിവരങ്ങൾ ജലവിഭവ വകുപ്പിന് നൽകുകയും പ്രസ്തുത വകുപ്പ് ഇവ പ്രളയ മുന്നറിയിപ്പ് സാങ്കേതികവിദ്യാ വികസനത്തിനായി ഉപയോഗിക്കുകയും ചെയ്യുന്നു. ജലവിഭവ വകുപ്പ് നേതൃത്വം നൽകുന്ന പമ്പ, പെരിയാർ നദികളുടെ പ്രളയ മുന്നറിയിപ്പ് സാങ്കേതികവിദ്യ വികസന പ്രവർത്തനത്തിൽ ദുരന്ത നിവാരണ അതോറിറ്റി ഗണ്യമായ സാങ്കേതിക സംഭാവന നല്കിയിട്ടുണ്ട്. ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ, കേരള സർവ്വകലാശാല എന്നിവരുമായി സഹകരിച്ച് ഉരുൾപൊട്ടൽ മുന്നറിയിപ്പ് സാങ്കേതികവിദ്യ തയ്യാറാക്കുന്ന പ്രവർത്തനം ആരംഭിച്ചു. സംസ്ഥാന

സവിശേഷ ദുരന്തമായ ഇടിമിന്നൽ സംബന്ധിച്ച സമഗ്ര വിവരങ്ങൾ ഉൾപ്പെടുത്തി ഇടിമിന്നൽ ആക്ഷൻ പ്ലാൻ പ്രസിദ്ധീകരിച്ച് വിവിധ വകുപ്പുകൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ആവശ്യമായ അവബോധ പ്രവർത്തനം നടത്തി. Earth Networks എന്ന സ്വകാര്യ ഇടിമിന്നൽ നിരീക്ഷണ, പ്രവചന കമ്പനിയിൽനിന്നും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ലഭ്യമാക്കിയ സേവനത്തിലൂടെ കേരളത്തിൽ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും മേഘത്തിൽനിന്നും ഭൂമിയിലേയ്ക്കുള്ള എത്ര ഇടിമിന്നൽ ഓരോ മാസവും ഉണ്ടാകുന്നുവെന്ന വിവരങ്ങൾകൂടി പരിശോധിച്ചാണ് ഈ ആക്ഷൻ പ്ലാൻ തയ്യാറാക്കിയത്.

2020-21 കാലഘട്ടത്തിൽ 3 സ്വകാര്യ സ്ഥാപനങ്ങളുടെ വിവിധ ദിനാവസ്ഥാ നിരീക്ഷണം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ശേഖരിച്ചിരുന്നു. Skymet എന്ന സ്ഥാപനത്തിൽനിന്നും 100 ഓട്ടോമാറ്റിക് ദിനാവസ്ഥാ നിരീക്ഷണ കേന്ദ്രങ്ങളിൽനിന്നുള്ള വിവരങ്ങളും Earth Networks-ൽനിന്നും ഇടിമിന്നൽ നിരീക്ഷണവും പ്രവചനവും IBM-ൽ നിന്നും സൂക്ഷ്മ ദിനാവസ്ഥാ പ്രവചനവുമാണ് ലഭ്യമാക്കിയത്. ഇവ പരിശോധിച്ചതിൽനിന്നും Skymet, Earth Networks എന്നിവരുടെ സേവനം തുടരുവാനും ലഭ്യമാകുന്ന വിവരങ്ങൾ പൊതുസമൂഹത്തിൽ നൽകുവാനും

വിദഗ്ധ സമിതിയുടെകൂടി അഭിപ്രായം പരിഗണിച്ച് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ആഗോളതലത്തിൽ ലഭ്യമായ മറ്റ് ദിനാവസ്ഥാ നിരീക്ഷണ പ്രവചന സാങ്കേതികവിദ്യ സ്വായത്തമാക്കുവാനും ശ്രമിക്കുന്നുണ്ട്. കേന്ദ്ര കാലാവസ്ഥാ വകുപ്പിനോട് 100 ഓട്ടോമാറ്റിക് ദിനാവസ്ഥാ നിരീക്ഷണ കേന്ദ്രങ്ങൾ കേരളത്തിൽ സ്ഥാപിക്കണമെന്ന് 2019-ൽ നിർദ്ദേശിച്ചിരുന്നു. പ്രസ്തുത ആവശ്യത്തിനായി സ്ഥലവും ഏറ്റെടുത്ത് നല്കി. നിലവിൽ ഇവയിൽ 59 എണ്ണം സ്ഥാപിക്കുകയും ബാക്കി സ്ഥാപിക്കുന്നതിന്റെ പ്രവർത്തനം നടന്നുവരികയുമാണ്.

സംസ്ഥാനത്തെ എല്ലാ കോവിഡ് ആശുപത്രികളിലും (സർക്കാർ, സ്വകാര്യ) ദ്രുതസുരക്ഷാ ഓഡിറ്റ് (ആർ.എസ്.എ.) നടത്തുവാനുള്ള മാർഗ്ഗ രേഖ തയ്യാറാക്കി, ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളുടെ നേതൃത്വത്തിൽ ഓഡിറ്റ് നടത്തി. ആശുപത്രികളിലെ ഓക്സിജൻ ചോർച്ച തടയുന്നതിനുള്ള സുരക്ഷാ പ്രോട്ടോക്കോളുകളുടെ സമാഹാരം തയ്യാറാക്കി പ്രസിദ്ധീകരിക്കുകയും എല്ലാ ആശുപത്രികളിലും ഇവ പാലിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

സ്കൂൾ സേഫ്റ്റിയുമായി ബന്ധപ്പെട്ടുള്ള പരിശീലന പരിപാടികൾ എല്ലാ ജില്ലകളിലുമുള്ള അദ്ധ്യാപകർക്കായി നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽത്തന്നെ

ഓരോ സ്കൂളും ഡെവലപ് ചെയ്യേണ്ട സ്കൂൾ ദുരന്ത നിവാരണ പ്ലാനുകൾ കുട്ടികളുമായി ചേർന്നുകൊണ്ട് നിർമ്മിക്കണമെന്നുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. യൂണിസെഫുമായി ചേർന്നുകൊണ്ട് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ ദുരന്ത സാക്ഷരതയ്ക്കായുള്ള അനിമേഷൻ വീഡിയോകൾ ഡെവലപ് ചെയ്തുകൊണ്ടിരിക്കുകയാണ്. യുവാക്കളും വിദ്യാർത്ഥികളും ദുരന്ത നിവാരണ, പ്രതികരണ പ്രവർത്തനങ്ങളിൽ അവബോധമുള്ളവരായിത്തീരുക എന്ന ലക്ഷ്യത്തോടെ ഓൺലൈൻ ക്ലാസ്സുകൾ വിവിധ ദുരന്ത പ്രതികരണ പ്രതിരോധ വിഷയങ്ങളിലായി എല്ലാമാസവും നടപ്പിലാക്കിവരുന്നുണ്ട്. ചെറിയ കുട്ടികൾക്കായി 'സതീർത്ഥ്യൻ' എന്നപേരിൽ പാവകളി, കഥ, പാട്ടുകൾ മുതലായവ ഉൾപ്പെടുത്തിക്കൊണ്ട് ദുരന്ത നിവാരണ സാക്ഷരതയ്ക്കായി 2020 മുതൽ ക്യാമ്പയിനായി നടത്തിവരുന്നു. കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച് എല്ലാ വർഷവും ക്ലൈമറ്റ് ലീഡർഷിപ്പ് പ്രോഗ്രാം സ്കൂൾ, കോളേജ് കുട്ടികൾക്കായി നടത്താറുണ്ട്. കാലാവസ്ഥാ വ്യതിയാനം എങ്ങനെ നമ്മളെ ബാധിക്കുമെന്നത് എല്ലാവരിലേയ്ക്കും എത്തിക്കാനായാണ് ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പാക്കുന്നത്. കുട്ടികൾക്കായുള്ള ഓൺലൈൻ കോഴ്സ് പോലുള്ള കൂടുതൽ പ്രവർത്തനങ്ങൾ നടപ്പിലാക്കാനുള്ള പദ്ധതികൾ

ദുരന്ത നിവാരണ അതോറിറ്റിയുടെയും സ്കോൾ കേരള (SCOLE KERALA)-യുടെയും ആഭിമുഖ്യത്തിൽ ആവിഷ്കരിച്ചുകൊണ്ടിരിക്കുന്നു.

കേരളത്തിൽ 13 താല്ക്കാലിക പുനരധിവാസ കേന്ദ്രങ്ങൾ സ്ഥാപിച്ചു. താഴെത്തട്ടിൽ മുന്നറിയിപ്പ് സംവിധാനം സ്ഥാപിക്കുന്നതിന്റെ ഭാഗമായി ആദ്യ സയറൺ, സ്ട്രോബ്ബ ലൈറ്റ് എന്നിവ മാരാരിക്കുളം താല്ക്കാലിക പുനരധിവാസ കേന്ദ്രത്തിൽ സ്ഥാപിച്ചു. പ്രാദേശികതലങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നുള്ള ദുരന്തനിവാരണ പ്ലാനുകൾ, ഇൻസിഡന്റ് റെസ്പോൺസ് ട്രെയിനിംഗുകൾ മുതലായവ നടപ്പിലാക്കിവരുന്നു. ജില്ലാതലത്തിൽ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കായുള്ള പരിശീലന പരിപാടികൾ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പുറത്തിറക്കുന്ന ഓറഞ്ച് ബുക്കുമായി ബന്ധപ്പെട്ട പരിശീലനങ്ങൾ, എല്ലാ ജില്ലകളിലും വിവിധ ദുരന്തങ്ങളെ ആസ്പദമാക്കിയുള്ള മോക്ക്ഡ്രില്ലുകൾ നടത്തി സംവിധാനത്തിനെ സുസജ്ജമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ മുതലായവ നടപ്പിലാക്കിവരുന്നുണ്ട്. സംസ്ഥാനതലത്തിൽ വിവിധ തലങ്ങളിലുള്ള പരിശീലന പരിപാടികൾ, അംഗപരിമിതരായിട്ടുള്ള വ്യക്തികൾക്കുള്ള പരിശീലന പരിപാടികൾ, ട്രാൻസ്ജെൻഡർ ഗ്രൂപ്പിലുള്ള വ്യക്തികൾക്കായുള്ള അവബോധ പരിശീലന പരിപാടികൾ, കുട്ടികൾക്കായുള്ള പ്രത്യേക സ്കൂൾ

സേഫ്റ്റി പരിപാടികൾ, വിവിധ വോളന്റിയർ ഗ്രൂപ്പുകൾക്കുള്ള പരിശീലനങ്ങൾ, ചെറിയ കുട്ടികൾക്കായുള്ള ക്യാമ്പയിൻ, പൊതുജനങ്ങൾക്കായുള്ള മൺസൂൺ ചർച്ചകൾ (വിവിധതലങ്ങളിൽ ദുരന്തങ്ങളെ നേരിടാനുള്ള മുന്നൊരുക്കത്തിനുള്ള നിർദ്ദേശങ്ങൾ), സോഷ്യൽ മീഡിയവഴിയുള്ള പോസ്റ്ററുകൾ, ബ്രോഷറുകൾ മുതലായവ വഴിയുള്ള ബോധവൽക്കരണം, ഏർലി വാർണിംഗ് പൊതുജനങ്ങൾക്ക് മനസ്സിലാകുന്ന വിധത്തിൽ വിവിധ മീഡിയകളിലൂടെ പുറത്തിറക്കുന്നത് എന്നിവ പൊതുജനങ്ങൾക്കായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. NGO-കളുമായി ചേർന്ന് വിവിധ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനുള്ള ഇന്റർ ഏജൻസി ഗ്രൂപ്പുകളെ മോണിറ്റർ ചെയ്യുക, Aapda mitra, NSS, മുതലായ വോളന്റിയർ ഗ്രൂപ്പുകൾക്കുള്ള പരിശീലനം മുതലായവയും നടപ്പിലാക്കിവരുന്നുണ്ട്.

പൊതുജനങ്ങളുടെ ദുരന്ത പ്രതിരോധ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനായി വിവിധതലങ്ങളിൽ കൃത്യമായ പരിശീലനങ്ങളും നിർദ്ദേശങ്ങളും മഴ മുന്നറിയിപ്പുകൾ, മിന്നൽ മുന്നറിയിപ്പുകൾ, ചൂട്, കാട്ടുതീ, കാറ്റ് മുതലായവയെക്കുറിച്ചുള്ള മുന്നറിയിപ്പുകൾ, വെള്ളപ്പൊക്കസാധ്യത മാപ്പുകൾ, മണ്ണിടിച്ചിൽ സാധ്യത പ്രദേശങ്ങളുടെ മാപ്പുകൾ, ഡാമുകളുടെ

ജലനിരപ്പുകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ, മത്സ്യത്തൊഴിലാളികൾക്കായുള്ള മുന്നറിയിപ്പുകൾ, ഡിസ്എബിലിറ്റി ഉള്ളവർക്കായുള്ള ആംഗ്യഭാഷാ മുന്നറിയിപ്പുകൾ എന്നിവ വിവിധ വീഡിയോകളിലൂടെയും പരസ്യ മാധ്യമങ്ങളിലൂടെയും പൊതുജനങ്ങൾക്കായുള്ള അവബോധ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ഇത്തരം പ്രവർത്തനങ്ങളിലൂടെ ജനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കപ്പെടുന്നു. വിവിധ പ്രവർത്തനങ്ങളുടെ റിപ്പോർട്ടുകൾ, ദിനംപ്രതിയുള്ള അപ്ഡേറ്റുകൾ മുതലായവ ദുരന്ത നിവാരണ അതോറിറ്റിയുടെ വെബ്സൈറ്റ്, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ എന്നിവയിൽ ലഭ്യമാണ്. സന്നദ്ധസേന, സിവിൽ ഡിഫൻസ്, പഞ്ചായത്തുതല ദുരന്ത പ്രതികരണ സംഘം (ERT) എന്നീ പദ്ധതികൾവഴി പൊതുജനങ്ങളെ ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ കൂടുതൽ ഇടപെടുത്താൻ സാധിച്ചിട്ടുണ്ട്. നിരവധി പരിശീലനങ്ങളും ദുരന്ത പ്രതികരണ മാർഗ്ഗങ്ങളും ജനങ്ങളിലേയ്ക്കെത്തിക്കാനും സാധിച്ചിട്ടുണ്ട്.

കേരളത്തിന്റെ 14-ാം പഞ്ചവൽസര പദ്ധതി കാലഘട്ടത്തിൽ ഓരോ കുടുംബങ്ങളെയും ദുരന്ത പ്രതിരോധ പ്രാപ്തിയുള്ളവരാക്കുവാൻ ലക്ഷ്യംവച്ചുള്ള

നടപടികളാണ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ആസൂത്രണം ചെയ്തിട്ടുള്ളത്.

1. ഓരോ വീട്ടിലും ദുരന്ത ലഘൂകരണ സന്ദേശങ്ങളും മാർഗ്ഗങ്ങളും സംബന്ധിച്ച സമഗ്രമായ സന്ദേശങ്ങൾ എത്തിക്കുകയും വിവിധ പദ്ധതികൾ ഇതിനായി ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുക.

2. കേരളത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ദുരന്ത പ്രതിരോധ ശേഷി കൈവരിക്കുന്നതിന് സഹായിക്കുന്ന ദുരന്ത ലഘൂകരണ പരീക്ഷണശാലകളായി പ്രഖ്യാപിച്ച് പദ്ധതികളും നിരീക്ഷണ പരീക്ഷണ സംവിധാനങ്ങളും സ്ഥാപിക്കുക.

3. ഓരോ ബ്ലോക്കിലും അടിയന്തര മുന്നൊരുക്ക ഹബ്ബുകൾ സിവിൽ ഡിഫൻസുമായി ചേർന്ന് സ്ഥാപിക്കുക.

4. സംസ്ഥാന സർക്കാരിന് ദുരന്തങ്ങൾമൂലമുള്ള സാമ്പത്തിക നഷ്ടം കുറയ്ക്കുന്നതിന് ദുരന്ത സാമ്പത്തികഭാര ലഘൂകരണ പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ സാങ്കേതിക സഹായം നല്കുക.

5. കാലാവസ്ഥാ വ്യതിയാന സാഹചര്യങ്ങളെ അടിസ്ഥാനമാക്കി തദ്ദേശതലത്തിൽ അപകടസാധ്യത നിരന്തരം അവലോകനം ചെയ്യുന്ന

സംവിധാനം ഡച്ച് സർക്കാരും ഏഷ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുമായി ചേർന്ന് വികസിപ്പിക്കുക.

6. സയറൺ, സ്ട്രോബ് ലൈറ്റ്, ലൊക്കേഷൻ അധിഷ്ഠിത സന്ദേശമയക്കൽ സംവിധാനം, CAP അലർട്ടുകൾ എന്നിവയുള്ള താഴെത്തട്ടിൽ മുന്നറിയിപ്പുകൾ എത്തിക്കുവാനുള്ള സംവിധാനം സ്ഥാപിക്കുക.

7. എല്ലാ സ്കൂളുകളുടെയും ആശുപത്രികളുടെയും സുരക്ഷാ പദ്ധതികൾ തയ്യാറാക്കുക.

8. ദുരന്ത ലഘൂകരണ മേഖലയിൽ നെതർലാൻഡ്സ്, നോർവെ, അമേരിക്ക എന്നീ രാജ്യങ്ങളുമായി അന്താരാഷ്ട്രതല സഹകരണം കൂടുതൽ ശാക്തീകരിക്കുക.

9. കൂടുതൽ സാങ്കേതിക സംവിധാനങ്ങൾ ദുരന്ത ലഘൂകരണ മേഖലയിൽ കൊണ്ടുവരുവാൻ ആവശ്യമായ സഹായം ഏർപ്പെടുത്തുക.

10. ദുരന്ത ലഘൂകരണ ഗവേഷണത്തിനും തദ്ദേശതലത്തിൽ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾക്കും കൂടുതൽ സാമ്പത്തിക സഹായം നല്കുക.

## നാദാപുരം മണ്ഡലത്തിലെ പ്രകൃതിക്ഷോഭ പുനരധിവാസ പദ്ധതിയിൽ സ്റ്റാമ്പ് ഡ്യൂട്ടി ഇളവ്

323 (5039) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം മണ്ഡലത്തിലെ വാണിമേൽ ഗ്രാമപഞ്ചായത്തിലെ അടുപ്പിൽ എസ്.സി. കോളനിയിൽ 2019-ലെ ഉരുൾപൊട്ടലിൽ വാസസ്ഥലം നഷ്ടപ്പെട്ടവർക്ക് പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി പുരയിടം അനുവദിക്കുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീ എന്നിവ പൂർണ്ണമായും ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

ഭൂരഹിതരായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നുള്ള ധനസഹായം ഉപയോഗിച്ച് ഭൂമി വാങ്ങുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിലും രജിസ്ട്രേഷൻ ഡ്യൂട്ടി ഇനത്തിലും ഇളവ് നൽകി 25-06-2022-ലെ G.O(P)No. 72/2022/Taxes SRO No. 634/22 & G.O(P)No. 71/2022/Taxes SRO No. 633/22 പ്രകാരം ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വടകര താലൂക്കിലെ വാണിമേൽ പഞ്ചായത്തിലെ

അടുപ്പിൽ എസ്.സി. കോളനി നിവാസികളുടെ പുനരധിവാസത്തിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നുള്ള ധനസഹായം ഉപയോഗിച്ച് ഭൂമി വാങ്ങുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീയും ഒഴിവാകുന്നതാണ്.

### മലപ്പുറം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ട്

324 (5040) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ 2022 ജൂൺ 30 വരെ റിവർ മാനേജ്മെന്റ് ഫണ്ടിൽ എത്ര തുകയാണ് ലഭ്യമായത്; വിശദാംശം നൽകുമോ?

2022 ജൂൺ 30 വരെ 1,61,00,410/- (ഒരു കോടി അറുപത്തിയൊന്ന് ലക്ഷത്തി നാനൂറ്റി പത്ത് രൂപമാത്രം) രൂപ മലപ്പുറം ജില്ലയുടെ റിവർ മാനേജ്മെന്റ് ഫണ്ട് അക്കൗണ്ടിൽ ബാക്കിയുണ്ട്.

(ബി) ജില്ലയിലെ ആർ.എം.എഫ്.-ൽനിന്നും തുക അനുവദിക്കുവാനുള്ള എത്ര പ്രൊപ്പോസലുകൾ അംഗീകാരത്തിനായി ലഭിച്ചിട്ടുണ്ട്; എത്രയെണ്ണത്തിന് ഭരണാനുമതി നൽകി; വിശദാംശം നൽകുമോ?

സംസ്ഥാന ഉന്നതതല സമിതിയുടെ അംഗീകാരത്തിനായി 22 പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട്. ടി പ്രൊപ്പോസലുകൾ, ജില്ലാ വിദഗ്ദ്ധ സമിതി പരിശോധിച്ച് ശിപാർശ സഹിതം റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദേശിച്ചുകൊണ്ട് തിരികെ നൽകിയിട്ടുള്ളതാണ്. നിലവിൽ പ്രൊപ്പോസലുകൾക്കൊന്നുംതന്നെ ഭരണാനുമതി നൽകിയിട്ടില്ല.

(സി) മലപ്പുറം ജില്ലയിൽനിന്നും ലഭിക്കുന്ന ഫണ്ട് മറ്റ് ജില്ലകളിലേയ്ക്ക് മാറ്റുന്നതിന് സംസ്ഥാന ഉന്നതാധികാര സമിതി തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തീരുമാനം പുനഃപരിശോധിക്കുമോ; കൂടുതൽ പ്രോജക്ടുകളും ജനസംഖ്യയുമുള്ള ജില്ലയിൽനിന്നും ലഭിക്കുന്ന ഫണ്ട് പ്രസ്തുത ജില്ലയിൽ തന്നെ ചെലവഴിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

നിലവിൽ മലപ്പുറം ജില്ലയിൽനിന്നും ലഭിക്കുന്ന ഫണ്ട് മറ്റ് ജില്ലകളിലേയ്ക്ക് മാറ്റുന്നതിന് സംസ്ഥാന ഉന്നതതല സമിതി തീരുമാനിച്ചിട്ടില്ല.

(ഡി) ജില്ലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ, തടയണ നിർമ്മാണം, ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന സ്ഥലങ്ങളിൽ നദികളുടെ കര സംരക്ഷണം എന്നിവയിൽ എം.എൽ.എ.-മാരുടെ ശിപാർശകൾക്ക് മുന്തിയ പരിഗണന നൽകി

അടിയന്തരമായി റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നും തുക വിനിയോഗിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ആർ.എം.എഫ്-ൽ ഉൾപ്പെടുത്തി പ്രവൃത്തികൾ ചെയ്യുന്നതിനായി, എം.എൽ.എ.-മാരിൽനിന്ന് ലഭിക്കുന്ന ശിപാർശകളുടെയും മറ്റ് അപേക്ഷകളുടെയും അടിസ്ഥാനത്തിൽ ജലസേചന വകുപ്പ് സമർപ്പിക്കുന്ന അടങ്കൽ, ആർ.ഡി.ഒ. പരിശോധന നടത്തിയതിനുശേഷമാണ് ജില്ലാ വിദഗ്ദ്ധ സമിതിയിൽ വയ്ക്കുന്നത്. ജില്ലാ വിദഗ്ദ്ധ സമിതി അംഗീകാരം നല്കിയശേഷം ILDM-ൽ പ്രവർത്തിക്കുന്ന റിവർ മാനേജ്മെന്റ് സെന്ററിന്റെയും ലാൻഡ് റവന്യൂ കമ്മീഷണറുടെയും ശിപാർശയുടെ അടിസ്ഥാനത്തിൽ, സംസ്ഥാന ഉന്നതതല സമിതി പരിശോധിച്ച് അംഗീകാരം നൽകുന്നതിന്റെ അടിസ്ഥാനത്തിലാണ് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നത്. എം.എൽ.എ.-മാർ നൽകുന്ന ശിപാർശകൾക്ക് പ്രത്യേക പരിഗണന നൽകി മേൽ സൂചിപ്പിച്ച പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ഭൂമിയുടെ സ്വഭാവ വ്യതിയാനം അനുവദിക്കുന്നതിന് ഫീ സൗജന്യം**

325 (5041) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി തരംമാറ്റം നടത്തുന്നതിന് ഫീസിൽ സൗജന്യം അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

21-04-2021-ലെ എസ്.ആർ.ഒ. നമ്പർ 369/2021 പ്രകാരമുള്ള 2021-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (രണ്ടാം ഭേദഗതി) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം 30-12-2017 തീയതി പ്രാബല്യത്തിൽ 25 സെന്റിൽ അധികരിക്കാത്ത വിസ്തൃതിയുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ തരംമാറ്റത്തിന് ഫീസ് സൗജന്യം അനുവദിച്ചിട്ടുള്ളതാണ്.

(ബി) എങ്കിൽ എത്ര സെന്റ് വരെയുള്ള ഭൂമിക്കാണ് ഫീസ് സൗജന്യമെന്നും ഇതുസംബന്ധിച്ച് വിജ്ഞാപനം എപ്പോഴാണ് പുറത്തിറങ്ങിയതെന്നും വ്യക്തമാക്കാമോ; വിജ്ഞാപനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

25-02-2021-ലെ സ.ഉ. (സാധാ) നമ്പർ 1166/2021/റവ.-യുടെ അടിസ്ഥാനത്തിൽ വിജ്ഞാപനം ചെയ്തിട്ടുള്ള 21-04-2021-ലെ എസ്.ആർ.ഒ. നമ്പർ 369/2021 പ്രകാരമുള്ള 2021-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (രണ്ടാം ഭേദഗതി) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം 30-12-17 തീയതി പ്രാബല്യത്തിൽ 25 സെന്റിൽ അധികരിക്കാത്ത

വിസ്തൃതിയുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ തരംമാറ്റത്തിനാണ് ഫീസ് സൗജന്യം അനുവദിച്ചിട്ടുള്ളത്.

21-04-2021-ലെ എസ്.ആർ.ഒ. നമ്പർ 369/2021-ന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുള്ളതാണ് +.

(സി) 25 സെന്റിൽ താഴെ വിസ്തീർണ്ണമുള്ളതും ഒന്നായിക്കിടന്നതും കുടുംബാംഗങ്ങൾ തമ്മിലോ രക്ഷിതാക്കൾ മുഖേനയോ സൗജന്യ കൈമാറ്റം/ഭാഗംവയ്ക്കൽവഴി ആധാരം ചെയ്ത ഭൂമിക്കുപോലും ഫീസ് ചുമത്താൻ ചില ഉദ്യോഗസ്ഥർ ശ്രമിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

21-04-2021-ലെ എസ്.ആർ.ഒ. നമ്പർ 369/2021 പ്രകാരമുള്ള 2021-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (രണ്ടാം ഭേദഗതി) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം, 30-12-2017 തീയതി പ്രാബല്യത്തിൽ 25 സെന്റിൽ കൂടുതൽ അധികരിക്കാത്ത വിസ്തൃതിയുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ തരം മാറ്റത്തിനാണ് ഫീസ് സൗജന്യം അനുവദിച്ചിട്ടുള്ളത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മേൽപ്രകാരമുള്ള ഭൂമി 30-12-2017-നശേഷം കൈമാറ്റത്തിലൂടെ ലഭിച്ച ഭൂമിയാണെങ്കിൽ നിലവിൽ സൗജന്യ നിരക്കിലുള്ള തരംമാറ്റം അനുവദനീയമല്ല. എന്നാൽ 25 സെന്റിൽ താഴെ വിസ്തീർണ്ണമുള്ളതും ഒന്നായിക്കിടന്നതും 30-12-2017-നശേഷം കുടുംബാംഗങ്ങൾ തമ്മിലോ രക്ഷിതാക്കൾ മുഖേനയോ സൗജന്യ കൈമാറ്റം/ഭാഗംവെക്കൽവഴി ആധാരം ചെയ്ത ഭൂമിയുടെ തരംമാറ്റം സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

(ഡി) ഭൂമിയുടെ തരം മാറ്റത്തിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും ഫീസ് സൗജന്യത്തിന് അർഹതയുള്ളവർ ആരൊക്കെയാണെന്നും വ്യക്തമാക്കാമോ?

2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം തയ്യാറാക്കിയിട്ടുള്ള ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും എന്നാൽ റവന്യൂ രേഖകളിൽ നിലമെന്ന് രേഖപ്പെടുത്തിയിട്ടുള്ളതും പ്രസ്തുത നിയമം പ്രാബല്യത്തിൽ വരുന്നതിനുമുൻപ് നികന്നതോ നികത്തപ്പെട്ടതോ ആയിട്ടുള്ളതുമായ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിക്കാണ് തരംമാറ്റം അനുവദനീയമായിട്ടുള്ളത്. മേൽപ്രകാരം ഭൂമി തരംമാറ്റുന്നതിനായി, ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ആഫീസർ മുൻപാകെ ചട്ടപ്രകാരം

സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ നിയമാനുസൃതമായ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടാണ് ഉത്തരവ് പുറപ്പെടുവിക്കുന്നത്. 30-12-2017 തീയതി പ്രാബല്യത്തിൽ 25 സെന്റിൽ അധികരിക്കാത്ത വിസ്തൃതിയുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിക്ക് സൗജന്യ നിരക്കിലുള്ള തരം മാറ്റത്തിന് അർഹതയുള്ളതാണ്.

(ഇ) സർക്കാർ ഉത്തരവിലോ വിജ്ഞാപനത്തിലോ പറയാത്ത കാര്യങ്ങളിൽ സ്വയം നിർവ്വചനവും വ്യാഖ്യാനവും നടത്തി ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

സർക്കാർ ഉത്തരവിലോ വിജ്ഞാപനത്തിലോ പറയാത്ത കാര്യങ്ങളിൽ സ്വയം നിർവ്വചനവും വ്യാഖ്യാനവും നടത്തി ജനങ്ങളെ ഉദ്യോഗസ്ഥർ ബുദ്ധിമുട്ടിക്കുന്നതായി ബോധ്യപ്പെട്ടാൽ അത്തരക്കാർക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കുന്നതാണ്.

**തങ്കളം കാക്കനാട് നാലുവരിപ്പാതയുടെ നിർമ്മാണം**

326 (5042) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ തങ്കളം കാക്കനാട് നാലുവരിപ്പാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുപ്പ് നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

എറണാകുളം ജില്ലയിലെ ഇരമല്ലൂർ വില്ലേജിൽ ഉൾപ്പെട്ട 5.92 ഹെക്ടർ ഭൂമി കാക്കനാട് - കോതമംഗലം റോഡ് വീതി കൂട്ടുന്നതിന്റെ ഭാഗമായി LARR Act 2013 പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിന് ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളതും 11(1) വിജ്ഞാപനം 30-01-2021-ലെ സ.ഉ.(അച്ചടി) നം. 14/2021/റവ. പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. 11(1) വിജ്ഞാപനം പുറപ്പെടുവിച്ച് ഒരു വർഷത്തിനകം 19(1) പ്രഖ്യാപനം പുറപ്പെടുവിക്കേണ്ടതുണ്ട്. എന്നാൽ, LAR ചട്ടം 4(6) പ്രകാരം സ്ഥലമേറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരത്തുക അർത്ഥനാധികാരി കെട്ടിവയ്ക്കാത്തതുമൂലം 19(1) പ്രഖ്യാപനം പുറപ്പെടുവിക്കാൻ സാധിക്കാതെ വന്നിട്ടുള്ളതും LARR Act 2013-ലെ സെക്ഷൻ 19(7)-ലെ 2nd proviso പ്രകാരം സർക്കാരിന്റെ അധികാരമുപയോഗിച്ച് 19(1) പ്രഖ്യാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള കാലയളവ് 18-01-2022-ലെ സ.ഉ.(അച്ചടി) നം. 34/2022/റവ, 18-04-2022-ലെ സ.ഉ.(അച്ചടി) നം. 130/2022/റവ. എന്നിവ പ്രകാരം 01-11-2022 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. നഷ്ടപരിഹാരത്തുക

കെട്ടിവയ്ക്കുന്നമുറയ്ക്ക് 19(1) പ്രഖ്യാപനം, അവാർഡ് എന്നിവ പാസ്സാക്കി സ്ഥലം ഏറ്റെടുത്ത് അർത്ഥനാധികാരിക്ക് കൈമാറുന്നതാണ്.

(ബി) പ്രസ്തുത സ്ഥലം ഏറ്റെടുപ്പ് നടപടി പ്രതീക്ഷിച്ച വേഗതയിൽ മുന്നോട്ടുപോകുന്നില്ലെന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന് കാരണമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. LARR Act 2013-ലെ സെക്ഷൻ 4(6) പ്രകാരം 19(1) പ്രഖ്യാപനം പ്രസിദ്ധീകരിക്കുന്നതിന് അർത്ഥനാധികാരി നഷ്ടപരിഹാരത്തുക കെട്ടിവയ്ക്കാത്തതുകൊണ്ടാണ് സ്ഥലമെടുപ്പ് നടപടികളുമായി മുന്നോട്ടുപോകാൻ സാധിക്കാത്തത്.

(സി) എറണാകുളം, ഇടുക്കി ജില്ലക്കാർക്ക് വളരെയധികം പ്രയോജനം ലഭിക്കുന്ന പ്രസ്തുത പദ്ധതിയുടെ സ്ഥലമേറ്റെടുപ്പ് നടപടികൾ മറ്റ് സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് വേഗത്തിൽ പൂർത്തീകരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

അലൈൻമെന്റിലെ അപാകതമൂലം പ്രസ്തുത സ്ഥലമെടുപ്പ് നടപടികൾ പ്രതീക്ഷിച്ച വേഗത്തിൽ മുന്നോട്ടുപോയിട്ടില്ലാത്തതാണ്. സർവ്വേ നമ്പർ 348, 366 എന്നിവയിൽ കനാൽ പുറമ്പോക്ക് ഭൂമിയോടുചേർന്ന് അലൈൻമെന്റ് പോകുന്നതിനാൽ പ്രസ്തുത ഭൂമിയുടെ സ്കെച്ചുകൾ ലഭ്യമായിട്ടില്ലാത്തതിനാലും

സർവ്വേ 314 BTR പ്രകാരം 192 ഏക്കർ 25 സെന്റ് സ്ഥലം ചെങ്കുത്തായ തരിശ്ശുഭൂമിയാണെന്നും ആയതിന്റെ റിക്കാർഡുകൾ ലഭ്യമല്ലാത്തതിനാലും സർവ്വെ നടപടികൾ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ലാത്തതാണ്. സർവ്വേ നടപടികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## കടുത്തുരുത്തി മണ്ഡലത്തിലെ കടപ്ലാമറ്റം ടെക്നിക്കൽ സ്കൂളിന്റെ ഭൂമി ഏറ്റെടുക്കൽ

327 (5043) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിലെ കടപ്ലാമറ്റം ടെക്നിക്കൽ സ്കൂളിന്റെ ഭൂമിയേറ്റെടുക്കൽ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്താമോ?

കോട്ടയം ജില്ലയിലെ കടപ്ലാമറ്റം വില്ലേജിലെ 1.03.20 ഹെക്ടർ സ്ഥലം കടപ്ലാമറ്റം ടെക്നിക്കൽ സ്കൂൾ നിർമ്മാണത്തിന് എൽ.എ.ആർ.ആർ. ആക്ട് 2013 പ്രകാരം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട 11(1) വിജ്ഞാപനം 23-09-2021-ലെ 2752-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും സർവ്വേ നടപടികൾ പൂർത്തിയായിട്ടുള്ളതുമാണ്.

(ബി) പ്രസ്തുത സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിലെ കാലതാമസം പരിഹരിക്കാൻ വകുപ്പ് നടപടി സ്വീകരിക്കുമോ?

പ്രസ്തുത സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ LARR Act-ൽ നിഷ്കർഷിച്ചിരിക്കും പ്രകാരമുള്ള സമയപരിധി പാലിച്ച് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(സി) പ്രസ്തുത സ്കൂളിന്റെ സ്ഥലമേറ്റെടുപ്പ് സംബന്ധിച്ച് ഇനി എന്തെല്ലാം നടപടിക്രമങ്ങൾ അവശേഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട് തയ്യാറാക്കിവരുന്നു. തുടർന്ന് അർത്ഥനാധികാരിയിൽനിന്നും ഫണ്ട് ലഭ്യമാക്കി 19(1) പ്രഖ്യാപനം പ്രസിദ്ധീകരിച്ച് അവാർഡ് പാസ്സാക്കി സ്ഥലം അർത്ഥനാധികാരിക്ക് കൈമാറുന്നതാണ്.

**കൊടക്കാട് വില്ലേജിലെ ഫോക്‌ലോർ വില്ലേജ്**

328 (5044) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടക്കാട് വില്ലേജിൽ സ്ഥാപിക്കാൻ തീരുമാനിച്ച ഫോക്‌ലോർ വില്ലേജിന് സ്ഥലം ലഭ്യമാക്കാനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന് എപ്പോൾ ഭൂമി ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) കാസർഗോഡ് ജില്ല, ഹോസ്ദുർഗ് താലൂക്കിൽ കൊടക്കാട് വില്ലേജിൽ റീസർവ്വേ നമ്പർ 298/3-ൽപ്പെട്ട 3 ഏക്കർ ഭൂമി തെയ്യം കുലപതി കണ്ണപ്പെരുവണ്ണാൻ സ്മാരക കെട്ടിടം നിർമ്മിക്കുന്നതിനായി സാംസ്കാരിക വകുപ്പിന് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കാൻ സർക്കാരിൽനിന്നും നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റത്തിനായി സാംസ്കാരിക വകുപ്പിൽനിന്നും നിശ്ചിത മാതൃകയിലുള്ള അപേക്ഷ ലഭ്യമാക്കി പ്രൊപ്പോസൽ അടിയന്തരമായി സമർപ്പിക്കുന്നതിനുള്ള നടപടികൾ കാസർഗോഡ് ജില്ലാ കളക്ടർ സ്വീകരിച്ചുവരുന്നു. പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് തുടർനടപടി കൈക്കൊള്ളാൻ സാധിക്കുന്നതാണ്.

## സുനാമിബാധിതരുടെ പുനരധിവാസത്തിനായി ഏറ്റെടുത്ത ഭൂമിയുടെ നിലവിലെ സ്ഥിതി

329 (5045) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ താലൂക്കിൽ എടവിലങ്ങ് വില്ലേജിൽ ശ്രീ. മുഹമ്മദ് പി.എം., പുന്നലത്ത് ഹൗസ്, കുമരനെല്ലൂർ പി.ഒ., വടക്കാഞ്ചേരി എന്ന ആളിൽനിന്നും സുനാമിബാധിതരുടെ പുനരധിവാസത്തിനായി 2008-ൽ ഏറ്റെടുത്ത സർവ്വേ നമ്പർ 412, 413 എന്നിവയിൽ ഉൾപ്പെട്ട 87 സെന്റ് ഭൂമിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

കൊടുങ്ങല്ലൂർ താലൂക്കിൽ എടവിലങ്ങ് വില്ലേജിൽ ശ്രീ. മുഹമ്മദ് പി.എം, പുന്നലത്ത് ഹൗസ്, കുമരനെല്ലൂർ പി.ഒ., വടക്കാഞ്ചേരി എന്ന ആളിൽനിന്നും സുനാമിബാധിതരുടെ പുനരധിവാസത്തിനായി എടവിലങ്ങ് വില്ലേജിൽ സർവ്വെ 412, 413 എന്നിവയിൽ ഉൾപ്പെട്ട 87 സെന്റ് വസ്തു ഏറ്റെടുത്തിട്ടുള്ളതും വില്ലേജ് റിക്കാർഡിൽ പുറമ്പോക്ക് ആക്കി മാറ്റിയിട്ടുള്ളതുമാണ്. ശ്രീ. മുഹമ്മദ് പുന്നലത്ത് എന്നിവർക്ക് അവാർഡ് 8/10, 9/10 എന്നിവ പ്രകാരം അനുവദിച്ച നഷ്ടപരിഹാരത്തുക, കൈവശ ഭൂമിയുടെ അവകാശം തെളിയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കാത്ത

സാഹചര്യത്തിൽ എൽ.എ. ആക്ട് 31(2) പ്രകാരം സബ്കോടതി, ഇരിങ്ങാലക്കുട മുമ്പാകെ കെട്ടിവച്ചിട്ടുള്ളതുമാണ്. പ്രസ്തുത വസ്തു ഭവന നിർമ്മാണത്തിനായി ഹൗസിംഗ് ബോഡിൽ ഏൽപ്പിച്ച് കൊടുത്തിട്ടുണ്ടെങ്കിലും ഭവന നിർമ്മാണങ്ങളൊന്നും നടന്നിട്ടില്ലാത്തതാണ്.

(ബി) പ്രസ്തുത ഭൂമി നിലവിൽ റവന്യൂ വകുപ്പ് ഏറ്റെടുത്തിട്ടുണ്ടോ?

ഉണ്ട്. പ്രസ്തുത ഭൂമി ഏറ്റെടുത്ത് വില്ലേജ് റിക്കാർഡുകളിൽ പുറമ്പോക്ക് ആക്കി മാറ്റിയിട്ടുള്ളതും ഹൗസിംഗ് ബോർഡിന് ഭവന നിർമ്മാണത്തിനായി കൈമാറിയിട്ടുള്ളതുമാണ്.

(സി) ഭൂമി ഏറ്റെടുത്ത ആവശ്യം നടപ്പിലാക്കേണ്ട സാഹചര്യം ഇല്ലാത്തതിനാൽ ഭൂമി തിരിച്ച് നൽകുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

സുനാമി പുനരധിവാസത്തിനായാണ് പ്രസ്തുത ഭൂമി റവന്യൂ വകുപ്പ് ഏറ്റെടുത്ത് പുറമ്പോക്കാക്കി മാറ്റിയിട്ടുള്ളത്. എന്നാൽ മറ്റൊരു വ്യക്തിയിൽ നിന്നും ഏറ്റെടുത്ത ഭൂമിയിൽ എടവിലങ്ങ് വില്ലേജിൽ 33 വീടുകൾ പണിതിട്ടുള്ളതും ആയവ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക് നൽകിയിട്ടുള്ളതുമാണ്. 70-ൽപ്പരം ആളുകൾ ഇനിയും ഗുണഭോക്തൃ ലിസ്റ്റിൽ ബാക്കിയുണ്ട്. ടി ഗുണഭോക്തൃ ലിസ്റ്റിൽപ്പെട്ടതും തീരദേശത്തുനിന്നും 50 മീറ്റർ

പരിധിയിൽപ്പെട്ടതുമായ എൺപതോളം കുടുംബങ്ങൾ പുനർഗേഹം പദ്ധതിയിലും ലൈഫ് മിഷൻ പദ്ധതിയിലും ഉൾപ്പെട്ടിട്ടുള്ളതും മിക്ക കുടുംബങ്ങളും ഭവന നിർമ്മാണം നടത്തി മാറിത്താമസിച്ചിട്ടുള്ളതുമാണെന്ന് അന്വേഷണത്തിൽ അറിയുന്നു. സുനാമി പുനരധിവാസത്തിനായി സർക്കാർ ഉത്തരവുപ്രകാരം ഭൂമി ഏറ്റെടുത്തിട്ടുള്ളതിനാൽ ടി ഭൂമികൾ തിരികെ നൽകുന്നതിന് സർക്കാർതലത്തിൽ പരിശോധിച്ച് തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്.

## നാഷണൽ ഹൈവേ വികസനത്തിനായി ഏറ്റെടുത്ത ദേവസ്വം ബോർഡ് വക ഭൂമി

330 (5046) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേ വികസനവുമായി ബന്ധപ്പെട്ട് എവിടെയൊക്കെ ദേവസ്വം ബോർഡ് വക ഭൂമി ഏറ്റെടുത്തിട്ടുണ്ട്?

നാഷണൽ ഹൈവേ വികസനവുമായി ബന്ധപ്പെട്ട് ദേവസ്വം ബോർഡ് വക ഭൂമി ഏറ്റെടുത്തത് സംബന്ധിച്ച വിവരങ്ങൾ അനുബന്ധം (എ)-യിൽ ഉൾപ്പെടുത്തിയിരിക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) അതിൽ ഏതിനൊക്കെ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്;

(സി) ഏറ്റെടുത്ത ദേവസ്വം ബോർഡ് വക ഭൂമിയിൽ ഏതിനെങ്കിലും നഷ്ടപരിഹാരം നൽകുന്നതിന് എന്തെങ്കിലും സാങ്കേതികമോ നിയമപരമോ ആയ തടസ്സമുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത തടസ്സം പരിഹരിക്കുന്നതിനും ഇപ്രകാരം ഏറ്റെടുത്തിട്ടുള്ള വസ്തുക്കൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

(ബി-ഡി) മറുപടി അനുബന്ധം (ബി)-യിൽ ഉൾപ്പെടുത്തിയിരിക്കുന്നു+.

## ഭൂമി പതിവ്

331 (5047) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോസ്ദുർഗ്-വെള്ളരിക്കുണ്ട് താലൂക്കുകളിൽ ഭൂമി പതിച്ചു കിട്ടുന്നതിനായി എത്ര അപേക്ഷകളാണ് നിലവിലുള്ളതെന്ന് വില്ലേജ് തിരിച്ച് വിശദമാക്കാമോ;

(ബി) ഇതിൽ എത്ര അപേക്ഷകളാണ് താലൂക്ക് ഭൂമി പതിവ് കമ്മിറ്റി പരിഗണിച്ചതെന്ന് വില്ലേജ് തിരിച്ച് അറിയിക്കുമോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ബാക്കി അപേക്ഷകളിന്മേൽ എത്രയെണ്ണമാണ് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി വില്ലേജ് ഓഫീസുകളിലേയ്ക്ക് അയച്ചതെന്ന് വില്ലേജ് തിരിച്ച് വിവരം ലഭ്യമാക്കാമോ?

(എ-സി) വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു+.

**വാരപ്പെട്ടി പഞ്ചായത്തിലെ കെയർ ഹോം പദ്ധതി**

332 (5048) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം വാരപ്പെട്ടി പഞ്ചായത്തിൽ ഭൂരഹിതരും ഭവനരഹിതരുമായവർക്കായി കെയർ ഹോം പദ്ധതിയുടെ രണ്ടാംഘട്ടം നടപ്പിലാക്കുന്നതിന് സ്ഥലം വിട്ടുകിട്ടുന്നതിനായി സമർപ്പിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ റവന്യൂ വകുപ്പിലെ A3/144/2020 ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത സ്ഥലം കെയർ ഹോം പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി സഹകരണ വകുപ്പിന് അടിയന്തരമായി കൈമാറുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

(ബി&സി) വാരപ്പെട്ടി വില്ലേജ് സർവ്വേ 125/1എ/8/28 നമ്പറിൽപ്പെട്ട ഒരേക്കർ വസ്തു പ്രളയബാധിതരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി മാറ്റിവച്ചിരുന്നതാണ്. എന്നാൽ ആരും വീടുവച്ച് താമസിക്കുന്നതിന് തയ്യാറാകാതിരുന്ന സാഹചര്യത്തിൽ ടി ഒരേക്കർ സ്ഥലം കെയർ ഹോം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി സഹകരണ വകുപ്പിന് കൈമാറാവുന്നതാണെന്ന ലാൻഡ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 144/എ3/2020 എന്ന ഫയലിൽ സഹകരണം, പട്ടികജാതി-പട്ടികവർഗ്ഗ വികസനം, ധനകാര്യം എന്നീ വകുപ്പുകളുടെ അഭിപ്രായം ആരായുകയും ആയതിന്റെ അടിസ്ഥാനത്തിൽ ചില കാര്യങ്ങളിൽ വ്യക്തത വരുത്തി റിപ്പോർട്ട് സമർപ്പിക്കാൻ ലാൻഡ് റവന്യൂ കമ്മീഷണറോട് ആവശ്യപ്പെട്ടിരിക്കുകയുമാണ്. റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് ടി വിഷയത്തിൽ ഉചിതമായ തുടർനടപടി കൈക്കൊള്ളാൻ സാധിക്കുന്നതാണ്.

**മണത്തല വിശ്വനാഥ ക്ഷേത്രത്തിന് ലീസിന് നൽകിയ ഭൂമി**

333 (5049) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ മണത്തല വിശ്വനാഥ ക്ഷേത്രത്തിന് ലീസിന് നൽകിയിരുന്ന റവന്യൂ പുറമ്പോക്ക് ഭൂമിയിൽനിന്നും തിരികെ ഏറ്റെടുത്ത ഭൂമി സംബന്ധിച്ച വിശദാംശം നൽകുമോ; ക്ഷേത്രത്തിന് ലീസ് പുതുക്കി നൽകുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

ചാവക്കാട് താലൂക്ക് മണത്തല വില്ലേജ് സർവ്വേ നമ്പർ 236/1-ൽ 3.46 ഏക്കർ, 221/1-ൽ 1 ഏക്കർ 25 സെന്റ്, 222/2-ൽ 75 സെന്റ് കൂടി ആകെ 5.46 ഏക്കർ ഭൂമി മണത്തല വിശ്വനാഥ ക്ഷേത്രത്തിന് പാട്ടത്തിന് നൽകിയിരുന്നതും ആയതിൽ 221/1, 222/2-ൽ ഉൾപ്പെട്ട 2 ഏക്കർ (0.8094 ഹെക്ടർ) ഭൂമി 20-10-2021 തീയതിയിൽ സർക്കാരിലേയ്ക്ക് തിരികെ ഏറ്റെടുത്തിട്ടുള്ളതാണ്.

1993 മുതൽ മണത്തല വിശ്വനാഥ ക്ഷേത്രത്തിന്റെ പാട്ടം പുതുക്കിയിട്ടില്ലാത്തതാണ്. GO(P) 126/04/RD dtd 14-05-2004,

GO(P)174/2011/RD dtd 02-05-2011, GO(P) 64/2016/RD dtd 28-01-2016 എന്നീ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 31-03-2018 വരെ കണക്കാക്കിയ കുടിശ്ശിക 1,80,50,417/- രൂപ അടവ് വരുത്തുന്നതിന് ബന്ധപ്പെട്ടവർക്ക് നോട്ടീസ് നൽകിയിട്ടുള്ളതാണെങ്കിലും കുടിശ്ശിക നാളിതുവരെ അടവ് വന്നിട്ടില്ലാത്തതാണ്. 1995-ലെ മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങൾ, വകുപ്പ് 12(b) പ്രകാരം പാട്ടക്കുടിശ്ശിക അടവുവരുത്താത്തതിനാൽ പാട്ടം പുതുക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകിരിച്ചിട്ടില്ലാത്തതാണ്.

31-03-2018 വരെ കണക്കാക്കിയ കുടിശ്ശിക 1,80,50,417/- രൂപ അടവ് വരുത്തുന്നതിന് മണത്തല വിശ്വനാഥ ക്ഷേത്രവുമായി ബന്ധപ്പെട്ടവർ നോട്ടീസ് കൈപ്പറ്റിയതിനുശേഷം ഇത്രയും വലിയ തുക അടവാക്കാൻ സാധ്യമല്ലെന്നും പാട്ടക്കുടിശ്ശിക ഒഴിവാക്കിത്തരുന്നതിനും ക്ഷേത്ര ആവശ്യത്തിനായി ഉപയോഗിച്ചുവരുന്ന മണത്തല വില്ലേജ് സർവ്വെ 236/1-ൽ ഉൾപ്പെട്ട 3.46 ഏക്കർ ഭൂമി സൗജന്യമായി പതിച്ച് നൽകുന്നതിനും അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണെന്നും ടി അപേക്ഷയുടെ അടിസ്ഥാനത്തിൽ വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണെന്നും തൃശ്ശൂർ ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

(ബി) ക്ഷേത്രത്തിന് ലീസ് പുതുക്കി നൽകുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

1995-ലെ മുനിസിപ്പൽ-കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങൾ, വകുപ്പ് 12 (b) പ്രകാരം പാട്ടക്കുടിശ്ശിക അടവുവരുത്താത്തതിനാൽ പാട്ടം പുതുക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

(സി) നിലവിലെ റോഡ് വീതി കൂട്ടുന്നതിനായി ലീസിന് നൽകിയിരുന്ന റവന്യൂ ഭൂമിയിൽനിന്നും ഭൂമി അനുവദിച്ച് നല്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ചാവക്കാട് നഗരസഭ നൽകിയ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

നിലവിലെ റോഡ് വീതി കൂട്ടുന്നതിനായി ലീസിന് നൽകിയിരുന്ന റവന്യൂ ഭൂമിയിൽനിന്നും ഭൂമി അനുവദിച്ചു നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ചാവക്കാട് നഗരസഭ സെക്രട്ടറി നൽകിയ അപേക്ഷയിന്മേൽ നിയമാനുസൃതം നടപടി സ്വീകരിച്ചുവരുന്നു.

**സർക്കാർ ഭൂമി പാട്ടത്തിന് നൽകുന്നതിനുള്ള വ്യവസ്ഥകൾ**

334 (5050) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമി പാട്ടത്തിന് നൽകുന്നത് സംബന്ധിച്ച വ്യവസ്ഥകൾ വിശദമാക്കുമോ?

കേരള ഭൂമി പതിച്ചു നൽകൽ ചട്ടങ്ങൾ 1964, കേരള മുനിസിപ്പൽ- കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിച്ചു നൽകുന്നത് സംബന്ധിച്ച ചട്ടങ്ങൾ 1995 മുതലായവ പ്രകാരവും അതാത് കാലങ്ങളിലെ സർക്കാർ ഉത്തരവുകളിലെ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായുമാണ് സർക്കാർ ഭൂമി പാട്ടത്തിന് നൽകുന്നത്.

(ബി) സാമൂഹിക വ്യവസ്ഥയിൽവന്ന മാറ്റങ്ങൾ കണക്കിലെടുത്ത് പാട്ടവ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

സാമൂഹിക വ്യവസ്ഥയിൽ വന്ന മാറ്റങ്ങൾ കണക്കിലെടുത്ത് പാട്ട വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കുന്നത് സർക്കാർ പരിശോധിച്ചുവരുന്നു. സർക്കാരിനും പാട്ടകക്ഷിക്കും ഒരുപോലെ പ്രയോജനപ്പെടുന്നവിധം ബന്ധപ്പെട്ട ചട്ടങ്ങളിൽ മാറ്റംകൊണ്ടുവരുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## ലാന്റ് ട്രിബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന പട്ടയ കേസുകൾ

335 (5051) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ലാൻഡ് ട്രിബ്യൂണലുകളിൽ പട്ടയ കേസുകൾ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 89975-ൽപ്പരം കേസുകളാണ് സംസ്ഥാനത്തെ ലാൻഡ് ട്രിബ്യൂണലുകളിൽ തീർപ്പാക്കാനായി ശേഷിക്കുന്നത്.

(ബി) അദാലത്ത് ഉൾപ്പെടെയുള്ള നടപടികളിലൂടെ ഇത്തരം അപേക്ഷകളിൽ തീർപ്പുണ്ടാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

സംസ്ഥാനത്തെ ലാൻഡ് ട്രിബ്യൂണലുകളിൽ തീർപ്പാക്കാൻ ശേഷിക്കുന്ന കേസുകൾ സമയബന്ധിതമായി തീർപ്പാക്കാനുള്ള നിരവധി കർമ്മപദ്ധതികൾ സർക്കാർ നടപ്പാക്കിയിട്ടുണ്ട്. കേസുകൾ സമയബന്ധിതമായി തീർപ്പാക്കാൻ ഓരോ ലാൻഡ് ട്രിബ്യൂണലിനും പ്രതിമാസ ടാർജറ്റ് നൽകിയിട്ടുണ്ട്. സർക്കാരിന്റെ ഒന്നാം നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി 13500-ഓളം പട്ടയങ്ങൾ വിതരണം ചെയ്തു. രണ്ടാം

നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി 39586 ലാൻഡ് ട്രിബ്യൂണൽ കേസുകൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. തുടർന്നും ഇതേ മാതൃകയിൽ മിഷൻ മോഡിൽ പദ്ധതികൾ ആരംഭിച്ച് ലാൻഡ് ട്രിബ്യൂണലുകളുടെ പ്രവർത്തനം ലക്ഷ്യപ്രാപ്തിയിലെത്തിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) കണ്ണൂർ ജില്ലയിലെ പയ്യന്നൂർ ലാൻഡ് ട്രിബ്യൂണൽ ഓഫീസിൽ എത്ര അപേക്ഷകളാണ് നിലവിൽ പെന്റിംഗിലുള്ളത്; ഏത് തീയതിവരെ ലഭിച്ച അപേക്ഷകളാണ് നിലവിൽ തീർപ്പ് കല്പിച്ചത്; വ്യക്തമാക്കാമോ?

പയ്യന്നൂർ ലാൻഡ് ട്രിബ്യൂണൽ ഓഫീസിൽ 2028 അപേക്ഷകളാണ് നിലവിൽ പെന്റിംഗിലുള്ളത്. 2020 വരെ ലഭിച്ച അപേക്ഷകൾ പരിഗണിച്ചിട്ടുണ്ട്. ലാൻഡ് ട്രിബ്യൂണലുകൾക്ക് സിവിൽ കോടതിയുടെ നടപടിക്രമങ്ങളാണ് ബാധകം. വിചാരണ, തെളിവെടുപ്പ്, മൊഴിയെടുപ്പ്, നോട്ടീസ് നടത്തൽ തുടങ്ങി സിവിൽ കോടതിയുടെ നടപടികൾ അനുവർത്തിച്ചാണ് ലാൻഡ് ട്രിബ്യൂണലുകൾ വിധി പ്രസ്താവം നടത്തുന്നത്. എതിർകക്ഷികൾ objection രേഖപ്പെടുത്താത്തതും കക്ഷികൾ രേഖകളെല്ലാം സമർപ്പിക്കുന്നതുമായ കേസുകൾ വേഗത്തിൽ തീർപ്പാക്കാറുണ്ട്. എന്നാൽ എതിർകക്ഷികൾ contest ചെയ്യുന്നതും കക്ഷികൾ രേഖകൾ സമർപ്പിക്കാത്തതുമായ കേസുകളുടെ തീർപ്പാക്കൽ നീണ്ടുപോകാറുണ്ട്.

**അങ്കമാലി മണ്ഡലത്തിലെ കുടുംബങ്ങൾക്കുള്ള പ്രളയ നഷ്ടപരിഹാരം**

336 (5052) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിൽ നഷ്ടപരിഹാരം ലഭിക്കാത്ത അങ്കമാലി മണ്ഡലത്തിലെ കുടുംബങ്ങൾ പെർമനന്റ് ലോക് അദാലത്ത്, എറണാകുളം മുമ്പാകെ സമർപ്പിച്ച ഒ.പി. നമ്പർ 604/19, 503/19, 4394/19, 511/19 എന്നിവ പ്രകാരം യഥാക്രമം 60000, 70000, 60000, 90000 രൂപ വീതം അനുവദിച്ച് നൽകുവാൻ എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത നഷ്ടപരിഹാരം നൽകാൻ ജില്ലാ കളക്ടറും ആലുവ തഹസിൽദാരും നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

(എ&ബി) പെർമനന്റ് ലോക് അദാലത്തിന്റെ ഉത്തരവ് ലഭിച്ചിട്ടുണ്ട്. പ്രളയംമൂലം ദുരിതമനുഭവിച്ച കുടുംബങ്ങൾക്ക് അടിയന്തര സഹായമായി 10,000/- രൂപയും വീടുകളുടെ പുനർനിർമ്മാണത്തിന് SDRF/CMDRF മാനദണ്ഡപ്രകാരം നാശനഷ്ടത്തിന്റെ തോതനുസരിച്ച് 10,000/- മുതൽ 4,00,000/- രൂപ വരെയുമാണ് സർക്കാർ ധനസഹായം അനുവദിക്കുന്നത്.

പ്രളയംമൂലം വീട്ടുപകരണങ്ങൾക്കുണ്ടായ നാശനഷ്ടങ്ങൾക്കാണ് പെർമനന്റ് ലോക് അദാലത്ത് നഷ്ടപരിഹാരം അനുവദിക്കുവാൻ നിർദ്ദേശം നൽകിയിട്ടുള്ളത്. ഇത് നിലവിലെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമാകയാൽ നഷ്ടപരിഹാരം നൽകുവാൻ കഴിഞ്ഞിട്ടില്ല.

(സി) എറണാകുളം ജില്ലാ കളക്ടറേറ്റിൽ പ്രളയ ഫണ്ട് തട്ടിപ്പുമായി ബന്ധപ്പെട്ട് നടക്കുന്ന അന്വേഷണത്തിന്റെ ഭാഗമായി വന്ന കാലതാമസമാണോ ഈ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് തടസ്സമായി നിൽക്കുന്നതെന്ന് പരിശോധിക്കുമോ; വിശദാംശം നൽകുമോ;

(ഡി) പ്രളയത്തിൽ സർവ്വതും നഷ്ടപ്പെട്ട സാധാരണക്കാരെ പ്രയാസപ്പെടുത്താതെ അനുവദിച്ച ആനുകൂല്യം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(സി&ഡി) എറണാകുളം ജില്ലാ കളക്ടറേറ്റിൽ നടന്ന പ്രളയ ഫണ്ട് തട്ടിപ്പ് നഷ്ടപരിഹാരം നൽകുന്നതിന് തടസ്സമായിട്ടില്ല. സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം അർഹമായ ധനസഹായം അനുവദിച്ചുവരുന്നുണ്ട്.

## ഫ്ലഡ് പദ്ധതി പ്രകാരം അനുവദിച്ച റോഡുകൾ സംബന്ധിച്ച്

337 (5053) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷത്തിൽ ഫ്ലഡ് പദ്ധതി പ്രകാരം കൊയിലാണ്ടി മണ്ഡലത്തിൽ അനുവദിച്ച റോഡുകളിൽ ജില്ലാ കളക്ടർ നിർവ്വഹണാനുമതി നൽകിയിട്ടും ഇതുവരെയും പൂർത്തീകരിക്കാത്ത റോഡുകളുണ്ടോ; എങ്കിൽ അവയുടെ പട്ടിക ലഭ്യമാക്കാമോ;

(ബി) പ്രസ്തുത റോഡുകളുടെ പ്രവൃത്തി പൂർത്തീകരിക്കുന്നതിലുണ്ടായ തടസ്സങ്ങൾ എന്തെല്ലാമാണെന്ന് ഓരോ റോഡിനെയും അടിസ്ഥാനപ്പെടുത്തി വിശദമാക്കാമോ?

(എ&ബി) 02-11-2020-ലെ സ.ഉ(സാധാ)878/2020/ഡി.എം.ഡി. പ്രകാരം ഭരണാനുമതി നൽകിയ മൂടാടി പഞ്ചായത്തില വീരവഞ്ചേരി-പുറക്കൽ (വാർഡ് - 15) റോഡ് പുനരുദ്ധാരണ പ്രവൃത്തിക്ക് 25-06-2021-ൽ ജില്ലാ കളക്ടർ ഭരണാനുമതി നൽകിയിരുന്നു. ഡ്രെയിനേജ് നിർമ്മാണം നടക്കുന്നതിനാൽ പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കിയശേഷം റോഡ് പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിക്കുന്നതായിരിക്കും.

## വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട്

338 (5054) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം ആലപ്പുഴ ജില്ലയിലെ ഏതൊക്കെ റോഡുകൾക്കാണ് വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട് അനുവദിച്ചിട്ടുള്ളത്; വിശദവിവരം ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരമേറ്റശേഷം ആലപ്പുഴ ജില്ലയിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട് അനുവദിച്ച റോഡുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

## കാട്ടാക്കട നിയോജകമണ്ഡലത്തിലെ ഫ്ലഡ് വർക്ക് ഇനത്തിൽ അനുമതി ലഭ്യമായ പ്രവൃത്തികൾ

339 (5055) <u>ശ്രീ. ഐ. ബി. സതീഷ്:</u> താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ 2022 വരെ ദുരന്തനിവാരണ വകുപ്പ് ഫ്ലഡ് വർക്ക് ഇനത്തിൽ കാട്ടാക്കട നിയോജകമണ്ഡലത്തിൽ അനുമതി നൽകിയ റോഡ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിർമ്മാണ പ്രവൃത്തികളുടെ ലിസ്റ്റും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തികൾക്കുള്ള നിർവ്വഹണാനുമതിയുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

2016 മുതൽ 2022 വരെ ദുരന്തനിവാരണ വകുപ്പ് ഫ്ലഡ് വർക്ക് ഇനത്തിൽ കാട്ടാക്കട നിയോജകമണ്ഡലത്തിൽ അനുമതി നൽകിയ റോഡ് നിർമ്മാണ പ്രവൃത്തികളുടെ ലിസ്റ്റും നിലവിലെ സ്ഥിതിയും നിർവ്വഹണാനുമതിയുടെ പകർപ്പുകളും അനുബന്ധമായി ചേർത്തിരിക്കുന്നു+.

## റവന്യൂ വകുപ്പിലെ സെർവർ തകരാർ

340 (5056) ശ്രീ. അബ്ദുൽ ഹമീദ് പി:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽനിന്ന് ലഭിക്കേണ്ട സേവനങ്ങൾ സെർവർ തകരാർമൂലം യഥാസമയം ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഭൂമി സംബന്ധമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ReLIS സെർവർ സ്പീഡിന്റെ അപര്യാപ്തതമൂലം പൊതുജനങ്ങൾ വസ്തു നികുതി ഓൺലൈനായി ഒടുക്കുന്നതിൽ കാലതാമസം നേരിടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പി.എം. കിസാൻ പദ്ധതിയുമായി ബന്ധപ്പെട്ട്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കർഷകർ പി.എം. കിസാൻ പോർട്ടലിലൂടെ ReLIS-മായി ബന്ധപ്പെടുന്നത് വഴി CPU Usage വളരെ കൂടുതലായതിനാൽ ReLIS-ന്റെ പൊതുവായ പ്രവർത്തനങ്ങളെ ബാധിക്കുന്നതുകൊണ്ട് CPU പരിധി ഉയർത്തണമെന്നും എൻ.ഐ.സി. 23-05-2022-ന് അറിയിച്ചിരുന്നു. ഡാറ്റാ സെന്ററുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) അടിയന്തര ആവശ്യങ്ങൾക്കായി ഭൂനികുതി അടച്ച രസീതുകൾ ഹാജരാക്കുവാൻ പ്രസ്തുത സെർവർ തകരാർമൂലം കഴിയാത്ത സാഹചര്യത്തിൽ ആയതിന് എന്ത് പരിഹാരം കാണാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

വില്ലേജ് ഓഫീസുകളുടെ പ്രവർത്തനത്തിന് ബാധിക്കാത്ത രീതിയിൽ എല്ലാ ദിവസങ്ങളിലും ഉച്ചകഴിഞ്ഞുള്ള സമയം പൊതുജനങ്ങൾക്ക് ഓൺലൈനായി കരമടയ്ക്കാനുള്ള സംവിധാനമൊരുക്കിയിട്ടുണ്ട്.

(സി) സെർവർ തകരാറുകൾ അടിയന്തരമായി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

സെർവറുകളുടെ പരിധി ഉയർത്തിയിട്ടുണ്ട്. കൂടാതെ 03-06-2022-ന് NIC, KSITM എന്നിവരുമായി യോഗം കൂടുകയും ശാശ്വത പരിഹാരത്തിനായി സ്റ്റേറ്റ് ഡാറ്റാ സെന്ററിലെ പഴയ സെർവറിൽനിന്നും

പുതിയ സെർവറിലേയ്ക്ക് Migrate ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു. Migration നടപടികൾ പൂർത്തിയായിട്ടുണ്ട്. തുടർന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ള വിഷയങ്ങൾ ദ്രുതഗതിയിൽ പരിഹരിച്ചുവരുന്നു.

**പള്ളിക്കുറുപ്പ് ആസ്ഥാനമാക്കി പുതിയ വില്ലേജ്**

341 (5057) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ കാരാകുറിശ്ശി വില്ലേജ് വിഭജിച്ച് പള്ളിക്കുറുപ്പ് ആസ്ഥാനമാക്കി പുതിയ വില്ലേജ് രൂപീകരിക്കുന്നതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് പാലക്കാട് കളക്ടർ, ഡി.സി.പി.കെ.ഡി/15801/19-എ 3 ഫയലിൽ സമർപ്പിച്ച ശിപാർശയിന്മേൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം ലഭ്യമാക്കാമോ?

പാലക്കാട് ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ

പരിശോധിക്കുകയും സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് വില്ലേജുകളുടെ വിഭജനം നിലവിൽ പരിഗണനയിലില്ലാത്തതിനാൽ പുതിയ വില്ലേജുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനവുമായി ബന്ധപ്പെട്ട നടപടികളിൽ തീരുമാനമാകുന്നമുറയ്ക്ക് പരിഗണിക്കുന്നതായിരിക്കും.

## കണ്ണൂർ നിയോജക മണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ

342 (5058) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ നിയോജക മണ്ഡലത്തിൽ എത്ര വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകളായി മാറിയിട്ടുണ്ട്?

കണ്ണൂർ നിയോജക മണ്ഡലത്തിൽ നിലവിൽ രണ്ട് വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകളായി മാറ്റുന്നതിനുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

## കാസർഗോഡ് മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

343 (5059) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം ആലോചനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭ്യമാക്കിയിട്ടുണ്ടോ എന്നും എപ്പോഴാണ് ലഭ്യമാക്കിയതെന്നും വ്യക്തമാക്കാമോ;

(ഡി) എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയതെന്നും എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സർക്കാരിൽ എത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത പ്രവൃത്തിയുടെ ഫയൽ നമ്പർ വ്യക്തമാക്കാമോ?

(എ-ഡി) കാസർഗോഡ് മിനി സിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 16.4 കോടി രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ്

തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയറുടെ ഓഫീസിലോ സർക്കാരിലോ ലഭ്യമായിട്ടില്ല.

(ഇ) പ്രസ്തുത പ്രവൃത്തിക്ക് എപ്പോൾ ഭരണാനുമതി ലഭിക്കുമെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റ് ലഭ്യമാകുന്നമുറയ്ക്ക് മാത്രമേ ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുവാൻ കഴിയുകയുള്ളൂ.

**മണലൂർ മണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ**

344 (5060) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിന്റെ പരിധിയിലുള്ള വില്ലേജ് ഓഫീസുകളിൽ സ്വന്തമായി കെട്ടിടമുള്ളവയുടെയും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയുടെയും വിവരങ്ങൾ നൽകാമോ?

മണലൂർ മണ്ഡലത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന തൃശ്ശൂർ താലൂക്കിൻ കീഴിലെ മണലൂർ, കാരമുക്ക് എന്നീ വില്ലേജ് ഓഫീസുകൾക്കും എറവ്-പരയ്ക്കാട്, മനക്കൊടി-വെളുത്തൂർ എന്നീ ഗ്രൂപ്പ് വില്ലേജ് ഓഫീസുകൾക്കും ചാവക്കാട് താലൂക്കിൻകീഴിലെ വാടാനപ്പിള്ളി വില്ലേജ് ഓഫീസിനും എളവള്ളി-ബ്രഹ്മകുളം, തൈക്കാട്-ചാവക്കാട്, മുല്ലശ്ശേരി-അന്നകര,

വെങ്കിടങ്ങ്-കുണ്ടഴിയൂർ-ഇരിമ്പ്രാനെല്ലൂർ എന്നീ ഗ്രൂപ്പ് വില്ലേജ് ഓഫീസുകൾക്കും കുന്നംകുളം താലൂക്കിൻ കീഴിലെ ഇയ്യാൽ-ചിറനെല്ലൂർ ഗ്രൂപ്പ് വില്ലേജ് ഓഫീസിനും ചൂണ്ടേൽ, എറനെല്ലൂർ, ആളൂർ, കണ്ടാണശ്ശേരി എന്നീ വില്ലേജ് ഓഫീസുകൾക്കും സ്വന്തമായി കെട്ടിടമുണ്ട്.

മണലൂർ മണ്ഡലത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന ചാവക്കാട് താലൂക്കിലെ പാവറട്ടി-വെണ്മനാട് ഗ്രൂപ്പ് വില്ലേജ് ഓഫീസ് നിലവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി) പ്രസ്തുത മണ്ഡലത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വില്ലേജ് ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

മണലൂർ മണ്ഡലത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന ചാവക്കാട് താലൂക്കിലെ പാവറട്ടി-വെണ്മനാട് ഗ്രൂപ്പ് വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 44 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുള്ളതും കെട്ടിട നിർമ്മാണത്തിനായി കേരള വാട്ടർ അതോറിറ്റി/ പാവറട്ടി ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർ സ്വീകരിച്ചുവരുന്നുണ്ട്.

(സി) പ്രസ്തുത മണ്ഡലത്തിൽ എത്ര വില്ലേജ് ഓഫീസുകളെയാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളത്; ഇതിനായുള്ള പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകാമോ?

മണലൂർ മണ്ഡലത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന ചാവക്കാട് താലൂക്കിലെ പാവറട്ടി-വെണ്മനാട്, എറവ്-പരയ്ക്കാട്, മുല്ലശ്ശേരി-അന്നക്കര എന്നീ ഗ്രൂപ്പ് വില്ലേജുകൾക്ക് പ്ലാൻ സ്കീം പ്രകാരവും ഇയ്യാൽ-ചിറനെല്ലൂർ ഗ്രൂപ്പ് വില്ലേജിന് റീബിൽഡ് കേരള പദ്ധതി പ്രകാരവും സ്മാർട്ട് വില്ലേജ് കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ എറവ്-പരയ്ക്കാട് വില്ലേജ് ഓഫീസ് നിർമ്മാണത്തിനായി 44 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിച്ചിട്ടുള്ളതും പൊതുമരാമത്ത് വകുപ്പ് ടെണ്ടർ നടപടി പൂർത്തീകരിക്കുകയും പദ്ധതി പ്രദേശത്തെ മരങ്ങൾ മുറിച്ചുനീക്കി നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പാവറട്ടി-വെണ്മനാട് ഗ്രൂപ്പ് വില്ലേജിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി/പാവറട്ടി ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർ സ്വീകരിച്ചുവരുന്നുണ്ട്. മുല്ലശ്ശേരി-അന്നക്കര ഗ്രൂപ്പ്

വില്ലേജ് ഓഫീസ് സ്മാർട്ട് ഓഫീസായി നവീകരിക്കുന്നതിനായി 14.46 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിച്ചിട്ടുള്ളതും പൊതുമരാമത്ത് വകുപ്പ് ടെണ്ടർ നടപടി പൂർത്തീകരിക്കുകയും പദ്ധതി പ്രദേശത്തെ മരങ്ങൾ മുറിച്ചുനീക്കി നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഇയ്യാൽ-ചിറനെല്ലൂർ ഗ്രൂപ്പ് വില്ലേജിന്റെ പുതിയ കെട്ടിടം നിർമ്മാണം കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം മുഖേന നിർവഹിച്ചുവരുന്നതും നിലവിൽ ടി നിർമ്മാണ പ്രവൃത്തി പുരോഗമിച്ചുവരുന്നതുമാണ്.

**ചീക്കോട് വില്ലേജ് ഓഫീസ് നവീകരണം**

345 (5061) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളുടെ നവീകരണ പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) ശോച്യാവസ്ഥയിലായ ചീക്കോട് വില്ലേജ് ഓഫീസ് നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) കൊണ്ടോട്ടി മണ്ഡലത്തിലെ കൊണ്ടോട്ടി വില്ലേജിന്റെ അറ്റകുറ്റപ്പണി 2019-20 സാമ്പത്തിക വർഷത്തെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 2020-21 സാമ്പത്തിക വർഷത്തെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി അഡീഷണൽ റൂം നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുള്ളതും പൊതുമരാമത്ത് വകുപ്പിനെ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ച് തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്. വാഴയൂർ വില്ലേജ് ഓഫീസിന്റെ സ്മാർട്ട് വില്ലേജ് കെട്ടിടം പൂർത്തീകരിച്ച് ഉദ്ഘാടനം കഴിഞ്ഞിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തെ സ്മാർട്ട് വില്ലേജ് പദ്ധതിയിൽ ഉൾപ്പെടുത്തി ചീക്കോട് വില്ലേജിന് ഭരണാനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. വാഴക്കാട് വില്ലേജിന്റെ അറ്റകുറ്റപ്പണിക്കായുള്ള പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ പരിശോധിച്ചുവരികയാണ്.

### ചങ്ങനാശ്ശേരി മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളുടെ നവീകരണം

346 (5062) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകളാണ് മുൻസർക്കാരിന്റെ കാലഘട്ടത്തിൽ സ്മാർട്ട് വില്ലേജ് ഓഫീസുകളായി ഉയർത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ചങ്ങനാശ്ശേരി മണ്ഡലത്തിലെ നെടുംകുന്നം, വാഴൂർ എന്നീ വില്ലേജ് ഓഫീസുകളും കൂടാതെ ചങ്ങനാശ്ശേരി വില്ലേജ് ഓഫീസിന് അറ്റകുറ്റപ്പണി നടത്തിയും മുൻസർക്കാരിന്റെ കാലത്ത് സ്മാർട്ട് വില്ലേജ് ഓഫീസുകളായി ഉയർത്തിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വില്ലേജ് ഓഫീസുകളുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് 40 വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കുന്നതിനും 40 വീതം വില്ലേജ് ഓഫീസുകൾക്ക് അറ്റകുറ്റപ്പണി, ചുറ്റുമതിൽ നിർമ്മാണം എന്നീ പ്രവൃത്തികൾ നടത്തുന്നതിനും ഭരണാനുമതി നൽകിയിട്ടുള്ളതാണ്. ഇതിനുപുറമേ നേരത്തെ ഭരണാനുമതി നൽകിയ സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ നിർമ്മാണ പ്രവർത്തനം അതിവേഗത്തിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ അഞ്ച് വർഷക്കാലത്തിനിടയിൽ എല്ലാ വില്ലേജുകളും സ്മാർട്ടാക്കുകയാണ് ഈ സർക്കാരിന്റെ ലക്ഷ്യം. ഇതനുസരിച്ച് ഒരു വില്ലേജ് സ്മാർട്ടാക്കാൻ അറ്റകുറ്റപ്പണികൾ മാത്രം മതിയാകുന്നവ, പൂർണ്ണമായും പുതിയ കെട്ടിടം പണിയേണ്ടവ, സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കേണ്ടവ എന്നിങ്ങനെ പ്രത്യേകം തരംതിരിച്ച് മുൻഗണനാക്രമത്തിലുള്ള ലിസ്റ്റ് തയ്യാറാക്കിവരികയാണ്. ഇതനുസരിച്ച് ആവശ്യമായ നടപടികൾ പരിഗണനയിലാണ്.

**കുന്നത്തുനാട് മണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ**

347 (5063) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ ഏതൊക്കെ വില്ലേജ് ഓഫീസുകളെയാണ് സ്മാർട്ട് വില്ലേജ് ഓഫീസാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്തെന്ന് വിശദമാക്കാമോ;

(സി) പരവൂർ താലൂക്കിലെ വാരാപ്പുഴ വില്ലേജ് ഓഫീസിന് പകരം കുന്നത്തുനാട് വില്ലേജ് ഓഫീസ് സ്മാർട്ടാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

(എ-സി) കുന്നത്തുനാട് മണ്ഡലത്തിലെ കിഴക്കമ്പലം വില്ലേജിനെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരവും കുന്നത്തുനാട് വില്ലേജിനെ പ്ലാൻ സ്കീം പ്രകാരവും സ്മാർട്ട് വില്ലേജ് ഓഫീസാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. അതിൽ കിഴക്കമ്പലം സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ നിർവ്വഹണ ഏജൻസിയായി കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തെ നിശ്ചയിച്ച് 14-06-2022-ൽ കരാറിൽ ഏർപ്പെട്ടിട്ടുള്ളതും ടി കെട്ടിടനിർമ്മാണ നടപടികൾ പ്രാരംഭഘട്ടത്തിലുമാണ്. പരവൂർ താലൂക്കിലെ വാരാപ്പുഴ വില്ലേജ് ഓഫീസിന് പകരം സ്മാർട്ട് വില്ലേജ് ആക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ള കുന്നത്തുനാട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി DSoR 2018 അടിസ്ഥാനമാക്കി 44 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം തയ്യാറാക്കിയിട്ടുള്ളതും ആയതിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്.

## ചാവക്കാട് താലൂക്ക് ഓഫീസ് കെട്ടിട നിർമ്മാണം

348 (5064) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാവക്കാട് താലൂക്ക് ഓഫീസ് കെട്ടിടം കാലപ്പഴക്കംമൂലം തകർന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ചാവക്കാട് താലൂക്ക് ഓഫീസ് സ്ഥിതിചെയ്യുന്ന പഴയ കെട്ടിടത്തിന് അറ്റകുറ്റപ്പണി/നവീകരണം ആവശ്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനായി പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) തയ്യാറാക്കിയ 40.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് 2022-23 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) പ്രസ്തുത താലൂക്ക് ഓഫീസ് കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പുരാവസ്തുവകുപ്പിന്റെ സംരക്ഷണയിലാണെന്ന് വിജ്ഞാപനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

ചാവക്കാട് താലൂക്ക് ഓഫീസ് സ്ഥിതിചെയ്യുന്ന പഴയ കെട്ടിടം പുരാവസ്തു വകുപ്പിന്റെ സംരക്ഷണയിലാണെന്ന് വിജ്ഞാപനം ചെയ്തിട്ടില്ല.

എന്നാൽ പ്രസ്തുത കെട്ടിടം സംരക്ഷിക്കപ്പെടേണ്ട കെട്ടിടമാണെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) കാലപ്പഴക്കം ചെന്ന താലൂക്ക് ഓഫീസ് കെട്ടിടം പൊളിച്ചുമാറ്റി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ചാവക്കാട് താലൂക്ക് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(സി&ഡി) ചാവക്കാട് താലൂക്ക് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ലഭ്യമായിട്ടില്ല. ചാവക്കാട് താലൂക്ക് ഓഫീസ് കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി/നവീകരണ പ്രവൃത്തികൾക്കായി പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) 40.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതും ആയതിന് 2022-23 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുമാണ്.

### പാലക്കാട് ജില്ലയിലെ റവന്യൂ വകുപ്പിലെ ഒഴിവുകൾ

349 (5065) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ റവന്യൂ വകുപ്പിൽ നിലവിൽ ഏതെല്ലാം തസ്തികകളിൽ എത്ര ഒഴിവുകളുണ്ടെന്ന് താലൂക്ക് തിരിച്ച് വിവരങ്ങൾ ലഭ്യമാക്കുമോ;

| ക്രമ നം. | തസ്തിക | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | തഹസിൽദാർ | ഇല്ല |
| 2 | ഡെപ്യൂട്ടി തഹസിൽദാർ/ ജൂനിയർ സൂപ്രണ്ട് | 1 (പാലക്കാട് താലൂക്ക്) |
| 3 | വില്ലേജ് ഓഫീസർ/ ആർ.ഐ/എച്ച്.സി | 1 (ചിറ്റൂർ താലൂക്ക്) |
| 4 | എസ്.വി.ഒ./ സീനിയർ ക്ലാർക്ക് | ഇല്ല |
| 5 | ക്ലാർക്ക് /വില്ലേജ് അസിസ്റ്റന്റ് | 23 (ആലത്തൂർ-2, ചിറ്റൂർ-2, ഒറ്റപ്പാലം-8, മണ്ണാർക്കാട്-8, പട്ടാമ്പി-3) |
| 6 | ടൈപ്പിസ്റ്റ് | 3 (പാലക്കാട് കളക്ടറേറ്റ്) |
| 7 | വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് | 27 (പാലക്കാട്-1, ആലത്തൂർ-1, ചിറ്റൂർ-2, മണ്ണാർക്കാട്-8, ഒറ്റപ്പാലം-6, പട്ടാമ്പി-5, അട്ടപ്പാടി-4) |
| 8 | ഓഫീസ് അറ്റൻഡന്റ് | 4 (ചിറ്റൂർ-2, |

| | | |
|---|---|---|
| | | പാലക്കാട്-1, മണ്ണാർക്കാട്-1) |
| 9 | ഡ്രൈവർ | 2 (ആലത്തൂർ-1, പട്ടാമ്പി-1) |

(ബി) പ്രസ്തുത ഒഴിവുകൾ ഉടൻ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പി.എസ്.സി. മുഖേന നികത്തേണ്ട ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തുവരുന്നുണ്ട്. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഒഴിവുകൾ നികത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഒരേ ഓഫീസിൽ തുടർച്ചയായി 3 വർഷത്തിൽ കൂടുതൽ ജോലിയിൽ തുടരുന്ന സർക്കാർ ജീവനക്കാർ**

350 (5066) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുടർച്ചയായി 3 വർഷത്തിൽ കൂടുതൽ ഒരേ ഓഫീസിൽ തുടരുന്ന സർക്കാർ ജീവനക്കാരെ സ്ഥലം മാറ്റണമെന്ന വ്യവസ്ഥയുണ്ടെങ്കിലും റവന്യൂ വകുപ്പിൽ 5 വർഷം കഴിഞ്ഞിട്ടും ഒരേ ഓഫീസിൽ തുടരുന്ന ജീവനക്കാരുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

26-08-2020-ലെ സ.ഉ.(സാധാ) നം.2723/2020/റവ.-യിലെ ഖണ്ഡിക (10) പ്രകാരം 5 വർഷം പൂർത്തിയായാൽ നിർബന്ധമായും ഓഫീസ് മാറ്റം നൽകേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി ജീവനക്കാരുടെ വിവരം ഓൺലൈൻ പൊതുസ്ഥലംമാറ്റ പോർട്ടലായ എച്ച്.ആർ.എം.എസ്.-ൽ അപ്ഡേറ്റ് ചെയ്യുന്നതിന് റവന്യൂ വകുപ്പിനുള്ളിൽ വരുന്ന എല്ലാ കാര്യാലയങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ടി വിവരശേഖരണം പൂർത്തീകരിക്കുന്നമുറയ്ക്ക് സ.ഉ.(സാധാ) നം.2723/2020/റവ. ഖണ്ഡിക (10) പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) എങ്കിൽ ഏതെല്ലാം ഓഫീസിൽ എത്ര ജീവനക്കാർ തുടർച്ചയായി 5 വർഷത്തിൽ കൂടുതൽ ജോലി ചെയ്യുന്നുവെന്ന വിവരം നൽകാമോ?

എച്ച്.ആർ.എം.എസ്.-ൽ അപ്ഡേഷൻ പൂർത്തിയാക്കുന്നമുറയ്ക്ക് ടി ജീവനക്കാരുടെ വിവരം ലഭ്യമാക്കുന്നതാണ്.

(സി) ഇവരെ സ്ഥലം മാറ്റാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

റവന്യൂ വകുപ്പിൽ ഓൺലൈൻ പൊതുസ്ഥലംമാറ്റം പൂർണ്ണമായും നടപ്പിലാക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. ആയത് പൂർത്തിയാക്കുന്ന മുറയ്ക്ക് ഇവരെ സ്ഥലംമാറ്റി നിയമിക്കുന്നതാണ്.

**ദേവികുളം താലൂക്ക് ഓഫീസിന്റെ പ്രവർത്തനം**

351 (5067) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്ക് ഓഫീസിൽ ആകെ അനുവദിക്കപ്പെട്ടിട്ടുള്ള ജീവനക്കാരുടെ എണ്ണം എത്രയെന്ന് അറിയിക്കാമോ?

147 ജീവനക്കാർ.

(ബി) പ്രസ്തുത ഓഫീസിൽ ഇപ്പോൾ ഏതൊക്കെ തസ്തികകളിലാണ് ജീവനക്കാരുടെ ഒഴിവുള്ളതെന്ന് അറിയിക്കാമോ?

| | |
|---|---|
| ക്ലാർക്ക് | 3 |
| വി.എഫ്.എ. | 2 |
| ഒ.എ. | 1 |
| സർവ്വെയർ | 1 |
| പി.ടി.എസ്. | 1 |

(സി) ജീവനക്കാരുടെ കുറവ് ഓഫീസിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ജീവനക്കാരുടെ കുറവ് ഓഫീസ് പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്.

(ഡി) പ്രസ്തുത ഓഫീസിൽ ഒഴിവുള്ള തസ്തികകളിൽ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ടി ഒഴിവ് വിവരങ്ങൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതും പി.എസ്.സി. നിയമന ശിപാർശകൾ ലഭിക്കുന്നമുറയ്ക്ക് ഒഴിവുകൾ നികത്തുന്നതുമാണ്. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഒഴിവുകൾ നികത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിലെ റവന്യൂ വകുപ്പിലെ കന്നഡ-മലയാളം എൽ.ഡി. ക്ലർക്ക് തസ്തിക

352 (5068) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ റവന്യൂ വകുപ്പിൽ 42 തസ്തിക കന്നഡയും മലയാളവും അറിയുന്നവർക്കായി എ.5/17611/96 ഫയലിൽ

ഉത്തരവിട്ടിട്ടുള്ളതും പ്രസ്തുത എണ്ണം ഡി.സി.കെ.എസ്.ജി.ഡി./ 28/2019/എം.2 ഉത്തരവ് പ്രകാരം 2022-ൽ 53 ആക്കി ഉയർത്തിയതും ഏത് മാനദണ്ഡപ്രകാരമാണെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിലെ ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളിൽ 2013-ൽ മഞ്ചേശ്വരം താലൂക്കും 2018-ൽ കാസർഗോഡ് റവന്യൂ ഡിവിഷണൽ ഓഫീസും പുതുതായി രൂപീകരിക്കുകയുണ്ടായി. ഇത്തരത്തിൽ പുതുതായി രൂപീകരിക്കപ്പെട്ട തസ്തികകൾക്ക് ആനുപാതികമായി G.O.(MS) No.68/PD dated 15-01-1968, G.O.(MS) No.357/77/GAD dated 24-10-1977 എന്നീ സർക്കാർ ഉത്തരവുകൾ, 22287/SD2/93/GAD dated 24-10-1977, 66110/SD2/2013/GAD dated 05-09-2013 എന്നീ സർക്കാർ സർക്കുലറുകൾ, പൊതുഭരണ വകുപ്പിന്റെ 13-01-2022-ലെ SD2/80/2018/GAD നമ്പർ കത്ത് എന്നിവയിലെ മാനദണ്ഡങ്ങൾ പ്രകാരമാണ് കാസർഗോഡ് ജില്ലയിൽ റവന്യൂ വകുപ്പിൽ കന്നഡയും മലയാളവും അറിയുന്നവർക്കായി നീക്കിവച്ച തസ്തികകൾ 53 ആയി ഉയർത്തിയത്.

(ബി) പ്രസ്തുത ജില്ലയിലെ റവന്യൂ വകുപ്പിൽ നിലവിൽ എത്ര എൽ.ഡി. ക്ലർക്ക് തസ്തികയാണുള്ളത്; അവയിൽ കാസർഗോഡ്, മഞ്ചേശ്വരം

താലൂക്കുകളിൽ എത്രയെണ്ണമാണുള്ളതെന്ന് വ്യക്തമാക്കാമോ; ഒ.എ.ഇ.കെ.എം.264/2022 അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ വിധി പ്രകാരം കന്നഡ-മലയാളം എൽ.ഡി. ക്ലർക്കുമാരുടെ എണ്ണം പുനർനിശ്ചയിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് മാനദണ്ഡപ്രകാരമാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തസ്തികയിൽ പി.എസ്.സി. തയ്യാറാക്കിയ ലിസ്റ്റിൽനിന്നും നിയമിതരായി നിലവിൽ എത്ര പേരാണ് ജോലി ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലാ റവന്യൂ വിഭാഗത്തിൽ 217 എൽ.ഡി. ക്ലാർക്ക് തസ്തികകൾ നിലവിലുണ്ട്. കാസർഗോഡ് 39-ഉം മഞ്ചേശ്വരത്ത് 41-ഉം ആണ് നിലവിലുള്ളത്. OA(EKM)264/2022 നമ്പർ കേസിന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 07-06-2022-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഭാഷാ ന്യൂനപക്ഷ മേഖലകളിൽ തമിഴ്/കന്നഡ അറിയാവുന്ന എൽ.ഡി. ക്ലാർക്കുമാരുടെ എണ്ണം മേൽ പ്രസ്താവിച്ച സർക്കാർ ഉത്തരവുകളിലും പരിപത്രങ്ങളിലും നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾക്കനുസരിച്ച് പുനർനിശ്ചയിക്കുന്നത് സർക്കാർ പരിശോധിച്ചുവരികയാണ്. കാസർഗോഡ് ജില്ലാ റവന്യൂ വിഭാഗത്തിൽ

പി.എസ്.സി. തയ്യാറാക്കിയ ലിസ്റ്റിൽനിന്നും നിയമിതരായി നിലവിൽ 37 പേർ ജോലി ചെയ്തുവരുന്നു.

(സി) പ്രസ്തുത ജില്ലയിലെ റവന്യൂ വകുപ്പിൽ നിലവിൽ ജോലി ചെയ്യുന്ന 6 കന്നഡ-മലയാളം എൽ.ഡി. ക്ലർക്ക് ഒഴിവുകളും നിലവിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത 7 ഒഴിവുകളും അല്ലാതെയുള്ള 40 ഒഴിവുകൾ കന്നഡ-മലയാളം എൽ.ഡി. ക്ലർക്ക് തസ്തികയ്ക്ക് റിപ്പോർട്ട് ചെയ്യാതെ ആട്ടിമറിക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പ്രസ്തുത തസ്തികകളിൽ ഇനിയുണ്ടാകുന്ന ഒഴിവുകൾ മുൻകാല പ്രാബല്യത്തോടെ എൽ.ഡി. ക്ലർക്ക് കന്നഡ-മലയാളം തസ്തികയ്ക്ക് തിരിച്ച് നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; 06-02-2022-ന് കളക്ടറേറ്റിൽ ചേർന്ന യോഗത്തിൽ എൽ.ഡി. ക്ലർക്ക് തസ്തിക കന്നഡയും മലയാളവും അറിയാവുന്നവർക്ക് നൽകാൻ ധാരണയായ 10 ഒഴിവുകൾ ജനറൽ വിഭാഗത്തിന് 04-05-2022-ന്

റിപ്പോർട്ട് ചെയ്ത് അട്ടിമറിക്കപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഇല്ല. ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) നിലവിൽ പെന്റിംഗ് വച്ചിരിക്കുന്ന 10 ഒഴിവുകൾ കന്നഡ-മലയാളം വിഭാഗത്തിന് തന്നെ തിരിച്ച് നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; എൽ.ഡി.സി. കന്നഡ-മലയാളം നിയമനവും ഒഴിവ് റിപ്പോർട്ട് ചെയ്യുന്നതും ഒ.എ.ഇ.കെ.എം 264/2022 അന്തിമവിധിക്ക് വിധേയമായിരിക്കും എന്ന ഇടക്കാല ഉത്തരവ് പ്രകാരം സ്റ്റേ ഇല്ലാതിരുന്നിട്ടും (ഇനി അഥവാ സ്റ്റേ ഉണ്ടെങ്കിലും) 06-02-2022-ന് കളക്ടറേറ്റിൽ ചേർന്ന യോഗപ്രകാരം കന്നഡ എൽ.ഡി.സി.-ക്ക് നൽകാനുള്ള 10 ഒഴിവ് ജനറൽ വിഭാഗത്തിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ?

OA(EKM)264/2022 നമ്പർ കേസിന്മേലുള്ള 07-06-2022-ലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഭാഷാ ന്യൂനപക്ഷ മേഖലകളിൽ തമിഴ്/കന്നഡ എൽ.ഡി.

ക്ലാർക്കുമാരുടെ നിയമനം സംബന്ധിച്ച് സർക്കാർ പരിശോധിച്ചുവരികയാണ്.

(എഫ്) 2003 മുതൽ പ്രസ്തുത തസ്തികയുടെ ഒഴിവുകൾ ജനറൽ എൽ.ഡി. ക്ലർക്ക് വിഭാഗത്തിന് റിപ്പോർട്ട് ചെയ്തത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്; ആ ഉത്തരവിന്റെ പകർപ്പ് നൽകാമോ; കന്നഡ-മലയാളം എൽ.ഡി. ക്ലർക്ക് തസ്തികയ്ക്ക് റിപ്പോർട്ട് ചെയ്യാനുള്ള 40 ഒഴിവുകൾ പ്രതീക്ഷിത ഒഴിവുകളായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ജി) ഇല്ലെങ്കിൽ എന്തുകൊണ്ട് സ്വീകരിച്ചില്ലെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തസ്തികകളിൽ ഇനിയുണ്ടാകുന്ന ഒഴിവുകൾ മുൻകാല പ്രാബല്യത്തോടെ എൽ.ഡി. ക്ലർക്ക് കന്നഡ-മലയാളം തസ്തികയ്ക്ക് തിരിച്ച് നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; നിലവിൽ പെന്റിംഗ് വെച്ചിരിക്കുന്ന 10 ഒഴിവുകൾ കന്നഡ-മലയാളം വിഭാഗത്തിന് തന്നെ തിരിച്ച് നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എഫ്&ജി) 2003 മുതൽ പ്രസ്തുത തസ്തികയുടെ ഒഴിവുകൾ ജനറൽ എൽ.ഡി. ക്ലാർക്ക് വിഭാഗത്തിനായി റിപ്പോർട്ട് ചെയ്തിട്ടില്ല. OA(EKM)264/2022 നമ്പർ കേസിന്മേലുള്ള 07-06-2022-ലെ ബഹു.

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്. അന്തിമ സർക്കാർ ഉത്തരവിനുവിധേയമായി തുടർനടപടി സ്വീകരിക്കുന്നതാണ്.

## റവന്യൂ വകുപ്പിലെ ജീവനക്കാർ

353 (5069) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിനുകീഴിൽ ജില്ലാതലത്തിൽ ഓൺലൈൻ ട്രാൻസ്ഫർ (എച്ച്.ആർ.എം.എസ്.) നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇത് എപ്പോൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്?

സംസ്ഥാനതലത്തിൽ തഹസിൽദാർ മുതൽ സീനിയർ ക്ലർക്ക് വരെയുള്ള തസ്തികകളിൽ ഓൺലൈൻ മുഖാന്തരം സ്ഥാനക്കയറ്റവും സ്ഥലംമാറ്റവും നൽകിയിട്ടുണ്ട്. ജില്ലാതലത്തിൽ നിയമനം നടത്തുന്ന തസ്തികകളിലുള്ള ജീവനക്കാരുടെ പൊതുസ്ഥലംമാറ്റത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) റവന്യൂ വകുപ്പിൽ അഞ്ചുവർഷത്തിൽ കൂടുതലായി ഒരേ ഓഫീസിൽ ഒരേ സെക്ഷനിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ജില്ല, ഓഫീസ് തിരിച്ചുള്ള കണക്ക് നൽകാമോ?

റവന്യൂ വകുപ്പിനുകീഴിലുള്ള എല്ലാ കാര്യാലയങ്ങളിൽനിന്നും ടി ജീവനക്കാരുടെ വിവരശേഖരണവും നവീകരണവും എച്ച്.ആർ.എം.എസ്.-ൽ നടത്തിവരുന്നു.

(സി) അഞ്ചുവർഷത്തിൽ കൂടുതൽ കാലയളവിൽ ഒരേ ഓഫീസിൽ ഒരേ സെക്ഷനിൽ ജോലി ചെയ്യുന്ന ജീവനക്കാരുണ്ടെങ്കിൽ സർക്കാരിന്റെ നിലവിലുള്ള മാനദണ്ഡപ്രകാരം നടപടി സ്വീകരിക്കുവാൻ എന്ത് സംവിധാനമാണ് സ്വീകരിച്ചിട്ടുള്ളത്; ആയത് എപ്പോൾ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്?

ടി ജീവനക്കാരുടെ വിവരം സ്ഥലംമാറ്റ പോർട്ടലായ എച്ച്.ആർ.എം.എസ്.-ൽ അപ്ഡേറ്റ് ചെയ്യുന്നതിന് റവന്യൂ വകുപ്പിനുകീഴിൽ വരുന്ന എല്ലാ കാര്യാലയങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. വിവരശേഖരണം പൂർത്തീകരിക്കുന്ന മുറയ്ക്ക് നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ജോലി ക്രമീകരണ വ്യവസ്ഥയിൽ ഓരോ ജില്ലയിലും എത്ര പേർ ഏതൊക്കെ ഓഫീസുകളിൽ ജോലി ചെയ്യുന്നു; കണക്ക് വ്യക്തമാക്കാമോ?

ജോലി ക്രമീകരണ വ്യവസ്ഥയിൽ ഓരോ ജില്ലയിലും വിവിധ തസ്തികകളിൽ ജോലി ചെയ്യുന്നവരുടെ വിവരം ചുവടെ ചേർക്കുന്നു.

**തിരുവനന്തപുരം**

| ക്രമ നം. | ഓഫീസ് | തസ്തിക | ജോലിക്രമീകരണ വ്യവസ്ഥയിലുള്ള ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | ഡി.ഡി.സി. ഓഫീസ്, തിരുവനന്തപുരം | ആർ.ഐ. | 1 |
| 2 | ഗവൺമെന്റ് പ്ലീഡറുടെ കാര്യാലയം, തിരുവനന്തപുരം | സീനിയർ ക്ലർക്ക് | 1 |
| 3 | ഗവൺമെന്റ് പ്ലീഡറുടെ കാര്യാലയം, തിരുവനന്തപുരം | സീനിയർ ക്ലർക്ക് | 1 |
| 4 | റവന്യൂ റിക്കവറി ഓഫീസ്, തിരുവനന്തപുരം | സീനിയർ ക്ലർക്ക് | 1 |
| 5 | റവന്യൂ റിക്കവറി ഓഫീസ്, തിരുവനന്തപുരം | ക്ലർക്ക് | 1 |
| 6 | റവന്യൂ റിക്കവറി ഓഫീസ്, തിരുവനന്തപുരം | ക്ലർക്ക് | 1 |
| 7 | റവന്യൂ റിക്കവറി ഓഫീസ്, തിരുവനന്തപുരം | ഓഫീസ് അറ്റൻഡന്റ് | 1 |
| 8 | ഗവൺമെന്റ് പ്ലീഡറുടെ കാര്യാലയം, | ഓഫീസ് അറ്റൻഡന്റ് | 1 |
| 9 | താലൂക്ക് ഓഫീസ്, കാട്ടാക്കട | ഓഫീസ് | 1 |

| | | | |
|---|---|---|---|
| | | അറ്റൻഡന്റ് | |
| 10 | താലൂക്ക് ഓഫീസ്, നെയ്യാറ്റിൻകര | ഓഫീസ് അറ്റൻഡന്റ് | 1 |
| 11 | കളക്ടറേറ്റ്, തിരുവനന്തപുരം | വി.എഫ്.എ. | 1 |
| 12 | കളക്ടറേറ്റ്, തിരുവനന്തപുരം | അറ്റൻഡർ | 1 |
| 13 | കളക്ടറേറ്റ്, തിരുവനന്തപുരം | സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് | 1 |
| 14 | ഗവൺമെന്റ് പ്ലീഡറുടെ കാര്യാലയം, തിരുവനന്തപുരം | ഡെപ്യൂട്ടി തഹസിൽദാർ | 1 |
| 15 | ഗവൺമെന്റ് പ്ലീഡറുടെ കാര്യാലയം, നെടുമങ്ങാട് | സീനിയർ ക്ലാർക്ക് | 1 |
| 16 | ഡെപ്യൂട്ടി കളക്ടർ വിജിലൻസ് (എസ്2) തിരുവനന്തപുരം | സീനിയർ ക്ലർക്ക് | 1 |
| 17 | ഗവൺമെന്റ് പ്ലീഡറുടെ കാര്യാലയം, തിരുവനന്തപുരം | ക്ലർക്ക് | 1 |
| 18 | ഗവൺമെന്റ് പ്ലീഡറുടെ കാര്യാലയം, തിരുവനന്തപുരം | ഓഫീസ് അറ്റൻഡന്റ് | 1 |
| 19 | ആർ.ഡി.ഒ. തിരുവനന്തപുരം | സീനിയർ ക്ലർക്ക് | 1 |
| 20 | താലൂക്ക് ഓഫീസ്, വർക്കല | ഓഫീസ് അറ്റൻഡന്റ് | 1 |
| 21 | താലൂക്ക് ഓഫീസ്, വർക്കല | ഓഫീസ് അറ്റൻഡന്റ് | 1 |
| 22 | സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയം, എൽ.എ.എൻ.എച്ച്3, ആറ്റിങ്ങൽ | ഡെപ്യൂട്ടി തഹസിൽദാർ | 1 |
| 23 | ഡെപ്യൂട്ടി കളക്ടർ എൽ.എ. (എൻ.എച്ച്.) തിരുവനന്തപുരം | അറ്റൻഡർ | 1 |
| 24 | ആർ.ഡി.ഒ. തിരുവനന്തപുരം | വി.എഫ്.എ | 1 |
| 25 | സ്പെഷ്യൽ തഹസിൽദാരുടെ | ഡെപ്യൂട്ടി | 1 |

| | | | |
|---|---|---|---|
| | കാര്യാലയം, എൽ.എ.എൻ.എച്ച്3, ആറ്റിങ്ങൽ | തഹസിൽദാർ | |
| 26 | കളക്ടറേറ്റ്, തിരുവനന്തപുരം | വി.എഫ്.എ. | 1 |
| 27 | സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയം, എൽ.എ.എൻ.എച്ച്3, ആറ്റിങ്ങൽ | ഡെപ്യൂട്ടി തഹസിൽദാർ | 1 |
| 28 | താലൂക്ക് ഓഫീസ്, നെയ്യാറ്റിൻകര | ആർ.ഐ. | 1 |
| 29 | അസിസ്റ്റന്റ് ഡയറക്ടർ, റീസർവ്വെ, നെയ്യാറ്റിൻകര | സീനിയർ ക്ലർക്ക് | 1 |
| 30 | സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയം, എൽ.എ.എൻ.എച്ച്3, ആറ്റിങ്ങൽ | ക്ലർക്ക് | 1 |
| 31 | ഡെപ്യൂട്ടി കളക്ടർ എൽ.എ. (എൻ.എച്ച്.) തിരുവനന്തപുരം | ഡ്രൈവർ | 1 |
| 32 | ആർ.ഡി.ഒ. തിരുവനന്തപുരം | ഡി.റ്റി. | 1 |
| 33 | കളക്ടറേറ്റ്, തിരുവനന്തപുരം | അറ്റൻഡർ | 1 |
| 34 | കളക്ടറേറ്റ്, തിരുവനന്തപുരം | ഓഫീസ് അറ്റൻഡന്റ് | 1 |
| 35 | താലൂക്ക് ഓഫീസ്, വർക്കല | ഓഫീസ് അറ്റൻഡന്റ് | 1 |
| 36 | ഗവൺമെന്റ് പ്ലീഡറുടെ കാര്യാലയം, തിരുവനന്തപുരം | ഓഫീസ് അറ്റൻഡന്റ് | 1 |
| 37 | ഗവൺമെന്റ് പ്ലീഡറുടെ കാര്യാലയം, തിരുവനന്തപുരം | ഓഫീസ് അറ്റൻഡന്റ് | 1 |
| 38 | ഗവൺമെന്റ് പ്ലീഡറുടെ കാര്യാലയം, തിരുവനന്തപുരം | ക്ലർക്ക് | 1 |
| 39 | എൽ.എ.എൻ.എച്ച്. തിരുവനന്തപുരം | ക്ലർക്ക് | 1 |
| 40 | സ്പെഷ്യൽ തഹസിൽദാരുടെ | ആർ.ഐ. | 1 |

| | | | |
|---|---|---|---|
| | കാര്യാലയം, എൽ.എ.എൻ.എച്ച്3, ആറ്റിങ്ങൽ | | |
| 41 | സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയം, എൽ.എ.എൻ.എച്ച്3, ആറ്റിങ്ങൽ | സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് | 1 |
| 42 | താലൂക്ക് ഓഫീസ്, തിരുവനന്തപുരം | ക്ലർക്ക് | 1 |
| 43 | സെക്രട്ടേറിയറ്റ് | ഓഫീസ് അറ്റൻഡന്റ് | 1 |
| 44 | താലൂക്ക് ഓഫീസ്, വർക്കല | ഓഫീസ് അറ്റൻഡന്റ് | 1 |
| 45 | കളക്ടറേറ്റ്, തിരുവനന്തപുരം | ക്ലർക്ക് | 1 |
| 46 | സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയം, എൽ.എ.എൻ.എച്ച്3, ആറ്റിങ്ങൽ | ഡി.റ്റി. | 1 |
| 47 | ആർ.ഡി.ഒ. തിരുവനന്തപുരം | ക്ലർക്ക് | 1 |
| 48 | താലൂക്ക് ഓഫീസ്, തിരുവനന്തപുരം | യു.ഡി. ടൈപ്പിസ്റ്റ് | 1 |
| 49 | താലൂക്ക് ഓഫീസ്, തിരുവനന്തപുരം | ഓഫീസ് അറ്റൻഡന്റ് | 1 |
| 50 | അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം, മാപ്പിംഗ്, അമ്പലമുക്ക് | ഓഫീസ് അറ്റൻഡന്റ് | 1 |
| 51 | താലൂക്ക് ഓഫീസ്, വർക്കല | ഓഫീസ് അറ്റൻഡന്റ് | 1 |
| 52 | താലൂക്ക് ഓഫീസ്, വർക്കല | ഓഫീസ് അറ്റൻഡന്റ് | 1 |
| 53 | താലൂക്ക് ഓഫീസ്, വർക്കല | ഓഫീസ് അറ്റൻഡന്റ് | 1 |
| 54 | താലൂക്ക് ഓഫീസ്, വർക്കല | ഓഫീസ് | 1 |

| | | | |
|---|---|---|---|
| | | അറ്റൻഡന്റ് | |
| 55 | താലൂക്ക് ഓഫീസ്, കാട്ടാക്കട | ഓഫീസ് അറ്റൻഡന്റ് | 1 |
| 56 | താലൂക്ക് ഓഫീസ്, കാട്ടാക്കട | ഓഫീസ് അറ്റൻഡന്റ് | 1 |
| 57 | താലൂക്ക് ഓഫീസ്, കാട്ടാക്കട | ഓഫീസ് അറ്റൻഡന്റ് | 1 |
| 58 | താലൂക്ക് ഓഫീസ്, കാട്ടാക്കട | ഓഫീസ് അറ്റൻഡന്റ് | 1 |
| 59 | താലൂക്ക് ഓഫീസ്, കാട്ടാക്കട | ഓഫീസ് അറ്റൻഡന്റ് | 1 |
| 60 | റവന്യൂ റിക്കവറി ഓഫീസ്, നെയ്യാറ്റിൻകര | സീനിയർ ക്ലർക്ക് | 1 |
| 61 | റവന്യൂ റിക്കവറി ഓഫീസ്, നെയ്യാറ്റിൻകര | സീനിയർ ക്ലർക്ക് | 1 |
| 62 | റവന്യൂ റിക്കവറി ഓഫീസ്, നെയ്യാറ്റിൻകര | ഓഫീസ് അറ്റൻഡന്റ് | 1 |
| 63 | അസിസ്റ്റന്റ് ഡയറക്ടർ, റീസർവ്വെ നെയ്യാറ്റിൻകര | ഓഫീസ് അറ്റൻഡന്റ് | 1 |
| 64 | ഗവൺമെന്റ് പ്ലീഡറുടെ കാര്യാലയം, ആറ്റിങ്ങൽ | സീനിയർ ക്ലർക്ക് | 1 |
| 65 | സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയം, എൽ.എ.എൻ.എച്ച്3, ആറ്റിങ്ങൽ | സീനിയർ ക്ലർക്ക് | 1 |
| 66 | ഗവൺമെന്റ് പ്ലീഡറുടെ കാര്യാലയം, ആറ്റിങ്ങൽ | ഓഫീസ് അറ്റൻഡന്റ് | 1 |
| 67 | സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയം, എൽ.എ.എൻ.എച്ച്3, ആറ്റിങ്ങൽ | ഓഫീസ് അറ്റൻഡന്റ് | 1 |
| 68 | ആർ.ഡി.ഒ. നെടുമങ്ങാട് | സീനിയർ ക്ലർക്ക് | 1 |

| | | | |
|---|---|---|---|
| 69 | ആർ.ഡി.ഒ. നെടുമങ്ങാട് | ക്ലർക്ക് | 1 |
| 70 | ആർ.ഡി.ഒ. നെടുമങ്ങാട് | വി.എഫ്.എ. | 1 |
| 71 | ആർ.ഡി.ഒ. തിരുവനന്തപുരം | സീനിയർ ക്ലർക്ക് | 1 |
| 72 | ആർ.ഡി.ഒ. തിരുവനന്തപുരം | ക്ലർക്ക് | 1 |
| 73 | ആർ.ഡി.ഒ. തിരുവനന്തപുരം | ക്ലർക്ക് | 1 |
| 74 | ആർ.ഡി.ഒ. തിരുവനന്തപുരം | ക്ലർക്ക് | 1 |
| 75 | ആർ.ഡി.ഒ. തിരുവനന്തപുരം | ക്ലർക്ക് | 1 |
| 76 | ആർ.ഡി.ഒ. തിരുവനന്തപുരം | ക്ലർക്ക് | 1 |
| 77 | ആർ.ഡി.ഒ. തിരുവനന്തപുരം | ക്ലർക്ക് | 1 |
| 78 | ആർ.ഡി.ഒ. തിരുവനന്തപുരം | ഓഫീസ് അറ്റൻഡന്റ് | 1 |
| 79 | ആർ.ഡി.ഒ. തിരുവനന്തപുരം | ഓഫീസ് അറ്റൻഡന്റ് | 1 |
| 80 | ആർ.ഡി.ഒ. തിരുവനന്തപുരം | ഓഫീസ് അറ്റൻഡന്റ് | 1 |
| 81 | സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയം, എൽ.എ.എൻ.എച്ച്3, ആറ്റിങ്ങൽ | ക്ലർക്ക് | 1 |
| 82 | ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് | ക്ലർക്ക് | 1 |
| 83 | ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് | ക്ലർക്ക് | 1 |
| 84 | ആർ.ഡി.ഒ. തിരുവനന്തപുരം | സീനിയർ ക്ലാർക്ക് | 1 |
| 85 | ഡി.ഇ.ഒ.സി. കളക്ടറേറ്റ് | ക്ലർക്ക് | 1 |
| 86 | കളക്ടറേറ്റ്, തിരുവനന്തപുരം | ഡി.റ്റി. | 1 |
| 87 | കളക്ടറേറ്റ്, തിരുവനന്തപുരം | ഡി.റ്റി. | 1 |
| 88 | കളക്ടറേറ്റ്, തിരുവനന്തപുരം | ക്ലർക്ക് | 1 |
| 89 | താലൂക്ക് ഓഫീസ്, കാട്ടാക്കട | ഓഫീസ് അറ്റൻഡന്റ് | 1 |

| | | | |
|---|---|---|---|
| 90 | കളക്ടറേറ്റ്, തിരുവനന്തപുരം | ആ.ഐ | 1 |
| 91 | കളക്ടറേറ്റ്, തിരുവനന്തപുരം | വി.എഫ്.എ | 1 |
| 92 | ഗവൺമെന്റ് പ്ലീഡറുടെ കാര്യാലയം, നെയ്യാറ്റിൻകര | ക്ലർക്ക് | 1 |
| 93 | ഗവൺമെന്റ് പ്ലീഡറുടെ കാര്യാലയം, നെയ്യാറ്റിൻകര | സീനിയർ ക്ലർക്ക് | 1 |
| 94 | ഗവൺമെന്റ് പ്ലീഡറുടെ കാര്യാലയം, തിരുവനന്തപുരം | ക്ലർക്ക് | 1 |
| 95 | കളക്ടറേറ്റ്, തിരുവനന്തപുരം | വി.എഫ്.എ | 1 |
| 96 | താലൂക്ക് ഓഫീസ്, തിരുവനന്തപുരം | ജെ.എസ്. | 1 |
| 97 | കളക്ടറേറ്റ്, തിരുവനന്തപുരം | സീനിയർ ക്ലർക്ക് | 1 |
| 98 | കളക്ടറേറ്റ്, തിരുവനന്തപുരം | ക്ലർക്ക് | 1 |
| 99 | കളക്ടറേറ്റ്, തിരുവനന്തപുരം | ക്ലർക്ക് | 1 |
| 100 | ഡി.ഇ.ഒ. കളക്ടറേറ്റ് | ക്ലർക്ക് | 1 |
| 101 | കളക്ടറേറ്റ്, തിരുവനന്തപുരം | എൽ.ഡി. ടൈപ്പിസ്റ്റ് | 1 |
| 102 | താലൂക്ക് ഓഫീസ്, തിരുവനന്തപുരം | ക്ലർക്ക് | 1 |
| 103 | ആർ.ഡിഒ. തിരുവനന്തപുരം | ഓഫീസ് അറ്റൻഡന്റ് | 1 |

**കൊല്ലം ജില്ല**

| ക്രമ നം. | ഓഫീസ് | ജോലിക്രമീകരണ വ്യവസ്ഥയിലുള്ള ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | കളക്ടറേറ്റ്, കൊല്ലം | 6 |
| 2 | സബ് കളക്ടറുടെ കാര്യാലയം, കൊല്ലം | 11 |
| 3 | ഡെപ്യൂട്ടി കളക്ടർ ഓഫീസ്, LANHAI, കൊല്ലം | 6 |

| | | |
|---|---|---|
| 4 | താലൂക്ക് ഓഫീസ്, കരുനാഗപ്പള്ളി | 4 |
| 5 | താലൂക്ക് ഓഫീസ്, കുന്നത്തൂർ | 4 |
| 6 | താലൂക്ക് ഓഫീസ്, പത്തനാപുരം | 1 |
| 7 | എൽ.എ.എൻ.എച്ച്, വടക്കേവിള | 1 |
| 8 | സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയം, എൽ.എ. നം. 1, കൊല്ലം | 6 |
| 9 | റവന്യൂ റിക്കവറി ഓഫീസ്, കൊല്ലം | 4 |
| 10 | അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം | 1 |
| 11 | ആർ.ഡി.ഒ. പുനലൂർ | 1 |
| 12 | എ.പി.പി. ഓഫീസ്, കൊട്ടാരക്കര | 2 |
| 13 | എൽ.എ. പവർഗ്രിഡ്, പത്തനാപുരം | 2 |
| 14 | പി.ആർ.ഡി. ജില്ലാ ഓഫീസ്, കൊല്ലം | 1 |
| 15 | സർവ്വെ സൂപ്രണ്ടിന്റെ കാര്യാലയം, കൊട്ടാരക്കര | 1 |
| **ആകെ** | | **51** |

**പത്തനംതിട്ട ജില്ല**

| ക്രമ നം. | ഓഫീസിന്റെ പേര് | എണ്ണം |
|---|---|---|
| 1 | കളക്ടറേറ്റ്, പത്തനംതിട്ട | 5 |
| 2 | റവന്യൂ ഡിവിഷണൽ ഓഫീസ്, അടൂർ | 9 |
| 3 | റവന്യൂ ഡിവിഷണൽ ഓഫീസ്, തിരുവല്ല | 8 |
| 4 | താലൂക്ക് ഓഫീസ്, കോന്നി | 2 |
| 5 | ജില്ലാ ഗവൺമെന്റ് പ്ലീഡറുടെ കാര്യാലയം | 3 |
| 6 | ഫിനാൻസ് സ്ക്വാഡ് ഓഫീസ്, പത്തനംതിട്ട | 2 |
| 7 | അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടറുടെ കാര്യാലയം, അടൂർ | 1 |
| 8 | അസിസ്റ്റന്റ് ഗവൺമെന്റ് പ്ലീഡറുടെ കാര്യാലയം, പത്തനംതിട്ട | 1 |

| | | |
|---|---|---|
| 9 | ILDM, തിരുവനന്തപുരം | 1 |
| 10 | ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്, തിരുവനന്തപുരം | 1 |
| **ആകെ** | | **33** |

## ആലപ്പുഴ ജില്ല

| ക്രമ നം. | ഓഫീസിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | ആർ.ഡി.ഒ., ചെങ്ങന്നൂർ | 7 |
| 2 | ആർ.ഡി.ഒ., ആലപ്പുഴ | 10 |
| 3 | എൽ.എ.എൻ.എച്ച്. ഹരിപ്പാട്/ആലപ്പുഴ/ചേർത്തല | 12 |
| 4 | ഡി.ജി.പി./എ.ജി.പി. ആലപ്പുഴ/ചേർത്തല/ മാവേലിക്കര | 12 |
| 5 | ഡെപ്യൂട്ടി കളക്ടർ എൽ.എ.എൻ.എച്ച്. ആലപ്പുഴ | 2 |
| 6 | ILDM, തിരുവനന്തപുരം | 2 |
| 7 | കളക്ടറേറ്റ്, ആലപ്പുഴ | 6 |
| 8 | കളക്ടറേറ്റ്,കോട്ടയം | 6 |
| 9 | ജില്ലാ വികസന കമ്മീഷണർ | 2 |
| 10 | താലൂക്ക് ഓഫീസ്, മാവേലിക്കര | 4 |
| 11 | താലൂക്ക് ഓഫീസ് കുട്ടനാട് | 4 |
| 12 | താലൂക്ക് ഓഫീസ്, ചെങ്ങന്നൂർ | 2 |
| 13 | താലൂക്ക് ഓഫീസ്, ചേർത്തല | 3 |
| **ആകെ** | | **72** |

## കോട്ടയം ജില്ല

| ക്രമ നം. | തസ്തിക | ജോലി ക്രമീകരണ വ്യവസ്ഥയിൽ പ്രവർത്തിക്കുന്ന ഓഫീസ് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | സീനിയർ ക്ലർക്ക് | താലൂക്ക് ഓഫീസ്, ചങ്ങനാശ്ശേരി | 1 |

| | | | |
|---|---|---|---|
| 2 | സീനിയർ ക്ലർക്ക് | റവന്യൂ ഡിവിഷണൽ ഓഫീസ്, കോട്ടയം | 1 |
| 3 | സീനിയർ ക്ലർക്ക് | റവന്യൂ ഡിവിഷണൽ ഓഫീസ്, കോട്ടയം | 1 |
| 4 | സീനിയർ ക്ലർക്ക് | റവന്യൂ ഡിവിഷണൽ ഓഫീസ്, കോട്ടയം | 1 |
| 5 | ക്ലർക്ക് | എൽ.എ. (ജനറൽ) ഓഫീസ്, കോട്ടയം | 1 |
| 6 | ഓഫീസ് അറ്റൻഡന്റ് | താലൂക്ക് ഓഫീസ് മീനച്ചിൽ | 1 |
| 7 | ക്ലർക്ക് | റവന്യൂ ഡിവിഷണൽ ഓഫീസ്, കോട്ടയം | 1 |
| 8 | ഓഫീസ് അറ്റൻഡന്റ് | എൽ.എ (റെയിൽവേ) കോട്ടയം | 1 |
| 9 | ക്ലർക്ക് | റവന്യൂ ഡിവിഷണൽ ഓഫീസ്, കോട്ടയം | 1 |
| 10 | അറ്റൻഡർ | താലൂക്ക് ഓഫീസ് കോട്ടയം | 1 |
| 11 | അറ്റൻഡർ | കളക്ടറേറ്റ്, കോട്ടയം | 1 |
| 12 | ഓഫീസ് അറ്റൻഡന്റ് | ടോറൻസ് ഓഫീസ്, കോട്ടയം | 1 |
| 13 | സീനിയർ ക്ലർക്ക് | റവന്യൂ ഡിവിഷണൽ ഓഫീസ്, പാലാ | 1 |
| 14 | സീനിയർ ക്ലർക്ക് | റവന്യൂ ഡിവിഷണൽ ഓഫീസ്, പാലാ | 1 |
| 15 | സീനിയർ ക്ലർക്ക് | എ.ജി.പി. ഓഫീസ്, പാലാ | 1 |
| 16 | ക്ലർക്ക് | റവന്യൂ ഡിവിഷണൽ ഓഫീസ്, പാലാ | 1 |
| 17 | ക്ലർക്ക് | റവന്യൂ ഡിവിഷണൽ ഓഫീസ്, പാലാ | 1 |
| 18 | ക്ലർക്ക് | റവന്യൂ ഡിവിഷണൽ ഓഫീസ്, കോട്ടയം | 1 |
| 19 | ക്ലർക്ക് | ഗ്രാമപഞ്ചായത്ത് വെളിയന്നൂർ | 1 |

| | | | |
|---|---|---|---|
| 20 | സീനിയർ ക്ലർക്ക് | എൽ.എ. (ജനറൽ), പാലാ | 1 |
| 21 | ക്ലർക്ക് | റവന്യൂ ഡിവിഷണൽ ഓഫീസ്, പാലാ | 1 |
| 22 | ഓഫീസ് അറ്റൻഡന്റ് | എ.ജി.പി. ഓഫീസ്, പാലാ | 1 |
| 23 | ഓഫീസ് അറ്റൻഡന്റ് | വാഴൂർ വില്ലേജ് ഓഫീസ് | 1 |
| 24 | ഓഫീസ് അറ്റൻഡന്റ് | റീസർവ്വെ ഓഫീസ്, വൈക്കം | 1 |
| 25 | വില്ലേജ് അസിസ്റ്റന്റ് | താലൂക്ക് ഓഫീസ്, കോട്ടയം | 1 |
| 26 | ക്ലർക്ക് | ഐ.എൽ.ഡി.എം, തിരുവനന്തപുരം | 1 |
| 27 | ഓഫീസ് അറ്റൻഡന്റ് | താലൂക്ക് ഓഫീസ് മീനച്ചിൽ | 1 |
| 28 | ഓഫീസ് അറ്റൻഡന്റ് | ആർ.ഡി.ഒ. പാലാ | 1 |
| 29 | ക്ലർക്ക് | ആർ.ഡി.ഒ. പാലാ | 1 |
| 30 | ഓഫീസ് അറ്റൻഡന്റ് | റീസർവ്വെ ഓഫീസ്, തലയോലപ്പറമ്പ് | 1 |
| 31 | സീനിയർ ക്ലർക്ക് | ഡി.ജി.പി. ഓഫീസ്, കോട്ടയം | 1 |
| 32 | യു.ഡി. ടൈപ്പിസ്റ്റ് | ഡി.ജി.പി. ഓഫീസ്, കോട്ടയം | 1 |
| 33 | ഓഫീസ് അറ്റൻഡന്റ് | ഡി.ജി.പി. ഓഫീസ്, കോട്ടയം | 1 |
| 34 | ഓഫീസ് അറ്റൻഡന്റ് | താലൂക്ക് ഓഫീസ്, ചങ്ങനാശ്ശേരി | 1 |
| 35 | ഓഫീസ് അറ്റൻഡന്റ് | താലൂക്ക് ഓഫീസ്, മീനച്ചിൽ | 1 |
| 36 | ആർ.ഐ. | എൽ.എ. (കിഫ്ബി), വൈക്കം | 1 |
| 37 | ആർ.ഐ. | എൽ.എ. (പവർഗ്രിഡ്) കോട്ടയം | 1 |
| 38 | ക്ലർക്ക് | എൽ.എ. (പവർഗ്രിഡ്) കോട്ടയം | 1 |

| | | | |
|---|---|---|---|
| 39 | സീനിയർ ക്ലർക്ക് | അസി.ഡയറക്ടർ, മാപ്പിംഗ്, കോട്ടയം | 1 |
| 40 | ഓഫീസ് അറ്റൻഡന്റ് | റവന്യൂ ഡിവിഷണൽ ഓഫീസ്, കോട്ടയം | 1 |
| 41 | വി.എഫ്.എ. | കളക്ടറേറ്റ് തിരുവനന്തപുരം | 1 |
| 42 | സീനിയർ ക്ലർക്ക് | റവന്യൂ ഡിവിഷണൽ ഓഫീസ്, പാലാ | 1 |
| 43 | സീനിയർ ക്ലർക്ക് | റവന്യൂ ഡിവിഷണൽ ഓഫീസ്, പാലാ | 1 |
| 44 | ഡെപ്യൂട്ടി തഹസിൽദാർ | റവന്യൂ ഡിവിഷണൽ ഓഫീസ്, കോട്ടയം | 1 |
| 45 | സീനിയർ ക്ലർക്ക് | എൽ.എ.(ജനറൽ), കോട്ടയം | 1 |
| 46 | സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് | താലൂക്ക് ഓഫീസ്, വൈക്കം | 1 |
| 47 | സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് | എ.ഡി.സർവ്വെ (മാപ്പിംഗ്) കോട്ടയം | 1 |
| 48 | എൽ.ഡി. ടൈപ്പിസ്റ്റ് | കളക്ടറേറ്റ്, കോട്ടയം | 1 |
| 49 | സീനിയർ ക്ലർക്ക് | കളക്ടറേറ്റ്, കോട്ടയം | 1 |
| 50 | സീനിയർ ക്ലർക്ക് | കളക്ടറേറ്റ്, കോട്ടയം | 1 |

## ഇടുക്കി ജില്ല

| ക്രമ നം. | ഓഫീസിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | കളക്ടറേറ്റ് ഇടുക്കി | 12 |
| 2 | റവന്യൂ ഡിവിഷണൽ ഓഫീസ്, ഇടുക്കി | 7 |
| 3 | റവന്യൂ ഡിവിഷണൽ ഓഫീസ്, ദേവികുളം | 2 |
| 4 | താലൂക്ക് ഓഫീസ്, തൊടുപുഴ | 6 |
| 5 | താലൂക്ക് ഓഫീസ്, ഇടുക്കി | 5 |

| | | |
|---|---|---|
| 6 | താലൂക്ക് ഓഫീസ്, ഉടുമ്പൻചോല | 2 |
| 7 | താലൂക്ക് ഓഫീസ്, ദേവികുളം | 2 |
| 8 | ഭൂമി പതിവ് കാര്യാലയം, പീരുമേട് | 8 |
| 9 | ഭൂമി പതിവ് കാര്യാലയം, കട്ടപ്പന | 3 |
| 10 | ഭൂമി പതിവ് കാര്യാലയം, ഇടുക്കി | 1 |
| 11 | ഡി.ജി.പി. ഓഫീസ്, തൊടുപുഴ | 8 |
| 12 | പൊന്നും വില കാര്യാലയം, തൊടുപുഴ | 1 |
| 13 | റീസർവ്വെ സൂപ്രണ്ട് ഓഫീസ്, ബഥേൽ | 2 |
| 14 | റീസർവ്വെ സൂപ്രണ്ട് ഓഫീസ്, പീരുമേട് | 1 |
| 15 | സ്പെഷ്യൽ റവന്യൂ ഓഫീസ്, മൂന്നാർ | 1 |
| 16 | എ.പി.പി. ഓഫീസ്, കട്ടപ്പന | 2 |
| 17 | എ.പി.പി. ഓഫീസ്, ഇടുക്കി | 1 |

## എറണാകുളം ജില്ല

| ക്രമ നം. | തസ്തിക | ജോലി ക്രമീകരണ വ്യവസ്ഥയിൽ പ്രവർത്തിക്കുന്ന ഓഫീസ് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | ക്ലർക്ക് | അഡീഷണൽ ഗവൺമെന്റ് പ്ലീഡറുടെ കാര്യാലയം, കൊച്ചി | 1 |
| 2 | ക്ലർക്ക് | ആർ.ഡി.ഒ. ഓഫീസ്, ഫോർട്ട് കൊച്ചി | 1 |
| 3 | ഓഫീസ് അറ്റൻഡന്റ് | പറവൂർ താലൂക്ക് ഓഫീസ് | 1 |
| 4 | ക്ലർക്ക് | ആർ.ഡി.ഒ. ഓഫീസ്, ഫോർട്ട് കൊച്ചി | 1 |

| | | | |
|---|---|---|---|
| 5 | ക്ലർക്ക് | ആർ.ഡി.ഒ. ഓഫീസ്, ഫോർട്ട് കൊച്ചി | 1 |
| 6 | ക്ലർക്ക് | ഡി.ജി.പി. ഓഫീസ് | 1 |
| 7 | ഓഫീസ് അറ്റൻഡന്റ് | ഡി.ജി.പി. ഓഫീസ് | 1 |
| 8 | സീനിയർ ക്ലർക്ക് | ആർ.ഡി.ഒ. ഓഫീസ്, ഫോർട്ട് കൊച്ചി | 1 |
| 9 | സീനിയർ ക്ലർക്ക് | അഡീഷണൽ ഗവൺമെന്റ് പ്ലീഡറുടെ കാര്യാലയം, നോർത്ത് പറവൂർ | 1 |
| 10 | സീനിയർ ക്ലർക്ക് | അഡീഷണൽ ഗവൺമെന്റ് പ്ലീഡറുടെ കാര്യാലയം, നോർത്ത് പറവൂർ | 1 |
| 11 | സീനിയർ ക്ലർക്ക് | അഡീഷണൽ ഗവൺമെന്റ് പ്ലീഡറുടെ കാര്യാലയം, നോർത്ത് പറവൂർ | 1 |
| 12 | ക്ലർക്ക് | ലെയ്സൺ ഡെപ്യൂട്ടി കളക്ടർ (റവന്യൂ) കാര്യാലയം | 1 |
| 13 | ക്ലർക്ക് | അഡീഷണൽ ഗവൺമെന്റ് പ്ലീഡറുടെ കാര്യാലയം, നോർത്ത് പറവൂർ | 1 |
| 14 | സീനിയർ ക്ലർക്ക് | ILDM Tvm | 1 |
| 15 | ക്ലർക്ക് | അഡീഷണൽ ഗവൺമെന്റ് പ്ലീഡറുടെ കാര്യാലയം, നോർത്ത് പറവൂർ | 1 |
| 16 | ക്ലർക്ക് | ജില്ലാ കളക്ടറേറ്റ്, എറണാകുളം | 1 |
| 17 | ക്ലർക്ക് | ആർ.ഡി.ഒ. ഓഫീസ്, ഫോർട്ട് കൊച്ചി | 1 |
| 18 | ഓഫീസ് അറ്റൻഡന്റ് | ആർ.ഡി.ഒ. ഓഫീസ്, ഫോർട്ട് കൊച്ചി | 1 |
| 19 | ഓഫീസ് അറ്റൻഡന്റ് | അഡീഷണൽ ഗവൺമെന്റ് പ്ലീഡറുടെ കാര്യാലയം, നോർത്ത് | 1 |

| | | | |
|---|---|---|---|
| | | പറവൂർ | |
| 20 | ഓഫീസ് അറ്റൻഡന്റ് | ആർ.ഡി.ഒ. ഓഫീസ്, ഫോർട്ട് കൊച്ചി | 1 |
| 21 | ഓഫീസ് അറ്റൻഡന്റ് | ആർ.ഡി.ഒ. ഓഫീസ്, ഫോർട്ട് കൊച്ചി | 1 |
| 22 | യു.ഡി ടൈപ്പിസ്റ്റ് | താലൂക്ക് ഓഫീസ്, കണയന്നൂർ | 1 |
| 23 | ക്ലർക്ക് | റവന്യൂ റിക്കവറി ജോലിക്കായി പ്രത്യേകമായി വില്ലേജ് ഓഫീസ് - എറണാകുളം | 1 |
| 24 | ക്ലർക്ക് | ILDM Tvm | 1 |
| 25 | ജൂനിയർ സൂപ്രണ്ട് | ആർ.ഡി.ഒ., മൂവാറ്റുപുഴ | 1 |
| 26 | ജൂനിയർ സൂപ്രണ്ട് | ആർ.ഡി.ഒ., മൂവാറ്റുപുഴ | 1 |
| 27 | സീനിയർ ക്ലർക്ക് | ആർ.ഡി.ഒ., മൂവാറ്റുപുഴ | 1 |
| 28 | ക്ലർക്ക് | ആർ.ഡി.ഒ., മൂവാറ്റുപുഴ | 1 |
| 29 | ക്ലർക്ക് | ആർ.ഡി.ഒ., മൂവാറ്റുപുഴ | 1 |
| 30 | ക്ലർക്ക് | ആർ.ഡി.ഒ., മൂവാറ്റുപുഴ | 1 |
| 31 | ക്ലർക്ക് | ആർ.ഡി.ഒ., മൂവാറ്റുപുഴ | 1 |
| 32 | ക്ലർക്ക് | ആർ.ഡി.ഒ., മൂവാറ്റുപുഴ | 1 |
| 33 | ക്ലർക്ക് | ആർ.ഡി.ഒ., മൂവാറ്റുപുഴ | 1 |
| 34 | ടൈപ്പിസ്റ്റ് | ആർ.ഡി.ഒ., മൂവാറ്റുപുഴ | 1 |
| 35 | ടൈപ്പിസ്റ്റ് | ആർ.ഡി.ഒ., മൂവാറ്റുപുഴ | 1 |
| 36 | ഓഫീസ് അറ്റൻഡന്റ് | ആർ.ഡി.ഒ., മൂവാറ്റുപുഴ | 1 |
| 37 | ഓഫീസ് അറ്റൻഡന്റ് | ആർ.ഡി.ഒ., മൂവാറ്റുപുഴ | 1 |
| 38 | ഓഫീസ് അറ്റൻഡന്റ് | സ്പെഷ്യൽ തഹസിൽദാർ LANH No2. ആലുവ | 1 |
| 39 | ഓഫീസ് | റീസർവ്വേ സൂപ്രണ്ട് ഓഫീസ് | 1 |

| | | | |
|---|---|---|---|
| | അറ്റൻഡന്റ് | ആലുവ | |
| 40 | ചെയിൻമാൻ | കളക്ടറേറ്റ്, എറണാകുളം | 1 |
| 41 | സീനിയർ ക്ലർക്ക് | ആർ.ഡി.ഒ. ഓഫീസ്, ഫോർട്ട് കൊച്ചി | 1 |
| 42 | ഓഫീസ് അറ്റൻഡന്റ് | ആർ.ഡി.ഒ., ഫോർട്ട് കൊച്ചി | 1 |
| 43 | ഓഫീസ് അറ്റൻഡന്റ് | ILDM Tvm | 1 |
| 44 | സീനിയർ ക്ലർക്ക് | ജില്ലാ ഗവൺമെന്റ് പ്ലീഡറുടെ കാര്യാലയം, എറണാകുളം | 1 |
| 45 | ഓഫീസ് അറ്റൻഡന്റ് | താലൂക്ക് ഓഫീസ്, ആലുവ | 1 |
| 46 | ഓഫീസ് അറ്റൻഡന്റ് | താലൂക്ക് ഓഫീസ്, ആലുവ | 1 |
| 47 | ഓഫീസ് അറ്റൻഡന്റ് | ഡി.ഡി. സർവ്വേ എറണാകുളം | 1 |
| 48 | ഓഫീസ് അറ്റൻഡന്റ് | അഡീഷണൽ ഗവൺമെന്റ് പ്ലീഡറുടെ കാര്യാലയം, പെരുമ്പാവൂർ | 1 |
| 49 | സീനിയർ ക്ലർക്ക് | കളക്ടറേറ്റ് എറണാകുളം | 1 |
| 50 | സീനിയർ ക്ലർക്ക് | അഡീഷണൽ ഗവൺമെന്റ് പ്ലീഡറുടെ കാര്യാലയം, എറണാകുളം | 1 |
| 51 | ചെയിൻമാൻ | താലൂക്ക് ഓഫീസ്, ആലുവ | 1 |
| 52 | ക്ലർക്ക് | താലൂക്ക് ഓഫീസ്, കണയന്നൂർ | 1 |
| 53 | ജൂനിയർ സൂപ്രണ്ട് | ആർ.ഡി.ഒ., ഫോർട്ട് കൊച്ചി | 1 |
| 54 | ക്ലർക്ക് | ആർ.ഡി.ഒ., ഫോർട്ട് കൊച്ചി | 1 |
| 55 | ക്ലർക്ക് | ആർ.ഡി.ഒ., ഫോർട്ട് കൊച്ചി | 1 |
| 56 | സെലക്ഷൻ ഗ്രേഡ് | ആർ.ഡി.ഒ., ഫോർട്ട് കൊച്ചി | 1 |

| | | | |
|---|---|---|---|
| | ടൈപ്പിസ്റ്റ് | | |
| 57 | ഓഫീസ് അറ്റൻഡന്റ് | സ്പെഷ്യൽ തഹസിൽദാർ (എൽ.ആർ.), എറണാകളം തൃപ്പൂണിത്തുറ | 1 |
| 58 | ഡെപ്യൂട്ടി തഹസിൽദാർ | ഡെപ്യൂട്ടി കളക്ടർ എൽ.എ.എൻ.എച്ച് 64 പറവൂർ | 1 |
| 59 | സീനിയർ ക്ലർക്ക് | കളക്ടറേറ്റ്, എറണാകുളം | 1 |
| 60 | വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് | കളക്ടറേറ്റ്, എറണാകുളം | 1 |
| 61 | ജൂനിയർ സൂപ്രണ്ട് | സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയം (KRDSL) | 1 |
| 62 | സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാർ | KSFE എറണാകുളം | 1 |
| 63 | സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് | എ.ജി.പി. നോർത്ത് പറവൂർ | 1 |
| 64 | സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് | ഡി.ജി.പി. എറണാകുളം | 1 |
| 65 | സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് | ആർ.ഡി.ഒ. ഫോർട്ട് കൊച്ചി | 1 |
| 66 | സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് | എ.ജി.പി. പെരുമ്പാവൂർ | 1 |
| 67 | സീനിയർ ക്ലർക്ക് | റവന്യൂ വിജിലൻസ് | 1 |
| 68 | ഓഫീസ് അറ്റൻഡന്റ് | ഡി.ജി.പി. എറണാകുളം | 1 |
| 69 | സീനിയർ | അസിസ്റ്റന്റ് ഡയറക്ടർ സർവ്വേ. | 1 |

| | | | |
|---|---|---|---|
| | ക്ലർക്ക് | എറണാകുളം | |
| 70 | ക്ലർക്ക് | താലൂക്ക് ഓഫീസ്. പറവൂർ | 1 |
| 71 | സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് | ആർ.ഡി.ഒ., മൂവാറ്റുപുഴ | 1 |
| 72 | ക്ലർക്ക് | ആർ.ഡി.ഒ., മൂവാറ്റുപുഴ | 1 |
| 73 | സീനിയർ ക്ലർക്ക് | കളക്ടറേറ്റ് എറണാകുളം | 1 |
| 74 | എൽ.ഡി. ടൈപ്പിസ്റ്റ് | ഫിനാൻസ് സ്ക്വാഡ് ഓഫീസ്, കാക്കനാട് | 1 |

## തൃശ്ശൂർ ജില്ല

| ക്രമ നം. | ഓഫീസ് | ജോലിക്രമീകരണ വ്യവസ്ഥയിലുള്ള ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | കളക്ടറേറ്റ്, തൃശ്ശൂർ | 5 |
| 2 | താലൂക്ക് ഓഫീസ്, ചാലക്കുടി | 6 |
| 3 | ജില്ലാ ഗവൺമെന്റ് പ്ലീഡർമാരുടെ കാര്യാലയം, തൃശ്ശൂർ | 9 |
| 4 | റവന്യൂ ഡിവിഷണൽ ഓഫീസ്, തൃശ്ശൂർ | 3 |
| 5 | റവന്യൂ ഡിവിഷണൽ ഓഫീസ്, ഇരിങ്ങാലക്കുട | 3 |
| 6 | സ്പെഷ്യൽ തഹസിൽദാർ (എൽ.ആർ.)-ന്റെ കാര്യാലയം, തൃശ്ശൂർ | 2 |
| 7 | സ്പെഷ്യൽ തഹസിൽദാർ (എൽ.ആർ)-ന്റെ കാര്യാലയം, കുന്നംകുളം | 1 |
| 8 | സർവ്വെ സൂപ്രണ്ട് ഓഫീസ്, തൃശ്ശൂർ | 6 |
| 9 | സിൽവർ ലൈൻ, തൃശ്ശൂർ | 1 |

| | | |
|---|---|---|
| 10 | താലൂക്ക് ഓഫീസ്, കുന്നംകുളം | 2 |
| 11 | കെ.എസ്.എഫ്.ഇ. തൃശ്ശൂർ | 1 |
| 12 | ജില്ലാ സർവ്വേ സൂപ്രണ്ടിന്റെ കാര്യാലയം | 1 |
| **ആകെ** | | **40** |

**പാലക്കാട്**

| ക്രമ നം. | ഓഫീസ് | ജോലിക്രമീകരണ വ്യവസ്ഥയിലുള്ള ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | കളക്ടറേറ്റ്, പാലക്കാട് | 1 |
| 2 | സബ് കളക്ടറുടെ കാര്യാലയം, ഒറ്റപ്പാലം | 15 |
| 3 | റവന്യൂ ഡിവിഷണൽ ഓഫീസ്, പാലക്കാട് | 12 |
| 4 | താലൂക്ക് ഓഫീസ്, ചിറ്റൂർ | 3 |
| 5 | താലൂക്ക് ഓഫീസ്, ആലത്തൂർ | 1 |
| 6 | താലൂക്ക് ഓഫീസ്, പട്ടാമ്പി | 1 |
| 7 | താലൂക്ക് ഓഫീസ്, അട്ടപ്പാടി | 1 |
| 8 | താലൂക്ക് ഓഫീസ്, പാലക്കാട് | 1 |
| 9 | സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയം, എൽ.എ.(ജി) നം. 02, പാലക്കാട് | 1 |
| 10 | സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയം, എൽ.എ. KBIC, കഞ്ചിക്കോട്, പാലക്കാട് | 1 |
| 11 | സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയം, എൽ.എ. KINFRA, പാലക്കാട് | 1 |
| 12 | സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടറുടെ കാര്യാലയം, എൽ.എ.എൻ.എച്ച്, | 1 |

| | | |
|---|---|---|
| | പാലക്കാട് | |
| **ആകെ** | | **39** |

**മലപ്പുറം**

| ക്രമ നം. | ഓഫീസ് | ജോലിക്രമീകരണ വ്യവസ്ഥയിലുള്ള ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | ലാൻഡ് റവന്യൂ കമ്മീഷണറുടെ ഓഫീസ്, തിരുവനന്തപുരം | 2 |
| 2 | ഐ.എൽ.ഡി.എം., തിരുവനന്തപുരം | 3 |
| 3 | കളക്ടറേറ്റ് ആലപ്പുഴ | 1 |
| 4 | കളക്ടറേറ്റ് ഇടുക്കി | 1 |
| 5 | കളക്ടറേറ്റ് മലപ്പുറം (DEOC) | 3 |
| 6 | കളക്ടറേറ്റ് മലപ്പുറം | 2 |
| 7 | ജില്ലാ കളക്ടറുടെ ക്യാമ്പ് ഓഫീസ്, മലപ്പുറം | 2 |
| 8 | ഡെപ്യൂട്ടി കളക്ടറുടെ ഓഫീസ്, എൽ.എ.(എൻ.എച്ച്.) | 6 |
| 9 | ഡെപ്യൂട്ടി കളക്ടറുടെ ഓഫീസ്, എൽ.എ.(എയർപോർട്ട്) | 1 |
| 10 | സ്പെഷ്യൽ തഹസിൽദാരുടെ ഓഫീസ് എൽ.എ.(എൻ.എച്ച്.) യൂണിറ്റ് | 4 |
| 11 | സ്പെഷ്യൽ തഹസിൽദാരുടെ ഓഫീസ് (എൽ.എ.) എൻ.എച്ച്. യൂണിറ്റ് | 2 |
| 12 | സ്പെഷ്യൽ തഹസിൽദാരുടെ ഓഫീസ് (എൽ.എ.) എൻ.എച്ച് യൂണിറ്റ് 1 | 1 |
| 13 | സബ് കളക്ടറുടെ ഓഫീസ്, പെരിന്തൽമണ്ണ | 3 |

| | | |
|---|---|---|
| 14 | ആർ.ഡി. ഓഫീസ്, തിരൂർ | 1 |
| 15 | ജില്ലാ ഗവ. പ്ലീഡറുടെ കാര്യാലയം, മഞ്ചേരി | 12 |
| 16 | ഏറനാട് താലൂക്ക് ഓഫീസ് | 1 |
| 17 | സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയം എൽ.എ.(ജി) മലപ്പുറം. | 1 |

**കോഴിക്കോട് ജില്ല**

| ക്രമ നം. | തസ്തിക | ജോലിക്രമീകരണ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ഓഫീസ് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | ജൂനിയർ സൂപ്രണ്ട് | ദേവികുളം താലൂക്ക് ഓഫീസ്, ഇടുക്കി | 1 |
| 2 | വില്ലേജ് ഓഫീസർ | എൽ.എ. സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയം, കൊയിലാണ്ടി | 1 |
| 3 | ക്ലാർക്ക് | എൽ.എ. സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയം, കൊയിലാണ്ടി | 1 |
| 4 | വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് | സിവിൽ അഡ്മിനിസ്ട്രേഷൻ കൺട്രോൾ റൂം | 3 |
| 5 | വില്ലേജ് ഓഫീസർ | എൽ.എ. കിഫ്ബി സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയം, കോഴിക്കോട് | 2 |
| 6 | വില്ലേജ് ഓഫീസർ | എൽ.എ.എൻ.എച്ച്. സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയം, വടകര | 2 |
| 7 | സീനിയർ ക്ലർക്ക് | എ.ജി.പി. ഓഫീസ്, വടകര | 1 |
| 8 | റവന്യൂ ഇൻസ്പെക്ടർ, ആർ.ആർ. വിഭാഗം | എൽ.എ. സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയം, കൊയിലാണ്ടി | 1 |
| 9 | ചെയിൻമാൻ | നഗരപാതാ വികസന പദ്ധതി | 1 |

| | | | |
|---|---|---|---|
| | | സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയം, കോഴിക്കോട് | |
| 10 | ജൂനിയർ സൂപ്രണ്ട് | ആർ.ഡി.ഒ. ഓഫീസ്, കോഴിക്കോട് | 3 |
| 11 | സീനിയർ ക്ലാർക്ക് | ആർ.ഡി.ഒ. ഓഫീസ്, കോഴിക്കോട് | 4 |
| 12 | ക്ലർക്ക് | ആർ.ഡി.ഒ. ഓഫീസ്, കോഴിക്കോട് | 2 |
| 13 | ക്ലർക്ക് | എൽ.എ. സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയം, കോഴിക്കോട് | 3 |
| 14 | റവന്യൂ ഇൻസ്പെക്ടർ, ആർ.ആർ. | എൽ.എ. സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയം, കോഴിക്കോട് | 1 |
| 15 | റവന്യൂ ഇൻസ്പെക്ടർ, ആർ.ആർ. | ജില്ലാ ഐ.ടി. കോ-ഓർഡിനേറ്റർ, കോഴിക്കോട് | 1 |
| 16 | ഓഫീസ് അറ്റൻഡന്റ് | കളക്ടറേറ്റ്, കോഴിക്കോട്. | 2 |
| 17 | റവന്യൂ ഇൻസ്പെക്ടർ, ആർ.ആർ. | ഉത്തരമേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ കാര്യാലയം, കോഴിക്കോട് | 1 |
| 18 | സീനിയർ ക്ലാർക്ക് | എൽ.എ.എൻ.എച്ച്. സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയം, കോഴിക്കോട് | 1 |
| 19 | ക്ലർക്ക് | നാഷണൽ സേവിംങ്ങ്സ്, കോഴിക്കോട് | 1 |
| 20 | ക്ലർക്ക് | നഗരപാതാവികസനപദ്ധതി സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയം, കോഴിക്കോട് | 1 |
| 21 | ക്ലർക്ക് | ആർ.ഡി.ഒ., വടകര | 1 |
| 22 | സീനിയർ ക്ലർക്ക് | ആർ.ഡി.ഒ., വടകര | 3 |
| 23 | സീനിയർ ക്ലർക്ക് | സ്പെഷ്യൽ തഹസിൽദാർ എൽ.ആർ. വടകര | 1 |

| | | | |
|---|---|---|---|
| 24 | വില്ലേജ് ഓഫീസർ | ഉത്തരമേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ കാര്യാലയം, കോഴിക്കോട് | 1 |
| 25 | ഓഫീസ് അറ്റൻഡന്റ് | താലൂക്ക് ഓഫീസ്, കോഴിക്കോട് | 1 |
| 26 | ഓഫീസ് അറ്റൻഡന്റ് | ജി.പി.ഓഫീസ്, കോഴിക്കോട് | 3 |
| 27 | ഓഫീസ് അറ്റൻഡന്റ് | എ.ജി.പി. ഓഫീസ്, വടകര | 1 |
| 28 | ഓഫീസ് അറ്റൻഡന്റ് | എ.ജി.പി. ഓഫീസ്, കൊയിലാണ്ടി | 2 |
| 29 | ഓഫീസ് അറ്റൻഡന്റ് | ജില്ലാ കളക്ടറുടെ ക്യാമ്പ് ഓഫീസ് | 2 |
| 30 | ക്ലർക്ക് | ജി.പി. ഓഫീസ്, കോഴിക്കോട് | 1 |
| 31 | യു.ഡി. ടൈപ്പിസ്റ്റ് | ആർ.ആർ, കോഴിക്കോട് | 1 |
| 32 | യു.ഡി. ടൈപ്പിസ്റ്റ് | പി&എ.ആർ.ഡി, കോഴിക്കോട് | 1 |
| 33 | എൽ.ഡി. ടൈപ്പിസ്റ്റ് | ജി.പി.ഓഫീസ്, കോഴിക്കോട് | 2 |
| 34 | എൽ.ഡി. ടൈപ്പിസ്റ്റ് | ആർ.ഡി.ഒ, കോഴിക്കോട് | 1 |
| 35 | സീനിയർ ക്ലർക്ക് | ഫ്രൻസ് ഓഫീസ്, ആലപ്പുഴ | 1 |
| 36 | സീനിയർ ക്ലർക്ക് | ജി.പി.ഓഫീസ്, കോഴിക്കോട് | 1 |
| 37 | ക്ലർക്ക് | ഐ.എൽ.ഡി.എം., തിരുവനന്തപുരം | 1 |
| 38 | ക്ലർക്ക് | എ.ജി.പി. ഓഫീസ്, കൊയിലാണ്ടി | 1 |
| 39 | ജൂനിയർ സൂപ്രണ്ട് | ജി.പി. ഓഫീസ്, കോഴിക്കോട് | 1 |
| 40 | എൽ.ഡി. ടൈപ്പിസ്റ്റ് | സ്പെഷ്യൽ തഹസിൽദാർ എൽ.ആർ., കോഴിക്കോട് | 1 |
| 41 | ഓഫീസ് അറ്റൻഡന്റ് | മാറാട് കോടതി | 1 |
| 42 | ജൂനിയർ സൂപ്രണ്ട് | കാസർഗോഡ് കെ.എസ്.എഫ്.ഇ, കോഴിക്കോട് | 2 |

| | | | |
|---|---|---|---|
| 43 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | ഉത്തരമേഖല സർവ്വെ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, കോഴിക്കോട് | 1 |
| 44 | സീനിയർ ക്ലർക്ക് | സ്റ്റേറ്റ് ഐ.ടി. സെൽ | 1 |
| 45 | അറ്റൻഡർ | ആർ.ഡി.ഒ., കോഴിക്കോട് | 1 |
| 46 | ഓഫീസ് അറ്റൻഡന്റ് | ആർ.ഡി.ഒ., കോഴിക്കോട് | 2 |
| 47 | പി.റ്റി.എസ്. | ആർ.ഡി.ഒ., കോഴിക്കോട് | 1 |
| 48 | ഡ്രൈവർ | കളക്ടറേറ്റ്, കോഴിക്കോട് | 1 |
| 49 | എഫ്.ടി.എസ്. | താലൂക്ക് ഓഫീസ്, താമരശ്ശേരി | 1 |

**വയനാട് ജില്ല**

| ക്രമ നം. | ഓഫീസിന്റെ പേര് | ജോലി ക്രമീകരണം മുഖേന ജോലി ചെയ്യുന്ന കാര്യാലയം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | കളക്ടറേറ്റ് വയനാട് | ഗവൺമെന്റ് പ്ലീഡറുടെ കാര്യാലയം കൽപ്പറ്റ | 1 |
| 2 | കളക്ടറേറ്റ് വയനാട് | ഗവൺമെന്റ് പ്ലീഡറുടെ കാര്യാലയം കൽപ്പറ്റ | 1 |
| 3 | കളക്ടറേറ്റ് വയനാട് | ഗവൺമെന്റ് പ്ലീഡറുടെ കാര്യാലയം കൽപ്പറ്റ | 1 |
| 4 | കളക്ടറേറ്റ് വയനാട് | ഗവൺമെന്റ് പ്ലീഡറുടെ കാര്യാലയം സുൽത്താൻ ബത്തേരി | 1 |
| 5 | കളക്ടറേറ്റ് വയനാട് | അസി. ഗവൺമെന്റ് പ്ലീഡറുടെ കാര്യാലയം സുൽത്താൻ ബത്തേരി | 1 |
| 6 | കളക്ടറേറ്റ് വയനാട് | താലൂക്ക് ഓഫീസ് സുൽത്താൻ ബത്തേരി | 1 |
| 7 | കളക്ടറേറ്റ് വയനാട് | സബ് കളക്ടറുടെ കാര്യാലയം മാനന്തവാടി | 1 |
| 8 | ILDM തിരുവനന്തപുരം | സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (എൽ.ആർ)-ന്റെ കാര്യാലയം | 1 |

| | | | |
|---|---|---|---|
| | | സുൽത്താൻ ബത്തേരി | |
| 9 | സബ് കളക്ടറുടെ കാര്യാലയം മാനന്തവാടി | സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (എൽ.ആർ.)-ന്റെ കാര്യാലയം സുൽത്താൻ ബത്തേരി | 1 |
| 10 | സബ് കളക്ടറുടെ കാര്യാലയം മാനന്തവാടി | സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (എൽ.ആർ.)-ന്റെ കാര്യാലയം സുൽത്താൻ ബത്തേരി | 1 |
| 11 | താലൂക്ക് ഓഫീസ് വൈത്തിരി | സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (എൽ.ആർ.)-ന്റെ കാര്യാലയം സുൽത്താൻ ബത്തേരി | 1 |
| 12 | താലൂക്ക് ഓഫീസ് വൈത്തിരി | സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (എൽ.ആർ.)-ന്റെ കാര്യാലയം സുൽത്താൻ ബത്തേരി | 1 |
| 13 | സബ് കളക്ടറുടെ കാര്യാലയം മാനന്തവാടി | റവന്യൂ റിക്കവറി തഹസിൽദാരുടെ കാര്യാലയം അമ്പലവയൽ | 1 |
| 14 | ഫ്രണ്ട്സ് ജനസേവന കേന്ദ്രം കൽപ്പറ്റ | താലൂക്ക് ഓഫീസ്, വൈത്തിരി | 1 |
| 15 | സബ് കളക്ടറുടെ കാര്യാലയം മാനന്തവാടി | താലൂക്ക് ഓഫീസ്, സുൽത്താൻ ബത്തേരി | 1 |
| 16 | സബ് കളക്ടറുടെ കാര്യാലയം മാനന്തവാടി | താലൂക്ക് ഓഫീസ്, മാനന്തവാടി | 1 |
| 17 | സബ് കളക്ടറുടെ കാര്യാലയം മാനന്തവാടി | താലൂക്ക് ഓഫീസ്, മാനന്തവാടി | 1 |
| 18 | സബ് കളക്ടറുടെ കാര്യാലയം മാനന്തവാടി | താലൂക്ക് ഓഫീസ്, മാനന്തവാടി | 1 |
| 19 | സബ് കളക്ടറുടെ കാര്യാലയം | വില്ലേജ് അസിസ്റ്റന്റ്, അഞ്ചുകുന്ന് വില്ലേജ് | 1 |

| | | | |
|---|---|---|---|
| | മാനന്തവാടി | | |
| 20 | സബ് കളക്ടറുടെ കാര്യാലയം മാനന്തവാടി | താലൂക്ക് ഓഫീസ്, മാനന്തവാടി | 1 |

**കണ്ണൂർ ജില്ല**

| ക്രമ നം. | ഓഫീസ് | തസ്തിക | ജോലിക്രമീകരണ വ്യവസ്ഥയിലുള്ള ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) CRIP കണ്ണൂർ | വാല്യൂവേഷൻ അസിസ്റ്റന്റ് | 1 |
| 2 | സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (എൽ.എ.) എൻ.എച്ച്. തളിപ്പറമ്പ് | ജൂനിയർ സൂപ്രണ്ട് | 1 |
| 3 | കളക്ടറേറ്റ്, കണ്ണൂർ (ആർബിട്രേഷൻ) | ജൂനിയർ സൂപ്രണ്ട് | 1 |
| 4 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) ജനറൽ, തലശ്ശേരി | ജൂനിയർ സൂപ്രണ്ട് | 1 |
| 5 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) എൻ.എച്ച്. CRIP കണ്ണൂർ | ആർ.ഐ. | 1 |
| 6 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) എൻ.എച്ച്. CRIP കണ്ണൂർ | ആർ.ഐ. | 1 |
| 7 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) എൻ.എച്ച്. CRIP കണ്ണൂർ | ആർ.ഐ. | 1 |
| 8 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ) എൻ.എച്ച്. കണ്ണൂർ | ആർ.ഐ. | 1 |
| 9 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) എൻ.എച്ച്. | ആർ.ഐ. | 1 |

| | | | |
|---|---|---|---|
| | തലശ്ശേരി | | |
| 10 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) കിഫ്ബി കണ്ണൂർ | ആർ.ഐ. | 1 |
| 11 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) എൻ.എച്ച്. കണ്ണൂർ | എച്ച്.സി. | 1 |
| 12 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) എൻ.എച്ച്. CRIP കണ്ണൂർ | സീനിയർ ക്ലർക്ക് | 1 |
| 13 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) എൻ.എച്ച്. CRIP കണ്ണൂർ | സീനിയർ ക്ലർക്ക് | 1 |
| 14 | എ.ജി.പി. ഓഫീസ്, തലശ്ശേരി | സീനിയർ ക്ലർക്ക് | 1 |
| 15 | ജനസേവന കേന്ദ്രം, കണ്ണൂർ | സീനിയർ ക്ലർക്ക് | 1 |
| 16 | എസ്.വി.ഒ. വില്ലേജ് ഓഫീസ്, കരിക്കോട്ട | സീനിയർ ക്ലർക്ക് | 1 |
| 17 | എ.ജി.പി. പയ്യന്നൂർ | സീനിയർ ക്ലർക്ക് | 1 |
| 18 | എ.ജി.പി. പയ്യന്നൂർ | സീനിയർ ക്ലർക്ക് | 1 |
| 19 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) എൻ.എച്ച്. കണ്ണൂർ | സീനിയർ ക്ലർക്ക് | 1 |
| 20 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) ജനറൽ, തലശ്ശേരി | സീനിയർ ക്ലർക്ക് | 1 |
| 21 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) RIA കല്ല്യാട് | സീനിയർ ക്ലർക്ക് | 1 |
| 22 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) ജനറൽ, തലശ്ശേരി | സീനിയർ ക്ലർക്ക് | 1 |
| 23 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ജനറൽ, തലശ്ശേരി | സീനിയർ ക്ലർക്ക് | 1 |
| 24 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) എൻ.എച്ച് CRIP കണ്ണൂർ | ക്ലർക്ക് | 1 |
| 25 | താലൂക്ക് ഓഫീസ്, | സെലക്ഷൻ ഗ്രേഡ് | 1 |

| | | | |
|---|---|---|---|
| | കൊയിലാണ്ടി | ടൈപ്പിസ്റ്റ് | |
| 26 | താലൂക്ക് ഓഫീസ്, പയ്യന്നൂർ | സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് | 1 |
| 27 | താലൂക്ക് ഓഫീസ്, കണ്ണൂർ | സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് | 1 |
| 28 | എ.ജി.പി. ഓഫീസ്, പയ്യന്നൂർ | സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് | 1 |
| 29 | ഗവ. പ്ലീഡർ ഓഫീസ്, തലശ്ശേരി | സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് | 1 |
| 30 | താലൂക്ക് ഓഫീസ്, പയ്യന്നൂർ | യു.ഡി. ടൈപ്പിസ്റ്റ് | 1 |
| 31 | സബ് കളക്ടർ ഓഫീസ്, തലശ്ശേരി | യു.ഡി. ടൈപ്പിസ്റ്റ് | 1 |
| 32 | സബ് കളക്ടർ ഓഫീസ്, തലശ്ശേരി | യു.ഡി. ടൈപ്പിസ്റ്റ് | 1 |
| 33 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ) (സിറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട്, കണ്ണൂർ) | യു.ഡി. ടൈപ്പിസ്റ്റ് | 1 |
| 34 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) കൂത്തുപറമ്പ് | എൽ.ഡി. ടൈപ്പിസ്റ്റ് | 1 |
| 35 | ആർ.ഡി.ഒ. ഓഫീസ്, തളിപ്പറമ്പ് | എൽ.ഡി. ടൈപ്പിസ്റ്റ് | 1 |
| 36 | സബ് കളക്ടർ ഓഫീസ്, തലശ്ശേരി | ക്ലർക്ക്/വി.എ | 1 |
| 37 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) (ഐ.ആർ.ഐ.എ.) കല്ല്യാട്, കണ്ണൂർ | ക്ലർക്ക്/വി.എ | 1 |
| 38 | സബ് കളക്ടർ ഓഫീസ്, തലശ്ശേരി | ക്ലർക്ക്/വി.എ | 1 |
| 39 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ)ജനറൽ, തലശ്ശേരി | ക്ലർക്ക് | 1 |
| 40 | സ്പെഷ്യൽ തഹസിൽദാർ | ക്ലർക്ക് | 1 |

| | | | |
|---|---|---|---|
| | (എൽ.എ)ജനറൽ, തലശ്ശേരി | | |
| 41 | ആർ.ഡി.ഒ. തളിപ്പറമ്പ് | ക്ലർക്ക് | 1 |
| 42 | ആർ.ഡി.ഒ. തളിപ്പറമ്പ് | ക്ലർക്ക് | 1 |
| 43 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) കെ.എസ്.ടി.പി. തലശ്ശേരി | ക്ലർക്ക് | 1 |
| 44 | ആർ.ഡി.ഒ. തളിപ്പറമ്പ് | ക്ലർക്ക് | 1 |
| 45 | വില്ലേജ് ഓഫീസ്, കരിക്കോട്ടക്കരി | ക്ലർക്ക് | 1 |
| 46 | ആർബിട്രേഷൻ, കളക്ടറേറ്റ്, കണ്ണൂർ | ക്ലർക്ക് | 1 |
| 47 | സബ് കളക്ടർ ഓഫീസ്, തലശ്ശേരി | ക്ലർക്ക് | 1 |
| 48 | ആർ.ഡി.ഒ. തളിപ്പറമ്പ് | ഒ.എ. | 1 |
| 49 | എ.ജി.പി. പയ്യന്നൂർ | ഒ.എ. | 1 |
| 50 | എ.ജി.പി. ഓഫീസ്, തലശ്ശേരി | ഒ.എ. | 1 |
| 51 | എ.ജി.പി. ഓഫീസ്, തലശ്ശേരി | ഒ.എ. | 1 |
| 52 | എ.ജി.പി. പയ്യന്നൂർ | ഒ.എ. | 1 |

## കാസർഗോഡ് ജില്ല

| ക്രമ നം. | ഓഫീസിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | കളക്ടറേറ്റ് കാസർഗോഡ് | 4 |
| 2 | റവന്യൂ ഡിവിഷണൽ ഓഫീസ്, കാഞ്ഞങ്ങാട് | 3 |
| 3 | താലൂക്ക് ഓഫീസ്, ഹോസ്ദുർഗ് | 3 |
| 4 | താലൂക്ക് ഓഫീസ്, മഞ്ചേശ്വരം | 1 |
| 5 | ജില്ലാ ഗവൺമെന്റ് പ്ലീഡർ, കാസർഗോഡ് | 7 |
| 6 | അഡീഷണൽ ഗവൺമെന്റ്, പ്ലീഡർ ഓഫീസ്, കാഞ്ഞങ്ങാട് | 3 |
| 7 | സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ, എൽ.എ, എൻ.എച്ച്. | 3 |
| 8 | സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ എൽ.എ., | 4 |

| | | |
|---|---|---|
| | എൻ.എച്ച്., യൂണിറ്റ് കാസർഗോഡ് | |
| 9 | ഫ്രണ്ട്സ് ജനസേവന കേന്ദ്രം | 1 |
| 10 | സ്പെഷ്യൽ തഹസിൽദാർ എൽ.എ.എൻ.എച്ച്., കാഞ്ഞങ്ങാട് | 1 |
| 11 | സെക്രട്ടേറിയറ്റ് (എൽ.ഡി. ടൈപ്പിസ്റ്റ് ) | 1 |

**മുറിച്ചിട്ട ഈട്ടി മരങ്ങൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ**

354 (5070) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷങ്ങളായി മുറിച്ചിട്ട നിലയിൽ വയനാട് ജില്ലയുടെ വിവിധ സ്ഥലങ്ങളിൽ കിടക്കുന്ന റവന്യൂ വകുപ്പിന്റെ കൈവശമുള്ള ഈട്ടി മരങ്ങളുടെ കണക്ക് ലഭ്യമാക്കാമോ?

വയനാട് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ മുറിച്ചിട്ട നിലയിലുള്ളതും കടപുഴകി വീണതുമായ ഇരുന്നൂറുലധികം ഈട്ടി മരങ്ങളുണ്ട്.

(ബി) മുറിച്ചിട്ട മരങ്ങൾ ലേലം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) ലേല നടപടികൾ വഴി സർക്കാരിലേയ്ക്ക് ലഭ്യമാകേണ്ട വലിയ തുക നടപടിക്രമങ്ങളിലെ കാലതാമസംമൂലം നഷ്ടമാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

(ബി&സി) ലേല നടപടികൾ സ്വീകരിച്ചുവരികയാണ്. എന്നാൽ വനം വകുപ്പിൽനിന്നും വില നിർണ്ണയ റിപ്പോർട്ട് ലഭ്യമാകുന്നതിലുള്ള കാലതാമസം കാരണവും ലേലംകൊള്ളാൻ ആരും തയ്യാറാകാത്തതുകാരണം ലേല നടപടികൾ പൂർത്തീകരിക്കാൻ സാധിക്കാത്തതിനാലും നഷ്ടം സംഭവിക്കാറുണ്ട്.

**സോളമൻ സി. ചാക്കോ തീക്കോയ് വില്ലേജ് ഓഫീസർക്ക് നൽകിയ അപേക്ഷ**

355 (5071) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളമൻ സി. ചാക്കോ (ദശരഥ, വഴിക്കടവ്, കുരിശുമല, തീക്കോയ് വില്ലേജ്, ഈരാറ്റുപേട്ട) എന്നയാൾ 406-ാം സർവ്വേ നമ്പരായുള്ള പട്ടയഭൂമിയുടെ ഉടമസ്ഥത, പുറമ്പോക്ക് കയ്യേറ്റം എന്നിവ സംബന്ധിച്ച് 02-12-2020-ൽ തീക്കോയ് വില്ലേജ് ഓഫീസർക്ക് വിവരാവകാശ നിയമപ്രകാരം അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ടിയാന്റെ അപേക്ഷയിന്മേൽ നടപടി സ്വീകരിച്ച് മറുപടി നൽകിയിട്ടില്ലെങ്കിൽ ആയത് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) ഉണ്ട്. വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച പ്രസ്തുത അപേക്ഷയ്ക്ക് 11-01-2021-ന് തീക്കോയ് വില്ലേജ് ഓഫീസിൽനിന്നും മറുപടി നൽകിയിട്ടുണ്ട്.

**ഭൂ നികുതി ഈടാക്കാൻ നടപടി**

356 (5072) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ഏറനാട് താലൂക്കിൽ മഞ്ചേരി വില്ലേജിലെ പല വ്യക്തികൾക്കും റീസർവ്വേ നടപടികളിലെ അപാകതകൾ കാരണം 2015 മുതൽ ഭൂനികുതി അടയ്ക്കാൻ കഴിയുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

റീസർവ്വെ നടപടികളിൽ സംഭവിച്ച സാങ്കേതിക പിഴവുകൾ കാരണം മഞ്ചേരി വില്ലേജിൽ ബ്ലോക്ക് നമ്പർ 51-ൽ റീസർവ്വെ നമ്പർ 116, 118, 119, 88, 89, 91, 86 എന്നിവയിൽ എൽ.ആർ.എം. കേസുകൾ തീർപ്പാക്കാൻ

ബാക്കിയുള്ളതിനാൽ ചില വ്യക്തികൾക്ക് ഭൂനികുതി അടയ്ക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യത്തിലുള്ള പരാതി പരിഹരിച്ച് ഭൂനികുതി ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സത്വര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ആയതിലേയ്ക്ക് ഒരു സ്പെഷ്യൽ സർവ്വെ ടീമിനെ ചുമതലപ്പെടുത്തുന്നതിന് മലപ്പുറം സർവ്വേ ഡെപ്യൂട്ടി ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുള്ളതും ഇക്കാര്യത്തിൽ അടിയന്തര തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്.

**കാസർഗോഡ് ജില്ലയിലെ വീരമലക്കുന്നിന്റെ വികസനം**

357 (5073) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പ്രധാന ടൂറിസം സ്പോട്ടായ വീരമലക്കുന്നിന്റെ വികസനവുമായി ബന്ധപ്പെട്ട് ഭൂമി കൈമാറാനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) കാസർഗോഡ് വികസന പാക്കേജിൽ ഇതിനാവശ്യമായ തുക വകയിരുത്തിയിട്ടുള്ളതിനാൽ ഈ പദ്ധതിക്ക് എപ്പോൾ ഭൂമി നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) വീരമലക്കുന്ന് ടൂറിസം പദ്ധതിക്കായി ചെറുവത്തൂർ വില്ലേജിലെ റീസർവ്വേ നം. 70/1-ൽപ്പെട്ട 3.6899 ഹെക്ടർ റവന്യൂ ഭൂമി ടൂറിസം വകുപ്പിന് വിട്ടുനൽകുന്നതിനുള്ള പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണർ ലഭ്യമാക്കുകയും ആയതിന്മേൽ മഴവില്ല് ടൂറിസം പദ്ധതിക്കായി കൈമാറാൻ ഉദ്ദേശിക്കുന്ന മേൽപ്പറഞ്ഞ ഭൂമിയോടൊപ്പം ടി പദ്ധതിക്ക് അധികമായി ആവശ്യമായി വരുന്നതും വനം വകുപ്പിന്റെ അധീനതയിലുള്ളതും സോഷ്യൽ ഫോറസ്ട്രിക്കായി പ്രസ്തുത വകുപ്പിന് കൈമാറിയതുമായ RS No 70/3-ൽപ്പെട്ട 0.9641 ഹെക്ടർ ഭൂമി സർവ്വേ ചാർജ്ജ് മാത്രം ഈടാക്കി 2 സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾക്ക് വിധേയമായി ടൂറിസം വകുപ്പിന് കൈമാറുന്ന വിഷയത്തിൽ വനം വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. അഭിപ്രായം ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**വെച്ചൂർ വില്ലേജിലെ ഫെയർവാല്യൂ നിർണ്ണയത്തിലെ അപാകതകൾ**

358 (5074) ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം താലൂക്ക് വെച്ചൂർ വില്ലേജിലെ ഭൂമിയുടെ ഫെയർവാല്യൂ അമിതമായി ഉയർന്നിരിക്കുന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. ടി പ്രദേശത്തുനിന്നും ന്യായവില പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് ധാരാളം അപ്പീൽ അപേക്ഷകൾ ലഭിക്കുന്നുണ്ട്.

(ബി) ഇതുമൂലം ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

വൈക്കം താലൂക്കിൽ വെച്ചൂർ വില്ലേജിലെ വസ്തുക്കളുടെ ന്യായവില പൂർണ്ണമായും പുനർനിർണ്ണയം ചെയ്യുന്നതിനുള്ള നിർദ്ദേശം പാലാ ആർ.ഡി.ഒ.-യ്ക്ക് നൽകിയിട്ടുണ്ട്.

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ പുറമ്പോക്ക് ഭൂമിയുടെ വിവരങ്ങൾ**

359 (5075) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാഞ്ഞങ്ങാട് മണ്ഡലത്തിലെ വിവിധ വില്ലേജുകളുടെ പരിധിയിലുള്ള പുറമ്പോക്ക് ഭൂമിയുടെ വിവരങ്ങൾ വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

**ഉഴമലയ്ക്കൽ വില്ലേജിൽ പുറമ്പോക്ക് ഭൂമിയിൽ പാറ ഖനനം**

360 (5076) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് താലൂക്കിൽ ഉഴമലയ്ക്കൽ വില്ലേജിൽ ബ്ലോക്ക് 50 റീസർവ്വേ 399/1, 399/2 എന്നിവയിൽ ഉൾപ്പെട്ട പുറമ്പോക്ക് ഭൂമിയിൽ പാറഖനനം നടത്തുന്നതിന് മുഹമ്മദ് ശരീഫ്, അൽ അമാം മൻസിൽ, നടക്കുന്ന് പി.ഒ., പത്തനാപുരം എന്ന വ്യക്തിക്ക് ബഹു. ജില്ലാ കളക്ടർ നൽകിയ നിരാക്ഷേപ സാക്ഷ്യപത്രം (ബി7-7865/18) റദ്ദുചെയ്ത തീരുമാനത്തിനെതിരെ ബഹു. കേരള ഹൈക്കോടതിയിൽ നൽകിയ ഹർജി ഡബ്ല്യു.പി (സി) 4504/2020(കെ) 21-06-2022-ന് തീർപ്പാക്കിയിരുന്നോ; തീർപ്പാക്കിയിട്ടുണ്ടെങ്കിൽ സർക്കാർ വീണ്ടും അപ്പീൽ സമർപ്പിക്കുമോ;

(ബി) നെടുമങ്ങാട് താലൂക്കിൽ ഉഴമലയ്ക്കൽ വില്ലേജിലെ മങ്ങാട്ടുപാറയിൽ ഖനനം നടത്തുന്നത് പ്രദേശവാസികളുടെ സ്വൈര്യ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജീവിതത്തിന് തടസ്സമാകും എന്നതിനാൽ ഈ സ്ഥലം ഉഴമലയ്ക്കൽ, ആര്യനാട് പഞ്ചായത്തുകളുടെ കുടിവെള്ള പദ്ധതിക്കായി വിട്ടു നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

(എ&ബി) തീർപ്പാക്കിയിരുന്നു. അപ്പീലിന് സാധ്യതയുണ്ടോയെന്ന് പരിശോധിച്ച് നിയമോപദേശം നൽകാൻ അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ചാത്തന്നൂർ മണ്ഡലത്തിലെ പൂതക്കുളം വില്ലേജ് ഓഫീസിന്റെ പ്രവർത്തനം**

361 (5077) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ പൂതക്കുളം വില്ലേജ് ഓഫീസിന്റെ പ്രവർത്തനം സംബന്ധിച്ച പരിശോധന ആവശ്യപ്പെട്ടുകൊണ്ട് സ്ഥലം എം.എൽ.എ. നൽകിയ കത്ത് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കത്തുമായി ബന്ധപ്പെട്ട വസ്തുതകൾ പരിശോധിക്കാൻ ഏത് ഉദ്യോഗസ്ഥനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും അന്വേഷണ

ഘട്ടത്തിൽ സ്ഥലം എം.എൽ.എ.-യോട് വസ്തുതകൾ ആരാഞ്ഞിട്ടുണ്ടോയെന്നും അറിയിക്കാമോ?

(എ&ബി) ചാത്തന്നൂർ മണ്ഡലത്തിലെ പൂതക്കുളം വില്ലേജ് ഓഫീസിന്റെ പ്രവർത്തനം സംബന്ധിച്ച പരിശോധന ആവശ്യപ്പെട്ടുകൊണ്ട് ബഹു.എം.എൽ.എ. 29-02-2022-ൽ സമർപ്പിച്ച കത്ത് കൊല്ലം ജില്ലാ കളക്ടർക്ക് ലഭ്യമാക്കിയിട്ടുള്ളതും കൂടാതെ പ്രസ്തുത വിഷയത്തിന്മേൽ തഹസീൽദാരുടെ റിപ്പോർട്ട് ജില്ലാ കളക്ടർ തേടുകയും തുടർന്ന് പരാതി സംബന്ധിച്ച് കൊല്ലം കളക്ടറേറ്റ് പരിശോധനാ വിഭാഗം സീനിയർ സൂപ്രണ്ട് 05-03-2022-ൽ വില്ലേജിൽ നേരിട്ട് ഹാജരായി നടത്തിയ പരിശോധനയിൽ പ്രസ്തുത പരാതിക്കാസ്പദമായ പ്രശ്നം പരിഹരിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുമുണ്ട്. അന്വേഷണ സമയത്തുതന്നെ പരാതിക്കാസ്പദമായ വിഷയം പരിഹരിക്കപ്പെട്ടിരുന്നതിനാൽ തുടർനടപടികൾ വേണ്ടിവന്നില്ല.

(സി) പ്രസ്തുത അന്വേഷണം സംബന്ധിച്ച നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

പരാതി പരിഹരിച്ചു എന്നുള്ള വിവരം 01-06-2022-ൽ പരാതിക്കാരനെ രേഖാമൂലം അറിയിച്ചിട്ടുണ്ട്.

**രണ്ട് വില്ലേജുകളാക്കി മാറ്റുന്നതിന് നടപടി**

362 (5078) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ-അവനവഞ്ചേരി ഗ്രൂപ്പ് വില്ലേജുകൾ രണ്ട് വില്ലേജുകളാക്കി മാറ്റി വ്യത്യസ്ത ഓഫീസുകളിൽ പ്രവർത്തിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ആറ്റിങ്ങൽ-അവനവഞ്ചേരി ഗ്രൂപ്പ് വില്ലേജുകൾ നിലവിൽ ഒരു കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. സംസ്ഥാനത്തിന്റെ പൊതുധനസ്ഥിതി മെച്ചപ്പെടുന്നമുറയ്ക്ക് മാത്രമേ ഗ്രൂപ്പ് വില്ലേജുകൾ വിഭജിച്ച് പുതിയ വില്ലേജുകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിക്കുവാൻ സാധിക്കുകയുള്ളൂ.

**തിരൂരങ്ങാടി മണ്ഡലത്തിലെ സർക്കാർ ഭൂമി**

363 (5079) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ സർക്കാർ ഭൂമി ഏതെല്ലാമാണെന്നും അവ ഏതൊക്കെ വകുപ്പിന്റെ കൈവശമാണെന്നും അവ ഓരോന്നിന്റെയും അളവ് എത്രയാണെന്നും വിശദമാക്കാമോ;

(ബി) അവയുടെ ബി.ടി.ആർ. രേഖകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

(എ&ബി) അനുബന്ധമായി ചേർക്കുന്നു+.

**ചേറ്റുവ രാമുകാര്യാട്ട് സിനിമ തിയേറ്ററിന് സ്ഥലം അനുവദിക്കുന്നത്**

364 (5080) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വാർഷിക ബഡ്ജറ്റിൽ അനുമതി ലഭിച്ച ചേറ്റുവ രാമുകാര്യാട്ട് സിനിമ തിയേറ്ററിന് സ്ഥലം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഏങ്ങണ്ടിയൂർ വില്ലേജ് സർവ്വെ 22/1-ൽ ഉൾപ്പെട്ട ഭൂമിയിൽ രാമു കാര്യാട്ട് സ്മാരക നിർമ്മാണം, ഏങ്ങണ്ടിയൂർ വില്ലേജ് ഓഫീസ് നിർമ്മാണം, സിനിമാ തിയേറ്റർ കോംപ്ലക്സ് നിർമ്മാണം എന്നിവയ്ക്കായി ഉദ്ദേശിക്കപ്പെട്ട ഭൂമിയുടെ സ്കെച്ച് ചാവക്കാട് താലൂക്ക് സർവ്വെയർ തയ്യാറാക്കി ചാവക്കാട് പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകിയിട്ടുള്ളതാണ്. തിയേറ്റർ നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി പാട്ടത്തിന് ലഭിക്കുന്നതിനുവേണ്ടിയുള്ള അപേക്ഷ, KSFDC അധികൃതരിൽനിന്നും ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത സ്മാരക നിർമ്മാണത്തിന് അനുയോജ്യമായ ഭൂമി ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിന് കൈമാറുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

രാമു കാര്യാട്ട് സ്മാരക നിർമ്മാണത്തിനായി കണ്ടെത്തിയ ഏങ്ങണ്ടിയൂർ വില്ലേജിലെ സർവ്വെ 22/1-ലെ തെക്കേ അതിർത്തിയോട് ചേർന്നുള്ള 20 സെന്റ് ഭൂമി, താലൂക്ക് സർവ്വെയർ അളന്ന് തിട്ടപ്പെടുത്തി ഏങ്ങണ്ടിയൂർ പഞ്ചായത്ത് അധികൃതരെ ബോദ്ധ്യപ്പെടുത്തി സ്കെച്ച് സമർപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഭൂമി പാട്ടത്തിന് ലഭിക്കുന്നതിനുവേണ്ടി സമർപ്പിച്ച അപേക്ഷയിന്മേൽ വിശദമായി പാട്ടപ്രൊപ്പോസൽ തയ്യാറാക്കി, തുടർനടപടി ജില്ലാ കളക്ടർ സ്വീകരിച്ചുവരുന്നു.

**മഞ്ചേശ്വരം താലൂക്കിലെ വില്ലേജ് ഓഫീസുകൾ സ്മാർട്ടാക്കാൻ നടപടി**

365 (5081) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിൽ ഏതൊക്കെ വില്ലേജ് ഓഫീസ് കെട്ടിടങ്ങളാണ് ശോചനീയവസ്ഥയിലുള്ളതെന്ന് വിശദമാക്കുമോ?

മഞ്ചേശ്വരം താലൂക്കിലെ കുഞ്ചത്തൂർ, കൊടലമൊഗറു, മീഞ്ച, കടമ്പാർ, ഉപ്പള, ഇച്ചിലങ്കോട്, കയ്യാർ, പൈവളിഗെ, ബായാർ, എൻമകജെ, ഷേണി, എടനാട്, കോയിപ്പാടി, ബാഡൂർ, ബംബ്രാണ എന്നീ 15 വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ ശോചനീയാവസ്ഥയിലാണ്.

(ബി) പ്രസ്തുത താലൂക്കിൽ ഏതൊക്കെ വില്ലേജ് ഓഫീസുകളാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളായിട്ടുള്ളതെന്ന് വിശദമാക്കുമോ?

നിലവിൽ ഹൊസബെട്ടു, വോർക്കാഡി എന്നിവ സ്മാർട്ട് വില്ലേജ് ഓഫീസുകളാണ്. കൂടാതെ എടനാട്, മീഞ്ച, കടമ്പാർ, പഡ്രെ എന്നിവ സ്മാർട്ട് വില്ലേജ് ഓഫീസ്സാക്കുന്നതിന്റെ ഭാഗമായി കെട്ടിടങ്ങളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നുണ്ട്.

(സി) പ്രസ്തുത താലൂക്കിലെ വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും സ്മാർട്ട് വില്ലേജ് ഓഫീസാക്കുന്നതിനും ഈ വർഷം ഫണ്ട് വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

അഞ്ച് വർഷക്കാലത്തിനിടയിൽ എല്ലാ വില്ലേജുകളും സ്മാർട്ടാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. ഇതനുസരിച്ച് ഒരു വില്ലേജ്

സ്മാർട്ടാക്കാൻ അറ്റകുറ്റപ്പണികൾ മാത്രം മതിയാകുന്നവ, പൂർണ്ണമായും പുതിയ കെട്ടിടം പണിയേണ്ടവ, സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കേണ്ടവ എന്നിങ്ങനെ പ്രത്യേകം തരംതിരിച്ച് മുൻഗണനാക്രമത്തിലുള്ള ലിസ്റ്റ് തയ്യാറാക്കിവരികയാണ്. ഇതനുസരിച്ച് ആവശ്യമായ നടപടികൾ പരിഗണനയിലാണ്.

**കാസർഗോഡ് തെക്കിൽ വില്ലേജിൽ ടാറ്റ കമ്പനിയുടെ ആശുപത്രി ഭൂമി**

366 (5082) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് തെക്കിൽ വില്ലേജിൽ റീസർവ്വെ 276/1 എ, 277/1 എ എന്നീ നമ്പറുകളിൽ വഖഫ് ഭൂമിയും സ്വത്തുമുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. റീസർവ്വെ 276/1 എ-യിൽ 1.9266 ഹെക്ടറും റീസർവ്വെ 277/1 എ- യിൽ 1.0788 ഹെക്ടറുമുണ്ട്.

(ബി) പ്രസ്തുത റീസർവ്വെ നമ്പറിൽപ്പെട്ട സ്ഥലമാണോ ടാറ്റ കമ്പനിയുടെ സഹകരണത്തോടെ കാസർഗോഡ് ജില്ലയ്ക്ക് അനുവദിച്ച കോവിഡ്-19 ആശുപത്രിയുടെ നിർമ്മാണത്തിന് വിട്ടുകൊടുത്തതെന്ന്

വ്യക്തമാക്കാമോ; എത്ര ഏക്കർ/ഹെക്ടർ ഭൂമിയാണ് വിട്ടുകൊടുത്തതെന്ന് വ്യക്തമാക്കാമോ?

അതെ, 1.6695 ഹെക്ടർ.

(സി) പകരം ഭൂമി ലഭ്യമാക്കാമെന്ന വ്യവസ്ഥയിലാണോ ഭൂമി വിട്ടുനൽകിയതെന്നും പ്രസ്തുത വ്യവസ്ഥ നടപ്പിലാക്കിയതാരാണെന്നും ഒപ്പുവച്ച അധികാരികൾ ആരാണെന്നും വ്യക്തമാക്കാമോ; വ്യവസ്ഥയുടെ പകർപ്പ് ലഭ്യമാക്കാമോ?

അതെ. കാസർഗോഡ് ജില്ലാ കളക്ടറും കാസർഗോഡ് ജില്ലാ ജം ഇയ്യത്തുൾ ഉലമ മലബാർ ഇസ്ലാമിക് കോംപ്ലക്സ് അസോസിയേഷൻ പ്രസിഡന്റുമാണ് കരാറിൽ ഒപ്പുവച്ചിട്ടുള്ളത്. കരാറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

(ഡി) ഏത് വില്ലേജിലെ ഏത് സർവ്വെ നമ്പറുകളിൽ സ്ഥിതിചെയ്യുന്ന എത്ര ഹെക്ടർ ഭൂമി പകരം നൽകാമെന്നാണ് വ്യവസ്ഥയിലുള്ളതെന്ന് വ്യക്തമാക്കാമോ; ഈ സ്ഥലം റവന്യൂ ഭൂമിയാണോയെന്ന് വിശദമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാസർഗോഡ് താലൂക്ക്, തെക്കിൽ വില്ലേജിലെ സർവ്വെ നമ്പർ 266/1, 276/1എ, 277/1A, 267/2ബി1ബി എന്നിവയിൽപ്പെട്ട 1.6695 ഹെക്ടർ റവന്യൂ ഭൂമിയാണ് പകരം നൽകാമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

**കോട്ടക്കൽ മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളുടെ നവീകരണം**

367 (5083) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകളെയാണ് സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കാൻ തീരുമാനിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ; പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ കുറ്റിപ്പുറം, നടുവട്ടം, എടയൂർ, കോട്ടക്കൽ എന്നീ വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) കുറ്റിപ്പുറം, കോട്ടക്കൽ എന്നീ വില്ലേജ് ഓഫീസുകളുടെ കെട്ടിട നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമായിട്ടുണ്ടോ; സ്ഥലം ഏറ്റെടുക്കൽ

നടപടികൾ ഏത് ഘട്ടത്തിലാണെന്നും സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ഇനി എന്തെല്ലാം നടപടികൾ ശേഷിക്കുന്നുണ്ടെന്നും അറിയിക്കുമോ; വിശദമാക്കാമോ;

(ഡി) കാട്ടിപ്പരുത്തി വില്ലേജ് ഓഫീസിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കുമോ; പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

കോട്ടക്കൽ മണ്ഡലത്തിൽ സ്മാർട്ട് വില്ലേജ് പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കാൻ/ശോച്യാവസ്ഥ പരിഹരിക്കുവാൻ തീരുമാനിച്ച വില്ലേജ് ഓഫീസുകളുടെയും അവയുടെ പ്രവൃത്തികളുടെ പുരോഗതിയും കൂടാതെ കുറ്റിപ്പുറം, കോട്ടക്കൽ എന്നീ വില്ലേജ് ഓഫീസുകളുടെ കെട്ടിട നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമാക്കുന്നത് സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു+.

## കോഴിക്കോട് കിനാലൂരിലെ എസ്റ്റേറ്റിൽ തൊഴിലാളികളുടെ തൊഴിൽ പ്രശ്നം

368 (5084) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കോഴിക്കോട് കിനാലൂരിലെ എസ്റ്റേറ്റിൽ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടമായപ്പോൾ നഷ്ടപരിഹാരമായി എസ്റ്റേറ്റ് ഉടമ നൽകിയ ഭൂമിയിൽ അവർക്ക് വീടുവച്ച് താമസിക്കാൻ കഴിയുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഭൂമി തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ കഴിയുന്ന രീതിയിൽ ഉപയോഗപ്രദമാക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിഷയം ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലായതിനാൽ കോടതിയുടെ അന്തിമ വിധിക്കുശേഷമേ തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ.

(സി) കിനാലൂരിലെ തൊഴിലാളികളുടെ ഭൂമി പ്രശ്നം പരിഹരിക്കുന്നതിനായി പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പരാതിയിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ?

തൊഴിലാളികളുടെ തൊഴിൽ നഷ്ടത്തിന് ലഭിച്ച ഭൂമി രജിസ്റ്റർ ചെയ്ത് പോക്കുവരവ് ചെയ്ത് കിട്ടുന്നതിനും ക്രയവിക്രയം നടത്താനും ഭാഗിക്കാനും കെട്ടിടങ്ങൾ പണിയാനും പുരയിടങ്ങൾ യഥേഷ്ടം ഉപയോഗിക്കാനും വേണ്ട

രേഖകൾ പട്ടയം ഉൾപ്പെടെ അനുവദിക്കണമെന്ന് കാണിച്ച് പരാതികൾ ലഭ്യമായിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട് 'വൺ എർത്ത് വൺ ലൈഫ് എന്ന സംഘടന ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No.28496/16 നമ്പർ കേസിലെ 27-02-2019-ലെ ഉത്തരവിൽ ബന്ധപ്പെട്ട താലൂക്ക് ലാൻഡ് ബോർഡിനോട് കേസ് പുന:പരിശോധന നടത്തുവാൻ ഉത്തരവായിട്ടുണ്ട്. കിനാലൂർ എസ്റ്റേറ്റ് ഭൂമി മുറിച്ച് വിൽക്കുന്നതിനെതിരെയും തരംമാറ്റം നടത്തുന്നതിനെതിരെയും ഫയൽ ചെയ്തതാണ് മേൽ കേസ്. പ്രസ്തുത കേസിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിനെതിരെ ബഹു.സുപ്രീം കോടതി മുമ്പാകെ Special Leave Petition(c) 2889-2890/2020, 2891/2020 എന്നീ നമ്പർ കേസ് ഫയൽ ചെയ്യപ്പെട്ടിരുന്നു. കേസിൽ ഭൂമി സംബന്ധമായ എല്ലാ കാര്യങ്ങളിലും സ്റ്റാറ്റസ്കോ (തൽസ്ഥിതി) നിലനിർത്താൻ ബഹു. സുപ്രീം കോടതി ഉത്തരവായിട്ടുണ്ട്. പ്രശ്നം ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലായതിനാൽ ബഹു. കോടതിവിധിക്ക് അനുസൃതമായി മാത്രമെ നടപടികൾ സ്വീകരിക്കാനാവൂ.

## ഭൂപണയ വായ്പയിന്മേൽ വില്ലേജ് ഓഫീസ് മുഖാന്തരമുള്ള നടപടിക്രമങ്ങൾ

369 (5085) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി പണയംവച്ച് ദേശസാൽകൃത ബാങ്കിൽനിന്നും എടുക്കുന്ന ലോണിന്റെ തിരിച്ചടവ് മുടങ്ങുന്ന സാഹചര്യത്തിൽ ലോൺ തുക ഈടാക്കുന്നതിനായി വില്ലേജ് ഓഫീസ് മുഖാന്തരം എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; വ്യക്തമാക്കാമോ?

ജില്ലാ കളക്ടർ അർത്ഥനാധികാരിയിൽനിന്നും ലഭിക്കുന്ന അർത്ഥനയുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിക്കുന്ന റവന്യൂ റിക്കവറി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിലേയ്ക്കായി സ്ഥാവര ജംഗമ വസ്തുക്കൾ ജപ്തിചെയ്ത് തുക ഈടാക്കുന്നതിനുള്ള ഡിമാൻഡ് നോട്ടീസുകൾ താലൂക്ക് തഹസിൽദാർ, കുടിശ്ശിക കക്ഷികൾക്ക് വില്ലേജ് ഓഫീസ് മുഖാന്തരം നൽകുകയും നിശ്ചിത സമയത്തിനുള്ളിൽ തുക അടവാക്കാത്തവരുടെ സ്ഥാവര ജംഗമ വസ്തുക്കൾ ജപ്തി ചെയ്യുന്നതിനാവശ്യമായ വിവരങ്ങൾ ശേഖരിച്ച് തഹസിൽദാർക്ക് നൽകുകയും ചെയ്യുന്നു.

(ബി) പ്രസ്തുത ലോൺ തിരിച്ചടച്ച ശേഷവും വില്ലേജ് ഓഫീസിൽ നിന്നും ഭൂവുടമയ്ക്ക് നോട്ടീസ് വരുന്നത് ഏത് സാഹചര്യത്തിലാണെന്ന് അറിയിക്കാമോ; പ്രസ്തുത നോട്ടീസിന് വില്ലേജ് ഓഫീസ് ഫീസ് ഈടാക്കാറുണ്ടോ; ഉണ്ടെങ്കിൽ തുക സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

നിയമപ്രകാരം ഒരു അർത്ഥന റവന്യൂ വകുപ്പിലേയ്ക്ക് നൽകിക്കഴിഞ്ഞാൽ അർത്ഥനാധികാരി കുടിശ്ശികക്കാരനിൽനിന്നും നേരിട്ട് തുക ഈടാക്കാൻ പാടില്ലാത്തതാണ്. എന്നാൽ ചില അർത്ഥനാധികാരികൾ റവന്യൂ വകുപ്പിന് അർത്ഥന അയച്ച ശേഷവും നേരിട്ട് തുക ഈടാക്കുന്ന പ്രവണത കണ്ടുവരുന്നു. ഇത്തരം കേസുകളിലാണ് കക്ഷി നേരിട്ട് തുക ഒടുക്കിയത് അറിയാതെ വില്ലേജ് ഓഫീസിൽനിന്നും കെ.ആർ.ആർ. നിയമം വകുപ്പ് 7, 34 പ്രകാരമുള്ള നോട്ടീസുകൾ നൽകുന്നത്. ഇതിന് നിയമാനുസരണമുള്ള ഫീസും ഈടാക്കുന്നുണ്ട്. വകുപ്പ് 7 പ്രകാരമുള്ള ഫോറം നമ്പർ 1-നും വകുപ്പ് 34 പ്രകാരമുള്ള ഫോറം നമ്പർ 10-നും വെവ്വേറെ 85/- രൂപ വീതം ഈടാക്കുന്നു.

**കാസർഗോഡ് ജില്ലയിലെ ഗൺ ലൈസൻസിനായുള്ള അപേക്ഷകൾ**

370 (5086) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കാർഷികാവശ്യത്തിനുള്ള ഗൺ ലൈസൻസ് ലഭിച്ചവരുടെ ലൈസൻസുകളിൽ എത്രയെണ്ണം പുതുക്കി നൽകാതെ നിരസിച്ചിട്ടുണ്ട്; വിശദമാക്കാമോ?

2019-നുശേഷം കാസർഗോഡ് ജില്ലയിൽ 54 ലൈസൻസുകൾ പുതുക്കി നൽകാതെ നിരസിച്ചിട്ടുണ്ട്.

(ബി) ഗൺ ലൈസൻസ് നിരസിക്കപ്പെട്ടവരുടെ എത്ര അപ്പീൽ പെറ്റീഷനുകൾ റവന്യൂ കമ്മീഷണറേറ്റിൽ കെട്ടിക്കിടപ്പുണ്ട്; വ്യക്തമാക്കാമോ?

റവന്യൂ കമ്മീഷണറേറ്റിൽ കാസർഗോഡ് ജില്ലയിലെ ഗൺ ലൈസൻസ് നിരസിക്കപ്പെട്ടവരുടെ 39 അപ്പീൽ പെറ്റീഷനുകൾ പെൻഡിംഗുണ്ട്.

(സി) വന്യമൃഗങ്ങളുടെ ശല്യം കൂടിവരികയും ഇവയെ കൊല്ലാൻ പഞ്ചായത്തുകൾക്ക് അധികാരം നൽകുകയും ചെയ്ത സാഹചര്യത്തിൽ റവന്യൂ കമ്മീഷണറേറ്റിൽ കെട്ടിക്കിടക്കുന്ന കാസർഗോഡ് ജില്ലയിലെ ഗൺ ലൈസൻസിനായുള്ള അപ്പീൽ പെറ്റീഷനുകൾ എത്രയുംവേഗം തീർപ്പ് കൽപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

റവന്യൂ കമ്മീഷണറേറ്റിൽ കാസർഗോഡ് ജില്ലയിലെ ഗൺ ലൈസൻസിനായുള്ള അപ്പീൽ പെറ്റീഷനുകളിൽ ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് വിചാരണ തീയതി നിശ്ചയിച്ച് വിചാരണ നടത്തി കക്ഷിയുടെയും എതിർകക്ഷികളുടെയും വാദങ്ങളും ബന്ധപ്പെട്ട രേഖകളും പരിശോധിച്ച് നിയമാനുസൃതമായ തീർപ്പ് കൽപ്പിക്കുന്നതാണ്.

**അനന്തരാവകാശ സർട്ടിഫിക്കറ്റ്**

371 (5087) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പ് അനുവദിച്ച് നൽകുന്ന (തഹസിൽദാർ) അനന്തരാവകാശ സർട്ടിഫിക്കറ്റ് 5 ലക്ഷം രൂപവരെയുള്ള വിനിമയങ്ങൾക്ക് മാത്രമായി നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതുമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന പ്രയാസങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പൊതുജനങ്ങൾക്ക് സഹായകമാകുന്ന തരത്തിൽ വില്ലേജ് ഓഫീസ് മാനുവലിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) അനന്തരാവകാശ സർട്ടിഫിക്കറ്റ് എല്ലാ ആവശ്യങ്ങൾക്കും ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

(എ-ഡി) ലാൻഡ് റവന്യൂ മാന്വൽ 6-ാം വാല്യം ഖണ്ഡിക 236 (1)-ലെ വ്യവസ്ഥപ്രകാരം കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1-ന്റെ അനുച്ഛേദം 95 (ബി)(i) പ്രകാരം മരണപ്പെട്ട സർക്കാർ ജീവനക്കാരന് അവകാശപ്പെട്ട തുകകൾ അവകാശികൾക്ക് ലഭിക്കുന്നതിനോ കേരള സർവ്വീസ് ചട്ടങ്ങളുടെ ഭാഗം III-ലെ ചട്ടം 170 പ്രകാരം മരണപ്പെട്ട സർവ്വീസ് പെൻഷണറുടെ പെൻഷൻ കുടിശ്ശിക അവകാശികൾക്ക് ലഭിക്കുന്നതിനോ കേരള ട്രഷറി കോഡ് വാല്യം II-ലെ അനുബന്ധം 3-ന്റെ ചട്ടം 42(b)1 പ്രകാരം ട്രഷറി സേവിംഗ്സ് ബാങ്ക് നിക്ഷേപം നടത്തിയയാൾ മരണപ്പെടുന്ന സാഹചര്യത്തിൽ നിക്ഷേപത്തുക അവകാശികൾക്ക് ലഭിക്കുന്നതിനോ സിവിൽ കോടതികളിൽനിന്നുള്ള സക്സഷൻ സർട്ടിഫിക്കറ്റുകൾക്ക് പകരമായി നിശ്ചിത സാമ്പത്തിക പരിധികൾക്കുവിധേയമായി തഹസിൽദാർ അനുവദിക്കുന്ന അനന്തരാവകാശ സർട്ടിഫിക്കറ്റുകൾ മതിയാകുന്നതാണെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. മേൽ സാഹചര്യങ്ങൾ കൂടാതെ തേർഡ് പാർട്ടി ഇൻഷ്വറൻസ് പദ്ധതിപ്രകാരമുള്ള

നഷ്ടപരിഹാരത്തുകകളോ, ലിക്വിഡേറ്റർമാർ, സഹകരണസംഘങ്ങൾ, ബാങ്കുകൾ, ഇതര സ്ഥാപനങ്ങൾ എന്നിവയിൽനിന്നുള്ള തുകകളോ അവകാശികൾക്ക് ലഭിക്കേണ്ട അവസരങ്ങളിലും അഞ്ചുലക്ഷം രൂപ എന്ന പരിധിക്കുവിധേയമായി തഹസിൽദാർക്ക് അനന്തരാവകാശ സർട്ടിഫിക്കറ്റ് അനുവദിക്കാവുന്നതാണ്. മേൽ ആവശ്യങ്ങൾക്കല്ലാതെയുള്ള ആവശ്യങ്ങൾക്കും തർക്കമുള്ള കേസുകളിലും അനന്തരാവകാശികളെ നിർണ്ണയിച്ച് കിട്ടുന്നതിനായി സിവിൽ കോടതികളിൽനിന്നും സക്സഷൻ സർട്ടിഫിക്കറ്റിനായോ എറണാകുളത്ത് പ്രവർത്തിച്ചുവരുന്ന അഡ്മിനിസ്ട്രേറ്റർ ജനറലിന്റെ കാര്യാലയത്തിൽനിന്നുള്ള അഡ്മിനിസ്ട്രേഷൻ സർട്ടിഫിക്കറ്റിനായോ അപേക്ഷിക്കേണ്ടതാണ്.

പ്രസ്തുത വ്യവസ്ഥകൾക്കുപുറമേ, വിദേശ രാജ്യങ്ങളിൽ മരണമടയുന്ന കേരളീയരുടെ ആശ്രിതർക്ക് ഇന്ത്യൻ നയതന്ത്ര കാര്യാലയം മുഖേന അനുവദിക്കുന്ന മരണാനന്തര നഷ്ടപരിഹാര തുക കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനുവേണ്ടി നിലവിലുള്ള സാമ്പത്തിക പരിധി ബാധകമാക്കാതെ തഹസിൽദാർക്ക് അനന്തരാവകാശ സർട്ടിഫിക്കറ്റ് നൽകാമെന്ന് 31-01-2008-ലെ 70191/റ്റി2/07/ആർ.ഡി. നമ്പർ സർക്കുലർ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

റവന്യൂ വകുപ്പിൽനിന്നും നൽകുന്ന അനന്തരാവകാശ സർട്ടിഫിക്കറ്റിന്റെ സാമ്പത്തിക പരിധി എടുത്തുകളയണമെന്നും അതുവഴി സിവിൽ കോടതിയെ സമീപിച്ച് സക്സഷൻ സർട്ടിഫിക്കറ്റ് വാങ്ങുന്ന ബുദ്ധിമുട്ട് ഒഴിവാക്കണമെന്നും ആവശ്യപ്പെട്ട് ഒരു പരാതി കേരള നിയമസഭയുടെ ഹർജികൾ സംബന്ധിച്ച സമിതി മുമ്പാകെ ലഭിക്കുകയും ആയത് സർക്കാർ പരിശോധിച്ചുവരികയുമാണ്.

(ഇ) ഗസറ്റ് വിജ്ഞാപനം വന്ന സർട്ടിഫിക്കറ്റുകൾ അപേക്ഷകർക്ക് ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

അനന്തരാവകാശ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഓൺലൈനാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

**സഹകരണ സംഘങ്ങൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ**

372 (5088) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡിൽ സഹകരണ സംഘങ്ങൾ അടയ്ക്കുവാനുള്ള വിഹിതം കുടിശ്ശികയായതിനാൽ റവന്യൂ റിക്കവറി നടത്തുന്നതിനുവേണ്ടി എത്ര സഹകരണ സംഘങ്ങളുടെ

ഫയലുകളാണ് റവന്യൂ വകുപ്പിന് കൈമാറിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ആകെ എത്ര തുകയാണ് പിരിച്ചെടുക്കാനുള്ളതെന്ന് വിശദമാക്കാമോ?

7 സഹകരണ സംഘങ്ങളുടെ ഫയലുകളാണ് റവന്യൂ വകുപ്പിന് കൈമാറിയിട്ടുള്ളത്. ആകെ 2,51,99,768/- (രണ്ട് കോടി അൻപത്തിയൊന്ന് ലക്ഷത്തി തൊണ്ണൂറ്റി ഒൻപതിനായിരത്തി എഴുന്നൂറ്റി അറുപത്തിയെട്ട്) രൂപയാണ് പിരിച്ചെടുക്കുവാൻ ഉണ്ടായിരുന്നത്.

(ബി) സംസ്ഥാന സഹകരണ പെൻഷൻ ബോർഡ് നൽകിയ ഫയലുകളിൽ എത്ര എണ്ണത്തിന്മേൽ റവന്യൂ റിക്കവറി നടത്തിയെന്നും എത്ര രൂപ പിരിച്ചെടുത്തുവെന്നും വ്യക്തമാക്കാമോ?

7 സഹകരണ സംഘങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാന സഹകരണ പെൻഷൻ ബോർഡ് നൽകിയ 9 ഫയലുകളിൽ റവന്യൂ റിക്കവറി നടത്തി 12,69,789/- (പന്ത്രണ്ട് ലക്ഷത്തി അറുപത്തി ഒൻപതിനായിരത്തി എഴുന്നൂറ്റി എൺപത്തി ഒൻപത്) രൂപ പിരിച്ചെടുത്തിട്ടുണ്ട്.

## പാറശ്ശാല നിയോജകമണ്ഡലത്തിലെ വിവിധ റോഡുകളിലെ പുറമ്പോക്ക്

373 (5089) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ അമരവിള-കാരക്കോണം, കുടപ്പനമൂട്-വാഴിച്ചൽ, ചൂണ്ടിക്കൽ-ശൂരവക്കാണി, പശുവണ്ണറ-അരുവിക്കര, കീഴാറൂർ-അരുവിക്കര എന്നീ പി.ഡബ്ല്യു.ഡി. റോഡുകളിലെ പുറമ്പോക്ക് അളന്ന് തിട്ടപ്പെടുത്തി മാർക്ക് ചെയ്തു നൽകുന്നതിനായി കെ.ആർ.എഫ്.ബി. മുഖേന നൽകിയ കത്തിൻമേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ തൽസ്ഥിതി ഉൾപ്പെടെയുള്ള വിവരം അറിയിക്കാമോ;

(ബി) പുനർനവീകരണത്തിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ടെൻഡർ നടപടികൾ പൂർത്തിയാക്കിയ പ്രസ്തുത റോഡുകളിലെ പുറമ്പോക്ക് അളന്ന് തിട്ടപ്പെടുത്തി മാർക്ക് ചെയ്ത് നൽകുന്നതിനായി നടപടികൾ സ്വീകരിക്കാമോ; പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് അറിയിക്കാമോ?

(എ&ബി) അമരവിള ഒറ്റശേഖരമംഗലം റോഡ് അഭിവൃദ്ധിയുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുന്നതിനായി നെയ്യാറ്റിൻകര, പെരുങ്കടവിള, കൊല്ലയിൽ എന്നീ വില്ലേജുകളിൽനിന്നും റിപ്പോർട്ടും രേഖകളും ലഭ്യമാക്കി സർവ്വെയർക്ക് ഫയൽ നൽകിയിട്ടുള്ളതും അമരവിള ജംഗ്ഷൻ മുതൽ അയിര്രൂർ വരെയുള്ള റോഡിന്റെ പുറമ്പോക്ക് സ്ഥലങ്ങൾ പരിശോധിക്കുന്നതിനും ഫീൽഡ് വർക്ക് ചെയ്യുന്നതിനുമായി 3

സർവ്വെയർമാരെ നിയോഗിച്ചുകൊണ്ട് നടപടിക്രമം തയ്യാറാക്കുകയും ആയതിൻപ്രകാരം 21-05-2022-ന് സർവ്വെയർമാർ കൂട്ടായി സ്ഥലപരിശോധന നടത്തുകയും ആയതിൽ പെരുങ്കടവിള വില്ലേജിൽ ഏകദേശം റോഡിന്റെ ഇരുവശങ്ങളിലായി 17 കിലോമീറ്ററും നെയ്യാറ്റിൻകര വില്ലേജിൽ ഇരുവശങ്ങളിലായി ഏകദേശം 11 കിലോമീറ്ററും കൊല്ലയിൽ വില്ലേജിൽ ഏകദേശം 6 കിലോമീറ്ററും അളക്കേണ്ടതുള്ളതായി കാണുന്നുവെന്നും താലൂക്കിൽ ഓരോ സർവ്വെയർക്കും 1500-ലധികം ഫയലുകളുള്ളതായും പുറമ്പോക്ക് ഫിക്സ് ചെയ്യുന്നതിന് ഒരു മാസത്തോളം ടി ഫയലുകൾ നോക്കാതെ ജോലി ചെയ്യേണ്ടിവരുമെന്നും ആയത് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടാകുമെന്നും ആയതിനാൽ കിഫ്ബിയിൽ നിലവിലുള്ള സർവ്വെയർ മുഖാന്തരമോ കളക്ടറേറ്റിൽനിന്നും ഒരു സ്പെഷ്യൽ ടീമിനെ നിയോഗിച്ചോ മാത്രമേ ജോലികൾ സമയബന്ധതമായി പൂർത്തിയാക്കാൻ കഴിയുള്ളൂവെന്നും സർവ്വെയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ പ്രസ്താവിച്ച റോഡുകളിലെ പുറമ്പോക്ക് അളന്ന് തിട്ടപ്പെടുത്തി മാർക്ക് ചെയ്ത് നൽകുന്നതിനായി അധികമായി ജീവനക്കാരെ നിയോഗിക്കുന്നത് ജില്ലയിലെ ലഭ്യതകൂടി പരിശോധിച്ച് തീരുമാനിക്കാവുന്നതാണ്.

(സി) ആര്യൻകോട് പഞ്ചായത്ത് കീഴാറൂർ വില്ലേജിലെ കോവിലുവിള പന്തപ്ലാച്ചി പ്രദേശത്ത് മണ്ണിടിച്ചിലുണ്ടായ സ്ഥലങ്ങളിലെ താമസക്കാരെ പുനരധിവസിപ്പിക്കുന്നതിനുള്ള (30-12-2021 തീയതിയിലെ തിരുവനന്തപുരം കളക്ടറേറ്റ് ഫയൽ നം. H5-376473/2021) നടപടികളുടെ തൽസ്ഥിതി ഉൾപ്പെടെയുള്ള വിവരം അറിയിക്കാമോ?

കാട്ടാക്കട താലൂക്കിൽ ആര്യൻകോട് പഞ്ചായത്ത് കീഴാറൂർ വില്ലേജിൽ കോവിലുവിള പന്തപ്ലാച്ചി പ്രദേശത്തുണ്ടായ മണ്ണിടിച്ചിലുമായി ബന്ധപ്പെട്ട് പ്രസ്തുത സ്ഥലങ്ങളിലെ താമസക്കാരെ പുനരധിവസിപ്പിക്കുന്നതിന് ടി സ്ഥലത്ത് വിശദമായ ശാസ്ത്രീയ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കാവുന്നതാണ്.

**സർവ്വെയർമാർക്ക് ലൈസൻസ് നൽകുന്നതിന് നടപടി**

374 (5090) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1995 മുതൽ ചില താലൂക്കുകളിൽ ആധാരത്തോടൊപ്പം ഗവ. ലൈസൻസ്ഡ് സർവ്വേയർമാർ നൽകുന്ന അളവോട്ടുകൂടിയ സ്കെച്ചുവച്ച്

ആധാരം രജിസ്റ്റർ ചെയ്യുന്ന രീതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് അതിർത്തി തർക്കങ്ങളും കള്ളആധാരങ്ങൾ ഇല്ലാതാക്കുന്നതിനും സഹായകരമാകുമെന്ന് കരുതുന്നുണ്ടോ?

ആലുവ, കോട്ടയം താലൂക്കുകളിലെ ടോറൻസ് സമ്പ്രദായം നിലവിലുള്ള വില്ലേജുകളിൽ ലൈസൻസ്ഡ് സർവ്വെയർമാർ നൽകുന്ന അളവോട്ടുകൂടിയ സ്കെച്ചുവച്ച് ആധാരം രജിസ്റ്റർ ചെയ്യുന്ന രീതി നിലവിലുണ്ട്. ഇത് അതിർത്തി തർക്കങ്ങളും വ്യാജ ആധാരങ്ങളും കുറയ്ക്കുവാൻ സഹായകരമാകും.

(ബി) ഇത്തരത്തിൽ ആധാരത്തോടൊപ്പം സർവ്വേയറുടെ സ്കെച്ച് നൽകുന്നതിന് സർവ്വേയർമാർക്ക് ലൈസൻസ് നൽകുന്ന കാര്യം ആലോചിക്കുന്നുണ്ടോ?

കോട്ടയം, ആലുവ താലൂക്കുകളിൽ ആധാരത്തോടൊപ്പമുള്ള സ്കെച്ച് തയ്യാറാക്കി നൽകുന്നത് ലൈസൻസുള്ള സർവ്വേയർമാർ മാത്രമാണ്. സർവ്വേയും ഭൂരേഖയും വകുപ്പ് മുഖേന ലൈസൻസ് നൽകുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**ഡിജിറ്റൽ സർവ്വേ പ്രവർത്തനങ്ങൾ**

375 (5091) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുമ്പോൾ ശേഖരിക്കുന്ന സർവ്വേ വിവരങ്ങൾ ചോർന്നു പോകാതിരിക്കാൻ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

ഡിജിറ്റൽ സർവ്വേ പ്രവർത്തനങ്ങളുടെ ഭാഗമായി ശേഖരിക്കുന്ന എല്ലാ വിവരങ്ങളും കേരള സ്റ്റേറ്റ് ഡാറ്റാ സെന്ററിലെ സെർവറിലാണ് സൂക്ഷിക്കുന്നത്. ആയതിനാൽ കേരള സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ സുരക്ഷാക്രമീകരണങ്ങളും ഡിജിറ്റൽ സർവ്വേയുടെ ഭാഗമായി ശേഖരിക്കുന്ന വിവരങ്ങൾക്കും ബാധകമാണ്.

(ബി) ഡിജിറ്റൽ സർവ്വേ നടത്തുമ്പോൾ ഇതിനെ യുണീക് തണ്ടപ്പേരുമായി ലിങ്ക് ചെയ്യുന്നതിന് ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റത്തിൽനിന്നും നിലവിലെ തണ്ടപ്പേർ വിവരങ്ങൾ ഡിജിറ്റലി പങ്കുവച്ചാണ് ഡിജിറ്റൽ സർവ്വേ നടപ്പിലാക്കുന്നത്. ആയതിനാൽ റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റത്തിൽ യൂണിക് തണ്ടപ്പേരുള്ള എല്ലാവരുടെയും വിവരങ്ങൾ ഡിജിറ്റൽ സർവ്വേ വിവരങ്ങളുമായി ബന്ധപ്പെട്ടിരിക്കും.

(സി) ഇത്തരത്തിൽ ലിങ്ക് ചെയ്ത് സർവ്വേ നടത്തുമ്പോൾ ഭാവിയിൽ കണ്ടെത്തപ്പെടാൻ സാധ്യതയുള്ള മിച്ചഭൂമി ഭൂരഹിതർക്കായി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

സംസ്ഥാനത്തിന്റെ ഡിജിറ്റൽ സർവ്വേ പൂർത്തിയാകുന്നതോടെ മിച്ചഭൂമി സംബന്ധിച്ച് വ്യക്തമായ വിവരം ലഭിക്കുന്നതാണ്. എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായാണ് സംസ്ഥാനത്തെ എല്ലാ വില്ലേജുകളുടെയും ഡിജിറ്റൽ സർവ്വേ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. ഇത്തരത്തിൽ മിച്ചഭൂമികൾ കണ്ടെത്തുന്നപക്ഷം കേരള ഭൂപരിഷ്കരണ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ഭൂമി അളന്ന് കൊടുക്കാൻ നടപടി**

376 (5092) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ഭൂരഹിതരായ കുടുംബങ്ങൾക്ക് മിച്ചഭൂമി അനുവദിച്ച് പട്ടയം നൽകിയിട്ടും ഭൂമി അളന്ന് കൊടുക്കാൻ കഴിയാത്തതും

ഒരേ പ്ലോട്ട് തന്നെ ഒന്നിലധികം പേർക്ക് അനുവദിച്ച് നൽകിയതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡിജിറ്റൽ റീസർവ്വേയോടൊപ്പമോ അതിന് മുന്നോടിയായോ ഇത്തരം വിഷയങ്ങൾ പരിഹരിക്കാൻ ആവശ്യമായ നടപടി പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

(എ&ബി) കണ്ണൂർ ജില്ലയിൽ ഭൂരഹിതരായ കുടുംബങ്ങൾക്ക് മിച്ചഭൂമി അനുവദിച്ച് പട്ടയം നൽകിയിട്ടും ഭൂമി അളന്ന് കൊടുക്കാൻ കഴിയാത്തതുമായ പ്ലോട്ടുകളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒരേ പ്ലോട്ട് തന്നെ ഒന്നിലധികം പേർക്ക് അനുവദിച്ച് നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഡിജിറ്റൽ സർവ്വേ നടത്തുന്ന സന്ദർഭത്തിൽ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ട്.

## ചേർത്തല താലൂക്കിലെ റീസർവ്വേ നടപടികൾ

377 (5093) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല താലൂക്കിൽ റീസർവ്വേ നടപടികൾ പൂർത്തീകരിച്ച വില്ലേജുകൾ ഏതെല്ലാമെന്ന് അറിയിക്കാമോ?

ചേർത്തല താലൂക്കിൽ അരൂക്കുറ്റി, പെരുമ്പളം, തണ്ണീർമുക്കം തെക്ക്, തണ്ണീർമുക്കം വടക്ക്, ചേർത്തല തെക്ക്, കഞ്ഞിക്കുഴി, മാരാരിക്കുളം, കൊക്കോതമംഗലം എന്നീ 8 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. കൂടാതെ അർത്തുങ്കൽ വില്ലേജിന്റെ പകുതിയും റീസർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) റീസർവ്വേ നടന്ന വില്ലേജുകളിൽ റീസർവ്വേയുമായി ബന്ധപ്പെട്ട് എത്ര പരാതികൾ പരിഹരിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ?

2022 ജൂൺ മാസംവരെ ആകെ 5651 റീസർവ്വേ അദാലത്ത് അപേക്ഷകൾ കുടിശ്ശികയായുണ്ട്. ഇതിൽ 4200 അപേക്ഷകൾ സമീപകാലത്ത് റീസർവ്വേ റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയ കൊക്കോതമംഗലം വില്ലേജുമായി ബന്ധപ്പെട്ടതാണ്.

(സി) റീസർവ്വേയുമായി ബന്ധപ്പെട്ട് സർവ്വേയർമാരെ സഹായിക്കുന്നതിനും റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും ക്ലർക്കുമാരുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ചേർത്തല താലൂക്കിലെ സർവ്വേ വിഭാഗത്തിൽ നിലവിൽ 3 ക്ലർക്കുമാരുടെ സേവനം ലഭ്യമാണ്. ലഭ്യമായ ജീവനക്കാരുടെ സേവനം

പ്രയോജനപ്പെടുത്തി പരാതിക്ക് ഇടവരുത്താത്തവിധം അപേക്ഷകളുടെ മുൻഗണനാക്രമത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

**ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ റീസർവ്വേ നടപടികൾ**

378 (5094) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിലാണ് റീസർവ്വേ നടപടികൾ പൂർത്തിയാക്കിയതെന്ന് വ്യക്തമാക്കാമോ?

ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ ചെറുന്നിയൂർ, ഒറ്റൂർ, കരവാരം, ആലംകോട്, വെള്ളല്ലൂർ, നഗരൂർ, കിളിമാനൂർ, പഴയകുന്നുമ്മേൽ, പുളിമാത്ത്, കൊടുവാഴന്നൂർ, മണമ്പൂർ, വക്കം എന്നീ വില്ലേജുകൾ പൂർണ്ണമായും കീഴാറ്റിങ്ങൽ വില്ലേജ് ഭാഗികമായും റീസർവ്വെ ജോലികൾ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്.

(ബി) റീസർവ്വേ നടപടി പൂർത്തിയാക്കാത്ത വില്ലേജുകളിൽ കരം തീരുവ ഒടുക്കുവാനാകാത്ത സാഹചര്യമുണ്ടോ; ഓൺലൈൻ സേവനങ്ങൾ ഉപയോഗിച്ച് ഫീസുകൾ അടയ്ക്കാനാവാത്ത സാഹചര്യം നിലവിലുണ്ടോ; വ്യക്തമാക്കാമോ?

റീസർവ്വേ പൂർത്തിയായ വില്ലേജുകളിലും റീസർവ്വേ പൂർത്തിയാകാത്ത വില്ലേജുകളിലും ReLIS സംവിധാനം മുഖാന്തരം ഓൺലൈൻ സംവിധാനത്തിലൂടെ ഭൂനികുതി സ്വീകരിക്കുന്നുണ്ട്. നിലവിൽ താഴെ പറയുന്ന നികുതികൾ/ഫീസുകൾ ഓൺലൈനായി അടയ്ക്കാവുന്നതാണ്.

1. അടിസ്ഥാന ഭൂനികുതി
2. പോക്കുവരവ് ഫീസ്
3. കർഷക തൊഴിലാളി ക്ഷേമനിധി വിഹിതം
4. തോട്ട നികുതി
5. അടിസ്ഥാന ഭൂനികുതി രജിസ്റ്റർ പകർപ്പ് ഫീസ്
6. ഫീൽഡ് മെഷർമെന്റ് ബുക്ക് പകർപ്പ് ഫീസ്
7. ലൊക്കേഷൻ മാപ്പ് ഫീസ്
8. തണ്ടപ്പേർ പകർപ്പ് ഫീസ്
9. ഭൂമി സ്വഭാവ വ്യതിയാനം ഫീസ്
10. വിവിധ സാക്ഷ്യപത്രങ്ങൾക്കുള്ള ഫീസ്

## ഒറ്റപ്പാലം മണ്ഡലത്തിലെ പുറമ്പോക്ക് ഭൂമി

379 (5095) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒറ്റപ്പാലം മണ്ഡലത്തിൽ വിവിധ വകുപ്പുകൾക്ക് കീഴിൽ എത്ര പുറമ്പോക്ക് ഭൂമിയുണ്ടെന്ന് സർവ്വേ നമ്പർ, ഭൂമിയുടെ അളവ്, ഇനം എന്നിവ വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ?

സർക്കാർ വകുപ്പുകൾക്ക് കീഴിലുള്ള ആകെ പുറമ്പോക്ക് ഭൂമിയുടെ വിവരങ്ങൾ അനുബന്ധം 1+ ആയും പുറമ്പോക്ക് ഭൂമിയുടെ സർവ്വേ നമ്പർ, ഇനം എന്നിവ വില്ലേജ് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം II ആയും ചേർക്കുന്നു+.

## ആധുനിക രീതിയിൽ സർവ്വേ നടത്താൻ നടപടി

380 (5096) <u>ശ്രീ. തോമസ് കെ. തോമസ്</u>:
<u>ശ്രീ. കെ. പി. മോഹനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആധുനിക സാങ്കേതിക സംവിധാനങ്ങളുടെ സഹായത്തോടെ ഭൂസർവ്വേ നടത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ നിലവിൽ ഡിജിറ്റലായി സർവ്വേ പൂർത്തിയായിട്ടുള്ളതും പുരോഗതിയിലുള്ളതുമായ 116 വില്ലേജുകളൊഴികെ ശേഷിക്കുന്ന 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വേ 4 വർഷത്തിനകം പൂർത്തിയാക്കുന്നതിനായി 807.98 കോടി രൂപയുടെ പദ്ധതിക്ക് 18-01-2021-ലെ സ.ഉ (കൈ)നം. 24/2021/പ്ലാനിംഗ് പ്രകാരം തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുള്ളതും 27-08-2021-ലെ സ.ഉ.(സാധാ)നം. 364/2021/പി&ഇ.എ. പ്രകാരം റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി 339.438 കോടി രൂപ ആദ്യഘട്ടത്തിനായി അനുവദിച്ച് ഉത്തരവായിട്ടുള്ളതുമാണ്. തുടർന്ന് ടി ഭരണാനുമതി പുതുക്കി നിശ്ചയിച്ചുകൊണ്ട് ഒന്നാംഘട്ട ഡിജിറ്റൽ റീസർവ്വേ പ്രവർത്തനങ്ങൾക്കായി 438.46 കോടി രൂപയ്ക്ക് 02-07-2022-ലെ സ.ഉ(കൈ) നം; 15/2022/പി & ഇ.എ. പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയുണ്ടായി.

Continuously Operating Reference Stations (CORS), Real Time Kinematic Rover (RTK Rover), Robotic Electronic Total Station (R-ETS), DRONE തുടങ്ങിയ നൂതന സർവ്വേ സാങ്കേതിക ഉപകരണങ്ങൾ ഉപയോഗിച്ച് സർവ്വേ നടപടികൾ ത്വരിതഗതിയിൽ നടത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്തിന്റെ ഭൂപ്രകൃതി അനുസരിച്ച് 28 COR

സ്റ്റേഷനുകളാണ് ആവശ്യമായിട്ടുള്ളത്. കൂടാതെ RTK Rover, R-ETS തുടങ്ങിയ സർവ്വേ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. ഇതുകൂടാതെ ഡിജിറ്റൽ സർവ്വേയുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിട്ടുള്ള വിവിധ പ്രാഥമിക നടപടികളും പൂർത്തീകരിച്ചുവരുന്നു.

* സംസ്ഥാനത്ത് ആവശ്യമായ 28 COR സ്റ്റേഷനുകളിൽ 25 സ്റ്റേഷനുകൾ പ്രവർത്തനക്ഷമമായിട്ടുള്ളതും 3 സ്റ്റേഷനുകളുടെ ജോലികൾ പുരോഗതിയിലുമാണ്.

* 1500 സർവ്വേയർമാരെയും 3200 ഹെൽപ്പർമാരെയും കരാടിസ്ഥാനത്തിൽ എംപ്ലോയ്മെന്റിൽനിന്നും നിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

* പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനായി വിവിധതലങ്ങളിൽ ബോധവൽക്കരണ ശിൽപ്പശാലകൾ (IEC Activity) സംഘടിപ്പിച്ചുവരുന്നു.

* ലാൻഡ് റവന്യൂ വകുപ്പുമായി സംയോജിച്ച് ഒരു സെറ്റിൽമെന്റ് സംവിധാനം കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

* ഡിജിറ്റൽ സർവ്വേ പദ്ധതിയുടെ ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത 200 വില്ലേജുകളുടെ ReLIS ഡാറ്റാ പ്യൂരിഫിക്കേഷൻ ജോലികൾ പൂർത്തിയായിട്ടുണ്ട്.

* 200 വില്ലേജുകളുടെ ലഭ്യമായ മുൻസർവ്വേ റെക്കോർഡുകളുടെ സ്കാനിംഗ് ജോലികൾ പൂർത്തിയായിട്ടുണ്ട്.

* പൂർണ്ണമായും സോഫ്റ്റ്‌വെയർ അധിഷ്ഠിതമായാണ് ഡിജിറ്റൽ സർവ്വേ നടത്തുന്നത്. ഇതിനാവശ്യമായ സമഗ്രമായ സോഫ്റ്റ്‌വെയർ സംവിധാനം NIC മുഖേന തയ്യാറാക്കുന്ന ജോലികൾ നടന്നുവരുന്നു.

(ബി) റീസർവ്വേ നടപടികളിൽ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർവ്വേ ജോലിയിൽ നേരിടുന്ന ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഡിജിറ്റൽ സർവ്വേ പദ്ധതിയുടെ ഭാഗമായി റവന്യൂ വകുപ്പിന്റെ സഹകരണത്തോടെ ഒരു സെറ്റിൽമെന്റ് സംവിധാനംകൂടി ഏർപ്പെടുത്തി പരാതിക്കിടനൽകാത്തവിധം സർവ്വേ റിക്കാർഡുകൾ തയ്യാറാക്കുന്നതിന് ലക്ഷ്യമിടുന്നു.

## സർവ്വേയർമാരുടെ സേവനം സമയബന്ധിതമായി ലഭ്യമാക്കാൻ നടപടി

381 (5097) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വേയർമാരുടെ സേവനം സമയബന്ധിതമായി ലഭ്യമാകാത്തത് കാരണം വിവിധതരം സർവ്വേ നടപടികൾ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

റീസർവ്വേ പ്രവർത്തനങ്ങൾക്കും സർക്കാരിന്റെ വിവിധ വികസന പ്രവർത്തനങ്ങൾക്കായുള്ള സ്പെഷ്യൽ സർവ്വേ പ്രവർത്തനങ്ങൾക്കും എൽ.ആർ.എം. സംബന്ധിച്ച അപേക്ഷകൾ തീർപ്പാക്കുന്നതിനും സർവ്വേയർമാരുടെ സേവനം ആവശ്യമായിവരുന്നു. സ്പെഷ്യൽ സർവ്വേ ജോലികൾക്കായി ജില്ലാ എസ്റ്റാബ്ലിഷ്മെന്റിലേയ്ക്കും എൽ.ആർ.എം സംബന്ധിച്ച അപേക്ഷകൾ തീർപ്പാക്കുന്നതിലേയ്ക്കായി വിവിധ താലൂക്കുകളിലേയ്ക്കും സർവ്വേയർമാരെ ആവശ്യാനുസരണം റീസർവ്വേ എസ്റ്റാബ്ലിഷ്മെന്റിൽനിന്നും നൽകിവരുന്നു. ഭൂമി തരംമാറ്റൽ അപേക്ഷകൾ

സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നതിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 133 സർവ്വേയർമാരെ നിയമിച്ചിട്ടുണ്ട്.

കൂടാതെ 07-09-2020-ലെ ബി1/267/2020-റവ. നമ്പർ സർക്കുലർ പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് റിട്ടയർ ചെയ്ത റവന്യൂ ജീവനക്കാരേയും സർവ്വേ ജീവനക്കാരേയും താൽക്കാലികമായി ഉൾപ്പെടുത്തുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതാണ്.

(ബി) വിവിധ താലൂക്കുകളിൽ പത്തിലധികം വില്ലേജുകളിൽ വിവിധയിനം ജോലികൾ ചെയ്യാൻ ഒരു സർവ്വേയർ മാത്രമായതിനാൽ സേവനങ്ങൾ വൈകുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ?

താലൂക്കടിസ്ഥാനത്തിൽ ജോലിഭാരത്തിനനുസരിച്ചാണ് ഓരോ താലൂക്കിലും സർവ്വേയർമാരെ നിയോഗിച്ചുവരുന്നത്. നിലവിൽ എൽ.ആർ.എം. അപേക്ഷകളിന്മേലുള്ള നടപടികൾ താലൂക്കുകളിലെ ഭൂരേഖാ തഹസിൽദാരുടെ നിയന്ത്രണത്തിൽ നിർവ്വഹിച്ചുവരുന്നു. പ്രസ്തുത ജോലികൾക്കായി ജില്ലാ കളക്ടർ ആവശ്യപ്പെടുന്നമുറയ്ക്ക് സർവ്വേയും ഭൂരേഖയും വകുപ്പിലെ ജീവനക്കാരെ അതത് താലൂക്കുകളിലേയ്ക്ക് നൽകിവരുന്നു.

(സി) സർവ്വേയർമാരുടെ കാര്യത്തിൽ ഇപ്പോഴും ബ്രിട്ടീഷ് ഭരണകാലത്തെ സ്റ്റാഫ് പാറ്റേണാണ് തുടരുന്നതെന്ന കാര്യം ശരിയാണോ; വിശദമാക്കുമോ?

സർവ്വേയും ഭൂരേഖയും വകുപ്പിൽ നിലവിൽ 3806 തസ്തികകളാണുള്ളത്. വിവിധ കാലങ്ങളിലായി സർവ്വേ പ്രവർത്തനങ്ങളുടെ വ്യാപ്തിയുടെ അടിസ്ഥാനത്തിൽ ഓഫീസുകളുടെ എണ്ണവും ജീവനക്കാരുടെ എണ്ണവും കാലാനുസൃതമായി പരിഷ്കരിച്ചിട്ടുള്ളതാണ്.

(ഡി) സർവ്വേ ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ആവശ്യമായ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിശോധിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

നിലവിൽ സംസ്ഥാനത്തെ ഡിജിറ്റൽ റീസർവ്വേ ചെയ്യാനുള്ള 1550 വില്ലേജുകളുടെ സർവ്വേ 4 വർഷംകൊണ്ട് പൂർത്തിയാക്കുന്നതിനുള്ള പദ്ധതി രൂപീകരിച്ചിട്ടുള്ളതും പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് കൂടുതൽ ജീവനക്കാരെ ആവശ്യമായിട്ടുള്ളതിനാൽ 1500 സർവ്വേയർമാരേയും 3200 ഹെൽപ്പർമാരേയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന കരാറടിസ്ഥാനത്തിൽ നിയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതുമാണ്.

## താല്ക്കാലിക സർവ്വേയർമാരുടെ നിയമനം

382 (5098) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട സർവ്വേ നടപടികൾക്കായി സംസ്ഥാനത്ത് താൽക്കാലികമായി സർവ്വെയർമാരെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നിയമിച്ചവരുടെ എണ്ണവും നിയമനരീതിയും സംബന്ധിച്ച വിശദാംശങ്ങൾ ജില്ല/ താലൂക്ക് തിരിച്ച് ലഭ്യമാക്കാമോ?

22-02-2022-ലെ സ.ഉ (എം.എസ്) നം.56/2022/RD ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട സർവ്വേ നടപടികൾക്കായി താൽക്കാലികമായി 143 സർവ്വേയർമാരെ നിയമിച്ചിട്ടുണ്ട്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ലിസ്റ്റ് ലഭ്യമാക്കി എഴുത്തുപരീക്ഷയുടെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിലാണ് ടി സർവ്വേയർമാരുടെ നിയമനം നടത്തിയിട്ടുള്ളത്. ആയത് സംബന്ധിച്ച് ജില്ല/താലൂക്ക് തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട് +.

(ബി) ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകൾ തീർപ്പാക്കുന്നതിനുവേണ്ടി സംസ്ഥാനത്ത് താൽക്കാലികമായി നിയോഗിക്കുന്ന സർവ്വെയർമാരിൽ പലർക്കും വേണ്ടത്ര

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവർത്തിപരിചയമില്ലെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ; ഇതുകാരണം അപേക്ഷകളിന്മേൽ തീർപ്പുണ്ടാക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പ്രവർത്തിപരിചയമുള്ളവർക്കും വിരമിച്ചവർക്കും മുൻഗണന നൽകി താൽക്കാലിക സർവ്വേയർ നിയമനങ്ങൾ നടത്തുന്നതിന് സന്നദ്ധമാകുമോ; വിശദമാക്കാമോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ലിസ്റ്റ് ലഭ്യമാക്കി എഴുത്തു പരീക്ഷയുടെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിൽ സംവരണതത്വം പാലിച്ചാണ് സർവ്വേയർമാരെ താല്ക്കാലികമായി നിയോഗിച്ചിട്ടുള്ളത്.

മേൽ വിഷയത്തിൽ തുടർന്നും നിയമനങ്ങൾ ആവശ്യമാകുന്നപക്ഷം, പ്രവർത്തിപരിചയമുള്ളവർക്കും വിരമിച്ചവർക്കും മുൻഗണന നൽകിക്കൊണ്ട് നിയമനങ്ങൾ നടത്തുന്ന കാര്യംകൂടി പരിശോധിക്കുന്നതാണ്.

**ഭൂമിയുടെ അളവിൽ കുറവ് വന്നത് പരിഹരിക്കുന്നതിനുള്ള നടപടികൾ**

383 (5099) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷങ്ങളായി നികുതി അടച്ചുകൊണ്ടിരിക്കുന്ന രേഖ പ്രകാരമുള്ള ഭൂമി സ്വകാര്യ ആവശ്യത്തിന് അളന്നപ്പോൾ 50 സെന്റിലധികം കുറവ് വരുന്നുണ്ടെങ്കിൽ ഭൂഉടമയ്ക്ക് സ്വീകരിക്കാൻ കഴിയുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

കേരള സർവ്വേ അതിരടയാള ചട്ടങ്ങളിലെ ചട്ടം 27 പ്രകാരം ഫോറം 8-ൽ കൈവശഭൂമി സ്ഥിതിചെയ്യുന്ന താലൂക്കിലെ ഭൂരേഖ തഹസിൽദാർക്ക് അപേക്ഷ നൽകാവുന്നതാണ്. ആയതനുസരിച്ച് ഭൂരേഖ തഹസിൽദാർ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) സർക്കാരിൽ പരാതിപ്പെടാനോ മറ്റെന്തെങ്കിലും നിയമനടപടിക്കോ സാധ്യതയുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

സർക്കാരിന് പരാതി സമർപ്പിക്കാവുന്നതാണ്. അതിർത്തി സംബന്ധമായും മറ്റും തർക്കം നിലനിൽക്കുന്നപക്ഷം റവന്യൂ വകുപ്പ് മുഖാന്തരം പ്രശ്നം പരിഹരിക്കപ്പെട്ടില്ലെങ്കിൽ സിവിൽ കോടതിയെ സമീപിക്കാവുന്നതാണ്.

(സി) പ്രസ്തുത പ്രശ്നം വില്ലേജ് ഓഫീസ് മുഖാന്തരം തീർപ്പ് കൽപ്പിക്കാൻ പറ്റുന്നതാണോ; വിശദാംശം ലഭ്യമാക്കാമോ?

പ്രസ്തുത പ്രശ്നം വില്ലേജ് ഓഫീസ് മുഖാന്തരം തീർപ്പ് കൽപ്പിക്കാൻ കഴിയില്ല. ബന്ധപ്പെട്ട താലൂക്കിലെ ഭൂരേഖ തഹസിൽദാർക്ക് കേരള സർവ്വേ അതിരടയാള ചട്ടങ്ങളിലെ ചട്ടം 27 പ്രകാരം ഫോറം 8-ൽ അപേക്ഷ നൽകാവുന്നതാണ്.

## ദേശീയ പാത 66-ന്റെ നിർമ്മാണം

384 (5100) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 66-ന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് കൊല്ലം ജില്ലയിൽ എത്ര മരങ്ങൾ മുറിച്ചുമാറ്റേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) മരങ്ങൾ മുറിച്ചുമാറ്റുന്നതിന് പകരമായി മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) ഉണ്ട്. ദേശീയപാത 66-ന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് വെട്ടിനിരത്തുന്ന മരങ്ങൾക്ക് പകരമായി 10 ഇരട്ടി വൃക്ഷങ്ങൾ വനവൽക്കരണ പദ്ധതി പ്രകാരം നട്ടുപിടിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ ഡി.പി.ആർ. കൺസൾട്ടന്റ് സമർപ്പിച്ചിട്ടുണ്ട്. വനവൽക്കരണ പദ്ധതി

പൂർത്തീകരിക്കുന്നതിനാവശ്യമായ ചെലവ് ദേശീയപാത അതോറിറ്റി വഹിക്കുന്നതും ആയത് സംസ്ഥാന വനം വകുപ്പിന് നല്കുന്നതുമാണ്.

**സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നൽകുന്ന വായ്പ തിരിച്ചടവ്**

385 (5101) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നൽകിയിട്ടുള്ള വായ്പകളുടെ തിരിച്ചടവിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നിലവിലുണ്ടോ; വിശദാംശം അറിയിക്കാമോ?

സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നൽകിയിട്ടുള്ള വായ്പകളുടെ തിരിച്ചടവിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നിലവിലില്ല. എന്നാൽ 2004 മുതൽ 31-03-2018 വരെ തുടർച്ചയായി ഒ.ടി.എസ്. പദ്ധതി നടപ്പിലാക്കിയതുമൂലം ജപ്തി, ലേലം, കുടിയൊഴിപ്പിക്കൽ മുതലായ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ടായ സാഹചര്യത്തിൽ കുറച്ചുകൂടി ആകർഷകമായ ഇളവുകൾ നൽകിക്കൊണ്ട് ഭവന നിർമ്മാണ വകുപ്പിന്റെ മേൽനോട്ടത്തിൽ, റവന്യൂ വകുപ്പിന്റെ സഹകരണത്തോടെ ഭവന വായ്പാ കുടിശ്ശിക തീർപ്പാക്കുന്നതിനായി ജില്ലാ അടിസ്ഥാനത്തിൽ വായ്പാ

കുടിശ്ശിക നിവാരണ അദാലത്തുകൾ സംഘടിപ്പിക്കുകയും ടി അദാലത്ത് പ്രകാരമുള്ള ഇളവുകൾ 31-12-2022 വരെ ദീർഘിപ്പിച്ചിട്ടുള്ളതുമാണ്.

(ബി) ലോൺ എടുത്തയാൾ മരണപ്പെട്ടാൽ പ്രസ്തുത ലോൺ തിരിച്ചടവിനായി ഏതെങ്കിലും തരത്തിലുള്ള ഇളവുകൾ നൽകുന്നുണ്ടോ; വിശദാംശം അറിയിക്കാമോ?

നൽകുന്നുണ്ട്. ലോൺ എടുത്തയാൾ മരണപ്പെട്ടാൽ/മാരകരോഗം ബാധിച്ചവർ/അംഗവൈകല്യം സംഭവിച്ചവർ തുടങ്ങിയവർക്ക് പ്രസ്തുത ലോൺ തിരിച്ചടവിനായി അനുഭാവപൂർവ്വം നിരവധി ഇളവുകൾ നല്കുന്നുണ്ട്. ഗുണഭോക്താക്കളുടെ ഗൃഹസന്ദർശനം നടത്തി ഗുണഭോക്താവിന്റെ സാമ്പത്തിക സ്ഥിതി, കുടുംബാംഗങ്ങളുടെ സാമ്പത്തിക ശേഷി, ആസ്തി, മറ്റ് വസ്തുവകകൾ/പൂർണ്ണമായോ ഭാഗീകമായോ അടയ്ക്കാൻ കഴിവുള്ളവർ തുടങ്ങിയ നിരവധി മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അനുവദനീയമായ ഇളവുകൾ അനുവദിച്ചുവരുന്നുണ്ട്.

(സി) ഭവന നിർമ്മാണ ബോർഡ് നൽകിയിട്ടുള്ള വായ്പകളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ക്ലോസ് ചെയ്ത ലോണുകൾക്ക് ഈടായി നൽകുന്ന പ്രമാണങ്ങൾ സമയബന്ധിതമായി തിരിച്ച്

നൽകുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ഭവന നിർമ്മാണ ബോർഡ് നൽകിയിട്ടുള്ള വായ്പകളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം ക്ലോസ് ചെയ്ത ലോണുകൾക്ക് ഈടായി നൽകുന്ന പ്രമാണങ്ങൾ സമയബന്ധിതമായി തിരിച്ച് നൽകാറുണ്ട്. ചില കേസുകളിൽ ആവശ്യമായ രേഖകൾ ഹാജരാക്കാത്തതിനെത്തുടർന്ന് മാത്രമാണ് പ്രമാണങ്ങൾ നൽകുന്നതിൽ കാലതാമസം വരാറുള്ളത്.

(ഡി) ഭവന നിർമ്മാണ ബോർഡ് മുഖേന ഏതൊക്കെ ആവശ്യങ്ങൾക്കാണ് വായ്പകൾ നൽകിവരുന്നത്; വിശദാംശം അറിയിക്കാമോ?

ഭവന നിർമ്മാണ ബോർഡ് മുഖേന സർക്കാർ സബ്സിഡിയോടുകൂടിയ ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം വീട് നിർമ്മിക്കുന്നതിന് മാത്രമാണ് നിലവിൽ വായ്പ നൽകിവരുന്നത്.

**സംസ്ഥാന ഭവനനിർമാണ ബോർഡ് പദ്ധതികൾ**

386 (5102) <u>ശ്രീ. മാണി സി. കാപ്പൻ:</u> താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന ഭവനനിർമാണ ബോർഡ് നിലവിൽ യാതൊരു പദ്ധതിയുമില്ലാതെ മുന്നോട്ടുപോകുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പുതിയ പദ്ധതികൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് ഓരോ സാമ്പത്തിക വർഷവും വിവിധ പദ്ധതികൾക്കായി സർക്കാർ ബഡ്ജറ്റിൽ തുക വകയിരുത്തുന്നുണ്ട്. ഭവന നിർമ്മാണ ബോർഡ് നിലവിൽ ബഡ്ജറ്റ് പ്രഖ്യാപനം അനുസരിച്ചുള്ള വിവിധ പ്ലാൻ പദ്ധതികളായ ഗൃഹശ്രീ പദ്ധതി, ദുർബല/താഴ്ന്ന വിഭാഗക്കാർക്കായുള്ള ഭവന പദ്ധതി, വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി, ആശ്വാസ് വാടക വീട് പദ്ധതി, സർക്കാർ ഉദ്യോഗസ്ഥർക്കുള്ള ഭവന പദ്ധതി, കിഫ്ബി പദ്ധതികൾ, ബോർഡിന്റെ തനത് ഫണ്ടുപയോഗിച്ചുള്ള വിവിധ പദ്ധതികൾ, പാരസ്പര്യം പദ്ധതികൾ, ബോർഡ് ട്രെയിനിംഗ് സെന്റർ തുടങ്ങി നിരവധി ബൃഹത്തായ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

**ഹൗസിംഗ് ബോർഡിന്റെ മൾട്ടി ഡെവലപ്മെന്റ് പ്രോജക്ട്**

387 (5103) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീമതി ഉമ തോമസ്:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹൗസിംഗ് ബോർഡ് എത്ര ഭവന നിർമ്മാണ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്; വിശദാംശം നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന ഭവന നിർമ്മാണ ബോർഡ് പ്രവാസികൾക്കായുള്ള ഭവന പദ്ധതി, താഴ്ന്ന വരുമാനക്കാർക്കുള്ള ഭവന പദ്ധതികൾ, സർക്കാർ ഉദ്യോഗസ്ഥർക്കുള്ള പദ്ധതികൾ എന്നിവ തുടങ്ങിയിട്ടുണ്ട്. 2013-14 വർഷത്തിൽ ആരംഭിച്ച സർക്കാർ സബ്സിഡിയോടുകൂടിയുള്ള ഗൃഹശ്രീ ഭവന പദ്ധതി തുടർന്നും നടപ്പാക്കിവരുന്നു.

2021-22 വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ച് നൽകിയ പദ്ധതികൾ

1. കൊല്ലം ജില്ലയിലെ കരീപ്ര, ഇടുക്കി ജില്ലയിലെ പീരുമേട് എന്നിവിടങ്ങളിൽ ദുർബല/താഴ്ന്ന വരുമാന വിഭാഗക്കാർക്കുള്ള ഭവന പദ്ധതി.

2. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, റാന്നി, പത്തനംത്തിട്ട.

3. കണ്ണൂർ മെഡിക്കൽ കോളേജിൽ ആശ്വാസ് പദ്ധതി.

2022-23 വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ച് നൽകിയ പദ്ധതികൾ

1. തൃശ്ശൂർ ജില്ലയിലെ മുളങ്കുന്നത്തുകാവിൽ ദുർബല/താഴ്ന്ന വരുമാന വിഭാഗക്കാർക്കുള്ള ഭവന പദ്ധതി.

2. കോട്ടയം, കോന്നി എന്നീ മെഡിക്കൽ കോളേജുകളിൽ ആശ്വാസ് പദ്ധതി.

3. കണ്ണൂർ ജില്ലയിൽ മട്ടന്നൂരിൽ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി

4. ഗൃഹശ്രീ പദ്ധതി.

(ബി) കൊച്ചി മറൈൻ ഡ്രൈവിൽ ഹൗസിംഗ് ബോർഡ് നടപ്പാക്കുന്ന മൾട്ടി ഡെവലപ്മെന്റ് പ്രോജക്ടിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പ്രോജക്ട് നടപ്പാക്കുവാൻ സാധിക്കാത്തതിന്റെ സാഹചര്യം വ്യക്തമാക്കുമോ?

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിൽ കൊച്ചി മറൈൻ ഡ്രൈവിലുള്ള 17.8 ഏക്കർ ഭൂമിയിൽ Public Private Partnership (PPP) പ്രകാരം പദ്ധതി നടപ്പിലാക്കുന്നതിന് Request For Proposal (RFP) തയ്യാറാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതി Developer/Consultant-നെ തെരഞ്ഞെടുക്കുന്നതിന് Expression of Interest

(EOI) ക്ഷണിക്കുന്നതിന് ഹൗസിംഗ് ബോർഡിന് അനുമതി നൽകുകയും ചെയ്തിരുന്നു. ഇതുപ്രകാരം ആഗോള ടെണ്ടർ ക്ഷണിക്കുകയും ഇതിന്റെ technical bid 30-04-2021-ൽ തുറക്കുകയും ചെയ്തുവെങ്കിലും രണ്ട് ദർഘാസുകൾ മാത്രമാണ് ലഭിച്ചത്.

പ്രസ്തുത ദർഘാസുകൾ ബോർഡിന്റെ വിദഗ്ധ സമിതി വിലയിരുത്തുകയും നല്ല രീതിയിലുള്ള മത്സരമുണ്ടാകാത്തതുകൊണ്ട് പ്രസ്തുത ദർഘാസുകൾ റദ്ദാക്കുകയും പുതിയ ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾ**

388 (5104) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ ബോർഡിന്റെ കീഴിൽ ആക്കുളം, വളവനാട് എന്നീ സ്ഥലങ്ങളിലുള്ള ഭൂമി ഏറ്റെടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ പ്രോജക്ടുകൾക്കുവേണ്ടിയാണ് പ്രസ്തുത ഭൂമി ഏറ്റെടുത്തതെന്ന് വ്യക്തമാക്കുമോ; ഇപ്രകാരം ഭൂമി ഏറ്റെടുത്തതിനുപകരം ഭൂമിയോ നഷ്ടപരിഹാരമോ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ അടിയന്തരമായി നഷ്ടപരിഹാരം അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ആക്കുളത്തുള്ള 14.67 ഏക്കർ ഭൂമിയിൽനിന്നും 6 ഏക്കർ ഭൂമി 27-07-2011-ലെ G.O (Ms) No.279/2011/RD പ്രകാരം രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിക്കും 05-02-2021-ലെ G.O (Ms)No.42/2021/Rev പ്രകാരം 2 ഏക്കർ ഭൂമി യു.എ.ഇ. കോൺസുലേറ്റ്, വിദേശ് ഭവൻ എന്നിവയ്ക്കായും 26-02-2021-ലെ G.O (Ms) No.90/2021/Rev പ്രകാരം 4 ഏക്കർ ഭൂമി സത്സംഗ് ഫൗണ്ടേഷനും വ്യവസ്ഥകളോടെ പാട്ടത്തിന് കൈമാറാൻ ഉത്തരവായിട്ടുണ്ട്.

കൂടാതെ സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ വളവനാടുള്ള 6.76 ഏക്കർ ഭൂമിയിൽനിന്നും ഒരു ഭാഗം വസ്തു ആലപ്പുഴ വികസന പദ്ധതിയുടെ ഭാഗമായി മൊബിലിറ്റി ഹബ്ബ് നിർമ്മിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. ഗ്യാരേജ് മാറ്റി സ്ഥാപിക്കുന്നതിന് കൈമാറുവാൻ ബോർഡ് NOC

നൽകിയിരുന്നു. ആയതിലേയ്ക്ക് ലീസ് എഗ്രിമെന്റ് വയ്ക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. വളവനാട്ടെ ഭൂമി സർക്കാരിന് കൈമാറുന്ന നടപടിക്രമം പൂർത്തീകരിക്കുന്ന ഘട്ടത്തിൽ ആയതിന് നഷ്ടപരിഹാരം അനുവദിക്കുന്ന വിഷയവും പരിശോധിക്കുന്നതാണ്.

കൂടാതെ ആക്കുളത്തെ ഭൂമി ഏറ്റെടുത്തതിനുപകരം ഭൂമിയോ മാർക്കറ്റ് വിലയോ നാളിതുവരെ ബോർഡിന് അനുവദിച്ചിട്ടില്ല. പ്രസ്തുത ഭൂമിയുടെ നഷ്ടപരിഹാരം അനുവദിക്കുന്ന വിഷയം പരിശോധിച്ചുവരികയാണ്.

(സി) സർക്കാർ ജീവനക്കാരുടെ ഹൗസ് ബിൽഡിംഗ് അഡ്വാൻസ് ഭവന നിർമ്മാണ ബോർഡ് വഴി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

നിലവിൽ പരിഗണനയിലില്ല.

(ഡി) കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ഹൗസിംഗ് ബോർഡിനെ രക്ഷിക്കാൻ കൂടുതൽ സർക്കാർ പദ്ധതികൾ ഏൽപ്പിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഇക്കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## ഭവന നിർമ്മാണ ബോർഡിലെ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള നടപടികൾ

389 (5105) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീമതി ഉമ തോമസ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഇത്തരമൊരു പ്രതിസന്ധിയിലേയ്ക്ക് ബോർഡിനെ നയിച്ച സാഹചര്യം വ്യക്തമാക്കുമോ?

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സാമ്പത്തിക പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇത് ഗൗരവത്തോടെ കാണുകയും ആയതിന്റെ അടിസ്ഥാനത്തിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്തുവരുന്നു.

വിവിധ ഭവന വായ്പാ പദ്ധതികൾ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളും ഇളവുകളും അനുവദിച്ചതും കൂടാതെ ദുർബ്ബല വിഭാഗക്കാരുടെ ഭവന വായ്പ പദ്ധതി എഴുതിത്തള്ളിയതിലും കോവിഡിന്റെ പരിണിതഫലമായി

വാടകയിനത്തിൽ കുറവ് വന്നതും കോവിഡിന്റെ സാഹചര്യത്തിൽ ബോർഡ് ഏറ്റെടുത്ത നിർമ്മാണ പ്രവർത്തനങ്ങൾ മന്ദീഭവിച്ചതുമൊക്കെയാണ് ഈ സാഹചര്യത്തിന് കാരണം.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭവന നിർമ്മാണ ബോർഡ് വഴി എത്ര പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ടെന്നും ഭവന നിർമ്മാണ ബോർഡിന് എത്ര രൂപ ബഡ്ജറ്റ് വിഹിതമായി നൽകിയിട്ടുണ്ടെന്നും ഇതിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭവന നിർമ്മാണ ബോർഡ് വഴി നടപ്പിലാക്കിയ പ്രോജക്ടുകളുടെയും ആയതിന് അനുവദിച്ച ബഡ്ജറ്റ് വിഹിതത്തിന്റെയും ആയത് ചെലവഴിച്ചതിന്റെയും വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(സി) ഹഡ്കോ പോലെയുള്ള സ്ഥാപനങ്ങളിൽനിന്നും ബോർഡിന് വായ്പ സ്വീകരിക്കുന്നതിനുള്ള സർക്കാർ ഗ്യാരണ്ടി പിൻവലിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഹഡ്കോ പോലെയുള്ള സ്ഥാപനങ്ങളിൽനിന്നും ബോർഡിന് വായ്പ സ്വീകരിക്കുന്നതിനുള്ള സർക്കാർ ഗ്യാരന്റി നിലവിലില്ല.

(ഡി) കേന്ദ്ര നഗര വികസന വകുപ്പുമായി സഹകരിച്ച് നാഷണൽ ഹൗസിംഗ് ബാങ്കിന്റെ ധനസഹായത്തോടെ അർബൻ, റൂറൽ, റെസിഡൻഷ്യൽ ഡെവലപ്മെന്റ് പദ്ധതികൾ നടപ്പാക്കുന്നതിന് ഭവന നിർമ്മാണ ബോർഡിന് ഫണ്ട് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഭവന നിർമ്മാണ ബോർഡ് അനുയോജ്യമായ പദ്ധതികൾ ലഭ്യമാക്കുന്നപക്ഷം ആയവ പരിശോധിക്കാവുന്നതാണ്.

(ഇ) ജീവനക്കാരുടെയും പെൻഷൻകാരുടെയും ആനുകൂല്യങ്ങൾ പോലും വിതരണം ചെയ്യാൻ കഴിയാത്തതായി പറയപ്പെടുന്ന സാഹചര്യത്തിൽ ഭവന നിർമ്മാണ ബോർഡ് വഴി കൂടുതൽ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ട് ബോർഡിനെ പുനരുജ്ജീവിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ നിലവിലെ സാമ്പത്തിക പ്രതിസന്ധി തരണംചെയ്യുന്നതിന് പുതിയ പദ്ധതികൾ നടപ്പിലാക്കിവരികയാണ്. പുതിയ വായ്പാ പദ്ധതികൂടി നടപ്പിലാക്കിയാൽ

മാത്രമേ ബോർഡിന് സാമ്പത്തിക പ്രതിസന്ധിയിൽനിന്നും കരകയറാൻ സാധിക്കുകയുള്ളൂ എന്നത് പരിഗണിച്ച് സർക്കാർ ജീവനക്കാർക്കുവേണ്ടിയുള്ള ഒരു പുതിയ വായ്പ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ സർക്കാരിലെ വിവിധ വകുപ്പുകൾ ബോർഡിന് നിലവിൽ നല്കാനുള്ള കുടിശ്ശിക തുക ബോർഡിലേയ്ക്ക് അടപ്പിക്കാനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

## എരുമേലിയിലെ ഹൗസിംഗ് ബോർഡ് സ്ഥലം വികസന പ്രവർത്തനങ്ങൾക്ക് ഉപയുക്തമാക്കൽ

390 (5106) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലിയിൽ ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് പദ്ധതികൾ ആവിഷ്കരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലം മണ്ഡലത്തിലെ വിവിധ വികസന പ്രവർത്തനങ്ങൾക്ക് ഉപയുക്തമാക്കുംവിധം പദ്ധതി ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലിയിൽ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ ബോർഡ് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിലും പ്രസ്തുത പദ്ധതി പ്രദേശത്തേയ്ക്കുള്ള വഴിയുടെ വീതി കുറവ് ഇതിന് തടസം നിൽക്കുകയാണ്. പദ്ധതി പ്രദേശത്തേയ്ക്കുള്ള വഴിയുടെ വീതി കൂട്ടി കിട്ടുവാനായി തദ്ദേശവാസികളുമായി ബോർഡ് ചർച്ച ചെയ്തുവരികയാണ്. ഇത് സാക്ഷാത്കരിക്കുന്നതിനനുസരിച്ച് ബോർഡ് വിവിധ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതാണ്.

**ഹൗസിംഗ് ബോർഡ് ജീവനക്കാരുടെ ശമ്പളം/പെൻഷൻ പ്രതിസന്ധി**

391 (5107) <u>ശ്രീ. രമേശ് ചെന്നിത്തല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഹൗസിംഗ് ബോർഡ് ജീവനക്കാരുടെ ശമ്പളവും പെൻഷനും മുടങ്ങാനിടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ?

വായ്പ, റവന്യൂ റിക്കവറി, ഹയർ പർച്ചേസ്, വാടക, സർവ്വീസ് ചാർജ്ജ് എന്നീ റവന്യൂ വരുമാനങ്ങളിൽനിന്നുമാണ് ഭവന നിർമ്മാണ ബോർഡ് ജീവനക്കാരുടെ ശമ്പളവും പെൻഷനും നൽകിവരുന്നത്. വായ്പ തിരിച്ചടവ് കുറഞ്ഞതിനാലും വാടക കൃത്യമായി ലഭിക്കാത്തതും ബോർഡിന്റെ വരുമാനം

കുറയുവാനിടയായി. ജീവനക്കാരുടെ ശമ്പളവും പെൻഷനും നൽകാനായി മാത്രം പ്രതിമാസം ശരാശരി 3.60 കോടി രൂപ വേണമെന്നിരിക്കെ ബോർഡിലെ ശരാശരി വരുമാനം 2 കോടി രൂപയ്ക്ക് താഴെയാണ്. ഈ സാഹചര്യമാണ് ബോർഡ് ജീവനക്കാരുടെ ശമ്പളവും പെൻഷനും മുടങ്ങാൻ ഇടയായിട്ടുള്ളത്.

(ബി) 2015-നുശേഷം ഹൗസിംഗ് ബോർഡിൽനിന്നും എത്ര ജീവനക്കാരാണ് വിരമിച്ചിട്ടുള്ളത്?

2015-നുശേഷം ഹൗസിംഗ് ബോർഡിൽനിന്നും 227 ജീവനക്കാർ വിരമിച്ചു.

(സി) ഇവരുടെ പെൻഷൻ ആനുകൂല്യമായി എത്ര രൂപയാണ് വിതരണം ചെയ്യാനുള്ളത്; ശമ്പളവും പെൻഷനും മുടങ്ങിയതുമൂലം ഹൗസിംഗ് ബോർഡിലെ ജീവനക്കാർ അഭിമുഖീകരിക്കുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

30-06-2022-ലെ കണക്കനുസരിച്ച് 60.84 കോടി രൂപയാണ് പെൻഷൻ ആനുകൂല്യമായി വിതരണം ചെയ്യാനുള്ളത്. ശമ്പളവും പെൻഷനും മുടങ്ങിയതുമൂലം ബോർഡിലെ ജീവനക്കാർ അഭിമുഖീകരിക്കുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) സർക്കാരിൽ നിന്നും ഹൗസിംഗ് ബോർഡിന് ലഭിക്കാനുള്ള കുടിശ്ശിക തുക/ഫണ്ടിന്റെ വിശദാംശങ്ങൾ അറിയിക്കാമോ; ഈ തുക എത്രയുംവേഗം വിതരണം ചെയ്ത് ഹൗസിംഗ് ബോർഡ് ജീവനക്കാരുടെ ശമ്പളം, പെൻഷൻ പ്രതിസന്ധി എന്നിവ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് സർക്കാർ അനുവദിക്കേണ്ടതായ 283.16 കോടി രൂപയിൽ 40 കോടി രൂപ ഇതിനകം അനുവദിച്ചിട്ടുണ്ട്. ബാക്കി തുക അനുവദിക്കുന്ന കാര്യത്തിൽ അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

**ഭവനനിർമ്മാണ ബോർഡിലെ പെൻഷൻ ആനുകൂല്യങ്ങൾ**

392 (5108) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ 2015 മുതൽ പെൻഷനായവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ കൊടുത്തുതീർക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കുടിശ്ശികയുള്ള ആനുകൂല്യങ്ങൾ സമയബന്ധിതമായി കൊടുത്തുതീർക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കോവിഡ് മൂലമുണ്ടായ പ്രതിസന്ധിമൂലം പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിലും വാടക പിരിച്ചെടുക്കുന്നതിലും തുക കുറവ് വന്നതിനാൽ ബോർഡിന്റെ വരുമാനത്തിൽ ഇടിവ് വന്നു. ആയതിനാൽ പെൻഷൻ ആനുകൂല്യങ്ങൾ കൊടുത്ത് തീർക്കുന്നതിന് ബോർഡിന് സാധിച്ചിട്ടില്ല. ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്.

**ഇൻഡസ്ട്രിയൽ പോർട്ട്**

393 (5109) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനർ പോർട്ട് സ്ഥാപിക്കാൻ സംസ്ഥാന സർക്കാരിന് അധികാരമുള്ള സ്ഥിതിക്ക് ആയിരങ്ങൾക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന ഇൻഡസ്ട്രിയൽ പോർട്ട് എന്ന ആശയം പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) അനുയോജ്യമായ തീരപ്രദേശത്ത് ഇൻഡസ്ട്രിയൽ പോർട്ട് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

## തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം

394 (5110) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ കപ്പൽ ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനും തുറമുഖ വകുപ്പിനുകീഴിലുള്ള സ്ഥലങ്ങളെ മറൈൻ, ടൂറിസം വികസന പദ്ധതികൾക്ക് പ്രയോജനപ്പെടുത്തുന്നതിനുമായി തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം പൂർത്തീകരിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

സംസ്ഥാനത്ത് തീരദേശ കപ്പൽ ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനും തുറമുഖ വകുപ്പിനുകീഴിലുള്ള സ്ഥലങ്ങളെ മറൈൻ, ടൂറിസം വികസന പദ്ധതികൾക്ക് പ്രയോജനപ്പെടുത്തുന്നതിനുമായി തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം പൂർത്തീകരിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തീരദേശ കപ്പൽ ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കൊല്ലം,

ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കോസ്റ്റൽ ഷിപ്പിംഗ് പുനരാരംഭിച്ചിട്ടുണ്ട്. ഷിപ്പിംഗ് ഓപ്പറേഷനുമായി ബന്ധപ്പെട്ട് ലോഡഡ് കണ്ടെയ്നറുകൾക്കുള്ള ഇൻസെന്റീവ് 22-01-2023 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

**ബേപ്പൂർ**

കോസ്റ്റൽ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് ചില പ്രൊപ്പോസലുകൾ ഇൻവെസ്റ്റേഴ്സ് മീറ്റിൽ ലഭിച്ചിട്ടുണ്ട്. ബേപ്പൂർ തുറമുഖത്തേയ്ക്ക് വലിയ കപ്പലുകളെ ആകർഷിക്കുന്നതിന്റെ ഭാഗമായി തുറമുഖ ചാനലിന്റെ ആഴം കൂട്ടുന്നതിനുള്ള ഡി.പി.ആർ. M/s. KITCO തയ്യാറാക്കിയിട്ടുണ്ട്. ആയത് സാഗർമാല പദ്ധതിയിലുൾപ്പെടുത്തി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബേപ്പൂർ തുറമുഖത്തെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്നതിനുള്ള ഡി.പി.ആർ. സമർപ്പിക്കുന്നതിനായി IPRCL-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**അഴീക്കൽ**

അഴീക്കൽ തുറമുഖ ഓഫീസിന്റെ കീഴിലുള്ള സി.എസ്.ഡി. ചന്ദ്രഗിരി ഡ്രഡ്ജർ ഉപയോഗിച്ച് കപ്പൽ ചാനലിന്റെ ആഴം നാല് മീറ്ററായി

നിലനിർത്തിയിട്ടുണ്ട്. തുറമുഖത്ത് എത്തിച്ചേരുന്ന കപ്പലുകളെ പൈലറ്റ് ചെയ്യുന്നതിനായി ടഗ്ഗ് അഴീക്കൽ തുറമുഖത്ത് ഏർപ്പെടുത്തി. അഴീക്കൽ തുറമുഖത്ത് ഇ.ഡി.ഐ. ടെർമിനൽ സ്ഥാപിച്ചിട്ടുണ്ട്. എമിഗ്രേഷൻ ചെക്ക് പോയിന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അഴീക്കൽ തുറമുഖത്ത് കപ്പലുകളിൽനിന്ന് എത്തിച്ചേരുന്നതും പോകുന്നതുമായ ചരക്കുകൾ കൈകാര്യം ചെയ്യുന്നതിന് ലിബർ LHM, റീച്ച് സ്റ്റാക്കർ ക്രെയിനുകളുടെ സൗകര്യം ലഭ്യമാണ്. ചരക്കുകൾ സൂക്ഷിക്കുന്നതിനുവേണ്ടി 4 ഗോഡൗണുകൾ നിർമ്മിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**കൊല്ലം**

കൊല്ലം തുറമുഖത്ത് വലിയ കപ്പലുകളെ ആകർഷിക്കുന്നതിന്റെ ഭാഗമായി തുറമുഖ ചാനലിന്റെ ആഴം കൂട്ടുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കി തുടർനടപടി സ്വീകരിച്ചുവരുന്നു. തുറമുഖത്ത് ടഗ്ഗ്, ക്രെയിനുകൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. കൊല്ലം പാസഞ്ചർ ടെർമിനലിന്റെ ഭാഗമായുള്ള ബർത്ത് നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനമാരംഭിച്ചു.

**ആലപ്പുഴ**

ടൂറിസം വികസനവുമായി ബന്ധപ്പെട്ട് ആലപ്പുഴ തുറമുഖത്ത് ഒരു കടൽപ്പാലം നിർമ്മിക്കുന്നതിനും മറീന സ്ഥാപിക്കുന്നതിനും ആവശ്യമായ നടപടികൾ മുസിരീസ് ഹെറിറ്റേജിന്റെ ഭാഗമായി സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളെ ബന്ധിപ്പിച്ച് റോ-റോ സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം നൽകാമോ?

സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളെ ബന്ധിപ്പിച്ച് റോ-റോ സർവ്വീസ് ആരംഭിക്കുന്നതിന് ആലോചനയുണ്ട്. ടി പദ്ധതി ഇൻവെസ്റ്റേഴ്സ് മീറ്റിൽ ഉൾപ്പെടുത്തി പ്രൊപ്പോസലുകൾ ക്ഷണിച്ചിട്ടുണ്ട്. അഴീക്കൽ തുറമുഖത്ത് റോ-റോ ജെട്ടി നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

(സി) ആലപ്പുഴ തുറമുഖത്തെ ഒരു സമുദ്ര വിനോദസഞ്ചാര കേന്ദ്രമായി ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ആലപ്പുഴ തുറമുഖത്തെ മറീനയായി ഉയർത്തുന്നതിനുള്ള ശിപാർശ നിലവിലുണ്ട്.

## ബേപ്പൂർ തുറമുഖം അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്താൻ പദ്ധതി

395 (5111) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ:</u>
<u>ഡോ. കെ. ടി. ജലീൽ:</u>
<u>ശ്രീ. ടി. ഐ. മധുസൂദനൻ:</u>
<u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ തുറമുഖത്തെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്തി രാജ്യത്തെ മികച്ച തുറമുഖങ്ങളിലൊന്നായി മാറ്റുന്നതിനും മലബാറിന്റെ വ്യാപാര, വ്യവസായ, വാണിജ്യ, വിനോദസഞ്ചാര മേഖലകളിൽ വൻ മുന്നേറ്റമുണ്ടാക്കുന്നതിനുമായി പ്രത്യേക പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതി നിർദ്ദേശങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

ബേപ്പൂർ തുറമുഖത്തേയ്ക്ക് വലിയ കപ്പലുകൾ ആകർഷിക്കുന്നതിനുവേണ്ടി ഷിപ്പിംഗ് ചാനലിന്റെ ആഴം കൂട്ടുന്നതിന് ക്യാപ്പിറ്റൽ ഡ്രഡ്ജിംഗ് നടത്തുന്നതിനുള്ള ശിപാർശ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. നിലവിലുള്ള വാർഫിന്റെ നീളം വർദ്ധിപ്പിക്കുന്ന പദ്ധതിയുടെ ഡീറ്റെയ്ൽഡ് പ്രോജക്ട് റിപ്പോർട്ട് പരിശോധിച്ചുവരുന്നു. കൂടാതെ ബേപ്പൂർ തുറമുഖത്തെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്നതിനുള്ള റെയിൽ കണക്ടിവിറ്റി പ്രോജക്ടിന്റെ TEFR പരിശോധിച്ചുവരുന്നു.

(ബി) ബേപ്പൂർ തുറമുഖത്തേയും ദേശീയപാതയേയും ബന്ധപ്പെടുത്തി നാലുവരിപ്പാതയും മംഗലാപുരം, കോഴിക്കോട്, ഷൊർണ്ണൂർ റെയിൽ പാതയേയും തുറമുഖത്തേയും കൂട്ടിയിണക്കുന്ന റെയിൽപ്പാതയും പദ്ധതി നിർദ്ദേശങ്ങളിൽ ഉൾപ്പെടുന്നുണ്ടോ?

ബേപ്പൂർ തുറമുഖത്തെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്നതിനും റെയിൽവേ പാതയുമായി ബന്ധിപ്പിക്കുന്നതിനും ഡി.പി.ആർ. സമർപ്പിക്കുന്നതിനുവേണ്ടി IPRCL.-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതിലൂടെ സംസ്ഥാനത്തിന്റെ പൊതുവികസന മേഖലയിൽ എന്തെല്ലാം മാറ്റങ്ങൾ പ്രതീക്ഷിക്കുന്നുവെന്ന് വിശദമാക്കാമോ?

പ്രസ്തുത പദ്ധതികൾ പ്രാവർത്തികമാക്കുന്നതോടെ ബേപ്പൂർ തുറമുഖത്തിലെ ചരക്ക് ഗതാഗതം വർദ്ധിപ്പിക്കുന്നതിനും ആയതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും മലബാർ മേഖലയിലെ വ്യാപാര വ്യവസായ രംഗത്ത് മാറ്റങ്ങൾ സൃഷ്ടിക്കാനും സാധിക്കുന്നതാണ്.

**അഴീക്കൽ തുറമുഖ പദ്ധതി**

396 (5112) ശ്രീ. കെ. ജെ. മാക്സി:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. എം. മുകേഷ്:

<u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാണിജ്യ, വ്യാവസായിക പുരോഗതി ലക്ഷ്യമിട്ടുകൊണ്ട് അഴീക്കലിൽ ഒരു പുതിയ വൻകിട തുറമുഖ നിർമ്മാണത്തിന് തുടക്കം കുറിക്കുമെന്ന പ്രഖ്യാപനത്തിന്റെ തുടർച്ചയായി ഈ സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉണ്ട്, പദ്ധതിയുടെ വിശദമായ റിപ്പോർട്ട് (DPR)-മായി ബന്ധപ്പെട്ട് സാങ്കേതിക ഉപദേഷ്ടാവായ Howe Engineering Projects (India) Pvt. Ltd. സമർപ്പിച്ച ഡിസൈൻ സാങ്കേതികമായി അവലോകനം ചെയ്ത് ചെന്നൈ ഐ.ഐ.ടി. സമർപ്പിച്ച പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സാങ്കേതിക ഉപദേഷ്ടാവ് വിശദമായ പദ്ധതി റിപ്പോർട്ട് (DPR) തയ്യാറാക്കിവരുന്നു. State Environmental Impact Assessment Authority (SEIAA) പ്രോജക്ടിന്റെ പാരിസ്ഥിതിക പഠനം നടത്തിവരികയാണ്. അഴീക്കലിൽ തുറമുഖാധിഷ്ഠിത വ്യവസായ മേഖലയുടെയും പ്രത്യേക സാമ്പത്തിക മേഖലയുടെയും വികസനത്തിന് Tata Consulting Engineers Ltd. എന്ന കമ്പനി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയത്

പരിശോധിച്ചുവരുന്നു. ഭാരത്മാല പരിയോജന പദ്ധതി അനുസരിച്ച് തുറമുഖത്തെ നാഷണൽ ഹൈവേയുമായി ബന്ധിപ്പിക്കുന്ന റോഡ് നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിവരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. തയ്യാറായിട്ടുണ്ടോ; പദ്ധതിയുടെ നിർവ്വഹണ ഏജൻസിയെ നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

സാങ്കേതിക ഉപദേഷ്ടാവായ M/s Howe Engineering Projects (India) Pvt. Ltd. പദ്ധതിയുമായി ബന്ധപ്പെട്ട് തയ്യാറാക്കിവരുന്ന വിശദമായ പദ്ധതി റിപ്പോർട്ട് (DPR) അന്തിമ ഘട്ടത്തിലാണ്. ഡി.പി.ആർ. ലഭിച്ചതിനുശേഷം തുടർനടപടി സ്വീകരിക്കുന്നതാണ്.

(സി) അഴീക്കൽ തുറമുഖ പദ്ധതി നിലവിൽ വരുന്നതോടുകൂടി വാണിജ്യ, വ്യാവസായിക മേഖലയിൽ ഉണ്ടാകുന്ന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉണ്ട്. മൂന്നുഘട്ടങ്ങളിലായി ഏകദേശം 3700 കോടി രൂപ മുതൽമുടക്കിൽ 14.2 മീറ്റർ വരെ ഡ്രാഫ്റ്റുള്ള കപ്പലുകൾക്ക് എത്തിച്ചേരാൻ സാധിക്കുന്നതരത്തിലാണ് തുറമുഖം വിഭാവനം ചെയ്തിരിക്കുന്നത്. സാങ്കേതിക ഉപദേഷ്ടാവായ M/s. Howe Engineering Projects (India) Pvt

Ltd. സമർപ്പിച്ച സാങ്കേതിക-സാമ്പത്തിക സാധ്യത റിപ്പോർട്ട് പ്രകാരം തുടക്കത്തിൽ, പ്രതിവർഷം ഏകദേശം 160 കപ്പലുകളും ക്രമേണ പ്രവർത്തനത്തിന്റെ 17-ാം വർഷത്തോടെ പ്രതിവർഷം ഏകദേശം 600 കപ്പലുകളും തുറമുഖത്തേയ്ക്ക് എത്തിച്ചേരുമെന്നാണ് പ്രതീക്ഷിക്കുന്നത്. തുറമുഖ വികസന പദ്ധതിയുടെ ഭാഗമായി കയറ്റുമതി-ഇറക്കുമതി വ്യാപാരം വർദ്ധിപ്പിക്കുന്നതിനും തുറമുഖത്തെ അടിസ്ഥാനമാക്കിയുള്ള സാമ്പത്തിക വികസനത്തിനും പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. ഇവ തുറമുഖത്തിന്റെ ഗതാഗതവും വരുമാനവും വർദ്ധിപ്പിക്കുകയും അത് ലാഭകരമാക്കുകയും സർക്കാരിന്റെ നിക്ഷേപം/ഗ്രാന്റ് കുറയ്ക്കുകയും ചെയ്യുന്നതോടൊപ്പം മലബാർ മേഖലയിൽ പ്രത്യേകിച്ച്, കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, വയനാട് ജില്ലകളിൽ സാമ്പത്തിക വികസനവും തൊഴിലവസരങ്ങളും സൃഷ്ടിക്കുകയും ചെയ്യും. ഇതുമായി ബന്ധപ്പെട്ട് സാധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് കൺസൾട്ടന്റായി Tata Consulting Engineers Ltd. എന്ന കമ്പനിയെ നിയമിച്ചിട്ടുണ്ട്. ഡി.പി.ആർ. അംഗീകരിച്ചശേഷം മാത്രമേ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

## കൊല്ലം തുറമുഖത്ത് കപ്പൽ അറ്റകുറ്റപ്പണി കേന്ദ്രം

397 (5113) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം തുറമുഖത്ത് കപ്പൽ അറ്റകുറ്റപ്പണി കേന്ദ്രം ആരംഭിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ?

കൊല്ലം തുറമുഖത്ത് പി.പി.പി. മോഡലിൽ ഫ്ലോട്ടിംഗ് ഡ്രൈഡോക്ക് ആരംഭിക്കുന്നത് ആലോചനയിലുണ്ട്.

(ബി) പ്രസ്തുത തുറമുഖത്തിന്റെ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസലിന് അംഗീകാരം ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കൊല്ലം തുറമുഖത്തിന്റെ ആഴം വർദ്ധിപ്പിക്കുന്ന പ്രവൃത്തി നടപ്പാക്കുന്നതിനുള്ള ഡി.പി.ആർ. കിറ്റ്കോ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ഡി.പി.ആർ. പരിശോധിച്ചുവരുന്നു. ടി പദ്ധതി സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കൊല്ലം തുറമുഖത്ത് പ്ലാന്റ് ക്വാറന്റൈൻ സൗകര്യം**

398 (5114) <u>ശ്രീ. എം. മുകേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം തുറമുഖത്ത് കാർഷികോല്പന്നങ്ങളുടെ കയറ്റുമതിക്കും ഇറക്കുമതിക്കും അനിവാര്യമായ പ്ലാന്റ് ക്വാറന്റൈൻ സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) കൊല്ലം തുറമുഖ വികസനത്തിന് സഹായകരമായി അസംസ്കൃത തോട്ടണ്ടിയുടെ ഇറക്കുമതിക്ക് വലിയ സാധ്യതയുള്ളതിനാൽ തുറമുഖത്ത് പ്ലാന്റ് ക്വാറന്റൈൻ സൗകര്യം ഏർപ്പെടുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) കൊല്ലം തുറമുഖ വികസനത്തിന്റെ ഭാഗമായി തുറമുഖത്ത് പ്ലാന്റ് ക്വാറന്റൈൻ ഓഫീസ് സ്ഥാപിക്കുന്നതിന് സ്ഥലം ലഭ്യമാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

**ബോട്ട് മാസ്റ്റർ ലൈസൻസ് വിതരണം ചെയ്യാൻ നടപടി**

399 (5115) <u>ശ്രീമതി ദെലീമ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറമുഖ വകുപ്പ് വഴി വിതരണം ചെയ്യുന്ന ലൈസൻസുകൾ ഏതെല്ലാമെന്നും ഇവ എന്ന് മുതലാണ് വകുപ്പ് വഴി വിതരണം ചെയ്യുന്നതെന്നും വിശദമാക്കാമോ?

2010-ലെ കേരള ഉൾനാടൻ ജലഗതാഗത നിയമം അനുസരിച്ച് ഹൗസ് ബോട്ടുകളിലും മറ്റ് ഉൾനാടൻ ജലയാനങ്ങളിലും ജോലി ചെയ്യുന്നതിനാവശ്യമായ ലസ്കർ, സ്രാങ്ക്, മാസ്റ്റർ, എഞ്ചിൻ ഡ്രൈവർ, സ്രാങ്ക്-കം-ഡ്രൈവർ, സർവീസ് മാസ്റ്റർ, എഞ്ചിനീയർ എന്നീ ലൈസൻസുകൾ കേരള മാരിടൈം ബോർഡ് നൽകിവരുന്നു. ഇതുകൂടാതെ തുറമുഖ പരിധിക്കുള്ളിലെ ജലയാനങ്ങളിൽ ജോലി ചെയ്യുന്നതിനായി 1970-ലെ ഹാർബർ ക്രാഫ്റ്റ് ചട്ടപ്രകാരം മാസ്റ്റർ, സ്രാങ്ക്, എഞ്ചിൻ ഡ്രൈവർ എന്നീ ലൈസൻസുകളും മാരിടൈം ബോർഡാണ് നൽകുന്നത്. കേരള ഉൾനാടൻ ജലഗതാഗത നിയമം അനുസരിച്ച് ഹൗസ് ബോട്ടുകൾ നിർമ്മിക്കുന്നതിനുള്ള ബോട്ട് യാഡുകൾ, ബോട്ട് ജെട്ടികൾ എന്നീ ലൈസൻസുകളും മാരിടൈം ബോർഡാണ് നൽകുന്നത്.

(ബി) ജലസേചന വകുപ്പ് വഴി നല്കിയിരുന്നതും നിലവിൽ തുറമുഖ വകുപ്പ് മുഖേന നൽകേണ്ടതുമായ ബോട്ട് മാസ്റ്റർ (ടിക്കറ്റ് കളക്ടർ)

ലൈസൻസ് പുതുതായി നൽകാത്തത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്താമോ;

(സി) തുറമുഖ വകുപ്പ് വഴി ബോട്ട് മാസ്റ്റർ ലൈസൻസ് നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(ബി&സി) കനാൽ റൂൾ ഭേദഗതി ചെയ്തുകൊണ്ട് 2010-ൽ കേരള ഇൻലാൻഡ് വെസ്സൽ റൂൾ നിലവിൽ വരികയും പ്രസ്തുത റൂൾ നടപ്പിലാക്കുന്നതിന് തുറമുഖ വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. ഇൻലാൻഡ് വെസ്സൽസ് ആക്ട്, 1917-നെ അസാധുവാക്കിക്കൊണ്ട് ഇൻലാൻഡ് വെസ്സൽസ് ആക്ട്, 2021 പാർലമെന്റ് പാസ്സാക്കിയിട്ടുണ്ട്. ഇതിന്റെ ചട്ടം കേന്ദ്ര സർക്കാർ അംഗീകരിക്കുന്നതിനനുസരിച്ച് ലൈസൻസുകൾ അനുവദിക്കുന്നതാണ്.

**മാരിടൈം ബോർഡിന്റെ കാലാവധി**

400 (5116) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ പ്രധാന തുറമുഖങ്ങളെ ബന്ധിപ്പിച്ച് ചരക്കുനീക്കം സുഗമമാക്കാൻ ആരംഭിച്ച കേരള തീരദേശ കപ്പൽ സർവ്വീസ്

അവസാനിപ്പിക്കുന്നതായി കപ്പൽ കമ്പനി മാരിടൈം ബോർഡ് ചെയർമാനെ അറിയിക്കുകയുണ്ടായോ;

(ബി) കപ്പൽ സർവ്വീസ് ആരംഭിച്ചത് എന്നാണെന്നും കമ്പനി ബോർഡ് ചെയർമാൻ അയച്ച കത്തിൽ കപ്പൽ സർവ്വീസ് അവസാനിപ്പിക്കുന്നതിനുള്ള കാരണങ്ങളായി പറഞ്ഞിട്ടുള്ളത് എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ?

(എ&ബി) സംസ്ഥാനത്തെ പ്രധാന തുറമുഖങ്ങളെ ബന്ധിപ്പിച്ചുള്ള ചരക്കുനീക്കം നടത്തുന്നതിനുള്ള തീരദേശ കപ്പൽ ഗതാഗതം പുനരാരംഭിച്ചു. പ്രസ്തുത കപ്പൽ റിപ്പയർ ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഇപ്പോൾ സർവ്വീസ് നടത്തുന്നില്ല. ഇതിനുപകരം മറ്റൊരു കപ്പൽ സർവ്വീസ് നടത്തുമെന്ന് ടി കമ്പനി അറിയിച്ചിട്ടുണ്ട്.

(സി) ചരക്കുനീക്കത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ തുറമുഖങ്ങളിൽ ഒരുക്കാത്തതും സർക്കാർ പ്രഖ്യാപിച്ചിരുന്ന ഇൻസെന്റീവുകൾ യഥാസമയം നൽകാത്തതും കപ്പൽ സർവീസ് അവസാനിപ്പിക്കുന്നതിനുള്ള കാരണങ്ങളായി കാണിക്കുകയുണ്ടായോ?

കപ്പൽ കമ്പനിക്കുള്ള ഇൻസെന്റീവ് സമയബന്ധിതമായി അനുവദിച്ച് നൽകിയിട്ടുണ്ട്. കപ്പൽ സർവ്വീസ് നടത്തുന്നതിനാവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും നിർദ്ദിഷ്ട പോർട്ടുകളിൽ ഒരുക്കിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ പതിനേഴ് മൈനർ തുറമുഖങ്ങളും തീരദേശ സർവ്വീസുകളും സംബന്ധിച്ച നയപരമായ തീരുമാനങ്ങൾ എടുക്കുകയും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും ചെയ്യേണ്ട മാരിടൈം ബോർഡിന്റെ കാലാവധി അഞ്ച് വർഷത്തിൽനിന്നും മൂന്നുവർഷമായി ചുരുക്കുകയുണ്ടായോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

19-01-2022-ലെ ഓർഡിനൻസ് അനുസരിച്ച് കേരള മാരിടൈം ബോർഡിലെ നാമനിർദ്ദേശം ചെയ്യപ്പെട്ട ചെയർമാൻ, വൈസ് ചെയർമാൻ, അംഗങ്ങൾ എന്നിവരുടെ കാലാവധി ഭരണപരമായ സൗകര്യത്തിനുവേണ്ടി പരമാവധി 3 വർഷമായി നിജപ്പെടുത്തിയിട്ടുണ്ട്.

(ഇ) ബോർഡിന്റെ കാലാവധി ചുരുങ്ങിയതോടെ ബോർഡ് നിലവിലില്ലാത്ത സാഹചര്യമുണ്ടോയെന്നും എങ്കിൽ എന്ന് മുതൽക്കാണ് ബോർഡ് പിരിച്ചുവിടപ്പെട്ടതെന്നും വെളിപ്പെടുത്താമോ?

കേരള മാരിടൈം ബോർഡ് ആക്ട്, 2017 (2017-ലെ 16-ാം ആക്ട്) ഭേദഗതി ചെയ്തുകൊണ്ട് പുറപ്പെടുവിച്ച 19-01-2021-ലെ ഓർഡിനൻസ് പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ കാലാവധി മാത്രമാണ് 3 വർഷമായി നിജപ്പെടുത്തിയത്.

## മാരിടൈം ബോർഡ് ചെലവഴിച്ച തുക

401 (5117) <u>ശ്രീ. അനൂപ് ജേക്കബ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറമുഖ നവീകരണത്തിനായി കേരള മാരിടൈം ബോർഡ് 2018 മുതൽ ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ?

2018 മുതൽ തുറമുഖ നവീകരണത്തിനായി കേരള മാരിടൈം ബോർഡ് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|
| 2018-19 | 5603.07 |
| 2019-20 | 2441.39 |
| 2020-21 | 5286.27 |
| 2021-22 | 2302.21 |

(ബി) ഓരോ സാമ്പത്തിക വർഷവും ബഡ്ജറ്റിൽ അനുവദിക്കുകയും ചെലവഴിക്കുകയും ചെയ്ത തുകയുടേയും ഹെഡ് ഓഫ് അക്കൗണ്ടിന്റെയും വിശദാംശം ലഭ്യമാക്കാമോ?

2018 മുതൽ കേരള മാരിടൈം ബോർഡിന് ഓരോ സാമ്പത്തിക വർഷവും ബഡ്ജറ്റിൽ അനുവദിക്കുകയും ചെലവഴിക്കുകയും ചെയ്ത

തുകയുടേയും ഹെഡ് ഓഫ് അക്കൗണ്ടിന്റെയും വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(സി) ഇക്കാലയളവിൽ തുറമുഖ നിർമ്മാണത്തിനായി കരിങ്കല്ല് വാങ്ങിയതിന് ബോർഡ് എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട്?

2018 മുതൽ തുറമുഖ നിർമ്മാണത്തിനായി കരിങ്കല്ല് വാങ്ങുന്നതിന് കേരള മാരിടൈം ബോർഡ് തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(ഡി) 2018 മുതൽ മാരിടൈം ബോർഡ് ഏർപ്പെട്ട കരാറുകൾ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

1. 2018, 2019, 2020, 2021 കാലഘട്ടത്തിൽ കെക്സ്കോൺ മുഖേന സെക്യൂരിറ്റി നിയമനം നടത്തുന്നതിന് കരാർ ഒപ്പുവച്ചിട്ടുണ്ട്.

2. 2020 കാലഘട്ടത്തിൽ കെ.ഐ.വി. സർവ്വേയർ തസ്തികയിൽ നിയമനം നടത്തുന്നതിന് കരാർ ഒപ്പുവച്ചിട്ടുണ്ട്.

3. ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിലേയ്ക്ക് ഓരോ 450 എച്ച്.പി. ടഗ്ഗ് വാങ്ങുന്നതിന് മെസേഴ്സ് വിജയ് മറൈൻ സർവ്വീസസ്, ഗോവയുമായി 26-07-2018-ൽ പോർട്ട് ഓഫീസർ, കോഴിക്കോട് മുഖാന്തരം കരാർ ഒപ്പുവച്ചിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

4. 3 ടൺ കപ്പാസിറ്റിയുള്ള ഒരു ഫോർക്ക് ലിഫ്റ്റ് ബേപ്പൂർ തുറമുഖത്തേയ്ക്ക് വാങ്ങുന്നതിന് മെസേഴ്സ്. കിയോൺ ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ്, പൂനെയുമായി 18-08-2018-ൽ പോർട്ട് ഓഫീസ്, കോഴിക്കോട് മുഖാന്തരം കരാർ ഒപ്പുവച്ചിട്ടുണ്ട്.

5. ബേപ്പൂർ തുറമുഖത്തേയ്ക്ക് ഒരു വി.എച്ച്.എഫ്. സെറ്റും 7 വാക്കി ടോക്കികളും വാങ്ങുന്നതിനായി 20-06-2019-ൽ മെസേഴ്സ് ഇലക്ട്രോണിക് ലാബ്, മുംബൈയുമായി പോർട്ട് ഓഫീസർ, കോഴിക്കോട് കരാർ ഒപ്പുവച്ചിട്ടുണ്ട്.

6. എം.ടി; കേരളം ടഗ്ഗിന്റെ സ്പെഷ്യൽ റിപ്പയർ പ്രവൃത്തിക്കായി മെസേഴ്സ് വിജയ് മറൈൻ സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ്, ഗോവയുമായി 05-03-2021-ൽ പോർട്ട് ഓഫീസർ, കോഴിക്കോട് മുഖാന്തരം കരാർ ഒപ്പുവച്ചിട്ടുണ്ട്.

7. എം.ടി; അഴീക്കൽ ടഗ്ഗിന്റെ സ്പെഷ്യൽ റിപ്പയർ പ്രവൃത്തിക്കായി മെസേഴ്സ് സീ ബ്ലൂ ഷിപ്പ് യാർഡ് ലിമിറ്റഡ്, കൊച്ചിയുമായി 24-11-2020-ൽ പോർട്ട് ഓഫീസർ, കോഴിക്കോട് കരാർ ഒപ്പുവച്ചിട്ടുണ്ട്.

8. അനധികൃത സർവ്വീസ് നടത്തുന്ന ബോട്ടുകൾ പിടിച്ചുകെട്ടുന്നതിന് ഡിറ്റൻഷൻ യാർഡ് നിർമ്മാണത്തിന് 2 ഏക്കർ സ്ഥലം വാടകയ്ക്ക് എടുക്കുന്ന വിഷയത്തിൽ ശ്രീ. കെ. സി. ജോസ് എന്ന വ്യക്തിയുമായി കരാർ ഒപ്പുവച്ചിട്ടുണ്ട്.

9. കൺസ്യൂമർ ഫെഡ്, വെബ്കോ, എഡ്ജ് ഇന്റീരിയർ എന്നീ സ്ഥാപനങ്ങളുമായി ഗോഡൗൺ സംബന്ധമായ കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്.

10. ബേപ്പൂർ തുറമുഖത്ത് ബോയകൾ സ്ഥാപിക്കുന്നതിനായി എയ്റോ മറൈൻ പ്രൈവറ്റ് ലിമിറ്റഡ്, മുംബൈയുമായി 13-10-2020-ൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

## കേരള മാരിടൈം ബോർഡ്

402 (5118) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മാരിടൈം ബോർഡ് എന്നാണ് നിലവിൽ വന്നതെന്നും നാളിതുവരെ ഏറ്റെടുത്ത പദ്ധതികൾ ഏതെല്ലാമെന്നും അറിയിക്കാമോ?

കേരള മാരിടൈം ബോർഡ് ആക്ട് 16-09-2017-ൽ നിലവിൽവന്നു. സംസ്ഥാനത്തെ നോൺ മേജർ തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി കേരള മാരിടൈം ബോർഡ് നടപ്പിലാക്കിയ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

**വിഴിഞ്ഞം**

വിഴിഞ്ഞം സീവേർഡ് ബ്രേക്ക് വാട്ടർ, ലീവേർഡ് ബ്രേക്ക് വാട്ടർ എന്നിവയുടെ പുലിമുട്ട് റെക്ടിഫിക്കേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചു. വിഴിഞ്ഞം തുറമുഖത്ത് ക്രൂ ചേഞ്ച് ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിച്ചു. ഐ.എസ്.പി.എസ്. സർട്ടിഫൈഡ് പോർട്ടായി പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി ഐ.ആർ.എസ്. സർവ്വേ Port Facility Security Assessment (PFSA), Port Facility Security Plan (PFSP) എന്നിവ Mercantile Marine Department-ൽനിന്നും ലഭിച്ചിട്ടുണ്ട്. ഇതിൻപ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചുവരുന്നു. സി.സി.ടി.വി. സ്ഥാപിക്കാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

**കൊല്ലം**

കൊല്ലം തുറമുഖത്ത് ഇമിഗ്രേഷൻ സൗകര്യം ഏർപ്പെടുത്തുന്നതിന് ഗേറ്റ് ഹൗസ് നിർമ്മാണം പൂർത്തീകരിച്ചു. കെ.ഐ.വി. ഓഫീസ് കെട്ടിടത്തിന്റെ നിർമാണം പൂർത്തിയായിവരുന്നു. കൊല്ലം തുറമുഖത്ത് വലിയ കപ്പലുകളെ ആകർഷിക്കുന്നതിനായി തുറമുഖത്തിന്റെ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കി സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൊല്ലം തുറമുഖത്ത് ഐ.എസ്.പി.എസ്. നടപ്പിലാക്കുന്ന പദ്ധതി അവസാനഘട്ടത്തിലാണ്.

**ആലപ്പുഴ**

ആലപ്പുഴ തുറമുഖത്ത് ഉദ്യോഗാർത്ഥികൾക്ക് ബോട്ട് ക്രൂ ട്രെയിനിംഗ് നടത്തുന്നതിനുവേണ്ടി ഒരു മാരിടൈം ട്രെയിനിംഗ് ഹാൾ നിർമ്മാണം പൂർത്തിയാക്കി. ആലപ്പുഴ തുറമുഖ ഗോഡൗൺ പൈതൃക മ്യൂസിയമായി മാറ്റുന്നതിന് മുസിരിസ് പ്രൈവറ്റ് ലിമിറ്റഡ് മുഖേന കെട്ടിടങ്ങളുടെ നവീകരണം പൂർത്തിയാക്കി. മ്യൂസിയം നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു.

**ബേപ്പൂർ**

തുറമുഖ ഭൂമിയിൽ ചുറ്റുമതിലിന്റെ നിർമ്മാണം പുരോഗമിക്കുന്നു. ബേപ്പൂർ തുറമുഖ വികസനത്തിന്റെ ഭാഗമായി 3.83 ഏക്കർ ഭൂമി ഏറ്റെടുത്തു. തുറമുഖത്തിന്റെ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കി സാഗർമാലയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഐ.എസ്.പി.എസ്. സർട്ടിഫൈഡ് പോർട്ടായി പ്രഖ്യാപിക്കുന്നതിനായി Port Facility Security Assessment (PFSA), Port Facility Security Plan (PFSP) സർവ്വേകൾ നടത്തി. തുറമുഖത്ത് ഇ.ഡി.ഐ. സംവിധാനം പൂർത്തിയായിവരുന്നു. തുറമുഖത്തേയ്ക്ക് റോഡ്/റെയിൽ കണക്റ്റിവിറ്റി ഏർപ്പെടുത്തുന്നതിന് ഐ.പി.ആർ.സി.എൽ. കമ്പനി മുഖാന്തരം ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട്, ടെക്നോ എക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കി സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

തലശ്ശേരി കടൽപ്പാലത്തെ പൈതൃകമായി നിലനിർത്തുന്നതിന്റെ ഭാഗമായി നടപടികൾ സ്വീകരിക്കാൻ ഐ.ഐ.ടി. ചെന്നൈയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**അഴീക്കൽ**

തുറമുഖത്ത് ഇ.ഡി.ഐ. സംവിധാനമൊരുക്കി എമിഗ്രേഷൻ ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതോടൊപ്പം ഐ.എസ്.പി.എസ്. കോഡ് നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) ബോർഡിന്റെ ഏതെല്ലാം വരുമാന മാർഗ്ഗങ്ങളിലാണ് വർദ്ധനവുണ്ടായിട്ടുള്ളതെന്നും ഇതുവരെയുള്ള കണക്കുകൾ ഓഡിറ്റിംഗിന് വിധേയമാക്കിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

മാന്വൽ ഡ്രഡ്ജിംഗ്, ഹെവി ലൈസൻസ്, കെ.ഐ.വി. രജിസ്ട്രേഷൻ, സർവ്വേ ഹാർബർ ക്രാഫ്റ്റ് നിയമപ്രകാരമുള്ള ക്രൂ ലൈസൻസുകൾ, ഷിപ്പിംഗ് ഓപ്പറേഷൻ എന്നീ ഇനങ്ങളിലെല്ലാം വരുമാന വർദ്ധനവുണ്ടായിട്ടുണ്ട്. കേരള മാരിടൈം ബോർഡ് രൂപീകൃതമായതിനുശേഷം 47 കണ്ടെയ്നറുകളിൽ എഫ്.സി.ഐ-യുടെ അരി കൊച്ചിയിൽനിന്നും കൊല്ലം തുറമുഖത്ത് ഇറക്കുമതി ചെയ്തിട്ടുണ്ട്. ബോർഡ് നിലവിൽ വന്നതിനുശേഷം പൊന്നാനി തുറമുഖ പരിധിയിൽ ടൂറിസ്റ്റ് ബോട്ടുകളുടെ സർവ്വീസ് ആരംഭിക്കുകയും ഇതിലൂടെ വരുമാനം വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. വാടക ഇനത്തിലും പൊന്നാനി തുറമുഖത്ത് വരുമാനം ലഭിക്കുന്നുണ്ട്. വിഴിഞ്ഞം തുറമുഖത്ത്

കേരള മാരിടൈം ബോർഡ് നിലവിൽ വന്നതിനുശേഷം ഇന്റർനാഷണൽ ക്രൂ ചെയ്ഞ്ചിംഗ് പ്രവർത്തനമാരംഭിക്കുകയും ആയതിലൂടെ 10 കോടിയോളം രൂപ വരുമാനമായി ലഭിക്കുകയും ചെയ്തിട്ടുണ്ട്. അതിനുപുറമേ കോസ്റ്റൽ വെസലുകളിലെ ക്രൂ ചെയ്ഞ്ചിംഗ് ആരംഭിച്ചതിലൂടെയും തുറമുഖത്ത് വരുമാനം വർദ്ധിച്ചിട്ടുണ്ട്. കോഴിക്കോട് പോർട്ടിൽ ഷിപ്പിംഗ് ഓപ്പറേഷൻ മാനുവൽ ഡ്രഡ്ജിംഗ്, തുറമുഖ ഭൂമി ലൈസൻസ് വാടക നൽകുന്നത് എന്നിവയാണ് ബോർഡിന്റെ വരുമാനമാർഗ്ഗം. തുറമുഖ വകുപ്പിന്റെ ആസ്തികൾ കേരള മാരിടൈം ബോർഡിലേയ്ക്ക് കൈമാറിയ 2019-2020 സാമ്പത്തിക വർഷംമുതലുള്ള വാർഷിക അക്കൗണ്ട് തയ്യാറാക്കിവരികയാണ്. ആയത് പൂർത്തിയായതിനുശേഷം ഓഡിറ്റ് നടപടികൾ സ്വീകരിക്കുന്നതാണ്.

## മ്യൂസിയങ്ങളുടെ നിർമ്മാണവും ആധുനികീകരണവും

403 (5119) <u>ശ്രീ. എ. എൻ. ഷംസീർ:</u>
<u>ശ്രീ. ഒ. ആർ. കേളു:</u>
<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:</u>
<u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുരാരേഖ വകുപ്പിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രത്യേക ആർക്കൈവ്സ്

ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശം നൽകാമോ?

സംസ്ഥാനത്തെ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും പുരാരേഖ വകുപ്പിന്റെ ഉപകേന്ദ്രങ്ങൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അതാത് ജില്ലകളുമായി ബന്ധപ്പെട്ട രേഖകൾ ടി ജില്ലകളിൽത്തന്നെ ആവശ്യക്കാർക്ക് ലഭ്യമാക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. കൂടാതെ താളിയോല രേഖകളുടെ ശാസ്ത്രീയ സംരക്ഷണം നടത്തി സംരക്ഷിക്കുന്നതിന് ഇന്റർനാഷണൽ ആർക്കൈവ്സ് ആൻഡ് ഹെറിറ്റേജ് എന്ന സ്ഥാപനം തിരുവനന്തപുരം കാര്യവട്ടത്തെ യൂണിവേഴ്സിറ്റി ക്യാമ്പസിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) മലബാറിന്റെ സ്വാതന്ത്ര്യസമര ചരിത്രവും പാരമ്പര്യവും വെളിപ്പെടുത്തുന്ന പ്രത്യേക മ്യൂസിയം നിർമ്മിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ചരിത്ര യാഥാർത്ഥ്യം സമൂഹത്തിലെത്തിക്കുന്നതിന് ഇത് എത്രത്തോളം സഹായകരമാവുമെന്ന് വിശദമാക്കാമോ?

സ്വാതന്ത്ര്യ സമര ചരിത്രവും പാരമ്പര്യവും വെളിപ്പെടുത്തുന്ന മ്യൂസിയം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ നിലവിൽ വകുപ്പ് ആരംഭിച്ച ജില്ലാ

പൈതൃക മ്യൂസിയങ്ങളിൽ മറ്റ് വിഷയങ്ങളോടൊപ്പം ഇതുകൂടി ഉൾപ്പെടുത്തുന്നതാണ്.

(സി) കോഴിക്കോട് പഴശ്ശിരാജ മ്യൂസിയം ആധുനികീകരിച്ച് പൊതുസമൂഹത്തിന് ലഭ്യമാക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിന്റെ ഭാഗമായി എന്തൊക്കെ മാറ്റങ്ങളാണ് വരുത്താൻ ഉദ്ദേശിക്കുന്നത്; ഇതിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദമാക്കാമോ?

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ കോഴിക്കോട് പഴശ്ശിരാജാ മ്യൂസിയം ആധുനികീകരിച്ച് പൊതുസമൂഹത്തിന് തുറന്ന് നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി മ്യൂസിയത്തിന്റെയും ഗ്യാലറികളുടെയും സമഗ്ര നവീകരണം, വിഷയാധിഷ്ഠിതമായുള്ള പ്രദർശന വസ്തുക്കളുടെ പുനഃക്രമീകരണം, മ്യൂസിയം കൂടുതൽ സന്ദർശക സൗഹൃദമാക്കൽ, സന്ദർശകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നിവയെല്ലാം ഏർപ്പെടുത്തിയിട്ടുണ്ട്.

## ആലപ്പുഴയിലെ മ്യൂസിയങ്ങൾ

404 (5120) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ആലപ്പുഴ ജില്ലയിലെ യാൺ മ്യൂസിയം, ലിവിംഗ് കയർ മ്യൂസിയം, മ്യൂസിയം ഓഫ് കയർ ഹിസ്റ്ററി, മ്യൂസിയം ഓഫ് ലേബർ മൂവ്മെന്റ്, മാരിടൈം സിഗ്നൽ മ്യൂസിയം, രത്ന പണ്ടകശാല മ്യൂസിയം, ഗാന്ധി മ്യൂസിയം എന്നിവയുടെ നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ എന്ന് മുതൽ പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കാൻ കഴിയുമെന്നും ഇവ കാണുന്നതിനുള്ള ഫീസ് എത്രയാണെന്നും വെളിപ്പെടുത്താമോ;

(സി) കെ.എസ്.ആർ.ടി.സി.-യുമായി സഹകരിച്ച് പ്രസ്തുത മ്യൂസിയങ്ങളെ ബന്ധിപ്പിച്ച് ബസ് യാത്രാസൗകര്യം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

(എ-സി) പുരാവസ്തു, പുരാരേഖാ, മ്യൂസിയം വകുപ്പുകളുടെ കീഴിൽ ഇത്തരം മ്യൂസിയം പദ്ധതികളൊന്നും നിലവിലില്ല.

## തിരൂരങ്ങാടി ഹജ്ജൂർ കച്ചേരി ജില്ലാ പൈതൃക മ്യൂസിയത്തിനുള്ളിലെ ശവക്കല്ലറകൾ

405 (5121) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി ഹജ്ജൂർ കച്ചേരി ജില്ലാ പൈതൃക മ്യൂസിയത്തിനുള്ളിലെ ശവക്കല്ലറകൾ സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ടതാണോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ശവക്കല്ലറകളിൽ അടക്കം ചെയ്യപ്പെട്ടവർ എങ്ങനെയാണ് മരണപ്പെട്ടതെന്നും അവരുടെ സ്ഥാനമാനങ്ങൾ സംബന്ധിച്ച വിശദവിവരങ്ങളും ലഭ്യമാക്കാമോ?

(എ&ബി) തിരൂരങ്ങാടി ഹജ്ജൂർ കച്ചേരി വളപ്പിൽ (പഴയ താലൂക്ക് ഓഫിസ് കെട്ടിടം നിലനിൽക്കുന്ന വളപ്പിൽ) വില്യം ജോൺ ഡങ്കൻ റൗളിയുടെ ശവകുടീരം സ്ഥിതിചെയ്യുന്നുണ്ട്. വില്യം ജോൺ ഡങ്കൻ റൗളി പാലക്കാട്ടെ പോലീസ് അസിസ്റ്റന്റ് സൂപ്രണ്ട് ആയി ജോലി നോക്കവെ 20-8-1921-ൽ തിരൂരങ്ങാടിയിൽവച്ച് സ്വാതന്ത്ര്യ സമര സേനാനികളുമായുണ്ടായ ഏറ്റുമുട്ടലിൽ കൊല്ലപ്പെടുകയാണുണ്ടായതെന്ന് രേഖകൾ പറയുന്നു. തിരൂരങ്ങാടി ഹജ്ജൂർ കച്ചേരി വളപ്പിലാണ് ടിയാന്റെ ഭൗതിക ശരീരം അടക്കം ചെയ്തത്.

(സി) പ്രസ്തുത ശവക്കല്ലറകൾ പരിപാലിക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ?

പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായ ടി ശവക്കല്ലറ വകുപ്പ് തന്നെയാണ് സംരക്ഷിച്ചുപോരുന്നത്.

(ഡി) ഇവയെ പരിപാലിക്കുന്നതിന് എല്ലാ വർഷവും ഇംഗ്ലണ്ടിൽ നിന്നും ഒരു ആരാധനാലയം വഴി പണം വരുന്നതും സർക്കാരിന്റെ അനുമതി കൂടാതെ പരിപാലന പ്രവൃത്തികൾ നടത്തുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് നിയമപരമാണോ; വിശദവിവരം ലഭ്യമാക്കാമോ?

ഈ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) തിരൂരങ്ങാടി മണ്ഡലത്തിൽ ഇത്തരത്തിലുള്ള എത്ര ശവക്കല്ലറകളുണ്ടെന്ന് വിശദമാക്കാമോ?

തിരൂരങ്ങാടി മണ്ഡലത്തിൽ ഇത്തരത്തിലുള്ള മറ്റ് ശവക്കല്ലറകളൊന്നും പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരക പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല.

**തിരൂരങ്ങാടി ഹജ്ജൂർ കച്ചേരി ജില്ലാ പൈതൃക മ്യൂസിയം**

406 (5122) <u>ശ്രീ. കെ. പി. എ. മജീദ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി ഹജ്ജൂർ കച്ചേരി ജില്ലാ പൈതൃക മ്യൂസിയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

തിരൂരങ്ങാടി ഹജ്ജൂർ കച്ചേരി മന്ദിരത്തിൽ ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നതിന്റെ ആദ്യഘട്ടമായി, മ്യൂസിയം സജ്ജീകരിക്കാൻ തീരുമാനിച്ചിരിക്കുന്ന കെട്ടിടത്തിന്റെ ഘടനാ സംരക്ഷണ പ്രവർത്തനങ്ങൾ 54 ലക്ഷം രൂപ ചെലവിൽ പൂർത്തിയാക്കി. മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

(ബി) ഇവിടെ ഇനി എന്തെല്ലാം പുതിയ പ്രവൃത്തികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; എസ്റ്റിമേറ്റ് തുകയടക്കമുള്ള വിശദവിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ ഡി.പി.ആർ. തയ്യാറായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

(ബി&സി) ഘടനാ സംരക്ഷണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുള്ള കെട്ടിടത്തിൽ ഗ്യാലറികളുടേയും പ്രദർശനവസ്തുക്കളുടേയും സജ്ജീകരണവും ക്രമീകരണവുമാണ് ഇനി ശേഷിക്കുന്നത്. മ്യൂസിയം ഗ്യാലറികളുടെ സജ്ജീകരണത്തിനായി സർക്കാർ നോഡൽ ഏജൻസിയായ ഇന്ററാക്ടീവ് മ്യൂസിയം ഓഫ് കൾച്ചറൽ ഹിസ്റ്ററി ഓഫ് കേരള (കേരളം മ്യൂസിയം)

വിശദമായ പദ്ധതി രൂപരേഖ (DPR) തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി 10.35 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## കണ്ണൂർ മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ

407 (5123) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാവസ്തു, പുരാരേഖ, മ്യൂസിയം വകുപ്പുകളുടെ കീഴിൽ കണ്ണൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണ്; അവയുടെ പുരോഗതി വിശദമാക്കാമോ:

(ബി) പൂർത്തീകരിക്കാത്ത പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) കണ്ണൂർ നിയോജക മണ്ഡലത്തിൽപ്പെടുന്ന അറയ്ക്കൽ മ്യൂസിയത്തിന്റെ സംരക്ഷണ പ്രവൃത്തികളാണ് പുരാവസ്തു വകുപ്പ് ഏറ്റെടുത്ത് നടത്തുന്നത്. ഇതിന്റെ സംരക്ഷണ പ്രവൃത്തികൾ ഇതിനോടകംതന്നെ ആരംഭിച്ചിട്ടുണ്ട്. 2022 നവംബർ അവസാനവാരത്തോടുകൂടി പദ്ധതി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കണ്ണൂർ മണ്ഡലത്തിൽപ്പെട്ട പയ്യാമ്പലത്ത് മുരിക്കഞ്ചേരി കേളുവിന് സ്മാരകം

പണിയുന്ന പ്രവൃത്തി, പുരാവസ്തു വകുപ്പ്, മ്യൂസിയം നോഡൽ ഏജൻസിയായ കേരള മ്യൂസിയം വഴി നടപ്പിലാക്കാനാണ് തീരുമാനിച്ചിരുന്നത്. ടി പ്രവൃത്തികൾ ഒരു Non-PMC ഏജൻസി മുഖേന നടത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. അതനുസരിച്ചുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ പുരാവസ്തു ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

മ്യൂസിയം വകുപ്പിനുകീഴിൽ കണ്ണൂർ-പയ്യാമ്പലം ടൗണിൽ സ്ഥിതിചെയ്യുന്ന കേരള സംസ്ഥാന ഹാന്റ്‌ലൂം ഡെവലപ്മെന്റ് കോർപ്പറേഷന്റെ 200 വർഷം പഴക്കമുള്ള പഴയ ആസ്ഥാന മന്ദിരത്തിൽ കൈത്തറി മ്യൂസിയം ആരംഭിക്കുന്നതിന് 2,12,33,690/- രൂപയുടെ ഭരണാനുമതി നൽകുകയും തുടർന്ന് M/s. കേരള മ്യൂസിയം മുഖേന പ്രദർശന സംവിധാനം സജ്ജീകരിക്കുന്ന പ്രവൃത്തികൾ ആരംഭിക്കുകയും 90% പ്രവൃത്തികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 2022 ഡിസംബർ മാസം അവസാനത്തോടെ ഉദ്ഘാടനം നടത്തി ടി മ്യൂസിയം പൊതുജനങ്ങൾക്ക് സമർപ്പിക്കുവാൻ സാധിക്കുന്നതാണ്.

പുരാരേഖ വകുപ്പിനുകീഴിൽ കണ്ണൂർ സെന്റ് ജോൺസ് ആംഗ്ലിക്കൻ ചർച്ചിലെ പുരാരേഖകളുടെ സംരക്ഷണം ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുണ്ട്.

## കണ്ണൂർ മണ്ഡലത്തിൽ നടപ്പാക്കുന്ന പ്രവൃത്തികൾ

408 (5124) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മ്യൂസിയം, പുരാരേഖ, പുരാവസ്തു വകുപ്പുകളുടെ കീഴിൽ കണ്ണൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിവരുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

(എ&ബി) മ്യൂസിയം വകുപ്പിനുകീഴിൽ കണ്ണൂർ നിയോജക മണ്ഡലത്തിൽ പയ്യാമ്പലം ടൗണിൽ സ്ഥിതിചെയ്യുന്ന കേരള സംസ്ഥാന ഹാന്റ്ലൂം ഡെവലപ്മെന്റ് കോർപ്പറേഷന്റെ 200 വർഷം പഴക്കമുള്ള പഴയ ആസ്ഥാന മന്ദിരത്തിൽ കൈത്തറി മ്യൂസിയം ആരംഭിക്കുന്നതിനുള്ള 2.12 കോടി രൂപയുടെ പ്രോജക്ടിന് അംഗീകാരം നൽകിയിട്ടുണ്ട്. M/s കേരള മ്യൂസിയം മുഖേന പ്രദർശന സംവിധാനം സജ്ജീകരിക്കുന്ന പ്രവൃത്തികൾ ആരംഭിക്കുകയും 90% പ്രവൃത്തികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 2022

ഡിസംബർ മാസം അവസാനത്തോടെ ഉദ്ഘാടനം നടത്തി പൊതുജനങ്ങൾക്ക് സമർപ്പിക്കുവാൻ സാധിക്കുന്നതാണ്.

പുരാരേഖാ വകുപ്പിന് കീഴിൽ കണ്ണൂർ സെന്റ് ജോൺസ് ആംഗ്ലിക്കൻ ചർച്ചിലെ പുരാരേഖകളുടെ സംരക്ഷണം ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുണ്ട്.

കണ്ണൂർ നിയോജക മണ്ഡലത്തിൽപ്പെടുന്ന അറയ്ക്കൽ മ്യൂസിയത്തിന്റെ സംരക്ഷണ പ്രവൃത്തികൾ പുരാവസ്തു വകുപ്പ് ഏറ്റെടുത്ത് നടത്തിവരുന്നു. 2022 നവംബർ അവസാനവാരത്തോടുകൂടി ഈ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കണ്ണൂർ മണ്ഡലത്തിൽപ്പെട്ട പയ്യാമ്പലത്ത് മുരിക്കഞ്ചേരി കേളുവിന് സ്മാരകം പണിയുന്ന പ്രവൃത്തി, മ്യൂസിയം നോഡൽ ഏജൻസിയായ കേരള മ്യൂസിയം വഴി നടപ്പിലാക്കാനാണ് തീരുമാനിച്ചിരുന്നത്. എന്നാൽ ഈ പ്രോജക്ടിന്റെ നിർമ്മാണ പ്രവൃത്തികൾ കേരള മ്യൂസിയം വഴി നടപ്പാക്കാതെ ഒരു Non-PMC ഏജൻസി മുഖേന നടത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. അതനുസരിച്ചുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ പുരാവസ്തു ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

# 10.00 am]

## II അടിയന്തരപ്രമേയ നോട്ടീസ്

മി. ഡെപ്യൂട്ടി സ്പീക്കർ: യൂത്ത് കോൺഗ്രസ് സംസ്ഥാന ഉപാദ്ധ്യക്ഷൻ ശ്രീ. കെ. എസ്. ശബരീനാഥനെ കൊലപാതകശ്രമ ഗൂഢാലോചന കേസിൽപ്പെടുത്തി അറസ്റ്റുചെയ്ത നടപടിയെക്കുറിച്ചാണ് ഇന്നത്തെ അടിയന്തരപ്രമേയ നോട്ടീസ്. ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിക്ക് ഇതുസംബന്ധിച്ച് വിശദീകരണം നൽകാവുന്നതാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 52(vii)-ൽ പ്രമേയം അവതരിപ്പിക്കുന്നതിനുള്ള അവകാശത്തിന്മേലുള്ള നിയന്ത്രണങ്ങൾ എന്നതിൽ "ഇന്ത്യയുടെ ഏതെങ്കിലും ഭാഗത്ത് വിചാരണാധികാരമുള്ള ഒരു നിയമ കോടതിയുടെ തീരുമാനത്തിലിരിക്കുന്ന സംഗതി പ്രമേയത്തിൽ പ്രതിപാദിക്കാൻ പാടുള്ളതല്ല" എന്ന് സൂചിപ്പിച്ചിട്ടുണ്ട്. ചട്ടം അങ്ങനെ നിൽക്കുമ്പോൾ ചില സാഹചര്യങ്ങളിൽ കീഴ്വഴക്കങ്ങൾ ഉദ്ധരിക്കാറുണ്ട്. നേരത്തെ പല ഘട്ടങ്ങളിലും കോടതിയുടെ വിചാരണ കാത്തിരിക്കുന്ന വിഷയങ്ങൾ ചർച്ചചെയ്യുവെന്ന് പറയാറുണ്ട്. 1988 മാർച്ച് 21-ലെ റൂളിംഗിൽ

ഇതുസംബന്ധിച്ച് വ്യക്തമാക്കുന്നുണ്ട്. ചട്ടപ്രകാരം കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയങ്ങൾ ചർച്ചചെയ്യാൻ പാടില്ല, എന്നാൽ ഒരു പ്രശ്നവും ചർച്ചചെയ്തുകൂടായെന്ന് ചെയറിന്റെ റൂളിംഗുകൊണ്ട് ഉദ്ദേശിക്കുന്നില്ല. ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും സംഘർഷാവസ്ഥ നിലനിൽക്കുന്നുണ്ടെങ്കിൽ അത് ചർച്ച ചെയ്യാമെന്നാണ് 1988-ലെ റൂളിംഗ് വ്യക്തമാക്കുന്നത്. എന്നാൽ ഇവിടെ ലഭ്യമായ വിശദീകരണക്കുറിപ്പിൽ അത്തരം കാര്യങ്ങളൊന്നും പ്രതിപാദിച്ചിട്ടില്ലെന്നുമാത്രമല്ല, കോടതി പരിശോധിച്ച് ജാമ്യം അനുവദിച്ചിരിക്കുന്ന പ്രശ്നത്തെ സംബന്ധിച്ചുപോലും ഈ നോട്ടീസിൽ ഉന്നയിച്ചിട്ടുണ്ട്. വളരെ ഗൗരവമുള്ള, അന്വേഷണത്തിലിരിക്കുന്ന ഒരു വിഷയം സംബന്ധിച്ച് ഗവൺമെന്റിന്റെ ഭാഗത്തുനിന്നോ, പ്രതിപക്ഷത്തുനിന്നോ സഭയിൽ പ്രസ്താവന നടത്താൻ അനുവദിച്ചാൽ, സ്വാഭാവികമായും നിലവിലിരിക്കുന്ന കേസിനെ നേരിട്ടോ പരോക്ഷമായോ ബാധിക്കുന്ന വിമർശനങ്ങളുണ്ടാകുമെന്നതുകൊണ്ടുതന്നെ അത് അനുവദിക്കാൻ നിവൃത്തിയില്ല എന്ന കാരണംകൊണ്ടാണ് അനുമതി നൽകാത്തതെന്നാണ് 1988-ലെ റൂളിംഗിൽ പറയുന്നത്. പ്രസ്തുത റൂളിംഗ് വളരെ സ്പെസിഫിക്കാണ്. ഗൗരവമേറിയ ഒരു കേസിനെ ബാധിക്കുന്ന രൂപത്തിലുള്ള ചർച്ചകൾ അപ്പുറത്തുനിന്നോ ഇപ്പുറത്തുനിന്നോ വരുന്നത്

കേസിനെ പ്രതികൂലമായി ബാധിക്കുമെന്നതിനാലും ഇതുസംബന്ധിച്ച ചട്ടം വളരെ കൃത്യമായതിനാലും അടിയന്തരപ്രമേയ നോട്ടീസ് പരിഗണിക്കാവുന്ന വ്യവസ്ഥകൾക്കുള്ളിൽ ഈ വിഷയം ഉൾപ്പെടുന്നില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി സാധാരണയായി ചട്ടങ്ങൾ ഉന്നയിക്കാറുണ്ട്. അദ്ദേഹം പറഞ്ഞതുപോലെ കീഴ്‌വഴക്കങ്ങളല്ല, ചട്ടങ്ങൾതന്നെയാണ് മുന്നിട്ടുനിൽക്കുന്നത്. പക്ഷേ കേരള നിയമസഭയ്ക്ക് കീഴ്‌വഴക്കം വളരെ പ്രധാനപ്പെട്ട ഘടകമാണ്. ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുമ്പോഴും സോളാർ കേസിൽ 2011 മുതൽ 2016 വരെ 7 പ്രാവശ്യം റൂൾ 50 പരിഗണിക്കപ്പെട്ടിട്ടുണ്ട്. അതുപോലെതന്നെ ബാർ കോഴക്കേസും കോടതിയുടെ പരിഗണനയിലിരിക്കെത്തന്നെ 4 പ്രാവശ്യം റൂൾ 50 ആയി പരിഗണിക്കപ്പെട്ടിട്ടുണ്ട്. നമ്മുടെ സൗകര്യത്തിനുവേണ്ടി ചട്ടങ്ങളും കീഴ്‌വഴക്കങ്ങളും ഉദ്ധരിക്കുന്ന സമീപനം ശരിയല്ല. ഗൗരവതരമായ കാര്യങ്ങൾ ഉന്നയിക്കാനുള്ള അവസരം നൽകുകയെന്നതാണ് ഈ സഭയുടെ പണ്ടുമുതലേയുള്ള കീഴ്‌വഴക്കം. വിഷയം ചർച്ച ചെയ്യണമോ വേണ്ടയോ എന്നുള്ളത് ഗവൺമെന്റും ബഹുമാനപ്പെട്ട ചെയറും തീരുമാനിക്കേണ്ട കാര്യമാണ്, അത് നിങ്ങളുടെ വിവേചനാധികാരമാണ്. പക്ഷേ നോട്ടീസ്

കൊടുത്ത വിഷയം അവതരിപ്പിക്കാനുള്ള അവകാശം പ്രതിപക്ഷത്തിന്റെ പ്രിവിലേജ് കൂടിയാണ്. കേസിനെ ബാധിക്കുമോയെന്നതല്ല പ്രധാനപ്പെട്ട പ്രശ്നം. ഒരു വ്യക്തിക്കെതിരെ കള്ളക്കേസ് ചുമത്തി ആ വ്യക്തിയുടെ അവകാശങ്ങൾ ഇല്ലാതാക്കിയെന്നതാണ്. ഈ സഭയിൽ നേരത്തെ അംഗമായിരുന്ന ഒരാൾക്കെതിരെ കള്ളക്കേസ് ചുമത്തിയതിന് എതിരായിട്ടാണ് അടിയന്തരപ്രമേയ നോട്ടീസ് നൽകിയിരിക്കുന്നത്. അതുകൊണ്ട് ഇവിടെയുണ്ടായ നിരവധി കീഴ്വഴക്കങ്ങൾ മനസ്സിലാക്കിക്കൊണ്ട്, നോട്ടീസ് അവതരിപ്പിച്ച് സംസാരിക്കുന്നതിന് ബഹുമാനപ്പെട്ട അംഗം ഷാഫി പറമ്പിലിന് അങ്ങ് അനുമതി നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. പ്രതിപക്ഷത്തിന്റെ അവകാശം ആവർത്തിച്ച് നിഷേധിക്കപ്പെടുന്നത് ശരിയല്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ അടിയന്തരപ്രമേയ നോട്ടീസിൽ ഉന്നയിച്ചിരിക്കുന്നത്, ഒരു ക്രിമിനൽ കേസ് രജിസ്റ്റർചെയ്ത് ആരോപണ വിധേയനായ വ്യക്തിയെ അറസ്റ്റുചെയ്തതും കോടതിയിൽ ഹാജരാക്കിയതും ഉപാധികൾക്ക് വിധേയമായി ജാമ്യം ലഭിച്ചതുമായ സാധാരണ നിയമനടപടിയെ സംബന്ധിച്ചാണ്. കോടതി ഇക്കാര്യത്തിൽ വിശദമായ

വാദം കേൾക്കാനിരിക്കുകയാണ്. മാത്രമല്ല, ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള അടിയന്തരപ്രാധാന്യം കാണുന്നുമില്ല. ആകയാൽ ചട്ടമനുസരിച്ച് ഈ നോട്ടീസിന് അനുമതി നൽകാൻ നിർവ്വാഹമില്ല. ശ്രീ. ഷാഫി. പറമ്പിലിന് പ്രസ്തുത വിഷയം ആദ്യ സബ്മിഷനായി ഉന്നയിക്കാവുന്നതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, സർക്കാർ നിരന്തരമായി റൂൾ 50 നോട്ടീസിനെ ഭയപ്പെടുകാണ്. മുഖ്യമന്ത്രിയും ഇരുപത് മന്ത്രിമാരുമുൾപ്പെടെ 99 പേർ ഇവിടെ ഇരുന്നിട്ടും ഒരു വിഷയത്തിൽ നോട്ടീസ് അവതരിപ്പിച്ച് സംസാരിക്കുന്നതിനെ ഭയപ്പെടുകയാണ്. ഞങ്ങളുടെ ഭാഗത്തും ഒരു മുൻമുഖ്യമന്ത്രി ഇരിക്കുന്നുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: വിഷയം ആദ്യ സബ്മിഷനായി അവതരിപ്പിക്കാം.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പറയട്ടെ, സംസാരിക്കാനുള്ള എന്റെ അവകാശം ഒഴിവാക്കാൻ കഴിയില്ലല്ലോ, പ്രതിപക്ഷത്ത് ഒരു മുൻമുഖ്യമന്ത്രി ഇരിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ ഭരണകാലത്ത് ആറും ഏഴും പ്രാവശ്യം ഒരേ വിഷയംതന്നെ അടിയന്തരപ്രമേയ നോട്ടീസിൽവന്നിട്ടും അദ്ദേഹം അപ്പോഴൊക്കെയും പ്രസ്തുത വിഷയം സഭയിൽ

അവതരിപ്പിക്കാനുള്ള അനുമതി നൽകിയിരുന്നു. എന്നാൽ ഇന്നത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിന്റെ വകുപ്പിനെ സംബന്ധിച്ചുള്ള കാര്യങ്ങൾ വരുമ്പോൾ, അല്ലെങ്കിൽ അദ്ദേഹത്തിനെതിരെ ചോദ്യങ്ങളുയരുന്ന ഘട്ടങ്ങളിലെല്ലാം ഒളിച്ചോടുകയാണ്. അദ്ദേഹത്തിന് ഭീതിയാണ്, ഒരു ഭീരുവിനെപ്പോലെ മുഖ്യമന്ത്രി പെരുമാറുകയാണ്. ഈ വിഷയം സഭയിൽ ചർച്ചചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നു.

(അടിയന്തരപ്രമേയ നോട്ടീസിന് അനുമതി നൽകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഒന്നടങ്കം സഭവിട്ട് പുറത്തുപോയി; സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം വീണ്ടും സഭയിൽ ഹാജരായി.)

# 10.06 am]

## III ശ്രദ്ധ ക്ഷണിക്കൽ

(1) <u>കരിമണൽ ഖനനം സ്വകാര്യവത്കരിക്കാനുള്ള നീക്കം</u>

<u>ഡോ. സുജിത് വിജയൻപിള്ള</u>: സർ, കരിമണൽ ഖനനം സ്വകാര്യവത്കരിക്കാനുള്ള കേന്ദ്ര സർക്കാർ നടപടിക്കെതിരെയാണ് ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുന്നത്. കേന്ദ്ര ഖനി മന്ത്രാലയം

25-05-2022-ൽ പ്രസിദ്ധീകരിച്ച നോട്ടീസിൽ 1957-ലെ മൈൻസ് ആൻഡ് മിനറൽസ് (ഡെവലപ്മെന്റ് ആൻഡ് റെഗുലേഷൻ) ആക്ടിൽ ഭേദഗതികൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുവെന്നും ആയതിലേയ്ക്ക് പൊതുജനാഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്ഷണിക്കുന്നുവെന്നും കാണുന്നുണ്ട്. ഇതിൽ ആറ് പോയിന്റുകളായി സൂചിപ്പിക്കുന്ന എല്ലാ നിയമഭേദഗതികളും രാജ്യതാത്പര്യത്തിന് ദോഷകരമാണ്. അതിൽ ആറാമത്തെ പോയിന്റിൽ പറയുന്നത്, 1957-ലെ എം.എം.ഡി.ആർ. ആക്ടിൽ ആദ്യ ഷെഡ്യൂളിൽ പാർട്ട് (ബി)-യിൽവരുന്ന 12 അറ്റോമിക് ധാതുക്കളിൽനിന്നും 8 ധാതുക്കളെ മാറ്റിയെടുത്ത് പാർട്ട് (ഡി) എന്ന പുതിയ മിനറൽ ഗ്രൂപ്പുണ്ടാക്കുന്നു എന്നാണ്. പാർട്ട് (ഡി)-യിൽ വരുന്ന എല്ലാ ധാതുക്കളുടെയും ഖനനം കേന്ദ്ര സർക്കാരിന് ലേലത്തിലൂടെ വിൽക്കാവുന്നതാണ്. ഈ വിഭാഗത്തിൽപ്പെടുന്ന 8 ധാതുക്കളിൽ ഒന്ന് ബീച്ച് സാൻഡ് മിനറലാണ്. അതിൽ Ilmenite, Monazite, Rutile, Garnet, Zircon, Sillimanite തുടങ്ങിയ ധാതുക്കൾ ലേലത്തിൽവച്ച് വിൽക്കുവാനും ഈ നിയമഭേദഗതിയിലൂടെ കേന്ദ്രസർക്കാർ ലക്ഷ്യമിടുന്നു. സ്വകാര്യ കുത്തകകളെ സഹായിക്കാനാണ് ഭേദഗതി കൊണ്ടുവന്നിരിക്കുന്നതെന്ന് വ്യക്തമാണ്. കേന്ദ്ര സർക്കാർ 01-03-2019-ൽ ഇറക്കിയ ഉത്തരവിൽ ദേശീയ സുരക്ഷയെ ബാധിക്കുന്ന അറ്റോമിക്

മിനറൽസിന്റെ ഖനനം പൂർണ്ണമായും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പരിധിയിൽപ്പെടുത്തുകയും സ്വകാര്യ മേഖലയെ പൂർണ്ണമായി ഒഴിവാക്കിയതുമാണ്. എന്നാൽ ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ഭേദഗതിയിലൂടെ ഈ ഉത്തരവ് അട്ടിമറിക്കപ്പെടുകയാണ്. മോണോസൈറ്റിൽനിന്നും വേർതിരിക്കാവുന്ന prescribed substance എന്ന് 1962-ലെ അറ്റോമിക് എനർജി ആക്ടിൽ പറയുന്ന യുറേനിയം, പ്ലൂട്ടോണിയം, തോറിയം തുടങ്ങിയ, ന്യൂക്ലിയാർ പവർ പ്രോഗ്രാമിൽ ഉപയോഗിക്കുന്ന ഊർജ്ജമൂലകങ്ങൾ സ്വകാര്യമേഖലയുടെ കൈകളിലെത്തുന്നത് രാജ്യസുരക്ഷയ്ക്കും രാജ്യതാത്പര്യത്തിനും എതിരാണ്. ഇതിൽ മോണോസൈറ്റിൽനിന്നും വേർതിരിക്കാവുന്ന തോറിയം ആറ്റംബോംബ് നിർമ്മിക്കാനാണ് ഉപയോഗിക്കുന്നത്. ഇവ ദുരുപയോഗം ചെയ്യാനും ശത്രുരാജ്യങ്ങളിൽ എത്താനുമുള്ള സാധ്യതയുണ്ട്. മാത്രമല്ല, പരിസ്ഥിതി അനുമതിയില്ലാതെ ഖനനം ചെയ്യാമെന്നതിനാൽ തീരദേശ ആവാസവ്യവസ്ഥയെയും പാരിസ്ഥിതിക സന്തുലിതാവസ്ഥയെയും മത്സ്യത്തൊഴിലാളികളെയും ബാധിക്കുന്നതാണ്. കേരളത്തിൽ ഖനനത്തെ ആശ്രയിച്ചുനടത്തുന്ന പൊതുമേഖലാ സ്ഥാപനങ്ങളായ KMML, IREL, TTP തുടങ്ങിയവയുടെ നിലനിൽപ്പിനെ ബാധിക്കുന്നതാണ് പുതിയ നിയമം.

കേരള സർക്കാരിന്റെ നിരന്തര പരിശ്രമങ്ങളുടെ ഭാഗമായാണ് ഇപ്പോൾ കരിമണൽ ലഭ്യത ഉറപ്പുവരുത്തുന്നത്. സംസ്ഥാന സർക്കാരിന് കോടിക്കണക്കിന് രൂപയുടെ വരുമാനംതരുന്ന ഈ സ്ഥാപനങ്ങൾ ആയിരക്കണക്കിന് തൊഴിലാളികൾക്ക് പ്രത്യക്ഷമായും പതിനായിരക്കണക്കിന് വ്യക്തികൾക്ക് പരോക്ഷമായും തൊഴിൽ നൽകുന്നു. പ്രദേശത്തെ സാധാരണക്കാരായ ജനങ്ങൾക്ക് കുടിവെള്ളം, ചികിത്സാ സഹായം തുടങ്ങി നിരവധി ക്ഷേമപ്രവർത്തനങ്ങളും ഈ പൊതുമേഖലാ സ്ഥാപനങ്ങൾ നടത്തിവരുന്നു. കേന്ദ്ര സർക്കാരിന്റെ ഈ നയം ഫെഡറൽ സംവിധാനത്തിന്റെ അധികാരപരിധിയിലേയ്ക്കുള്ള കടന്നുകയറ്റത്തിനുള്ള മറ്റൊരുദാഹരണമാണ്. ആയതിനാൽ കരിമണൽ ഖനനം പൊതുമേഖലയിൽ നിലനിർത്താനാവശ്യമായ നടപടി സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വളരെ ഗൗരവമേറിയ പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിരിക്കുന്നത്. വിവിധ സംസ്ഥാന സർക്കാരുകളുടെ അഭിപ്രായം അറിയുന്നതിനായി കേന്ദ്ര സർക്കാർ 25-05-2022-ൽ പുറപ്പെടുവിച്ച നോട്ടീസ് പ്രകാരം 1957-ലെ മൈൻസ് ആൻഡ് മിനറൽസ്

(ഡെവലപ്മെന്റ് ആൻഡ് റെഗുലേഷൻ) ആക്ടിൽ ആറ് ഭേദഗതി നിർദ്ദേശങ്ങളാണ് മുന്നോട്ടുവച്ചിരിക്കുന്നത്. ഈ ആക്ടിലെ ഒന്നാമത്തെ ഷെഡ്യൂളിൽ പാർട്ട് (ബി)-യിൽ ഉൾപ്പെടുന്നതും സ്ട്രാറ്റജി ഗണത്തിൽ പരിഗണിച്ചുവരുന്നതുമായ 12 ധാതുക്കളിൽ ടൈറ്റാനിയം മിനറൽസ്, ഇൽമനൈറ്റ്, റൂട്ടൈയിൽ, ബീച്ച് സാൻഡ് മിനറൽസ് ഉൾപ്പെടെ എട്ട് ധാതുക്കളെ ആക്ടിൽ പാർട്ട് (ഡി) രൂപീകരിച്ച് അതിലേയ്ക്ക് മാറ്റി ലേല നടപടി കൈക്കൊള്ളാൻ സംസ്ഥാന സർക്കാരിന്റെ അധികാരത്തിന് ഉപരിയായി കേന്ദ്ര സർക്കാരിനെ അധികാരപ്പെടുത്താനാണ് ഈ ഭേദഗതിയിലൂടെ ശ്രമിക്കുന്നത്. ഈ ആക്ടിലെ സെക്ഷൻ 5(1)-ലെ മൂന്നാമത്തെ പ്രൊവിസോയിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതുപ്രകാരം സർക്കാർ സ്ഥാപനങ്ങൾക്ക് മാത്രമാണ് അറ്റോമിക് മിനറൽസ് ഖനനം ചെയ്യാനുള്ള മൈനിംഗ് ലീസ് ലഭ്യമാകുന്നത്. ആ വ്യവസ്ഥ ഭേദഗതിയോടെ മാറ്റംവരുത്താൻ ശ്രമിക്കുന്നത് ഭരണഘടനാ വിരുദ്ധമായ നീക്കമാണ്. യഥാർത്ഥത്തിൽ ധാതുക്കളുടെ ഉടമസ്ഥാവകാശം സംസ്ഥാനത്തിന്റെ അധികാരപരിധിയിൽ വരുന്നതാണ്. കേന്ദ്ര സർക്കാരിന് ഇതുസംബന്ധിച്ച നിയമനിർമ്മാണത്തിനുള്ള അധികാരമുണ്ടെങ്കിലും ആ അധികാരം പൊതുജനാഭിപ്രായത്തിന് വിധേയമായിരിക്കുമെന്ന് ഭരണഘടന വ്യവസ്ഥ

ചെയ്യുന്നുണ്ട്. സംസ്ഥാനങ്ങളുടെ താല്പര്യത്തിന് വിരുദ്ധവും സംസ്ഥാനങ്ങളുടെ അധികാരത്തിന്മേലുള്ള കടന്നാക്രമണവുമായാണ് ഈ നീക്കത്തെ സംസ്ഥാന സർക്കാർ കാണുന്നത്. രാജ്യത്ത് ഖനന നിയമങ്ങൾ രൂപീകൃതമാകുമ്പോൾ പൊതുജന താല്പര്യം പരിഗണിക്കപ്പെടണമെന്ന ഭരണഘടനാപരമായ തത്വമാണ് ആക്ടിലെ ഭേദഗതി നിർദ്ദേശത്തിലൂടെ ഖണ്ഡിക്കപ്പെടുന്നത്. രണ്ടാമതായി, 1962-ലെ അറ്റോമിക് എനർജി ആക്ടിൽ യുറേനിയം, പ്ലൂട്ടോണിയം, തോറിയം, ബെറീലിയം, ഡ്യൂട്ടീരിയം തുടങ്ങിയ ധാതുക്കളും അവയുടെ വകഭേദങ്ങളും ഉല്പന്നങ്ങളും prescribed substance എന്ന ഗണത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. രാജ്യത്തെ ന്യൂക്ലിയർ പവർ പ്രോഗ്രാമുകൾക്കാവശ്യമായ ഇത്തരം ധാതുക്കൾ അറ്റോമിക് എനർജി ഡിപ്പാർട്ട്മെന്റിന്റെ അധീനതയിലുള്ളതാണ്. അറ്റോമിക് എനർജി, പ്രതിരോധ മേഖല, ബഹിരാകാശ പദ്ധതികൾ എന്നിവയിലുള്ള ഉപയോഗം കണക്കിലെടുത്ത് കേന്ദ്ര ഖനിമന്ത്രാലയം രാജ്യത്തെ സ്വകാര്യ കമ്പനികൾക്ക് ഇത്തരം ധാതുക്കളുടെ ഖനനാനുമതി നൽകേണ്ടതില്ലെന്ന 2019-ലെ തീരുമാനവും ആക്ടിലെ വ്യവസ്ഥകളുമാണ് പുതിയ ഭേദഗതി നിർദ്ദേശത്തിലൂടെ ഇല്ലാതാക്കാൻ ശ്രമിക്കുന്നത്. അത്യന്തം തന്ത്രപ്രാധാന്യമുള്ളതായി കരുതുന്ന ധാതുക്കൾ സ്വകാര്യ ഉടമസ്ഥതയിൽ

ലഭ്യമാക്കുന്ന നടപടി രാജ്യസുരക്ഷയെ ബാധിക്കുന്ന ഒന്നായി മാറുന്നതാണ്. മൂന്നാമതായി, കേരളംപോലുള്ള പാരിസ്ഥിതിക സങ്കീർണ്ണതയുള്ള സംസ്ഥാനത്ത് പ്രത്യേകിച്ചും തീരപ്രദേശങ്ങളിൽ ഈ നിർദ്ദേശങ്ങൾ ഗുരുതര ആഘാതങ്ങൾ സൃഷ്ടിക്കും. ലക്ഷക്കണക്കിന് വർഷങ്ങളിലെ ഭൂമിശാസ്ത്രപരമായ പരിണാമംകൊണ്ട് രൂപപ്പെട്ട കേരളത്തിലെ തീരപ്രദേശവും തീരത്തോട് ചേർന്നുകിടക്കുന്ന ഉൾപ്രദേശങ്ങളും അറ്റോമിക് ധാതുക്കളുടെ സാന്നിദ്ധ്യമുള്ളതാണ്. പാരിസ്ഥിതിക സങ്കീർണ്ണതയും പ്രാധാന്യവുമുള്ള ഇത്തരം പ്രദേശങ്ങളുടെ സംരക്ഷണം ഇല്ലാതാക്കുന്ന സാഹചര്യമാണ് ഭേദഗതിയിലൂടെ സംജാതമാകുന്നത്. നാലാമതായി, കേന്ദ്ര സർക്കാർ മുന്നോട്ടുവച്ച ഭേദഗതി നിർദ്ദേശങ്ങൾമൂലം സംസ്ഥാന സർക്കാരിന്റെ അനുമതികൂടാതെ കരിമണൽ ഉൾപ്പെടുന്ന സ്ഥലങ്ങൾ സ്വകാര്യമേഖലയ്ക്ക് ഖനനത്തിന് നൽകാനുള്ള അധികാരം കേന്ദ്ര സർക്കാരിന് ലഭിക്കുന്നതാണ്. ഏറെ ജനസാന്ദ്രതയുള്ളതും അതീവ ദുർബലവും പാരിസ്ഥിതിക പ്രശ്നങ്ങൾ നേരിടുന്നതുമായ കേരളത്തിന്റെ തീരമേഖല സ്വകാര്യ ഖനനത്തിന് നൽകുന്നതുവഴി സംസ്ഥാന താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് തടസ്സമുണ്ടാകുന്നതും ഇത്തരം ധാതുവിഭവങ്ങളിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ തകർച്ചയ്ക്ക്

കാരണമാകുന്നതുമാണെന്ന് വിലയിരുത്തുന്നു. സംസ്ഥാനതാല്പര്യം ഹനിക്കുന്ന ഭേദഗതി നിർദ്ദേശങ്ങൾക്കെതിരെയുള്ള സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. 04-07-2022-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് ഈ ഭേദഗതി നിർദ്ദേശങ്ങളിലെ ഭരണഘടനാലംഘനം ഉൾപ്പെടെയുള്ള കാര്യങ്ങൾ പ്രമുഖ ഭരണഘടനാ വിദഗ്ദ്ധരുമായി ചർച്ച ചെയ്ത് നിയമപരമായ തുടർനടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ഡോ. സുജിത് വിജയൻപിള്ള: സർ, സംസ്ഥാന സർക്കാർ ഈ ഭേദഗതിക്കെതിരെ സുപ്രീംകോടതിയെ സമീപിക്കാനുള്ള നടപടിയുമായി മുന്നോട്ടുപോകുമോ?

ശ്രീ. പി. രാജീവ്: സർ, അതുസംബന്ധിച്ച് ഭരണഘടനാ വിദഗ്ദ്ധരുമായി ചർച്ച ചെയ്ത് ആവശ്യമായ നടപടി സ്വീകരിക്കും.

(2) കൃത്രിമ ജലപാതയ്ക്കുള്ള സ്ഥലമേറ്റെടുക്കൽ

ശ്രീ. സണ്ണി ജോസഫ്: സർ, മാഹിമുതൽ വളപട്ടണംവരെ കൃത്രിമ ജലപാതയ്ക്കുള്ള സ്ഥലമേറ്റെടുക്കൽ നടപടിയുടെ ഭാഗമായി കുറ്റിയടിക്കുന്നതുൾപ്പെടെയുള്ള പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിയോജകമണ്ഡലം ഉൾക്കൊള്ളുന്ന

പ്രദേശത്തുകൂടിയും ജനവാസ കേന്ദ്രങ്ങളിലൂടെയുമാണ് പ്രസ്തുത ജലപാത കടന്നുപോകുന്നത്. ഇതുസംബന്ധിച്ച് പാരിസ്ഥിതികാഘാത പഠനവും സാമൂഹികാഘാത പഠനവും നടത്തിയിട്ടില്ല. സാമൂഹികാഘാത പഠനം നടത്തുമെന്ന് വിവരാവകാശ രേഖപ്രകാരം മറുപടി ലഭിച്ചിരുന്നുവെങ്കിലും ഇതുവരെയും അത് നടത്തിയിട്ടില്ല. ഭൂമിയുടെ നിലവിലുള്ള ഘടനയിൽ മാറ്റം വരുത്തിക്കൊണ്ടാണ് കൃത്രിമ ജലപാത രൂപകല്പന ചെയ്തിട്ടുള്ളത്. കുന്നിൻപ്രദേശങ്ങൾ ആഴത്തിൽ കുഴിച്ച് താഴ്ത്തേണ്ടതുണ്ട്. ജലപാതയിലെ ജലനിരപ്പ് കടൽ ജലനിരപ്പിൽനിന്ന് താഴെ വരുമെന്നതിനാൽ ജലാശയങ്ങൾ ഉപ്പുവെള്ളംകൊണ്ട് നിറയുകയും കിണറുകളെയും കുടിവെള്ള സ്രോതസ്സുകളെയും ഇത് ബാധിക്കുകയും ചെയ്യും. നെൽവയലുകളും തണ്ണീർത്തടങ്ങളും നശിക്കുന്നതോടൊപ്പം തലശ്ശേരി ഉൾപ്പെടെയുള്ള സ്ഥലങ്ങളിലെ കണ്ടൽക്കാടുകൾ ഇല്ലാതാകുകയും നിരവധി വീടുകൾ പൊളിക്കേണ്ടതായുംവരും. പാനൂരിൽമാത്രം നാനൂറോളം വീടുകൾ പൊളിക്കേണ്ടതായിട്ടുണ്ട്. ടൗൺഷിപ്പിൽ വരുന്ന നിരവധി പദ്ധതികളുടെ ഭാഗമായി ഇതിനകം പാനൂരിൽ 110 കെ.വി. ലൈൻ, മൈസൂർ റെയിൽപ്പാത, ഗെയിൽ പൈപ്പ് ലൈൻ, പഴശ്ശി കനാൽ എന്നിവയ്ക്കായി സ്ഥലമേറ്റെടുത്തിട്ടുണ്ട്. വിമാനത്താവള റോഡ് അതുവഴി വരുന്നതിന്റെ

പ്രശ്നങ്ങൾ ബാക്കി നിൽക്കുന്നു. ടൗൺ ഷിപ്പിലൂടെ ഈ പദ്ധതികൂടി വരുമ്പോൾ മറ്റുപല പ്രശ്നങ്ങളുമുണ്ടാകുന്നു. പെരിങ്ങത്തുരിൽനിന്ന് മാക്കുനിവഴി എരഞ്ഞോളിക്ക് വരികയാണെങ്കിൽ ഏഴര കിലോമീറ്റർ ദൂരം കനാൽ നിർമ്മിച്ചാൽ മതിയാകും. പക്ഷെ പെരിങ്ങത്തുരിൽനിന്ന് കുറ്റ്യാടിയിൽ വന്ന് യൂടേൺ ചെയ്ത് പാനൂരിലേയ്ക്ക് വരാനാണ് ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്നത്. അങ്ങനെ വരുമ്പോൾ ഏഴര കിലോമീറ്റർ എന്നുള്ളത് ഏകദേശം പതിമൂന്ന് കിലോമീറ്ററായിമാറും. ആരുടെയോ പ്രത്യേക സൗകര്യത്തിനുവേണ്ടിയാണ് ഈ മാറ്റംവരുത്തുന്നത്. ചാല, പനോന്നേരി, ആഡൂർ, കടമ്പൂർ, ഇല്ലിക്കുന്ന്, ചെമ്പിലോട്, മധുക്കോത്ത് തുടങ്ങിയ പ്രദേശങ്ങളിലൂടെയാണ് ഈ പാത പോകുന്നത്. ഇതിനെതിരായി പ്രദേശവാസികൾ നടത്തിയ സമരങ്ങളെ ബലപ്രയോഗത്തിലൂടെ പോലീസ് കൈകാര്യം ചെയ്യുകയുണ്ടായി. കുറ്റിയടിക്കുന്നതിനെ എതിർത്ത സ്ത്രീകളടക്കമുള്ളവരെ പോലീസ് സ്റ്റേഷനിൽ അന്യായമായി മണിക്കൂറുകളോളം ഇരുത്തിയശേഷം അവരുടെ അസാന്നിദ്ധ്യത്തിലാണ് കുറ്റിയടിക്കൽ നടത്തിയത്. പരിസ്ഥിതി ആഘാതം വിലയിരുത്തണമെന്നാവശ്യപ്പെട്ട് വനം വകുപ്പിന് നൽകിയ കത്തിന് ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് നൽകിയ മറുപടി, 'കൊട്ടിയൂർ റേഞ്ചിലെ തോലമ്പ്ര സെക്ഷനിൽപ്പെട്ട കണ്ടൽ റിസർവ് വനങ്ങൾക്ക് പ്രസ്തുത പദ്ധതി

ഭീഷണിയാണെന്നും കേരള വാട്ടർവേയ്സ് ആൻഡ് ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡിന്റെ ഭാഗത്തുനിന്ന് നാളിതുവരെയായി ഈ പദ്ധതിയുമായി ബന്ധപ്പെട്ട അപേക്ഷകൾ കണ്ണൂർ ഡിവിഷൻ ഫോറസ്റ്റ് ഓഫീസിൽ ലഭിച്ചിട്ടില്ലെന്നും അപേക്ഷ ലഭിക്കുന്നമുറയ്ക്ക് മാത്രമേ കൃത്യമായ പരിശോധന നടത്തി പാരിസ്ഥിതികാഘാതം വിലയിരുത്താനാകുവെന്നും സൂചന (2) കത്തുപ്രകാരം കണ്ണൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അറിയിച്ചിട്ടുണ്ട് ' എന്നാണ്. പ്രകൃതിസമ്പത്തായി നിൽക്കുന്ന കണ്ടൽക്കാടുകളെ നശിപ്പിക്കുന്നത് പാരിസ്ഥിതികാഘാതം സൃഷ്ടിക്കും. അതുകൊണ്ട് പാരിസ്ഥിതികാഘാത പഠനവും സാമൂഹികാഘാത പഠനവും നടത്തണമെന്നും ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ജനങ്ങൾക്കുള്ള ആശങ്ക പരിഹരിക്കണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കോവളം - ബേക്കൽ പശ്ചിമതീര ജലപാതയിൽ കണ്ണൂർ ജില്ലയിലെ മാഹിപുഴയ്ക്കും എരഞ്ഞോളി പുഴയ്ക്കുമിടയിൽ 9.2 കിലോമീറ്ററും എരഞ്ഞോളി പുഴയ്ക്കും ധർമ്മടം പുഴയ്ക്കുമിടയിൽ 800 മീറ്ററും അഞ്ചരക്കണ്ടിപുഴയ്ക്കും വളപട്ടണം പുഴയ്ക്കുമിടയിൽ 15 കിലോമീറ്ററും ഭാഗത്ത് കൃത്രിമ കനാലുകൾ നിർമ്മിക്കേണ്ടതുണ്ട്. ഇപ്പോൾ അവിടെ ബന്ധിപ്പിച്ചിട്ടില്ല എന്നുള്ളതുകൊണ്ടാണ് കൃത്രിമ കനാലുകൾ

വേണ്ടിവരുന്നത്. തലശ്ശേരി താലൂക്കിൽ തൃപ്പങ്ങോട്ടൂർ, പെരിങ്ങളം, പാനൂർ, ചേലോറ, മൊകേരി എന്നീ വില്ലേജുകളിൽക്കൂടി കടന്നുപോകുന്ന ഒന്നാം റീച്ചിന്റെ സാങ്കേതിക വിശകലനം നടന്നുവരികയാണ്.

രണ്ടാം റീച്ചിലുൾപ്പെടുന്ന തലശ്ശേരി വില്ലേജിലും മൂന്നാം റീച്ചിലുൾപ്പെടുന്ന മുഴപ്പിലങ്ങാട്, കടമ്പൂർ, എടക്കാട്, ചെമ്പിലോട്, ചേലോറ, വലിയന്നൂർ എന്നീ വില്ലേജുകളിലും അലൈൻമെന്റ് കല്ലുകൾ സ്ഥാപിച്ച് അടയാളപ്പെടുത്തുകയും സാമൂഹികാഘാത പഠനം, പാരിസ്ഥിതികാഘാത പഠനം എന്നിവ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട് സാമൂഹികാഘാത പഠനം, പാരിസ്ഥിതികാഘാത പഠനം എന്നിവ നടത്തുമ്പോൾ പദ്ധതി പ്രദേശത്തുൾപ്പെടുന്നവരുടെ അഭിപ്രായങ്ങളും ആശങ്കകളും അറിയിക്കാൻ അവസരമുണ്ട്. പ്രസ്തുത പഠനങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ ഭൂമിയേറ്റെടുക്കൽ നടപടിയിലേയ്ക്ക് കടക്കുകയുള്ളൂ. ആശങ്കകളെല്ലാം ആ ഘട്ടത്തിൽ വിശദമായി പരിശോധിക്കാവുന്നതാണ്. രണ്ടാം റീച്ചിന് 14.8 ഏക്കർ സ്ഥലവും മൂന്നാം റീച്ചിന് 246.5 ഏക്കർ സ്ഥലവുമാണ് ഏറ്റെടുക്കേണ്ടിവരുന്നത്. മൂന്ന് റീച്ചുകളിലെയും ഭൂമി ഏറ്റെടുക്കലിനും പുനരധിവാസത്തിനുമായി 650 കോടി രൂപയുടെ കിഫ്ബി ധനസഹായം ഉറപ്പാക്കിയിട്ടുണ്ട്. എൽ.എ.ആർ.ആർ. ആക്ട് 2013

പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചായിരിക്കും പദ്ധതി നടപ്പാക്കുന്നത്. ഏറ്റവും ഉദാരമായ നഷ്ടപരിഹാരവും ഭൂമിക്കും കെട്ടിടങ്ങൾക്കും ഏറ്റവും മികച്ച വിലയും ഉറപ്പാക്കും. ആയതിനാൽ ഭൂമിയേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് യാതൊരു ആശങ്കയ്ക്കും വകയില്ല. ഈ പദ്ധതി കണ്ടൽക്കാടുകളുടെ വർദ്ധനവിന് വഴിവയ്ക്കുന്നതാണ്.

ശ്രീ. സണ്ണി ജോസഫ്: സർ, അവിടത്തെ സമര സമിതിയുമായി ചർച്ച നടത്തി ജനങ്ങളുടെ ആശങ്കയ്ക്ക് പരിഹാരമുണ്ടാക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവസരം സൃഷ്ടിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഈ വിഷയവുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളുമായും ഇതുപോലുള്ള പ്രശ്നങ്ങളേറ്റെടുക്കുന്നവരുമായും ഇതിനകം ചർച്ചകൾ നടത്തിയിട്ടുണ്ട്; ഇനിയും ചർച്ച ചെയ്യാവുന്നതാണ്.

**10.21 am]**

**IV സബ്മിഷൻ**

(1) പരിസ്ഥിതി സൗഹൃദ ഭൂവിനിയോഗം

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഭൂവിനിയോഗം സംബന്ധിച്ച് നിരവധി വ്യവഹാരങ്ങളും പ്രശ്നങ്ങളുമായി വലിയ പ്രതിസന്ധി നിലനിൽക്കുന്ന സാഹചര്യമാണുള്ളത്. പട്ടയഭൂമിയിൽ അത്യാവശ്യ

നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിലെ തടസ്സമൊഴിവാക്കുന്നതിനായി ഭൂപതിവ് ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നത് സംബന്ധിച്ചാണ് സബ്മിഷൻ ഉന്നയിക്കുന്നത്. 1960-ലെ ലാൻഡ് അസൈൻമെന്റ് ആക്ടിന്റെ ഭാഗമായി 1964-ലെ ലാൻഡ് അസൈൻമെന്റ് റൂൾസ്, Kerala Land Assignment (Regularization of Occupations of Forest Lands prior to 01-01-1977) Special Rules, 1993 എന്നിവ പ്രകാരമാണ് കേരളത്തിലെ എല്ലാ സ്ഥലങ്ങളിലും പ്രത്യേകിച്ച്, മലയോര മേഖലകളിൽ പട്ടയം അനുവദിച്ചിരിക്കുന്നത്. നിബന്ധനകളനുസരിച്ച് കൃഷി ആവശ്യത്തിനായി പട്ടയം ലഭിച്ച ഭൂമിയിൽ വീട് വയ്ക്കുന്നത് നിയമവിരുദ്ധമാണ്. ഗൃഹനിർമ്മാണത്തിനായി പട്ടയം ലഭിച്ച ഭൂമിയിൽ കടമുറി നിർമ്മിക്കുന്നതുപോലെയുള്ള നിർമ്മാണ പ്രവൃത്തികൾ ചെയ്യാൻ കഴിയില്ല. 1993-ലെ ചട്ടങ്ങൾപ്രകാരം ഭൂമി പതിച്ചുനൽകുന്നത് കൃഷി, ഭവന നിർമ്മാണം, കടമുറികൾ വയ്ക്കുന്നത് എന്നീ ആവശ്യങ്ങൾക്കാണ്. കൃഷിയാവശ്യത്തിനായി പട്ടയഭൂമി ലഭിച്ച കുടുംബം അടുത്ത തലമുറയ്ക്ക് കൈമാറ്റം ചെയ്യുന്ന പ്രസ്തുത ഭൂമിയിൽ അവർ വീട് വയ്ക്കുമ്പോൾ പട്ടയ വ്യവസ്ഥയുടെ ലംഘനമുണ്ടാകുകയാണ്. തന്മൂലം വീട് വയ്ക്കാൻ കഴിയാത്ത, വീട് വച്ചതിന് നമ്പർ കിട്ടാത്ത പ്രശ്നങ്ങൾ വരികയാണ്. പട്ടയ

വ്യവസ്ഥകളുടെ ലംഘനവുമായി ബന്ധപ്പെട്ട് നിരവധി കോടതി വ്യവഹാരങ്ങളുണ്ടായതിന്റെ പശ്ചാത്തലത്തിൽ വസ്തുവിന്റെ കൈവശ സർട്ടിഫിക്കറ്റ് നൽകുന്ന അവസരത്തിൽതന്നെ റവന്യൂ അധികാരികൾ പട്ടയഭൂമിയുടെ സ്വഭാവംകൂടി വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് നൽകണമെന്ന കോടതി നിർദ്ദേശപ്രകാരം റവന്യൂ വകുപ്പ് 02-10-2020-ൽ ഇറക്കിയ ഉത്തരവ് നിലനിൽക്കുന്നതിനാൽ ഒരുപാട് പ്രതിസന്ധികൾ വരികയാണ്. കോടതിയിൽ കേസുവരുന്ന സമയത്ത് പട്ടയഭൂമിയിലുണ്ടാക്കിയ നിർമ്മിതികളെല്ലാം സർക്കാർ ഏറ്റെടുക്കുമെന്ന അഷ്വറൻസുകൂടി കൊടുത്തിരിക്കുകയാണ്. കേരളത്തിൽ പട്ടയഭൂമിയിലുണ്ടാക്കിയിരിക്കുന്ന നിർമ്മിതികളെല്ലാം സർക്കാർ ഏറ്റെടുക്കുകയെന്നത് പ്രായോഗികമായ കാര്യമാണോ? ഭൂവിനിയോഗത്തെ സംബന്ധിച്ചും പാരിസ്ഥിതിക ഭൂവിനിയോഗത്തെ സംബന്ധിച്ചും സർക്കാരിന് തീരുമാനിക്കാം. പക്ഷേ സാധാരണക്കാരന്റെ ജീവിതത്തെ അത് ഗൗരവതരമായി ബാധിക്കും. മലയോര മേഖലകളിൽ പ്രത്യേകിച്ച്, ഇടുക്കിപോലുള്ള ജില്ലകളിൽ രൂക്ഷമായ പ്രതിസന്ധിയും പ്രശ്നങ്ങളുമുണ്ടാകുകയാണ്. എൽ.ഡി.എഫ്. മാനിഫെസ്റ്റോയിൽ പറഞ്ഞിരിക്കുന്നത്, 1960-ലെ ഭൂപതിവ് നിയമത്തിന്റെ അടിസ്ഥാനത്തിൽ നിലവിൽവന്ന 1964, 1993 എന്നീ വർഷങ്ങളിലെ

ഭൂപതിവ് ചട്ടങ്ങൾ പ്രകാരം ഏർപ്പെടുത്തിയിട്ടുള്ള നിർമ്മാണ നിരോധനം പിൻവലിക്കുമെന്നാണ്. അതുകൊണ്ട് അമെന്റ്മെന്റ് കൊണ്ടുവന്ന് ഇപ്പോൾ ചെയ്തിരിക്കുന്ന കാര്യങ്ങൾ നിയമപരമാക്കി മാറ്റാൻവേണ്ടി, സർക്കാർ കൊടുത്തിരിക്കുന്ന ഉറപ്പ് പാലിക്കുന്നതിനുള്ള മാർഗ്ഗത്തെക്കുറിച്ച് ഗൗരവതരമായി ആലോചിക്കണം. കാരണം സാധാരണക്കാരെയും കർഷകരെയും നിർധന കുടുംബങ്ങളെയും ബാധിക്കുന്ന ഗൗരവതരമായ പ്രശ്നമാണ് ലാൻഡ് അസൈൻമെന്റ് റൂൾസിൽ വരുത്തേണ്ട അമെന്റ്മെന്റ്. അതുസംബന്ധിച്ച് സർക്കാർ ഉചിതമായ തീരുമാനമെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, വളരെയേറെ പ്രസക്തമായ വിഷയമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അവതരിപ്പിച്ചത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് പ്രകടനപത്രികയിൽ നൽകിയ വാഗ്ദാനത്തിൽനിന്ന് പുറകോട്ടുപോകുന്നില്ല. ഇതിൽ ഭരണപക്ഷവും പ്രതിപക്ഷവും ഒരുമിച്ച് ആലോചിക്കേണ്ട നിരവധി സാങ്കേതിക പ്രശ്നങ്ങളുണ്ട്. കേരളത്തിൽ ഭൂപതിവ് നൽകുന്നത് 1960-ലെ ഭൂപതിവ് നിയമത്തിന്റെ അടിസ്ഥാനത്തിൽ നിർമ്മിച്ച വിവിധ ചട്ടങ്ങളുടെ അടിസ്ഥാനത്തിലാണ്. ഇതിൽ പ്രധാനമായത് ഗ്രാമപഞ്ചായത്ത്

പ്രദേശങ്ങളിലെ ഭൂമി പതിച്ചുനൽകാൻവേണ്ടി രൂപീകരിച്ച 1964-ലെ ഭൂപതിവ് ചട്ടങ്ങൾ, നഗര പ്രദേശങ്ങളിലെ ഭൂമി പതിച്ചുനൽകാൻവേണ്ടി രൂപീകരിച്ച 1995-ലെ ഭൂപതിവ് ചട്ടങ്ങൾ, 1977-നുമുമ്പ് കുടിയേറി കൃഷി ചെയ്ത് കൈവശം വന്ന വനഭൂമി പതിച്ചുനൽകാനുള്ള 1993-ലെ പ്രത്യേക ചട്ടങ്ങൾ തുടങ്ങി ഇരുപതോളം ചട്ടങ്ങൾ 1960-ലെ ഭൂപതിവ് നിയമത്തിന്റെ ഭാഗമായി സർക്കാർ ഇതിനകം രൂപീകരിച്ചുകഴിഞ്ഞു. 1964-ലെ ഭൂപതിവ് ചട്ടങ്ങൾ പ്രകാരം ഭൂമി പതിച്ചുനൽകുന്നത് കൃഷിക്കും താമസത്തിനും ബെനിഫിഷ്യറി എൻജോയ്മെന്റിനുംവേണ്ടിയാണ്. നഗരപ്രദേശങ്ങളിലെ ഭൂമി പതിച്ചുനൽകാൻവേണ്ടി രൂപീകരിച്ച 1995-ലെ ഭൂപതിവ് ചട്ടങ്ങൾ പ്രകാരം വീട് വയ്ക്കുന്നതിനും കടമുറികൾ നിർമ്മിക്കുന്നതിനും സ്വന്തമായി ഭൂമിയുടെ ഗുണപരമായ വിനിയോഗത്തിനും മറ്റ് വാണിജ്യ ചാരിറ്റബിൾ ആവശ്യങ്ങൾക്കും ഭൂമി പതിച്ചുനൽകാവുന്നതാണ്. 1993-ലെ ചട്ടത്തിൽ വീടും കൃഷിയും കടമുറിയും എന്നുപറഞ്ഞാൽ 'ചെറിയ കടമുറി' എന്ന് പ്രത്യേകം രേഖപ്പെടുത്തിയിട്ടുണ്ട്. 1964-ലെ ചട്ടത്തിൽ ചട്ടം 8-ന്റെ ഉപചട്ടം (2) പ്രകാരം പതിച്ചുനൽകിയ ഭൂമി പതിച്ചുകിട്ടിയ ആവശ്യത്തിനുതന്നെ വിനിയോഗിക്കേണ്ടതുണ്ട്. അപ്രകാരം ഉപയോഗിച്ചില്ലെങ്കിൽ ഉപചട്ടം (3) പ്രകാരം അത് റദ്ദ് ചെയ്യണമെന്ന് ആ ചട്ടത്തിൽത്തന്നെ സൂചിപ്പിച്ചിട്ടുണ്ട്.

തലചായ്ക്കാനിടമില്ലാത്തവർക്ക് കയറി കിടക്കാൻ വീട് നിർമ്മിക്കുന്നതിനും കൃഷിഭൂമിയില്ലാത്തവർക്ക് കൃഷി ചെയ്യുന്നതിനുംവേണ്ടിയാണ് പ്രധാനമായും ഭൂമി പതിച്ചുനൽകുന്നത്. പതിറ്റാണ്ടുകൾക്കുമുമ്പ് ഇത്തരം പട്ടയഭൂമി ലഭിച്ച് തലമുറകൾ കൈമാറിയോ കൈമാറ്റം ചെയ്തോ കൈവശം വച്ചുവരുന്ന ഭൂവുടമകളാണ് ഇപ്പോഴുള്ളത്. കൃഷിക്കുവേണ്ടി പട്ടയം ലഭിച്ച ഭൂമി എത്ര തലമുറ കൈമാറിയാലും ക്രയവിക്രയത്തിലൂടെ കൈമാറിയാലും ആദ്യത്തെ പട്ടാധാരന് ലഭിക്കാത്ത അവകാശങ്ങൾ തുടർന്നുള്ള കൈവശക്കാർക്ക് ലഭിക്കില്ലെന്ന് ചട്ടത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മൂന്നാർ മേഖലയിൽ പതിച്ചുകൊടുത്ത ഭൂമിപതിവ് കൊടുത്ത ആവശ്യത്തിനുതന്നെ വിനിയോഗിക്കുന്നുവെന്ന് ഉറപ്പാക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി 2010-ൽ നിർദ്ദേശിച്ചിരുന്നു. തുടർന്ന് പ്രസ്തുത വിധിയിലെ നിർദ്ദേശങ്ങൾ സംസ്ഥാനത്താകമാനം ബാധകമാക്കാനും നിർദ്ദേശിച്ചു. ഇതിനെതിരെ സംസ്ഥാന സർക്കാർ സുപ്രീംകോടതിയിൽ ഫയൽ ചെയ്ത എസ്.എൽ.പി. കോടതി തള്ളി ഉത്തരവുണ്ടായി. ഈ സാഹചര്യത്തിൽ ഉപജീവനത്തിനുമാത്രമായി ഉപയോഗിക്കുന്ന 1500 ചതുരശ്ര അടി വിസ്തീർണ്ണത്തിന് താഴെയുള്ള ചെറുകിട കെട്ടിടം മാത്രമാണുള്ളതെങ്കിൽ അപേക്ഷകനോ അപേക്ഷകനെ ആശ്രയിച്ച് കഴിയുന്നവർക്കോ

മറ്റൊരിടത്തും ഭൂമിയില്ലെന്ന് വ്യക്തമായി തെളിയിക്കുന്നപക്ഷം അപ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ക്രമീകരിച്ചുകൊണ്ട് ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്താൻ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തീരുമാനിച്ചിരുന്നു. എന്നാൽ പിന്നീടും വസ്തുതകൾ മാറിവരികയാണ്. കാലാനുസൃതമായ മാറ്റത്തിന്റെ ഫലമായി കുടുംബവ്യവസ്ഥതന്നെ മാറുകയും കർഷക കുടുംബങ്ങളിൽ പലരും കാർഷികവൃത്തിയിൽനിന്ന് മാറുകയും ചെയ്ത സാമൂഹിക യാഥാർത്ഥ്യങ്ങൾ സഭ തിരിച്ചറിയേണ്ടതുണ്ട്. പതിറ്റാണ്ടുകൾക്കുമുമ്പ് കൃഷിക്കുവേണ്ടി പതിച്ചുനൽകിയ ഭൂമി അനന്തര തലമുറകൾക്ക് കൈമാറുമ്പോൾ കൂടുതൽ പങ്കുവയ്ക്കലുകൾക്ക് വിധേയമായി ചെറിയ വിസ്തീർണ്ണങ്ങളായി മാറിയിട്ടുണ്ട്. 1964-ലെ ഭൂപതിവ് ചട്ടങ്ങൾ പ്രകാരം പതിച്ചുകൊടുത്ത പല ഭൂമിയും ഇപ്പോൾ നഗര പരിധിയിലായിക്കഴിഞ്ഞു. ഈ സാഹചര്യത്തിൽ 1960-ലെ ഭൂപതിവ് നിയമത്തിന് വിധേയമായി ചട്ടങ്ങളിൽ കാലാനുസൃതമായ ഭേദഗതികൾ വരുത്തുന്നകാര്യം സർക്കാർ പരിശോധിക്കുകയാണ്. ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. എന്നാൽ ഇത്തരത്തിൽ ഭേദഗതി വരുത്തുമ്പോൾ ആയത് ഭൂപതിവ് നിയമത്തിന്റെ അന്ത:സത്തയെ നശിപ്പിക്കാത്ത തരത്തിലും സാമൂഹിക-

പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കാത്ത തരത്തിലുമാകണമെന്ന് സർക്കാരിന് നിഷ്കർഷയുണ്ട്. ഭേദഗതികൾ വരുത്തുമ്പോൾ 1964-ലെ ചട്ടം 4-ലെ ക്ലോസ് മാറ്റാൻ തീരുമാനിച്ചാൽ അത് 8-ാം വകുപ്പിനെ ബാധിക്കും. പട്ടയം കൊടുക്കുമ്പോൾ ഫോറത്തിലുള്ള 15-ാം വകുപ്പിനെയും ബാധിക്കും. ഇത്തരം സാങ്കേതിക പ്രശ്നങ്ങളുള്ളതുകൊണ്ട് ഇക്കാര്യം ഗൗരവമായി പഠിച്ച് നിയമത്തിന് പോറലേൽപ്പിക്കാത്ത വിധത്തിലുള്ള കരട് തയ്യാറാക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഞാനും നിയമ വകുപ്പുമന്ത്രിയുമുൾപ്പെടെയുള്ള മന്ത്രിമാരും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ചേർന്നുള്ള യോഗത്തിൽ തീരുമാനിക്കുകയും അതിന്റെ കരട് തയ്യാറാക്കി വരികയുമാണ്. ചട്ടങ്ങളിൽ ഭേദഗതി വരുത്താൻ ഗവൺമെന്റ് സർവ്വാത്മനാ ഒരുക്കമാണ്. പക്ഷേ ഭേദഗതി വരുത്തുമ്പോൾ ഭൂപതിവ് നിയമത്തെ ബാധിക്കാത്ത വിധത്തിലായിരിക്കേണ്ടതുണ്ട്. ചട്ടം ഭേദഗതി ചെയ്യുമ്പോൾ retrospective effect ഉണ്ടാകുമോയെന്നത് സംബന്ധിച്ച് ഗൗരവമായ നിയമപരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ഇങ്ങനെയുള്ള പ്രശ്നങ്ങളുള്ളതുകൊണ്ടാണ് ഓർഡിനൻസ് കൊണ്ടുവരുന്നതിനുപകരം നിയമപരമായ ചർച്ചകൾ നടത്തി കരട് സമർപ്പിക്കാനാവശ്യപ്പെട്ടിട്ടുള്ളത്. കരട് വരുന്നമുറയ്ക്ക് അക്കാര്യങ്ങൾ പരിശോധിക്കും. പ്രകൃതിയും മനുഷ്യനും

കേന്ദ്രബിന്ദുവാകുന്ന സുസ്ഥിര വികസനവും പരിസ്ഥിതി സൗഹൃദ ഭൂവിനിയോഗവും ഉറപ്പാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടനപത്രികയിൽ പറഞ്ഞ വാഗ്ദാനങ്ങളെല്ലാം നടപ്പിലാക്കുന്നതുപോലെതന്നെ ഈ വാഗ്ദാനവും നടപ്പിലാക്കുമെന്ന് സഭയ്ക്ക് ഉറപ്പുനൽകുകയാണ്.

## (2) വഖഫ് ബോർഡിലെ നിയമനങ്ങൾ

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, കേരളത്തിൽ ഏറെ ജനകീയ പ്രക്ഷോഭങ്ങൾക്കും ചർച്ചയ്ക്കും കാരണമായ വിഷയത്തെക്കുറിച്ചാണ് ഞാൻ സബ്മിഷൻ ഉന്നയിക്കുന്നത്. കേവലം 150 പേരെ മാത്രം റിക്രൂട്ട് ചെയ്യുന്ന വഖഫ് ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ട സർക്കാർ നടപടി പക്ഷപാതപരമായ സമീപനമാണ്. വളരെ കുറച്ച് ആളുകളെ റിക്രൂട്ട് ചെയ്യുന്ന ഇത്രയും ചെറിയൊരു ബോർഡിലെ നിയമനങ്ങൾ മാത്രം പി.എസ്.സി.-ക്ക് വിട്ട നടപടി ആർക്കും ഉൾക്കൊള്ളാൻ കഴിഞ്ഞിട്ടില്ല. അഡ്മിനിസ്ട്രേറ്റീവായോ പൊതുഗുണത്തിന്റെ അടിസ്ഥാനത്തിലോ നോക്കുകയാണെങ്കിൽ ഇത് ഒരു നിലയ്ക്കും ആവശ്യമില്ലാത്തതാണ്. 'ഇത് ഞങ്ങളായിട്ട് ഇനിഷ്യേറ്റീവ് എടുത്ത് കൊണ്ടുവന്നതല്ല, വഖഫ് ബോർഡുതന്നെ ഇനിഷ്യേറ്റീവ് എടുത്ത് കൊണ്ടുവന്നതാണ് ' എന്ന്

ബഹുമാനപ്പെട്ട മുഖ്യമന്ത്രി പലപ്രാവശ്യം പറഞ്ഞിരുന്നു. ഈ നടപടി കേന്ദ്ര ഗവൺമെന്റ് ചെയ്യുന്ന പക്ഷപാത രാഷ്ട്രീയത്തിന്റെ ഗണത്തിൽവരും. വഖഫ് ബോർഡിലെ റിക്രൂട്ട്മെന്റ് ഇപ്പോൾ മുടങ്ങിയിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മതസംഘടനാ നേതാക്കളുമായി ചർച്ച നടത്തിയിരുന്നു. ഇക്കാര്യത്തിൽ തീരുമാനമുണ്ടാകുന്നത് നീണ്ടുപോകുന്നതിനാൽ ബോർഡിൽ അഡ്മിനിസ്ട്രേറ്റീവ് പ്രോബ്ലം വന്നിട്ടുള്ളത് ഗൗരവമുള്ള വിഷയമാണ്. കേന്ദ്ര ഗവൺമെന്റിന്റെ പക്ഷപാത രാഷ്ട്രീയത്തിനിടയ്ക്ക് ഇത്തരം നിയമം എന്തിനാണെന്ന് മനസ്സിലാകുന്നില്ല. വഖഫ് ബോർഡ് ഗവൺമെന്റ് ഗ്രാന്റിൽ പ്രവർത്തിക്കുന്ന സ്ഥാപനമല്ല. സ്പെസിഫിക് പർപ്പസ് ഗ്രാന്റ് കൊടുക്കുന്നു എന്നുമാത്രമേയുള്ളൂ. ഞാൻ മൂന്ന് പ്രാവശ്യം ബോർഡിന്റെ പ്രവർത്തനം കൈകാര്യം ചെയ്തിട്ടുണ്ട്. വഖഫ് സ്വത്തിൽനിന്ന് കിട്ടുന്ന വരുമാനംകൊണ്ട് ഓട്ടോണമസായി പ്രവർത്തിക്കുന്ന, ഭരണഘടനാപരമായി സംരക്ഷണമുള്ള സ്ഥാപനമാണത്. കേന്ദ്ര ഗവൺമെന്റ് നിരന്തരം ഇത്തരം കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്. സംസ്ഥാന സർക്കാരും ഇത്തരം കാര്യം ചെയ്തിരിക്കുകയാണ്. അതുകൊണ്ട് ആർക്കും ഉൾക്കൊള്ളാൻ കഴിയാത്ത ഈ നടപടി പുനഃപരിശോധിക്കണം. ഇക്കാര്യത്തിലുള്ള ഡിലേ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിലപാട് വ്യക്തമാക്കുകയും നടപടി

പുനഃപരിശോധിക്കുകയും ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന നടപടിയും കേരളത്തിൽ എൽ.ഡി.എഫ്. സർക്കാർ സ്വീകരിക്കുന്ന നടപടിയും തമ്മിൽ താരതമ്യപ്പെടുത്താനാകില്ല എന്ന് ബഹുമാനപ്പെട്ട അംഗത്തിനുതന്നെ അറിയാവുന്നതാണ്. വഖഫ് ബോർഡിലെ നിയമനം പി.എസ്.സി.-ക്ക് വിടുന്ന തീരുമാനം രഹസ്യമായി ചെയ്ത കാര്യമല്ല. ഈ സഭയിൽത്തന്നെ അതുമായി ബന്ധപ്പെട്ട് ചർച്ച ചെയ്തതാണ്. അന്ന് ബഹുമാന്യനായ അംഗം സഭയിലുണ്ടായിരുന്നില്ല എന്നാണ് എന്റെ ഓർമ്മ.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, അന്ന് ഞാൻ സഭയിലുണ്ടായിരുന്നു.

ശ്രീ. പിണറായി വിജയൻ: സർ, നിലവിൽ വഖഫ് ബോർഡിലുള്ള ജീവനക്കാർക്ക് തൊഴിൽ നഷ്ടപ്പെടുമോയെന്നും അതിന് സംരക്ഷണമുണ്ടാകുമോ എന്നുമുള്ളതായിരുന്നു അന്ന് ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ ഭാഗത്തുനിന്നുയർന്ന ഏക പ്രശ്നം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ....... (......മൈക്ക് ഓഫ്......)

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ, അങ്ങ് ഇരിക്കൂ.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയട്ടെ.

ശ്രീ. പിണറായി വിജയൻ: സർ, നിയമസഭയിൽ ചർച്ച ചെയ്തപ്പോൾ ഈ പ്രശ്നം ഉയർന്നുവന്ന സമയത്ത്, അക്കാര്യത്തിൽ സംരക്ഷണമുണ്ടാകും, നിലവിൽ താൽക്കാലിക ജീവനക്കാരായി തുടരുന്നവരെ സ്ഥിരപ്പെടുത്തുന്ന അവിടത്തെ പതിവ് തുടരുകതന്നെ ചെയ്യും എന്ന ഉറപ്പും നൽകിയിരുന്നു. അങ്ങനെയാണ് ആ നിയമം പാസ്സാകുന്നത്. നിയമസഭ പാസ്സാക്കിയ നിയമമാണത്. അതല്ലാതെ ഏതെങ്കിലും തരത്തിൽ രഹസ്യമായി വന്ന കാര്യമല്ല.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ....... (......മൈക്ക് ഓഫ്......)

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ, അങ്ങ് ഇരിക്കൂ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതിനുശേഷം പറയാം.

ശ്രീ. പിണറായി വിജയൻ: സർ, എന്നാൽ അതുകഴിഞ്ഞ് കുറച്ചുനാൾ പിന്നിട്ടപ്പോൾ ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് ഇതൊരു പ്രശ്നമായി ഉന്നയിക്കുന്ന നിലയുണ്ടായി. ആ ഘട്ടത്തിൽ അത് പൊതുവായ പ്രശ്നമായി വന്നു. ആ പ്രശ്നം വന്നപ്പോൾത്തന്നെ സർക്കാർ നിലപാട് വ്യക്തമാക്കിയിരുന്നു. ഒഴിവുവരുന്ന തസ്തികകളിലേയ്ക്ക് പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിന് വഖഫ് ബോർഡിന്റെ യോഗം തത്വത്തിൽ

തീരുമാനമെടുത്തത് 19-07-2016-ലാണ്. ഇതുസംബന്ധിച്ച് പുറപ്പെടുവിച്ച ഓർഡിനൻസിന് പകരമുള്ള ബിൽ നിയമസഭ പാസ്സാക്കി. ബിൽ വിശദപരിശോധനയ്ക്കായി സബ്ജക്ട് കമ്മിറ്റിക്ക് വിട്ടിരുന്ന ഘട്ടത്തിലോ നിയമസഭയിലെ ചർച്ചകളിലോ വഖഫ് ബോർഡ് നിയമനം പി.എസ്.സി.-ക്ക് വിടരുതെന്ന ആവശ്യം ആരും ഉന്നയിച്ചിരുന്നില്ല. നിയമനിർമ്മാണത്തെത്തുടർന്ന് മുസ്ലീം സാമുദായിക സംഘടനകൾ ചില ആശങ്കകൾ പ്രകടിപ്പിച്ച സാഹചര്യത്തിൽ വഖഫ് ബോർഡ് നിയമനങ്ങളുമായി ബന്ധപ്പെട്ട വിഷയം ചർച്ച ചെയ്യുന്നതിന് സർക്കാർ മുസ്ലീം സംഘടനാ പ്രതിനിധികളുടെ യോഗം വിളിക്കുകയുണ്ടായി. തുറന്ന സമീപനത്തോടെ മാത്രമേ സർക്കാർ ഇക്കാര്യത്തിൽ നിലപാടെടുക്കുകയുള്ളൂ എന്ന് യോഗത്തിൽ വ്യക്തമാക്കിയിരുന്നു. യോഗത്തിൽ ഉയർന്നുവന്ന അഭിപ്രായംകൂടി പരിഗണിച്ചുമാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കുകയുള്ളൂ എന്നും അന്ന് വ്യക്തമാക്കിയിരുന്നതാണ്. പങ്കെടുത്ത എല്ലാ സംഘടനകളും സർക്കാരിന്റെ തുറന്ന മനസ്സിനോട് യോജിപ്പ് പ്രകടിപ്പിക്കുകയും അതിനോടൊപ്പം നിൽക്കുകയും ചെയ്തതാണ്. പി.എസ്.സി. വഴി നിയമനം നടത്തുന്നതിനുള്ള യാതൊരു തുടർനടപടിയും സർക്കാർ സ്വീകരിച്ചിട്ടില്ല. മുസ്ലീം സംഘടനാ പ്രതിനിധികളുടെ

യോഗത്തിലുണ്ടായ യോജിച്ച അഭിപ്രായം സർക്കാർ തത്വത്തിൽ അംഗീകരിക്കുന്നു; തുടർന്ന് നിയമ ഭേദഗതിക്കാവശ്യമായ നടപടി സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. യോഗ്യരായവരെ നിയമിക്കുന്നതിനുള്ള പുതിയ സംവിധാനം നിയമ ഭേദഗതിയോടെ നിലവിൽ വരും.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, അവസാനം പറഞ്ഞ കാര്യം നല്ലതുതന്നെയാണ്. പക്ഷേ വഖഫ് ബോർഡ് നിയമനം പി.എസ്.സി.-ക്ക് വിടരുതെന്ന ആവശ്യം മുസ്ലീം ലീഗ് ഉന്നയിച്ചിട്ടില്ല എന്ന് പറഞ്ഞത് ശരിയല്ല. (......മൈക്ക് ഓഫ്......)

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. ഡെപ്യൂട്ടി സ്പീക്കർ: സബ്മിഷനിൽ പോയിന്റ് ഓഫ് ഓർഡറില്ല.

## (3) നദീതീരങ്ങൾക്ക് സംരക്ഷണ ഭിത്തി

ശ്രീ. സജി ചെറിയാൻ: സർ, 2018-ൽ കേരളത്തിലുണ്ടായ പ്രളയത്തിൽ നദികളുടെ തീരങ്ങൾ ഇടിഞ്ഞ് ഒരുപാട് കുടുംബങ്ങൾക്ക് പ്രയാസകരമായ അന്തരീക്ഷം സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ചെങ്ങന്നൂർ മണ്ഡലത്തിലാണ് 2018-ലെ പ്രളയം ഏറ്റവും രൂക്ഷമായത്. 2019-ലും രൂക്ഷമായ പ്രളയം ഈ മണ്ഡലത്തിലുണ്ടായി. പമ്പാനദി, അച്ചൻകോവിലാർ, മണിമലയാർ എന്നീ

നദികളാൽ ചുറ്റപ്പെട്ട ഈ മണ്ഡലത്തിൽ നദികൾ കരകവിഞ്ഞൊഴുകിയതിന്റെ ഫലമായി തീരത്തുള്ള ആയിരക്കണക്കിന് വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചു. ഗവൺമെന്റിന്റെ സഹായത്തോടെ, പ്രത്യേകിച്ച് റവന്യൂ വകുപ്പിന്റെയും പഞ്ചായത്തിന്റെയും സഹായത്തോടെ വീടുകളുടെ മെയിന്റനൻസും മറ്റു കാര്യങ്ങളും ക്രമീകരിക്കാൻ സാധിച്ചു. ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും അതിനായി സഹായവും ലഭിച്ചു. നിരന്തരമായ വെള്ളപ്പൊക്ക ഭീഷണി നേരിടുന്ന മണ്ഡലമാണിത്. ജലനിരപ്പ് ഉയർന്ന് ഒഴുകുന്നതിന്റെ ഫലമായി വീടുകൾ അപകടപ്പെടുന്ന സ്ഥിതിയാണ്. ചെറിയ മഴ പെയ്താൽപോലും ഇടിഞ്ഞ ആറിന്റെ തീരത്തുകൂടി വെള്ളം വീടുകളിലേയ്ക്ക് കയറിക്കൊണ്ടിരിക്കുകയാണ്. 2018 മുതൽ ഈ പ്രശ്നത്തിന് പരിഹാരം ആവശ്യപ്പെടുന്നതാണ്. ഇടിഞ്ഞുപോയ തീരത്തിന്റെ പ്രധാനപ്പെട്ട 44 സ്പോട്ടുകൾ ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. സംരക്ഷണ ഭിത്തി നിർമ്മിക്കാനുള്ള സാമ്പത്തിക സഹായം നൽകണമെന്ന് ഇറിഗേഷൻ വകുപ്പിനോട് ഞാൻ നിരന്തരം ആവശ്യപ്പെട്ടിരുന്നെങ്കിലും ഇക്കാര്യത്തിൽ വേണ്ട പരിഗണന നൽകുന്നില്ല. 2018-ൽ രൂക്ഷമായ പ്രളയമുണ്ടായ പ്രദേശമെന്ന നിലയിൽ നൂറുകണക്കിന് കിലോമീറ്റർ ദൂരത്തോളം സംരക്ഷണ ഭിത്തി നിർമ്മിക്കേണ്ടതുണ്ട്. എന്നാൽ അതൊന്നും ചോദിക്കുന്നില്ല. 44

ക്രൂഷ്യൽ പോയിന്റുകളുടെ നിർമ്മാണത്തിനുവേണ്ടി പണം നൽകാൻ ആവശ്യപ്പെട്ടിട്ടും അക്കാര്യത്തിൽ അനുകൂല നിലപാട് സ്വീകരിച്ചിട്ടില്ല. ഇപ്പോൾ വീണ്ടും കാലവർഷമായിരിക്കുകയാണ്. ഈ നദീതീരത്തുള്ള ആയിരക്കണക്കിന് ജനങ്ങൾ വലിയ പ്രയാസം അഭിമുഖീകരിക്കുകയാണ്. വെള്ളപ്പൊക്കമുണ്ടായാൽ ഏത് സന്ദർഭത്തിലും വീടുകൾ ഇടിഞ്ഞ് നദിയിലേയ്ക്ക് വീഴുന്ന സാഹചര്യമാണ്. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് അടിയന്തരമായി പണം അനുവദിച്ച് ഈ ക്രൂഷ്യൽ പോയിന്റുകളിലെ സ്പോട്ടുകളിൽ സംരക്ഷണഭിത്തി നിർമ്മാണം നടത്താൻ നടപടി സ്വീകരിക്കണം.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. ഡി. പ്രസേനൻ]

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ പ്രധാന നദികളായ പമ്പാനദിയും അച്ചൻകോവിലാറും 2018-ലെ പ്രളയത്തിൽ കരകവിഞ്ഞൊഴുകിയതുമൂലം തീരം ഇടിഞ്ഞ് പരിസരവാസികളുടെ വീടും വസ്തുക്കളും നഷ്ടപ്പെട്ട കാര്യം എല്ലാവർക്കുമറിയാം. ഇത് ശരിയായ കാര്യമാണെന്ന് സർക്കാരിന് ബോധ്യപ്പെട്ടിട്ടുണ്ട്. നാശനഷ്ടങ്ങൾ ഉണ്ടായതിനെത്തുടർന്ന് എസ്.ഡി.ആർ.എഫ്.-ൽ ഉൾപ്പെടുത്തി 90 ലക്ഷം

രൂപ ചെലവഴിച്ച് ആറ് പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. നബാർഡ് ഫണ്ടിലുൾപ്പെടുത്തി ബുധനൂർ പഞ്ചായത്തിലെ കുട്ടൻപേരൂർ ആറിന്റെ തീരസംരക്ഷണത്തിന് 70 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 20 ലക്ഷം രൂപ ചെലവഴിച്ച് ചെന്നിത്തല, തൃപ്പെരുന്തുറ പഞ്ചായത്തിൽ ഈരേക്കടവ് ധ്യാനകേന്ദ്രത്തിന് സമീപം അച്ചൻകോവിലാറിന്റെ തീരസംരക്ഷണ പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. സബ്മിഷനിൽ ഉന്നയിച്ച പ്രദേശങ്ങളിൽ സംരക്ഷണ ഭിത്തി നിർമ്മിക്കാൻ 20 കോടി രൂപയുടെ 52 എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് മുൻഗണനയോടുകൂടി ഈ പ്രവൃത്തികൾ നടപ്പിലാക്കാവുന്നതാണെന്ന് ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി അംഗത്തെ അറിയിക്കുകയാണ്.

## (4) <u>വർക്കല ക്ലിഫ് സംരക്ഷണം</u>

<u>ശ്രീ. വി. ജോയി</u>: സർ, വർക്കല നിയോജകമണ്ഡലത്തിലെ 12 കിലോമീറ്റർ ദൂരംവരുന്ന തീരദേശ മേഖലയിൽ കടലാക്രമണം അതിരൂക്ഷമാണ്. ഒന്നാം പാലം മുതൽ കാപ്പിൽ വരെ നീണ്ടുകിടക്കുന്ന തീരം സംരക്ഷിക്കേണ്ടതുണ്ട്. ഇടവ വെറ്റക്കടയിൽ മത്സ്യത്തൊഴിലാളികൾ കൂടുതൽ ജോലിചെയ്യുന്ന പ്രദേശമാണ്. കടലെടുത്ത് പോയ വിശാലമായ ആ

തീരം സംരക്ഷിക്കാൻ ഇതുവരെയും സാധിച്ചിട്ടില്ല. ഉയർന്നുനിൽക്കുന്ന ക്ലിഫുകളാണ് വർക്കല ടൂറിസം ഡെസ്റ്റിനേഷനെ ആകർഷകമാക്കുന്നത്. ഈ ക്ലിഫുകൾ നിരന്തരമായി ഇടിഞ്ഞുവീണുകൊണ്ടിരിക്കുകയാണ്. ഇത് നിരവധി റെസ്റ്റോറന്റുകൾക്കടക്കം വല്ലാതെ ബുദ്ധിമുട്ടുണ്ടാക്കുന്ന സാഹചര്യത്തിലേയ്ക്ക് എത്തിച്ചിരിക്കുകയാണ്. നടപ്പാത മുഴുവൻ തകർന്നുകിടക്കുകയാണ്. കഴിഞ്ഞ ദിവസം ക്ലിഫ് ഇടിഞ്ഞുവീണത് വാർത്താ മാധ്യമങ്ങളിൽ വലിയ വാർത്തയായതാണ്. അതുകൊണ്ട് ക്ലിഫ് ഉൾപ്പെടെയുള്ള തീരം സംരക്ഷിക്കുന്നതിന് അടിയന്തര പ്രാധാന്യത്തോടുകൂടി നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇതിനുമുമ്പും ഈ സബ്മിഷൻ അവതരിപ്പിച്ചിട്ടുള്ളതാണ്.

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, വർക്കല നിയോജകമണ്ഡലത്തിലെ വർക്കല പാപനാശം മുതൽ വെറ്റക്കടവരെ ഏകദേശം നാല് കിലോമീറ്റർ ദൂരത്തിൽ വ്യാപിച്ചുകിടക്കുന്ന വർക്കല ക്ലിഫിന് 15 മുതൽ 25 മീറ്റർ വരെ ബീച്ച് ലെവലിൽനിന്ന് ഉയരമുണ്ട്. കുന്നിൻമുകളിലെ അരികിനോട് ചേർന്ന് രണ്ടുമൂന്ന് മീറ്റർ വീതിയിൽ നടപ്പാതയുണ്ടായിരുന്നത് പലയിടത്തും തകർന്ന അവസ്ഥയിലാണ്. ഈ നടപ്പാത വർക്കല പാപനാശം ബീച്ച് മുതൽ

ഹെലിപ്പാഡ് വരെ തിരുവമ്പാടി ബീച്ചിലൂടെ വെറ്റക്കടയിലേയ്ക്ക് വിനോദ സഞ്ചാരികൾക്കും നാട്ടുകാർക്കും കടലിന്റെ ഭംഗി ആസ്വദിച്ച് നടക്കുന്നതിനുവേണ്ടി നിർമ്മിച്ചതായിരുന്നു. തിരശ്ചീനമായി നിൽക്കുന്ന ഈ കുന്നുകളുടെ അടിഭാഗത്ത് ബീച്ചിന്റെ വീതി വളരെ കുറവാണ്. വർഷകാലത്ത് തിരമാലകൾ കുന്നിന്റെ അടിഭാഗത്ത് ശക്തമായി അടിക്കുന്നതുമൂലം അവിടെയുള്ള മൃദുവായ കളിമൺ രൂപത്തിലുള്ള മണ്ണ് ഒലിച്ചുപോകുകയാണ്. കുന്നിന് മുകൾഭാഗത്ത് അനേകം റിസോർട്ടുകളും വ്യാപാര സ്ഥാപനങ്ങളും സ്ഥിതിചെയ്യുന്നുണ്ട്. ഇവിടെനിന്നെല്ലാം വെള്ളം ഊർന്നിറങ്ങി മഴവെള്ളംകൂടി ചേർന്ന് കുന്നിന്റെ മുകൾഭാഗത്തെ മണ്ണ് ഇടിഞ്ഞുവീഴുന്ന പ്രതിഭാസമാണ് കണ്ടുവരുന്നത്. ഈ അവസ്ഥ തുടരുകയാണെങ്കിൽ വൈകാതെ ബാക്കിയുള്ള ഭാഗങ്ങൾകൂടി ഇടിഞ്ഞ് നഷ്ടപ്പെടുമെന്നാണ് വിലയിരുത്തുന്നത്. 06-07-2022-ന് പുലർച്ചെ ഹെലിപ്പാഡിൽനിന്ന് 300 മീറ്റർ മാറി നോർത്ത് വർക്കലയിൽ കുന്നിടിഞ്ഞുവീണ് നാശനഷ്ടമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗ്രീൻ പാലസ് റിസോർട്ടിൽനിന്ന് ഏകദേശം 20 മീറ്റർ മാറി നോർത്തിലേയ്ക്ക് ക്ലിഫിന്റെ 20 മീറ്റർ നീളത്തിൽ കുന്നിടിഞ്ഞ് താഴേയ്ക്ക് പതിച്ചിട്ടുണ്ട്. ആ ഭാഗത്തുനിന്നുള്ള നടപ്പാത പൂർണ്ണമായും നശിച്ച നിലയിലാണ്.

മുനിസിപ്പാലിറ്റി അധികൃതർ സ്ഥലം സന്ദർശിക്കുകയും ഈ ഭാഗത്തുള്ള യാത്രയ്ക്ക് നിയന്ത്രണമേർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇത്രയും ഉയരമുള്ള കുന്നുകൾ സംരക്ഷിക്കുന്നതിന് സംരക്ഷണ ഭിത്തിയും കോൺക്രീറ്റ് റീട്ടെയിനിംഗ് വാൾ പോലുള്ളവയും അപ്രായോഗികമാണ്. ഇവിടെ 'വർക്കല ഫോർമേഷൻ' എന്ന ലാറ്ററേറ്റാണ് കാണപ്പെടുന്നത്. കുന്നുകളും കടലും ചേർന്നുനിൽക്കുന്ന കാഴ്ച വർക്കലയിലല്ലാതെ ഇന്ത്യയിൽ ഒരിടത്തും കാണാൻ സാധിക്കില്ല. ആയതിനാൽ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ ഭൗമ പൈതൃക കേന്ദ്രമായി പ്രഖ്യാപിച്ചിട്ടുള്ള വർക്കലയിലെ ഈ കുന്നുകൾ സംരക്ഷിക്കുന്നതിന് പദ്ധതി തയ്യാറാക്കുന്നതിന് ചെന്നൈ നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ചിനെ ചുമതലപ്പെടുത്തി നടപടി സ്വീകരിച്ചിട്ടുണ്ട്. അത് ലഭ്യമാകുന്നമുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതിക്ക് സമർപ്പിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി സഭയെ അറിയിക്കുന്നു.

## (5) കാഞ്ഞങ്ങാട് വ്യവസായ പാർക്ക്

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ ഇതിനുമുമ്പും ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയ വിഷയമാണ് സബ്മിഷനിലൂടെ അവതരിപ്പിക്കുന്നത്. കാഞ്ഞങ്ങാട് നിയോജക

മണ്ഡലത്തിൽ കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി പ്രദേശത്ത് ഉൾപ്പെടുന്ന പുതുക്കൈ വില്ലേജും മടിക്കൈ പഞ്ചായത്തിൽപ്പെട്ട മടിക്കൈ വില്ലേജും ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ ഏകദേശം 100 ഏക്കർ സ്ഥലം കണ്ടെത്തിയിരുന്നു. വ്യവസായ വകുപ്പിന്റെ പരിശോധനയിൽ ഇപ്പോൾ 52 ഏക്കറിൽ ചില്വാനം സ്ഥലമുണ്ടെന്നാണ് പറയുന്നത്. നേരത്തെ കണ്ടെത്തിയ സ്ഥലത്തുനിന്നും വഴിക്കും മറ്റും സ്ഥലം വിട്ടുകൊടുത്തപ്പോൾ ഉണ്ടായിട്ടുള്ള കുറവാകാം. ഏതാണ്ട് 99.98 ഏക്കർ എന്ന നിലയിലാണ് വ്യവസായ പാർക്കിനുവേണ്ടി വ്യവസായ വകുപ്പിന് നേരത്തെ ആ ഭൂമി കൈമാറ്റം ചെയ്തിട്ടുള്ളത്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഈ ഭൂമി പൂർണ്ണമായും കൈമാറ്റം ചെയ്യുന്ന നടപടി അന്നത്തെ വ്യവസായ വകുപ്പുമന്ത്രിക്ക് അന്നത്തെ റവന്യൂ വകുപ്പുമന്ത്രി എന്ന നിലയിൽ ഞാൻ ഏൽപ്പിച്ച് കൊടുത്തപ്പോൾ വൈകാതെതന്നെ വ്യവസായ പാർക്കിന് ആരംഭം കുറിക്കുമെന്ന പ്രതീക്ഷയുണ്ടായിരുന്നു. വ്യവസായ വകുപ്പ് 4.9 കോടിരൂപ ചെലവഴിച്ച് ചുറ്റുമതിൽ നിർമ്മിച്ച ഈ സ്ഥലം ഇപ്പോൾ വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിലാണുള്ളത്. സ്വകാര്യ മേഖലയിലുൾപ്പെടെ 10 ഏക്കറുള്ള സ്ഥലങ്ങളിൽ വ്യവസായ പാർക്ക് ആരംഭിക്കാൻ തീരുമാനിക്കുന്ന സാഹചര്യമുള്ളപ്പോൾ, വ്യവസായ

പാർക്കിനുവേണ്ടി കൈമാറ്റംചെയ്ത് നൽകിയിരിക്കുന്ന സർക്കാർ ഉടമസ്ഥതയിലുള്ള 80 ഏക്കറിൽ കൂടുതൽ സ്ഥലത്ത് എത്രയും പെട്ടെന്ന് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി ഇൻവെസ്റ്റേഴ്സ് മീറ്റ് സംഘടിപ്പിക്കുന്നതിന് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി മുൻകയ്യെടുക്കണമെന്നും വൈകാതെതന്നെ വ്യവസായ സംരംഭങ്ങൾക്ക് തുടക്കം കുറിക്കാനുള്ള സംവിധാനമുണ്ടാക്കണമെന്നും അഭ്യർത്ഥിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാനപ്പെട്ട കാഞ്ഞങ്ങാട് അംഗം മന്ത്രിയായിരുന്ന കഴിഞ്ഞ ഗവൺമെന്റിന്റെ കാലയളയിൽ അദ്ദേഹത്തിന്റെ പ്രത്യേക താൽപ്പര്യത്തിന്റെ കൂടി ഭാഗമായാണ് ഈ സ്ഥലം ഏറ്റെടുക്കാൻ കഴിഞ്ഞത്. ഹോസ്ദുർഗ്ഗ് താലൂക്കിൽ പുതുക്കൈ വില്ലേജിൽ 40 പി, 39/1 എന്നീ സർവ്വേ നമ്പറുകളിൽ 8.95 ഏക്കർ ഭൂമിയും മടിക്കൈ വില്ലേജിൽ 91.03 ഏക്കർ ഭൂമിയുമുൾപ്പെടെ 99.98 ഏക്കർ ഭൂമിയുടെ മുൻകൂർ കൈവശാവകാശമാണ് വ്യവസായ വകുപ്പിന് ലഭിച്ചിട്ടുള്ളത്. കാഞ്ഞങ്ങാട് വ്യവസായ പാർക്കിന് ചുറ്റുമതിൽ നിർമ്മിക്കുന്നതിനായി 4.9 കോടി രൂപ ഹാർബർ എഞ്ചിനീയറിംഗ് ഡിവിഷന് അനുവദിച്ചിരുന്നു. ഇതിൽ 1.6 കോടി രൂപ വിനിയോഗിച്ച് ചുറ്റുമതിൽ നിർമ്മാണം പൂർത്തിയാക്കി. എന്നാൽ ഈ സ്ഥലത്ത് സ്വകാര്യ

വ്യക്തികൾക്ക് പട്ടയഭൂമി പതിച്ചുനൽകിയത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പ്രദേശവാസികൾ ഉന്നയിച്ച അതിർത്തി തർക്കംമൂലം നിർമ്മാണ പ്രവർത്തനങ്ങൾ 2021 ഡിസംബർ മാസത്തിൽ നിർത്തിവയ്ക്കേണ്ടിവന്നു. തുടർന്ന് തർക്കം പരിഹരിക്കുന്നതിന് റവന്യൂ, സർവ്വേ വകുപ്പുകൾ സംയുക്തമായി ലഭ്യമാക്കിയ സ്കെച്ചിൽ 82.82 ഏക്കറായി വിസ്തൃതിയിൽ വ്യതിയാനം കണ്ടു. പുതുക്കിയ സ്കെച്ച്പ്രകാരം ശേഷിക്കുന്ന 5.8 കിലോമീറ്ററിൽക്കൂടി ചുറ്റുമതിൽ നിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ സ്ഥലത്ത് ആഭ്യന്തര റോഡ്, വൈദ്യുതി എന്നിങ്ങനെ അടിസ്ഥാന സൗകര്യങ്ങൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരികയാണ്. അവ ലഭ്യമാക്കിയതിനുശേഷമേ ഭൂമിയുടെ അലോട്ട്മെന്റ് നടപടി ആരംഭിക്കുകയുള്ളൂ. അദ്ദേഹം പറഞ്ഞതുപോലെ ആവശ്യമാണെങ്കിൽ സംരംഭക സംഗമം ഉൾപ്പെടെ സംഘടിപ്പിക്കുന്നതാണ്.

## (6) കണ്ണൂർ എയർപോർട്ടിലേയ്ക്കുള്ള റോഡ് നിർമ്മാണം

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനത്തിന് അത്യന്താപേക്ഷിതമായ കാര്യമാണ് എയർപോർട്ടിലേയ്ക്കുള്ള കണക്റ്റിവിറ്റി റോഡുകളുടെ നിർമ്മാണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുത്ത് വിവിധ ജില്ലകളിൽനിന്നും

മേഖലകളിൽനിന്നും എയർപോർട്ടിലേയ്ക്ക് എത്തിച്ചേരാനുള്ള ആറ് റോഡുകൾ 30-12-2017-ന് എയർപോർട്ട് കണക്ടിവിറ്റി പാക്കേജിൽ ഉൾപ്പെടുത്തി അനുവദിച്ചിരുന്നു. തലശ്ശേരി ഭാഗത്തുനിന്നും അഞ്ചരക്കണ്ടി വഴി മട്ടന്നൂരിലേയ്ക്ക് വരുന്ന 24 കിലോമീറ്റർ റോഡ്, കുറ്റ്യാടി മേഖലയിൽ നിന്നുവരുന്ന 53 കിലോമീറ്റർ റോഡ്, മാനന്തവാടി, കൂട്ടുപുഴ, മേലെ ചൊവ്വ, തളിപ്പറമ്പ് എന്നീ ഭാഗങ്ങളിൽനിന്നും വരുന്നവ ഉൾപ്പെടെ ആറ് റോഡുകളാണുള്ളത്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി രണ്ടുമൂന്ന് മീറ്റിംഗുകൾ വിളിച്ചുചേർത്ത് ഇക്കാര്യം ശ്രദ്ധിച്ചിട്ടുണ്ടെന്നറിയാം. പക്ഷെ കണക്ടിവിറ്റി പാക്കേജ് അംഗീകരിച്ച് കിഫ്ബിയിൽനിന്നും തുക ഈടാക്കാനുള്ള ഉത്തരവ് വന്നതിനുശേഷം അഞ്ച് വർഷമായിട്ടും ഈ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാൻ കഴിഞ്ഞിട്ടില്ല. ഈ റോഡുകൾ വന്നുചേരുന്നത് എയർപോർട്ട് നഗരം എന്നുള്ള നിലയിൽ മട്ടന്നൂർ നിയോജകമണ്ഡലത്തിന്റെ ഭാഗമായിട്ടുള്ള മട്ടന്നൂർ ടൗണിന്റെ പരിസരത്താണ്. ഈ റോഡുകളുടെ നിർമ്മാണം നടന്നാൽ മാത്രമേ മട്ടന്നൂർ പട്ടണത്തിൽ അനുഭവപ്പെടുന്ന ട്രാഫിക് പ്രശ്നത്തിന് പരിഹാരം കാണാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് എത്രയുംപെട്ടെന്ന് കണക്ടിവിറ്റി റോഡുകളുടെ ഡി.പി.ആർ. പൂർത്തിയാക്കി പ്രവൃത്തി ടെണ്ടർചെയ്ത് നിർമ്മാണം

ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയോട് ആവശ്യപ്പെടുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലേയ്ക്കുള്ള റോഡുകളുടെ വികസനവുമായി ബന്ധപ്പെട്ടാണ് ബഹുമാനപ്പെട്ട അംഗം കെ. കെ. ശൈലജ ടീച്ചർ സബ്മിഷൻ ഉന്നയിച്ചിരിക്കുന്നത്. അതിൽ മൂന്ന് റോഡുകളുടെ വികസനം പ്രധാനമായും ചൂണ്ടിക്കാണിച്ചിരുന്നു. തലശ്ശേരി - കൊട്ടുവള്ളി - അഞ്ചരക്കണ്ടി - മട്ടന്നൂർ എയർപോർട്ട് റോഡ്, പെരിങ്ങത്തൂർ - പാനൂർ - കൂത്തുപറമ്പ് - മട്ടന്നൂർ എയർപോർട്ട് റോഡ്, ബോയ്സ് ടൗൺ - പേരാവൂർ - ശിവപുരം - മട്ടന്നൂർ എയർപോർട്ട് റോഡ് എന്നീ റോഡുകളുടെ നിർമ്മാണം സമയബന്ധിതമായി നടപ്പാക്കാനുള്ള നടപടി വകുപ്പുതലത്തിൽ സ്വീകരിക്കുന്നുണ്ട്. ഈ പദ്ധതി നടപ്പിലാക്കാൻ വകുപ്പുമന്ത്രിയെന്ന നിലയിൽ ഞാൻ ഇടപെട്ടിട്ടുണ്ട്, അത് ഇനിയും തുടരുന്നതാണ്. മൂന്ന് പദ്ധതികളുടെയും ഡി.പി.ആർ. കിഫ്ബിയുടെ പരിശോധനയിലാണ്. തലശ്ശേരി - കൊട്ടുവള്ളി - അഞ്ചരക്കണ്ടി - മട്ടന്നൂർ എയർപോർട്ട് റോഡിന്റെ നിർമ്മാണത്തിനായി 40.62 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിന്റെ പ്രാരംഭ നടപടിയായ 6(1)

നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിരുന്നു. പെരിങ്ങത്തൂർ - പാനൂർ - കൂത്തുപറമ്പ് - മട്ടന്നൂർ എയർപോർട്ട് റോഡ് നിർമ്മാണത്തിനായി 45.53 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. ബോയ്സ് ടൗൺ - പേരാവൂർ - ശിവപുരം - മട്ടന്നൂർ എയർപോർട്ട് റോഡിലെ ബോയ്സ് ടൗൺ മുതൽ അമ്പായത്തോട് വരെയുള്ള 6.2 കിലോമീറ്റർ ദൂരം രണ്ടുവരിപ്പാതയാണ്. ആ രണ്ടുവരിപ്പാത വിഭാവനംചെയ്ത് കൂടുതൽ ഫലപ്രദമാക്കാനാണ് ഉദ്ദേശിക്കുന്നത്. അമ്പായത്തോട് മുതൽ മട്ടന്നൂർ വരെയുള്ള 43.4 കിലോമീറ്റർ ഭാഗത്തിന്റെ നിർമ്മാണത്തിനായി 90.6 ഹെക്ടർ സ്ഥലം ഏറ്റെടുക്കണം. ഈ റോഡുകളുടെ സ്ഥലമേറ്റെടുക്കുന്നതിനുള്ള അർത്ഥനാപത്രം കണ്ണൂർ ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ നടപടി സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നിലപാട് തുടരുകയാണ്. വകുപ്പുമന്ത്രിയെന്ന നിലയിൽ കൃത്യമായ ഇടവേളകളിൽ പദ്ധതി അവലോകനം നടത്തുന്നുണ്ട്. ബഹുമാനപ്പെട്ട കെ. കെ. ശൈലജ ടീച്ചർ ചൂണ്ടിക്കാണിച്ചതുപോലെ ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. കിഫ്ബിയിൽനിന്നും സാമ്പത്തിക അനുമതികൂടി ലഭ്യമാക്കി പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ ലക്ഷ്യമിട്ടുകൊണ്ടാണ് മുന്നോട്ടുപോകുന്നത്. വടക്കേ മലബാറിനെ സംബന്ധിച്ചിടത്തോളം വളരെ

ആശ്വാസം പകരുന്ന ഒന്നാണ് കണ്ണൂർ എയർപോർട്ട്. ആ എയർപോർട്ടിലേയ്ക്കുള്ള ആക്സസിബിലിറ്റി വർദ്ധിപ്പിക്കുകയെന്നത് സംസ്ഥാനത്തിന്റെ ആവശ്യമാണ്. കേവലം മട്ടന്നൂർ നിയോജകമണ്ഡലത്തിന്റെ മാത്രം ആവശ്യമായി കാണേണ്ട പ്രശ്നമില്ല, ശ്രീമതി കെ. കെ. ശൈലജ ടീച്ചറും ഉദ്ദേശിച്ചത് അതല്ല എന്നെനിക്കറിയാം. സംസ്ഥാനത്തിന്റെ പ്രധാനപ്പെട്ട ആവശ്യമാണെന്ന നിലയിൽത്തന്നെ ഈ പദ്ധതിയെ പൊതുമരാമത്ത് വകുപ്പ് കാണണമെന്ന് പ്രത്യേകം അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

(7) പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തിന്റെ വികസനം

ശ്രീ. വി. കെ. പ്രശാന്ത്: സർ, കേരളത്തിൽ 150 വർഷത്തിലധികം പഴക്കമുള്ള മാനസികാരോഗ്യ കേന്ദ്രമാണ് വട്ടിയൂർക്കാവ് മണ്ഡലത്തിലെ പേരൂർക്കടയിലുള്ളത്. ഊളമ്പാറ മാനസികാരോഗ്യ കേന്ദ്രത്തിലെ മിക്ക കെട്ടിടങ്ങളും നൂറ് വർഷത്തിലധികം പഴക്കമുള്ളവയാണ്. വർഷാവർഷം വലിയ തുക ചെലവഴിച്ചുകൊണ്ടാണ് ഈ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തേണ്ടിവരുന്നത്. ഇവിടത്തെ ബെഡ് സ്ട്രെംഗ്ത്തും സ്റ്റാഫ് പാറ്റേണും തമ്മിൽ യാതൊരു ബന്ധവുമില്ലാത്ത അവസ്ഥയാണ്. 2019-ൽ മാസ്റ്റർപ്ലാൻ തയ്യാറാക്കാൻ ശ്രമിച്ചെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം

പൂർത്തീകരിക്കാൻ സാധിച്ചില്ല. ആധുനിക മാനസികാരോഗ്യ ചികിത്സാരീതി പ്രകാരം ഈ സംവിധാനം അടിമുടി മാറ്റേണ്ടതുണ്ടെന്നാണ് അവിടെ നടത്തിയ സന്ദർശനത്തിൽനിന്നും ബോധ്യമാകുന്നത്. ജയിൽ പോലുള്ള സംവിധാനങ്ങളാണ് അവിടെ ഇപ്പോഴുമുള്ളത്. സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ നിയോഗിച്ച് മാസ്റ്റർപ്ലാൻ തയ്യാറാക്കാനും 2017-ലെ മെന്റൽ ഹെൽത്ത് ആക്ട് പ്രകാരവും സൈക്യാട്രിക് മാനേജ്മെന്റ് പ്രോട്ടോക്കോൾ പ്രകാരവും അവിടെ ഇടപെടാൻ സാധിക്കേണ്ടതുണ്ട്. പ്രസ്തുത മാനസികാരോഗ്യ കേന്ദ്രത്തിന്റെ നിലവിലെ പേരിൽ മാറ്റം വരുത്തണമെന്നുകൂടി ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്. മെന്റൽ ഹെൽത്ത് സെന്റർ എന്നത് 'മെന്റൽ ഹെൽത്ത് ഇൻസ്റ്റിറ്റ്യൂട്ട് ആൻഡ് റിസർച്ച് സെന്റർ' എന്നാക്കുന്നതിന് ഭരണപരിഷ്കാര കമ്മീഷനും ശിപാർശ ചെയ്തിട്ടുണ്ട്. അത് നടപ്പാക്കണമെന്നും ഈ മാനസികാരോഗ്യ കേന്ദ്രത്തെ കേരളത്തിലെ ഏറ്റവും മികച്ച സ്ഥാപനമാക്കി ഉയർത്തുന്നതിന് ആരോഗ്യ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്ന് നടപടിയുണ്ടാകണമെന്നും ആവശ്യപ്പെടുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ഈ സർക്കാർ വളരെ ഗൗരവത്തോടെ കാണുന്നതും പ്രാധാന്യം നൽകുന്നതുമായ ഒന്നാണ് മാനസികാരോഗ്യ കേന്ദ്രങ്ങളുടെ

കാലോചിതമായ പരിഷ്കരണവും വികസനവും. അടിസ്ഥാനസൗകര്യ വികസനം, സെല്ലുകൾ ഉൾപ്പെടെയുള്ളവയുടെ Behavioral ICU-കളുടെ സ്ഥാപനം തുടങ്ങിയ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികളാണ് സർക്കാർ ആലോചിക്കുന്നത്. 1870-ൽ ആയില്യം തിരുനാൾ മഹാരാജാവിന്റെ രാജഭരണകാലത്താണ് പേരൂർക്കട മാനസികാരോഗ്യ കേന്ദ്രം സ്ഥാപിതമായത്. നിലവിലെ ബെഡ് സ്ട്രെംഗ്ത് 531 ആണ്. ഇവിടെയുള്ള കെട്ടിടങ്ങളിൽ 18 എണ്ണം പുരുഷ അന്തേവാസികൾക്കും 11 എണ്ണം സ്ത്രീ അന്തേവാസികൾക്കുമായി മാറ്റിവച്ചിരിക്കുന്നു. ഫോറൻസിക് വാർഡുകളും നിലവിലുണ്ട്. ബെഡ് സ്ട്രെംഗ്ത് 531 ആണെങ്കിലും ശരാശരി എഴുന്നൂറിലധികം അന്തേവാസികളാണ് ചികിത്സയ്ക്കായുള്ളത്. കഴിഞ്ഞ ദിവസത്തെ കണക്കെടുക്കുമ്പോൾ 658 പേർ കിടത്തി ചികിത്സയിലുണ്ട്. ഇതിൽ പുരുഷ അന്തേവാസികൾ 479-ഉം സ്ത്രീ അന്തേവാസികൾ 179-മാണ്. ഇതുകൂടാതെ മാനസിക അസ്വസ്ഥത പ്രകടിപ്പിക്കുന്ന കോവിഡ് പോസിറ്റീവായ അന്തേവാസികളെയും ഇവിടെ പാർപ്പിച്ച് ചികിത്സ നൽകുന്നുണ്ട്. കുടുംബങ്ങൾ തിരികെ സ്വീകരിക്കാത്ത രോഗമുക്തരായവരുടെ പുനരധിവാസവും സർക്കാരിന്റെ ഉത്തരവാദിത്വമായി മാറുന്നുണ്ട്. ഇവിടെ അനുവദിക്കപ്പെട്ട സ്ഥിരം തസ്തികകൾ 389 ആണ്. ഇതിനുപുറമെ

എൻ.എച്ച്.എം. (നാഷണൽ ഹെൽത്ത് മിഷൻ) മുഖാന്തരം നിയമിക്കപ്പെട്ട അസിസ്റ്റന്റ് സർജൻമാരും ലാബ് ടെക്നീഷ്യനും എച്ച്.എം.സി. (ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി) മുഖാന്തരം നിയമിക്കപ്പെട്ട 18 പേരുമുൾപ്പെടെ 22 താൽക്കാലിക ജീവനക്കാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിന്റെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നുണ്ട്. പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തിലെ നിലവിലെ കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും ഈ സ്ഥാപനത്തെ ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും അടിസ്ഥാനസൗകര്യ വികസനത്തിനുമായി മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് കിറ്റ്കോയെ 2019-ൽ ചുമതലപ്പെടുത്തിയിരുന്നു. കോവിഡ് മഹാമാരിയെത്തുടർന്നുണ്ടായ പ്രത്യേക സാഹചര്യത്തിൽ ഇതിന്മേൽ കാര്യമായ തുടർനടപടികൾ കൈക്കൊണ്ടിട്ടില്ല. ബാംഗ്ലൂരിലെ NIMHANS (National Institute of Mental Health and Neuro Sciences), ന്യൂഡൽഹിയിലെ Institute of Human Behaviour and Allied Sciences തുടങ്ങിയ സ്ഥാപനങ്ങൾ സന്ദർശിച്ച് അതോടൊപ്പം രാജ്യാന്തരതലത്തിലുള്ള നല്ല മാതൃകകൾക്കൂടി

അവലംബിച്ചുകൊണ്ടുള്ള പ്ലാൻ തയ്യാറാക്കുന്നതിനുവേണ്ടിയാണ് ശ്രമിക്കുന്നത്. സമയബന്ധിതമായി ഈ മാസ്റ്റർപ്ലാൻ തയ്യാറാക്കി സമർപ്പിക്കണമെന്ന കർശന നിർദ്ദേശം കിറ്റ്കോയ്ക്ക് നൽകിയിട്ടുണ്ട്. ബഹുമാന്യനായ അംഗവും നല്ല രീതിയിൽ ഇത് സാധ്യമാക്കുന്നതിനുവേണ്ടി ഇടപെടുന്നുണ്ട്. ഇക്കാര്യം സംബന്ധിച്ചുള്ള തുടർനടപടി മോണിറ്റർ ചെയ്യുന്നതിനായി ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർക്ക് പ്രത്യേക ചുമതല നൽകിയിട്ടുണ്ട്. ഇതുകൂടാതെ NIMHANS മാതൃകയിൽ ദേശീയ നിലവാരത്തിലുള്ള ഇൻസ്റ്റിറ്റ്യൂട്ടായി ഈ സ്ഥാപനത്തെ ഉയർത്താൻ സാധിക്കുന്നവിധത്തിലുള്ള നടപടി സ്വീകരിക്കുന്നകാര്യം സർക്കാർ ഗൗരവമായി പരിശോധിക്കുന്നുണ്ട്.

(8) <u>മങ്കി പോക്സ് പ്രതിരോധം</u>

<u>ഡോ. സുജിത് വിജയൻപിള്ള</u>: സർ, ഇന്ത്യയിലെ ആദ്യത്തെ മങ്കി പോക്സ് അഥവാ കുരങ്ങുവസൂരി ജൂലൈ മാസം 12-ന് കൊല്ലത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടു. യു.എ.ഇ.-യിൽനിന്നും തിരുവനന്തപുരം എയർപോർട്ടുവഴി കൊല്ലത്തെത്തിയ പ്രവാസി സഹോദരനിലാണ് രോഗം സ്ഥിരീകരിച്ചത്. രാജ്യത്തെ രണ്ടാമത്തെ കേസ് റിപ്പോർട്ട് ചെയ്തത് കണ്ണൂർ ജില്ലയിലാണ്. അതും യു.എ.ഇ.-യിൽനിന്നും മംഗലാപുരം എയർപോർട്ടുവഴി

കണ്ണൂരിലെത്തിയ പ്രവാസി സഹോദരനിലാണ് സ്ഥിരീകരിച്ചത്. രോഗവ്യാപനം മനുഷ്യനിൽനിന്നും മനുഷ്യനിലേയ്ക്ക് ദീർഘ സമ്പർക്കത്തിലൂടെയോ രോഗി ഉപയോഗിക്കുന്ന വസ്ത്രങ്ങൾപോലുള്ള വസ്തുക്കൾ കൈമാറി ഉപയോഗിക്കുന്നതിലൂടെയോ ശ്രവത്തിലൂടെയോ ആണ് പകരുന്നത്. സമൂഹത്തിൽ വലിയരീതിയിൽ വ്യാപനം പ്രതീക്ഷിക്കുന്നില്ലെങ്കിൽപോലും ജാഗ്രത വേണം. ഈ രണ്ട് രോഗികളുടെയും സമ്പർക്ക പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; സമ്പർക്കത്തിൽപ്പെട്ടവരെ എങ്ങനെയാണ് നിരീക്ഷിക്കുന്നത്; രോഗബാധിതരായ വ്യക്തികളുടെ ആരോഗ്യനിലയെക്കുറിച്ച് ആശങ്കപ്പെടേണ്ട സാഹചര്യം ഇപ്പോഴുണ്ടോ; ഈ രണ്ട് വ്യക്തികളുടെയും കുടുംബങ്ങളുടെ മാനസികമായും മറ്റുമുള്ള സമാശ്വാസ നടപടിയുമായി എങ്ങനെയാണ് സർക്കാർ മുന്നോട്ടുപോകുന്നത്; രോഗവ്യാപനം തടയാനും ജനങ്ങളുടെ ആശങ്കയകറ്റാനും എടുത്ത നടപടി എന്തെല്ലാമാണ് തുടങ്ങിയ കാര്യങ്ങൾ വ്യക്തമാക്കണമെന്ന് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ഇന്ത്യയിലാദ്യമായി മങ്കി പോക്സ് സ്ഥിരീകരിച്ചത് 12-07-2022-ൽ ഷാർജയിൽ നിന്നെത്തിയ 34 വയസ്സുള്ള കേരളത്തിലെ

കൊല്ലം ജില്ലക്കാരനായ പുരുഷനിലാണ്. 2022 ജൂലൈ 13-ന് ദുബായിൽനിന്നും മംഗലാപുരം വിമാനത്താവളം വഴി കണ്ണൂർ ജില്ലയിലെത്തിയ 31 വയസ്സുള്ള വ്യക്തിക്കാണ് രണ്ടാമത്തെ പോസിറ്റീവ് കേസ് സ്ഥിരീകരിച്ചത്. ആലപ്പുഴ ജില്ലയിൽ ഒരു സസ്പെക്റ്റഡ് കേസുണ്ടായിരുന്നു. പക്ഷേ, അദ്ദേഹം നെഗറ്റീവാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതുകൂടാതെ കൊല്ലം ജില്ലയിൽത്തന്നെ മറ്റൊരാൾ സമാന ലക്ഷണങ്ങളോടെ വന്നിരുന്നെങ്കിലും അദ്ദേഹവും നെഗറ്റീവാണെന്ന് കണ്ടെത്തിയിട്ടുണ്ട്. നിലവിൽ പോസിറ്റീവായ രണ്ടുപേരുടെയും ആരോഗ്യസ്ഥിതി വളരെ സ്റ്റേബിളാണ്. അവർക്ക് മറ്റ് യാതൊരുവിധ ആരോഗ്യപ്രശ്നങ്ങളുമില്ല. മങ്കി പോക്സിന്റേതായ ചെറിയ പനി, ദേഹം വേദന തുടങ്ങിയ ലക്ഷണങ്ങൾ മാത്രമാണുള്ളത്. മങ്കി പോക്സ് അഥവാ വാനരവസൂരി ഒരു ജന്തുജന്യ രോഗമാണ്. ഓർത്തോപോക്സ് വിഭാഗത്തിൽപ്പെട്ട ഡി.എൻ.എ. വൈറസാണ് രോഗത്തിന് കാരണമാകുന്നത്. ഇതിന്റെ രോഗലക്ഷണങ്ങൾ വസൂരിക്ക് സമാനമാണെങ്കിലും രോഗതീവ്രത കുറവാണ്. രോഗാണു ശരീരത്തിൽ പ്രവേശിച്ച് രോഗലക്ഷണം ശരീരത്തിൽ പ്രത്യക്ഷപ്പെടാനുള്ള സമയമാണ് ഇൻക്യുബേഷൻ പിരീഡ്. രോഗത്തിന്റെ ഇൻക്യുബേഷൻ കാലയളവ് 21 ദിവസംവരെ നീണ്ടുനിൽക്കാം. ഒന്ന് മുതൽ അഞ്ച് ദിവസം വരെ

നീണ്ടുനിൽക്കുന്ന പനി, തീവ്രമായ തലവേദന, ലസിക ഗ്രന്ഥികളുടെ വീക്കം, പുറംവേദന, പേശീവേദന, ക്ഷീണം തുടങ്ങിയവയാണ് ആദ്യഘട്ടത്തിലുള്ള രോഗലക്ഷണങ്ങൾ. രണ്ടാംഘട്ടത്തിൽ തിണർപ്പ് മുഖത്തും കൈപ്പത്തികളിലും ഉള്ളംകാലുകളിലുമാണ് മുഖ്യമായും പ്രത്യക്ഷപ്പെടുന്നത്. ഇതുകൂടാതെ വായിലും ജനനേന്ദ്രിയങ്ങളിലും കണ്ണിലും റാഷസ് കണ്ടുവരാറുണ്ട്. പിന്നീട് ഈ തിണർപ്പ് വിവിധ ഘട്ടങ്ങളിലൂടെ മാക്യൂൾ, പാപ്യൂൾ, വെസിക്കിൾ, വെസ്റ്റ്യൂൾ കടന്ന് അവസാനം കരിഞ്ഞുണങ്ങി പുറന്തൊലി ഇളകിവരുന്നു. പ്രധാനപ്പെട്ട കാര്യം കുമിളകൾ കരിഞ്ഞുണങ്ങി അടർന്നുപോയി പുതിയ തൊലി വരുന്നതുവരെയുള്ള കാലയളവിൽ മറ്റുള്ളവരിലേയ്ക്ക് രോഗം പടരാൻ സാധ്യതയുണ്ട് എന്നതാണ്. മങ്കി പോക്സ് ഒരു ജന്തുജന്യ രോഗമായതിനാൽ മൃഗങ്ങളിൽനിന്നും മനുഷ്യരിലേക്കും മനുഷ്യരിൽനിന്നും മനുഷ്യരിലേക്കും പകരാം. ജീവനുള്ളതോ ചത്തതോ ആയ മൃഗങ്ങളുമായി നേരിട്ടോ അല്ലാതെയോ ഉള്ള സമ്പർക്കത്തിലൂടെ വൈറസ് മനുഷ്യരിലേയ്ക്ക് പകരാം. മൃഗങ്ങളുടെ കടി, പോറൽ, വന്യമൃഗങ്ങളുടെ മാംസം കൈകാര്യം ചെയ്യൽ, രോഗബാധയുള്ള മൃഗം അല്ലെങ്കിൽ അവയുടെ ശരീരസ്രവങ്ങളുമായി നേരിട്ടുള്ള സമ്പർക്കം, പരോക്ഷ സമ്പർക്കം, രോഗം ബാധിച്ച മൃഗത്തിന്റെ മാംസം ശരിയായ രീതിയിൽ പാകം ചെയ്യാതിരിക്കുക

തുടങ്ങിയവയിലൂടെ രോഗം മനുഷ്യരിലേയ്ക്ക് പകരാം. മനുഷ്യരിൽനിന്നും മനുഷ്യരിലേയ്ക്ക് രോഗം മുഖ്യമായും പകരുന്നത് നേരിട്ടുള്ള സമ്പർക്കംമൂലമുണ്ടാകുന്ന ശ്വസനശ്രവ തുള്ളികളിലൂടെയാണ്. ഇതുകൂടാതെ രോഗബാധിതനായ വ്യക്തിയുടെ ശരീരശ്രവങ്ങളുമായോ രോഗി ഉപയോഗിച്ച വസ്തുക്കളുമായോ കിടക്ക, വസ്ത്രങ്ങൾ, പാത്രങ്ങൾ എന്നിവയുമായി നേരിട്ട് സമ്പർക്കം പുലർത്തുന്നതിലൂടെയോ മങ്കി പോക്സ് വരാം. ലൈംഗികബന്ധത്തിലൂടെയും രോഗം പകരുന്നതായും യൂറോപ്യൻ രാജ്യങ്ങളിൽനിന്നുള്ള റിപ്പോർട്ടുകൾ വ്യക്തമാക്കുന്നുണ്ട്. യൂറോപ്യൻ രാജ്യങ്ങളിൽ മങ്കി പോക്സ് പടർന്നുപിടിച്ചതിനെത്തുടർന്ന് ഇന്ത്യയിലും പൊതുജാഗ്രതാ നിർദ്ദേശമുണ്ടായിരുന്നു. ആ ഘട്ടത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും മേയ് മാസത്തിൽതന്നെ ജാഗ്രതാ നിർദ്ദേശവും അതുസംബന്ധിച്ച മാർഗ്ഗരേഖ അയച്ചുനൽകുകയും നിരീക്ഷണം ശക്തിപ്പെടുത്തുകയും ചെയ്തു. ആദ്യം റിപ്പോർട്ട് ചെയ്ത കേസിന്റെ രണ്ട് കോൺടാക്റ്റ്സാണ് ഏറ്റവും അടുത്ത പ്രൈമറി കോൺടാക്റ്റ്സ്. അത് അമ്മയും ബ്രദർ-ഇൻ-ലായുമാണ്. രണ്ടുപേരുടെയും സാമ്പിളുകൾ പരിശോധിച്ചത് നെഗറ്റീവാണ്. വിമാനത്തിലുണ്ടായിരുന്നവർ, ഒപ്പം യാത്ര ചെയ്തവർ, ക്യാബിൻ ക്രൂ, വിമാനത്താവളത്തിലെത്തി സമ്പർക്കമുണ്ടായവർ

എന്നിവരെയെല്ലാം ഈ രണ്ടുകേസിലും ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. അതുപോലെ ആദ്യംപോയ ആശുപത്രികളിൽ പരിശോധിച്ച ഡെർമറ്റോളജിസ്റ്റുകൾ, ആരോഗ്യ പ്രവർത്തകർ ഉൾപ്പെടെയുള്ള എല്ലാ കോൺടാക്റ്റ്സും ഐഡന്റിഫൈ ചെയ്ത് അവരുടെ സമ്പർക്കം വേർതിരിച്ചിട്ടുണ്ട്; കൂടാതെ പ്രൈമറി കോൺടാക്റ്റ്സ്, സെക്കണ്ടറി കോൺടാക്റ്റ്സ് എന്നിങ്ങനെയും സമ്പർക്കം വേർതിരിച്ചിട്ടുണ്ട്. ആദ്യം ടെസ്റ്റുചെയ്ത ഏറ്റവുമടുത്ത് സമ്പർക്കമുള്ള ആളുകളുടെ സാമ്പിളുകൾ നെഗറ്റീവാണെന്നുള്ളതുകൂടി സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. വൈറസിന്റെ വേരിയന്റ് വെസ്റ്റ് ആഫ്രിക്കൻ സ്റ്റെയിൻ ആണെന്നാണ് കണ്ടെത്തിയിരിക്കുന്നത്. ഇതിന് താരതമ്യേന പകർച്ച കുറവാണ്. അതുപോലെ മരണനിരക്ക് ഒന്ന് മുതൽ മൂന്ന് ശതമാനംവരെ മാത്രമാണ്. കോംഗോ വേരിയന്റ് 10 ശതമാനംവരെയാണെങ്കിൽ വെസ്റ്റ് ആഫ്രിക്കൻ സ്റ്റെയിൻ ഒന്ന് മുതൽ മൂന്ന് ശതമാനം വരെയാണ്. അതായത് മരണനിരക്ക് കുറവാണ്. മങ്കി പോക്സുമായി ബന്ധപ്പെട്ട് എല്ലാ മുൻകരുതലുകളും ആരോഗ്യ വകുപ്പ് സ്വീകരിച്ചിരുന്നു. ആവശ്യമായ ഉപദേശങ്ങളും നിർദ്ദേശങ്ങളും ജില്ലകൾക്ക് നൽകുകയുണ്ടായി. സംസ്ഥാനതല അഡ്വൈസറിയും സർവൈലൻസ് ആക്ഷൻ പ്ലാനും തയ്യാറാക്കി രോഗ നിരീക്ഷണ

പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി. രോഗം സംശയിക്കപ്പെട്ട വിവരം SSU (Short Stay Unit)-ൽനിന്നും ലഭിച്ച ഉടൻതന്നെ കൊല്ലം ജില്ലയിലും കണ്ണൂർ ജില്ലയിലും അറിയിച്ച് രോഗ നിരീക്ഷണവും സമ്പർക്കമുള്ളവരെ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങളും തുടങ്ങിയിരുന്നു. എൻ.ഐ.വി. പൂനെയിൽനിന്നും രോഗസ്ഥിരീകരണ റിപ്പോർട്ട് ലഭിച്ചയുടൻതന്നെ റാപ്പിഡ് റെസ്പോൺസ് ടീം (RRT) യോഗം ചേർന്നു. ആദ്യ മീറ്റിംഗിൽ സംസ്ഥാന മെഡിക്കൽ ബോർഡ് അംഗങ്ങൾ, അഞ്ച് തെക്കൻ ജില്ലകളിൽനിന്നുള്ള ഡി.എം.ഒ.-മാർ തുടങ്ങിയവർ പങ്കെടുത്തു. പിന്നീട് എല്ലാ ജില്ലകളിലെയും ഡി.എം.ഒ.-മാർ, ഡി.പി.എം.-മാർ, ഡി.എസ്.ഒ.-മാർ സംസ്ഥാന പൊതുജനാരോഗ്യ ടീം അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു. ആശാവർക്കർമാർവഴി ഗൃഹസന്ദർശനം നടത്തി രോഗനിരീക്ഷണം നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. സമ്പർക്ക പട്ടികയിലുള്ള എല്ലാവരുടെയും രോഗനിരീക്ഷണം ദിവസവും ഫോണിലൂടെ രണ്ടുതവണ നടത്തുന്നുണ്ട്. ലക്ഷണങ്ങളുള്ളവരെ ജില്ലയിലെ നിയുക്ത ആശുപത്രികളിലേയ്ക്ക് മാറ്റുകയും കർശനമായി ഐസൊലേഷനിൽ നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്. നാല് അന്താരാഷ്ട്ര വിമാനത്താവളങ്ങളിലും പ്രത്യേകം ഹെൽപ്പ് ഡെസ്ക് തയ്യാറാക്കിയിട്ടുണ്ട്. കോവിഡ്

പശ്ചാത്തലത്തിൽ അവിടെ നേരത്തേതന്നെ തെർമൽ സ്കാനിംഗുണ്ട്. അങ്ങനെ സ്കാൻ ചെയ്യുന്നവർക്ക് ഹൈ ഫീവർ ടെമ്പറേച്ചറുണ്ടെങ്കിൽ റാഷസുണ്ടോയെന്ന് പരിശോധിക്കാനായി ഈ ഹെൽപ്പ് ഡെസ്കിൽ സഹായമുണ്ടാകും. രോഗലക്ഷണമുള്ളവരെ പ്രവേശിപ്പിക്കുന്നതിനായി എല്ലാ ജില്ലകളിലും പ്രത്യേകം ആശുപത്രികൾ സജ്ജമാക്കിയിട്ടുണ്ട്. എൻ.ഐ.വി. പൂനെയിലായിരുന്നു സാമ്പിളുകൾ പരിശോധിക്കാൻ അയച്ചിരുന്നത്. ഇന്നലെ മുതൽ ആലപ്പുഴ എൻ.ഐ.വി.-യുടെ ലാബിൽ പരിശോധനാ സൗകര്യമൊരുക്കിയിട്ടുണ്ട്. അനുമതി ലഭിക്കുന്നമുറയ്ക്ക് സംസ്ഥാനത്തുതന്നെ നാല് പ്രധാനപ്പെട്ട ലാബുകളിൽക്കൂടി ഇവയുടെ പരിശോധന നടത്താൻ കഴിയുന്നതോടെ കാലതാമസം ഒഴിവാക്കാൻ സാധിക്കും. ജില്ലയിൽ ഐസൊലേഷൻ സൗകര്യം ആശുപത്രികളിൽ തയ്യാറാക്കിയിട്ടുണ്ട്. ഡോക്ടർമാർ, നഴ്സുമാർ, മറ്റ് ആരോഗ്യ പ്രവർത്തകർ എന്നിവർക്ക് മികച്ച പരിശീലനം നൽകിയിരുന്നു. പൊതുജനങ്ങളുടെ ആശങ്ക ഒഴിവാക്കാനാവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. സംസ്ഥാന മാസ് മീഡിയ വിഭാഗവും ജില്ലാ മാസ് മീഡിയ വിഭാഗവും ബോധവൽക്കരണ സാമഗ്രികൾ തയ്യാറാക്കുകയും സമൂഹ മാധ്യമങ്ങൾ ഉൾപ്പെടെയുള്ള മാധ്യമങ്ങൾവഴി ഇവ പ്രചരിപ്പിക്കുകയും ചെയ്യുന്നുണ്ട്. ദിശാ

കാൾ സെന്റർ ടീമിലെ അംഗങ്ങൾക്ക് ബോധവൽക്കരണം നൽകി ഡോക്ടർമാർ ഉൾപ്പെടെയുള്ള ആരോഗ്യപ്രവർത്തകർക്ക് പരിശീലനം നൽകിയിട്ടുണ്ട്. ത്വക്ക്രോഗ വിദഗ്ധർ, ആയുഷ് ഡോക്ടർമാർ തുടങ്ങിയവർക്കും എല്ലാ ജില്ലകളിലെയും ആരോഗ്യപ്രവർത്തകർക്കും പൊതുജനങ്ങൾക്കും ബോധവൽക്കരണം നൽകിയിട്ടുണ്ട്. രോഗലക്ഷണങ്ങളുള്ള അന്താരാഷ്ട്ര യാത്രക്കാർ ഉൾപ്പെടെയുള്ളവർക്ക് 14 ജില്ലകളിലും ഐസൊലേഷൻ സൗകര്യം ഉറപ്പാക്കിയിട്ടുണ്ട്. ഐസൊലേഷനിലുള്ളവർക്ക് പനിയുണ്ടെങ്കിൽ കോവിഡ് പരിശോധന നടത്തി കോവിഡ് പോസിറ്റീവ് അല്ലെന്ന് ഉറപ്പാക്കി മങ്കി പോക്സ് പരിശോധനയ്ക്കായി സാമ്പിൾ അയയ്ക്കുന്നതിനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. സംസ്ഥാനതലത്തിലും എല്ലാ ജില്ലകളിലും ഇതിനായി പ്രത്യേക നോഡൽ ഓഫീസർമാരുണ്ട്. സംസ്ഥാനതലത്തിൽ രോഗനിരീക്ഷണത്തിനായി കൺട്രോൾ റൂം സജ്ജമാക്കി നോഡൽ ഓഫീസറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. രോഗസാധ്യത കൂടുതലുള്ള എമിഗ്രേഷൻ വിഭാഗം, ബാഗേജ് കൈകാര്യം ചെയ്യുന്ന ജീവനക്കാർ തുടങ്ങിയവരുടെ സമ്പർക്ക വിവരങ്ങൾ ശേഖരിക്കാൻ എയർപോർട്ട് അതോറിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ കേസിൽ അതും വളരെ

പ്രധാനപ്പെട്ടതാണ്. സംസ്ഥാനത്ത് മങ്കി പോക്സ് സ്ഥിരീകരിച്ച സാഹചര്യത്തിൽ മങ്കി പോക്സ് ബാധിച്ചതായി സംശയിക്കുന്നതും സാധ്യതയുള്ളതുമായ രോഗികളുടെ ഐസോലേഷൻ, സാമ്പിൾ കളക്ഷൻ, പരിശോധന, ചികിത്സ, കോൺടാക്റ്റ് ട്രേസിംഗ് തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച് ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യുവർ സംസ്ഥാന സർക്കാരിന്റെ ആരോഗ്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. അതനുസരിച്ചുള്ള നിർദ്ദേശങ്ങൾ എല്ലാ ജില്ലകളിലേയ്ക്കും നൽകിയിട്ടുണ്ട്. ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും ആശങ്കകൾ ദൂരീകരിക്കുന്നതിനും ബഹുമാനപ്പെട്ട അംഗങ്ങളുടെ സഹകരണം അഭ്യർത്ഥിക്കുകയാണ്. വിമാനങ്ങളിലുണ്ടായിരുന്ന മറ്റ് സംസ്ഥാനങ്ങളിലുള്ളവർ, തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലുള്ളവർ, ക്യാബിൻ ക്രൂ എന്നിവരുടെ സംസ്ഥാനങ്ങളിലെ അതോറിറ്റികളെ ഇക്കാര്യം അറിയിച്ചിട്ടുണ്ട്.

(9) മഞ്ചേശ്വരത്തെ സർക്കാർ ആശുപത്രികൾ

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ മംഗൽപാടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, മഞ്ചേശ്വരം സി.എച്ച്.സി., കുമ്പള സി.എച്ച്.സി. എന്നിവിടങ്ങളിൽ ഡോക്ടർമാരുടെയുൾപ്പെടെ ആവശ്യമായ തസ്തികകൾ അനുവദിച്ചും

അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തിയും പൊതുജനങ്ങൾക്ക് മികച്ച ചികിത്സ ലഭ്യമാക്കുന്നതിനുവേണ്ടിയാണ് സബ്മിഷൻ ഉന്നയിക്കുന്നത്. കെട്ടിടത്തിന്റെ അഭാവംമൂലം മംഗൽപാടിയിൽ സ്ഥിതിചെയ്യുന്ന താലൂക്ക് ആസ്ഥാന ആശുപത്രിയുടെ പ്രവർത്തനം സുഗമമായി നടക്കുന്നില്ല. പ്രസ്തുത ആശുപത്രിയിൽ അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി 2019-ൽ കിഫ്ബിയിൽനിന്നും 16 കോടി രൂപ അനുവദിച്ചിട്ടുണ്ട്. മൂന്നുനില കെട്ടിടമാണ് വിഭാവന ചെയ്തിട്ടുള്ളത്. ദേശീയ പാതയോരത്ത് സ്ഥിതിചെയ്യുന്ന പ്രസ്തുത ആശുപത്രിക്ക് പരിമിതമായ സ്ഥലമാണുള്ളത്. ഈ ആശുപത്രിയുടെ ഭാവിവികസനംകൂടി മുന്നിൽക്കണ്ട് ഏഴ് നില കെട്ടിടമാണ് അഭികാമ്യം. ആയതിനാൽ കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്ന ഈ കെട്ടിടം ഏഴ് നിലകളോടുകൂടി നിർമ്മിക്കുന്നത് ആശുപത്രിയുടെ ഭാവിവികസനത്തിന് ഗുണകരമായിരിക്കും. ഇതിന് വേണ്ടിവരുന്ന 50 കോടി രൂപ അനുവദിക്കേണ്ടതുണ്ട്. മാത്രമല്ല, താലൂക്ക് ആസ്ഥാന ആശുപത്രിയായ ഇവിടെ പീഡിയാട്രിക്, ഗൈനക്കോളജി, ഇ.എൻ.ടി., ഡെന്റൽ, കാർഡിയോളജി, നെഫ്രോളജി, ഒഫ്ത്താൽമോളജി തുടങ്ങിയ വിഭാഗങ്ങളിൽ തസ്തിക അനുവദിച്ച് നിയമനം നടത്താൻ നടപടിയുണ്ടാകണം.

രോഗനിർണ്ണയത്തിനായി സ്കാനിംഗ്, എക്സ്-റേ സൗകര്യങ്ങൾ ഏർപ്പെടുത്തണം. മഞ്ചേശ്വരം സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ അവസ്ഥ വളരെ ശോചനീയമാണ്. അവിടെ മതിയായ കെട്ടിടങ്ങളില്ല. ഈ കേന്ദ്രം കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയപ്പോൾ ലഭിച്ച തുക ഇതുവരെ പൂർണ്ണമായി വിനിയോഗിച്ചിട്ടില്ല. ഇവിടത്തെ ഗൈനക്കോളജിസ്റ്റും പീഡിയാട്രീഷ്യനും വർക്ക് അറേഞ്ച്മെന്റിൽ മറ്റ് ആശുപത്രിയിലാണ് സേവനം നടത്തുന്നത്. കുമ്പള സാമൂഹികാരോഗ്യ കേന്ദ്രത്തിന് നല്ല കെട്ടിടം ആവശ്യമാണ്. നിലവിൽ ഇവിടെ കിടത്തി ചികിത്സയ്ക്ക് സൗകര്യമില്ല. അതുകൊണ്ട് ആവശ്യമായ ഡോക്ടർമാരെയും നഴ്സിംഗ് സ്റ്റാഫിനെയും നിയമിക്കാനും കിടത്തി ചികിത്സ ആരംഭിക്കാനും ഗൈനക്കോളജി, പീഡിയാട്രിക് വിഭാഗങ്ങളിൽ ഡോക്ടർമാരെ നിയമിക്കാനും നടപടിയുണ്ടാകണം. മഞ്ചേശ്വരം മണ്ഡലത്തിലുള്ള തീരപ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികളും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളും ഉൾപ്പെടെ ആയിരക്കണക്കിന് രോഗികൾ ആശ്രയിക്കുന്ന മംഗൽപാടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, മഞ്ചേശ്വരം സി.എച്ച്.സി., കുമ്പള സി.എച്ച്.സി. എന്നിവയുടെ ശോച്യാവസ്ഥയ്ക്ക് പ്രത്യേക പാക്കേജിലൂടെ പരിഹാരം കാണണമെന്ന് ആവശ്യപ്പെടുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, കാസർഗോഡ് ജില്ലയിലെ ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വളരെ പ്രാധാന്യത്തോടുകൂടിയാണ് സർക്കാർ കാണുന്നത്. ഒരു താലൂക്ക് ആശുപത്രിയുടെയും രണ്ട് സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടെയും കാര്യമാണ് ബഹുമാന്യനായ അംഗം സൂചിപ്പിച്ചിരിക്കുന്നത്. ദീർഘമായ മറുപടിയായതിനാൽ പ്രധാനപ്പെട്ട കാര്യങ്ങൾ മാത്രം സൂചിപ്പിച്ചുകൊണ്ട് ബാക്കിയുള്ളവ മേശപ്പുറത്തുവയ്ക്കുന്നു.+ ആദ്യം പറഞ്ഞ മഞ്ചേശ്വരം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ 38 സ്ഥിരം ജീവനക്കാരുടെ അംഗീകൃത തസ്തികകളാണുള്ളത്. ഡോക്ടർമാരുടെ ഒഴിവുകളില്ല. ഗൈനക്കോളജിസ്റ്റിന്റെ കാര്യത്തിൽ, മാനദണ്ഡപ്രകാരം സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ പ്രസവ ചികിത്സ വിഭാവനം ചെയ്യാത്തതിനാൽ, കാസർഗോഡ് ജില്ലയിൽ ഗൈനക്കോളജിസ്റ്റിന്റെ കുറവ് പരിഗണിച്ചും നിലവിലുള്ള ഗൈനക്കോളജി ജൂനിയർ കൺസൾട്ടന്റിനെ ജില്ലയിലെതന്നെ ജില്ലാ ആശുപത്രിയിലേയ്ക്കാണ് ജോലി ക്രമീകരണാടിസ്ഥാനത്തിൽ മാറ്റിയിട്ടുള്ളത്. ഈ ആശുപത്രിക്കായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി 3.7 കോടി രൂപയുടെ അനുമതി നൽകുകയും പൊതുമരാമത്ത് വകുപ്പ് കെട്ടിട

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

വിഭാഗം നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തുടർനടപടി സ്വീകരിച്ചുവരികയുമാണ്. ആർദ്രം മിഷന്റെ ഭാഗമായി മഞ്ചേശ്വരം റവന്യൂ ബ്ലോക്കിൽനിന്നും മഞ്ചേശ്വരം സി.എച്ച്.സി.-യെ 20-03-2020-ലെ സർക്കാർ ഉത്തരവുപ്രകാരം ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മുപ്പത്തിയേഴ് ലക്ഷത്തി അൻപതിനായിരം രൂപ അനുവദിച്ച് നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. കുമ്പള സാമൂഹികാരോഗ്യ കേന്ദ്രത്തിൽ 41 ജീവനക്കാരുടെ സ്ഥിരം തസ്തികകളാണുള്ളത്. കൂടാതെ എൻ.എച്ച്.എം. മുഖാന്തരം ഒരു ഫാർമസിസ്റ്റിന്റെ സേവനംകൂടി ലഭ്യമാക്കിയിട്ടുണ്ട്. ഈ ആശുപത്രിയിലെ ഒ.പി. 165-ഉം ഐ.പി. 3-ഉം ആണ്. 01-08-2021-ലെ സർക്കാർ ഉത്തരവുപ്രകാരം ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുള്ള ഈ ആശുപത്രിയുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി പുതിയ കെട്ടിടം നിർമ്മിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലാണ്. മംഗൽപാടി താലൂക്കാശുപത്രിയിൽ ദിവസേന എഴുന്നൂറോളം രോഗികൾക്കാണ് ഒ.പി./കാഷ്വാലിറ്റി സേവനം ലഭ്യമാക്കിവരുന്നത്. 24 കിടക്കകളുള്ള ഈ ആശുപത്രിയിൽ പ്രതിദിന ശരാശരി ഐ.പി. 20-ഉം

ജീവനക്കാരുടെ സ്ഥിരം തസ്തികകൾ 56-ഉം ആണ്. ഡോക്ടർമാർ, നഴ്സിംഗ് സ്റ്റാഫ് തുടങ്ങിയ തസ്തികകളിലുള്ള ഒഴിവുകൾ അഡ്ഹോക്ക് വ്യവസ്ഥയിലുള്ള നിയമനംമൂലവും എൻ.എച്ച്.എം. മുഖാന്തരവും നികത്തിയിട്ടുണ്ട്. എൻ.എച്ച്.എം. മുഖാന്തരം ഒരു അസിസ്റ്റന്റ് സർജന്റെയും ഒരു കാഷ്വാലിറ്റി മെഡിക്കൽ ഓഫീസറുടെയുമുൾപ്പെടെ 5 താൽക്കാലിക ജീവനക്കാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, അഡ്ഹോക്ക് വ്യവസ്ഥയിൽ 11 താൽക്കാലിക ജീവനക്കാരുടെയും ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി മുഖാന്തരം രണ്ട് ജീവനക്കാരുടെയും സേവനം ലഭ്യമാക്കുന്നുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പുതിയ കെട്ടിടത്തിന്റെ മാസ്റ്റർ പ്ലാൻ പ്രകാരമുള്ള നിർമ്മാണത്തിനായി 13.74 കോടി രൂപയുടെ അനുവാദം നൽകിയിരുന്നു; ഇതിന് കിഫ്ബി ഫിനാൻഷ്യൽ സാംഗ്ഷനും നൽകിയിട്ടുണ്ട്. മൂന്ന് നിലകളിലായുള്ള നിർമ്മാണ പ്രവൃത്തികൾക്കുള്ള സാമ്പത്തികാനുമതിയാണ് കിഫ്ബിയിൽനിന്നും ലഭ്യമായിട്ടുള്ളത്. ഇതിനനുസരിച്ചുള്ള പ്ലാൻ തയ്യാറാക്കി ടെക്നിക്കൽ സാംഗ്ഷനുവേണ്ടിയുള്ള നടപടി അന്തിമമായിട്ടുണ്ട്. ടെക്നിക്കൽ സാംഗ്ഷൻ ലഭ്യമായാലുടൻതന്നെ ടെണ്ടർ നടപടി പൂർത്തിയാക്കി നിർമ്മാണം തുടങ്ങാവുന്നതാണ്.

## (10) ഹജ്ജ് തീർത്ഥാടനം

ശ്രീ. എം. നൗഷാദ്: സർ, സ്വകാര്യ ഏജൻസികൾവഴി ഹജ്ജ് കർമ്മത്തിന് പോകുന്ന വിശ്വാസികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ചും അതിൽ സർക്കാർ ഇടപെടേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചുമാണ് സബ്മിഷൻ ഉന്നയിക്കുന്നത്. ഹജ്ജിന് പോകുന്നവരിൽ 70 ശതമാനം തീർത്ഥാടകരും കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിവഴിയാണ് പോകുന്നത്. ബാക്കി 30 ശതമാനം സ്വകാര്യ ഏജൻസികൾവഴിയാണ് പോകുന്നത്. ഹജ്ജ് കമ്മിറ്റികൾവഴി പോകുന്നവർക്ക് യാതൊരു ബുദ്ധിമുട്ടുകളുമുണ്ടാകുന്നില്ല. അവരെല്ലാം സന്തോഷമായി ഹജ്ജ് കർമ്മത്തിൽ പങ്കെടുത്ത് തിരിച്ചുവരുന്നു. എന്നാൽ, സ്വകാര്യ ഏജൻസികൾവഴി പോകുന്നവർക്ക് വ്യാപകമായ പരാതികളാണുള്ളത്. ഹജ്ജ് കമ്മിറ്റിവഴി പോകുന്നതിനേക്കാൾ ഇരട്ടിയിലധികം തുകയാണ് സ്വകാര്യ ഏജൻസികൾ ഈടാക്കുന്നത്. ഹജ്ജ് കമ്മിറ്റി ഡയറക്ട് ഫ്ലൈറ്റാണ് അറേഞ്ച് ചെയ്യുന്നതെങ്കിൽ സ്വകാര്യ ഏജൻസികൾ കണക്ഷൻ ഫ്ലൈറ്റുകളാണ് അറേഞ്ച് ചെയ്യുന്നത്. ശ്വാസം വിടാൻപോലും കഴിയാത്തതരത്തിലുള്ള ടെന്റുകളിൽ ഡോർമെട്രികളേക്കാൾ കഷ്ടമായ തരത്തിലുള്ള താമസസൗകര്യമാണ് ഒരുക്കുന്നത്. ഇരുന്നൂറും ഇരുന്നൂറ്റി അൻപതുംപേർക്ക്

ഒരു ടോയ്‌ലറ്റ് മാത്രമാണ് ഏർപ്പാട് ചെയ്യുന്നത്. ഭക്ഷണവും കുടിവെള്ളവും കൃത്യമായി ലഭ്യമാക്കുന്നില്ല. പാക്കേജായാണ് കൊണ്ടുപോകുന്നതെങ്കിലും അവിടെ ചെന്നതിനുശേഷം മറ്റ് പുണ്യസ്ഥലങ്ങൾ സന്ദർശിക്കുന്നതിന് അധികതുക ഈടാക്കുകയാണ്. വളരെ നിരുത്തരവാദപരമായ സമീപനമാണ് സ്വകാര്യ ടൂർ ഓപ്പറേറ്റർമാർ ഹജ്ജ് കർമ്മത്തിന് പോകുന്നവരോട് ചെയ്തുകൊണ്ടിരിക്കുന്നത്. കൃത്യമായി എല്ലാംചെയ്യുന്ന വളരെ ചുരുക്കം സ്വകാര്യ ഏജൻസികളുണ്ട്, ഇല്ലെന്ന് പറയുന്നില്ല. എല്ലാ വർഷവും ഹജ്ജ് കർമ്മത്തിന് പതിനായിരക്കണക്കിന് പേരാണ് കേരളത്തിൽനിന്നും പോകുന്നത്. സ്വകാര്യ ഏജൻസികൾക്ക് ലൈസൻസ് നൽകുന്നത് കേന്ദ്ര ഹജ്ജ് കമ്മിറ്റിയാണ്. (....ബഹളം....) സ്വകാര്യ ഏജൻസികളെക്കുറിച്ച് പറയുമ്പോൾ ശ്രീ. പി. കെ. ബഷീറിന് എന്തിനാണ് ഇത്ര ക്രോധമുണ്ടാകുന്നത്?

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, (....മൈക്ക് ഓഫ്....)..... (....ബഹളം....)

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്....., പ്ലീസ്.., ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിലിരിക്കണം.

<u>ശ്രീ. എം. നൗഷാദ്</u>: സർ, എനിക്ക് ലഭിച്ച പരാതിയിൽ അപ്പുറത്തുള്ളവർ എന്തിനാണ് ഇടപെടുന്നത്; ഇതിന്റെ ഏജൻസികൾ

നിങ്ങളാണോ? ഹജ്ജിന് കൊണ്ടുപോകുന്നവരെ ബുദ്ധിമുട്ട് അനുഭവിപ്പിക്കുന്ന ഏജൻസികളെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. അതിന് ഇങ്ങനെ ഇടപെടാൻ വന്നാൽ എങ്ങനെയാണ്? അതുകൊണ്ട്, ലൈസൻസുള്ള ഏജൻസികൾ ഏതെല്ലാമാണ്, അവർ കൊണ്ടുപോകുന്ന തീർത്ഥാടകരുടെ വിവരങ്ങൾ, എവിടെയൊക്കെയാണ് താമസസൗകര്യവും ഭക്ഷണസൗകര്യവും ഏർപ്പെടുത്തിയിരിക്കുന്നത് മുതലായ വിവരങ്ങൾ സംസ്ഥാന സർക്കാരിനെ അറിയിക്കാൻവേണ്ടിയുള്ള ഇടപെടൽ സർക്കാർ നടത്തണം. ഈ സബ്മിഷൻ ഉന്നയിച്ചപ്പോൾ പലർക്കും പൊള്ളുമെന്ന് ഞാൻ പ്രതീക്ഷിച്ചില്ല. മറ്റൊന്ന്, ഹജ്ജ് കമ്മിറ്റിക്ക് വോളന്റിയർമാരുണ്ട്, എന്നാൽ സ്വകാര്യ ഏജൻസികൾക്ക് വോളന്റിയർമാരില്ല. ഹജ്ജ് കമ്മിറ്റിയുടെ വോളന്റിയർമാരെ ഇവർക്കുകൂടി കൊടുക്കാൻ കഴിയുമോയെന്ന് പരിശോധിക്കണം. വിശ്വാസികളെ ചൂഷണം ചെയ്യുന്നവർക്കെതിരെ ശക്തമായ നിയമനടപടി സ്വീകരിക്കണം. ഹജ്ജ് കർമ്മത്തിന് കൊണ്ടുപോകുന്നത് സുതാര്യമായി നടത്തുന്നതിന് സർക്കാർ അടിയന്തരമായി ഇടപെടണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, 2022-ലെ ഹജ്ജ് തീർത്ഥാടനവുമായി

ബന്ധപ്പെട്ട് സ്വകാര്യ ഹജ്ജ് ഗ്രൂപ്പുകളിൽ യാത്ര ചെയ്തവർക്ക് താമസം, ഭക്ഷണം, മറ്റ് അവശ്യസേവനങ്ങൾ എന്നിവ ലഭിക്കുന്നതിൽ വളരെയധികം ബുദ്ധിമുട്ടുകൾ നേരിടേണ്ടിവന്നതുമായി ബന്ധപ്പെട്ട പരാതികൾ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം സബ്മിഷൻ ഉന്നയിച്ചത്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കുന്ദമംഗലം എം.എൽ.എ.-യും സംസ്ഥാന ഹജ്ജ് കമ്മിറ്റി അംഗവുമായ ശ്രീ. പി. ടി. എ. റഹീമും പരാതി നൽകിയിട്ടുണ്ട്. സ്വകാര്യ ടൂർ ഓപ്പറേറ്റർമാർ മുഖേന ഹജ്ജിന് പോകുന്നവരുടെ സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിന് പ്രത്യേക സംവിധാനമൊരുക്കണമെന്ന് അദ്ദേഹവും ആവശ്യപ്പെട്ടിട്ടുണ്ട്. രാജ്യത്തിന് ലഭിക്കുന്ന ഹജ്ജ് ക്വാട്ടയുടെ 30% സ്വകാര്യ ഗ്രൂപ്പുകൾക്കായി കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം എല്ലാ ഹജ്ജ് സീസണിലും മാറ്റിവയ്ക്കാറുണ്ട്. 70% ക്വാട്ട അതാത് സംസ്ഥാന ഹജ്ജ് കമ്മിറ്റികൾ നിശ്ചയിച്ച് നൽകുന്നു. കേന്ദ്ര ഗവൺമെന്റാണ് യോഗ്യരായ ഹജ്ജ് ഗ്രൂപ്പുകളെ കണ്ടെത്തുന്നത്. സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ സേവനം താരതമ്യം ചെയ്യുമ്പോൾ സ്വകാര്യ ഹജ്ജ് ഗ്രൂപ്പുകൾ വഴിയുള്ള സേവനത്തിന്റെ കുറവുകൾ ചുവടെ പറയും പ്രകാരമാണ്.

1. സംസ്ഥാന ഹജ്ജ് കമ്മിറ്റിവഴി പോകുന്നതിനേക്കാൾ രണ്ടോ മൂന്നോ ലക്ഷം രൂപ കൂടുതലാണ് സ്വകാര്യ ഹജ്ജ് കമ്പനികൾ ഈടാക്കുന്നത്.

പ്രീമിയം കാറ്റഗറിയാണെങ്കിൽ 10 ലക്ഷം രൂപ മുതൽ 12 ലക്ഷം രൂപവരെ കൂടുതലായി ഈടാക്കുന്നു;

2. അധിക തുക ഈടാക്കുമെങ്കിലും തീർത്ഥാടന സമയം കുറവാണ്. സംസ്ഥാന കമ്മിറ്റിവഴി പോകുന്നവർക്ക് ശരാശരി 40 ദിവസം ലഭിക്കുമെങ്കിൽ സ്വകാര്യ ഗ്രൂപ്പുകൾ വഴി പോകുന്നവർക്ക് ലഭിക്കുന്നത് പരമാവധി 15 മുതൽ 30 ദിവസംവരെയാണ്;

3. ഹജ്ജ് തീർത്ഥാടകരുടെ യാത്രാവിവരം, ഫ്ലൈറ്റ് ഷെഡ്യൂൾ എന്നിവ മുൻകൂട്ടി അറിയിക്കാത്തതിനാൽ തയ്യാറെടുപ്പിനുള്ള സമയം കിട്ടുന്നില്ല;

4. കണക്ഷൻ ഫ്ലൈറ്റുകളാണ് കൂടുതലും ഷെഡ്യൂൾ ചെയ്യുന്നത്. സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടേത് നേരിട്ടെത്തുന്ന ഫ്ലൈറ്റുകളാണ്;

5. ഹജ്ജ് കർമ്മത്തോടനുബന്ധിച്ച് പുണ്യസ്ഥലങ്ങൾ സന്ദർശിക്കുന്നതിന് അധിക പണം ഈടാക്കിവരുന്നു. ഇത് പാക്കേജ് തുകയ്ക്ക് പുറമേയാണ്.

ഇത്തരത്തിൽ 2022-ലെ ഹജ്ജ് തീർത്ഥാടനത്തിന് സ്വകാര്യ ഗ്രൂപ്പുവഴി പോയ തീർത്ഥാടകർക്കുണ്ടായ ചില ദുരനുഭവങ്ങളാണ് പരാതികളായി സർക്കാരിന് ലഭിച്ചിട്ടുള്ളത്. പരാതിയിൽ പരാമർശിച്ചിട്ടുള്ള ചില കാര്യങ്ങൾ ഇപ്രകാരമാണ്:

ഹജ്ജ് കർമ്മത്തിന്റെ പ്രധാന ഭാഗങ്ങളായ മിന, അറഫ, മുസ്ദലിഫ എന്നിവിടങ്ങളിലായി ആറ് ദിവസത്തെ സന്ദർശനവും താമസവുമുൾപ്പെടെ 14 ദിവസത്തെ ഹജ്ജ് പാക്കേജിന് 11 ലക്ഷം രൂപയാണ് ഒരു സ്വകാര്യ ഗ്രൂപ്പ് ഈടാക്കിയിരുന്നത്. പ്ലാറ്റിനം കാറ്റഗറിയിലുള്ള പ്രസ്തുത പാക്കേജിൽ 10 മുതൽ 12 തീർത്ഥാടകർക്ക് ഓരോ ശുചിമുറിയാണ് ഉറപ്പുനൽകിയിരുന്നത്. പ്രീമിയം കാറ്റഗറി അനുസരിച്ചുള്ള ഭക്ഷണവും താമസവും മറ്റ് സൗകര്യങ്ങളും കൃത്യമായി നൽകാൻ അവർ തയ്യാറായില്ല. നിരവധിപേരെ കുത്തിനിറയ്ക്കാവുന്ന അവസ്ഥയിലുള്ള താമസസ്ഥലങ്ങളാണ് തീർത്ഥാടകർക്ക് നൽകിയതെന്നും ഭക്ഷണംപോലും കൃത്യമായി നൽകാൻ ഫ്ലൈറ്റുകൾ തയ്യാറായില്ലെന്നുമാണ് പരാതിയിൽ പറഞ്ഞിരിക്കുന്നത്. കൊച്ചിയിൽ ഇറങ്ങിയ ഫ്ലൈറ്റിലെ തീർത്ഥാടകർക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസ് ഇടപെട്ടാണ് 15 മണിക്കൂറിനുശേഷം ചൂടുവെള്ളവും സാൻവിച്ചും നൽകിയതെന്ന വസ്തുതകൂടി ബഹുമാനപ്പെട്ട അംഗങ്ങൾ മനസ്സിലാക്കണം. ഇത്തരം കാര്യങ്ങൾ നിയന്ത്രിക്കുന്നതിനുവേണ്ടി സർക്കാർ ഇടപെടാൻ തീരുമാനിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ പ്രൈവറ്റ് ഹജ്ജ് ഗ്രൂപ്പിന് ക്വാട്ട അനുവദിക്കുമ്പോൾ തീർത്ഥാടകർക്കുവേണ്ട സൗകര്യങ്ങൾ വിദേശത്തും സ്വദേശത്തും ഉറപ്പുവരുത്തിയതിനുശേഷം മാത്രമേ അംഗീകാരം നൽകുവാൻ

പാട്ടുള്ളൂവെന്ന് കേന്ദ്ര ഗവൺമെന്റിനോട് സർക്കാർ സമ്മർദ്ദം ചെലുത്തും. ഇത്തരം കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ പരാതി ലഭിക്കുന്നമുറയ്ക്ക് അത്തരം സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും ക്രിമിനൽ ചട്ടപ്രകാരം പോലീസ് നടപടി സ്വീകരിക്കുകയും ചെയ്യും. ഇത്തരം സ്ഥാപനങ്ങളുടെ വീഴ്ച ഒരു തവണ ശ്രദ്ധയിൽപ്പെട്ടാൽ സർക്കാരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ നൽകുന്ന എല്ലാ അനുമതികൾക്കുമുള്ള ലൈസൻസ് അനുവദിക്കുന്നതല്ല. സ്വകാര്യ ഗ്രൂപ്പുകൾ മുഖാന്തരം അപേക്ഷിച്ചിട്ടുള്ളവരുടെ ജില്ലതിരിച്ചുള്ള കണക്കുകളും വിവരങ്ങളും സംസ്ഥാന സർക്കാരിനോ സംസ്ഥാന ഹജ്ജ് കമ്മിറ്റിയിലോ ലഭ്യമാക്കുവാൻ നിർദ്ദേശിക്കും.

6. കേന്ദ്ര സർക്കാർ അനുവദിച്ച ക്വാട്ടയിൽ ഉൾപ്പെടാത്ത, സ്വന്തം നിലയിൽ ഹജ്ജ് തീർത്ഥാടനം നടത്താൻ ഉദ്ദേശിക്കുന്നവർക്ക് സൗകര്യങ്ങളൊരുക്കുന്നതിന് ബന്ധപ്പെട്ട സ്വകാര്യ സ്ഥാപനങ്ങൾ വീഴ്ച വരുത്തിയാൽ ആയത് കർശന നടപടിക്ക് വിധേയമാക്കും. കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന് കീഴിൽ പ്രൈവറ്റ് ഗ്രൂപ്പുകൾക്ക് രജിസ്ട്രേഷൻ നടത്താൻ സംസ്ഥാന സർക്കാരിന്റെ എൻ.ഒ.സി. നിർബന്ധമാക്കും.

7. ഹജ്ജ് പ്രവർത്തനങ്ങളുടെ എല്ലാ ഘട്ടത്തിലും സർക്കാർ മേൽനോട്ടം വഹിക്കും.

8. സ്വകാര്യ ഹജ്ജ് ഗ്രൂപ്പുകളുടെ പാക്കേജിൽ ഉൾപ്പെട്ടിട്ടുള്ള യാത്രാ കാലാവധി, താമസസൗകര്യം, ഭക്ഷണം തുടങ്ങിയ സൗകര്യങ്ങൾ സർക്കാരിനെ മുൻകൂട്ടി അറിയിക്കാൻ നടപടിയുണ്ടാകും.

9. ഹജ്ജിന്റെ അപേക്ഷകൾ പരിഗണിക്കുന്നതുമുതൽ പിന്നീടുവരുന്ന ഓരോ ഘട്ടത്തിലും തൃപ്തികരമായ സേവനങ്ങൾ പ്രസ്തുത ഹജ്ജ് ഗ്രൂപ്പുകൾ ഉറപ്പുവരുത്തി ആയത് സർക്കാരിനെ അറിയിക്കുവാൻ ആവശ്യപ്പെടും.

10. പ്രീമിയം കാറ്റഗറിയിലുള്ള യാത്രാ സൗകര്യം, താമസ സൗകര്യം, ഭക്ഷണ സൗകര്യം, ആരോഗ്യപരിപാലനം എന്നിവയ്ക്കുവേണ്ടി പണം മുടക്കുന്ന തീർത്ഥാടകർക്ക് അത്തരം സേവനം ലഭിക്കുന്നുണ്ടെന്ന കാര്യം സർക്കാർ ഉറപ്പുവരുത്തും. സേവനങ്ങൾ ലഭ്യമായില്ലെങ്കിൽ കൃത്യമായ നിയമ നടപടി സ്വീകരിക്കും.

11. സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ നടത്തിപ്പിന് സർക്കാർ നിയോഗിക്കുന്ന ഹജ്ജ് വോളന്റിയർമാരുടെയും ഉദ്യോഗസ്ഥരുടെയും സേവനങ്ങൾ ലഭ്യമാണ്. സ്വകാര്യ ഹജ്ജ് തീർത്ഥാടകരുടെ സൗകര്യങ്ങൾ പരിശോധിക്കുന്നതിനും ഉറപ്പുവരുത്തുന്നതിനും ഇവരുടെ സേവനം ലഭ്യമാക്കുന്ന കാര്യവും മേൽനോട്ടത്തിനായി പ്രത്യേക ഉദ്യോഗസ്ഥരെ നിയോഗിക്കുന്ന കാര്യവും പരിശോധിക്കും.

12. പരാതികൾക്കിടയാക്കുന്ന സ്വകാര്യ ഹജ്ജ് ഗ്രൂപ്പ് കൈകാര്യം ചെയ്യുന്നവർക്കെതിരെ മനുഷ്യാവകാശ ലംഘനം, വഞ്ചനാ കുറ്റം ഉൾപ്പെടെയുള്ള വകുപ്പുകൾ ചുമത്തി നിയമനടപടി സ്വീകരിക്കും.

13. സ്വകാര്യ ഹജ്ജ് നടത്തിപ്പുമായി ബന്ധപ്പെട്ട് കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കും. ഹജ്ജ് നടത്തിപ്പുമായി ബന്ധപ്പെട്ട സ്വകാര്യ ഗ്രൂപ്പുകൾ ഉൾപ്പെടെയുള്ളവർ ടി മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് സർക്കാർ ഉറപ്പുവരുത്തും.

14. സ്വകാര്യ ഹജ്ജ് ഗ്രൂപ്പുകൾക്ക് പ്രവർത്തനാനുമതി നൽകുന്നത് കേന്ദ്ര ഗവൺമെന്റായതിനാൽ ഇതുസംബന്ധിച്ച വിഷയങ്ങൾ കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിനെ അറിയിക്കുകയും ഇത്തരം വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ ഉചിതമായ നടപടി സ്വീകരിക്കാൻ ആവശ്യപ്പെടുകയും ചെയ്യും. ടി ഇതുസംബന്ധിച്ച് നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് നിരവധി പരാതികൾ ലഭിച്ചിട്ടുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഒരു സബ്മിഷന് മറുപടി പറയാൻ പത്ത് മിനിട്ടാണ് ബഹുമാനപ്പെട്ട മന്ത്രി എടുത്തത്.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, പതിനഞ്ച് പരാതികളാണ് ലഭിച്ചത്. പത്തോ പതിനഞ്ചോ മിനിട്ട് എടുത്തുവെന്നതല്ല. ഇത് ശ്രദ്ധക്ഷണിക്കലായി

വരേണ്ട വിഷയമായിരുന്നു.

## 11.28 am]

## V മേശപ്പുറത്തുവച്ച കടലാസുകൾ

### (1) ലിസ്റ്റ്-1 പ്രകാരമുള്ള കടലാസുകൾ

I. മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോ യെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 182/2022 | വിജി-സി3/514/2021-I/വിജി. | 25.02.2022 | അതെ |
| 2 | 183/2022 | വിജി-സി3/514/2021-II/വിജി. | 25.02.2022 | അതെ |
| 3 | 184/2022 | വിജി-സി3/514/2021-III/വിജി. | 25.02.2022 | അതെ |
| 4 | 185/2022 | വിജി-സി3/514/2021-IV/വിജി. | 25.02.2022 | അതെ |
| 5 | 186/2022 | വിജി-സി3/5/2022-I/വിജി. | 25.02.2022 | അതെ |
| 6 | 187/2022 | വിജി-സി3/5/2022-II/വിജി. | 25.02.2022 | അതെ |
| 7 | 188/2022 | വിജി-സി3/5/2022-III/വിജി. | 25.02.2022 | അതെ |
| 8 | 189/2022 | വിജി-സി3/5/2022-IV/വിജി. | 25.02.2022 | അതെ |
| 9 | 531/2022 | ജി.ഒ.(ആർ.ടി.)നം.1503/2022/ഹോം | 29.05.2022 | അല്ല |
| 10 | 545/2022 | ജി.ഒ.(ആർ.ടി.)നം. 1551/2022/ഹോം | 03.06.2022 | അല്ല |
| 11 | 551/2022 | വിജി-സി3/164/2022-I/വിജി. | 04.06.2022 | അല്ല |
| 12 | 552/2022 | വിജി-സി3/164/2022-II/വിജി. | 04.06.2022 | അല്ല |
| 13 | 553/2022 | വിജി-സി3/164/2022-III/വിജി. | 04.06.2022 | അല്ല |
| 14 | 554/2022 | വിജി-സി3/164/2022-IV/വിജി. | 04.06.2022 | അല്ല |

| | | | | |
|---|---|---|---|---|
| 15 | 579/2022 | ജി.ഒ.(എം.എസ്)നം.113/2022/ഹോം | 09.06.2022 | അല്ല |
| 16 | 581/2022 | വിജി-സി3/74/2022-I/വിജി. | 09.06.2022 | അല്ല |
| 17 | 582/2022 | വിജി-സി3/74/2022-II/വിജി. | 09.06.2022 | അല്ല |
| 18 | 583/2022 | വിജി-സി3/74/2022-III/വിജി. | 09.06.2022 | അല്ല |
| 19 | 584/2022 | വിജി-സി3/74/2022-IV/വിജി. | 09.06.2022 | അല്ല |
| 20 | 640/2022 | ജി.ഒ.(ആർ.ടി.)നം. 1605/2022/ഹോം | 08.06.2022 | അല്ല |
| 21 | 641/2022 | ജി.ഒ.(ആർ.ടി.)നം. 1776/2022/ഹോം | 27.06.2022 | അല്ല |
| 22 | 646/2022 | ജി.ഒ.(ആർ.ടി.)നം. 1789/2022/ഹോം | 28.06.2022 | അല്ല |
| 23 | 675/2022 | ആഭ്യന്തരം-എസ്.എസ്.എ.2/ 66/2020-ആഭ്യന്തരം | 07.07.2022 | അല്ല |

### ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ഷിപ്പിംഗ് ആന്റ് ഇൻലാൻഡ് നേവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് | 2018-19 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 2 | സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസ് | 2021-22 | വാർഷിക കണക്കുകൾ | അല്ല |

II. തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

### i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1. | 385/2022 | സ.ഉ.(അച്ചടി) നം.37/2022/തസ്വഭവ | 13.04.2022 | അതെ |
| 2. | 386/2022 | സ.ഉ.(അച്ചടി) നം.37/2022/തസ്വഭവ | 13.04.2022 | അതെ |
| 3. | 387/2022 | സ.ഉ.(അച്ചടി) നം.37/2022/തസ്വഭവ | 13.04.2022 | അതെ |
| 4. | 621/2022 | ജി.ഒ.(പി)നം.65/2022/റ്റി.ഡി. | 18.06.2022 | അല്ല |

| | | | | |
|---|---|---|---|---|
| 5. | 622/2022 | ജി.ഒ.(പി)നം.66/2022/റ്റി.ഡി. | 18.06.2022 | അല്ല |
| 6 | 623/2022 | ജി.ഒ.(പി)നം.67/2022/റ്റി.ഡി. | 18.06.2022 | അല്ല |
| 7 | 624/2022 | ജി.ഒ.(പി)നം.68/2022/റ്റി.ഡി. | 18.06.2022 | അല്ല |
| 8 | 625/2022 | ജി.ഒ.(പി)നം.69/2022/റ്റി.ഡി. | 18.06.2022 | അല്ല |

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ ലിമിറ്റഡ് | 2018-19 | വാർഷിക റിപ്പോർട്ട് | അതെ |

III. വൈദ്യുതി വകുപ്പുമന്ത്രിക്കുവേണ്ടി വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

I. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | --- | 297/ഡി(റ്റി)/2022/ കെ.എസ്.ഇ.ആർ.സി. | 25.06.2022 | അല്ല |

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ | 2020-21 | വാർഷിക റിപ്പോർട്ടിന്റെ അനുബന്ധം | അതെ |

IV. വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 737/2021 | സ.ഉ.(അച്ചടി) നം.32/2021/വനം | 14.09.2021 | അതെ |
| 2 | 651/2022 | ജി.ഒ.(പി) നം.19/2022/എഫ്&ഡബ്ല്യൂഎൽഡി | 30.06.2022 | അല്ല |

V. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | തിരുവിതാംകൂർ ദേവസ്വം ബോർഡ് | 2014-15 മുതൽ 2017-18 വരെ | വാർഷിക ഭരണ റിപ്പോർട്ട് | അതെ |

VI. ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | -- | കെ.എഫ്.സി/എച്ച്.ആർ/09/2021-22 | 23.09.2021 | അതെ |
| 2 | 647/2022 | ജി.ഒ.(പി)നം.77/2022/ഫിൻ | 28.06.2022 | അല്ല |

## ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമ പത്രിക സഹിത മാണോ യെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇൻഡ്യ | 2020-21 | 2021 മാർച്ച് മാസത്തിൽ അവസാനിച്ച വർഷത്തെ സംസ്ഥാന സമ്പദ് വ്യവസ്ഥയെ ക്കുറിച്ചുള്ള ഓഡിറ്റ് റിപ്പോർട്ട് | ബാധകമല്ല |
| 2 | കംപ് ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇൻഡ്യ | 2022 | കേരള സർവ്വകലാശാലയുടെ പ്രവർത്തനം സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് | ബാധകമല്ല |

VII. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്):

സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാ ണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1. | 926/2021 | സ.ഉ.(അച്ചടി) നമ്പർ 25/2021/വ്യവ. | 18.11.2021 | അതെ |
| 2. | 649/2022 | ജി.ഒ.(പി)നം.11/2022/ഐ.ഡി. | 29.06.2022 | അല്ല |
| 3. | 669/2022 | ജി.ഒ.(പി) നം.13/2022/ഐ.ഡി. | 05.07.2022 | അല്ല |

## ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2014-15 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 2 | കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ | 2017-18<br>2018-19 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 3 | മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് | 2018-19 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 4 | കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ലിമിറ്റഡ് | 2019-20 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 5 | കേരള കരകൗശല വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2019-20 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 6 | സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് | 2019-20 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 7 | കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2020-21 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |

VIII. കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2014-15 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കേരള ലാൻഡ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2018-19 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |

IX. തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 482/2022 | സ.ഉ.(പി)നം.21/2022/മതുവ | 13.05.2022 | അല്ല |
| 2. | 564/2022 | സ.ഉ.(അച്ചടി) നം. 23/2022/മതുവ | 06.06.2022 | അല്ല |
| 3. | 665/2022 | സ.ഉ.(അച്ചടി)നം.3/2022/സാം.കാ.വ. | 21.06.2022 | അല്ല |

X. ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | മഹാത്മാഗാന്ധി സർവ്വകലാശാല | 2021 | വാർഷിക റിപ്പോർട്ട് | അല്ല. |
| 2 | നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (ന്യൂവൽസ്) | 2021-22 | വാർഷിക റിപ്പോർട്ട് | അല്ല. |

XI. സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 442/2019 | ജി.ഒ.(പി)നം.64/2019/കോ-ഓപ്പ് | 4.06.2019 | അതെ |
| 2 | 443/2019 | ജി.ഒ.(പി)നം.70/2019/കോ-ഓപ്പ് | 21.06.2019 | അതെ |
| 3 | 499/2022 | ജി.ഒ.(പി)നം.77/2022/കോ-ഓപ്പ് | 19.05.2022 | അല്ല |
| 4 | 599/2022 | ജി.ഒ.(പി) നം.108/2022/കോ-ഓപ്പ് | 14.06.2022 | അല്ല |
| 5 | 618/2022 | ജി.ഒ.(പി)നം.111/2022/കോ-ഓപ്പ് | 18.06.2022 | അല്ല |
| 6 | 633/2022 | ജി.ഒ.(പി)നം.71/2022/ടാക്സസ് | 25.06.2022 | അല്ല |
| 7 | 634/2022 | ജി.ഒ.(പി)നം.72/2022/ടാക്സസ് | 25.06.2022 | അല്ല |
| 8 | 635/2022 | ജി.ഒ.(പി)നം.73/2022/ടാക്സസ് | 25.06.2022 | അല്ല |
| 9 | 636/2022 | ജി.ഒ.(പി)നം.74/2022/ടാക്സസ് | 25.06.2022 | അല്ല |
| 10 | 638/2022 | ജി.ഒ.(പി) നം. 117/2022/കോ-ഓപ്പ് | 27.06.2022 | അല്ല |

| | | | | |
|---|---|---|---|---|
| 11 | 639/2022 | ജി.ഒ.(പി) നം. 118/2022/കോ-ഓപ്പ് | 27.06.2022 | അല്ല |
| 12 | 658/2022 | ജി.ഒ.(പി)നം.75/2022/ടാക്സസ് | 03.07.2022 | അല്ല |
| 13 | 659/2022 | ജി.ഒ.(പി)നം.76/2022/ടാക്സസ് | 03.07.2022 | അല്ല |
| 14 | 660/2022 | ജി.ഒ.(പി)നം.77/2022/ടാക്സസ് | 03.07.2022 | അല്ല |
| 15 | 668/2022 | ജി.ഒ.(പി) നം. 121/2022/കോ-ഓപ്പ് | 04.07.2022 | അല്ല |
| 16 | 672/2022 | ജി.ഒ.(പി) നം. 122/2022/കോ-ഓപ്പ് | 06.07.2022 | അല്ല |
| 17 | 676/2022 | ജി.ഒ.(പി)നം.125/2022/കോ-ഓപ്പ് | 08.07.2022 | അല്ല |

XII. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 574/2022 | ജി.ഒ.(പി)നം.44/2022/എൽബിആർ | 02.06.2022 | അല്ല |
| 2 | 611/2022 | ജി.ഒ.(പി)നം.48/2022/എൽബിആർ | 13.06.2022 | അല്ല |
| 3 | 613/2022 | ജി.ഒ.(പി)നം.52/2022/എൽ.ബി.ആർ | 16.06.2022 | അല്ല |
| 4 | 627/2022 | ജി.ഒ.(പി) നം.49/2022/എൽ.ബി.ആർ | 15.06.2022 | അല്ല |
| 5. | 637/2022 | ജി.ഒ.(പി)നം.57/2022/എൽ.ബി.ആർ | 25.06.2022 | അല്ല |
| 6. | 674/2022 | ജി.ഒ.(പി) നം.70/2022/എൽ.ബി.ആർ | 07.07.2022 | അല്ല |
| 7. | 697/2022 | ജി.ഒ.(പി)നം.73/2022/എൽ.ബി.ആർ | 13.07.2022 | അല്ല |

XIII. ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 617/2022 | ജി.ഒ. (പി)നം.20/2022/ട്രാൻസ് | 18.06.2022 | അല്ല |

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

XIV. ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ് . ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 696/2022 | ജി.ഒ. (പി)നം.11/2022/ഡബ്ല്യു.സി.ഡി.ഡി. | 12.07.2022 | അല്ല |

XV. ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 497/2022 | ജി.ഒ.(പി)നം. 1/2022/എഫ്&സിഎസ്ഡി | 07.04.2022 | അല്ല |

XVI. മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ | 2019-20 | വാർഷിക റിപ്പോർട്ട് | അതെ |

(2) <u>ലിസ്റ്റ് 2 പ്രകാരമുള്ള (ചട്ടം 47(2)അനുസരിച്ചുള്ളത്) കടലാസുകൾ</u>

1. മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 1256, പത്താം സമ്മേളനത്തിലെ 4415, പതിനഞ്ചാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിലെ 116, 2110 എന്നീ നമ്പറുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

2. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 5230, പതിനാലാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ

1461 എന്നീ നമ്പറുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

3. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനത്തിലെ 2695 എന്ന നമ്പറിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും ആയത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

4. ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ ഇരുപത്തിരണ്ടാം സമ്മേളനത്തിലെ 463, 486, 2357, 2359, 2370, പതിനഞ്ചാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിലെ 385, 459, 481, 2411, 2477 എന്നീ നമ്പറുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം

കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

5. ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ.ആർ. ബിന്ദു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ ഇരുപത്തിരണ്ടാം സമ്മേളനത്തിലെ 2212 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും ആയത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

6. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 4285, നാലാം സമ്മേളനത്തിലെ 1401 എന്നീ നമ്പറുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

(3) ലിസ്റ്റ് 3 പ്രകാരമുള്ള (ചട്ടം 236 (5) അനുസരിച്ചുള്ളത്) കടലാസുകൾ

1. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| IV- വ്യവസായവും ധാതുക്കളും | 2020-21 | 5 | 24, 25, 26 |

2. കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| I - കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും | 2019-20 | 4 | 4 |

3. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| IX - തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും | 2017-18 | 2 | 16, 17 |

4. ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| V- മരാമത്തും ഗതാഗതവും വാർത്താവിനിമയവും | 2020-21 | 5 | 1-10, 133 |

5. ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| XII - ആരോഗ്യവും കുടുംബക്ഷേമവും | 2019-20 | 4 | 46-51, 54 |

(4) ലിസ്റ്റ് 4 പ്രകാരമുള്ള (ചട്ടം 236 (6) അനുസരിച്ചുള്ളത്) കടലാസുകൾ

1. മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| III - നീതിന്യായ നിർവ്വഹണം | 2020-21 (കാലതാമസ പത്രിക സഹിതം) | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ) |

| | | |
|---|---|---|
| XVII - വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം | ,, | ശാസ്ത്രസാങ്കേതിക വകുപ്പ് (കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിൽ ) |
| II – സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2021-22 | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (കെ - ഡിസ്ക്) |
| II – സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | ,, | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (ഐ.എം.ജി.) |
| IV -തെരഞ്ഞെടുപ്പുകൾ | ,, | ഇലക്ഷൻ വകുപ്പ് |
| XII - പോലീസ് | 2021-22 | വിജിലൻസ് വകുപ്പ് |
| XIII - ജയിലുകൾ | ,, | ആഭ്യന്തര വകുപ്പ് |
| XIV-സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | ,, | പൊതുഭരണ (എ.ഐ.എസ്.- എ ) വകുപ്പ് |
| XVII - വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം | ,, | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് ) |
| XXI - ഭവന നിർമ്മാണം | ,, | സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് |
| XXIV - തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | ,, | കേരളീയ പ്രവാസികാര്യ വകുപ്പ് |
| XXV – പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | ,, | ന്യൂനപക്ഷ ക്ഷേമ വകുപ്പ് (ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ്, കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ) |
| XXVIII - പലവക സാമ്പത്തിക സർവ്വീസുകൾ | ,, | സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് |
| XXIX - കൃഷി | ,, | ,, |

| | | |
|---|---|---|
| XXIX - കൃഷി | ,, | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (കാസർഗോഡ് വികസന പാക്കേജ്) |
| XXXVII - വ്യവസായങ്ങൾ | ,, | സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് |
| XLV - പലവക വായ്പകളും മുൻകൂറുകളും | 2021-22 | പൊതുഭരണ (എ.ഐ.എസ്.- സി) വകുപ്പ് |
| XLVI - സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | ,, | സൈനിക ക്ഷേമ (എ )വകുപ്പ് |

2. തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXII - നഗരവികസനം | 2019- 20 (കാലതാമസ പത്രിക സഹിതം) | നഗര - ഗ്രാമാസൂത്രണ വകുപ്പ് |
| XXII - നഗരവികസനം | | നഗരകാര്യ വകുപ്പ് |
| XXVIII - പലവക സാമ്പത്തിക സർവ്വീസുകൾ , XXXV - പഞ്ചായത്ത് , XLVI - സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | | തദ്ദേശ സ്വയംഭരണ വകുപ്പ് (പഞ്ചായത്ത് ) |
| XXXVI - ഗ്രാമ വികസനം | | തദ്ദേശ സ്വയംഭരണ വകുപ്പ് (ഗ്രാമ വികസന കമ്മീഷണറേറ്റ് ) |
| IV - തെരഞ്ഞെടുപ്പുകൾ | 2021-22 | തദ്ദേശ സ്വയംഭരണ വകുപ്പ് (കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ ) |
| VIII - എക്സൈസ് | ,, | നികുതി വകുപ്പ് (എക്സൈസ്) |

3. ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XX-ശുദ്ധജലവിതരണവും ശുചീകരണവും | 2021-22 | ജലവിഭവ വകുപ്പ് [കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസി (ജലനിധി - KRWSA) ] |

IV. വൈദ്യുതി വകുപ്പുമന്ത്രിക്കുവേണ്ടി വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| V - ചരക്കു സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും | 2021-22 | ഊർജ്ജ വകുപ്പ് (ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് ) |
| XXXIX - വൈദ്യുത പദ്ധതികൾ | ,, | ,, |

V. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ,

താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXV - പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 2020-21 (കാലതാമസ പത്രിക സഹിതം) | പട്ടികജാതി വികസന വകുപ്പ് |

VI. ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| II – സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2021-22 | ധനകാര്യ വകുപ്പ് |
| XVI - പെൻഷനും പലവകയും | ,, | കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് (നികുതി ) |

VII. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXXVII - വ്യവസായങ്ങൾ | 2019-20 (കാലതാമസ പത്രിക സഹിതം) | വ്യവസായ വകുപ്പ് (കേരള കരകൗശല വികസന കോർപ്പറേഷൻ ) |
| ,, | 2020-21 (കാലതാമസ പത്രിക സഹിതം) | വ്യവസായ വകുപ്പ് [കേരള ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ (സിഡ്കോ )] |

| | | |
|---|---|---|
| ,, | 2021-22 | വ്യവസായ വകുപ്പ് (കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ്) |
| ,, | ,, | വ്യവസായ വകുപ്പ് (ദി ട്രാവൻകൂർ സിമെന്റ്സ് ലിമിറ്റഡ് ) |
| ,, | ,, | വ്യവസായ വകുപ്പ് (കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് ) |
| ,, | ,, | വ്യവസായ വകുപ്പ് [കേരള ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ (സിഡ്കോ )] |
| ,, | ,, | വ്യവസായ വകുപ്പ് [കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെൽട്രോൺ )] |
| XXXVII - വ്യവസായങ്ങൾ | 2021-22 | വ്യവസായ വകുപ്പ് [കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ് (കെ.സി.സി.എൽ.)] |
| ,, | ,, | വ്യവസായ വകുപ്പ് ആട്ടോകാസ്റ്റ് ലിമിറ്റഡ് |
| | ,, | വ്യവസായ വകുപ്പ് [സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് (എസ്.ഐ.എഫ്.എൽ )] |

VIII. സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XVII - വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം | 2016-17 | സാംസ്കാരിക വകുപ്പ് |
| XXVII - സഹകരണം | 2021-22 | സഹകരണ വകുപ്പ് |

IX. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXIV - തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 2021-22 | തൊഴിലും നൈപുണ്യവും വകുപ്പ് |

X. ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XLVI - സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | 2018- 19 (കാലതാമസ പത്രിക സഹിതം) | വനിതാശിശു വികസന വകുപ്പ് |
| XVIII - വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | 2019-20 (കാലതാമസ പത്രിക സഹിതം) | ആയുഷ് വകുപ്പ് |

XI. ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXX - ഭക്ഷ്യം | 2020- 21 (കാലതാമസ പത്രിക സഹിതം) | ഭക്ഷ്യ-പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് |

## 11.32 am]

## VI റിപ്പോർട്ടുകളുടെ സമർപ്പണം

(1) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഇരുപത് മുതൽ ഇരുപത്തിമൂന്ന് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഇരുപത് മുതൽ ഇരുപത്തിമൂന്ന് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(2) എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ മൂന്ന് മുതൽ അഞ്ച് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷയായ ഞാൻ സമിതിയുടെ മൂന്ന് മുതൽ അഞ്ച് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(3) യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ രണ്ടും മൂന്നും റിപ്പോർട്ടുകൾ

ശ്രീ. എ. എൻ. ഷംസീർ: സർ, യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ രണ്ടും മൂന്നും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(4) പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട്

ശ്രീ. ഒ. ആർ. കേളു: സർ, പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

ഓർഡർ...ഓർഡർ..... ചട്ടം 118 പ്രകാരമുള്ള പ്രമേയം ഇന്നത്തെ കാര്യവിവരപ്പട്ടികയിൽ അഞ്ചാമത്തെ ഇനമായി ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രമേയത്തിന്റെ ഉള്ളടക്കം സംബന്ധിച്ച് കൂടുതൽ കൂടിയാലോചനകൾ ആവശ്യമുണ്ടെന്ന പൊതുവായ അഭിപ്രായം ഉയർന്നുവന്ന സാഹചര്യത്തിൽ പ്രസ്തുത പ്രമേയം നാളെ (21-07-2022) പരിഗണിക്കാനായി മാറ്റിവയ്ക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, (....മൈക്ക് ഓഫ്....) ഭേദഗതി സമർപ്പിക്കാനുള്ള സമയം കൂടി നീട്ടണം.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ചട്ടം 118 പ്രകാരമുള്ള ഗവൺമെന്റ് പ്രമേയം നാളെ പരിഗണിക്കുന്നതിനായി മാറ്റിവച്ച സാഹചര്യത്തിൽ ഭേദഗതി സമർപ്പിക്കാനുള്ള സമയം നീട്ടി കൊടുക്കാവുന്നതാണ്. ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ആർക്കെങ്കിലും ഇനിയും ഭേദഗതി കൊടുക്കണമെന്നുണ്ടെങ്കിൽ കൊടുക്കാവുന്നതാണ്.

**11.34 am]**

**VII റൂളിംഗ്**

14-07-2022-ന് ശ്രീ. എം. എം. മണി നടത്തിയ പരാമർശം സംബന്ധിച്ച്

മി. സ്പീക്കർ: ഓർഡർ....ഓർഡർ..... 2022 ജൂലൈ 14-ാം തീയതി ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിക്കവേ ബഹുമാനപ്പെട്ട അംഗം ശ്രീ. എം. എം. മണി നടത്തിയ ഒരു പരാമർശവും അതുസംബന്ധിച്ച് സഭയിലുണ്ടായ നിർഭാഗ്യകരമായ ചില സംഭവങ്ങളും സംബന്ധിച്ച് ഏതാനും ചില കാര്യങ്ങൾ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ചെയർ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ശ്രീമതി കെ. കെ. രമയുടെ പ്രസംഗത്തെ മുൻനിർത്തി തുടർന്ന് സംസാരിച്ച ശ്രീ. എം. എം. മണി നടത്തിയ പരാമർശം ആക്ഷേപകരമായതിനാൽ അത്

ചട്ടം 307 പ്രകാരം സഭാനടപടികളിൽനിന്നും നീക്കം ചെയ്യേണ്ടതാണെന്ന് ബഹുമാനപ്പെട്ട അംഗം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അപ്പോൾത്തന്നെ ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെടുകയുണ്ടായി. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ശ്രീ. രമേശ് ചെന്നിത്തലയും സമാനമായ ആവശ്യം ഉന്നയിക്കുകയും ഇക്കാര്യം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കാമെന്ന് ചെയർ സഭയെ അറിയിക്കുകയും ചെയ്തിരുന്നു. സമാനമായ സന്ദർഭങ്ങളിൽ സഭയിൽ സ്വീകരിച്ചുവരുന്ന നടപടിക്രമം രണ്ട് സമീപകാല ഉദാഹരണങ്ങൾ സഹിതം തൊട്ടടുത്ത ദിവസമായ ജൂലായ് 15-നുതന്നെ ചെയർ സഭയിൽ വ്യക്തമാക്കുകയും പ്രത്യക്ഷത്തിൽ അൺപാർലമെന്ററിയല്ലാത്തതും എന്നാൽ എതിർപ്പുള്ളതുമായ പരാമർശങ്ങളിൽ സഭാരേഖകൾ വിശദമായി പരിശോധിച്ച് പിന്നീട് തീർപ്പുകൽപ്പിക്കലാണ് രീതിയെന്ന് അറിയിക്കുകയും ചെയ്തിരുന്നു. സഭയിൽ ഉപയോഗിക്കാൻ പാടില്ലാത്തത് എന്ന് പൊതുവിൽ അംഗീകരിച്ചിട്ടുള്ള ചില വാക്കുകളുണ്ട്. അൺപാർലമെന്ററിയായ അത്തരം വാക്കുകൾ ഉപയോഗിച്ചില്ലെങ്കിലും ചില പരാമർശങ്ങൾ അനുചിതവും അസ്വീകാര്യവുമാകാം. മുമ്പ് സാധാരണമായി ഉപയോഗിച്ചിരുന്ന ചില വാക്കുകളും പ്രയോഗങ്ങളും ഇന്നത്തെ കാലത്ത് ഉപയോഗിക്കാൻ

പാടില്ലാത്തവയായി കണക്കാക്കുന്നുണ്ട്. വാക്കുകളുടെ വേരും അർത്ഥവും അതിന്റെ സാമൂഹിക സാഹചര്യത്തിലാണ്. ഒരേ വാക്കിനുതന്നെ എല്ലാ സാമൂഹിക സാഹചര്യങ്ങളിലും ഒരേ അർത്ഥമാകണമെന്നില്ല. വാക്കുകൾ അതത് കാലത്തിന്റെ മൂല്യബോധത്തെയാണ് പ്രതിനിധീകരിക്കുന്നത്. ഫ്യൂഡൽ മൂല്യബോധത്തെ പ്രതിനിധീകരിക്കുന്ന വാക്കുകളും പ്രയോഗങ്ങളും ആധുനിക ജനാധിപത്യ ലോകത്തിന്റെ മൂല്യബോധത്തിന് വിരുദ്ധമായിരിക്കും. അതുകൊണ്ടാണ് നേരത്തെ സാർവ്വത്രികമായി ഉപയോഗിച്ചിരുന്ന പഴഞ്ചൊല്ലുകൾ, തമാശകൾ, പ്രാദേശിക വാങ്മൊഴികൾ എന്നിവ പലതും ഇന്ന് കാലഹരണപ്പെട്ടതും ഉപയോഗിച്ചുകൂടാത്തതുമാകുന്നത്. മനുഷ്യരുടെ നിറം, ശാരീരിക പ്രത്യേകതകൾ, പരിമിതികൾ, ചെയ്യുന്ന തൊഴിൽ, കുടുംബ പശ്ചാത്തലം, ജാതി, മതം, ലിംഗപരമായ സവിശേഷതകൾ, ജീവിതാവസ്ഥകൾ എന്നിവയെ മുൻനിർത്തിയുള്ള പരിഹാസ പരാമർശങ്ങൾ, ആണത്തഘോഷണങ്ങൾ എന്നിവയെല്ലാം ആധുനികലോകത്ത് അപരിഷ്കൃതമായിട്ടാണ് കണക്കാക്കപ്പെടുന്നത്. അവയെല്ലാം സാമൂഹിക വളർച്ചയ്ക്കും ജനാധിപത്യ ബോധത്തിന്റെ വികാസത്തിനുമനുസരിച്ച് ഉപേക്ഷിക്കപ്പെടേണ്ടവയാണെന്ന അവബോധം സമൂഹത്തിലാകെ

വളർന്നുവരുന്നുണ്ട്. സ്ത്രീകൾ, ട്രാൻസ്ജെൻഡറുകൾ, ഭിന്നശേഷിക്കാർ, പാർശ്വവൽകൃത ജനവിഭാഗങ്ങൾ എന്നിവരെക്കുറിച്ച് പരാമർശിക്കുമ്പോൾ പ്രത്യേകിച്ചും ഈ പരിഗണന പ്രധാനമാണ്. എന്നാൽ ജനപ്രതിനിധികളിൽ പലർക്കും ഈ മാറ്റം വേണ്ടത്ര മനസ്സിലാക്കാനായിട്ടില്ല. ഇക്കാര്യങ്ങളെല്ലാം മുമ്പില്ലാത്തവിധം സാമൂഹിക ഓഡിറ്റിംഗിന് ഇന്ന് വിധേയമാകുന്നുണ്ടെന്ന് എല്ലാവരും ഓർക്കേണ്ടതാണ്. നമ്മുടെ സഭയ്ക്ക് ഇക്കാര്യത്തിൽ കാലത്തിന്റെ മാറ്റം ഉൾക്കൊള്ളാനാകണം. വാക്കുകൾ വിലക്കാനും നിരോധിക്കാനുമുള്ള ചെയറിന്റെ അധികാരം പ്രയോഗിച്ച് അടിച്ചേല്പിക്കേണ്ടതാണ് ആ മാറ്റം എന്ന് കരുതുന്നില്ല. സ്വയം തിരുത്തലുകളും നവീകരണവും അംഗങ്ങളുടെ ഭാഗത്തുനിന്ന് നിരന്തരമായി ഉണ്ടാവുകയാണ് വേണ്ടത്.

മുകളിൽ പറഞ്ഞ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ വീക്ഷിക്കുമ്പോൾ ശ്രീ. എം. എം. മണിയുടെ പ്രസംഗത്തിൽ തെറ്റായ ഒരു ആശയം അന്തർലീനമായിട്ടുണ്ട് എന്നുതന്നെയാണ് ചെയറിന്റെ അഭിപ്രായം. അത് പുരോഗമനപരമായ മൂല്യബോധവുമായി ചേർന്ന് പോകുന്നതല്ല. ചെയർ നേരത്തെ വ്യക്തമാക്കിയതുപോലെ പ്രത്യക്ഷത്തിൽ അൺപാർലമെന്ററിയായ പരാമർശങ്ങൾ ചെയർ നേരിട്ട് നീക്കം ചെയ്യുന്നതും അല്ലാത്തവ അംഗം സ്വമേധയാ പിൻവലിക്കുകയും ചെയ്യുക എന്നതുമാണ്

നമ്മുടെ നടപടിക്രമം. ഏതാനും ദിവസംമുമ്പ് സഭയിൽ ശ്രീ. എം. വിൻസെന്റ് നടത്തിയ ഒരു ഉപമയെ സംബന്ധിച്ച് ശ്രീമതി കാനത്തിൽ ജമീല ക്രമപ്രശ്നം ഉന്നയിച്ചതിനെ തുടർന്ന് ശ്രീ. എം. വിൻസെന്റ് സ്വയം അത് പിൻവലിച്ച അനുഭവമുണ്ട്. ശ്രീ. എം. എം. മണിയും ചെയറിന്റെ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ അനുചിതമായ പ്രയോഗം പിൻവലിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഒരു കാര്യംകൂടി ഇതുമായി ബന്ധപ്പെട്ട് പരാമർശിക്കേണ്ടിയിരിക്കുന്നു. ജൂലായ് 15-ന് ഈ പ്രശ്നം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച സന്ദർഭത്തിൽ ചെയർ നടപടിക്രമങ്ങൾ വ്യക്തമാക്കുകയും പ്രശ്നം പരിശോധിക്കുമെന്ന് അറിയിക്കുകയും ചെയ്തിരുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചെയറിന്റെ വിശദീകരണം അംഗീകരിക്കുകയും ചെയ്തതാണ്. അതിനുശേഷം മറ്റൊരു മുതിർന്ന അംഗം പുറത്തിറങ്ങി മാധ്യമങ്ങളോട്, പ്രത്യേകിച്ച് പ്രകോപനമൊന്നുമില്ലാതെ ചെയറിനെ സംബന്ധിച്ച് അങ്ങേയറ്റം ദു:സ്സൂചനയോടെ ചില പരാമർശങ്ങൾ നടത്തിയത് മാധ്യമങ്ങളിൽ കാണുകയുണ്ടായി. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സഭയിൽ പറഞ്ഞതിന് വിരുദ്ധമായി പ്രതിപക്ഷത്തെ ഈ മുതിർന്ന അംഗം ചെയറിനെതിരെ പറഞ്ഞതിന്റെ ചേതോവികാരം അജ്ഞാതമാണ്. സൗമ്യനും മിതഭാഷിയുമെന്ന് കരുതപ്പെടുന്ന അദ്ദേഹം

സഭയ്ക്കുപുറത്ത് ചെയറിനെ സംബന്ധിച്ച് നടത്തിയ പരാമർശങ്ങൾ ഉചിതമായോ എന്ന് ശാന്തമായി സ്വയം വിലയിരുത്തട്ടെ എന്നുമാത്രമേ അഭിപ്രായപ്പെടുന്നുള്ളൂ. അതോടൊപ്പം ജൂലായ് 14-ന് ശ്രീ. എം. എം. മണിയുടെ പ്രസ്താവനയിൽ പ്രതിഷേധിക്കുന്ന വേളയിൽ ചില അംഗങ്ങൾ സഭയുടെ അന്തസ്സിന് ചേരാത്ത മുദ്രാവാക്യങ്ങൾ വിളിച്ചതും ഡയസ്സിലേയ്ക്ക് തള്ളിക്കയറാൻ ശ്രമിച്ചതും തികച്ചും ദൗർഭാഗ്യകരമായിപ്പോയി എന്നുകൂടി ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കട്ടെ. വാക്കിലും പ്രവൃത്തിയിലും പെരുമാറ്റത്തിലും സഭയുടെ അന്തസ്സും ഉന്നതമൂല്യങ്ങളും ഉയർത്തിപ്പിടിക്കാൻ എല്ലാ ബഹുമാന്യ അംഗങ്ങളും ജാഗ്രത പുലർത്തണമെന്ന് ചെയർ ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കുന്നു.

## 11.40 am]

## VIII പരാമർശം പിൻവലിക്കൽ

<u>ശ്രീ. എം. എം. മണി</u>: സർ, 14-07-2022-ന് സഭയിൽ ഞാൻ നടത്തിയ പ്രസംഗത്തിലെ ഒരു പരാമർശത്തെക്കുറിച്ച് അങ്ങ് നടത്തിയ നിരീക്ഷണത്തെ ഞാൻ മാനിക്കുന്നു. യഥാർത്ഥത്തിൽ ആ പ്രസംഗത്തിൽത്തന്നെ എന്റെ ഉദ്ദേശ്യശുദ്ധി വ്യക്തമാക്കാൻ ഞാൻ ശ്രമിച്ചതാണെങ്കിലും ബഹളത്തിൽ അത് മുങ്ങിപ്പോവുകയായിരുന്നു. അത്

ആരെയും അപമാനിക്കണമെന്ന് ഉദ്ദേശിച്ചിട്ടില്ല, ഒരിക്കലുമങ്ങനെ ചിന്തിച്ചിട്ടില്ലെന്ന് ഞാൻ പറഞ്ഞതായി രേഖകൾ പരിശോധിച്ചാൽ കാണാവുന്നതാണ്. XXXXX+ എന്ന് ഞാൻ പറഞ്ഞിരുന്നു. ഒരു കമ്മ്യൂണിസ്റ്റുകാരനായ ഞാൻ അങ്ങനെ പറയരുതായിരുന്നു, ഒഴിവാക്കേണ്ടതായിരുന്നു. ഈ പരാമർശം ഞാൻ പിൻവലിക്കുകയാണ്.

## 11.41 am]

## IX തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ പരാമർശത്തിനെതിരെ റൂൾസ് ഓഫ് പ്രൊസീജ്യുവറിലെ നിർദ്ദേശം 1 (എ) പ്രകാരം ഉന്നയിച്ചത് സംബന്ധിച്ച്

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, നിയമസഭയിൽ നമ്മൾ സംസാരിക്കുമ്പോൾ പറയുന്ന കാര്യങ്ങളുടെ വിശ്വാസ്യത വളരെ പ്രധാനപ്പെട്ട ഘടകമാണ്. നമുക്ക് ധാരാളം ഇൻഫർമേഷനുകൾ ലഭിക്കും. അതെല്ലാം നമ്മൾ കൗണ്ടർ ചെക്ക് ചെയ്യും. നൂറ് ശതമാനം ശരിയാണോയെന്ന് ഉറപ്പുവരുത്തിയിട്ടാണ് അക്കാര്യങ്ങൾ സഭയിൽ സംസാരിക്കാറുള്ളത്. നമ്മൾ സംസാരിക്കുന്ന ഒരു കാര്യം തെറ്റാണെന്ന് ബോദ്ധ്യമായാൽ അത് തെറ്റാണെന്നുതന്നെ പറയണം. 12-07-2022-ന് അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിച്ചതിനെത്തുടർന്നുള്ള വാക്കൗട്ട് പ്രസംഗത്തിൽ, ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ

\+ പരാമർശം പിൻവലിച്ചു.

നിയോജകമണ്ഡലത്തിലെ മലപ്പട്ടം പഞ്ചായത്തിലെ ജീവനക്കാർക്ക് ശമ്പളം ലഭിക്കാത്തതുകൊണ്ട് അതിൽ ഒരാൾ കോൺക്രീറ്റ് ജോലിക്ക് പോയതായി ഞാൻ പരാമർശിക്കുകയുണ്ടായി. മലയാള മനോരമ ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച അദ്ദേഹത്തിന്റെ ചിത്രവുമായുള്ള വാർത്ത ഉദ്ധരിച്ചുകൊണ്ടാണ് ഞാൻ പറഞ്ഞത്. എന്നാൽ ബഹുമാനപ്പെട്ട മന്ത്രി അത് നിഷേധിക്കുകയും വാസ്തവ വിരുദ്ധമാണെന്ന് പറയുകയും ജീവനക്കാരൻ സ്വന്തം സഹോദരന്റെ വീട്ടിൽ ജോലിക്കുപോയ ചിത്രമാണ് വ്യാജവാർത്തയായി പ്രചരിപ്പിച്ചതെന്നും സഭയിൽ പ്രസ്താവിച്ചു. ഞാൻ പത്രവാർത്തയുടെ പകർപ്പ് ഹാജരാക്കിയിട്ടും ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹത്തിന്റെ പ്രസ്താവനയിൽ ഉറച്ചുനിൽക്കുകയും മലയാള മനോരമ, മാതൃഭൂമി തുടങ്ങിയ മാധ്യമങ്ങളുടെ വിശ്വാസ്യതയെ ചോദ്യം ചെയ്യുകയും ചെയ്തിരുന്നു. മലപ്പട്ടം പഞ്ചായത്തിലെ ജീവനക്കാരൻ പഞ്ചായത്ത് ഓഫീസിനകത്തുവച്ച് മാതൃഭൂമി ന്യൂസിന് നേരിട്ട് നൽകിയ ഒരു ബൈറ്റ് ലഭിച്ചു. അത് ഇങ്ങനെയാണ്, 'ഈ വീഡിയോയിൽ കല്ല് പൊട്ടിക്കുന്ന തൊഴിലാളി ശ്രീ. എം. വി. ബാബുവാണ് നമുക്കൊപ്പമുള്ളത്. ശ്രീ. എം. വി. ബാബു മലപ്പട്ടം പഞ്ചായത്തിലെ എൽ.ഡി. ക്ലാർക്കാണ്. "എന്താണ് ഇങ്ങനെ ജോലിക്ക് പോകാൻ കാരണം?'' "ശമ്പളം കിട്ടാത്ത

പ്രയാസമുണ്ടായിരുന്നു, എട്ടൊൻപത് മാസത്തോളമായി, മൂന്ന് മാസം നാല് മാസം പെൻഡിംഗാകുമ്പോൾ ഒരു മാസത്തെ ശമ്പളം കിട്ടും. ഇതുമൂലം ജീവിതം മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കാതെ പ്രയാസത്തിലാണ്. അതുകൊണ്ട് രാവിലെ കിട്ടുന്ന സമയങ്ങളിലും ലീവ് ദിവസങ്ങളിലും അവധി ദിവസങ്ങളിലും ഞാൻ ഈ ജോലിക്ക് പോകാറുണ്ട്. മിക്കവാറും പൊതു അവധി ദിവസങ്ങളിലാണ് പോകുന്നത്. വണ്ടിയിൽ പെട്രോളടിക്കണം, ഹൗസിംഗ് ലോണും കെ.എസ്.എഫ്.ഇ. ലോണുമൊക്കെയുണ്ട്. ലോൺ റിക്കവറി വന്നിട്ടുണ്ട്.'' രണ്ടാമത്തെ ജീവനക്കാരൻ പറയുന്നത് "നാല് മാസമായി സാലറി കിട്ടിയിട്ട്'' എന്നാണ്. മറ്റൊരു ജീവനക്കാരൻ പറയുന്നത് "എന്റെ വീട് ചാലക്കോട്, ദിവസേന 33 കിലോമീറ്ററോളം ബൈക്കിൽ വരണം. മാസം 6,000 രൂപയോളം പെട്രോളിന് മാത്രമാകും. ഓഫീസിൽ വന്നുപോകുന്നതിന് മറ്റ് ജീവനക്കാരിൽനിന്നും കടം വാങ്ങേണ്ട അവസ്ഥയാണ്'' എന്നാണ്. ഈ സാഹചര്യത്തിലാണ് ഞാൻ ഈ വിഷയം ചൂണ്ടിക്കാണിച്ചത്. മാതൃഭൂമിയേയും മലയാള മനോരമയേയും അവിശ്വാസമുണ്ടെങ്കിൽ ഒരു കാര്യംകൂടി ഞാൻ പറയുന്നു; "എല്ലാവിധ കോൺക്രീറ്റും മിതമായ നിരക്കിൽ കട്ട് ചെയ്ത് കൊടുക്കുന്നു. ആവശ്യക്കാർ ബന്ധപ്പെടുക. എം. വി. ബാബു, മലപ്പട്ടം, ഫോൺ നമ്പർ....." എന്ന്

ശ്രീ. എം. വി. ബാബു നോട്ടീസ് ഇറക്കിയിട്ടുണ്ട്. (നോട്ടീസ് ഉയർത്തിക്കാണിച്ചു.) പ്രതിപക്ഷ നേതൃസ്ഥാനത്തിരുന്നുകൊണ്ട് ഇത്രയും തെളിവുകളുടെ അടിസ്ഥാനത്തിൽ ഞാനൊരു കാര്യംപറയുമ്പോൾ ബഹുമാനപ്പെട്ട മന്ത്രി, ഞാൻ 'തെറ്റിദ്ധരിപ്പിക്കാൻ വേണ്ടി പറഞ്ഞതാണ് ' എന്ന് പറഞ്ഞത് ശരിയല്ല. കാരണം, എന്റെ വിശ്വാസ്യതയെയും ഞാൻ ഇവിടെപ്പറഞ്ഞ വസ്തുതയെയും ബാധിക്കുന്ന വിഷയമാണ്. ഞാൻ ഇങ്ങനെ വ്യാപകമായി തെറ്റായിട്ടുള്ള കാര്യം പ്രചരിപ്പിച്ചുവെന്നും ഒരാൾ അയാളുടെ സഹോദരന്റെ വീട്ടിൽപ്പോയി കോൺക്രീറ്റ് കട്ട് ചെയ്തതിന് ഞാൻ നിയമസഭയിൽ ആ വ്യക്തി ജോലിക്ക് പോയതാണെന്ന് പറഞ്ഞു എന്നുമുള്ള പ്രചരണം സോഷ്യൽ മീഡിയയിൽ നടക്കുന്നുണ്ട്. അതുകൊണ്ട് റൂൾസ് ഓഫ് പ്രൊസീഡുവറിലെ ഡയറക്ഷൻ 1 (എ) അനുസരിച്ച് ബഹുമാനപ്പെട്ട മന്ത്രി അത് തിരുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, "എല്ലാവിധ കോൺക്രീറ്റും മിതമായ നിരക്കിൽ കട്ട് ചെയ്ത് കൊടുക്കുന്നു, ആവശ്യക്കാർ ബന്ധപ്പെടുക" എന്ന നോട്ടീസാണ് ഇവിടെ തെളിവായി കൊണ്ടുവന്നത് (നോട്ടീസ് ഉയർത്തിക്കാണിച്ചു). ഇതിൽ ആളുമില്ല, പേരുമില്ല. എന്നിട്ട്

എം. വി. ബാബു, മലപ്പട്ടം, ഫോൺ നമ്പർ..... എന്ന് എഴുതി അദ്ദേഹത്തിന്റെ ഒരു ഫോട്ടോ കൊടുത്തിരിക്കുകയാണ്. തികച്ചും വ്യാജമായ കാര്യമെടുത്തുകൊണ്ടാണ് അതിനെ ന്യായീകരിക്കാൻവേണ്ടി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വന്നത്. ഇതിൽ തെളിവായി കൊണ്ടുവന്ന കാര്യത്തെ സംബന്ധിച്ച് ഞാൻ ആദ്യംതന്നെ അറിയിക്കുകയാണ്. പി.എസ്.സി. വഴി നിയമനം ലഭിച്ച് പഞ്ചായത്തിൽ ജോലി ചെയ്യുന്ന ഒരു എൽ.ഡി. ക്ലാർക്ക് 'എല്ലാവിധ കോൺക്രീറ്റും മിതമായ നിരക്കിൽ കട്ട് ചെയ്ത് കൊടുക്കുന്നു, ആവശ്യക്കാർ ബന്ധപ്പെടുക' എന്ന ഒരു പരസ്യം കൊടുക്കുമോ; എന്തെങ്കിലും ധാരണയുള്ള ഒരു വ്യക്തി ഇങ്ങനെ ചെയ്യുമോ; ലോകത്ത് ആരെങ്കിലും ചെയ്യുമോ? ഇത് അദ്ദേഹത്തെ പരിഹസിക്കാനായി ആരോ ചെയ്തതാണ്. അതാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് തെളിവായി ഇവിടെ അവതരിപ്പിച്ചത്. അന്ന് മലയാള മനോരമയാണ് വാർത്ത കൊണ്ടുവന്നത്. ഇന്ന് കൊണ്ടുവന്ന് വായിച്ചിട്ടുള്ളത് മാതൃഭൂമിയാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, മാതൃഭൂമി ന്യൂസിന് നൽകിയ ബൈറ്റാണ്. ഞാൻ അത് സഭയിൽ ഹാജരാക്കാം.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, ഞാൻ പറയട്ടെ, ഇതിൽ വേണ്ടാത്ത രീതിയിൽ ചൂടാകേണ്ട കാര്യമില്ലല്ലോ. വസ്തുതാപരമായി

പരിശോധിച്ചാൽ ഞാൻ പ്രതിപക്ഷനേതാവ് പറഞ്ഞതിനൊപ്പമാണ് നിൽക്കുന്നത്. വസ്തുതകൾ പരിശോധിച്ച് ആവശ്യമായ നിലപാട് സ്വീകരിക്കുകയാണ് വേണ്ടത്. 'മലപ്പട്ടം പഞ്ചായത്ത് ജീവനക്കാർക്ക് ശമ്പളമില്ല, അവധി ദിവസങ്ങളിൽ അവർ കൂലിപ്പണിയെടുത്ത് ജീവിക്കുന്നു' എന്ന വാർത്തയാണ് മാതൃഭൂമിയിലുള്ളത്. അന്ന് പറഞ്ഞത് മലയാള മനോരമയാണ്. ഇപ്പോൾ അതിന്റെ ഭാഗമായി മാതൃഭൂമിയെക്കൂടി ഉൾപ്പെടുത്തിയിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് മാതൃഭൂമിയും മലയാള മനോരമയും ഏഷ്യാനെറ്റും പറഞ്ഞതെല്ലാം തികച്ചും തെറ്റാണെന്ന് ശ്രീ. എം. വി. ബാബുതന്നെ മാധ്യമങ്ങളോട് പറഞ്ഞിട്ടുണ്ട്. മലപ്പട്ടം ഗ്രാമപഞ്ചായത്തിലെ ജീവനക്കാരനായ ശ്രീ. എം. വി. ബാബു ശമ്പളം മുടങ്ങിയതിനാൽ കോൺക്രീറ്റ് കട്ടിംഗ് പണിക്ക് പോകുന്നുവെന്ന് ചില മാധ്യമ വാർത്തകൾ ഉദ്ധരിച്ചുകൊണ്ട് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് 12-07-2022-ന് സഭയിൽ പറഞ്ഞത് വാസ്തവവിരുദ്ധമാണെന്ന് 13-07-2022-ന് ധനാഭ്യർത്ഥന ചർച്ചയ്ക്ക് മറുപടി നൽകുന്ന അവസരത്തിൽ ഞാൻ പറഞ്ഞിരുന്നു. ജീവനക്കാരൻ അയാളുടെ സഹോദരന്റെ വീട്ടിൽ ജോലിക്ക് പോയതിന്റെ ചിത്രമാണ് പത്രങ്ങളിൽ വന്നതെന്നും അത് കൂലിപ്പണിക്ക് പോയതിന്റെ ചിത്രമല്ലെന്നും

പ്രസ്താവിച്ചിരുന്നു. ആയത് വസ്തുതാവിരുദ്ധമായ പ്രസ്താവനയാണെന്നും അത് തിരുത്തണമെന്നുമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ആവശ്യപ്പെട്ടിരിക്കുന്നത്. ഈ ആവശ്യത്തിന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വീണ്ടും അടിസ്ഥാനമാക്കുന്നത് നേരത്തെ ഉദ്ധരിച്ച പത്രവാർത്തകളെയും സോഷ്യൽ മീഡിയ പോസ്റ്റുകളെയും ട്രോളുകളെയും തന്നെയാണ്. അതേ വാർത്തകളെയും ട്രോളുകളെയും വസ്തുതാപരമായ റിപ്പോർട്ടെന്ന് കരുതി നിയമസഭയിൽ വീണ്ടും ഉദ്ധരിക്കുകയാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചെയ്യുന്നത്. ഇത് ഉചിതമാണോയെന്ന് അങ്ങ് പരിശോധിക്കുകയാണ് വേണ്ടത്. 13-07-2022-ന് സഭയിലെ എന്റെ മറുപടി പ്രസംഗത്തിൽ ആ വാർത്തകളെയും ഫോട്ടോകളെയും സംബന്ധിച്ച് ഞാൻ പറഞ്ഞ കാര്യങ്ങൾ ശരിയല്ലെന്നോ ഞാൻ പറഞ്ഞത് തെറ്റാണെന്നോ അതിനുശേഷം ഇത്രയും ദിവസമായിട്ടും ശ്രീ. എം. വി. ബാബുവോ ഫോട്ടോയിൽ കാണുന്ന വീടിന്റെ ഉടമസ്ഥനായ അദ്ദേഹത്തിന്റെ സഹോദരനോ പറഞ്ഞിട്ടില്ല. നേരത്തെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉദ്ധരിച്ച ഈ വാർത്തയും ഫോട്ടോയും പ്രസിദ്ധീകരിച്ച മാധ്യമങ്ങളും ഞാൻ സഭയിൽ പറഞ്ഞകാര്യം ശരിയല്ലെന്ന് തെളിയിക്കുന്ന തുടർവാർത്തകളോ മറ്റോ പ്രസിദ്ധീകരിച്ചിട്ടില്ല. 12-07-2022-ന് മുമ്പുള്ള ദിവസങ്ങളിൽ

മാധ്യമങ്ങൾ പ്രസിദ്ധീകരിച്ചതും 13-07-2022-ന്റെ പ്രസംഗത്തിൽ വസ്തുതകളോടെ ഞാൻ വിശദീകരിച്ചതുമായ പഴയ വാർത്തകളെ തന്നെയാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇപ്പോഴും ആസ്പദമാക്കുന്നത്. എന്നാൽ അതിനുശേഷമുള്ള ദിവസങ്ങളിൽ, മലപ്പട്ടം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി കെ. പി. രമണിയുടെ പ്രസ്താവന മലയാള മനോരമ പത്രത്തിൽ മൂന്ന് കോളം തലക്കെട്ടോടെ വന്നിട്ടുണ്ട്. വേറെ പത്രങ്ങളിലൊന്നുമല്ല. ജീവനക്കാർ കൂലിപ്പണിക്ക് പോകേണ്ട സാഹചര്യമില്ല എന്നാണ് മലപ്പട്ടം പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞത്. ശമ്പളം കിട്ടാത്തതിനാൽ കൂലിപ്പണിക്ക് പോയെന്ന വിവാദത്തിൽപ്പെട്ട പഞ്ചായത്ത് ജീവനക്കാരൻ ശ്രീ. എം. വി. ബാബു നേരിട്ട് സംസാരിക്കുന്ന ഒരു വീഡിയോ സമൂഹ മാധ്യമങ്ങളിലും വാർത്താ ചാനലുകളിലും പ്രചരിക്കുന്നുണ്ട്. ആ വീഡിയോയിൽ ശ്രീ. എം. വി. ബാബു നിൽക്കുന്നത് നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന ഒരു വീടിന്റെ മുന്നിലാണ്. അതിൽ അദ്ദേഹം പറയുന്നത്, തന്റെ അനുജൻ നിർമ്മിക്കുന്ന വീടിന്റെ പണിയിലാണ് താൻ സഹായിച്ചിരിക്കുന്നതെന്നും താൻ കൂലിപ്പണിക്കൊന്നും പോയിട്ടില്ലെന്നുമാണ്. അതിന്റെ ക്ലിപ്പിംഗ് ഇവിടെയുണ്ട്. എന്റെ അനുജന്റെ വീടിന്റെ നിർമ്മാണം നടക്കുന്ന സമയത്ത് ഞാൻ സഹായിക്കാൻ

പോയിട്ടുണ്ട്, അതിന്റെ വീഡിയോ മറ്റാരോ എടുക്കുകയും അത് മാധ്യമങ്ങളിൽ വാർത്തയാക്കുകയും ചെയ്തിട്ടുണ്ടെന്നും ശമ്പളം വൈകി എന്നുപറയുന്നതിൽ അടിസ്ഥാനമില്ലെന്നും മേയ് മാസം വരെയുള്ള ശമ്പളം കിട്ടിയിട്ടുണ്ടെന്നും അടുത്ത ശമ്പളത്തിന് ബിൽ തയ്യാറാക്കി വരികയാണെന്നും ആ വീഡിയോയിൽ ശ്രീ. ബാബു പറയുന്നത് കേൾക്കാൻ കഴിയുന്നുണ്ട്. ശ്രീ. എം. വി. ബാബു നൽകിയ പരസ്യത്തിന്റെ പകർപ്പെന്ന നിലയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നോട്ടീസിനോടൊപ്പം ഉള്ളടക്കം ചെയ്ത രേഖ യഥാർത്ഥത്തിൽ സമൂഹമാധ്യങ്ങളിൽ മറ്റുള്ളവർ ശ്രീ. എം. വി. ബാബുവിനെ ട്രോൾ ചെയ്തുകൊണ്ട് നൽകിയ പോസ്റ്ററിന്റെ പകർപ്പാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പരാമർശിച്ച നോട്ടീസിൽ ശ്രീ. എം. വി. ബാബു നൽകിയ പരസ്യമല്ലെന്ന് കൃത്യമായി മനസ്സിലാകും. 13-07-2022-ന് സഭയിൽ ഞാൻ പറഞ്ഞ കാര്യങ്ങളെ ശരിവയ്ക്കുന്ന നിലയിൽ മനോരമയിലും സമൂഹ മാധ്യമങ്ങളിലും വന്ന പുതിയ വാർത്തകൾ ഇതായിരിക്കെ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വീണ്ടും പഴയ വാർത്തകളെ ആസ്പദമാക്കി ഞാൻ നിയമസഭയെ മനഃപൂർവ്വം തെറ്റിദ്ധരിപ്പിച്ചുവെന്ന് പറയുന്നത് ശരിയായ സമീപനമല്ല. പുതിയ വാർത്തകളുടെ അടിസ്ഥാനത്തിൽ നിരാകരിക്കപ്പെട്ടുപോയ

വാർത്തകളെത്തന്നെ വീണ്ടും കൂട്ടുപിടിച്ച് യഥാർത്ഥത്തിൽ സഭയെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുന്നത് പ്രതിപക്ഷനേതാവല്ലേ? 12-07-2022-ന്റെ പ്രസംഗത്തിനിടയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പ്രദർശിപ്പിച്ച മലയാള മനോരമ പത്രത്തിൽ വന്ന വാർത്തയിലും ഫോട്ടോയിലും പറഞ്ഞതുപോലെ ശ്രീ. എം. വി. ബാബു എന്ന പഞ്ചായത്ത് ജീവനക്കാരൻ കൂലിപ്പണിക്ക് പോയിട്ടില്ലെന്നും 13-07-2022-ലെ പ്രസംഗത്തിൽ ഞാനിവിടെ പറഞ്ഞു. അദ്ദേഹം സഹോദരന്റെ വീടുപണിയിൽ സഹായിക്കുന്ന ഫോട്ടോയാണ് വന്നിരിക്കുന്നത്. ഇന്ന് ശ്രീ. എം. വി. ബാബുവും മലപ്പട്ടം ഗ്രാമപഞ്ചായത്ത് പ്രസിഡന്റും വെളിപ്പെടുത്തിയിട്ടുള്ളത് എന്റെ പ്രസ്താവന ശരിവയ്ക്കുന്ന തരത്തിലാണ്. ഇതുസംബന്ധിച്ച വാർത്തയുടെ കട്ടിംഗ്സ് ഉൾപ്പെടെയുള്ള കാര്യങ്ങൾ എന്റെ കൈവശമുണ്ട്. അദ്ദേഹം പറഞ്ഞിരിക്കുന്നത് ഞാൻ അങ്ങനെതന്നെ വായിക്കാം "മലപ്പട്ടം ഗ്രാമപഞ്ചായത്തിലെ ജീവനക്കാർക്ക് ശമ്പളമില്ല, കൂലിപ്പണിക്ക് പോകുകയാണെന്ന ഒരു വാർത്തയുമായി ബന്ധപ്പെട്ട് ഞാൻ പ്രതികരിക്കുകയാണ്." ആ വാർത്തയിൽ ഒരടിസ്ഥാനവുമില്ലെന്നാണ് ശ്രീ. എം. വി. ബാബു പറയുന്നത്. ഇത് അദ്ദേഹത്തിന്റെതന്നെ സ്റ്റേറ്റ്മെന്റാണ്. കാരണം, (.....ബഹളം.....) ശ്രീ. എം. വി. ബാബുവിനെ

സഭയിൽ (.....ബഹളം...) "ആ വാർത്തയിൽ ഒരടിസ്ഥാനവുമില്ലെന്നാണ് എനിക്ക് പറയാനുള്ളത്. കാരണം, ഒരു ഗവൺമെന്റ് ജീവനക്കാരൻ സർവ്വീസ് ചട്ടത്തിന് വിരുദ്ധമായി കൂലിപ്പണി ചെയ്യരുതെന്നത് എനിക്ക് അറിയാവുന്ന കാര്യമാണ്.'' ഇത് ബാബു പറയുന്നതാണ്. അപ്പോൾ പരസ്യം ശരിയായി. അത്തരത്തിലൊരു സംഭവമുണ്ടായിട്ടില്ല. "എന്റെ അനുജന്റെ വീടുനിർമ്മാണം നടക്കുന്ന സമയത്ത് ഞാൻ സഹായിക്കാൻ പോയിട്ടുണ്ട്. അതിന്റെ വീഡിയോ മറ്റാരോ എടുത്ത് ഫെയ്സ്ബുക്കിലടക്കം കൊടുത്തിട്ടുണ്ട്. അതാണ് മാധ്യമ ശ്രദ്ധയുണ്ടാക്കുന്ന രീതിയിലേയ്ക്ക് വന്നിട്ടുള്ളത്. ഇതിലൊന്നും എനിക്ക് യാതൊരു പങ്കുമില്ല. ഇതുപോലെതന്നെ ശമ്പളം വൈകിപ്പോയെന്ന് പറയുന്നതിലും യാതൊരടിസ്ഥാനവുമില്ല. ഏപ്രിൽ, മേയ് മാസങ്ങളിലെ ശമ്പളമടക്കം കിട്ടിയിട്ടുണ്ട്. അടുത്ത മാസത്തെ ശമ്പളം തയ്യാറായി വന്നിട്ടുണ്ട്. ഡി.ഡി.പി. ഓഫീസും പഞ്ചായത്ത് ഭരണസമിതിയും മന്ത്രിയുമൊക്കെ ഇതുമായി ബന്ധപ്പെട്ട് വളരെ സജീവമായി പ്രവർത്തിക്കുന്നുണ്ട്. ഇത്തരത്തിൽ വിവാദമായ ഒരു വാർത്ത മാധ്യമസൃഷ്ടി മാത്രമാണ്. എനിക്കോ പഞ്ചായത്തിനോ അതിൽ യാതൊരുവിധ ഉത്തരവാദിത്വവുമില്ല" എന്ന് ശ്രീ. എം. വി. ബാബുതന്നെ വ്യക്തമാക്കിയിട്ടുള്ള അദ്ദേഹത്തിന്റെ ക്ലിപ്പിംഗ് ഇവിടെയുണ്ട്. ആർക്ക് വേണമെങ്കിലും

പരിശോധിക്കാം. അതുകൊണ്ട് ആവശ്യമില്ലാത്ത രീതിയിൽ പറയരുത്. ആദ്യം മലയാള മനോരമയും മാതൃഭൂമിയുമാണ് പറഞ്ഞത്. ഇപ്പോൾ ഏഷ്യാനെറ്റ് ഉൾപ്പെടെയുള്ള ചാനലുകൾ ചേർന്നിരിക്കുന്നു. ഏഷ്യാനെറ്റായാലും മനോരമയായാലും മാതൃഭൂമിയായാലും കമ്മ്യൂണിസ്റ്റ് വിരുദ്ധ, പുരോഗമന വിരുദ്ധ നിലപാടുകൾ സ്വീകരിച്ചുകൊണ്ട് വ്യാപകമായ പ്രചാരവേല നടത്തിക്കൊണ്ടിരിക്കുന്നത് മനസ്സിലാകാതെ എന്റെ പ്രിയപ്പെട്ട പ്രതിപക്ഷനേതാവും അതിന്റെ ഭാഗമായിപ്പോയി. വിഡ്ഢിവേഷം കെട്ടുന്നതിലേയ്ക്ക് ആളുകളെ എത്തിക്കുന്നതാണ് മനോരമയും മാതൃഭൂമിയും ചെയ്തുകൊണ്ടിരിക്കുന്നത്. അതിലേയ്ക്ക് നീങ്ങിപ്പോകാൻ പാടില്ലെന്നാണ് എനിക്ക് അദ്ദേഹത്തോട് അഭ്യർത്ഥിക്കാനുള്ളത്. ശ്രീ. എം.വി. ബാബുവിന്റെ കുടുംബം ജീവിക്കാൻ മാർഗ്ഗമില്ലാത്തതാണെന്ന് പറയുന്നതിൽ യാതൊരു കാര്യവുമില്ല. അദ്ദേഹത്തിന്റെ ഭാര്യ ശ്രീമതി രാജേശ്വരി കെ. വി., ഇപ്പോൾ ചുഴലി ഈസ്റ്റ് ജി.എൽ.പി. സ്കൂളിലെ സ്ഥിരവരുമാനമുള്ള അദ്ധ്യാപിക കൂടിയാണ്. 'ആകെ വിഷമിച്ച് യാതൊന്നും കഴിയാത്തതുകൊണ്ട് ഞാനിങ്ങനെ പണിക്ക് പോകുകയാണെന്ന് പറഞ്ഞെന്ന് പറയുന്നതൊക്കെ തികച്ചും തെറ്റായ വാർത്തയാണ്.' (.....ബഹളം...) ഇവർ അടിസ്ഥാനപരമായി വളരെ പിന്നോക്കം നിൽക്കുന്ന കുടുംബമല്ല. ഒരു

വീട്ടിൽ രണ്ടാളും ജോലി ചെയ്യുന്നവരാണ്. അങ്ങനെ ജോലി ചെയ്യുന്നവർക്ക് ഒരു മാസത്തെ ശമ്പളം കിട്ടിയില്ലെന്നതുകൊണ്ട് ഇതുപോലുള്ള പണിക്ക് പോകേണ്ട യാതൊരു കാര്യവുമില്ല. പിന്നെ 'ഞാനിതാ പണിക്ക് പോകാൻ പുറപ്പെട്ടിരിക്കുകയാണ്, അതുകൊണ്ട് എല്ലാവരും എന്നെ വിളിക്കൂ' എന്ന് പരസ്യം കൊടുത്തുവെന്ന് പറയുന്നത് ആരെങ്കിലും വിശ്വസിക്കുന്ന ഒന്നല്ല. വസ്തുതാപരമായി ഞാൻ പറഞ്ഞതെല്ലാം ശരിയാണ്. അതിനുശേഷം വന്ന എല്ലാ വിവരങ്ങളും പരിശോധിച്ചാൽ ഇതിനകത്ത് ഒന്നും പിൻവലിക്കേണ്ട കാര്യമില്ലെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്.

മി. സ്പീക്കർ: നമുക്കിത് അവസാനിപ്പിക്കാം.

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട മന്ത്രി അവാസ്തവമായിട്ടുള്ള ഒരു കാര്യം പറഞ്ഞു. കാരണം, ഞാൻ മനോരമ വാർത്ത മാത്രമാണ് അന്ന് ഉദ്ധരിച്ച് പറഞ്ഞത്. മാതൃഭൂമി ന്യൂസ് ചാനലിന് ഈ ജീവനക്കാരനുൾപ്പെടെയുള്ള മൂന്ന് ജീവനക്കാർ കൊടുത്ത ബൈറ്റാണ് ഇന്ന് ബഹുമാനപ്പെട്ട സ്പീക്കർക്കുമുന്നിൽ ഹാജരാക്കിയത്. അതിന്റെ വീഡിയോകൂടി കൊടുക്കാം. അത് ബൈറ്റാണ്. പഞ്ചായത്ത് ഓഫീസിനകത്തുവച്ച് ശ്രീ. എം. വി. ബാബു ഉൾപ്പെടെയുള്ള മൂന്ന് ജീവനക്കാർ കൊടുത്ത ബൈറ്റാണ്. ശമ്പളം കിട്ടിയിട്ടില്ല, പണിക്ക്

പോകുന്നുണ്ട്, ലോണടയ്ക്കണം, റിക്കവറിയാണെന്ന് പറയുന്നുണ്ട്. എന്നിട്ടും ബഹുമാനപ്പെട്ട മന്ത്രി....., ചെയ്യാൻ കഴിയും. കാരണം, XXXX+ (.....ബഹളം.....) ഒരു കാര്യംകൂടി പറയാം. (..... ബഹളം....)

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, അദ്ദേഹം പറഞ്ഞ പരാമർശം പിൻവലിക്കണം (....മൈക്ക് ഓഫ്....)

മി. സ്പീക്കർ: ആ പരാമർശം ചെയർ പരിശോധിക്കാം.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ശ്രീ. എം. വി. ബാബുവും ഭാര്യയും പാർട്ടി കുടുംബമാണ്. (....ബഹളം....) പഴയ ഏരിയാ സെക്രട്ടറി വേലായുധേട്ടന്റെ ഭാര്യയുടെ ബന്ധുവാണ് ശ്രീ. എം. വി. ബാബു. കാര്യം മനസ്സിലായല്ലോ; നിങ്ങൾ മാറ്റി പറയിപ്പിച്ചു. (.....ബഹളം....) നിങ്ങൾ പഞ്ചായത്ത് പ്രസിഡന്റിനെക്കൊണ്ട് കൊടുപ്പിച്ച ബൈറ്റ് മാറ്റി പറയിപ്പിച്ചു. (.....ബഹളം.....)

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ സ്ഥാനം എന്തും വിളിച്ചുപറയാനുള്ള അവകാശമല്ല. അത് പിൻവലിക്കണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ദയവായി അവസാനിപ്പിക്കു. നമ്മൾ വേണ്ടത്ര ചർച്ചചെയ്തല്ലോ?

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നമ്പർ 13116/ഇ.ബി./2022/നി.സെ., തീയതി 22-07-2022) സഭാരേഖയിൽനിന്നും നീക്കംചെയ്തു.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ കംപ്ലീറ്റ് ചെയ്യുകയാണ്. ഇത് ഞാൻ പറയുന്ന, ഇതിന്റെ ബൈറ്റുണ്ട്. (......ബഹളം.....) അയാളുടെ നാവിൽനിന്ന് നേരിട്ട് പറയുന്നുണ്ട്. എന്നിട്ട് ബഹുമാനപ്പെട്ട മന്ത്രി അയാളെ ഭീഷണിപ്പെടുത്തി മാറ്റി പറയിപ്പിച്ചതാണ്. (......ബഹളം.....)

<u>മി. സ്പീക്കർ</u>: ആവർത്തിക്കുകയാണ്.

<u>ശ്രീ. പി. രാജീവ്:</u> സർ, പോയിന്റ് ഓഫ് ഓർഡർ.

<u>മി. സ്പീക്കർ</u>: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

<u>ശ്രീ. പി. രാജീവ്:</u> സർ, വളരെ ഗൗരവമായ ഒരു പരാമർശം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നടത്തിയിരിക്കുന്നു. ബഹുമാന്യനായ പ്രതിപക്ഷനേതാവ് അത് പിൻവലിക്കേണ്ടതാണ്. ഒരു നാടിനെയും ആ നാട്ടിലെ ജനങ്ങളെയും മുഴുവൻ അധിക്ഷേപിക്കുന്ന ഒരു പരാമർശമാണ് മൂല്യബോധത്തിന്റെ..., ഞാൻ പറയട്ടെ..., ശബ്ദമുണ്ടാക്കി ഭീഷണിപ്പെടുത്താൻ നിൽക്കേണ്ട ശ്രീ. റോജി. എം. ജോൺ. അത് വേണ്ട.... (......ബഹളം.....) ഞാൻ പറയുമ്പോൾ സംസാരിക്കരുത്. (......ബഹളം.....) ഒരു പഞ്ചായത്ത് ഓഫീസിലെ ജീവനക്കാരന് ജീവിക്കാൻ കഴിയില്ലെന്ന അഭിപ്രായം ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പ്രകടിപ്പിച്ചിരിക്കുന്നു. ആ അഭിപ്രായ പ്രകടനം അദ്ദേഹം പിൻവലിക്കണം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്

ഈ സഭയിൽ ഒരു സ്ഥാനമുണ്ട്. ആ സ്ഥാനത്തിന് ചേരുന്നതും ഉത്തരവാദിത്വത്തിന് യോജിക്കുന്നതുമായ പ്രസ്താവനകളായിരിക്കണം പ്രതിപക്ഷനേതാവ് നടത്തേണ്ടത്. അദ്ദേഹം മൂല്യബോധത്തെക്കുറിച്ച് എപ്പോഴും പറയുന്ന ഒരാളാണ്. വാക്കും പ്രവൃത്തിയും തമ്മിൽ ബന്ധമുണ്ടാകണം. അദ്ദേഹം പറഞ്ഞിട്ടുള്ള ഈ പ്രയോഗം ആ നാടിനെയാകെ അധിക്ഷേപിക്കുന്നതാണ്. അത് പിൻവലിക്കാൻ അദ്ദേഹം തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, നാടിനെ അധിക്ഷേപിക്കുന്ന ഒരു കാര്യവും ഞാൻ പറഞ്ഞിട്ടില്ല. ഇപ്പോൾ  നിയമ വകുപ്പുമന്ത്രി നിരന്തരമായി ഇല്ലാത്ത കാര്യങ്ങൾ സംസാരിക്കുകയാണ്. പരസ്പരബന്ധമില്ലാത്ത കാര്യങ്ങൾ....., (....ബഹളം....) ഞാൻ സംസാരിക്കുമ്പോൾ ബഹളമുണ്ടാക്കുകയാണ്. നിങ്ങൾക്ക് ബഹളമുണ്ടാക്കാം. നിങ്ങൾക്ക് എന്താണ് ഇത്രയേറെ പ്രിവിലേജ്; നിയമ വകുപ്പുമന്ത്രിക്ക് എന്ത് പ്രിവിലേജാണുള്ളത്; പ്രത്യേകിച്ച് പ്രിവിലേജൊന്നുമില്ല.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഇതിൽ ധനകാര്യ വകുപ്പുകൂടി ഉൾപ്പെട്ടതാണ്, ശമ്പളം കൊടുക്കുന്നില്ലെന്ന കാര്യം പറഞ്ഞു. മലപ്പട്ടം ഗ്രാമപഞ്ചായത്തുൾപ്പെടെ തനത് ഫണ്ടില്ലാത്ത

പഞ്ചായത്തുകളുണ്ട്. സാധാരണഗതിയിൽ തനത് ഫണ്ടിൽനിന്നാണ് ശമ്പളവും മറ്റ് കാര്യങ്ങളും കൊടുക്കുന്നത്. എന്നാൽ തനത് ഫണ്ടില്ലാത്ത പഞ്ചായത്തുകൾ മിക്കവാറും എല്ലാ ജില്ലകളിലുമുണ്ട്. അങ്ങനെയുള്ള പഞ്ചായത്തുകളിൽ ഗ്യാപ്പ് ഫണ്ടിൽനിന്ന് ശമ്പളം കൊടുക്കാൻ പണം കൊടുത്തിട്ടുണ്ട്. ശമ്പളം കിട്ടിയിട്ടില്ലെന്ന് പറയുന്നത് ശരിയല്ല. ഗ്യാപ്പ് ഫണ്ടിൽനിന്ന് അവിടെ ശമ്പളം കൊടുക്കാൻ ഫണ്ട് കൊടുത്തിട്ടുള്ള കാര്യം റിക്കാർഡും വസ്തുതയുമാണ്. പ്രതിപക്ഷനേതാവ് ഇത് പറഞ്ഞപ്പോൾ അങ്ങയെ തെറ്റിദ്ധരിപ്പിച്ചതായിരിക്കുമെന്നാണ് ഞാൻ കരുതിയത്. അങ്ങ് അതിൽ ഉറച്ചുനിൽക്കുന്നുവെങ്കിൽ ഈ വസ്തുതകൂടി ഞാൻ പറയുകയാണ്. ഇങ്ങനെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ കാര്യങ്ങൾ പറയരുത്.

**12.00 Noon]**

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, സാധാരണഗതിയിൽ പ്രതിപക്ഷനേതാവ് സഭയിൽ വളരെ ഗൗരവപൂർവ്വമായ കാര്യം ഉന്നയിക്കുമ്പോൾ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി അത് പരിശോധിക്കുക എന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. മലപ്പട്ടത്തെക്കുറിച്ച് അദ്ദേഹം എന്താണ് പറഞ്ഞത്; ആ നാടിനെ എന്താണ് അപമാനിച്ചത്? മലപ്പട്ടം ആണെന്നല്ലേ പറഞ്ഞത്. (.....ബഹളം....) അങ്ങനെ പറഞ്ഞാൽ ആ

നാടിനെ അപമാനിക്കുകയാണോ? ആ സാഹചര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ മറുപടി ദൗർഭാഗ്യകരമായിപ്പോയി. ബഹുമാനപ്പെട്ട മന്ത്രിയുടെ പക്കൽ ഇതുമായി ബന്ധപ്പെട്ട വീഡിയോ ഉണ്ടെന്നുപറഞ്ഞു. അതോടൊപ്പംതന്നെ വസ്തുതകളുമുണ്ടെന്ന് പറഞ്ഞു. അങ്ങ് ഒരു മന്ത്രിയാണ്. ഈ വിഷയം പരിശോധിച്ചശേഷം ബഹുമാനപ്പെട്ട മന്ത്രി പ്രതിപക്ഷനേതാവുമായി സംസാരിച്ച് പരിഹരിക്കുകയാണ് വേണ്ടത്. അല്ലാതെ ഇത്തരത്തിലുള്ള വാദങ്ങളുന്നയിക്കുന്നത് ശരിയല്ലെന്നാണ് ബഹുമാനപ്പെട്ട ചെയറിനെ എനിക്ക് അറിയിക്കാനുള്ളത്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, ന്യായമായ രീതിയിലുള്ള ഒരു പ്രശ്നം എങ്ങനെയാണ് കൈകാര്യം ചെയ്യേണ്ടതെന്ന് പറഞ്ഞത് ശരിയാണ്. മലയാള മനോരമ, മാതൃഭൂമി, ഏഷ്യാനെറ്റ് എന്നിവയെ അടിസ്ഥാനപ്പെടുത്തി വസ്തുതകളില്ലാതെ ഇവിടെ അവതരിപ്പിച്ച പ്രശ്നം ഞാൻ പരിശോധിച്ചു. 'താൻ പോയത് സഹോദരന്റെ വീട് പണിക്കെന്ന് ബാബു, പ്രതിപക്ഷനേതാവിന്റെ വാദങ്ങൾ പൊളിയുന്നു' എന്ന് പത്രത്തിൽ വന്നിട്ടുണ്ട്. (ബന്ധപ്പെട്ട പകർപ്പ് ഉയർത്തിക്കാണിച്ചു.) ഇത് ദേശാഭിമാനിയിൽ വന്നിട്ടുള്ളതാണ്......, പിന്നെ മനോരമയിൽ വരുമോ? (...ബഹളം...) ഞാൻ പറയുന്നത് കേൾക്കു, അതിനുമുമ്പ് വർത്തമാനം പറഞ്ഞിട്ട് എന്താണ് കാര്യം? രണ്ടാമത്തേത്,

'ശമ്പളമില്ലാത്തതിനാൽ കൂലിപ്പണി, മലപ്പട്ടം ഗ്രാമപഞ്ചായത്തിലെ ഉദ്യോഗസ്ഥരുടെ വാർത്ത വ്യാജമെന്ന് ജീവനക്കാരൻ' (കടലാസ് ഉയർത്തി കാണിക്കുന്നു.) ഇത് റിപ്പോർട്ടർ ചാനലിൽ വന്നതാണ്. ബഹുമാനപ്പെട്ട മുൻപ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞതിനോട് ഞാൻ യോജിക്കുന്നു. പ്രതിപക്ഷനേതാവ് പറയുന്ന കാര്യങ്ങളെ സംബന്ധിച്ച് അവ്യക്തതയുണ്ടെങ്കിലല്ലേ ഞാൻ അതുസംബന്ധിച്ച് അന്വേഷിക്കേണ്ട കാര്യമുള്ളൂ. 'എന്റെ സഹോദരന്റെ വീടുപണിയുമായി ബന്ധപ്പെട്ട് സഹായിക്കാൻ പോയതാണ് ' എന്ന് നല്ല വ്യക്തതയോടുകൂടി ആ ജീവനക്കാരൻതന്നെ പറഞ്ഞു. ഇവിടെ ചൂണ്ടിക്കാണിച്ച രീതിയിൽ അദ്ദേഹം പരസ്യം കൊടുക്കുകയില്ലെന്ന് എല്ലാവർക്കും അറിയാമല്ലോ? അതുമായി ബന്ധപ്പെട്ട് പരിശോധിക്കുകയും അങ്ങനെ പരസ്യം കൊടുത്തിട്ടില്ലെന്ന് അദ്ദേഹംതന്നെ വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. ആ ജീവനക്കാരൻ കൊടുത്ത സ്റ്റേറ്റ്മെന്റ് അടിസ്ഥാനപ്പെടുത്തിയാണ് ഞാനിവിടെ എല്ലാകാര്യങ്ങൾക്കും മറുപടി പറഞ്ഞത്. അതുകൊണ്ട് ഇത് കെട്ടിച്ചമച്ചതല്ല, പത്രവാർത്ത വന്നതല്ല. അദ്ദേഹം പറഞ്ഞ ക്ലിപ്പിംഗ് നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കാം. ഇവിടെ മേശപ്പുറത്തുവയ്ക്കാം. യാതൊരു തർക്കവുമില്ല. (.....ബഹളം.....)

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, (.....മൈക്ക് ഓഫ്.....)

മി. സ്പീക്കർ: അതുകഴിഞ്ഞു. പരിശോധിക്കാമെന്ന് നേരത്തെ പറഞ്ഞിട്ടുണ്ട്. ഉപധനാഭ്യർത്ഥനകൾ പരിഗണനയ്ക്കെടുക്കുകയാണ്.

**12.02 pm]**

**X ധനകാര്യം**

2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 20,19,23,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം

ഞാൻ അവതരിപ്പിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ടൂറിസം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 11,000 രൂപയുടെയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ

പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, കൃഷി എന്ന XXIX നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 8,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 58,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

| ക്രമ നം. | വകുപ്പുമന്ത്രി | ധനാഭ്യർത്ഥനയുടെ നമ്പരും പേരും | (തുക) രൂപയിൽ |
|---|---|---|---|

| (1) | (2) | (3) | | (4) |
|---|---|---|---|---|
| 1 | മുഖ്യമന്ത്രി | II | സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2,000 |
| | | III | നീതിന്യായ നിർവ്വഹണം | 2,000 |
| | | XII | പോലീസ് | 2,000 |
| | | XIII | ജയിലുകൾ | 1,000 |
| 2 | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | XI | ജില്ലാഭരണവും പലവകയും | 20,19,23,000 |
| 3 | പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി | XLII | ടൂറിസം | 2,000 |
| 4 | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | XVII | വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം | 11,000 |
| | | XXIV | തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 1,000 |
| 5 | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | XVIII | വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | 3,000 |
| 6 | സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി | XXVII | സഹകരണം | 1,000 |
| 7 | ധനകാര്യ വകുപ്പുമന്ത്രി | V | ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും | 1,000 |
| 8 | കൃഷി വകുപ്പുമന്ത്രി | XXIX | കൃഷി | 8,000 |
| 9 | ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | XXX | ഭക്ഷ്യം | 1,000 |
| 10 | മൃഗസംരക്ഷണ-ക്ഷീരവികസന | XXXII | ക്ഷീരവികസനം | 1,000 |

| | | | | |
|---|---|---|---|---|
| | വകുപ്പുമന്ത്രി | | | |
| 11 | നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | XXXVII | വ്യവസായങ്ങൾ | 58,000 |
| 12 | ജലവിഭവ വകുപ്പുമന്ത്രി | XX | ശുദ്ധജല വിതരണവും ശുചീകരണവും | 1,000 |
| | | XXXVIII | ജലസേചനം | 2,000 |
| 13 | ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | XLVI | സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും | 2,000 |

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. രാജ്യത്ത് രണ്ട് സർക്കാരുകളുടെ പോളിസി നമുക്ക് കാണാൻ സാധിക്കും. ഒന്ന് കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി. മറ്റൊന്ന്, Left alternative. കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി. സ്വീകരിക്കുന്ന നയം favouring the rich and squeezing the poor എന്നതാണ്. അതേസമയം ബി.ജെ.പി. ഇതര സർക്കാരുകൾ ഭരിക്കുന്ന സംസ്ഥാനങ്ങളെ പരമാവധി punish ചെയ്യുകയാണ്. ഇക്കാര്യത്തിൽ എൽ.ഡി.എഫ്.-ഉം കോൺഗ്രസ്സും തമ്മിൽ അഭിപ്രായ വ്യത്യാസമുണ്ടാകേണ്ട കാര്യമില്ല. കാരണം കോൺഗ്രസ് ഭരിക്കുന്ന രാജസ്ഥാനോടും ഛത്തിസ്ഗഢിനോടും ഇതേസമീപനം തന്നെയാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. എൽ.ഡി.എഫ്. സർക്കാരിന്റെ ബദൽ എന്താണ്? എൽ.ഡി.എഫ്. സർക്കാരിന്റെ 'കേരള മോഡൽ' ലോകമെങ്ങും അംഗീകരിക്കപ്പെടുന്ന ഒന്നായി മാറിയിട്ടുണ്ട്.

അഖിലേന്ത്യാടിസ്ഥാനത്തിൽ ബദലായി മാറാൻ കേരളത്തിന് സാധിച്ചിട്ടുണ്ട്. യു.ഡി.എഫ്. സർക്കാർ ഉപേക്ഷിച്ച പല പദ്ധതികളും എൽ.ഡി.എഫ്. സർക്കാർ നടപ്പിലാക്കി. നടപ്പിലാക്കാൻ കഴിയില്ലെന്ന് യു.ഡി.എഫ്. പ്രചരിപ്പിച്ച ഗെയിൽ പൈപ്പ് ലൈൻ നടപ്പിലാക്കി. കേരളത്തിൽ ദേശീയപാത വികസനം ഒരു മരീചികയായിരുന്നില്ലേ? ഇപ്പോൾ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ദേശീയപാത നിർമ്മാണം അതിവേഗം നടക്കുകയാണ്. ദേശീയപാത നിർമ്മാണത്തിനുവേണ്ടി 5,636 കോടി രൂപയാണ് കേരള സർക്കാർ നൽകിയത്. അതുകൊണ്ട് ദേശീയപാത നിർമ്മാണം യാഥാർത്ഥ്യമായി. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനവും ആ സംസ്ഥാനത്തെ എൻ.എച്ച്. നിർമ്മാണത്തിനുവേണ്ടി തുക നൽകിയിട്ടില്ല. 2025 ആകുമ്പോഴേയ്ക്കും കേരളത്തിലെ ദേശീയപാത നാലുവരി പാതയിൽനിന്ന് ആറുവരി പാതയായി മാറുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുപോലെതന്നെയാണ് മുഖ്യമന്ത്രിയുടെ തദ്ദേശറോഡ് പുനരുദ്ധാരണ പദ്ധതി. 5000 റോഡുകളുടെ നിർമ്മാണത്തിനായി 961 കോടി രൂപ മാറ്റിവച്ചു. അതിൽ പൊളിറ്റിക്കൽ ഡിസ്ക്രിമിനേഷൻ കാണിച്ചിട്ടില്ല. യു.ഡി.എഫ്. - എൽ.ഡി.എഫ്. വ്യത്യാസമില്ലാതെ എല്ലാ എം.എൽ.എ.-മാർക്കും നൽകി. കേരളത്തിൽ

ഒരാളും വീടില്ലാത്തവരായി ഉണ്ടാകാൻ പാടില്ലായെന്നതാണ് ഈ സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രോജക്ട്. 279000-ത്തിൽപ്പരം വീടുകൾ ഇതിനോടകം നിർമ്മിച്ചുനൽകി. ലൈഫ് മിഷന്റെ രണ്ടാംഘട്ടത്തിൽ അഞ്ച് ലക്ഷം വീടുകളാണ് സർക്കാർ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. ഇത്തരത്തിലുള്ള നിരവധി വികസന പ്രവർത്തനങ്ങൾ നടന്ന നാളുകളായിരുന്നു പോയകാലം. 2016 മുതൽ രണ്ട് ലക്ഷത്തോളം പട്ടയം നൽകി പട്ടയ വിതരണം ഫലപ്രദമായി നടപ്പിലാക്കാൻ സർക്കാരിന് സാധിച്ചു. 'കെ-ഫോൺ' കേരളത്തിലെമാത്രം stand alone പ്രോജക്ടാണ്. എന്തായിരുന്നു ആക്ഷേപം; 2021-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്. പരാജയപ്പെട്ടത് എന്തുകൊണ്ടാണ്? കാരണം, നിങ്ങളൊരു constructive opposition ആയില്ല മറിച്ച്, നിങ്ങളൊരു destructive opposition ആയി. ഇന്ത്യയ്ക്ക് മാതൃകയായി കെ-ഫോൺ പദ്ധതി ഏറ്റവും ആദ്യം ആരംഭിച്ച സംസ്ഥാനമാണ് കേരളം. കെ-ഫോൺ പദ്ധതി യാഥാർത്ഥ്യമായതിന്റെ ഭാഗമായി എ.പി.എൽ. കുടുംബങ്ങൾക്ക് മിതമായ നിരക്കിലും ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യമായും ഇന്റർനെറ്റ് സ്വന്തമായുള്ള സംസ്ഥാനമായി കേരളം മാറി. അതിന് നിങ്ങൾ എന്തെല്ലാം പ്രശ്നങ്ങളുണ്ടാക്കി. അവരെയൊക്കെ ജനങ്ങൾ മൂലയ്ക്കിരുത്തിയെന്നുള്ളതാണ്

വസ്തുത. ഞാൻ പതിനാലാം കേരള നിയമസഭയിലും അംഗമായിരുന്നു. അതുപോലെ 35.64 ലക്ഷം കുടിവെള്ള കണക്ഷൻ കൊടുക്കാൻ കഴിഞ്ഞു. അതുപോലെതന്നെയാണ് മുഖ്യമന്ത്രിയുടെ സി.എം.ഡി.ആർ.എഫ്. ഞാൻ ഉമ്മൻ ചാണ്ടി സാറിനെ ബഹുമാനിക്കുന്ന ആളാണ്. അദ്ദേഹത്തിന്റെ ഭരണകാലവും പിണറായി സർക്കാരിന്റെ ഭരണകാലവും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ യു.ഡി.എഫ്.-ന്റെ കാലത്ത് പരസ്യങ്ങളുടെ പെരുമഴയായിരുന്നില്ലേ? മുസ്ലീങ്ങളുടെ ഒരു വിശ്വാസമുണ്ട്. അത് ലീഗുകാർക്ക് മനസ്സിലാകും. ഇടത് കൈകൊണ്ട് കൊടുക്കുന്നത് വലതുകൈ അറിയാൻ പാടില്ലെന്നാണ്. യു.ഡി.എഫ്. എങ്ങനെയാണ് ധനസഹായം കൊടുത്തത്? പുരപ്പുറത്ത് കയറിനിന്ന് കൂവി, വലിയ പന്തൽ കെട്ടി, ആളുകളെ വിളിച്ചുകൂട്ടി പബ്ലിസിറ്റി കൊടുത്താണ് ധനസഹായം നൽകിയത്. എന്നാൽ ഇരുചെവി അറിയാതെയാണ് എൽ.ഡി.എഫ്. സർക്കാർ ധനസഹായം നൽകിയത്. അതാണ് യഥാർത്ഥ സഹായം. അല്ലാതെ പബ്ലിസിറ്റി കൊടുത്തല്ല ചെയ്യേണ്ടത്. ഇടതുപക്ഷത്തിന്റെ പോയ ആറുവർഷക്കാലംകൊണ്ട് അർഹതപ്പെട്ടവർക്ക് 6,540 കോടി രൂപ ധനസഹായമായി നൽകാൻ കഴിഞ്ഞു. പ്രതിപക്ഷം സോഷ്യൽ സെക്യൂരിറ്റി പെൻഷനെക്കുറിച്ച് പറഞ്ഞു. 35,127 കോടി രൂപയാണ് ഈ ഇനത്തിൽ

കൊടുത്തതെന്ന് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞു. സോഷ്യൽ സെക്യൂരിറ്റി പെൻഷൻ നിങ്ങളുടെ കാലത്ത് എങ്ങനെയായിരുന്നു? അത് മുടങ്ങി. ഹോട്ടലിൽ ഭക്ഷണത്തിന് കാത്തിരുന്നാൽ കുറേസമയം കഴിഞ്ഞാണ് നല്ല ചൂടുള്ള പ്ലേറ്റ് കൊണ്ടുവരിക. അപ്പോൾ നമുക്കൊരു പ്രതീക്ഷയാണ്. അതുപോലെ നിങ്ങൾ പെൻഷൻ അക്കൗണ്ടിലൂടെ വേണോ, നേരിട്ട് വേണോ എന്ന് ചോദിച്ചു. അവസാനം അക്കൗണ്ടിലുമില്ല, നേരിട്ടുമില്ല. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യക്ഷേമ പെൻഷൻ മുടങ്ങാതെ കൊടുത്തുവെന്നുമാത്രമല്ല, ഇപ്പോൾ അത് 1600 രൂപയാക്കി. ഇതാണ് ഇടത് ബദൽ. അത് മാത്രമാണോ? റീബിൽഡ് കേരള ഇനിഷ്യേറ്റീവിലൂടെ (ആർ.കെ.ഐ.) റോഡുകൾ നിർമ്മിച്ചില്ലേ? 7910 കോടി രൂപയുടെ റീബിൽഡ് കേരള ഇനിഷ്യേറ്റീവാണ് ഇപ്പോൾ കേരളത്തിൽ നടക്കുന്നത്. ഈ മാറ്റം കാണാതെ എന്തിനെയും ഏതിനെയും എതിർക്കുക എന്ന destructive opposition mind പ്രതിപക്ഷം മാറ്റണം. 2026 വരെ ഞങ്ങളാണ് ഭരിക്കുന്നത്. ഞങ്ങൾ ഭരണം തുടങ്ങിയപ്പോൾത്തന്നെ നിങ്ങൾ എതിർക്കുകയല്ലേ ചെയ്യുന്നത്; യു.ഡി.എഫ്.-ന്റെ കാലത്ത് ഏതെങ്കിലും സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റും കാത്ത് ലാബും

വരുമെന്ന് സങ്കല്പിക്കാൻ സാധിക്കുമോ? സർക്കാർ ആശുപത്രികളിൽ കാത്ത് ലാബും ഡയാലിസിസ് യൂണിറ്റും വന്നത് പ്രകടമായ മാറ്റമാണ്. നിങ്ങൾ കോർപ്പറേറ്റ് പാദസേവകരും ഞങ്ങൾ ജനപക്ഷ രാഷ്ട്രീയം ഉയർത്തിപ്പിടിച്ച് മുന്നോട്ടുപോയവരുമാണ്. അതിന്റെ ഭാഗമാണ് സർക്കാർ ആശുപത്രികളിലുണ്ടായ പ്രകടമായ മാറ്റമെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കോവിഡ് വാക്സിൻ എല്ലാവർക്കും സൗജന്യമായി നൽകി. 140 നിയമസഭാ മണ്ഡലങ്ങളിലും ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ പൊതുവിദ്യാഭ്യാസ മേഖലയിൽ ഓരോ അന്താരാഷ്ട്ര സ്കൂൾ. അതിൽ എന്തെങ്കിലും രാഷ്ട്രീയ വ്യത്യാസം കാണിച്ചോ; എല്ലാവർക്കും കൊടുത്തല്ലോ? പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനുവേണ്ടി ഏകദേശം 5000 കോടി രൂപ ചെലവഴിച്ചു. അത് ചെറിയ കാര്യമാണോ? കഴിഞ്ഞ ആറ് വർഷത്തിനിടയിൽ 80714 ചെറുകിട വ്യവസായശാലകൾ കേരളത്തിൽ ആരംഭിച്ചു. ടൂറിസത്തിന്റെ കാര്യത്തിൽ ലോകത്തെ നൂറിടങ്ങളിലൊന്ന് കേരളമാണെന്നാണ് ടൈം മാഗസിൻ പറയുന്നത്. കേരളം ഒരു പ്രധാനപ്പെട്ട ടൂറിസ്റ്റ് ഡെസ്റ്റിനേഷനായി മാറി എന്നുള്ളതാണ്. കഴിഞ്ഞ ദിവസം ഞാൻ ശ്രീ. ജഗത് പ്രകാശ് നദ്ദയുടെ ട്വിറ്റർ വായിച്ചു. അതിൽ 'ഈ രീതിയിലേയ്ക്ക് മാറ്റിയതിൽ ഞാൻ

പ്രധാനമന്ത്രിയെ അഭിനന്ദിക്കുന്നു' എന്ന് പറയുന്നുണ്ട്. എന്നാൽ പ്രധാനമന്ത്രി കേരളത്തെ സൊമാലിയയോടാണ് താരതമ്യം ചെയ്തത്. യു.ഡി.എഫ്. കിഫ്ബിയെ എതിർത്തില്ലേ? എന്നാൽ കിഫ്ബി മോഡൽ ഇന്ത്യയിൽ ആരംഭിക്കുന്നതിനെക്കുറിച്ചാണ് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മല സീതാരാമൻ കഴിഞ്ഞ ബഡ്ജറ്റിൽ ചർച്ച ചെയ്തത്. ബഡ്ജറ്റിനുപുറമെ കടമെടുക്കാൻ കിഫ്ബിക്ക് ബദലായ സംവിധാനം എങ്ങനെ നടപ്പിലാക്കാൻ സാധിക്കും? ഇടത്-വലത് രാഷ്ട്രീയ വ്യത്യാസമില്ലാതെ 25 വകുപ്പുകളിലൂടെ ഏതാണ്ട് 70792 കോടി രൂപയുടെ വികസനം എല്ലാവർക്കും കൊടുക്കാൻ ഈ സർക്കാർ തയ്യാറായി. ഇതാണ് ഇടത് ബദൽ.

ധനകാര്യമാണെങ്കിലും കുറച്ച് രാഷ്ട്രീയം പറയണമല്ലോ. ഞാൻ ബഹുമാന്യരായ ലീഗ് നേതാക്കന്മാരോടാണ് പറയുന്നത്. നിങ്ങളുടെകൂടെ നിൽക്കുന്നവരെ നിങ്ങളാണ് ശ്രദ്ധിക്കേണ്ടത്. കോൺഗ്രസിൽനിന്നുള്ള ബി.ജെ.പി. പരിവർത്തനത്തിന്റെ കണക്ക് ഞാൻ പറയാം. ആസ്സാമിലെ ശ്രീ. ഹിമന്ദ ബിശ്വ ശർമ്മ 2015-ൽ കോൺഗ്രസ് വിട്ടു, ഇപ്പോൾ ബി.ജെ.പി. മുഖ്യമന്ത്രിയാണ്. മണിപ്പൂരിലെ ശ്രീ. എൻ. ബിരേൻ സിംഗ് 2016-ൽ കോൺഗ്രസ് വിട്ടു, ഇപ്പോൾ ബി.ജെ.പി. മുഖ്യമന്ത്രിയാണ്.

നാഗാലാൻഡിലെ ശ്രീ. നെഫ്യൂ റിയോ 2002-ൽ കോൺഗ്രസ് വിട്ടു, ഇപ്പോൾ ബി.ജെ.പി. മുഖ്യമന്ത്രിയാണ്. യു.പി.-യിലെ മുൻ മുഖ്യമന്ത്രി നാരായൺ ദത്ത് തിവാരി എന്ന പേര് എന്റെ ചെറുപ്പകാലത്ത് കേട്ടിട്ടുള്ളതാണ്. അദ്ദേഹം 2017-ൽ കോൺഗ്രസ് വിട്ട് ബി.ജെ.പി. ആയി. ഞാൻ കോൺഗ്രസ് അടക്കമുള്ള പ്രതിപക്ഷാംഗങ്ങളുടെ പാർലമെന്റ് പ്രസംഗം കേൾക്കുന്ന ആളാണ്. ശ്രീ. ജ്യോതിരാദിത്യ സിന്ധ്യയുടെ പ്രസംഗം എന്നെ വളരെ ആകർഷിച്ചിരുന്നു. ബഹുമാനപ്പെട്ട സ്പീക്കറോടൊപ്പം പാർലമെന്റിലുണ്ടായിരുന്ന ആളാണ്. അദ്ദേഹം 2020-ൽ കോൺഗ്രസ് വിട്ടു. ഇപ്പോൾ ബി.ജെ.പി.-യുടെ കൂടെയാണ്. ഉത്തരാഖണ്ഡ് മുഖ്യമന്ത്രി ശ്രീ. വിജയ് ബഹുഗുണ 2014-ൽ കോൺഗ്രസ് വിട്ടു. ഇപ്പോൾ ബി.ജെ.പി.-യുടെ കൂടെയാണ്. ഉത്തർപ്രദേശ് പി.സി.സി. അദ്ധ്യക്ഷൻ ശ്രീ. ജഗദാംബിക പാൽ കോൺഗ്രസ് വിട്ട് ബി.ജെ.പി.-യുടെ കൂടെയാണ്. രാജ്യത്ത് സിവിൽ സർവ്വീസ് പരീക്ഷ പ്രിലിമിനറി, മെയിൻ, ഇന്റർവ്യൂ എന്നിങ്ങനെയാണ് നടത്തുന്നത്. അതുപോലെ കോൺഗ്രസിലെ സീറ്റിന് ടിക്കറ്റ് കിട്ടുക എന്നുപറഞ്ഞാൽ ബി.ജെ.പി.-യിലേയ്ക്കുള്ള പ്രിലിമിനറി പാസ്സാവുകയാണ്. കോൺഗ്രസിന് മത്സരിക്കാൻ ഒരു ടിക്കറ്റ് കിട്ടിയാൽ പ്രിലിമിനറി പാസ്സായി; ജയിച്ചാൽ മെയിൻ പാസ്സായി. പിന്നീട് ബി.ജെ.പി.

ആയി മാറുകയാണ്. ഇതല്ലേ സ്ഥിതി? ഇതുപോലെ ഏഴ് സംസ്ഥാനങ്ങളിൽ ബി.ജെ.പി.-ക്കല്ല ജനങ്ങൾ മാൻഡേറ്റ് കൊടുത്തത്. കർണ്ണാടകം, മേഘാലയ, മണിപ്പൂർ, അരുണാചൽ പ്രദേശ്, മഹാരാഷ്ട്ര എന്നിവിടങ്ങൾ ഭരിക്കുന്നത് ബി.ജെ.പി. ആണ്. ഗോവയിൽ ആരായിരുന്നു ഏറ്റവും വലിയ ഒറ്റകക്ഷി; ആരാണ് ഗവൺമെന്റ് ഫോം ചെയ്തത്? ഗോവയിലെ ഏറ്റവും വലിയ ഒറ്റകക്ഷി കോൺഗ്രസായിരുന്നു. ഗവൺമെന്റുണ്ടാക്കിയത് ബി.ജെ.പി. ആണ്. ഇന്ത്യയിലെ വലിയ സംസ്ഥാനമാണ് മധ്യപ്രദേശ്. ഇന്ന് അവിടത്തെ മുഖ്യമന്ത്രി ആരാണ്? ബി.ജെ.പി.-ക്കാരനാണ്. ജനം മാൻഡേറ്റ് കൊടുത്തത് കോൺഗ്രസിനാണ്. അതുകൊണ്ട് നിങ്ങൾ ഇവരെ നമ്പരുതെന്ന് വളരെ വിനയത്തോടെ ഞാൻ ലീഗുകാരോട് പറയുന്നു. അവർ എപ്പോഴാണ് ബി.ജെ.പി. ആകുന്നതെന്ന് പറയാൻ കഴിയില്ല. ഞാൻ പറയുന്നത് ഹിസ്റ്ററി വച്ചാണ്. വെറുതെ ഒരു മൈതാന പ്രസംഗംപോലെ സഭയ്ക്കകത്ത് പറയുന്നതല്ല. വളരെ കൃത്യമായ ഡാറ്റവച്ചാണ് ഞാൻ ഫ്ലോറിൽ സംസാരിക്കുന്നത്. ജി-23 പോലെ കോൺഗ്രസിനകത്തും descendants ഉണ്ട്. ശ്രീ. കപിൽ സിബൽ നല്ലൊരു വാഗ്മിയാണ്. അദ്ദേഹം ഇന്ന് ആരുടെകൂടെയാണ്? അദ്ദേഹം സമാജ്‌വാദി പാർട്ടിയിൽ പോയി. കോൺഗ്രസിനകത്ത് ജനാധിപത്യമില്ല. ജനാധിപത്യത്തെക്കുറിച്ച്

പുരപ്പുറത്ത് കയറിനിന്ന് കൂവുന്ന കോൺഗ്രസിനകത്ത് എവിടെയാണ് ജനാധിപത്യം; അതൊരു dynasty rule അല്ലേ; അമ്മയും മകനും തീരുമാനിക്കുന്ന കാര്യത്തിനപ്പുറം എന്താണ് സ്ഥിതി? അതുപോലെ ഏത് സമയത്തും മറുകണ്ടം ചാടാൻ പ്രാപ്തമായി നിൽക്കുകയാണ് ശ്രീ. ആനന്ദ് ശർമ്മ. കോൺഗ്രസിന്റെ മുതിർന്ന നിര ഈ സ്ഥിതിയിലാണ്. കോൺഗ്രസ് തകരണമെന്ന് ഒരിക്കലും ആഗ്രഹിക്കുന്ന ആളല്ല ഞാൻ. കോൺഗ്രസ് അവരുടെ പോളിസി മാറ്റാൻ തയ്യാറല്ല. ശ്രീ. കമൽ നാഥിന്റെ മകൻ ശ്രീ. നകുൽ നാഥ് ബി.ജെ.പി. പാളയത്തിലേയ്ക്ക് അടുത്തുകൊണ്ടിരിക്കുകയാണ്. കോൺഗ്രസ് എന്ന രാഷ്ട്രീയ പ്രസ്ഥാനം കൺവർട്ട് ചെയ്ത് ബി.ജെ.പി. ആകുകയാണ്. അതുകൊണ്ടാണ് ഞാൻ ലീഗിനോട് പറഞ്ഞത്. അതോടൊപ്പം പ്രതിപക്ഷനേതാവിനോട് ഞാൻ പറയുന്നു, നമ്മൾ സഭയിൽ decorum maintain ചെയ്യണം. എന്ത് സംസാരിക്കാൻ പാടില്ല, എന്ത് സംസാരിക്കണം എന്നുള്ളത്. അങ്ങ് ഇവിടെ നടത്തിയ പരാമർശം എന്താണ്? മലപ്പട്ടം ഒരു കമ്മ്യൂണിസ്റ്റ് ഗ്രാമമാണ്. നിങ്ങൾക്ക് അവിടെയൊരു സീറ്റുണ്ട്. മലപ്പട്ടത്തെ ജനങ്ങളെയാകെ ആക്ഷേപിക്കുന്ന സമീപനമല്ലേ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ഭാഗത്തുനിന്നുണ്ടായത്; അത് ശരിയാണോ; അതിനെ സപ്പോർട്ട്

ചെയ്തുകൊണ്ടല്ലേ മുതിർന്ന മുൻപ്രതിപക്ഷനേതാവ് ഉൾപ്പെടെ സ്വീകരിച്ച സമീപനം; ഒരു ഗ്രാമത്തിലെ ജനങ്ങളെ ആക്ഷേപിക്കുന്ന രീതി കോൺഗ്രസിന് ഭൂഷണമാണോ? അതുകൊണ്ടാണ് കോൺഗ്രസ് പലയിടങ്ങളിലും തിരസ്കരിക്കപ്പെട്ടത്. അതുകൊണ്ട് കോൺഗ്രസ് നയം തിരുത്തണം. ഇടതുപക്ഷത്തിന്റെ ബദൽ എന്താണ്? There is no alternative എന്നുതോന്നും. Socialism alternative ആണെങ്കിൽ Keralam is alternative. ഒരു ഭാഗത്ത് നവലിബറൽ നയം നടപ്പിലാക്കി മുന്നോട്ടുപോകുന്ന കേന്ദ്ര സർക്കാരാണെങ്കിൽ മറുഭാഗത്ത് അതിൽനിന്നും വ്യത്യസ്തമായി Keralam is alternative എന്ന നയം നടപ്പിലാക്കി മുന്നോട്ടുപോകുന്ന സംസ്ഥാന സർക്കാരാണുള്ളത്. 'Midas touch' എന്നുപറഞ്ഞതുപോലെ 'ബാലഗോപാൽ ടച്ച്' നിങ്ങൾക്കെല്ലായിടത്തും കാണാം. ഈ ബഡ്ജറ്റിലുള്ളത് ബാലഗോപാൽ ടച്ചാണ്. ഇതൊരു തുടർച്ചയാണ്. മുൻ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിനുശേഷം ഇപ്പോൾ സഖാവ് കെ. എൻ. ബാലഗോപാൽ ധനകാര്യ വകുപ്പുമന്ത്രിയായി. ഇടതുപക്ഷ നയമാണ് ഇവിടെ നടപ്പിലാക്കുന്നത്. ആ നയം നടപ്പിലാക്കി മുന്നോട്ടുപോകുമ്പോൾ ഈ സാമ്പത്തിക കാലത്ത് നിങ്ങൾ ഞങ്ങളെ പിന്തുണയ്ക്കണം. കാരണം, മറുഭാഗത്ത് കേന്ദ്രം

പലരീതിയിലും non BJP ruled സംസ്ഥാനങ്ങളെ തകർക്കാൻ ശ്രമിക്കുമ്പോൾ ഇടതുപക്ഷ രാഷ്ട്രീയത്തെയും സർക്കാരിനെയും പിന്തുണയ്ക്കാൻ നിങ്ങൾ മുന്നോട്ടുവരണമെന്ന് പറഞ്ഞുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ ഈ സപ്ലിമെന്ററി ഡിമാന്റ്സിനെ എതിർക്കുകയാണ്. ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിൽ നട്ടംതിരിയുന്ന സംസ്ഥാനമായി കേരളം മാറുകയാണ്. ഭരണം, വികസനം, ജനക്ഷേമം തുടങ്ങിയ എല്ലാ രംഗത്തും വമ്പിച്ച തകർച്ച നേരിടുകയാണ്. നിത്യനിദാന ചെലവുകൾക്കുപോലും പണം കണ്ടെത്താൻ കഴിയാത്ത ഗുരുതരമായ അവസ്ഥയാണ് ഇന്ന് കേരളം നേരിടുന്നത്. 2016-ൽ ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ അധികാരത്തിൽ വന്നപ്പോൾ ധവളപത്രമിറക്കിയിരുന്നു. യു.ഡി.എഫ്. സർക്കാരിന്റെ സാമ്പത്തിക പരാധീനതകളാണ് അതിൽ ചൂണ്ടിക്കാണിച്ചത്. അതിനുശേഷം അതിലെന്തെങ്കിലും മാറ്റം വരുത്താൻ സർക്കാരിന് കഴിഞ്ഞോ; നിങ്ങളുന്ന് മുന്നോട്ടുവച്ച ഏതെങ്കിലും നടപടി പൂർത്തീകരിക്കാനോ നടപ്പാക്കാനോ സാധിച്ചോ; നികുതി പിരിവിലെങ്കിലും മാറ്റം വരുത്താൻ കഴിഞ്ഞോ? അന്നത്തേക്കാൾ പരിതാപകരമായ

അവസ്ഥയിൽ കേരളം എത്തിനിൽക്കുന്നു എന്നുള്ളതാണ് യാഥാർത്ഥ്യം. സി.&എ.ജി.-യുടെ റിപ്പോർട്ടുകാരം 2019-20-ൽ സംസ്ഥാനത്തെ ധനകമ്മി 23837 കോടി രൂപയായിരുന്നത് 2020-21-ൽ 40969 കോടി രൂപയായി വർദ്ധിക്കുകയുണ്ടായി. സംസ്ഥാന സർക്കാരിന് ലഭിക്കുന്ന ഓരോ രൂപയുടേയും വരുമാനം എങ്ങനെയാണ് വിഭജിക്കപ്പെടുന്നതെന്ന് നോക്കാം. 39% കടം, 33% നികുതി വരുമാനം, 18% കേന്ദ്ര ഗ്രാന്റ്, 6% പബ്ലിക് അക്കൗണ്ടിൽനിന്നുള്ള വരുമാനം, 4% നികുതിയേതര വരുമാനം. ചെലവഴിക്കുന്ന ഓരോ രൂപയുടേയും വിഭജനം നോക്കാം. 22% കടബാധ്യത തീർക്കൽ, 12% പലിശ തീർക്കുന്നതിന്, 15% ശമ്പളം തീർക്കുന്നതിന്, 11% പെൻഷനുവേണ്ടി, 10% ഗ്രാന്റുകൾക്കുവേണ്ടി, 4% സബ്സിഡിക്കുവേണ്ടി, 2% വായ്പയ്ക്കും നിക്ഷേപത്തിനുംവേണ്ടി, വികസനം ഉൾപ്പെടെയുള്ള മറ്റിനങ്ങൾക്ക് 24%. ഒരു രൂപ വിഭജിക്കുമ്പോൾ 24% മാത്രമാണ് വികസനത്തിനും മറ്റാവശ്യങ്ങൾക്കും ലഭിക്കുന്നത്. ഇതിൽനിന്നും കേരളം മൂക്കറ്റം കടത്തിൽ മുങ്ങിത്താണുകൊണ്ടിരിക്കുകയാണെന്ന കാര്യം വ്യക്തമാണ്. 15-ാം ധനകാര്യ കമ്മീഷന്റെ വിലയിരുത്തൽ പ്രകാരം ഏറ്റവും മോശപ്പെട്ട ധനകാര്യ മാനേജ്മെന്റും ഏറ്റവും ഉയർന്ന ധനകമ്മിയുമുള്ള സംസ്ഥാനങ്ങളിലൊന്ന് കേരളമാണെന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ട്.

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അത് പരിശോധിച്ചിട്ടുണ്ടോയെന്ന് എനിക്കറിയില്ല. അതുകൊണ്ടാണ് ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റവും കൂടുതൽ റവന്യൂ കമ്മി അടിസ്ഥാനമായിട്ടുള്ള ഗ്രാന്റായ 37,814 കോടി രൂപ കേരളത്തിന് ലഭിക്കുന്നത്. കൂടാതെ ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം മൊത്തം കേന്ദ്ര ഗ്രാന്റ് 2019-20-ൽ 11,235 കോടി രൂപയായിരുന്നത് 2020-21-ൽ 31,608 കോടി രൂപയായി വർദ്ധിക്കുകയാണുണ്ടായത്. റവന്യൂ ഗ്രാന്റ്, ജി.എസ്.ടി. നഷ്ടപരിഹാരം, ധനകമ്മി ഗ്രാന്റ് എന്നിവ ലഭിച്ചതുകൊണ്ടുമാത്രമാണ് ട്രഷറി പൂട്ടാതിരുന്നത് എന്നതാണ് സത്യം. അല്ലെങ്കിൽ ഇതിനുമുമ്പുതന്നെ ട്രഷറി അടച്ചുപൂട്ടേണ്ട സ്ഥിതിയുണ്ടാകുമായിരുന്നു. സി.&എ.ജി. റിപ്പോർട്ടുപ്രകാരം 2020-21-ൽ സംസ്ഥാന സർക്കാരിന്റെ മൊത്തം വരുമാനം 1,65,046 കോടി രൂപയാണ്. ഇതിൽ നികുതി വരുമാനം 76,160 കോടി രൂപയും നികുതിയേതര വരുമാനം 10,372 കോടി രൂപയുമാണ്. സെൻട്രൽ ഗ്രാന്റ് ഉൾപ്പെടെ നോക്കിയാൽ കഴിഞ്ഞ 5 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനം ലക്ഷ്യമിട്ട നികുതിവരുമാനം പിരിച്ചെടുക്കാൻ സർക്കാരിന് സാധിച്ചില്ല. നികുതിയേതര വരുമാനം പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ല. നികുതി പിരിവിൽ ഗുരുതരമായ അലംഭാവമുണ്ടാകുന്നു. ഇതിന്റെ കണക്ക് ഞാൻ വായിക്കാം.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ഇ. കെ. വിജയൻ]

തനത് നികുതിയായി പ്രതീക്ഷിച്ച തുക 2016-17-ൽ 47,613 കോടി രൂപ, പിരിച്ചെടുത്തത് 42,175 കോടി രൂപ. 2017-18-ൽ പിരിക്കാൻ ഉദ്ദേശിച്ചത് 53,411 കോടി രൂപ, പിരിച്ചെടുത്തത് 46,439 കോടി രൂപ. 2018-19-ൽ പിരിക്കാൻ ഉദ്ദേശിച്ചത് 58,588 കോടി രൂപ, പിരിച്ചെടുത്തത് 50,644 കോടി രൂപ. 2020-21-ൽ 67,420 കോടി രൂപ പിരിക്കുമെന്ന് പറഞ്ഞു. പിരിച്ചെടുത്തത് 47,660 കോടി രൂപ. ഇപ്പോൾ സി&എ.ജി.-യുടെ കണക്കനുസരിച്ച് 2021-22-ൽ പിരിക്കുമെന്ന് കണക്കാക്കിയിരുന്ന തുക 71,822 കോടി രൂപ, പിരിച്ചത് കേവലം 58,340 കോടി രൂപ മാത്രമാണ്. നികുതി പിരിവിൽ ഗുരുതര വീഴ്ചയാണ് സംസ്ഥാന സർക്കാരിനുണ്ടായിരിക്കുന്നത്. 2021-22-ലെ കടമെടുപ്പ് 42,786 കോടി രൂപയായി. സംസ്ഥാനത്തിന്റെ മൊത്തം കടം വർദ്ധിച്ചുവരുന്നു. കേരളം ഇതുവരെ കണ്ടിട്ടില്ലാത്ത നിലയിൽ ഭീമമായ കടമെടുപ്പുണ്ടാകുന്നു. 2017-ൽ 1,98,069 കോടി രൂപയായിരുന്നു കേരളത്തിന്റെ കടം. എന്നാൽ ഇന്ന് 3,39,939 കോടി രൂപയായി വർദ്ധിച്ചിരിക്കുന്നു. കേരളം എങ്ങോട്ടാണ് കടമെടുത്ത് പോകുന്നത്? ശ്രീലങ്കയുടെ അനുഭവം കേരളത്തിനുണ്ടാകുമെന്ന് മുന്നറിയിപ്പ് നൽകാൻ ഈ അവസരം ഞാൻ വിനിയോഗിക്കുന്നു. 79

ശതമാനം കടമാണ് ഈ സർക്കാർ വർദ്ധിപ്പിച്ചത്. ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്ത ഡെഫിസിറ്റ് ഗ്രാന്റ് പ്രകാരം 2019-20-ൽ 11,744 കോടി രൂപയും 2020-21-ൽ 29,609 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചു. എന്തുമാത്രം പലിശയാണ് നമ്മൾ അടയ്ക്കുന്നതെന്ന് പലിശയിനത്തിൽ അടച്ച തുക മാത്രം നോക്കിയാൽ മനസ്സിലാകും. പലിശ അടയ്ക്കാൻവേണ്ടി മാത്രം ഭീമമായ തുക ഓരോ വർഷവും വേണ്ടിവരുന്നു. ഓരോ വർഷവും അത് കൂടിക്കൊണ്ടിരിക്കുകയാണ്. ഇതിനുപുറമേയാണ് കിഫ്ബിവഴി എടുത്തിട്ടുള്ള മസാല ബോണ്ട് ഉൾപ്പെടെയുള്ള ലോണുകൾ തിരിച്ചടയ്ക്കേണ്ടി വരുന്നത്. സംസ്ഥാന ബഡ്ജറ്റിന്റെ ഭാഗമായി വിനിയോഗിക്കേണ്ട നികുതി വരുമാനമാണ് ഇത്തരത്തിൽ ബൈപ്പാസ് ചെയ്ത് ചെലവഴിക്കപ്പെടുന്നത്. 2016-17 മുതൽ നാളിതുവരെ പെട്രോളിയം ഉല്പന്നങ്ങളിൽനിന്ന് 3,022 കോടി രൂപയും മോട്ടോർ വാഹന ഇനത്തിൽനിന്ന് 7,334 കോടി രൂപയും സർക്കാർ കിഫ്ബിക്ക് നൽകിയിട്ടുണ്ട്. കിഫ്ബി ഒരു സ്വതന്ത്ര കോർപ്പറേറ്റ് സംവിധാനമാണെന്നാണ് പറയുന്നത്. അങ്ങനെയാണെങ്കിൽ ബഡ്ജറ്റിലൂടെ ചെലവഴിക്കേണ്ട പണം കിഫ്ബിക്ക് കൊടുക്കേണ്ട ആവശ്യമെന്താണ്? ഈ പദ്ധതി സംസ്ഥാന ബഡ്ജറ്റിന്റെ ഭാഗമായി നടപ്പാക്കണമെന്ന് നേരത്തെ മുതൽ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന കാര്യമാണ്. കേരളം ഗുരുതരമായ

സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഇക്കഴിഞ്ഞ ജൂൺ മാസത്തിൽ പ്രസിദ്ധീകരിച്ച ബുള്ളറ്റിനിലെ ഒരു ആർട്ടിക്കിൾ ഞാൻ വായിച്ചു. ശ്രീലങ്കയിൽ സംഭവിക്കുന്ന സാമ്പത്തിക തകർച്ചയുടെ പശ്ചാത്തലത്തിലാണ് പ്രസ്തുത ലേഖനം എഴുതിയിരിക്കുന്നത്. കേരളം ഉൾപ്പെടെ ഗുരുതര കടബാദ്ധ്യതയുള്ള 5 സംസ്ഥാനങ്ങളെ പ്രത്യേകം ഫോക്കസ് ചെയ്തുകൊണ്ടാണ് ആർ.ബി.ഐ. ലേഖനത്തിൽ പ്രത്യേകം പരാമർശിച്ചിരിക്കുന്നത്. സംസ്ഥാനങ്ങളുടെ അവസ്ഥ വിവിധതരത്തിലുള്ള ഡാറ്റകളുടെ അടിസ്ഥാനത്തിലാണ് ആർ.ബി.ഐ. വിശദീകരിച്ചിട്ടുള്ളത്. ഏറ്റവും കൂടുതൽ കടബാദ്ധ്യതയുള്ള 5 ഇന്ത്യൻ സംസ്ഥാനങ്ങളിൽ മുന്നിൽ നിൽക്കുന്ന സംസ്ഥാനം കേരളമാണെന്ന് ഇതിൽ ചൂണ്ടിക്കാണിക്കുന്നു. തനത് വരുമാനത്തിലെ ക്രമാനുഗതമായ ഇടിവ്, നികുതിയേതര വരുമാനത്തിലെ കുറവ്, പ്രത്യേകിച്ച് പലിശയിനത്തിലുള്ള ഇക്കണോമിക് സർവ്വീസിൽ വന്നിട്ടുള്ള ഇടിവ് ഇതെല്ലാം വ്യക്തമായി ഇതിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇപ്രകാരം നികുതിയേതര വരുമാനത്തിന്റെ കുറവ് സംസ്ഥാനത്തിന്റെ എക്സ്പെൻഡിച്ചർ പ്ലാനിംഗിനേയും മാർക്കറ്റ് ബോറോയിംഗിനേയും ഗുരുതരമായി ബാധിച്ചിട്ടുണ്ടെന്നതാണ് വസ്തുത. മാത്രമല്ല മറ്റ് സംസ്ഥാനങ്ങളുടെ ഡെബിറ്റ് - ജി.ഡി.പി. അനുപാതം വളരെ

മോശമായ നിലയിലേയ്ക്കാണ് താഴുന്നതെന്ന മുന്നറിയിപ്പും നൽകുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ, ആർ.ബി.ഐ.-യുടെ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ വിലയിരുത്തേണ്ടത്. യു.ഡി.എഫ്. സർക്കാരിന്റെ ധനകാര്യ മാനേജ്മെന്റിനെ കുറ്റംപറഞ്ഞ് അധികാരത്തിൽ വന്ന സർക്കാരാണിത്. എന്നാൽ ഇപ്പോൾ ഒരു കാര്യത്തിലും പണമില്ലാത്ത അവസ്ഥയിലേയ്ക്ക് കേരളം എത്തുകയാണെന്ന കാര്യം നമ്മൾ മനസ്സിലാക്കണം. ഈ വർഷം ജി.എസ്.ടി. നഷ്ടപരിഹാരവും അടുത്തവർഷം റവന്യൂ കമ്മി ഗ്രാന്റും നിർത്തുന്നു എന്ന വാർത്തകൾ നമ്മെ ഞെട്ടിപ്പിക്കുന്നതാണ്. ഇത് രണ്ടും നിർത്തിക്കഴിഞ്ഞാൽ കേരളം എങ്ങനെ മുന്നോട്ടുപോകുമെന്ന കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വിശദീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കുനിന്മേൽ കുരു എന്നുപറഞ്ഞതുപോലെ കിഫ്ബി എടുത്തിട്ടുള്ള വായ്പ, സോഷ്യൽ സെക്യൂരിറ്റി പെൻഷനുവേണ്ടി എടുത്തിട്ടുള്ള വായ്പ ഇതെല്ലാം എങ്ങനെ അടച്ചുതീർക്കുമെന്ന കാര്യം ചോദ്യചിഹ്നമായി നിൽക്കുകയാണ്. ഇതും കേരളത്തിന് കടമെടുക്കാനുള്ള പരിധിയിൽ കേന്ദ്ര സർക്കാർ ഉൾപ്പെടുത്തുകയാണെങ്കിൽ സാഹചര്യം കൂടുതൽ ഗുരുതരമാകുമെന്നാണ് കാണാൻ കഴിയുന്നത്.

ശ്രീ. എ. എൻ. ഷംസീർ ബദലിനെക്കുറിച്ച് സംസാരിച്ചു. എന്ത് ബദലാണ് സംസ്ഥാനത്ത് നടക്കുന്നത്? കോർപ്പറേറ്റുകൾപോലും ചെയ്യാൻ മടിക്കാത്തതരത്തിലുള്ള പ്രവർത്തനങ്ങളാണ് സംസ്ഥാന സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്. സ്ഥാപിത താല്പര്യക്കാരുടേയും വൻകിട മുതലാളിമാരുടേയും താല്പര്യങ്ങളാണ് സംരക്ഷിക്കപ്പെടുന്നത്. ആശുപത്രികളിൽ മരുന്നില്ല. എന്തിനെക്കുറിച്ചാണ് ശ്രീ. എ. എൻ. ഷംസീർ സംസാരിച്ചത്? നാട്ടിൽ മരുന്നില്ലാതെ ആളുകൾ കഷ്ടപ്പെടുന്നു. കേരളത്തിൽ ആദ്യമായി ഡയാലിസിസ് ആരംഭിച്ചത് ഹരിപ്പാട് താലൂക്ക് ആശുപത്രിയിലാണ്. സത്യസായി ഫൗണ്ടേഷൻ നല്കിയ മെഷീനാണ് അവിടെ ഉപയോഗിച്ചത്. അല്ലാതെ കേരള സർക്കാർ നല്കിയ മെഷീൻ ഉപയോഗിച്ചല്ല ഡയാലിസിസ് നടത്തിയത്. അതുപോലെ താലൂക്കാശുപത്രികളിൽ അവിടത്തെ എച്ച്.എം.സി. ആണ് പണം കൊടുക്കുന്നത്. സംസ്ഥാന സർക്കാർ ഇതിലൊന്നും ചെയ്യുന്നില്ല. ഇതിനെന്ത് ബദൽ ക്രമീകരണമാണ് സർക്കാർ ചെയ്യുന്നത്; പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്ഥിതിയെന്താണ്? കണ്ടിജന്റ് ലയബിലിറ്റി 3.9 ശതമാനമായി ഇപ്പോൾ വർദ്ധിച്ചിരിക്കുകയാണ്. സംസ്ഥാനത്തെ കോർപ്പറേഷനുകളും പൊതുമേഖലാ സ്ഥാപനങ്ങളുമടക്കം 36

അർദ്ധസർക്കാർ സ്ഥാപനങ്ങളുടെ ആകെ കടം 31,800 കോടി രൂപയാണ്. ഞാൻ പറഞ്ഞതല്ല, സി.&എ.ജി. പറഞ്ഞതാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പരിതാപകരമായ അവസ്ഥ പരിഹരിക്കാൻ സർക്കാർ എന്തെങ്കിലും ചെയ്യുന്നുണ്ടോ? കെ.എസ്.ആർ.ടി.സി.-യുടെ സ്ഥിതി ഞാൻ പറയേണ്ട ആവശ്യമില്ല. ഇതിനിടയിലാണ് കെ-റെയിൽ നടപ്പാക്കുമെന്ന ഭീഷണി സർക്കാർ ഉയർത്തുന്നത്. കെ-റെയിൽ നടപ്പാക്കുമെന്ന് തൃക്കാക്കര ഉപതെരഞ്ഞെടുപ്പിനുശേഷം ആരും പറയുന്നില്ലെന്നത് ആശ്വാസകരമാണ്. ശ്രീ. എ. എൻ. ഷംസീർപോലും കെ-ഫോണിനെക്കുറിച്ചാണ് പറഞ്ഞത്. കിഫ്ബി, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ എടുത്തിട്ടുള്ള ഓഫ് ബഡ്ജറ്റ് ബോറോയിംഗ് പൊതുകടത്തിന്റെ ഭാഗമായല്ല സംസ്ഥാന സർക്കാർ കണക്കാക്കുന്നത്. ഇതുകൂടി കണക്കിലെടുക്കുമ്പോൾ കേരളത്തിന് അധിക വായ്പയെടുക്കാൻ കഴിയാത്ത അവസ്ഥ വന്നുചേരും. ജി.ഡി.പി.-യുടെ മൊത്തം 5 ശതമാനമാണ് കടമെടുക്കാൻ കേന്ദ്ര സർക്കാർ അനുവദിക്കുന്നത്. നേരത്തെ 3 ശതമാനമായിരുന്നു. അതും ഗുരുതരമായ പ്രതിസന്ധിയിലേയ്ക്ക് എത്തുകയാണ്. ലക്കും ലഗാനുമില്ലാത്ത കടമെടുപ്പ് കേരളത്തെ ഗുരുതരമായി ബാധിക്കുകയാണെന്നതാണ് സത്യം. കോവിഡിന്റെ മറവിൽ വൻതോതിൽ

നികുതി വെട്ടിപ്പ് നടന്നു. 45 ശതമാനം വരുന്ന ബിസിനസ്സ് സ്ഥാപനങ്ങൾ കോവിഡിന്റെ കാലത്ത് ബിൽ നൽകാതെ നികുതി വെട്ടിപ്പ് നടത്തിയത് പരിശോധിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ? സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതിയും നികുതിയേതര വരുമാനവും കൃത്യമായി പിരിച്ചെടുക്കാൻ എന്തിനും ഏതിനും സർക്കാർ കടപ്പത്രം ഇറക്കുകയാണ്. കേരള ചരിത്രത്തിൽ ഒരു ഗവൺമെന്റും ചെയ്യാത്ത രീതിയിൽ 120 കടപ്പത്രങ്ങളിറക്കിയതുവഴി 1,37,439 കോടി രൂപ സംസ്ഥാന സർക്കാർ വീണ്ടും വായ്പയെടുക്കുകയാണ്. ഇങ്ങനെ പോകുകയാണെങ്കിൽ എത്ര കടപ്പത്രമായിരിക്കും സർക്കാർ ഇറക്കാൻ പോകുന്നത്? ഇതിന്റെ ഭൂരിഭാഗവും ആസ്തി വികസന നിർമ്മാണ പ്രവർത്തനങ്ങൾക്കല്ല വിനിയോഗിക്കുന്നത്. മറിച്ച്, ധൂർത്തും അഴിമതിയും കൊള്ളയുമാണ് ഇതുവഴി നടത്തുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും സ്പീക്കർക്കും വാങ്ങുന്ന വാഹനങ്ങളെ സംബന്ധിച്ചോ ഡൽഹിയിൽ അവർക്ക് വാങ്ങുന്ന വാഹനങ്ങളെ സംബന്ധിച്ചോ ഞാൻ പറയുന്നില്ല. എനിക്ക് പറയാനുള്ളത്, എല്ലാത്തിനും ഒരു മര്യാദയുണ്ട് എന്നാണ്. ഞങ്ങളൊക്കെ മന്ത്രിമാരായിരുന്ന ആളുകളാണ്. അതുകൊണ്ട് ഞങ്ങൾ അതിനെ വിമർശിക്കുന്നില്ല. പക്ഷെ 'There is a limit for everything' എന്നുമാത്രമേ എനിക്ക് പറയാനുള്ളൂ.

കേരളത്തെ കാത്തിരിക്കുന്നത് ഗുരുതരമായ സാമ്പത്തിക തകർച്ചയും പ്രതിസന്ധിയുമാണെന്ന് ആസൂത്രണ ബോർഡിന്റെ പഞ്ചവത്സര പദ്ധതികളുടെ കരട് സമീപനത്തിൽ പറഞ്ഞിരിക്കുന്നു. ഇപ്പോൾത്തന്നെ അതിന്റെ സൂചന കണ്ടുവരുന്നുണ്ട്. ഓരോ മേഖലയേയും ഇത് ബാധിച്ചുകൊണ്ടിരിക്കുകയാണ്. കാർഷിക കടാശ്വാസ കമ്മീഷൻ കർഷകർക്ക് കൊടുക്കാനുള്ള 144.74 കോടി രൂപയിൽ ഒരു പൈസപോലും കൊടുത്തിട്ടില്ല. പഞ്ചായത്തുകളുടെ മെയിന്റനൻസ് ഗ്രാന്റ് വെട്ടിക്കുറച്ചു, പഞ്ചായത്തുകളുടെ പ്രവർത്തനം നടക്കുന്നില്ല, സർക്കാർ ആശുപത്രികളിൽ മരുന്നില്ല, ക്ഷേമപ്രവർത്തനങ്ങൾ മന്ദീഭവിച്ചിരിക്കുന്നു. സർക്കാർ ഒട്ടേറെ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. ബഡ്ജറ്റുപോലും വെട്ടിക്കുറച്ചുകൊണ്ട് പ്ലാൻ സൈസ് വെട്ടിക്കുറയ്ക്കുന്നു; പ്ലാൻ വെട്ടിക്കുറയ്ക്കുന്നു. ഇങ്ങനെയാണ് സർക്കാർ മുന്നോട്ടുപോകുന്നത്. സംസ്ഥാന ഗവൺമെന്റ് 127 കോടി രൂപ ഇലക്ട്രിസിറ്റി ബോർഡിന് കൊടുക്കണം. അല്ലെങ്കിൽ അടുത്തമാസത്തെ പെൻഷൻ കൊടുക്കാൻ കഴിയില്ല. കെ.എസ്.ഇ.ബി.-ക്ക് ലാഭമുണ്ടെന്നാണ് പറയുന്നത്. കിടപ്പുരോഗികളെ പരിചരിക്കുന്നതിനുള്ള ധനസഹായം നൽകുന്ന 'ആശ്വാസകിരണം' പദ്ധതി മുടങ്ങിയിട്ട് 11 മാസമായി. ഇതാണോ നിങ്ങളുടെ ബദൽ? തീവ്രമായ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർ,

ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, കാൻസർ തുടങ്ങിയവ ബാധിച്ചവർക്ക് ആശ്വാസം നൽകുന്ന പദ്ധതിപ്രകാരമുള്ള ആനുകൂല്യം ലഭിച്ചിട്ട് 11 മാസമായി. അർബുദരോഗികൾക്കുള്ള പെൻഷൻ മുടങ്ങിയിട്ട് 8 മാസമായി. ഇതാണോ ബദൽ? കെ.എസ്.ആർ.ടി.സി.-യുടെ അവസ്ഥ ഞാൻ പറയേണ്ട ആവശ്യമില്ല. പാവപ്പെട്ട ആളുകൾക്കുപോലും ധനസഹായം കൊടുക്കാതെ സർക്കാർ ചെയ്യുന്ന ഈ ബദൽ കേരളത്തിന് വേണ്ടായെന്ന് തന്നെയാണ് എനിക്ക് പറയുവാനുള്ളത്. ജി.എസ്.ടി.-യെ സംബന്ധിച്ച് സുപ്രീംകോടതിയുടെ ആശ്വാസകരമായ ഒരു വിധി വന്നിട്ടുണ്ട്. ഫെഡറൽ തത്വങ്ങളെ അംഗീകരിക്കുന്ന ഒരു വിധിയാണ്. ആ വിധിയുടെ അടിസ്ഥാനത്തിൽ കേരളം ശക്തമായ നടപടികൾ സ്വീകരിക്കണമെന്ന് പറഞ്ഞു. ഇവിടെ ശ്രീ. എ. എൻ. ഷംസീറിന്റെ പ്രസംഗം കേട്ടപ്പോൾ ഷംസീർ അല്ല, അമിത് ഷായാണ് പ്രസംഗിക്കുന്നതെന്നാണ് എനിക്ക് തോന്നിയത്. കാരണം കോൺഗ്രസ് ദുർബലപ്പെടണമെന്നുള്ള വാക്കുകളാണ് അദ്ദേഹത്തിന്റെ ഭാഗത്തുനിന്നും വന്നത്. അമിത് ഷാ പാർലമെന്റിൽ പ്രസംഗിക്കുന്ന അതേവാക്കുകളാണ് പ്രിയപ്പെട്ട യുവ സ്നേഹിതൻ ശ്രീ. എ. എൻ. ഷംസീർ കടമെടുത്തത്. അമിത് ഷായുടെ വാക്കുകൾ ഷംസീറിന് ചേരില്ല എന്നുതന്നെയാണ് എനിക്ക് പറയാനുള്ളത്. ദയവായി

കോൺഗ്രസ് ദുർബലപ്പെടുന്നതിന് അങ്ങ് ആശങ്കപ്പെടേണ്ട.

മി. ചെയർമാൻ: യെസ്.... പ്ലീസ്...., അങ്ങേയ്ക്ക് പരിഗണന നൽകിക്കഴിഞ്ഞു.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ നിർത്തുകയാണ്. അങ്ങയുടെ പാർട്ടി ഇപ്പോൾ എവിടെയാണുള്ളത്; ത്രിപുരയിലും ബംഗാളിലുമുണ്ടോ? അങ്ങയുടെ പാർട്ടിയിലെ എത്ര എം.പി.-മാരാണ് ബി.ജെ.പി.-യിൽ ചേർന്നത്; പാർട്ടി ഓഫീസുകൾ ബി.ജെ.പി. ഓഫീസുകളാക്കി മാറ്റുന്ന ബംഗാളിലെ ചിത്രം നിങ്ങൾ കാണുന്നില്ലേ? അതുകൊണ്ട് നമ്മൾ പരസ്പരം വഴക്കടിക്കണ്ട; നമ്മളെല്ലാവരും ചേർന്ന് ബി.ജെ.പി.-യെ പരാജയപ്പെടുത്താനാണ് നോക്കേണ്ടത്. ആ ബോദ്ധ്യം നിങ്ങൾക്കുണ്ടാകണം. കോൺഗ്രസ് ക്ഷീണിക്കുന്നതിൽ അപ്പുറത്തുള്ളവർ സന്തോഷിക്കണ്ട. കോൺഗ്രസ് ഈ പ്രതിസന്ധികളെ അതിജീവിച്ച് തിരിച്ചുവരും. ഇൻഡ്യയിലെ മതേതര ശക്തികളെ യോജിപ്പിച്ചുകൊണ്ടുള്ള മുന്നേറ്റത്തിന് കോൺഗ്രസ് നേതൃത്വം കൊടുക്കുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, Supplementary Demands for

Grants ആണ് ഇപ്പോൾ ചർച്ച ചെയ്യുന്നത്, ഇതൊരു മിനി ബഡ്ജറ്റാണ്. എല്ലാ ഡിപ്പാർട്ടുമെന്റുകളെയും ബന്ധിപ്പിക്കുന്ന ചർച്ചയാണിത്. സഭയിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയില്ല. ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ ഉണ്ട്. പക്ഷേ, ഉദ്യോഗസ്ഥ ഗ്യാലറിയിലെ മുൻനിരയിൽ ഏതെങ്കിലും ഓഫീസറുണ്ടോ? ഇത് ശരിയല്ല. അതിനുവേണ്ട ഡയറക്ഷൻ കൊടുക്കണം.

മി. ചെയർമാൻ: അത് ശ്രദ്ധയിൽപ്പെടുത്താം.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ സന്തോഷപൂർവ്വം പിന്താങ്ങുകയാണ്. പതിനഞ്ചാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിന്റെ അവസാന ദിനങ്ങളാണ് കടന്നുവരുന്നത്. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള വിവിധ വകുപ്പുകൾ നടത്തിവരുന്ന പദ്ധതികളും അതിലേയ്ക്ക് നീക്കിവച്ചിരിക്കുന്ന തുകയും വിശദമായി ചർച്ച ചെയ്തുകഴിഞ്ഞു. അതോടൊപ്പം പ്രതിപക്ഷ വിവാദങ്ങളും വിമർശനങ്ങളും സഭ തലനാരിഴകീറി പരിശോധിക്കുകയും ചെയ്തു. എനിക്കുമുൻപ് സംസാരിച്ച മുൻപ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല സർക്കാരിന്റെ കടം സംബന്ധിച്ചുള്ള വലിയ വേവലാതിയാണ് ഉയർത്തിയത്. കുറേക്കാലങ്ങളായി പ്രതിപക്ഷത്തിന്റെ വേവലാതി ഇതാണ്. കിഫ്ബി എന്ന

പുതിയ പദ്ധതി സംസ്ഥാനത്ത് ആവിഷ്കരിക്കപ്പെട്ട സന്ദർഭത്തിൽ അവർ എന്തെല്ലാം കുഴപ്പങ്ങളാണുണ്ടാക്കിയത്? ഇത് ഭരണഘടനാവിരുദ്ധം എന്നുൾപ്പെടെ പറഞ്ഞത് അവർ ഓർക്കുമെന്നാണ് ഞാൻ കരുതുന്നത്. സർക്കാരിന് കടമുണ്ടായത് എങ്ങനെയാണെന്ന് ഏതൊരാളും ഒരു നിരീക്ഷണം നടത്തിയാൽ മനസ്സിലാകും. ക്ഷേമപരിപാടികൾ നന്നായി നടപ്പിലാക്കുന്നതിൽ, പെൻഷൻ കൊടുക്കുന്നതിൽ, വീടുവച്ച് കൊടുക്കുന്നതിൽ, സ്കൂളുകൾ നിർമ്മിക്കുന്നതിൽ, അതുപോലെയുള്ള മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളുമായി ബന്ധപ്പെട്ടുവരുന്ന ചെലവാണ് യഥാർത്ഥത്തിൽ സർക്കാരിനുള്ള കടം. അഭിമാനപൂർവ്വം ഇടതുപക്ഷ ജനാധിപത്യമുന്നണി ആ കടങ്ങളെ സ്വീകരിക്കുമെന്നുതന്നെയാണ് എനിക്ക് പറയാനുള്ളത്. ഇതൊക്കെ പറയുമ്പോൾ ശ്രീലങ്കയാകരുതെന്ന ഉപദേശവുംകൂടി അദ്ദേഹം നൽകുന്നുണ്ട്. ശ്രീലങ്ക ഒരു രാജ്യമാണ്. ആ രാജ്യത്തോളം വലിപ്പമുള്ള കേരളം ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരിക്കുമ്പോൾ അത്രത്തോളം വലുതായി എന്നുതന്നെ അവർ സമ്മതിക്കുകയാണ്. ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്ന പരിപാടികളുടെ മാസ്റ്റർ പ്ലാനിലേയ്ക്ക് സർക്കാർ കടന്നിട്ടുണ്ട്. ആ മാസ്റ്റർ പ്ലാനിന് ജനങ്ങളുടെ നല്ല രീതിയിലുള്ള പിന്തുണയുണ്ട്. ജനം ഇത്

ഏറ്റെടുത്തുകഴിഞ്ഞാൽ ഈ കൊച്ചുകേരളത്തിന്റെ വികസനരംഗത്തെ കുതിപ്പ് അതിവേഗമാകുമെന്ന് എല്ലാവർക്കുമറിയാം. വരുംനാളുകളിൽ ജനങ്ങൾക്കാവശ്യമായിട്ടുള്ള പദ്ധതികൾ ഇനിയും നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ഭരണ-പ്രതിപക്ഷ എം.എൽ.എ.-മാർ സംസാരിച്ചത്. സംസ്ഥാനത്ത് ചെലവ് വർദ്ധിപ്പിക്കണമെങ്കിൽ തീർച്ചയായും വരവുകൂടി വർദ്ധിപ്പിക്കേണ്ടതുണ്ട്. അതിനായി ചില നിർദ്ദേശങ്ങൾ ഞാൻ മുന്നോട്ടുവയ്ക്കുകയാണ്.

ഒന്ന്, ഉപയോഗിച്ചതാണെങ്കിലും വൃത്തിയുള്ള പ്ലാസ്റ്റിക് കിറ്റുകളും കുപ്പികളും അതുപോലുള്ള വസ്തുക്കളും മാലിന്യമല്ലാതിരിക്കുമ്പോൾ അത് നമുക്കാവശ്യമുള്ള റോ മെറ്റീരിയലാണ്. എന്നാൽ അലക്ഷ്യമായി വലിച്ചെറിയപ്പെടുന്ന ജൈവ മാലിന്യവും പ്ലാസ്റ്റിക് മാലിന്യവും വേർതിരിച്ച് വൃത്തിയാക്കിയെടുക്കുകയെന്നുള്ളത് ചെലവേറിയതും പ്രയാസം നിറഞ്ഞതുമായ കാര്യമാണ്. അതുകൊണ്ട് പ്ലാസ്റ്റിക് കിറ്റുകൾ, കുപ്പികൾ എന്നിവ ഉല്പാദിപ്പിക്കുന്ന സമയത്തുതന്നെ റീസൈക്കിൾ ചെയ്യുന്നതിനാവശ്യമായ ഉയർന്ന നികുതി ഈടാക്കാൻ കഴിയുമോയെന്ന് പരിശോധിക്കണം. അങ്ങനെ ലഭിക്കുന്ന തുക പഞ്ചായത്തുകൾക്ക്, പ്രത്യേകിച്ച് കുടുംബശ്രീക്കോ വേസ്റ്റ് മാനേജ്മെന്റുമായി ബന്ധപ്പെട്ട

പരിപാടികൾക്കോ നൽകാൻ കഴിയുമോയെന്ന് ആലോചിക്കണം.

രണ്ട്, ഹോട്ടലുകളിലെ ഭക്ഷണം വൻതോതിൽ ജൈവമാലിന്യം ഉണ്ടാക്കുന്നുണ്ടെന്ന് എല്ലാവർക്കുമറിയാം. ഉപഭോക്താക്കൾ ഭക്ഷണം മുഴുവനും കഴിക്കാത്തതുമൂലം ഹോട്ടലുടമകൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. ബാക്കി വരുന്ന ഭക്ഷണത്തിന്റെ അളവ് കണക്കാക്കി ഉപഭോക്താവിൽനിന്നും വേസ്റ്റ് നികുതിയെന്ന നിലയിൽ നികുതി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകാൻ സാധിക്കുമോയെന്ന് പരിശോധിക്കണം.

മൂന്ന്, പൊതുസ്ഥലത്ത് മാലിന്യങ്ങൾ നിക്ഷേപിക്കുന്ന സാമൂഹ്യവിരുദ്ധരെ തെളിവുസഹിതം കണ്ടെത്തിയാൽ അതിനനുസരിച്ചുള്ള ശിക്ഷ നൽകുന്നുണ്ടെങ്കിലും അത് കുറച്ചുകൂടി കർശനമാക്കാൻ സാധിക്കുമോയെന്നും അതിൽനിന്നും പിഴയിനത്തിൽ ലഭിക്കുന്ന വരുമാനം ഉയർത്താൻ സാധിക്കുമോയെന്നും ചിന്തിക്കേണ്ടതാണ്.

ഏകദേശം ഇരുപത് കിലോമീറ്ററോളം ദൂരമുള്ള തീരദേശ മണ്ഡലമായ കയ്പമംഗലത്തുനിന്നാണ് ഞാൻ വരുന്നത്. രൂക്ഷമായ കടലാക്രമണമുള്ള ഈ പ്രദേശത്തെ ഇപ്രാവശ്യം ഹോട്ട് സ്പോട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആ പ്രദേശത്ത് ഫിഷറീസ്-ജലവിഭവ വകുപ്പുകൾ ചേർന്ന് ടെട്രോ പാഡുപയോഗിച്ചുള്ള കടൽഭിത്തി നിർമ്മാണം എത്രയുംവേഗം

നടപ്പിലാക്കുന്നതിനാവശ്യമായ തുക അനുവദിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. തീരദേശ സംരക്ഷണവുമായി ബന്ധപ്പെട്ട് വിവിധ ഡിപ്പാർട്ടുമെന്റുകൾ ഒരുമിച്ച് ചേരേണ്ടതുണ്ട്. അതിനായി റവന്യൂ, തദ്ദേശസ്വയംഭരണം, ജലവിഭവം, ഫിഷറീസ് മുതലായ വകുപ്പുകൾ ഒരുമിച്ച് പ്രത്യേക ബോർഡ് രൂപീകരിക്കാൻ സാധിക്കുമോയെന്നും അതിനാവശ്യമായ പണം നൽകുമോയെന്നും അറിയാൻ താൽപ്പര്യമുണ്ട്. തീരപ്രദേശങ്ങളിൽ നടപ്പിലാക്കുന്ന വലിയൊരു പദ്ധതിയാണ് പുനർഗേഹം. ഈ പദ്ധതി നടപ്പിലാക്കുന്നതിന് തീരപ്രദേശത്തുനിന്നും 50 മീറ്റർ വരെയാണ് ദൂരപരിധി നിശ്ചയിച്ചിരിക്കുന്നത്. അത് അൻപത്തിയൊന്നോ അൻപത്തിരണ്ടോ ആയാൽ ആനുകൂല്യം ലഭിക്കില്ല. അതുകൊണ്ട് പ്രസ്തുത ദൂരപരിധി തീരപ്രദേശത്തുനിന്നും 100 മീറ്ററാക്കാൻ സാധിച്ചാൽ ഈ പദ്ധതി തീരദേശ നിവാസികൾക്ക് ഏറെ പ്രയോജനകരമാകും. അത്തരത്തിലുള്ള നിലപാട് സ്വീകരിക്കാൻ സർക്കാർ തയ്യാറാകണം. റവന്യൂ വകുപ്പ് വിവിധ സാക്ഷ്യപത്രങ്ങളിൽ ഇളവുനൽകിയത് സംബന്ധിച്ച മന്ത്രിസഭാ യോഗതീരുമാനം നാലഞ്ച് മാസം മുൻപ് വരികയുണ്ടായി. മാധ്യമങ്ങളിലും നാട്ടിലും ചർച്ച ചെയ്തതും സർക്കാരിന് അഭിനന്ദനം ലഭിച്ചതുമായ കാര്യമാണിത്. റവന്യൂ വകുപ്പ് അതുമായി ബന്ധപ്പെട്ട ഉത്തരവ്

പുറപ്പെടുവിച്ചെങ്കിലും മറ്റ് വകുപ്പുകൾ ഇതുവരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ലെന്നാണ് കാണുന്നത്. ഉടൻതന്നെ തദ്ദേശസ്വയംഭരണ വകുപ്പും മറ്റ് വകുപ്പുകളും അക്കാര്യവുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ടതുണ്ട്. ഭൂമിയുടെ തരംമാറ്റുന്നത് സംബന്ധിച്ച നടപടി വേഗത്തിലാക്കുന്നതിന് കൂടുതൽ ഉദ്യോഗസ്ഥരെ നിയമിച്ചത് അഭിനന്ദനീയമാണ്. അത് കൂടുതൽ കാര്യക്ഷമമാക്കി വേഗത്തിലാക്കാൻ സാധിക്കേണ്ടതുണ്ട്. സുനാമി പദ്ധതിപ്രകാരം 2009-ൽ വിവിധ വില്ലേജുകളിൽ തീരദേശവാസികൾക്ക് വീട് നിർമ്മിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുകയും അതിനാവശ്യമായ തുക കോടതിയിൽ അടയ്ക്കുകയും ചെയ്തിട്ടുണ്ട്. ആ സമയത്ത് ഭൂമിക്ക് നൽകിയ തുക കുറവായിരുന്നുവെന്നും അവരുടെ സമ്മതമില്ലാതെയാണ് സ്ഥലം ഏറ്റെടുത്തതെന്നുമാണ് അവർ പറയുന്നത്. ഭൂമി ഏറ്റെടുത്ത ഭൂവുടമസ്ഥരുമായി കോടതിക്കുപുറത്ത് ചർച്ചനടത്തി അവർക്ക് ഭൂമി തിരിച്ചു കൊടുക്കുകയോ അല്ലെങ്കിൽ 2013-ലെ പുനരധിവാസ പദ്ധതിപ്രകാരം നഷ്ടപരിഹാരം നൽകുകയോ ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതുണ്ട്. ഏതെങ്കിലും വിധത്തിൽ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ സാധിച്ചാൽ 13 വർഷമായി സർക്കാർ കെട്ടിവച്ചിട്ടുള്ള ഈ പണം തീരപ്രദേശത്തെ ജനങ്ങളുടെ പുനരധിവാസ

പ്രവർത്തനങ്ങൾക്കായി മാറ്റാൻ സാധിക്കുമെന്നാണ് സൂചിപ്പിക്കാനുള്ളത്. കേരളത്തിൽ അങ്ങോളമിങ്ങോളം നിർമ്മിച്ചിട്ടുള്ള സുനാമി വീടുകളുടെ അവസ്ഥ വളരെ സങ്കടകരമാണ്. മോശപ്പെട്ട, പൊട്ടിപ്പൊളിഞ്ഞ നിലയിലാണ് ആ വീടുകൾ ഇന്നുള്ളത്. ആ വീടുകൾ സുരക്ഷിത ഭവനമാക്കി മാറ്റാൻ പ്രത്യേക പദ്ധതി നടപ്പിലാക്കണം. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പരിപാടിയിലൂടെ സർക്കാർ വിദ്യാലയങ്ങളെ സഹായിക്കുന്നതുപോലെ എയ്ഡഡ് സ്കൂളുകളെ സഹായിക്കാൻ 'ചലഞ്ച് ഫണ്ട്' എന്ന പുതിയ മാതൃക സൃഷ്ടിച്ചു. ഇത്തരം അപേക്ഷകളിന്മേൽ കൂടുതൽ വിദ്യാലയങ്ങൾക്ക് സഹായം നൽകാനുള്ള ഫണ്ട് കണ്ടെത്തേണ്ടതുണ്ട്. ഓഖിയും നിപയും പ്രളയവും കോവിഡും അനാവശ്യ വിവാദങ്ങളും കേന്ദ്ര ഗവൺമെന്റ് നയങ്ങളും കേരളത്തെ പ്രതികൂലമായി ബാധിച്ചപ്പോൾ തളരാതെ, തകരാതെ മുന്നോട്ടുപോയ ഈ കപ്പൽ, വികസനത്തിന്റെ നൗക അഭംഗുരം, അനുസ്യൂതം മുന്നോട്ടുപോകുകതന്നെ ചെയ്യും. അതിന് ആക്കം കൂട്ടാൻ ഈ ഉപധനാഭ്യർത്ഥനകൾക്ക് കഴിയട്ടെയെന്ന് പ്രത്യാശിച്ചുകൊണ്ട് ഒരിക്കൽക്കൂടി ഉപധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു. നന്ദി, നമസ്കാരം.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ധിക്കാരങ്ങളും പ്രചരണ മാമാങ്കങ്ങളും

വിളംബര ഘോഷയാത്രയായി കൊണ്ടാടുന്ന ഒരു പാർട്ടിയും ഭരണകൂടവും മാത്രമാണ് ഈ സർക്കാർ. 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് മുൻ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ചു. കഴിഞ്ഞ ഗവൺമെന്റിന്റെ തുടർച്ചയാണല്ലോ ഈ ഗവൺമെന്റ്. ടെക്നോപാർക്കിൽ നിസാൻ കമ്പനിയുടെ ഇലക്ട്രിക് വാഹന നിർമ്മാണ കേന്ദ്രം ആരംഭിച്ച് 2000 പേർക്ക് തൊഴിൽ നൽകുമെന്ന് പ്രഖ്യാപിച്ചിട്ട് തൊഴിൽ നൽകിയോ; തിരുവനന്തപുരത്ത് എയർ ബസ് ബിസ്‌ലാബ് സ്ഥാപിച്ചോ; എവിടെയാണ് നവോത്ഥാന മ്യൂസിയം സ്ഥാപിച്ചത്; നവോത്ഥാന മതിൽ എവിടെയെങ്കിലും കണ്ടവരുണ്ടോ? കൊച്ചിയിലേയ്ക്ക് ബഹുരാഷ്ട്ര കമ്പനികളായ ഫിജ്യൂസ്, ഹിറ്റാച്ചി എന്നീ കമ്പനികളെ കൊണ്ടുവരുമെന്ന് പറഞ്ഞു. എപ്പോൾ കൊണ്ടുവന്നു; ഇപ്പോൾ ഞങ്ങളാണോ കോർപ്പറേറ്റുകൾ; നിങ്ങളല്ലേ കോർപ്പറേറ്റുകൾ; നിങ്ങളല്ലേ ഇതൊക്കെ പറഞ്ഞത്? 1994-ൽ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൊണ്ടുവരുന്നതിനെതിരെ സമരംചെയ്ത 5 ഡി.വൈ.എഫ്.ഐ. പ്രവർത്തകർ പോലീസിന്റെ വെടിയേറ്റ് മരിച്ചു. അന്ന് നിങ്ങൾ രക്തച്ചൊരിച്ചിലുണ്ടാക്കി. അന്ന് അതിനെതിരെ മുദ്രാവാക്യം വിളിച്ച നിങ്ങളുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്? നിങ്ങളുടെ പാർട്ടിയിലെ

പോളിറ്റ് ബ്യൂറോ മെമ്പറായ നമ്മുടെ ബഹുമാന്യനായ മുഖ്യമന്ത്രി വിദ്യാഭ്യാസ മേഖലയുടെ സ്വകാര്യവൽക്കരണത്തിന് ആക്കം കൂട്ടുന്നതിനായി സ്വാശ്രയ കോളേജുകൾ അനുവദിച്ചു. നിങ്ങൾക്ക് വൈകിവന്ന വിവേകമാണിത്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് അനുവദിച്ച 49 പുതിയ കോളേജുകളിൽ 34 കോളേജുകൾ സ്വാശ്രയ മേഖലയിലാണ് അനുവദിച്ചിരിക്കുന്നത്. സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങളായ എ. എൻ. ഷംസീറിനും കെ. വി. സുമേഷിനും എം. വിജിനും കെ. എം. സച്ചിൻദേവിനും എന്തെങ്കിലും പണിയുണ്ടാകണമെങ്കിൽ ഇനി യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരണം. അതുവരെ നിങ്ങൾ സമരങ്ങൾക്കെല്ലാം അവധികൊടുത്ത് സ്വർഗ്ഗത്തിൽപോയി മുറിയെടുത്ത് അധികാരത്തിന്റെ ശീതളച്ഛായയിൽ സുഖമായൊന്നുറങ്ങൂ. ഇനി യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ നിങ്ങൾ സമരം ചെയ്താൽ മതി. സ്വാശ്രയ മേഖലയിൽ കോളേജുകൾ അനുവദിച്ചതുപോലെ എയ്ഡഡ് മേഖലയിൽ കോളേജുകൾ അനുവദിക്കാത്തത് എന്തുകൊണ്ടാണ്? എന്റെ ബഹുമാനപ്പെട്ട സുഹൃത്ത് ഡോ. കെ. ടി. ജലീൽ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്നപ്പോൾ 2020 ഏപ്രിൽ 1-ന് ഇറക്കിയ ഉത്തരവുമൂലം കോളേജിലെ ഗവേഷണ പ്രവർത്തനങ്ങൾ

അവതാളത്തിലായിരിക്കുകയാണ്. പി.ജി. അദ്ധ്യാപകരുടെ വെയിറ്റേജ് എടുത്തുകളഞ്ഞു. പി.ജി.-യുടെ വെയിറ്റേജും ഉന്നത വിദ്യാഭ്യാസ ഗുണനിലവാരവും എവിടെയാണ്? എന്താണ് പി.ജി.-യുടെ വെയിറ്റേജെന്നും എന്താണ് പി.ജി.-യെന്നും നിങ്ങൾ വ്യക്തമാക്കണം. പുതിയ വിദ്യാഭ്യാസ നയത്തിൽ ഗവേഷണത്തിന് വളരെയധികം ഊന്നൽ നൽകുന്നുണ്ടെന്നത് ഓർക്കണം. നിങ്ങൾ ഗവേഷണത്തിന് ഊന്നൽ നൽകിയോ? ഗവേഷണ വിദ്യാർത്ഥികൾ ആദ്യ രണ്ടുവർഷം പൂർണ്ണമായി ഗവേഷണത്തിനും അവസാന രണ്ടുവർഷം പി.ജി. പ്രോഗ്രാമിനും മാറ്റി വയ്ക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. എങ്ങനെയാണ് പി.ജി.-യുടെ വെയിറ്റേജ് അറിയുന്നത്; എവിടെയാണ് അത്തരത്തിൽ പോസ്റ്റുള്ളത്; അദ്ധ്യാപകനായിരുന്ന, ഡോക്ടറേറ്റുള്ള ബഹുമാന്യനായ കെ. ടി. ജലീൽതന്നെ അത് പുനഃപരിശോധിക്കണം. ഇന്ന് രാവിലെ ബഹുമാന്യനായ പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് വഖഫ് ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടത് സംബന്ധിച്ച് സബ്മിഷൻ ഉന്നയിച്ചു. അതിന് മറുപടിയായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് മുസ്ലീം ലീഗിന് അതിന്റെ നേട്ടം കിട്ടാൻ വേണ്ടിയാണെന്നും ലീഗാണ് ഇതൊരു വിഷയമാക്കിയതെന്നുമാണ്. ലീഗിന്റെ പണി അതുതന്നെയാണ്.

സമുദായത്തിന് ഒരു പ്രശ്നം വന്നാൽ മുസ്ലീം ലീഗ് അതിശക്തമായി അതിനെ എതിർക്കും. സമുദായത്തിന്റെ താൽപ്പര്യംതന്നെയാണ് ലീഗിന്റെയും താൽപ്പര്യം. 1950-ൽ നിങ്ങൾ അറബി ഭാഷ കൊണ്ടുവന്നില്ലേ; ഞങ്ങൾ സമരം ചെയ്ത് നിങ്ങളെക്കൊണ്ട് അത് തിരുത്തിച്ചില്ലേ; 2006-ലെ പാഠപുസ്തകത്തിൽ 'മതമില്ലാത്ത ജീവൻ' ഉൾപ്പെടുത്തിയത് തിരുത്തിച്ചില്ലേ? ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെക്കൊണ്ട് വഖഫ് ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ട നടപടി പുന:പരിശോധിക്കുമെന്ന് പറയിപ്പിച്ചില്ലേ? ഒരു ബിൽ പാസ്സാക്കുമ്പോഴും പിൻവലിക്കുമ്പോഴും കയ്യടിക്കുകയാണ് ഭരണപക്ഷത്തുള്ളവർ ചെയ്യുന്നത്. നിങ്ങളുടെ സങ്കടകരമായ അവസ്ഥയെക്കുറിച്ചാണ് ഞാൻ ആലോചിക്കുന്നത്.

കേന്ദ്ര കമ്മിറ്റിയംഗം പ്രിയപ്പെട്ട കെ. കെ. ശൈലജ ടീച്ചർ നടത്തിയ പ്രസംഗത്തിൽ തൃക്കാക്കര തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കണക്ക് പറഞ്ഞു. ഞങ്ങൾക്ക് 2000 വോട്ട് കൂടിയെന്ന് ബഹുമാനപ്പെട്ട ടീച്ചർ പറഞ്ഞു. ബഹുമാനപ്പെട്ട ടീച്ചർ ഒന്ന് ആലോചിച്ചു നോക്കൂ. 2000 വോട്ട് കൂടിയാൽ മതിയോ; എവിടെയാണ് തെറ്റുപറ്റിയത്; നിങ്ങൾക്ക് വോട്ട് കൂടണ്ടേ? നിങ്ങൾ എപ്പോഴും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ സ്തുതിക്കുകയാണ് ചെയ്യുന്നത്. 99 എം.എൽ.എ.-മാരെയും മന്ത്രിമാരെയും പാർട്ടി

മെഷിനറിയെയും ലോക്കൽ കമ്മിറ്റികളെയും നേരിട്ട് നിയന്ത്രിക്കുന്നത് കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനാണ്, പാർട്ടിയല്ല. ഇവിടെയിരിക്കുന്ന എല്ലാവരോടുമായി ഒരുകാര്യം സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. പാർലമെന്ററി ജനാധിപത്യത്തിൽ അഞ്ച് വർഷം കഴിഞ്ഞുവരുന്ന പുതിയ തലമുറയ്ക്ക് അസംബ്ലി പ്രൊസീഡിംഗ്സ് നോക്കുമ്പോൾ വെറും കിണ്ണംമുട്ടലും സുഖിപ്പിക്കലുമല്ലാതെ അതിൽ വേറൊന്നും കാണാൻ കഴിയില്ല. ഡിമാന്റ് ചർച്ചയിൽ പങ്കെടുത്ത് പ്രസംഗിച്ച ആരും വകുപ്പിലെ നേട്ടങ്ങളെക്കുറിച്ച് പറഞ്ഞില്ലല്ലോ. ഈ സർക്കാർ വന്നിട്ട് ഒരു വർഷമേ ആയിട്ടുള്ളൂ. തൃക്കാക്കരയിൽ യു.ഡി.എഫ്. ജയിക്കുന്ന സീറ്റിൽ നിങ്ങൾ എല്ലാവരും പോകേണ്ട ആവശ്യം എന്തായിരുന്നു; അങ്ങനെയാണെങ്കിൽ മലപ്പുറത്ത് കുഞ്ഞാലിക്കുട്ടി സാഹിബ് മത്സരിച്ച മണ്ഡലത്തിൽ നിങ്ങൾ എന്തുകൊണ്ടാണ് പോകാതിരുന്നത്? അതുകൊണ്ട് നിങ്ങളുടെ തകരാറുകൾ എന്തൊക്കെയാണെന്ന് നിങ്ങൾ മനസ്സിലാക്കണം.

<u>ശ്രീ. കെ. വി. സുമേഷ്</u>: സർ, ശ്രീ. പി. കെ. ബഷീർ ലീഗിന്റെ കാര്യം പറഞ്ഞല്ലോ. പ്രവാസികളുടെ വിഷയത്തിൽ ശക്തമായി ഇടപെടുന്ന നിങ്ങൾ എന്തുകൊണ്ടാണ് ലോക കേരള സഭ ബഹിഷ്കരിച്ചത്?

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, പ്രവാസികൾ ഞങ്ങളുടെ പാർട്ടിയുടെ

ജീവനാഡിയാണ്. (.....ബഹളം....) ശ്രീ. കെ. വി. സുമേഷ്, ചോദിച്ചതിനുള്ള മറുപടി ഞാൻ പറയാം. ഗവൺമെന്റ് നടത്താൻ തീരുമാനിച്ച ലോക കേരള സഭയിൽ പങ്കെടുക്കാൻ ഞങ്ങൾ തീരുമാനിച്ചു. പിന്നീട് രാഷ്ട്രീയ സാഹചര്യങ്ങൾ മാറി. അതുസംബന്ധിച്ച് യു.ഡി.എഫ്.-ന്റെ രാഷ്ട്രീയ തീരുമാനംവന്നു. ബഹുമാന്യനായ പ്രതിപക്ഷനേതാവ് അതുസംബന്ധിച്ച് പറഞ്ഞു. ഞങ്ങളുടെ ആളുകളെ പോലീസ് തല്ലിച്ചതച്ച് ആശുപത്രിയിലും ലോക്കപ്പിലും കിടക്കുമ്പോൾ ഞങ്ങൾ നിങ്ങളുടെ സൽക്കാരം സ്വീകരിക്കാൻ വരികയാണോ ചെയ്യേണ്ടത്? ഞങ്ങളുടെ പ്രവാസി സംഘടനകളായ Overseas Indian Cultural Congress (OICC), Kerala Muslim Cultural Centre (KMCC) എന്നിവയിലെ പ്രതിനിധികളോട് ലോക കേരള സഭയിൽ പങ്കെടുക്കാൻ പറയുകയും അവർ പങ്കെടുക്കുകയും ചെയ്തു. മറ്റൊന്ന്, ശ്രീ. എം. എ. യൂസഫലിയെ ഞങ്ങൾ അധിക്ഷേപിച്ചുവെന്ന് നിങ്ങൾ പറഞ്ഞല്ലോ. അദ്ദേഹം നമുക്കെല്ലാം പ്രിയങ്കരനും ബഹുമാന്യനും ആദരണീയനുമാണ്. മലയാളികൾക്ക് ഗൾഫ് രാജ്യങ്ങളിലെയും അറബ് രാജ്യങ്ങളിലെയും വിദേശ രാഷ്ട്രതലവന്മാരുമായി ബന്ധപ്പെടാനും ഒരാൾക്ക് എന്തെങ്കിലും പ്രശ്നം വന്നാൽ അത് പരിഹരിക്കാനും സഹായിക്കാറുള്ള വ്യക്തിയാണ്. ഒരു വ്യക്തി എന്തെങ്കിലും

പറഞ്ഞാൽ അത് പാർട്ടിയുടെ അഭിപ്രായമല്ല. ഞങ്ങൾ ഒരിക്കലും പ്രവാസികളുടെ വിഷയത്തിൽ എതിരല്ല. എൽ.ഡി.എഫ്. എത്ര പ്രാവശ്യം സഭ സ്തംഭിപ്പിക്കുകയും ബഹിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. അതൊക്കെ അതിന്റെ ഭാഗമാണ്. കോൺഗ്രസ് വിട്ട് ആളുകൾ മറ്റ് പാർട്ടികളിലേയ്ക്ക് പോകുന്നുവെന്ന് ഇവിടെ ചിലർ പ്രസംഗിക്കുകയുണ്ടായി. കോൺഗ്രസിൽനിന്നും പോകുന്നവരെ എൽ.ഡി.എഫ്. എന്തിനാണ് ഏറ്റെടുക്കുന്നത്? അങ്ങനെ വരുന്നവർക്ക് ചെയർമാൻ സ്ഥാനവും മറ്റ് സ്ഥാനമാനങ്ങളും നൽകുകയാണ്. ഞാൻ ചോദിക്കട്ടെ, സി.പി.ഐ.(എം)-ന്റെ ആശയവുമായി തെറ്റി പാർട്ടി രൂപീകരിക്കാൻപോയ എം. വി. രാഘവനെ നിങ്ങൾ നിയമസഭയിലിട്ട് പേപ്പട്ടിയെപോലെ തല്ലിയില്ലേ; അദ്ദേഹത്തിനെ ഒരുപാട് ആക്രമിക്കുകയും വീടിന് തീവയ്ക്കുകയും ചെയ്തില്ലേ; എന്തിനാണ് അങ്ങനെ ചെയ്തത്? അതിനുശേഷം പതിനഞ്ച് വർഷം കഴിഞ്ഞ് നിങ്ങൾക്ക് മാനസാന്തരമുണ്ടായപ്പോൾ അദ്ദേഹത്തിന്റെ മകനായ ശ്രീ. നികേഷ് കുമാറിന് സീറ്റ് നൽകി. ഇതല്ലേ നിങ്ങളുടെ പാർട്ടി? നിങ്ങൾക്ക് ക്ലാസെടുക്കുന്നത് ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററാണ്. പണ്ട് അൻപത് റബ്ബർ മരമുള്ള ഒരു വ്യക്തി ബൂർഷ്വയാണ്. അത് കേട്ടിട്ടാണ് ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി കെ. രാധാകൃഷ്ണനും

ശ്രീ. കടകംപള്ളി സുരേന്ദ്രനും ശ്രീ. എ. എൻ. ഷംസീറും ക്ലാസ്സെടുക്കുന്നത്. ഇപ്പോൾ ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ അത്ഭുതപ്പെടുകയാണ്. എന്താണെന്നറിയാമോ? സ്കാൻഡിനേവിയൻ രാജ്യങ്ങളിലേയ്ക്ക് നോക്കൂ, കേരളത്തെ സ്വിറ്റ്സർലാൻഡാക്കൂ എന്നാണ് അദ്ദേഹം ക്ലാസ്സെടുക്കുന്നത്. ശ്രീ. കെ. എം. സച്ചിൻദേവും മറ്റും അദ്ദേഹം എന്താണ് പറയുന്നതെന്ന് താടിക്ക് കയ്യുംവച്ച് നോക്കുകയാണ്. നിങ്ങൾ ഇതൊക്കെ തിരുത്തും. കോൺഗ്രസിന് ഒരുപാട് നന്മകളുണ്ട്. എൽ. കെ. അദ്വാനിയും അടൽ ബിഹാരി വാജ്പേയിയും ഇ.എം.എസ്.-ഉം ഹർകിഷൻ സിംഗ് സുർജിതും എല്ലാ ചൊവ്വാഴ്ചയും കൂടിയിരുന്ന് സൽക്കാരം നടത്തിയില്ലേ; അന്ന് ഓർമ്മയില്ലായിരുന്നോ? 1989-ൽ 89 സീറ്റുമായി വന്നിട്ട് എല്ലാ ആഴ്ചയിലും ആശ തന്നതിന്റെ അനന്തരഫലമാണ് നിങ്ങൾ അനുഭവിക്കുന്നത്. ഞാൻ ചോദിക്കട്ടെ, ഇടതുപക്ഷം എന്തുകൊണ്ടാണ് ബംഗാളിൽ ബി.ജെ.പി.-യെ തകർക്കാതിരുന്നത്; എന്താണ് ത്രിപുരയിൽ സംഭവിച്ചത്? ഇത് കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റിന്റെ അവസാനത്തെ ഭരണമായിരിക്കും. 2026-ൽ ഞങ്ങൾ ശക്തിയോടുകൂടി തിരിച്ചുവരും. ലീഗിന്റെ പ്രശ്നങ്ങൾ ചർച്ചചെയ്യാൻ വേണ്ടിയാണ് പാർട്ടി കമ്മിറ്റി കൂടുന്നത്. ഞങ്ങളുടെ പാർട്ടിയിൽ ഒരു പ്രശ്നവുമുണ്ടായിട്ടില്ല. സോഷ്യൽ മീഡിയ

എഡിറ്റർ ഇല്ലാത്ത മീഡിയയാണ്. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി 31 വർഷമായി മുസ്ലീം ലീഗിന്റെ അസംബ്ലി പാർട്ടി ലീഡറാണ്. ചെറുപ്രായത്തിൽത്തന്നെ അദ്ദേഹം മുസ്ലീം ലീഗിനെ നയിക്കുന്ന നേതാവാണ്. ഞങ്ങളുടെ പാർട്ടിയിലെ ഒന്നാമത്തെ നേതാവ് ശ്രീ. സാദിഖ് അലി ശിഹാബ് തങ്ങൾ, രണ്ടാമത്തെ നേതാവ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി. 1992-ൽ ബാബറി മസ്ജിദ് ദുരന്തമുണ്ടായപ്പോൾ കേരളത്തിലെ ഞങ്ങളുടെ പാർട്ടിയുടെ മതേതര മുഖമായിരുന്നു ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി. പത്രക്കാരും മറ്റ് മാധ്യമങ്ങളും പലതുമെഴുതും. ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ ഭരണകാലത്ത് ശ്രീ. മഞ്ഞളാംകുഴി അലി നിങ്ങളുടെ ഭാഗത്തായിരുന്നു. മലപ്പുറത്തെ വിഷയങ്ങൾ ചോർന്നപ്പോൾ ജനശക്തിക്ക് ഫണ്ട് കൊടുത്തത് അലി സാഹിബാണെന്ന് പറഞ്ഞു. അതോടെ തെറ്റിയില്ലേ? അതുകൊണ്ട് നഷ്ടപ്പെട്ടുപോയ അദ്ദേഹത്തെ ഞങ്ങൾക്ക് തിരിച്ചുകിട്ടി. വാർത്ത ചോർന്നാൽ നടപടിയെടുക്കും. അത് പാർട്ടിയുടെ ഡിസിപ്ലിനാണ്. ഏത് കൊലകൊമ്പനാണെങ്കിലും പാർട്ടിയുടെ അച്ചടക്കം പാലിക്കണം. ഞാനും പാർട്ടിയുടെ അച്ചടക്കം പാലിച്ച ഒരു ബാപ്പയുടെ മകനാണ്. അതുകൂടി നിങ്ങൾ മനസ്സിലാക്കണം.

മി. ചെയർമാൻ : യെസ്..., യെസ്...., പ്ലീസ് കൺക്ലൂഡ്.

ശ്രീ. പി. കെ. ബഷീർ: കോവിഡിന്റെ പശ്ചാത്തലത്തിൽ എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽനിന്നും 4 കോടി രൂപവച്ച് പിടിച്ച് ആകെ 540 കോടി രൂപ ലഭിച്ചു. അതിൽനിന്നും 34 കോടി രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ബാക്കി പണം എവിടെപ്പോയി? ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സഭയിലില്ല. അദ്ദേഹം ഇതെല്ലാം സംബന്ധിച്ച് മറുപടി പറയണം. ഉപധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

**1.00 pm]**

ശ്രീ. എച്ച്. സലാം: സർ, ഉപധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. ഈ ഉപധനാഭ്യർത്ഥനകൾ പരിഗണിക്കുമ്പോൾ സംസ്ഥാനത്തെ സാമ്പത്തിക അന്തരീക്ഷം വളരെ പ്രധാനപ്പെട്ടതാണ്. ഏത് സാമ്പത്തിക സാഹചര്യത്തിലും സമഗ്രവും സുസ്ഥിരവുമായ വികസനമാണ് എൽ.ഡി.എഫ്. സർക്കാർ നടപ്പാക്കുന്നത്. ഇപ്പോൾ പുറത്തുവന്നിരിക്കുന്ന പുതിയ പഞ്ചവത്സര പദ്ധതിയുടെ കരട് നയരേഖയിൽ പറയുന്നത്, പുതിയ പഞ്ചവത്സര പദ്ധതി രണ്ടര ലക്ഷം കോടി രൂപയുടെ പദ്ധതികൾ ഏറ്റെടുക്കുമെന്നാണ്. ഓരോ വർഷവും സംസ്ഥാന ജി.ഡി.പി.-യുടെ മൂന്നര ശതമാനമെങ്കിലും പദ്ധതി ചെലവിനായി വകയിരുത്തണമെന്നാണ്

നയരേഖ നിർദ്ദേശിക്കുന്നത്. ഇത് കിഫ്ബിയുടെ പദ്ധതിക്കുപുറമെയാണ്. കിഫ്ബിയുടെ പദ്ധതികൾക്കുവേണ്ടി മാത്രം ഈ സർക്കാർ വകയിരുത്തിയത് 70,792 കോടി രൂപയാണ്. കിഫ്ബിയില്ലെങ്കിലും പ്രശ്നമില്ല അതിനെക്കാളേറെ കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുന്ന സാഹചര്യമാണ് കേരളത്തിലുള്ളതെന്നാണ് ഇന്ന് സംസാരിച്ച ശ്രീ. രമേശ് ചെന്നിത്തലയും ഇന്നലെ സംസാരിച്ച ശ്രീ. എൻ. ഷംസുദ്ദീനും പറഞ്ഞത്. നാടിന്റെ വികസന സമീപന പ്രക്രിയയിൽ കിഫ്ബിയുടെ സ്വാധീനം എത്രമാത്രം വലുതാണെന്ന് ഈ നാടിനും ഓരോ സാമാജികർക്കും കൃത്യമായി അറിയാവുന്നതാണ്. കിഫ്ബിയുടെ ഭാഗമായിമാത്രം പൊതുമരാമത്ത് മേഖലയ്ക്ക് 22820 കോടി രൂപയും പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് 22872 കോടി രൂപയും ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് 1716 കോടി രൂപയും ആരോഗ്യ മേഖലയ്ക്ക് 4876 കോടി രൂപയും ഐ.ടി. മേഖലയ്ക്ക് 1412 കോടി രൂപയും ജലവിഭവത്തിന് 5876 കോടി രൂപയും വൈദ്യുതി മേഖലയ്ക്ക് 5200 കോടി രൂപയും നൽകി. ഇങ്ങനെ നാടിന്റെ സമസ്ത വികസന മേഖലകളിലും വലിയതോതിൽ പണം നൽകുന്ന പ്രധാനപ്പെട്ട ഒന്നാണ് കിഫ്ബി എന്നുള്ളതുകൊണ്ടാണ് കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിട്ട കാലത്തും സംസ്ഥാനത്തിന്റെ വികസന

പ്രവർത്തനങ്ങൾക്കും ക്ഷേമ പ്രവർത്തനങ്ങൾക്കും യാതൊരു പ്രയാസവും കൂടാതെ മുന്നോട്ടുപോകാൻ കഴിയുന്നത്. യു.ഡി.എഫ്. അംഗങ്ങൾ ഇതിനെ ആക്ഷേപിച്ച് സംസാരിക്കുന്നത് എന്തുകൊണ്ടാണെന്ന് ഗൗരവമായി ചിന്തിക്കേണ്ട കാര്യമാണ്. എത്ര പ്രയാസകരമായ സാമ്പത്തിക നിലയാണ് മികച്ച ധനകാര്യ മാനേജ്മെന്റിലൂടെ മറികടക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം മൊത്ത വരുമാനം മൂന്ന് ശതമാനമായി ചുരുങ്ങിപ്പോയി എന്നാണ് ഇക്കണോമിക് റിവ്യൂവിൽ പറയുന്നത്. കേന്ദ്രം സംസ്ഥാനങ്ങൾക്ക് ഷെയർ ചെയ്യേണ്ട നികുതി കുറയുകയും സെസ്, സർച്ചാർജ്ജ് ഉൾപ്പെടെയുള്ളവ വർദ്ധിപ്പിക്കുകയും ചെയ്യുന്ന സാഹചര്യമാണ് നിലവിലുള്ളത്. 10-ാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശപ്രകാരം നികുതി വരുമാനത്തിന്റെ 3.9 ശതമാനം കേരളത്തിന് ലഭിച്ചിരുന്നു. ഇപ്പോൾ 15-ാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശപ്രകാരം കേന്ദ്ര ഗവൺമെന്റ് 1.9 ശതമാനം മാത്രമായി ചുരുക്കുകയാണ്. സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്രസഹായം കുത്തനെ വെട്ടിക്കുറയ്ക്കുന്ന നയം കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുമ്പോൾ അതിനെക്കുറിച്ച് ഒരു വാക്കുപോലും യു.ഡി.എഫ്.-ന്റെ ഭാഗത്തുനിന്നുള്ള ആരും സംസാരിക്കുന്നില്ല എന്നത് പ്രധാനപ്പെട്ട കാര്യമായി ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. കഴിഞ്ഞ വർഷങ്ങളിൽ ലഭിച്ചുകൊണ്ടിരുന്ന

റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് 6,000 കോടി രൂപയും ജി.എസ്.ടി. കോമ്പൻസേഷൻ 12,000 കോടി രൂപയുമാണ്. അത് 2022-23 വർഷത്തോടെ നിർത്തൽചെയ്യാൻ കേന്ദ്രം തീരുമാനിച്ചിരിക്കുകയാണ്. അപ്പോഴും പ്രതീക്ഷ നൽകുന്നത് 2022 ജനുവരി-ഫെബ്രുവരി മാസത്തെ ജി.എസ്.ടി.-യിൽ കേരളത്തിൽ 14 ശതമാനം വർദ്ധനവുണ്ടായിരിക്കുന്നു എന്നതാണ്. കോവിഡിന്റെ പ്രതിസന്ധിയിൽനിന്നും സംസ്ഥാനത്തിന്റെ സാമ്പത്തികനില മെച്ചപ്പെടുത്താൻ കഴിയുന്ന സാഹചര്യത്തിലേയ്ക്ക് കേരളം കടന്നുവരുന്നുവെന്നത് പ്രതീക്ഷ നൽകുന്ന പ്രധാനപ്പെട്ട കാര്യമാണ്. ശ്രീ. പി. കെ. ബഷീർ സാമ്പത്തിക സാഹചര്യത്തെക്കുറിച്ചൊന്നും പറയില്ല, പക്ഷേ മുൻ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല സംസാരിച്ചപ്പോൾ ഈ സാമ്പത്തിക യാഥാർത്ഥ്യത്തെക്കുറിച്ച് ഒന്നും പറയാൻ സന്നദ്ധമായില്ല. സമീപസമയത്തുണ്ടായ പ്രധാനപ്പെട്ട പ്രശ്നമാണ് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് മുൻ ധനകാര്യ വകുപ്പുമന്ത്രിക്ക് നോട്ടീസ് നൽകിയത്. കേന്ദ്ര സർക്കാരിന്റെ ഭാഗമായ കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ കീഴിൽ വരുന്ന ഇ.ഡി., മുൻ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിന് നോട്ടീസ് നൽകാൻ തയ്യാറായത് എന്തുകൊണ്ടാണെന്ന് ഭരണപക്ഷവും പ്രതിപക്ഷവും ഗൗരവമായി കാണണം. ഒരു ഭാഗത്ത് കേന്ദ്ര സർക്കാർ

നൽകേണ്ട വിഹിതം നൽകാതെ സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കുകയാണ്. കഴുത്ത് ഞെരിച്ചുപിടിച്ചാലും അതിനെയെല്ലാം അതിജീവിച്ച്, സംസ്ഥാനത്തിന്റെ വികസനത്തിനും ക്ഷേമത്തിനുംവേണ്ടി സ്വന്തമായി പണം സമാഹരിച്ച് നടപ്പാക്കിക്കാണിക്കുമെന്ന് പ്രഖ്യാപിച്ച് നടപ്പാക്കുന്ന കാഴ്ച ആറ് വർഷമായി കേരളത്തിൽ കാണാൻ സാധിക്കുന്നു. അതിൽ പ്രധാനപ്പെട്ട ഒന്ന് കിഫ്ബിയാണ്. കിഫ്ബിയെ തടസ്സപ്പെടുത്തിയാൽ സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങളെ തടസ്സപ്പെടുത്താൻ സാധിക്കുമെന്നുള്ളതുകൊണ്ടാണ് കേന്ദ്ര സർക്കാർ അതിനെ ലക്ഷ്യംവയ്ക്കുന്നത്. അതിനുവേണ്ടിയാണ് പുതിയ ചില വേലകളുമായി കേന്ദ്ര സർക്കാർ ഇ.ഡി.-യെ ഉപയോഗപ്പെടുത്തുന്നതെന്ന് കാണാൻ കഴിയും. ഇതേ നിലപാടുതന്നെയാണ് കേരളത്തിലെ യു.ഡി.എഫ്. ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിന്റെ പൊതുരാഷ്ട്രീയ മണ്ഡലത്തിലും സാമൂഹ്യ മണ്ഡലത്തിലും ഭരണരംഗത്തുമെല്ലാം അതിനേക്കാൾ വ്യത്യസ്തമായി കിഫ്ബി എന്ന സംവിധാനംപോലും വേണ്ടതില്ല, കിഫ്ബി എന്നത് കേരളത്തിനെ കടക്കെണിയിലേയ്ക്ക് തള്ളിയെറിയുന്ന ഒന്നാണ് എന്നെല്ലാം സ്ഥാപിക്കാൻവേണ്ടിയാണ് യു.ഡി.എഫ്. ഇപ്പോൾ ശ്രമിക്കുന്നത്. ശ്രീ. രമേശ് ചെന്നിത്തല

ഉൾപ്പെടെയുള്ളവർ കിഫ്ബി വേണ്ടതില്ലെന്നാണ് പറഞ്ഞത്. സംസ്ഥാനത്തെ വികസന പ്രക്രിയയെ നല്ലനിലയ്ക്ക് കൊണ്ടുപോകാൻ കഴിയുന്ന ഒരു പ്രധാന ഘടകം കിഫ്ബിയാണ്. അതിനെ തകർത്താൽ സംസ്ഥാനത്തെ വികസനം തകർക്കാൻ കഴിയുമെന്ന് കേന്ദ്രത്തിലെ ബി.ജെ.പി.-യും കേരളത്തിലെ യു.ഡി.എഫ്.-ഉം ഒരുപോലെ കരുതുന്നു. അതിന്റെ ഭാഗമായുള്ള സംയുക്ത നീക്കമാണ് ഇതെന്ന് നമുക്ക് ബോധ്യമാകും. ഞാൻ ദീർഘമായി സംസാരിക്കാൻ ആഗ്രഹിക്കുന്നില്ല.

വിജ്ഞാനത്തെയും ഉല്പാദനത്തെയും ബന്ധിപ്പിച്ച് പുതിയ വികസന കാഴ്ചപ്പാടിലൂടെ നവകേരളം കെട്ടിപ്പടുക്കാനാണ് എൽ.ഡി.എഫ്. ലക്ഷ്യം വയ്ക്കുന്നത്. കേരളത്തിലെ ജീവിതനിലവാരം 25 വർഷംകൊണ്ട് വികസിത മധ്യവർഗ്ഗ രാഷ്ട്രങ്ങൾക്ക് സമാനമാക്കാനാണ് സംസ്ഥാന ഗവൺമെന്റ് പരിശ്രമിക്കുന്നത്. ഈ പരിശ്രമത്തോട് യു.ഡി.എഫ്.-ന്റെ നിലപാട് എന്താണ്? നാം ഗൗരവമായി ചിന്തിക്കേണ്ട കാര്യമാണ്. ഒരു വിദേശ കഥയുണ്ട്, ഒരാൾക്ക് ജലത്തിന്റെ മുകളിലൂടെ നടക്കാൻ കഴിയുന്ന പ്രത്യേകതകളുള്ള ഒരു നായയുണ്ടായിരുന്നു. ഒന്നിനെയും അംഗീകരിക്കാത്ത പ്രിയപ്പെട്ട ഒരു കൂട്ടുകാരൻ അദ്ദേഹത്തിനുണ്ടായിരുന്നു. നായയുടെ പ്രത്യേകത ആ കൂട്ടുകാരനെ ബോധ്യപ്പെടുത്തുന്നതിനായി ഒരു ദിവസം കൂട്ടുകാരനെയും

നാട്ടുകാരെയും വിളിച്ച് നായയെയുംകൊണ്ട് ഉടമ ഒരു ജലാശയത്തിന്റെ കരയിലെത്തി. ജലാശയത്തിന്റെ മറുകരയിലുണ്ടായിരുന്ന ഒരു പക്ഷിയെ വെടിവച്ചിട്ടശേഷം നായയോട് 'ഗോ' എന്നുപറഞ്ഞു. ആ നായ ജലാശയത്തിനുമുകളിലൂടെ നടന്ന് അക്കരെ പോയി വെടിവച്ചിട്ട പക്ഷിയെയും എടുത്തുകൊണ്ട് തിരിച്ചുവന്നു. അപ്പോൾ വിജയഭാവത്തിൽ അഭിമാനത്തോടുകൂടി അദ്ദേഹം കൂട്ടുകാരനോട് 'അല്ലയോ പ്രിയപ്പെട്ട കൂട്ടുകാരാ, എന്റെ നായയെക്കുറിച്ച് താങ്കളുടെ അഭിപ്രായമെന്താണ് ' എന്ന് ചോദിച്ചു. കൂട്ടുകാരൻ ചിന്തിച്ചശേഷം പറഞ്ഞത് 'നായയെല്ലാം കൊള്ളാം, പക്ഷേ അതിന് നീന്താനറിയില്ല' എന്നാണ്. കേരളത്തിലെ പ്രതിപക്ഷം ഇങ്ങനെയല്ലേ പെരുമാറുന്നത്; ഏത് നല്ലകാര്യം ചെയ്താലും കഥയിലെ കൂട്ടുകാരൻ ചിന്തിക്കുന്നതുപോലെയല്ലേ കേരളത്തിലെ പ്രതിപക്ഷവും പ്രതിപക്ഷനേതാവും ചിന്തിക്കുന്നത്? മലയാളത്തിൽ ഇവരെ ഉപമിക്കാൻ ഉചിതമായ പദം 'ദോഷൈകദൃക്ക്' എന്നാണ്. ദോഷം മാത്രം ദർശിക്കുന്നയാൾ എന്ന് പൂർണ്ണാർത്ഥം വരുന്ന ദോഷൈകദൃക്ക് എന്ന പദം കേരളത്തിന്റെ പ്രതിപക്ഷനേതാവിനെയും പ്രതിപക്ഷത്തെയുംകുറിച്ച് ഉപയോഗിക്കാൻ സാധിക്കില്ലേ? കേരളത്തിന്റെ വികസന വഴിയിൽ, ഒരു നാടിന്റെ എല്ലാ വികാരവിചാരങ്ങളെയും ചേർത്തുപിടിച്ചുകൊണ്ട്

മുന്നോട്ടുപോകുമ്പോൾ തെരുവിൽ മാറിനിന്ന് ദോഷൈകദൃക്കുകളായിമാത്രം പ്രവർത്തിക്കാൻ കഴിയുന്നവരായി കേരളത്തിലെ യു.ഡി.എഫ്. മാറിയിരിക്കുന്നുവെന്ന് കാണാൻ കഴിയും. എൽ.ഡി.എഫ്. സർക്കാരിന്റെ വികസന കുതിപ്പിലേയ്ക്ക് നാടിനെ നയിക്കാൻ കഴിയുന്നത് ഞങ്ങൾ ഉയർത്തിപ്പിടിക്കുന്ന രാഷ്ട്രീയ നയത്തിന്റെകൂടി ഭാഗമായാണ്. ഇന്നലെ ഡോ. മാത്യു കുഴൽനാടൻ ജനാധിപത്യത്തെയും രക്തസാക്ഷിത്വത്തെയും വേർപാടിന്റെ വേദനയെയും കുറിച്ചൊക്കെ എന്തെല്ലാമാണ് പറഞ്ഞത്. കേരളത്തിൽ 591 പേരുടെ വിലപ്പെട്ട ജീവൻ നഷ്ടപ്പെട്ട പാർട്ടിയാണ് സി.പി.ഐ.(എം). 591 പേരിൽ 134 പേരെ കൊന്നത് ഇന്ത്യൻ നാഷണൽ കോൺഗ്രസാണ്. ഈ ചരിത്രം നാടിനറിയില്ലേ? 214 പേരെ ആർ.എസ്.എസ്.-ഉം 25 പേരെ മുസ്ലീം ലീഗുമാണ് കൊന്നത്. ഇത്രയും പേരെ നഷ്ടപ്പെടുത്തിയ പാർട്ടി കേരളത്തിൽ വേറെയുണ്ടോ; എസ്.ഡി.പി.ഐ.-യും കൊന്നിട്ടുണ്ട്. എത്ര പൈശാചികമായാണ് പ്രിയപ്പെട്ട സഖാക്കളെ കൊന്നിരിക്കുന്നത്. കഴിഞ്ഞ ആറ് വർഷത്തെ കണക്കെടുത്താൽ കേരളത്തിന് 22 പേരെ നഷ്ടപ്പെട്ടുവെന്ന് കാണാൻ സാധിക്കും. ഇവരിൽ 4 പേരെ കൊന്നത് കോൺഗ്രസാണ്, ഡോ. മാത്യു കുഴൽനാടന്റെ പാർട്ടിയാണ് ഹക്ക് മുഹമ്മദിനെയും മിഥ്‌ലാജിനെയും

ധീരജിനെയും കൊന്നത്. കാസർഗോഡ് അബ്ദുറഹ്മാനെ കൊന്നത് ആരാണ്? കൊലപാതകങ്ങൾ നിരന്തരമായി സംഘടിപ്പിക്കുന്നവർ നിയമസഭയിൽവന്ന് സമാധാനത്തിന്റെ വെള്ളരിപ്രാവുകളായി അവതരിക്കുന്നത് കാണുമ്പോൾ നിങ്ങൾക്ക് ലജ്ജ തോന്നുന്നില്ലേ? 'ഇരന്നുവാങ്ങിയ കൊലപാതകം' എന്ന് പറയുന്ന കെ.പി.സി.സി. പ്രസിഡന്റുള്ള ഇക്കാലത്ത് ഇതുംഇതിനപ്പുറവും പറയും. അതിനെക്കുറിച്ച് ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. 1987-ലെ തെരഞ്ഞെടുപ്പുകാലത്ത് ചീമേനിയിൽ അഞ്ചുപേരെ ചുട്ടുകൊന്നു. വടകരയിൽനിന്നും വളരെ അകലെയല്ലാത്ത താമരശ്ശേരിയിൽ എസ്.എഫ്.ഐ. നേതാവ് ജോബി ആൻഡ്രൂസിനെ പ്രാകൃതമായി കല്ലെറിഞ്ഞല്ലേ നിങ്ങൾ കൊലപ്പെടുത്തിയത്? പന്തളത്ത് ശ്രീ. ജി. സുധാകരന്റെ സഹോദരൻ സഖാവ് ജി. ഭുവനേശ്വരനെ കെമിസ്ട്രി ലാബിനകത്തുവച്ച് ക്രൂരമായി പീഡിപ്പിച്ച് കൊലപ്പെടുത്തി. ഇതുപോലെ നിരവധിപേരെ ചൂണ്ടിക്കാണിക്കാൻ കഴിയും. 1972-ൽ ആദ്യത്തെ കോളേജ് യൂണിയൻ തെരഞ്ഞെടുപ്പിൽ എസ്.എഫ്.ഐ. ജയിച്ചപ്പോൾ തലശ്ശേരി ബ്രണ്ണൻ കോളേജിലെ അശോകനെ കൊന്നത് നിങ്ങളല്ലേ; കേരളത്തിൽ നിങ്ങൾ കൊന്നൊടുക്കിയവരുടെ ചരിത്രം പരിശോധിച്ചാൽ എത്രപേരുകൾ പറയാൻ കഴിയും? പത്തനംതിട്ടയിലെ സഖാവ് സി. വി. ജോസിനെ

കൊലപ്പെടുത്തിയത് മാത്രമല്ല, ആ കേസ്സിലെ ഒന്നാം സാക്ഷിയായ സഖാവ് പ്രസാദിനെക്കൂടി കൊലപ്പെടുത്തിയ പാർട്ടിയല്ലേ കോൺഗ്രസ്? എന്നിട്ടാണ് ഇവിടെവന്ന് വർത്തമാനം പറയുന്നത്. കേരളത്തിലെ അമ്മമാരുടെ വേദന അറിയുന്നവരാണ് ഞങ്ങൾ, സി.പി.ഐ.(എം)-നുള്ളിൽ ജീവിക്കുന്നതുപോലെ മക്കൾ നഷ്ടപ്പെട്ട അമ്മമാർ കേരളത്തിലെ ഒരു പാർട്ടിക്കുമില്ല. ഭർത്താക്കന്മാർ നഷ്ടപ്പെട്ട ഭാര്യമാരും അച്ഛൻ നഷ്ടപ്പെട്ട മക്കളും ഏറ്റവുംകൂടുതൽ ജീവിക്കുന്ന പാർട്ടി കേരളത്തിൽ സി.പി.ഐ.(എം) ആണ്. ആ ഞങ്ങളെ വേർപാടിന്റെ വേദനയെക്കുറിച്ചും കൊലപാതക രാഷ്ട്രീയത്തെക്കുറിച്ചും സമാധാനത്തെക്കുറിച്ചും പഠിപ്പിക്കാൻ ഡോ. മാത്യു കുഴൽനാടനോ അദ്ദേഹത്തിന്റെ പാർട്ടിക്കോ യാതൊരു അർഹതയുമില്ലെന്ന കാര്യം ചൂണ്ടിക്കാണിക്കുകയാണ്. ഇതിനെയെല്ലാം അതുപോലെ പ്രതികരിച്ചുകൊണ്ടല്ല കേരളത്തിലെ സി.പി.ഐ.(എം)-ഉം സർക്കാരും പോകുന്നത്. മനസാന്നിദ്ധ്യം വിട്ടുപോകാതെ അതിജീവിച്ച്, നാടിന്റെ വികസനവും ജനതയുടെ ക്ഷേമവും സമാധാനപരമായ, മതനിരപേക്ഷമായ ജീവിതവുമാണ് പ്രധാനമെന്ന് പ്രഖ്യാപിച്ചുകൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. സർക്കാരിന്റെ പ്രവർത്തനവഴിയിലെ കാമ്പ്

ആയിമാറേണ്ട ഉപധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. ഈ സാഹചര്യത്തിൽ ധനകാര്യ വകുപ്പുമന്ത്രിയെ എത്ര പ്രശംസിച്ചാലും മതിയാവില്ല. കാരണം, കേരള സംസ്ഥാനം രൂപീകൃതമായതിനുശേഷം ഇത്രയേറെ ദുരിതങ്ങളിലൂടെ കടന്നുപോയിട്ടുള്ള ഒരു കാലഘട്ടമുണ്ടായിട്ടില്ല. എല്ലാ അർത്ഥത്തിലും ഒരു കെട്ടകാലത്തിലാണ് നാം ജീവിക്കുന്നത്. പ്രളയവും പ്രകൃതി ദുരന്തങ്ങളും കോവിഡും സാംക്രമിക രോഗങ്ങളും ഒരുപാട് തിരിച്ചടികൾ നമുക്ക് നൽകി. ഉൽപ്പാദനഷ്ടവും തൊഴിൽനഷ്ടവും വരുമാനനഷ്ടവും സംസ്ഥാനത്ത് ഉയർന്നുനിൽക്കുന്ന സാഹചര്യമാണ്. ഇരുട്ടടിയായി കേന്ദ്ര ഗവൺമെന്റ് ധനവിഹിതം വെട്ടിക്കുറയ്ക്കുകയും എല്ലാ അർത്ഥത്തിലും ചിറ്റമ്മ നയം സ്വീകരിക്കുകയും ചെയ്യുകയാണ്. ജി.എസ്.ടി. വിഹിതം ശരിയായ സമയത്ത് ലഭിക്കാത്തവിധം തടഞ്ഞുവയ്ക്കുകയാണ്. ഇപ്പോൾ ആ വിഹിതവും അവസാനിക്കാൻ പോകുകയാണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് നൽകിയിരുന്ന ധനസഹായം അവസാനിപ്പിക്കുന്ന സ്ഥിതിയാണ് നിലവിലുള്ളത്. കൂടാതെ സംസ്ഥാനത്തിന്റെ വായ്പാനുമതി കേന്ദ്ര ഗവൺമെന്റ്

നിഷേധിക്കുകയാണ്. ഇങ്ങനെ എല്ലാ അർത്ഥത്തിലും സർക്കാരിനെ ബുദ്ധിമുട്ടിലാക്കുന്ന ഘട്ടത്തിലാണ് നികുതി ചോർച്ച തടയുന്നതിനും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള കാര്യക്ഷമമായ നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുന്നത്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. ഡി. പ്രസേനൻ]

പൂഞ്ഞാർ മണ്ഡലവുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ ഉന്നയിക്കാൻ ആഗ്രഹിക്കുകയാണ്. എരുമേലി ഗ്രീൻഫീൽഡ് ശബരി എയർപോർട്ടുമായി ബന്ധപ്പെട്ട് ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടെങ്കിലും അതുമായി ബന്ധപ്പെട്ട തടസ്സങ്ങൾ നീക്കി കാര്യങ്ങൾ ത്വരിതഗതിയിൽ മുന്നോട്ടുകൊണ്ടുപോകണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെ ഞാൻ സബ്മിഷനിലൂടെ ഉന്നയിച്ച പ്രളയം തകർത്ത പാലങ്ങളുടേയും ഗ്രാമീണ റോഡുകളുടെയും പുനരുദ്ധാരണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അനുഭാവപൂർണ്ണമായ സമീപനം കൈക്കൊള്ളുമെന്ന് പ്രതീക്ഷിക്കുകയാണ്. ഇപ്പോൾ നമുക്കുള്ള ഏറ്റവും വലിയ സ്രോതസ്സായ കിഫ്ബിയെ ഇല്ലാതാക്കാൻ ഇ.ഡി.-യെ ഉപയോഗിക്കുന്ന തരംതാണ രാഷ്ട്രീയം കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. മുൻ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിന് ഈ കാര്യത്തിൽ ഇ.ഡി. നോട്ടീസ്

അയച്ചിരിക്കുകയാണ്. ഇതിനെയെല്ലാം ഒന്നിച്ചുനിന്ന് എതിർക്കേണ്ടതിനുപകരം, പ്രതിപക്ഷം ഒട്ടകപ്പക്ഷി നയം സ്വീകരിക്കുന്ന സ്ഥിതിവിശേഷമാണ് കണ്ടുകൊണ്ടിരിക്കുന്നത്. മുൻ പ്രതിപക്ഷനേതാവ്, ശ്രീ. രമേശ് ചെന്നിത്തല ഇവിടെ ബദൽനയം നടപ്പാക്കുന്നതിനെ സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. ആരാണ് അത്തരം സാഹചര്യത്തിലേയ്ക്ക് ഈ രാജ്യത്തെ തള്ളിവിട്ടത്; നവ ഉദാരവൽക്കരണ നയങ്ങൾ ആരംഭിച്ചതും തൊഴിൽ നിയമങ്ങൾ ദുർബലപ്പെടുത്തിയതും ക്ഷേമപ്രവർത്തനങ്ങളിൽനിന്നും പിൻമാറിയതും കേന്ദ്രാവിഷ്കൃത പദ്ധതികൾ വെട്ടിക്കുറച്ചതും എന്തിന് റബ്ബർ ഇറക്കുമതിയടക്കം പട്ടയവിഷയങ്ങളിലടക്കം സംസ്ഥാന താൽപ്പര്യങ്ങൾക്കെതിരായി പ്രവർത്തിച്ചത് ആരാണ്; പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റുതുടങ്ങിയത് ആരാണ്? ഇത്തരം സ്ഥിതിവിശേഷങ്ങൾ മറച്ചുവച്ച് ബി.ജെ.പി.-യോട് ചേർന്നുകൊണ്ട് സംസ്ഥാന ഗവൺമെന്റിനെ കുറ്റപ്പെടുത്താൻ ശ്രമിക്കുകയാണ്. ഞാൻ അൽപ്പംമുമ്പ് സെക്രട്ടേറിയറ്റിന് മുന്നിലൂടെ പോയപ്പോൾ അവിടെ സ്ഥാപിച്ചിരുന്ന ഫ്ലക്സ് ബോർഡുകൾ ശ്രദ്ധിക്കാനിടയായി. ആ ഫ്ലക്സ് ബോർഡുകളിൽ സുന്ദരമായ രണ്ടുമുഖങ്ങൾ ഞാൻ ദർശിച്ചു. അതിൽ ഒരാൾ, ആദരണീയനായ പ്രതിപക്ഷനേതാവും തൊട്ടുചേർന്നിരിക്കുന്നത്

ബി.ജെ.പി.-യുടെ സംസ്ഥാന അദ്ധ്യക്ഷൻ ശ്രീ. കെ. സുരേന്ദ്രനുമായിരുന്നു. സംശയമുണ്ടെങ്കിൽ ആർക്കുവേണമെങ്കിലും നോക്കാം. ആ ബോർഡ് ആരും അഴിച്ചുകൊണ്ടുപോയി കാണില്ല. ഈ രീതിയിൽ കേരളത്തിൽ രൂപപ്പെട്ടുവരുന്ന രാഷ്ട്രീയ കൂട്ടുകെട്ടിന്റെ നേർചിത്രമാണ് അവിടെ കാണാൻ കഴിയുന്നത്. ഇന്നലെ ബഹുമാനപ്പെട്ട അംഗം ഡോ. മാത്യു കുഴൽനാടൻ ജനാധിപത്യത്തെക്കുറിച്ച് വാചാലനായി സംസാരിച്ച് സ്റ്റഡി ക്ലാസ്സെടുക്കുകയുണ്ടായി. ഉൾപ്പാർട്ടി ജനാധിപത്യംപോലും ഇല്ലാത്ത പാർട്ടിയാണ് കോൺഗ്രസ്. അടിയന്തരാവസ്ഥയുടെ കാര്യവും കരിനിയമമായ MISA (The Maintenance of Internal Security Act)-യുടെ കാര്യവുമെല്ലാം സൂചിപ്പിക്കുകയുണ്ടായി. സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ കോൺഗ്രസ് പാർട്ടിയെ ആരെല്ലാമാണ് നയിച്ചുകൊണ്ടിരിക്കുന്നത്? പണ്ഡിറ്റ് ജവഹർലാൽ നെഹ്റു, അദ്ദേഹത്തിന്റെ പുത്രിയായ ഇന്ദിരാഗാന്ധി, അവരുടെ പുത്രനായ സഞ്ജയ് ഗാന്ധി, സഞ്ജയ് ഗാന്ധി മരണപ്പെട്ടപ്പോൾ യൂറോപ്പിൽ പഠനത്തിലായിരുന്ന രാജീവ് ഗാന്ധി, അദ്ദേഹം കൊല്ലപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ ഭാര്യയെ പട്ടമഹിഷിയാക്കുകയായിരുന്നു. അവർക്ക് പ്രായാധിക്യമായപ്പോൾ മകനേയും മകളേയും അവരോധിക്കുന്നു. ഈ രീതിയിൽ ജനാധിപത്യത്തെ കുടുംബാധിപത്യമാക്കി മാറ്റിയ

പാർട്ടിയാണ്. അടുത്ത സമയത്ത് പാർട്ടിയിൽനിന്നും നല്ലൊരു ഗ്രൂപ്പ് ഡെവലപ്മെന്റുണ്ടായി, ജി-23. രാജ്യസ്നേഹവും വിവരവുമുള്ള ശശി തരൂരിനേയും കപിൽ സിബലിനേയും പോലെയുള്ള നേതാക്കൾ ചേർന്ന് ജി-23 എന്ന ഗ്രൂപ്പുണ്ടാക്കി. ആ ഗ്രൂപ്പിനെ രാജസ്ഥാനിൽവച്ച് നടന്ന പാർട്ടിയുടെ ചിന്തൻ ശിബിരത്തിലേയ്ക്ക് വിളിക്കാനോ അഭിപ്രായം കേൾക്കാനോ തയ്യാറാകാത്ത പാർട്ടിയാണ് കോൺഗ്രസ്. ആ കോൺഗ്രസാണ് ഇവിടെ ജനാധിപത്യത്തെക്കുറിച്ച് പറയുന്നതെന്ന കാര്യം മനസ്സിലാക്കണം.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, പോയിന്റ് ഓഫ് ഓർഡർ?

മി. ചെയർമാൻ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ബഹുമാനപ്പെട്ട അംഗം പ്രസംഗിക്കുമ്പോൾ, കോൺഗ്രസിലെ കുടുംബാധിപത്യത്തെക്കുറിച്ച് പറഞ്ഞു, ജവർലാൽനെഹ്റു കഴിഞ്ഞ് ഇന്ദിരാഗാന്ധി വന്നുവെന്ന് പറഞ്ഞു. കേരളാ കോൺഗ്രസിൽ കുടുംബാധിപത്യമല്ലേ നടക്കുന്നത്; കെ. എം. മാണി സർ കഴിഞ്ഞ്, ജോസ് കെ. മാണി. അങ്ങനെയല്ലേ?

മി. ചെയർമാൻ: പോയിന്റ് പറയൂ.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, പോയിന്റ് ഓഫ് ഓർഡറല്ല, ഞാനീ കാര്യം ചൂണ്ടിക്കാണിച്ചുവെന്നേയുള്ളൂ.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, കേരളാ കോൺഗ്രസിൽ ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ടാണ് അവർ സ്ഥാനങ്ങൾ വഹിക്കുന്നത്. വിദേശത്തുള്ളവരേയും മരിച്ചയാളിന്റെ ഭാര്യയേയും വിളിച്ചുകൊണ്ടുവന്ന് അവരോധിക്കുന്ന രീതിയല്ല കേരളാ കോൺഗ്രസിൽ അവലംബിക്കുന്നതെന്ന് ആദരണീയനായ മുതിർന്ന അംഗത്തോട് സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു.

മി. ചെയർമാൻ: അങ്ങയുടെ സമയം കഴിഞ്ഞു. പ്രസംഗം അവസാനിപ്പിക്കൂ.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ദേശീയപാത വികസനം, സിൽവർലൈൻ പദ്ധതി, വിഴിഞ്ഞം പദ്ധതി, ഔട്ടർ റിംഗ് റോഡ് പദ്ധതി, തീരദേശ ഹൈവേ, മലയോര ഹൈവേ, ജലപാത വികസനം, കെ-ഫോൺ, മെഡിസെപ് തുടങ്ങി ചരിത്രത്തിൽ ഇടംപിടിക്കുന്ന വികസന നേട്ടവുമായി മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്ന ഗവൺമെന്റിന്റെ ഉപധനാഭ്യർത്ഥനകൾക്ക് എല്ലാ പിന്തുണയും അർപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. വി. ജോയി: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. ബഹുമാന്യനായ മുൻ പ്രതിപക്ഷനേതാവ് കേരളത്തിലെ

സാമ്പത്തിക പ്രതിസന്ധി ശ്രീലങ്കയിലേതുപോലെയാകുമെന്ന ശാപവാക്ക് പറഞ്ഞുപോയി. പക്ഷെ, അദ്ദേഹം ഇന്ത്യാരാജ്യത്തെ സാമ്പത്തിക അസമത്വത്തെക്കുറിച്ച് ഒരു വാക്കുപോലും ഉരിയാടിയില്ലെന്നുള്ളത് എന്തിനോടാണ് ചേർത്തുവയ്ക്കാൻ കഴിയുന്നതെന്ന് മനസ്സിലാകും. ഇന്ത്യയിൽ 137 കോടി ജനങ്ങളുള്ളതിൽ 142 ശതകോടീശ്വരന്മാരുണ്ട്. അവരുടെ സ്വത്ത് ഇന്ത്യയിലെ 80 ശതമാനം ആളുകളുടെ സ്വത്തിന് തുല്യമാണ്, ഈ നിരക്ക് വർദ്ധിച്ചുവരികയാണ്. ഗൗതം അദാനിയുടെ സ്വത്തിന്റെ മൂല്യം ഇപ്പോൾ പത്തുലക്ഷം കോടി രൂപ കഴിഞ്ഞിരിക്കുകയാണ്. ലോക സമ്പന്നൻമാരുടെ പട്ടികയിൽ അഞ്ചാം സ്ഥാനവും ഏഷ്യയിൽ ഒന്നാം സ്ഥാനവുമാണ് അദ്ദേഹത്തിനുള്ളത്. 2001-ൽ 60,000 കോടി രൂപയായിരുന്നു ഗൗതം അദാനിയുടെ ആസ്തി. ഇപ്പോൾ അത് പത്തുലക്ഷം കോടി രൂപയായി വർദ്ധിച്ചു. ഇന്ത്യയിലെ അമ്പത് ശതമാനത്തിലധികം ആളുകൾ ദരിദ്രരാണ്. ഇന്ത്യ ഇന്ന് നാലുപേരുടെ കൈകളിലാണ്. രണ്ടുപേർ വിൽക്കുകയും രണ്ടുപേർ വാങ്ങുകയും ചെയ്യുകയാണ്. വിൽക്കുന്ന രണ്ടുപേർ നരേന്ദ്രമോദിയും അമിത് ഷായുമാണ്. വാങ്ങുന്ന രണ്ടുപേർ അദാനിയും അംബാനിയുമാണ്. ഈ അസമത്വത്തെക്കുറിച്ചാണ് പ്രിയങ്കരനായ ശ്രീ. സജി ചെറിയാൻ ഒരു പ്രസംഗത്തിൽ സൂചിപ്പിച്ചത്. അദ്ദേഹത്തെ വല്ലാതെ

കല്ലെറിയുകയാണ് ചെയ്യുന്നതെന്ന് നാം കാണണം. ഈ രാജ്യത്തെ തൊഴിലാളികൾ കൂടുതൽ ദരിദ്രരായി മാറുന്നു. തൊഴിലാളികളെ സംരക്ഷിക്കേണ്ട കേന്ദ്ര ഗവൺമെന്റ് അതിന് മുതിരുന്നില്ല. നിയമനിർമ്മാണത്തിലൂടെ അവരെ വല്ലാതെ വരിഞ്ഞുമുറുക്കുകയാണ്. ഇത്തരം സാഹചര്യങ്ങളെക്കുറിച്ചാണ് അദ്ദേഹമിവിടെ സൂചിപ്പിച്ചത്. 2015 മുതൽ നരേന്ദ്രമോദി ഗവൺമെന്റ് വെൽത്ത് ടാക്സ് നിർത്തലാക്കിയിരിക്കുകയാണ്. കഴിഞ്ഞ കേന്ദ്ര ബഡ്ജറ്റ് പരിശോധിച്ചാൽ, പോഷകാഹാരക്കുറവ്, തൊഴിലില്ലായ്മ എന്നിവ പരിഹരിക്കുന്നതിനും ദേശീയ തൊഴിലുറപ്പ് പദ്ധതി, കാർഷിക മേഖല എന്നിവയ്ക്കുവേണ്ടിയും അനുവദിക്കുന്ന തുകയിൽ കുറവ് വരുത്തിയിരിക്കുകയാണ്. എല്ലാംകൊണ്ടും ഇന്ത്യയിലെ ജനങ്ങളെ വല്ലാതെ പൊറുതിമുട്ടിക്കുന്ന സ്ഥിതിവിശേഷമാണുള്ളത്. കഴിഞ്ഞ ആറ് വർഷംകൊണ്ട് 25 ലക്ഷം കോടി രൂപയാണ് പെട്രോൾ അധിക നികുതിയിലൂടെ കേന്ദ്ര ഗവൺമെന്റ് സമാഹരിച്ചത്. കേരളത്തിന്റെ സാമ്പത്തികസ്ഥിതിയെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. കേന്ദ്ര ഗവൺമെന്റ് നൽകിയിരുന്ന റവന്യൂ ഡെഫിസിറ്റ് ഗ്രാന്റായ 6,000 കോടി രൂപയും ജി.എസ്.ടി. കോമ്പൻസേഷൻ വിഹിതമായി ലഭിച്ചിരുന്ന 12,000 കോടി രൂപയും ഇനിമുതൽ നിർത്തലാക്കുകയാണ്.

അപ്പോൾ കേരളത്തെ ഓർത്ത് വല്ലാതെ പരിതപിച്ചിട്ട് എന്തുകാര്യമാണുള്ളത്? കടം എല്ലാവർക്കുമുണ്ട്. കേന്ദ്ര ബഡ്ജറ്റ് 30.40 ലക്ഷം കോടി രൂപയാണ്, പക്ഷെ, അവരുടെ കടം പതിനേഴ് ലക്ഷം കോടി രൂപയാണ്. എല്ലാ ഗവൺമെന്റുകൾക്കും കടമുണ്ടെന്നുള്ള കാര്യം നാം മനസ്സിലാക്കണം. സംസ്ഥാന സർക്കാരും മന്ത്രിമാരും ഓരോ കാര്യം ചെയ്യുന്നതിനും പ്രത്യേക താൽപ്പര്യമെടുത്ത് കണ്ണിലെണ്ണയൊഴിച്ച് പ്രവർത്തിക്കുകയാണ്. പക്ഷേ ഇവിടെ ബ്യൂറോക്രസിയുടെ പിടിമുറുക്കൽ ഓരോ ദിവസവും വർദ്ധിച്ചുവരികയാണ്. അത് ബഹുമാന്യരായ മന്ത്രിമാർ മനസ്സിലാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഞാൻ ഒരു കാര്യം സൂചിപ്പിക്കുകയാണ്. 2019 ജൂൺ മാസത്തിൽ പട്ടികജാതി വികസന വകുപ്പ് ഐ.ടി.ഐ.-യ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എനിക്ക് എം.എൽ.എ. ഫണ്ടിൽ രണ്ട് കോടി രൂപ അനുവദിച്ചു. പി.ഡബ്ല്യു.ഡി. (ബിൽഡിംഗ്സ്) വിഭാഗം പ്രവൃത്തി ഏറ്റെടുത്തു. അതിന്റെ ടെണ്ടറും മറ്റ് കാര്യങ്ങളുമെല്ലാം ചെയ്തു. പക്ഷേ ടെണ്ടർ എടുത്തയാൾ എഗ്രിമെന്റ് വച്ച് ഒന്നര മാസം കഴിഞ്ഞപ്പോൾ ഹാർട്ട് അറ്റാക്ക് വന്ന് മരണപ്പെട്ടു. പ്രസ്തുത വർക്ക് നടത്താൻ സാധിച്ചില്ല. അതുകൊണ്ട് വീണ്ടും ടെണ്ടർ ചെയ്യണം. അപ്പോഴേയ്ക്കും DSR മാറി. 41 ലക്ഷം രൂപ അധികമായി. ബഹുമാന്യനായ മന്ത്രി

ശ്രീ. കെ. രാധാകൃഷ്ണനോട് ഇതുസംബന്ധിച്ച് പറഞ്ഞപ്പോൾ അദ്ദേഹം അപ്പോൾതന്നെ പ്ലാൻ ഫണ്ടിൽനിന്ന് 41 ലക്ഷം രൂപ അനുവദിച്ചു. അങ്ങനെ 2.41 കോടി രൂപയുടെ അംഗീകാരത്തിനായി കഴിഞ്ഞ ആറ് മാസമായി ഞാൻ കയറിയിറങ്ങുകയാണ്. ധനകാര്യ വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പിലെ ഉദ്യോഗസ്ഥരും അതിന് അനുകൂലമാണ്. ഫിനാൻസ് വകുപ്പ് അംഗീകരിച്ച ഫയലിൽ ഒരു അഡീഷണൽ ചീഫ് സെക്രട്ടറി കുറിച്ചിട്ടു, 'അവിടെ ഐ.ടി.ഐ.-യുടെ ആവശ്യമുണ്ടോ, കെട്ടിടമുണ്ടോ' എന്ന്. ഞാൻ ആ ഉദ്യോഗസ്ഥന്റെ പേര് പറയാൻ ആഗ്രഹിക്കുന്നില്ല. വേണ്ടിവന്നാൽ പിന്നീട് പേര് പറയേണ്ടിവരും. പട്ടികജാതി വികസന വകുപ്പ് നടത്തുന്ന ഒരു ഐ.ടി.ഐ.-യിൽ കുട്ടികൾ നല്ലൊരു ക്ലാസ് റൂമിലിരുന്ന് പഠിക്കുന്നതിന് ഇത്രയും നിലവാരമില്ലാത്ത അഭിപ്രായം പറയുന്ന എ.സി.എസ്.-മാരും ഉണ്ടെന്നുള്ളത് ബന്ധപ്പെട്ടവർ മനസ്സിലാക്കണമെന്ന് ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്.

ഇവിടെ അൽപ്പം രാഷ്ട്രീയം പറയണമെന്നുണ്ട്. ഡോ. മാത്യു കുഴൽനാടൻ ഇന്നലെ വളരെ ആവേശപൂർവ്വം ഇവിടെയൊരു സ്റ്റഡി ക്ലാസ് എടുക്കുകയുണ്ടായി. കമ്മ്യൂണിസ്റ്റ് പാർട്ടി എങ്ങനെയാണ്; കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ജനങ്ങളോടുള്ള ബന്ധമെന്താണ്; ജനവിരുദ്ധമല്ലേ,

ജനാധിപത്യത്തിൽ വിശ്വാസമുണ്ടോ എന്നെല്ലാം അദ്ദേഹം ചോദിച്ചു. അദ്ദേഹത്തിന്റെ പിഎച്ച്.ഡി. പ്രസംഗമാണെങ്കിൽ മോശമാണ്. പ്രീഡിഗ്രി പ്രസംഗമാണെങ്കിൽ കൊള്ളാം. ഞാൻ പ്രീഡിഗ്രി എന്നത് അണ്ടർലൈൻ ചെയ്യുകയാണ്.

ശ്രീ. എച്ച്. സലാം: സർ, ഞാൻ ഒരു വാർത്ത കണ്ടതാണ്. എനിക്ക് നേരിട്ടറിയാത്ത കാര്യമാണ്. പ്രീഡിഗ്രി സമയത്ത് ഈ പറഞ്ഞ സാമാജികനുമായി ബന്ധപ്പെട്ട് എന്തോ നടപടി യൂണിവേഴ്സിറ്റിയുടെ ഭാഗത്തുനിന്നുമുണ്ടായി എന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. ജോയി: സർ, ഇങ്ങനെ പലതും നമ്മൾ കേൾക്കുന്നുണ്ട്. അദ്ദേഹത്തിന്റെ പ്രീഡിഗ്രി പ്രസംഗമാണെങ്കിൽ കുഴപ്പമില്ല എന്ന് ഞാൻ വീണ്ടും പറയുകയാണ്. ഇന്ത്യയുടെ ചരിത്രം പഠിക്കണമെന്നാണ് ഡോ. മാത്യു കുഴൽനാടനെ ഓർമ്മപ്പെടുത്താനുള്ളത്. നിങ്ങൾ വേറെ ഏതെങ്കിലുമൊരു ഭാഗം പഠിച്ചിട്ട് കാര്യമില്ല. സ്വാതന്ത്ര്യം കിട്ടുന്നതിനുമുമ്പും ശേഷവും സോവിയറ്റ് യൂണിയൻ അടക്കമുള്ള കമ്മ്യൂണിസ്റ്റ് ഗവൺമെന്റുകൾ സഹായിച്ചതുപോലെ ഇന്ത്യാരാജ്യത്തെ ആരും സഹായിച്ചിട്ടില്ലെന്നത് ഇന്ത്യയുടെ ചരിത്രത്തിൽനിന്ന് അപ്പുറത്തിരിക്കുന്നവർ ആദ്യം മനസ്സിലാക്കണം. 1943-ലെ ഭക്ഷ്യക്ഷാമ സമയത്ത്, അന്ന് ബ്രിട്ടീഷുകാരാണ്

ഭരിക്കുന്നത്, ഒറീസ്സയിലെയും ബംഗാളിലെയും മറ്റും ലക്ഷക്കണക്കിനാളുകൾ മരിച്ച സന്ദർഭത്തിൽ വിൻസ്റ്റൺ ചർച്ചിലിനോട് ഭക്ഷ്യധാന്യങ്ങൾ ആവശ്യപ്പെട്ടപ്പോൾ, ഗാന്ധി മരിച്ചില്ലല്ലോ എന്നാണ് അദ്ദേഹം ചോദിച്ചത്. 1947-ൽ സ്വാതന്ത്ര്യം കിട്ടിയതിനുശേഷമുണ്ടായ ഭക്ഷ്യക്ഷാമത്തിലും എല്ലാവരുടെയും മുമ്പിൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു കൈനീട്ടിപ്പോയെങ്കിലും ഫലമുണ്ടായില്ല. പക്ഷേ ക്രെംലിൻ കൊട്ടാരത്തിലേയ്ക്ക് ഒരു കത്തയച്ചപ്പോൾ കപ്പലുകളിൽ ഭക്ഷ്യധാന്യം കൊടുത്തു. ഈ നാടിന്റെ വികസനത്തിന് പഞ്ചവൽസര പദ്ധതി, ഭക്രാനംഗൽ അണക്കെട്ട്, റൂർക്കേല സ്റ്റീൽ ഫാക്ടറി എന്നിങ്ങനെ നിരവധി സഹായങ്ങൾ നൽകിയ കമ്മ്യൂണിസ്റ്റുകാരെ ഇങ്ങനെ കുത്തിനോവിക്കുന്നതിന്റെ ആവശ്യമുണ്ടോ എന്ന് നിങ്ങൾ പരിശോധിക്കണം. ജനാധിപത്യത്തെക്കുറിച്ച് ഇന്നലെ സഹകരണ വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവൻ പറഞ്ഞല്ലോ. കേരളത്തിൽ ഭരണഘടനയുടെ 356-ാം വകുപ്പ് പ്രയോഗിച്ചു. 1975-ൽ അടിയന്തരാവസ്ഥ കൊണ്ടുവന്നു. ഇങ്ങനെ ധാരാളം കാര്യങ്ങൾ കോൺഗ്രസ് ചെയ്തിട്ടുണ്ട്. കോൺഗ്രസിനെ ഞങ്ങൾ കുറ്റപ്പെടുത്തുന്നില്ല. കോൺഗ്രസിന്റെ ഇന്നത്തെ സ്ഥിതി സംബന്ധിച്ച് ശ്രീ. എ. എൻ. ഷംസീർ പറഞ്ഞു. 445 അംഗങ്ങൾ

ഉണ്ടായിരുന്ന ഇന്ത്യൻ പാർലമെന്റിൽ ഇപ്പോൾ കോൺഗ്രസിന്റെ അംഗസംഖ്യ നാൽപ്പതോ മറ്റോ ആണ്. ഞങ്ങൾ വളരെ ചെറിയ പാർട്ടിയല്ലേ; രണ്ടോ മൂന്നോ സംസ്ഥാനങ്ങളിൽ മാത്രമുണ്ടായിരുന്ന പാർട്ടിയല്ലേ; എന്നാൽ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും ഭരിച്ച പാർട്ടിയല്ലേ കോൺഗ്രസ്? പിന്നെ ഇങ്ങനെ പറഞ്ഞിട്ട് കാര്യമുണ്ടോ എന്നതുസംബന്ധിച്ച് നിങ്ങൾ ആലോചിക്കണം. ഞാൻ അതിന്റെ മറ്റ് വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. കോൺഗ്രസിന് സ്വതന്ത്രമായി ഒരു കൺവെൻഷനോ സമ്മേളനമോ നടത്താൻ സാധിക്കുമോ; ഇല്ലല്ലോ. ഇപ്പോൾ യൂത്ത് കോൺഗ്രസിന്റെ സ്ഥിതി കണ്ടില്ലേ; നിങ്ങൾ നടത്തിയത് പീഡന ശിബിരമായിരുന്നില്ലേ? കമ്മ്യൂണിസ്റ്റുകാർക്കാണ് പോലീസും കോടതിയുമുള്ളത്, എല്ലാം അവരാണ് തീരുമാനിക്കുന്നതെന്ന് നിങ്ങൾ പറഞ്ഞല്ലോ. ഇപ്പോൾ ആർക്കാണ് കോടതിയുള്ളത്; ചിന്തൻ ശിബിരവുമായി ബന്ധപ്പെട്ട് പട്ടികജാതി വിഭാഗത്തിൽപ്പെട്ട പാവപ്പെട്ടൊരു കുട്ടിയുടെ പരാതി നിങ്ങൾ മുക്കിയില്ലേ; ആർക്കുവേണ്ടിയാണ്; നിങ്ങളുടെ സംസ്ഥാന നേതാവായിരുന്ന ശംഭു അണ്ണനുവേണ്ടിയല്ലേ അത് നിർത്തിയത്; തിരുവനന്തപുരത്തുകാരനായ ശംഭു അണ്ണൻ കാണിക്കുന്ന പ്രകടനങ്ങൾ എന്തെല്ലാമായിരുന്നു?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. ചെയർമാൻ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഇത് ദൗർഭാഗ്യകരമാണ്. ഒരിക്കലിത് പറഞ്ഞപ്പോൾ തിരുത്തിയതാണ്. യൂത്ത് കോൺഗ്രസിന്റെ സംസ്ഥാന പ്രസിഡന്റ് മുൻ സാമാജികനായിരുന്നു, ഈ സഭയിലുള്ള ആളായിരുന്നു, ഇപ്പോഴില്ല. യൂത്ത് കോൺഗ്രസ് സംസ്ഥാന കമ്മിറ്റിക്ക് അത്തരത്തിലൊരു പരാതി കിട്ടിയിട്ടില്ല. അങ്ങനെയൊരു പരാതി കിട്ടിയാൽ പാർട്ടിയും പാർട്ടി കമ്മീഷനുമല്ല അന്വേഷിക്കുന്നത്. അത് ബന്ധപ്പെട്ട പോലീസ് സംവിധാനത്തിന് കൈമാറും എന്നദ്ദേഹം പറഞ്ഞിട്ടും യൂത്ത് കോൺഗ്രസിനെതിരെ പറഞ്ഞ പരാമർശം ചട്ടം 307 പ്രകാരം എക്സ്പഞ്ച് ചെയ്യണമെന്നതാണ് എന്റെ പോയിന്റ് ഓഫ് ഓർഡർ.

മി. ചെയർമാൻ: അക്കാര്യം പരിശോധിക്കാം+.

ശ്രീ. വി. ജോയി: സർ, അദ്ദേഹം പറഞ്ഞ ഒരു കാര്യം ഞാൻ മുഖവിലയ്ക്കെടുക്കുകയാണ്. അങ്ങനെയൊരു കാര്യം വന്നിട്ടില്ലെന്നാണ് അദ്ദേഹം പറയുന്നത്. കേരളത്തിലെ എല്ലാ വാർത്താ മാധ്യമങ്ങളും ചാനലുകളും ഈ വിഷയത്തിൽ കൃത്യതയോടുകൂടി ഇടപെട്ടുവെന്നാണ് ഞാൻ

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫ.നം.13117/ഇ.ബി./2022/നി.സെ. തീയതി 21-07-2022) രേഖയിൽ നിലനിർത്തി.

മനസ്സിലാക്കുന്നത്. നിങ്ങളെന്തിനാണ് ചിന്തൻ ശിബിരം കഴിഞ്ഞതിന്റെ പിറ്റേ ദിവസം ശംഭുവിനെതിരെ നടപടിയെടുത്ത് പുറത്താക്കിയത്? അതുകൊണ്ട് നിങ്ങൾ അക്കാര്യങ്ങളെ സംബന്ധിച്ച് പറയേണ്ട കാര്യമില്ല. ഒരു സമ്മേളനമോ കൺവെൻഷനോ അതുമല്ലെങ്കിൽ ഒരു പഠന ക്ലാസ്സോ, ശിബിരമോ നടത്താൻ പറ്റാത്ത പാർട്ടിയായി കേൺഗ്രസ് പാർട്ടി മാറിയിട്ടുണ്ടെന്നുള്ളത് മനസ്സിലാക്കേണ്ട കാര്യമാണ്. ശ്രീ. എം. എം. മണിയുടെ ഫോട്ടോയിലെ മുഖം വെട്ടിവച്ച് ഒരു പ്രകടനം നടത്തി. ഞാൻ അതിന്റെ പേരൊന്നും പറയുന്നില്ല. കോൺഗ്രസിന്റെ ആളുകൾ അറിഞ്ഞിട്ടാണ് അത് ചെയ്തത്. എല്ലാം ചെയ്യും, അതിനുശേഷം ഞങ്ങൾ അറിഞ്ഞില്ലെന്ന് അപലപിക്കുന്ന സാഹചര്യമുണ്ട്. മണിയാശാനെ ജയിലിലാക്കിയ സന്ദർഭം നമുക്കറിയാം. അദ്ദേഹം തന്റെ സ്വതസിദ്ധമായ ശൈലിയിൽ ഒരു പ്രസംഗം നടത്തിയപ്പോൾ അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രി എവിടെയോ കയറി ഒരു കരിക്കിൻവെള്ളവും കുടിച്ച് നേരെചെന്ന് മണിയാശാനെ ജയിലിലിട്ടു. ഏകദേശം 46 ദിവസം അദ്ദേഹം ജയിലിൽ കിടന്നു. അങ്ങനെ 46 ദിവസം ജയിലിൽക്കിടന്ന് തിരിച്ചുവന്ന അദ്ദേഹം കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്)-യുടെ സംസ്ഥാന സെക്രട്ടേറിയറ്റ് മെമ്പറായി. അടുത്ത തെരഞ്ഞെടുപ്പിൽ മത്സരിച്ച്

എം.എൽ.എ.-യും കേരളത്തിലെ പ്രധാനപ്പെട്ട വകുപ്പായ വൈദ്യുതി വകുപ്പിന്റെ മന്ത്രിയുമായി. ഇതാണ് പിണറായി വിജയൻ ഇഫക്ട് എന്നത് നിങ്ങൾ മനസ്സിലാക്കണം. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഞങ്ങൾ കറുമ്പന്മാരും കറുമ്പികളുമാണ്. വെയിലത്തും മഴയത്തും പണിയെടുത്ത് കരുത്ത് തെളിയിച്ചവരാണ്. ഞങ്ങളുടെ നിറം കറുപ്പാണ്, അതിൽ ഞങ്ങൾ അഭിമാനിക്കുന്നു. നിങ്ങളെപ്പോലെ അമൂൽ ബേബികളല്ല. നിറവും കുടുംബ പാരമ്പര്യവും നോക്കി നേതാക്കളായവരല്ല. മനുഷ്യരെ അപഹസിക്കാതെ, അവരുടെ നിറത്തെ തിരിയാതെ മനുഷ്യരെപ്പോലെ പെരുമാറാൻ നിങ്ങൾക്ക് സാധിക്കുമെങ്കിൽ സാധിക്കട്ടെ എന്നുപറഞ്ഞുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. എ. പ്രഭാകരൻ</u>: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് സംസ്ഥാനത്തെ എല്ലാ മേഖലകളും പുരോഗതിയിലേയ്ക്ക് കുതിക്കുകയാണ്. വികസന രംഗത്ത് വിസ്മയകരമായ മുന്നേറ്റം കൈവരിച്ചുകൊണ്ടിരിക്കുകയാണ്. അതിനെ മുടക്കാനാണ് പ്രതിപക്ഷം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. മുടങ്ങിക്കിടക്കുന്ന പല പദ്ധതികൾക്കും ജീവൻവച്ചു. സംസ്ഥാനത്ത് 70,000 കോടി രൂപയുടെ

പദ്ധതികളാണ് കിഫ്ബി മുഖാന്തരം നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. മലമ്പുഴ മണ്ഡലത്തിലടക്കം വ്യവസായ ഇടനാഴിക്ക് ആയിരക്കണക്കിന് ഏക്കർ സ്ഥലമാണ് ഏറ്റെടുത്തത്. ഹൈവേ വികസനത്തിന് ഭൂമി ഏറ്റെടുക്കൽ, പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം, ആശുപത്രികളുടെ വികസനം എന്നിങ്ങനെ കേരളത്തിന്റെ മുഖച്ഛായതന്നെ മാറ്റിയ നിരവധി പദ്ധതികൾ നടപ്പിലാക്കി. വിപ്ലവകരമായ മാറ്റങ്ങൾക്കുതകുന്ന കിഫ്ബിയെ തകർക്കാൻ കേന്ദ്ര സർക്കാരും അതിന്റെ ഗുണംപറ്റുന്ന പ്രതിപക്ഷത്തുള്ളവരും ശ്രമിക്കുകയാണ്. ജനജീവിതവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പ്രത്യേക താൽപ്പര്യമെടുക്കാൻ പ്രതിപക്ഷം ഇപ്പോൾ മുതിരുന്നില്ല. അനാവശ്യകാര്യങ്ങൾ പറഞ്ഞ് നിയമസഭയുടെ പ്രവർത്തനം അവതാളത്തിലാക്കുന്ന സംഭവങ്ങളാണ് ഈ സഭാസമ്മേളനത്തിൽ പലപ്പോഴും ഇവിടെ ദൃശ്യമായത്. ആഗോളവൽക്കരണ നയങ്ങൾ തുടങ്ങിവച്ചത് കോൺഗ്രസാണ്. അതുതന്നെ അവരുടെ അന്ത്യത്തിന് കാരണമായി എന്നതാണ് വസ്തുത. ബി.ജെ.പി.-യും കേന്ദ്ര സർക്കാരും കോൺഗ്രസിന്റെ ഈ നയങ്ങൾ ആകപ്പാടെ നടപ്പാക്കുകയാണ്. ഈ നിലയ്ക്കാണ് പോകുന്നതെങ്കിൽ അധികകാലം ബി.ജെ.പി.-യും ഇവിടെ തുടരാൻ പോകുന്നില്ല. കരയും കടലും ആകാശവും തകൃതിയായി വിൽപ്പന

നടക്കുകയാണ്. ഇത് തുടങ്ങിവച്ച കോൺഗ്രസിന് ഒരു കുറ്റബോധവുമില്ല. അത് തങ്ങളുടെ നയമാണെന്നാണ് അവർ പറയുന്നത്. ഒരു കവിയുടെ ഭാവന ഞാൻ പങ്കുവയ്ക്കാൻ ആഗ്രഹിക്കുകയാണ്. "കടൽ വിറ്റു, കര വിറ്റു, ആകാശം വിറ്റു. പിന്നെ വിൽക്കാനുള്ളത് കാർമേഘങ്ങൾ. മഴമേഘങ്ങൾ വിൽക്കാൻ വച്ചപ്പോൾ നാട്ടുകാരെല്ലാംകൂടി പറഞ്ഞു, ഞങ്ങൾക്ക് കുടിവെള്ളം വേണ്ടേ; വെള്ളമില്ലാതെ എങ്ങനെ ജീവിക്കും എന്ന്. അപ്പോൾ, ഞങ്ങൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഈ പരിഷ്കാരങ്ങളുടെ ഭാഗമായി നിങ്ങൾ കരയുമ്പോൾ കണ്ണീർവരും. അത് കുമ്പിളിലാക്കി കുടിച്ചാൽ മതി" എന്ന് കവി പറഞ്ഞതുപോലെ നാടിനെ കൊണ്ടുപോകുകയാണ് കോൺഗ്രസും ഇപ്പോൾ കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി.-യും. രാജ്യത്തുള്ളതെല്ലാം കമ്പോളത്തിന് വിട്ടുകൊടുക്കുകയാണ്. കുടിവെള്ളം, വൈദ്യുതി, വിദ്യാഭ്യാസം, പൊതുജനാരോഗ്യം, പൊതുഗതാഗതം എന്നിവ പൊതുമേഖലയിൽ നിലനിർത്തുന്ന സംസ്ഥാനമല്ലേ കേരളം? 'എന്താണ് ശ്രീ. എ. എൻ. ഷംസീറേ നിങ്ങളുടെ ബദൽ ' എന്ന് ബഹുമാനപ്പെട്ട രമേശ് ചെന്നിത്തല ചോദിച്ചു. ഇതുതന്നെയാണ് ബദൽ. കേന്ദ്ര സർക്കാർ എല്ലാം വിറ്റുതുലയ്ക്കുമ്പോൾ സംസ്ഥാന സർക്കാർ അതെല്ലാം വാങ്ങി സർക്കാരിന്റെ ഭാഗമായി, ജനങ്ങളുടെ മുതലാക്കി നിലനിർത്തുന്നു എന്നത് ഒരു

ബദലാണെന്ന് മനസ്സിലാക്കാൻ ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവിന് കഴിഞ്ഞില്ല. കേന്ദ്ര സർക്കാരിന്റെ യുണൈറ്റഡ് ഇൻഫർമേഷൻ റിപ്പോർട്ടുപ്രകാരം രാജ്യത്ത് കേന്ദ്രീയ വിദ്യാലയങ്ങളടക്കം അമ്പതിനായിരത്തോളം സ്കൂളുകൾ അടച്ചുപൂട്ടി. എന്നാൽ കേരളത്തിലെ സർക്കാർ സ്കൂളുകളിലെ കുട്ടികളുടെ എണ്ണം വർദ്ധിക്കുകയാണ്. ഇത് ഒരു ബദലല്ലേ; ഇത് കാണാനുള്ള കണ്ണ് പ്രതിപക്ഷത്തിനില്ലേ? കിഫ്ബിയെ തകർക്കാൻ കേന്ദ്രം ശ്രമിക്കുമ്പോൾ അതിന് കൂട്ടുനിൽക്കുകയാണിവർ ചെയ്യുന്നത്. എനിക്ക് ഇതിൽ സൂചിപ്പിക്കാനുള്ളത് മത്തായിയുടെ സുവിശേഷം 7-ാം അദ്ധ്യായം 2-ൽ "നിങ്ങൾ വിധിക്കുന്ന വിധിയാൽ നിങ്ങളെയും വിധിക്കും; നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്നു കിട്ടും." അത് മറക്കരുതെന്ന് മാത്രമേ എനിക്ക് പ്രതിപക്ഷത്തോട് പറയാനുള്ളൂ. ഏതാനും ദിവസംമുമ്പ് ഒരു കേന്ദ്രമന്ത്രി കോഴിക്കോട് പത്രമേധാവികളെ വിളിച്ചുവരുത്തി പറഞ്ഞകാര്യം ആരുടെയെങ്കിലും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നെനിക്കറിയില്ല. വൻമരം വീഴുന്നതുപോലെ വീഴ്ത്തണമെന്നാണ് പറഞ്ഞത്. വൻമരം എന്നുദ്ദേശിച്ചത് കേരളത്തിലെ എൽ.ഡി.എഫ്. സർക്കാരിനെയും മുഖ്യമന്ത്രിയെയുമാണ്. ഇവിടത്തെ വൻമരത്തെ വീഴ്ത്താൻ അത്ര എളുപ്പത്തിൽ കഴിയുമെന്ന് നിങ്ങൾ

പ്രതീക്ഷിക്കണ്ട. അതൊക്കെ നിങ്ങളുടെ മനസ്സിൽ തോന്നുന്ന ചില കാര്യങ്ങൾ മാത്രമാണ്. അങ്ങനെയൊന്നും ഈ മരത്തെയും ഈ സർക്കാരിനെയും തകർക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കണ്ട എന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കോൺഗ്രസ് പാർട്ടി കേരളത്തിൽ നിലനിൽക്കുന്നതുതന്നെ എൽ.ഡി.എഫ്. ഭരണമുള്ളതുകൊണ്ടാണ്. മറ്റ് സംസ്ഥാനങ്ങളുടെ സ്ഥിതി ഇവിടെ പലരും വിശദീകരിച്ചിട്ടും അവർ മനസ്സിലാക്കുന്നില്ല. സൈലന്റ്‌വാലിയിൽ 'പുലിമാന്തി മരം' എന്ന ഒരു പ്രത്യേകതരം മരമുണ്ട്. അവിടെയുള്ള പുലികളും കടുവകളും മൃഗങ്ങളെ വേട്ടയാടിപ്പിടിച്ച് ഭക്ഷിക്കുമ്പോൾ അവയുടെ നഖത്തിൽ പറ്റുന്ന അവശിഷ്ടങ്ങൾ കളയുന്നതിനും അത് സെപ്റ്റിക് ആകാതിരിക്കുന്നതിനുംവേണ്ടി അവ മരത്തിൽ പോയി മാന്തും. ആ മരത്തിൽ മാന്തുമ്പോൾ അതിൽനിന്നും കിനിയുന്ന എണ്ണപോലെയുള്ള ദ്രാവകം മുറിവ് പറ്റിയിട്ടുണ്ടെങ്കിൽ ഉണക്കുമെന്നാണ് പറയപ്പെടുന്നത്. ആ മൃഗങ്ങളൊരിക്കലും നന്ദികേട് കാണിക്കാറില്ല. നിങ്ങൾ മാന്തിക്കോളൂ; പക്ഷേ കൊല്ലരുതെന്നേ എനിക്കവരോട് പറയാനുള്ളൂ. സ്വഭാവഗുണമെന്നത് വ്യക്തികൾക്ക് മാത്രമല്ല എല്ലാ സംഘടനകൾക്കും ബാധകമാണ്. സ്വാമി വിവേകാനന്ദൻ പറഞ്ഞത് ഞാൻ പ്രതിപക്ഷത്തെ ഓർമ്മിപ്പിക്കുകയാണ്. ഭരണപക്ഷവും അത്

മനസ്സിലാക്കേണ്ടതാണ്. സത്യം, പരിശുദ്ധി, നിസ്വാർത്ഥത ഇവയുടെ ഉടമയെ തകർക്കാൻ സൂര്യന് മേലെയുംകീഴെയും ഒരു ശക്തിയും ലോകത്തില്ലെന്നും ഇവയുണ്ടെങ്കിൽ മുഴുവൻ പ്രപഞ്ചത്തെയും തനിച്ച് നേരിടാൻ ഒരു വ്യക്തിക്ക് കഴിയുമെന്നുമാണ് സ്വാമി വിവേകാനന്ദൻ പറഞ്ഞത്. അതാണ് കേരളത്തിന്റെ മുഖ്യമന്ത്രി എന്ന് മനസ്സിലാക്കിയാൽ കൊള്ളാമെന്നാണ് എനിക്ക് പ്രതിപക്ഷത്തോട് പറയാനുള്ളത്. 'എവിടെയൊക്കെയുണ്ട് ഷംസീറേ നിങ്ങളുടെ പാർട്ടി' എന്നൊക്കെ ഇവിടെ ചോദിച്ചു. ഞാൻ ചോദിക്കട്ടെ, 137 കൊല്ലത്തെ പാരമ്പര്യമുള്ള പാർട്ടിയായ കോൺഗ്രസിന്റെ പ്രതാപം എന്തായിരുന്നു? പാർലമെന്റിൽ അഞ്ചിൽ നാല് ഭൂരിപക്ഷവും എല്ലാ സംസ്ഥാനങ്ങളുടെയും അധികാര കുത്തകയും കോൺഗ്രസിന്റെ കയ്യിലായിരുന്നല്ലോ. എന്നാലിപ്പോൾ രാജസ്ഥാനും ഛത്തീസ്ഗഢുമല്ലാതെ മറ്റൊരു സംസ്ഥാനത്തും കോൺഗ്രസ് ഭരണമില്ലല്ലോ; ഇനിയൊരു തെരഞ്ഞെടുപ്പ് കഴിഞ്ഞാലും കോൺഗ്രസ് അവിടെ തിരിച്ചുവരുമെന്നുള്ളതിന് എന്താണുറപ്പ്? അതുകൊണ്ട് അവരവരുടെ സ്ഥിതി വിലയിരുത്തിയിട്ടുവേണം മറ്റുള്ളവരെ വിലയിരുത്താനും അപമാനിക്കാനും എന്നാണ് ഞാൻ സൂചിപ്പിക്കുന്നത്. പഴയ കാര്യങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. അടുത്തകാലത്തുണ്ടായ ചില സംഭവ വികാസങ്ങളെയും

കോൺഗ്രസിന്റെ ആസന്നമായ തകർച്ചയെയുംകുറിച്ച് ഞാൻ സൂചിപ്പിക്കുകയാണ്. അത് ഡോ. മാത്യു കുഴൽനാടനും സംഘവും പരിശോധിച്ചിട്ടുണ്ടോ എന്നെനിക്കറിയില്ല. രാജ്യസഭയിലെ 10 സീറ്റുകളിലേയ്ക്ക് തെരഞ്ഞെടുപ്പ് നടന്നപ്പോൾ കോൺഗ്രസിന് നാണംകെട്ട തോൽവിയുണ്ടായി. ഹരിയാനയിൽ എ.ഐ.സി.സി. ജനറൽ സെക്രട്ടറിയും മുൻകേന്ദ്രമന്ത്രിയുമായ ശ്രീ. അജയ് മാക്കൻ എങ്ങനെയാണ് പരാജയപ്പെട്ടതെന്ന് അറിയാമോ? കോൺഗ്രസ് പ്രവർത്തക സമിതിയിലെ പ്രത്യേക ക്ഷണിതാവായ ശ്രീ. കുൽദീപ് ബിഷ്ണോ കാലുമാറിയെന്ന് മാത്രമല്ല ഒരു എം.എൽ.എ. വോട്ട് അസാധുവാക്കുകയും ചെയ്തു. അറിയാതെ പറ്റിയ ഒരു പിഴവാണ് ഇതെന്ന് നിങ്ങൾ ധരിക്കുന്നുണ്ടോ; ബി.ജെ.പി.-യെ വിജയിപ്പിക്കാൻവേണ്ടി ബോധപൂർവ്വം ചെയ്തതല്ലേ; എന്നിട്ട് ബി.ജെ.പി.-യും സി.പി.ഐ.(എം)-ഉം തമ്മിലാണ് ബന്ധമെന്ന് പറയുമ്പോൾ ഈ കാര്യത്തെക്കുറിച്ച് മനസ്സിലാക്കണ്ടേ? ഞാൻ വേറെയും ഉദാഹരണം പറയാം. ഗുജറാത്ത് മുൻ വർക്കിംഗ് പ്രസിഡന്റ് ഈയടുത്ത കാലത്താണ് ബി.ജെ.പി.-യിൽ ചേർന്നത്. ബാംഗ്ലൂരിലെ ചാനൽ ചർച്ചയിൽ കോൺഗ്രസിന്റെ മുഖമായ ശ്രീ. ബ്രജേഷ് കലപ്പ ഇപ്പോൾ കോൺഗ്രസ് വിട്ടു. പഞ്ചാബിൽ ഈയിടെ 4 കോൺഗ്രസ് എം.എൽ.എ.-മാർ കൂറുമാറുകയും

ഗോവയിലെ 9 എം.എൽ.എ.-മാർ ബി.ജെ.പി.-യിലേയ്ക്ക് പോവുകയും ചെയ്തെന്നാണ് പത്രവാർത്തകളിൽ കാണുന്നത്. യുവാക്കൾ കൂട്ടത്തോടെ കോൺഗ്രസ് പാർട്ടി വിട്ടുകൊണ്ടിരിക്കുന്ന കാര്യത്തെക്കുറിച്ച് വിലയിരുത്താൻ ഇവർ സമയം കണ്ടെത്തിയിട്ടുണ്ടോ; മറ്റുള്ളവരെ ആക്ഷേപിക്കാൻ സമയം ഉപയോഗിക്കുയാണ് അവർ ചെയ്യുന്നത്; ജനങ്ങളുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ കോൺഗ്രസിന്റെ ഇടപെടലെന്താണ്? രാമനവമി രഥയാത്ര ഘോഷയാത്രയിൽ കലാപമുണ്ടാക്കി എന്നതിന്റെ പേരിൽ ബി.ജെ.പി. ഭരിക്കുന്ന ഡൽഹി കോർപ്പറേഷനിലെ ജഹാംഗീർപുരി ബുൾഡോസർകൊണ്ട് ഇടിച്ചുനിരത്തിയപ്പോൾ കോൺഗ്രസ് അനങ്ങിയോ? വളരെ ചെറിയ പാർട്ടിയായ കമ്മ്യൂണിസ്റ്റ് പാർട്ടി എല്ലായിടത്തുമില്ല. നിങ്ങളുടെ പാർട്ടിയുടെ അത്ര വലിപ്പമൊന്നും ഞങ്ങളുടെ പാർട്ടിക്കില്ലെങ്കിലും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പൊളിറ്റ് ബ്യൂറോ മെമ്പറായ സഖാവ് ബൃന്ദ കാരാട്ട് മാത്രമാണ് ഒറ്റയ്ക്കുപോയി നേരിട്ടത് എന്നതെങ്കിലും നിങ്ങൾ തിരിച്ചറിയണം. സാമൂഹ്യപ്രശ്നങ്ങളുടെ അടിത്തറയായ രാഷ്ട്രീയത്തെ ആ രീതിയിൽ കാണാതെ വ്യക്തിപരമായി സമീപിക്കാൻവേണ്ടി സത്യത്തിൽനിന്നും അകന്നുപോകലാണ് കോൺഗ്രസ് ചെയ്തുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ബി.ജെ.പി.-യെ എതിർക്കാൻ കോൺഗ്രസിന് കഴിയില്ല. കാരണം

കോൺഗ്രസും ബി.ജെ.പി.-യും തമ്മിൽ വലിയ വ്യത്യാസമില്ല; അവരൊന്നാണെങ്കിലും അത് മറച്ചുവയ്ക്കാൻവേണ്ടി ഇടതുപക്ഷത്തിന്റെ തലയിൽ കെട്ടിവയ്ക്കുന്നുവെന്നുള്ളതാണ് പ്രശ്നം. എന്തായാലും കെട്ടുറപ്പുള്ള സംഘടനാ സംവിധാനം കോൺഗ്രസിന് ഇന്നില്ല. കോൺഗ്രസ് രാഷ്ട്രീയ തന്ത്രജ്ഞനും ഇടത്തട്ടുകാരനുമായ ശ്രീ. പ്രശാന്ത് കിഷോറിനെ ഇതൊക്കെ നേരെയാക്കാൻ ഏൽപ്പിച്ചത് നിങ്ങൾ പത്രത്തിൽ വായിച്ചിട്ടുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. എന്താണ് സംഭവിച്ചതെന്നറിയാമോ? ശ്രീ. രാഹുൽ ഗാന്ധിക്ക് പകരം മറ്റൊരാളെ വയ്ക്കണമെന്ന് അദ്ദേഹം പറഞ്ഞെന്നുമാത്രമല്ല പാർട്ടി അദ്ധ്യക്ഷനും പാർലമെന്ററി പാർട്ടി നേതാവും ഒരാൾ തന്നെയാകരുതെന്നും പ്രശ്നം പരിഹരിക്കാൻ കഴിവുള്ള നേതൃത്വം വേണമെന്നും പറഞ്ഞു. രാഷ്ട്രീയ തന്ത്രജ്ഞൻ ശ്രീ. പ്രശാന്ത് കിഷോറിനെ അംഗീകരിക്കാൻ കഴിയില്ലെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹംതന്നെ കോൺഗ്രസ് അംഗത്വം വേണ്ടെന്ന് പറഞ്ഞ് ഒഴിയുകയും ചെയ്തു. ഇതാണ് ഇവരുടെ പ്രവർത്തനം.

ഞാൻ ദീർഘിപ്പിക്കുന്നില്ല. ഡോ. മാത്യു കുഴൽനാടൻ ജനാധിപത്യത്തെക്കുറിച്ച് ക്ലാസെടുത്തത് സംബന്ധിച്ച് എനിക്കുമുമ്പ് സംസാരിച്ച ശ്രീ. വി. ജോയി സൂചിപ്പിച്ചതാണ്. ഡോ. മാത്യു കുഴൽനാടൻ

ഒരു കാര്യം ചെയ്യണം. ജനാധിപത്യം എന്താണെന്നുള്ളത് സ്വന്തം പാർട്ടിക്കകത്ത് പറഞ്ഞ് അവരുടെ നേതൃത്വത്തെ തിരുത്തണം. സ്വന്തം പാർട്ടിക്കകത്ത് ജനാധിപത്യം അംഗീകരിക്കാൻ കഴിയാത്തവർക്ക് നാട്ടിലെ ജനാധിപത്യത്തെക്കുറിച്ച് പുലമ്പാൻ എന്ത് അധികാരമാണുള്ളത്? അതുകൊണ്ട് അവനവന്റെ കണ്ണിൽ കുന്തം കിടക്കുമ്പോൾ ആരാന്റെ കണ്ണിലെ പൊടിയെക്കുറിച്ച് വർത്തമാനം പറയാൻ ഒരർഹതയും ഇല്ലാത്തവരാണ് കോൺഗ്രസുകാർ എന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഉപധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ബന്ധപ്പെട്ട വകുപ്പുകളെ പ്രതിനിധീകരിച്ച് ആരാണ് സഭയിലുള്ളത്?

<u>മി. ചെയർമാൻ</u>: റവന്യൂ വകുപ്പുമന്ത്രിയും മറ്റ് രണ്ടുമന്ത്രിമാരുമുണ്ട്. ബന്ധപ്പെട്ട വകുപ്പ് മേധാവികളില്ലെന്ന് ശ്രീ. പി. കെ. ബഷീർ സൂചിപ്പിച്ചത് ശരിയാണ്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): സർ, വകുപ്പുമായി ബന്ധപ്പെട്ടവർ ഭക്ഷണം കഴിക്കാൻ പോയതിനാൽ ഗവൺമെന്റിനുവേണ്ടി റെക്കോർഡ് ചെയ്യുന്നുണ്ട്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ]

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. കേരളത്തിൽ പുതിയൊരു കാലഘട്ടത്തിന്റെ വികസന മുന്നേറ്റത്തിനാണ് ഗവൺമെന്റ് നേതൃത്വം നൽകുന്നത്. ഇവിടെ ബദലുകളെ സംബന്ധിച്ച് പറയുകയുണ്ടായി. കെ-ഫോൺ പദ്ധതി ഈ ബദലുകളുടെ പ്രധാനപ്പെട്ട ഉദാഹരണമാണ്. ലോകത്ത് പല രാജ്യങ്ങളും ഇന്റർനെറ്റ് പൊതുമേഖലയിൽ നിർത്താതെ കോർപ്പറേറ്റുകൾക്ക് ലാഭം കൊയ്യാൻവേണ്ടി എറിഞ്ഞുകൊടുക്കുന്ന കാഴ്ചയാണ് കാണുന്നത്. ആഗോളവൽക്കരണത്തിന്റെ ഭാഗമായി ഇന്ത്യയിൽ കോൺഗ്രസ് ആദ്യവും പിന്നീട് ബി.ജെ.പി.-യും രാജ്യത്തെ ടെലികമ്മ്യൂണിക്കേഷൻ രംഗം സ്വകാര്യവൽക്കരിക്കുകയും അഴിമതിക്ക് കളമൊരുക്കുകയും ചെയ്തിരുന്നു. ഈ ഘട്ടത്തിൽ ഇന്ത്യയിലെ ഒരു സംസ്ഥാനമായ കേരളം ഇന്റർനെറ്റ് ദാതാവായി മാറിയിരിക്കുന്നു. റിലയൻസും വോഡാഫോണും എയർടെല്ലുമെല്ലാം ചേർന്ന കോർപ്പറേറ്റുകൾ ജനങ്ങളെ കൊള്ളയടിക്കുമ്പോൾ അതിന് സമ്മതിക്കില്ലെന്ന നിലപാടാണ് കേരളം കെ-ഫോൺ പദ്ധതിയിലൂടെ പ്രഖ്യാപിച്ചിട്ടുള്ളത്. ഇതൊരു ബദലാണ്. പണമുള്ളവന് മാത്രമായി ഇന്റർനെറ്റ് ലഭിക്കുന്ന സാഹചര്യം ഉണ്ടാകാതിരിക്കണമെന്നതാണ് ഗവൺമെന്റിന്റെ നിലപാട്. അതിന്റെ

ഭാഗമായി ഇന്ത്യയിൽ ആദ്യത്തെ ഡിജിറ്റൽ സർവ്വകലാശാല സംസ്ഥാനത്ത് രൂപീകരിച്ചു. ഇതിനെ കേരളത്തിലെ പ്രതിപക്ഷം എതിർക്കുകയാണ് ചെയ്തത്. ഇന്റർനെറ്റ് പൗരന്റെ അവകാശമാക്കിയതും കേരളത്തിലാണ്. കേരളത്തിലെ വീടുകളിലേയ്ക്ക് സബ്സിഡി നിരക്കിലും സൗജന്യമായും ഇന്റർനെറ്റ് നൽകുകയെന്നതാണ് കെ-ഫോൺ പദ്ധതിവഴി ലക്ഷ്യമിടുന്നത്. ഇത് കോർപ്പറേറ്റുകൾക്ക് കോടിക്കണക്കിന് രൂപ കേരളത്തിൽനിന്നും കൊള്ളയടിക്കാനുള്ള അവസരമാണ് നഷ്ടപ്പെടുത്തുന്നത്. ഈ നഷ്ടം കോർപ്പറേറ്റുകൾക്ക് സഹിക്കാൻ കഴിയുന്നതേയല്ല. കോർപ്പറേറ്റുകൾക്ക് നഷ്ടമുണ്ടാകുന്നത് സഹിക്കാൻ കഴിയാത്ത കൂട്ടരാണ് കേരളത്തിലെ പ്രതിപക്ഷവും കേന്ദ്രത്തിലെ ഭരണകക്ഷിയും. ഇവർ ബാങ്കിംഗ് രംഗത്തെ സ്വകാര്യവൽക്കരിക്കാൻ തീരുമാനിച്ചത് തടയാൻ കേരളത്തിൽ കേരള ബാങ്ക് കൊണ്ടുവന്നു, അതൊരു ബദലാണ്. നേരത്തെ മുൻപ്രതിപക്ഷ നേതാവ് ബദലുകളെ സംബന്ധിച്ച് അന്വേഷിക്കുന്നുണ്ടായിരുന്നു. കേരള ബാങ്ക് ഒരു ബദലാണ്. കേന്ദ്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ നഷ്ടത്തിലാണെന്ന് വരുത്തി അവയോരോന്നും കേന്ദ്ര സർക്കാർ വിൽക്കുകയാണ്. കോൺഗ്രസ് ആരംഭിച്ച ഈ പ്രവൃത്തി ബി.ജെ.പി. അതിശക്തമായി തുടരുകയാണ്. കേരളത്തിലെ അത്തരത്തിലുള്ള വ്യവസായ

സ്ഥാപനങ്ങൾ വിൽക്കുമ്പോൾ അത് വാങ്ങാൻ തയ്യാറായി സംസ്ഥാന ഗവൺമെന്റ് നിൽക്കുന്നുവെന്ന പ്രത്യേകത ഈ ഗവൺമെന്റിനുണ്ട്, അതൊരു ബദലാണ്. ഇന്ത്യയിലാകെ വൈദ്യുതിരംഗം സ്വകാര്യവൽക്കരിക്കപ്പെട്ടിരിക്കുന്നുവെന്ന് നമുക്കറിയാം. കേരളത്തിലെ വൈദ്യുതിരംഗം സ്വകാര്യവൽക്കരിക്കാതെ പിടിച്ചുനിർത്തുന്നതും കേരളത്തിന്റെയൊരു ബദലാണ്. ബാങ്കിംഗ്, ഇന്റർനെറ്റ്, വൈദ്യുതിരംഗം എന്നിവ പുതിയ കാലഘട്ടത്തിന്റെ പ്രധാനപ്പെട്ട ആവശ്യങ്ങളാണ്. ഈ ആവശ്യങ്ങൾ നിർവ്വഹിക്കുന്ന കേരള ഗവൺമെന്റ് യഥാർത്ഥത്തിൽ കോർപ്പറേറ്റുകളുടെ ശത്രുവാണ്. അതുകൊണ്ട് ഈ ഗവൺമെന്റിനെ തകർക്കേണ്ടതിന്റെ ആവശ്യകത കോർപ്പറേറ്റുകൾക്കാണ്. ഒരു വശത്ത് അവർ നേതൃത്വം നൽകുന്ന മാധ്യമങ്ങളും മറുവശത്ത് അവർക്ക് പിന്തുണ കൊടുത്തുകൊണ്ട് കോൺഗ്രസും ബി.ജെ.പി.-യും എസ്.ഡി.പി.ഐ.-യും അതിവിപ്ലവകാരികളും ചേർന്ന് നടത്തിക്കൊണ്ടിരിക്കുന്ന അട്ടിമറി പരിശ്രമങ്ങളാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനെതിരായി നട്ടാൽ കുരുക്കാത്ത നുണപ്രചരണം നടത്തുന്നത്. 1957-ലെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിനെ അട്ടിമറിക്കുന്നതിനുവേണ്ടി നടത്തിയ ജാതി-മത-സമുദായ ശക്തികളെ യോജിപ്പിച്ചുകൊണ്ടുള്ള

ആക്രമണമാണ് ഇന്നും തുടരുന്നത്. അന്ന് ഭൂപരിഷ്കരണവും വിദ്യാഭ്യാസ ബില്ലും വികസന മുന്നേറ്റത്തിന്റെ വളരെ പ്രധാനപ്പെട്ട ആവശ്യങ്ങളായിരുന്നു. ഇന്ന് ഇന്റർനെറ്റ്, വൈദ്യുതി, ബാങ്കിംഗ് മുതലായ കാര്യങ്ങളിലാണ് ബദലുകൾ അവതരിപ്പിക്കുന്നതെന്നതുകൊണ്ട് അത് തകർക്കുകയെന്ന ലക്ഷ്യംവച്ചുള്ള പ്രവർത്തനങ്ങളാണ് ഇവർ നടത്തുന്നത്. വിചാരധാരയുടെ വക്താക്കളുടെ ഫോട്ടോയ്ക്കുമുന്നിൽ ദീപം കൊളുത്തുന്ന നേതാക്കളെ നിങ്ങൾ ഓർക്കണം. വിചാരധാരയിലെ ആന്തരിക ശത്രുക്കൾ കമ്മ്യൂണിസ്റ്റുകളാണ്, പിന്നെ മുസ്ലീങ്ങളും ക്രിസ്ത്യാനികളുമാണ്. ഇടതുപക്ഷത്തിന്റെ സാന്നിദ്ധ്യം ഇന്ത്യയ്ക്കകത്ത് നിലനിൽക്കുന്നിടത്തോളം ഹിന്ദു രാഷ്ട്രമാക്കുകയെന്ന സംഘ്പരിവാറിന്റെ അജണ്ട ഇന്ത്യയിൽ നടപ്പിലാകില്ലെന്ന് അറിയുന്നവരാണ് ആർ.എസ്.എസ്. അതുകൊണ്ട് സി.പി.ഐ.(എം)-ന്റെ കേന്ദ്ര കമ്മിറ്റി ഓഫീസിലേയ്ക്ക് നിരന്തരമായി മാർച്ച് നടത്തുകയാണ്. കേരളത്തിന്റെ മുഖ്യമന്ത്രി, സി.പി.ഐ.(എം)-ന്റെ പൊളിറ്റ് ബ്യൂറോ അംഗമായ സഖാവ് പിണറായി വിജയന്റെ തലയ്ക്ക് ഒരുകോടി രൂപ ഇനാം പ്രഖ്യാപിക്കുകയുണ്ടായി. ഞാൻ ചോദിക്കട്ടെ, ഒരുപാട് വർഷത്തെ പഴക്കമുള്ള എ.ഐ.സി.സി. ഓഫീസിലേയ്ക്ക് എന്താണ് മാർച്ച് നടത്താത്തത്? എ.ഐ.സി.സി. ഓഫീസിലേയ്ക്ക് മാർച്ച് നടത്തേണ്ട

ആവശ്യം അവർക്കില്ല. കാരണം ഇറച്ചിക്കോഴികളെ തീറ്റകൊടുത്ത് വളർത്തുന്ന രീതി കണ്ടിട്ടില്ലേ? അത് വളർത്താനല്ല, മറിച്ച് കൊന്നുതിന്നാനാണ്. കോൺഗ്രസ് അവരുടെ ഒരു റാ മെറ്റീരിയലാണെന്ന് ബി.ജെ.പി.-ക്ക് അറിയാം. ആവശ്യം വരുമ്പോൾ അതെടുത്ത് ഉപയോഗിച്ചാൽ മതി. നേരത്തെ ബഹുമാനപ്പെട്ട എ. പ്രഭാകരൻ പറഞ്ഞത്, ആവശ്യമായപ്പോൾ ഉപയോഗിച്ചത് ഈ ആളുകളെയാണെന്നാണ്. കോൺഗ്രസിൽ പ്രവർത്തിക്കുന്നതിനേക്കാൾ കൂടുതൽ കോൺഗ്രസ് നേതാക്കൾ ഇന്ന് ബി.ജെ.പി.-യിൽ ഉണ്ടെന്നുകൂടി നിങ്ങൾ ആലോചിക്കണം. താൽക്കാലിക ലാഭത്തിനുവേണ്ടി ഇടതുപക്ഷത്തെ തകർക്കാൻ കോൺഗ്രസ് നോക്കുമ്പോൾ അത് ആത്യന്തികമായി സഹായിക്കുന്നത് സംഘ്പരിവാറിനെയാണെന്ന് മനസ്സിലാക്കണം. ഇടതുപക്ഷം തകർന്നാൽ അത് ഭീഷണിയാകുന്നത് മതന്യൂനപക്ഷങ്ങൾക്കാകുമെന്ന് അറിയാത്തവരല്ല കേരളത്തിലെ മുസ്ലീം ലീഗുകാർ. എന്നിട്ടും അവർ ഈ അട്ടിമറി മുന്നണിയിൽ നിൽക്കുന്നത് എന്തുകൊണ്ടാണെന്ന് മനസ്സിലാകുന്നില്ല, അവരുടെ പ്രസംഗത്തിലൊന്നും അത് വ്യക്തമാക്കുന്നതേയില്ല. മുസ്ലീം ലീഗ് പ്രസിഡന്റ് ആ രീതിയിൽ ചില അഭിപ്രായങ്ങൾ പറഞ്ഞതായി കാണാം. നടപ്പിലാക്കാൻ കഴിയില്ലെന്ന്

കരുതിയ ഒട്ടേറെ പദ്ധതികൾ ഈ കഴിഞ്ഞ ആറ് വർഷംകൊണ്ട് സംസ്ഥാനത്ത് നടപ്പിലാക്കി. ദേശീയപാതയുടെ സ്ഥലമെടുപ്പ്, അതിന്റെ വീതി കൂട്ടൽ എന്നിവ നടപ്പിലാക്കി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം രണ്ട് ഘട്ടങ്ങളിലായി നൂറ് ദിന കർമ്മ പരിപാടിയിലൂടെ ഒട്ടേറെ പദ്ധതികൾ പൂർത്തിയാക്കാൻ കഴിഞ്ഞു. 50000 പേർക്ക് ഒരു വർഷംകൊണ്ട് പട്ടയം കൊടുക്കാൻ കഴിഞ്ഞു. നീതി ആയോഗിന്റെ മാനവ വികസന സൂചികയിൽ തുടർച്ചയായി കേരളം ഒന്നാമതെത്തുകയാണ്. സർക്കാർ സേവനങ്ങൾ ആപ്പുവഴി നൽകുന്നതിനുള്ള സംവിധാനം സംസ്ഥാനത്ത് കൊണ്ടുവന്നു. എല്ലാ പൗരന്മാർക്കുമുള്ള സേവനങ്ങൾ സൗജന്യമാണെന്ന് പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. ഇ-സേവന രംഗത്തും സംസ്ഥാനം ഒന്നാമതെത്തിയിരിക്കുന്നു. സർക്കാർ ജീവനക്കാർക്കുള്ള മെഡിസെപ് പദ്ധതി നടപ്പിലാക്കിയത് ഈ കാലഘട്ടത്തിന്റെ പ്രത്യേകതയാണെന്ന് നാം മനസ്സിലാക്കണം. കാരണം ആരോഗ്യരംഗത്തെ സ്വകാര്യവൽക്കരിക്കുകയും ലാഭം കൊയ്യുന്നതിനുവേണ്ടിയുള്ള മാർഗ്ഗങ്ങളാക്കുകയും ചെയ്യുന്നിടത്താണ് സർക്കാർ ജീവനക്കാരും അവരുടെ കുടുംബാംഗങ്ങളും ഉൾപ്പെടെ ഏകദേശം 43 ലക്ഷത്തോളം വരുന്നവരെ സഹായിക്കുന്ന പദ്ധതി നടപ്പിലാക്കിയത്. ക്ഷേമപദ്ധതികളെല്ലാം

പൂർത്തിയാക്കി. അടിസ്ഥാന സൗകര്യവികസനത്തിൽ സംസ്ഥാനം മുന്നോട്ട് കുതിക്കുകയാണ്. കിഫ്ബിവഴി 70,000 കോടി രൂപയുടെ പദ്ധതികൾ അംഗീകരിക്കാൻ കഴിഞ്ഞിരിക്കുന്നു. റോഡുകളും പാലങ്ങളും അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്നു. അടച്ചുപൂട്ടലിന്റെ വക്കത്തെത്തിയ പൊതുവിദ്യാലയങ്ങൾ മുന്നോട്ടുകൊണ്ടുപോകാനും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്താനും കഴിഞ്ഞു. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് നഷ്ടത്തിലായിരുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ ലാഭത്തിലേയ്ക്ക് എത്തിക്കാൻ കഴിഞ്ഞു. കേരളത്തിന്റെ ഈ വികസനം ഒരു തുടർച്ചയാണ്. 2022-23-ലെ ബഡ്ജറ്റിൽ ഒരു വിജ്ഞാന സമൂഹമായി കേരളത്തെ മാറ്റിയെടുക്കുന്നതിനുവേണ്ടിയുള്ള പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. ഇത് കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള ഉപധനാഭ്യർത്ഥനകളെ പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

ശ്രീ. കെ. ആൻസലൻ: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. 2022-23-ലെ ബഡ്ജറ്റ് നിർദ്ദേശങ്ങൾ സംസ്ഥാനം നേരിടുന്ന നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്ന ദീർഘവീക്ഷണമുള്ളവയാണ്. ജനവിരുദ്ധ, സമ്പന്നാനുകൂല, കോർപ്പറേറ്റ് പ്രീണനം മുഖമുദ്രയായ കേന്ദ്ര നയങ്ങൾക്ക് ബദലാണ് കേരള മാതൃക മുന്നോട്ട്

വച്ച ബഡ്ജറ്റ്. വരുന്ന കാൽനൂറ്റാണ്ടുകൂടി മുൻകൂട്ടി കണ്ടുകൊണ്ടാണ് പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുള്ളത്. നിരവധി പ്രശ്നങ്ങളാണ് സംസ്ഥാനം നേരിട്ടുകൊണ്ടിരിക്കുന്നത്. കോവിഡാനന്തര അനുബന്ധ സാമ്പത്തിക-ആരോഗ്യ പ്രതിസന്ധികൾ, കാലാവസ്ഥാ ദുരന്തങ്ങൾ തുടങ്ങിയ വെല്ലുവിളികൾ കൂട്ടായി നേരിടാൻ കഴിയുന്ന ആത്മവിശ്വാസം ബഡ്ജറ്റിലുണ്ട്. വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥ ഉപയോഗിച്ച് കൂടുതൽ തൊഴിലും ഉൽപ്പാദന വർദ്ധനവും പ്രദാനം ചെയ്യുന്നു. അടിസ്ഥാന സൗകര്യവികസനത്തിന് കൂടുതൽ തുക ഉൾക്കൊള്ളിച്ചിട്ടുണ്ട്. വിലക്കയറ്റം തടയാനും ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്താനും 2000 കോടി രൂപയും യാത്രാ സൗകര്യ വർദ്ധനവിന് കെ-റെയിലിന് ഭൂമി ഏറ്റെടുക്കാൻ കിഫ്ബിവഴി 2000 കോടിരൂപയും അനുവദിച്ചിരിക്കുന്നു. ആരോഗ്യ മേഖലയ്ക്ക് 2629 കോടി രൂപയും റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് 1600 കോടി രൂപയും വകയിരുത്തി. കോവിഡ് ബാധിച്ച് മരിച്ചവരുടെ മക്കൾക്ക് ധനസഹായം ലഭ്യമാക്കിയത് രാജ്യത്തിന് മാതൃകയാണ്. കാർഷിക-വ്യാവസായിക-പരമ്പരാഗത മേഖലകളിൽ ഉണർവ് പകരാൻകഴിയുന്ന ഇടപെടലുകൾ കരുത്ത് പകരുന്നതാണ്. സംസ്ഥാനത്തിന്റെ സമഗ്ര പുരോഗതിക്കായി വ്യവസായ മേഖലയ്ക്ക് 1226 കോടി രൂപ, ബഹുനില വ്യവസായ എസ്റ്റേറ്റുകൾ

വികസിപ്പിക്കാൻ 10 കോടി രൂപ, ഇലക്ട്രോണിക് ഹാർഡ്‌വെയർ ഹബ്ബിന് 28 കോടി രൂപ, ഇക്കോ ടൂറിസത്തിന് 10 കോടി രൂപ, ഐ.ടി. വികസനത്തിനായി 4 സയൻസ് പാർക്കുകൾക്ക് 1000 കോടി രൂപ വീതം, ഐ.ടി. ആഭ്യന്തര സൗകര്യ വികസനത്തിന് കിഫ്ബി വഴി 100 കോടി രൂപ, 4 ഐ.ടി. ഇടനാഴികൾ, ആഗോള ശാസ്ത്രോൽസവത്തിന് 4 കോടി രൂപ, ജില്ലാ സ്കിൽ പാർക്കുകൾക്കായി 350 കോടി രൂപ, കയർ മേഖലയ്ക്ക് 117 കോടി രൂപ, കശുവണ്ടി വ്യവസായത്തിന് 30 കോടി രൂപ പലിശയിളവ്, ഉന്നതവിദ്യാഭ്യാസ മേഖലയുടെ സമഗ്ര മാറ്റത്തിനായി ദീർഘവീക്ഷണമുള്ള പദ്ധതിക്ക് 200 കോടി രൂപ, കാർഷിക മേഖലയ്ക്ക് 81 കോടി രൂപ, നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിച്ച് നെൽകൃഷിക്ക് 76 കോടി രൂപ, കൃഷിശ്രീ സ്വയംസഹായ സംഘങ്ങൾക്ക് 19 കോടി രൂപ, വെള്ളപ്പൊക്ക ദുരിതാശ്വാസത്തിന് 140 കോടി രൂപ, വിളനാശം തടയുന്നതിന് 58 കോടി രൂപ, റബ്ബർ സബ്സിഡിക്ക് 500 കോടി രൂപ, സിയാൽ മാതൃകയിൽ കാർഷിക വിപണന കമ്പനി, സിയാലിനെ പൊതുമേഖലയിൽ നിലനിർത്താൻ 186 കോടി രൂപ, കെ.എസ്.ആർ.ടി.സി. നവീകരണത്തിന് 1000 കോടി രൂപ, കേരള ഗ്രാമീൺ ബാങ്കിന്റെ അധിക നിക്ഷേപത്തിന് 91 കോടി രൂപ എന്നിങ്ങനെ ബഡ്ജറ്റിൽ വകയിരുത്തി. രണ്ടാം കുട്ടനാട്

പാക്കേജും ഇടുക്കി, കാസർഗോഡ്, വയനാട് പാക്കേജുകളും സാമൂഹ്യ ഉള്ളടക്കമുള്ള ദരിദ്ര-പിന്നോക്ക വിഭാഗങ്ങൾക്കൊപ്പവും ട്രാൻസ്ജെൻഡർ വിഭാഗത്തിൽ ഉൾപ്പെടുന്നവരുടെ തൊഴിലും പരിരക്ഷയും ഉറപ്പുനൽകുന്ന നയങ്ങളാണ് ബഡ്ജറ്റിലുടനീളം പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളത്. ഇതോടൊപ്പം നെയ്യാറ്റിൻകര മണ്ഡലത്തിലെ ചില വിഷയങ്ങൾ സൂചിപ്പിക്കുകയാണ്. തമിഴ്നാട് അതിർത്തി പങ്കിടുന്ന കൊല്ലങ്കോട്-പൊഴിയൂർ കടൽത്തീരത്ത് വലിയതോതിലുള്ള കടലാക്രമണം നേരിടുന്നതിനാൽ നൂറുകണക്കിന് വീടുകൾ നഷ്ടപ്പെട്ടിട്ടുണ്ട്. അവിടെ ടെട്രോപോഡ് സ്ഥാപിക്കുന്നതിനായി ജലസേചന വകുപ്പ് ഗവൺമെന്റിന് സമർപ്പിച്ചിട്ടുള്ള 47 കോടി രൂപയുടെ പ്രോജക്ടിന് അനുമതി നൽകുന്നതിനുള്ള ഇടപെടൽ നടത്തണം. വിഴിഞ്ഞം തുറമുഖം വരുന്നതിന്റെ ഭാഗമായി മത്സ്യത്തൊഴിലാളികളുടെ ഏറ്റവും പ്രധാനപ്പെട്ട ഫിഷിംഗ് സെന്റർ നഷ്ടമാകുകയാണ്. പൊഴിയൂരിൽ അതിന് അനുകൂലമായ സാഹചര്യമായതിനാൽ ഡി.പി.ആർ. തയ്യാറാക്കി അനുബന്ധ പഠനങ്ങൾ പൂർത്തീകരിച്ച് ഗവൺമെന്റിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത സെന്റർ തുടങ്ങുന്നതിനാവശ്യമായ നിലപാട് സ്വീകരിക്കണം. മലയാള സിനിമയുടെ പിതാവ് ജെ. സി. ഡാനിയേലിന്റെ ജന്മദേശമാണ് നെയ്യാറ്റിൻകര. ലെനിൻ രാജേന്ദ്രൻ കെ.എസ്.എഫ്.ഡി.സി.-യുടെ ചെയർമാനായിരുന്ന ഘട്ടത്തിൽ

അവിടെ തീയേറ്റർ സമുച്ചയത്തിനാവശ്യമായ നടപടികൾ പൂർത്തീകരിച്ചിരുന്നു. പ്രസ്തുത പ്രോജക്റ്റ് കിഫ്ബിയുടെ പരിഗണനയിലാണ്. ആ കാര്യത്തിൽ ആവശ്യമായ ഇടപെടൽ നടത്തണം. അഴിമതിയുമായി ബന്ധപ്പെട്ട ചില വിഷയങ്ങളുമുണ്ട്. ഗവൺമെന്റിന്റെ പ്രവർത്തനം സംബന്ധിച്ച് ഏതെങ്കിലും രൂപത്തിലുള്ള ഗൗരവതരമായ വിഷയങ്ങൾ ഉയർത്തിക്കൊണ്ടുവരാൻ പ്രതിപക്ഷത്തിന് കഴിഞ്ഞിട്ടില്ല. പ്രതിപക്ഷത്തിന്റെ ഓർമ്മയിലേയ്ക്ക് ചിലകാര്യങ്ങൾ ഞാൻ കൊണ്ടുവരികയാണ്. 2011-16 കാലത്ത് ഇവിടെ ഒരു ഗവൺമെന്റുണ്ടായിരുന്നു. എന്തായിരുന്നു ആ ഗവൺമെന്റിന്റെ പ്രത്യേകത? സംസ്ഥാനം കേട്ടിട്ടില്ലാത്ത തരത്തിലുള്ള അഴിമതിയുടെയും വൃത്തികേടിന്റെയും കേന്ദ്രമായിരുന്നു ആ ഗവൺമെന്റ്. വ്യവസായ സംരംഭ ആവശ്യത്തിനായി ഒരു വനിത അന്നത്തെ മുഖ്യമന്ത്രിയെ സമീപിക്കുകയും അദ്ദേഹത്തിൽനിന്നും ഒരു സർട്ടിഫിക്കറ്റ് വാങ്ങുകയും ആ സർട്ടിഫിക്കറ്റ് ഉപയോഗിച്ച് നാട്ടിലെ ആളുകളിൽനിന്നും സോളാർ പാനലിനുള്ള പണം പിരിക്കുകയും ചെയ്തു. പ്രോജക്റ്റ് നടക്കാത്തതുകൊണ്ട് ശ്രീധരൻ നായർ എന്നയാൾ പരാതി കൊടുക്കുമ്പോഴാണല്ലോ വിഷയം പുറത്തുവരുന്നത്. ആ പരാതിയോടൊപ്പംതന്നെ അന്നത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, മന്ത്രിമാർ,

കേന്ദ്രമന്ത്രി, എം.പി.-മാർ, എം.എൽ.എ.-മാർ എന്നിവരടക്കമുള്ളവരുമായി ബന്ധപ്പെട്ട് ഗൗരവതരമായ ആരോപണം വന്നു. കേരളം പല പ്രക്ഷുബ്ധ സമരങ്ങൾക്കും സാക്ഷിയായി. നിയമസഭാ പ്രവർത്തനങ്ങൾ സ്തംഭിച്ചു, അന്നത്തെ ചർച്ചയുടെ അടിസ്ഥാനത്തിൽ സോളാർ തട്ടിപ്പ് അന്വേഷിക്കാൻ ഒരു കമ്മീഷനെ കൊണ്ടുവന്നു. ആരായിരുന്നു കമ്മീഷനെ കൊണ്ടുവന്നത്? ഇടതുപക്ഷമായിരുന്നില്ല. ജസ്റ്റിസ് ശിവരാജൻ കമ്മീഷനെ നിയമിച്ചത് ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഗവൺമെന്റായിരുന്നു. ആ കമ്മീഷന്റെ സിറ്റിംഗിൽ അന്നത്തെ മുഖ്യമന്ത്രിയടക്കം മണിക്കൂറുകൾ ഇരുന്നകാര്യം വാർത്തയായിവന്നു. കമ്മീഷന്റെ കണ്ടെത്തലുകളടങ്ങിയ റിപ്പോർട്ട് പതിനാലാം കേരള നിയമസഭയിലെ എം.എൽ.എ.-മാർക്ക് കിട്ടിയിട്ടുണ്ട്. പുതിയ എം.എൽ.എ.-മാർക്ക് കിട്ടിയിട്ടില്ല. ഡോ. മാത്യു കുഴൽനാടൻ, ശ്രീ. ടി. സിദ്ദിഖ്, ശ്രീ. നജീബ് കാന്തപുരം എന്നിവരടക്കമുള്ള പുതിയ എം.എൽ.എ.-മാർ ആ റിപ്പോർട്ട് നിങ്ങളുടെ സഹ എം.എൽ.എ.-മാരിൽ നിന്നും വാങ്ങി അതിലെ വാല്യം-1 വായിച്ചാൽ ആ ഗവൺമെന്റ് എന്തായിരുന്നുവെന്ന് കാണാൻ കഴിയും. നിയമസഭാ മന്ദിരത്തിലും എം.എൽ.എ. ഹോസ്റ്റലിലും സി.ബി.ഐ. അന്വേഷണത്തിന് വരുന്നു, മസ്കറ്റ് ഹോട്ടലിൽ സി.ബി.ഐ. വരുന്നു, ഇടുക്കിയിലെ തടാകത്തിനടുത്തുള്ള

റിസോർട്ടിൽ സി.ബി.ഐ. അന്വേഷണത്തിന് പോകുന്നു. എന്തായിരുന്നു സ്ഥിതി? നാണംകെട്ടവന്മാരാണ് ഇവിടെ ഇരുന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കെതിരായി പ്രതിഷേധം നടത്തുന്നത്. ആ അന്വേഷണ റിപ്പോർട്ട് വീടുകളിൽ കൊണ്ടുപോകാൻ കഴിയില്ല. വീട്ടിൽക്കൊണ്ടുപോയാൽ സ്ത്രീകളും കുട്ടികളും വായിച്ചാൽ നിയമസഭാംഗങ്ങളെക്കുറിച്ച് വലിയ അവമതിപ്പുണ്ടാക്കും. ഇവിടെ ഡോ. മാത്യു കുഴൽനാടനും ശ്രീ. റോജി എം. ജോണും ഇങ്ങനെയുള്ള കുറേ കഥാപാത്രങ്ങൾ, രാഷ്ട്രീയം പ്രൊഫഷനാക്കി മാറ്റി, ദേഹം നനയാതെ പത്രമാധ്യമങ്ങളുടെ പിന്തുണയോടുകൂടി അധികാരത്തിലേയ്ക്ക് എം.എൽ.എ.-മാരായി തെരഞ്ഞെടുക്കപ്പെടുന്ന ആളുകൾ ഇവിടെ വന്നിട്ട് സഖാവ് എം. എം. മണിക്ക് ക്ലാസ്സെടുക്കുകയാണ്. സഖാവ് എം. എം. മണി ഇന്ന് ഖേദം പ്രകടിപ്പിക്കുകയും ആ കാര്യം പിൻവലിക്കുകയും ചെയ്തു.

ശ്രീ. വി. ഡി. സതീശൻ: സർ, പോയിന്റ് ഓഫ് ഓർഡർ. ഈ സഭയിൽ അംഗമായ ശ്രീ. റോജി എം. ജോണിനെപ്പറ്റി വളരെ മോശമായ പരാമർശമാണ് നടത്തിയത്. സാധാരണ അംഗങ്ങൾ അങ്ങനെ പറയാറില്ല. അത് രേഖയിലുണ്ടാകാൻ പാടില്ല, പരിശോധിച്ച് ചെയ്താൽമതി.

മി. ചെയർമാൻ: പരിശോധിക്കാം.*

ശ്രീ. കെ. ആൻസലൻ: സർ, ഇവിടെ കമ്മ്യൂണിസ്റ്റുകാരുടെ രാഷ്ട്രീയ പ്രവർത്തനത്തെ സംബന്ധിച്ച്....

ശ്രീ. എം. വിൻസെന്റ്: സർ, പോയിന്റ് ഓഫ് ഓർഡർ. ഭരണമുന്നണിക്കെതിരായി ആക്ഷേപങ്ങൾ ഉന്നയിക്കുന്നവർ നാണംകെട്ടവരാണെന്നുള്ള രീതിയിൽ ബഹുമാനപ്പെട്ട അംഗം പറഞ്ഞ വാക്കുകൾ സഭാരേഖകളിൽ ഉണ്ടാകാൻ പാടില്ല. ചട്ടം 307 അനുസരിച്ച് അത് നീക്കം ചെയ്യണം.

മി. ചെയർമാൻ: പരിശോധിക്കാം.*

ശ്രീ. കെ. ആൻസലൻ: സർ, ഇവിടെ കമ്മ്യൂണിസ്റ്റുകാർക്ക് പ്രത്യേകമായി ക്ലാസ്സെടുക്കുകയാണ്. നിയമസഭാംഗങ്ങളായി വരുന്നവരും അല്ലാത്തവരുമായ കമ്മ്യൂണിസ്റ്റുകാർ ജനങ്ങളുടെ ജീവിത പ്രയാസങ്ങളോടൊപ്പം സഞ്ചരിക്കുന്നവരാണ്. അല്ലാതെ പ്രത്യേകമായി, മാധ്യമങ്ങൾ ചാർത്തിക്കൊടുക്കുന്ന, അവരുടെ പിന്തുണയോടുകൂടി, അവർ കൊടുക്കുന്ന മേൽവിലാസത്തിനകത്ത് പരിശീലിച്ച് വരുന്നവരല്ല. സഖാവ് എം. എം. മണി ആരാണ്, അദ്ദേഹം ഞങ്ങളുടെ കരുത്തമുത്താണ്.

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ. 13152/ഇ.ബി./2022/നി.സെ, തീയതി 22-07-2022) സഭാരേഖയിൽ നിലനിർത്തി.

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 13152/ഇ.ബി./2022/നി.സെ, തീയതി 22-07-2022) സഭാരേഖയിൽ നിലനിർത്തി.

വെളുത്തവരെയും ഇംഗ്ലീഷ് സംസാരിക്കുന്നവരെയും വടിവൊത്ത ഭാഷയിൽ കാര്യങ്ങൾ പറയുന്നവരെയുംപോലെ അദ്ദേഹത്തിന് പറയാൻ കഴിയില്ല, അദ്ദേഹം നാട്ടുഭാഷയിലേ പറയൂ. നിങ്ങൾക്ക് അദ്ദേഹത്തോട് വെറുപ്പാണ്. എന്താണ് വിഷയം? ഇടുക്കിപോലെ വലതുപക്ഷ സ്വാധീനമുള്ള ജില്ലയിൽ സി.പി.ഐ.(എം)-ന്റെ ജില്ലാ സെക്രട്ടറിയായി മുപ്പത് വർഷക്കാലം പ്രവർത്തിച്ചയാളാണ്. ഇന്ന് ഇടുക്കി ജില്ലയിൽ ശ്രീ. പി. ജെ. ജോസഫിന്റെ മണ്ഡലമൊഴികെ നാല് നിയമസഭാമണ്ഡലങ്ങളും ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കീഴിൽ കൊണ്ടുവരികയും ബഹുഭൂരിപക്ഷം ജനങ്ങളെയും ഈ മുന്നണിയിലേയ്ക്ക് കൊണ്ടുവരികയും ചെയ്തതാണ്. 2016-ലെ തെരഞ്ഞെടുപ്പിൽ ആയിരത്തി ചില്വാനം വോട്ടിനാണ് സഖാവ് എം. എം. മണി ജയിച്ചത്. 2021-ലെ തെരഞ്ഞെടുപ്പിൽ അദ്ദേഹം 38000 വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് ജയിച്ചത്. അവിടെയുള്ള ജനങ്ങൾ മണി സഖാവിന്റെ പിന്നിലാണ്, കോൺഗ്രസിന്റെ പിന്തുണയൊന്നും ഞങ്ങൾക്കുവേണ്ട. സഖാവിന്റെ സഹോദരിയുടെ ഭർത്താവ് തങ്കപ്പനെ കോൺഗ്രസ് ക്രിമിനലുകൾ കൊലപ്പെടുത്തിയതാണെന്ന് നമുക്കറിയാം. ആ കൊലപാതകത്തിന്റെ നീറുന്ന ഓർമ്മകളുമായി ജീവിക്കുന്ന അദ്ദേഹത്തിന് മനുഷ്യത്വം അറിയാം, മനുഷ്യന്റെ സ്നേഹമറിയാം. അദ്ദേഹത്തെ

ഒറ്റപ്പെടുത്തുന്നതിനുവേണ്ടി നടത്തുന്ന ശ്രമങ്ങൾ ഈ കേരളീയ സമൂഹം അംഗീകരിക്കാൻ പോകുന്നില്ല. ഇപ്പോൾ സ്വപ്ന സുരേഷ് എന്ന തട്ടിപ്പുകാരിയെ കൂട്ടുപിടിച്ച് നടക്കുകയാണ്. ആ തട്ടിപ്പുകാരിയുടെ ജല്പനങ്ങളുടെ അടിസ്ഥാനത്തിൽ കോൺഗ്രസ് നടത്തിയ സമരങ്ങൾ എവിടെച്ചെന്നെത്തി? ശ്രീ. കെ. എസ്. ശബരീനാഥനെ അറസ്റ്റ് ചെയ്തുവെന്ന് പറഞ്ഞല്ലോ. കേസെടുക്കണ്ടേ? ഞാൻ ചോദിക്കട്ടെ, നിങ്ങളുടെ പാർട്ടിയിൽപ്പെട്ട ഏതെങ്കിലും പ്രധാനപ്പെട്ടയാൾ വിമാനത്തിൽ സഞ്ചരിക്കുമ്പോൾ ഏതെങ്കിലും രീതിയിൽ പ്രതികരണം വന്നുവെങ്കിൽ ഈ നാടിനെ വെറുതെവിടുമായിരുന്നോ? പ്രതിഷേധം രേഖപ്പെടുത്തുന്നതിന് പരിമിതികളുണ്ട്. പരിമിതിക്കകത്ത് നിന്നുകൊണ്ടല്ലാതെ പ്രതിഷേധം നടത്തുകയും അതിനുവേണ്ടി ഗൂഢാലോചന നടത്തുകയും ചെയ്താൽ അത്തരം കാര്യങ്ങളിൽ സർക്കാർ ശക്തമായ നിലപാട് സ്വീകരിക്കും. ഈ രൂപത്തിലുള്ള നടപടി പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുണ്ടായാൽ നിങ്ങൾ ജനങ്ങളുടെയിടയിൽ കൂടുതൽകൂടുതൽ ഒറ്റപ്പെട്ട് ഇല്ലാതായിത്തീരുന്നത് കേരളം കാണിച്ചുതരുമെന്ന് പ്രതിപക്ഷത്തിനെ ഓർമ്മപ്പെടുത്തിക്കൊണ്ട് ഉപധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ബഡ്ജറ്റിൽ വകകൊള്ളിച്ചതുപോലും നടപ്പിലാക്കാൻ സർക്കാരിന്റെ കയ്യിൽ പണമില്ല, പണമുണ്ടാക്കാനുള്ള കഴിവില്ല, പിന്നെ എന്തിനാണ് ഈരീതിയിലുള്ള ഉപധനാഭ്യർത്ഥനകൾ? കഴിഞ്ഞ ആറ് വർഷംകൊണ്ട് കേരളത്തിലുണ്ടായ അത്രയും സാമ്പത്തിക തകർച്ച ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തുമുണ്ടായിട്ടില്ല. നമ്മൾ ഇപ്പോഴും കോവിഡിനെപ്പറ്റി പറഞ്ഞ് രക്ഷപ്പെടുന്നു. എന്നാൽ കോവിഡ് ലോകം മുഴുവനുമുണ്ടായ മഹാമാരിയാണ്. അതിൽനിന്നും കരകയറാൻ മറ്റുള്ളവർ ചെയ്തതുപോലെ എന്തെങ്കിലും ഒരു പുതിയ പദ്ധതി ഇവിടെ തയ്യാറാക്കിയോ? കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നവകേരളമായിരുന്നു സ്വപ്നപദ്ധതി. ലൈഫ്, ആർദ്രം, ഹരിതകേരളം, വിദ്യാഭ്യാസ യജ്ഞം, റീബിൽഡ് കേരള ഇനിഷ്യേറ്റീവ് എന്നൊക്കെ എന്തെല്ലാം പറഞ്ഞു! ഇതിന്റെയൊക്കെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; ഇതിനെല്ലാംകൂടി ഇതുവരെ എത്രപണം ചെലവഴിച്ചു? ലൈഫ് പദ്ധതിയിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിർമ്മിക്കാൻ തുടങ്ങിയ 30000 വീടുകൾ ഇനിയും പൂർത്തിയായിട്ടില്ല. പുതുതായി ഇപ്പോൾ 8 ലക്ഷം അപേക്ഷകൾകൂടി വന്നുവെന്ന് പറയുന്നു. അന്തിമപട്ടിക ഇനിയും തയ്യാറായിട്ടില്ല. തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളോട് 'നിങ്ങൾക്ക് വേണമെങ്കിൽ നടത്തിക്കോ' എന്നതാണ് സർക്കാരിന്റെ നിലപാട്. അവരുടെ വിഹിതം നിലവിലുള്ളതുപോലും വെട്ടിക്കുറച്ചു. പിന്നെ എങ്ങനെയാണ് അവർക്ക് പദ്ധതികൾ നടപ്പിലാക്കാൻ കഴിയുക?

**2.00 pm]**

ആർദ്രം മിഷൻ പദ്ധതിയിലൂടെ മുഴുവൻ പി.എച്ച്.സി.-കളെയും എഫ്.എച്ച്.സി.-കളാക്കുമെന്നാണ് പറഞ്ഞത്. പ്രഖ്യാപിച്ചതിന്റെ പകുതിപോലും കൊടുത്തില്ല. ഏതെങ്കിലുമൊരു പി.എച്ച്.സി.-യെ എഫ്.എച്ച്.സി. ആക്കിയോ? ഡോക്ടർമാരുടെയും നഴ്സുമാരുടെയും മറ്റ് ജീവനക്കാരുടെയും തസ്തിക സൃഷ്ടിക്കും, രോഗികൾക്ക് സ്വർഗ്ഗം അങ്ങനെ എന്തെല്ലാം പറഞ്ഞു, എന്നിട്ട് ഏതെങ്കിലും തസ്തിക സൃഷ്ടിച്ചോ? എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് ആരോഗ്യ രംഗത്ത് ചെലവഴിക്കാൻവേണ്ടി പിടിച്ചുവച്ചിട്ട് എവിടെയാണ് ചെലവഴിച്ചത്? വിദ്യാഭ്യാസ സംരക്ഷണയജ്ഞപ്രകാരം ആയിരം സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കുമെന്ന് പറഞ്ഞു. ലക്ഷ്യമിട്ടതിന്റെ പകുതിയെങ്കിലും ആയോ? പണിതീർന്ന ചില കെട്ടിടങ്ങൾ ഇപ്പോൾ പൊളിഞ്ഞു വീണുകൊണ്ടിരിക്കുകയാണ്. അത് നടത്തിയ കിഫ്ബി ഇപ്പോൾ എന്താണ്

പറയുന്നത്; ഹരിത കേരളംവഴി മാലിന്യ പ്ലാന്റുകൾ ആരംഭിച്ച് മാലിന്യ പ്രശ്നം പരിഹരിക്കുമെന്ന് പറഞ്ഞിട്ട് എന്തായി; ഒന്നെങ്കിലും തുടങ്ങാൻ കഴിഞ്ഞോ? കോഴിക്കോട് കോർപ്പറേഷനിലെ മാലിന്യം കോയമ്പത്തൂരിലേയ്ക്ക് കൊണ്ടുപോകുകയാണെന്ന് തെറ്റിദ്ധരിപ്പിച്ച് മലപ്പുറത്തെ മലമുകളിൽ കുഴിച്ചുമൂടുകയാണ് ചെയ്തത്. കോഴിക്കോട് സ്വീവേജ് പ്രോജക്ടിന്റെ സ്ഥിതി എന്താണ്? ജനങ്ങളെ വിശ്വാസത്തിലെടുക്കാതെ ഒരു വികസനവും നടപ്പിലാക്കാൻ കഴിയില്ല. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് വഴി കോടിക്കണക്കിന് രൂപ പല ഭാഗത്തുനിന്നും ലഭിച്ചിട്ട് എന്തെങ്കിലും ചെയ്തോ; ആ പണം എവിടെ പോയി; സ്വപ്നപദ്ധതികളൊക്കെ എന്തായി? കിഫ്ബി ശരിയല്ലായെന്ന് ഞങ്ങൾ അന്നേ പറഞ്ഞതാണ്. കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയില്ലാതെ മസാല ബോണ്ട് വാങ്ങരുതെന്ന് മുൻ ധനകാര്യ വകുപ്പുമന്ത്രിയോട് പലതവണ ഞങ്ങൾ പറഞ്ഞതാണ്. പക്ഷേ അദ്ദേഹം വാങ്ങി. ഇപ്പോൾ സർക്കാരിനെയും മുൻ ധനകാര്യ വകുപ്പുമന്ത്രിയെയും ഫ്രൈ ചെയ്യാൻ മസാലയുംകൊണ്ട് ചെല്ലുന്നതും കാത്ത് ഇ.ഡി. നിൽക്കുകയാണ്. രണ്ടാം സർക്കാരിന്റെ സ്വപ്നപദ്ധതിയെന്ന് വിശേഷിപ്പിച്ച കെ-റെയിലിനെക്കുറിച്ചൊന്നും മിണ്ടുന്നില്ല. അതിന് കേന്ദ്രാനുമതി കിട്ടില്ലെന്നുമാത്രമല്ല, സ്വദേശത്തുനിന്നോ വിദേശത്തുനിന്നോ

അതിനായി കടം വാങ്ങാനും കഴിയില്ല. സ്വപ്ന പദ്ധതിയില്ല, ഇപ്പോൾ വെറും 'സ്വപ്ന' മാത്രമേയുള്ളൂ. പാവം ശ്രീ. ഇ. പി. ജയരാജൻ, കെ-റെയിൽ ഉടനെവരും, വന്നാൽ ഇൻഡിഗോ കമ്പനി പൂട്ടുമെന്ന് പറഞ്ഞ് ഇരിക്കുകയാണ്. നടന്നുപോയാലും ശരി, ഇൻഡിഗോയിൽ പോകില്ലെന്നാണ് അദ്ദേഹം പറയുന്നത്. അതാണ് അദ്ദേഹത്തിന്റെ ഉഗ്രശപഥം. നമുക്ക് കാത്തിരുന്ന് കാണാം. മൂന്നാഴ്ച കഴിഞ്ഞാൽ അദ്ദേഹം വീണ്ടും ഇതേ ഫ്ലൈറ്റിലുണ്ടാകും. അത് നമുക്കെല്ലാം അറിയാവുന്ന കാര്യമാണ്. അധികമുള്ള ചെലവ് ഒഴിച്ചുകൂടാനാകാത്ത സാഹചര്യത്തിൽ തട്ടികിഴിക്കാനായി ഗ്രാന്റിൽ മിച്ചമില്ലാതെ വരുമ്പോഴായിരിക്കണം ഉപധനാഭ്യർത്ഥന സഭയിൽ അവതരിപ്പിക്കേണ്ടത്. കഴിഞ്ഞ സർക്കാരിന്റെ കാലത്തെ ഉപധനാഭ്യർത്ഥനകൾ പരിശോധിച്ചാൽ പലതും അനാവശ്യവും യാഥാർത്ഥ്യബോധമില്ലാത്തതുമായിരുന്നുവെന്ന് കാണാം. പലപ്പോഴും ഒറിജിനൽ എസ്റ്റിമേറ്റിൽ മിച്ചമുണ്ടായിരുന്നിട്ടും സപ്ലിമെന്ററി ഡിമാന്റുവഴി അധികതുക അനാവശ്യമായി പാസ്സാക്കിയെടുക്കുകയാണ് ചെയ്തത്. എന്നിട്ട് ചെലവാക്കിയതുമില്ല. ഇത് യഥാർത്ഥത്തിൽ സഭയെ തെറ്റിദ്ധരിപ്പിക്കലാണ്, അവകാശലംഘനമാണ്. 2019-20-ൽ ഇരുപത്തിരണ്ടോളം ഗ്രാന്റുകളിൽ നടത്തിയ ഉപധനാഭ്യർത്ഥനകൾ തികച്ചും അനാവശ്യമായിരുന്നു.

'പെൻഷനും പലവകയും' എന്ന ഹെഡ്ഡിൽ 30,280 കോടി രൂപ ഉണ്ടായിരിക്കെ ഏകദേശം 2000 കോടി രൂപ ഉപധനാഭ്യർത്ഥനവഴി വീണ്ടും വകയിരുത്തി. എന്നിട്ടും അന്തിമ ചെലവ് ഒറിജിനൽ ഗ്രാന്റിന്റെ അത്രയുമെത്തിയില്ല. ഒന്നും രണ്ടും കോടി രൂപയല്ല, 2000 കോടി രൂപ എവിടെനിന്ന് ഉണ്ടാകാനാണ്; അതുപോലെ 'പലവക സാമ്പത്തിക സർവ്വീസുകൾ' എന്ന ഗ്രാന്റിൽ ഉപധനാഭ്യർത്ഥനവഴി 200 കോടി രൂപ വകയിരുത്തി. ആകെ 402 കോടി രൂപയിൽ ചെലവഴിച്ചത് വെറും 167 കോടി രൂപ മാത്രമാണ്. ബാക്കിയുള്ള ഇരുപതോളം ഗ്രാന്റുകളുടെ കാര്യവും സമാനമാണ്. എന്താണ് ഈ വകുപ്പുകളിലൊക്കെ നടക്കുന്നത്? 2019-20-ലെ കാര്യം മാത്രമെടുത്താൽ ഏഴോളം ഗ്രാന്റുകളിലെ ബഡ്ജറ്റ് വിനിയോഗം 50 ശതമാനത്തിൽ താഴെയായിരുന്നുവെന്ന് കാണാൻ സാധിക്കും. 2019-20-ൽ വ്യവസായ വാണിജ്യ ഡയറക്ടർക്ക് രണ്ട് സ്കീമുകളിലായി അനുവദിച്ച മുപ്പതര കോടി രൂപയിൽ ഒരു രൂപപോലും ചെലവഴിക്കാതെ തിരിച്ചേട്ടുക്കുകയാണ് ചെയ്തത്. ഐ.ടി. വകുപ്പിലും ബഡ്ജറ്റ് വിഹിതത്തിന്റെ 80 ശതമാനത്തോളമാണ് ചെലവഴിക്കാതെ ബാക്കിവച്ചത്. വകുപ്പുകളുടെ ധനവിനിയോഗം സൂക്ഷ്മമായി നിരീക്ഷിക്കുന്നതിന് സംവിധാനമില്ലെന്നല്ല. ധനകാര്യ വകുപ്പിന് കണക്കെഴുതുന്ന പണി മാത്രമാകരുത്. ഫിനാൻഷ്യൽ

മാനേജ്മെന്റിന്റെ പ്രവർത്തനം ഇപ്പോൾ വളരെ മോശമാണ്. ഇതിനേക്കാൾ ഗുരുതരമാണ് ഉപധനാഭ്യർത്ഥന ആവശ്യമുള്ള ചില വകുപ്പുകൾക്ക് ഒറ്റ പൈസപോലും വകയിരുത്താതെയുള്ള ചെലവഴിക്കൽ. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 31 ഗ്രാന്റുകളിൽ ഉൾപ്പെട്ട 211 പദ്ധതികളിൽ പണം പാസ്സാക്കാതെ ചെലവാക്കി. പൊതുമരാമത്ത് വകുപ്പിലെ രണ്ട് ഗ്രാന്റുകളിലും പലവക സാമ്പത്തിക സർവ്വീസുകളിലും വ്യവസായ വകുപ്പിൽ 100 കോടി രൂപയിലധികവും ബഡ്ജറ്റ് വിഹിതമില്ലാതെ ചെലവഴിച്ചു. ഇത് തികച്ചും തെറ്റല്ലേ; തോന്നിയതുപോലെ ചെലവഴിക്കാനാണെങ്കിൽ ബഡ്ജറ്റും സബ്ജക്ട് കമ്മിറ്റി ചർച്ചയും ഡിമാന്റ് ചർച്ചയും എന്തിനാണ്? സപ്ലിമെന്ററി ഡിമാന്റിൽ ഒരു മൊബൈൽ ആപ് ആരംഭിക്കുന്നതിനുള്ള തുക ആവശ്യപ്പെട്ടിട്ടുണ്ട്. അതായത്, വ്യാപാരികൾക്ക് ജി.എസ്.ടി. റിട്ടേൺ സമർപ്പിക്കുന്നതിനുള്ള 'ലക്കി ബിൽ ആപ് '. ഇത്തവണ ധനകാര്യ ബില്ലിൽ വ്യാപാരികൾക്ക് സർക്കാർ കനിഞ്ഞ് അനുഗ്രഹിച്ച് നൽകിയ സമ്മാനത്തേക്കാൾ എന്തുഭാഗ്യമാണ് അവർക്കിനി കൊടുക്കാനുള്ളത്? ഇൻപുട്ട് ടാക്സ് ക്രെഡിറ്റിനെക്കുറിച്ച് വകുപ്പിലെ ഉദ്യോഗസ്ഥർക്കുപോലും കൃത്യമായ ധാരണയില്ലാത്ത അവസ്ഥയാണ്. ഏതെങ്കിലും ഒരു വ്യാപാരി തെറ്റായി ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അവെയിൽ ചെയ്തിട്ടുണ്ടെങ്കിൽ അവർക്ക് 20-24

ശതമാനം പലിശയാണ് ഈടാക്കുന്നത്. 5 കൊല്ലം മുൻകാല പ്രാബല്യത്തോടെയാണ് നിയമം പാസ്സാക്കിയത്. ഇതുണ്ടാക്കാൻ പോകുന്ന ഇംപാക്ട് എന്താണ്? കച്ചവടം തകരും, ഉദ്യോഗസ്ഥർക്ക് അഴിമതിക്ക് അവസരംകൂടും, വ്യവഹാരങ്ങൾ പെരുകും. നിലവിൽ വാണിജ്യ വ്യവസായികൾ വലിയ കഷ്ടത്തിലാണ്. ബ്ലേഡ് പലിശക്കാർപോലും 18 ശതമാനത്തിൽ കൂടുതൽ പലിശവാങ്ങുന്നില്ല. ഒറിജിനൽ ബില്ലിൽ ഇല്ലാതിരുന്ന വ്യവസ്ഥ സബ്ജക്ട് കമ്മിറ്റിയിൽ വച്ച് കൂട്ടിചേർത്തത് ഉദ്യോഗസ്ഥരുടെ തെറ്റായ ഉപദേശം കൊണ്ടായിരിക്കാം. ഉദ്യോഗസ്ഥർ ഉപദേശിച്ച് മുൻ ധനകാര്യ വകുപ്പുമന്ത്രിയെ ഒരു വഴിക്കാക്കി, ഇ.ഡി.-യുടെ അടുത്തെത്തിച്ചു. Be careful എന്നാണ് എനിക്ക് ധനകാര്യ വകുപ്പുമന്ത്രിയോട് ഇതിനെ സംബന്ധിച്ച് പറയാനുള്ളത്.

വഖഫ് ബോർഡിനെ സംബന്ധിച്ച് ഇന്ന് രാവിലെ കുറെയധികം കാര്യങ്ങൾ ചർച്ച ചെയ്തു. വഖഫ് ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതുമായി ബന്ധപ്പെട്ട ബിൽ കൊണ്ടുവന്ന സമയത്ത് വളരെ വ്യക്തമായി എതിർത്തവരാണ് ഞങ്ങൾ. സർവ്വശ്രീ പി. ഉബൈദുള്ള, ടി. വി. ഇബ്രാഹിം, കെ. പി. എ. മജീദ്, പി. കെ. കുഞ്ഞാലിക്കുട്ടി, എൻ. ഷംസുദ്ദീൻ തുടങ്ങി ഞങ്ങളെല്ലാം ഭേദഗതികൾ നൽകിയതുമാണ്.

പക്ഷേ ഞങ്ങളാരും അതിനെപ്പറ്റി സംസാരിച്ചിട്ടുപോലുമില്ലെന്നാണ് ഭരണപക്ഷത്തുള്ളവർ പറയുന്നത്. വഖഫ് ബോർഡിൽ കൈവച്ചതുമുതൽ സർക്കാരിന് അധോഗതിയാണ്. എന്ത് ചെയ്താലും തിരിച്ചടിക്കുകയാണ്. കള്ളക്കേസെടുത്ത് ശ്രീ. കെ. എസ്. ശബരീനാഥനെ ജയിലിൽ അടയ്ക്കാൻ ശ്രമിച്ചിട്ടും കോടതിയിൽനിന്നും ജാമ്യം കിട്ടിയത്, എ.കെ.ജി. സെന്ററിലെ ബോംബേറ് പടക്കമായത്, ശ്രീ. പി. സി. ജോർജ്ജിന് ജാമ്യം ലഭിച്ചത്, സരിത്തിനെ തട്ടിക്കൊണ്ടുപോയത്, വിമാനത്തിൽ പ്രതിഷേധിച്ചവർക്കെതിരെയുള്ള കള്ളക്കേസ്, രാഹുൽ ഗാന്ധിയുടെ ഓഫീസ് തകർത്തതുമായി ബന്ധപ്പെട്ട പ്രശ്നം, ശ്രീമതി കെ. കെ. രമയെ അധിക്ഷേപിക്കൽ, ശ്രീ. ഇ. പി. ജയരാജന്റെ വിമാന വിലക്ക്, സ്വപ്നയുടെ വെളിപ്പെടുത്തലുകളുടെ പരമ്പര, തൃക്കാക്കര ഉപതെരഞ്ഞെടുപ്പ് പരാജയം തുടങ്ങി പരാജയങ്ങളുടെ നീണ്ട പട്ടികയാണുള്ളത്. ഇത് നിങ്ങളുടെ പതനത്തിന്റെ തുടക്കമാണെന്ന് ഇനിയെങ്കിലും മനസ്സിലാക്കണം.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, (.....മൈക്ക് ഓഫ്.....)

ശ്രീ. മഞ്ഞളാംകുഴി അലി: സർ, അതിൽ എന്താണ് സംശയം? ന്യായമല്ലാത്ത കാര്യത്തിന് ആരെ അറസ്റ്റ് ചെയ്താലും ഞങ്ങൾ അതിന് എതിരാണ്. വഖഫ് ബോർഡിന്റെ ഫണ്ട് മുഴുവനും ഞങ്ങളുടെ പൂർവ്വികർ

ദൈവപ്രീതിക്കുവേണ്ടി ദാനം നൽകിയതാണ്. അതിൽ തൊട്ടുള്ള കളിവേണ്ട. നിങ്ങളുടെ നാശം ആരംഭിച്ചിരിക്കുന്നു. ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി എതിർക്കുന്നു.

ശ്രീ. തോമസ് കെ. തോമസ്: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. ലോകം കണ്ടിട്ടില്ലാത്ത കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് സംസ്ഥാനം കടന്നുപോകുന്നത്. എന്നിട്ടും കഴിഞ്ഞ ആറ് വർഷക്കാലം സംസ്ഥാനത്തെ സമസ്ത മേഖലകളിലും വളർച്ച ലക്ഷ്യമിട്ടുള്ള ഉജ്ജ്വല പ്രവർത്തനമാണ് സർക്കാർ നടത്തിവരുന്നത്. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാനസൗകര്യ വികസനവും മികവും കഴിഞ്ഞ ആറ് വർഷമായി കണ്ടുകൊണ്ടിരിക്കുകയാണ്. സ്വകാര്യ സ്കൂളുകളിൽനിന്ന് പൊതുവിദ്യാലയങ്ങളിലേയ്ക്ക് വിദ്യാർത്ഥികളുടെ ഒഴുക്ക് തുടരുകയാണ്. എന്താണ് കാരണം? പ്രതിപക്ഷം ഏറ്റവും കൂടുതൽ വിമർശിക്കുന്ന കിഫ്ബിവഴി സംസ്ഥാനത്തെ പൊതുവിദ്യാലയ നവീകരണത്തിന് ഇത്രമാത്രം തുക ചെലവഴിച്ച മറ്റൊരു കാലമുണ്ടായിട്ടില്ല. നോർമൽ ബഡ്ജറ്റിൽ ഇത്തരം വികസന പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനിച്ചാൽ മുപ്പതും നാല്പതും കൊല്ലമെടുക്കുന്ന വികസന പദ്ധതികളാണ് കഴിഞ്ഞ ആറ് വർഷക്കാലംകൊണ്ട് നേടിയത്. ബഹുമാനപ്പെട്ട

പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട മന്ത്രിമാരിൽ എന്ത് കുറ്റമാണ് കാണാൻ സാധിക്കുന്നതെന്ന് മാത്രം നോക്കിനടക്കുന്ന അവസ്ഥ മാറ്റണമെന്ന അഭ്യർത്ഥന എനിക്കുണ്ട്. കാരണം, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വല്ലാത്ത അവസ്ഥയിലൂടെയാണ് കടന്നുപോകുന്നത്. എന്നിട്ടും അദ്ദേഹം ഈ അവസ്ഥയെ ഏതൊക്കെ രീതിയിൽ മാനേജ് ചെയ്യാമെന്ന് ചിന്തിച്ച് നല്ല രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. എന്നിട്ടും അദ്ദേഹത്തിന് എന്തെല്ലാം കുറ്റമുണ്ട്, കിഫ്ബിയിൽ എന്തെല്ലാം കുറ്റമുണ്ട്, അദ്ദേഹം ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് എന്തെല്ലാം കുറ്റമുണ്ടെന്ന് നോക്കി നടക്കുകയാണ് പ്രതിപക്ഷം. അങ്ങനെയല്ല വേണ്ടത്, അദ്ദേഹത്തെ പിന്തുണയ്ക്കണം. പണ്ട്, 'മണലുകൊണ്ട് കയർ പിരിക്കുക' എന്ന ഒരു ചൊല്ലുണ്ടായിരുന്നു. എന്നുവച്ചാൽ ജീവിതത്തിൽ ഒരു കാര്യവും നടക്കില്ല. അങ്ങനെയുള്ള അവസ്ഥയിലൂടെയാണ് സംസ്ഥാനം ഇപ്പോൾ കടന്നുപോകുന്നത്. ആദ്യത്തെ വെള്ളപ്പൊക്കം വന്ന് ഒരുമാസം കഴിഞ്ഞപ്പോൾ രണ്ടാമത്തെ വെള്ളപ്പൊക്കം വന്നു. പണ്ട് കുട്ടനാട്ടിൽ മാത്രമേ വെള്ളപ്പൊക്കമുണ്ടായിരുന്നുള്ളൂ. എന്നാൽ ഇപ്പോൾ കേരളം മൊത്തം വെള്ളപ്പൊക്കംകൊണ്ട് തകർന്നു. അതുകഴിഞ്ഞാണ് കോവിഡ് മഹാമാരി വന്നത്. അങ്ങനെ എന്തെല്ലാം പ്രതിസന്ധികളിലൂടെയാണ് കടന്നുപോകുന്നത്. ആദരണീയനായ

മഞ്ഞളാംകുഴി അലി മന്ത്രിയായിരുന്നു. ഈ പ്രതിസന്ധിയിലൂടെ അദ്ദേഹം കടന്നുപോയിട്ടുള്ളതാണ്. ഇതിന്റെ ബുദ്ധിമുട്ടും പ്രയാസവും അദ്ദേഹത്തിനറിയാം. അദ്ദേഹവും എന്താണ് കുറ്റമെന്ന് കണ്ടുപിടിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കുറ്റംകണ്ടുപിടിക്കേണ്ട സ്ഥലമല്ല ഇത്. കേരളത്തിന്റെ പരമോന്നത പദവിയാണ് നിയമസഭയ്ക്കുള്ളത്. ഇവിടെ കാര്യങ്ങൾ ചെയ്താൽമാത്രമേ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുകയുള്ളൂ. എല്ലാവരും സഭയിൽ ബഡ്ജറ്റിനെ എതിർത്തശേഷം പിന്നാലെപോയി സഹായിക്കണമെന്ന് പറയുകയാണ്. എതിർക്കുന്നത് പ്രതിപക്ഷത്തിന്റെ ചുമതലയാണ്, എതിർക്കാൻ മാത്രമേ കഴിയൂവെന്നാണ് നിങ്ങൾ പറയുന്നത്. അങ്ങനെയല്ല, ചെയ്യുന്ന കാര്യങ്ങൾ അംഗീകരിക്കാനുള്ള മനസ്സുവേണം. ഭരണത്തിലിരിക്കുന്നവരുടെ കുറ്റം കണ്ടുപിടിച്ച് മുന്നോട്ടുപോയാൽ അടുത്തതവണ ഭരണത്തിലേയ്ക്ക് അടുക്കാൻപോലും കഴിയില്ല. അതുകൊണ്ടാണ് ഭരണപക്ഷാംഗങ്ങളുടെ എണ്ണം 90 എന്നത് 99 ആക്കി വർദ്ധിപ്പിച്ച് ശ്രീ. പിണറായി വിജയനെ വീണ്ടും മുഖ്യമന്ത്രിയാക്കിയത്. മുഖ്യമന്ത്രി പഥത്തിൽനിന്നും വീണ്ടും മുഖ്യമന്ത്രിയായ ഒരു മുഖ്യമന്ത്രി കേരള ചരിത്രത്തിൽ ശ്രീ. പിണറായി വിജയൻ മാത്രമേയുള്ളൂ. അതുപറയുമ്പോൾ എല്ലാവർക്കും വിഷമമാണ്. അദ്ദേഹത്തിന്റെ

സംസാരത്തിൽ എന്തെങ്കിലും പിഴവ് സംഭവിക്കുന്നുണ്ടോയെന്ന് അന്വേഷിച്ച് നടക്കുകയാണ്. അതുകൊണ്ടൊന്നും കാര്യങ്ങൾ നടന്നുപോകില്ല. സാമ്പത്തിക പ്രതിസന്ധി മാറി കേരളം മുന്നേറണമെങ്കിൽ അതിന് വഴി കണ്ടുപിടിക്കണം. ആദരണീയരായ മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും അതിനുള്ള പരിശ്രമത്തിലാണ്. അതിനായി അവരെ സപ്പോർട്ട് ചെയ്യണം. ധനകാര്യ വകുപ്പുമന്ത്രി ഇത്രയും ഉയർന്ന് പ്രവർത്തിക്കുമെന്ന് നിങ്ങൾ പ്രതീക്ഷിച്ചില്ല. നിങ്ങളുടെ ചിന്തയ്ക്കതീതമായ, അതിനേക്കാൾ മുകളിലുള്ള പ്രവർത്തനമാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കാഴ്ചവച്ചത്. ഞാൻ അനുഭവസ്ഥനാണ്. എനിക്കൊരിക്കലും അദ്ദേഹത്തെ കുറ്റം പറയാൻ കഴിയില്ല. ഏത് പ്രവർത്തനത്തിനും പണം ആവശ്യമാണ്. പണമില്ലാതെ എന്തെങ്കിലും ചെയ്യാൻ കഴിയുമോ? സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിന് അദ്ദേഹമെടുക്കുന്ന പരിശ്രമത്തിന് അദ്ദേഹത്തെ എല്ലാ രീതിയിലും അഭിനന്ദിക്കുകയാണ്. അങ്ങയുടെ പ്രവർത്തനം വളരെ ശ്രേഷ്ഠമാണ്. ഇവർ പറയുന്നത് കേട്ട് പ്രയാസപ്പെടാതെ ധൈര്യമായി അങ്ങ് പ്രവർത്തിച്ചോളൂ. അവരുടെ ഭാഗത്തുനിന്നുള്ള എല്ലാ പിന്തുണയും അങ്ങേയ്ക്കുണ്ട്, പക്ഷേ അവർ ഇങ്ങനെ പറയുന്നുവെന്നേയുള്ളൂ. ഇത് വെറും പറച്ചിൽ മാത്രമാണ്. ഒരുകാര്യം കൂടി പറയാനുണ്ട്. നെല്ലിന്റെ താങ്ങുവില നല്ല രീതിയിൽ

ഉയർത്തിയിരുന്നതാണ്. ഇപ്പോൾ കുട്ടനാട്ടിലെ 'സി' ബ്ലോക്കിൽ മടവീണു. അവിടെയുള്ള കർഷകരാരും ഇൻഷ്വർ ചെയ്തിട്ടില്ല. ഏതെങ്കിലും രീതിയിൽ സഹായിക്കണമെന്നാണ് അവർ പറയുന്നത്. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയെ സമീപിച്ച് ഈ വിഷയം പറഞ്ഞു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തുക അനുവദിച്ചാൽ മാത്രമേ കൃഷി വകുപ്പുമന്ത്രിക്ക് നൽകാൻ സാധിക്കുകയുള്ളൂ. മികച്ച രീതിയിൽ സഹായിക്കണമെന്ന മനഃസ്ഥിതി എല്ലാവർക്കുമുണ്ട്. ഗവൺമെന്റിന്റെ ലക്ഷ്യമെന്നുപറയുന്നത് സഹായമാണ്. കുട്ടനാട്ടിൽ താറാവ് കൃഷിചെയ്യുന്ന 65 കുടുംബങ്ങൾ ആത്മഹത്യയുടെ വക്കിൽ നിൽക്കുന്ന സാഹചര്യത്തിൽ ആരാധ്യയായ മൃഗസംരക്ഷണ വകുപ്പുമന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണി അവിടെ വന്നു. ഞാൻ എന്റെ കൈകൊണ്ട് 36 ലക്ഷം രൂപ, 30 ലക്ഷം രൂപ , 20 ലക്ഷം രൂപ, 15 ലക്ഷം രൂപ, 10 ലക്ഷം രൂപ വച്ച് ഈ കൃഷിക്കാർക്ക് കൊടുത്തു. ഇതൊരു ചെറിയ സംഭവമാണോ? ഇങ്ങനെയുള്ള കാര്യങ്ങൾ ചെയ്യുമ്പോൾ എം.എൽ.എ.-യ്ക്ക് ഒരു വിലയുണ്ട്. ഇതെല്ലാം കുട്ടനാട്ടുകാർക്കാണോയെന്ന് ചോദിച്ചാൽ പ്രതിസന്ധിയിൽക്കൂടി കടന്നുപോകുന്നത് കുട്ടനാട്ടുകാരായതുകൊണ്ട് അത് തന്നല്ലേ മതിയാകൂ? അങ്ങനെ ചെയ്യുമ്പോൾ നമുക്കൊരു പ്രത്യേകതയുണ്ടാകും.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, പണം അനുവദിക്കുന്നതും ചെലവാക്കുന്നതും പല അംഗങ്ങളും ഇവിടെ പറയാറില്ല. അങ്ങ് ആ സത്യം പറഞ്ഞതിന് നന്ദിയുണ്ട്.

ശ്രീ. തോമസ് കെ. തോമസ്: സർ, സത്യം പറയാതിരിക്കാൻ കഴിയില്ല. ഇപ്പോൾ എല്ലാവരും ശ്രീമതി കെ. കെ. രമയുടെ പുറകേയാണ്. ശ്രീമതി കെ. കെ. രമ. നിയമസഭയുടെ സ്വത്താണ്. ശ്രീമതി കെ. കെ. രമയുടെ സംസാരത്തിലൊരു ചെറിയ പിശക് എനിക്കും തോന്നിയതാണ്. ബഹുമാന്യനായ മുഖ്യമന്ത്രി 'സഞ്ചരിക്കുന്ന അടിയന്തരാവസ്ഥ' ആണെന്ന് ശ്രീമതി കെ. കെ. രമ പറഞ്ഞു. അതിൽ എനിക്കും വിഷമമുണ്ട്. കാരണം അദ്ദേഹം ഒരിക്കലും സഞ്ചരിക്കുന്ന അടിയന്തരാവസ്ഥയല്ല. ഇന്ദിരാഗാന്ധിയും സഞ്ജയ് ഗാന്ധിയുമൊക്കെയാണ് ആ കാലത്ത് അടിയന്തരാവസ്ഥ ആയിട്ടിരുന്നത്. അവരെയൊന്നും പറയാതെ ബഹുമാന്യനായ മുഖ്യമന്ത്രിയെ പറഞ്ഞപ്പോൾ സ്വാഭാവികമായും വിഷമമുണ്ടാകും. ആ വിഷമംകൊണ്ടായിരിക്കും ശ്രീ. എം. എം. മണി അങ്ങനെ പറഞ്ഞത്. അദ്ദേഹം അത് പറഞ്ഞുവന്നപ്പോൾ അങ്ങനെ ആയിപ്പോയെന്നേയുള്ളൂ. ആ പരാമർശം അദ്ദേഹം പിൻവലിക്കുകയും ചെയ്തു. പ്രിയങ്കരനായ കോവളം എം.എൽ.എ.-യും ശ്രീ. എം. എം. മണിയും

നടത്തിയ പരാമർശങ്ങൾ അവർതന്നെ പിൻവലിച്ചത് നല്ല കാര്യമാണ്. അതുകൊണ്ട് ശ്രീമതി കെ. കെ. രമയെ കൂട്ടുപിടിച്ചുള്ള പ്രത്യേക ശൈലിയൊന്നും ഇനിവേണ്ട. അവർ ഞങ്ങളുടെയും നിയമസഭയുടെയും സ്വത്താണ്. അക്കാര്യത്തിലൊരു സംശയവുമില്ല. ഏത് കാര്യത്തിലായാലും അവരെ സംരക്ഷിക്കേണ്ട ചുമതല ബഹുമാന്യനായ മുഖ്യമന്ത്രി ഉൾപ്പെടെ എല്ലാ അംഗങ്ങൾക്കുമുണ്ട്. ആ വിഷയത്തിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. എന്റെ പ്രിയപ്പെട്ട സഹോദരനായ ഡോ. മാത്യു കുഴൽനാടന് കുറച്ച് ആവേശം കൂടിപ്പോയി, അത്രയൊന്നും വേണ്ടായിരുന്നു. കാരണം ജനാധിപത്യത്തെ കശാപ്പുചെയ്യുന്നത് എൽ.ഡി.എഫ്. ആണെന്ന് പറഞ്ഞാൽ എന്റെ പൊന്നുസഹോദരാ, ക്രിസ്ത്യാനിയായാലും മുസ്ലീമായാലും ഭരണപക്ഷമായാലും പ്രതിപക്ഷമായാലും ഞങ്ങൾ നിന്നുപോകുന്നത് പാർട്ടി ശക്തിപ്പെടുന്നതുകൊണ്ടാണ്. അല്ലെങ്കിൽ നമ്മുടെയൊന്നും ഷേപ്പ് കാണില്ല.

മി. ചെയർമാൻ: അങ്ങ് പെട്ടെന്ന് പറഞ്ഞ് അവസാനിപ്പിക്കണം.

ശ്രീ. തോമസ് കെ. തോമസ്: സർ, എനിക്ക് ഒരു മിനിട്ടുകൂടി തരണം. പറയാൻ വന്നത് ഒന്നും പറയാൻ പറ്റിയിട്ടില്ല. ബഹുമാനപ്പെട്ട ചെയറിനെ ടെൻഷനിലാക്കുന്നില്ല, വേഗം പറഞ്ഞ് അവസാനിപ്പിക്കാം. കുട്ടനാട്ടുകാരുടെ എല്ലാ വിഷയങ്ങൾക്കും പരിഹാരംകണ്ട ഒരു മന്ത്രിസഭയും മന്ത്രിമാരുമാണ്

ഇവിടെയുള്ളത്. എല്ലാ മന്ത്രിമാരും ഞങ്ങൾക്ക് വളരെ പ്രിയപ്പെട്ടവരാണ്. ശ്രീ. എം. എം. മണി മന്ത്രിയായിരുന്നപ്പോൾ ആരോ കളിയാക്കിയെന്നുപറഞ്ഞു. കഴിഞ്ഞ മന്ത്രിസഭയിൽ ഇതുപോലൊരു മന്ത്രിയെ ഞാൻ കണ്ടിട്ടില്ല. കുട്ടനാട്ടിലെ ആവശ്യങ്ങളുമായി ബന്ധപ്പെട്ട് ഞാൻ അദ്ദേഹത്തെപോയി കാണാറുണ്ടായിരുന്നു. ഇപ്പോഴത്തെ വൈദ്യുതി വകുപ്പുമന്ത്രിയെക്കുറിച്ച് ഞാൻ പ്രസംഗത്തിൽ പറഞ്ഞുകഴിഞ്ഞു. എം.എ., പിഎച്ച്.ഡി. എടുത്താൽ മാത്രമേ മന്ത്രിയാകാൻ സാധിക്കുകയുള്ളൂവെന്ന് ആരാണ് പറഞ്ഞത്? ശ്രീ. കെ. ആൻസലൻ പറഞ്ഞതുപോലെ, സാധാരണക്കാരുടെകൂടെ വളർന്നുവന്ന ആളാണ് അദ്ദേഹം. അതുകൊണ്ടാണ് ആ പദവി വന്നപ്പോൾ ജനങ്ങളുടെ പ്രയാസം മനസ്സിലാക്കാൻ സാധിച്ചത്. ഇനി ഞാൻ ദീർഘിപ്പിക്കുന്നില്ല. ഈ ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു.

<u>ശ്രീമതി സി. കെ. ആശ</u>: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പ്രതികരണാത്മകവും ഉത്തരവാദിത്വപൂർണ്ണവുമായ ഭരണം എന്ന ലക്ഷ്യത്തിൽ നിരവധി മാതൃകകൾ വികസിപ്പിച്ചെടുത്ത കേരള സംസ്ഥാനം ഭാവിയിൽ രാജ്യത്തിനും ലോകത്തിനും വഴികാട്ടിയും പ്രചോദനവുമായി തുടരുമെന്നതിൽ സംശയമില്ല. നിരവധി കാര്യങ്ങളിൽ ഒന്നാമതെത്തിയാണ് കേരളം മാതൃക സൃഷ്ടിച്ചിട്ടുള്ളത്. അതിനുദാഹരണം

കിഫ്ബിതന്നെയാണ്. പ്രതിപക്ഷം ജനങ്ങളെ ആശങ്കയിലാക്കിക്കൊണ്ട് നടത്തുന്ന ഏറ്റവും വലിയ ദുഷ്പ്രചരണമാണ് കേരളം കടുത്ത സാമ്പത്തിക പ്രതിസന്ധിയെ നേരിടുന്നുവെന്നുള്ളത്. എന്നാൽ വസ്തുതയെന്താണ്? കേന്ദ്ര സർക്കാർ സൃഷ്ടിച്ചിരിക്കുന്ന പ്രതിസന്ധികളല്ലാതെ കേരളത്തിന് എന്തെങ്കിലും സാമ്പത്തിക പ്രതിസന്ധിയുണ്ടെന്ന് തോന്നുന്നില്ല. കേരളത്തെ സാമ്പത്തികമായി ശ്വാസംമുട്ടിക്കുന്ന കേന്ദ്ര സർക്കാരിന്റെ വാശിയും ദുഷ്ടലാക്കും നാം മനസ്സിലാക്കണം. ഇതിന് കുടപിടിക്കുന്ന സമീപനമാണ് കേരളത്തിലെ പ്രതിപക്ഷം സ്വീകരിക്കുന്നത്. പരമ്പരാഗത ചെലവുകൾ ചെയ്തുപോകുന്നതിനപ്പുറം നാളത്തെ കേരളം മുന്നിൽക്കണ്ട് നിക്ഷേപം നടത്താനും പൊതുപശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും സംസ്ഥാനം ശ്രമിക്കുമ്പോൾ അതിനെ തുരങ്കംവയ്ക്കാൻ തുനിഞ്ഞിറങ്ങുന്ന രീതിയാണ് കേന്ദ്രം ഭരിക്കുന്ന പാർട്ടിയും അവരുടെ പ്രേരണയിൽ കേന്ദ്ര സർക്കാരും സ്വീകരിച്ചിരിക്കുന്നത്. ഇതിന് സഹായകരമാകുന്ന നിലപാട് കേരളത്തിലെ പ്രതിപക്ഷം സ്വീകരിക്കുന്നത് അത്യന്തം ദൗർഭാഗ്യകരമാണെന്ന് പറയാതെവയ്യ. പൊതുനിക്ഷേപം വർദ്ധിപ്പിക്കാൻ കേരളം നടത്തുന്ന ബോധപൂർവ്വമായ നടപടിയെ തുരങ്കം വയ്ക്കുന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് കിഫ്ബിയോടുള്ള സമീപനം. സംസ്ഥാനത്തിന്റെ നികുതി

വരുമാനത്തിൽ ഒരു നിശ്ചിത ശതമാനം നീക്കിവച്ച് കാൽനൂറ്റാണ്ടുകൊണ്ടുമാത്രം നിർമ്മിക്കാൻ കഴിയുന്ന റോഡുകളും പാലങ്ങളും ആശുപത്രികളും സ്കൂളുകളും കുടിവെള്ള പദ്ധതിയുമെല്ലാം ഇപ്പോൾത്തന്നെ നടപ്പിലാക്കാൻ കിഫ്ബി സഹായിക്കുന്നുവെന്നുള്ളതിൽ ആരോപണം ഉന്നയിക്കുന്നവർക്കുപോലും സംശയമുണ്ടാകുമെന്ന് തോന്നുന്നില്ല. അതിനെതിരെ എന്തെല്ലാം അപവാദങ്ങളും നിയമ കുരുക്കുകളുമാണ് പ്രതിപക്ഷമുണ്ടാക്കുന്നത് എന്നുള്ളതാണ് ഇത്തരുണത്തിൽ ഏറ്റവും പ്രസക്തമായത്. കിഫ്ബി വായ്പകൾ അധികബാധ്യത ഭാവി കേരളത്തിനുണ്ടാക്കുകയില്ലെന്ന് കണക്കുകളും വസ്തുതകളും നിരത്തി മുൻ ധനകാര്യ വകുപ്പുമന്ത്രിയും ഇപ്പോഴത്തെ ധനകാര്യ വകുപ്പുമന്ത്രിയും എത്രയോ വട്ടം വിശദീകരിച്ചിട്ടും മനസ്സിലായില്ലെന്ന് നടിക്കുന്നത് പ്രതിപക്ഷം കാണിക്കുന്ന ആത്മവഞ്ചനയല്ലേയെന്ന് നിങ്ങൾ പരിശോധിക്കണം. ഇവിടെ ബഹുമാനപ്പെട്ട മുൻപ്രതിപക്ഷനേതാവും ശ്രീ. മഞ്ഞളാംകുഴി അലിയും കേരളത്തിന്റെ കടത്തെ സംബന്ധിച്ചാണ് കൂടുതലായും സംസാരിച്ചത്. കേരളം ചെയ്യരുതാത്ത കാര്യങ്ങളെല്ലാം ചെയ്ത് സംസ്ഥാനത്തിന്റെ കടം വർദ്ധിപ്പിക്കുന്നു, ജനിച്ചുവീഴുന്ന ഓരോ കുട്ടിക്കും അധികമായി കടമുണ്ടായിക്കൊണ്ടിരിക്കുന്നു എന്നതരത്തിൽ വലിയ

ആശങ്കകളും ആകുലതകളുമാണ് പ്രകടിപ്പിക്കുന്നത്. പക്ഷേ ഇന്ത്യയുടെ കടം എവിടെ ചെന്നുനിൽക്കുന്നുവെന്നും ഇന്ത്യയിലെ ഇപ്പോഴത്തെ പ്രതിസന്ധി എന്താണെന്നും ഇവരാരും സംസാരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടില്ല. ആദ്യപ്രസംഗം മുതൽ ഇവിടെ ഉണ്ടായിരുന്ന ആളാണ് ഞാൻ. ഇന്നുമാത്രമല്ല, കഴിഞ്ഞ ദിവസങ്ങളിലുൾപ്പെടെ അത്തരത്തിലുള്ള ഒരു ചർച്ചയും പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുണ്ടായില്ല. അത് ആരെ സപ്പോർട്ട് ചെയ്യാനും പ്രീതിപ്പെടുത്താനുമാണ് എന്നതാണ് ഈ അവസരത്തിൽ മനസ്സിലാക്കാവുന്നത്. നരേന്ദ്രമോദി സർക്കാർ അധികാരത്തിലേറുന്നതിനുമുമ്പ് ഇന്ത്യയുടെ കടം 56 ലക്ഷം കോടി രൂപയായിരുന്നുവെങ്കിൽ ഇപ്പോഴത് 139 ലക്ഷം കോടി രൂപയിലേയ്ക്കുവന്നത് പ്രതിപക്ഷം കാണാതെ പോകുന്നുവെന്നത് ആശങ്കയുളവാക്കുന്ന കാര്യമാണ്. നരേന്ദ്രമോദി സർക്കാർ അധികാരത്തിൽ വരുന്നതിനുമുമ്പ് പാചക വാതകത്തിന്റെ വില 385 രൂപയായിരുന്നത് ഇപ്പോൾ 1053 രൂപയായി. ഇവിടത്തെ സാധാരണക്കാർ എങ്ങനെയാണ് ജീവിക്കുക എന്നുള്ളതിൽ പ്രതിപക്ഷം ഒരാശങ്കയും പ്രകടിപ്പിക്കുന്നില്ല. രൂപയുടെ മൂല്യം കൂപ്പുകുത്തുന്നതിനനുസരിച്ച് വില വർദ്ധിക്കുന്ന സാഹചര്യമുണ്ട്. മുമ്പ് ഡോളറിന്റെ മൂല്യം 58 രൂപയായിരുന്നത് ഇപ്പോൾ 72.62 രൂപയിലേയ്ക്കും 80

രൂപയിലേയ്ക്കും എത്തിയ സാഹചര്യമുണ്ടായിരിക്കുന്നു. ഇത് ആരും പരാമർശിക്കുന്നില്ല. അതുപോലെതന്നെയാണ് പെട്രോളിന്റെ വിലയും. ലിറ്ററിന് 65 രൂപയായിരുന്ന പെട്രോളിന്റെ വില ഇന്ന് എത്രയാണ്? ആരുംതന്നെ അത്തരത്തിലുള്ള ഒരു പരാമർശവും നടത്തുന്നില്ല. 110 രൂപയ്ക്കും അതിനുമുകളിലേയ്ക്കും പെട്രോളിന്റെ വില വർദ്ധിക്കുമ്പോൾ നിത്യോപയോഗ സാധനങ്ങളുടെ വിലയും അതിനാനുപാതികമായി വർദ്ധിക്കുന്നുവെന്നുള്ള വസ്തുത മറന്നുകൊണ്ട് നിയമസഭയിൽ സംസാരിക്കാൻ കഴിയില്ല. തൊഴിലില്ലായ്മയുടെ കാര്യത്തിലാണ് ഏറ്റവും വലിയ ആശങ്കയുള്ളത്. വിദ്യാഭ്യാസം പൂർത്തീകരിച്ച് സമൂഹത്തിലേയ്ക്കിറങ്ങുന്ന യുവാക്കൾക്ക് എവിടെയാണ് തൊഴിലുണ്ടാകുന്നത്? മുമ്പ് തൊഴിലില്ലായ്മ 4 ശതമാനമായിരുന്നുവെങ്കിൽ ഇപ്പോഴത് 8 ശതമാനത്തിലേയ്ക്ക് എത്തിയിരിക്കുന്നു. അതാരും ചർച്ച ചെയ്യുന്നില്ല. യുവജന വിഭാഗത്തിന്റെ നേതാക്കൾ ഘോരഘോരമായി ഞങ്ങളെ കമ്മ്യൂണിസവും ജനാധിപത്യവും പഠിപ്പിക്കുന്നുണ്ട്. പക്ഷേ അവരാരും ജനങ്ങളുടെയും യുവാക്കളുടെയും ഇത്തരത്തിലുള്ള വിഷയങ്ങളെപ്പറ്റി ഒരു പരാമർശവും നടത്തുന്നില്ല എന്നത് വളരെയേറെ ആശങ്കയുളവാക്കുന്ന കാര്യമാണ്. എങ്ങനെയാണ് തൊഴിലില്ലായ്മയുണ്ടായത് എന്ന കാര്യം നാം പരിശോധിക്കേണ്ടതല്ലേ?

പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റുതുലയ്ക്കുന്ന സമീപനത്തിലേയ്ക്ക് കേന്ദ്ര സർക്കാർ പോയിക്കൊണ്ടിരിക്കുന്ന സാഹചര്യമുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിലുണ്ടായിരുന്ന തൊഴിൽ സാധ്യതകളെ ഇല്ലാതാക്കുന്നു. ഈ സ്ഥാപനങ്ങൾ സ്വകാര്യവത്കരിക്കപ്പെടുമ്പോൾ സംവരണ തത്വങ്ങൾ പാലിക്കേണ്ടതില്ല എന്നതിനാൽ പട്ടികജാതി വിഭാഗത്തിൽനിന്ന് വരുന്ന അംഗമെന്ന നിലയിൽ എനിക്ക് അതിലേറെ ആശങ്കയുണ്ട്. യുവാക്കൾക്ക് എങ്ങനെയാണ് തൊഴിൽ ലഭ്യമാകുന്നത് എന്ന ആശങ്ക ഈ അവസരത്തിൽ ഞാൻ പങ്കുവയ്ക്കുകയാണ്. ബാങ്ക്, റെയിൽവേ, സൈന്യം മുതലായവ ഏറ്റവും കൂടുതൽ തൊഴിൽദാതാക്കളായിരുന്ന സ്ഥാപനങ്ങളാണ്. ഇവയുടെ ഇപ്പോഴത്തെ അവസ്ഥയെന്താണ്? കേരളത്തിലെ ബാങ്കിംഗ് റിക്രൂട്ട്മെന്റ് ബോർഡ്, റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ് എന്നിവ നിർത്തലാക്കി. അതിനെക്കുറിച്ച് ആരെങ്കിലും പറയുന്നുണ്ടോ? അതുപോലെതന്നെയാണ് സൈന്യവും. രാജ്യസുരക്ഷയുടെ ഏറ്റവും പ്രധാനപ്പെട്ട കണ്ണിയാണ് സൈന്യമെന്ന കാര്യത്തിൽ ഭരണപക്ഷത്തോ പ്രതിപക്ഷത്തോ ഉള്ള എം.എൽ.എ.-മാർക്ക് തർക്കമുണ്ടാകുമെന്ന് തോന്നുന്നില്ല. കഴിഞ്ഞ ദിവസങ്ങളിൽ വന്ന വാർത്തകൾ എത്ര ആശങ്കാജനകമാണെന്ന് പരിശോധിക്കണ്ടേ; സൈന്യത്തെ കാവിവത്കരണത്തിന്റെ പാതയിലേയ്ക്ക്

കൊണ്ടുപോകുന്നത് നിയമസഭയിലല്ലാതെ എവിടെയാണ് പറയാൻ സാധിക്കുക? പ്രതിപക്ഷം നിയമസഭാ മന്ദിരത്തിന്റെ ഗേറ്റിന് പുറത്തുനിന്ന് പത്രസമ്മേളനം നടത്തിയാലൊന്നും അതിന് മറുപടിയാകുമെന്ന് തോന്നുന്നില്ല. നിയമസഭയ്ക്കുള്ളിൽ പറയേണ്ട കാര്യം ഇവിടെ പറയണ്ടേ, എന്തുകൊണ്ട് പറയുന്നില്ല; എന്താണ് 'അഗ്നിപഥ്'? നാല് വർഷത്തിനുശേഷം സൈന്യത്തിൽനിന്ന് പിരിഞ്ഞുപോകുമ്പോൾ പന്ത്രണ്ട് ലക്ഷം രൂപ നൽകുമെന്ന മോഹനവാഗ്ദാനം കൊടുത്തുകൊണ്ടാണ് യുവാക്കളെ സൈന്യത്തിലേയ്ക്ക് കരാറടിസ്ഥാനത്തിൽ ക്ഷണിച്ചിട്ടുള്ളത്.

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിക്കുന്നതിനുവേണ്ടി ഒരു മന്ത്രാലയംതന്നെ തുടങ്ങിയവരാണ് കോൺഗ്രസ് ഗവൺമെന്റ് എന്നുള്ളത് ബഹുമാനപ്പെട്ട അംഗത്തിനറിയാമോ?

<u>ശ്രീമതി സി. കെ. ആശ</u>: സർ, ആ രീതിക്ക് പിന്തുടർച്ചയെന്ന രീതിയിൽത്തന്നെയാണ് ഇപ്പോൾ അവർ പ്രവർത്തിച്ചത്. 'അഗ്നിപഥ്' വളരെയേറെ ബുദ്ധിമുട്ടും ആശങ്കയുമുണ്ടാക്കുന്ന കാര്യമാണ്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, പോയിന്റ് ഓഫ് ഓർഡർ. പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിക്കാൻ മന്ത്രാലയം തുടങ്ങിയ ശ്രീ. അരുൺ ഷൂരിയെ അതിന്റെ മന്ത്രിയാക്കിയത് ബി.ജെ.പി.

ഗവൺമെന്റാണ്. ബി.ജെ.പി. ചെയ്ത കാര്യവും കോൺഗ്രസ് ആകണമെന്നുപറയുന്ന വാശി ഞങ്ങൾക്ക് മനസ്സിലാകുന്നില്ല. ആ പരാമർശം പരിശോധിക്കണം.

മി. ചെയർമാൻ: പരിശോധിക്കാം.+

ശ്രീമതി സി. കെ. ആശ: സർ, അത് എതിർക്കപ്പെടുന്നില്ല എന്നുള്ളതാണ് ഞാൻ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന കാര്യം. ഞാൻ പറഞ്ഞുവന്നത് 'അഗ്നിപഥ്'-നെ സംബന്ധിച്ചാണ്. കരാറടിസ്ഥാനത്തിൽ സൈന്യത്തിൽ ചേർന്ന യുവാക്കളെ നാല് വർഷം കഴിഞ്ഞ് പിരിച്ചുവിടുമെന്നാണ്. അങ്ങനെ പിരിച്ചുവിടപ്പെടുന്നവരിൽ പ്രത്യേക നാമധാരികളുണ്ടാകുമെന്നുള്ളതിൽ ആർക്കും സംശയമുണ്ടാകില്ല. അതിനെക്കുറിച്ച് ഒരു വാക്ക് എനിക്കുമുമ്പ് സംസാരിച്ച മുസ്ലീം ലീഗിന്റെ ആരെങ്കിലും പറഞ്ഞതായി എനിക്ക് ബോധ്യപ്പെട്ടില്ല. അത്തരത്തിലുള്ള പ്രത്യേക നാമധാരികളെ, ഇവിടത്തെ മുസ്ലീം, ക്രിസ്ത്യൻ, ദളിത് വിഭാഗത്തിലുള്ള യുവാക്കളെ സൈന്യത്തിൽനിന്ന് മാറ്റിനിർത്തിക്കൊണ്ട് കേവലമായ 25 ശതമാനം പേർക്ക് മാത്രം സൈന്യത്തിൽ തുടരാനുള്ള സാഹചര്യമൊരുക്കുമ്പോൾ അതിവിദൂരമല്ലാത്ത ഭാവിയിൽ ഇന്ത്യൻ

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 13118/ഇ.ബി./2022/നി.സെ., തീയതി 22-07-2022) സഭാരേഖയിൽ നിലനിർത്തി.

സൈന്യം കാവിവത്കരണത്തിന്റെ പാതയിലാണെന്ന് പറയുവാൻ നിയമസഭയിൽ നിങ്ങൾക്കാർക്കും കഴിയാതെ പോകുന്നതോർത്ത് ഞാൻ ലജ്ജിക്കുകയാണ്. സർക്കാരിനെയും വകുപ്പുകളെയും സംബന്ധിച്ച് ഒട്ടേറെ കാര്യങ്ങൾ പറയാനുണ്ടായിരുന്നുവെങ്കിലും നാളെ നിയമസഭാ സമ്മേളനം അവസാനിക്കുന്നതിനാൽ ഇക്കാര്യം പറയാതെ പോയാൽ ആത്മനിന്ദയുണ്ടാകുമെന്നുള്ളതുകൊണ്ട് ഞാൻ ഈ ഉപധനാഭ്യർത്ഥന ചർച്ചയിൽ പറഞ്ഞുവെന്നുമാത്രം. റവന്യൂ, കൃഷി, പൊതുവിദ്യാഭ്യാസം, പൊതുഭരണം എന്നീ വകുപ്പുകളെല്ലാം മികച്ച പ്രവർത്തനങ്ങളാണ് കാഴ്ചവച്ചിട്ടുള്ളത്. റവന്യൂ വകുപ്പ് വളരെ ശ്ലാഘനീയമായ പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. വില്ലേജ് ഓഫീസുകൾ റവന്യൂ വകുപ്പിന്റെ അടിസ്ഥാന ഘടകങ്ങളാണ്. റവന്യൂ വകുപ്പിന്റെ പ്രവർത്തനത്തോടൊപ്പം ഒരു സേവന വകുപ്പ് എന്ന നിലയിൽ മറ്റ് വകുപ്പുകൾക്കാവശ്യമായ മുഴുവൻ രേഖകളും നൽകേണ്ടത് വില്ലേജ് ഓഫീസുകളാണ്. ഭൂമി തരംമാറ്റം ഉൾപ്പെടെ പരിശോധിക്കപ്പെടേണ്ട നിരവധി ചുമതലകളുണ്ട്. ചെറിയ ഡിപ്പാർട്ടുമെന്റുകൾക്കുപോലും വാഹനമുള്ളപ്പോൾ ഭൂമി തരംമാറ്റലിനും മറ്റും നേരിട്ടുപോയി പരിശോധന നടത്തുന്നതിന് വാഹനമില്ലാത്ത പ്രതിസന്ധി നിലനിൽക്കുന്നുണ്ട്. അതുകൊണ്ട് ഉടനെ എന്നുള്ളതല്ല, അത്തരത്തിലുള്ള

ആലോചനയ്ക്ക് തുടക്കംകുറിക്കണമെന്ന് ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. ഇ-പട്ടയം എന്നത് നാളത്തെ നാടിന്റെ ഭദ്രതയാണ്. അതിന്റെ ഡിജിറ്റൽ സർവ്വേ ഉൾപ്പെടെയുള്ളവ പൂർത്തീകരിക്കുന്നതിന് ഫണ്ടിന്റെ ആവശ്യമുണ്ട്. ഇക്കാര്യങ്ങളെല്ലാം ബഹുമാനപ്പെട്ട മന്ത്രി പരിഗണിക്കുമെന്ന് വിശ്വസിക്കുന്നു.

മി. ചെയർമാൻ: പ്ലീസ്....., അങ്ങ് പറഞ്ഞവസാനിപ്പിക്കു.

ശ്രീമതി സി. കെ. ആശ: സർ, ക്ഷീരഗ്രാമം പദ്ധതിയിൽ എം.എൽ.എ.-മാർക്ക് ഒരു കോടി രൂപ കിട്ടിക്കൊണ്ടിരുന്നത് ഇപ്പോൾ വെട്ടിക്കുറച്ചിരിക്കുകയാണ്. 140 മണ്ഡലങ്ങളിലെ ഒരു പഞ്ചായത്തിലെങ്കിലും ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കാനുള്ള തീരുമാനമെടുക്കണം. എല്ലാ വകുപ്പുകളും മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടത്തുന്നത്. വൈക്കം സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയിൽനിന്നും തീരുമാനമുണ്ടാകണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഉപധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു. നന്ദി, നമസ്കാരം.

ശ്രീ. എ. സി. മൊയ്തീൻ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. പ്രതിപക്ഷം ഉപധനാഭ്യർത്ഥനകളെ എതിർക്കേണ്ട

യാതൊരു കാര്യവുമില്ല. ഇവിടത്തെ ചർച്ചയുടെ ഭാഗമായി ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട കാര്യങ്ങൾക്കുവേണ്ടിയാണ് ഈ ഉപധനാഭ്യർത്ഥനകൾ അവതരിപ്പിച്ചിരിക്കുന്നത്. അതിലൊന്ന് എൺപത് വയസിന് മുകളിൽ പ്രായമുള്ള, മസ്റ്ററിംഗ് നടത്താൻ പ്രയാസപ്പെടുന്ന ആളുകൾക്ക് വാതിൽപ്പടി സേവനത്തിനുവേണ്ടിയുള്ളതാണ്. എറണാകുളം നഗരത്തിൽ ബ്രേക്ക്-ത്രൂ പദ്ധതിക്കുള്ള ചെലവുകളെക്കുറിച്ചും കുട്ടനാട് കോ-ഓർഡിനേഷൻ കൗൺസിൽ രൂപീകരിക്കുന്നതുമാണ് മറ്റൊരു കാര്യം. കുട്ടനാടിന്റെ പ്രശ്നം ഏതെങ്കിലുമൊരു മണ്ഡലത്തിന്റെ പ്രശ്നമല്ലല്ലോ? സംസ്ഥാനത്തെ എല്ലാ നിയമസഭാ മണ്ഡലങ്ങളിലെയും പ്രധാന കേന്ദ്രങ്ങളിൽ മൊബൈൽ റേഷൻ കടകൾ ആരംഭിക്കുകയെന്നത് ബഡ്ജറ്റ് പ്രഖ്യാപനമാണ്. വീടിനടുത്ത് ജോലി ചെയ്യാൻ പുതിയ കാലഘട്ടത്തിന്റെ ആവശ്യം വന്നതാണ് അതിനുള്ള കാര്യം. കുട്ടനാട് വികസന പാക്കേജിനുകീഴിൽ വെള്ളപ്പൊക്ക നിയന്ത്രണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനുമുള്ള ചെലവുകൾക്കും പരിഗണനയുണ്ട്. ടൂറിസം മേഖലയ്ക്ക് ഊർജ്ജം പകരാനുള്ള പദ്ധതി ഇന്ന് രാവിലെ സഭയിൽ ചർച്ച ചെയ്തതാണ്. മാന്നാനത്തെ ചാവറ സാംസ്കാരിക ഗവേഷണ കേന്ദ്രത്തിലെ പ്രവർത്തനങ്ങൾക്കും കാർഷിക മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണനത്തിന് സിയാൽ മാതൃകയിൽ

മാർക്കറ്റിംഗ് കമ്പനി സ്ഥാപിക്കുന്നതിനും പലിശ സബ്സിഡിയുടെ കാര്യത്തിലും പരിഗണനയുണ്ട്. ഇവയൊന്നും വേണ്ടെന്ന് പറഞ്ഞ് നിഷേധിക്കേണ്ട കാര്യമായി ഞാൻ കാണുന്നില്ല. വസ്തുതകളോ അടിസ്ഥാനപരമായ കാര്യങ്ങളോ ഉയർത്തിക്കൊണ്ടല്ല പ്രതിപക്ഷം ഗവൺമെന്റ് നിലപാടുകളെ വിമർശിക്കുന്നത്. വേണ്ടത്ര ഗൃഹപാഠം നടത്താതെ ഗവൺമെന്റിനെ അടിക്കാൻ ഏതെങ്കിലും വടി കിട്ടിയാൽ അതെടുത്ത് ഉപയോഗിക്കുക എന്ന സമീപനമാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. അതുകൊണ്ടുതന്നെയാണ് നിങ്ങളുടെ വിശ്വാസ്യത തകരുന്നത്. ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവിന് ഇന്ന് നിങ്ങൾ പ്രസംഗിക്കാൻ അവസരം കൊടുത്തതിൽ സന്തോഷവും നന്ദിയുമുണ്ട്. അദ്ദേഹത്തിന്റെ രണ്ട് പ്രസംഗങ്ങൾ നിങ്ങൾതന്നെ തടസ്സപ്പെടുത്തിയതാണ്. അദ്ദേഹം അവസാനം പറഞ്ഞത് ഈ ബദൽ കേരളത്തിന് വേണ്ട എന്നാണ്. കേരളത്തിന് ഈ ബദൽ വേണമെന്നാണ് 2021-ലെ തെരഞ്ഞെടുപ്പിൽ ജനങ്ങൾ വിധിയെഴുതിയത്. അതുകൊണ്ടാണ് നിങ്ങൾ അപ്പുറത്തിരിക്കുന്നത്. ഏത് ജനവിധിയുടെ അടിസ്ഥാനത്തിലാണ് നിങ്ങളിത് പറയുന്നത്? ആ ബദലുകളെക്കുറിച്ച് എല്ലാവരും സൂചിപ്പിച്ചു. ഞാൻ ഒരു കാര്യം മാത്രം പറയുന്നു. ഡിജിറ്റൽ ഡിവൈഡിനെക്കുറിച്ച് സഭ ചർച്ച

ചെയ്തതല്ലേ? രാജ്യം ഡിജിറ്റൽ സംവിധാനത്തിലേയ്ക്ക് പോകുകയാണ്. ദുർബല ജനവിഭാഗങ്ങളെ തള്ളാൻ പാടില്ല എന്നുള്ളതിനാൽ സഭയുടെ പൊതുചർച്ചയുടെ ഫലമായി കെ-ഫോൺ പദ്ധതി ഗവൺമെന്റ് പ്രാവർത്തികമാക്കുകയാണ്, അതിന് എല്ലാ അംഗീകാരവും ലഭിച്ചു. അത് ഒരു ബദലായി കാണണ്ടേ; ആ ബദൽ വേണ്ട എന്നാണോ നിങ്ങളുടെ നിലപാട്? തെരഞ്ഞെടുപ്പ് കാലത്തും കേരളത്തിന്റെ ബദലുകളൊക്കെ പിശകാണെന്ന് പറയുകയാണ് നിങ്ങൾ ചെയ്തത്. പ്രതിപക്ഷം ആവർത്തിക്കുന്ന സാമ്പത്തിക പ്രതിസന്ധിയെ സംബന്ധിച്ച് വലിയ വിമർശനം ഇന്നും ഉയർന്നുവന്നു. നികുതി-നികുതിയേതര വരുമാനം പിരിച്ചെടുക്കാൻ സാധിച്ചില്ലെന്ന ആക്ഷേപമുണ്ടായി. ഇന്നലെയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അക്കാര്യത്തിലുള്ള വിശദീകരണം നൽകിയത്. നികുതി പിരിച്ചെടുക്കുന്ന കാര്യത്തിൽ കഴിഞ്ഞ മൂന്ന് വർഷമായി സംസ്ഥാനത്തെ സ്ഥിതി എന്തായിരുന്നു; ഏതെങ്കിലും ഒരു ഗവൺമെന്റ് വന്നതിന്റെ ഭാഗമായിട്ടുണ്ടായതാണോ; പ്രളയകാലത്ത് ഇളവുകൾ കൊടുക്കാനും നികുതി പിരിക്കേണ്ടെന്നും തീരുമാനിച്ചത് നമ്മൾതന്നെയല്ലേ; കോവിഡ് കാലത്ത് ലോക്ഡൗണുമായി ബന്ധപ്പെട്ട പ്രതിസന്ധിയുടെ കാലത്ത് ഏത് നികുതി പിരിക്കാനാണ് സർക്കാരിന് സാധിക്കുമായിരുന്നത്. ഡിപ്പാർട്ടുമെന്റിന്റെ

ഭാഗത്തുനിന്നുണ്ടാകേണ്ട കരുതലുകളെക്കുറിച്ച് ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. അത്തരമൊരു സാഹചര്യമുണ്ടെന്ന് കാണാതെയാണ് ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവിന്റെ വിമർശനം. അത് സ്വീകാര്യമല്ലാത്തതാണ്. കിഫ്ബി വായ്പയെക്കുറിച്ചുള്ള കാര്യങ്ങളിൽ നിങ്ങൾ ഉറച്ച് നിൽക്കുന്നുണ്ടോ? മുമ്പും കിഫ്ബിയെക്കുറിച്ച് നിങ്ങൾ വിമർശനങ്ങൾ ഉയർത്തിയിട്ടുണ്ട്. ഇക്കാര്യം സഭ ചർച്ച ചെയ്ത് നിയമമുണ്ടാക്കി അതിന്റെ ഭാഗമായി കിഫ്ബി ലോണെടുത്തു. അതിനെതിരെ സി&എ.ജി.-യെ കൂടി പ്രയോജനപ്പെടുത്തി ഇ.ഡി. വരുന്നതിൽ നിങ്ങൾ സന്തോഷിക്കുകയാണ്. അതും നിങ്ങൾതന്നെ പറയണം. ഞാൻ അതിന്റെ വിശദാംശങ്ങളെക്കുറിച്ചോ കോൺഗ്രസിന്റെ ദൗർബല്യങ്ങളെക്കുറിച്ചോ പറയുന്നില്ല. ഇ.ഡി.-യെക്കുറിച്ച് അഖിലേന്ത്യാ തലത്തിലുള്ള കോൺഗ്രസിന്റെ നിലപാട് ഇവിടെ വരുമ്പോൾ മാറുന്നുവെന്നത് സഭ ചർച്ച ചെയ്തതാണ്. കേരളത്തിന്റെ സാമ്പത്തികസ്ഥിതി ഇങ്ങനെയായിരിക്കുമ്പോൾ ഇ.ഡി. വരുന്നതിൽ സന്തോഷിച്ച്, ബഡ്ജറ്റിന് പുറത്ത് കടമെടുത്ത് ആരംഭിച്ച വികസന പ്രവർത്തനങ്ങൾ മുടങ്ങണമെന്നാണോ നിങ്ങൾ ആഗ്രഹിക്കുന്നത്? വഖഫ് ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടതുകൊണ്ടാണ് ഈ ശാപമുണ്ടായതെന്ന്

ശ്രീ. മഞ്ഞളാംകുഴി അലി പറഞ്ഞു. ഈ ശാപമൊന്നുമില്ലാത്ത നിങ്ങൾ അപ്പുറത്ത് ഇരിക്കേണ്ടിവന്നത് ഏത് വിധിയുടെ ഭാഗമായാണ്?

ശ്രീ. പി. ടി. എ. റഹീം: സർ, വഖഫ് ബോർഡുമായി ബന്ധപ്പെട്ട നിയമം ഓർഡിനൻസ് മുഖേന കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കൊണ്ടുവന്നതാണ്. അതിനുശേഷമാണ് പൊതുതെരഞ്ഞെടുപ്പ് വന്നത്. അതിലാണ് 99 സീറ്റുകളിൽ നമ്മൾ വിജയിച്ചത്. ഇത് അന്ന് ആരും ചർച്ചയാക്കിയിട്ടില്ലെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, വഖഫ് ബോർഡിനെക്കുറിച്ച് പറയാൻ ഉദ്ദേശിച്ചതല്ല.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, (....മൈക്ക് ഓഫ്....)

ശ്രീ. എ. സി. മൊയ്തീൻ: സർ, വഖഫ് ബോർഡ് നിയമനങ്ങളിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ കൃത്യമായി സർക്കാരിന്റെ നിലപാട് ഇന്ന് രാവിലെ ഇവിടെ വ്യക്തമാക്കിയിട്ടുണ്ട്. പക്ഷേ നിങ്ങൾ അതിനെ എതിർത്തവരാണ്. ഞാൻ നിയമസഭാ കമ്മിറ്റിയിൽവന്ന ഒരു വിയോജനക്കുറിപ്പ് വായിക്കാം. മുസ്ലീം ലീഗ് എം.എൽ.എ. ശ്രീ. പി. ഉബൈദുള്ളയുടേതാണ് ആ വിയോജനക്കുറിപ്പ്. "വഖഫ് ബോർഡിന്റെ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തുമ്പോൾ നിലവിൽ

ബോർഡിൽ വർഷങ്ങളായി ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്തിയതിനുശേഷം പിന്നീട് വരുന്ന നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടണമെന്ന രീതിയിൽ വ്യവസ്ഥ ചെയ്യുന്നതാണ് ഉചിതം". ഇത് നിങ്ങളുടെ കുറിപ്പാണ് (വിയോജനക്കുറിപ്പ് ഉയർത്തിപ്പിടിച്ചു). ഇതിന്റെ കോപ്പി വേണമെങ്കിൽ മേശപ്പുറത്തുവയ്ക്കാം. ഇതിന്റെ ഭാഗമായി ബഹുമാനപ്പെട്ട പി. കെ. ബഷീർ പ്രസംഗിച്ചപ്പോൾ പറഞ്ഞത് "സമുദായത്തിന് ഒരു പ്രശ്നം വന്നാൽ ഞങ്ങൾ ചാടിയിറങ്ങും" എന്നാണ്; ഇത് ലീഗിന്റെ നിലപാടാണോ? ഇക്കാര്യം പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് ഗൗരവപൂർവ്വം ആലോചിക്കേണ്ടതാണ്. സമുദായത്തിന് ഒരു പ്രശ്നം വന്നാൽ ചാടിയിറങ്ങാൻ വേണ്ടിയുള്ളതാണോ എം.എൽ.എ. പണി; നിങ്ങളും ഭരണഘടന തൊട്ട് സത്യംചെയ്ത ആളുകൾ തന്നെയല്ലേ; മതേതര ജനവിഭാഗത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻവേണ്ടി എം.എൽ.എ. ആയി സത്യം ചെയ്ത ഒരാൾ ഇങ്ങനെ പറയുന്നത് ശരിയാണോ? അദ്ദേഹം ആലോചിച്ചാണ് പറഞ്ഞതെന്ന് ഞാൻ കരുതുന്നില്ല. പക്ഷേ ലീഗിന് അതുണ്ടാക്കുന്ന അപകടം നിങ്ങൾ കാണണം. നിങ്ങളെക്കുറിച്ച് ഇത്തരം വർത്തമാനം പറയുന്നവർ ലീഗിനകത്ത് വർഗ്ഗീയ സ്വാധീനം വർദ്ധിക്കാൻ ഇടയാക്കുന്നുവെന്നുള്ള അപകടം മനസ്സിലാക്കണം. ഒരു മതേതര സ്വഭാവം

സ്വീകരിക്കുന്ന പാർട്ടിയാണ് മുസ്ലീം ലീഗ് എന്നാണ് പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് പതിവായി പറയാറുള്ളത്. ഈ പ്രസംഗത്തിന്റെ അടിസ്ഥാനത്തിലാണെങ്കിൽ ലീഗിനകത്ത് പിടിമുറുക്കാൻ ശ്രമിക്കുന്ന വർഗ്ഗീയ ശക്തികൾക്ക് സ്വാധീനം വർദ്ധിക്കും. ആർ.എസ്.എസ്. ഈ വിഷയം നിങ്ങളെ ചൂണ്ടിക്കൊണ്ട് പറയുന്നത് ഇതുകൊണ്ടാണ്. അത്തരത്തിൽ ഒരു സമുദായത്തെ തെറ്റായി ചിത്രീകരിക്കാവുന്ന പ്രസംഗം നിയമസഭയിൽ നടത്തരുതെന്ന് ഞാൻ പറയുകയാണ്. ഇത് വളരെ ഗൗരവപൂർവ്വം കാണേണ്ട കാര്യമാണ്. ഇത് ഞാൻ സാന്ദർഭികമായി സൂചിപ്പിച്ചുപോയതാണ്. പറയണമെന്ന് ആഗ്രഹിച്ച വിഷയമല്ല. കേരളത്തിന്റെ ബദലുകളെ നടപ്പിലാക്കാൻ നിങ്ങൾ അനുവദിക്കുമോ? നാഷണൽ ഹൈവേയുടെ കാര്യം ഇവിടെ പറഞ്ഞു. അന്നുവന്നു വയൽകിളികൾ. നിങ്ങൾ സംഘടിപ്പിച്ചതല്ല, പക്ഷേ നിങ്ങൾ അതിന്റെകൂടെ ചേർന്നു. പക്ഷേ ജനങ്ങൾക്ക് അതൊരു ആവശ്യമാണെന്ന് ബോധ്യപ്പെടുത്താൻ സാധിച്ചു. കേരളത്തിൽ അത് നടപ്പിലായില്ലേ? നിരവധി കാര്യങ്ങൾ ഇതിന്റെ ഭാഗമായി ഞാൻ പറയാം. സംസ്ഥാന ഗവൺമെന്റിന്റെ ഇടപെടലിന്റെ ഫലമായി കേരളത്തിന്റെ വ്യാവസായിക വളർച്ചയ്ക്ക് വലിയ സംഭാവന നൽകുന്നരീതിയിൽ വ്യവസായ ഇടനാഴി വരികയാണ്.

നിയമസഭയിൽ കഴിഞ്ഞ ദിവസം വ്യവസായ വകുപ്പിന്റെ ഒരു പ്രദർശനമുണ്ടായിരുന്നു. അതുമായി ബന്ധപ്പെട്ട് കേരളത്തിലെ എം.എസ്.എം.ഇ.-കൾക്കുണ്ടാകുന്ന വളർച്ച കാണേണ്ടതാണ്. വ്യവസായ ഇടനാഴിയുടെ ഭാഗമായി മലമ്പുഴയിൽ ഭൂമി ഏറ്റെടുത്തതിനെക്കുറിച്ച് മലമ്പുഴ എം.എൽ.എ. സംസാരിക്കുമ്പോൾ പറയുകയുണ്ടായി. കേരളത്തിന്റെ വ്യവസായ വികസനത്തിനുവേണ്ടി നടന്ന ഈ കാര്യങ്ങൾ നമ്മൾ കാണണ്ടേ? ആരോഗ്യരംഗത്തെക്കുറിച്ചും ഇതുപോലെ നിങ്ങൾ ആക്ഷേപങ്ങൾ ഉന്നയിക്കുകയാണ്. കേരളം ആരോഗ്യരംഗത്ത് ഒന്നാമത് എത്തിയതിൽ അഭിമാനിക്കുകയല്ലേ വേണ്ടത്. കേരളത്തിന്റെ പൊതുവിദ്യാഭ്യാസ രംഗത്തുൾപ്പെടെ കിഫ്ബിയും മറ്റുമുണ്ടാക്കിയ നേട്ടങ്ങൾ എല്ലാ മണ്ഡലങ്ങളിലും ഉണ്ടായില്ലേ? എന്നിട്ടും നിങ്ങൾ അതിനെ നിഷേധിക്കുന്ന സമീപനം സ്വീകരിക്കുകയാണ്. കേരളത്തിൽ എന്താണ് നടന്നതെന്ന് കേരളത്തിലെ മുൻ പ്രതിപക്ഷനേതാവ് ചോദിക്കുകയാണ്. ഈ നേട്ടങ്ങൾ തുടരണമെന്നാണ് കേരളത്തിലെ ജനങ്ങൾ ആഗ്രഹിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മെയിന്റനൻസ് ഗ്രാന്റിനെക്കുറിച്ച് അദ്ദേഹം ആക്ഷേപം ഉന്നയിച്ചു. കഴിഞ്ഞ വർഷം എത്ര തുകയാണോ കിട്ടിയത് അത് കൊടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് കഴിഞ്ഞ ദിവസം

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി മറുപടി പറഞ്ഞിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രോജക്ടുകളുടെ നടത്തിപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ എഞ്ചിനീയറിംഗ് പാസ്സായ കുട്ടികളെ പ്രയോജനപ്പെടുത്താനുള്ള പുരോഗമനപരമായ നടപടി സ്വീകരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കാൻ നിൽക്കുന്ന ഗവൺമെന്റാണിത്. യു.ഡി.എഫ്. അഞ്ച് വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുത്ത വിഹിതവും കഴിഞ്ഞ ആറ് വർഷക്കാലം എൽ.ഡി.എഫ്. ഗവൺമെന്റ് കൊടുത്ത വിഹിതവും പരിശോധിച്ചാൽ ഈ മാറ്റം ബോധ്യപ്പെടുന്നതാണ്. എല്ലാ ക്ഷേമ പെൻഷനുകൾക്കും കുടിശ്ശിക ഉണ്ടെന്നാണ് നിങ്ങൾ പലപ്പോഴും പറയാറുള്ളത്. ഏത് ക്ഷേമ പെൻഷനുകളാണ് കുടിശ്ശികയുള്ളതെന്ന് വ്യക്തമാക്കുു. 35,000 കോടി രൂപ 56 ലക്ഷം ആളുകൾക്ക് കുടിശ്ശികയില്ലാതെ ഈ മാസംവരെ പെൻഷൻ കൊടുക്കാൻ കഴിഞ്ഞ ഈ ഗവൺമെന്റിനെ അപമാനിക്കുന്ന യു.ഡി.എഫ്.-നെ ജനം അപ്പുറത്തിരുത്തിയതിൽ തെറ്റില്ലെന്ന് പറയാൻവേണ്ടിയാണ് ഞാനിത് സൂചിപ്പിച്ചത്. വസ്തുതകൾ പരിശോധിക്കുന്ന രീതിയിലേയ്ക്ക് ക്രിയാത്മകമായി ഇടപെടാൻ പ്രതിപക്ഷം തയ്യാറാകണമെന്നാണ് എനിക്ക് ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്.

സംസ്ഥാനത്തിന്റെ സാമ്പത്തിക വരുമാനത്തെ ഞെരുക്കാൻവേണ്ടിയുള്ള പരിശ്രമങ്ങൾ നടക്കുന്നുണ്ട്. വലിയ പ്രയാസങ്ങൾ നേരിടുന്ന സമയത്ത് ശ്രീ. നരേന്ദ്രമോദിക്കുവേണ്ടി ആരും സംസാരിക്കരുത്. ഇവിടെ ശ്രീ. എ. എൻ. ഷംസീറിനെക്കുറിച്ച് പറഞ്ഞത് അമിത് ഷായ്ക്ക് പഠിക്കുകയാണെന്നാണ്. പ്രതിപക്ഷം കേന്ദ്ര ഗവൺമെന്റിന്റെ ദുഷ്ചെയ്തികളെ ചോദ്യം ചെയ്യാതെ, സംസ്ഥാന താൽപ്പര്യങ്ങൾക്ക് എതിരായ നിലപാടുകളെ ചോദ്യം ചെയ്യാതിരിക്കുമ്പോൾ നിങ്ങൾ മോദിക്ക് പഠിക്കുകയാണെന്ന് ഞങ്ങൾക്ക് പറയേണ്ടിവരും. രാസവളങ്ങളുടെ വില, പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില എന്നിവ വർദ്ധിപ്പിച്ച് രാജ്യത്ത് വിലക്കയറ്റമുണ്ടാക്കുന്ന ബി.ജെ.പി. ഗവൺമെന്റിനെക്കുറിച്ച് യു.ഡി.എഫ്.-ന് ഒരു ആക്ഷേപവുമില്ല. സംസ്ഥാന ഗവൺമെന്റിനെക്കുറിച്ചാണ് ആക്ഷേപം ഉന്നയിക്കുന്നത്. ഇപ്പോൾ പാർലമെന്റ് സമ്മേളനം നടക്കുകയല്ലേ, അവിടെയെങ്കിലും പറയാൻ തയ്യാറാകണം. കേരളത്തിന്റെ താൽപ്പര്യം സംരക്ഷിക്കാൻ നിങ്ങൾ തയ്യാറാകുകയാണ് വേണ്ടത്. ജനങ്ങളുടെ താല്പര്യത്തിനെതിരായ നിങ്ങളുടെ അന്ധമായ നിലപാടുകളാണ് നിങ്ങളെ എടുത്തുചാടിയുള്ള സമരത്തിന് പ്രേരിപ്പിക്കുകയും തെറ്റായ ആശയങ്ങളിലേയ്ക്ക് പോയി ജനങ്ങളിൽനിന്ന് ഒറ്റപ്പെട്ട്, എടുത്ത മുദ്രാവാക്യങ്ങളൊന്നും

പ്രാവർത്തികമാക്കാൻ സാധിക്കാതെ പിന്തിരിഞ്ഞ് പോകുകയും ചെയ്യേണ്ടിവരുന്ന സ്ഥിതിയുണ്ടാക്കുന്നത്. പ്രതിപക്ഷം ഇന്ന് കൊണ്ടുവന്ന അടിയന്തരപ്രമേയ നോട്ടീസ് നിഷേധിച്ചു. ശ്രീ. കെ. എസ്. ശബരീനാഥൻ കുറ്റം സമ്മതിച്ചുവെന്നാണ് ഞാൻ പത്രത്തിൽ വായിച്ചത്. കുറ്റം സമ്മതിച്ചിട്ടുണ്ടോ ഇല്ലയോ എന്ന് നിങ്ങളാണ് പറയേണ്ടത്. കോടതി രേഖവച്ചല്ല, പത്രത്തിൽ കണ്ടതുവച്ചാണ് ഞാൻ പറയുന്നത്. കുറ്റം സമ്മതിച്ച ഒരാളെ പിന്നെ പോലീസ് എന്താണ് ചെയ്യേണ്ടത്? ഈ ചോദ്യം ന്യായമല്ലേ? എല്ലാ പത്രത്തിലുമുണ്ട്, റിമാൻഡ് റിപ്പോർട്ടിലുമുണ്ട്. (......ബഹളം.....) കുറ്റം സമ്മതിച്ച ഒരാളുടെ പേരിൽ കേസെടുക്കാൻ പാടില്ല എന്ന ന്യായം നിങ്ങൾ ഉന്നയിക്കുന്നുണ്ടെങ്കിൽ അത് വലിയ നിയമപ്രശ്നമാകും.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, പോയിന്റ് ഓഫ് ഓർഡർ.

മി. ചെയർമാൻ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ശ്രീ. കെ. എസ്. ശബരീനാഥനുമായി ബന്ധപ്പെട്ട കേസിന്റെ കാര്യം രാവിലെ അടിയന്തരപ്രമേയമായി വന്നപ്പോൾ ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി ചട്ടം ഉദ്ധരിച്ചുകൊണ്ട് ആ വിഷയം ഇവിടെ ചർച്ച ചെയ്യാൻ പാടില്ലെന്ന്

പറഞ്ഞിരുന്നു. ഇപ്പോൾ ചർച്ച ചെയ്യുന്നത് ഏത് ചട്ടത്തിന്റെ അടിസ്ഥാനത്തിലാണ്?

മി. ചെയർമാൻ: അത് പരിശോധിച്ച് തീരുമാനിക്കാം+.

ശ്രീ. എ. സി. മൊയ്തീൻ: സർ, അതിൽ ഒരു പോയിന്റുമില്ല. പ്രതിപക്ഷം നടത്തുന്ന ചില സമരങ്ങൾ, ഈ സഭയ്ക്കകത്ത് കൊണ്ടുവരുന്ന മുദ്രാവാക്യങ്ങൾ വീണ്ടുവിചാരവും ദീർഘവീക്ഷണവും ആലോചനയുമില്ലാതെ സ്വീകരിക്കുന്നതിന്റെ ഭാഗമായി പിന്തിരിഞ്ഞുപോകേണ്ടിവരുന്ന ലജ്ജാകരമായ നിലപാടിനെക്കുറിച്ചാണ് ഞാൻ സൂചിപ്പിച്ചത്. അത്തരമൊരു നിലപാട് സ്വീകരിക്കേണ്ടതുണ്ടോയെന്ന് നിങ്ങൾ പരിശോധിക്കണം. രാജ്യത്ത് ഉയർന്നുവരുന്ന വിപത്തിൽനിന്നും സംസ്ഥാനത്തെ രക്ഷിക്കാൻ, സംസ്ഥാനത്തെ ഒരു മാതൃകയാക്കാൻ നമുക്ക് ഒരുമിച്ച് നിൽക്കണം. അതിന് ഈ ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി എതിർക്കുകയാണ്. ഇവിടെ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ച ഭരണകക്ഷി

\+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ. 13151/ഇ.ബി./2022/നി.സെ., തീയതി 21-07-2022) സഭാരേഖയിൽ നിലനിർത്തി.

അംഗങ്ങളെല്ലാവരും ചോദിക്കുന്നു, നിങ്ങൾ എന്തുകൊണ്ടാണ് ശ്രീ. നരേന്ദ്ര മോദിയെയും അദ്ദേഹത്തിന്റെ സാമ്പത്തിക നയത്തെയും വിമർശിക്കാത്തതെന്ന്. ഇവിടെ കേരളത്തിന്റെ ബഡ്ജറ്റിനെക്കുറിച്ചുള്ള ചർച്ചയാണ് നടക്കുന്നത്. കേരളത്തിലെ കാര്യങ്ങളല്ലേ ഞങ്ങൾക്ക് ഫോക്കസ് ചെയ്യാൻ സാധിക്കുകയുള്ളൂ. ഇവർ എല്ലാവരും എന്തുകൊണ്ടാണ് കോൺഗ്രസ് അംഗങ്ങൾ അത് പറഞ്ഞില്ലെന്ന തരത്തിൽ സംസാരിക്കുന്നത്. (....ബഹളം......)

<u>മി. ചെയർമാൻ</u>: പ്ലീസ്..... പ്ലീസ്...... നിശബ്ദരാകൂ, പ്രതിപക്ഷനേതാവ് സംസാരിക്കട്ടെ.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ സംസാരിച്ച് തുടങ്ങുമ്പോൾതന്നെ ഇങ്ങനെ ബഹളമുണ്ടാക്കുന്നത് ശരിയല്ല. എത്ര ബഹളമുണ്ടാക്കിയാലും പറയാനുള്ള കാര്യങ്ങൾ മുഴുവൻ പറഞ്ഞതിനുശേഷമേ ഞാൻ ഇവിടെനിന്നും പോകുകയുള്ളൂ. ഈ ഗവൺമെന്റ് അധികാരത്തിൽവന്ന് ഒരു വർഷം പൂർത്തിയായിരിക്കുകയാണ്. ഇവർ എന്താണ് അവകാശപ്പെട്ടത്? 2016-ൽ എൽ.ഡി.എഫ്. ജനങ്ങൾക്ക് നൽകിയ 600 തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങളിൽ 570 എണ്ണവും പൂർത്തീകരിച്ചെന്ന് നിയമസഭയിലും നിയമസഭാ തെരഞ്ഞെടുപ്പുവേളയിലും തൃക്കാക്കര ഉപതെരഞ്ഞെടുപ്പിലും പറഞ്ഞു.

അവാസ്തവമായ ഒരു കാര്യം ആയിരംവട്ടം ആവർത്തിച്ച് പറഞ്ഞാൽ സത്യമാകുമെന്നുള്ള തരത്തിലാണ് ഇവരിത് പറഞ്ഞുകൊണ്ടിരിക്കുന്നത്. ഈ അവകാശവാദം ഞങ്ങൾ സൂക്ഷ്മമായി പരിശോധിച്ചു. മേഖലാടിസ്ഥാനത്തിലെ വാഗ്ദാനങ്ങളുടെ എണ്ണവും നിങ്ങളുടെ പ്രോഗ്രസ്സ് റിപ്പോർട്ടും പരിശോധിച്ചു. കൃഷിയിലുള്ള 70 വാഗ്ദാനങ്ങൾ മുതൽ ഭരണപരിഷ്കാരത്തിലുള്ള 18 വാഗ്ദാനങ്ങൾ വരെ ഒരു ടീം വിശദമായി പരിശോധിച്ചു. ഈ പ്രോഗ്രസ്സ് റിപ്പോർട്ടിലെ നിർവ്വഹണ വിവരണവും ഇവരുടെ ഇപ്പോഴത്തെ സ്ഥിതിയും പരിശോധിച്ചതിനുശേഷമാണ് ഇത് ഗൗരവതരമായി ഇവിടെ ഉന്നയിക്കുന്നത്. 600-ൽ 570 എണ്ണം പൂർത്തീകരിച്ചുവെന്നാണ് ഇവർ പറഞ്ഞത്. എന്നാൽ നൂറെണ്ണംപോലും പൂർത്തീകരിച്ചിട്ടില്ല. ഇത് ഓരോ സെക്ടർ തിരിച്ച്, സബ്ജക്ട് തിരിച്ച് ആരുമായും ഡിബേറ്റ് ചെയ്യാൻ ഞങ്ങൾ തയ്യാറാണ്. കാർഷികോൽപ്പന്നങ്ങൾക്ക് ആദായവില ഉറപ്പാക്കുമെന്നത് മുതൽ കെ.എസ്.ആർ.ടി.സി.-യുടെ കടഭാരം ഏറ്റെടുക്കുന്നത്, കഞ്ചിക്കോട് ഫാക്ടറി നടപ്പാക്കുന്നത്, കോഴിക്കോട് വിമാനത്താവളം ഉൾപ്പെടെയുള്ള കാര്യങ്ങൾ. സമയക്കുറവുകൊണ്ട് ഞാൻ അധികം പറയുന്നില്ല. കൊട്ടിഘോഷിച്ച് പ്രഖ്യാപിച്ച കുട്ടനാട് പാക്കേജ്, ഇടുക്കി പാക്കേജ്, വയനാട് പാക്കേജ്,

മലബാർ വികസന പാക്കേജ്, തീരദേശ പാക്കേജ് എന്നിങ്ങനെ പതിനായിരക്കണക്കിന് കോടി രൂപയുടെ പ്രഖ്യാപനങ്ങൾ നടത്തിയിട്ട് ചെറുവിരൽപോലും അനക്കിയിട്ടില്ല. എന്നിട്ട് യാതൊരുവിധ വിഷമവുമില്ലാതെ പി.ആർ. ഏജൻസികളുടെ പിൻബലത്തോടുകൂടി 600-ൽ 570 എണ്ണവും പൂർത്തിയാക്കിയെന്ന വ്യാപകമായ ക്യാമ്പയിനിംഗ് നടത്തി. എന്നാൽപ്പിന്നെ കേരളം സ്വർഗ്ഗമായി മാറില്ലേ; പിന്നെ നമ്മൾ സ്വർഗ്ഗത്തിൽ പോകുന്നതെന്തിനാണ്, കേരളത്തിൽ നിന്നാൽപോരേ? അവാസ്തവമായ പ്രചരണമാണ് നിങ്ങൾ നടത്തിയത്. കേരളം കടന്നുപോകുന്നത് ഏറ്റവും കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ്, അത് മറച്ചുവയ്ക്കാൻ കഴിയില്ല. സൂര്യനെ മുറംകൊണ്ട് മറച്ചുവയ്ക്കരുതെന്ന് പറയും. കേരളം നേരിടുന്ന രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയെ എങ്ങനെ മറച്ചുവയ്ക്കാൻ കഴിയും. കനത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കേരളം പോകുന്നത്. അതിൽ കേന്ദ്ര ഗവൺമെന്റിന്റെ നിസ്സഹരണത്തെക്കുറിച്ച് ഞങ്ങൾ പാർലമെന്റിലും ജി.എസ്.ടി. കൗൺസിലിലും പറയേണ്ട കാര്യങ്ങൾ ശക്തമായി പറയുന്നുണ്ട്, ഒരു സംശയവും വേണ്ട. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇന്ത്യയിലെ പ്രതിപക്ഷ ധനകാര്യ വകുപ്പുമന്ത്രിമാരുടെ കോ-ഓർഡിനേഷൻ നടത്തുന്നതിന് കേരളത്തിലെ

കോൺഗ്രസുകാരാണ് സഹായിച്ചത്, ഡോ. ടി. എം. തോമസ് ഐസക്കിനോട് ചോദിച്ചാലറിയാം. ശ്രീ. രാഹുൽ ഗാന്ധി ഇടപെട്ട് സംസ്ഥാനത്തിന്റെ പൊസിഷൻ ക്ലിയർ ചെയ്യുന്നതിനുവേണ്ടി, നമ്മുടെ നിലപാടുകൾ വളരെ കൃത്യമായി പറഞ്ഞു. ഇപ്പോൾ ജി.എസ്.ടി.-യെ സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ പ്രത്യാശാനിർഭരമായ ഒരു വിധിയുണ്ടായി. Supreme Court held that 'there is no provision which states that all the decisions of the GST council will be binding. It further held that the GST council's decisions are only persuasive in nature and non-binding. The recommendations of the GST council are the product of a collaborative dialogue involving the Union and the States. They are recommendatory in nature.' ഇത് നമ്മൾ സ്വാഗതം ചെയ്തതാണ്. വളരെ സുപ്രധാനമായ പ്രഖ്യാപനമാണ്. അരി, ഗോതമ്പ് ഉൾപ്പെടെയുള്ള സാധനങ്ങൾക്ക് നികുതി ഏർപ്പെടുത്താൻ 47-ാമത് ജി.എസ്.ടി. കൗൺസിൽ എടുത്ത ജനവിരുദ്ധ തീരുമാനത്തെ അതിശക്തിയായി നമ്മൾ എതിർക്കും. അതുകൊണ്ട് ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ ഇത് binding

അല്ലാത്തതുകൊണ്ടും recommendatory ആയതുകൊണ്ടും 47-ാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിലെടുത്തിരിക്കുന്ന ഈ നികുതി നിർദ്ദേശങ്ങളെ സംസ്ഥാന സർക്കാർ അപ്പാടെ തള്ളിക്കളയണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങൾ ഇവിടെ സംസാരിച്ചു.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

മസാല ബോണ്ട്, കിഫ്ബി എന്നിവയുമായി ബന്ധപ്പെട്ട് ഇ.ഡി. അന്വേഷണത്തിന് വരുന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം ശ്രീ. എ. സി. മൊയ്തീൻ ഇവിടെ ചോദിച്ചു. ഇത് കൊണ്ടുവന്ന സമയത്ത് ഞങ്ങൾ ഉയർത്തിയത് ഭരണഘടനാ പ്രശ്നങ്ങളല്ലേ; ഒരു നിയമനിർമ്മാണം വരുമ്പോൾ ആ നിയമനിർമ്മാണം ഭരണഘടനയ്ക്ക് അനുസൃതമാകണമെന്നുള്ള നിലപാടല്ലേ ഞങ്ങൾ എടുത്തത്? കിഫ്ബി എന്നത് എക്സ്ട്രാ ബഡ്ജറ്ററി മെക്കാനിസമാണെന്നാണ് ഞങ്ങൾ പറഞ്ഞത്. എല്ലാവർഷവും കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും 2000-2500 കോടി രൂപ കൊടുക്കുന്നുണ്ട്. അതുകൂടാതെ കടമെടുക്കുന്നു, സംസ്ഥാനം sovereign guarantee കൊടുക്കുന്നു. അവസാനം ബാധ്യതകൾ വരുമ്പോൾ സംസ്ഥാനം കൊടുക്കേണ്ടി വരും. അപ്പോൾ അത് ബഡ്ജറ്റിലേയ്ക്ക് മടങ്ങിവരും. എക്സ്ട്രാ

ബഡ്ജറ്ററി മെക്കാനിസം എന്നത് ശാശ്വതമായി നിലനിൽക്കുന്നതല്ല. KIIFB is an instrumentality of the State. സംസ്ഥാനം കൊടുക്കുന്ന sovereign guarantee ആണ്. അത് ആർട്ടിക്കിൾ 293-ന്റെ പ്രൊവിഷൻസിന് എതിരായ കാര്യമാണ്. ഈ സഭയിൽ ഞാൻ നിരവധി പ്രാവശ്യം ഇക്കാര്യം പറഞ്ഞിട്ടുണ്ട്, ലീഗൽ ഒബ്ജക്ഷനായി കൊണ്ടുവന്നിട്ടുണ്ട്, കോൺസ്റ്റിറ്റ്യൂഷണൽ പ്രൊവിഷനുകൾക്ക് എതിരാണെന്ന് വാദിച്ചിട്ടുണ്ട്. ഓരോ വർഷവും കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ റിപ്പോർട്ടിൽ അത് ആവർത്തിച്ച് ചൂണ്ടിക്കാണിച്ചു. സംസ്ഥാനം കടമെടുക്കുമ്പോൾ കേരളത്തിന്റെ ധനകമ്മിയുടെ പരിധിയിൽ കിഫ്ബിയുടെ കടം വരാതിരിക്കാൻവേണ്ടിയല്ലേ നമ്മൾ പാടുപെട്ടത്. അതുമാത്രമാണോ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കൊടുക്കുന്നത് കടമാണ്, 12,000 കോടി രൂപയുടെ ബാധ്യതയാണ്. അത് നേരത്തെ ബഡ്ജറ്റിൽ വരില്ലായിരുന്നു. പക്ഷെ ഇപ്പോൾ അത് ബഡ്ജറ്റിൽ വരും. പൊതുകടത്തിന്റെ കൂടെ അത് കൂട്ടണമെന്ന് പറഞ്ഞാൽ വലിയ പ്രതിസന്ധിയാണ്. സംസ്ഥാനത്തിന്റെ ദൈനംദിന ആവശ്യങ്ങൾക്ക് കടമെടുക്കാൻ സാധിക്കാത്ത സ്ഥിതിവരും. ഞാൻ ധനകാര്യ വകുപ്പുമന്ത്രിയെ കുറ്റപ്പെടുത്തുന്നില്ല. ആ സാഹചര്യത്തിലാണ് അദ്ദേഹം പറഞ്ഞത് അടുത്ത മാസം ശമ്പളം

കൊടുക്കാൻ ചിലപ്പോൾ പണമുണ്ടാകില്ലെന്ന്. അടുത്ത മാസം ശമ്പളം കൊടുക്കാൻ പണം ഉണ്ടാകുമോ ഇല്ലയോ എന്നുള്ളതല്ല പ്രശ്നം. നമുക്ക് വികസന പ്രവർത്തനങ്ങളിലേയ്ക്ക്, ദൈനംദിന കാര്യങ്ങളിലേയ്ക്ക് കൂടുതൽ ശ്രദ്ധിക്കാൻ കഴിയാത്ത സ്ഥിതിവരും. കഴിഞ്ഞ ദിവസം ജി.എസ്.ടി.-യുടെ കാര്യം പറഞ്ഞു. ഞാൻ കഴിഞ്ഞ നാല് വർഷമായി നിരന്തരം ഈ സഭയിൽ ആവർത്തിക്കുന്നതാണ്. വാറ്റ് വേറെ സിസ്റ്റമാണ്. വാറ്റിൽനിന്നും ജി.എസ്.ടി.-യിലേയ്ക്ക് മാറിയപ്പോൾ വാറ്റിന്റെ കാലത്തുണ്ടാക്കിവച്ചിട്ടുള്ള നികുതി ഭരണ സംവിധാനം (Tax Administration System) മാറ്റണം. ടാക്സ് കൺസ്യൂമർ പോയിന്റിലാണ്. കഴിഞ്ഞ അഞ്ച് കൊല്ലമായി നിങ്ങൾ എന്തുചെയ്യുകയായിരുന്നു; നിങ്ങളുടേത് തുടർഭരണമല്ലേ? ഇന്ത്യയിലെ 95 ശതമാനം സംസ്ഥാനങ്ങളും ടാക്സ് അഡ്മിനിസ്ട്രേഷൻ സിസ്റ്റത്തിൽ കാതലായ മാറ്റം വരുത്തിയിട്ടും കേരള ഗവൺമെന്റ് മാറ്റിയില്ല. പതിനാല് ശതമാനം വരെ കോമ്പൻസേഷൻ കിട്ടും, പിന്നെ എന്തിനാണ് അതിൽ ശ്രദ്ധിക്കുന്നതെന്നാണ് മുൻ ധനകാര്യ വകുപ്പുമന്ത്രി ചോദിച്ചത്. A day will come എന്ന് ഞാൻ പറഞ്ഞിരുന്നു. കേന്ദ്രത്തിൽനിന്നും കോമ്പൻസേഷൻ അവസാനിക്കുന്ന ഒരു ദിവസം വരും; അന്ന് ഇതിൽ നിങ്ങൾ ദുഃഖിക്കും. ഈ നിയമസഭയുടെ റെക്കോർഡിൽ അതുണ്ട്. ജൂൺ മാസം മുതലുള്ള

കോമ്പൻസേഷൻ ഇനി കേന്ദ്രത്തിൽനിന്നും കിട്ടില്ല. ഇവിടെ പതിനാല് ശതമാനം പോയിട്ട് അതിന്റെ അടുത്തുപോലും എത്തിയിട്ടില്ല. വരുമാനത്തിന്റെ കാര്യത്തിൽ സംസ്ഥാനം വലിയ പ്രതിസന്ധിയിലേയ്ക്ക് പോകുകയാണ്. അതനുസരിച്ച് സർക്കാർ ചെലവ് ചുരുക്കുന്നുണ്ടോ? സർക്കാർ ഓരോ ദിവസവും ഇറക്കുന്ന ഗവൺമെന്റ് ഓർഡറുകളൊന്നും ഞാൻ ഇവിടെ വായിക്കുന്നില്ല, നാണക്കേടാണ്. ഈ സാമ്പത്തിക പ്രതിസന്ധി അറിഞ്ഞുകൊണ്ടാണോ നിങ്ങൾ പല കാര്യങ്ങളിലും ധൂർത്ത് നടത്തുന്നത്? അങ്ങ് വന്നതിനുശേഷം മാത്രമല്ല, അതിനുമുമ്പും കുറച്ചുനാളുകളായി പലകാര്യങ്ങൾക്കുമുള്ള ഫിനാൻഷ്യൽ സ്ക്രൂട്ടിനി കേരളത്തിൽ നടക്കുന്നില്ല. പണ്ട് ഏത് പ്രോജക്ട് വന്നാലും വളരെ സ്ട്രിക്ടായി ഫിനാൻഷ്യൽ സ്ക്രൂട്ടിനി നടന്നിരുന്നു. കുടുംബ ബഡ്ജറ്റാണെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങളിലെ ബഡ്ജറ്റാണെങ്കിലും സ്റ്റേറ്റ് ബഡ്ജറ്റാണെങ്കിലും യൂണിയൻ ബഡ്ജറ്റാണെങ്കിലും ഫിനാൻഷ്യൽ സ്ക്രൂട്ടിനി വേണം. പല പ്രധാനപ്പെട്ട ഫയലുകളും ധനകാര്യ വകുപ്പിലേയ്ക്ക് അയയ്ക്കാതെ വേറെ ചില കേന്ദ്രങ്ങളിൽ തീർപ്പാക്കുകയാണ്. അത് ശരിയല്ല. അപകടകരമായ സ്ഥിതിവിശേഷം വരുത്തിവയ്ക്കും. ഞങ്ങൾ സംസ്ഥാനത്തിന്റെ താൽപ്പര്യത്തിനുവേണ്ടിയാണ് പറയുന്നത്. മസാല ബോണ്ടിനെക്കുറിച്ച് പറയാം; എന്തിനാണ് 9.72

ശതമാനത്തിൽ മസാല ബോണ്ടുകൾ വിറ്റ് പണം വാങ്ങിയത്? 9.72 ശതമാനം പലിശയ്ക്ക് പണം വാങ്ങി കേരളത്തിൽ കൊണ്ടുവന്ന് ന്യൂജനറേഷൻ ബാങ്കിൽ 6 ശതമാനം പലിശയ്ക്ക് ഡെപ്പോസിറ്റ് ചെയ്തു. വിചിത്രമായൊരു കാര്യമാണ്. അതിനെ ഞങ്ങൾ എതിർക്കും. മസാല ബോണ്ട് വിറ്റത് ആർട്ടിക്കിൾ 293-ന്റെ പ്രൊവിഷൻസിനെതിരാണ്. മെട്രോ റെയിലിനുവേണ്ടി ശ്രീ. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് പബ്ലിക് മാർക്കറ്റിൽനിന്നും വളരെക്കുറഞ്ഞ ഇന്ററസ്റ്റിൽ അതായത്, ഒന്നര ശതമാനം പലിശയ്ക്ക് പണം വാങ്ങി. കഴിഞ്ഞദിവസം സീറോ പെർസന്റേജിനെക്കുറിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിക്കുകയുണ്ടായി. സീറോ പെർസന്റേജ് അല്ലെങ്കിലും ഒരു ശതമാനത്തിലോ രണ്ട് ശതമാനത്തിലോ മണി മാർക്കറ്റിൽ കിട്ടുന്നൊരു കാലത്ത് 9.72 ശതമാനത്തിന് ലണ്ടനിൽ മണിയടിക്കാൻ എന്തിനാണ് പോയത്? ആ അപകടത്തെയാണ് ഞങ്ങൾ ചോദ്യം ചെയ്തത്. ഈ പ്രതിസന്ധിയല്ലേ ലോക്കൽ ബോഡികൾ നേരിടുന്നത്. ഇന്ന് ലോക്കൽ ബോഡികളുടെ സ്ഥിതിയെന്താണ്? അതിനെക്കുറിച്ച് അങ്ങയെ കാണാൻ വരുന്ന പഞ്ചായത്ത് പ്രസിഡന്റും മുനിസിപ്പൽ ചെയർമാനും ആരുമില്ലെങ്കിൽ നിങ്ങളുടെ പാർട്ടിക്കാരെങ്കിലും പറയുന്നുണ്ടാവുമല്ലോ! പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും

പ്രതിസന്ധി കേരള നിയമസഭയിൽ അവതരിപ്പിച്ചതിന് നന്ദി പറയാൻ നിങ്ങളുടെ എത്രയോ പഞ്ചായത്ത് പ്രസിഡന്റുമാരാണ് ഞങ്ങളെ വിളിച്ചത്. ക്രൈസിസാണ്. നിങ്ങളോടും നിങ്ങളുടെ പഞ്ചായത്ത് പ്രസിഡന്റുമാർ പറയും, പറയുന്നുണ്ട്. ബഡ്ജറ്റ് അലോക്കേഷനിൽ കാര്യമായ കുറവുണ്ടായിട്ടുണ്ടോയെന്ന് ചോദിച്ചുനോക്കൂ. സാമ്പത്തിക വർഷം ആരംഭിച്ചിട്ട് എത്രമാസയായി; എവിടെ പ്രോജക്ട്? ഞാൻ അതിലേയ്ക്ക് പോകുന്നില്ല. എല്ലാത്തിനും കാരണം ഈ ധനപ്രതിസന്ധിയാണ്. ആ ധനപ്രതിസന്ധി മറികടക്കാനുള്ള ഒരുകാര്യവും ചെയ്യുന്നില്ലെന്ന് മാത്രമല്ല, ഫിസ്കൽ മിസ്മാനേജ്മെന്റാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇപ്പോൾ മാത്രം ചെയ്തതാണെന്നല്ല ഞാൻ പറയുന്നത്. അത് കുറച്ച് വർഷങ്ങളായി നടക്കുന്നതാണ്. ഒരുദിവസം ഈ വണ്ടി എവിടെയെങ്കിലും പോയി ഇടിച്ചുനിൽക്കും. ആ സ്ഥിതിയിലേയ്ക്കാണ് ഇപ്പോൾ കാര്യങ്ങൾ പോകുന്നത്. ജനങ്ങളുടെ സ്ഥിതിയെന്താണ്? കാർഷികമേഖല പൂർണ്ണമായി തകർന്നു. മണ്ണെണ്ണയുടെ പ്രശ്നം, മത്സ്യ ലഭ്യതയില്ലായ്മ, തീരശോഷണം, കാറ്റെടുത്തും കടലെടുത്തും പോകുന്ന ജീവിതങ്ങൾ എന്നിങ്ങനെ തീരദേശ മേഖല വലിയ പ്രതിസന്ധിയാണ് നേരിടുന്നത്. ആറ് വർഷമായി നിങ്ങൾ ഭരിക്കുന്നു. കഴിഞ്ഞ നാല് വർഷമായി ഒരു ഷെഡ്ഡിൽ 250 കുടുംബങ്ങൾ

താമസിക്കുകയാണ്. തിരുവനന്തപുരം ജില്ലയിലെ ബഹുമാനപ്പെട്ട എം.എൽ.എ.-മാർ ആരെങ്കിലും അവരെ പോയി കണ്ടിട്ടുണ്ടോ; ബഹുമാനപ്പെട്ട മന്ത്രിമാർ പോയി കണ്ടിട്ടുണ്ടോ? ഒരു ഷെഡ്ഡിൽ ചൂടുകാലത്തും മഴക്കാലത്തും വളരെ പ്രയാസപ്പെട്ട് അവർ ജീവിക്കുന്നു. അവിടെ പ്രസവിക്കുന്നവരുണ്ട്, ശരീരം തളർന്ന് കിടക്കുന്നവരുണ്ട്. ഞാൻ പോയി കണ്ട് കണ്ണുനിറഞ്ഞാണ് തിരിച്ചുവന്നത്. ആ തീരപ്രദേശത്ത് നാലുവർഷമായി താമസിക്കുന്ന 250 കുടുംബങ്ങളെ ദയവുചെയ്ത് പുനരധിവസിപ്പിക്കണമെന്ന് കൈകൾ കൂപ്പി ഞാൻ നിങ്ങളോട് പറയുകയാണ്. മനുഷ്യത്വഹീനമായ സാഹചര്യങ്ങളിലാണ് അവർ ജീവിക്കുന്നത്. അപകടകരമായ സ്ഥിതിവിശേഷത്തിൽനിന്നും അവരെ തിരിച്ചുകൊണ്ടുവരാൻ ഗവൺമെന്റ് തയ്യാറാകണം. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിയും ഇപ്പോഴില്ല. ഇക്കാര്യം അവർ ശ്രദ്ധിക്കണമെന്ന് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്. ജനങ്ങൾ കടക്കെണിയും ജപ്തി ഭീഷണിയും നേരിടുന്നു. വലിയ പ്രയാസങ്ങളിലൂടെയാണ് അവർ കടന്നുപോകുന്നത്. കഴിഞ്ഞദിവസം ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയോട് മരുന്ന് ദൗർലഭ്യമുണ്ടാകുമെന്ന് സൂചിപ്പിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി

മരുന്ന് ദൗർലഭ്യമില്ലെന്നാണ്. കേരളത്തിലെ മുഴുവൻ ആശുപത്രികളിലും വ്യാപകമായി മരുന്ന് ദൗർലഭ്യമുണ്ടായി. എന്നാൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഒറ്റയടിക്കാണ് ഒരു ദൗർലഭ്യവുമില്ലെന്ന് പറഞ്ഞത്. കേരളത്തിലെ മാധ്യമങ്ങൾ ഓരോ ആശുപത്രിയിലെയും റിപ്പോർട്ടുകൾ പുറത്തുകൊണ്ടുവന്നു. നിങ്ങൾ ദേശാഭിമാനി പത്രം മാത്രമേ വായിക്കുകയുള്ളോ; കൈരളി ചാനൽ മാത്രമേ കാണുകയുള്ളോ? ഇന്ന് രാവിലെ ബഹുമാനപ്പെട്ട മന്ത്രി പ്രതിപക്ഷത്തിന്റെ നിലപാട് പൊളിഞ്ഞുവെന്ന് പറഞ്ഞ് ഉയർത്തിക്കാട്ടിയത് ദേശാഭിമാനി പത്രമാണ്. കൊള്ളാം വായിച്ചോ? നിങ്ങൾക്ക് നല്ലതാണ്. പേവിഷ ബാധയ്ക്കെതിരായ വാക്സിനെക്കുറിച്ച് "കേരളത്തിലേയ്ക്ക് പകുതി വാക്സിനെത്തി; വിതരണം മുടങ്ങി" എന്നാണ് ഇപ്പോഴത്തെ വാർത്ത. കേന്ദ്ര മരുന്നുപരിശോധനാ ലബോറട്ടറിയുടെ അന്തിമ റിപ്പോർട്ടുകളില്ലാതെയാണ് പേവിഷ ബാധയ്ക്കെതിരായ Equine Rabies Immunoglobulin വാക്സിന്റെ ആദ്യപകുതി കേരളത്തിലെത്തിക്കുന്നതെന്ന വാർത്ത വന്നു. ഫലപ്രാപ്തി പൂർണ്ണമായും പരിശോധിച്ച് ബോധ്യപ്പെടാത്ത വാക്സിന്റെ വിതരണം ദോഷഫലങ്ങൾ സൃഷ്ടിച്ചേക്കുമെന്ന് എല്ലാവർക്കുമറിയാം. ടെണ്ടർ വ്യവസ്ഥകളിൽപ്പോലും ഇളവുനൽകിയാണ് കേരള മെഡിക്കൽ സർവ്വീസസ്

കോർപ്പറേഷൻ അസാധാരണ നടപടിയിലൂടെ വാക്സിനെത്തിക്കുന്നത്. എന്തിനാണ് ഇത്ര സ്പീഡ് കൂട്ടിയത്? പേവിഷ ബാധയ്ക്കെതിരെയുള്ള വാക്സിൻ ഇവിടെ ഉണ്ടായിരുന്നില്ല. കേരളത്തിൽ ലക്ഷക്കണക്കിന് പേരെയാണ് പട്ടി കടിച്ചത്. മരുന്നിന് ദൗർലഭ്യമില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിക്കുന്നു. പക്ഷേ നടപടിക്രമങ്ങൾ വയലേറ്റ് ചെയ്ത്, പരിശോധനപോലും കൂടാതെ പേവിഷത്തിനുള്ള വാക്സിനെത്തിക്കുന്നു. നവംബറിൽ ആരംഭിച്ച് മാർച്ച് മാസത്തോടെ നടപടികൾ പൂർത്തിയാക്കി ഓർഡർ നൽകേണ്ട സ്ഥാനത്ത് ജൂൺ 6-നാണ് ഓർഡർ നൽകിയത്. മാർച്ചിൽ ഓർഡർ നൽകിയിരുന്നുവെങ്കിൽ എല്ലാ നിലവാര പരിശോധനയും കഴിഞ്ഞ് വാക്സിൻ എത്തുമായിരുന്നു. അത് നടന്നില്ല. ഇന്ന് രാവിലെ ശ്രീ. കെ. എസ്. ശബരീനാഥന്റെ പ്രശ്നം പ്രതിപക്ഷം കൊണ്ടുവന്നു. നിയമവിശാരദനായ ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചു. എന്നിട്ട് അദ്ദേഹം പറഞ്ഞു, ഇത് സബ്ജ്യൂഡിസാണെന്ന്. പാർലമെന്ററി പ്രവർത്തനങ്ങളുടെ അവസാന വാക്ക് ശക്ധർ ആൻഡ് കൗൾ ആണല്ലോ. അതിലെ 1195-ാമത്തെ പേജിൽ സബ്ജ്യൂഡീസ് " In criminal cases - From the time charge-sheet is filed, till judgment is delivered" എന്നാണ്. അതായത് കുറ്റപത്രം സമർപ്പിച്ച് വിധിന്യായം

പുറത്തുവരുന്നതുവരെയുള്ള വിചാരണ കാലഘട്ടമാണ് സബ്ജൂഡീസ്. ശ്രീ. കെ. എസ്. ശബരീനാഥന്റെ കേസ്, ഞങ്ങൾ ഇന്ന് കൊണ്ടുവന്ന റൂൾ 50 ഈ ഫ്ലോറിലെത്തിയിട്ടുണ്ടോ; അതിനെ സബ്ജൂഡീസ് എന്നുപറയാൻ കഴിയുമോ? റൂൾ 50 വേണ്ട, സബ്മിഷൻ കൊണ്ടുവരാൻ ബഹുമാനപ്പെട്ട ചെയർ ഞങ്ങളോട് പറഞ്ഞു. സബ്ജൂഡീസായ കാര്യം സബ്മിഷനിൽ കൊണ്ടുവരാമോ; നിയമസഭയിൽ ചർച്ച ചെയ്യാമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, പോയിന്റ് ഓഫ് ഓർഡർ.

മി. ഡെപ്യൂട്ടി സ്പീക്കർ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. വി. ഡി. സതീശൻ: സർ, Let me complete the point. അങ്ങ് എന്നെ തടസ്സപ്പെടുത്തുന്നത് ശരിയല്ല. ഞാൻ പോയിന്റ് കംപ്ലീറ്റ് ചെയ്യട്ടെ. അതെന്ത് മര്യാദയാണ്?.....അത് മര്യാദയല്ല...., തടസ്സപ്പെടുത്തുന്നത് മര്യാദയല്ല...., ഞാൻ പോയിന്റ് കംപ്ലീറ്റ് ചെയ്തിട്ട് പറയാം.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, മിനിസ്റ്റർക്ക് പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാനാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഒരു അംഗം പോയിന്റ് കംപ്ലീറ്റ് ചെയ്തതിനുശേഷമാണ് പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കേണ്ടത്. അതല്ലേ

റൂളിൽ പറയുന്നത്? അദ്ദേഹം റൂൾ നോക്കി കാര്യങ്ങൾ പറയുന്ന ആളാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ആ പോയിന്റ് കംപ്ലീറ്റ് ചെയ്യൂ.

ശ്രീ. വി. ഡി. സതീശൻ: സർ, റൂളിൽ എപ്പോഴാണ് പോയിന്റ് ഓഫ് ഓർഡർ വരുന്നതെന്ന് വായിച്ചുനോക്കൂ. (റൂൾസ് ഓഫ് പ്രൊസീജ്വർ ഉയർത്തി കാണിച്ചു). ഒരു വിഷയം സബ്മിഷനായി കൊണ്ടുവരാം എന്നാൽ റൂൾ 50 പ്രകാരം അടിയന്തരപ്രമേയമായി അവതരിപ്പിക്കാൻ സാധിക്കില്ല. സബ്മിഷൻ കൊണ്ടുവന്നാൽ സബ്ജുഡീസാവില്ലേ?

## 3.00 pm]

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, പോയിന്റ് ഓഫ് ഓർഡർ. ബഹുമാന്യനായ പ്രതിപക്ഷനേതാവ് ചെയർ നടത്തിയ റൂളിംഗിനെയാണ് വിമർശിച്ചുകൊണ്ടിരിക്കുന്നത്. (.....ബഹളം.....) ഇതാണോ അങ്ങ് പഠിപ്പിക്കുന്ന മാന്യത? (.....ബഹളം.....)

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്....പ്ലീസ്.... മന്ത്രി സംസാരിക്കട്ടെ. രണ്ട് ഭാഗത്തുമുള്ളവരും ബഹളമുണ്ടാക്കരുത്.

ശ്രീ. പി. രാജീവ്: സർ, അടിയന്തരപ്രമേയ നോട്ടീസിന്റെ അനുമതി തേടുന്ന സന്ദർഭത്തിൽ ഞാനൊരു ക്രമപ്രശ്നം ഉന്നയിച്ചു. ആ ക്രമപ്രശ്നം ചെയർ പരിഗണിച്ചതിന്റെ അടിസ്ഥാനത്തിൽ റൂളിംഗ് നടത്തി. ആ

റൂളിംഗിൽ വളരെ കൃത്യമായി ഇന്ന കാരണംകൊണ്ട് ഈ പ്രശ്നം എടുക്കുന്നില്ലെന്ന് പറഞ്ഞു. ഇപ്പോൾ ബഹുമാന്യനായ പ്രതിപക്ഷനേതാവ് ബഹുമാനപ്പെട്ട ചെയറിന്റെ റൂളിംഗിനെ പൂർണ്ണമായും ചോദ്യംചെയ്യുന്ന പ്രസംഗമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ......ഞാൻ പറയട്ടെ, ഞാൻ ഉന്നയിച്ച ആ സന്ദർഭത്തിലാണെങ്കിൽ കുഴപ്പമില്ല. ചിലപ്പോൾ അദ്ദേഹത്തിന് ആ സമയത്ത് ശക്ധർ ആൻഡ് കൗൾ കയ്യിൽ കിട്ടിയിട്ടുണ്ടാകില്ല. ശക്ധർ ആൻഡ് കൗളിൽ വേറെ ഡിസിഷനുമുണ്ട്. ഞാൻ ഈ സഭയുടെ റൂളിംഗാണ് ഉദ്ധരിച്ചത്. ചെയർ ഒരു റൂളിംഗ് നടത്തിക്കഴിഞ്ഞാൽ മറ്റൊരു ചർച്ചയുടെ സന്ദർഭത്തിൽ ആ റൂളിംഗിനെ ചോദ്യം ചെയ്യുന്ന പ്രശ്നത്തിലേയ്ക്ക് പോകുന്നത് ചട്ടവിരുദ്ധമാണ്, അത് അനുവദനീയമല്ല.

ശ്രീ. വി. ഡി. സതീശൻ: സർ, റൂൾ വയലേഷൻതന്നെയാണ് ഇപ്പോൾ നടത്തിയത്. ഒരാളുടെ പ്രസംഗത്തിന്റെയിടയിൽ ചട്ടം 303 പ്രകാരം പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാൻ പാടില്ല. ചട്ടം 303 വളരെ ക്ലിയറാണ്. ഒരാളുടെ പ്രസംഗം കഴിഞ്ഞാലേ ഉന്നയിക്കാൻ പാടുള്ളൂവെന്ന് റൂൾസ് ഓഫ് പ്രൊസീഡ്യുവറിൽ വളരെ ക്ലിയറായി പ്രതിപാദിച്ചിട്ടുണ്ട്. മന്ത്രിമാർ ഇങ്ങനെ ചട്ടലംഘനം നടത്തരുത്, പ്രത്യേകിച്ചും നിയമ

വകുപ്പുമന്ത്രി. ഇന്നലെ ഇവിടെ സംസാരിച്ചപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു സ്റ്റേറ്റ്മെന്റ് നടത്തി. അദ്ദേഹം ഇന്ന് ഇവിടെയില്ല. വിമാനത്താവളത്തിൽ എന്നെ വധിക്കാൻ വന്നവരിൽ ഒരാൾ കുട്ടിയാണെന്ന് പ്രതിപക്ഷനേതാവ് പറഞ്ഞെന്നാണ് അദ്ദേഹം പറഞ്ഞത്. ഫർസിൻ മജീദ് 19 കേസ്സുകളുള്ള വലിയ ക്രിമിനലാണെന്നും ഇതുപോലെയുള്ള ക്രിമിനലുകളെ നിങ്ങൾ ഒക്കത്തുവച്ചുകൊണ്ട് നടക്കുകയാണോയെന്നും അദ്ദേഹം ചോദിച്ചു. അതിന് മറുപടി പറയണ്ടേ? അങ്ങനെ മുഖ്യമന്ത്രി പറഞ്ഞതുകൊണ്ട് ഞാൻ അന്വേഷിച്ചു. ഒന്നാമതായി മുഖ്യമന്ത്രിക്ക് കിട്ടിയത് തെറ്റായ വിവരമാണ്. ഇപ്പോൾ അയാൾക്കെതിരെ 19 കേസ്സുകളില്ല. മഹാമാരിയുടെ കാലത്ത് പാൻഡെമിക് ആക്ട് ലംഘിച്ച് സമരം ചെയ്തതിനും ധർണ്ണ നടത്തിയതിനുമാണ് അയാൾക്കെതിരെ 12 കേസ്സുകളുണ്ടായിരുന്നത്. 500 രൂപയും 1,000 രൂപയും കെട്ടിവച്ച് ആ കേസ്സുകളെല്ലാം ഡിസ്പോസ് ചെയ്തു. ഇനിയൊന്നുള്ളത്, ഷുഹൈബിനെ കൊല്ലുന്നതിന് ഒരു മാസം മുമ്പെടുത്ത കേസ്സാണ്. ഷുഹൈബിനെ കള്ളക്കേസ്സിൽ കുടുക്കുന്നതിന്റെ ഭാഗമായി ഫർസിൻ മജീദിനെക്കൂടി കള്ളക്കേസ്സിൽ കുടുക്കിയുണ്ടാക്കിയ ഒരു കേസ്സാണ്. അയാളെ ആ കേസ്സിൽക്കുടുക്കി ക്രിമിനലാണെന്ന് വരുത്തി ഒരു മാസത്തിനകം ഷുഹൈബിനെ കൊന്നു. ഞങ്ങൾ ഒക്കത്തുതന്നെ

കൊണ്ടുനടക്കും. ഒരു കാര്യത്തിലും സംശയംവേണ്ട.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്....., പ്ലീസ്...., ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്.....,

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, എനിക്ക് സംസാരിക്കാൻ കുറച്ച് സമയംകൂടി വേണം. കഴിഞ്ഞ വർഷം മഹാത്മാഗാന്ധി സർവ്വകലാശാല കാമ്പസിൽ All India Students' Federation (AISF)-ന്റെ വനിതാ നേതാവിനെ പുറകിൽനിന്നും ചവിട്ടി നിലത്തിട്ടു. എന്നിട്ട് പറഞ്ഞ വാക്കുകൾ ഞാനിവിടെ ആവർത്തിക്കുന്നില്ല. നിങ്ങൾ അറിയണം. മൂന്നുമാസം കഴിഞ്ഞപ്പോൾ അതിലെ പ്രതിയെ എസ്.എഫ്.ഐ.-യുടെ സംസ്ഥാന സെക്രട്ടറിയായി പ്രഖ്യാപിച്ചു. ആഭ്യന്തര വകുപ്പിനെക്കുറിച്ച് സംസാരിച്ചപ്പോൾ നിങ്ങളിലൊരാൾപോലും സൂചിപ്പിച്ചില്ല. ആ വ്യക്തിക്ക് 42 കേസ്സുകളുണ്ടായിരുന്നു, അതിൽ 2 കേസ് ഫൈനടിച്ച് ഡിസ്പോസ് ചെയ്തു, ഇപ്പോൾ 40 കേസ്സുകളുണ്ട്, അതിൽ 16 കേസ്, മാരകായുധങ്ങൾ ഉപയോഗിച്ച് മറ്റ് വിദ്യാർത്ഥികളെ ആക്രമിച്ച് പരിക്കേൽപ്പിച്ചതിനാണ്. 3 കേസ് വധശ്രമം നടത്തിയതിനാണ്, പിണറായി സർക്കാരെടുത്ത കേസ്സാണ്, ഒരെണ്ണം നല്ല കേസ്സാണ്, തട്ടിക്കൊണ്ടുപോയതിനുള്ള കേസ്സാണ്, ഒരു പയ്യനെ തട്ടിക്കൊണ്ടുപോയി മഹാരാജാസ് കോളേജ്

ഹോസ്റ്റലിൽ രാത്രി പൂട്ടിയിട്ട് കൈ കെട്ടിയിട്ട് പുലരുംവരെ ഇടിച്ചു, പിന്നെ നിങ്ങൾക്ക് പറയാൻ പറ്റാവുന്ന മറ്റൊരു നല്ല കേസ് കൂടിയുണ്ട്, criminal force to women to outrage her modesty, സ്ത്രീത്വത്തെ അപമാനിച്ചതിനുള്ള കേസ്, നാലിലധികം വാറണ്ടുകൾ പെന്റിംഗിലാണ്, പിന്നെയും മറ്റൊരു കേസ്സുണ്ട്, വേറൊരു കേസ്സിൽ ജാമ്യമെടുത്ത് കൊടുത്തതിന്റെ പേരിൽ ഒരു വക്കീലിന്റെ വീട് കയറി ആക്രമിച്ച് അയാളെ പരിക്കേൽപ്പിച്ചു, പത്ത് വർഷം ശിക്ഷ ലഭിക്കുന്ന കേസ്സാണത്. ഒരു കേസ്സുള്ള ഞങ്ങളുടെ ബ്ലോക്ക് പ്രസിഡന്റിനെ ഞങ്ങൾ ഒക്കത്ത് വച്ചുകൊണ്ടാണോ നടക്കുന്നതെന്ന് ചോദിച്ച മുഖ്യമന്ത്രിയോട് ഞാൻ ചോദിക്കുന്നു, 40 കേസ്സുകളുള്ള ക്രിമിനലിനെ മുഖ്യമന്ത്രി തലയിലാണോ എടുത്തുവച്ചിരിക്കുന്നത്? ഓരോന്ന് ചോദിക്കുമ്പോൾ ഓർക്കണം. നിങ്ങൾ ഒക്കത്താണോ എടുത്ത് വച്ചിരിക്കുന്നതെന്ന് വിരൽചൂണ്ടി എന്നോട് ചോദിച്ചതാണ്. എസ്.എഫ്.ഐ.-യുടെ സംസ്ഥാന നേതാവാക്കിയിരിക്കുന്ന ആളാണ്. എന്നിട്ടാണ് ഞങ്ങൾ ക്രിമിനലുകളെ പ്രോത്സാഹിപ്പിക്കുന്നുവെന്ന് പറയുന്നത്. ഞാൻ കേസ്സുകളെല്ലാം വായിച്ചില്ലേ. സ്ത്രീകൾ ഇരിക്കുന്നതുകൊണ്ട് ഇതിലെ പല എഫ്.ഐ.ആർ.-ഉം വായിക്കാൻ പറ്റില്ല. ഞങ്ങളോട് ഇതൊന്നും വേണ്ട. നിങ്ങൾ എന്തെല്ലാം അബദ്ധങ്ങളാണ്

കാണിച്ചുകൊണ്ടിരിക്കുന്നത്. ശ്രീ. പി. സി. ജോർജ് ആരും ശ്രദ്ധിക്കപ്പെടാതെയിരുന്ന ഒരാളാണ്. നിങ്ങൾ ഒരു കേസ്സിന് അദ്ദേഹത്തെ വിളിച്ച് ചോദ്യം ചെയ്യുന്നു. ചോദ്യം ചെയ്തുകൊണ്ടിരിക്കുന്ന സമയത്ത് വേറൊരാളെക്കൊണ്ട് പരാതി കൊടുത്തു, എന്നിട്ട് ആ കേസ്സിൽ അയാളെ അറസ്റ്റ് ചെയ്തു, അയാൾക്ക് ജാമ്യം കിട്ടി. അയാൾ ഇപ്പോൾ ഹീറോയായി. നിങ്ങൾ തൊടുന്നതെല്ലാം പൊള്ളുകയാണ്. സ്വർണ്ണക്കള്ളക്കടത്ത് കേസ് മറയ്ക്കുന്നതിനുവേണ്ടി നിങ്ങൾ എന്തെല്ലാം ചെയ്തു? ശ്രീ. രാഹുൽ ഗാന്ധിയുടെ ഓഫീസ് ആക്രമിച്ചു, എ.കെ.ജി. സെന്ററിൽ ഓലപ്പടക്കമെറിഞ്ഞു, ഭരണഘടനാവിരുദ്ധ പരാമർശം നടത്തി, സ്ത്രീവിരുദ്ധ പരാമർശം നടത്തി, എന്നാലൊന്നും അത് പോകില്ല. വളരെ ഗൗരവമായി നാട് ചർച്ച ചെയ്യുന്ന ഒരു കാര്യം ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അത് ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിക്കെതിരായ പഴയൊരു കേസ്സാണ്. പക്ഷെ ഇപ്പോൾ വീണ്ടും അത് ഗുരുതരമായി ഉയർന്നുവന്നിരിക്കുന്നു. നിങ്ങൾ അതിനെ ന്യായീകരിക്കുകയാണ്. എന്താണ് കേസ്? ഒരു വിദേശി അയാളുടെ അടിവസ്ത്രത്തിൽ ഹാഷിഷ് ഒളിപ്പിച്ച് ഇവിടെവന്നു. അയാളെ പോലീസ് അറസ്റ്റ് ചെയ്തു. തൊണ്ടിമുതൽ കോടതി റൂമിലിരിക്കുന്നു. അദ്ദേഹം അഭിഭാഷകനായി നിന്നുകൊണ്ട് ആ അടിവസ്ത്രം വാങ്ങി കട്ട് ചെയ്ത് പത്ത്

വയസ്സുകാരന്റെയാക്കി മാറ്റി. (....ബഹളം....) നിങ്ങൾക്കെന്താണ്..... ഇതിനെ സംരക്ഷിക്കുകയാണോ? ഫോറൻസിക് തെളിവുകൾ വരെവന്നു. ഞാൻ ചോദിക്കട്ടെ, മയക്കുമരുന്ന് കേസ് നടത്തിയ വിദേശിയായ ഒരാളെ രക്ഷിക്കാൻവേണ്ടി കേട്ടാൽ നാണംകെട്ട് പോകുന്ന, അറപ്പുളവാക്കുന്ന നടപടി നടത്തിയ ഒരാൾ ഈ മന്ത്രിസഭയിൽ ഇരിക്കുകയല്ലേ? അദ്ദേഹം നമ്മുടെയൊക്കെ സുഹൃത്താണ്. അദ്ദേഹത്തോട് ഞാൻ പറയുന്നു, അദ്ദേഹം രാജിവച്ച് പുറത്തുപോകണം. (.....ബഹളം.....) നിങ്ങൾക്ക് നാണമില്ലെങ്കിൽ കുഴപ്പമില്ല. ഇത് കേരളത്തിന് അപമാനകരമാണ്. ഇതൊന്നും പറയാതെ പോകാൻ പറ്റില്ല. ഇവിടെ എന്തൊക്കെയാണ് നടക്കുന്നത്? ഒന്നും പറയണ്ടെന്ന് വിചാരിച്ചതാണ്. പറയാൻ നാണമാകുന്നുണ്ട്. പക്ഷെ പറയാതെ പോകാൻ നിങ്ങൾ സമ്മതിക്കുന്നില്ല. സ്റ്റാലിന്റെ തടവറക്കാലത്തെ പീഡനങ്ങളെക്കുറിച്ച് " The Gulag Archipelago" (ഗുലാഗ് ദ്വീപസമൂഹം) എന്ന നാടകമെഴുതിയ Aleksandr Solzhenitsyn എന്ന നോബൽ സമ്മാന ജേതാവിനെ അദ്ദേഹം പീഡിപ്പിച്ച് നാടുകടത്തി. സർക്കാരിനെ വിമർശിച്ചതിന്റെ പേരിൽ പത്രാധിപൻ മുഹമ്മദ് സുബൈറിനെതിരെ മോദി ഗവൺമെന്റ് കള്ളക്കേസ്സെടുത്തു. നമ്മളെല്ലാം ഇതിനെയെല്ലാം എതിർക്കുന്ന ആളുകളാണ്. ശ്രീ. എളമരം കരീമിനെ

അധിക്ഷേപിച്ചുവെന്ന് പറഞ്ഞ് ഏഷ്യാനെറ്റിലെ ശ്രീ. വിനു വി. ജോണിനെതിരായി നിങ്ങൾ കേസ്സെടുത്തു. ഇതെന്താണ് വ്യത്യാസം? നിങ്ങളെ എതിർക്കുന്നവരെ, നിങ്ങൾക്കെതിരെ വിരൽ ചൂണ്ടുന്നവരെ നിങ്ങളുടെ ഭരണകൂടത്തിന്റെ മർദ്ദനോപകരണമായ പോലീസിനെക്കൊണ്ട് കള്ളക്കേസ്സെടുത്ത് വേട്ടയാടുന്നു. ഇതല്ലേ സംസ്ഥാനത്ത് നടക്കുന്നത്? (.....ബഹളം.....) നിങ്ങൾ അങ്ങനെയൊന്നും പറയണ്ട. എല്ലാവരും പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇതാണ് നിങ്ങൾ നടത്തുന്നത്. നിങ്ങളുടെ സ്വഭാവം ഫാസിസത്തിന്റെ മറുവശമാണ്. (....ബഹളം....)

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്... പ്ലീസ്..... പ്രതിപക്ഷനേതാവ് സംസാരിച്ച് അവസാനിപ്പിക്കാൻ പോകുകയാണ്. നിങ്ങൾ ബഹളമുണ്ടാക്കരുത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, നിങ്ങളുടെ നയം അല്ലെങ്കിൽ നിങ്ങളുടെ സമീപനം അതാണ്. ഇത് നിങ്ങൾ അവസാനിപ്പിക്കണം. തുടർഭരണം കിട്ടിയതിന്റെ അഹങ്കാരം, ധാർഷ്ട്യം, ധിക്കാരം അതിന്റെ പാരമ്യത്തിൽ എത്തിനിൽക്കുകയാണ്. (.....ബഹളം.....)

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... പ്ലീസ്..... (...ബഹളം....) അദ്ദേഹം പ്രസംഗം അവസാനിപ്പിക്കാൻ പോകുകയാണ്. (...ബഹളം....) നിങ്ങൾ ഇരിക്കു. രണ്ട് ഭാഗത്തെയും അംഗങ്ങൾ ഇരിക്കണം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. വി. ഡി. സതീശൻ: സർ, നിങ്ങൾ കൊണ്ടുനടക്കുന്ന ആളുകളെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. (.....ബഹളം.....)

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്....... പ്ലീസ്.... അങ്ങ് ഇങ്ങോട്ട് നോക്കു.

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട ചെയറിനോട് ഒരു കാര്യം ഞാൻ വളരെ വിനയപൂർവ്വം സൂചിപ്പിക്കുകയാണ്. ഭരണപക്ഷത്തെ പുറകിലെ ബഞ്ചിലിരുന്ന് ആളുകൾ പറയുന്നത് (.....ബഹളം.....) ഞാൻ എങ്ങോട്ട് നോക്കണമെന്ന് ഞാനല്ലേ തീരുമാനിക്കേണ്ടത്? (.....ബഹളം.....) ഞാനല്ലേ തീരുമാനിക്കുന്നത്? (.....ബഹളം.....) ഇവർ എന്തിനാണ് ഇത്ര അലോസരപ്പെടുന്നത്? (.....ബഹളം.....) ഞാൻ ഇവിടെ പറയണ്ട എന്നുവിചാരിച്ച ഒരു കാര്യം പറയാം. നിങ്ങൾ ഇപ്പോൾ കൊണ്ടുനടക്കുന്ന ഒരാളുണ്ടല്ലോ. ഞങ്ങളോട് ചോദിക്കുകയാണ് സ്വർണ്ണ കള്ളക്കടത്ത് കേസ്സിലെ പ്രതിയെ നിങ്ങൾ എങ്ങനെ വിശ്വസിക്കുമെന്ന്; സ്വർണ്ണ കള്ളക്കടത്ത് കേസ്സിലെ പ്രതിയെ വിശ്വസിക്കരുതെന്ന് പറയുന്ന നിങ്ങളുടെ ആളാരാണ്;

സോളാർ കേസ്സിലെ പ്രതിയാണ്. സോളാർ കേസ്സിലെ പ്രതിക്ക് എത്ര കേസ്സിൽ വാറണ്ടുണ്ട്. അവർ എല്ലാ പോലീസ് സ്റ്റേഷനുകളും കയറിയിറങ്ങി എല്ലാവർക്കുമെതിരെ പരാതിയുമായി നടക്കുന്നു. നിങ്ങൾ ശ്രീ. കെ. എസ്. ശബരീനാഥനെയല്ലേ അറസ്റ്റ് ചെയ്യുകയുള്ളൂ; നിങ്ങൾക്ക് ഇഷ്ടമില്ലാത്തവരെയല്ലേ അറസ്റ്റ് ചെയ്യുകയുള്ളൂ? ഈ സർക്കാരിന് എന്നെ പേടിയാണെന്ന് പറയുന്ന അവരുടെ ശബ്ദരേഖയുണ്ട്. ഞങ്ങൾ അടുത്ത ദിവസം കൊണ്ടുവന്ന് എല്ലാവരേയും കേൾപ്പിക്കാം. (.....ബഹളം.....) എന്തിനാണ് ഇങ്ങനെ പ്രകോപിതരാകുന്നത് (......ബഹളം.....) അതുകൊണ്ട് ഈ അഹങ്കാരവും ധാർഷ്ട്യവുമെല്ലാം അവസാനിപ്പിച്ച് തുടർഭരണം വിനയത്തോടുകൂടി, വിനയാന്വിതരായി ഏറ്റുവാങ്ങി നാടിന് ഗുണപ്രദമായ കാര്യങ്ങൾ ചെയ്യാത്തതുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി എതിർക്കുന്നു.

ശ്രീ. സജി ചെറിയാൻ: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. ഡെപ്യൂട്ടി സ്പീക്കർ: പോയിന്റ് ഓഫ് ഓർഡർ എന്താണ്?

ശ്രീ. സജി ചെറിയാൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിച്ചപ്പോൾ ഇരുന്നൂറ്റിയമ്പതോളം മത്സ്യത്തൊഴിലാളി കുടുംബങ്ങൾ തിരുവനന്തപുരം ജില്ലയിലെ ഒരു പ്രത്യേക കേന്ദ്രത്തിൽ അനാഥരായി

കിടക്കുന്നു എന്ന് ആരോപിച്ചു. കഴിഞ്ഞ കുറേ വർഷങ്ങളായി, ഈ ഗവൺമെന്റിന്റെയും കഴിഞ്ഞ ഗവൺമെന്റിന്റെയും കാലത്തല്ല, അതിനുമുമ്പ് കാലവർഷക്കെടുതികളിൽ വീടുകൾ നഷ്ടപ്പെട്ടവർക്ക് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഭൂമി വാങ്ങുന്നതിനുവേണ്ടി സാമ്പത്തിക സഹായം നൽകി. കുറച്ച് ആളുകൾ ഭൂമി വാങ്ങി വീട് നിർമ്മിച്ചു. കുറച്ചാളുകൾക്ക് ഭൂമി കിട്ടിയില്ല. (......ബഹളം.....) ഞാനൊന്ന് പറഞ്ഞോട്ടെ, അദ്ദേഹം പറഞ്ഞത് ശരിയല്ലാത്തതുകൊണ്ടാണ് ഞാനിത് പറയുന്നത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: അദ്ദേഹം പറയട്ടെ........അദ്ദേഹം പറഞ്ഞ് അവസാനിപ്പിക്കട്ടെ..... ഇടപെടാതിരിക്കു.

<u>ശ്രീ. സജി ചെറിയാൻ</u>: സർ, അതിനുശേഷം വലിയതുറയിൽ ബാക്കിയുള്ളവർക്കുവേണ്ടി ഫ്ലാറ്റ് നിർമ്മിക്കുന്നതിനുള്ള സ്ഥലം ഗവൺമെന്റ് ഏറ്റെടുത്തു. അതിൽ തർക്കം വന്നതിനാൽ ഫ്ലാറ്റ് നിർമ്മാണത്തിന് തടസ്സംവന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കം ഇടപെട്ട് ആ പ്രശ്നം പരിഹരിച്ച് ഫ്ലാറ്റ് നിർമ്മാണം ആരംഭിക്കുകയാണ്. അവർക്ക് വീടുകൾ കൊടുക്കും. ഇനിയും നൂറ്റിചില്ല്വാനം ആളുകൾക്കാണ് വീടുകൾ കൊടുക്കാനുള്ളത്. ഇരുനൂറ്റിയമ്പതോളം ആളുകൾക്ക് വീടുകൾ കൊടുക്കാനുണ്ടെന്ന് പറയുന്നത് ശരിയല്ല. അത് സഭാ രേഖകളിൽനിന്നും ഒഴിവാക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: പരിശോധിക്കാം.+

## 3.13 pm]

## XI വ്യക്തിപരമായ വിശദീകരണം

### പ്രതിപക്ഷനേതാവിന്റെ പരാമർശം സംബന്ധിച്ച്

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിച്ചപ്പോൾ ഞാനുമായി ബന്ധപ്പെട്ട ചില ആക്ഷേപങ്ങൾ ഉന്നയിച്ചു. അങ്ങ് ആ വിഷയം ഉന്നയിച്ചതുകൊണ്ട് എനിക്കതിൽ മറുപടി പറയാൻ അവസരം ലഭിച്ചതിന് അങ്ങയോട് ഞാൻ പ്രത്യേകം നന്ദി പറയുന്നു. ബഹുമാനപ്പെട്ട കോടതിയുടെ പരിഗണനയിലുള്ള വിഷയമായതിനാൽ എല്ലാ കാര്യങ്ങളും ഇവിടെ പറയാൻ പരിമിതികളുണ്ടെന്ന് എല്ലാവർക്കുമറിയാം. ഈ കേസ്സുമായി ബന്ധപ്പെട്ട് ഞാൻ ഇതുവരെയും കോടതിയിൽ ഹാജരായിട്ടില്ലെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇന്നലെ പറഞ്ഞത്. എന്നാൽ ഈ കേസ്സുമായി ബന്ധപ്പെട്ട് ഞാനോ എന്റെ അഭിഭാഷകനോ കോടതിയിൽ ഹാജരാകാത്ത ഒരു പോസ്റ്റിംഗ് പോലുമില്ല. പ്രതിപക്ഷനേതാവ് ആ ആരോപണം നിയമസഭയ്ക്കകത്ത് ഉന്നയിച്ചില്ല, പക്ഷെ സഭയ്ക്കുപുറത്ത് ഉന്നയിച്ചു. അത് ആദ്യം പിൻവലിക്കണം. എന്റെ

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 13259/ഇ.ബി/2022/നി.സെ തീയതി 23-07-2022) സഭാരേഖയിൽ നിലനിർത്തി.

അപേക്ഷപ്രകാരം ഈ കേസ് ഒരു പോസ്റ്റിംഗിൽപോലും ഇന്നുവരെയും മാറ്റിവച്ചിട്ടില്ലെന്ന് ഞാൻ ആധികാരികമായി നിയമസഭയിൽ പറയുകയാണ്. ഈ കേസ് നീട്ടിക്കൊണ്ടുപോകണമെങ്കിൽ ഞാൻ കോടതിയിൽ ഹാജരാകാതിരിക്കുകയോ ഞാൻ ഈ കേസ് മാറ്റിവയ്ക്കാൻ ആവശ്യപ്പെടുകയോ അപേക്ഷ കൊടുക്കുകയോ ചെയ്യണം. ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ വെല്ലുവിളിക്കുന്നു, ഇന്നുവരെ ഒരു പോസ്റ്റിംഗിൽ ഞാൻ ഹാജരാകാതിരിക്കുകയോ എന്റെ അഭിഭാഷകൻ ഹാജരാകാതിരിക്കുകയോ ഞാൻ ഈ കേസ് നീട്ടിവയ്ക്കണമെന്ന് ആവശ്യപ്പെടുകയോ ചെയ്തിട്ടില്ല. ഏതെങ്കിലും മാധ്യമങ്ങൾ പറയുന്നതുകേട്ട്, കാള പെറ്റെന്ന് കേട്ട് അങ്ങയെപ്പോലെയുള്ളവർ കയറെടുക്കരുത്. അങ്ങ് ഇത്രയും പറഞ്ഞതുകൊണ്ട് ഞാൻ പറയുകയാണ്, ഈ കേസ് മൂന്നുപ്രാവശ്യം കേരള പോലീസ് അന്വേഷിച്ചതാണ്. യു.ഡി.എഫ്. ആഭ്യന്തര വകുപ്പിന്റെ മന്ത്രിപദം വഹിച്ചപ്പോഴാണ് ഈ കേസ് മൂന്നുപ്രാവശ്യവും അന്വേഷിച്ചത്. അതിൽ രണ്ടുപ്രാവശ്യം യു.ഡി.എഫ്. അന്വേഷിച്ചു. അന്വേഷണ ഏജൻസികൾ ബഹുമാനപ്പെട്ട കോടതിയിൽ സമർപ്പിച്ച അന്തിമ റിപ്പോർട്ടുകളിൽ എന്നെ പ്രതിയാക്കാൻ കഴിയില്ലെന്നുകണ്ട് രണ്ട് പ്രാവശ്യം അന്തിമ റിപ്പോർട്ട് ബഹുമാനപ്പെട്ട കോടതിയിൽ സമർപ്പിച്ചു. യു.ഡി.എഫ്. ഭരണം

നടത്തിയിരുന്ന 1991-96 കാലഘട്ടത്തിലും ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന 2001 കാലഘട്ടത്തിലുമാണ് ആ റിപ്പോർട്ടുകൾ കൊടുത്തത്. ഈ കേസ്സിൽ എന്നെ പ്രതിയാക്കാൻ കഴിയില്ല, തെളിവില്ലെന്ന് പറഞ്ഞുകൊണ്ടാണ് റിപ്പോർട്ടുകൾ കൊടുത്തത്. അത് അങ്ങ് മനസ്സിലാക്കണം. അക്കാര്യം അങ്ങ് ചോദിച്ചത് നന്നായി. ബഹുമാനപ്പെട്ട കോടതി ആ റിപ്പോർട്ടുകൾ വിശദമായി പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്തു. മൂന്നുപ്രാവശ്യം കേസ് അന്വേഷിച്ചതിൽ രണ്ട് റിപ്പോർട്ടുകളും യു.ഡി.എഫ്. ഭരിക്കുന്ന കാലത്താണ് നൽകിയത്. 1991-96-ലെ യു.ഡി.എഫ്. ഭരണകാലത്തും 2001-2006-ൽ ബഹുമാനപ്പെട്ട എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോഴുമാണ് നൽകിയത്. ബഹുമാനപ്പെട്ട കോടതി മുമ്പാകെ ഹാജരാക്കിയ എല്ലാ രേഖകളും തെളിവുകളും റിപ്പോർട്ടുകളും വിശദമായി പരിശോധിച്ച് കോടതി മുമ്പാകെ ഹാജരാക്കിയിട്ടുള്ള ഇന്റർപോൾ റിപ്പോർട്ടും ഫോറൻസിക് റിപ്പോർട്ടും പരിശോധിച്ചാണ് എന്നെ പ്രതിയാക്കാൻ കഴിയില്ലെന്ന് കണ്ടെത്തി അന്ന് ബഹുമാനപ്പെട്ട കോടതിയിൽ അന്തിമ റിപ്പോർട്ട് നൽകിയിരുന്നത്. ഈ റിപ്പോർട്ടുകൾ കോടതി വിശദമായി പരിശോധിച്ച് അംഗീകരിച്ചതാണ്. കൂടാതെ, ഇന്റർപോൾ വിശദമായി ഈ കേസ് അന്വേഷിച്ചു. ഇന്റർപോൾ

റിപ്പോർട്ട് ബഹുമാനപ്പെട്ട കോടതിയിലുണ്ട്. ചിലപ്പോൾ അത് അങ്ങയുടെ കയ്യിലും കാണും. ആ റിപ്പോർട്ടിൽ ഈ കൃത്യത്തിൽ പങ്കെടുത്തവരുടെ പേരുണ്ട്. ആ റിപ്പോർട്ടിൽപോലും എന്റെ പേരില്ലെന്ന് അങ്ങ് മനസ്സിലാക്കണം. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ ആ കേസ്സിൽ എന്നെ പ്രതിയാക്കാൻ കഴിയില്ലെന്ന് റിപ്പോർട്ടുണ്ട്. തുടർന്ന് 2006-ലെ നിയമസഭാ തെരഞ്ഞെടുപ്പിനുമുമ്പ് എന്നെ തിരുവനന്തപുരത്ത് ഇടതുപക്ഷ ജനാധിപത്യ മുന്നണി സ്ഥാനാർത്ഥിയാക്കുന്നതായി വാർത്ത വന്നപ്പോൾ അന്ന് മുഖ്യമന്ത്രിയായിരുന്ന ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി തെരഞ്ഞെടുപ്പിന് ഒരുമാസം മുമ്പ് ഈ കേസ് പുനരന്വേഷിക്കുന്നതിനുവേണ്ടി ഉത്തരവിട്ടു. എന്നെ എൽ.ഡി.എഫ്. സ്ഥാനാർത്ഥിയായി പ്രഖ്യാപിച്ച് തെരഞ്ഞെടുപ്പ് കൺവെൻഷൻ നടന്നതിന് ഒരാഴ്ചമുമ്പ് എനിക്കെതിരെ ഉമ്മൻ ചാണ്ടി സർക്കാർ കുറ്റപത്രം നൽകി. അതാണ് ഈ കേസ്. മുമ്പ് മൂന്നുപ്രാവശ്യം യു.ഡി.എഫ്. ഭരണകാലത്ത് അന്വേഷിച്ച് കണ്ടെത്തിയ രേഖകളും തെളിവുകളുമല്ലാതെ പുതിയതായി ഒന്നും കണ്ടെത്തുകയോ കോടതി മുമ്പാകെ ഹാജരാക്കുകയോ ചെയ്തിട്ടില്ലെന്ന് ഞാൻ ആധികാരികമായി പറയുന്നു. ഇതുസംബന്ധിച്ച വാർത്തകൾ ഇന്ന് ആദ്യമായാണോ വരുന്നത്? 1996-ൽ ശ്രീ. എം. എം. ഹസ്സനെതിരായി ഞാൻ മത്സരിച്ച് ജയിച്ചു. അന്നും ഈ

വാർത്ത ചില മാധ്യമങ്ങൾ പുറത്തുവിട്ടു, അന്നും ചർച്ചയായി. ഞാൻ 2001-ൽ സ്ഥാനാർത്ഥിയായപ്പോഴും ഈ വാർത്തവരികയും ചർച്ചയാകുകയും ചെയ്തു. 2006-ൽ ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഭരണകാലത്ത് എന്നെ പ്രതിയാക്കി കുറ്റപത്രം സമർപ്പിച്ചു. 2016-ലെ തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ എന്നെ സ്ഥാനാർത്ഥിയാക്കിയപ്പോഴും 2021-ൽ എന്നെ സ്ഥാനാർത്ഥിയാക്കിയതിന്റെ തൊട്ടുമുമ്പത്തെ ദിവസവും ഇതുപോലെ വാർത്തകൾ വരികയും ചർച്ച ചെയ്യുകയും ചെയ്തു. അതിനാൽ എന്നെക്കുറിച്ച് ഈ വാർത്തകൾ വരുന്നത് ആദ്യമായിട്ടല്ല. അതിനെയെല്ലാം അതിജീവിച്ചാണ് ഞാൻ ഈ മന്ത്രിക്കസേരയിൽ എത്തിയതെന്ന് അങ്ങ് മനസ്സിലാക്കണം. ഇപ്പോൾ ഇതൊരു വാർത്തയാകുന്നതിൽ എനിക്കൊരു ഭയവുമില്ല. കഴിഞ്ഞ ഒരു വർഷത്തിനിടയിൽ സോഷ്യൽ മീഡിയയിൽ എല്ലാദിവസവും ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന ഒരു വാർത്തയാണിത്. എന്റെ ശത്രുക്കളുടെ സോഷ്യൽ മീഡിയയിൽ പലരെക്കുറിച്ചും ചർച്ചചെയ്യുന്നതുപോലെ എന്നെക്കുറിച്ചും ചർച്ച ചെയ്യും. തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനായി ഈ കേസ്സിന്റെ വിവരങ്ങൾ പത്രങ്ങളിൽ പരസ്യം ചെയ്തിട്ടാണ് നിയമാനുസൃതമായി ഞാൻ തെരഞ്ഞെടുപ്പിൽ മത്സരിച്ചത്. ഈ കേസ്സിന്റെ വിശദാംശങ്ങളെല്ലാം പരസ്യം ചെയ്തു. അന്ന് നിങ്ങൾക്ക് ഈ ചോദ്യങ്ങളൊന്നും ഇല്ലായിരുന്നോ; എന്താണ്

അന്ന് ചോദിക്കാത്തത്; ഞാൻ പരസ്യമായിട്ടല്ലേ പത്രങ്ങളിൽ പരസ്യം ചെയ്തത്? ഞാൻ നൽകിയ സത്യവാങ്മൂലത്തിൽ ഈ കേസ്സിന്റെ വിവരങ്ങളെല്ലാം പറഞ്ഞിട്ടുണ്ട്. ഈ കേസ്സിന്റെ വിവരങ്ങളുള്ളത് അന്ന് നിങ്ങളാരും കണ്ടില്ലേ? പുതിയതായി ഒന്നും സംഭവിക്കാത്ത ഈ കേസ്സിൽ കാള പെറ്റെന്ന് കേട്ട് കയർ എടുക്കുന്ന ഏർപ്പാട് നിങ്ങളെങ്കിലും ഉപേക്ഷിക്കണം. ഈ കേസ് ഇതുവരെയും കമ്മിറ്റ് ചെയ്തിട്ടില്ലെന്ന് അങ്ങ് പറഞ്ഞു. ഇത് മജിസ്ട്രേറ്റ് കോടതിയിൽമാത്രം വിചാരണ നടത്താനുള്ള ഒരു കേസാണ്. ഈ കേസ് എങ്ങനെയാണ് സെഷൻസ് കോടതിയിൽ കമ്മിറ്റ് ചെയ്യുന്നത്? അങ്ങയെ ആരോ തെറ്റിദ്ധരിപ്പിച്ചതാണ്. അങ്ങ് പറഞ്ഞതായി വാർത്ത വന്നു. (......ബഹളം.....) അങ്ങ് ശാന്തനായി കേൾക്കൂ. അങ്ങ് പറഞ്ഞപ്പോൾ ഞാൻ ഒന്നും പറഞ്ഞില്ലല്ലോ. അങ്ങ് പറഞ്ഞതായി ഇന്നത്തെ മാധ്യമങ്ങളിൽ വാർത്ത വന്നത്, 'ഈ കേസ് ഇത്രയും നാളായി, ഇത്ര ഗുരുതരമായ കേസ്, കമ്മിറ്റ് ചെയ്യേണ്ട കേസ്, ഇതുവരെ കമ്മിറ്റ് ചെയ്യാതെ... ...' എന്നാണ്. ഗുരുതരമായ കേസ്സുകളല്ലേ സെഷൻസ് കോടതിയിൽ കമ്മിറ്റ് ചെയ്യാൻ സാധിക്കുകയുള്ളൂ. It is exclusively triable by a Magistrate. അപ്പോൾ ആ കേസിന്റെ ഗൗരവം അങ്ങേയ്ക്ക് മനസ്സിലായല്ലോ? മജിസ്ട്രേറ്റ് കോടതിയിൽ വിചാരണ ചെയ്യാനിരിക്കുന്ന കേസിനെക്കുറിച്ചാണ്

സെഷൻസ് കോടതിയിൽ കമ്മിറ്റ് ചെയ്തില്ലെന്ന് പറയുന്നത്. നമ്മൾ ഒരു കാര്യം ഉന്നയിച്ചാൽ അതിന്റെ വിശദാംശങ്ങൾ ചോദിച്ച് മനസ്സിലാക്കി അതിന്റെ വസ്തുതകൾ അറിയണമെന്ന് അങ്ങ് രാവിലെ ഒരു പ്രസംഗത്തിൽ സൂചിപ്പിച്ചു. എനിക്ക് കേട്ടപ്പോൾ സന്തോഷം തോന്നി, അങ്ങ് എന്നോട് ചോദിക്കുമെന്നും വിചാരിച്ചു. അങ്ങ് എന്നോട് ഇതിന്റെ വിശദാംശങ്ങൾ ചോദിച്ചിരുന്നെങ്കിൽ ഞാൻ അങ്ങയോട് പറയുമായിരുന്നില്ലേ? അങ്ങ് ചോദിച്ചിരുന്നെങ്കിൽ ഞാൻ കോടതിയിൽ ഹാജരാകുന്നില്ലെന്ന വാദം ഉന്നയിക്കില്ലായിരുന്നു. ഇത് കമ്മിറ്റ് ചെയ്യേണ്ട കേസ്സാണെന്ന് അങ്ങ് ഉന്നയിക്കില്ലായിരുന്നു. അധികാരം ദുർവിനിയോഗം ചെയ്ത് എൽ.ഡി.എഫ്.-കാരനായ എന്നെ യു.ഡി.എഫ്. ഹീനമായി വേട്ടയാടിയതിന്റെ പ്രത്യക്ഷ ഉദാഹരണമാണ് ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരിക്കുമ്പോൾ എനിക്കെതിരെ ചമച്ച ഈ കള്ളക്കേസ്. കോടതിയിൽ നേരിടാൻ എനിക്കൊരു ഭയവുമില്ല. ഭയമുണ്ടെങ്കിൽ ഇതെല്ലാംകഴിഞ്ഞ് ഞാനിവിടെ എത്തുമോ? ഇത്തരം വേട്ടയാടലുകളെ അതിജീവിച്ചാണ് ഈ സർക്കാർ ഈ കസേരകളിലെത്തിയതെന്നുള്ള ഓർമ്മ അങ്ങേയ്ക്ക് വേണം. ഇതുകൊണ്ടൊന്നും ഞങ്ങളാരും തളരാൻ പോകുന്നില്ല, ഞാനും തളരാൻ പോകുന്നില്ല. ഈ വിഷയം അവതരിപ്പിക്കാൻ

അവസരമൊരുക്കിത്തന്നതിന് അങ്ങയോട് ഞാൻ നന്ദി പറയുന്നു. ഞാൻ ഒരു പെണ്ണുകേസിലും പ്രതിയായില്ല, എന്റെ പേരിലൊരു പെണ്ണുകേസുമില്ല. അതുകൊണ്ട്, ഒരു മജിസ്ട്രേറ്റ് കോടതിയിലെ കേസിനെക്കുറിച്ച്, രാഷ്ട്രീയമായി തേജോവധം ചെയ്യാൻ, വ്യക്തിപരമായി വേട്ടയാടാൻ ആരെങ്കിലും ശ്രമിച്ചാൽ അങ്ങയെപ്പോലുള്ളവരെങ്കിലും അതിന് കൂട്ടുനിൽക്കരുതെന്ന് മാത്രമേ എനിക്ക് അഭ്യർത്ഥിക്കാനുള്ളൂ. ഈ വിഷയം സംസാരിക്കാൻ അവസരം നൽകിയതിന് നന്ദി പറയുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ ഈ സഭയിൽ പറയാത്ത കാര്യങ്ങളാണ് എന്റെപേരിൽ അദ്ദേഹം ചാർത്തിയിരിക്കുന്നത്. ഞാൻ സഭയ്ക്കുപുറത്ത് പറയാത്ത കാര്യങ്ങളാണ് ചാർത്തിയത്. ഞാൻ ആധികാരികമായാണ് പറഞ്ഞത്, അദ്ദേഹത്തിനെതിരെ ഒരു കേസുണ്ട്, ആ കേസ്സിൽ ഗുരുതരമായ ഒരു അലിഗേഷനുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: അദ്ദേഹം മറുപടി പറഞ്ഞല്ലോ.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പറയട്ടെ, കാള പെറ്റെന്ന് കേട്ട് ഞാൻ കയറെടുത്തുവെന്ന് അദ്ദേഹം എന്നെക്കുറിച്ചും പറഞ്ഞില്ലേ; (.....ബഹളം.....) ആ ഗുരുതരമായ ആരോപണം......

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് പറയൂ. (.....ബഹളം.....)

ശ്രീ. വി. ഡി. സതീശൻ: സർ, അദ്ദേഹം വിശദീകരിച്ചപ്പോൾ ഞങ്ങൾ കേട്ടുകൊണ്ടുനിന്നു. (.....ബഹളം.....) ഞാൻ അത് നന്നായി വിശദീകരിച്ചു. ഗുരുതരമായ ആരോപണം ആ കേസ്സിൽ നിൽക്കുകയാണ്. അദ്ദേഹം ആ ആരോപണം നിഷേധിച്ചില്ലല്ലോ; ഹൈക്കോടതിയിൽ വിജിലൻസിന്റെ റിപ്പോർട്ടില്ലേ; തൊണ്ടിമുതൽ അദ്ദേഹം റിസീവ് ചെയ്തു എന്നതിന്റെ ഫോറൻസിക് റിപ്പോർട്ടില്ലേ?

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അത് വളരെ വിശദമായി പറഞ്ഞല്ലോ. (.....ബഹളം.....)

ശ്രീ. വി. ഡി. സതീശൻ: സർ, (.....ബഹളം.....) അങ്ങനെ ശല്യപ്പെടുത്തല്ലേ; അങ്ങനെ ഇടപെടല്ലേ; ഞാൻ പ്രതിപക്ഷനേതാവാണ്. ഞാൻ ഒരു കാര്യം പറയുകയാണ്. ഞാൻ പറയുന്ന വാചകത്തിനിടയിൽ കയറി ഇടപെടരുത്. ഞാൻ ഒരു കാര്യം കംപ്ലീറ്റ് ചെയ്യട്ടെ.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് പറയൂ.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ ഇവിടെ പറഞ്ഞ കാര്യം ആധികാരികവും നൂറ് ശതമാനം വസ്തുതാപരവുമായിട്ടുള്ള കാര്യമാണ്. സംസ്ഥാനത്തിന് അപമാനകരമായ, ഗുരുതരമായ ആരോപണമാണ്. ഒരു ക്രിമിനൽകേസ് ഇരുപത്തിയഞ്ച് കൊല്ലം മുമ്പാണെങ്കിലും പത്തുകൊല്ലം

മുമ്പാണെങ്കിലും അഞ്ചുകൊല്ലം മുമ്പാണെങ്കിലും ഇപ്പോൾ നടന്നതാണെങ്കിലും ഒരുപോലെതന്നെയാണ്. അദ്ദേഹം നിരപരാധിയായിരുന്നെങ്കിൽ അദ്ദേഹത്തിന് എത്രമാത്രം ഓപ്ഷൻസുണ്ടായിരുന്നു. മജിസ്ട്രേറ്റ് കോടതിയിൽ പരിഗണിക്കേണ്ട നിസാരകേസാണോ ഇത്? മജിസ്ട്രേറ്റ് കോടതിയിൽ ഗൗരവമുള്ള കേസും പെറ്റി കേസും വരും. ഇത് പെറ്റി കേസാണോ? ഇത് പെറ്റി കേസ്സല്ല. മയക്കമരുന്ന് കച്ചവടക്കാരന് രക്ഷപ്പെടാൻവേണ്ടി തൊണ്ടിമുതൽ മാനിപ്പുലേറ്റ് ചെയ്തതാണ്. അയാൾ നാട്ടിൽനിന്ന് പോവുകയും ചെയ്തു. ഈ കാരണം കൊണ്ടാണ് ബഹുമാനപ്പെട്ട ഹൈക്കോടതി അയാളെ വെറുതെവിട്ടത്. ഗൗരവതരമായൊരു കാര്യമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് പരിശോധിക്കണമെന്നാണ് ഞാൻ പറയുന്നത്. പൊതുസമൂഹവും മാധ്യമങ്ങളും ജനങ്ങളും ചർച്ച ചെയ്യുമ്പോൾ നിയമസഭയിൽ ആ വിഷയം അവതരിപ്പിക്കുകയെന്നത് നമ്മുടെ ധാർമ്മികമായ ഉത്തരവാദിത്വമാണ്. ആ ഉത്തരവാദിത്വമാണ് ഞങ്ങൾ നിർവ്വഹിച്ചത്. അതിനെ അങ്ങ് ചോദ്യം ചെയ്യേണ്ട ഒരാവശ്യവുമില്ല. അത് ഞങ്ങളുടെ ജോലിയാണ്. നിങ്ങളായിരുന്നെങ്കിൽ എന്തായിരിക്കും ഇപ്പോൾ അവസ്ഥ; ഞങ്ങളുടെ ഭാഗത്തുനിന്നുള്ള ഏതെങ്കിലും മന്ത്രിക്കാണ് ഇതുപോലെയെങ്ങാനും പറ്റിയിരുന്നതെങ്കിൽ കേരളം മുഴുവൻ

എന്തായിരുന്നേനെ? ഞങ്ങളിതിവിടെ മെൻഷൻ ചെയ്യുന്നു, അത് റെക്കോർഡ് ചെയ്യുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: നമുക്കിത് അവസാനിപ്പിക്കാം.

ശ്രീ. ആന്റണി രാജു: സർ, എന്നെ സംബന്ധിക്കുന്ന കാര്യത്തിന് മറുപടി പറയണ്ടേ? ഗുരുതരമായ കേസുകൾ ട്രയൽ നടത്തേണ്ട കോടതികൾ ഏതാണെന്നും അല്ലാത്ത കോടതി ഏതാണെന്നും സി.ആർ.പി.സി. ഒന്ന് വായിച്ച് നോക്കണം. ഞാൻ മന്ത്രിയായതിനുശേഷം നടന്ന കേസാണോ; ഞാൻ എം.എൽ.എ. ആയതിനുശേഷം നടന്ന കേസാണോ; ഈ കേസ് ഉണ്ടെന്നുള്ള വിവരം മറച്ചുവച്ചിട്ടാണോ ഞാൻ ഇവിടെ വന്നിരിക്കുന്നത്; ഇതല്ലേ പത്രങ്ങളിൽ പരസ്യമായി കൊടുത്തത്; ഞാനിതെല്ലാം മറച്ചുവച്ച്, നിയമസഭയിൽ മത്സരിച്ച് ഇവിടെ വന്നിരിക്കുന്നുവെന്ന് അങ്ങ് പറയുന്നത് ശരിയാണോ; ഞാൻ മന്ത്രിയായതിനുശേഷം ഉണ്ടായതാണോ ഈ കേസ്; ഒരു കേസുള്ളതിന്റെ പേരിൽ മത്സരിക്കാൻ കഴിയില്ലെന്ന് നിയമത്തിലുണ്ടെങ്കിൽ എനിക്ക് ഇവിടെ മത്സരിക്കാൻ കഴിയില്ലല്ലോ? പ്രതിപക്ഷത്ത് എത്രയോ കേസുള്ള എത്രയോപേരുണ്ട്. എത്രയോ ഗുരുതരമായ കേസുകളിൽപ്പെട്ടവർ, സെഷൻസ് ഒഫൻസിൽപ്പെട്ട എത്രയോപേർ മത്സരിച്ച് ജയിച്ച് ഇവിടെ വന്നിരിപ്പുണ്ട്. അങ്ങ് ഏതോ ഒരു

പുതിയകാര്യം കിട്ടിയതുപോലെ, ഞാൻ മന്ത്രിയായതിനുശേഷമുണ്ടായ ഒരു സംഭവംപോലെയാണ് പറയുന്നത്. എന്റെ പ്രൊഫഷനുമായി ബന്ധപ്പെട്ട ഒരു കേസാണ്. ഒപ്പിട്ട് വാങ്ങിച്ചുവെന്ന് അങ്ങ് പറഞ്ഞു. കോടതിയെക്കുറിച്ച് വല്ല വിവരവും ഉണ്ടെങ്കിൽ അങ്ങ് ഇങ്ങനെ പറയുമോ? കോടതിയിൽ വക്കീലിന് ഒപ്പിട്ട് വാങ്ങിക്കാൻ അധികാരമുണ്ടെന്നുള്ളതുപോലും അറിയാത്ത അങ്ങ് പത്തുവർഷം ഹൈക്കോടതിയിൽ പ്രാക്ടീസ് ചെയ്ത അഭിഭാഷകനാണെന്ന് പറയുമ്പോൾ എനിക്ക് ലജ്ജ തോന്നുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഇങ്ങനെ ഈ ചർച്ച കൊണ്ടുപോകാൻ സാധിക്കില്ല. ധനകാര്യ ബില്ലുമായി ബന്ധപ്പെട്ട വിഷയമാണ് ചർച്ച ചെയ്യേണ്ടത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഹൈക്കോടതി അഭിഭാഷകനായ എനിക്ക് മജിസ്ട്രേറ്റ് കോടതിയിൽനിന്നും തൊണ്ടി മുതൽ വക്കീൽ ഒപ്പിട്ട് വാങ്ങിക്കുമെന്നറിയാം. അതുകൊണ്ടാണ് ഇവിടെ പറഞ്ഞത്. ഏത് തൊണ്ടിമുതലാണ് വാങ്ങിയത്? കോടതിയിൽ ഹാജരാക്കുന്നതിനായി സൂക്ഷിക്കേണ്ട തൊണ്ടിമുതൽ മാറ്റി വാങ്ങിച്ചു. പ്രതിയുടെ അടിവസ്ത്രം വാങ്ങിച്ചിട്ട് വേറെ തയ്പ്പിച്ച് കൊടുത്തു. (.....ബഹളം.....)

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്...., പ്ലീസ്...., ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, നമുക്ക് ഈ ചർച്ച അവസാനിപ്പിക്കാം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതിന് ബഹുമാനപ്പെട്ട മന്ത്രി വിശദീകരണം നൽകിയിട്ടുണ്ട്. (.....ബഹളം.....) അതൊരു ചർച്ചയായി കൊണ്ടുപോകേണ്ട കാര്യമില്ല. ഇത് ഇങ്ങനെ ചർച്ച ചെയ്തിട്ട് കാര്യമില്ല.

<u>ശ്രീ. ആന്റണി രാജു</u>: സർ, കേസിന്റെ വിചാരണയാണോ ഇവിടെ നടത്തേണ്ടത്; എനിക്കെതിരെ ശ്രീ. ഉമ്മൻ ചാണ്ടി സർക്കാർ കെട്ടിച്ചമച്ചൊരു കള്ളക്കേസിനെക്കുറിച്ചാണ് അങ്ങിവിടെ വാദിക്കുന്നത്. അത് ഞാൻ നിഷേധിക്കുകയാണ്. ഉമ്മൻ ചാണ്ടി സർക്കാർ കെട്ടിച്ചമച്ച ഒരു കള്ളക്കേസ് വച്ചുകൊണ്ട് അതിനെല്ലാം ഞാനിവിടെ മറുപടി പറയണമെന്നുപറഞ്ഞാൽ, ഞാൻ പറയേണ്ടിടത്ത് പറയാം, എനിക്കൊരു ബുദ്ധിമുട്ടുമില്ല.

# 3.27 pm]

## ധനകാര്യം - തുടർച്ച

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ)</u>: സർ, സപ്ലിമെന്ററി ഡിമാന്റ്സിനെ സംബന്ധിച്ച ചർച്ചയാണ് നടക്കേണ്ടതെങ്കിലും 20-25 വർഷം മുമ്പുള്ള കേസുകളെ സംബന്ധിച്ച കാര്യങ്ങളാണ് ചർച്ച

ചെയ്തത്. രാഷ്ട്രീയകാര്യങ്ങൾ പറയുമ്പോൾ അങ്ങനെ വരും. കഴിഞ്ഞ ആറ് വർഷക്കാലമായി തുടരുന്ന സർക്കാരിന്റെ തെരഞ്ഞെടുപ്പ് കഴിഞ്ഞതിനുശേഷമുള്ള ഘട്ടത്തിലെ പ്രവർത്തനങ്ങളുടെ വിലയിരുത്തലും അതിന്റെ എസ്.ഡി.ജി. സംബന്ധിച്ചും ചർച്ച ചെയ്യുമ്പോൾ ഇതൊരു തുടർച്ചയാണ്. ജനങ്ങളുടെ മുമ്പിൽ അവതരിപ്പിച്ച പ്രകടന പത്രികയിലെ 600 എണ്ണത്തിൽ 570 എണ്ണവും പൂർത്തീകരിച്ചുവെന്ന് ഇടതുപക്ഷ ജനാധിപത്യമുന്നണി പറയുന്നത് ശരിയല്ലെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞു. അതിനെക്കുറിച്ച് ചില കാര്യങ്ങൾ അദ്ദേഹം പറയുകയുണ്ടായി. കഴിഞ്ഞ അഞ്ചുവർഷവും ഈയൊരു വർഷവും ഉൾപ്പെടെയുള്ള ആറ് വർഷത്തെ പ്രോഗ്രസ് റിപ്പോർട്ട് ഓരോ വർഷവും പ്രസിദ്ധീകരിക്കുകയും അതിന് ജനങ്ങൾ അംഗീകാരം നൽകുകയും ചെയ്തു. ജനങ്ങൾക്കൊരു പ്രോഗ്രസ് റിപ്പോർട്ടും നിയമസഭയിലെ പ്രസംഗവും മാത്രമല്ല, റോഡുകളും പാലങ്ങളും ആശുപത്രികളും സ്കൂളുകളുമടക്കം നാട്ടിലെ ഗ്രാമഗ്രാമാന്തരങ്ങളിലെത്തിയ വികസനങ്ങൾ കണ്ടുകൊണ്ടുതന്നെയാണ് ജനങ്ങൾ ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് വോട്ട് ചെയ്തത്. എന്നുമാത്രമല്ല, 18 മാസക്കാലം പാവപ്പെട്ട പ്രായമുള്ള ആളുകൾക്ക് സോഷ്യൽ സെക്യൂരിറ്റി പെൻഷന്റെ ഭാഗമായി പെൻഷൻ കൊടുക്കാതിരുന്ന ഒരു

ഗവൺമെന്റ് മാറിയശേഷം വന്ന പുതിയ ഗവൺമെന്റ് സ്ഥിരമായി ആ കാര്യങ്ങളെല്ലാം കൊടുക്കുന്നതുൾപ്പെടെ കണ്ടുകൊണ്ടുതന്നെയാണ് ജനങ്ങൾ വോട്ട് ചെയ്തത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ വിചാരണയ്ക്ക് വരുമ്പോൾ പഴയ പ്രതിപക്ഷനേതാവിനെയാണോ ഊന്നിയതെന്ന് അറിയില്ല. കാരണം അദ്ദേഹം കഴിഞ്ഞ അഞ്ചുവർഷക്കാലം ഒന്നും ചെയ്തില്ല, ഈ കാര്യങ്ങളൊന്നും പുറത്തുകൊണ്ടുവന്നില്ല എന്നുള്ളതുകൊണ്ട് ആദ്യമായിട്ടൊരു കാര്യം കണ്ടുപിടിച്ചതുപോലെ പ്രതിപക്ഷനേതാവ് ഇവിടെ വന്ന് പറയുകയാണ്. ഈ വിഷയം ജനങ്ങളുടെ മുന്നിൽ ചർച്ച ചെയ്തതാണല്ലോ. അതുകൊണ്ട് പഴയ പ്രതിപക്ഷനേതാവും പുതിയ പ്രതിപക്ഷനേതാവും തമ്മിലുള്ള ഇത്തരം കാര്യങ്ങൾ അവർ തമ്മിൽ പറയേണ്ടതാണ്. ചർച്ചയിൽ ഭരണപക്ഷവും പ്രതിപക്ഷവും നല്ല അഭിപ്രായങ്ങൾ പറഞ്ഞിട്ടുണ്ട്. അതുപോലെതന്നെ ചില കാര്യങ്ങളിൽ ശക്തമായ വിമർശനങ്ങളും വന്നിട്ടുണ്ട്. വിമർശനങ്ങൾ ക്രിയാത്മകമാണെങ്കിൽ യാതൊരു വിഷമവും ഇല്ല. കാരണം ക്രിയാത്മകമായ വിമർശനം വച്ചുമാത്രമേ പല കാര്യങ്ങളും മുന്നോട്ടുകൊണ്ടുപോകാൻ കഴിയൂ. അത് സഭയിൽത്തന്നെ സമ്മതിക്കുന്നില്ലെങ്കിലും പ്രതിപക്ഷനേതാക്കൾ ഇക്കാര്യങ്ങൾ മനസ്സിൽ

ഉൾക്കൊണ്ടുതന്നെ തിരുത്താൻ തയ്യാറാകുമെന്നുള്ളത് ഉറപ്പാണ്. ഇന്നും സഭയിൽ അത്തരം ചില കാര്യങ്ങൾ കണ്ടിരുന്നു. ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗും തുടർന്ന് പറഞ്ഞ അഭിപ്രായങ്ങളും അത്തരം കാര്യങ്ങളുടെ ഉൾക്കൊള്ളലിന്റെ ഭാഗമാണ്. പക്ഷേ, ഒരു കാര്യവും ഉൾക്കൊള്ളില്ലെന്ന് പറയുന്നത് ഒരിക്കലും ജനാധിപത്യത്തിന് ഭൂഷണമല്ല. ഞങ്ങൾ ചെയ്യുന്നതെല്ലാം ശരി, ഞങ്ങളുടെ കാലത്ത് ചെയ്തതെല്ലാം ശരി, നിങ്ങൾ ചെയ്യുന്നതെല്ലാം തെറ്റ്, ചെയ്യാനുദ്ദേശിക്കുന്നത് തെറ്റ്, നിങ്ങൾ ചിന്തിക്കുന്നതും തെറ്റ് എന്നുപറയുന്ന ആലോചന ശരിയല്ല. ഇന്ന് സംസ്ഥാനം അങ്ങനെ ചിന്തിക്കാവുന്ന തരത്തിലല്ല. ഞാൻ നിങ്ങളുടെ കൂടെയുണ്ടായിരുന്നപ്പോൾ ചെയ്തതെല്ലാം ശരി, ഇപ്പോൾ നിങ്ങൾ ചെയ്തതെല്ലാം തെറ്റ് എന്നതരത്തിലും ശൈലിയിലും പറയുന്ന ആളുകളുമുണ്ട്. നമ്മളൊരുമിച്ച് പ്രവർത്തിച്ചപ്പോൾ ചെയ്താൽ ശരി, ആ ശരി ഇപ്പോഴും ഏകദേശം നന്നായി തുടരുന്നുണ്ടെന്ന് പല ബഹുമാനപ്പെട്ട അംഗങ്ങൾക്കും അറിയാമെന്ന് ഞാൻ കരുതുന്നു. എന്തായാലും കാഴ്ചപ്പാടുകളുടെ കാര്യത്തിൽ വ്യത്യാസമുണ്ടെങ്കിലും പൊതുവിൽ നമ്മുടെ മുന്നിൽ ഒരു ശരിയേ ഉള്ളൂ, അത് കേരളത്തിലെ ജനങ്ങളാണ്. കേരളത്തിലെ ജനങ്ങൾ എങ്ങനെയാണ് ജീവിക്കുന്നത്, അവർക്ക് എന്ത് സഹായം ചെയ്യാൻ സാധിക്കും പ്രത്യേകിച്ച്,

ഇന്നത്തെ കാലത്ത് അത് കൂടുതൽ ഗൗരവമായി ചർച്ച ചെയ്യേണ്ട ഘട്ടമാണ്. കാരണം എല്ലാ ദിവസവും ഇത്തരം ചർച്ചകൾ നടക്കുമ്പോൾ ആവർത്തിച്ചാവർത്തിച്ച് പറയേണ്ടി വരുന്നതിൽ ബുദ്ധിമുട്ടുണ്ട്. എങ്കിൽപ്പോലും കഴിഞ്ഞൊരു നൂറ്റാണ്ടിനിടയിൽ കണ്ടതിൽ ഏറ്റവും വലിയ ബുദ്ധിമുട്ടിൽക്കൂടിയാണ് ലോകം കടന്നുപോകുന്നതെന്ന് നമ്മൾ മനസ്സിലാക്കിയില്ലെങ്കിൽ എങ്ങനെയാണ് ശരിയാകുക? ഇടതുപക്ഷമുള്ളതുകൊണ്ട് ജനങ്ങൾ എല്ലാവരും സാഹോദര്യത്തോടുകൂടി കഴിയുന്നു എന്ന് ബഹുമാനപ്പെട്ട കുട്ടനാട് എം.എൽ.എ. പറഞ്ഞതുപോലെ ഒരുമിച്ച് ജീവിക്കാൻ കഴിയുന്ന സ്ഥലമായി കേരളം നിൽക്കുന്നുവെന്നുള്ളത് ഭരണപക്ഷവും പ്രതിപക്ഷവും എല്ലാ മതവിശ്വാസികളും ചിന്തിക്കേണ്ട കാര്യമല്ലേ? ഇഷ്ടമുള്ള ഭക്ഷണം കഴിക്കാനും ഇഷ്ടമുള്ളത് പ്രസംഗിക്കാനും - ഇഷ്ടമുള്ളത് പ്രസംഗിക്കാം എന്നുപറഞ്ഞാൽ എന്തും പ്രസംഗിക്കാം എന്നല്ല ഞാൻ ഉദ്ദേശിച്ചത്. പക്ഷേ,  ജനാധിപത്യപരമായി പ്രസംഗിക്കാനും നമ്മുടെ കലാരൂപത്തിലായാലും മതവിശ്വാസത്തിന്റെ കാര്യത്തിലായാലും അഭിപ്രായ സ്വാതന്ത്ര്യത്തിലായാലും കലാരംഗത്തായാലും ഒരുമിച്ച് പ്രവർത്തിക്കാൻ കഴിയുന്ന സാഹചര്യം കേരളത്തിലുണ്ട്. ആ കേരളം ഭരണപക്ഷം മാത്രം വിചാരിച്ചതുകൊണ്ടും പ്രതിപക്ഷം മാത്രം വിചാരിച്ചതുകൊണ്ടും

രൂപപ്പെട്ടതല്ല. എന്തൊക്കെ പോരായ്മകളുണ്ടെങ്കിലും നമുക്കെല്ലാം ഉള്ളിന്റെയുള്ളിൽ കുറച്ച് നന്മകളുണ്ട്. പക്ഷേ, എപ്പോഴും കണ്ണടച്ച് കുറ്റംപറഞ്ഞ് ആ നന്മകൾ ഇല്ലാതാക്കരുതെന്നാണ് എനിക്ക് ആദ്യമായി പറയാനുള്ളത്. ഈ കഴിഞ്ഞ ഒരുവർഷക്കാലവും അതിന് മുമ്പത്തെ അഞ്ച് വർഷക്കാലവും ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ നടത്തിയ പ്രവർത്തനത്തിന്റെ ഭാഗമായി ഇവിടെ നടന്നിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് എടുത്തുപറയേണ്ട കാര്യമില്ലല്ലോ. ഇപ്പോൾ അടിസ്ഥാന സൗകര്യവികസനങ്ങളുടെ കാര്യത്തിൽ വലിയ വ്യത്യാസമുണ്ടായി എന്നത് അറിയാവുന്നതാണ്. ഏകദേശം 5000 കോടിയോളം രൂപയുടെ പി.ഡബ്ല്യു.ഡി. വർക്കും അതുപോലെത്തന്നെ അയ്യായിരത്തോളം കോടിരൂപയുടെ കെ.എസ്.ഡി.പി. വഴിയുള്ള വർക്കുമാണ് നടക്കുന്നത്. ആറായിരം കോടിയോളം രൂപയുടേതാണ് കിഫ്ബി വഴി പ്രവർത്തനം നടക്കുന്നത്. ഇതുകൂടാതെ മറ്റ് പല സ്കീമുകളും നടക്കുന്നു. ധാരാളം നിർമ്മാണ പ്രവർത്തനങ്ങളാണ് സംസ്ഥാനത്ത് നടക്കുന്നത്. നല്ല റോഡുകൾ ഉണ്ടാകണമെന്ന് എല്ലാവരും ആവശ്യപ്പെടുന്നതാണ്. കാസർഗോഡ് മുതൽ പാറശ്ശാല വരെപോയാൽ നല്ല റോഡുകൾ എങ്ങനെയാണെന്ന് നമ്മൾ കാണുന്നില്ലേ? നിർമ്മാണം നടക്കുന്ന ചില സ്ഥലങ്ങളിലും വഴിക്കായി

കൂടുതൽ സ്ഥലമെടുക്കുന്നവയുമൊഴികെ എത്ര നന്നായി യാത്ര ചെയ്യാൻ കഴിയും. കഴിഞ്ഞ ദിവസം ഇവിടെനിന്ന് കുമിളിയിലേയ്ക്ക് ഞാൻ പോയിരുന്നു. മുമ്പത്തേക്കാൾ ഒന്നോ രണ്ടോ മണിക്കൂർ കുറവ് സമയംമതി. എത്ര വേഗത്തിലാണ് എത്താൻ കഴിയുന്നത്. കോന്നി ഭാഗത്ത് മാത്രമാണ് വിശാലമായ റോഡിന്റെ നിർമ്മാണം നടക്കാനുള്ളത്. ബാക്കി എല്ലാ സ്ഥലത്തും റോഡ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. റോഡിന്റെ കാര്യത്തിൽ കാസർഗോഡ് മുതൽ എല്ലാ സ്ഥലത്തും വികസനമാണ്. ആശുപത്രികളുടെയും സ്കൂളുകളുടേയും കാര്യം ഇവിടെ എടുത്തുപറഞ്ഞതാണ്. ഇന്ത്യയിൽ ദാരിദ്ര്യരേഖയ്ക്ക് താഴെ ഏറ്റവും കുറവ് ആളുകളുള്ള സംസ്ഥാനം കേരളമാണ്. നീതി ആയോഗിന്റെ കണക്കനുസരിച്ച് കേരളത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആളുകൾ ഒരു ശതമാനത്തിൽ താഴെയാണ്. കേരളത്തിൽ പട്ടിണി നിയന്ത്രിക്കാൻ കഴിയുന്നു. കേരളത്തിൽ വിലക്കയറ്റം കുറവാണെന്നാണ് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾ പറയുന്നത്. ഇന്ത്യയിൽ ഭക്ഷ്യധാന്യങ്ങൾ ഉൽപ്പാദിപ്പിക്കുന്ന സംസ്ഥാനങ്ങളേക്കാളും കേരളത്തിൽ വിലക്കയറ്റം കുറവാണെന്ന് പറയുന്ന കണക്ക് അഖിലേന്ത്യാ അടിസ്ഥാനത്തിലുള്ള സ്റ്റാറ്റിസ്റ്റിക്സിന്റെ അടിസ്ഥാനത്തിലാണ്. ഓരോ മേഖലയിലും നേട്ടം കൈവരിക്കാൻ സാധിച്ചു. വീടില്ലാത്തവരുടെ എണ്ണം മറ്റ്

സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ വളരെ കുറവാണ്. ലൈഫ് പദ്ധതിപ്രകാരം വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കാൻവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. എല്ലാ രംഗത്തും വലിയതോതിൽ മാറ്റങ്ങൾ വരുമ്പോഴും കേരളത്തിന്റെ കടം വർദ്ധിക്കുന്നതിനെ സംബന്ധിച്ചാണ് മുൻ പ്രതിപക്ഷനേതാവ് ചർച്ചയിൽ പറഞ്ഞത്. ഇപ്പോഴത്തെ പ്രതിപക്ഷനേതാവും അതുതന്നെയാണ് പറയുന്നത്. കടം വർദ്ധിക്കുന്നുവെന്ന് പറയുമ്പോൾ ഇന്ത്യാ രാജ്യത്തിന്റെ കടം 139 ലക്ഷം അല്ലെങ്കിൽ 140 ലക്ഷം കോടി രൂപയിലധികമാണെന്ന വസ്തുത മനസ്സിലാക്കണം. 2006-ലെ ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റ് കഴിഞ്ഞ് യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ 100 ശതമാനമായിരുന്നു കടത്തിന്റെ വർദ്ധന. എന്നാൽ ഒന്നാം പിണറായി സർക്കാരിന്റെ അഞ്ച് വർഷംകൊണ്ട് 80 ശതമാനമേ കടത്തിന്റെ കാര്യത്തിൽ വർദ്ധനവ് വന്നിട്ടുള്ളൂ. കടം വർദ്ധിക്കുന്നുണ്ട്, ഇല്ലെന്ന് പറയുന്നില്ല. നാണയപ്പെരുപ്പമുണ്ട്. എന്നാൽ ആ കടം നിയന്ത്രിച്ച് പോകാൻ കഴിയുന്നുണ്ട്. എല്ലാ സംസ്ഥാനങ്ങളിലും ലോകത്താകെയും ഈ പ്രശ്നമുണ്ട്. ഇന്ത്യാ ഗവൺമെന്റിന്റെ 69 ശതമാനമാണ് അവരുടെ ജി.ഡി.പി.-യും കടവും തമ്മിലുള്ള comparison. കേരളത്തിൽ 37 ശതമാനമാണ്, അതിനിയും

കുറഞ്ഞു വരും. കടത്തിന്റെ കാര്യത്തിൽ അപകടകരമായ സ്ഥിതിയിലേയ്ക്ക് സംസ്ഥാനം പോകുന്നില്ല. 'മലർന്നു കിടന്ന് തുപ്പുക' എന്നൊരു പ്രയോഗമുണ്ട്. നമ്മുടെ സംസ്ഥാനം വളരെ മോശമാണെന്ന് നമ്മൾതന്നെ നടന്ന് പറയണോ? ഭരണപക്ഷവും പ്രതിപക്ഷവുമെന്ന നിലയിൽ രാഷ്ട്രീയം പറയുമ്പോൾ നല്ലതിനെ നല്ലതാണെന്ന് പറയുന്നതിലും മോശമായതിനെ മോശമാണെന്ന് പറയുന്നതിലും യാതൊരു എതിർപ്പുമില്ല. ശ്രീ. രമേശ് ചെന്നിത്തല 'ആശ്വാസ കിരണം പദ്ധതി' പ്രകാരമുള്ള പെൻഷൻ കൊടുക്കുന്നില്ലെന്ന് പറയുകയുണ്ടായി. കിടപ്പുരോഗികളെ പരിചരിക്കുന്നവർക്ക് പെൻഷൻ നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതിയിൻകീഴിൽ 99000-ഓളം പേരുണ്ട്. അതിൽ കുറച്ച് പേർക്ക് നേരത്തെ കൊടുത്തുകഴിഞ്ഞു. മസ്റ്ററിംഗ് നടത്താത്തതുകൊണ്ട് അനർഹമായി പെൻഷൻ വാങ്ങുന്ന സ്ഥിതിയുണ്ട്. മസ്റ്ററിംഗ് നടത്താൻ ആളുകൾ തയ്യാറാകുന്നില്ല. തൽക്കാലം ആ വിഷയം നോക്കാതെ പെൻഷൻ നൽകാൻ ആലോചിച്ചിട്ടുണ്ട്. കാൻസർ രോഗബാധിതർക്കും പെൻഷൻ നൽകുന്നില്ലെന്നും ഈ പെൻഷൻ കണ്ണൂരിൽ കൊടുക്കുന്നില്ലെന്നും എട്ട് മാസം പെൻഷൻ മുടങ്ങിയെന്നും അദ്ദേഹം പറയുകയുണ്ടായി. പയ്യന്നൂർ താലൂക്കിൽ 2022 മേയ് മാസംവരെയും തളിപ്പറമ്പിൽ 2022 മാർച്ച് വരെയുമുള്ള

പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. അതുപോലെ ഓരോ സ്ഥലത്തും കൊടുത്തിട്ടുണ്ട്. ഇത്തരം വസ്തുതകൾ പെട്ടെന്ന് സഭയിൽ ഉന്നയിക്കുമ്പോൾ എല്ലാ ഡീറ്റെയിൽസും അപ്പോൾ എടുത്തുതരാൻ കഴിയില്ല. എന്നാൽപ്പോലും ഡീറ്റെയിൽസ് എടുത്തിട്ടുണ്ട്. ഈ പറയുന്നതെല്ലാം അടിസ്ഥാനമില്ലാത്ത കാര്യങ്ങളാണ്. ഈ പെൻഷൻ കൊടുത്തിട്ടുണ്ടെന്നുള്ള കാര്യം ഞാൻ എടുത്തുപറഞ്ഞതാണ്. അതുപോലെ, ആശുപത്രികളിൽ മരുന്നില്ലെന്ന് അദ്ദേഹം പറഞ്ഞു. ആശുപത്രികളിൽ മരുന്നില്ലാത്ത സ്ഥിതിയില്ലെന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി നേരത്തെതന്നെ വ്യക്തമാക്കിയതാണ്. ചില മരുന്നുകൾ വാങ്ങിയതിനെപ്പറ്റിയും പറഞ്ഞു. ആശുപത്രികളിൽ മരുന്നില്ലെന്ന കാര്യം കഴിഞ്ഞ ദിവസങ്ങളിൽ ചർച്ച നടത്തുകയും അതുസംബന്ധിച്ച കാര്യങ്ങൾ മന്ത്രി വ്യക്തമാക്കിയിട്ടും അതേകാര്യങ്ങൾതന്നെ ആവർത്തിക്കുകയാണ്. കെ.എസ്.ആർ.ടി.സി.-യുടെ കാര്യം സംബന്ധിച്ച് പറഞ്ഞു. ഈ ഗവൺമെന്റ് വരുന്നതിനുമുമ്പ് കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് സർക്കാരിൽ നിന്ന് ഫണ്ട് നൽകേണ്ട ആവശ്യമുണ്ടായിരുന്നില്ല. രാവിലെ മലപ്പട്ടം പഞ്ചായത്തിന്റെ കാര്യം പറഞ്ഞതുപോലെ ശമ്പളം നൽകാൻ തനത് ഫണ്ടില്ലാത്ത പഞ്ചായത്തുകൾക്ക് ഗ്യാപ് ഫണ്ട് നൽകിയിട്ടുണ്ട്. മറ്റ്

സ്ഥലത്തുനിന്ന് അല്ലെങ്കിൽ പൊതുവിൽ വച്ചിരിക്കുന്ന പ്ലാനിൽനിന്ന് കൊടുക്കും. അങ്ങനെ മലപ്പട്ടം പഞ്ചായത്തിനും കൊടുത്തുവെന്നത് നേരത്തെ പറഞ്ഞു. കെ.എസ്.ആർ.ടി.സി.-യിൽനിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ മുടങ്ങിയപ്പോൾ 50 ശതമാനം തുക ഗവൺമെന്റ് നൽകാമെന്ന് ഒന്നാം പിണറായി സർക്കാർ കരാറുണ്ടാക്കി. പക്ഷേ ഇപ്പോൾ 50 ശതമാനമല്ല, പെൻഷൻ നൽകുന്നതിനായി മുഴുവൻ തുകയും കൊടുക്കേണ്ടി വരികയാണ്. എന്നാൽ ശമ്പളം കൊടുക്കുന്നതിന് സർക്കാർ കുറച്ച് സഹായം നൽകുന്നുണ്ട്, പൂർണ്ണമായി കൊടുക്കാൻ കഴിയില്ല. ഇന്ധന വില വർദ്ധിച്ചതുകൊണ്ടാണ് കുറച്ച് സഹായം നൽകേണ്ടി വരുന്നത്. ശമ്പളം നൽകുന്ന കാര്യത്തിൽ ചില ബുദ്ധിമുട്ടുകൾ വരുന്നുണ്ടെങ്കിലും കൃത്യമായി അത് കൊടുത്ത് മുന്നോട്ടുപോകുന്നുണ്ട്. കടം സംബന്ധിച്ചും കിഫ്ബിയെ സംബന്ധിച്ചും കുറേക്കാര്യങ്ങൾ പറയുകയുണ്ടായി. കിഫ്ബിവഴി കേരളത്തിൽ വലിയ നേട്ടമുണ്ടാക്കാൻ സാധിച്ചു. കിഫ്ബിയുടെ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് ഏജൻസികളെടുക്കുന്ന നിലപാട് വളരെ ഗൗരവതരമായി സഭ ചർച്ച ചെയ്തതാണ്. സ്വകാര്യ ബാങ്കുകളിൽനിന്നും ഏകദേശം ഏഴ് ലക്ഷം കോടി രൂപ കടമെടുത്ത മുതലാളിമാരുടെ കടം കേന്ദ്ര ഗവൺമെന്റ് എഴുതിത്തള്ളിയിട്ടുണ്ട്. പക്ഷേ ഏതെങ്കിലും സംസ്ഥാന ഗവൺമെന്റിന്റെ

കടം കേന്ദ്ര ഗവൺമെന്റിന് എഴുതിത്തള്ളേണ്ടി വന്നിട്ടുണ്ടോ; സംസ്ഥാന ഗവൺമെന്റുകൾ പൊതുമേഖലാ സ്ഥാപനത്തിനുവേണ്ടി എടുത്തിട്ടുള്ള ഗ്യാരന്റി എഴുതിത്തള്ളേണ്ടി വന്നിട്ടുണ്ടോ? 7 ലക്ഷം കോടി രൂപ എഴുതിത്തള്ളിയത് സ്വകാര്യ മേഖലയിലെ കമ്പനികൾക്കുവേണ്ടിയാണ്. പക്ഷേ ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് പറയുന്നത് ഗ്യാരന്റി ചെയ്തെടുക്കുന്ന തുകപോലും എടുക്കാൻ പാടില്ല എന്നാണ്. റിസർവ് ബാങ്ക് ഓഫ് ഇന്ത്യ മാർച്ച് 31-ന് ഇറക്കിയ സർക്കുലർപ്രകാരം പൊതുമേഖലാ സ്ഥാപനങ്ങൾ, ഗവൺമെന്റ് കമ്പനികൾ മുതലായവർക്ക് കടമെടുക്കുന്നതിന് നിയന്ത്രണമേർപ്പെടുത്തുന്ന അവസ്ഥ വരികയാണ്. എന്നുപറഞ്ഞാൽ വിഴിഞ്ഞം പദ്ധതിയുൾപ്പെടെയുള്ള പദ്ധതികൾക്ക് നമ്മൾ നൽകുന്ന വയബിലിറ്റി ഗ്യാപ്പ് ഫണ്ടുപോലും കൊടുക്കാൻ കഴിയാത്ത തരത്തിലുള്ള അവസ്ഥയാണ് വരുന്നത്. ഇന്ന് ഇവിടെ പ്രസന്റ് ചെയ്ത സി&എ.ജി. റിപ്പോർട്ടിലും നേരത്തെയുള്ള സി&എ.ജി.-യുടെ അതേ അഭിപ്രായം തുടർന്നിട്ടുണ്ട്. കിഫ്ബിയും കെ.എസ്.എസ്.പി.എൽ. പെൻഷൻ കമ്പനിയും കടമെടുക്കുന്നത് ഓഫ് ബഡ്ജറ്റ് ബോറോയിംഗ് ആണെന്ന് അതിലുണ്ട്. അതിന് ഗവൺമെന്റിന്റെ ഒബ്സർവേഷൻ കൊടുത്തിട്ടുണ്ട്. ഏറ്റവും ഒടുവിൽ ഞെട്ടിക്കുന്ന തരത്തിലുള്ള കണക്കാണ് വന്നിരിക്കുന്നത്. 14,000 കോടി

രൂപ രണ്ടിലുംകൂടി ഉൾപ്പെടുത്തിയിട്ട് കേരളത്തിന്റേത് പിടിക്കണമെന്നാണ് പറയുന്നത്. ഈ പണം ഒരിക്കലും നമുക്ക് ബാധ്യതവരാത്ത തരത്തിൽ കൈകാര്യം ചെയ്യുമെന്നാണ് പറയുന്നതെങ്കിലും വീണ്ടും അത് പറയുകയാണ്. നേരത്തെയുള്ള കോമ്പൻസേഷൻ 12,000 കോടി രൂപ തരുന്നില്ല. കഴിഞ്ഞ വർഷത്തെ ഗ്രാന്റ് 7,000 കോടി രൂപ ഈ വർഷം വെട്ടിക്കുറയ്ക്കും. ആകെ 19,000 കോടി രൂപയുടെ കുറവ് വരികയാണ്. നാലുവർഷത്തേയ്ക്ക് ബോറോയിംഗ് കുറയ്ക്കാൻ തീരുമാനിച്ചിരിക്കുകയാണെന്ന നിലയിലാണ് കേന്ദ്രം ഇപ്പോൾ നിൽക്കുന്നത്. കോവിഡ് വന്നപ്പോൾ ബോറോയിംഗിന്റെ ലിമിറ്റ് അഞ്ച് ശതമാനമായിരുന്നു. അത് വെട്ടിക്കുറച്ച് ഇപ്പോൾ മൂന്നുശതമാനവും ചില നിബന്ധനകൾവച്ച് അധികമായി അരശതമാനവും ചേർത്ത് മൂന്നര ശതമാനമാക്കി. ശതമാനവും കണക്കും പറയുമ്പോൾ കണക്ക് സാറിന്റെ കാര്യം പറഞ്ഞതുപോലെയാണ്. കണക്ക് പറയുന്നത് എപ്പോഴും ബുദ്ധിമുട്ടുള്ള കാര്യമാണ്. ഫലത്തിൽ കഴിഞ്ഞ വർഷം കേരളത്തിന് ലഭിച്ചതിനേക്കാളും 23,000 കോടി രൂപ കുറയുന്ന തരത്തിലേയ്ക്കാണ് കാര്യങ്ങൾ വന്നിരിക്കുന്നത്. കേരളത്തിന് മാത്രമല്ല, ഇന്ത്യയിലാകെയുള്ള പ്രതിപക്ഷ സംസ്ഥാനങ്ങളോടെടുക്കുന്ന സമീപനം ഇതുതന്നെയാണെന്ന് നമുക്കറിയാമല്ലോ. 15-ാം ധനകാര്യ കമ്മീഷന്റെ കണ്ടീഷൻ അനുസരിച്ച്

കേരളത്തിന് മുമ്പ് ലഭിച്ചതിനേക്കാൾ വളരെ കുറവ് ഫണ്ടാണ് ഡിവിസിബിൾ പൂളിന്റെ ഭാഗമായി ലഭിച്ചത്. ആ നഷ്ടം പരിഹരിക്കാനായി ഒറ്റത്തവണ ഗ്രാന്റ് ലഭിച്ചു. അങ്ങനെ കഴിഞ്ഞ വർഷം അല്പം ആശ്വാസമുണ്ടായി. ഇപ്രാവശ്യം അത് കുറയുകയും അടുത്തപ്രാവശ്യം തീരെയില്ലാതാകുകയും ചെയ്യും. അങ്ങനെ വരുമ്പോൾ കേരളത്തിന്റെ സ്ഥിതി വല്ലാതെ മോശമാകും. സംസ്ഥാനമാകെ ശ്വാസംമുട്ടിപ്പോകുന്നത് സന്തോഷകരമായ കാര്യമാണെങ്കിൽ നമുക്കത് അംഗീകരിക്കാം. ഈ പറയുന്നതെല്ലാം സന്തോഷകരമായിരിക്കില്ലെന്ന് ഞാൻ കരുതുന്നു. കിഫ്ബിയുമായി ബന്ധപ്പെട്ട് മസാല ബോണ്ടിന്റെ കാര്യം ഇവിടെ പറഞ്ഞു. അത് കൊണ്ടുവന്നപ്പോൾ തെറ്റാണെന്ന് അന്നേ ഞങ്ങൾ പറഞ്ഞില്ലേ എന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറയുകയുണ്ടായി. മസാല ബോണ്ടിന്റെ പ്രത്യേകതയെന്താണ്? ശ്രീ. ഉമ്മൻ ചാണ്ടി സർക്കാർ ഒന്നര ശതമാനത്തിനോ രണ്ട് ശതമാനത്തിനോ ഡോളർ ടേംസിലാണ് എടുത്തത്. അന്ന് ഒരു ഡോളറിന്റെ വില 40 രൂപയായിരുന്നു. ഇന്നത് 80 രൂപ കഴിഞ്ഞു. ഡോളർ ടേംസിലെടുത്താൽ അതിന്റെ വിലയിടിയും. ഇന്ത്യൻ രൂപയുടെ വിലയും ഡോളറുമായി ഒരു ബന്ധമുണ്ട്. അതുകൊണ്ടാണ് മസാല ബോണ്ട് എന്ന കൺസെപ്റ്റ് കേരളം സ്വീകരിച്ചത്. കേരളം മാത്രമല്ല എടുത്തത്,

എൻ.എച്ച്.എ.ഐ.-ആണ് ആദ്യമെടുത്തത്. എൻ.എച്ച്.എ.ഐ.-യ്ക്ക് എടുക്കാൻ കഴിയുന്ന പണം കേരള ഗവൺമെന്റിന് എടുക്കാൻ കഴിയില്ലേ? കേരളത്തിൽ ഒരിക്കലും അധികാരത്തിൽ വരില്ലെന്ന് കരുതാൻ പ്രതിപക്ഷത്തിന് കഴിയില്ലല്ലോ; അങ്ങനെ വിചാരിക്കരുത്. ഭരണപക്ഷവും പ്രതിപക്ഷവും മാറിമാറി അധികാരത്തിൽ വരുന്നത് ഒരു സങ്കൽപ്പമല്ലേ? കാരണം, സംസ്ഥാനത്തിന്റെ ധനകാര്യപരമായ അവകാശങ്ങൾ സംരക്ഷിക്കാനുള്ള ......

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ........

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ഞാൻ സംസാരിച്ച് കഴിഞ്ഞതിനുശേഷം അങ്ങേയ്ക്ക് സംസാരിക്കാം. ഇപ്പോൾ ഞാൻ വഴങ്ങുന്നില്ല. മസാല ബോണ്ട് ഡോളറിലായിരുന്നു എടുത്തതെങ്കിൽ നമുക്ക് 30 രൂപയിലധികം പോകുമായിരുന്നു. മസാല ബോണ്ട് എന്ന കൺസെപ്റ്റ് കേന്ദ്ര ഗവൺമെന്റിന് എടുക്കാം, കേരളത്തിനെടുക്കാൻ കഴിയില്ല എന്ന സമീപനമാണ്. സി. ആൻഡ് എ. ജി. റിപ്പോർട്ടിൽ ഇതുസംബന്ധിച്ച് കൊടുത്തിട്ടുള്ള ഒബ്സർവേഷനുണ്ട്. ഇങ്ങനെ സംസ്ഥാനങ്ങളെ ശ്വാസംമുട്ടിക്കാൻ പാടുണ്ടോ; കോൺഗ്രസിന്റെ നിലപാട് എന്താണ്; ഇന്ത്യയിലെ ഓരോ സംസ്ഥാനങ്ങളോടും കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന

സമീപനം നിങ്ങൾക്കറിയാമല്ലോ? രാജസ്ഥാനും ഛത്തീസ്ഗഢും കേരളവും ബംഗാളും ഡൽഹിയുമാണ് അതിശക്തമായ നിലപാടുകൾ പറഞ്ഞത്. നേരത്തെ മഹാരാഷ്ട്രയുമുണ്ടായിരുന്നു. ഈ കമ്മിറ്റിയിൽ മഹാരാഷ്ട്രയിൽനിന്നുള്ള മന്ത്രിപോലും വന്നില്ല, അന്നാണ് ഗവൺമെന്റിന്റെ ഭരണം പോയത്. കേന്ദ്ര സർക്കാർ ഓരോ സ്റ്റേറ്റിനെയും ശ്വാസംമുട്ടിച്ച് പലതരത്തിൽ കേസിൽ കുടുക്കി കൈകാര്യം ചെയ്യാൻ ശ്രമിക്കുകയാണ്. സംസ്ഥാനങ്ങളുടെ ബോറോയിംഗ് ലിമിറ്റ് നിയന്ത്രിച്ച് കാര്യങ്ങൾ കൊണ്ടുപോകുന്നതിന്റെ പിന്നിൽ അവർക്കൊരു ഫിലോസഫിയുണ്ട്. പബ്ലിക് സെക്ടർ അണ്ടർടേക്കിംഗും ഗവൺമെന്റ് സ്പെന്റിംഗും വേണ്ട, എല്ലാം പ്രൈവറ്റ് മതിയെന്നുള്ള ആശയം നടപ്പാക്കാനുള്ള ശ്രമം നടക്കുന്നുണ്ടെന്നുള്ളത് നമ്മൾ കാണണം. കിഫ്ബിയുടെ പേരിൽ മുൻ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിന് ഇ.ഡി. നോട്ടീസ് കൊടുത്തിരിക്കുകയാണ്. സംസ്ഥാനത്തിന്റെ വികസന കാര്യങ്ങൾ ചെയ്തതിന് ഒരു മുൻമന്ത്രിക്ക് നോട്ടീസ് കൊടുക്കുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണ്? അദ്ദേഹം പേഴ്സണലായി എന്തെങ്കിലും താൽപ്പര്യമുണ്ടാക്കിയോ എന്ന് പറയുന്നില്ല. ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലായാലും ഇത്തരമൊരു കാര്യം ചെയ്യുമ്പോൾ അതിനെ

ലാഘവബുദ്ധിയോടുകൂടി കാണാൻ കഴിയില്ല. അങ്ങനെയൊരു സമീപനമെടുക്കാൻ പാടില്ലെന്ന് പറയാൻ നമുക്ക് കഴിയേണ്ടതല്ലേ; കേന്ദ്ര സർക്കാർ ഇത്തരം ഏജൻസികളെ ഉപയോഗിക്കുന്നത് എങ്ങനെയാണ്? ഓരോ ഗവൺമെന്റിനോടും എങ്ങനെയാണ് അവർ സമീപനമെടുക്കുന്നത് എന്ന് നമുക്കറിയാമല്ലോ. കേരളത്തിനെ ശ്വാസംമുട്ടിക്കാനായി സ്വീകരിക്കുന്ന ഇത്തരം സമീപനത്തിനെതിരെ പ്രതികരിക്കേണ്ടതുണ്ട്. ഗവൺമെന്റ് ഒരു പൊതുതീരുമാനമെടുത്താൽ ഗവൺമെന്റിന്റെ ഭാഗമായി പ്രവർത്തിച്ചവരെ ചോദ്യം ചെയ്യുകയും ഭീഷണിപ്പെടുത്തുകയുംചെയ്യുന്ന തരത്തിലേയ്ക്ക് കാര്യങ്ങൾ എത്തുന്നുവെന്നുള്ളത് ആശാസ്യകരമായ കാര്യമല്ല. കേരളത്തിന്റെ ഇപ്പോഴത്തെ നേട്ടങ്ങൾ സംരക്ഷിക്കാനായി നമുക്കൊരുമിച്ച് കാര്യങ്ങൾ ചെയ്യാം. നികുതി വകുപ്പിന്റെ പുനഃസംഘടനയുൾപ്പെടെയുള്ള കാര്യങ്ങൾ ഇന്നലെയും പറഞ്ഞതാണ്. പുനഃസംഘടനയും ബന്ധപ്പെട്ട ബാക്കികാര്യങ്ങളും ഉടൻതന്നെവരും. ഇത്തരം കാര്യങ്ങളെ രാഷ്ട്രീയമായി വിലകുറച്ച് കാണുന്നത് ശരിയാണോയെന്ന് പ്രതിപക്ഷം ആലോചിക്കണം.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതിന് ബദലായി ഉടൻതന്നെ പ്രതിപക്ഷനേതാവ് ഇത്തരം കാര്യങ്ങൾ പറയുകയല്ല വേണ്ടതെന്നാണ് എന്റെ അഭിപ്രായം. 'വിമാനത്തിൽ കയറി പ്രശ്നമുണ്ടാക്കിയ കുട്ടിയെ' എന്ന്

ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞപ്പോൾ അവിടെ ഇരിക്കുന്ന എല്ലാവരും ചിരിച്ചു. അങ്ങ് മുന്നിലിരിക്കുന്നതിനാൽ അത് കണ്ടില്ല. ശ്രീ. ഇ. പി. ജയരാജൻ ആ വിമാനത്തിലുണ്ടായിരുന്നു. അദ്ദേഹത്തിനെ കുട്ടിയെന്ന് ഞങ്ങളാരും പറഞ്ഞില്ലല്ലോ. നമ്മളൊക്കെ സമരങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. അങ്ങും ഞാനുമൊക്കെ ഏകദേശം ഒരേസമയം വിദ്യാർത്ഥി സംഘടനാ പ്രവർത്തനങ്ങൾ നടത്തിയവരാണ്. ഞങ്ങളൊക്കെ ധാരാളം സമരങ്ങൾക്ക് പോകുകയും മുഖ്യമന്ത്രിമാരെ ഉൾപ്പെടെ തടയുകയും നല്ലതുപോലെ അടിവാങ്ങുകയും ജയിലിൽ കിടക്കുകയും ചെയ്തിട്ടുള്ളതാണ്. ഇവിടെ എത്രയോ സമരങ്ങൾ നടക്കുന്നു. പ്രതിഷേധക്കാർ വിമാനത്തിനകത്ത് കയറിപ്പോയത് തെറ്റാണെന്ന് പറയേണ്ടതാണ്. നാളെ ആയാലും ഇത്തരം കാര്യങ്ങൾ ആവർത്തിക്കാൻ പാടില്ല. അത് തെറ്റാണെന്ന് ഇത്തരം കുട്ടികളോട് രഹസ്യമായിട്ടെങ്കിലും പറയണം. ഉത്തരേന്ത്യയിൽ ഓരോ ജനപ്രതിനിധികളുടെ കൂടെയും എട്ടുപേർ തോക്കുമായി നിൽക്കും. എം.എൽ.എ. ആയാലും കൗൺസിലർ ആയാലും തോക്കുമായി എട്ടുപേർ കൂടെക്കാണും. ഒരു ഒറ്റമുണ്ടും ഉടുത്ത് ചെറിയ ബാഗും കയ്യിൽവച്ച് കയറിപ്പോകാൻ കേരളത്തിൽ കഴിയുന്നതരത്തിൽ ഏത് സംസ്ഥാനമാണുള്ളത്; ഇവിടെനിന്നും പുറത്തുപോയാൽ വഴിയിൽ

കാണുമ്പോൾ നമ്മൾ അങ്ങോട്ടുമിങ്ങോട്ടും അടിക്കുമോ; നമ്മുടെ കൂടെയുള്ള ആളുകളെക്കൊണ്ട് ഉപദ്രവിപ്പിക്കുമോ; കേരളത്തിലെ മുഖ്യമന്ത്രിയുടെകൂടെ സാധാരണ ഒരാളല്ലേ ഉണ്ടാകുകയുള്ളൂ; ഗൺമാൻ ഉണ്ടാകും. ഗൺമാൻ തോക്കും കൊണ്ടല്ലല്ലോ പോകുന്നത്; വിമാനത്തിൽ ഗൺ കയറ്റാൻ കഴിയില്ലല്ലോ? സിഗരറ്റ് ലൈറ്റർ പോലും വിമാനത്തിൽ കയറ്റാൻ കഴിയില്ല. മന്ത്രിമാരാണെങ്കിൽ കൂടെ ആരും കാണാറില്ല. ഇതുപോലെ 85 കിലോയുള്ള ഒരു കുട്ടിയെ നിങ്ങൾ വിമാനത്തിൽ കയറ്റി മുഖ്യമന്ത്രിയെ കൈകാര്യം ചെയ്യാൻ പോയാൽ എങ്ങനെയാകും? അത് ശരിയല്ല. അടിസ്ഥാനപരമായ ഒരു പ്രശ്നമാണ് ഞാൻ പറയുന്നത്. അത് തെറ്റായിപ്പോയി എന്ന് അംഗീകരിച്ചാൽ അതിന് മഹത്വമുണ്ടാകും. അതിനുപകരം എസ്.എഫ്.ഐ.-യുടെ സംസ്ഥാന സെക്രട്ടറിയുടെ കാര്യം പറയുകയാണ് ചെയ്തത്. രാഷ്ട്രീയമായ കേസുകളുണ്ടാകും. അന്നുതന്നെ ശ്രീ. രാഹുൽ ഗാന്ധിയുടെ ഓഫീസിലേയ്ക്കുപോയി. അവിടെ ശ്രീ. രാഹുൽ ഗാന്ധി ഇല്ല. എങ്കിൽപ്പോലും അദ്ദേഹത്തിന്റെ ഓഫീസ് ആക്രമിക്കാൻ പാടില്ല. നമ്മൾ പോയിക്കഴിഞ്ഞ് ആ ഓഫീസിലുള്ളവർ അവിടെയുള്ള മഹാത്മാഗാന്ധിയുടെ ഫോട്ടോ ചവിട്ടിപ്പൊട്ടിക്കുമെന്നുള്ള ബുദ്ധി ഈ പോയവർ കാണിക്കണ്ടേ? ശ്രീ. രാഹുൽ ഗാന്ധിയുടെ ഓഫീസിനകത്തേയ്ക്കുപോയി പ്രകടനം നടത്തേണ്ട

കാര്യമില്ല. അതിനെതിരെ ശക്തമായ നിലപാടെടുത്തു. അത്തരമൊരു കാര്യം പറയണ്ടേ; പക്ഷേ, ഇവിടെ പറയുന്നതെന്താണ്? ഇപ്പോൾ കിട്ടിയ വിവരമനുസരിച്ച് മൊബൈൽ ഫോണിലൂടെ വാട്ട്സ് ആപ്പ് മെസ്സേജ് ചെയ്തതെന്നാണ് ഇവിടെ പറയുന്നത്. അപക്വമായൊരു രാഷ്ട്രീയമാണ്. പ്രതിപക്ഷനേതാവ് ഒരിക്കലും അങ്ങനെയൊരു ഡയറക്ഷൻ കൊടുക്കുമെന്ന് ഞാൻ വിചാരിക്കുന്നില്ല. (....ബഹളം....)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ............

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഞാൻ പറഞ്ഞുവരുന്ന കാര്യങ്ങളുടെ ഒഴുക്ക് പോകും. അതുകൊണ്ട് ഞാൻ പറഞ്ഞതിനുശേഷം വഴങ്ങാം. (....ബഹളം....)

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സംസാരിച്ചതിനുശേഷം വഴങ്ങും.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇങ്ങനെയൊരു കാര്യത്തിന് മെസ്സേജ് ഇട്ടുകൊടുത്ത് വരുത്തിയെന്നുപറഞ്ഞാൽ രാഷ്ട്രീയം അറിയുന്ന, സംഘടനാ പ്രവർത്തനം അറിയുന്ന ഒരാൾ അങ്ങനെ മെസ്സേജ് ഇടുമെന്ന് തോന്നുന്നില്ല. ഈ കേസിൽ പ്രതിയായ ഒരാളെ അറസ്റ്റ് ചെയ്തത് കേരളത്തിൽ ഇന്നലെ ഏറ്റവും വലിയൊരു സംഭവമായി ചിത്രീകരിച്ചു.

കേരളത്തിലെ മുഴുവൻ മാധ്യമങ്ങളും അത് കൊടുത്തോട്ടെ. കേസെടുക്കാൻ പാടില്ലെന്ന് പറയാൻ കഴിയുമോ; നിങ്ങളിലുള്ള ഏതെങ്കിലും ആളുകൾ ഈ മെസ്സേജ് പുറത്ത് കൊടുത്തതുകൊണ്ടല്ലേ മാധ്യമങ്ങൾക്ക് കിട്ടിയത്? (....ബഹളം....) അങ്ങനെയൊരു കാര്യം പോലീസിന് കിട്ടിയാൽ കേസെടുക്കാതിരിക്കാൻ കഴിയുമോ? കേസെടുക്കുമ്പോൾ പ്രതിയെ ചോദ്യം ചെയ്യും. അവസാനം ഇത് അദ്ദേഹം അയച്ചതാണെന്ന് അദ്ദേഹംതന്നെ പറഞ്ഞുവെന്നാണ് പറയുന്നത്. സാധാരണഗതിയിൽ പരിണതപ്രജ്ഞനായ, വെയിലും മഴയുംകൊണ്ട് സമരമൊക്കെ നടത്തിവരുന്ന ഒരാളാണെങ്കിൽ ഇങ്ങനെ മെസ്സേജ് അയയ്ക്കില്ല. അത്തരം ചില കാര്യങ്ങളെ സംബന്ധിച്ച് തുറന്നുപറയേണ്ടതാണ്. അങ്ങനെ ചെയ്തത് ശരിയല്ലെന്ന് നിങ്ങൾക്കും മനസ്സിൽ കാണും.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, അങ്ങ് പറഞ്ഞതുപോലെ ഞാൻ പറയണമെങ്കിലും വിചാരിക്കണമെങ്കിലും കേരളത്തിൽ അതുപോലുള്ള രാഷ്ട്രീയ അന്തരീക്ഷം വേണ്ടേ? ട്രെയിനിൽപോയ ഒരു മന്ത്രി കോഴിക്കോട് റെയിൽവേ സ്റ്റേഷനിൽ ഇറങ്ങിയപ്പോൾ അദ്ദേഹത്തിന്റെ തലയിൽ കരിഓയിൽ ഒഴിച്ചത് നിങ്ങളുടെ ആളുകളല്ലേ? എം. വി. രാഘവൻ തിരുവനന്തപുരത്തുനിന്ന് ട്രെയിനിൽ

കണ്ണൂരിലേയ്ക്കുപോയ സമയത്ത് അദ്ദേഹം യാത്രചെയ്ത കമ്പാർട്ടുമെന്റിലേയ്ക്ക് കല്ല് വലിച്ചെറിഞ്ഞതും തീപ്പന്തം വരെയെറിഞ്ഞതും നിങ്ങളുടെ ആളുകളല്ലേ? എന്നിട്ട്, വിമാനത്തിൽ പ്രതിഷേധിച്ച ആ രണ്ട് പിള്ളേർ 'പ്രതിഷേധം, പ്രതിഷേധം' എന്ന് രണ്ട് വാക്ക് പറഞ്ഞതിന് അങ്ങയെപ്പോലൊരാൾ എന്നോടിത് ചോദിക്കാമോ? (....ബഹളം....)

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഞങ്ങൾ സമരം പ്രഖ്യാപിച്ച്, അനുവദനീയമായ സ്ഥലങ്ങളിൽ സമരം ചെയ്തിട്ടുണ്ട്. ഇനിയായാലും നിങ്ങളും ഞങ്ങളും ചെയ്യേണ്ടിവരും. പക്ഷെ അതിൽ ചില കാര്യങ്ങളുണ്ട്. പണ്ട് ഇന്ദിരാഗാന്ധിയെ അറസ്റ്റുചെയ്ത സമയത്ത് സഞ്ജയ്ഗാന്ധിയുടെ നേതൃത്വത്തിൽ വിമാനം തട്ടിക്കൊണ്ടുപോയില്ലേ; ഒരു വിമാനത്തിൽ കയറി എന്റെ കയ്യിലിരിക്കുന്നത് പേനയാണെങ്കിലും 'ഇതൊരു പിച്ചാത്തിയാണ്' എന്നുപറഞ്ഞ് എയർ ഹോസ്റ്റസിനെ പേടിപ്പിച്ചാൽ വിമാനം കൊണ്ടുപോയിക്കൂടെ; ഇത്തരം കിഡ്നാപ്പിംഗ് തന്ത്രമാണോ യൂത്ത് കോൺഗ്രസായാലും യുവജനസംഘടനയുടെ ആളുകളായാലും ചെയ്യേണ്ടത്? കിഡ്നാപ്പിംഗ് തന്ത്രം തീവ്രവാദ സ്വഭാവമുള്ളതാണ്, ഭീകരവാദ സ്വഭാവമുള്ളതാണ്. അത്തരം കാര്യങ്ങൾ ചെയ്യുന്നത് ശരിയല്ലെന്നേ പറഞ്ഞുള്ളൂ. നമ്മളെല്ലാം സമരം ചെയ്യുന്നതല്ലേ? എം. വി. രാഘവനോ വേറെ

ആരുമാകട്ടെ. കരിങ്കൊടി കാണിക്കും, തടയും എന്നുപറഞ്ഞ് ഞങ്ങളും സമരം ചെയ്തിട്ടുണ്ടല്ലോ? അങ്ങ് എൻ.എസ്.യു.(ഐ)-യുടെ ഭാരവാഹിയായിരുന്ന ആളാണ്. മുൻമുഖ്യമന്ത്രിമാരായ കെ. കരുണാകരന്റെയും ബഹുമാന്യരായ എ. കെ. ആന്റണിയുടെയും ഉമ്മൻ ചാണ്ടിയുടെയുമൊക്കെ മുന്നിൽ സമരത്തിന്റെ ഭാഗമായി ഞങ്ങളെല്ലാം ചാടിയിട്ടുണ്ട്. സമരം ചെയ്യരുതെന്നോ സമരം ചെയ്യുന്നതിനെപ്പറ്റി ചിന്തിക്കരുതെന്നോ അല്ല. പക്ഷേ, ഇത് തെറ്റായ ഒരു കാര്യമായിരുന്നുവെന്ന് കേരളത്തിലെ ജനങ്ങൾ ചിന്തിക്കുന്നുണ്ട്. അതുകൊണ്ടാണ് അക്കാര്യത്തെക്കുറിച്ച് പറഞ്ഞത്. കമ്മ്യൂണിസ്റ്റുകാരുടെ ജനാധിപത്യത്തെപ്പറ്റിയും അക്രമത്തെപ്പറ്റിയും ഒരുപാട് പേർ ഇവിടെ പറഞ്ഞു. എത്രയെത്ര അക്രമസംഭവങ്ങളുടെ ചരിത്രമുണ്ട്. ശ്രീ. എ. കെ. ആന്റണിയും ശ്രീ. ഉമ്മൻ ചാണ്ടിയുമടക്കമുള്ളവർ എന്തിനാണ് ഇന്ദിരാഗന്ധിയുടെ കൂടെ ഇറങ്ങിപ്പോന്നത്; ഇവിടെയിരിക്കുന്ന കുറെപ്പേർ അവരുടെകൂടെ ഇറങ്ങിപ്പോന്നവരല്ലേ? അടിയന്തരാവസ്ഥക്കാലത്ത് ഇന്ത്യ എന്നാൽ ഇന്ദിരയും ഇന്ദിര എന്നാൽ ഇന്ത്യയും എന്നുപറഞ്ഞ ഒരു കാലമുണ്ടായിരുന്നു. ഡി. കെ. ബർവ എന്ന അന്നത്തെ എ.ഐ.സി.സി. പ്രസിഡന്റ് പറഞ്ഞതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എം.എൽ.എ.

ആയിരുന്ന സമയത്ത് എത്രയോ മാസം ജയിലിൽ കിടക്കുകയും ഭീകരമായ മർദ്ദനങ്ങൾ ഏറ്റുവാങ്ങുകയും ചെയ്തുവെന്ന് അദ്ദേഹം കഴിഞ്ഞ ദിവസം പറഞ്ഞു. ഇവിടെ ചിലർ ജനാധിപത്യത്തിന്റെ കാര്യം പറഞ്ഞു. എംബഡഡ് സിസ്റ്റം എന്നുപറയുന്നത് ഞങ്ങൾക്ക് പ്രശ്നമാണ്. ഞങ്ങൾ കുറച്ചുകൂടി തുല്യതയും മര്യാദയുമൊക്കെ പറയുന്നവരാണ്. നിങ്ങൾ അത് അംഗീകരിക്കില്ല. ഞങ്ങൾ ഒരു കാര്യത്തിൽ തെറ്റ് കാണിച്ചുവെന്ന് പറഞ്ഞാൽ ആ തെറ്റ് ഉൾക്കൊള്ളും. മാത്രമല്ല, അത് തിരുത്തും എന്നുപറയുന്ന ഒരു പോരായ്മ ഞങ്ങൾക്കുണ്ട്. ഞങ്ങളുടെ കുഞ്ഞുങ്ങൾ വളരെ നല്ലതാണെന്ന് പറയുന്നത് ശരിയല്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ പ്രസംഗം കേട്ടാൽ വളരെ വിശ്വസനീയമാണ്. ശ്രീ. ആന്റണി രാജുവുമായി ബന്ധപ്പെട്ട 25 വർഷം മുമ്പുള്ള ഒരു കേസ്സിന്റെ കാര്യം വീണ്ടും പറഞ്ഞു. അത് ഇപ്പോൾ പറയാമോ; ഇങ്ങനെ പറയണോ? 15 വർഷം മുമ്പത്തെ ഒരു ഇലക്ഷന് തൊട്ടുമുമ്പുള്ള കാര്യമാണ് വീണ്ടും പറഞ്ഞുകൊണ്ടിരിക്കുന്നത്. നമ്മുടെ നാട്ടിലെ പ്രഗത്ഭനായ സാഹിത്യ സാംസ്കാരിക നായകൻ ഒരു വലിയ നേതാവിന്റെ പ്രസംഗം കേൾക്കാൻ പോയിരിക്കുകയാണ്. അയാൾ ഒന്നര മണിക്കൂർ പ്രസംഗിച്ചു. പ്രസംഗം കഴിഞ്ഞിട്ട് ഈ നേതാവ് അദ്ദേഹത്തോട് 'തിരുമേനി, എന്റെ പ്രസംഗം എങ്ങനെയുണ്ടായിരുന്നു?'

എന്ന് ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു, 'ഞാൻ നിങ്ങളെപ്പറ്റി വളരെയേറെ കേട്ടിട്ടുണ്ട്, അതുകൊണ്ടാണ് ഈ പ്രസംഗം കേൾക്കാൻ വന്നത്. ഇത്രയും നന്നായി, ഇത്രയും വിശ്വസനീയമായി, നല്ല കല്ലുവച്ച പച്ചനുണ പ്രസംഗിക്കുന്ന ഒരാളെ ഈ ഭൂമിമലയാളത്തിൽ കാണില്ല' എന്നുപറഞ്ഞുവെന്നാണ് പറയുന്നത്*. ഈ രണ്ട് ആളുകളും ജീവിച്ചിരിപ്പില്ല. അങ്ങനെയൊരു കഥയുണ്ട്. അതുപോലെ ഇത്രയും വിശ്വസനീയമായി അവതരിപ്പിച്ചതുകൊണ്ട് കാര്യമില്ല. വിശ്വസനീയമായി അവതരിപ്പിക്കുക എന്നുള്ളതല്ല, ഹൃദയത്തിൽനിന്ന് വരണം.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, പോയിന്റ് ഓഫ് ഓർഡർ. അങ്ങ് കഥ പറഞ്ഞത് നന്നായി. ഞാൻ എന്ത് നുണയാണ് ഇതുമായി ബന്ധപ്പെട്ട് പറഞ്ഞതെന്ന് അങ്ങ് വ്യക്തമാക്കണം. ഇല്ലാത്ത ഏതെങ്കിലും ഒരു കാര്യം, ഞാൻ പറഞ്ഞ ഒരു കാര്യം അദ്ദേഹം നിരസിച്ചിട്ടില്ല. അദ്ദേഹത്തിനെതിരായി ഇങ്ങനെയൊരു കേസുണ്ടെന്നാണ് പറഞ്ഞത്. അങ്ങ് വലിയ കഥ പറഞ്ഞു. ഏത് കല്ലുവച്ച നുണയാണ്*? അങ്ങ് ഈ സംസ്ഥാനത്തിന്റെ ധനകാര്യ വകുപ്പുമന്ത്രിയാണ്. പ്രതിപക്ഷനേതാവെന്ന നിലയിൽ എന്റെ പ്രസംഗം കല്ലുവച്ച

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 13154/ഇ.ബി./2022/നി.സെ., തീയതി 23-07-2022) സഭാരേഖയിൽ നിലനിർത്തി.

ന്ണയാണെങ്കിൽ അങ്ങ് നേരിട്ട് പറയുക. ഏത് സെന്റൻസിലാണ് ഞാൻ കല്ലുവച്ച നുണ പറഞ്ഞത്; അതൊന്ന് വ്യക്തമാക്കുമോ? അത് ശരിയല്ല, അത് നീക്കം ചെയ്യണം.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് പരിശോധിക്കാം*.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഞാൻ പറഞ്ഞ പ്രയോഗം ഇത്ര വിശ്വസനീയമായി കാര്യങ്ങൾ അവതരിപ്പിക്കുന്നുവെന്ന പോസിറ്റീവായ സർട്ടിഫിക്കറ്റുംകൂടിയാണ്. ഞാൻ പറഞ്ഞത് അങ്ങ് നന്നായി അവതരിപ്പിക്കുന്നുവെന്നാണ്. പ്രകടനപത്രികയിലെ 570 കാര്യങ്ങളും സർക്കാർ നടപ്പിലാക്കിയെന്ന് പറഞ്ഞിരുന്നത് മൊത്തം തെറ്റാണെന്ന് അങ്ങ് സ്ഥാപിച്ചു. കേരളത്തിലെ ജനങ്ങൾക്ക് ഇത് അറിയുന്നതല്ലേ? ശ്രീ. ആന്റണി രാജുവിന്റെ കാര്യം അങ്ങ് പറഞ്ഞു. ഞാൻ പറഞ്ഞ സെൻസ് ഇത്രയേയുള്ളൂ; പ്രതിപക്ഷവും ഭരണപക്ഷവും എന്ന നിലയിൽ നമുക്ക് അഭിപ്രായ വ്യത്യാസങ്ങളുണ്ട്. എന്നാൽ ചില കാര്യങ്ങൾ അംഗീകരിക്കണം, ചില കാര്യങ്ങൾക്ക് വിമർശനമുണ്ടാകും. ഞങ്ങൾ ചെയ്യുന്നതെല്ലാം തെറ്റാണെന്ന് പറയുന്നതല്ല ശരിയായ സമീപനം. ഞങ്ങൾ ചെയ്യുന്നതിൽ ശരിയായ കാര്യങ്ങളുണ്ടെങ്കിൽ അത് അംഗീകരിക്കണം. പ്രതിപക്ഷം

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 13154/ഇ.ബി./2022/നി.സെ., തീയതി 23-07-2022) സഭാരേഖയിൽ നിലനിർത്തി.

പറയുന്നതെല്ലാം തെറ്റാണെന്ന് ഞങ്ങളും പറയാൻ പാടില്ല. പ്രതിപക്ഷം പറയുന്നതിലെ ശരിയായ വിമർശനങ്ങളെ ഞങ്ങൾ ഉൾക്കൊള്ളണം. അതാണ് നാടിന് നല്ലതെന്ന നിലയിലാണ് ഞാൻ പറഞ്ഞത്.

ശ്രീ. വി. ഡി. സതീശൻ: സർ, നമ്മളൊക്കെ ഓരോ സ്ഥാനങ്ങളിലിരിക്കുന്നവരാണ്. അങ്ങ് പറഞ്ഞത് കല്ലുവച്ച നുണയാണ്* എന്ന് ഞാൻ പറഞ്ഞാൽ അത് hit below the belt ആണ്. അങ്ങയെപ്പോലെ സംസാരിക്കുന്ന ഒരാൾ അത്തരം വാക്കുകൾ ഉപയോഗിക്കാൻ പാടില്ല. അങ്ങനെയാണെങ്കിൽ അങ്ങ് സംസാരിക്കുമ്പോൾ അതേ ഭാഷ ഞങ്ങളും ഉപയോഗിക്കാം. പ്രതിപക്ഷനേതാവ് സംസാരിച്ചുകഴിഞ്ഞ് മറുപടി പറയുന്ന ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, ഞാൻ മുഖ്യമന്ത്രിയെക്കുറിച്ച് പറഞ്ഞില്ലല്ലോ കല്ലുവച്ച നുണ* പറഞ്ഞെന്ന്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ കൊണ്ടുവന്ന റിപ്പോർട്ടിൽ ഒരു ഫാക്ച്വൽ മിസ്റ്റേക്കുണ്ടായിരുന്നു. അത് അവാസ്തവമായിട്ടുള്ള റിപ്പോർട്ടാണെന്നാണ് ഞാൻ പറഞ്ഞത്. അത് അദ്ദേഹത്തിന് കൊടുത്തതാണെന്ന് എനിക്കറിയാം. അത് അദ്ദേഹത്തിന്റെ തെറ്റല്ല. അതുകൊണ്ട് ഞാൻ അങ്ങനെ പറയില്ല, അത് hit below the belt ആണ്. അത്തരം പ്രാക്ടീസ് തുടങ്ങണമെങ്കിൽ റെഡി, ഞാൻ തയ്യാറാണ്.

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 13154/ഇ.ബി./2022/നി.സെ., തീയതി 23-07-2022)) സഭാരേഖയിൽ നിലനിർത്തി.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഞാൻ ഒരു ദിവസം നിങ്ങളുടെ പ്രകടന പത്രികയിലെ ഐറ്റം വച്ച്, നമ്പർ വച്ച്, സബ്ജക്ട് വച്ച് ഓരോന്നായി പറഞ്ഞു. 25 ലക്ഷം തൊഴിൽ. 25 ലക്ഷം പേർക്ക് തൊഴിൽ നൽകിയിട്ടുണ്ടോ? കെ.എസ്.ആർ.ടി.സി.-യുടെ കടബാദ്ധ്യത മുഴുവൻ ഏറ്റെടുക്കും. കെ.എസ്.ആർ.ടി.സി.-യുടെ കടബാദ്ധ്യത ഏറ്റെടുത്തിട്ടുണ്ടോ? ആമ്പല്ലൂരിൽ ഇലക്ട്രോണിക്സ് പാർക്ക് സ്ഥാപിക്കും. അങ്ങനെ ഞങ്ങൾ പറഞ്ഞു. നിങ്ങളുടെ പ്രകടനപത്രികയിലെ 600-ൽ 570-ഉം യാഥാർത്ഥ്യമാക്കിയെന്നുള്ളത് ശരിയല്ലായെന്ന് വസ്തുതാപരമായാണ് അന്നുപറഞ്ഞത്. അതുതന്നെയാണ് ഇന്ന് പ്രതിപക്ഷനേതാവും പറഞ്ഞത്.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, അങ്ങാണ് ഈ സഭയിൽ ഇത് ആദ്യമായി പറഞ്ഞത്, ശരിയാണ്. അങ്ങ് ഇതുപോലെ കുറെ ഐറ്റം എടുത്തുപറഞ്ഞു. കഴിഞ്ഞ അഞ്ച് വർഷക്കാലം ഓരോ വർഷവും കൃത്യമായി കാര്യങ്ങൾ പറഞ്ഞ് ജനങ്ങൾ മനസ്സിലാക്കി, അത് ജനങ്ങളുടെ അടുത്താണ്. ഇനി ഒരു ഓപ്പൺ ഡിബേറ്റിന് പോകേണ്ട കാര്യമില്ല. ഞാൻ ഈ പറഞ്ഞത് hit below the belt ചെയ്യുകയെന്ന ഉദ്ദേശ്യമൊന്നുമില്ല. ഇന്ന് സഭയിൽവന്ന കാര്യങ്ങൾ സംബന്ധിച്ചാണ് ഞാൻ പറഞ്ഞത്. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ നാട്ടിലെ ഒരു സംഭവം പറഞ്ഞു. ഞാൻ

ഓരോന്നമെടുത്ത് ന്യായീകരിക്കാനില്ല. അങ്ങേയ്ക്ക് അങ്ങനെ വിഷമമുണ്ടാകുന്ന തരത്തിലേയ്ക്ക് പറഞ്ഞതല്ല. അതൊരു പ്രയോഗമെന്ന നിലയിൽ പറഞ്ഞതാണ്. അങ്ങുതന്നെ മലപ്പട്ടം പഞ്ചായത്ത് ജീവനക്കാരൻ ബാബുവിന്റെ കാര്യം പറഞ്ഞു. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ സ്വന്തം നാട്ടിൽ, സ്വന്തം പഞ്ചായത്തായ മലപ്പട്ടം പഞ്ചായത്തിലെ ജീവനക്കാരൻ കോൺക്രീറ്റ് കട്ടിംഗിനുപോയിട്ടാണ് ജീവിക്കുന്നതെന്ന് പറഞ്ഞത് ഫീലിംഗ് ഉണ്ടാകുന്ന കാര്യമാണ്. അങ്ങേയ്ക്ക് ലഭിച്ച വിവരം അതായിരിക്കും. ബഹുമാനപ്പെട്ട മന്ത്രി അതുസംബന്ധിച്ച കാര്യം വ്യക്തമാക്കി. നമുക്ക് ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് നമ്മൾ സഭയിൽ കാര്യങ്ങൾ അവതരിപ്പിക്കുന്നത്. നന്നായി അവതരിപ്പിക്കാൻ സാധിക്കുന്ന ആളുകൾക്കാണല്ലോ നല്ല വിശ്വസനീയമായി കാര്യങ്ങൾ അവതരിപ്പിക്കാൻ സാധിക്കുക? നമ്മൾ കേൾക്കുന്ന കാര്യം അനുസരിച്ച് പറയുന്നതാണ്. അല്ലാതെ അങ്ങയെ hit below the belt എന്ന തരത്തിൽ ഉദ്ദേശിച്ചതേയല്ല. ഞാൻ പറഞ്ഞതിനെ അങ്ങ് പോസിറ്റീവ് ആസ്പെക്ടിൽ എടുക്കണമെന്ന് പറയുന്നു. ഉപധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

**4.00 pm]**

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ കുഞ്ഞിന്റെ അടിസ്ഥാനത്തിൽ ഒരു പരാമർശം നടത്തിയിരുന്നു. അതിൽ 19 കേസെന്ന് ഞാൻ പറഞ്ഞത് ശരിയല്ലെന്ന തരത്തിൽ അദ്ദേഹം പറയുന്നതുകേട്ടു. ആ 19 കേസിന്റെയും വിവരങ്ങൾ എന്റെ കയ്യിലുണ്ട്. അത് ഓരോന്നായി ഞാൻ വായിക്കാം.

1. മട്ടന്നൂർ പോലീസ് സ്റ്റേഷൻ - 631/2015
2. മട്ടന്നൂർ പോലീസ് സ്റ്റേഷൻ - 697/2016
3. മട്ടന്നൂർ പോലീസ് സ്റ്റേഷൻ - 701/2017
4. മട്ടന്നൂർ പോലീസ് സ്റ്റേഷൻ - 721/2017
5. കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷൻ - 384/2017
6. കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷൻ - 413/2017
7. മട്ടന്നൂർ പോലീസ് സ്റ്റേഷൻ - 53/2018
8. മട്ടന്നൂർ പോലീസ് സ്റ്റേഷൻ - 67/2018
9. മട്ടന്നൂർ പോലീസ് സ്റ്റേഷൻ - 333/2018
10. മട്ടന്നൂർ പോലീസ് സ്റ്റേഷൻ - 801/2018
11. മട്ടന്നൂർ പോലീസ് സ്റ്റേഷൻ - 005/2019
12. മട്ടന്നൂർ പോലീസ് സ്റ്റേഷൻ - 330/2019
13. മട്ടന്നൂർ പോലീസ് സ്റ്റേഷൻ - 76/2020
14. മട്ടന്നൂർ പോലീസ് സ്റ്റേഷൻ - 638/2020

15. മട്ടന്നൂർ പോലീസ് സ്റ്റേഷൻ - 709/2020

16. മട്ടന്നൂർ പോലീസ് സ്റ്റേഷൻ - 89/2021

ഇത്രയും കേസുകൾ അദ്ദേഹത്തിന്റെ പേരിൽത്തന്നെ ഉണ്ടായിട്ടുണ്ട്. 2015 മുതൽ 2021 വരെ ഓരോ വർഷവും തുടർച്ചയായി കേസുകളുണ്ടായിട്ടുണ്ട്. എനിക്ക് ആ സമയത്ത് കൃത്യമായി നമ്പർ എത്രയാണെന്ന് അറിയില്ലായിരുന്നു. ഇവിടെനിന്നും ചിലർ പറഞ്ഞപ്പോഴാണ് 19 എന്ന് ഞാൻ പറയുന്ന സ്ഥിതിയുണ്ടായത്. അപ്പോൾ ഞാൻ പറഞ്ഞകാര്യം ശരിയാണെന്നാണ് എനിക്ക് പറയാനുള്ളത്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, അങ്ങ് പറഞ്ഞത് തെറ്റല്ല. 19 കേസ്സുകളുണ്ടായിരുന്നതിൽ 12 കേസ് 500 രൂപയും 1000 രൂപയും ഫൈൻ അടിച്ച് ഡിസ്പോസ് ചെയ്തെന്നാണ് ഞാൻ പറഞ്ഞത്. (.....ബഹളം.....) അതിന്റെ റെക്കോർഡുള്ളതാണ്. പാൻഡമിക് ആക്ട് അനുസരിച്ചുള്ള ഫൈൻ അടിച്ച് 12 കേസ്സുകൾ ഡിസ്പോസ് ചെയ്തുവെന്നാണ് ഞാൻ പറഞ്ഞത്. നിങ്ങൾ റെക്കോർഡ് പരിശോധിച്ചുനോക്കൂ.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 20,19,23,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ടൂറിസം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 11,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 8,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 58,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ചർച്ച കൂടാതെ പാസ്സാക്കുന്ന ഉപധനാഭ്യർത്ഥനകൾ**

ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ......

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## XII അറിയിപ്പ്

'തൊട്ടറിയാം പി.ഡബ്ല്യൂ.ഡി.' സോഫ്റ്റ്‌വെയർ

സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണപ്രവൃത്തികളുടെ പുരോഗതി വിരൽത്തുമ്പിൽ ലഭ്യമാക്കുന്ന 'തൊട്ടറിയാം പി.ഡബ്ല്യൂ.ഡി.' എന്ന പ്രോജക്ട് മാനേജ്മെന്റ് സോഫ്റ്റ്‌വെയർ നിയമസഭാംഗങ്ങൾക്ക് പരിചയപ്പെടുത്തുന്നതിനായി പൊതുമരാമത്ത് വകുപ്പിന്റെ നേതൃത്വത്തിൽ ഇന്ന് വൈകുന്നേരം 6 മണിക്ക് നിയമസഭാ മന്ദിരത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽവച്ച് ഒരു ഡെമോൺസ്ട്രേഷൻ സംഘടിപ്പിച്ചിരിക്കുന്നു. അതിനുശേഷം അത്താഴവിരുന്ന്

ഉണ്ടായിരിക്കുന്നതാണ്. എല്ലാ അംഗങ്ങളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഓർഡർ.......... ഓർഡർ.......... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2022 ജൂലൈ മാസം 21-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.06-ന് പിരിഞ്ഞു.)

*********

**അനുബന്ധം**

<u>മഞ്ചേശ്വരത്തെ സർക്കാർ ആശുപത്രികൾ സംബന്ധിച്ച</u>
<u>ശ്രീ. എ. കെ. എം. അഷ്റഫ്, എം.എൽ.എ.-യുടെ സബ്മിഷനുള്ള</u>
<u>വിശദമായ മറുപടി</u>

**സാമൂഹികാരോഗ്യ കേന്ദ്രം, മഞ്ചേശ്വരം**

ഏകദേശം 75 വർഷം പഴക്കമുള്ള ഈ സ്ഥാപനം ഒരേക്കർ അമ്പത്തിരണ്ട് സെന്റിലാണ് സ്ഥിതിചെയ്യുന്നത്. ഈ സ്ഥാപനത്തിൽ ദിവസേന ഇരുന്നൂറോളം രോഗികൾക്ക് സേവനം ലഭ്യമാക്കുന്നു. നിലവിൽ ആശുപത്രി പ്രവർത്തന സമയം രാവിലെ 9.00 മണി മുതൽ ഉച്ചയ്ക്കുശേഷം 2.00 മണിവരെയാണ്. ഓഫീസ്, ഫാർമസി, ലാബ്, കോവിഡ് ടെസ്റ്റ്, കോവിഡ് വാക്സിനേഷൻ, ഡെന്റൽ ഒ.പി, ഫിസിയോതെറാപ്പി, പ്രൈമറി & സെക്കണ്ടറി കെയർ, ഇമ്മ്യൂണൈസേഷൻ സേവനങ്ങൾ മുതലായ സേവനങ്ങൾ നൽകിവരുന്നു. ഈ ആശുപത്രിയിൽ അസിസ്റ്റന്റ് സർജൻ-4, ജൂനിയർ കൺസൾട്ടന്റ്-2, ഡെന്റൽ സർജൻ-1 എന്നിവരുൾപ്പെടെ 38 സ്ഥിരം ജീവനക്കാരുടെ അംഗീകൃത തസ്തികകളുണ്ട്. ഡോക്ടർമാരുടെ ഒഴിവുകളൊന്നുംതന്നെ നിലവിലില്ല. ആർദ്രം മാനദണ്ഡപ്രകാരം സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ പ്രസവചികിത്സ വിഭാവനം ചെയ്യുന്നില്ലാത്തതിനാൽ കാസർഗോഡ് ജില്ലയിൽ ഗൈനക്കോളജിസ്റ്റിന്റെ

കുറവ് പരിഗണിച്ച് നിലവിലുള്ള ഗൈനക്കോളജി ജൂനിയർ കൺസൾട്ടന്റിനെ ജില്ലാ ആശുപത്രിയിലേയ്ക്ക് ജോലി ക്രമീകരണടിസ്ഥാനത്തിൽ മാറ്റിയിട്ടുണ്ട്. നിലവിൽ ഈ സ്ഥാപനത്തിലെ ഒ.പി. ബ്ലോക്ക്, ലബോറട്ടറി, ഫാർമസി, സ്റ്റോർ റൂം, ഒബ്സർവേഷൻ റൂം, മൂന്ന് സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവ കോൺക്രീറ്റ് കെട്ടിടത്തിൽ സ്ഥിതിചെയ്യുന്നു. മെഡിക്കൽ ഓഫീസർ റൂം, ഓഫീസ് റൂം, ഡെന്റൽ ഒ.പി., ഇമ്മ്യൂണൈസേഷൻ റൂം, ഐ.എൽ.ആർ. റൂം, പാലിയേറ്റീവ് റൂം, ഫിസിയോതെറാപ്പി റൂം, സ്റ്റാഫ് ക്വാർട്ടേഴ്സ്-1, കോൺഫറൻസ് ഹാൾ ഇവയെല്ലാം പഴയ കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. ഈ ആശുപത്രിക്കായി പുതിയ ആശുപത്രി കെട്ടിടം നിർമ്മിക്കുന്നതിനായി കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി 3.7 കോടി രൂപയുടെ അനുമതി നൽകുകയും തുടർന്ന് ഇക്കാര്യത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്. ആർദ്രം മിഷന്റെ ഭാഗമായി മഞ്ചേശ്വരം റവന്യൂ ബ്ലോക്കിൽനിന്നും മഞ്ചേശ്വരം സി.എച്ച്.സി.-യെ 20-03-2020-ലെ സ.ഉ(സാധാ) 619/2020/ ആ.കു.വ നമ്പർ സർക്കാർ ഉത്തരവുപ്രകാരം ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഭൗതിക

സാഹചര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 37.50 ലക്ഷം രൂപ അനുവദിച്ചതിന്റെ ഭാഗമായുള്ള നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരികയും ചെയ്യുന്നു.

**സാമൂഹികാരോഗ്യ കേന്ദ്രം, കുമ്പള**

കുമ്പള സാമൂഹികാരോഗ്യ കേന്ദ്രം ഒരേക്കർ അറുപത്തിഅഞ്ച് സെന്റ് സ്ഥലത്താണ് സ്ഥിതിചെയ്യുന്നത്. നിലവിൽ ഈ സ്ഥാപനത്തിലെ പ്രധാന കെട്ടിടത്തിൽ നഴ്സിംഗ് സ്റ്റേഷൻ, ഫാർമസി, മെയിൽ & ഫീമെയിൽ വാർഡ്, ഓഫീസ് എന്നിവ പ്രവർത്തിച്ചുവരുന്നു. കോൺക്രീറ്റ്ചെയ്ത രണ്ട് കെട്ടിടങ്ങളിൽ ഒ.പി.-യും ലാബും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ജീവനക്കാർക്കായി 6 ക്വാർട്ടേഴ്സുകളുണ്ട്. ഈ ആശുപത്രിയുടെ ശരാശരി പ്രതിദിന ഒ.പി. 165-ഉം ഐ.പി.3 -ഉം ആണ്. കുമ്പള സാമൂഹികാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജൻ-7, സിവിൽ സർജൻ-1 ഉൾപ്പെടെ 41 ജീവനക്കാരുടെ സ്ഥിരം തസ്തികകളുണ്ട്. ഇതുകൂടാതെ എൻ.എച്ച്.എം. മുഖാന്തരം ഒരു ഫാർമസിസ്റ്റിന്റെ സേവനംകൂടി ലഭ്യമാക്കിയിട്ടുണ്ട്. കുമ്പള സാമൂഹികാരോഗ്യ കേന്ദ്രത്തെ 01-08-2021-ലെ സ.ഉ(സാധാ) 1633/2021/ആ.കു.വ. നമ്പർ സർക്കാർ ഉത്തരവുപ്രകാരം ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രമായി പരിവർത്തനം ചെയ്തിട്ടുണ്ട്. ഒ.പി.,

ഒബ്സർവേഷൻ സംവിധാനം, സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യ പരിരക്ഷ, രോഗപ്രതിരോധ കുത്തിവയ്പ്പ്, ആരോഗ്യ കുടുംബക്ഷേമ പ്രവർത്തനങ്ങൾ, പൊതുജനാരോഗ്യ ഫീൽഡ്തല പ്രവർത്തനങ്ങൾ, ക്ഷയരോഗ നിർമ്മാർജ്ജനവും രോഗചികിത്സയും, മാനസികാരോഗ്യ ചികിത്സ, വെക്ടർ കൺട്രോൾ പ്രോഗ്രാം, കൊതുകുജന്യ ചികിത്സയും നിയന്ത്രണവും, കൗമാര ആരോഗ്യ പരിപാടി, സെക്കന്ററി പാലിയേറ്റീവ് കെയർ തുടങ്ങിയ സേവനങ്ങളും മറ്റ് ആരോഗ്യക്ഷേമ പ്രവർത്തനങ്ങളും നൽകിവരുന്നു. ഈ ആശുപത്രിയുടെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിനായി പുതിയ കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

**താലൂക്കാശുപത്രി, മംഗൽപാടി**

23-01-2018-ലെ ജി.ഒ (ആർ.ടി.) 258/2018/ആ.കു.വ നമ്പർ സർക്കാർ ഉത്തരവുപ്രകാരമാണ് മംഗൽപാടി സാമൂഹികാരോഗ്യ കേന്ദ്രത്തെ താലൂക്ക് ആശുപത്രിയായി അപ്ഗ്രേഡ് ചെയ്ത് ഉത്തരവായത്. ദിവസേന എഴുന്നൂറോളം രോഗികൾക്ക് ഈ സ്ഥാപനത്തിൽ ഒ.പി/കാഷ്വാൽറ്റി സേവനം ലഭ്യമാക്കിവരുന്നു. 24 കിടക്കകളുള്ള ഈ ആശുപത്രിയിൽ പ്രതിദിന ശരാശരി ഐ.പി. 20 ആണ്. 24 മണിക്കൂർ കാഷ്വാൽറ്റി, കിടത്തി

ചികിത്സ, പോസ്റ്റ്മോർട്ടം, ഡയാലിസിസ്, സ്കാനിംഗ്, എക്സ്റേ, ലാബ് സൗകര്യങ്ങൾ തുടങ്ങിയ സേവനങ്ങളും ഈ ആശുപത്രിയിൽനിന്നും നൽകിവരുന്നുണ്ട്. നിലവിൽ ഈ സ്ഥാപനത്തിൽ സൂപ്രണ്ട് (അസിസ്റ്റന്റ് ഡയറക്ടർ) -1, ജൂനിയർ കൺസൾട്ടന്റ് (മെഡിസിൻ)-1, അസിസ്റ്റന്റ് സർജൻ - 3, കാഷ്വാൽറ്റി മെഡിക്കൽ ഓഫീസർ - 4 എന്നിങ്ങനെ 9 ഡോക്ടർമാരുൾപ്പെടെ അനുവദിച്ച സ്ഥിരം ജീവനക്കാരുടെ തസ്തികകളുടെ എണ്ണം 56 ആണ്. ഡോക്ടർമാർ, നഴ്സിംഗ് ഓഫീസർമാർ തുടങ്ങിയ തസ്തികകളിലുള്ള ഒഴിവുകൾ അഡ്ഹോക് വ്യവസ്ഥയിലുള്ള നിയമനം മൂലവും എൻ.എച്ച്.എം. മുഖാന്തരവും നികത്തിയിട്ടുണ്ട്. എൻ.എച്ച്.എം. മുഖാന്തരം ഒരു അസിസ്റ്റന്റ് സർജന്റെയും ഒരു കാഷ്വാൽറ്റി മെഡിക്കൽ ഓഫീസറുടേയും ഉൾപ്പെടെ 5 താൽക്കാലിക ജീവനക്കാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ അഡ്ഹോക് വ്യവസ്ഥയിൽ 11 താൽക്കാലിക ജീവനക്കാരുടെയും എച്ച്.എം.സി. മുഖാന്തരം രണ്ട് ജീവനക്കാരുടെയും സേവനം ലഭിച്ചുവരുന്നുണ്ട്.

<u>നിലവിൽ സ്ഥാപനത്തിൽ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ</u>:- ഒ.പി. കെട്ടിടം-1, ഐ.പി. കെട്ടിടം-2 (പുരുഷൻമാരുടെയും സ്ത്രീകളുടെയും വാർഡ്), ഓഫീസ് കെട്ടിടം-1, ലാബ്-1, ഡയാലിസിസ് കെട്ടിടം-1 (12 മെഷീനുകൾ)

ഫിസിയോതെറാപ്പി/സെക്കൻഡറി പാലിയേറ്റീവ് കെട്ടിടം-1, മോർച്ചറി കെട്ടിടം-1 എന്നിവയാണ്.

മംഗൽപാടി താലൂക്ക് ആശുപത്രിയുടെ വികസനത്തിനായി മാസ്റ്റർ പ്ലാൻ പ്രകാരമുള്ള കെട്ടിടനിർമ്മാണത്തിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 13.74 കോടി രൂപയുടെ ധനാനുമതി ലഭ്യമാക്കിയിട്ടുണ്ട്. മൂന്ന് നിലകളിലായുള്ള നിർമ്മാണ പ്രവൃത്തികൾക്കുള്ള സാമ്പത്തികാനുമതിയാണ് കിഫ്ബിയിൽനിന്നും ലഭ്യമായിട്ടുള്ളത്. ഇതിനനുസൃതമായുള്ള പ്ലാൻ തയ്യാറാക്കുകയും സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സാങ്കേതികാനുമതി ലഭ്യമാക്കിയാൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവൃത്തികൾ തുടങ്ങാവുന്നതാണ്. 7 നില കെട്ടിടം നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം പരിഗണിക്കുന്നതിന് തുടക്കം മുതൽക്കുള്ള വിശദമായ പരിശോധനകൾ ആവശ്യമാണ്. പുതുക്കിയ ഭരണാനുമതി നൽകേണ്ടതുണ്ട്. കൂടാതെ കിഫ്ബിയുടെ അംഗീകാരവും സാമ്പത്തികാനുമതിയും ആവശ്യമാണ്. ഈ സാഹചര്യത്തിൽ 7 നില കെട്ടിടം വേണമെന്ന ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ആവശ്യം പരിഗണിക്കുന്നതിന് പ്രായോഗിക തടസ്സമുണ്ടെന്നുള്ള കാര്യം അറിയിക്കുന്നു.